D. MATHEW BODHAKAR

പൊതു ഏകൈക്യതയാകുന്ന
കന്നീറ്റുണർവുസഭയിൻ
തിരുവചനത്തിന്മേൽ
എന്നും വാഹനമേറിയിരിക്കുന്ന
ഐക്യതയിന്നാത്മാവാം മഹാദൈവത്തിന്റെ

നിത്യാക്ഷരങ്ങൾ

പൂർവ്വഭാഗം

ഇതിൽ
സകലതുടേയും പാദശ്രീക്ഷകാരൻ യുയോർലിസൻ വിദ്വാൻകുട്ടി
എന്നു മറുനാമമുള്ള യുസ്സുയോസേഫ് ക്രിസ്തുമെയി പുരുഷ-
മുതൽ മഹാപ്രത്യക്ഷതയിൻ ദിവസമായ ക്രിസ്തുവർഷം
ഒക്തോബർ പത്താം നൂറ്റാണ്ടുവരെ പലകാലം എഴുതീട്ടുള്ള
എഴുത്തുകൾ അടങ്ങിയിരിക്കുന്നു.


ഇതു
കന്നീറ്റി പൊതുസംഘത്തിൽനിന്നു അച്ചടിപ്പിക്കപ്പെട്ടതു

പൊതുസംഘത്തിന്റെ പ്രതിനിധിയും ശ്രീക്ഷകാരനുമായ
യുസ്സുസു യാക്കോബു ബോധകർ.

പൊതുസംഘത്തലവനും നിക്ഷേപപാത്രവുമായ
കൊച്ചുപാമ്പിൽ ഇട്ടിക്കുഞ്ഞു യുയോമയൻ.

യുയോമയാണ്ടു	ഫൻ.മാണ്ടു
കൊല്ലവർഷം	ഫാതൈ.മാണ്ടു
ക്രിസ്താബ്ദം	ഫൻറാ.മാണ്ടു

മലയാള മനോരമക്കമ്പനി (ക്ലിപ്തം) കോട്ടയം ഫ്രൻറ്



Kanneett.
May 24. 1875-

To

The Revd. J. M. Speechly.

My dear Father in Christ.

ഏ രവ രണ്ടസ്സീ ച്ചിലി സംസ്ഥാനം.

ഞാൻ ഇപ്പോൾ നസറായക്കാരനായ യേശുവിന്റെ നാമത്തിൽ അറിയിക്കുന്ന കാര്യം അവന്റെ ആത്മാവിനാൽ നിയോഗിക്കപ്പെട്ട പ്രകാരമാകുന്നു. അവൻ എന്റെ ആത്മാവിൽ വെളിപ്പെട്ട വിശ്വാസത്തെയും ധൈര്യത്തെയും തന്റെ ആത്മാവുമൂലം എന്റെ ഉള്ളിൽ നൽകിയതിനാലത്രെ ഇമ്മഹത്വകാര്യത്തെ പറവാൻ ഇപ്പോഴ തുനിയുന്നതു. അതുകൊണ്ടു അവന്റെ തിരുനാമത്തിനു തന്നെ മഹത്വമുണ്ടാകട്ടെ.

പ്രിയ വിശ്വാസി നമ്മുടെ ജീവനാകുന്ന യേശുമഹാരാജാവിന്റെ മഹത്വപ്രത്യക്ഷത സാക്ഷാൽ ഉള്ളതിൻവണ്ണം ഏതുയും അടുത്തിരിക്കുന്നു. അതു തുലോം സമീപിച്ചിരിക്കുന്നു. ആ ദിവസം വേഗതയോടെ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്നു. ബദ്ധപ്പെടുന്നു. സംഭ്രമപ്പെടുന്നു. ആണ്ടുകൾ ആ ദിവസത്തെ പ്രസവിപ്പാൻ ഗർഭികരിച്ചിരിക്കുന്നതു മാത്രമല്ല മാസം തികഞ്ഞിരിക്കുന്നു. അതേ പൂർണ്ണമായിരിക്കുന്നു. അതു മറന്നിരിക്കുന്നു. പ്രസവിപ്പാറായി. ഇതു ഗർഭവേദനെക്കുള്ള സമയമത്രെ. വേദന തുടങ്ങിയിരിക്കുന്നു നിശ്ചയം.

നമ്മുടെ നാഥനാകുന്ന യേശുവിന്റെ ഒന്നാം വരവിൽ യഹൂദസഭ ഏതുപ്രകാരമിരുന്നുവോ അപ്രകാരമാകുന്നു ഈ ലോകത്തിലുള്ള തന്റെ സാധാരണ സഭ ഇപ്പോൾ ഇരിക്കുന്നതു. ഇതു പലരുടെ വീഴ്ചക്കും എഴുന്നേല്പിനും ഉള്ള സമയമാകുന്നു. ഇപ്പോൾ നമ്മുടെ കണ്ണുകൾ കണ്ടവയും കാതുകൾ കേട്ടവയും ആയ യേശുവിൻ പ്രവൃത്തികൾ ലോകത്തിനു അപവാദപ്പെടുത്തലായിരിക്കുന്നു. ക്രിസ്തുവിന്റെ സാധാരണ സഭയിൽ ഒന്നാമാദാമിനും രണ്ടാമാദാമിനും ഉള്ള ജനങ്ങളും വാക്കും മേല്പാക്കും ഒരിടത്തു ഉണ്ടെങ്കി

ലും ഇവർ തമ്മിലുള്ള സംബന്ധം നിമിത്തം വിശുദ്ധ സന്തതി സഭയിൽ ഇപ്പോൾ മുരുങ്ങിപ്പോയിരിക്കുന്നു. അതിനാൽ ഇതു നോഹയുടേയും ലോത്തിന്റേയും ദിവസമത്രെ. പരീശർ സാദ്ദുക്കായർ വേദശാസ്ത്രികൾ എന്നവരുടേയും സമയമാകുന്നു ആകയാൽ കുലിക്കാരിൽനിന്നും കള്ളയിടയന്മാരിൽനിന്നും വേഷധാരികളായ അദ്ധ്യക്ഷന്മാരിൽനിന്നും യേശു തന്റെ ആട്ടുകളെ വേർ തിരിക്കും. തന്റെ ഇഷ്ടപ്രകാരം അവരുടെ മേൽ ഇടയന്മാരെയും അദ്ധ്യക്ഷന്മാരെയും അവൻ ആക്കും. എന്നാൽ പരിശന്മാർ മുതലായവരുടെ ആത്മാവുള്ളവർ കാണപ്പെട്ട കാണാത്ത കണ്ണും കേൾക്കാത്ത ചെവിയും ലഭിച്ച ത്രാജ്ഞമനസ്സിനും കൊള്ളരുതാത്ത ആത്മാവിനും ഏൽപ്പിക്കപ്പെട്ട. ഇങ്ങനെ അന്തിക്രിസ്തുവിന്റെ ആത്മാവിനാൽ നടത്തിക്കപ്പെട്ട നാശപാത്രങ്ങളായി തീരും സംശയമില്ല.

അയ്യയ്യാ! യേശു കരയുന്നു. അവനു മഹാ വ്യസനമുണ്ട്. ക്രൂലിക്കാർ കള്ള ഇടയർ വേഷധാരികളായ അദ്ധ്യക്ഷർ എന്നിവരാൽ തന്റെ സ്നേഹായ രിക്കുന്ന സഹോദരന്മാരുടെ ഓർത്താൽ യേശു എങ്ങിനെ കരയാതിരിക്കും? എല്ലാവർക്കും വേണ്ടി താൻ പാപപരിഹാരബലിയായി തീർന്നിരിക്കകൊണ്ടു പുറജാതികളെ വിചാരിക്കുമ്പോൾ അവൻ എങ്ങിനേ വ്യസനിക്കാതിരിക്കും? ആകയാൽ മുങ്കാരെയും പാപികളേയും മീൻപിടിക്കാരെയും മറും ആ സമയം യേശു തന്റെ വേലെക്കു വേർ തിരിച്ചതുപോലെ ഈ സമയവും ഈ കാര്യങ്ങളെ പ്രസിദ്ധപ്പെടുത്തുവാൻ തക്കവണ്ണം എല്ലാ ദേശങ്ങളിൽനിന്നും ചിലരെ വേർ തിരിച്ചിട്ടുണ്ട്. ഇനിയും വേർ തിരിക്കും.

പ്രിയ വിശ്വാസികളെ! നസ്രായക്കാരനായ യേശു അലറിയവിളിക്കുന്നതുകൊണ്ടുള്ള ഇനിക്കും ആത്മാവിൽ വെളിപ്പെട്ട കുണ്ഡുഃഖത്തോട്ട കൂടെ മേൽപറഞ്ഞ ദിവ്യവേലെക്കു എന്നെ വേർ തിരിച്ചിരിക്കുന്നതിനാൽ ആത്മനിയോഗപ്രകാരം മുരുക്കത്തിൽ ഈ വിവരം എഴുതി അറിയിക്കുന്നു. എന്റെ അനുജൻ സഖുവേലിനെ ഈ ദിവ്യവേലെക്കു അയപ്പാൻ യേശുവിന്റെ പേക്കായി ചോദിക്കുന്നു. മറു രണ്ടു പേരും സ്വസ്തിന്റെ ഇഷ്ടപ്രകാരം ചേർക്കട്ടെ. തക്കസമയം വരുമ്പോൾ അറിയുക്കുമല്ലൊ. ഈ എഴുത്തു അനുജന്മാരെ കാണിപ്പാൻ അപേക്ഷിക്കുന്നു.

വിശേഷിച്ചും യേശുവിന്റെ മഹത്പ്രത്യക്ഷതെക്കു രാജാക്കന്മാർ പ്രഭുക്കൾ മറ്റെല്ലാ പുറജാതിക്കാർ എന്നവരോട്ട മാത്രമല്ലാ മേൽപട്ടക്കാർ പട്ടക്കാർ ഉപദേഷ്ടാക്കൾ സഭയിലുള്ള മറ്റെല്ലാ ആളുകൾക്കും തന്നെ സാക്ഷി പറയുവാൻ തക്കവണ്ണം വിളിച്ചിരിക്കുന്നതിനാൽ എന്നെ വേഗം സഞ്ചാരമിശിയോനരി ആക്കി അയപ്പാനായി കമ്മിട്ടിക്കാരോട്ട ചോദിച്ച വരുതി തരുവിപ്പാറാകണം. മേൽപറഞ്ഞതൊക്കയും ദിവ്യസത്യമത്രെ ഒട്ടും സംശയിക്കരുതു.

ഇപ്രകാരം വിശ്വാസത്തിൽ സ്വന്തപുത്രനാകുന്ന യുസ്തൂസ് യോ
സേഫായ ഞാൻ വന്ദനപൂവ്വം എഴുതിക്കൊള്ളുന്നു.

9

Kanneett
May 24. 1875

To
The Revd. J. Caly
My Dear Sir

2 റവണ്ടു കയിലി സായ്പിന്നു.

മദ്രാസിലെ ബിഷോപ്പു സായ്പവർകളുടെ സക്കലരിൻ പ്രകാരം ഒരു അത്ഭുവട്ടം ഈ പള്ളിയിൽ ശുശ്രൂഷ ഉണ്ടായിരുന്നു. ആ സമയം നമ്മുടെ കർത്താവായ യേശുവിൻറെ ആത്മാവു ശക്തിയോട്ട വ്യാപരിച്ചതിനാൽ ചില സംഗതികൾ വെളിപ്പെടുകകൊണ്ടു ആ വിവരം ചുരുക്കത്തിൽ അറിയിക്കുന്നു.

നമ്മുടെ ജീവനാകുന്ന യേശു മഹത്വത്തോട്ടു ക്രൂടെ അഗ്നിമേഘത്തിൽ വെളിപ്പെടുവാനുള്ള സമയം സാക്ഷാൽ ആകുന്ന പ്രകാരം ഏതുയോ അടുത്തിരിക്കുന്നു. ഒട്ടും സംശയമില്ലാ. അവൻ മഹത്വത്തോടും പ്രഭാവത്തോടും ക്രൂടെ തൻറെ വാളിനെ തുടയിന്മേൽ കെട്ടീരിക്കുന്നു. തൻറെ വാഹനം ഒരുങ്ങിയിരിക്കുന്നു. അവൻ പ്രബലതയോടും ക്രൂടെ വേഗം വാഹനമേറുന്നതിനാൽ സകലരാലും കാണപ്പെടും.

നസറായക്കാരനായ യേശു വഴിയിൽ നിന്നു നീങ്ങിപ്പോവാറായതു കൊണ്ടു അന്ധകാരത്തിൻറെ ശക്തി പ്രബലപ്പെടുവാനുള്ള സമയം ഏതുയും അടുത്തിരിക്കുന്നതിനാൽ അവൻ മഹാവ്യസനത്തോട്ടു കൂടി കരയുന്നു. യേശു ലോകത്തിലുള്ള തൻറെ സാധാരണ സഭയെ നോക്കുന്തോറും അവൻറെ കൂടുകൾ സ്ഫുടപ്പെടുന്നു. അയ്യോ! ഇടയർ തൻറെ ക്രുട്ടങ്ങളെ മേയിക്കാതെ അവയുടെ മേദസ്സിനെ ഭക്ഷിച്ചു കൊണ്ടിരിക്കുന്നതിനാൽ ഉണ്ണികൾ തട്ടിയും രോഗം പിടിച്ചും മുറിവേറ്റും ഏതുയോ അടുകൾ ചത്തുപോകുന്നു. ഏതുയോ അടുകൾ അന്വേഷിക്കപ്പെടാതിരിക്കുന്നതുകൊണ്ടു ദുഷ്ടമൃഗങ്ങൾക്കു ഭക്ഷ്യമായിരിക്കുന്നു. ഏതുയോ അടുകൾ ഉഴന്നു നടക്കുന്നു. ഇതൊക്കുറിച്ചു ഇടയന്മാർക്കു ഒട്ടും വിചാരമില്ലാ. അയ്യയ്യ! ഈ ഓത്താൽ ഉടയക്കാരൻ സഹിക്കുമോ? പിന്നെയും ഇത്തൊഴിത്തിലില്ലാത്ത മറു അടുകളും തൻറെ രക്ഷയിലേക്കു വരുന്നതുകയാൽ അവയുടെ കാലം അനുമിപ്പാറാകകൊണ്ടു അവെക്കായിട്ടു പ്രത്യേകം നിയമിക്കപ്പെട്ടവർ അവയെക്കുറിച്ചു ഗണ്യമില്ലാതെ ഇരിക്കുന്നതു ഓർക്കുമ്പോൾ യേശു എങ്ങിനെ സഹിക്കും? അവൻറെ കണ്ണുകളിൽ നി

ന്ന ജ്വനദികൾ ഒഴുകുന്നു. അവന്റെ ഉള്ളം സംഭ്രമപ്പെട്ടകലങ്ങുന്നു. ഇടങ്കയും വലങ്കയും തിരിച്ചറിവാൻ വഹിയാത്ത കുഞ്ഞുങ്ങളെ ഓർത്തു അവൻ നെടുവീർപ്പിട്ടു അലറികരയുന്നു. ക്രൂരിക്കാർ കള്ളഇടയർ വേഷധാരികൾ എന്ന പരീശർ സദ്ദോക്യർ വേദശാസ്ത്രികൾ മുതലായവരെ ഓർക്കുമ്പോൾ അവന്റെ കോപം ജ്വലിക്കുന്നു. "അവർ വീഞ്ഞിനാൽ വിഴുങ്ങപ്പെട്ടും ലഹരിയുള്ള പാനംകൊണ്ടു തെറിയും ഇരിക്കുന്നതിനാൽ അവർ ദർശനത്തിൽ തെറിപ്പോയി ന്യായവിസ്താരത്തിൽ ഉതെക്കുന്നു,, അതുകൊണ്ടു നസറായക്കാരനായ യേശു ഇപ്രകാരമുള്ളവരിൽ നിന്നു തന്റെ ആടുകളെ വേർതിരിക്കും. തന്റെ ഇഷ്ടപ്രകാരം അവയുടെ മേൽ ഇടയന്മാരെ കല്പിച്ചാക്കും നിശ്ചയം. ഈ വിവരം അറിയിപ്പാനായി എല്ലാദേശങ്ങളിൽനിന്നും ചിലരെ അവൻ വേർതിരിച്ചിട്ടുമുണ്ടു. ഇനിയും വേർതിരിക്കും. അവക്കു തന്റെ ആത്മാവുമൂലം ജ്ഞാനത്തെ ചൊല്ലികൊടുക്കയും ഉപദേശത്തെ ഗ്രഹിപ്പിക്കയും ചെയ്യും. എന്നാൽ മറവർ ചെന്നു പുറകോട്ടു വീണു തകർന്നു കരുക്കിൽ അകപ്പെട്ടു അന്തിക്രിസ്തുവിന്റെ ആത്മാവിനാൽ പിടിക്കപ്പെട്ടകയും നാശപാത്രങ്ങളായി തീരുകയും ചെയ്യും. ആയതു യേശു തന്റെ ശുശ്രൂഷക്കാർക്കു ആത്മാവു മൂലം ഇപ്പോൾ അറിയിക്കുന്ന വചനം മറവർക്കു" കല്പനെക്കുമേൽ കല്പനെയും വരയിന്മേൽ വരയും ഇവിടെ അല്പവും അവിടെ അല്പവും,, ആയിരിക്കുന്നതല്ലാതെ ജ്ഞാനോപദേശമായിരിക്കുന്നുമില്ലെന്നുമത്രെ.

പ്രിയമുള്ള ഉപദേഷ്ടാവേ! മെൽ കാണിച്ചപ്രകാരം ഈ മഹത്പ കായ്ത്തിന്നായി കുമിയും അയോഗ്യനും ഒന്നിനും കൊള്ളരുതാത്ത മണ്ണും ചാരവുമാകുന്ന എന്നെയും യേശു വിളിച്ചിരിക്കുന്നതിനാൽ വെളിപ്പെട്ടകായ്യം പുരുക്കത്തിൽ ബോധിപ്പിച്ചിരിക്കുന്നു. സായ്പ്പവർകൾ ദയചെയ്യ കമ്മട്ടിയിൽ അറിയിച്ചു എന്നെ സഞ്ചാരമിശീയോനരി ആക്കി അയപ്പാൻ തക്കവണ്ണം വേഗം വരുതി വാങ്ങിച്ചു തരുവിപ്പാറാകണം. ഇതു ദൈവസത്യമത്രെ.

ഇപ്രകാരം സമർപ്പിച്ചാസത്തിൽ സ്വന്ത സഹോദരനായ യുസ്സു യോസേഫാകുന്ന ഞാൻ താഴ്മയോടു കൂടെ വന്ദനം ചെയ്തു എഴുതിക്കൊള്ളുന്നു.

To

The Revd. J. Caly.

My dear Sir

റവറണ്ടു കെയിലി സായ്പിനു

കഴിഞ്ഞ ഞായറാഴ്ച ഇവിടെ സക്രമെന്തു ഉണ്ടായിരുന്നു. ആ ദിവസത്തെപ്പോലെ ഒരു സന്തോഷദിവസം ഇതിനു മുൻപു ഇനിക്കു

ഉണ്ടായിട്ടില്ല. എന്തെന്നാൽ പരിശുദ്ധാത്മാവു ശക്തിയോടു കൂടെ അനേകരിൽ ക്രിയനടത്തിയതിനാൽ ഓരോരോ പുരുഷനും ഓരോരോ സ്ത്രീയും അവർ ചെയ്തിരിക്കുന്ന ഓരോരോ പാപത്തെ തന്നിച്ചു തന്നിച്ചു ദൈവത്തിന്റെയും സഭയുടെയും മുൻപാകെ പരസ്യമായി മഹാ ദുഃഖത്തോടെ ഏറ്റുപറഞ്ഞു മേലാൽ പുതിയ ആദാമിന്റെ മക്കളായി നടപ്പാൻ തക്കവണ്ണം കൃപയേ പ്രാപിച്ച സാക്ഷാൽ പാപമോചനം കർത്താവിൽനിന്നു കൈക്കൊണ്ടു പുതിയ സൃഷ്ടികളായി തീർന്നിരിക്കുന്നു. രണ്ടിൽ രണ്ടിൽ ശത്രുക്കളായിരുന്നവർ സ്നേഹമുള്ളവരായും തീർന്നു. ദിവ്യസമാധാനം കൈക്കൊണ്ടു കർത്താവിന്റെ ഭക്ഷണപീഠത്തുങ്കൽ മുട്ടുകുത്തി തിരുമാംസത്തേയും തിരുരക്തത്തേയും നന്ദിനിറഞ്ഞ ഹൃദയത്തോടും സന്തോഷത്തോടും അനുഭവിച്ചിരിക്കുന്നു. ഇങ്ങിനെ സത്യകർമ്മം കൈക്കൊണ്ടതിനാൽ അതിന്റെ അനുഗ്രഹം ഈ സഭയിൽ ഇതാ! പ്രകാശിച്ചു വരുന്നു. ആത്മജീവൻ ഇപ്പുതിയ സൃഷ്ടികളിൽ നിന്നു മറുള്ള സഹോദരന്മാർ സഹോദരികൾ എന്നിവരിൽ പകർന്നു വരുന്നതുകൊണ്ടു അവർ മനംതിരിവിലേക്കു വന്നെത്തുവാൻ ആരംഭിച്ചിരിക്കുന്നു. ഇന്നലെ രാത്രിയിലേ ശുശ്രൂഷെക്കു രണ്ടു സ്ത്രീകൾ വെവ്വേറെ തങ്ങളുടെ പാപങ്ങളെ അതിദുഃഖത്തോടു തിരുമുൻപാകെ ഏറ്റുപറഞ്ഞു പാപമോചനം കൈക്കൊണ്ടിരിക്കുന്നു.

എന്റെ പ്രിയമുള്ള ഉപദേഷ്ടാവെ! സായ്പവർകളുടെ നാവുമൂലം കർത്താവു പറയിപ്പിച്ച വചനത്തിൻ പ്രകാരം വലിയതും സ്ഥലവുമായ ഒരു വാതിൽ പരിശുദ്ധാത്മാവു ഇനിക്കു തുറന്നിരിക്കുന്നതിനാൽ അവന്റെ തിരുനാമത്തിനു തന്നെ മഹത്വമുണ്ടാകട്ടെ. ഇതാ അടിയൻ ഒന്നിനും കൊള്ളരുതാത്തതും അഴുകിനാറുന്നതുമായ വെറും മണ്ണത്രെ.

ഞാൻ രണ്ടാഴ്ചക്കു മുൻപെ ഒരു ദിവസം തേവലക്കരെ സഭയിൽ ഒരു വീട്ടിൽ വലരോടും കൂടെ ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ടിരുന്നു. അപ്പോൾ ഇനിക്കു ആത്മാവിൽ ഒരു ദർശനം കാണപ്പെട്ടു. ആദ്യം കർത്താവു കയ്യിൽ ആണിതറെക്കപ്പെട്ടവനായും പിന്നീടു കുരിശേറപ്പെട്ടവനായും ഞാൻ കണ്ടു. അപ്പോൾ ഞാൻ കർത്താവെ ഇതു എന്തെന്നു ചോദിച്ചപ്പോൾ എന്റെ കയ്യിൽ തറച്ചിരിക്കുന്ന ആണി അവരുടെ വ്യഭിചാരമാകുന്നു. അവർ തങ്ങളുടെ ദുഷ്പ്രവൃത്തികളെക്കൊണ്ടു എന്നെ കുരിശേറിയുമിരിക്കുന്നു എന്നു തന്നെ ആത്മാവുമൂലം എന്നെ ബോധപ്പെടുത്തി. പിന്നീടു കർത്താവു തന്റെ ഹൃദയത്തെ ഇനിക്കു ചീന്തി കാണിച്ചു ഇതു നീ കണ്ടുവോ? ഇപ്രകാരം തന്നെ നീ അവരോടു ഹൃദയത്തെ ചീന്തി എന്റെ അടുക്കലേക്കു തിരിവാൻ പറയണം അവർ തങ്ങളുടെ പാപങ്ങളെ ഓരോന്നായി ഏറ്റു പറയുമ്പോൾ എന്നിൽ തറച്ചിരിക്കുന്ന ആണിയെ ചിഴുത

കളെകയാക്കുന്നു. അപ്പോൾ ഇനിക്കു വ്യസനം തീരും അതുകൊണ്ടു നീ അവരുടെ മുൻപാകെ നിന്റെ സകല പാപത്തെയും ഓരോന്നായി ഏറ്റു പറ. അപ്പോൾ അവർ തങ്ങളുടെ പാപങ്ങളെ ഓരോന്നായി എന്റെ മുമ്പാകെ ഏറ്റു പറയും.

പ്രിയമുള്ള ഉപദേഷ്ടാവേ! ആ സമയം മുതൽ ഞാൻ എന്റെ പാപങ്ങളെ ഓരോന്നായി ഏറ്റുപറവാൻ ആരംഭിച്ചു. അതിനാൽ സ്ത്രീകളും പുരുഷന്മാരുമായി 80 പേർക്കകം ഗ്രഹണപ്പെട്ട പുതിയ സ്വച്ഛീകളായി തീർന്നിരിക്കുന്നു. കർത്താവിനു എന്നന്നേക്കും മഹത്വമുണ്ടാകട്ടെ. അവൻ വേഗം വരും സംശയമില്ലാ.

സായ്പുവർകളെ കണ്ടു ഇനിക്കു അനേകം വർത്തമാനം പറവാനുണ്ടു ദൈവകൃപയാൽ രോഗം കണ്ടു പറവാൻ ഇടവരുമെന്നു ദൈവത്തിൽ ആശപ്പെട്ടിരിക്കുന്നു. ഇഷ്ടമുണ്ടെങ്കിൽ ഇതു ഇംഗ്ലീഷിൽ ആക്കി കമ്മട്ടിയിൽ അയപ്പാൻ അപേക്ഷ.

ഇപ്രകാരം സമർപ്പിശ്വാസത്തിൽ സ്വന്ത സഹോദരനും യുസ്സുയോഗസുപ്പുമായ ഞാൻ വന്ദന പൂർവ്വം ഈ എഴുത്തു നിറുത്തുന്നു.

Kanneett
June. 7. 1875.

4

To

The Revd. J. M. Speechly. C. N. I. Kottayam.

My dear Father in Christ.

൧ വ റണ്ട സ്ത്രീച്ചിലി സായ്പിനു

സായ്പുവർകൾ കൊട്ടത്തയച്ച സ്നേഹമുള്ള എഴുത്തു വന്നുചേർന്നു അതിൽ പറയുന്ന ഗ്രഹണോപദേശങ്ങൾ സന്തോഷത്തോടെ അംഗീകരിച്ചിരിക്കുന്നു. നസറായനായ യേശു സാത്താന്റെ സകല വഞ്ചനയിൽനിന്നും എന്നെയും എന്റെ കുടുംബത്തെയും തന്റെ പരിശുദ്ധാത്മാവിനാൽ കാത്തു സൂക്ഷിക്കട്ടെ. അവന്റെ കൃപ എന്നന്നേക്കുമുള്ളതാകുന്നു. തന്നിൽ ആശ്രയിക്കുന്നവരെ അവൻ ഒരിക്കലും കൈവിട്ടുകയില്ലാ നിശ്ചയം.

എന്നാൽ തന്റെ ഒരു അടിയാനെ സംബന്ധിച്ചു യേശുവിന്റെ ഇഷ്ടം ഇതത്രെ. അയാൾ അവൻ വിൽകിയിരിക്കുന്ന ഭാര്യപുത്രാദികളെ ഉപേക്ഷിക്കണമെന്നോ അല്ലെങ്കിൽ പേർ പിരിഞ്ഞിരിക്കണമെന്നോ എന്റെ സ്വന്തഭവനത്തിനായി കരുതാതെ ഇരിക്കണമെന്നോ മക്കളെ ആചാര മര്യാദയായി വളർത്താതെ ഇരിക്കണമെന്നോ എന്റെ ഇടവകയെ ഉപേക്ഷിക്കണമെന്നോ അല്ലാ നിശ്ചയം.

പിന്നെ എന്തു? എന്നായിരിക്കും ചോദിക്കുന്നതു. ഇരിക്കട്ടെ എന്റെ എഴുത്തിൽ ഇങ്ങിനെ വല്ലതും കാണിച്ചിട്ടുണ്ടോ? അതുമല്ലാ മലയാളഭാഷയിൽ മാത്രമെ ഇനിക്കു പ്രസംഗിപ്പാൻ അറിയാവൂ. അതുകൊണ്ടു എന്റെ സമഭാഷക്കാർക്കു മാത്രമെ എന്നെക്കൊണ്ടു ഇക്കാര്യത്തിൽ ഇപ്പോൾ ഉപകാരമുള്ളു. പിന്നെയും നമ്മുടെ പ്രിയമുള്ള കമ്മട്ടിക്കു മലയാളത്തിൽ അധികാരമുള്ള സ്ഥലം ഇതുടം ഉണ്ടെന്നു സായ്പവർകൾക്കു അറിയാമല്ലൊ. ആകയാൽ മലയാളത്തിൽ നമ്മുടെ കമ്മട്ടിക്കു അധികാരമുള്ള സ്ഥലങ്ങളിൽ എന്നല്ലാതെ മറ്റു ദിക്കുകളിൽ പോയി പ്രസംഗിക്കണമെന്നാകുന്നുവോ? എന്റെ എഴുത്തിന്റെ അന്തരം. ഇവിടെ രാജാക്കന്മാരില്ലയോ? പ്രഭുക്കന്മാരില്ലയൊ? പുറജാതിക്കാരില്ലയൊ? അകജാതിക്കാരില്ലയൊ? സഭാധികാരികളില്ലയൊ? ഉപദേഷ്ടാക്കളില്ലയൊ? പട്ടക്കാരില്ലയൊ? മേല്പട്ടക്കാരില്ലയൊ? ഇങ്ങിനെയുള്ളവർക്കു യേശുവിന്റെ മഹത്വപ്രത്യക്ഷതയെ സംബന്ധിച്ചു സാക്ഷിപകരുവാൻ തക്കവണ്ണം അല്ലയൊ ദൈവം നമ്മെ ഓരോരുത്തരെ വിളിച്ചിരിക്കുന്നതു. "ഈ രാജ്യസുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെട്ടും അപ്പോൾ അവസാനം വരും" എന്നുണ്ടല്ലൊ. പിന്നെ എന്തു? നസറായക്കാരനായ യേശു ബീശോപ്പിന്റെയും കമ്മട്ടിക്കാരുടെയും ചട്ടുകമൂൻസലിന്റെയും മിശിയോനരി സായ്പന്മാരുടെയും കീഴിൽ കന്നീറു പൂടവകയുടെ ഇടയനായി എന്നെ ആക്കിവെച്ചിരിക്കുന്നു. അതുകൊണ്ടു എന്റെ സമഭാഷക്കാരോടു പറവാനായി സ്ഥലം വിട്ടു അല്പം ദൂരെപോകയും ഒന്നരണ്ടു ആഴ്ചവട്ടം താമസിക്കയും ചെയ്യണമെങ്കിൽ മേലധികാരികളുടെ അനുവാദം വേണ്ടുവൊ? ക്രൂടെക്കൂടെ സ്ഥലം വിട്ടു പോകുവാൻ മേലധികാരികൾ അനുവാദം തരുമോ? ഇതിലേക്കു ഒരു സ്വാതന്ത്ര്യം വരുത്തി തരണമെന്നല്ലയൊ എന്റെ എഴുത്തിന്റെ അന്തരം. അങ്ങിനെ ഞാൻ സ്ഥലംവിട്ടു പോകുമ്പോൾ എന്റെ സഭയെ നോക്കുന്നതു ആരാകുന്നു. ഇനിക്കു വിശ്വസ്തനായ ഒരുവൻ വേണ്ടുവൊ? അതിനായിട്ടല്ലയോ എന്റെ അനുജൻ ശമുവേലിനെ ചോദിച്ചതു? ആകയാൽ,

പ്രിയ പിതാവെ! എന്റെ ധൈര്യം പറഞ്ഞുകൊള്ളട്ടെ. രണ്ടുമൂന്നു വർഷം മുൻപെ പരിശുദ്ധാത്മാവു എന്റെ വായിമൂലം യേശു എന്നോടു കല്പിക്കുന്നവയെ കുറിച്ചു പറയിപ്പിച്ച പാട്ടു ഒന്നാം സാക്ഷി. "ചൊന്നാൻ ശ്രീയേശുനാഥൻ" &c. അനുജന്മാരോടു ചോദിച്ചാൽ അവർ പാട്ടും. പിന്നെയും പരിശുദ്ധാത്മാവോടുള്ള പക്ഷവാദപ്പാട്ടിനു. "ദൈവാത്മാവെ" &c. അവനുതന്നെ എന്റെ വായ്മൂലം ഉത്തരം നൽകിയ പറവിൻ പറവിൻ" എന്ന പാട്ടു രണ്ടാം സാക്ഷി അത്രെ. ഇപ്പാട്ടുകളും എന്റെ അനുജന്മാർ പാട്ടും. പിന്നെയും ലഗിയോൻ എന്ന ശൈശവികസംഘത്താൽ കെട്ടപ്പെട്ടിരുന്ന നതാനയേൽ എന്ന ആളിന്റെ മനസ്സുതിരിവു മൂന്നാം സാക്ഷി. ഒരു വേദവാക്യംമൂലം അങ്ങനെ

നസ്സുതിരിഞ്ഞതു. ഈ വിവരവും എന്റെ അനുജന്മാർ പറയും. ഇതു കൂടാതെ അൻപതിൽ ചിലപ്പോൾ ആളുകൾ മുൻപിലത്തെ വെള്ളിയാഴ്ച മുതൽ ഇന്നലത്തെ വെള്ളിയാഴ്ച വരെ ഇവിടെ മനസ്സുതിരിഞ്ഞിരിക്കുന്നു. ആയതു ഓരോരുത്തൻ അവനവന്റെ പാപത്തെ ഏറ്റുപറഞ്ഞു സാക്ഷാൽ പാപമോചനം ലഭിച്ചുകൊണ്ടു തന്നെ. ഇതു നമുക്കു സാക്ഷി. ഈ വിവരം കേട്ടിസായ്പുവർകൾക്കു എഴുതീട്ടുണ്ടു. ഇതല്ലാതെ അനേകം സാക്ഷികളുണ്ടു. അവയെ ഒക്കയും ഈ എഴുത്തു മൂലം ഇപ്പോൾ ഞാൻ കുറിച്ചാൽ സായ്പുവർകൾ സഹിക്കയില്ലാ. അതുകൊണ്ടു വിശ്വസിപ്പാൻ ഈ സാക്ഷികൾ മതി എന്നു കരുതി അടങ്ങുന്നു.

പ്രിയപിതാവെ! ഈ ശിഷ്യനിൽ കനിവുതോന്നി യേശുവിന്റെ മഹത്പ്രത്യക്ഷതെക്കു എന്റെ സഹോഷ്കാരാട്ട സാക്ഷിപകരുവാൻ തക്കവണ്ണം മേൽപ്പറഞ്ഞ സ്വാതന്ത്ര്യം തരുവിച്ചു മിശിയോൻ ശമ്പളത്തിന്മേൽ എന്റെ അനുജൻ ശമുവേലിനെ ഇവിടത്തേക്കു അയപ്പാൻ തക്കവണ്ണം വിചാരിച്ചുകൊള്ളുവാറാകണം. സായ്പുവർകൾ വിചാരിച്ചാൽ നടക്കുന്നതുമാകുന്നു. ഇതു സായ്പിന്റെ കടമ ആകുന്നു.

ആകയാൽ പ്രിയപിതാവെ! അടിയാനെ സംബന്ധിച്ചു നസറായക്കാരനായ യേശുവിന്റെ ഇഷ്ടം ഇതു തന്നെ. തന്റെ മഹത്പ്രത്യക്ഷതെക്കു എല്ലാവക്കും (എന്നു പറയുമ്പോൾ ഭൂരിയുള്ളവക്കു എഴുത്തുമൂലവും സഹോഷ്കാരക്കു എഴുത്തുമൂലവും വായിമൂലവും എന്നു തന്നെ അതിന്റെ ഇപ്പോളുള്ള അർത്ഥം) സാക്ഷിപകരുന്നതൈവത്തിനായി ഫലം ശേഖരിക്കണം എന്നത്രെ.

ദൈവകൃപയാൽ ഞങ്ങൾക്കു എല്ലാവക്കും സൌഖ്യം ഈ അടിയാനെക്കുറിച്ചുള്ള പ്രാർത്ഥനയിൽ ഓർത്തുകൊള്ളണമെ.

ഇപ്രകാരം സമർപ്പിച്ചാസത്തിൽ സ്വന്തപുത്രനും യൂസ്സുസുയോസേപ്പുമായ ഞാൻ താഴ്മയുള്ള വന്ദനത്തോടു കൂടെ ഈ എഴുത്തു നിർത്തുന്നു.

Kanneett
June 14. 1875.

To

(9)

The Revd. H. Baker Kottayam.
My dear Father in Christ.

റവറണ്ടു ബെക്കർ സായ്പിനു

നസറായക്കാരനായ യേശുമഹാരാജാവിന്റെ അഗ്നിമേഘത്തിലുള്ള മഹത്പ്രത്യക്ഷതെക്കു ഇനി (ഫ്രവ്വരി മെയി) ആറുവർഷമേയു

ള്ള ഏഴാം വർഷം പൂർണ്ണവിശ്വാസികൾ മരുത്വപ്പെട്ട മേഘത്തിൽ എടുത്തുകൊള്ളപ്പെടുവാനും പരമസ്വസ്ഥതയിൽ പ്രവേശിപ്പാനും തക്കവണ്ണം ശാബത ആണ്ടായിട്ടു യേശുവിനാൽ നിയമിക്കപ്പെട്ടിരിക്കുകൊണ്ടു.

"സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ
മാനസാന്തരപ്പെട്ടുകൊൾവിൻ".

ഇപ്രകാരം സമവിശ്വാസത്തിൽ സ്വന്തമകന്നും കന്നീററി ഇടവകപ്പട്ടക്കാരനും യുസ്സുയോസേഫുമായ അടിയാൻ നസറയ്യനായ യേശുവിന്റെ ആത്മാവിന്റെ നിയോഗപ്രകാരം എഴുതിക്കൊള്ളുന്നു. ഇതു വിശ്വാസ്യവും സത്യവും ആകുന്നു എന്നുള്ളതിന്നു എന്റെ കയ്യൊപ്പു.

P. S. ഇക്കാര്യത്തെപ്പററി ഒരു പ്രകരണം എഴുതിയുണ്ടാക്കുന്നുണ്ടു്. ആയതു നിവൃത്തിക്കുമ്പോൾ ഒരു പകർപ്പു എഴുതി കൊടുത്തയക്കാം. സായ്പവർകൾ ആയതു അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തണം. അതിൽ കാണിപ്പാൻ ഇരിക്കുന്ന അനേകസംഗതികൾ ഇനി മേലാൽ സംഭവിപ്പാനിരിക്കുന്നതാകയാൽ അവയുടെ നിവൃത്തികൾ മേൽപറഞ്ഞ ദിവ്യസത്യത്തിന്നു സാക്ഷി പകർന്നുകൊണ്ടിരിക്കയും ചെയ്യും.

ദിവ്യവിളംബരം.

നസറയ്യനായ യേശു മഹാരാജാവിന്റെ അഗ്നിമേഘത്തിലുള്ള മഹാത്പ്രത്യക്ഷതെക്കു ഇനി (കുറെ ഇടവം) ആറു വർഷമെയുള്ളു നിശ്ചയം. ഏഴാം വർഷം സകല കണ്ണും കാൺകെ അവൻ പെട്ടെന്നു വെളിപ്പെടുവാനിരിക്കുന്നതുകൊണ്ടു.

"സ്വർഗ്ഗരാജ്യം സമീപമായിരിക്കയാൽ
മാനസാന്തരപ്പെട്ടുകൊൾവിൻ"

ഇപ്രകാരം യേശുമഹാരാജാവിന്റെ ആത്മനിയോഗപ്രകാരം സകലരും അറിവാനായി ഈ ദിവ്യവിളംബരം എഴുതിയ അവന്റെ ദാസനായ യുസ്സുസ് യോസേഫു.

C. M. S.
Minister of Kanneett

To

The Revd. W. Richards Cottayam

My dear Sir

റവറൻഡ് റിച്ചാർഡ് സായിപ്പിനു.

സായ്പവർകൾ കൊടുത്തയച്ച മറുപടി വന്ന ചേന്നു. ഉടനെ എഴുത്തു അയക്കണമെന്നു വിചാരിച്ചു എങ്കിലും സ്ത്രീകളിലുള്ള സായ്പും കു

യിലിസാധുവും ക്രൂടെ ഇവിടെ വന്നു രണ്ടുമൂന്നു ദിവസം താമസിച്ചതിനാലും മറ്റും വേഗം മടുപടി അയപ്പാൻ ഇടയായില്ല.

അല്ലയോ പ്രിയമുള്ള ഉപദേഷ്ടാവെ! നമ്മുടെ കർത്താവിന്റെ അഗാധമഹത്വത്തിലുള്ള മഹത്വപ്രത്യക്ഷതയുടെ കാലത്തെ സംബന്ധിച്ചുള്ള നാനാ പക്ഷം വാക്യത്തിൽ നിന്നു സായ്പവർകൾ വ്യാഖ്യാനിച്ചു സാക്ഷിപകർന്നിരിക്കുന്നുവല്ലൊ. അയതു ശരിയായ വ്യാഖ്യാനം തന്നയൊ? അല്ലയൊ? എന്നു ഒന്നുകൂടെ ശോധന കഴിക്കേണമെ. അങ്ങിനെ ശോധന ചെയ്വാൻ തക്കവണ്ണം താഴെ കാണിക്കുന്ന. പ. വാക്യം സായ്പവർകളെ വഴി നടത്തട്ടെ.

"വേദവാക്യത്തിലുള്ള ഒരു ദീർഘദർശനവും സ്വയമായ വ്യാഖ്യാനമുള്ളതല്ലെന്നുള്ളതിനെ പ്രധാനമായി അറിഞ്ഞു കൊൾവിൻ,, (പ. പത്രോസ് ഏ. ഛ. ൨൦) "അതുകൊണ്ടു യഹോവയുടെ പുസ്തകത്തിൽ നിന്നു അന്വേഷിച്ചു വായിപ്പിൻ ഇവയിൽ ഒന്നും കുറകയില്ല. ഒന്നിനും തന്റെ ഇണയില്ലാതെ ഇരിക്കയില്ല. എന്തെന്നാൽ എന്റെ വായ് തന്നെ കല്പിച്ചു. അവന്റെ ആത്മാവു തന്നെ അവയെ ക്രൂട്ടിച്ചേർത്തു,, (യശാ. നാ൪. ൪൩) വേദവാക്യത്തിനുള്ള ശക്തി വേദവാക്യങ്ങളാലാകുന്നു തെളിഞ്ഞു വരേണ്ടതു. വ്യാഖ്യാനപുസ്തകങ്ങളാലല്ല നിശ്ചയം. എന്തെന്നാൽ ഒന്നിനു മറ്റൊന്നു ഇണയില്ലാതെ ഇരിക്കയില്ല. ആകയാൽ ഞാൻ എഴുത്തുമൂലം അറിയിപ്പിച്ച ആ ദിവ്യസംഗതിക്കു ഒരു വേദവാക്യം സായ്പവർകൾ അടിസ്ഥാനം വെച്ചു അതിന്മേൽ പുല്ലും താളടിയും കൊണ്ടും വിലയേറിയ കല്ല രത്നം എന്നിവകളെ കൊണ്ടും പണിനടത്തുവിരിക്കുകൊണ്ടു ഇപ്രകാരമുള്ള പണിയാൽ ഉപകാരം എന്തു? ആയതുകൊണ്ടു പുല്ലും താളടിയും പോകട്ടെ. പിന്നീടു നമുക്കു രണ്ടു പേർക്കും ഇട്ടിരിക്കുന്ന അടിസ്ഥാനത്തിന്മേൽ പണിയാം എന്റെ പണിക്കു വല്ല അറകുറവും ഉണ്ടെങ്കിൽ സായ്പവർകൾ പറയണം. സായ്പവർകളുടെ വേലെക്കു അറകുറവു ഉണ്ടെങ്കിൽ ഞാനും പറയും. ഒടുക്കം മദ്ധ്യസ്ഥന്മാർ വിധിക്കട്ടെ. അപ്പോൾ കായ്ത്തിനു തീർച്ചയുണ്ടായല്ലൊ. ഞാൻ ഇങ്ങിനെ പറയുന്നതു നിഗളം കൊണ്ടാകുന്നു എന്നു വിചാരിക്കാതിരിപ്പാൻ അപേക്ഷിക്കുന്നു. എന്റെ ആന്തരം ഇപ്രകാരമുള്ളതു. ആയതു വേദവാക്യത്തിന്റെ സാരം വേദവാക്യം കൊണ്ടുതന്നെ തെളിയിക്കണം വ്യാഖ്യാനപുസ്തകങ്ങളെ കൊണ്ടു തെളിയിപ്പാൻ ഭാവിക്കുന്നപക്ഷം ഞാൻ ഉത്തരം പറകയില്ല എന്നുതന്നെ.

ഇപ്രകാരം താഴ്മയുള്ള വന്ദനത്തോടെ എഴുതിക്കൊള്ളുന്നതു അടിയാൻ യൂസുസു യോഹന്നു.

Kanneett
July. 20. 1875

To

The Right Revd: Lord Bishop of Madras

My Lord

മദ്രാസിലെ ലോർഡ ബിഷോപ്പ സായ്പിന്നു.

ഈ മാസം കന്നാംനൂ കുന്നൂരിൽ നിന്നും തിരുമനസ്സുകൊണ്ടു അയച്ച എഴുത്തു വന്നുചേർന്നു. ഞാൻ കെയിലിസായ്പുമൂലം അപേക്ഷിച്ചയാചനയെ സിക്രട്ടേരി സായ്പു അവർകൾമൂലം തിരുമനസ്സുകൊണ്ടു അറിഞ്ഞു എന്നോടു ചോദിച്ചിരിക്കുന്ന ചോദ്യങ്ങളുടെ താല്പര്യം മനസ്സിലാകയും ചെയ്തു. അല്പം ദൂരെയുള്ളവർക്കും സമീപത്തുള്ളവർക്കും സുവിശേഷിപ്പാനും അതിനുള്ള സ്വാതന്ത്ര്യം കമ്മട്ടിയിൽ നിന്നും തിരുമനസ്സിൽ നിന്നും ലഭിപ്പാനും തക്കവണ്ണം എന്നെ ഉത്സാഹിപ്പിച്ചകാരണം ഇതായിരുന്നു.

ഞാൻ കഴിഞ്ഞ ഇടവമാസം തിരുമനസ്സുകൊണ്ടു അയച്ച സർക്കുലറിൻപ്രകാരം വാഴ്ത്തുത്മാവിന്റെ ഞായറാഴ്ചമുതൽ ബുധനാഴ്ചമുതൽ പിൻ ബുധനാഴ്ചവരെയും ഒരു ആഴ്ചവട്ടം ഇപ്പള്ളിയിൽ കാലത്തും വൈകിട്ടും ഞാൻ ശുശ്രൂഷനടത്തിവന്നു. ആ സമയങ്ങളിൽ ഉണർവു പലർക്കും ഉണ്ടായിവന്നതു മാത്രമല്ല, ആ ഉണർവോട്ടുകൂടെ ചിലർ എഴുനീറ്റു രക്ഷാവിന്റെ വരവു സമീപിച്ചിരിക്കുന്നു. വേഗം അനുതാപപ്പെട്ടുകൊൾവിൻ എന്നും മറ്റും പറഞ്ഞതുകൂടാതെ അവരിൽ ഒരുവൻ ആത്മശക്തിയോടുകൂടെ എഴുന്നീറ്റു നിന്നു ആറുദിവസം കഴിഞ്ഞശേഷം ഏഴാംദിവസം ശാബ്ബതയാകുംപ്രകാരം ഇനി ആറുവർഷം കഴിഞ്ഞു ഏഴാംവർഷം പരമസ്വസ്ഥതയാകുന്നു ഇതിന്നു പ്രാർത്ഥനയോടുകൂടെ വേദവാക്യങ്ങൾ ശോധനചെയ്താൽ സാക്ഷികൾ ലഭിക്കുമെന്നു മൂന്നുദിവസം വിളിച്ചുപറഞ്ഞു. ഈ കായ്ത്തിനായി ഞാനും എന്റെ രണ്ടു സഹോദരന്മാരുംകൂടെ പ്രത്യേകപ്രാർത്ഥനയോടെ വേദവാക്യങ്ങളെ ശോധനചെയ്തുവന്നപ്പോൾ അല്പം ചില സാക്ഷികൾ കാണായിവന്നു. എങ്കിലും തൽക്കാലം ആ കായ്ത്തെ പ്രസിദ്ധപ്പെടുത്താതെ രക്ഷാവിന്റെ വരവു സമീപിച്ചിരിക്കൊണ്ടു അനുതാപഘോഷണം ഇപ്പോൾ ഏറ്റവും ആവശ്യമായിരിക്കുന്നതിനാൽ ആയതിന്നായി ആക്കായ്ത്തിനായി ഒരു സ്വാതന്ത്ര്യം കമ്മട്ടിയിൽ നിന്നു വരുത്തിത്തരുവിപ്പാറാകണം എന്നു കേലിസായ്പിന്നും സ്റ്റീച്ചിലിസായ്പിന്നും ഞാൻ എഴുതി. ആയതു എന്റെ ഉള്ളിൽ ഉണ്ടായിവന്ന ആത്മഭാരംകൊണ്ടുതന്നെ ആയിരുന്നു. പിന്നീടു എന്റെ ഉള്ളിൽ ആത്മാവു തോന്നിച്ചുതന്നവയെ ഇനിക്കു അടക്കുവാൻ കഴിയാത്തതിനാലും ആയതു അടക്കിവെക്കുമ്പോൾ വയറുപൊട്ടുമ്പോലുള്ള വ്യസനം പോലെ ഉള്ളിൽ നോവു എന്നെ പിടിച്ചുതിനാലും അതുപ്രകാരം ഒരു എഴുത്തു മാർ അത്താനാസ്യോസുമെത്രാപ്പോലീത്തായ്ക്കും എഴു

തി. അതിന്റെ ശേഷം കത്താവിന്റെ അഗ്നിമേഘത്തിലുള്ള മഹ
ത്പ്രത്യക്ഷതയെക്കുറിച്ചു ഒരു പ്രകരണം എഴുതിയുണ്ടാക്കുവാൻ ആ
രംഭിച്ചു ആ പ്രകരണം പാതിതീർന്നപ്പോൾ വേദപുസ്തകത്തിൽ നി
ന്നു മുൻസാക്ഷികൾ കൂടാതെ മറ്റും ചില സാക്ഷികളും ശോധനയാ
ൽ തെളിഞ്ഞുവന്നു. എന്റെ അനുജന്മാക്കും വേറെ ചില സാക്ഷികൾ
കാണായിവന്നു. ഒട്ടുകാലനിർണ്ണയത്തെപ്പുറ്റി അക്കും മറ്റും
പറവാൻ കഴിയാത്തവണ്ണമുള്ള സാക്ഷിയും വേദപുസ്തകത്തിൽ നി
ന്നു തെളിഞ്ഞുവന്നിരിക്കുന്നു. അവയെ സംബന്ധിച്ചു ഞാൻ ഉണ്ടാക്കു
ന്ന പ്രകരണത്തിൽ കാണിച്ചുവരുന്നു. എങ്കിലും ഒന്നുരണ്ടു സാക്ഷികൾ
മാത്രം താഴെ ചുരുക്കമായി എഴുതുന്നു.

"നോഹയുടെ നാളുകളിൽ ഉണ്ടായതു ഏതുപ്രകാരമൊ അപ്രകാ
രം തന്നെ മനുഷ്യപുത്രന്റെ നാളുകളിലും ഉണ്ടാകും." നോഹയുടെ
നാളുകൾ 1656 വർഷം അതിൽ 600-ാംവയസ്സിൽ ജലപ്രളയം. അ
തിനു ഏഴു വർഷം മുമ്പെ പ്രളയം ഉണ്ടാകുമെന്നു ദൈവം അറിയി
ച്ചു. ആയതു സമീപിച്ചപ്പോൾ ദൈവകല്പനപ്രകാരം നോഹ കുഡും
ബത്തോടുകൂടെ പെടകത്തിൽ പ്രവേശിച്ചു ഏഴുദിവസം കഴിഞ്ഞ
ശേഷം പ്രളയം ഉണ്ടാകയും ചെയ്തു. മനുഷ്യപുത്രന്റെ നാളുകൾ ഉ
യിർത്തെഴുനീറ്റശേഷം നാളുവരെ ഏഴരച്ച ॥ അതിനോടുകൂടെ
കൂട്ടിയാൽ ഏഴരച്ച ॥ ക്രിസ്തുവിന്റെ ജനന ആണ്ടുമുതൽ ക്രി
സ്താബ്ദം ഒന്നു എന്ന എണ്ണിയ ആണ്ടുവരെ ഉള്ള വർഷം ഏകദേശം
നാ ആകെ ഏഴുദിച്ച ॥ 500 വർഷത്തിനു ഏഛ ആയാൽ ഏഴുദിച്ച
॥ കൂടുവാ വർഷം ചിലപ്പോൾ നാലു മാസവുമുണ്ട്. ഏഴുവുടൽ നാഛ കു
ഞ്ഞാൽ ശേഷം ഏദിച്ച. അപ്പോൾ ലൂഥറിനു ഏഴുമത്തെ വയസ്സു.
അതുമുതൽ സഭയിൽ നവീകരണം തുടങ്ങി. പ്രളയം തുടങ്ങിയപ്പോ
ൾ ദിവസം മുമ്പെ നോഹയോടു അറിയിച്ചു അപ്രകാരം ഇനി വെ
ർഷമെയുള്ളു എന്നു ഇപ്പോൾ അറിയിക്കേണ്ടതാകുന്നു.

പിന്നെ യെറുശലേമിനെ പണിയിപ്പാൻ കൽപന പുറപ്പെട്ടതുമു
തൽ മശിഹായുടെ മരണംവരെയുള്ള ആണ്ടുകൾ ഴുവുസ. ॥ അവി
ടംമുതൽ നാളുവരെയുള്ള ആണ്ടുകൾ ഏഴുഴച. ॥ ഴകരണ്ടിൽ വ
ർഷം വനുനഛ. മൃഗത്തിനു കൊടുക്കപ്പെട്ടിരിക്കുന്ന കാലം മൂന്നരയും
മൃഗത്തിന്റെ സംഖ്യ മനുഷ്യന്റെ എണ്ണപ്രകാരം ന്നന്നാം ആകുന്ന
മുറെക്കു മൃഗത്തിന്റെ കാലം ഒന്നിനു ന്നന്നാം മൂന്നരെക്കു വനനഛം
ആകുന്നു. ദാനീയേൽ വ:ഛ-ൽ വനുറദിവസം എന്നു പറഞ്ഞിരി
ക്കുന്നതിനെ ആണ്ടാക്കി ദാനി. ഛ:ഛനുൽ പറഞ്ഞിരിക്കുന്ന വഛ ദിവ
സത്തെയും വെളിപാടു വ:ഛൽ പറഞ്ഞിരിക്കുന്ന ഛ ദിവസത്തെ
യും ആണ്ടാക്കി മുൻപിലത്തെ തുകയോടു കൂട്ടിയാൽ വനുനഛ. അ
ങ്ങിനെ കൂട്ടുവാനുള്ള ന്യായം ദാനി. ഛ:ഛം വചുംകാണിക്കുന്നു.
എങ്ങിനെ എന്നാൽ മൃഗത്തിന്റെ ദിവസങ്ങൾ വനുനാ. പിന്നെ

നാം രണ്ടു എന്നുള്ള തുകകൾ മുൻവരഞ്ഞ തുകക്കു മുന്നും പിന്നും നിൽക്കേണ്ടതാകുന്നു. മുൻതുക നാം പിൻതുക രണ്ടു അതുകൊണ്ടു വന്നാം നോട്ടു നാംകൂടെ കൂട്ടി ആ ദിനത്തിന്റെ തുകയേയും (ആയതു ഒന്നു) ആയതിനോടു ചേർത്താൽ വന്നതു ഇങ്ങിനെ യുശേലമിനെ പണിയിപ്പാൻ കല്പന പുറപ്പെട്ടതുമുതൽ നാളതുവരെ ആണ്ടു വന്നതു ആകകൊണ്ടു ഇതു ഒരു ആരംഭകാലമാകുന്നു എന്നും ഫുനി (ഫ്രഞ്ചുമൈയി) ആറുവർഷം കഴിഞ്ഞശേഷം ഓം വർഷം എന്നു പറയുമ്പോൾ വന്നതു ദിവസം കഴിഞ്ഞാൽ മശിഹാ അഗസ്തുമാസത്തിൽ വെളിപ്പെടുമെന്നും അതു കഴിഞ്ഞശേഷം രണ്ടുമാസം അല്ലെങ്കിൽ ഫ്രന്താദിവസം അന്തിക്രിസ്തുവിന്റെ പൂർണ്ണാധികാരദിവസങ്ങൾ ആകുന്നു എന്നും പിന്നീടു രണ്ടുദിവസം അവസാനബാധകൾ ക്രോധകലശങ്ങൾ ഒഴിക്കപ്പെടുവാനുള്ള നാളുകൾ ആകുന്നു എന്നും പൂർണ്ണമായി നിശ്ചയിക്കാമെല്ലൊ. അപ്പോൾ ഓ അശ്ശുവട്ടങ്ങൾ പൂർണ്ണമായി നിവൃത്തിക്കപ്പെടും. പിന്നീടു മശിഹാരാജ്യഭാരം ചെയ്യും.

ഇപ്രകാരം കാലനിർണ്ണയത്തെപ്പററി നിശ്ചയം വന്നപ്പോൾ ഈ ദിവ്യസംഗതിയേക്കുറിച്ചു പ്രസിദ്ധപ്പെടുത്തുവാൻ ആരംഭിച്ചു. ഇതു കുടാതെയും കഴിഞ്ഞ വരിശ്രദ്ധാത്മാവിന്റെ ദിവസമുതൽ സഭയിൽ ഉണവു അധികരിച്ചു വന്നതിനാൽ അനേകർ തങ്ങളുടെ പാപങ്ങളെ ഓർത്തു ദുഃഖിക്കയും വ്യസനിക്കയും ചെയ്വാൻ ആരംഭിച്ചു. അങ്ങിനെയുള്ളവക്കു സമാധാനം ലഭിപ്പാൻ തക്കവണ്ണവും മനസാന്തരത്തിലേക്കു വന്നെത്താത്തവക്കു അനുതാപം ലഭിപ്പാൻ തക്കവണ്ണവും അനുതാപസംഘം കഴിഞ്ഞ ജൂൺമാസംമുതൽ ആരംഭിച്ചു ഇനിക്കു സഹായിച്ചതു എന്റെ അനുജന്മാരായിരുന്നു. ഈ വിവരം കെയിലിസായ്പവർകൾക്കു ഉടനെ അറിയിക്കയും ചെയ്തു ഇതിനാൽ വളരെ നന്മകൾ സഭയിൽ ഉണ്ടായിവരുന്നു. ഇവിടെമാത്രമല്ല തേവലക്കര, പുതുപ്പള്ളി, മങ്കുഴി, ചേപ്പാടു എന്നുള്ളിടങ്ങളിലും അനുതാപസംഘം ആരംഭിച്ചിരിക്കുന്നു. എന്നാൽ മററുള്ളവർ ഈ സംഗതിയിൽ ഇടറിവീഴുന്നു മിശിയോനരിമാരുടെ ഹൃദയങ്ങളെ കലക്കികളഞ്ഞതിനാൽ അവക്കും വളരെ പരിഭവമായിരിക്കുന്നു. എങ്കിലും കെയിലിസായ്പു അവർകൾ ഈ സംഗതിയേപ്പററി ചോദിച്ചറിവാനായി എഴുത്തു അയയ്ക്കയും കഴിഞ്ഞ രണ്ടാഴ്ച മാവേലിക്കരെ ചെന്നു കണ്ടു ബോധിപ്പിക്കയും ചെയ്തു. അദ്ദേഹം മനഃതൃപ്തിയോടുകൂടെ അനുതാപസംഘത്തെക്കുറിച്ചു കേട്ടു. അതിനാൽ ഉണ്ടായിരിക്കുന്ന നന്മയെ ഓർത്തു ദൈവത്തെ സ്തുതിക്കയും അനുതാപസംഘം എല്ലാ ഇടവകയിലും നടത്തേണ്ടതാകുന്നു എന്നും അതിനുള്ള ക്രമം എഴുതി അയക്കാമെന്നു പറകയും ചെയ്തു.

പിന്നീടു എന്റെ സഞ്ചാരത്തെപ്പററി ഏതു വിചാരിച്ചിരിക്കുന്നു എന്നു എന്നോടു ചോദിച്ചതിനു ഞാൻ പറഞ്ഞതു ഇപ്രകാരമാകു

ന്നു. ചാപ്പ്ലൈൻസലിന്റെ അവയവമായിരിക്കുന്നതിൽ നിന്നു മാറുവാൻ ഇനിക്കു മനസ്സില്ല. ഞാൻ കന്നീറ്റി ഇടവകപ്പട്ടക്കാരനായിരുന്നുകൊള്ളാം. എന്നാൽ ഞങ്കനാൽസഭ വൃത്തുപ്പള്ളി ഇടവകയോടു ചേർത്തുകൊള്ളുവാറാകണം. വിശേഷാൽ ഒരു ഉപദേശിയേ മാത്രം നിന്നാൽ മതി. ഞാൻ ഇവിടെ നിന്നു പോകുമ്പോൾ ഉപദേശി ഇവിടത്തെ കാര്യം നടത്തിക്കൊള്ളും, ഞാൻ വരുന്ന സമയം ഇവിടെയുള്ളകാര്യം ഞാൻ തന്നെ നോക്കിക്കൊള്ളാം എന്നായിരുന്നു. ഈകാര്യങ്ങളേ സംബന്ധിച്ചു ബിഷോപ്പുസായ്പുവർകൾക്കും കമ്മട്ടിക്കാർക്കും ഞാൻ എഴുതാമെന്നു കെയിലിസായ്പുവർകൾ എന്നോടു പറഞ്ഞു. കാര്യം ഇപ്രകാരമാകുന്നു. അതുകൊണ്ടു കർത്താവിന്റെ മഹത്വപ്രത്യക്ഷതയ്ക്കു എന്റെ സമഭാഷക്കാർക്കു സാക്ഷിപകരുവാൻ തക്കവണ്ണം കർത്താവു തന്നെ ആത്മാവുമൂലം എന്നെ വിളിച്ചിരിക്കുന്നു എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ആകയാൽ കർത്താവു ഇനിക്കുള്ളതിലൊട്ടു നല്കീയിരിക്കുന്ന തന്റെ ആട്ടിൻകുട്ടങ്ങൾക്കു ഇടയനായും ശുശ്രൂഷക്കാരനായും ഇരുന്നുകൊണ്ടു സമയം ഉള്ളപ്പോൾ ഒക്കെയും അടുക്കലും ദൂരത്തിലും ചെന്നു മറുള്ളവർക്കു സാക്ഷി പകരുവാൻ തക്കവണ്ണം സ്വാതന്ത്ര്യം തരുവാറാകണം.

I am
My Lord
Your Lordships Most obedient
Servant in Christ

Kanneett
Aug: 2. 1875.

The Revd. S. Mateer Trevandrum

My dear Sir

രണ്ടു മറീയർസായ്പിനു.

ഞാൻ സായ്പുവർകൾക്കു ഇതു എഴുതുന്നതു ദുസ്സഹമുറയ്ക്കുന്നു. നമ്മുടെ കർത്താവായ യേശുമഹാരാജാവു ഇനി (പ്രവൃത്തിമെയി) ആറുവർഷം കഴിഞ്ഞു ഏഴാം വർഷം അഗ്നിമേഘത്തിൽ വെളിപ്പെടും എന്നു അവന്റെ ആത്മാവിന്റെ നിയോഗപ്രകാരം വേദവിധി അനുസരിച്ചു ഞാൻ പ്രസ്താവിച്ചിട്ടുണ്ടായതിനെ സായ്പുവർകൾ പലയാളുകളിൽനിന്നും കേട്ടിരിക്കും എന്നുള്ളതിനു കഴിഞ്ഞ ഞായറാഴ്ച കാലത്തെ ശുശ്രൂഷയിൽ സായ്പുവർകൾ പള്ളിയിൽ പ്രസംഗിച്ചതു സാക്ഷിയാകുന്നു. ആ പ്രസംഗം കേട്ട ചില സുറിയാനിക്കാർ കഴിഞ്ഞ വ്യാഴാഴ്ച കാലത്തു ഇവിടെ വരികയും പ്രസംഗവാക്യം ഇന്നതെന്നും പ്രസംഗി

ച്ച സംഗതി മുടക്കത്തിൽ ഇന്നപ്രകാരമെന്നും എന്നോട് പറകയും ചെയ്തു. പ്രസംഗവാക്യം ഏശാ: വ 60. ൽനാം വാക്യം മുതൽ വായിച്ചു എന്നും പറഞ്ഞു. പ്രസംഗചുരുക്കം ഇനി ആറു വർഷം കഴിഞ്ഞു ഏഴാം വർഷം മശിഹാ മേഘത്തിൽ പ്രത്യക്ഷമാകും എന്ന പ്രസിദ്ധപ്പെട്ടുത്തിയ സംഗതി ശുദ്ധമെ വ്യാജവും, വഞ്ചനയും അത്രെ എന്നാകുന്നു അവർ പറഞ്ഞതു്. പിന്നെ ഞാൻ അവരോട് ചോദിച്ചു മശിഹാ വല്ലപ്പോഴെങ്കിലും ഒരു സമയം വെളിപ്പെട്ടും എന്നോ മറ്റൊ പ്രസംഗത്തിൽ പറഞ്ഞോ എന്നതിനു ആ സംഗതിയെപ്പറ്റി ഒന്നും തന്നെ പറഞ്ഞില്ല എന്നായിരുന്നു അവർ പറഞ്ഞതു്.

പ്രിയമുള്ള ഉപദേഷ്ടാവെ! കായ്യം ഇപ്രകാരമായിരുന്നാൽ ഞാൻ ഒരു സംഗതി സായ്പവർകളോട് ചോദിച്ചുകൊള്ളുന്നു. ദയവു ചെയ്തു ഇനിക്കു ഉത്തരം തരേണമെ. ഞാൻ പ്രസിദ്ധപ്പെട്ടുത്തിയ ആ ദിവ്യ സംഗതി വ്യാജവും വഞ്ചനയും ആകുന്നു എന്നു ഏതു വേദവാക്യം ആകുന്നു സായ്പവർകൾക്കു സാക്ഷി നൽകിയതു? അതു അറിഞ്ഞാൽ കൊള്ളായിരുന്നു. ഇനിക്കും രക്ഷപെടണം എന്നാകുന്ന ആഗ്രഹമുള്ളതു്. ന്യായപ്രമാണത്തിനും സാക്ഷിക്കും വിവരീതമായി ഞാൻ പറയുന്നു എങ്കിൽ അതിനെപ്പറ്റി എന്നോട് ചോദിപ്പാൻ സായ്പവർകൾക്കു മുറയുണ്ടു്. അതു ചെയ്യാഞ്ഞതു എന്തുകൊണ്ടൊ ഞാൻ അറിയുന്നില്ല. എന്റെ വായിൽ നിന്നു ചോദിച്ചു ഞാൻ പറയുന്നതിനു വേദ സാക്ഷി ഇല്ലെങ്കിൽ അതു ശുദ്ധമെ വ്യാജവും വെറും വഞ്ചനയും അത്രെ എന്നു സായ്പവർകൾക്കു സ്പഷ്ടമായി പ്രസിദ്ധപ്പെട്ടുത്താമായിരുന്നു. എനാൽ അതു പോകട്ടെ. ഞാൻ പ്രസിദ്ധപ്പെട്ടുത്തിയതു വേദവിധി അല്ലെന്നു സായ്പവർകളെ ബോധപ്പെട്ടുത്തിയ വേദവാക്യങ്ങൾ ഏതെന്നു അറിഞ്ഞാൽ ഇനിക്കു മാത്രമല്ല അനേകം ആളുകൾക്കു വളരെ നന്മയുണ്ടാകുവാൻ സംഗതി വരുന്നതിനാൽ ദയവു ചെയ്തു അതു മലയാളത്തിൽ എഴുതി അയപ്പാറാകണം.

ഇപ്പടിക്കു സലാം ചെയ്തു എഴുതിക്കൊള്ളുന്നതു സായ്പവർകളുടെ ഇഷ്ടൻ യുസ്സസു യോസേപ്പു്.

Kanneett.
Aug 7. 1875.

To
The Revd. J. Bishop Cottayam College.

My dear sir.

റവറണ്ടു ബിഷപ്പു സായ്പിനു.

സായ്പവർകൾ കയ്യിൽ സായ്പവർകൾ മൂലം കൊടുത്തയച്ച സ്റ്റേഹമറിയ ഇണ്ടോഷാത്രം വന്നു ചേർന്നു. സന്തോഷത്തോടു കൂടെ

വായിച്ചറിഞ്ഞു. അതിനായിട്ട് എന്റെ നന്ദി അറിയിക്കുന്നു. നമ്മുടെ നാഥനാകുന്ന യേശു ക്രിസ്തുവിനുള്ളതുപോലെ കപടമില്ലായ്മയും പാമ്പിനുള്ളതുപോലെ ബുദ്ധിയും നൽകി എന്നെ തന്റെ ആത്മാവു മൂലം നടത്തിക്കയും സാത്താന്റെ സകല വഞ്ചനയിൽ നിന്നും കാത്തു സൂക്ഷിച്ചുകൊള്ളുകയും സ്വന്തവചനങ്ങളുടെ ജീവശക്തിയെ അറിഞ്ഞു സുവിശേഷോപദേശത്തിന്റെ രീതിയെ പിടിച്ചുകൊള്ളുവാൻ തക്കവണ്ണം വേണ്ട ജ്ഞാനത്തെയും ബലത്തെയും തരികയും ചെയ്യുമാറാകട്ടെ.

പ്രിയമുള്ള ഉപദേഷ്ടാവെ! ഞാൻ വളരെ ബലഹീനനെങ്കിലും എന്റെ മുറയെ വാലിക്കണം എന്നാകുന്ന എന്റെ മുച്ചൂനോട്ടം. അതിനാൽ ഇവിടെ ഉണ്ടാകുന്ന വിശേഷ സംഗതികളെ ഒക്കെയും എന്റെ മേലധികാരിയായ കെയിലിസഭയിലുള്ളവർക്കളോട് ഉടനുടൻ അറിയിക്കാതെ ഇരുന്നിട്ടില്ല.

കഴിഞ്ഞ ജൂൺമാസം മുതൽ അനുതാപസംഘം (Or after meeting) ഉണർവു മൂലം ഇവിടെ ആരംഭമാവാൻ ഇടയായി. അതു നമ്മുടെ സഭചട്ടത്തിനു വിരോധമാകുന്നു എന്നു ഞാൻ അറിയുന്നില്ല. ഇംഗ്ലാണ്ടിലും സ്കോട്ലാന്റിലും മദ്രാസിലും അനുതാപസംഘം (After meeting) ഉടങ്ങിട്ടുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ട്. തിരക്കി അറിഞ്ഞുകൊള്ളണമേ.

പിന്നെ പരിശുദ്ധാത്മാവു തിരുസഭെക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ അവന്റെ കൃപാവരങ്ങൾ സഭമഹത്വീകരിക്കുംവരെയും നാം ആവശ്യമാകുന്നു എന്നതു എന്റെ വിശ്വാസം. എഫെസിയർ 4-ാം അദ്ധ്യായത്തിൽ ഇക്കാര്യത്തെപ്പറ്റി സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. അതു കൂടാതെ "കുറഞ്ഞാനും നാം അറിയുന്ന കുറഞ്ഞാനും നാം ദീർഘദർശനം പറകയും ചെയ്യുന്നു. എന്നാൽ തികവായുള്ളതു വരുമ്പോൾ അംശമായുള്ളതു മാഞ്ഞുപോകും" എന്നുണ്ടല്ലൊ. വേദവാക്യങ്ങളുടെ സാരം അറിവാൻ തക്കവണ്ണം ആത്മാവു ഉള്ളിൽ ജ്ഞാനത്തെ നൽകേണ്ടുന്നതാകുന്നു. എന്തെന്നാൽ "ദൈവത്തിന്റെ ആത്മാവല്ലാതെ ഒരുത്തനും ദൈവത്തിനുള്ളവയെ അറിയുന്നില്ല" എന്നു തിരുവചനം ഘോഷിക്കുന്നു. ആയതുകൊണ്ടു ദീർഘദർശനത്തിന്റെ ആത്മാവിനെ പ്രാപിച്ചവർ എഴുതിവെച്ചിരിക്കുന്ന ദിവ്യവചനങ്ങളെ ആ ആത്മാവു തന്നെ ഇന്നലെയും ഇന്നും നാളെയും തുറന്നു കാണിക്കണം എന്നാകുന്നു ഞാൻ പറയുന്നതു്. മനുഷ്യജ്ഞാനമാകുന്ന താക്കോൽ കൊണ്ടു പ്രവാചകവചനങ്ങളെ തുറന്നു കാണിച്ചാൽ അതു സുവിശേഷോപദേശമായിരിക്കയില്ല. മെവി ചൊറിച്ചലായെ ഇരിക്കു.

ഡോക്ടർ കമ്മിങ്ങ് സ്റ്റോറു മുതലായവർ ഭക്തന്മാരല്ലെന്നൊ മറ്റൊ ഞാൻ പറഞ്ഞിട്ടുമില്ല. പറകയുമില്ല. ഇതാ ഞാൻ എന്നെത്തന്നെ തുറന്നു കാണിക്കുന്നു. ഞാൻ ജ്ഞാനശൂന്യനും അറിവില്ലാത്ത

വനും ഹീനനും; നിലത്തിനും വളത്തിനും ആകാത്ത ചാരവും വെറുക്കണ്ണം അഴുകിനാറിയ പിണവും ഇങ്ങനെ അറിവും മനുഷ്യരിൽനിന്നും ഒഴിയപ്പെട്ട കാഷ്ഠത്തിനു സമനും അത്രെ സത്യം. യാതൊരു വ്യത്യാസവും ഇല്ലാ. ഇതു ഞാൻ ഒരു പുകഴ്ത്തുകയായിട്ടു പറഞ്ഞതല്ലാ. സാക്ഷാൽ ഉള്ളതിനെക്കണ്ണം തന്നെ എന്തെന്നാൽ ഞാൻ എന്റെ അതിക്രമങ്ങളെ അറിയുന്നു. എന്റെ പാപവും എപ്പോഴും എന്റെ മുൻപാകെ ഇരിക്കുന്നു. അവനോടു അതെ എന്റെ വീണ്ടെടുപ്പുകാരനോടു മാത്രം തന്നെ ഞാൻ പാഴച്ചു അവന്റെ കണ്ണുകൾക്കു മുൻപാകെ ഘോരം ദോഷം ചെയ്തിരിക്കുന്നു അവൻ എന്നെ വലിച്ചെടുത്തില്ലെങ്കിൽ ഞാൻ നരകത്തിന്റെ അടിയിൽ പൊയ്പോയേനെ.

(ഹാ കൃപയുള്ള യേശുവെ! നിനക്കുതന്നെ സ്തുതി. നീ തന്നെ ഈ അറിവില്ലാത്തവന്റെ ജ്ഞാനം. നീ തന്നെ ഘോരം ദ്രോഹിക്കുള്ള നീതി. നീ തന്നെ ഘോരം അരിഷ്ടപാപിയുടെ ശുദ്ധീകരണം. നീ തന്നെ ഘോരം അടിമയുടെ വീണ്ടെടുപ്പു)

പ്രിയമുള്ള ഉപദേഷ്ടാവെ! ഞാൻ പറഞ്ഞുകൊള്ളുന്നതു ഇതത്രെ. രക്ഷെക്കു അവശ്യമുള്ളതൊക്കയും ശുദ്ധമുള്ള വേദപുസ്തകത്തിൽ അടങ്ങിരിക്കുന്നു &c ഡൊക്ടർ കമ്മിങ്ങ് സ്പ്രാറു മുതലായവർ ഉണ്ടാക്കിയിരിക്കുന്ന വ്യാഖ്യാനങ്ങളെ വായിക്കരുതെന്നു ഞാൻ പറഞ്ഞിട്ടില്ലാ. "സകലത്തെയും ശോധന ചെയ്വിൻ. നന്മയായുള്ളതിനെ മുറുകെ പിടിപ്പിൻ" എന്നു വേദവാക്യം ഘോഷിക്കുന്നു. പിന്നെ എന്തു? എന്നായിരിക്കും ചോദിക്കുന്നതു്. പ്രവാചകവാക്യത്തിന്റെ സാരം മറ്റു പ്രവാചക വാക്യങ്ങളാലാകുന്നതെളിഞ്ഞു വരേണ്ടുന്നതു്. എന്തെന്നാൽ ഒന്നിനു മറ്റൊന്നു ഇണയില്ലാതെ ഇരിക്കയില്ലാ നിശ്ചയം. "ദീർഘദർശനം ഒന്നും സ്വയമായ വ്യാഖ്യാനമുള്ളതല്ലാ" എന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ടു നിബന്ധാക്കളുടെ വ്യാഖ്യാനപുസ്തകങ്ങൾക്കു പൊതുവെ ഘോരം ലക്ഷ്യന്നം ഉണ്ടോ? ഇല്ലെങ്കിൽ അവരുടെ അഭിപ്രായം നമുക്കു സ്വീകരിക്കാമോ? ഒരു നിബന്ധാവിന്റെ അഭിപ്രായത്തിനു മറ്റൊരു നിബന്ധാവു കൂടെ പറയുന്നുണ്ടോ? ഇല്ലയോ? അതും ഇരിക്കട്ടെ. ഉപദേശം ശാസ്ത്രം ശിക്ഷ നീതിയിലഭ്യാസം എന്നിവകൾക്കു പ്രയോജനമായിരിക്കുന്നതു് വേദപുസ്തകമോ? വ്യാഖ്യാനപുസ്തകമോ? ദൈവകൃപയാൽ ജീവനുള്ള വേദവാക്യം നമ്മുടെ കയ്യിലുണ്ടല്ലൊ അവയെ പ്രാർത്ഥനയോടുകൂടെ ശോധനചെയ്തതാൽ അർത്ഥം തെളിയുന്നതാകുന്നു. ഇപ്പണ്ണം ഞാൻ പറയുന്നതിൽവെച്ചു ഈ സഭയുടെ ചട്ടത്തിനു വിരോധം എന്നു വരുമോ? ഞാൻ അറിയുന്നില്ലെ. അതുകയാൽ ഞാൻ വേദപുസ്തകത്തിനാകട്ടെ പള്ളിക്രമത്തിനാകട്ടെ എന്താകുന്നു വിരോധം പ്രവൃത്തിച്ചിരിക്കുന്നതു? മുൻവിധികൂടാതെ എല്ലാം പരിശോധിച്ചു അറിഞ്ഞിട്ടില്ലയൊ? ഒന്നു വിധിക്കേണ്ടതു്. ഞാൻ ഏതിൽ തെറ്റിയിരിക്കുന്നു എന്നു എന്നെ ബോ

ധപ്പെട്ടത്തെണമെ. ഞാൻ ക്ഷമയോടുകൂടെ കേൾക്കാം. അനുസരിക്കാം. തെറ്റുണ്ടെങ്കിൽ ഉപേക്ഷിക്കാം.

ഹാ! ഞാൻ വചനംകൊണ്ടു നിറഞ്ഞിരിക്കുന്നു. ഇനിക്കു അടക്കുവാൻ കഴികയില്ലാ. എന്റെ ഉള്ളം സകലവും അവ കൈപ്പാക്കി തീർത്തിരിക്കുന്നു. ഞാൻ അവയെ പറയാതെ ഇരുന്നാൽ സർവ്വശക്തനിൽ നിന്നുള്ള ഭയങ്കരങ്ങൾ എന്റെ മുൻപാകെ നിൽക്കുന്നതുകൊണ്ടു ഇനിക്കു ഏറെവും പരിഭ്രമം ഉണ്ടാകുന്നു. അതുനിമിത്തം ഞാൻ എന്റെ വായെ വിസ്താരമായി തുറക്കും. ഞാൻ ഒരു മനുഷ്യനേയും ഭയപ്പെടാതിരിക്കുമാറാകട്ടെ.

ഇതാ! വില്ലുകാർ നാല്പവശങ്ങളിൽ നിന്നും എന്നെ എയ്യുന്നതിനാൽ ഇനിക്കു വളരെ പോരാട്ടമുണ്ട്. ഞാൻ എന്തു ചെയ്യേണ്ടു?

(ഹാ! കൃപയുള്ള യേശുവെ! എന്റെ ഭുജത്തെ ശക്തിപ്പെടുത്തെണമെ. എന്റെ വില്ലും നിന്നിൽ ബലപ്പെട്ടിരിക്കുമാറാകട്ടെ.)

പ്രിയമുള്ള ഉപദേഷ്ടാവെ! ഞാൻ എന്റെ ആത്മാവിന്റെ കയ്യിലാകുന്നു ഇതിനെ പറഞ്ഞുപോയതു. എന്തെന്നാൽ കാരണം കൂടാതെ അനേകം ആളുകൾ എന്നെ വ്യസനിപ്പിച്ചിരിക്കുന്നു.

ഇപ്പടിക്കു താഴ്മയുള്ള സലാം ചെയ്തു എഴുതിക്കൊള്ളുന്നതു

സായ്പവർകളുടെ ഇഷ്ടൻ യൂസ്സുയോസേപ്പു.

Kanneett
Aug: 12. 1875.

൫൦

To

The Revd. J. M. Speechly. M. A. C. N. I.
Cottayam

൧൮൭൫ ഇസ്പീച്ചിലി സായ്പിനു.

എല്ലായും ബഹുമാനപ്പെട്ട ൧൮൭൫ സ്പീച്ചിലി സായ്പവർകൾ ബോധിപ്പാൻ ഞാൻ എന്റെ അനുജൻ സമുവേലിനേയും മകൻ ദാനിയേലിനേയും യോഹന്നാൻ കുട്ടിയോടുകൂടെ അയക്കുന്നു. സായ്പവർകളുടെ ഇഷ്ടം പോലെ പ്രവൃത്തിച്ചു കൊള്ളുവാറാകണം. സായ്പവർകളുമായുള്ള സംഭാഷണയിൽ ഞാൻ അവിവേകമായി പറഞ്ഞുപോയിട്ടുണ്ടെങ്കിൽ ആയതു ക്ഷമിച്ചു കൊള്ളണമെ. ഞാൻ എന്റെ ഹൃദയം തുറന്നുപറയുന്നു യാതൊരു മൂഷിച്ചിലാകട്ടെ കോപമാകട്ടെ ഇനിക്കില്ല. ഞാൻ ഏതുപ്രകാരം ഇന്നലെ സായ്പവർകളോടു സ്നേഹവും വണക്കവും ആയിരുന്നുവൊ? അപ്രകാരം തന്നെ ഇന്നും ഇരിക്കുന്നു. നാളയും അങ്ങിനെ തന്നെ ഇരിക്കണം എന്നാകുന്നു ദൈവത്തിൽ ആശപ്പെട്ടിരിക്കുന്നതു.

എന്നാൽ സായ്പുവർകളുടെ ഉള്ളിലുള്ള സംശയം തീരുവാൻ അല്പം ചില സംഗതികൾ പറയേണ്ടിയിരിക്കുന്നു. ആയതു പറഞ്ഞു കൊള്ളട്ടെ. സായ്പുവർകളുടെ കുഞ്ഞിന്റെ രോഗത്തെപ്പറ്റി എഴുത്തു വന്ന കായ്ത്തെക്കുറിച്ചു തൊമ്മച്ചനോടു ഞാൻ പറഞ്ഞിട്ടില്ല സത്യം. എന്റെ അനുജനും പറഞ്ഞിട്ടില്ല. സൂക്ഷമായി തിരക്കിയാറെയും മുതലാളിയും പറഞ്ഞിട്ടില്ല. ഇതു ഞങ്ങളുടെ പരമാർത്ഥം അത്രെ. എന്നാൽ ആ കായ്ത്തിൽ സായ്പുവർകൾക്കു സംശയം ഉണ്ടാകാം എങ്കിലും യഥാർത്ഥം ഇതാകുന്നു.

പിന്നെയും മനുഷ്യൻ ബലഹീനനാകുന്നു എന്നു സായ്പുവർകൾക്കു അറിയാമല്ലൊ. എന്നാൽ "എന്നെ ക്രിസ്തുവിൽ പിതാവെന്നു വിളിക്കരുതു എന്നു സായ്പുവർകൾ ഇനിക്കു എഴുതിയല്ലൊ. സായ്പുവർകൾ ഇനിക്കു ഗുരുവും ഒരു മിശിയൊനരിയും കൂടെ ആകുന്നു. മിശിയൊനരിമാർ അപ്പോസ്തോലന്മാരാകയാൽ അവർ ഞങ്ങൾക്കു ക്രിസ്തുവിൽ പിതാക്കന്മാരത്രെ.

പിന്നെയും കോശിയച്ചൻ സായ്പുവർകളുടെ അറിവോടു കൂടെ ആകുന്നു ഇവിടെ വന്നതു എന്നാണ്ണ എന്റെ ഊഹം. ഞാൻ അദ്ദേഹത്തെ ഒരു സ്നേഹിതൻ എന്നപോലെ കൈക്കൊണ്ടു. സ്നേഹിതൻ എന്നപോലെ അദ്ദേഹത്തോടു സംസാരിച്ചു. എന്നാൽ അദ്ദേഹം എന്നോടു വ്യാപരിച്ചതു അപ്രകാരമല്ല. എന്തെന്നാൽ അനാവശ്യങ്ങൾ ചോദിക്കയും മറുള്ളവരുമായി വേണ്ടാവാദന നടത്തുകയും ചെയ്തു. സഹോദരന്റെ മുറിക്കു ഒരു അഴുക്കുവട്ടമല്ല. ൪ അഴുക്കുവട്ടം എന്റെ അടുക്കൽ അദ്ദേഹം ചുരിക്കട്ടെ സന്തോഷമത്രെ. അതുകൂടാതെ ഒറുകാരനായിട്ടൊ മേലധികാരിയായിട്ടൊ എന്റെ അടുക്കൽ അദ്ദേഹം എന്തിനു വന്നു? എന്നെ അപമാനിപ്പാനായി തന്നെ. അദ്ദേഹം സത്മേധയായി വന്നെങ്കിൽ ആയതു അദ്ദേഹത്തിന്റെ പേരിലുള്ള കുറ്റം. എന്റെ മേലധികാരിയുടെ അറിവെന്നിയെ മറ്റൊരാളാൽ അച്ചൻ അയക്കപ്പെട്ടെങ്കിൽ ആയതു അയച്ച ആളിന്റെ കുറ്റം എന്നിരിക്കട്ടെ.

പിന്നെയും ഒരു ആളിനെ ഇടത്തുട്ടുകാരൻ എന്നു വിധിക്കേണ്ടതു അയാൾ പറയുന്ന ഉപദേശത്തെയും മറും നല്ലപോലെ ആരാഞ്ഞു പരമാർത്ഥം ഒക്കയും അറിഞ്ഞ ശേഷമാകുന്നു. അതിനു മുമ്പെ വിധിക്കരുതു. മിശിഹാ തമ്പുരാൻ ഇനി(പ്പുതിയ മെയ്)ന്നു വർഷം കഴിഞ്ഞ ശേഷം ഓം വർഷം മേലത്തിൽ വെളിപ്പെട്ടും എന്നു ഞാൻ പ്രസിദ്ധപ്പെടുത്തിയ ആ ദിവ്യസംഗതിക്കു തക്ക വേദസാക്ഷികൾ തന്നില്ലെങ്കിൽ ആരും വിശ്വസിക്കേണ്ടാ. തന്നെങ്കിൽ മനസ്സുള്ളവൻ വിശ്വസിക്കട്ടെ. ഇല്ലത്തവൻ വേണ്ട എന്നല്ലാതെ എന്നെ ഇടത്തുട്ടുകാരൻ എന്നു വിധിക്കാമോ? അല്ലാതെയും യേശു മഹാരാജാവിന്റെ എഴുന്നള്ളത്തു അടുത്തിരിക്കയാൽ ഓരോരുത്തൻ അവനവന്റെ പാപ

ഞെ തിരുമുമ്പാകെ ഏറ്റു പറഞ്ഞു കൊണ്ടു കർത്താവിൽ നിന്നു പാ പമോചനം ലഭിച്ചു ബുദ്ധിയുള്ള കലവറക്കാരൻ എന്നപോലെ ഒരു ങ്ങി നിൽക്കണം എന്നു പറകയും ആയതിനായിട്ടു മനസ്സുള്ളവക്കു അ നന്തരോപദേശം ആരംഭിച്ചു നടത്തുകയും ചെയ്തു. ഇതു ഒരു പുതിയകാ ര്യമോ? ഇംഗ്ലാണ്ടിൽ നടപ്പുണ്ടല്ലൊ. ഡഗ്ലാസു സായ്പവർകൾ വന്ന പ്പോൾ മദ്രാസിലും ആരംഭിച്ചു. ഇതു ഇടത്തുട്ടു എന്നു വരുമോ? ഇട ത്തുട്ടു ആകുന്നു എങ്കിൽ മുമ്പെ ഇംഗ്ലാണ്ടിൽ ഉള്ളവരെയും പിന്നീട്ട ഡഗ്ലാസു സായ്പവർകളേയും അതിന്റെ ശേഷം എന്നെയും വിധി ക്കട്ടെ. ഞാൻ പ്രസിദ്ധപ്പെടുത്തിയ സംഗതിയെക്കുറിച്ചു റിച്ചാർഡ സായ്പവർകളാകട്ടെ കോട്ടയം ബിഷോപ്പു സായ്പവർകളാകട്ടെ ന്യാ യമായും ക്രമമായും എന്നോടു ചോദിച്ചിട്ടില്ല ബേക്കർ സായ്പവർക ൾ അദ്ദേഹത്തിന്റെ അധികാരത്തിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ ഞ ങ്ങളിൽ ആരും ചെന്നു പ്രസംഗിച്ചു ക്രൂശാണി എന്ന ചട്ടം കെട്ടി എന്നുകേ ട്ടു. ഉള്ളതായാൽ അതു വളരെ അന്യായവും ബുദ്ധിഹീനതയും തെറ്റു മത്രെ. എന്തെന്നാൽ കമ്മിട്ടിക്കാരാകട്ടെ മദ്രാസിലെ തിരുമനസ്സുകാ കട്ടെ ചക്കേൻസലിന്റെ അഗ്രാസനരാകുന്ന കെയിലി സായ്പവർ കളാകട്ടെ ഞങ്ങളെ തെറ്റുകാരെന്നു വിധിക്കയൊ ശമ്പളം മാറുക യൊ സഭയിൽ നിന്നു നീക്കുകയൊ ചെയ്തിട്ടില്ല. ഇനിയും ഇനിക്കു അ നേകം കായ്യം പറവാനുണ്ടെങ്കിലും ഇവിടെ നിറുത്തുന്നു. ഞാൻ ഇങ്ങി നെപറഞ്ഞു പോയതുകൊണ്ടു കോപിക്കരുതെ എന്നു പ്രത്യേകമായി അപേക്ഷിക്കുന്നു. ഞാൻ ഇതു ന്യായം പേശിയതേയുള്ളു. ഇനിക്കു ആ രോടും വൈരാഗ്യം ഇല്ല. ഞാൻ എന്റെ പ്രാർത്ഥനകളിൽ ഒക്കയും എല്ലാമിശീയൊനരിമാരെയും പ്രത്യേകം സായ്പവർകളേയും എല്ലാ നാട്ടുക്കാരെയും ഓർക്കാതിരിക്കുന്നില്ല.

ഞങ്ങൾക്കു എല്ലാവക്കും ദൈവകൃപയാൽ സുഖം സായ്പവർകൾക്കും സുഖമുണ്ടെന്നു ദൈവത്തിൽ ആശപ്പെടുന്നു ഞങ്ങളെ എല്ലാവരേയും സായ്പവർകളുടെ പ്രാർത്ഥനയിൽ ഓർത്തുകൊള്ളേണമേ.

ഇപ്പോൾക്കു താഴ്മയുള്ള വന്ദനത്തോടു കൂടെ എഴുതിക്കൊള്ളുന്നതു സായ്പവർകളുടെ ശിഷ്യൻ യുസ്തസ യോസേപ്പു.

Kanneett.
Aug. 14. 1875.

കർത്താവിൽ പ്രിയരാക്കന്മാരും സഹോദരന്മാരുമായുള്ളോരെ! നസ രയനായ യേശുമഹാരാജാവിന്റെ അഗ്നിമേഘത്തിലുള്ള മഹത്പ്രത്യക്ഷതെക്കു ഇനി ആറു വർഷമെയുള്ളു. ഏഴാം വർഷം അവൻ വെളിപ്പെടും എന്ന അംശത്തിന്റെ ആത്മാവിന്റെ നിയോഗപ്രകാരം വേദ വിധി അനുസരിച്ചു ഞാൻ പ്രസിദ്ധപ്പെടുത്തി. എന്നാൽ ഇതിനെ വിശ്വസിച്ചു തങ്ങളുടെ പാപങ്ങളെ തിരുമുൻപാകെ ഏറ്റു പറഞ്ഞു കൊണ്ടു മനം തിരിയാത്ത ആളുകളുടെ മേൽ പഞ്ഞം പകരുന്ന വ്യാ

ധി എന്ന ന്യായവിധികളെ പെട്ടെന്ന നടത്തുവാൻ നാഥൻ നീശ്ച യിച്ചിരിക്കുന്നതിനാൽ എല്ലാവരും വേഗം മനം തിരഞ്ഞു കൊൾവി നോ. വേഗം മനംതിരിഞ്ഞു കൊൾവീനോ.

ഇപ്പടിക്കു യേശുമഹാരാജാവിൻെറ ആത്മാവിൻെറ നിയോഗ പ്രകാരം പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നതു നിങ്ങളുടെ അടിയാൻ

യൂസ്സൂസ് യോസേപ്പു.

Kanneett·
Aug· 16. 1875

To The Revd· J· Caly· Tiruvella.

My dear Sir

റവറണ്ട് കെയിലി സായ്പിനു.

സായ്പവർകൾ ഉദ്യാനം- അയച്ച എഴുത്തു ഇന്നലെ വന്നു മേൽ നമ്മുടെ കർത്താവായ യേശുക്രിസ്തു തൻെറ പരിശുദ്ധാത്മാവു മൂലം സായ്പവർകളോടു കൂടെ ഉണ്ടു അതുകൊണ്ടു ഒന്നിനാലും ഭയപ്പെടേണ്ടാ. അവൻ സകല ആപത്തുകളിൽ നിന്നും കാത്തു സൂക്ഷിക്കും. സായ്പവർകളുടെ ഭുജത്തെ ശക്തിപ്പെടുത്തും ഇസ്രയേലിൻെറ പരിശുദ്ധൻ സായ്പവർകളുടെ കാലടി ഇളകപ്പെടുവാൻ സമ്മതിക്കയും ഇല്ലാ നിശ്ചയം. ശത്രുക്കൾ പ്രളയം എന്നപോലെ വന്നാലും അവർ കാറ്റു വന്നപ്പിക്കുന്ന പതിരുപോലെ പൊയ്പോകും. യോശുവാ എന്നപോലെ ഉറപ്പും ധൈര്യവും പൂണ്ടിരിക്കേണമെ. ഞങ്ങളുടെ പ്രാർത്ഥന കളിൽ സായ്പവർകളേയും മദാമ്മയേയും ഓർക്കാതിരിക്കുന്നില്ലാ. നമ്മുടെ ദൈവം നിങ്ങളെ ഇരുവരേയും പ്രത്യേകം അനുഗ്രഹിക്കും. നമ്മുടെ നാഥൻ മഹിമയോടു കൂടെ വെളിപ്പെടുമ്പോൾ കുറമറവരായി അവനെ എതിരേൽക്കയും മഹത്വത്തിൻെറ രാജാവായ യേശുക്രിസ്തു തൻെറ മഹിമയിൽ നിങ്ങളെ ഇരുവരേയും ചേർത്തുകൊള്ളുകയും ചെയ്യും എന്ന കർത്താവിൽ ഇനിക്കു നല്ല ആശയുണ്ടു. ഇക്കാര്യങ്ങൾക്കു ഒക്കയും മദാമ്മ സായ്പവർകളെ ഉറപ്പിച്ചിട്ടുമുണ്ടു. ഇനിയും ഉറപ്പിക്കയും ചെയ്യും. ദൈവം മദാമ്മയെ പ്രത്യേകം ഒരു കാരുണ്യപാത്രമായി തെരിഞ്ഞെടുത്തിട്ടുണ്ടു. അതു ഏലിശബേത്തിനെ എന്നപോലെ തന്നെ. ഏലിശബേത്തു ഏതു പ്രകാരം പരിശുദ്ധാത്മാവുകൊണ്ടു നിറയപ്പെട്ടുവൊ അപ്രകാരം തന്നെ മദാമ്മയും സഖറിയാ ഏതു പ്രകാരമൊ അപ്രകാരം തന്നെ സായ്പവർകളും പരിശുദ്ധാത്മാവുകൊണ്ടു നിറയപ്പെടട്ടെ.

യാക്കോബു മത്തായി എന്നവരോടു ഞാൻ പറയും. ലൂക്കോസു അശനോടു കൂടെ ഇപ്പോൾ സഞ്ചരിക്കുണ്ടോ എന്നു പീലിപ്പോസിനോ

ട്ടും ചട്ടംകെട്ടാം. ചേപ്പാട്ട സഭയിൽ ക്രമമായി ഇരിപ്പാൻ തക്കവണ്ണം മൻചിൽ സായ്പവർകൾ പറഞ്ഞവണ്ണം തൊമ്മച്ചനോടും ചട്ടം കെട്ടിട്ടുണ്ട്. സകലവും ക്രമമായി തന്നെ ഇരിക്കും.

വിശേഷിച്ചും ഇനിക്ക ചില സമയം ഉള്ളിൽ സഹിപ്പാൻ വഹിയാത്ത വ്യസനം ഉണ്ടാകുന്നു. ആയതു സത്യമായി അനുതപിക്കാത്തവരുടെ മേൽ താമസിയാതെ ചൊരിയപ്പെടുവാനിരിക്കുന്ന ദൈവകോപത്തെക്കുറിച്ചാകുന്നു. പഞ്ഞം പകരുന്ന വ്യാധി എന്നിവയെ ദൈവം താമസിയാതെ ജനങ്ങളുടെ മേൽ അയക്കും നിശ്ചയമത്രെ. ഞാൻ ഇവയെ പറയാതെ ഇരിക്കുമ്പോൾ സ്വശക്തനിൽ നിന്നുള്ള ഭയങ്കരങ്ങൾ എന്നെ പിടിക്കുന്നു. ദൈവം എന്റെ ഉള്ളിൽ തന്നിരിക്കുന്ന ഈ കസ്തിനെ ഞാൻ എങ്ങിനെ എന്റെ വായിൽ നിന്നു ഒഴിച്ചുകളയാതെ ഇരിക്കേണ്ടു? അതിനെ ഞാൻ അടക്കിയാൽ അതു തന്നെ എന്നെ കൊല്ലുമല്ലൊ. കാലം സമീപിച്ചിരിക്കുന്നു. ഞാൻ എന്തു ചെയ്യേണ്ടു? ഈ പരച്ചിൽ ലോകത്തിൽ ഒരു ദോഷത്തെയും എന്നവന്നാലും കർത്താവിൽ ആയതു ജ്ഞാനമായല്ലാതെ ഇരിക്കയില്ലാ.

പ്രിയമുള്ള ഉപദേഷ്ടാവെ! ദൈവം നമ്മോടുകൂടെ ഇരിക്കുന്നതിനാൽ നമുക്കു വിരോധമായിട്ടു ആരു? തന്റെ സ്വന്ത പുത്രനോടു കരുണ ചെയ്യാതെ നമുക്കു എല്ലാവക്കും വേണ്ടി അവനെ ഏൽപ്പിച്ചവൻ ഇവനോടുകൂടെ സകല കായ്ങ്ങളേയും നമുക്കു സൌജന്യമായി തരാതെ ഇരിക്കുന്നതു എങ്ങിനെ? ആകയാൽ സകല കായ്വും നമുക്കു നന്മയായിട്ടെ വ്യാപരിക്കു. തിന്മയായി വരികയില്ലാ നിശ്ചയം.

ഞങ്ങൾക്കെല്ലാവക്കും സുഖം. സായ്പവർകൾക്കും മദാമ്മെക്കും സുഖമുണ്ടെന്നു വിശ്വസിക്കുന്നു.

With my best regards to you & Madam

Kanneett — I remain dear sir

Aug. 16. 1875. — your's very sincerely.

To.

The Right Revd. Lord Bishop of Madras.

My Lord

മദ്രാസിലെ ലൊർഡ് ബിഷോപ്പ് സായ്പിന്നു.

ഈ മാസം 10.൦൯ കുന്നത്തൂരിൽ നിന്നും തിരുമനസ്സുകൊണ്ടു അയച്ച എഴുത്തു ഇന്നിവിടെ വന്നു ചേർന്നു. ആയതിന്നായിട്ടു എന്റെ മനഃപൂർവ്വമായ നന്ദി അറിയിക്കുന്നു.

പ്രിയ പിതാവെ! കർത്താവിന്റെ മഹത പ്രത്യക്ഷതയെക്കുറിച്ചു ഞാൻ അയച്ച എഴുത്തിൽ കാണിച്ചിരുന്നതിനാൽ ആ സംഗതി എ

ന്നോട് ഇപ്രകാരം ചോദിപ്പാൻ തക്കവണ്ണം തിരുമനസ്സിനെ നിർബന്ധപ്പെടുത്തി ആയതു "ആ നാളിനേയും നാഴികയേയും കുറിച്ചു പിതാവല്ലാതെ ഒരുത്തനും അറിയുന്നില്ല സ്വർഗ്ഗത്തിലുള്ള ദൂതന്മാരുകട്ടെ പുത്രനാകട്ടെ അറിയുന്നില്ല." എന്ന മർക്കോസ് മത്ത: സുവി: ൽ ഉള്ള നമ്മുടെ കർത്താവിന്റെ വചനങ്ങളുടെ അർത്ഥം വിചാരിച്ചിട്ടുണ്ടോ? എന്നും മറും തന്നെ.

ഞാൻ ഈ വാക്യത്തിന്റെ അർത്ഥം ഗ്രഹിച്ചിരിക്കുന്ന പ്രകാരം താഴെ കുറിച്ചു അറിയിച്ചുകൊള്ളുന്നു. "ആ നാളും നാഴികയും പിതാവല്ലാതെ ആരും അറിയുന്നില്ല," എന്ന പറഞ്ഞിരിക്കുന്നതു പിതാവുതന്റെ സ്വന്ത അധികാരത്തിൽ ആയതിനെ വെച്ചിരിക്കുന്നതിനാലും ആയതു മനുഷ്യജ്ഞാനം കൊണ്ടു അറിവാൻ കഴിയാത്തതിനാലും തന്നെ (അപ്പോ. പ്രവ: ൧.) ൽ ഇക്കുറ്റം കാണിച്ചിരിക്കുന്നു. എങ്കിലും പിതാവിന്നു ഇഷ്ടമുണ്ടെങ്കിൽ ആയതു മനുഷ്യരോടറിയിക്കാമെന്നു വ്യംവാക്യം ശോധന ചെയ്താൽ തെളിയുന്നതുമാകുന്നു. "പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും" എന്നും "ഭൂമിയുടെ അവസാനത്തോളം ഇനിക്കു സാക്ഷികളാകയും ചെയ്യും." എന്നും അരുളിച്ചെയ്തിരിക്കുന്നു. ശിഷ്യർ വിശുദ്ധാത്മാവിൽ നിന്നു ശക്തി കൈക്കൊണ്ടതിനാലത്രെ യേശുവിന്നു സാക്ഷി പകർന്നതു. എന്തെന്നാൽ വിശുദ്ധാത്മാവു യേശുവിനുള്ളതിൽ നിന്നു എടുത്തു ശിഷ്യർക്കു അറിയിക്കയും ആയതിനെ പറവാൻ അവരെ ശക്തിപ്പെടുത്തുകയും ചെയ്തു. യേശുവിനുള്ളതു പിതാവിനുള്ളതൊക്കയും തന്നെ എന്നു സ്പഷ്ടം. (യോഹന്നാ: പ്രവ: ൧൬.) അതുകൊണ്ടു പിതാവു തന്റെ സ്വന്ത അധികാരത്തിൽ തന്റെ വിശുദ്ധാത്മാവു മൂലം ദേവമക്കൾക്കു അറിയിച്ചുകൂടാ എന്നില്ലാ. കാലനിവൃത്തി വന്നപ്പോൾ തിരുജനനത്തിന്റെ സമയത്തെക്കുറിച്ചു മറിയ മുതലായവരോടു പിതാവു അറിയിച്ചു എന്നുണ്ടല്ലൊ. അതുകയാൽ പിതാവല്ലാതെ ആരും അറിയുന്നില്ലാ എന്നതിന്റെ താല്പര്യം ആ അറിവു മനുഷ്യന്നുള്ളതല്ല. ത്രിയേക ദൈവത്തിന്നുള്ളതാകുന്നു എന്നല്ലാതെ ആത്മാവു മൂലം തന്റെ മക്കൾക്കു ആ കാര്യത്തെ വെളിപ്പെടുത്തികൂടാ എന്നു വരുമൊ? വരികയില്ല എന്നാകുന്നു എന്റെ വിശ്വാസം. അറിയുന്നില്ലാ എന്നല്ലാതെ അറിയിക്കയില്ലാ എന്നു പറഞ്ഞിട്ടില്ലല്ലൊ.

"സ്വർഗ്ഗത്തിലുള്ള ദൂതന്മാരാകട്ടെ" എന്നുള്ളതു അവർക്കും അറിയിച്ചാൽ അറിയാം സ്വതെ അറിവാൻ കഴികയില്ല എന്നു തന്നെ. ദാനിയൽ: വന്നു നിന്റെ അപേക്ഷകളുടെ ആരംഭത്തുങ്കൽ കല്പന പുറപ്പെട്ടു നിന്നോടറിയിപ്പാനായി ഞാൻ വന്നിരിക്കുന്നു എന്നു ഗബ്രിയേൽ ദാനിയേലിനോടു പറഞ്ഞിരിക്കുന്നു. അതുകൊണ്ടു അറിയുന്നില്ലെന്ന വാക്കിനാൽ കാലത്തെയും സമയത്തെയും കുറിച്ചു ദൂതന്മാരോടും

അറിയിച്ചുകൂടാ എന്നു വരികയില്ല. "തന്റെ ദൂതൻ മൂലം അയച്ചു തന്റെ ദാസനായ യോഹന്നാനു ലക്ഷ്യമായി കാണിച്ചു" എന്നുണ്ടല്ലൊ (വെളി: ൧: ൧) "പുത്രനും അറിയുന്നില്ല" ഇതു കർത്താവു തന്നെ കുറിച്ചത്രെ പറഞ്ഞിരിക്കുന്നതെന്നു സ്പഷ്ടം. ചിലർ ഇതു മനുഷ്യൻ എന്നുള്ള മുറെക്കാകുന്നു ദൈവം എന്നുള്ള മുറെക്കല്ല ഇങ്ങിനെ പറഞ്ഞിരിക്കുന്നതു എന്നു ചൊല്ലുന്നു. നമ്മുടെ കർത്താവു മനുഷ്യൻ ദൈവീകം എന്നുള്ള രണ്ടു തത്വവും ഏക മൂർത്തിയും ഉള്ള ഒരു ആളാകയാൽ അങ്ങനെ ഉള്ള ആ മശിഹാ അറിയുന്നില്ല എന്നല്ലാതെ മനുഷ്യൻ എന്നുള്ള മുറെക്കു അറിയുന്നില്ല എന്നു പറയുമ്പോൾ അവന്റെ ആൾതത്വത്തെ വേർപിരിക്കയല്ലയൊ ചെയ്യുന്നതു? അപ്രകാരമുള്ള ഉപദേശം നാശകരം തന്നെ. അതുകൊണ്ടു മശിഹാ അറിയുന്നില്ല എന്നാകുന്നു പറയേണ്ടതു. അങ്ങനെ അവൻ പറഞ്ഞതു ആ സമയം ആ കാര്യത്തെക്കുറിച്ചു പിതാവു തന്നോടു അറിയിക്കാഞ്ഞതിനാൽ തന്നെ. "ഞാനായിട്ടുതന്നെ ഒരു കാര്യവും ചെയ്യാതെ എന്റെ പിതാവിനിക്കു ഉപദേശിച്ചപ്രകാരം ഞാൻ ഇക്കാര്യങ്ങളെ പറയുന്നു" എന്നു യോഹ: വു: ൮വും "നീ ഇനിക്കു തന്നിട്ടുള്ള വചനങ്ങളെ ഞാൻ അവക്കു കൊടുത്തിരിക്കുന്നു" എന്നു യൊഹ: ൧൭: ൮വും പറഞ്ഞിരിക്കുന്നു. താൻ ഉയർത്ത ശേഷം 'സകലാധികാരവും ഇനിക്കു നൽകപ്പെട്ടിരിക്കുന്നു' എന്നു മത്താ ൨൮: ൧൮വും പറഞ്ഞിരിക്കുന്നു. ആ അധികാരം പിതാവിനുള്ള സകലവും തന്നെ. പിതാവു തന്റെ അധികാരത്തിൽ ഏതെല്ലാം വെച്ചിട്ടുണ്ടൊ? അതൊക്കെയും എന്നത്രെ. പിന്നെയും "വേഗത്തിൽ സംഭവിക്കേണ്ടുന്ന കാര്യങ്ങളെ അവന്റെ ദാസന്മാർക്കു കാണിപ്പാൻ ദൈവം അവനു കൊടുത്തു. ആയവൻ ഇതിനെ തന്റെ ദൂതൻ മൂലം അയച്ചു തന്റെ ദാസനായ യോഹന്നാനു ലക്ഷ്യമായി കാണിക്കയും ചെയ്തു." എന്നു വെളി: ൧: ൧ലും "യഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ പുസ്തകത്തെ വിടുപ്പാനും അതിന്റെ ഏഴു മുദ്രകളെ പൊട്ടിപ്പാനും ജയം പ്രാപിച്ചു" എന്നു വെളിപാടു ൫: ൫ലും പറഞ്ഞിട്ടുണ്ടു ആകയാൽ 'ആ നാളും നാഴികയും പുത്രനും അറിയുന്നില്ല' എന്നു പറഞ്ഞതു ആ സമയം ആ കാര്യത്തെക്കുറിച്ചു പിതാവു തന്നോടറിയിച്ചിട്ടില്ലാഞ്ഞതിനാൽ തന്നെ. പിന്നീടു ജയം പ്രാപിച്ചശേഷം പിതാവു സകലത്തെയും തനിക്കു അറിയിച്ചതിനാൽ നമ്മുടെ നാഥൻ സകലവും അറിയുന്നവനാകുന്നു.

ആയതുകൊണ്ടു 'ആ നാളും നാഴികയും പിതാവല്ലാതെ ആരും അറിയുന്നില്ല. സ്വർഗ്ഗത്തിലെ ദൂതന്മാരാകട്ടെ പുത്രനാകട്ടെ അറിയുന്നില്ല' എന്നു പറഞ്ഞിരിക്കുന്ന വേദവാക്യത്തെ മറ്റു വേദവാക്യങ്ങളോടു അനുസരിച്ചു ശോധന ചെയ്യുമ്പോൾ പുത്രനൊ ദൂതന്മാരൊ ദേവമക്കളൊ ആ നാളും നാഴികയും എന്നും അറിയാതിരിക്കണം എന്നത്രെ വരികയില്ല സ്പഷ്ടം. നമ്മുടെ നാഥൻ ഇന്നലയും ഇന്നും നാളെയും

ഒരുപോലെ ഇരിക്കുന്ന അവന്റെ വചനവും അപ്രകാരം തന്നെ. ശേഷം പിന്നാലെ എഴുതി അറിയിച്ചുകൊള്ളാം.

Kanneett
Aug. 26. 1875.

I am my Lord.
Your Lordship s most obedient &
Humble servant

To

The Revd. J. Caley.
Tiruvella

My dear sir.

൦ വ ർ ണ്ട കെ യി ലി സാ യ്പി ന്.

അഞ്ചൽ വഴിയായി അയച്ചതും ആൾ വശം അയച്ചതുമായ എഴുത്തുകൾ ഖണ്ഡം ചേർന്നു. ഫ്രാൻസിലെ തിരുമനസ്സിലേക്കു ഒരു എഴുത്തു ഇതിനോടുകൂടെ അയക്കുന്നു ആയതു ഇംഗ്ലീഷിൽ ആക്കി തിരുമനസ്സെ അറിയിപ്പാൻ അപേക്ഷിക്കുന്നു.

After meeting (അനുതാപസംഘത്തിന്റെ കാര്യത്തെക്കുറിച്ചു സായ്പുവർകളോടു കുറിപ്പാണത്തിൽ വെച്ചു പറഞ്ഞിട്ടുണ്ടല്ലൊ. ആയതിൽ സായ്പുവർകളുടെ നിശ്ചയത്തിനും ഞങ്ങളുടെ തീരുമാനത്തിനും ഒരു അല്പ വ്യത്യാസം ഉണ്ടു. അനുതാപസംഘത്തിനു മനസ്സില്ലാത്തവരെ ഞങ്ങൾ അതിൽ തിരെ കൈക്കൊള്ളുകയില്ല. അവനവൻ വിറ്റു പറയുന്ന കാര്യത്തിൽ യാതൊരു നിർബന്ധവുമില്ല. നിർബന്ധം ചെയ്യുകയുമില്ല. ആത്മാവു ഒരുവനെ ഇക്കാര്യത്തെ സംബന്ധിച്ചു ഏതെല്ലാം പ്രകാരത്തിൽ നടത്തിക്കുമൊ? അതേപ്രകാരമല്ലാതെ മറ്റുള്ളവർക്കു ദോഷമൊ ക്രമക്കേടൊ മറ്റൊ വരാതിരിപ്പാൻ തക്കവണ്ണം ദൈവസഹായത്താൽ ഞങ്ങൾ ശ്രദ്ധകെട്ടിക്കൊള്ളാം എന്നല്ലാതെ ഇതിൽ അധികമായിട്ടു ഇന്നിക്കു എന്തു പറവാൻ കഴിയും ഇതാ! സകലവും ദൈവത്തിൽ ഭരമേല്പിക്കുന്നു. അവൻ നടത്തിക്കട്ടെ. ഞാൻ ഹീനനും നിന്ദ്യനും അത്രെ. കർത്താവിൽ മേലധികാരികൾക്കു ഒക്കയും ഞങ്ങൾ കീഴ്പ്പെട്ടിരിക്കണം എന്നാകുന്നു ഞങ്ങളുടെ പ്രത്യേക ആഗ്രഹം. ദൈവം നടത്തിക്കട്ടെ സായ്പുവർകളുടെ യാത്രയിൽ ഒക്കയും ദൈവം സായ്പുവർകളോടു ഇതുപോലെ സകല ആപത്തുകളിൽ നിന്നും കാത്തു സൂക്ഷിക്കട്ടെ.

With my best regards
I remain
Dear sir
Yours very sincerely

Kanneett
Aug. 27. 1875.

To

The Right Revd Lord. Bishop of Madras.

My Lord.

മദ്രാസിലെലോർഡ് ബിഷോപ്പസായ്യിന്.

കഴിഞ്ഞ മാസം പന്ത്രണ്ട- അയച്ച എഴുത്തു തിരുമനസ്സിലെ അടുക്കൽ വന്നു ചേർന്നിരിക്കുമെന്നു വിശ്വസിക്കുന്നു.

പ്രിയ പിതാവെ! ഞാൻ ഇങ്ങനെ തിരുമുൻപാകെ എഴുതി ബോധിപ്പിക്കുന്നതുകൊണ്ടു കോപം ഉണ്ടാകരുതെന്നു വിനയമായി അപേക്ഷിക്കുന്നു. തിരുമനസ്സിലെ പ്രയാസപ്പെടുത്തണമെന്നോ മറ്റൊ ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ കർത്താവിന്റെ മഹത്വപ്രത്യക്ഷതയെക്കുറിച്ചു ഞാൻ ഒരു പ്രകാരം വിശ്വസിച്ചിരിക്കുന്നതു നേരായുള്ള വിശ്വാസം തന്നെയൊ അല്ലയൊ എന്നു ശോധന ചെയ്തു വിധിപ്പാൻ ഇടവരണം എന്നു കരുതിയിരിക്കുന്നു, അതുകൊണ്ടു ബോധിപ്പിച്ചുകൊള്ളട്ടെ.

തിരുമനസ്സുകൊണ്ടു മക്കൊസ് ഫസ്: നാലാം വാക്യം മാത്രമല്ല നാലാം വാക്യം കൂടെ കാണിച്ചിരിക്കുന്നു. ഈ വാക്യത്തിന്റെ അർത്ഥവും ഞാൻ ഗ്രഹിച്ചിരിക്കുന്നപ്രകാരം താഴെ എഴുതുന്നു.

'ആ കാലം എപ്പോൾ ആകുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ടു' എന്നുള്ളതിനു നമ്മുടെ കർത്താവു വെളിപ്പെട്ടും സമയം എപ്പോൾ എന്നു മാനുഷജ്ഞാനം കൊണ്ടു അറിവാൻ കഴിയാതിരിക്കുന്നതിനാൽ എന്നു താല്പര്യം. "അതിനെ ഇഹലോകത്തിലെ പ്രഭുക്കന്മാരിൽ ഒരുത്തനും അറിയുന്നില്ല" എന്നും (൧കൊറി: ൨: ൮)"അവനു അവയെ അറിവാൻ കഴികയുമില്ല എന്നും (൧കൊറി: ൨: ൧൪) പറയപ്പെട്ടിരിക്കുന്നു. "അതിനാൽ സൂക്ഷിച്ചു ഉണർന്നിരുന്നു പ്രാർത്ഥിച്ചുകൊൾവിൻ" എന്നു കർത്താവു കല്പിച്ചിരിക്കുന്നു. "വീട്ടെജമാനൻ വരുന്നതു സന്ധ്യക്കൊ പാതിരാക്കൊ കോഴി കൂകുമ്പൊഴൊ രാവിലെയൊ എന്നു അറിയുന്നില്ല." എന്നു മർക്കൊസ് ഫസ്: നാലാം വാക്യം കാണിക്കുന്നു. അതിനാൽ സൂക്ഷിക്കേണ്ടതാകുന്നു. അല്ലെങ്കിൽ അന്ധകാരം ഉള്ളിൽ വ്യാപിച്ചു അതിഭക്ഷണം മദ്യപാനം ഈ ജന്മവിചാരം എന്നിവകളെക്കൊണ്ടു ഹൃദയത്തെ ഭാരപ്പെടുത്തി മയക്കുന്നതിനാൽ ആ സമയം പെട്ടെന്നു വന്നേക്കും. കാരണം ലോകത്തിലുള്ള എല്ലാവരെയും വിടി ക്കൂടുവാൻ ആ സമയം കണി എന്ന പോലെ ആകുന്നു വരുന്നതു ആയതുകൊണ്ടു ഇവയിൽനിന്നു ഒക്കയും ഒഴിഞ്ഞുകൊൾവാനും കർത്താവിന്റെ സന്നിധിയിൽ യോഗ്യന്മാരായി എണ്ണപ്പെടുവാനുമായിട്ടു ഉണർന്നു പ്രാർത്ഥിച്ചുകൊള്ളേണ്ടതാകുന്നു. (ലൂക്കൊസ്സ് ൨൧: ൩൬-നെ വരെ) സൂക്ഷിച്ചു ഉണർന്നു പ്രാർത്ഥിക്കുന്നവൻ ആത്മമയനും ക്രിസ്തുവിന്റെ മനസ്സുള്ളവനും ആകയാൽ അവൻ സ

കലത്തേയും വിവേചിക്കുന്നു. (ഛകോ൨: ൨: ൧൭: ൧൯) ആയവൻ മറ്റുള്ളവരേപ്പോലെ അന്ധകാരത്തിലല്ല ഇരിക്കുന്നതു. പ്രകാശത്തിലത്രെ. ആയതു ആ സമയം ഒരു കള്ളൻ എന്നപോലെ ആയവനെ പിടിക്കയില്ല. (൧തെസ്സ ൫: ൪) എങ്കിലും സൂക്ഷിച്ചു ഉണർന്നുകൊള്ളുന്ന ബുദ്ധിമാനിലും മണവാളന്റെ താമസം നിമിത്തം നിദ്രാമയക്കം വീഴുന്നു. അവൻ ഉറങ്ങിപോകയും ചെയ്യുന്നു. (മത്താ ൨൫: ൫) വിളയുണ്ടാകുമ്പോൾ പിന്നെയും ഉണരുന്ന ജഡംനിമിത്തം കണ്ണുകൾക്കു നിദ്രാഭാരം ഉണ്ടാകുന്നതിനാൽ വീണ്ടും ഉറങ്ങുകയും വീണ്ടും ഉണരുകയും ചെയ്യുന്നു. ഇങ്ങിനെ ആത്മമനുഷ്യൻ മരണശരീരത്തിൽ നിന്നുള്ള ഉദ്ധാരണംവരെ ജഡവും ആത്മാവും അല്ലെങ്കിൽ ഇരുട്ടും പ്രകാശവും അല്ലെങ്കിൽ ഉറക്കവും ഉണർവും തമ്മിലുള്ള പോരാട്ടത്തുകൾ ഇരിക്കുന്നു എന്നു കാണുന്നു. ആത്മമനുഷ്യനു സകലത്തേയും വിവേചിച്ചു അറിവാൻ തക്ക ജ്ഞാനം വേദവാക്യം മൂലമായി ആത്മാവു നൽകുന്നു. എങ്കിലും ജഡസ്വഭാവം നിമിത്തം ഒന്നിനെയും വിവേചിച്ചുറിവാൻ കഴിയാത്ത അറിയായ്മയും ആയവനിൽ വ്യാപരിക്കുന്നതുകൊണ്ടു എല്ലായ്പോഴും അവൻ സൂക്ഷിച്ചുണർന്നിരുന്നു പ്രാർത്ഥിച്ചുകൊള്ളേണ്ടുന്നതാകുന്നു. ശമുവേൽ ദാവീദിനെ അഭിഷേകം ചെയ്വാൻ പോകയും ഇശ്ശായുടെ പുത്രന്മാർ ഓരോരുത്തനായി ദീർഘദർശിയുടെ മുൻപാകെ കടന്നുപോകയും ചെയ്തപ്പോൾ അവൻ ഏലിയാബിനെമേൽ നോക്കി യഹോവയാൽ അഭിഷേകം ചെയ്യപ്പെട്ടവൻ അവന്റെ മുൻപാകെ ഉണ്ടു നിശ്ചയം എന്നു പറഞ്ഞു. (൧ശമു: ൧൬: ൬) ദീർഘദർശി ഇങ്ങിനെ ബുദ്ധിഹീനനായി പറഞ്ഞുപോയതു ഏലിയാബിന്റെ മുഖത്തേയും ശരീരവളർച്ചയുടെ ഉയരത്തേയും നോക്കിയതുകൊണ്ടുതന്നെ. ആയതു ആത്മീകപ്രകാരമുള്ള നോട്ടമല്ലാ ജഡപ്രകാരമുള്ളതത്രെ.

ആകയാൽ ആ കാലം എപ്പോൾ ആകുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ടു സൂക്ഷിച്ചു ഉണർന്നിരുന്നു പ്രാർത്ഥിച്ചുകൊൾവിൻ എന്നുള്ള വാക്യത്തെ മറ്റുള്ള വാക്യങ്ങളോടു ശോധനചെയ്യുമ്പോൾ എല്ലാവരും എല്ലായ്പോഴും സൂക്ഷിച്ചു ഉണർന്നിരുന്നു പ്രാർത്ഥിക്കണം എന്നും അങ്ങിനെ ചെയ്താൽ അറിയായ്മ നീങ്ങും. വിപരീതം ചെയ്താൽ വീണ്ടും അറിയായ്മയിൽ അകപ്പെട്ടും എന്നും അറിയുന്നു. ഇതല്ലാതെ ഉണർന്നാലും അറിയായ്മയിൽ ഇരിക്കുന്നു എന്നോ ഉണർന്നശേഷം വീണ്ടും അറിയായ്മയിൽ വീഴുവാൻ കഴികയില്ല എന്നോ ഈ വാക്യത്തിൽ നിന്നു തെളിയുന്നില്ലാ സ്പഷ്ടം.

ഇങ്ങിനെ ഇരിക്കുമ്പോൾ "ആകുന്നു എപ്പോൾ ആകുന്നു എന്നു അറിയുന്നതിനാൽ ഉണർന്നു പ്രാർത്ഥിപ്പിൻ" എന്ന വേദവാക്യത്തിൽ കാണ്മാൻ ആവശ്യമെന്തു? "അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ" എന്നു

ള്ളതിൽ നിന്നു തന്നെ ഉണ്ടാൽ അറിയാമെന്നു അർത്ഥം ജനിക്കുന്നുവല്ലൊ.

പ്രിയപിതാവെ! ഈ രാറാണ്ടിലും കഴിഞ്ഞവകളിലുമായിട്ട ചമച്ച അനേക വേദവ്യാഖ്യാനപുസ്തകങ്ങൾ ലോകത്തിൽ ഉണ്ടെങ്കിലും ആദിമത്തെ മതസംഗതിയിൽ പറഞ്ഞിരിക്കുന്നപ്രകാരം രക്ഷെക്ക ആവശ്യമുള്ളതു ഒക്കെയും ശുദ്ധമുള്ള വേദപുസ്തകത്തിൽ ആകുന്നു അടങ്ങിയിരിക്കുന്നതു്. അതുകൊണ്ടു 'ഞാൻ നിന്റെ വേദപ്രമാണത്തിൽ നിന്നു അത്ഭുതമുള്ള കാര്യങ്ങളെ കാണേണ്ടുന്നതിനു എന്റെ കണ്ണുകളെ തുറക്കേണമേ.'' (എന്നു ക്രമം സങ്കീ: രണ്ടാം വാക്യത്തിൽ പറഞ്ഞിരിക്കുന്നതിനുള്ള മുള്ള പ്രാർത്ഥനയോടും കൂടി വേദവാക്യങ്ങളെ ശോധനചെയ്താൽ പരിശുദ്ധാത്മാവു അവയിൽ നിന്നു എട്ടുത്തു അറിയിക്കും എന്നാകുന്നു എന്റെ വിശ്വാസം. ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഗാധകാര്യങ്ങളെ തന്നെയും ശോധനചെയ്യുന്നു എന്നും ദൈവത്തിന്റെ ആത്മാവല്ലാതെ ഒരുത്തനും ദൈവത്തിനുള്ളവയെ അറിയുന്നില്ലാ എന്നും പറയപ്പെട്ടിരിക്കുന്നു. (൧കൊ. ൨: ൧൦. ൧൧) പിന്നെയും യേശുവിനുള്ളവയെ അറിഞ്ഞു അവനെ സാക്ഷീകരിക്കുന്നതിനുള്ള മനുഷ്യജ്ഞാനത്താലൊ മനുഷ്യബുദ്ധിയാലൊ കഴികയില്ല. ജഡവും രക്തവുമല്ലാ സ്വർഗ്ഗത്തിലിരിക്കുന്നവനായ എന്റെ പിതാവത്രെ ഇതു നിനക്കു വെളിപ്പെടുത്തിയതു എന്നും (മത്താ: ൧൬: ൧൭) അവൻ ഇനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിക്കും എന്നും (യോഹ: ൧൬: ൧൪) യേശുവിന്റെ സാക്ഷി ദിർഘദർശനത്തിന്റെ ആത്മാവാകുന്നു എന്നും (വെളിപ്പാ: ൧൯: ൧൦) പറയപ്പെട്ടിരിക്കുന്നു.

ആകയാൽ വ്യാഖ്യാനികൾ ആനാളും നാഴികയും എന്നതിനെ കുറിച്ചു എങ്ങിനെ എല്ലാം വ്യാഖ്യാനം ചെയ്തിരുന്നാലും ആയതിനൊക്കയും അവർ തന്നെ ഉത്തരവാദികൾ. എന്റെ വിശ്വാസത്തിനുള്ള പ്രമാണം വേദപുസ്തകമാകുന്നു. പരിശുദ്ധാത്മാവു തന്നെ എന്നെ നടത്തിക്കട്ടെ.

ഇരുമ്പു! ഞാൻ ഹീനനും നിന്ദ്യനും ബുദ്ധിയില്ലാത്തവനും ഒന്നിനും കൊള്ളരുതാത്ത മണ്ണും അഴുകിനാറിയ പിണവും മനുഷ്യരിൽ നിന്നു കഴിയപ്പെട്ട കാപട്യത്തിനു തുല്യനും ആകുന്നു സത്യം. ഒട്ടും വ്യത്യാസമില്ല. അതുകൊണ്ടു യേശു തന്നെ എന്റെ ജ്ഞാനം യേശു തന്നെ എന്റെ നീതി യേശുതന്നെ എന്റെ ശുദ്ധീകരണം യേശു തന്നെ എന്റെ വീണ്ടെടുപ്പു ആ വിലയേറിയ തിരുനാമത്തിനു തന്നെ മഹത്വമുണ്ടാകട്ടെ.

പ്രിയപിതാവെ! പ്രളയത്തിനു ഏറെവർഷം മുമ്പെ നോഹെക്കു പെട്ടിപാടുണ്ടായതും പ്രളയമടുത്തപ്പോൾ ഏഴുദിവസം മുമ്പെ അവനോടു ദൈവം അറിയിച്ചതും തക്കമേറിയ സംഗതിയത്രെ. ഈനാംനു

റാണ്ടിൽ റോമാസഭയിൽനിന്നു ഒരു വേർപിരിവു ഉണ്ടായതും മഹാപ്രധാനമായൊരു സംഗതി എന്നു ഏവരും സമ്മതിക്കുന്ന കാര്യം തന്നെ. പൊതുയൊ ലൂഥർ തന്റെ ജീവനെക്കുടെ വിചാരിയാതെ പാപ്പായോടു എതുത്തു നിന്നതു? ക്രാന്മർ, റിഡ്ലി, ലെത്തിമർ മുതലായവർ തങ്ങളുടെ രക്തത്തെക്കൊണ്ടു നമ്മുടെ വിശേഷപ്പെട്ട പള്ളിക്രമത്തിനു മുദ്രവെച്ചതും പൊതുയൊ? നവീകരണം മുതൽക്കല്ലയൊ ഓരോരുത്തൻ അവനവന്റെ സ്വന്തഭാഷയിൽ ദൈവത്തിന്റെ മഹത്വമുള്ള കാര്യങ്ങളെ അറിവാൻ ഇടയായിരിക്കുന്നതു. പിന്നയും ഇപ്പോൾ സഭെക്കു ഒരു വലിയ വിശേഷകാലമാകുന്നു എന്നു വിചാരിച്ചാൽ അറിയാം. എന്തന്നാൽ ഇവിടങ്ങളിൽ മാത്രമല്ലാ ഭൂമിയുടെ നാനാഭാഗങ്ങളിലും ആത്മാവിനാൽ ഉണർവു ഉണ്ടായിരിക്കുന്നു. ആയതു പത്രൊസു പറഞ്ഞിരിക്കുന്നതിൻപ്രകാരം ഹൃദയങ്ങളിൽ പെരുമീൻ ഉദിക്കയല്ലൊ ചെയ്തിരിക്കുന്നതു? ഇങ്ങിനെ നവീകരണവും ഉണർവും സഭയെ ശുദ്ധീകരിപ്പാൻ തക്ക വലിയ സംഗതികൾ എന്നു കാണപ്പെട്ടുന്നു സ്പഷ്ടം. അപ്പോൾ വിശുദ്ധാത്മാവു പ്രത്യേകമായി സഭയെ ശുദ്ധീകരിപ്പാൻ തക്കവണ്ണം ലൂഥർ മുതലായവരിൽ വ്യാപരിച്ചു. കർത്താവിന്റെ വഴിയെ അവരൊക്കൊണ്ടു ഒരുക്കിച്ചു. ഇപ്പോൾ ആ ആത്മാവു തന്നെ ഉണർവിനെ നൽകി സഭയുടെ അവയവങ്ങളെ ശുദ്ധീകരിപ്പാൻ തക്കവണ്ണം സാംഗി. മുഡി. ഡഗ്ലാസു. മുതലായ അനേകരിൽ വ്യാപരിച്ചു കർത്താവിന്റെ ഊടുവഴികളെ നന്നാക്കിക്കൊണ്ടു വരുന്നു. നവീകരണവും ഉണർവും പ്രളയത്തിനു മുൻ നടന്ന രണ്ടു സംഗതികളോടു യോജിക്കുന്നുവോ എന്നു കൂടി നോക്കാം. അവിടെ പെട്ടകം ഒരുക്കപ്പെട്ടതുപോലെ ഇവിടെ സഭയാകുന്ന പെട്ടകവും ഒരുക്കപ്പെട്ടിരിക്കുന്നു. അവിടെ എട്ടു ആത്മാക്കൾ പെട്ടകത്തിൽ പ്രവേശിച്ചതുപോലെ ഇവിടെ അല്പം ചിലർ വരുവാനുള്ള കോപത്തിൽനിന്നു ഒഴിവാൻ തക്കവണ്ണം ഇടുക്കുവാതലിൽ കൂടി അകം പുകുന്നു. അവിടെ നോഹയുടെ നാളുകൾ മനുഷ്യപുത്രന്റെ നാളുകൾ അവിടെ 120 വർഷം കൊണ്ടു പെട്ടകം ഒരുക്കുകയും പ്രസംഗം നടത്തുകയും ചെയ്തു. ഇവിടെ നൂറു വർഷമായി സഭയാകുന്ന പെട്ടകം ഒരുക്കുകയും പല ഭാഷകളിൽ ദൈവവചനം പ്രസംഗിക്കപ്പെടുകയും ചെയ്തുവരുന്നു. അവിടെ ഇനി ഒരു ദിവസം കഴിഞ്ഞിട്ടു ജലപ്രളയം ഉണ്ടാകുമെന്നു അരുളപ്പാടു ഉണ്ടായി. ഇവിടെയും ഒരു ദിവസം കഴിഞ്ഞു. ഏഴാം ദിവസം സംബന്ധമാകുംപ്രകാരം പരമ സ്വസ്ഥതെക്കു ഇനി ഒരു വർഷമേയുള്ളു എന്നു ആത്മനിയോഗമുണ്ടായിരിക്കുന്നു. അവിടെ പ്രളയം പെട്ടെന്നു വന്നു. ഇവിടെയും ആ ദിവസം ലോകക്കാർ നിനച്ചിരിയാതിരിക്കുമ്പോൾ വരും. അവിടെ പ്രളയം പെട്ടകത്തിലിരുന്നവക്കു രക്ഷയും ഇല്ലാത്തവക്കു ശിക്ഷയുമായി വെളിപ്പെട്ടു. ഇവിടെയും അതുപോൽ അവ്വണ്ണം തന്നെ വെളിപ്പെടും. അവിടെ

പ്രളയം നോഹെക്കും കുഡുംബത്തിനും തങ്ങളോട്ട അറിയിപ്പിച്ച പ്രകാരം വന്ന ഇവിടെ ആ നാളും അതിനെ കാത്തിരിക്കുന്നവക്ക തങ്ങളോട്ട അറിയിപ്പിക്കുന്ന പ്രകാരമല്ലാതെ അറിയിപ്പിക്കാത്ത പ്രകാരം വരികയില്ല. ഇങ്ങനെ ലൂക്കോസു 17: 26 ൽ പറഞ്ഞിരിക്കുന്ന നമ്മുടെ കത്താവിന്റെ വചനപ്രകാരം നോഹയുടെ നാളുകൾക്കും മനുഷ്യപുത്രന്റെ നാളുകൾക്കും അനേക യോജിപ്പുകൾ ഉണ്ടായിരിക്കെ വ്യാഖ്യാനികൾ ഇവയെ സംബന്ധിച്ചു ഇപ്രകാരം പറഞ്ഞതുകൊണ്ടു ഇപ്പണ്ണം ക്രുട്ടിക്കുടാ എന്ന വരുമോ? ക്രുട്ടിക്കുടാ എന്ന വ്യാഖ്യാനികൾ വാദിക്കുന്ന പക്ഷം ഇതാ ഞാൻ ഉത്തരം പറവാൻ തക്കവണ്ണം ഭോഷനും ബലഹീനനും നിന്നിതനും ഒന്നും ഇല്ലാത്തവനുമായിട്ടു ഒരുങ്ങി നിൽക്കുന്നേൻ.

പിന്നെ മൂഗത്തിന്റെ സംഖ്യയെ സംബന്ധിച്ചു വേറെ ഒരുആൾ ക്രുട്ടി കാലക്കണക്ക നിശ്ചയിക്കട്ടെ പിന്നീട്ട അതിനെപ്പറ്റി ഞാൻ അറിഞ്ഞിരിക്കുന്ന പ്രകാരം കണക്ക ക്രുട്ടാം. ഇപ്പോൾ ഞാൻ അതിന്റെ മമ്മത്തെ പറവാൻ തുനിയുന്നില്ലാ.

പ്രിയപിതാവെ! ഇപ്രകാരം തിരുമുൻപാകെ താഴ്മയുള്ള വന്ദനത്തോട്ടുകുടെ എഴുതി ബോധിപ്പിച്ചുകൊള്ളുന്നതു അടിയാൻ

യുസ്തുസു യോസേപ്പു.

Kanneett.
Sep. 5. 1875.

൯൬

To The Revd. J. Caley. Tiruvella 1875. Sep. 15.
My Dear Sir

റവറണ്ടു കെയിലി സായ്പിനു.

കഴിഞ്ഞ ഞായറാഴ്ച തേവലക്കര പള്ളിയിൽ സക്രമെന്തു നടന്നതിനെപ്പറ്റി ഇന്നെ സായ്പവർകൾക്ക എഴുതുവാൻ ഇനിക്ക ഇടയായുള്ളു ഇപ്പഴും ധ്രുതിയായിട്ടാകുന്ന എഴുതുന്നതു. എന്തെന്നാൽ ഇപ്പാലത്തിന്നക്കരെ കോഴിക്കോട്ട എന്ന സ്ഥലത്തിൽ ചില അജ്ഞാനികൾക്ക ഉണർവു ആരംഭിച്ചിരിക്കയാൽ അവിടെ പ്രാർത്ഥന നടത്തേണ്ടുന്നതിനു പോകുവാൻ സമയമായി പോയി. അതുകൊണ്ടു ചുരുക്കത്തിൽ എഴുതുന്നു. കഴിഞ്ഞ വെള്ളിയാഴ്ചയും ശനിയാഴ്ചയും സക്രമെന്തിനായി ജനങ്ങളെ ഒരുക്കി ആയതു പതിവിൻപ്രകാരം പ്രാർത്ഥനയോട്ടും ഉപവാസത്തോട്ടും കുടെ ആയിരുന്നു. ഞായറാഴ്ച കാലത്തു൯ മണിക്ക അല്പം മുൻപെ പള്ളിയിൽ ശുശ്രൂഷ ആരംഭിച്ചു. ക്രമപ്രകാരം ശുശ്രൂഷ നടത്തിയശേഷം അനുതാപസംഘം ആരംഭിച്ചു. ഇനിക്ക സഹായിച്ചതു യാക്കോബു മുതലായവർ തന്നെ. ക്രമപ്രകാരമുള്ള ശുശ്രൂഷക്കു കുടിയ അം

ളുകൾ ഏകദേശം 400 പള്ളി നിറച്ചു ആളുകൾ ഇരുന്നു. പള്ളി പൂർണ്ണമായും ആളുകൾ ഇരുന്നു അനന്തരാവസ്ഥയിൽ ഏകദേശം 200 ആളുകൾ ശേഷിച്ചു. അവർ എല്ലാവരും സക്രമെന്തു കഴിച്ചുകൂട്ടുകയും ചെയ്തു. ഉണർവ്വുകൂട്ടുകൂടെ ആത്മാവിന്റെ നടത്തിപ്പിനാൽ ചിലർ പൊതുവായും ചിലർ അല്പമായി വിവരിച്ചും ഏറുപറഞ്ഞു. യാതൊരു ദോഷമോ ക്രമക്കേടോ ഇടച്ചിലോ ഉണ്ടായില്ല. പാട്ടും പ്രാർത്ഥനയും ഗുണദോഷവും ഇടെക്കിടെ നടത്തി വന്നു. ഇതു പോലെ ഒരു സന്തോഷ ദിവസം ഇതിനു മുൻപെ ഇന്നിക്കു ഉണ്ടായിട്ടില്ല പിതാവായ ദൈവത്തിനു നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം സ്തോത്രമുണ്ടാകട്ടെ. ഇതാ ഞാൻ ഹീനനും നിന്ദ്യനും അതു കൊണ്ടു ഏകദേശം 200 രൂപ പിരിവുണ്ടായി രാത്രി ഏഴുമണി മുതൽ ഒൻപതു മണിവരെയുള്ള ശുശ്രൂഷെക്കായിട്ടു ഏകദേശം 40 (40 Rs) രൂപാ വിലയുള്ള ഒരു തുകവിളക്കു ഒരു ആൾ പള്ളിക്കു ദാനം ചെയ്തു കല്ലട മുതലായ 20 സ്ഥലങ്ങളിൽ പള്ളിഇടവകയിൽ നിന്നും വേർതിരിഞ്ഞിട്ടുള്ള രണ്ടും മൂന്നും അതിലധികവുമുള്ള ആളുകൾ വന്നിരുന്നു സകലവും സന്തോഷമായി തന്നെ നടന്നതു യാതൊരു ക്രമക്കേടും ഉണ്ടായില്ല എന്നാൽ ശത്രുക്കൾ വ്യാജവർത്തമാനത്തെ പരത്തും അതിനെ സംബന്ധിച്ചു ഇനിക്കു യാതൊരു ഭയവുമില്ല അവർ പറഞ്ഞു കൊള്ളട്ടെ അധികവും പറയട്ടെ അവരും തുണവും ശരി അവർ വ്യാജം എഴുത്തുകളെ ഉണ്ടാക്കും അതിനു അവർ മടിക്കയില്ല എന്നാൽ സാക്ഷ്യവർക്കൾ അന്യച്ച എഴുത്തിൽ M. J എന്നയാൾ ആരെന്നും പക്ഷെ മത്തായി ആയിരിക്കും എന്നും ഊഹിച്ചു പോയല്ലൊ എന്നാൽ ഞങ്ങൾ ആരും തന്നെ എഴുതീട്ടമില്ല അറിഞ്ഞിട്ടമില്ല സത്യം പിന്നെയും അവർ ഞങ്ങളെ കൗലാടിയന്മാർ എന്നും മറും പറഞ്ഞുകൊള്ളട്ടെ അതു ക്രൂടാതെ ഏതെല്ലാം പ്രകാരമോ പറഞ്ഞുകൊള്ളട്ടെ അപ്രകാരമുള്ള ദുർവ്വചനങ്ങളെ വ്യാജമായി അവർ പറയുമ്പോൾ ഞങ്ങൾ ഭാഗ്യവാന്മാർ അതുകൊണ്ടു ഇനിയും കുറഞ്ഞൊരു ഇടവരെ അവിളംബരം മാസത്തോറും അച്ചടിപ്പിപ്പാൻ വളരെ അപേക്ഷിക്കുന്നു ശത്രുക്കൾ അവരാൽ കഴിയുന്നതു പോലെ പറഞ്ഞുതീരട്ടെ പിന്നീടു നിറുത്താമല്ലൊ അല്ലാതെ ഇപ്പോൾ നിറുത്തിയാൽ "ഞങ്ങളെ ഭയന്നിട്ടാണു" എന്നു അവർ പറയും പിന്നെയും അവർ ദുഷിക്കും അതു ദുഷി സഹിപ്പാൻ ഇനിക്കു കഴികയില്ല അതുകൊണ്ടു ഇപ്പോൾ തീരെ നിറുത്തിക്കുടാ നിർത്തിയാൽ ഞാൻ ഭോഷനായതു നിശ്ചയം.

ഞങ്ങൾക്കു എല്ലാവക്കും ദൈവകൃപയാൽ സുഖം സമയം പൊയ്പോയതിനാൽ ഇവിടെ നിറുത്തുന്നു.

With My best regards

Kanneett Dear Sir

Yours very sincerely

നീ

ഇത്തായിരുദ്ഗീസുത്രപ്പാസ്സ്.

കോഴിക്കോട്.

പ്രിയസ്നേഹിതനു സലാം.

ലോകത്തിന്റെ മുടിവിനെ സംബന്ധിച്ചു ഒന്നും തന്നെ ഇവിടെ നിന്നും പ്രസിദ്ധപ്പെടുത്തിട്ടില്ല. നസറയ്യനായ യേശുമഹാരാജാവു ന്ന വർഷം കഴിഞ്ഞ ൫൦ വർഷം മേഘത്തിൽ വെളിപ്പെട്ടും അപ്പോൾ വിശ്വാസികൾ മറുപ്പെട്ടും എന്നു മാത്രമെ പരിശുദ്ധാത്മാവിന്റെ നിയോഗപ്രകാരം പ്രസിദ്ധപ്പെടുത്തീട്ടുള്ളു. ആ നാളും നാഴികയും എപ്പോഴെന്നു പിതാവു അറിയുന്നു. അതിനാൽ പുത്രൻ അറിയുന്നു അതിനാൽ പരിശുദ്ധാത്മാവു അറിയുന്നു പരിശുദ്ധാത്മാവു അറിയിപ്പിച്ചപ്രകാരമാകുന്നു ൨൦൦൦ വർഷം കഴിഞ്ഞ ഏഴാം വർഷം മശിഹാ വെളിപ്പെട്ടും എന്നു പ്രസിദ്ധപ്പെടുത്തിരിക്കുന്നതു. അല്ലാതെ മനുഷ്യജ്ഞാനം കൊണ്ടു ആണാളും നാഴികയും അറിഞ്ഞു പ്രസിദ്ധപ്പെടുത്തി എന്നു വിചാരിച്ചു പോകരുതു. മനുഷ്യമക്കളിൽ അങ്ങേ അറ്റം പറ്റുന്നുള്ളു കൂടെ ആ അറിവില്ല ദൈവം അറിയിപ്പിച്ചാൽ മാത്രമെ മനുഷ്യൻ അറിയു. അതുകൊണ്ടു പരിശുദ്ധാത്മാവാകുന്ന ദൈവം ഇക്കാര്യം അറിയിപ്പിച്ചതിനാൽ പ്രസിദ്ധപ്പെടുത്തി. അവൻ സത്യാത്മാവാകയാൽ ഇയ്യുദിവ്യസത്യമത്രെ അതുകൊണ്ടു അതു വിശ്വാസയോഗ്യമാകുന്നു ആകയാൽ കർത്താവിന്റെവരവിന്നായി വേഗം ഒരുങ്ങിക്കൊള്ളണം. സകല പാപത്തെയും മശിഹാ തമ്പുരാന്റെ തിരുമുൻപാകെ രഹസ്യമായും പരസ്യമായും ഏറ്റു പറഞ്ഞു അവനിൽനിന്നു പാപമോചനം കൈക്കൊള്ളണം. ഹൃദയക്കണ്ണു തുറക്കേണ്ടുന്നതിനായി വിശുദ്ധ വേദവാക്യങ്ങളെ ദിവസന്തോറും വായിക്കണം. വേദവാക്യങ്ങളെ എല്ലുവക്കം വായിച്ചു കൂടാ എന്നു നിങ്ങളുടെ സഭയുടെ ചട്ടം കെട്ടുകയും. അതിനാൽ നിങ്ങൾ വേദവാക്യങ്ങളെയും അവയുടെ ശക്തിയേയും അറിയാതെ ഇരിക്കുന്നു. അങ്ങിനെയുള്ള ശട്ടം കെട്ടുന്നു നാശകരമാകുന്നു. വേദവാക്യങ്ങളെ വായിക്കരുതെന്നു അങ്ങേ അറ്റം പാപ്പാതന്നെ പറഞ്ഞാലും അതിനെ കൂട്ടാക്കരുതു. നമ്മുടെ പാപ്പാ യേശുവാകുന്നു. അവൻ നിങ്ങൾ ഓരോ ദോഷം ശോധന ചെയ്വീൻ എന്നു എല്ലാവരോടും കല്പിക്കുന്നു. അതിനു വിരോധമായി പഠിപ്പിക്കുന്നവൻ ശപിക്കപ്പെട്ടവൻ. പത്രോസ് അപ്പോസ്തോലൻ ഇങ്ങിനെ പറഞ്ഞിട്ടില്ല. പാപ്പാ പത്രോസിന്റെ പിന്തുടർച്ചക്കാരനാകുന്നു എങ്കിൽ എല്ലാവരും വേദം വായിക്കരുതെന്നുശട്ടം കെട്ടുമൊ? അങ്ങിനെ ശട്ടംകെട്ടീട്ടില്ലെന്നു നിങ്ങൾ വെറുതെ വാദിക്കുന്ന പക്ഷം ഞാൻ ഒരു സുവിശേഷം തരാം. അതു എടുത്തുകൊണ്ടു പള്ളിയിൽ ചെന്നു പട്ടക്കാരനോടു ഇങ്ങിനെ ഒരു സുവിശേഷം ഉണ്ടോ എന്നു അതു വായിച്ചു പറിക്കട്ടെ എന്നു ചോദിക്കണം. അപ്പോൾ പട്ടക്കാരൻ എന്തു ഉത്തരം പറയും? "സന്തോഷം" എ

ന്ന പറയുമോ? അല്ലെങ്കിൽ പിന്നെ എന്തു പറയും അതുകൊണ്ടു അ
ങ്ങെ അറിവും വാപ്പായും നമ്മെ പോലെ അഴകി നാറിയ മണ്ണത്തെ,
എന്ന കരുതി കത്താവിന്റെ കല്പനപ്രകാരം വേദവാക്യങ്ങളാകുന്ന
വഴയും പുതിയതുമായ പുസ്തകങ്ങളെ ഭക്തിയോടെ കൂടെ ദിവസം
തോറും വായിക്കണം. അപ്പോൾ ഇനി ആറു വർഷം കഴിഞ്ഞു ഏഴാം
വർഷം മശിഹാ തമ്പുരാന്റെ മേലത്തിൽ വെളിപ്പെടും എന്ന വേദ
വാക്യങ്ങളിൽ നിന്നു ബോദ്ധ്യം വരികയും ചെയ്യും.

എന്ന കന്നീറി ഇടവക പട്ടക്കാരൻ യുസ്സൂസ് യോസേപ്പ.
Kollaca.
Sep. 16. 1875.

---

൯൭ Mavalikara October. 7. 1875.

To

The Revd. J. Caley.

My dear sir.

റവറണ്ട കെയിലി സായ്പിനു.

ഞാൻ മാവേലിക്കരെ വരേണ്ടുന്നതിനായി ഇന്നലെ പുറപ്പെട്ട വ
ന്നും വഴിയിൽ സായ്പവർകൾ അഞ്ചു മാസ്ത്രമായി അയച്ച എഴുത്തു
കിട്ടി. അയതും ഇതിനു മുൻപു അയച്ച എഴുത്തുകളും പിന്നെ പുറവും എല്ലാം
കൂടി മങ്കുഴിയിൽ വന്നു വിചാരിച്ചാറെ ഇക്കാര്യങ്ങൾക്കായിട്ടു മുഖാമു
ഖമായി സംസാരിക്കേണ്ടുന്നതിനു മാവെലിക്കരെ ഇപ്പോൾ വരാതി
രിക്കുന്നതു നന്നെന്നു ഞങ്ങൾക്കു തോന്നുന്നു. എന്തെന്നാൽ ഈ സംഗ
തികൾ മുഖാമുഖമായി സംസാരിപ്പാൻ ഇടവരുന്ന പക്ഷം വളരെ പ്ര
യാസങ്ങൾ വന്നു സംഭവിക്കും. ഉണ്മവിൽ സായ്പവർകളുടെ വിശ്വാ
സം ഒന്നു. ഞങ്ങളുടെ വിശ്വാസം ഒന്നു. സായ്പവർകൾ സായ്പവർക
ളുടെ വിശ്വാസപ്രകാരം പറയും. ഞങ്ങൾ ഞങ്ങളുടെ വിശ്വാസപ്ര
കാരം പറയും. അപ്പോൾ ഭിന്നിക്കും. അതുകൊണ്ടു അങ്ങനെ വരാതി
രിപ്പാൻ തക്കവണ്ണം ഈ കാര്യങ്ങളെപ്പറ്റി ഇനിമേൽ എഴുത്തു മൂലം
നടത്തിക്കൊള്ളുവാൻ അപേക്ഷിക്കുന്നു. എങ്കിലെ ശുഭമായി വരു. വി
ശേഷിച്ചും കഴിഞ്ഞ മാസത്തെ ശമ്പളവും പള്ളിക്രൂടം വകെക്കുള്ള
രൂപയും എന്റെ അനുജൻ മൂലം കൊടുത്തയപ്പാറാകണം.

Kanneett.

To

Mavalikara Oc: 7. 1875.

The Revd. J. Caley.

My dear sir.

ര വ റ ണ്ട ക യി ലി സാ യ്പി നു.

കഴിഞ്ഞ മെയിമാസം മുതൽ ഇതുവരെ പല എഴുത്തുകൾമൂലമായും ഞാൻ എന്റെ വിശ്വാസത്തെ സായ്പവർകളോട അറിയിച്ചിരിക്കുന്നതു ക്രൂടാതെ വായ്മൂലമായും ബോധിപ്പിച്ചിട്ടുണ്ട്. അവെക്കു വിരോധമായി ഞാൻ ഒന്നും തന്നെ ഇനിമേലാലും പ്രവൃത്തിക്കയില്ലെന്നു കുത്താവിൽ ആശപ്പെട്ടിരിക്കുന്നു. അതുകൊണ്ടു സായ്പവർകൾ എന്നെ എന്തിനു ഇക്കായ്ങ്ങൾക്കായിട്ടു പ്രയാസപ്പെടുത്തുന്നു. മറ്റാരുകായ്ത്തിനായിട്ടു സായ്പവർകൾ എന്നെ അവിടെ വരണമെന്നു പറയുന്നുവൊ? അവിടെ വരുന്നതിലേക്കു ഞാൻ വിരോധം പറഞ്ഞിട്ടില്ല. അതു ക്രൂടാതെയും വളരെ അപവാദങ്ങൾ പലരിൽ നിന്നും ഉണ്ടായിരിക്കുന്നുവല്ലൊ. എഴുത്തു മൂലമായതു ഇനി എങ്കിലും (അങ്ങനെ ഉണ്ടായാലും) വിശ്വസിപ്പാൻ ഇടയാകയില്ല. എന്തെന്നാൽ ഞാൻ ഒന്നു പറഞ്ഞു. പ്രവൃത്തിച്ചതു അതിനു വിരോധമെന്നു സായ്പവർകൾക്കു തോന്നുവാനും സായ്പവർകളെ സംബന്ധിച്ചു അപ്രകാരം ഇനിക്കു തോന്നുവാനും ഇടയായി പോയിട്ടുണ്ടു. അങ്ങനെ ഇടവരാമൊ? അതിൽനിന്നു തിരയുണ്ടാകയില്ലയൊ? ദോഷത്തിന്റൊ സകല ഛായയിൽനിന്നും നാം വിട്ടൊഴിഞ്ഞിരിക്കണം. ആകയാൽ ഉണർവു കായ്ക്കുറിച്ചു മാത്രമല്ല മറ്റെതു കായ്ക്കുറിച്ചും എഴുത്തു മൂലം തന്നെ ഇനിമേൽ വേണ്ടുന്നതാകുന്നു. അല്ലുങ്കിൽ വലിയ ദോഷമുണ്ടാകും. എന്നെക്കുറിച്ചു സായ്പവർകൾക്കും സായ്പവർകളെക്കുറിച്ചു ഇനിക്കും വിശ്വാസം കുറഞ്ഞിരിക്കുന്നു. ആയതു നാം തമ്മിൽ വായ്മൂലം സംഭാഷിച്ചതിനാലാകുന്ന ഇടയായതു, അങ്ങനെ വരാതിരിപ്പാൻ അപേക്ഷിക്കുന്നു.

With my best regards
I remain dear sir
Yours very sincerely.

P. S. ശമ്പളവും പള്ളിക്രൂടത്തിനുള്ള രൂപായും സായ്പവർകൾക്കു വിശ്വാസമുള്ള ഒരാൾ വശം കൊടുത്തു അയപ്പാറാകണം.

സി.എസ്

To. Tiruvella. Oc: 19. 1875.

The Revd. J. Caley.

My dear sir

റവറണ്ട കെയിലി സായ്പിനു.

സായ്പവർകൾ എഴുത്തു മൂലമായി എന്നോട ചോദിച്ചിരിക്കുന്ന നാലു ചോദ്യങ്ങൾക്കും ഉത്തരം എഴുതി ഇന്നു അയെക്കാം, എന്നു ഞാൻ ഇന്നലെ സായ്പവർകളോട ബോധിപ്പിച്ചുവല്ലൊ. അതേപ്രകാരം ഉത്തരം എഴുതുന്നു. ഒന്നാമത ചോദ്യത്തിനുള്ള ഉത്തരം. ചക്രമിശിയോൻ സമൂഹത്തിന്റെ പ്രമാണങ്ങളും ചട്ടങ്ങളും വേദപുസ്തകവും പള്ളിക്രമവും ആകുന്നു എന്നാണു ഞാൻ വിചാരിച്ചിരിക്കുന്നതു. അവയിൽ വേദപുസ്തകം സാക്ഷാൽ ദൈവത്തിന്റെ വചനം എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കയും രക്ഷെക്കു ആവശ്യമുള്ളതൊക്കയും അതിൽ അടങ്ങിയിരിക്കുന്നതിനാൽ അതിൽ വായിക്കപ്പെടാതെ എങ്കിലും അതിനാൽ തെളിയിക്കപ്പെടുവാൻ കഴിയാതെ എങ്കിലും ഉള്ളതൊന്നും ഒരു വിശ്വാസപ്രമാണമായിട്ട വിശ്വസിക്കയൊ രക്ഷെക്കു വേണ്ടുന്നതെന്നെങ്കിലും ആവശ്യമുള്ളതെന്നെങ്കിലും നിരൂപിക്കയൊ ചെയ്യുന്നില്ലെന്നു മനഃപൂർവ്വമായി ഏറുപറകയും ചെയ്യുന്നു. പള്ളിക്രമം വേദപുസ്തകത്തോട ഏറ്റവും യോജിച്ചിരിക്കുന്ന ഒരു വിശിഷ്ട പ്രമാണമാകുന്നു. ഞാൻ അതിൽ ഇതുവരെയും തൃപ്തിപ്പെട്ടും ഇരിക്കുന്നു. എങ്കിലും വേദപുസ്തകം പോലെ പള്ളിക്രമത്തിനു അധികാരമില്ല. എന്തെന്നാൽ ആവശ്യപ്പെട്ടാൽ പള്ളിക്രമത്തിൽ അതിന്റെ അധികാരികളാൽ കൂട്ടുകയും കുറെക്കയും ചെയ്യപ്പെടാം. വേദപുസ്തകത്തിൽ ആയതു വഹിയാ. പിന്നെ എന്റെ സ്വന്തത്തുങ്കൽ നിന്നു ഉണ്ടായ പുതിയവ എന്ന ചോദ്യത്തിൽ കാണുന്നു. ആയതു ഏതെന്നു പൂർണ്ണമായി കാണിച്ചാൽ ഉത്തരം പറയാം എന്നല്ലാതെ നിങ്ങളുടെ ഉപഹത്തിനു ഉത്തരം പറവാൻ ഇനിക്കു ശേഷിയില്ല.

രാം ചോദ്യത്തിനുള്ള ഉത്തരം. ഇക്കാര്യത്തെക്കുറിച്ചു സായ്പവർകൾക്കു എന്നോട ചോദിപ്പാൻ ആവശ്യമില്ലായിരുന്നു. എന്തെന്നാൽ വിളംബരത്തെക്കുറിച്ചു ബിഷോപ്പുസായ്പവർകളുടെ എഴുത്തു വന്നതിനാൽ ആ കാര്യത്തിനായിട്ട ഞാൻ കറാണത്തിൽ വന്നു വിവരം പറഞ്ഞുവല്ലൊ. പിന്നെ എന്തിനു വിളംബരം നിറുത്തിക്കളയണം എന്നു എഴുതുകയും പറകയും ഇപ്പോൾ ചോദിക്കയും ചെയ്തതു? അതുമല്ല അതിനെ സംബന്ധിച്ചുള്ള എന്റെ എഴുത്തുകളുടെ ആന്തരം അറിയാതെ എന്നെ കുറക്കാരനാക്കി. അതൊക്കയും പോകട്ടെ. ആരെങ്കിലും ആ വിളംബരത്തിൽ പറയുന്ന സംഗതികളുമാകുന്നു എന്നു വേദവാക്യം മൂലം എന്നെ ബോധപ്പെട്ടുത്തിയാൽ അക്ഷണം ഞാൻ

നിറുത്തിക്കളയും നിശ്ചയം. അല്ലാതെ നിറുത്തുകയില്ല നിശ്ചയം നാമത്ര ചോദ്യത്തിനുള്ള ഉത്തരം. ഇക്കാര്യത്തെക്കുറിച്ചു എന്റെ അനുജൻ യാക്കോബു വായ്മൂലമായി സാന്ത്വവർക്കളോടു ബോധിപ്പിച്ചിട്ടുള്ളതു കൂടാതെ പ്രത്യേകം എഴുത്തുകൾ മൂലമായി ഞാനും പറഞ്ഞിട്ടുണ്ടു. ഒരുവൻ തന്റെ പാപത്തെ മശിഹായുടെ തിരുമുമ്പാകെപ്പോയോ വിവരമായോ തന്നതാൻ താഴ്ത്തി ഏറ്റു പറയുമ്പോൾ പൊതുവെ മതി വിവരം വേണ്ടാ എന്നു ഒരുവൻ പറഞ്ഞാൽ അയവൻ ആരു? അവനെ പ്രോട്ടസ്റ്റാണ്ടുകാരൻ എന്നോ ഉണർവുകാരൻ എന്നോ പറയാമോ? രണ്ടും വഹിയാ. അവനെ അന്തിക്രിസ്തു എന്നാകുന്നു പറയേണ്ടതു. ആ സ്ഥാനത്തുങ്കൽ മനസ്സുള്ളവൻ ഇരിക്കട്ടെ. എന്നാൽ ഇമ്മഹാപാപി യേശുവിന്റെ ദാസനാകുന്നു.

രാമത്ര ചോദ്യത്തിനുള്ള ഉത്തരം. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ" എന്നുള്ള വേദവാക്യത്തിന്റെ താല്പര്യം ന്ന വർഷം കഴിഞ്ഞു ഏഴാം വർഷം മശിഹാ സ്വർഗ്ഗരാജ്യത്തോടും കൂടെ വെളിപ്പെടും എന്നാകുന്നു. എന്തെന്നാൽ യോഹന്നാൻ ഇപ്രകാരം പ്രസംഗിപ്പാൻ ആരംഭിച്ചു. കർത്താവും ഇങ്ങനെ പ്രസംഗിക്കണമെന്നു ശിഷ്യരോടു കല്പിക്കയും താനും പ്രസംഗിക്കയും ചെയ്തു. കർത്താവു പരസ്യശുശ്രൂഷ തുടങ്ങിയപ്പോൾ യഹൂദന്മാക്കുള്ള കാലം ദാനിയേൽ ദീർഘദർശനത്തിൽ പറഞ്ഞ പ്രകാരം ഒരു ആഴ്ചവട്ടമേ ഉണ്ടായിരുന്നുള്ളു. ആയ്ചവട്ടം ഒന്നിന്ന വർഷം ഇങ്ങിനെ ഏഴു വർഷം മുൻപെ യോഹന്നാൻ പ്രസംഗിപ്പാൻ ആരംഭിച്ചു, മൂന്നര വർഷം കഴിഞ്ഞപ്പോൾ മശിഹാ മരിച്ചു ഉയർത്തെഴുന്നീറ്റു. പിന്നീടുള്ള മൂന്നര വർഷത്തെ കർത്താവു നീട്ടിവെച്ചിരിക്കുന്നതിനാൽ ആ മൂന്നര വർഷം തുടങ്ങുവരെയുള്ള കാലം യഹൂദന്മാരല്ലാത്ത നമുക്കു ഇഷ്ടകാലമായും രക്ഷയുടെ നാളായും ഇരിക്കുന്നു. അത്ര അവസാനിക്കുമ്പോൾ യഹൂദന്മാക്കുള്ള ആ മൂന്നര വർഷം തുടങ്ങും. ആകയാൽ യോഹന്നാൻ്റെ പ്രസംഗം മുതൽ "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ അനുതാപപ്പെടുവിൻ" എന്നുള്ള വാക്യത്തിൽ ന്ന വർഷം കഴിഞ്ഞു ഏഴാം വർഷം കർത്തൃപ്രാർത്ഥനയിൽ പറയുന്ന പ്രകാരം സ്വർഗ്ഗരാജ്യത്തിന്റെ വാഴ്ച ആരംഭിക്കും എന്നുള്ള താല്പര്യം അടങ്ങിയിരിക്കകൊണ്ടു അതേപ്രകാരവും പുറജാതിക്കാരുടെ കാലം പൂർണ്ണമാകുവാനും യഹൂദന്മാരുടെ ആ മൂന്നരകാലം തുടങ്ങുവാനും ഉള്ളതിനെല്ലാം ഇനി (രണ്ടാമതെയിന്നു) ന്ന വർഷം മാത്രമുണ്ടെന്നും മറ്റു അനേക വേദവാക്യങ്ങൾ സാക്ഷീകരിക്കകൊണ്ടു അതേപ്രകാരവും കർത്താവിന്റെ മഹാതപ്രത്യക്ഷതയെക്കുറിച്ചു പ്രസംഗിച്ചു വരുന്നു എന്നല്ലാതെ നിങ്ങൾ ഊഹിക്കുന്നപ്രകാരം ആ വേദവാക്യവും ഈ സംഗതിയും തമ്മിൽ വിപരീതമുള്ളതല്ല എന്നു കർത്താവിലുള്ള ധൈര്യത്തോടു കൂടെ പറയുന്നു.

ഇപ്രകാരം താഴ്മയുള്ള വന്ദനത്തോടെ ക്രൂടെ എഴുതികൊള്ളുന്നു.
യൂസുസയോസേപ്പു. യു.യാക്കോബു. യു.മത്തായി. യു.പീലിപ്പോസ്

---

20 Tiruvella Oct. 29. 1875

To The Revd. J. Caley

My dear Sir

റവറണ്ടു കെയിലി സായ്പിന്നു.

ഞാൻ കിഴക്കോട്ടു കല്ലുട വരെയും സഞ്ചരിപ്പാനായി പോയിരുന്നു. ഇന്നലെ മടങ്ങിവരികയും ചെയ്തു. സായ്പവർകൾ അയച്ച റിട്ടൎൻസിൽ ഞാൻ എഴുതി അയയ്ക്കേണ്ടതു എങ്ങിനെ? എന്തെന്നാൽ ഈ ഇടവകയിൽ മൂന്നു പ്രഭകളുണ്ടു്. അവയിൽ ഞക്കനാൽ സഭയുടെ പട്ടക്കാരൻ ആരു? ഞാനു അവിടെ ഈ ആണ്ടു മാൎച്ചു മാസം വരുംനു സക്രമെന്തു കഴിച്ചു. രണ്ടാമതെ സക്രമെന്തു ഈ മാസം വരുംനു കഴിപ്പാനായി നിശ്ചയിച്ചു. ആയതിന്നായി നാംനു വിളിച്ചുചൊല്ലുവാൻ ഉപദേശിയെക്കണ്ടു വട്ടം കെട്ടുകയും കൈമൻ സലിന്നായി മാവേലിക്കരെ ഞാൻ വരികയും ചെയ്തു. എന്നാൽ ഞക്കനാൽ കായ്സ്ഥൻ കൈമൻസലിൽ ഏന്റെറപേക്ഷ പ്രത്യേകം സക്രമെന്തിനായി ആവലാധി ബോധിപ്പിക്കയും ആയതു വ്യാജമുകുന്നു എന്നു ഞാൻ സാക്ഷിപ്പെടുത്തുകയും പറഞ്ഞ വ്യാജത്തിന്നായി കായ്സ്ഥനു ശിക്ഷ കല്പിക്കേണ്ടതും ഉപദേശിയേ മാറിത്തരേണ്ടതും ആകുന്നു എന്നു കൈമൻസലിൽ ഞാൻ ആവലാധിപ്പെടുകയും ചെയ്തു. എന്റെ ആവലാധിക്കു തീൎച്ച ഒന്നും ചെയ്യാതെയും എന്നോടു പറയാതെയും ഈ മാസം ഫൎസ്റ്റംനു സായ്പവർകൾ ഞക്കനാൽ ചെന്നു സക്രമെന്തിനായി വിളിച്ചുചൊല്ലി. ചിറെദിവസം പെട്ടെന്നു ഇവിടെവന്നു വിളിച്ചുചൊല്ലിയവിവരം എന്നോടു പറകയും ചെയ്തുവല്ലോ. അതുകൊണ്ടു ഞാൻ വിചാരിച്ചു സായ്വർകൾക്കു കന്നീറിടവകപ്പട്ടക്കാരൻ എന്നുള്ള സ്ഥാനവും ക്രൂടെ ഉണ്ടായിരിക്കും. അങ്ങനെ ഓൎക്കുമിത്തമാകുന്നു ഞാൻ പാൎക്കുന്ന ബംഗ്ലാവിന്റെ താക്കോൽ ഏൽപ്പിച്ചു തന്നതു, എന്റെ വീട്ടിൽ പൊയ്ക്കൊള്ളാമെന്നു ബോധിപ്പിച്ചതു. അതിനുള്ള പരിഹാരവും സായ്വർകൾ എന്നോടു പറഞ്ഞു. ഇതിനെ ഓൎത്താകുന്നു ഞാൻ ഇവിടെ ഇരിക്കുന്നതു്. ഞക്കനാൽ ഉപദേശിയേ സ്ഥലം മാറിത്തരണമെന്നാകുന്നു ഞാൻ ബോധിപ്പിച്ചിരുന്നതു്. അതിന്നു സായ്വർകൾക്കു തിരിഞ്ഞതു എന്റെ അനുജൻ മൂത്തൻ പീലിപ്പോസിനെ ചേപ്പാട്ടിൽ നിന്നു അശേഷം പറിച്ചുകളയണമെന്നത്രെ. ഇതു നല്ല ന്യായം. യേശുക്രിസ്തുവിന്റെ ദാസന്മാരുടെ മുറയിതാകുന്നുവോ? അവൻ എളിയവരെ സുവിശേഷിപ്പാൻ വന്നു. എന്നാൽ നിങ്ങൾ മലയാളത്തിൽ വന്നതു പുറജാതിക്കാ

രിൽനിന്നു ചേന്നവനും തുലോം എളിയവനുമായ ഇനിക്കും എന്റെ കുടുംബത്തിനും "ഉച്ചി ഉറച്ച ഉതകക്രിയചെയ്‌വാൻ" ആയിട്ടു തന്നെ നിശ്ചയം. അല്ലെങ്കിൽ ഇപ്രകാരം ചെയ്കയില്ല. ന്യായത്തോടു ചെയ്‌വാൻ നിങ്ങൾ വിചാരിക്കുന്നു എങ്കിൽ നിങ്ങളുടെ പൊരുൾഷം കാണട്ടെ അരകെട്ടികൊണ്ടു നിങ്ങൾ നിങ്ങളുടെ തുവലുകളെ എടുത്തു എന്റെ നേക്കു പ്രയോഗിപ്പിൻ ഇതാ! ഞാനും ഇനിക്കു നസറയ്യനായ യേശു മഹാരാജാവു നൽകിയിരിക്കുന്ന തുവലോടും കൂടെ മാത്രം നിങ്ങളുടെ നേക്കു ഒരുങ്ങിനിൽക്കുന്നൻ. ഈ എഴുത്തിനു തക്ക സമാധാനം സായ്പവർകൾ ഇനിക്കു അയക്കുന്ന പക്ഷം റിട്ടൎൻസ എഴുതി അയക്കാം. പിന്നെയും ഒന്നു ബോധിപ്പിച്ചു കൊള്ളുന്നു. സായ്പവർകൾ ഇവിടെ വരുവാൻ വിചാരിച്ചാൽ മുൻപു കൂട്ടി എഴുതി അയക്കേണമെ. അതുകൊണ്ടു മുറ. ആയതു സായ്പവർകൾക്കും അറിയാമല്ലൊ.

ഇപ്രകാരം രാഴ്മയുള്ള വന്ദനത്തോടു കൂടെ എഴുതികൊള്ളുന്നു

യൂസ്സസ് യോനപ്പ.

---

൨൫ Tiruvella Nov. 1. 1875.

To The Revd. J. Caley.

My Dear Sir

റവറണ്ടു കെയിലി സായ്പിനു.

സായ്പവർകൾ എന്റെ പേക്കു മേൽവിലാസം എഴുതി അയച്ചതും സഞ്ചാര ഉപദേശിമാരെ വേലയിൽനിന്നു സസ്പെണ്ടു ചെയ്തതുമായ എഴുത്തു വന്നു ചേൎന്നു. അവരെ കാണുന്ന സമയം എഴുത്തു അവർ വായിയും ഞൽപിച്ചു കൊള്ളാം. "അവർ നിങ്ങളെ സഭയിൽനിന്നു പുറത്താക്കും" എന്ന തിരുവചനത്തിൻപടി സ്പീച്ചിലി സായ്പവർകൾ രണ്ടു ആളുകളെയും സായ്പവർകൾ മുന്നാളുകളേയും വേലയിൽനിന്നു മാററി. ആയതു സഭയിൽനിന്നു തീരെ പിഴുക്കികളയും എന്നുള്ളതിനു ഭദ്ധനിശ്ചയത്തെ തുണ്ടി കാണിക്കുന്നു. ഇനി ഞാൻ മാത്രമുണ്ടു് അതിനു നിങ്ങളുടെ വാളുകളെ മൂൎച്ചുകൂട്ടിയും വരുന്നു. ചാണെക്കു വച്ചു കഴിയുമ്പോൾ തയാറാകുന്നതിനാൽ വേഗം പ്രയോഗിക്കുമല്ലൊ. അതിനു കാത്തിരിക്കുന്നേൻ.

എന്നാൽ ഇക്കാൎയ്യങ്ങളെപ്പററി ഭക്തിപൂൎവ്വമായി ഞാൻ സാക്ഷീകരിക്കേണ്ടതാകയാൽ ആയതു പറഞ്ഞുകൊള്ളട്ടെ. ഇപ്പോൾ നടക്കുന്നവയും ഇനിമേലാൽ നടപ്പാനുള്ളവയുമായ പ്രധാന സംഗതികളെ കഴിഞ്ഞ ഈ ആറു മാസത്തിനിടയിൽ ഞാൻ വായ്മൂലമായും എഴുത്തുമൂലമായും സായ്പവർകളെ അറിയിപ്പിച്ചിട്ടുണ്ടു്. നസറയ്യനായ യേശുതന്റെ ആത്മാവു മൂലം അറിയിപ്പിച്ചവയെ ഞാൻ മറച്ചു വെച്ചു

ട്ടില്ല. പരമപിതാവായ ദൈവം തന്നെ അറിയുന്നതിൽ ജ്ഞാനത്തിന്റെയും അറിയിപ്പിന്റെയും ആത്മാവിനെ നൽകി ഇമ്മഹാപാപികളുടെ ഉൾക്കണ്ണുകളെ തുറന്നതിനാൽ തന്റെ തിരുവചനത്തിൽ നിന്നു ഞങ്ങൾക്കു അറിവാൻ ഇടയായ ജ്ഞാനം അറിയിപ്പു എന്നിവയിൽ മമ്മം ഇതാകുന്നു. അതിനെ പ്രസംഗിപ്പാൻ ലഭിച്ച വിശ്വാസം മൂലം ഞങ്ങൾ ലജ്ജപ്പെടുന്നില്ല. അതേ നസറയ്യനായ യേശു മഹാരാജാവു ഇനി (മെയ്-ജൂൺ) ആറു വർഷം കഴിഞ്ഞു ഏഴാം വർഷം അഗ്നിമേഘത്തിൽ വെളിപ്പെടുവാനിരിക്കുന്നതുകൊണ്ടു" "സഭ്രാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെട്ടു കൊൾവിൻ" എന്നു പ്രസംഗിപ്പാൻ ഞങ്ങൾ ഒട്ടും ലജ്ജപ്പെടുകയില്ല. ഞങ്ങളുടെ പ്രസംഗത്തിന്റെ സാരമൊക്കയും ഇതത്രെ. അതിനു നിന്നു ദൈവവിളിയിൻ ആശാബന്ധവും ദൈവകാശത്തിൻ മഹത്വധനവും ദിവ്യശക്തിയിൻ അത്യന്ത വലിപ്പവും അതിനെ വിശ്വസിക്കുന്ന ഏവർക്കും അറിയപ്പെട്ടു വരുന്നു. അതിനാൽ അനേകർ ഇപ്പുതിയ കൂപയിലേക്കു വിളിക്കപ്പെട്ടു, മാനസാന്തരത്തിനു യോഗ്യമായ ഫലങ്ങളെ പുറപ്പെടുവിക്കുന്നതിനാൽ ഇട്ടുകൂവാതലിൽക്കൂടെ അകംപൂകിവരുന്നു. ഇതു മനുഷ്യശക്തിയാലല്ല ദിവ്യശക്തിയാലത്രെ വഞ്ചനയിൻ ആത്മാവിനാലല്ല. സത്യത്തിൻ ആത്മാവിനാൽത്തന്നെ. നാശത്തിലേക്കല്ലാ. ജീവങ്കലേക്കു വഴി നടത്തുന്നതിനാൽ തന്നെ. വാടുന്ന അവകാശത്തിലേക്കു ഉള്ളതുമല്ല. വാടാത്ത മഹത്വ അവകാശത്തിലേക്കു ഉള്ള ആശാബന്ധത്തെ ഉളവാക്കുന്നതിനാൽ തന്നെ. കാര്യം ഇപ്രകാരമാകയാൽ ഞങ്ങൾ അനുതാപം ഘോഷിക്കുന്നു. ആയതു നമ്മുടെ വല്ലിക്രമത്തിൽ പറഞ്ഞപ്രകാരമത്രെ. എങ്ങിനെ എന്നാൽ മാമത്തു "ഓരോരുവൻ തന്റെ പാപമുള്ള നടപ്പിനെക്കുറിച്ചു സങ്കടപ്പെട്ടു കരഞ്ഞു (തന്റെ) കുറ്റങ്ങളെ അറിഞ്ഞു ഏറ്റു പറഞ്ഞു അനുതാപത്തിനു യോഗ്യമായ ഫലങ്ങളെ (പുറപ്പെടുവിപ്പാൻ അപേക്ഷിക്കയും) പൂർണ്ണ ദുഃഖവും സൌമ്യതയുമുള്ള ഹൃദയത്തോടെ ദൈവമായ കർത്താവിങ്കലേക്കു തിരിഞ്ഞുകൊള്ളുകയും" വേണം എന്നത്രെ. മാമത്തു സഭയുടെ മുൻപാകെ പാപങ്ങളെ ഏറ്റുപറയണം. നാം യോഗംകൂടുമ്പോൾ ഏറ്റവും പ്രത്യേകം അങ്ങിനെ ചെയ്യേണ്ടുന്നതാകുന്നു എന്നുണ്ടല്ലൊ. നാമത്തു. ഏറ്റു പറയേണ്ടതു "ഓരോരുവൻ ചെയ്തിരിക്കുന്ന പലവിധമുള്ള പാപങ്ങളേയും ദുഷ്ടതയേയും" തന്നെ. മാമത്തു. മനഃപൂർവ്വമായി അനുതപിച്ചു സത്യവിശ്വാസത്തോടും കൂടെ തിരിയുന്നവർക്കു പട്ടക്കാരൻ പാപമോചനം അറിയിക്കണം. "തങ്ങൾക്കു" ഇത്യാദി. പ്രത്യേകം അപേക്ഷിച്ചാൽ സത്യമായി അനുതപിച്ചു ഇത്യാദി. ഇങ്ങനെ വല്ലിക്രമത്തെ ആധാരമാക്കി ഞങ്ങൾ അനുതാപം ഘോഷിക്കയും അനുതാപസംഘം നടത്തുകയും ചെയ്യുന്നു. അതു കൂടാതെ ദൈവവചനത്തെ ആധാരമാക്കി. "സഭ്രാജ്യം സമീപിച്ചിരിക്കയാ

ൽ" എന്നുള്ളതിന്റെ സാക്ഷാല്പുള്ള അർത്ഥത്തെ (ആയിരത്തു നാ വർഷം കഴിഞ്ഞു ഏഴാം വർഷം സ്വർഗ്ഗരാജ്യവും കൊണ്ടു മശിഹാ വെളിപ്പെടും എന്നു തന്നെ) പ്രസംഗിക്കുന്നു. ഇവ്വണ്ണം ചാവുശീശായോന്റെ പ്രമാണത്തിനും ചട്ടത്തിനും മനഃപൂർവ്വമായി കീഴ്പ്പെട്ടും ചാവുശീശായോന്റെ ആത്മരക്ഷ നന്നായിരിക്കുമെന്നു കൊണ്ടു നടക്കുന്ന എന്നെയും എന്റെ കൂടെയുള്ളവരെയും നിങ്ങൾ ഇത്ര ദ്വേഷിപ്പാൻ കാരണമെന്തു? ആയിരം ദൈവം സുറിയാനിക്കാർക്കു വിശ്വാസത്തിന്റെ വാതലിനെ വിശേഷാൽ ഇപ്പോൾ തുറന്നിരിക്കുന്നതിനാലത്രെ. നമ്മുടെ മാതാവായ ചാവുശീശായോന്റെ ആത്മരക്ഷ സുറിയാനിസഭയും, തന്നെപോലെ ആയി വരണം എന്നാകുന്നു. ആ ആത്മരക്ഷപ്പെടിയെ ഡോക്ടർ ബുക്കാനൽ, ദാനിയേൽ വിൽസൻ മെത്രാപ്പോലീത്ത ഹെൻസായ്യ, ബെല്ലാസായ്യ, ബെക്കർസായ്യ, പീറുസായ്യ മുതലായ ദൈവഭക്തന്മാർ സുറിയാനിസഭയോടു പ്രവൃത്തിച്ചു എന്നാണ് എന്റെ വിചാരം. അനേകരുടെ പ്രാർത്ഥനയെ ദൈവം കേട്ടു സുറിയാനിക്കാർക്കു ഇപ്പോൾ പ്രത്യേകം വിശ്വാസത്തിന്റെ വാതലിനെ തുറന്നിരിക്കുകൊണ്ടു ഒരു ആറു മാസത്തിനിടയിൽ 600 ആളുകൾക്കു അകം ഒരു ഇടവകയോടു ചേർന്നിരിക്കുന്നതു മാത്രമല്ല പല സ്ഥലങ്ങളിലുമുള്ള അനേകം സുറിയാനിക്കാർ "ഞങ്ങൾ നിങ്ങളുടെ പള്ളിക്രമത്തിനു പ്രകാരം നടന്നുകൊള്ളാം." എന്നും പറഞ്ഞുവരുന്നു. ആകയാൽ അവരുടെ ഇടയിൽ വേല ചെയ്യേണ്ടതു ഇപ്പോൾ അത്യാവശ്യം എന്നു കണ്ടു. എന്റെ അനുജന്മാർ അനുതാപസംഘം നടത്തികുന്നു. അവർക്കു അതിനു അധികാരവുമുണ്ട്. അതു ഹേതുവായിട്ടല്ലയോ? സായ്പുവർകൾ അവരെ വേലയിൽനിന്നു സസ്പെണ്ടു ചെയ്തതു്. ഇതു ഒരു ചാവുശീശായോനരിക്കു ന്യായമൊ? ചാവുശീശായോന്റെ ആത്മരക്ഷയെന്തു? അതിന്റെ പ്രമാണമെന്തു? അതിന്റെ ചട്ടമെന്തു? ഇവ മൂന്നിനും അവർ വല്ല തെറ്റും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ബോധപ്പെടുത്തണമേ. മനഃപൂർവ്വമായി മാപ്പു ചോദിക്കാം. അവർ തെറ്റു ചെയ്തില്ലെങ്കിൽ പിന്നെ എന്തിനു അവരെ വേലയിൽനിന്നു മാറ്റിയതു? സകലത്തിനും കർത്താവിന്റെ മുൻപാകെ കണക്കു ബോധിപ്പിക്കേണ്ടതായോ? പിന്നെയും കർത്താവിന്റെ വേലയിൽ അവർക്കു സ്വാതന്ത്ര്യമില്ലയോ? ശമ്പളവും പറഞ്ഞുകൊണ്ടു അവർ വേലചെയ്യാതെ ഇരിക്കുന്നു എങ്കിൽ സായ്പുവർകൾക്കു ചോദിക്കാം. അവർ വേല ചെയ്യുന്നുണ്ടല്ലൊ. സുറിയാനിക്കാരുടെ ഇടയിൽ പോകരുതെന്നു വയറു പിഴപ്പാൻ വന്ന സുറിയാനിക്കാരനല്ലാതെ മറ്റാരും പറകയില്ല. ഇപ്പോൾ വയറിനെ ഓർത്തല്ല സുറിയാനിക്കാർ വരുന്നതു. അതിനാലാകുന്ന മറുവക്കു പൈശുന്യം. പൈശുന്യവാക്കു അംഗീകരിക്കാമോ? പിന്നെയും ഞങ്ങളെപോലെ പുറജാതികളിൽനിന്നു ചെന്ന സഹോദരന്മാരുണ്ടു്. അവരിലും പുതിയ ജീവൻ ഉണ്ടാകുവാൻ

രിക്കുവണ്ണം പ്രയാസപ്പെടേണ്ടതു ചച്ച്മിശിയോന്റെ പ്രത്യേക അന്തരമാകുന്നു. ആ പ്രത്യേക അന്തരത്തിൻപ്രകാരം ഞങ്ങൾ അവരുടെ ഇടയിലും അന്തരാപസംഘം നടത്തുന്നു. അതിനാൽ സഭയിൽ പുതിയ ജീവൻ ഉണ്ടായി വരുന്നു. എന്നുള്ളതിനു സന്ദേഹമില്ല. അങ്ങനെ ഇരിക്കുമ്പോൾ "ചച്ച്മിശിയോൻ സമൂഹത്തോടു ചേർന്നു മാവേലിക്കര, തിരുവല്ലാ എന്നിരണ്ടു അംശങ്ങളിലുള്ള യാതൊരു സഭയിലും പറഞ്ഞിക്കയോ ഉപദേശിക്കയോ ചെയ്യരുതെന്നു വിരോധിച്ചും കൊണ്ടു നിങ്ങളെ വേലയിൽനിന്നു സസ്പെണ്ടു ചെയ്തിരിക്കുന്നു." എന്നു സായ്പവർകൾ എഴുതിയതു ചച്ച്മിശിയോന്റെ അന്തരത്തിനു അനുകൂലമോ? പ്രതികൂലമോ? എന്നു നല്ലപോലെ ചിന്തിച്ചുനോക്കേണമെ. പിന്നെ പുറജാതിക്കാരെയും അവരിൽനിന്നു ചേർന്നിട്ടുള്ള സഹോദരന്മാരെയും നിങ്ങൾ വിചാരിച്ചു വരുന്ന വിധം ഇനി പറയണമെന്നില്ല. അതു ഏവർക്കും അറിയാമല്ലൊ. "നേരുത്തരം ജന്മപുകൻ" എന്നുള്ള പഴഞ്ചൊല്ലിൻപ്രകാരം സംഭവിക്കുമായിരിക്കും. വേണ്ടുവതില്ല. നിങ്ങളാൽ കഴിയുന്നതുപോലെ ഞങ്ങളെ നശിപ്പിപ്പിൻ അതിനു നിങ്ങൾക്കു ശക്തിയുണ്ടല്ലൊ. ഇതാ ഞങ്ങൾ അന്യരുടെ മുൻപാകെ ആട്ടിൻകുട്ടികൾ എന്നപോലെ നിങ്ങളുടെ മുൻപാകെ ഇരിക്കുന്നു.

വിശേഷിച്ചും ചച്ച്മിശിയോന്റെ അന്തരത്തിനും പ്രമാണങ്ങൾക്കും ചട്ടങ്ങൾക്കും എതൃയും അനുകൂലമായ്വരുന്ന മേൽ വിവരിച്ച രാജ്യസുവിശേഷ ലക്ഷണം അന്തരാപസംഘം എന്ന സംഗതികൾക്കു എതിരികളായവരോടുള്ള സംബന്ധം ഇതാ ഞങ്ങൾക്കു മുറ്റും അറിവുള്ളതാകുന്നു. നസറയനായ യേശു തന്റെ പരിശുദ്ധാത്മാവു മൂലം നിങ്ങൾ അരിഷ്ട വാചികളോടുകൂടെ എന്നും ഇരിക്കട്ടെ.

ഇപ്രകാരം സായ്പവർകളുടെ മുൻപാകെ ബോധിപ്പിച്ചു കൊള്ളുന്നതു യുസ്സൂസു യോസേഫ.

22

My dear sir

റവറണ്ട കെയിലി സായ്പിനു

സായ്പവർകൾ അയച്ച എഴുത്തുകൾ രണ്ടും വായിച്ചറിഞ്ഞു. പരമപിതാവായ ദൈവത്തിനു കർത്താവായ യേശുക്രിസ്തുമൂലം മനഃപൂർവ്വമായി സ്തോത്രം നൽകുകയും ചെയ്തു.

വിശേഷിച്ചും ഒരു സംഗതി നിനച്ചിരിയാതെ അല്ലാ വന്നിരിക്കുന്നതു. അതുകൊണ്ടു ഞാൻ ചെയ്യേണ്ടുന്ന കാര്യമൊക്കയും മുൻപിൽ കൂട്ടി ചെയ്തു വച്ചിരിക്കുന്നു. എന്തെന്നാൽ സായ്പവർകൾ കഴിഞ്ഞമാസം [illegible] വന്നുപോയതിന്റെ ദിവസം ഒരു ചച്ച് കൌൻസൽ

ഇവിടെ ഏർപ്പെടുത്തിട്ടുണ്ട്. അതിനു "കന്നിറി ഉണർവ്വുസഭാലോചനസംഘം" എന്നുകുന്നു പേരു. ഇതിന്റെ കീഴിലാകുന്നു ഞാൻ. കഴിഞ്ഞ മാസം മുതൽ ഞാൻ സായ്പവർകളുടെ കീഴിലല്ലാ. അതുകൊണ്ടു കന്നിറി തേവലക്കര എന്ന സഭകളെ സംബന്ധിച്ചു (എന്നു പറയുമ്പോൾ പട്ടക്കാരൻ ഉപദേശിമാർ ആശാന്മാർ സഭക്കാർ മുതലായവർ) വല്ലതും സായ്പവർകൾക്കു പറവാൻ ആവശ്യം ഉണ്ടെങ്കിൽ മേല്പറഞ്ഞ സംഘത്തോടു പറഞ്ഞു കൊള്ളണം. അതിനാൽ സായ്പവർകളുടെ എഴുത്തുകൾ രണ്ടും മടങ്ങി അയക്കുന്നു. അതുകൂടാതെയും കന്നിറി തേവലക്കര എന്നു പള്ളികൾ രണ്ടിനും ഉള്ള കർത്തവ്യം ആ സംഘത്തിനാകുന്നു. ആ സംഘം തന്റെ കർത്തവ്യതയെ എന്റെ പക്കൽ ഏൽപ്പിച്ചും ഇരിക്കുന്നു. എന്റെ അനുവാദത്തിൻ പ്രകാരമല്ലാ സായ്പവർകൾ രണ്ടു പള്ളിയിൽ വന്നിരിക്കുന്നതു. പരമാർത്ഥമൊക്കെയും ഇപ്രകാരമാകുന്നു. ആകയാൽ രണ്ടു എഴുത്തു കണ്ടാലുടനെ പള്ളിയിൽ നിന്നു ഇറങ്ങിപ്പോയ്ക്കളഞ്ഞിരിക്കണം ഇതാകുന്നു ന്യായം. അതിനെ തെറിയപ്പെടുത്തിയിരിക്കുന്നു ബഹുമാനിയായിട്ടും പള്ളിയിലായിട്ടും എന്റെ അനേക സാമാനങ്ങൾ കിടപ്പുണ്ടു. ഞാൻ അവിടെനിന്നു മാറീരിക്കുന്നു.

ഇപ്പടിക്കു എഴുതിക്കൊള്ളുന്നതു ഉണർവു സഭാലോചന സംഘത്തിന്റെ കീഴിലുള്ള കന്നിറി ഇടവക പട്ടക്കാരൻ.

കൊല്ലകപുത്തൻ ബഹുമാനിയായ യൂസ്സൂയാസേപ്പു

Nov. 6. 1875.

My dear sir

സായ്പവർകൾ ഇപ്പോൾ അൽപവശം കൊടുത്തയച്ച എഴുത്തുകിട്ടി ഇക്കാര്യങ്ങളെ സംബന്ധിച്ചു ഞാൻ എഴുത്തു മൂലമായും വായ് മൂലമായും പ്രവൃത്തി മൂലമായും സായ്പവർകളെ ഗ്രഹിപ്പിച്ചിട്ടുണ്ടു്. ഇപ്രകാരം താഴ്മയുള്ള വന്ദനത്തോടു കൂടെ എഴുതിക്കൊള്ളുന്നതു.

യൂസ്സൂയാസേപ്പു

To

ഉത്തമ

The Right Revd. Lord Bishop of Madras.

My Lord.

മദ്രാസിലെ ലോർഡ് ബിഷപ്പുസായ്പിനു

ദൈവങ്ങളുടെ ദൈവമായവൻ അതെ ദൈവങ്ങളുടെ ദൈവം എന്റെ പരമാർത്ഥം അറിയുന്നു. ചക്കുമിശിയോനാകുന്ന റിബെക്കയുടെ മക്കളിൽ ഇസ്രായേൽ എന്നപോലെയുള്ള എൻ വിശ്വാസവിനാകുന്നതും അറിയും. ഞാൻ വേദപുസ്തകത്തിന്നൊ പള്ളിക്രമത്തി

നൊ ചട്ടമിശിയോന്റെ ആന്തരത്തിനൊ വിപരീതമായി പ്രവൃത്തിച്ചു എങ്കിൽ ഇവയുടെ ഉടയക്കാർ എന്നെ ബോധപ്പെടുത്തി വിധിക്കട്ടെ. ഞാൻ മാപ്പു ചോദിപ്പാനുള്ളതിനെ മനഃപൂർവ്വമായി ചോദിക്കാം. ഞാൻ ആറു മാസമായി പ്രത്യേകം എഴുത്തു മൂലവും വായമൂലവുമായിട്ടു വ്യവഹരിച്ചു വരുന്നു. ആരും ഇന്നതു തെറ്റെന്നു തെളിയിക്കയൊ എന്നെ ബോധപ്പെടുത്തുകയൊ ചെയ്തിട്ടില്ല. ഒരുവനും മനസ്സാമയാൽ എന്റെ എഴുത്തുകുത്തുകളെ ശോധന ചെയ്തു ഇന്നതു തെറ്റെന്നു ഇനി എങ്കിലും തെളിയിക്കട്ടെ. അതുകൂടാതെ എന്നെ കുറ്റക്കാരനെന്നു വിധിക്കുന്നതു ന്യായമല്ല. ന്യായമല്ലാത്തതിനെ ഒരുവൻ പ്രവൃത്തിച്ചാൽ അവൻ വിധികർത്താവിന്റെ തിരുമുൻപാകെ കണക്കു ബോധിപ്പിക്കേണ്ടതാകുന്നു. ഇനിക്കുള്ള ആവലാധി അവന്റെ തിരുമുൻപാകെ അത്രെ. "അവൻ നിലവിളിക്കുന്ന എളിയവനേയും ദരിദ്രനേയും സഹായമില്ലാത്തവനെയും വിടുവിക്കയും ചെയ്യും" അതുകൊണ്ടു എന്റെ പ്രാർത്ഥന ഇതാകുന്നു. "പിതാവെ! ഇവർ ചെയ്യുന്നതു ഇന്നതെന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിച്ചു വിടേണമെ" എന്നത്രെ.

ഹാ! എന്നെ വീണ്ടെടുത്തവനും ഉഭയസമ്മതത്തിന്റെ ദൃതനുമായുള്ളൊവെ! നിന്റെ അവകാശത്തെ സക്കർ അഭ്രുദ്ധിപ്പെടുത്തുവാൻ തക്കവെണ്ണം നി അഭിഷേകം ചെയ്ത കേലിസായുവർകളെ ദുരാത്മാവിൻ വിധേയം ഏല്പിച്ചതെന്തു? നീ ഇനിക്കു കൃപയോടെ നൽകിയ അവകാശത്തെ ബലാൽക്കാരമായി അപഹരിപ്പാൻ തക്കവണ്ണം ആ നിന്റെ ദാസന്റെ ഹൃദയകഠിന്യത്തിൽ ഏല്പിച്ചതു എന്തു? നിന്റെ എളിയ മക്കളുടെ കയ്യിൽ നീ നൽകിയിരിക്കുന്ന അപ്പത്തെ പിടിച്ചു പറിക്കയും ഉപദേശിമാർ മൂലം കള്ളസാക്ഷി പറയിപ്പിച്ചു ഒരു എളിയവനു അഞ്ചു രൂപാ പ്രായശ്ചിത്തവും 40 ദിവസത്തെ തടവും സക്കാരെക്കൊണ്ടു വരുത്തിക്കയും അനേകം പാപപ്പെട്ടവരെ സക്കാരു മൂലം ഉപദ്രവിപ്പിക്കയും ചെയ്തതിനാൽ അവരുടെ കണ്ണുനീരുകൾ നിലത്തു വീഴുവാൻ തക്കവണ്ണം ആ നിന്റെ ശ്രുശ്രൂഷക്കാരന്റെ കയ്യിൽ നിന്റെ ക്രോധപാത്രത്തെ കൊടുത്തതു എന്തു? കർത്താവെ ക്ഷമിക്കണമെ. ആ നിന്റെ ദാസന്റെ മേൽ കരുണ ഉണ്ടാകണമേ. കരുണ ഉണ്ടാകണമെ.

എന്റെ അതിവ്യസനംകൊണ്ടു ഈ എഴുത്തിനെ അവസാനിപ്പിക്കുന്നു. കേലിസായ്പവർകൾ മൂലം അയച്ച എഴുത്തിനു ഞാൻ അദ്ദേഹത്തിനു മറുപടി അയച്ചിട്ടുണ്ടു്. അല്ലാതെയും ആ എഴുത്തു നു ഇതാ അദ്ദേഹത്തിനു മടക്കി അയക്കുന്നു. എന്നോടു എന്തെല്ലാം പ്രവൃത്തിക്കേണമോ? അപ്രകാരമൊക്കയും പ്രവൃത്തിച്ചുകൊള്ളേണമേ.

ഇപ്രകാരം താഴ്മയുള്ള വന്ദനത്തൊടും ദുഃഖത്തൊടും കൂടെ എഴുതിക്കൊള്ളുന്നു്. അടിയാൻ യുസ്സുസുയൊസേപ്പു.

To 1. Junuvary. 1876.
The Revd. K. Kuruvella.
My dear Mr. Kuruvalla.

൨൬

കെ. കുരുവിള പാദ്രിക്കു.

താങ്കൾ ഇവിടെ വന്നിട്ടു കുറഞ്ഞൊരു ദിവസമായി എങ്കിലും ഇന്നലയെ നാം തമ്മിൽ കാണ്മാൻ ഇടയായുള്ളു. ഉണ്ടായ അല്പസംഭാഷണം നിമിത്തം ഇനിക്കു താങ്കളോടു സ്നേഹമുറെക്കു അല്പം പറവാനുള്ളതാകയാൽ പറഞ്ഞുകൊള്ളട്ടെ.

൧മതു. കന്നീററി ഇടവകയെ സംബന്ധിച്ചു ഈ ഇടവക നാട്ടാലോചന സംഘത്തിൻ കീഴിലായിരുന്നു. എന്നാൽ അതിന്റെ അയോഗ്യമായുള്ള നടത്തിപ്പു നിമിത്തം ആദ്യം സമസ്താലോചന സംഘത്തിൽനിന്നും പിന്നീടു ഡിസ്ട്രിക്ററു ആലോചനസംഘത്തിൽനിന്നും ഭിന്നത്തോടു ക്രൂടെ വേർ പിരിവാൻ ഇടവന്നിട്ടു കന്നീററി ഉണർവു സഭാലോചന സംഘത്തിന്റെ കീഴിൽ ആയി തീൎന്നു. ഇതു ദൈവകൃപയാലത്രെ. ചൎച്ചമിശിയോൻ ഈ ഇടവകയുടെ മാതാവും മാതാവു വാത്സല്യത്തോടു ക്രൂടെ പുത്രിക്കു നൽകിയിരിക്കുന്നവെക്കു ഈ ഇടവക പൂൎണ്ണാവകാശിയും നാട്ടാലോചന സംഘത്തിൽനിന്നു വേർ പിരിഞ്ഞുകൊണ്ടതിന്റെ കാരണത്തെക്കുറിച്ചു മാതാവു ചോദിക്കുന്ന പക്ഷം ഉത്തരം പറഞ്ഞു കൊൾവാൻ ജാഗ്രതയുള്ളവൾ എന്നു അറിയിച്ചിരിക്കുകൊണ്ടവളും ആകുന്നു. ആകയാൽ ഈ ഇടവകയുടെ സമ്മതം കൂടാതെ ആക്കം ഒന്നും ചെയ്യുകൂടാ.

൨മതു. കന്നീററി ഇടവകപ്പട്ടക്കാരനെ സംബന്ധിച്ചു ഈ ഇടവകപ്പട്ടക്കാരൻ യുസ്സുസുയോസേപ്പായ ഞാൻ ആകുന്നു എന്നു താങ്കളോടു ധൈൎയ്യമായി പറയുന്നു. അതിനുള്ള ന്യായം കഴിഞ്ഞ ഒക്ടോബർ ൨൮-൦നു മുതൽ ഞാൻ മാവേലിക്കരെ ചൎച്ചകൌൻസലിന്റെ അഗ്രാസനരുടെ കീഴിലല്ല. കന്നീററി ഉണർവു സഭാലോചന സംഘത്തിന്റെ കീഴിലത്രെ. (ഈ സംഘത്തിന്റെ അഗ്രാസനത്വം കെയിലി സായ്വവർകൾക്കു ഉണ്ടായിരുന്നു എങ്കിൽ) അഗ്രാസനർ എന്നുള്ള മുറെക്കു അല്പമേ കഴിഞ്ഞ നവംബർ മാസം ൨൦നു- സസ്സെക്സ്സ് പത്രം അയച്ചിരുന്നാൽ ഞാൻ തിരിച്ചു അയക്കാതിരുന്നേനെ. ചൎച്ചമിശിയോന്റെ കായ്സ്ഥൻ എന്നുള്ള മുറെക്കു ചെയ്യുമുടക്കിനെ മല്ലാസ്സിലേ തിരുമനസ്സു സ്ഥിരപ്പെട്ടിത്താതെ ഇരുന്നെങ്കിൽ, അവിടുത്തെക്കാണ്മാൻ ഇനിക്കു സ്വാതന്ത്ര്യം ഉണ്ടായിരുന്നേനെ. പിന്നെയും ഇടവകക്കുള്ള അധികാരം ഇനിക്കുള്ളതാകുന്നു എന്നുള്ളതിനു കേലിസാ

യ്പവർകൾ ചെയ്ത അതി ഭയങ്കര കൃത്യം സാക്ഷിക്കുന്നു. ആ കൂട്ടായ്മയിലേക്കു വന്നെത്തുവാൻ മദ്രാസ്സിലെ തിരുമനസ്സിനു ഇടയായി പോയതിനാൽ അവിടുത്തെ കാണ്മാൻ ഞങ്ങൾക്കു സംഗതി വരാത്തതും ആയതിനു സാക്ഷിയത്രെ. ആ കൂട്ടായ്മയിലേക്കാകുന്നു താങ്കളും വന്നെത്തീരിക്കുന്നത്രേ. ഇതിൽ താങ്കൾക്കു വെടിപ്പുള്ള മനസ്സാക്ഷിയുണ്ടൊ? നാം തമ്മിൽ സഹോദരന്മാരാകയാൽ മേൽപറഞ്ഞ കൂട്ടായ്മയിലേക്കു താങ്കൾ വന്നെത്തുവാൻ തക്കവണ്ണം താങ്കളെ ഉദ്യോഗിപ്പിച്ച കാരണം വിധികർത്താവിന്റെ ചോദ്യത്തിനു തക്കതായ ഉത്തരം ആയി തീരുമോ? എന്നു ഉറ്റു ചിന്തിക്കുണമെ. എന്തെന്നാൽ ഞാൻ എന്നപോലെ താങ്കളും കുഡുംബവാൻ ആകുന്നു. അതുകയാൽ ഇടവകയെ സംബന്ധിച്ചും ഇടവകപ്പട്ടക്കാരനെ സംബന്ധിച്ചും വിചാരിക്കുമ്പോൾ ഇടവകക്കാരുടെ സമ്മതം ക്രൂടാതെ ആക്കും ഒന്നും ചെയ്യുകൂടാ എന്നും ഇടവകക്കാരുടെ സമ്മതം ഇതിലാത്രേ. അയതു യൂസ്സൂയോസേവർ മഹാപാവി ഇടവകപ്പട്ടക്കാരനായിരിക്കുന്നതിൽ നിന്നു മാറ്റപ്പെട്ടിട്ടില്ല, എന്നതിൽ തന്നെ എന്നും തെളിയുന്നു. ഇനി താങ്കളുടെയുക്തം പോലെ പ്രവൃത്തിച്ചുകൊള്ളുമെല്ലൊ.

ഇപ്പടിക്കു താഴ്മയുള്ള വന്ദനത്തോടു കൂടെ എഴുതിക്കൊള്ളുന്നതു

കന്നീറ്റി ഇടവകപ്പട്ടക്കാരൻ യൂസ്സൂയോസേപ്പു.

൨൫

പുന്നെ ജന: വന്ദ- പീലിപ്പോസു മല്പാൻ അയച്ച
എഴുത്തിന്റെ ശരിപകർപ്പു.

"വിശ്വാസി ജനറാൽ അയിരൂർ പീലിപ്പോസു മല്പാൻ കന്നീറ്റിൽ യൂസ്സൂസുപാദ്രി അവർകൾക്കു. നിങ്ങൾ ദൈവീകസംബന്ധമായുള്ള ഒരു ഉപവാസത്തിനും ശുശ്രൂഷെക്കും വന്നിരിക്കുന്നപ്രകാരം കാണുന്നു. എന്നാൽ നോക്കത്തിൽ നിങ്ങളുടെ ക്രിയ ചിലരെ നിങ്ങളുടെ ശുശ്രൂഷയിൽ സംബന്ധിപ്പിക്കാതെ ഇരിപ്പാൻതക്കവണ്ണം തടയുന്നതായി തോന്നുന്നു. ഇതു ക്രിസ്ത്യാനിത്വലക്ഷണമോ? അതിനാൽ ഇത്തടവു നിങ്ങൾ തീർക്കയും ൽ മണിക്കു സമയം ഞങ്ങളും കൂടെ കൂടി ശുശ്രൂഷിപ്പാൻ സമയമുണ്ടാകണം. പുറജാതികളുടെ വല്യ സംഘം അതായതു അവരുടെ പുരോഹിതൻ മുതലായവരും കൂടി ഉൾപ്പെട്ടിരിക്കുന്ന കൂട്ടത്തിൽ ക്രിസ്ത്യാനികൾ സകല വിവരത്തോടും കൂടെ പ്രസംഗിക്കുന്നതിനു വിരോധമില്ലല്ലൊ. ഇതിനു വിരോധമായുള്ളതു ക്രിസ്തുവിന്റെ മുമ്പാകെ ഉത്തരം പറയണം. എന്നുള്ളതിനു ഈ സംഘം സാകുതിയായിരിക്കട്ടെ."

൨൬

ഇതിനുള്ള മറുപടി.

എന്റെ പ്രിയമുള്ള അച്ചൻ അവർകൾ ബോധിപ്പാൻ.

ഞാൻ ഇവിടെ വന്നതു കുറമ്പനാട്ടു കുഞ്ഞുമ്മൻ ജേഷ്ഠന്റെ ഒ

ഴത്തിൻപ്രകാരമാകുന്നു. ഞാൻ ഉണർവുന്ന ഭാലോചന സംഘത്തിന്റെ കീഴിലാകയാൽ ആ സംഘത്തിന്റെ അനുവാദം കൂടാതെ ഇനിക്കു ഒന്നും പ്രവൃത്തിച്ചുകൂടാ. അതുകൊണ്ടു ഞാൻ എന്തു ചെയ്യേണ്ടു? അച്ചൻ അവർകളുടെ കുറുപ്പടിയിൻ ആന്തരപ്രകാരം "കൂടി ശ്രുഷ്ഷിപ്പാൻ" മേൽ പറഞ്ഞ സംഘത്തിന്റെ അനുവാദം ഉണ്ടെങ്കിൽ ഇനിക്കു യാതൊരു വിരോധവുമില്ല.

ഇപ്പടിക്കു താഴ്മയുള്ള വന്ദനത്തോടു കൂടെ എഴുതിക്കൊള്ളുന്നതു

യൂസ്സൂ യോസേപ്പു.

8th Janu:1876.
Poovathoor.

To ൨൭

The Revd. J. Caley.
Tiruvella

My Dear sir

൧൯൧൪ കെയിലി സായ്പിനു.

സായ്പവർകൾ ഒരു മിശാനരി ആകയാൽ അപ്പോസ്തോലന്റെ സ്ഥാനത്തിലാകുന്നു ഇരിക്കുന്നതു്. ആ മുറയ്ക്കു സായ്പവർകൾ ക്രിസ്തുവിൽ ഇവിടുക്കു ഒരു പിതാവത്രെ. മകൻ പിതാവിനോടു പറയുംപ്രകാരം ഇതാ ഞാൻ സായ്പർകളോടു പറയുന്നു. ഇപ്രകാരമൊക്കയും എന്നോടു പ്രവൃത്തിക്കുമോ? ഞാൻ ഏതിൽ തെറ്റുചെയ്യു? നസറയ്യനായ യേശുമഹാരാജാവിന്റെ കായ്സ്ഥനായ പരിശുദ്ധാത്മാവിന്റെ നിയോഗപ്രകാരം കർത്താവിന്റെ മഹത്വപ്രത്യക്ഷതയെ സംബന്ധിച്ചു ഞാൻ ദിവ്യവിളംബരം പ്രസിദ്ധപ്പെടുത്തി. ആയതു സത്യമെന്നു സത്യത്തിന്റെ വചനംകൊണ്ടു സാക്ഷികരിച്ചും ഇരിക്കുന്നു. പിന്നെ അനുതാപസംഘം നടത്തിക്കുന്നതിനേ സംബന്ധിച്ചു സായ്പവർകളുടെ റൂൽസുകൾ ഇനിക്കു പ്രമാണം പാപത്തെ ഏറ്റുപറയുന്നതു. ഏറ്റുപറയുന്നവനും അനുതാപസംഘം നടത്തിക്കുന്നവനും യാതൊരു ദോഷവും വരാതവണ്ണം ക്രമമായിനടക്കുന്നു. ആയതു നിർബന്ധത്തിൻപേരിലോ അന്യനു ദോഷംവരണം എന്നുള്ള വിചാരത്തിലോ അല്ല ഏറ്റുപറയുന്നതു്. കർത്താവിന്റെ തിരുമുമ്പാകെ ഒരുവൻ തന്നത്താൻ താഴ്ത്തി ഏറ്റുപറയുന്നതിൽ വച്ചു അനുതാപസംഘത്തിൽ ഉൾപ്പെടുന്നവക്കു യാതൊരു ഇടർച്ചയുമില്ല.

പ്രിയപിതാവെ! മഹത്വമേറിയ ഈ രണ്ടു സംഗതികൾ നിമിത്തമല്ലയോ അന്യജാതിക്കാരനായിരുന്ന ഈ മകൻ ഇപ്രകാരമൊക്കെ

യും സായ്പവർകൾ മുലമായി അനുഭവിക്കുന്നതു്. ഇതിൽ ഞാൻ സന്തോഷിക്കുന്നു. ഇനിയും സന്തോഷിക്കും. അല്ലാതെയും ഇന്നകായ്ഞ്ഞാൽ ഞാൻ തെറ്റു ചെയ്തു എന്നു എന്നെ ന്യായമായി ബോധപ്പെട്ടുത്തുവാൻ കഴിയുമോ? കഴിയുമെങ്കിൽ ഞാൻ മാപ്പു ചോദിക്കയില്ലയോ? ഇനിക്കു ദൈവത്തോട്ടും മനുഷ്യരോട്ടും ഒരു ഉത്തമമനസാക്ഷി ഉണ്ടാകുവാൻ തക്കവണ്ണം ഞാൻ പ്രയാസപ്പെട്ടും വരുന്നു. ആയതു ലഭിച്ചും ഇരിക്കുന്നു. സായ്പവർകൾ കൊടുത്തയച്ച എഴുത്തു പായിച്ചു എങ്കിലും താല്പൎയ്യം എല്ലാം അറിഞ്ഞില്ല. ആയതു നല്ലപോലെ അറിഞ്ഞ മറുപടി അയയ്ക്കാം.

വിശേഷിച്ചും ദൈവകൃപയാൽ ഞങ്ങൾക്കു എപ്പോവും സൌഖ്യം. ദൈവം ഇനിക്കു കൃപയോട്ടു കൂടെ ഒരു പെൺ കുഞ്ഞിനേ തന്നിരിക്കുന്നു. എന്റെ പ്രാൎത്ഥനയിൽ ഒക്കയും ഞാൻ സായ്പവർകളെ ഓൎക്കാതിരിക്കുന്നില്ല. ദൈവം തന്നേ സായ്പവർകൾക്കു നല്ല മനസ്സിനെ തരട്ടെ.

ഇപ്രകാരം താഴ്മയുള്ള വന്ദനത്തോട്ടു കൂടെ എഴുതിക്കൊള്ളുന്നു സായ്പവർകളുടെ മകൻ യൂസ്സുയോസേപ്പു

15. January 1876 Kanneett.

ഉപ

To. The Right Revd. Lord Bishop of Madras.
My Lord.

മദ്രാസിലെ ലോർഡ് ബിഷപ്പു സായ്പിനു.

തിരുമനസ്സുകൊണ്ടു കെയിലി സായ്പവർകൾ മുലം കൊടുത്തയച്ച തിരുവെഴുത്തു ക്ഷേമമായി വന്നു ചേൎന്നു. അതുപ്പറ്റി ഇനിക്കു അല്പം പറവാനുള്ളതുകയാൽ പറഞ്ഞുകൊള്ളട്ടെ.

ഫെബ്രു തിരുമനസ്സുകൊണ്ടു ഫെബ്രുവരി ഫെബ്രു ഇനിക്കു നൽകിയിരിക്കുന്ന ലൈസൻസിൻപ്രകാരം ആരുടെ കീഴിൽ ഇനിക്കു ശുശ്രൂഷ ഭരമേൽപ്പിക്കപ്പെട്ടു? ചൎച്ചമിശിയോന്റെ കീഴിലോ? ചൎച്ചകൌൻസലിന്റെ കീഴിലോ? ചൎച്ചകൌൻസലിന്റെ കീഴിലായിരുന്നു എങ്കിൽ എന്റെ വിശ്വസ്ഥത ഉപദേശം മുതലായവയെ സംബന്ധിച്ചു വല്ല തെറ്റും ഉണ്ടെന്നു തോന്നിയാൽ ആർ എന്നെ വിസ്തരിക്കണം? ചൎച്ചകൌൻസലല്ലയോ? ചൎച്ചകൌൻസൽ എന്നെ വിസ്തരിച്ചു കുറ്റപ്പെടുത്തീട്ടുണ്ടോ? ഉണ്ടെങ്കിൽ പറയട്ടെ. കായ്യം ഇപ്രകാരമിരിക്കെ കെയിലി സായ്പവർകൾ ചൎച്ചമിശിയോന്റെ കായ്യസ്ഥൻ എന്നുള്ള മുറയ്ക്കു എന്നെ സസ്പണ്ടു ചെയ്തതിനാൽ അതിനു എന്റെ ശുശ്രൂഷയെ മുടക്കുവാൻ തക്കവണ്ണം ശക്തിയുണ്ടോ? തിരുമ

നസ്സുകൊണ്ടു കോട്ടയത്തുവെച്ചു ഇനിക്കയച്ച സൈറൊഷ്യനിൽ മേൽപ്പറഞ്ഞ സംഗതികളെ സ്ഥിരപ്പെടുത്തിയിരിക്കയാൽ അയതു ഇനിക്കുള്ള ലൈസൻസിനു അനുകൂലമോ? പ്രതികൂലമോ? അനുകൂലമാകുന്നു എങ്കിൽ സൈറൊഷ്യൻ പ്രകാരം ഞാൻ കോട്ടയത്തു വരാതിരിക്കയില്ല നിശ്ചയം. പ്രതികൂലമാകുന്നു എങ്കിൽ ആക്കാര്യത്തിൽ ഞാൻ തെറ്റു ചെയ്തതു എന്തെന്നു എന്നെ ബോധപ്പെടുത്തേണമെ.

ഞാനും കേലിസുയ്യവർകൾ ബലമായിട്ടു കുറിയറിപ്പള്ളിയും ബംഗ്ലാവും തേവലക്കരപ്പള്ളിയും അപഹരിച്ചു. അയതു അവയുടെ താക്കോൽ ഞങ്ങൾ വിധേയം ആയിരിക്കെ അവയെ വസ്തുക്കാതെ പൂട്ടി വരിച്ചിട്ടുകുന്നു. അതുകൂടാതെയും ഞങ്ങൾ വള്ളികളിൽ കേറിക്കൂടാ എന്നുള്ള അന്തരത്തിൻപ്രകാരം സർക്കാരിൽനിന്നു വിളംബരം പ്രസിദ്ധപ്പെടുത്തിച്ചു. അല്ലാതെയും ഇടവക കായ്സ്ഥന്റെ പേർ സായ്പിന്റെ വേലക്കാരിൽ ഒരുവൻ സർക്കാരിൽ കള്ള ആവലാധിവച്ചു രണ്ടു ഉപദേശിമാർ കള്ളസാക്ഷിയും പറഞ്ഞു. അഞ്ചുരൂപാ പ്രായശ്ചിത്തവും പത്തുദിവസത്തെ തടവും ആ പാവപ്പെട്ടവനു കൊടുപ്പിച്ചു. ഇതിൽ സായ്പുവർകളുടെ കയ്യുണ്ടോ? ഇല്ലയൊ? ഈ വിവരങ്ങൾക്കു ഞാൻ മുക്കായി എഴുതി തിരുമനസ്സു അറിവിച്ചു. കായ്മും ഇങ്ങിനെ ഉർക്കെ തിരുമനസ്സുകൊണ്ടു ഇവിടെ എഴുന്നള്ളിയാസേഫിനു യാക്കോബിന്റെ മുഖം കാണ്മാൻ എത്ര വാഞ്ഛയുണ്ടായിരുന്നുവോ? അതുപോലെ തിരുമനസ്സിലെ മുഖം കാണ്മാൻ ഇനിക്കു വാഞ്ഛയുണ്ടായിരുന്നു എങ്കിലും ഞാൻ എങ്ങിനെ വന്നുകാണും. ഞാൻ എഴുതി അയച്ചതിനു ഇനിക്കു മറുപടി വന്നില്ല. മറുപടി ക്രൂടാതെ ഞാൻ വന്നു എന്നിരിക്കട്ടെ. അപ്പോൾ സർക്കാർ കല്പനെക്കു ലംഘനവും മാറും ഉണ്ടു. ഒരുകയാൽ ഇക്കാര്യത്തിൽ ഞാൻ ചെയ്ത തെറ്റു എന്തെന്നു എന്നെ ബോധപ്പെടുത്തേണമെ.

നാമതു "ക്രമമേക്കുള്ള നടത്തിപ്പു" എന്നു എതിർകക്ഷി പറയുന്നതു കത്തനാരിന്റെ മഹത്വപ്രത്യക്ഷതയെ സംബന്ധിച്ചും അനുതാപപ്രോക്ഷണത്തെ സംബന്ധിച്ചും ആയിരിക്കും. അവയിൽ കത്തനാരിന്റെ മഹത്വപ്രത്യക്ഷതയെക്കുറിച്ചു. അയതു ആറുവർഷം കഴിഞ്ഞു ഏഴാംവർഷം ഉണ്ടാകുമെന്നു ഞാൻ പ്രസിദ്ധപ്പെടുത്തിയതു വഞ്ചിക്കപ്പെട്ടു വഞ്ചന ആയിട്ടു അല്ല എന്നുള്ളതിനു നമ്മുടെ കത്തനാരായ യേശുക്രിസ്തുവിന്റെ ആത്മാവും അവന്റെ തിരുവചനവും സാക്ഷിയത്രെ.

അനുതാപപ്രോക്ഷണത്തെക്കുറിച്ചു ഞങ്ങൾ അനുതാപം ഘോഷിക്കയും അനുതാപസംഘം നടത്തിക്കയും ചെയ്യുന്നു. അയതു കേലിസായ്പുവർകൾ ഞങ്ങൾക്കു തന്ന പ്രമാണത്തിൻപ്രകാരവും മങ്ങാഴി പള്ളിയിൽവച്ചു അടിയൻ നടത്തിച്ച ക്രമപ്രകാരവും ആകുന്നു. ഒരു കായ്മത്തിൽ മാത്രമെ അങ്ങൾ തമ്മിൽ ഭിന്നിച്ചൊള്ളു. പാപത്തെ ഏറ്റുപറയു

ന്നതു പൊതുവായിമാത്രം മതി. വിവരമായി വേണ്ടാ എന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ആത്മാവു ഒരുവനു പാപത്തെക്കുറിച്ചു ബോധപ്പെട്ടുകയിൽ അവൻ പൊതുവായോ വിവരമായോ പാപത്തെ ഏറ്റുപറയും. ആ സമയം വിവരമായി ഏറ്റുപറയരുതെന്നു വിരോധിച്ചാൽ അയതു പരിശുദ്ധാത്മാവിനു വിരോധമായുള്ള പാപം ആകയാൽ അയതു യോഗ്യമല്ല. അതുകൊണ്ടു പൊതുവായി ഏറ്റുപറയുന്നവൻ അപ്രകാരവും വിവരമായി ഏറ്റുപറയുന്നവൻ അപ്രകാരവും ചെയ്യട്ടെ. ഏറ്റുപറയുന്നതിൽ മറ്റു ഒരുത്തനു ദോഷം വരുവാൻ തക്കവണ്ണം വാക്കു ഉണ്ടായാൽ അതു വിരോധിപ്പാനുള്ളതു. ഒരുത്തൻ തന്നത്താൻ താഴ്ത്തുന്നതിൽവച്ചു അനുതാപസംഘത്തിൽ ക്രൂരമായ വാക്കു യാതൊരു ഇടച്ചിലും ഉണ്ടാകരുതു. ഇടച്ചിലുള്ളവൻ അനുതാപസംഘത്തിൽ നിന്നു ഒഴിഞ്ഞിരുന്നുകൊള്ളുന്നതുമാകുന്നു. ഇപ്രകാരമാകുന്നു ഞങ്ങളുടെ അഭിപ്രായം. ഇതപ്രകാരമാകുന്നു ഞങ്ങൾ അനുതാപസംഘം നടത്തിവരുന്നതു. എന്നാൽ വിരോധികൾ വളരെ അപവാദങ്ങൾ ഉണ്ടാക്കുന്നു അയതു വിശ്വസിക്കേണ്ടതല്ല. എന്നാൽ മേല്പറഞ്ഞ സംഗതികളിൽ വല്ല തെറ്റും ഉണ്ടെങ്കിൽ അതു ഏകദിവും എന്നെ ബോധപ്പെടുത്തട്ടെ.

൨മതു- എന്റെ ഈ ഇടവകക്കാർ കഴിഞ്ഞ സെപ്തംബർമാസം ഒടുക്കം ഉണ്ടായ മാവേലിക്കരെ ഡിസ്ട്രിക്ട് ചർച്ച്കൌൻസലിൽ ഒരു ഹർജിവച്ചു. അയതിൽ ചർച്ചുമിശിയോൻ ചെയ്ത ഉപകാരത്തിന്നായിട്ടു വന്ദനം ചൊല്ലുകയും ചർച്ചുമിശിയോൻ ഫണ്ടിന്റെ പ്രസിദ്ധപ്പെടുത്തിയ "നാട്ടുസഭാനിരീക്ഷപ്രമാണ" എന്ന കടലാസിലെ അന്തരപ്രകാരം ഇടവകപ്പട്ടക്കാരനും ഉപദേശിമാക്കും തങ്ങൾതന്നെ ശമ്പളം നടത്തിക്കൊള്ളാമെന്നും, ദൈവം ഈ ഇടവകയെ പ്രത്യേകം അനുഗ്രഹിച്ചിരിക്കുന്ന ഓരോരോ അനുഗ്രഹങ്ങളെ വിവരിച്ചതിൽ ഉള്ളശം ആയിരം രൂപാ ചിലവുള്ള ഒരു പള്ളി തെവലക്കര ഉണ്ടാക്കപ്പെട്ടു. അയതു അവിടെ ഉണ്ടായ പിരിവിൽ നിന്നാകുന്നു എന്നും കാണിക്കയും ചെയ്തതു മാത്രമല്ല. പ്രൊവിൻഷ്യൽ കൌൻസലിൽനിന്നു തങ്ങൾ ഒഴിഞ്ഞിരിക്കുന്നു. അതിന്റെ കാരണത്തെക്കുറിച്ചു തിരുമനസ്സാ അഗ്രാസനരോ മറ്റാരോ ചോദിക്കുന്നപക്ഷം ഞങ്ങൾ ഉത്തരം പറഞ്ഞുകൊള്ളുന്നതാകുന്നു എന്നും പറഞ്ഞിട്ടുണ്ടു. അതിനു യാതൊരു സമാധാനവും ഇടവകക്കാർക്കു കിട്ടിയില്ല. അതുകൊണ്ടു ഇടവകക്കാർ തന്നെ ഇനിക്കും ഉപദേശിമാക്കും ആശാന്മാക്കും ശമ്പളം നടത്തിവരുന്നതിനാൽ ചർച്ചുമിശിയോനിൽ നിന്നുള്ള സഹായം ഇപ്പോൾ ഈ ഇടവകക്കാർക്കു ആവശ്യമില്ല. അതുകൂടാതെയും കുന്നിറവിലും തെവലക്കരയിലുമായിട്ടു ഉള്ളശം വാഗ്ദത്താത്മാക്കൾ ഉള്ളതിനാൽ അവരിൽ നാലഞ്ചു ആത്മാക്കൾ ഒഴികെ മറ്റെല്ലാവർക്കും ചർച്ചുമിശിയോന്റെ കാര്യസ്ഥന്മായ കെയിലിസ്ത്രുവർക്കൾ വെറിലും

മഞ്ഞും അവകാശമാക്കിതീർത്തിരിക്കുന്നു. ഇപ്രകാരം ചക്രമിശായേ
ന്റെ കായ്സ്ഥൻ ഞങ്ങളുടെ അവകാശമായ പള്ളികളെ അപഹരി
ച്ചു ഞങ്ങളെ വെളിയിലാക്കി വെയിൽ മഴ മഞ്ഞു എന്നിവകളെ ഞ
ങ്ങൾക്കു അവകാശം തരുവാൻ തക്കവണ്ണം എന്റെ പ്രിയപ്പെട്ട മക
ളുടെ ഈ ഇടവകക്കാരും അവരുടെ പിതായായ ഞാനും ക്രിസ്തുവി
ൽ സ്നേഹമുള്ള ഞങ്ങളുടെ പിതാവെ! ഞങ്ങൾ ചെയ്തതെറ്റു ഇന്ന
തെന്നു ഞങ്ങളെ ബോധപ്പെടുത്തേണമെ.

പ്രിയപിതാവെ! തിരുമനസ്സുകൊണ്ടു ഫ്രവരി മാസം ഇരു- ഇ
നിക്കു നൽകിയിരിക്കുന്ന ലൈസൻസിനു വിരോധമായി ഞാൻ പ്ര
വൃത്തിച്ചതു എന്തു?

ഹാ! എന്റെ പൊന്നു ലൈസൻസേ! പൊന്നുലൈസൻസേ!
ഞാൻ നിന്റെ ആലോചനപ്രകാരമല്ലയോ പ്രവൃത്തിക്കുന്നതു? എ
ന്തെന്നാൽ കൈയിലിരിപ്പുവർകൾ ചക്രമിശായോന്റെ കായ്സ്ഥൻ
എന്നുള്ള മുറുക്കു എന്റെ ശ്രുശ്രൂഷയെ മുടക്കുവാൻ തക്കവണ്ണം സസ്പെ
ണ്ടു അയച്ചപ്പോൾ നീ എന്നോടു പറഞ്ഞതു "ഫ്രവുനസു ഡിസംബർ
ഫ്രവരി- ഉണ്ടായ ലൈസൻസു നിന്റെ പക്കലുണ്ടു. എങ്കിലും ഞാൻ
നിനക്കു അവകാശമായപ്പോൾ അതിന്റെ ജീവൻ പൊയ്പോയി. അ
തുകൊണ്ടു നിന്റെ വിധേയമുള്ള ജീവനില്ലാത്ത ലൈസൻസിന്റെ
ശ്രുശ്രൂഷയെ മാത്രമെ ഈ സസ്പെണ്ടു വിരോധിക്കുന്നുള്ളൂ" എന്നതു്.
പിന്നെ സൈറെഷ്യൻ വന്നപ്പോഴും ഞാൻ നിന്റെ ആലോചന
പ്രകാരം പ്രവൃത്തിച്ചു. അതിന്റെ ശേഷവും നിന്റെ ആലോചന
പ്രകാരം തന്നെ പ്രവൃത്തിച്ചതു. എന്നാൽ നീയും ഞാനും ഒരുജീവനി
ൽ ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ ആ ബന്ധനത്തെ ഖണ്ഡിപ്പാൻ
തക്കവണ്ണം നിന്റെയും എന്റെയും പിതാവു ഇതാ! ലേഖനം കൊടു
ത്തയച്ചിരിക്കുന്നു. അതുകൊണ്ടു എന്റെ പ്രിയാ! എന്റെ ആത്മസ്നേ
ഹിതനായുള്ളാവെ! ഞാൻ എന്തുചെയ്യേണ്ടു?

എന്റെ പ്രിയപ്പെട്ട യോസേഫെ! എന്റെ പൊന്ന സഹോദരാ!
നീ ഭയപ്പെടേണ്ടാ. എന്റെ ആലോചനപ്രകാരം നടന്നുകൊള്ളുക.
സർവ്വശക്തനായ നസറയ്നാകുന്ന യേശു മഹാരാജാവു നിന്നോടു കൂ
ടെ ഉണ്ടു. അവന്റെ മഹത്പ്രത്യക്ഷതെക്കുള്ള സാക്ഷിയെ സകല
ർക്കും പകർന്നു അനുതാപം ഘോഷിച്ചുകൊണ്ടിരിക്ക. ഇതത്രെ എന്റെ
ഉൽപ്രീതി. ഈ ദിവ്യശ്രുശ്രൂഷയെ മുടക്കുവാൻ ആർക്കും കഴികയില്ല.
അതുകൊണ്ടു ജാഗരണത്തോടിരിക്ക. വിശ്വാസത്തിൽ സ്ഥിരപ്പെട്ടി
രിക്ക. പുരുഷനായി നടക്ക. ശക്തിപ്പെട്ടിരിക്ക. എന്റെ പിതാവു
നിനക്കു ഈ എഴുത്തിന്നു നല്ലൊരു മറുപടി അയക്കുമാറാകട്ടെ ശ്ര
മസ്സു-

പ്രിയ പിതാവെ! ഇപ്രകാരം താഴ്മയുള്ള വന്ദനത്തോട്ടുകൂടെ എഴുതി തിരുമനസ്സു അറിയിച്ചുകൊള്ളുന്നതു അടിയാൻ

യുസ്തൂസു യോസെഫ്.

Kanneett.
19. January. 1876.

To ഉൾ

Tiruvella. kanneett.
19th January. 1876.

The Revd. J. Caley.

My dear sir

റവറണ്ട കെയിലി സായ്പിനു.

മദ്രാസിലെ തിരുമനസ്സുകൊണ്ടു സായ്പുവർകൾ മൂലം അയച്ച തിരുവെഴുത്തു വായിച്ചു താല്പര്യം മനസ്സിലാകയും ചെയ്തു. അതിനു ഞാൻ മറുപടി എഴുതി ഉണ്ടാക്കിയതു ഇംഗ്ലീഷിൽ ആക്കി നാളെ കൊടുത്തയപ്പാൻ തക്കവണ്ണം വിചാരിച്ചിരിക്കുന്നു. തിരുമനസ്സുകൊണ്ടു ആയതിനു ഇനിക്കു മറുപടി അയക്കുന്നതു എന്തെന്നു ഞാൻ അറിഞ്ഞ ശേഷം എന്റെ ലൈസൻസിനെപ്പറ്റി സായ്പുവർകൾക്കു അറിയിപ്പിച്ചുകൊള്ളാം.

തങ്ങൾക്കു എല്ലാവക്കും ദൈവകൃപയാൽ സുഖം.

With my best regards
I remain Dear sir.
Yours very sincerely
Justus Joseph.

സു ഠ

രാജശ്രീ കൃഷ്ണപുരം കോർട്ടിൽ മത്തായി മുൻസീപ്പു യജമാനൻ അവർകൾക്കു സലാം.

എന്റെ പേരിൽ കെയിലിസായ്പു പണമിടപെട്ട ആവലാധികൾ വച്ചിരിക്കുന്നതിനാൽ അവയുടെ പരമാർത്ഥത്തെപ്പറ്റി താങ്കളെ ഗ്രഹിപ്പിക്കുന്നതു എന്റെ മുറയാകുന്നു എന്നു വിചാരിച്ചിട്ടത്രെ ഈ എഴുത്തു എഴുതുന്നതു.

നമ്മുടെ കർത്താവായ യേശുമശിഹായുടെ മഹത്പ്രത്യക്ഷതയും (ആയതു ഹവ്വയെ മെയി മുതൽ നൂറു വർഷം കഴിഞ്ഞു ഏഴാം വർഷം സംഭവിക്കും എന്നു ഞാൻ പരിശുദ്ധാത്മാവിന്റെ നിയോഗപ്രകാരം വേദവിധി അനുസരിച്ചു പ്രസിദ്ധപ്പെടുത്തി) മഹത്പ്രത്യക്ഷതെക്കു

സകലരും ഒരുങ്ങുവാൻ തക്കവണ്ണം അനുതാപഘോഷണവും എന്ന രണ്ടു സംഗതികളാകുന്നു കെയിലിസായ്പു മുതൽപേർ എന്നെ പകച്ചു എന്റെ ഇടവകയിലുള്ള പള്ളികളെ ബലമായി അപഹരിച്ചെടുത്തുംകൊണ്ടു അല്പേഹം ഇപ്പോൾ ആവലാധിപ്പെട്ടിരിക്കുന്നതു. മേൽ പറഞ്ഞ സംഗതികൾ രണ്ടും സത്യമാകുന്നു എന്നു സത്യവചനമാകുന്ന വേദപുസ്തകം മുഖം വേണ്ട സാക്ഷികളെ ഞാൻ അവർക്കു കൊടുത്തിട്ടുമുണ്ടു. ഞാൻ പറയുന്നതും നടത്തുന്നതും തെറ്റെന്നു അവർ എന്നെ ഇതുവരെയും ബോധപ്പെടുത്തിട്ടില്ല. ഞാൻ ഇന്നതിൽ കുറ്റം ചെയ്തു എന്നു അവർ സാക്ഷിപ്പെടുത്തി തെളിയിക്കയോ നേരോടും ന്യായമായും വിവരിച്ചു കാണിക്കയോ ചെയ്തിട്ടില്ല. ചെയ്വാൻ അവർക്കു കഴികയുമില്ല. എന്തെന്നാൽ ഇനിക്കു ദൈവത്തോടും മനുഷ്യരോടും ഒരുത്തമമനസ്സാക്ഷി എല്ലായ്പോഴും ഉണ്ടായിരിക്കുണമെന്നാണു എന്റെ പ്രത്യേക കാംക്ഷ. അതിനായി ശ്രമിച്ചു വരുന്നു. ആയതുകൊണ്ടു ഇതു ദൈവത്തിന്റെ കൈവിരലാകുന്നു. എന്നാൽ അവർ കണ്ടും കാണാതെയും കേട്ടും കേളാതെയും തിരിച്ചറിയാതെയും മനോമാറ്റം ലഭിക്കാതെയും ഇരുന്നുംകൊണ്ടു അസത്യത്തിൽ ഇഷ്ടപ്പെടുകയും വഞ്ചന വിണ്ടുകയും പൊളവു കാണിക്കയും ചെയ്യുന്നു. ദൈവം അവരുടെ കണ്ണുകളെ തുറക്കട്ടെ. ഹാ! ഒരു പാതിരി സായ്പു സത്യവാചകത്തോടു കൂടെ കോർട്ടിൽ ആവലാധിപ്പെടുന്നതു തന്നെ എത്ര ഭയങ്കരം അതിലും സത്യസാക്ഷ്യനായ മശിഹായോടു വിണങ്ങി അവന്റെ ദാസനെ നശിപ്പിപ്പാൻ തക്കവണ്ണം ഒരു പാതിരി സായ്പു കോർട്ടിൽ ആവലാധിപ്പെട്ടാൽ എത്ര ഭയങ്കരമെന്നു പറഞ്ഞാൽ മതിയോ? ഹാ! കഷ്ടം തന്നെ. അതു കേലിസായ്പു എന്റെ നേരെ വച്ചിരിക്കുന്ന ആവലാധികൾക്കു പ്രതി (മനുഷ്യപ്രകാരം ഞാനാകുന്ന എങ്കിലും) നസറയ്നായ യേശുമഹാരാജാവത്രെ. എന്തെന്നാൽ "ശൗലെ! ശൗലെ! നീ എന്തുകൊണ്ടു എന്നെ ഉപദ്രവിക്കുന്നു" എന്നുണ്ടല്ലൊ. ആകയാൽ

യജമാനനെ! ഈ മലയാമ്മാസം ഫലം നൽ- പൊവ്വാഴ്ച വിസ്തരിപ്പാൻ അവധി വെച്ചിരിക്കുന്നതും നികൃഷ്ടപാപിയായ എന്നെ സംബന്ധിച്ചുമായ കാര്യങ്ങൾ നസറയ്നായ യേശുവിനുള്ളതെന്നു തഴ്മയായി അറിയിച്ചുകൊള്ളുന്നു.

വിശേഷിച്ചും ഇതു സത്യമാകുന്നു എന്നുള്ളതിനു ദൈവം കുടുംബത്തോടു കൂടെ താങ്കളെ ബോധപ്പെടുത്തും നിശ്ചയം. യാതൊരു വ്യത്യാസവുമില്ല

ഇപ്രകാരം വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നസറയ്നായ യേശു മഹാരാജാവിന്റെ ശുശ്രൂഷക്കാരനാകുന്ന

യുസ്തൂസുയോസേഫ ്.

P. S.

ഞാൻ ബിഷോപ്പ് സായ്പവർകൾക്കു കഴിഞ്ഞ ജനുവരി മാസം നാ-
എഴുതിയ എഴുത്തിന്റെ പകർപ്പു താങ്കൾ അറിയേണ്ടതിനു താഴെ
എഴുതി ചേർത്തിരിക്കുന്നു. ഇതു ഒക്കയും വെച്ചു താങ്കളുടെ മേലാവിൽ
ബോധിപ്പിച്ചു കൊള്ളുന്നതിലേക്കും ഇനിക്കു വിരോധമില്ല സന്തോ
ഷമത്രെ.

To

Mathew Suvisashacar

My dear Brother in Christ kanneett

16 Feb. 1876.

മത്തായി ബോധകക്കു.

താങ്കൾ ക്ഷേമത്തോടു കൂടെ പാണ്ടിയിൽ ചെന്നു ചേർന്നിരിക്കുമെ
ന്നു കർത്താവിൽ വിശ്വസിക്കുന്നു. നമ്മുടെ നാഥനാകുന്ന യേശു മശി
ഹാ കുടുംബത്തോടു കൂടെ താങ്കളുടെ വേലയെ ഇവിടെയും പാണ്ടി
യിലും അനുഗ്രഹിച്ചു വർദ്ധിപ്പിക്കട്ടെ. മാരാണ്ണനിലുള്ള ഉണർവു സ
ഭക്കാർ താങ്കളെക്കാണ്മാൻ ഏറ്റവും ആഗ്രഹിച്ചു. എന്റെ അനുജൻ
ശമുവേലിനു കഴിഞ്ഞ വ്യാഴാഴ്ച കന്യാകുമാരിയിൽ വെച്ചു വിവാഹം
നടന്നു. കേലി സായ്പവർകൾ എന്റെ പേരു മുൻസിപ്പു കോർട്ടി
ൽ ആവലാധിപ്പെട്ടിരിക്കുന്നതിനാൽ അതു മൂലമായും കർത്താവിന്റെ മ
ഹത്വപ്രത്യക്ഷത ഘോഷിക്കപ്പെടുന്നു. കഴിഞ്ഞ തിങ്കളാഴ്ച മുതൽ
മൂന്നു ദിവസം ഇവിടെ ഉപവാസം ആചരിക്കപ്പെടുന്നു. ആയതു ര
ണ്ടാമത്തെ ശുദ്ധീകരണത്തിന്റെ ആരംഭമായിട്ടാകുന്നു നടത്തിക്ക
പ്പെടുന്നതു്. താങ്കളെപ്പറ്റി തൊമ്മച്ചനു വെളിപാടുണ്ടാകയും ആയ
തു വേഗം എഴുതി അറിയിക്കണമെന്നു നിയോഗിക്കയും ചെയ്തു.

ആയതു ഇവിടെയുള്ള എതിർക്ഷികൾ അവിടെയുള്ള സായ്പ
ന്മാർക്കു താങ്കൾക്കു വിരോധമായി എഴുതി അറിയിക്കും. അതു നിമി
ത്തവും മറും അവിടെയുള്ള സഭക്കാർ താങ്കളുടെ ഈ പുതിയ പ്ര
സംഗത്തെ ചെവിക്കൊള്ളാതെ ധിക്കരിച്ചു കളയും. എന്നാൽ കർത്താ
വു അവരെ വലിയ ബാധകൊണ്ടു മൂന്നു മാസത്തിനകം ശിക്ഷിക്കും.
ആയതുകൊണ്ടു താങ്കൾ കുടുംബത്തോടു കൂടിയും പാപം ഏറ്റു പറ
വാൻ മനസ്സുള്ള പ്രത്യേകം ആളുകളോടു കൂടിയും മൂന്നു ദിവസമോ,
ഏഴു ദിവസമോ യുക്തംപോലെ ഉപവാസപ്രാർത്ഥന നടത്തണം. അ
പ്പോൾ താങ്കൾ നടത്തിപ്പാനുള്ള കാര്യങ്ങൾ അറിയിക്കപ്പെട്ടും എന്നു
ത്രെ.

ഞങ്ങൾക്കു എല്ലാവർക്കും ദൈവകൃപയാൽ സുഖം തന്നെ ഞങ്ങളെക്കുടെ നിങ്ങളുടെ പ്രാർത്ഥനയിൽ ഓർത്തുകൊള്ളുമല്ലൊ. ഞങ്ങൾ എല്ലാവരും നിങ്ങൾക്കു എല്ലാവർക്കും സലാം ചൊല്ലുന്നു.

With my best regards.
I remain
yours very Sincerely
J. Joseph.

൫൨

To.
The Revd. K. Koratha
Changanachery.

My dear Friend.

കെ. കോരത പാദ്രിക്കു.

അച്ചൻ കൊടുത്തയച്ച എഴുത്തു ഇന്നലെ വന്നു ചേർന്നു അച്ചടിപ്പിച്ച പുസ്തകം വളരെ ഉപകാരമുള്ളതും വില സഹായവും തന്നെ. അതു കൊണ്ടു ക്ഷണം പരിഞ്ഞുപോകുന്നതാണു. എന്നാൽ ഞാൻ ഏതു പണച്ചുമതലയിൽ നിന്നും അശേഷം ഒഴിഞ്ഞിരിക്കുന്നതിനാൽ ആവകയിൽ ഞാൻ ഉൾപ്പെടുകയില്ല. അതിനാൽ ആൽവശം പുസ്തകങ്ങൾ തെക്കുഭാഗങ്ങളിൽ കൊടുത്തയച്ചാൽ കഴിയുന്നതുപോലെ സഹായിക്കാം.

യോഹന്നാൻ കഞ്ഞു ഇവിടെ വന്നിരുന്നു. വർത്തമാനം ഒക്കയും പറഞ്ഞു. സന്തോഷം തന്നെ. ദൈവം ആ കുടുംബത്തെയും നിങ്ങളെ എല്ലാവരേയും തന്നെ ആബാലവൃദ്ധം അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതെക്കു ആത്മാവും ജീവനും ആകുന്ന തിരുവചനത്തിൽ നിന്നു, ഞാൻ സാക്ഷി പകരുകയും അനുതാപം ഘോഷിക്കയും ചെയ്തതിനാൽ മിശിയോൻകാരും ബിഷോപ്പുസായ്പുവർകളും ഏകീകരിച്ചു എന്റെ ശുശ്രൂഷയെ മുടക്കുവാൻ തക്കവണ്ണം സസ്പെണ്ടു അയച്ചു എങ്കിലും നാഥനാകുന്ന യേശു എന്നോടുകൂടെ ഇരിക്കുന്നതിനാൽ ഞാൻ ചെറിയവർക്കും വലിയവർക്കും സാക്ഷി പകർന്നുകൊണ്ടു ഇനിക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദിവ്യശുശ്രൂഷയെ മഹാസന്തോഷത്തോടുകൂടെ നടത്തുന്നു. അവന്റെ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ. അവൻ ഇനി (ഫ്രവ്വരി മെയി) ആറുവർഷം കഴിഞ്ഞു ഏഴാം വർഷം മഹത്വത്തോടും പ്രഭാവത്തോടും കൂടെ അഗ്നിമേഘത്തിൽ വെളിപ്പെടും നിശ്ചയം. ആയതുകൊണ്ടു അവനെ എതിരേല്പാൻ ഒരുങ്ങിക്കൊള്ളണമെ. ജീവനാകുന്ന യേശുക്രിസ്തു എല്ലാ മിശിയോനരിമാരുടെയും നാട്ടു

പട്ടക്കാരുടെയും ഉപദേശിമാർ, ആശാന്മാർ, സഭക്കാർ എന്നവരുടെയും മേൽ കൃപയുടെയും അപേക്ഷയുടെയും ആത്മാവിനെ പകർന്ന അനുതാപത്തിനു യോഗ്യമായ ഫലങ്ങളെ പുറപ്പെടുവിക്കട്ടെ. ഖിന്നതാവായ ദൈവംതന്നെ അറിയുന്നതിൽ അവർക്ക ജ്ഞാനത്തിന്റെയും അറിയിപ്പിന്റെയും ആത്മാവിനെ കൊടുത്തു ഹൃദയത്തിന്റെ കണ്ണുകളെ പ്രകാശിപ്പിക്കയും അവന്റെ വിളിയുടെ ആശാബന്ധവും വിശുദ്ധരിൽ അവന്റെ അവകാശത്തിന്റെ മഹത്വധനവും വിശ്വാസികളിൽ അവന്റെ ശക്തിയുടെ അത്യന്തവലിപ്പവും ഇന്നവ എന്നു അയവരെ അറിയിപ്പിക്കയും ചെയ്യട്ടെ.

ഞങ്ങൾക്കു എല്ലാവർക്കും ദൈവകൃപയാൽ സുഖം

Kanneett.
March. 7. 1876.

With My kind regards.
I remain
Dear friend
yours very sincerely
Justus Joseph.

൧൦൨

രാജാധിരാജശ്രീ കൊല്ലം ദിവാൻപേഷ്കാർ
സ്വാമി അവർകളുടെ സമക്ഷമത്തിൽ
ബോധിപ്പാൻ.

കയനാഗപ്പള്ളി മണ്ഡവത്തുംവാതുക്കൽ പന്മനപ്രവൃത്തിയിൽ കൊല്ലകപുത്തൻബംഗ്ലാവിൽ ഇരിക്കും കന്നീരറി ഉണർവു സഭാലോചനസംഘത്തിന്റെ ശുശ്രൂഷക്കാരനായ റവറണ്ട യുസ്സസ് യോസേഫ് വാദ്രി വിനയപൂർവം എഴുതിക്കൊള്ളുന്നതു".

എന്റെ പൊന്നുസ്വാമി!

ഞാൻ ഇപ്പോൾ ബോധിപ്പിച്ചുകൊള്ളുന്നതു ഉണർവു സഭാലോചനസംഘത്തിന്റെ ആൾപ്പേർ എന്നുള്ള മുറെക്കുന്നു. ഞങ്ങൾ അബാലവൃദ്ധം ഉദ്ദേശം ൈ൦൦൨ ആത്മാക്കൾ ഈ ഡിവിഷ്യനിൽ പല സ്ഥലങ്ങളിലായി പാർത്തുവരുന്നവരും ചർച്ചമിശിയോനിൽ നിന്നും സുറിയാനിസഭയിൽ നിന്നും ചേർന്നിട്ടുള്ളവരും ആകുന്നു. എങ്കിലും ഞങ്ങളുടെ സ്ഥിതിയേക്കുറിച്ചു വിചാരിക്കുമ്പോൾ ലൌകീകപ്രകാരം അനാഥരായിട്ടാകുന്നു ഞങ്ങൾ ഇരിക്കുന്നതു. എന്തെന്നാൽ

പരമഭൂപതിയേശുക്രിസ്തനാകുന്ന രാജാധിരാജാവു ക്രിസ്താബ്ദം പ്രവൃത്തകാം വർഷത്തിൽ സകല കണ്ണും കാൺകെ അഗ്നിമേഘത്തിൽ വെളിപ്പെടുവാനിരിക്കുന്നതിനാൽ സകലരും അവനവൻ ചെയ്ത പാപങ്ങളെ

ഏറ്റവും വലിയ കൊണ്ടു യേശുക്രിസ്തുനിൽ നിന്നു പാപമോചനം കൈക്കൊള്ളേണ്ടതാകുന്നു എന്നു ഞാൻ ക്രിസ്തുമാർഗ്ഗമായ പരമാത്മാവിന്റെ നിയോഗപ്രകാരം വേദവിധി അനുസരിച്ചു പ്രസിദ്ധപ്പെടുത്തിയതിനാൽ ഈ പരമോപദേശത്തെ പാതിരിമാർ ധിക്കരിക്കയും മെത്രാന്മാർ നിസ്സാരമാക്കുകയും മാറു അനേകർ ഇതിൽ ഇടറിവീഴുകയും ചെയ്തു എങ്കിലും അവരുടെ വാക്കിൽ മിണ്ടാടുവാൻ തക്കവണ്ണം വേദത്തിൽ നിന്നു അനേകം സാക്ഷികളെ ഞങ്ങൾ കൊടുത്തതിനാൽ അവർ എല്ലാവരും ക്രൂരതയും വൈരാഗ്യവും പൂണ്ടു വിരോധികളായി ചമഞ്ഞിരിക്കുന്നു.

വാസ്തു ഒരുവൻ ഞങ്ങളുടെ നേരെ അന്യായം പ്രവൃത്തിക്കുമ്പോൾ അതിനെ ഏറ്റവും ഞങ്ങൾക്കുള്ളവരെയ അന്യൻ അപഹരിക്കുമ്പോൾ അവയെ സഹിച്ചുംകൊണ്ടു ക്ഷമയോടും ക്രൂടെ പ്രതികാരചിന്ത എന്നിയെ അടങ്ങിപ്പാർത്തുകൊള്ളേണ്ടതു ഞങ്ങളുടെ നടപ്പു പ്രമാണമാകയാൽ അന്യർക്കു ഞങ്ങളോടു എന്തും പ്രവൃത്തിപ്പാൻ തക്കവണ്ണം വിസ്താരമുള്ളൊരു വാതിൽ ഇതാ! തുറക്കപ്പെട്ടിരിക്കുന്നു.

ഈ രണ്ടു കാരണത്താൽ ഞങ്ങളിൽ ഉപദ്രവമാകുന്ന കാറ്റു വീശുവാൻ തുടങ്ങിരിക്കുന്നതുകൊണ്ടു സർവ്വശക്തൻ ഈ അനാഥർക്കു ലൌകികപ്രകാരം രക്ഷാപുരുഷന്മാരായി കണ്ടിരിക്കുന്നതു ഈ സർക്കാരെ ആകുന്നു. എന്തെന്നാൽ ഈ രാജ്യത്തുള്ള പ്രജകളിൽ സർക്കാർ കല്പനയെ മനഃപൂർവ്വമായി ആചരിക്കുന്നവരുടെ കൂട്ടത്തിൽ ഒന്നാമതായിട്ടു എണ്ണപ്പെടുന്നവർ ഈ അനാഥക്കുഞ്ഞുങ്ങളാകുന്നു.

ഞാൻ ബോധിപ്പിച്ചുകൊള്ളുന്ന ഈ കാര്യങ്ങൾ ഉണ്മയാകുന്നു എന്നു സ്വാമി അവർകൾ ദൃഷ്ടിവെച്ചു നോക്കിയാൽ അറിയാം. ദുഷ്ടാന്തമായിട്ടു, ഇവിടെ കൊല്ലകവടക്കേടത്തു മില്ലുകാരൻ ഈ അനാഥരോടു ചെയ്യുന്നവയെ ശ്രദ്ധമായി തിരക്കിയാൽ സ്വാമി അവർകൾക്കു ബോദ്ധ്യം വരും.

രാജ്യത്തിന്റെ ശ്രേഷ്ഠസ്ഥിന്നായിക്കൊണ്ടു ദൈവത്തോടു അപേക്ഷിച്ചുപോരുന്ന അനാഥരാകുന്ന ഞങ്ങളെ ഉപദ്രവിക്കുന്നതും ലോകരിൽ ദൈവകോപം കൊളുത്തിക്കളിവരുന്നതുകൊണ്ടു വസന്തയാൽ വലുതായുള്ളൊരു സംഹാരം താമസിയാതെ വരുമെന്നു സർവ്വശക്തന്റെ ആവേശമാകുന്ന ക്രിസ്തുമാവിൻ പ്രകാശംമൂലം വേദവാക്യങ്ങളിൽ ആരാഞ്ഞറിഞ്ഞതിനെ ഇതാ ബോധിപ്പിക്കുകൊള്ളുന്നു.

എല്ലാവരെയും കനിഞ്ഞുകൊള്ളുന്ന പരമജനകനാകുന്ന ക്രിസ്തുവൻ സ്വാമി അവർകളെ കുടുംബസഹിതം അനുഗ്രഹിപ്പുതാക.

ഇങ്ങിനെ താഴ്മയുള്ള വന്ദനത്തോടു ക്രൂടെ എഴുതി ബോധിപ്പിച്ചുകൊള്ളുന്നു. യൂസ്സു യോസേഫ്.

കൊല്ലകവടക്കേടത്തു മില്ലു.

൨൮

പൊന്നുതമ്പുരാൻ തിരുമുമ്പാകെ തിരുമനസ്സറിയിക്കുന്നതിനു

കരുനാഗപ്പള്ളി മണ്ടപത്തുംവാതുക്കൽ വസ്തുപ്രവൃത്തിയിൽ കൊല്ലകപ്പുത്തൻബംഗ്ലാവിൽ ഇരിക്കും കന്നിറ്റി ഉണർവു സഭാലോചനസംഘത്തിന്റെ ശുശ്രൂഷക്കാരനായ റവറണ്ട് യൂസ്സുയോസേഫ് പാദ്രി കൈക്കുറപ്പാട്ട ചെയ്തു ബോധിപ്പിക്കുന്നതു.

പൊന്നുതിരുമേനി!

അടിയൻ ഇപ്പോൾ തിരുമുമ്പാകെ അറിയിച്ചുകൊള്ളുന്നതു ഉണർവു സഭാലോചനസംഘത്തിന്റെ ആൾപ്പേർ എന്നുള്ള മുറെക്കുകുന്നു. അടിയങ്ങൾ ആബാലവൃദ്ധം ഉദ്ദേശം ൦൦൦ ആത്മാക്കൾ കൊല്ലം ഡിവിഷ്യനിൽ പല സ്ഥലങ്ങളിലായി പാർത്തുവരുന്നവരും ചച്ച്മിശിയോനിൽ നിന്നും സുറിയാനിസഭയിൽ നിന്നും ചേർന്നിട്ടുള്ളവരും ആകുന്നു എങ്കിലും അടിയങ്ങളുടെ സ്ഥിതിയെക്കുറിച്ചു വിചാരിക്കുമ്പോൾ ലൌകികപ്രകാരം അനാഥരായിട്ടാകുന്നു അടിയങ്ങൾ ഇരിക്കുന്നതു.

എന്തെന്നാൽ ഒന്നാമതു യേശുക്രിസ്തനാകുന്ന രാജാധിരാജാവു ക്രിസ്താബ്ദം ൧൮൬൭ാം വർഷത്തിൽ സകല കണ്ണും കാൺകെ അഗ്നിമേഘത്തിൽ വെളിപ്പെട്ടുവാനിരിക്കുന്നതിനാൽ എല്ലാവരും അവനവൻ ചെയ്ത പാപങ്ങളെ ഏറുപറഞ്ഞുകൊണ്ടു യേശുക്രിസ്തനിൽ നിന്നു പാപമോചനം കൈക്കൊള്ളേണ്ടതാകുന്നു എന്നു അടിയൻ ക്രിസ്താത്മാവായ പരമാത്മാവിന്റെ നിയോഗപ്രകാരം വേദവിധി അനുസരിച്ചു പ്രസിദ്ധപ്പെടുത്തിയതുകൊണ്ടു ഈ പരമോപദേശത്തെ പാതിരിമാർ ധിക്കരിക്കയും മറ്റുള്ളവർ നിസ്സാരമാക്കുകയും മറ്റു അനേകർ ഇതിൽ ഇടറിവീണു എതുക്കയും ചെയ്തു. എങ്കിലും അവരുടെ വായ്ത്തല മിണ്ടടങ്ങുവാൻ തക്കവണ്ണം വേദത്തിൽ നിന്നു അനേകം സാക്ഷികളെ കൊടുത്തതിനാൽ അവർ എല്ലാവരും ക്രൂരതയും വൈരാഗ്യവും പൂണ്ടു വിരോധികളായി ചമഞ്ഞിരിക്കുന്നു.

വാസ്തവത്തു ഒരുവൻ അടിയങ്ങളുടെ നേരെ അന്യായം പ്രവൃത്തിക്കുമ്പോൾ അതിനെ ഏറും അടിയങ്ങൾക്കുള്ളവയെ അന്യൻ അപഹരിക്കുമ്പോൾ അവയെ സഹിച്ചുംകൊണ്ടു കൂടുമെയോട്ടു ക്രൂടെ പ്രതികാരചിന്തയെന്നിയെ അടങ്ങിപ്പാർത്തുകൊള്ളേണ്ടതു അടിയങ്ങളുടെ നടപ്പുപ്രമാണമാകയാൽ അന്യർക്കു അടിയങ്ങളോടെന്തും പ്രവൃത്തിപ്പാൻ തക്കവണ്ണം വിസ്താരമുള്ളൊരു വാതിൽ ഇതാ തുറക്കപ്പെട്ടിരിക്കുന്നു.

ഈ രണ്ടു കാരണത്താൽ അടിയങ്ങളിൽ ഉപദ്രവമാകുന്ന കാറ്റു വീശുവാൻ തുടങ്ങിയിരിക്കകൊണ്ടു സർവ്വശക്തൻ അനാഥരായ അടിയങ്ങൾക്കു ലൌകികപ്രകാരം രക്ഷയായി കണ്ടിരിക്കുന്നതു ഈ സർക്കാരെ ആകുന്നു, എന്തെന്നാൽ ഈ രാജ്യത്തുള്ള പ്രജകളിൽ സർക്കാർ

കല്പനയെ മനഃപൂർവ്വമായി ആചരിക്കുന്നവരുടെ കൂട്ടത്തിൽവച്ചു ഒന്നാമതായിട്ടു എണ്ണപ്പെടേണ്ടുന്നവർ അനാഥരായ ഈ കിടാങ്ങൾ ആകുന്നു.

അടിയൻ അറിയിച്ചുകൊള്ളുന്ന ഈ കാര്യങ്ങൾ ഉണ്മയാകുന്നു എന്നു പൊന്നുതിരുമേനി തന്നെ തൃക്കൺപാർത്തു നോക്കിയാൽ അറിയാം.

ദൃഷ്ടാന്തമായിട്ടു കായംകുളത്തു ഉണർവുസഭക്കാർ ഉണ്ടാക്കിയ പള്ളിക്കൂടത്തെപ്പറ്റി ആയതു പള്ളിയെന്നു തിരുവല്ലാ തോലശ്ശേരിബംഗ്ലാവിൽ ഇരിക്കും വാണ്ടു കേചിപാതിരി അപവാദമായി ബോധിപ്പിച്ച എഴുത്തിനെ ആധാരമാക്കി സർക്കാർ വിചാരണ കഴിച്ചാറെ ആയതു പള്ളിയല്ല പള്ളിക്കൂടമാകുന്നു എന്നു തെളിഞ്ഞാറെയും തെളിവിനു വിരോധമായി സർക്കാർ പള്ളി എന്ന അഭിപ്രായപ്പെട്ടു. പള്ളിക്കൂടക്കാരെ നമ്പരിൽ ചേർത്തു കാറും കൊടുക്കയും പള്ളിക്കൂടം വിരോധിക്കയും ചെയ്തിരിക്കുന്നു. എന്നാൽ അതിൽ പൈതങ്ങളെ പഠിപ്പിക്കയും കാലത്തും വൈകിട്ടും പ്രാർത്ഥിക്കയും ചിലപ്പോൾ ഉപവാസപ്രാർത്ഥന നടത്തുകയും ചെയ്തിട്ടുള്ളതല്ലാതെ പള്ളിയിൽ വച്ചു നടത്തുന്ന കുർബാന എന്ന സത്യകർമ്മവും മാമോദീസാ എന്ന തിരുസ്സാനവും വിവാഹവും ശവസംസ്കാരവും നടത്തീട്ടില്ല. നടത്തുവാൻ ഉണ്ടാക്കപ്പെട്ടിട്ടുമില്ല സത്യം. [കുർബാന മുതലായ മേലുറഞ്ഞ കർമ്മങ്ങൾ അടിയങ്ങൾ നടത്തിവരുന്നതു അടിയങ്ങളുടെ കൂപ്പാർട്ടുകളിലാകുന്നു. എന്തെന്നാൽ അടിയങ്ങളുടെ പള്ളിയുടെ മേൽക്കൂര ആകാശത്തും കീഴ്ഭാഗം ഭൂമിയുമാകയാൽ അടിയങ്ങൾക്കു സ്വാതന്ത്ര്യമുള്ള സ്ഥലങ്ങളിലൊക്കയും മേലുറഞ്ഞ കർമ്മങ്ങൾ നടത്തിക്കൊൾവാൻ വേദവിധിയുണ്ടു.]

അയ്യയ്യാ! പൊന്നുതിരുമേനി! രാജ്യത്തിന്റെ ശ്രേയസ്സിന്നായി കരുതികൊണ്ടു മഹാദൈവത്തോടു അപേക്ഷിച്ചു പോരുന്ന അനാഥരായ ഈ അടിയങ്ങളെ ഉപദ്രവിക്കുന്തോറും ദൈവകോപം കത്തിക്കാളി വരുന്നതുകൊണ്ടു വസന്തയാൽ വലുതായുള്ളോരു സംഹാരം താമസിയാതെ ഉണ്ടാകുമെന്നു സർവ്വശക്തന്റെ ആവേശമാകുന്ന ക്രിസ്തുആത്മാവിൻ പ്രകാശംമൂലം വേദവാക്യങ്ങളിൽ നിന്നു അരാഞ്ഞറിഞ്ഞതിനെ. അടിയൻ ഇതാ അറിയിച്ചുകൊള്ളുന്നു. ഇതിനുള്ള പ്രതിശാന്തി വിശുദ്ധ ദിവസമായ സുഖ്വാരത്തിൽ സർവ്വശക്തനോടുള്ള ഉദയാസ്തമനമായ ഉപവാസപ്രാർത്ഥനയെന്നിയെ വേറൊന്നുമില്ല.

നിവേദിതാ ദേവമയാ ദശേയ
മനുക്തിതോഷോ മയി നോപവാദ്യഃ
നിവേദ്യതേ രക്ഷ്യജനേന ദുഃഖം
തതഃ പരസ്മാൽ പ്രഭവഃ പ്രമാണം

എല്ലാവരേയും കനിഞ്ഞുകൊള്ളുന്ന പരമജനകനായ കൃപാസമ്പൂർ
ണൻ പൊന്നുതിരുമേനിയെ കനിഞ്ഞു കാത്തു സൂക്ഷിപ്പുതാക.
ഇങ്ങനെ താഴ്മയുള്ള വന്ദനത്തോട്ടു കൂടെ കൈക്കൊണ്ടപ്പോട്ടെ
അറിയിച്ചുകൊള്ളുന്നതു.

യൂസ്സുയോസേഫ

കൊല്ലക ഫവ്വന്നെ. മെയി.

To

Mr. C. Luke Thayil

Thevalakara.

My dear Mr Luke.

തയിൽ ലൂക്കാച്ചനു

നമ്മുടെ പരമപിതാവായ ദൈവം തങ്കളേയും തങ്കളുടെ കുടുംബത്തേയും പ്രത്യേകം സ്നേഹിച്ചിരിക്കയാൽ തന്റെ പരിശുദ്ധപുത്രനായ നസറയ്നനാകുന്ന യേശുവിനെ വെളിപ്പെടുത്തുവാനും അവന്റെ മഹത്വപ്രത്യക്ഷതെക്കു സാക്ഷിയായി നിയമിപ്പാനും ആയിട്ടു തിരുവനന്തപുരത്തിൽനിന്നു തങ്കളെ കുടുംബത്തുങ്കൽ ഇപ്പോൾ വരുത്തീരിക്കുന്നതുകൊണ്ടു കർത്താവിന്റെ കല്പനപ്രകാരം തന്റെ ജനങ്ങൾക്കു ശുശ്രൂഷ കഴിക്കുന്നവൻ എന്നുള്ള മുറെക്കു ഞാൻ തങ്കളോടു പറയുന്ന കാര്യം ഇതത്രെ. ജീവകൃപെക്കു പാത്രമായി തീരുവാൻ തക്കവണ്ണം തങ്കളെ കർത്താവു കടാക്ഷിച്ചിരിക്കയാൽ ഹൃദ്ഗതകാലം തങ്കൾ അറിയാതിരിക്കുന്ന എങ്കിൽ നാഥൻ തന്റെ രോഷത്തോട്ടു കൂടെ കുടുംബത്തെ നോക്കുകയും തന്റെ ഉഗ്രഷ്ടാവിനു ഭ്രമിപ്പിക്കയും ചെയ്യും നിശ്ചയം എന്നത്രെ. ആകയാൽ തങ്കളെ കാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നതുകൊണ്ടു ഞങ്ങൾ അങ്ങോട്ടു വരികയോ അല്ലെങ്കിൽ തങ്കൾ ഇങ്ങോട്ടു വരികയോ എങ്ങിനെ ഇഷ്ടമെന്നു മറുപടി കൊടുത്തയപ്പാറാകണം.

Collaca.
1876. may 10

With my kind regard
I remain
yours very sincerely.
Justus Joseph.

കന്നീററി ഉണർവുസഭാലോചനസംഘത്തിൽ ചേർന്ന എല്ലാ
ഇടവകയിലുള്ള സഹോദരന്മാർക്കു വന്ദനം

ഇവിടെയും പ്രയാണങ്ങളിലും ഉള്ള പൊതുവായ ദൈവാരാധനെക്കു തക്കതായൊരു കൂടാരവും പ്രകരണം അച്ചടിപ്പിച്ചു ആയതും തയാറായിരിക്കണമെന്ന ആത്മനിയോഗം ഇതിനു മുമ്പേ തന്നെ ഉണ്ടായിരിക്കുന്നതു മാത്രമല്ല. ഇപ്പോഴും ബഹു കശ്നത്തോടും കൂടെ വെളിപ്പെട്ടിരിക്കയാൽ ആയതു നിങ്ങളെ എല്ലാവരെയും വീണ്ടും ഓർമ്മ എഴുത്തുമൂലം അറിയിപ്പിച്ചുകൊള്ളുന്നതുകൂടാതെ ഞങ്ങളും സുവിശേഷകന്മാരും യാത്രക്കു ഒരുങ്ങിയിരുന്നുകൊള്ളണമെന്നു വെളിപ്പെട്ടിരിക്കുന്നതിനെയും തിരിയപ്പെടുത്തിക്കൊള്ളുന്നു. സഹോദരന്മാരെ ഇക്കാര്യങ്ങൾക്കായി നാഥൻ തന്റെ ആത്മാവുമൂലം ആരെ എല്ലാം ഉത്സാഹിപ്പിച്ചിരിക്കുന്നുവോ അവർ തങ്ങളുടെ മനഃപൂർവ്വകാര്യകളെ പൊതുനിക്ഷേപത്തിൽ ശേഖരപ്പെടുത്തുവാൻ ഓർമ്മ വിവരം അറിയുന്ന നാൾമുതൽ അയച്ചുകൊണ്ടിരിക്കുമാറാകട്ടെ.

വിശേഷിച്ചും വരുന്നമാസം ൫ാം൹ മുതൽ ൱ാം൹ വരെ പൊതുവിലുള്ള ഉപവാസം തേവലക്കര വെച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കയാൽ വരുവാൻ കഴിയുന്നവർ തൻചിലവിന്മേൽ വന്നു ചേർന്നുകൊൾവാൻ അപേക്ഷിക്കുന്നു. ൱ാം൹ പരിശുദ്ധാത്മാവിന്റെ ദിവസമായ വിശുദ്ധ ഞായറാഴ്ചയത്രെ.

സുവിശേഷകന്മാർ അവരോടു മുൻ അറിയിപ്പിച്ച പ്രകാരം വന്നു ചേർന്നുകൊള്ളുമല്ലൊ.

ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ ശുശ്രൂഷക്കാരനായ

കന്നീററിനിന്നും യൂസ്സുയോസേഫ.

൧൮൭൬ൽ ഇടവം ൧൬൹

To ൩൭

The Revd. W. West Elewes
Bishop's chaplain.
Madras

Revd. & dear Sir

I am sorry to say that only yesterday evening I got your letter of the 24th. January 1876. Within a few days I will write the reply for it.

Believe me
very sincerely yours
J. Joseph

Canneet
March 16. 1876.

നമ്പ

To

The Revd. W. West Elewes
Bishop's Chaplain
Madras

Revd. & dear Sir

I have already showed in the letter I sent to the Bishop on the 20th. of last January about my not going to Cottayam according to the citation.

As the citation which the Bishop sent me from Cottayam clearly seemed to cause my oath of canonical obedience to have been violated by myself, I did not go to Cottayam.

Therefore surely I have not made any violation to my oath of canonical obedience.

Believe me
very sincerely yours
J. joseph

Kanneet
March. 23. 1876.

നമ

കന്നീറ്റി ഉണർവുസഭാലോചന സംഘത്തിൽ ചേർന്ന കൊട്ടാരക്കര ഇടവകയിലുള്ള സഹോദരന്മാർക്കു വന്ദനം.

ഈ മാസം ൨൫ാം ൟ വരുന്ന വെള്ളിയാഴ്ച ഉപവാസദിനമായും ൨൭ാം ൟ ജനനപ്പെരുന്നാളാകയാൽ ശനിയാഴ്ച സന്തോഷദിനമായും ഞായറാഴ്ച കർത്താവിന്റെ രാത്രിക്ഷേണദിവസമായും നിയമിച്ചിരിക്കുന്നതിനാൽ വരുവാൻ കഴിയുന്നവർ ഇവിടെ വന്നു ചേർന്നു കൊള്ളുകയും ശേഷമുള്ളവർ അവിടെയുള്ള പള്ളിക്രൂടത്തിൽ ഈ മൂന്നു ദിവസവും പ്രാർത്ഥന, പ്രസംഗം മുതലായതു നടത്തിക്കൊള്ളുകയും ചെയ്വാൻ അപേക്ഷിക്കുന്നു. ആ വകെക്കു ഒന്നോ അതിലധികമോ ഉള്ള തക്ക ആളുകളെ നിയമിച്ചയച്ചു പോരണം. ഇടവകപ്പട്ടക്കാരനും കായ്സ്ഥനും മുതൽപിടിക്കാരനും സിക്രട്ടേരിമാരും ആലോചനെക്കായിട്ടു വന്നെ കഴിയൂ. ഇടവക തിരിച്ചു കയ്യൊപ്പു വെച്ചു വകർപ്പു കടലാസും ക്രൂടെ കൊണ്ടുവരുന്നതു ക്രൂടാതെ ദൈവം ഓരോരുത്തനു നൽകിയിരിക്കുന്ന പ്രാപ്തിപ്രകാരം മനഃപൂർവ്വമായ കാഴ്ചക

ളെ വരുന്നവർവശം കൊടുത്തയക്കുകയോ കൊണ്ടുവരികയോ ചെയ്യാറാകണം.

ഇപ്രകാരം നിങ്ങളുടെ ശുശ്രൂഷക്കാരൻ യൂസ്സൂ യോസേഫ്.

ഇതു ഇടവകകൾ തോറും അയച്ചിട്ടുണ്ട്.

കന്നീറ്റിനിന്നും | ചെങ്കൊളം. ചെങ്ങന്നൂർ. കാത്തികപ്പള്ളി. മങ്കുഴി.

മീനമാസം മുതൽ മേടമാസം വരെ | വിവരം കൊട്ടാരക്കര. നിരണം. കായംകുളം.

൭൦-

കന്നീറ്റി ഉണർവു സഭാലോചനസംഘത്തിൽ ചേർന്ന ചെങ്കുളം ഇടവകയിലുള്ള സഹോദരന്മാർക്കു വന്ദനം.

ഈ മാസം മുതൽ ൨൦ാം നു- ബുധനാഴ്ച മുതൽ നു. ൪ വരെ ദിവസം ഉപവാസവും അവയിൽ വ്യാഴാഴ്ച സംഘത്തിന്റെ ആലോചനദിവസവും അന്നു രാത്രിയിൽ തിരുവത്താഴവും വെള്ളിയാഴ്ച കർത്താവിന്റെ കഷ്ടപ്പാടിനെ പ്രത്യേകം ഓർക്കുന്നതിനുള്ള ദിവസവും ഇങ്ങിനെ നിശ്ചയിച്ചിരിക്കുന്നതിനാൽ ഇടവകപ്പട്ടക്കാരൻ കാര്യസ്ഥന്മാർ മുതൽപിടിക്കാരൻ മൂപ്പന്മാർ സിക്രട്ടേരിമാർ സഭക്കാരിൽ വരുവാൻ കഴിയുന്നവർ ബുധനാഴ്ച ഇവിടെ വന്നു ചേർന്നുകൊൾവാൻ അപേക്ഷിക്കുന്നു.

വിശേഷിച്ചും ദൈവം ഓരോരുത്തനു നൽകിയിരിക്കുന്നതിനുള്ളതും പൊതു നിക്ഷേപത്തിലേക്കു ചേർപ്പാനായി നിങ്ങളുടെ മനഃപൂർവ്വകാഴ്ചകളേയും കൊണ്ടുപോരുവാറാകണം.

ഇപ്രകാരം നിങ്ങളുടെ ശുശ്രൂഷക്കാരൻ. യൂസ്സൂയോസേഫ്.

൧൮൭൬. മേടമാസം ൧൦ാം നു- കന്നീറ്റിൽനിന്നും.

ചെങ്കൊളം. കടമ്പനാട്ടു കായംകുളം കാത്തികപ്പള്ളി നിരണം ഇലന്തൂർ കൊട്ടാരക്കര. കന്നീറ്റി മങ്കുഴി ചെങ്ങന്നൂർ പുവത്തൂർ വെൺമണി.

To ൭൮

The Revd. J. Caley Tiruvella. June 17. 1876.

My dear Sir.

൧൮൭൬ കെലി സായ്പിനു.

സായ്പവർകളെക്കുറിച്ചും മറ്റെല്ലാ മിശിയോനരിമാരെക്കുറിച്ചും എന്റെ പ്രിയ മാതാവായ ചർച്ചുമിശിയോനെക്കുറിച്ചും ക്രിസ്തു

വിൽ പ്രത്യേകപിതാവായ ബിഷോപ്പു സായ്പു അവർകളെക്കുറിച്ചും എന്റെ ഹൃദയം പൊടിയുന്നതിനാൽ പിന്നെയും എഴുതുന്നു. നിങ്ങൾ ദൈവത്താൽ സ്നേഹിക്കപ്പെട്ടവരും ജീവനുള്ള വേദവാക്യങ്ങളെ ഞങ്ങളുടെ സ്വന്ത ഭാഷയിൽ ചെയ്തു തന്നവരും ക്രിസ്തുവിൽ മാതാപിതാക്കന്മാരും ആകയാൽ ഞങ്ങൾ എല്ലാവരുടെയും പേർക്കു ഇതാ ഞാൻ നിങ്ങൾക്കു വന്ദനം ചൊല്ലുന്നു.

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു മഹാരാജാവിന്റെ മഹത്പ്രത്യക്ഷതയെക്കുറിച്ചു. (ആയതു ഏവ്വഹാം വർഷത്തിൽ ഉണ്ടാകും) അവന്റെ ആത്മാവിൻ നിയോഗപ്രകാരം വേദവിധി അനുസരിച്ചു ഞാൻ പ്രസിദ്ധപ്പെടുത്തിയതിനാൽ നിങ്ങൾ എന്നെ പകച്ചു തള്ളിക്കളഞ്ഞുവല്ലൊ. എങ്കിലും എന്റെ പിതാവായ നസറയൻ എന്നോടു കൂടെ ഇരിക്കുന്നതിനാൽ ഞാൻ വലിയവർക്കും ചെറിയവർക്കും അവനിൽ നിന്നു പ്രാപിച്ച സാക്ഷികളെ വകഞ്ഞൊണ്ടു കുറെ മറെ മനസ്സാക്ഷിയോടും കൂടെ അവന്റെ ചിറകിന്റെ കീഴിൽ ഇതുവരെയും രക്ഷമത്തോടു പാർത്തുവരുന്നു. ഇനിക്കുവേണ്ടി തന്റെ ജീവനെ വച്ച എൻ പിതാവിന്റെ ഈ മഹത്വകാംക്ഷയ്ക്കുവേണ്ടി എന്റെ ജീവനും വിലയുള്ളതെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തെന്നാൽ ഇനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും തന്നെ.

നസറയനായ യേശുമഹാരാജാവിന്റെ ആത്മാവു ക്രൂശിയെ ഇനിയും ഞാൻ ഇതാ നിങ്ങളെ കേൾപ്പിക്കുന്നു. "ലോകത്തിന്റെ ആദിമുതൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്തതും ഇനി മേൽ ഉണ്ടാകാത്തതുമായ മഹാകഷ്ടങ്ങളുടെ ആരംഭമാകുന്നു. ഏവുനെമെയി മുതൽ "യഹോവാ അഗ്നികൊണ്ടും തന്റെ വാൾകൊണ്ടും സകല ജഡത്തോടും വ്യവഹരിക്കും. യഹോവായാൽ കൊല്ലപ്പെട്ടവർ പലരുമായിരിക്കും" എന്നു തന്നെ. ഇതിനു വരുന്ന ഒക്ടോബർ മാസത്തിനകം നിങ്ങൾക്കു സാക്ഷി ലഭിക്കും നിശ്ചയം. ആയതുകൊണ്ടു നസറയനായ യേശുവിന്റെ വാൾ ദൈവഭവനമായ ക്രിസ്ത്യാനിസഭയിൽ നിന്നു ന്യായവിധിയെ നടത്തി തുടങ്ങുവാൻ വന്നിരിക്കുന്നതിനാൽ ഇപ്പോൾ നിങ്ങൾ പൂർണ്ണ ഹൃദയത്തോടെ ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടും എന്റെ അടുക്കൽ തിരിവിൻ എന്നു യഹോവാ പറയുന്നു. നിങ്ങൾ നിങ്ങളുടെ വസ്ത്രങ്ങളെ അല്ല നിങ്ങളുടെ ഹൃദയങ്ങളെ ചീന്തി നിങ്ങളുടെ ദൈവമായ യഹോവായുടെ അടുക്കലേക്കു തിരിവിൻ. എന്തെന്നാൽ അവൻ കൃപയും കരുണയും കോപത്തിൽ സാവധാനവും മഹാ ദയക്ഷിണ്യമുള്ളവനും ദോഷത്തിൽ അനുതാപപ്പെടുന്നവനും ആകുന്നു. അവൻ തിരിഞ്ഞു അനുതാപപ്പെട്ടു

നിങ്ങളുടെ ദൈവമായ യഹോവാസ്സ് ആഹാരക്രമത്തിലും പാനീയകാ
ര്യത്തിലും ആയുള്ള അനുഗ്രഹത്തെ വച്ചുകൊള്ളും ആകയാൽ.

ഇപ്രകാരം എന്റെ പ്രാണനെപോലെ നിങ്ങളെ സ്നേഹിക്കുന്ന
അടിയൻ

യൂസ്സൂസു യോസേഫ്.

42

ആറുവർഷക്കാരെക്കുറിച്ചു എന്ന ട്രാക്ടറിന്റെ നിബന്ധാവിനു.

അല്ലയോ സ്നേഹിതാ!

താങ്കൾ ഏകദേശം അച്ചടിച്ചിട്ടുള്ള ഈ ട്രാക്ടു പുസ്തകത്തിൽ ഒരു പ്രതി ഈ ഇടയദൃഷ്ടിയായി എന്റെ വിധേയം ആകുവാൻ ഇടയായതിനാൽ ഞാൻ അതിനെ ഉറക്കവായിച്ചു ചിന്തിക്കുതിൽ ചില കാര്യങ്ങൾ താങ്കളോട് മോദിപ്പാനും അവയെപ്പറ്റി ചില ഗുണദോഷങ്ങൾ പറവാനും ഞാൻ നിർബന്ധപ്പെട്ടിരിക്കയാലത്രെ ഇപ്പോൾ എഴുതുന്നതു.

"താങ്കൾ പറയുന്ന ആറുവർഷക്കാരുടെ ഉപദേശം ഭൂലോകത്തിലൊക്കയുമുള്ള സകല ക്രിസ്ത്യാനികളുടെ ഉപദേശത്തിനും വിശുദ്ധവേദപുസ്തകത്തിനും വിരോധമുള്ളതാകുന്നു" എന്നത്രെ. അതിനു താങ്കൾ സാക്ഷികരിക്കുന്നതു. "നമ്മുടെ അനുഗ്രഹിക്കപ്പെട്ട കർത്താവിന്റെ വരവുനാളിനെക്കുറിച്ചു നാം അറിയായ്കകൊണ്ടു ഉണർന്നിരിപ്പാൻ നമ്മോടു കല്പിക്കുന്ന അനേകം സ്ഥലങ്ങൾ വേദപുസ്തകത്തിൽ ഉണ്ടു. എന്നാൽ നാം ആ നാളിനെ അറിയുന്നതുകൊണ്ടു നാം ഉണർന്നിരിക്കണമെന്നു നമ്മോടു കല്പിക്കുന്ന യാതൊരു വേദവാക്യവും അതിൽ ഒരടയാളം കാണുമാറില്ല" എന്നുകൂടെ. ഇതിൽ താങ്കളുടെയുക്തികർത്താവിന്റെ വരവുനാൾ അറിയാത്തതുകൊണ്ടു ഉണർന്നിരിപ്പാൻ വേദം കല്പിക്കുന്നതല്ലാതെ അറിയുന്നതിനാൽ ഉണർന്നിരിക്കണമെന്നു വേദത്തിൽ ഒരടയാളം കാണുമാറില്ലാത്തതിനാൽ ആറുവർഷക്കാരുടെ ഉപദേശം വേദത്തിനു വിരോധം എന്നത്രെ. ഈ യുക്തിയിൽ നിന്നു അറിയുന്നതിനാൽ ഉണർന്നിരിക്കണം എന്നു വേദത്തിൽ എവിടെ എങ്കിലും കണ്ടാൽ ആറുവർഷക്കാരുടെ ഉപദേശം വേദവിപരീതമല്ലെന്നും കൂടെ താങ്കൾ സമ്മതിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ വേദത്തിൽ ഇല്ലല്ലൊ. എന്നു താങ്കൾ പറയുമായിരിക്കും. ക്ഷമപ്പിൻ. താങ്കളുടെ ട്രാക്ടറിലെ ആദ്യം കാണിച്ചിരിക്കുന്ന ഒന്നാംവാക്യത്തിന്റെ സാരം എന്തു? കള്ളൻ ഇന്ന യാമത്തിൽ വരുമെന്നു വീട്ടുജമാനൻ അറിഞ്ഞതിനാലും എങ്കിലും അവൻ ഉണർന്നുകൊണ്ടു തന്റെ വീടു മുറിക്കുപ്പെടുവാൻ സമ്മതിക്കാതിരിക്കുമായിരുന്നു എന്നുള്ളതു അറി

വിൻ.(മത്ത. വ൪. ൯൯ ഇതിൽനിന്നു കള്ളൻ വരുന്ന യാമം ഇന്നതെ
ന്നു വീട്ടുടയവൻ അറിഞ്ഞെങ്കിലെ ഉണ൪ന്നും വീടു മുറിക്കപ്പെടുവാൻ
സമ്മതിക്കാതെയും ഇരിപ്പാൻ കഴിയു എന്നു തെളിയുന്നു. താങ്കളുടെ
കാര്യത്തിൽ ഇതിന്നു മാറുപടിയായിട്ടാണൊ ഈ വാക്യത്തിന്റെ സാരം
തെളിയുന്നതു. എന്നാൽ ആയതു ഇന്നതെന്നു അറിവാൻ ആഗ്രഹിക്കു
ന്നു.

൨മതു താങ്കൾ പറയുന്ന അരുവ൪ഷക്കാരു ഉണ൪ന്നാൽ അറിയും എ
ന്നു പറയുന്നതു കേവലം തെറ്റുതന്നെഎന്നും അതിന്റെ കാരണം അ
പ്പോസ്തോലർ, രക്തസാക്ഷിക്കാ൪, പിൻവന്ന വിശ്വാസികൾ, ഇ
പ്പോൾ ലോകത്തിലുള്ള സത്യക്രിസ്ത്യാനികൾ ഉണ൪ന്നിരുന്നാം അ നാ
ൽ എപ്പോൾ എന്നു അറിഞ്ഞില്ല. പിന്നെ ഉണ൪ന്നിരുന്നാൽ അറിയും
എന്ന അരുവ൪ഷക്കാ൪ക്കു എങ്ങിനെ പറയാം. ദൈവവചനം അങ്ങി
നെ പറയുന്നില്ലെന്നും തന്നെ. ഇതിൽ താങ്കളുടെ യുക്തി അപ്പോസ്തു
ലർ മുതൽ നാളേത്തുവരെയുമുള്ള വിശ്വാസികൾ ഉണ൪ന്നാലും അ നാ
ൽ ഇന്നപ്പോൾ എന്നു അറിയാഞ്ഞതുകൊണ്ടു ഉണ൪ന്നാൽ അറിയാം
എന്നു പറയുന്നതു തെറ്റത്രെ എന്നാകുന്നു. ഇതിൽനിന്നു ഒരുവൻ ഉണ
ന്നാലും അറിയായ്മയിൽ ഇരിക്കുന്നു എന്നും ഇപ്പോൾ ഉള്ള വിശ്വാ
സികൾ മാത്രമല്ല മുൻവിശ്വാസികളും അപ്പോസ്തോലരും അവർ ഉ
ണ൪ന്നാറെയും അറിയായ്മയിൽ തന്നെ ഇരുന്നു എന്നും തെളിയുന്നു
കൂടാതെ പുത്രനും അറിയുന്നില്ലെന്ന വാക്യത്താൽ മശിഹായും അറി
യായ്മയിൽ ഇരിക്കുന്നു എന്നും താങ്കളുടെ യുക്തി സാധിക്കുന്നു. ആയ
തു ഇപ്പോൾ ഉള്ളവർ അറിയാത്തതു മുന്നുള്ളവർ അറിയാഞ്ഞതിനാൽ.
അവർ അറിയാതെ ഇരുന്നതു മശിഹാ അറിയാഞ്ഞതിനാൽ എന്ന
ത്രെ.

സ്നേഹിതാ! ഉണ൪ന്നാൽ അറിയാമെന്നതു സ൪വ്വസമ്മതമത്രെ. അതിനു
വിരോധമായി ഉണ൪ന്നാലും അറികയില്ലെന്നു ഒരുവൻ പറഞ്ഞാൽ അ
വന്റെ ഇരുൾ എത്ര വലിയതു. തങ്കലുള്ള വെളിച്ചം ഇരുളായവനു
രാജ്യത്തെക്കുറിച്ചുള്ള വചനം കേട്ടാൽ തിരിച്ചറിവാൻ കഴികയി
ല്ല. അതിനാൽ അത്രെ ഇവണ്ണം പറയുന്നതു. അതുകൊണ്ടു അതിശ
യിപ്പാനില്ല. ഇരിക്കട്ടെ. ഭേദവാക്യം ഉണരുവാൻ പറയുന്നതു എ
ന്തിനാ? ഉണ൪ന്നാൽ ഉണ്ടാകുന്ന ഫലം എന്തു? അറിയായ്മയാൽ ഉണ൪ന്നി
രിപ്പാൻ എന്ന വാക്യത്തിന്റെ സാരം ഉണ൪ന്നാലും അറികയില്ലെന്നു
തന്നെയോ? ഇതിനെ ആധാരമാക്കീട്ടാണൊ അപ്പോസ്തോലർ മുതലാ
യവർ ഉണ൪ന്നാറെയും അറിഞ്ഞില്ല എന്നു പറഞ്ഞതു? അല്ലെങ്കിൽ
വേറെ ഭേദവാക്യം ഉണ്ടോ? ഭേദവാക്യം മനോബോധത്തിനാ വിപ
രീതമായിരിക്കുമോ? ഉണ൪ന്നാലും അറികയില്ല എന്നു പറയുന്നതു മ
നോബോധത്തിന്നു അനുകൂലമൊ? പ്രതികൂലമൊ? അനുകൂലമെന്നു
അസ്സന്നല്ലാതെ പിന്നെ ആക്കും പറവാൻ കഴികയില്ല. അതുകൊണ്ടു

അപ്പോസ്തോലർ മുതലായ മൻവിശ്വാസികൾ ഉണർന്നാറെയും അറിഞ്ഞില്ലെന്നു താങ്കൾ നിർണ്ണയിച്ചതു എങ്ങിനെ? വ്യാഖ്യാനികൾ അങ്ങിനെ പറയുന്നു എന്നായിരിക്കും ഉത്തരം ശരി. (മശിഹാ മനുഷ്യപ്രകാരം അറിയുന്നില്ല. ദൈവപ്രകാരം അറിയുന്നു എന്നവർ പറഞ്ഞുകൊണ്ടു അവന്റെ ആൾത്വത്തെ വേർപിരിക്കുന്നതിനാൽ അപ്രകാരമുള്ള ഉപദേശം ശപിക്കപ്പെട്ടതാകട്ടെ.) നെസ്തോരുകാരുടെ ശപിക്കപ്പെട്ട ഈ ഉപദേശം ആധാരമാക്കി സർവ്വജ്ഞനായ യേശു ഭാത്മാവിനാൽ ഉപദേശിക്കപ്പെട്ടും നടത്തിക്കപ്പെട്ടും ഉള്ള അപ്പോസ്തോലർ മുതലായ മൻവിശ്വാസികൾ ഉണർന്നാറെയും അറിഞ്ഞില്ല എന്നു പറയുന്നതു എത്ര ധിക്കാരവും അഹമ്മതിയുമുള്ള ദൈവദൂഷണം. അവർ ക്രിസ്തുവിൻ മനസ്സുള്ളവരും ദൈവ രഹസ്യങ്ങളുടെ കലവറക്കാരും അത്രെ. അതുകൊണ്ടു അപ്പോസ്തോലർ രക്ഷസാക്ഷിക്കാർ പിൻവന്ന വിശ്വാസികൾ ഇപ്പോൾ ഉള്ള സത്യക്രിസ്ത്യാനികൾ ഉണർന്നാറെയും അറിഞ്ഞില്ല എന്ന ധിക്കാരവും അഹമ്മതിയുമായ ദൈവദൂഷണം പറയുന്നതിനേക്കാൾ താങ്കളും ക്രൂരകാരായ നെസ്തോര്യരും ഉണർന്നാറെയും അറിഞ്ഞില്ല. അതുകൊണ്ടു ആറുവർഷക്കാരുടെ ഉപദേശം തെറ്റെന്നു പറഞ്ഞുകൊള്ളുന്നതാണു ഉത്തമം. ശേഷം പിന്നാലെ. ഇപ്രകാരം താഴ്മയോടുകൂടെ എഴുതിക്കൊള്ളുന്നതു. യൂസുസുയോസേഫ്

പുത്തൻപറമ്പിൽ

കുന്നംകുളം പി ഒ

നാമത്രേ. താങ്കൾ പറയുന്ന അമോസ നബി "ദൈവമായ കർത്താവു ദീർഘദർശിമാരായ തന്റെ ശുശ്രൂഷക്കാർക്കു തന്റെ രഹസ്യത്തെ അറിയിക്കാതെ അവൻ ഒരു കാര്യത്തേയും ചെയ്കയില്ല നിശ്ചയം" എന്ന ഇസ്രായേല്യരിലെ ദീർഘദർശിമാരെപ്പറ്റിപ്പറയുന്ന ഈ വാക്യത്തെ ആറു വർഷക്കാർ തങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു. അതിൽവച്ചു ഈ ആയിരത്തി എണ്ണൂറു വർഷങ്ങൾക്കിടയിൽ യാതൊരു വെളിപാടും ഇല്ലാതിരിക്കെ. ദൈവം ഇക്കാലങ്ങളിൽ യാതൊന്നും ചെയ്യാറില്ലെന്നു വരുന്നു. അങ്ങിനെ വരുമോ? ആറു വർഷക്കാരുടെ വ്യാഖ്യാനംകൊണ്ടു. അങ്ങിനെ വന്നു നിൽക്കുന്നതിനാൽ ആയതു [illegible]ന്തത്രെ. ഇസ്രായേലിലെ ദീർഘദർശിമാരെക്കുറിച്ചും ദൈവം തന്റെ രഹസ്യത്തെ അവർക്കു വെളിപ്പെടുത്തി വന്നു. എന്നാൽ അപ്പോസ്തോലരുടെ കാലം മുതൽ നാളത്രെ വരെ ദീർഘദർശിമാർ മൂലം ഒരു പുതിയ വെളിപാടിനെ കൊടുക്കാതെ മുൻ കൊടുത്തിട്ടുള്ള പഴയ വെളിപാടിൻപ്രകാരം ദൈവം സകലത്തേയും നടത്തിക്കൊണ്ടു പോരുകയാൽ അവൻ ഒന്നും ചെയ്യാതെ വൃഥാ ഇരുന്നു കളഞ്ഞു എന്നു പറയുന്നതു ശുദ്ധമെ ഭോഷത്വം. അതുകൊണ്ടു ആറു വർഷക്കാർ മേല്പറഞ്ഞ വാക്യത്തെ തങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിൽ

വച്ചു അവർ വഞ്ചകന്മാരൊ അല്ലെങ്കിൽ മൂഢരും നിഗളികളും എ
ന്നൊ വെളിപ്പെടുന്നു എന്നതത്രെ.

ഇതിൽ താങ്കളുടെ യുക്തി (ആമേ: നു: ൽ പറഞ്ഞിരിക്കുന്നത്
ഇസ്രായേലിലെ ദീർഘദർശിമാരെ കുറിച്ചാണ്. അവക്ക് തന്നെ ര
ഹസ്യത്തെ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ആ പഴയ വെളി
പാട്ടിൻമൂലം ദൈവം കാര്യങ്ങളെ നാളതു വരെ പ്രവൃത്തിച്ചു വരു
ന്നു എന്നല്ലാതെ അപ്പോസ്തോലരുടെ കാലം മുതൽ ഇതു വരെ യാ
തൊരു വെളിപാടും ഉണ്ടായിട്ടില്ലാത്തതുകൊണ്ട് മേൽ പറഞ്ഞ വാ
ക്യം മറ്റാരോടും ചേരുകയില്ല. കാര്യം ഇപ്രകാരമായിരിക്കെ ആറു
വർഷക്കാർ ഈ വാക്യത്തെ തങ്ങൾക്കായിട്ട് ഉപയോഗപ്പെടുത്തി
ക്കൊള്ളുന്നതു ഭ്രാന്തും മൌഢ്യവും നിഗളവും അത്രെ. എന്നാകുന്നു. ഇ
തിൽനിന്നു മേൽപറഞ്ഞ വാക്യം ഇസ്രായെൽ ദീർഘദർശിമാരോടു
മാത്രം യോജിച്ചിരുന്നതിനാൽ മറ്റാർക്കും ഉപയോഗപ്പെടുത്തിക്കൂടാ
യെന്നും അതിനാൽ പഴയ വെളിപാടു മതി പുതിയ വെളിപാടിനു
ആവശ്യമില്ലെന്നും തെളിയുന്നു. ഇത്തെളിവിനാൽ പഴയ ദീർഘദ
ർശിമാരോടു മാത്രം ദൈവം സംസാരിച്ചു പഴയ നിയമം മൂലം അവ
ൻ ഇതു വരെ ലോകരോടു വ്യാപരിച്ചു വരുന്നു എന്നും പറയേണ്ടിയി
രിക്കുന്നു.

സ്നേഹിതാ! കാര്യം ഇപ്രകാരം തന്നയോ? താങ്കൾ ഏതു നിയമക്കാ
രൻ? പഴയ നിയമക്കാരനോ? പുതിയ നിയമക്കാരനോ? എന്നു വ
ച്ചാൽ യഹൂദനോ? ക്രിസ്ത്യാനിയോ? എന്നാണ് ചോദിക്കുന്നത്? ?
എന്തെന്നാൽ ആമേ: നു: ൦ വാക്യം ഇസ്രായേൽ ദീർഘദർശിയോ
ടല്ലാതെ ക്രിസ്ത്യദീർഘദർശികളോടു യോജിക്കുന്നില്ല. ഇവർക്കു അതി
നെ ഉപയോഗപ്പെടുത്തിക്കൂടാ. ദൈവം ഇസ്രയേല്യദീർഘദർശിക
ളോടു സംസാരിച്ചിട്ടുള്ള വെളിപാടു മൂലമാകുന്നു. നാളതു വരെ പ്ര
വൃത്തിച്ചു വരുന്നത്. അപ്പോസ്തോലരുടെ കാലം മുതൽ ഒരു പുതിയ
വെളിപാടു ഉണ്ടായിട്ടില്ലഎന്നു താങ്കൾ പറയുന്നു. ഇങ്ങിനെ യ
ഹൂദനല്ലാതെ ഒരു ക്രിസ്ത്യാനിക്കു പറവാൻ കഴികയില്ല. കൊള്ളാം
ഞാൻ പറഞ്ഞതു അങ്ങിനെയല്ല. അപ്പോസ്തോലരും. ഇസ്രയെൽ
ദീർഘദർശിമാരാകുന്നു. പഴയ വെളിപാടെന്നു ഞാൻ പറഞ്ഞതു പു
തിയ നിയമത്തേയും കൂടെ ഉൾപ്പെടുത്തീട്ടാണ് എന്നു താങ്കൾ വാ
ദിക്കുന്നു പക്ഷം ആമേ: നു: ൦ വാക്യം ഇസ്രയെൽ ദീർഘദർശിമാ
രെക്കുറിച്ചു മാത്രമല്ല ക്രിസ്ത്യ ദീർഘദർശിമാരെക്കുറിച്ചു മാത്രമാകുന്നു
എന്നു താങ്കൾ സമ്മതിക്കേണ്ടിയിരിക്കുന്നു. അപ്പോസ്തോലർ ഇസ്രയെ
ല്യരല്ലെന്നു. താങ്കൾ പറഞ്ഞാൽ പുറജാതിയിൽനിന്നു ചേർന്ന ക്രി
സ്ത്യാനികളും ദീർഘദർശനം പറഞ്ഞു എന്നു പുതിയനിയമത്തിൽ കാ
ണുന്നുണ്ടല്ലൊ. അല്ലാതെയും ഒരുവൻ ക്രിസ്തുവിലായാൽ പരിച്ഛേ
ദന എന്നും അഗ്രചർമ്മമെന്നും വ്യത്യാസമില്ല എന്നു വേദം കൽപിക്കു

ന്നു. അതുകൊണ്ടു അപ്പോസ്തോലരിൽ ദൈവരഹസ്യമുണ്ടായിരുന്നു എന്നു താങ്കൾ സമ്മതിച്ചാൽ അവരുടെ ആത്മാവിനെ പ്രാപിച്ചവരുടെ മക്കളിലും ആ രഹസ്യം ഉണ്ടായിരുന്നു എന്നു സമ്മതിക്കണം അങ്ങനെ സമ്മതിക്കുന്നില്ലെങ്കിൽ മറെറ സമ്മതം സമ്മതമല്ലെന്നു വേണം പറവാൻ പോകട്ടെ താങ്കൾ ക്രിസ്ത്യനി തന്നെയൊ? ആകുന്നു എങ്കിൽ എല്ലാകാലത്തിലുമുള്ള ദേവഭയം ഉള്ളവരോടു എന്തെല്ലാം യോജിച്ചിരിക്കുന്നുമേല്പറഞ്ഞ വാക്യത്തെ മാറുപാടായി വ്യാഖ്യാനിപ്പാൻ കാരണമെന്തു? ഒരു വാക്യം ക്രിസ്ത്യാനികളോടു യോജിക്കുന്നില്ലെങ്കിൽ മററു വാക്യങ്ങൾ അവരോടു യോജിക്കുമോ? യോജിക്കുന്നില്ലെങ്കിൽ പഴയനിയമംകൊണ്ടു അവക്കു ഉപകാരമെന്തു? പഴയനിയമം കൊണ്ടു ഉപകാരമില്ലെങ്കിൽ പുതിയനിയമം കൊണ്ടില്ലെന്നു വേണം പറവാൻ. അങ്ങിനെ പറഞ്ഞാൽ അവൻ നാസ്തികൻ തന്നെ. ഇനിയും ചോദിക്കുന്നു "അവർ എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവരാകും". എന്ന വാക്യത്തിന്റെ സാരമെന്തു? ദൈവത്തിന്റെ രഹസ്യം ആരിൽ വ്യാപരിക്കുന്നു? ഇപ്പോൾ ദൈവഭക്തിയുള്ളവരുണ്ടോ? ഇല്ലയോ? പൌലൂസ ക്രിസ്ത്യാനികളുടെമേൽ ജ്ഞാനത്തിന്റെയും അറിയിപ്പിന്റെയും ആത്മാവിനെ ദൈവം പകരണമെന്നു എന്തിനു പ്രാർത്ഥിച്ചു?. അതിനാൽ ജ്ഞാനത്തിന്റെയും അറിയിപ്പിന്റെയും ആത്മാവു ഇപ്പോൾ ക്രിസ്ത്യാനികൾക്കു ആവശ്യമുണ്ടോ? ഇല്ലയോ? ആവശ്യമില്ലെങ്കിൽ അതിനുള്ള ആധാരമെന്തു? വ്യാഖ്യാനംതന്നെ എന്നു ആയിരിക്കും ഉത്തരം. മാനുഷവെപ്പായ വ്യാഖ്യാനത്തെ ആധാരമാക്കി സഭയുടെ വീട്ടവർദ്ധനക്കു എന്തെല്ലാം ആവശ്യമുള്ള ആത്മാവിൻ പലവിധ വ്യാപാരത്തെ നിഷേധിക്കുന്നതു എത്ര പാതകം. ക്രിസ്ത്യാനി എന്ന നാമം ധരിച്ച ഭയത്തിന്റെയും നാസ്തികത്വത്തിന്റെയും ആത്മാവിനാൽ നടത്തിക്കപ്പെടുന്നവരുടെ ശിക്ഷാവിധി എത്ര ഭയങ്കരമായിരിക്കും. അയ്യോ! ആയിരം വർഷക്കാരുടെ ഉപദേശം തെറെറന്നു വരുത്തേണ്ടുന്നതിനു താങ്കൾ ഒരു അപകടത്തിൽ ആകണമോ? അതുകൊണ്ടു വേഗം അനുതപിച്ചുകൊൾക. ആരെങ്കിലും പരിശുദ്ധാത്മാവിനു വിരോധമായിപ്പറഞ്ഞാൽ അതു അവനോടു ഇഹലോകത്തിലെങ്കിലും പരലോകത്തിലെങ്കിലും ക്ഷമിക്കപ്പെടുകയില്ല. ശേഷം പിന്നാലെ.

പൊന്നുതമ്പുരാൻ തിരുമുമ്പാകെ തിരുമനസ്സറിയിക്കുന്നതിനു

ഹവ്വുക്കാം ആണ്ടിൽ യേശുമഹാരാജാവിന്റെ മഹത്പ്രത്യക്ഷതയുണ്ടാകുമെന്നു ആത്മനിയോഗപ്രകാരം അടിയൻ പ്രസിദ്ധം ചെയ്തതിനു സാക്ഷിയായി ഒരു മാസം ഫ്രാൻസ- വെള്ളിയാഴ്ച മുതൽ നാ ദിവസത്തിനകം ആകാശത്തിൽ ഭയങ്കരലക്ഷ്യം കാണപ്പെടുമെന്നു പരമാത്മാവിന്റെ നിയോഗം ഉണ്ടായിരിക്കുന്നതിനെ (താഴെയുള്ള വന്ദനത്തോടു കൂടെ) തിരുമനസ്സറിയിച്ചു കൊള്ളുന്നു. കന്നീററി ഉണ

ർവ്വസഭാലോചന സംഘത്തിന്റെ ശുശ്രൂഷക്കാരനായ വറന്ത യൂസ്സ
സുയോസേഫ.

8. Aug. 1876.

൨൨.

To

Her Majesty.
The Queen Empress

വിക്ടോറിയാ മഹാരാജ്ഞി തിരുമനസ്സിലേക്ക.

ഭവ്യപൂർവ്വം അറിഞ്ഞിൽ യേശുവിന്റെ മഹത്വപ്രത്യക്ഷതയുണ്ടാകു
മെന്ന ആത്മനിയോഗപ്രകാരം അടിയൻ പ്രസിദ്ധം ചെയ്യുന്നതിനു
സാക്ഷിയായിരിപ്പാൻ മാസം ഫ്രാം നു- മുതൽ നു ദിവസത്തിനകം ആ
കാശത്തിൽ ഭയങ്കര ലക്ഷ്യം കാണപ്പെടുമെന്നു ആത്മനിയോഗമു
ണ്ടായിരിക്കുന്നതിനെ (താഴ്മയുള്ള വന്ദനത്തോട്ടുകൂടെ) അറിയി
ച്ചുകൊള്ളുന്നു തിരുവിതാംകോട്ട കന്നീറ്റി ഉണർവ്വസഭാലോചന
സംഘത്തിന്റെ ശുശ്രൂഷക്കാരനായ വറന്ത യൂസ്സസ് യോസേഫ.

8. Aug. 1876.

൨൩

To

The Revd. K. Kuruvella

My dear Mr. Kuruvella

കെ. കുരുവിള പാദ്രിക്ക

താങ്കൾ ഇന്നലെ കൊടുത്തയച്ച എഴുത്തു കിട്ടി. അതിനെപ്പറ്റി
അല്പം പറവാനുള്ളതുകയാൽ പറഞ്ഞുകൊള്ളട്ടെ.

ഞാൻ വേദപുസ്തകത്തിന്നോ പള്ളിക്രമത്തിനോ ചർച്ച്മിശിയോ
ന്റെ ആന്തരത്തിനോ യാതൊരു വിരോധവും ചെയ്യാതെ ദൈവം
ഇനിക്കു നൽകിയ കൃപയിൻപ്രകാരം പ്രവൃത്തിച്ചുകൊണ്ടിരുന്നപ്പോൾ
കേലിസായ്പവർകൾ ചർച്ച്മിശിയോന്റെ കായ്സ്ഥൻ എന്നു
ള്ള മുറെക്കു അന്യായമായി എന്നെ മുടക്കി. ആ മുടക്കിനെ ബിഷോപ്പു
സായ്പവർകൾ നീതികേടിൽ സ്ഥിരപ്പെടുത്തി. ഞാൻ ചോദിച്ച
ന്യായത്തിന്നു യാതൊരു സമാധാനവും തരാതെ എന്റെ ലൈസൻ
സിനെ അസ്ഥിരപ്പെടുത്തുവാൻ വേണ്ടി അദ്ദേഹം സർക്കിൾ അയച്ചു.
എന്റെ ഇടവകയിലുള്ള പള്ളികളെയും ഞാൻ ഇരുന്ന ബംഗ്ലാവിനേ
യും എന്റെ അല്പം ചില സാധനങ്ങളേയും കേലിസായ്പവർ
കൾ ബലമായിക്കേറി അപഹരിച്ചു പൂട്ടപറിച്ചു കൈവിധേയം അ

ക്കിയതിനേക്കുറിച്ചു ബിഷോപ്പുസായ്പവർകൾക്കാകട്ടെ കമ്മട്ടിക്കാ
ക്കാകട്ടെ നാട്ടുകൈമൻസലിന്നാകട്ടെ യാതൊരു വിചാരവും ഉണ്ടാ
കാതെ ഇരിക്കയാൽ ഈ അന്യായപ്രവൃത്തികളെ അവരും കൂടെ നി
തീകരിച്ചിരിക്കുന്നു. എന്നു കാണിക്കുന്നു. കേലിസായ്പവർകൾ അന്യാ
യമായി എന്റെ പേരിൽ നമ്പരിട്ടിരിക്കുന്നു. ഞാൻ താങ്കൾക്കു മു
ന്നെഴുതിയ എഴുത്തിന്നു മറുപടിയില്ല. ഞാൻ ഇപ്പോൾ വച്ചിരിക്കു
ന്ന വീട്ടു കൂടെ പൊളിപ്പാൻ തക്കവണ്ണം താങ്കളും കൂടെ ശ്രമിച്ചു എ
ന്നുള്ളതിന്നു തഹശീൽദാരുടെ മുൻപാകെ ഞാൻ താങ്കളെ കണ്ടതു
തന്നെ സാക്ഷി. ഇനിയും വളരെയുണ്ടു. എന്നാൽ ഇവയൊക്കെയും
പോകട്ടെ. ആറുവർഷക്കാരുടെ ഉപദ്രവം തെറ്റെന്നു വരുത്തേണ്ട
തിന്നു ദൈവഭയഭക്തിണം പറവാനും വേദവാക്യങ്ങളെയും ദിവ്യശക്തി
യേയും അറിയാതെ ഓരോരോ പകപ്പിൽ അകപ്പെട്ടു കുരുങ്ങുവാനും
തക്കവണ്ണം നിങ്ങളുടെ കണ്ണുകൾ അടഞ്ഞും ഇരിക്കുന്നു. അതിനാൽ
നിങ്ങളുടെ കാഴ്ചയിൽ ഇപ്പോൾ ഉണർവുസഭ ഉലഞ്ഞു സ്ഥിതി
യിൽ ഇരിക്കുന്നു എങ്കിലും അവൾ മുൻപിലത്തേക്കാൾ ഇപ്പോൾ ഏ
ഴിരട്ടി ജീവശക്തിയിലേക്കു വന്നിരിക്കുന്നു എന്നു ഇനി വേഗം നിങ്ങ
ൾക്കു ബോദ്ധ്യം വരും എന്നു ഇപ്പാപി ധൈര്യത്തോടു കൂടെ പറയു
ന്നു.

കാര്യം ഇപ്രകാരമിരിക്കെ ഇപ്പോൾ എന്നെക്കുണ്ടു അല്പം പറ
വാനുണ്ടെന്നു താങ്കൾ എഴുതിക്കൊട്ടത്തയച്ചിരിക്കുന്നു. ഇനിക്കു താങ്ക
ളെ വിശ്വാസമില്ലാതെയും ഇരിക്കുമ്പോൾ തമ്മിലുള്ള സംഭാഷണം അ
ത്ര വെടിപ്പായിരിക്കുമോ? താങ്കൾ തന്നെ വിചാരിച്ചാട്ടെ. അതുകൊ
ണ്ടു വല്ലതും എന്നോടു ചോദിപ്പാനുണ്ടെങ്കിൽ ദയവുചെയ്തു എഴുതി
കൊട്ടത്തയപ്പാറാകണം. എന്നു താഴ്മയായി അപേക്ഷിക്കുന്നു. ഇതു
എന്റെ പരമാർത്ഥത്തിൽ പറഞ്ഞതല്ലാതെ താങ്കളെ കാണാതെയി
രിപ്പാൻ തക്കവണ്ണം ഒരു ഒഴികഴിവു പറഞ്ഞതല്ല. സത്യം.

ഇപ്രകാരം വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു. യൂസുസുയോസേഫ്

Kanneett.
15th Aug.

കന്നീറ്റിലുണർവു സഭാലോചനസംഘത്തിൽ ചേർന്ന
എല്ലാ ഇടവകയിലുമുള്ള സഹോദരന്മാർക്കു വന്ദനം.

എല്ലാ ഇടവകയിലും ഈ മാസം(മലയാളം കർക്കടകം)ഉദിനം- തി
ങ്കളാഴ്ച മുതൽ ഞായറാഴ്ച വരെ ഒരു പ്രത്യേക ഉപവാസം വേ
ണമെന്നും ഉപവാസത്തിന്നു കൂടുന്നവർ ആ സ്ഥലത്തിൽ നിന്നു പി
രിയാതെയിരിക്കണമെന്നും ലോകജോലികളിൽ നിന്നു വേർപെട്ട

ഏഴുദിവസവും മറ്റു ചിന്ത കൂടാതെ പ്രാർത്ഥനയിലും വായനയിലും ധ്യാനത്തിലും ഉററിരുന്ന അന്യവാക്കുകൾ പറയാതെ കണ്ണുനീരോടും കരച്ചിലോടും കൂടെ ഉപവസിക്കണമെന്നും വെളിപ്പെട്ടിരിക്കയാൽ ആയതിന്നു മനസ്സുള്ളവർ മാത്രം ഏറ്റുപ്പെട്ടു! ഉപവസിക്കേണ്ടതാകുന്നു. ഈ ഉപവാസം കർത്താവു ആകാശത്തിൽ ലക്ഷ്യം കാണിച്ചു പുറജാതിക്കാർക്കു രക്ഷയുടെ വാതലിനെ തുറപ്പാനും തന്റെ ശുശ്രൂഷക്കാർക്കു ആത്മശക്തിയെ നൽകുവാനുമായിട്ടു തന്നെ.

വിശേഷിച്ചും എല്ലാ സ്ഥലത്തിലുമുള്ള ആത്മവ്യാപാരികളായ ദീർഘദർശനം പറയുന്നവർ മാത്രം ഈവരുന്ന ഞായറാഴ്ചക്കകം ഇവിടെയുള്ള പ്രത്യേക ഉപവാസത്തിനായി വന്നു ചേരണം. അവർക്കു സഭയിലെ പിരിവിൽനിന്നു ചിലവിനു കൊടുത്തയക്കണം. ഇതും വെളിപ്പെട്ടതത്രെ.

അതായതു ഇടവകയിലുള്ള അച്ചന്മാരും ഉപദേശിമാരും സുവിശേഷകന്മാരും അവിടവിടെയുള്ള ഉപവാസത്തിൽ ചേർന്നിരിക്കേണ്ടതാകുന്നു.

ഇപ്രകാരം എഴുതി അറിയിച്ചുകൊള്ളുന്നതു നിങ്ങളുടെ ശുശ്രൂഷക്കാരൻ
യൂസ്സുയോസെഫ്.

കന്നീററി. ഫാദർ കുര്യാക്കോസ് വാരൻ

൫൭

കന്നീററി ഉണർവു സഭാലോചനാ സംഘത്തിൽ ചേർന്ന
എല്ലാ ഇടവകയിലുമുള്ള സഹോദരന്മാർക്കു വന്ദനം.

സഹോദരന്മാരെ!

ഇപ്പോളുണ്ടായ സംഗതി നിമിത്തം നിങ്ങളാരും കലങ്ങുകയും ഭ്രമിക്കയും ചഞ്ചലപ്പെടുകയും അവിശ്വസിക്കയും അരുതു നല്ല ഉറപ്പുള്ളവരായിരിപ്പിൻ കർത്താവു ഉണർവുസഭയിൽ മഹത്വപ്പെടേണ്ടുന്നതിനാകുന്നു. കലക്കമാകുന്ന അന്ധകാരത്തെയും ഭ്രമമാകുന്ന ക്രൂരിരുളിനേയും ചഞ്ചലമാകുന്ന മിന്നലിനേയും അവിശ്വാസമാകുന്ന ഇടിയേയും ഭ്രകമ്പത്തേയും അതിന്മേൽ അയച്ചിരിക്കുന്നതു. അതിനെ കാണുന്നവർക്കു ഒക്കയും കർത്താവു അതിന്മേൽ തന്റെ പ്രകാശത്തെ അയച്ചിട്ടില്ലെന്നും അന്ധകാരത്തിന്റെ അധിപതിയായ സാത്താൻ അതിനെ കീഴ്മേൽ മറിച്ചിരിക്കുന്നു എന്നും സ്പഷ്ടമായി തെളിയുന്നു. അവർ അങ്ങനെ പറകയും ചെയ്യുന്നു. ഇങ്ങനെ എല്ലാവരും കാൺകെ ജ്വലിച്ചു പ്രകാശിച്ച ഉണർവുസഭയിൽ കഴിഞ്ഞ വെള്ളിയാഴ്ച മുതൽ ഞായറാഴ്ച കഴിയുന്നതുവരെ അന്ധകാരവും ക്രൂരിരുളും ഒരുപോലെ വ്യാപിച്ചു. അതിനെ അശേഷം മൂടിയതിനാൽ കർത്താവിന്റെ ശുശ്രൂഷക്കാരായ ദീർഘദർശിമാരുടെ വായ്മൂലം കർത്താവു പറഞ്ഞി

ട്ടുള്ള തന്റെ വചനത്തെ ഇതാ അവൻ നിവൃത്തിച്ചിരിക്കുന്നു സത്യം. ഈ നിവൃത്തിക്കു ആക്ഷേപം വിരോധം പറവാൻ കഴികയില്ല നിശ്ചയം എന്തെന്നാൽ ഉണർവുസഭയുടെ വായടഞ്ഞു. തന്റെ വാളിനെ ശത്രുവിന്റെ കയ്യിൽ കൊടുപ്പാൻ നാഥൻ കല്പിച്ചതു മാത്രമല്ല തന്റെ തലയെ അവരുടെ നേരെ നീട്ടിക്കൊടുപ്പാനും അരുളിച്ചെയ്തു. അപ്പോൾ ഉണർവുസഭ പ്രവൃത്തിക്കയും ചെയ്തു. ശത്രു സന്തോഷിച്ചു കൈ ഉയർക്കുന്നു. പുറകോട്ടു ചാടി മുന്നോട്ടു ചെന്നു കാലുറപ്പിച്ചു വെട്ടുവാൻ തക്കവണ്ണം വിചാരിച്ചു കാൽ ഇളക്കുന്നു. പുറകോട്ടു ചാടുന്നു. ആ സമയം ഉണർവുസഭയുടെ കൈയ്യെ നാഥൻ ജീവനെ കൊടുത്തു കണ്ണുകാണിക്കുന്നു. ഉടനെ ഒരു തള്ള്. ഇതാ! ശത്രുതലകീഴായി കിടക്കുന്നു. പിന്നെ ശത്രുവിനു അടുത്തു വരുവാൻ പാടില്ല. എന്തെന്നാൽ പ്രകാശം സഭയിൽ ഉദിച്ചുപോയി. ഇതു ഒന്നാമത്തെ പോരാകുന്നു. ഇങ്ങനെ ഇനി ആറു പോരുണ്ടെന്നു വിചാരിച്ചുകൊള്ളണം ആകയാൽ പ്രവൃത്തൽ കർത്താവിന്റെ മഹത്വപ്രത്യക്ഷത ഉണ്ടാകുമെന്നുള്ളതിനു ഇതു തക്ക ലക്ഷ്യമാകുന്നു. ഹൃദയംകൊണ്ടു വിശ്വസിച്ചവർ വായ്കൊണ്ടു ഏറ്റുപറയട്ടെ. വിശ്വസിക്കാത്തവർ വിശ്വസിച്ചതിന്റെ ശേഷം ഇനി ഒ വർഷമെ ഉള്ളു എന്നു ഏറ്റുപറയട്ടെ. അങ്ങനെ ആകുവാൻ തക്കവണ്ണം നാഥൻ പ്രവൃത്തിച്ചിരിക്കുന്നു. ഉണർവുസഭ ഈ സംഗതിയാൽ മുമ്പിലത്തെക്കാൾ ഏഴു മടങ്ങു ശോഭിക്കുന്നു. യാതൊന്നുകൊണ്ടും വ്യസനിക്കരുതു. ആരെങ്കിലും ഈ സംഗതി നിമിത്തം പിൻവാങ്ങിയാൽ അവനു കഠിനമായുള്ള ശിക്ഷ വരും. പുറജാതിക്കാർക്കു രക്ഷയുടെ വാതിലിനെ വേഗം തുറപ്പാൻ നിങ്ങൾ കരഞ്ഞു പ്രാർത്ഥിപ്പിൻ. നിങ്ങളുടെ ദുഃഖം സന്തോഷമായി തീരട്ടെ. നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിപ്പിൻ. കർത്താവു നിങ്ങളോടുകൂടെ ഉണ്ടു.

ഇങ്ങനെ, വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ ശുശ്രൂഷക്കാരൻ

യൂസ്സൂസ് യോസെഫ്

കണ്ണീറിനിന്നും ഹൃദയ ചിങ്ങം വന്നു-

൫൬

To

The Revd. J. Caley.

My dear Sir.

വെറണ്ടെ കെയിലി സായ്പിനു.

സായ്പവർകൾ കൊടുത്തയച്ച എഴുത്തു കൊണ്ടുവന്നതു. ഞാൻ സായ്പവർകൾക്കു വളരെ വന്ദനം ചൊല്ലുന്നു.

എന്റെ പിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക, യാക്കോബ്, ദീർഘദർശിമാർ, അപ്പൊസ്തോലർ എന്നവരുടെ ദൈവമായ സ്നേഹം അതെ സ്നേഹമാകുന്ന ദൈവം തന്നെ എന്റെ ഹൃദയം അറിയുന്നു.

സായ്പവർകൾ ഒരു മിശിഹയാനരിയാകയാൽ ഞങ്ങൾക്കു ഒരു പിതാവത്രെ. മദാമ്മ മാതാവുമാകുന്നു സത്യം. ഈവുഴൽക്കണ്ണുടെകത്താവിന്റെ മഹത്വപ്രത്യക്ഷത ഉണ്ടാകുമെന്നു ഞാൻ ഇതാ! അഗാധത്തിൽ നിന്നു കൂകുന്നു. എന്റെ പിതാവെ! വിശ്വസിക്കേണമെ. മാതാവെ! വിശ്വസിക്കേണമെ.

ഞാൻ സായ്പവർകളെ ഇപ്പോൾ കണ്ടാൽ എന്റെ സ്നേഹം കൊണ്ടു ഉരുകിപോകുവാൻ ഇനിക്കു ഇടയാകും. അതുകൊണ്ടു പിതാവെ! ഇപ്പോൾ എന്റെ അടുക്കൽ വരുതെന്നു കരഞ്ഞും വീണും അപേക്ഷിക്കുന്നു. നാം തമ്മിൽ കാണ്മാൻ ദൈവമാകുന്ന സ്നേഹം ഇടവരുത്തും. ഞാൻ കഴിഞ്ഞ ജൂൺമാസം ഫൊനെ- സായ്പവർകൾക്കു എഴുതിയെച്ചിരുന്ന എഴുത്തും ഇതിനോടു കൂടെ അയെക്കുന്നു.

സായ്പവർകളുടെ ഇമകനും ഇനിക്കു കൃപയോടു നൽകീരിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും എന്റെ സഹോദരന്മാർക്കും എന്റെ അമ്മെക്കും ഭാര്യെക്കും മറു എല്ലാവർക്കും ദൈവകൃപയാൽ സുഖം. സായ്പവർകൾക്കും മദാമ്മെക്കും ഞങ്ങൾ എല്ലാവരും വന്ദനം ചൊല്ലുന്നു.

ഇപ്പുടിക്കു ബഹു താഴ്മയോടു കൂടെ എഴുതിക്കൊള്ളുന്നതു സായ്പവർകളുടെ മകൻ

യൂസ്സുയോ സഹ°

പുത്തൻ ബംഗ്ലാവിൽ നിന്നും പൂവത്തൂർ ഓഗ: ഫസ്റ്റാദ-

To

Mr. M. Koshy.

Poovathoor.

സ്നേഹിതരെ!

താങ്കൾ ആൽവശം അയച്ച കത്തു കിട്ടി. മുൻ അഞ്ചൽമാർഗ്ഗമായി അയച്ച കത്തു താങ്കളുടെതു ആയിരുന്നു എന്നറിഞ്ഞിട്ടത്രെ അയെച്ചതു. എന്തെന്നാൽ മേൽവിലാസം എന്റെ പേക്കല്ല. എന്റെ വീട്ടിന്റെ പേക്കായിട്ടായിരുന്നു. അതുകൊണ്ടു അങ്ങനെ എഴുതരുതെന്നു താങ്കളെ ഓർമ്മപ്പെടുത്തുവാനായിട്ടാണു തിരികെ അയെച്ചതു.

വിശേഷിച്ചും സ്നേഹമുറെക്കു താങ്കൾ ഇനിക്കു ഗുണദോഷിച്ചതിനെപ്പറ്റി ഞാൻ അല്പം പറഞ്ഞുകൊള്ളട്ടെ. ഉറ്റു വിചാരിക്കണമെ എന്നു അപേക്ഷിക്കുന്നു.

ഫ്വ്ഒ മെയി മുതൽ കത്താവിന്റെ മഹത്പ്രത്യക്ഷതയെക്കുറിച്ചു നാളതുവരെ ഞാൻ പലക്കം എഴുതീട്ടുണ്ട്. ഒരുവനു മനസ്സുണ്ടെങ്കിൽ ആ എഴുത്തുകൾ മൂലമായി വ്യവഹരിച്ചു എന്നെ കാറ്റപ്പെടുത്തട്ടെ. ഞാൻ ക്ഷമയോടു കൂടെ കേൾക്കാം. എന്റെ പേരിൽ കുറ്റമുണ്ടെങ്കിൽ ക്ഷമ ചോദിക്കാം. പിന്നീടു എന്നോടു പറയുന്ന ഗുണദോഷപ്രകാരം ഞാൻ നടക്കാം. യാതൊരു വ്യത്യാസവുമില്ല. എന്നെ കുറ്റപ്പെടുത്തി തിരിപ്പിക്കേണ്ടുന്ന വഴി ഇങ്ങനെ ആയിരിക്കെ ആ വഴിയെ കൂടെ പോകാതെ മറ്റൊരു വഴിയായി എന്നോടു ഗുണദോഷിച്ചാൽ ആയതു ഇനിക്കു പറ്റുമോ? താങ്കൾ തന്നെ ചിന്തിപ്പിൻ. താങ്കൾ ബുദ്ധിയില്ലാത്ത ഒരാളെന്നു ഞാൻ എണ്ണുന്നില്ല പിന്നെ എന്തു? ഉണർവുസഭെക്കു ഇപ്പോൾ സംഭവിച്ച വീഴ്ചയുടെ ഫലം എന്നല്ലാതെ മറ്റൊന്നും പറവാനില്ല.

പ്രിയ സ്നേഹിതരെ! ആയതു സത്യം തന്നെ. അന്ധകാരത്തിന്റെ അധിപതിയായ സാത്താൻ ഞങ്ങളെ തല കീഴായി മറിച്ചതിനാൽ ഞങ്ങൾ വീണു. ഞങ്ങളുടെ വായടഞ്ഞു മിക്കപേരും പുറകോട്ടു മാറി, കാണുന്നവർ ഞങ്ങളുടെ മേൽ വീഴുകയും, ചൂട്ടു കാണിച്ചു ഞങ്ങളുടെ മുഖത്തുകുത്തുകയും, പരിഹസിക്കയും, തുപ്പുകയും, അടിക്കയും, ഇടിക്കയും, വസ്തുക്കളെ അപഹരിക്കയും ചെയ്യുന്നതിനാൽ വെളിയിൽ ഇറങ്ങുവാൻ പാടില്ലാത്ത സ്ഥിതിയിൽ ആയി. മൂന്നു ദിവസം ഞങ്ങൾക്കുണ്ടായ പരിഭ്രമവും, ഞെരുക്കവും, ദുഃഖവും, വ്യസനവുമാകുന്ന ക്രൂരതകളെക്കുറിച്ചു ഞങ്ങളാരോടു പറയേണ്ടു? മരണ ബന്ധനങ്ങൾ ഞങ്ങളെ ചുറ്റി നരകവേദനകൾ ഞങ്ങളെ പിടിച്ചു അനർത്ഥത്തെയും ദുഃഖത്തെയും ഞങ്ങൾ കണ്ടു. ഇങ്ങനെ പെരുവെള്ളം ഞങ്ങളുടെ മേൽ കവിഞ്ഞൊഴുകിയതിനാൽ തൽക്കാലം നട്ട ഞാറൊക്കെയും മൂടിപ്പോകി കരെക്കു ചെന്നടിഞ്ഞു. ചിലതൊക്കെയും നന്നാ അഴുകി പോയി. അല്പം വേരുച്ചെന്നു അതിന്റെ ഓലകളൊക്കെയും എക്കൽ കേറി അടിഞ്ഞു ജീവശ്ശവമായി കിടക്കുന്നു. എന്നാൽ ഇതൊക്കെയും നിങ്ങളുടെ നിമിത്തം തന്നെ വന്നതു എന്നു താങ്കൾ പറയും ശരി. അങ്ങനെ തന്നെയാതൊരു വ്യത്യാസവുമില്ല. കർത്തൃകോപം ഒട്ടുക്കും ഉണ്ടാകുവാനിരിക്കുന്നസംഭവം നിമിത്തം ഉണർവുസഭയാകുന്നനിലം ഫലവത്തുവയലായി തീരുമെന്നു ഞങ്ങൾ പ്രസിദ്ധം ചെയ്തതിനാലത്രെ ഇങ്ങനെ ഒക്കെയും വന്നതു. ഇനി എന്തു ചെയ്യേണ്ടു? നിങ്ങൾ പറയുന്നു. ഞങ്ങൾ നിങ്ങളെ പിഴുതു ഞങ്ങളുടെ ഉയർന്ന സ്ഥലത്തിൽ ഞങ്ങളോടു ചേർത്തുകൊള്ളാം എന്നത്രെ. അങ്ങനെ ആയാൽ ഞങ്ങൾ ഒന്നിനും കൊള്ളരുതാത്തവരായി പോകയില്ലയോ? എങ്ങനെ തോന്നുന്നു. അതുകൊണ്ടു വന്നതൊക്കെയും വരട്ടെ. ഞങ്ങൾ ഈ സ്ഥിതിയിൽ തന്നെ ഇപ്പോൾ ഇരുന്നു കൊള്ളട്ടെ. ഗുണം വരുന്നില്ലെങ്കിൽ പിന്നെ നോക്കിക്കൊള്ളാമല്ലോ.

ഇങ്ങനെ സൽക്കാരപൂർവ്വം എഴുതിക്കൊള്ളുന്നതു താങ്കളുടെ ഒരു പ്രത്യേക സ്നേഹിതൻ

യൂസ്സൂസുയോസെഫ്.

ഹൃദയ മിങ്ങും ഓന്നു- കണ്ണീരറിനിന്നും

൪൦

To

Joseph Cathanar.

Kottoorathoo

My dear Brother in Christ.

൪ കൊട്ടൂരത്തു യോസേപ്പച്ചനു.

താങ്കൾ രണ്ടാമതു അയച്ച കത്തിനു ഇതുവരെയും മറുപടി അയപ്പാൻ ഇടയായില്ല. ഉണർവുസഭയെ ഭരിപ്പാൻ തക്കവണ്ണം ഞാൻ പല എഴുത്തുകൾ ബിഷോപ്പുസായ്പുവർകൾക്കും മിശീയോനരിമാർക്കും നമ്മുടെ പ്രിയപ്പെട്ട മെത്രാപ്പോലീത്തായ്ക്കും എഴുതി എങ്കിലും നമ്മുടെ അനുഗ്രഹിക്കപ്പെട്ട പ്രിയ രക്ഷിതാവിന്റെ മഹത്പ്രത്യക്ഷതയെക്കുറിച്ചു അവർ ഇടറിയിരിക്കുന്നതിനാൽ ഉണർവുസഭയെ ഭരിപ്പാൻ കഴിയാതവണ്ണം പിൻമാറിയിരിക്കുന്നു എന്നു ഈ ആഗസ്റ്റുമാസം നാനൂ- കഴിഞ്ഞ ശേഷം സ്പഷ്ടമായി. അതുകൊണ്ടു ആരിൽനിന്നു ഉണർവുണ്ടായൊ? ആ നാഥനല്ലാതെ മറ്റാരുമില്ല ഉണർവുസഭയെ ഭരിപ്പാൻ അവന്റെ പേക്കു തന്നെ ഇടാതെ ചീട്ടി വന്നിരിക്കുന്നു. ആകയാൽ സഹോദരാ!

എന്തിനു താമസിക്കുന്നു? വേഗം എഴുന്നീറു കർത്താവിന്റെ നാമം വിളിച്ചുകൊണ്ടു കൂപയിന്നാത്മാവിനാൽ നിറയപ്പെട്ട പാപങ്ങളെ കഴുകി കളയണം. ലജ്ജയെ നിഷേധിച്ചു കുരിശിനെ സഹിച്ചുകൊണ്ടു അവന്റെ പിന്നാലെ നമുക്കു ചെല്ലാം. കഴിഞ്ഞ സംഭവത്താൽ മഹത്പ്രത്യക്ഷതയുടെ കാലം ഇന്നപ്പോൾ എന്നു സ്പഷ്ടമായി തെളിഞ്ഞിരിക്കുന്നു. അതുകൊണ്ടു ഇസ്രായേൽക്കാക്കു വെളിച്ചവും മിസ്രയിക്കാക്കു അന്ധകാരവുമായിട്ടാകുന്ന ഇരിക്കുന്നതു. അതെ രണ്ടു കക്ഷിക്കാക്കും സംശയമറ്റു. ആറുവർഷം കഴിഞ്ഞു ഏഴാം വർഷം മഹത്പ്രത്യക്ഷതയുണ്ടാകുമെന്നുള്ള ഘോഷണം സാക്ഷാൽ സത്യമെന്നും ശുദ്ധമേ വ്യാജമെന്നും തന്നെ. ഇനി സംശയമുണ്ടായാൽ അവരുടെ നേരെ കാരുമടിക്കുന്നു. അതുകൊണ്ടു ഇനി വിശ്വാസി വിശ്വാസിയായും അവിശ്വാസി അവിശ്വാസിയായുമേ ഇരിക്കു. സംശയമുള്ളവനു യാതൊരു സമാധാനവും ഇല്ലാതെ ഒന്നിൽ സ്ഥിരപ്പെട്ടുന്നതുവരെ തേടു ഇരുക്കുന്നതുപോലെ വ്യസനമുണ്ടാകും. യാതൊരു വ്യത്യാസവുമില്ല. ഇനിക്കു ഇതുയെ പറവാനുള്ളു. ഇനി താ

കളുടെ മനസ്സുപോലെ. മഹത്പ്രവൃത്തിക്ഷതെയ്യുന്ന (എന്നു പറയുമ്പോൾ ഇവിടെ പൂണ്ടിക്കാണിച്ച കാലം എന്ന താൽപ്പര്യം) വേദസാക്ഷിയില്ലാതെ ആരും വിശ്വസിക്കാതിരിക്കരുതു." ആറുവർഷക്കാരുടെ ഉപദേശം തെറ്റെന്നു പറഞ്ഞുകൊണ്ടു നടക്കുന്നവരിൽ ആരെങ്കിലും തങ്ങളുടെ യുക്തികളെക്കാണിച്ചു മലയാം ഭാഷയിൽ ഇനിക്ക എഴുതട്ടെ. സൌഖ്യോപദേശത്താൽ ഉപദേശിച്ചു എതിർവാദികളെ ഖണ്ഡിച്ചുകളവാൻ അംഗീകാരത്തിനു തക്ക പ്രാമാണ്യവചനത്തെ പിടിച്ചുകൊണ്ടിതാ! ഞാൻ നിലക്കുന്നു. എല്ലാവരെയും കനിഞ്ഞുകൊള്ളുന്ന നാഥൻ താങ്കളോടു കൂടെ.

Kanneett
Aust 31 1876.

With my best regards
I remain dear brother
Yours sincerely

ഇത

To
The Revd. J. Caley

My dear sir

Nov. 1. 1876

റവറണ്ട കെയിലി സായ്പിനു.

സായ്പവർകൾ കൊടുത്തയച്ച എഴുത്തും അതിനോടു കൂടെ അയച്ച ടൊക്കും ഇന്നു ചെന്നു വായിച്ചു കണ്ടു മനസ്സിലാകയും ചെയ്തു.

കുറഞ്ഞൊരു ദിവസത്തേക്കു മുമ്പെ ആലപ്പുഴെ ജോൺസൻ സായ്പു അവർകൾ ഇവിടെ വന്നു. സായ്പവർകളെക്കുറിച്ചു സാക്ഷിപകർന്നതിനാലും മറ്റും ആകുന്നു ഞാൻ ഇതിനു മുൻപിലത്തെ എഴുത്തു എഴുതിയതു. അതിൽ ഫ്രുവരി നവംബർ സ്താംനു- വരെയുള്ള ശമ്പളം (എന്തെന്നാൽ അന്നാകുന്നു സായപവർകളുടെ സസ്പെണ്ടു പത്രം വന്നതു.) ചോദിക്കാതെയും ഒക്തോബർ മാസം ഫ്രുവരനു- വരെയുള്ള ശമ്പളം മതിയെന്നു പറയാതെയും ഇതിൽ സായ്പവർകളുടെ മുറ എന്തെന്നു അറിയേണ്ടതിനു ഒക്തോബർ മാസത്തെ ശമ്പളം ചോദിച്ചു. മറുപടി വന്നതിൽ അക്കായ്ത്തെപ്പറ്റി ഞാൻ ചെയ്യേണ്ടുന്ന മുറയെക്കാണിച്ചിരിക്കയാൽ ആയതിന്നായിട്ടു നന്ദി പറയുന്നതു കൂടാതെ ഒക്തോബർമാസത്തെ ശമ്പളം എന്നു ഞാൻ എഴുത്തിൽ കാണിച്ചിരിക്കുന്നതിനുള്ള അർത്ഥം ഫ്രുവരനു- വരെയുള്ള ഒക്തോബർ മാസത്തെ ശമ്പളം എന്നേയുള്ളു. നവംബർ മാസം സ്താംനു- വരെയുള്ള ശമ്പളം

എന്നും അല്ല. എന്ന തെളിയിക്കയും സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. എന്തെന്നാൽ ഇനി ഒരുവേള ഈ കായ്ത്തിൽ സായ്പവർകളുടെ മുറ എന്തെന്നു ചിന്തിപ്പാൻ ഇടയായി എന്നിരിക്കട്ടെ. ആ സമയം "എന്നു ഞാൻ സസ്പെണ്ട് ചെയ്യുവോ? അന്നു വരെ ശമ്പളം കൊടുക്കേണ്ടതാകുന്നു ന്യായം." എന്നു ഓമ്മവന്നു ആയതിന്നായിട്ടു നിർബന്ധപ്പെടുത്തിയാലും ഞാൻ ഒക്തോബർ മാസം 20-നു വരെയുള്ള 20 ദിവസത്തെ ശമ്പളമായ 20 രൂപായെ പറ്റു. അതുകൊണ്ടു ഒക്തോബർ മാസത്തെ ശമ്പളം മുഴുവനും ഞാൻ ചോദിച്ചിട്ടില്ല. ചോദിക്കുന്നതുമില്ല. ചോദിക്കയുമില്ല.

പിന്നെ സായ്പവർകൾ എഴുത്തിൽ കാണിക്കുന്നതു "ഒക്തോബർമാസത്തിൽ സേവിച്ച നാളത്തെ ശമ്പളം തനിക്കു വാങ്ങിക്കാവതായിരുന്നു, തന്റെ കണക്കെല്ലാം തീർത്തു താൻ കൊടുപ്പാനുള്ളതെല്ലാം കൊടുത്തതിന്റെ ശേഷം തനിക്കു വരുവാനുള്ളതിൽ ഒരു കാശു പോലും ഇവിടെ എടുക്കുന്നതല്ല" എന്നത്രെ.

"സായ്പവർകൾ കണക്കു തീർക്കണം എന്നു എന്നോടു ചോദിച്ചതു ഒരു മുറെക്കാകുന്നു? എന്നു ഉറപ്പു ചിന്തിക്കേണമേ. ചാൎച്ചുമിശിയോന്റെ കായ്സ്ഥൻ എന്നുള്ള മുറെക്കല്ലയോ? സായ്പു അവർകളുടെ എഴുത്തുകളാലും മറ്റും അവ്വണ്ണം തന്നെ എന്നു സ്പഷ്ടമായി തെളിയുന്നു. എന്തെന്നാൽ ഇനിക്കു സസ്പെണ്ടു ചെയ്തു അയച്ചതു ചാൎച്ചുമിശിയോന്റെ കായ്സ്ഥൻ എന്നുള്ള മുറെക്കാകുന്നു. പിന്നെയും എഴുത്തുകൾ അയച്ചതു ആമുറെക്കു തന്നെ. കൌൻസലിന്റെ കീഴിൽ ലൈസൻസു ലഭിച്ച ഒരു ഇടവകപ്പട്ടക്കാരനെ ഒരു പാതിരിസായ്പു ചാൎച്ചുമിശിയോന്റെ കായ്സ്ഥൻ എന്നുള്ള മുറെക്കു സസ്പെണ്ടു ചെയ്യ. ആ മുറെക്കു ഇടവകപ്പട്ടക്കാരനോടു കണക്കു തീർക്കണം എന്നു ചോദിക്കുന്നതു ന്യായമോ? അല്ലാതെയും ഇതു ഇടവകയായിരിക്കുമ്പോൾ മിശിയോൻ വകയായി കോർട്ടിൽ സത്യവാചകം ചൊല്ലി നമ്പരു ഇടുകയും പിന്നീടു ഇടവകയാകുന്നു എന്നു സത്യവാചകത്തോടു ക്രടി വിവരപ്പുറിക ബോധിപ്പിക്കുകയും ചെയ്തതു യഥാർത്ഥപരമാർത്ഥങ്ങൾക്കു ഒത്തതോ? ഇതുപോലെയുള്ള അനേകം കാരണങ്ങളുലല്ലയോ? കണക്കു തീർക്കാത്തതു. ഇതിൽ ഞാൻ തെറ്റു ചെയ്തോ? അതുകൊണ്ടു കണക്കു തീർക്കേണ്ടുന്നപ്രകാരത്തിൽ ചോദിച്ചാൽ തരേണ്ടുന്നതു തരുമായിരുന്നുവെല്ലോ. ഇതു ആരുടെ കുറ്റം എന്നു ഓൎക്കേണമെ. പിന്നെയും സായ്പവർകൾ ചാക്കൊമത്തായി എന്ന എന്റെ അനുജന്മാരെ വേലയിൽ നിന്നു നീക്കിയിരിക്കുന്നു എന്ന അയച്ച കത്തിൽ അവർ പുറജാതികളോടു പ്രസംഗിച്ചു എന്നു ഇന്നിന്ന സാക്ഷി തന്നാലെ അതുവരെയുള്ള ശമ്പളം കൊടുക്കു എന്നു കണ്ടില്ല. അങ്ങിനെ കണ്ടെങ്കിൽ ശമ്പളം ചോദിക്കുന്നതു വിഹിതമല്ല. അതെ പ്രകാരം തന്നെ എന്റെ അമ്മയുടേതും. അതു പോകട്ടെ. തേവലക്കര യോഹന്നാൻ ഉപ

ദേശിയുടെ ശമ്പളത്തെപ്പറ്റിയും ഞാൻ എഴുതിയിട്ടുണ്ടായിരുന്നു. ആ കാര്യത്തെക്കുറിച്ചു സായ്പവർകളുടെ എഴുത്തിൽ ഒന്നും കാണുന്നില്ല. അതുകൊണ്ടു അതു തരാമെന്നായിരിക്കും സായ്പവർകളുടെ മനസ്സു എന്നു തോന്നുന്നു. ഇങ്ങിനെ ഇത്രയും ഞാൻ പറഞ്ഞതു തരുവാനുള്ള ശമ്പളം തന്നേക്കും അല്ലെങ്കിൽ വാങ്ങിച്ചുകൊള്ളാം എന്നു വിചാരിച്ചിട്ടല്ല.

പിന്നെ സായ്പവർകൾ ചില ഗ്രണദോഷങ്ങൾ പറഞ്ഞിരിക്കുന്നുവല്ലൊ. അതിനെപ്പറ്റി ഇന്നലെ രാത്രി മണിക്കു എന്റെ മകൾ പറഞ്ഞതിനാൽ മഹാവ്യസനത്തോടു കൂടി രാത്രി എന്റെ ദൈവത്തോടു പ്രാർത്ഥിച്ചു. ഇന്നു കാലത്തെ സായ്പവർകളുടെ ലേഖനം വായിച്ചു. അതിനെ ഇരുപത്തിനാലു മൂപ്പന്മാരുടെയും നാലു ജീവികളുടെയും മദ്ധ്യേ എഴുന്നരുളും ദേവകുഞ്ഞാടിന്റെ തിരുമുമ്പാകെ വിടർത്തു. പിന്നീടു പ്രാർത്ഥിച്ചു. അവൻ എന്റെ പ്രാർത്ഥനയെ കേട്ടു. തക്കതായ ഉത്തരം നൽകും. അതുകൊണ്ടു "എന്റെ ശത്രുവെ! ഇനിക്കു വിരോധമായി സന്തോഷിക്കരുതു. ഞാൻ വീഴുമ്പോൾ ഞാൻ എഴുനീൽക്കും ഞാൻ ഇരുട്ടത്തു ഇരിക്കുമ്പോൾ യഹോവാ ഇനിക്കു പ്രകാശമായിരിക്കും. യഹോവാ എന്റെ വ്യവഹാരത്തെ വ്യവഹരിച്ചു ഇനിക്കു ന്യായംനടത്തുന്നതുവരെക്കും ഞാൻ അവന്റെ ക്രോധത്തെ വഹിക്കും. എന്തെന്നാൽ ഞാൻ അവനു വിരോധമായി പാപം ചെയ്തു. അവൻ എന്നെ പ്രകാശത്തിലേക്കു വരുത്തും ഞാൻ അവന്റെ നീതിയെ കാണുകയും ചെയ്യും." (മീഖാ ൭: വ. ൯)

നസറയ്യനായ യേശു മഹാരാജാവിന്റെ അഗ്നിമേഘത്തിലുള്ള മഹത്പ്രത്യക്ഷവുന്നെ ഓഗ: ൧൭ാം ൟ മുതൽ ഫവുന്നെ-൫ാവസമെയുള്ള നീശ്ചയം. ആകയാൽ സ്വർഗ്ഗരാജ്യം സമീപമായിരിക്കകൊണ്ടു മാനസാന്തരപ്പെട്ടുകൊൾവിൻ.

വിശേഷിച്ചും അയച്ച ട്രാക്ടിന്റെ മറുപടി പിന്നീടു അയക്കാം.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു എല്ലാവരുടെയും ശുശ്രൂഷക്കാരൻ യൂസ്സുയോസേഫ്.

൫൨

"ഭയങ്കരസൂചകം" എന്ന ട്രാക്ടിന്റെ സംബന്ധാവിനു.

അല്ലയോ സ്നേഹിതരെ!

താങ്കൾ ചമച്ചു അച്ചടിപ്പിച്ചു ഈ ട്രാക്ടിന്റെ ഒരു വകർപ്പു കൈയിലിരിയുവർകൾ എന്റെ ജ്യേഷ്ഠനായ യൂസ്സുയോസേഫ് പാതിരി അവർകൾക്കു കൊടുത്തയച്ചിരുന്നതിനെ യൂസ്സുയോഹന്നാനായ ഞാനും വായിച്ചു. അതിനെപ്പറ്റി അല്പമായ ഗ്രണദോഷ

സഹിതം ഉത്തരം എഴുതി അയയ്ക്കുന്നതിനെ താങ്കൾ ഉറപ്പുവരുത്തുക. പരമാർത്ഥതയിൽ പരനായി ഭവിക്കേണ്ടതിനു ദൈവം തൻ വിശുദ്ധാത്മാവുമൂലം താങ്കളുടെ ബുദ്ധിയെ പ്രകാശിപ്പിക്കട്ടെ.

സ്നേഹിതരെ! മത്താ: പര: രണ്ടു.....ഇവരെ പറഞ്ഞിരിക്കുന്നതിനെ ചിന്തിക്കേണമെ. "എന്നാൽ ആ ദുഷ്ടഭൃത്യൻ" ഇത്യാദി. ഇവിടെ ദുഷ്ടഭൃത്യൻ എന്നു പറഞ്ഞിരിക്കുന്നതു ആരെക്കുറിച്ചാകുന്നു. എ. "കർത്താവു വരുവാൻ താമസിക്കുന്നു എന്നു ഹൃദയത്തിൽ പറയുന്നവൻ എന്നുവെച്ചാൽ വായ്കൊണ്ടു കർത്താവിന്റെ വരവു ഇപ്പോൾ തന്നെ എന്നും ഹൃദയംകൊണ്ടു താമസമെന്നും പറയുന്നവൻ എന്നു താൽപര്യം. ൨ കൂട്ടുഭൃത്യന്മാരെ അടിപ്പാനും മദ്യപാനികളോടുകൂടെ ഭക്ഷിച്ചുകുടിപ്പാനും ആരംഭിക്കുന്നവൻ കൂട്ടുഭൃത്യരെ അടിപ്പാൻ ആരംഭിക്കുന്നതു അവൻ കർത്താവിന്റെ വരവു താമസമില്ലാ ഇന്നപ്പോൾ ഉണ്ടാകുമെന്നും അതിനാൽ വിശ്വാസവും ബുദ്ധിയുമുള്ളവനുമായി വീട്ടുകാർക്കു തക്കസമയത്തു ആഹാരം കൊടുപ്പാൻ ആവശ്യമെന്നും പറയുന്നതിനാലത്രെ മദ്യപാനികളോടുകൂടെ ഭക്ഷിച്ചുകുടിപ്പാൻ പോകുന്നതു ബുദ്ധിയും വിശ്വാസവും ഇല്ലാത്തതിനാലാകുന്നു. ഈ ദുഷ്ടഭൃത്യന്റെ അവകാശമോ കഠിനമായുള്ള അടിയും കരച്ചിലും പല്ലുകടിയും ഉണ്ടാകുന്ന ഇടത്തിൽ കപടഭക്തിക്കാരോടുകൂടെയുള്ള വാസം തന്നെ. എന്നാൽ വിശ്വാസവും ബുദ്ധിയുമുള്ള ഭൃത്യന്റെ അവകാശം തന്റെ യജമാനന്റെ സകല സമ്പത്തുകളുടെമേലും ലഭിക്കുന്ന മേധാവിസ്ഥാനമത്രെ. ഇവർ ഇരുപാട്ടുകാർക്കും ചേരുന്നതായ ഒരു ദൃഷ്ടാന്തത്തെ യറമി. ൨൦. ൫.....വരെ ഉള്ള വാക്യങ്ങളിൽ കാണാം.

ആയതു യറമിയാ പ്രവാചകൻ യഹൂദായുടെ പാപം നിമിത്തം ദൈവം അവരെ കശ്ശവന്റെ പാത്രം ഉടച്ചാൽ ആയതു തിരികെ നന്നാക്കിക്കൂടാത്തപ്രകാരം നശിപ്പിക്കും എന്നു ദൃഷ്ടാന്തപ്പെടുത്തി പ്രവചിച്ചപ്പോൾ യഹോവാലയത്തിൽ പ്രധാന വിചാരിപ്പുകാരനായി ആചാര്യനായ ഇമ്മെരിന്റെ പുത്രനായ പശ്ഹൂർ യറമിയായെ അടിച്ചു തടവിലങ്ങിൽ ആക്കി. ഇവർ ഇരുവരും സമവേലക്കാരത്രെ. യറമിയാപ്രവാചകനും ആചാര്യനും ആയിരുന്നതുപോലെ പശ്ഹൂരും ആയിരുന്നു എന്നു അവന്റെ ചരിത്രം വായിച്ചാൽ അറിയാം. പശ്ഹൂർ യറമിയായെ അടിച്ചതു. യറമിയാ തന്റെ യജമാനനായ യഹോവായുടെ കല്പനയെ അനുസരിച്ചു വിശ്വാസവും ബുദ്ധിയുമുള്ളവനായി പ്രവചിച്ചതിനാൽ തന്നെ. അതിനാൽ ദൈവം പശ്ഹൂരിനു കൊടുത്ത വിധി എന്തു? യഹോവാ നിന്റെ പേർ പശ്ഹൂർ എന്നല്ല "മഗോർമിസ്സാബീബ്" എന്നു വിളിച്ചിരിക്കുന്നു. എന്തെന്നാൽ യഹോവാ ഇപ്രകാരം പറയുന്നു. "ഇതാ ഞാൻ നിന്നെ നിനക്കുതന്നും നിന്റെ എല്ലാ സ്നേഹിതന്മാർക്കും ഭയങ്കരമാക്കിത്തീർക്കും. അവർ തങ്ങളുടെ വാളുകൊണ്ടു വീഴും നിന്റെ കണ്ണുകളും അവയെക്കാണും." ഇത്യാദി.

പ്രിയസ്നേഹിതരെ! ഇവർ ഇരുവരിൽ ഭയങ്കരസൂചകമായി നിൽക്കുന്നതാർ? ഉറച്ചവിചാരിക്കേണമെ.

യൂസൂസുയോസേഫ് എന്നു താങ്കൾ പരിഹസിച്ചുപറയുന്ന ആൾ മശിഹായുടെ മഹത്പ്രത്യക്ഷതെക്കു ഇനി ആറുവർഷമെയുള്ളു എന്നു വിശുദ്ധാത്മാവിൻ നിയോഗപ്രകാരം വേദവാക്യസാക്ഷികളോടു കൂടെ പ്രസിദ്ധപ്പെടുത്തി. ആ പ്രസിദ്ധം മൂലം വിശുദ്ധാത്മാവു പ്രവൃത്തിച്ചതിനാൽ മനോസന്തരപ്പെട്ട കർത്താവിൻ മഹത്പ്രത്യക്ഷതെക്കു കാത്തിരിക്കുന്ന ഉണർവുസഭയും ഉണ്ടായി. ഈ ഉണർവുസഭയുടെ പാദത്തെ വേദവാക്യത്തെ അനുസരിച്ചു തനിക്കു കിട്ടിയ പ്രാപ്തിപ്രകാരം യൂസൂസുയോസേഫ്പാതിരി ശുശ്രൂഷിച്ചുവരുന്നു. ഇതിനെ ഉൻമൂലനാശം ചെയ്വാൻ തക്കവണ്ണം ഉണർവുസഭയുടെ വൈരി നന്നായി പ്രയാസപ്പെടുന്നു. അപഹാരം, കള്ളപ്പോലീസു, കള്ളസാക്ഷി, കള്ളഹർജി, കള്ളനമ്പർ ഇത്യാദി ദുഷ്ടതകൾ പ്രവൃത്തിക്കയും പ്രവൃത്തിപ്പിക്കുകയും ചെയ്തു. യൂസൂസുയോസേഫ്പാതിരിയേയും അദ്ദേഹം ശുശ്രൂഷിക്കുന്ന ഉണർവുസഭയുടെ സാധുക്കളായ മക്കളേയും പീഡിപ്പിക്കുന്നു. യൂസൂസുയോസേഫ്പാതിരി ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തൻറെ വാഗ്ദത്തത്തെക്കുറിച്ചു താമസിക്കുന്നില്ല എന്നു പത്രൊസ്സിൻറെ വാക്കിനെ അനുസരിച്ചു ആറുവർഷമെയുള്ളു എന്നു പറയുന്നു. അദ്ദേഹത്തിൻറെ വൈരിയൊ വായികൊണ്ടു ഇപ്പോൾ വരുമെന്നു സമ്മതിച്ചിട്ടും ഹൃദയം കൊണ്ടുവരുവാൻ താമസമുണ്ടെന്നു പറഞ്ഞു സാധുവായ ക്രൂട്ടർത്തുനെ പീഡിപ്പിക്കുന്നു. യൂസൂസുയോസേഫ്പാതിരി യിരമിയായെപോലെ വിശുദ്ധാത്മനിയോഗപ്രകാരം പാപത്തിൽനിന്നു മാനസാന്തരപ്പെട്ട കർത്താവിൻറെ മഹത്പ്രത്യക്ഷതെക്കായി ഒരുങ്ങിനിൽക്കാത്തവരെ ദൈവം മഹാബാബിലോൻറെ രാജാവായ അന്തിക്രിസ്തൻ എന്ന നെബുഖദനെസ്സറിൻറെ കയ്യിൽ ഏൽപ്പിച്ചു. ഇങ്ങിനെ കുശവപാത്രംപോലെ നശിപ്പിക്കും എന്നു വിനീതനായി പറയുന്നു. അദ്ദേഹത്തിൻറെ വൈരിയൊ പശ്ചാർയിരമിയായ്ക്കു ചെയ്തതുപോലെ യൂസൂസുയോസേഫ്പാതിരിയെ അടിച്ചു തടവിലാക്കുവാൻ വളരെ പ്രയാസപ്പെടുന്നു.

സ്നേഹിതരെ! ഇവരിൽ ആരാകുന്നു ഭയങ്കരത്വത്തിന്നു സൂചകം. യൂസൂസുയോസേഫ്പാതിരിയുടെയും ഉണർവുസഭയുടെയും വൈരിയെ! നീ അത്രെ ഭയങ്കരത്തിന്നു സൂചകം. ഇനി നിൻറെ മാതാപിതാക്കന്മാർ നിനക്കു ഇട്ട പേരിൻപ്രകാരമല്ല നിന്നെ വിളിക്കേണ്ടതു. പിന്നയൊ "മൊർമിസ്സാബിബ്" എന്നത്രെ. എന്നു ഇനിക്കു നിസ്സംശയമായി വിധിക്കാം. ഈ വിധിക്കുയാതൊരു പരമാർത്ഥതൽ വരുന്നും കുറെ പറവാൻ കഴികയില്ല നിശ്ചയം.

സ്നേഹിതരെ! താങ്കളുടെ ട്രാക്ടറിൻറെ ആദ്യം "നിങ്ങൾ ദൈവത്തിന്നായിട്ട ന്യായക്കേടു സംസാരിക്കുമൊ? അവനു വേണ്ടി വ്യാജ

ത്തെ പറയുമോ? എന്നു യോബു ചോദിക്കുന്നു. യോബു മനു. ഇ ഈ മോദ്ദ്യത്തിന്നു ഉച്ച എന്നു ആറുവർഷക്കാർ ഉത്തരം പറയുന്നു എന്നു കാണുന്നു. തന്റെ കഷ്ടാവു വരുവാൻ താമസിക്കുന്നു എന്നു തന്റെ ഹൃദയത്തിൽ പറഞ്ഞു തന്റെ കൂട്ടുഭൃത്യന്മാരെ അടിപ്പാനും മദ്യപാനികളോടുകൂടെ ഭക്ഷിച്ചുകുടിപ്പാനും ആരംഭിക്കുന്നവരോ? വിശ്വാസത്തിനായോഗ്യപ്രകാരം വേദവാക്യസാക്ഷികളോടുകൂടെ ആറാം വർഷാന്ത്യത്തുങ്കൽ കഷ്ടാവിന്റെ മഹാപ്രത്യക്ഷതെക്കു കാത്തിരിക്കുന്ന ആറുവർഷക്കാരോ? അരുതു. തൈമഞ്ഞിന്നായിട്ടു ന്യായക്കേടും വ്യാജവും സംസാരിച്ചുപറയുന്നതോ? ഇതിനെ വിധിപ്പാനുള്ള അവകാശം താങ്കൾക്കു തന്നെ ഇരിക്കട്ടെ.

പിന്നെയും അങ്ങിനെ ഭവിക്കും (എന്നുവച്ചാൽ മൂന്നുദിവസത്തെ അന്ധകാരമുണ്ടാകും) എന്നു തിരുവിതാംകോട്ടു (മഹാ)രാജാവിന്നും ഇംഗ്ലാണ്ടിലെ മഹാരാജ്ഞിക്കും യൂസ്സുയോസഫ് കമ്പിവർത്തമാനം അയച്ചുവല്ലൊ എന്നു താങ്കൾ പറയുന്നു. താങ്കൾക്കു പൊരുത്തമുണ്ടെങ്കിൽ ഈ കായ്മും തെളിയിക്കണം. തെളിയിപ്പാൻ കഴിയുകയില്ലെങ്കിൽ താങ്കൾ ഷണ്ഡൻ എന്നു ഏറ്റുപറയണം. ഈ രണ്ടിൽ ഒന്നു ചെയ്യേ മതിയാവു.

പിന്നെയും യൂസ്സുയോസേഫ് പാതിരി ഉണർവുസഭെക്കും അതിന്റെ വൈരികളിൽ ഒരുത്തനും എഴുതിയ ലേഖനങ്ങളുടെ താൽപര്യം താങ്കൾ ഒട്ടും ഗ്രഹിയാതെ ഒരു സംഗതിയെപ്പറ്റിഅന്നെ രണ്ടു എഴുത്തുകളിൽ ഒരിക്കലും ചേരാത്തവിധത്തിൽ എഴുതിയിരിക്കുന്നതു നോക്കുമ്പോൾ ഇങ്ങിനെ എഴുതുന്നവൻ സത്യമുള്ളവനൊ? ഇവൻ ഒരു വഞ്ചകനല്ലയോ? ഇപ്രകാരം എഴുതുന്നതിനു ഒരു ലജ്ജയും ഇല്ലാത്തതു തന്നെ മഹാ അതിശയമല്ലയോ? എന്നു താങ്കൾ അപഹസിച്ചുകൊണ്ടു ചോദിക്കുന്നു.

ഹാ! താങ്കളുടെ ബുദ്ധി ഇപ്രകാരം ഇരുണ്ടുപോയതിനെക്കുറിച്ചു ഞങ്ങൾക്കു എത്രയും പരിതാപം തോന്നുന്നു. എന്തെന്നാൽ "മുണ്ടകൻ മൂന്നുമുങ്ങണം" എന്നതു സർവ്വസാധാരണയായ ഒരു വാക്കത്രെ. കർക്കടകമാസം നാം നടുക്കം മുണ്ടകൻ ഞാറു നടുന്നതിരണ്ടുതും. അതിന്റെ ശേഷം മഴമൂലം പരുവത്തോടുകൂടെ മൂന്നുപ്രാവശ്യം മുങ്ങിയാൽ എന്നുയും ചെഴിപ്പോടുകൂടെ വിളവുണ്ടാകുന്നതും ആകകൊണ്ടു മുങ്ങുന്നതു ഞാറിന്നു മഹാപ്രയത്രെ. തൽക്കാലം നട്ടഞാറു മുട്ടു ഇളകുകരെക്കു അടിഞ്ഞാലും അതിനെ വീണ്ടും നിലത്തിൽ നടാം. (ഞാറുവട്ടിയിൽ നടുവാൻ കൊള്ളുകയില്ലതാനും. ഞാറുവട്ടിയിൽ നടുവാൻ വിചാരിച്ചു ഞാറിനെ പെറുക്കുവാൻ ഒട്ടുന്നവൻ ഭോഷനത്രെ.) ചിലത അഴുകിയാലും അല്പജീവൻ ഉണ്ടെങ്കിൽ പൊട്ടിക്കിളുക്കും. അത്രപം വേരുറച്ചതു എങ്കൽ കൂടി ജീവശവമായി കിടന്നാലും ജീവശക്തി അതിൽ ഇരിക്കുന്നതുകൊണ്ടു അതു പ്രബലപ്പെട്ടും. ഇങ്ങനെ

ഉണർവുസഭയാകുന്ന മുന്തിരിനിലം ചെഴിപ്പോട്ട ക്രൂടെ വളർന്ന നാ
ഥന്റെ ഉപമപ്രകാരം ഓരോ അവയവും മുപ്പതും അറുപതും നൂറും മേനികളായി നി
ത്യജീവങ്കലേക്കു ഫലം പുറപ്പെടുവിക്കയും ചെയ്യും. ഇതു ഹേതുവായി
പൂർണ്ണഫലം നൽകേണ്ടതിന്നു ഉണർവുസഭയാകുന്ന മുന്തിരിനിലം മു
ന്തിയതിനാൽ അതു സഭെക്കു മഹത്വമാകുന്നു. എന്നു താങ്കൾ അറിയാ
തെ പോയതു ഈ കൃഷിക്കു താങ്കൾക്കു പരിചയമില്ലാത്തതിനാല
ത്രെ. എന്നു സ്പഷ്ടമായി തെളിയുന്നതു കൂടാതെ ഉണർവുസഭയാകുന്ന
ആകാശം അതിലുള്ള ദുരാവികളൊക്കെ പോയി ശുദ്ധമാകേണ്ടതി
ന്നും അതു മൂലം കൃപയാകുന്ന മഴയും ജീവനാകുന്ന പ്രകാശവും ലോ
കരിൽ വീണു. അവർ സ്വർഗ്ഗീയകുടികളായി തീരേണ്ടതിന്നും കലക്ക
മാകുന്ന അന്ധകാരം ഭ്രമമാകുന്ന ക്രിയകൾ ചഞ്ചലമാകുന്ന മിന്നൽ.
അവിശ്വാസമാകുന്ന ഇടി, ഭ്രകമ്പം എന്നിവ വരേണ്ടതു ആവശ്യമാ
യിരിക്കുമ്പോൾ അപ്രകാരം വന്നതു, ഉണർവുസഭെക്കു മഹത്വമാകു
ന്നു എന്നും താങ്കൾ അറിയാതെപോയതു ഈ വാനഭൂമികളുടെ പ്രമാ
ണമാകുന്ന ദിവ്യവേദത്തിൽ താങ്കൾക്കു പരിചയമില്ലാത്തതിനാൽ ത
ന്നെ എന്നു ഏറ്റവും സ്പഷ്ടമായി വിളങ്ങുന്നു. ആയതുകൊണ്ടു "ഉണർ
വുസഭ ഈ സംഗതിയാൽ മുമ്പിലത്തെക്കാൾ ഏഴമടങ്ങു ശോഭിക്കു
ന്നു" എന്നു യൂസ്സുയോസേഫ് വാതിരി നസറയനായ യേശുമഹാരാ
ജാവിന്റെ ഉണർവുസഭെക്കു എഴുതിയതു് എത്രയും യോഗ്യം എന്ന
ല്ലാതെ വിപരീതമെന്നു താങ്കളെപോലെയുള്ള ബുദ്ധിഹീനന്മാരെ
പറയൂ. ആകയാൽ ഈ ലേഖനങ്ങൾ തമ്മിൽ എത്രയും യോജ്യതയാ
യിരിക്കുമ്പോൾ വിപരീതമുണ്ടെന്നു പറയുന്ന താങ്കളൊ? നസറയനാ
യ യേശുവിന്റെ ദാസനാകുന്ന യൂസ്സുയോസെഫൊ? ആരാകുന്നു വ
ഞ്ചകൻ.

ഇനിയും ചിന്തിക്കണം യോനാ മൂന്നു രാപ്പകൽ മത്സ്യത്തിന്റെ വ
യറ്റിൽ കിടന്നശേഷമേ നിനവയിൽ പ്രസംഗശ്രുശ്രൂഷ കഴിപ്പാൻ
അളായൊള്ളു. കർത്താവിന്റെ ശരീരവും ശവക്കുഴിയിൽ അവ്വണ്ണം തു
ന്നു കിടന്നു. വിശുദ്ധ പൌലൂസും തന്റെ മഹത്വമേറിയ ശുശ്രൂഷെക്കു മുമ്പിൽ മൂന്നു ദിവസം കണ്ണുകാണാതെ അന്ധനായി പാർത്തിട്ടു വ
ന്നു. ഈ ദൃഷ്ടാന്തങ്ങളിൻപ്രകാരം വിശുദ്ധ ഉണർവുസഭയും തൻ നാ
ഥനോടു അനുരൂപപ്പെട്ടുവാൻ തക്കവണ്ണം ഇസഹാക്കിന്റെയും നിനവ
യുടെയും സംഗതികളിൽ ദൈവം തന്റെ നിശ്ചയത്തെ ഏതുപ്രകാരം
പ്രയോഗിച്ചുവോ? അപ്രകാരം തന്നെ താൻ ഉണർവുസഭയോടും പ്ര
യോഗിച്ചുസത്യം. ഇതു നടിപ്പല്ല സൂക്ഷ്മാൽ സംഭവമത്രെ. നടിപ്പാകു
ന്നു എന്നു താങ്കൾ വാദിക്കുന്ന പക്ഷം ഇസഹാക്കിന്റെയും നിനവയു
ടെയും സംഗതികളും നടിപ്പത്രെ എന്നു താങ്കൾ പറയേണ്ടി ഇരിക്കു
ന്നു എന്തെന്നാൽ ഇതും അല്പം ശരി. അതിന്നു വിരോധം പറയാതെ
കിൽ ഇതിന്നും പറയാം. അതിനാൽ ലൂക്കോസുനടിച്ചില്ലാ സത്യം പ

റകയത്രെ ചെയ്തത്. എന്ന അദ്ദേഹത്തിന്റെ ശിഷ്യനായ ഞാൻ ഉറപ്പായി സാക്ഷീകരിക്കുന്നു. വിശുദ്ധ ഏശായാ പ്രവാചകൻ "അവനു രൂപവുമില്ല. ഭംഗിയുമില്ല നാം അവനെ കാണുമ്പോൾ അവനെ ആഗ്രഹിക്കേണ്ടതിന്നു സൌന്ദര്യവുമില്ല". എന്ന ആരെക്കുറിച്ചു പറയുന്നുവോ? ആ നസറയ്നായ യേശുവിന്റെ അടിമകളത്രെ കുട്ടികൾ. യഹൂദപ്രമാണികളായ പരീശർ മുതലായവർ കുട്ടികളായ ഞങ്ങളുടെ നാഥനെ വഞ്ചകൻ വിശാമുള്ളവൻ ശപ്തൻ എന്ന ദുഷിക്കയും മുപ്പന്മാരുടെ സമ്പ്രദായങ്ങളെ പ്രമാണിക്കാഴികയാൽ വെടിപ്പില്ലാത്തവൻ എന്നും മറും അപഹസിക്കയും മറും ചെയ്തതിനാൽ താൻ അവരുടെ കണ്ണുകൾക്കു രൂപവും ഭംഗിയും സൌന്ദര്യവും ഇല്ലാത്തവനായി കാണപ്പെട്ടപ്രകാരം അവന്റെ അടിമകളായ ഞങ്ങളും നിങ്ങൾക്കു കാണപ്പെട്ടുന്നു. ഇതു അതിശയമല്ല. ഇപ്രകാരം നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരുടെ അളവിനെ നിവൃത്തിപ്പിൻ. കുട്ടികളായ ഞങ്ങൾ ലോകത്തിന്റെ കന്മഷംപോലെ സകല വസ്തുക്കളുടെയും അഴുക്കായി തീർന്നിരിക്കുന്നതിനാൽ. ഞങ്ങളുടെ പിതാമഹനായ പൌലൂസിന്റെ അവകാശം ഞങ്ങൾക്കു ലഭിച്ചിരിക്കുന്നു. ഇതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഇനിയും സന്തോഷിക്കും ആനന്ദിക്കയും ചെയ്യും.

പിന്നെയും യൂസുഃയോസേഫ് ബോധിക്കുന്നതൊക്കെയും നിശ്ചയം സത്യം എന്നിങ്ങനെ പറയുന്നതിന്റെ കാരണം. താങ്കൾക്കുള്ളതുപോലെ ഭയചഞ്ചലങ്ങളുടെ ആത്മാവല്ല. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെ സപ്രസാദബുദ്ധിയുടെയും ആത്മാവു അദ്ദേഹത്തിന്നു ഉള്ളതിനാലാകുന്നു. ആകയാൽ ക്രിസ്തനിൽ അതെ, അല്ല, എന്നു പറവാൻ കഴിയുന്നില്ല. അവനിൽ എല്ലാം "അതെ" എന്നും അവനിൽ ആമെൻ എന്നും ആകകൊണ്ടു നിശ്ചയം സത്യം" എന്നു പറവാനെ കഴിയുന്നൊള്ളു. ഇതിനാൽ താങ്കൾ ബുദ്ധിഹീനനെപോലെ അദ്ദേഹത്തോടു കോപിക്കാമോ? അല്ല താങ്കൾ കോപിച്ചാലും ഞങ്ങളുടെ തലയിലെ രോമങ്ങൾ ഒക്കയും എണ്ണപ്പെട്ടിരിക്കയാൽ അവയിൽ ഒന്നിന്നുപോലും ഹാനി വരികയില്ല നിശ്ചയം.

ഇനിയും അനേകം കാര്യങ്ങൾ താങ്കളുടെ ട്രാക്ടിൽനിന്നു പറവാനുണ്ട്. എന്നാൽ നിങ്ങൾ ചെവികൊണ്ടു കേൾക്കും. തിരിച്ചറിയാതെയും. നിങ്ങൾ കണ്ടിട്ടും കാണും അറിയാതെയും ഇരിക്കും എന്തുകൊണ്ടന്നാൽ ഈ ജനം കണ്ണുകൾകൊണ്ടു കാണുകയും ചെവികൾകൊണ്ടു കേൾക്കുകയും ഹൃദയംകൊണ്ടു തിരിച്ചറികയും മനസ്സുതിരിയപ്പെടുകയും ഞാൻ അവരെ സപ്രസാദപ്പെടുത്തുകയും ചെയ്യാതിരിപ്പാനായിട്ടു അവരുടെ ഹൃദയം തടിച്ചിരിക്കുന്നു. അവർ ചെവികൾകൊണ്ടു അസഹ്യമായി കേൾക്കുന്നു. അവർ തങ്ങളുടെ കണ്ണുകളെ അടെക്കയും ചെയ്തിരിക്കുന്നു." എന്ന ഏശായാ പറഞ്ഞ പ്രവചനം നിങ്ങളോടു നന്നായി ചേരുന്നതിനാൽ ഈ ബുദ്ധിയുപദേശ

ത്തോട്ട ക്രമേ ഇതിനെ അവസാനിപ്പിക്കുന്നു. അതായതു "ദീർഘദർശികളിൽ ചൊല്ലപ്പെട്ടതു നിങ്ങളുടെ മേൽ വരാതിരിപ്പാനായിട്ടു സൂക്ഷിപ്പിൻ. നിന്ദക്കാരെ നിങ്ങൾ നോക്കുകയും ഭ്രമിച്ചുപോകയും നശിച്ചുപോകയും ചെയ്യിൻ. എന്തുകൊണ്ടെന്നാൽ ഞാൻ ഒരു പ്രവൃത്തിയെ നിങ്ങളുടെ നാളുകളിൽ പ്രവൃത്തിക്കുന്നു. ആ പ്രവൃത്തിയെ ഒരുത്തൻ നിങ്ങളോടു അറിയിച്ചാലും നിങ്ങൾ ഒരു പ്രകാരത്തിലും വിശ്വസിക്കയില്ല".

ഇപ്പടിക്കു തങ്കളുടെ നന്മയെ മാത്രം ആഗ്രഹിക്കുന്നവനും നസറയ്നായ യേശുവിൻ അടിമയുമായ

യൂസുസുയോഹന്നാൻ

കന്നീറ്റിനിന്നും
ഫ്രവുരി നവംബർ 8-ാം നു-

My dear Sir

Kanneet
8. Dec. 1876.

റവറണ്ടു കെയീലി സായ്പിനു്

സായ്പവർകൾ നവംബർ 2-ാം നു- അയച്ച എഴുത്തു വന്നു ചേർന്നു. വായിച്ചു മനസ്സിലാകയും ചെയ്തു. ഒരു എഴുത്തു വന്നാൽ അതു വായിച്ചു മനസ്സിലായി ഉത്തരം ഗ്രഹിച്ചു വേണം മറുപടി എഴുതുവാൻ. അല്ലാതെ എഴുതുന്നെങ്കിൽ അയതു നിസ്സാരസ്ഥിതിയിൽ തന്നെ വിചാരിക്കപ്പെടും.

നവംബർ 2-ാം നു- എഴുതിയ എഴുത്തിൽ ഒക്ടോബർ മാസത്തിലെ ശമ്പളം ചോദിപ്പാൻ കാരണം ഇന്നതെന്നു ഞാൻ തെളിയിപ്പിച്ചിട്ടുള്ളതു കൂടാതെ സായ്പവർകൾ അധികാരം വിട്ടു എന്നോടു പ്രവൃത്തിച്ചതിനെയും ഞാൻ സ്പഷ്ടമായി കാണിച്ചിട്ടുണ്ടു അതു ഉറപ്പായിപ്പാൻ അപേക്ഷിക്കുന്നു.

കന്നീറ്റു ഇടവകപ്പട്ടക്കാരനും ഒരു മിശിയോനരിയുടെ കീഴിലല്ല. കൌൺസലിന്റെ കീഴിലായിരുന്നു എന്നുള്ളതു സ്പഷ്ടം. ഒരു വർഷമാത്രാവധിയിൽ കൂടെ സായ്പവർകൾ വന്നിരുന്നെങ്കിൽ വിഷമം ഒന്നും ഇല്ലായിരുന്നു. ഇങ്ങനെ വരുമായിരുന്നുവല്ലൊ? പിന്നെ എന്തിനു ചർച്ചുമിശിയോന്റെ കാര്യസ്ഥൻ എന്നുള്ള മുറെക്കു അധികാരം ചെലുത്താൻ തക്കവണ്ണം "മറെറാരു വഴിയായി" വന്നതു. സായ്പവർകൾക്കു നാലു സ്ഥാനമുണ്ടെന്നു ബോധപ്പെടുത്തുവാനായിരിക്കുമെന്നും കൊടുത്തയച്ച ഒരു എഴുത്തു മൂലം തോന്നുന്നു. എന്തെന്നാൽ "രണ്ടും രണ്ടും നാലാകുന്നു" എന്നു അതിൽ കാണുന്നു. നാലല്ല നാലും

നാലും എട്ടെന്നായിരിക്കട്ടെ എന്താകുന്നു വിഷമമുള്ളത്? യാതൊരു വിഷമവുമില്ല. ഇതിനാൽ ഹരം ഇടവകയും പട്ടക്കാരനും മിശിഹയുടെ കീഴിൽ എന്നു വരുമോ? അങ്ങനെ അല്ലെന്നു ബിഷപ്പു സായ്പുവർകൾ തന്നെ ലൈസൻസും "നോട്ടീസഭാനിക്ഷേപം" മുതലായ പ്രസ്താങ്ങളും സാക്ഷി. പിന്നെ എന്തിനു എന്നു ചോദിക്കുമായിരിക്കും? മറുള്ള മിശിഹയാനരിമാരെയും കൊൺസലിനെയും ബിഷപ്പുസായ്പുവർകളേയും കുമ്മട്ടിക്കാരെയും സുഗന്ധീകരിപ്പാൻ തന്നെ. ആരാകട്ടെ അന്യവാദം കൂടാതെ ഒരുവന്റെ ആധീനത്തിൽ ഇരിക്കുന്ന സ്ഥലത്തു ചവുട്ടുവാൻ പോലും ന്യായമില്ലാതെ ഇരിക്കുമ്പോൾ ബലമായിക്കേറുക മാത്രമല്ല. അപഹരിക്കയും കൂടെ ചെയ്തിട്ടു വൻപു സംസാരിക്കയും അന്യന്റെ മേൽ ദോഷം ആരോപിക്കയും ചെയ്താൽ അയ്യോ യുക്തമെന്നു തോന്നുന്നുവോ? ഞാൻ എന്റെ മുറ ചെയ്തതോ അവിവേകം? ആക്രമിച്ചതോ അവിവേകം? മുറ ചെയ്തതു അവിവേകം എന്നു തോന്നിയാൽ ഉടനെ എന്നോടു ചോദിക്കാമായിരുന്നു. അങ്ങനെ ചോദിച്ചുവോ? ചോദിക്കാതെ എന്തിനു വാതൽ തുറന്നു? പിന്നെ ഞാൻ എഴുതുമല്ലൊ? ഇപ്രകാരം എഴുതുവാൻ കാരണമെന്തു എന്നും എന്നോടു ചോദിക്കാം. അതും ചെയ്തില്ല. പിന്നീടു ഞാൻ പൂട്ടി പൂട്ടി വരിപ്പാൻ സക്കാരിൽനിന്നും അനുവാദം തന്നിട്ടുണ്ടോ? ഹരം പുളവു ഒക്കയും കാണിച്ചു എന്റെ പേരിൽ ദോഷം ആരോപിച്ചു എന്തിനു ഹരം പാഴാങ്കം പാടിരിക്കുന്നതു? "തന്നാലെതാൻ കേട്ടാൽ അണ്ണാവി ഷൻശൈയ്യൻ" എന്നുള്ള പഴമൊഴി പ്രകാരം ഞാൻ എന്തു ചെയ്യും? അല്ലെങ്കിൽ ഇസബെൽ അവകാശമാക്കി കൊടുത്താലും ദൈവമവകാശമാക്കി കൊടുക്കായ്കയാൽ ഏലിയാ ആകട്ടെ അവന്റെ ദീർഘദർശനമാകട്ടേ എന്തു ചെയ്യും?.

പിന്നെയും "ഒക്ടോബർമാസത്തിലെ ശമ്പളം" എന്ന വാക്കിൽ ആ മാസത്തിലെ മുഴുവനായ ശമ്പളം എന്നും ഏതാനും ദിവസങ്ങളുടെ ശമ്പളം എന്നും ഉള്ള അർത്ഥം അടങ്ങിയിരിക്കയാൽ ആ വ്യത്യാസത്തെ അറിവാൻ കഴിയാതിരിക്കെ "ഹവ്വന്നെ ഓഗ: ഹ്രാം നു മുതൽ ഹവ്വന്നെ ദിവസമെയുള്ളു" എന്നു ദിവ്യസംഗതിയെ ഞാൻ വിവരിക്കുമ്പോൾ അയ്യോ എങ്ങനെ അറിവാൻ കഴിയും? പ്രാണമയനായ മനുഷ്യൻ ദൈവത്തിന്റെ ആത്മാവിന്നുള്ളവയെ കൈക്കൊള്ളുന്നില്ല. എന്തെന്നാൽ അവ അവനു ഭോഷ്കുതന്നെ ആകുന്നു. അവ ആത്മപ്രകാരമായി വിവേചിക്കപ്പെടുന്നതുകൊണ്ടു അവനു അവയെ അറിവാൻ കഴികയില്ലാ എന്നു വേദം രേഖപ്പെടുത്തുന്നു.

അല്ലാതെയും സായ്പുവർകൾ എന്നോടു "തന്റെ സ്വന്തമകൻ ജീവനോടിരിക്കുന്നതു എന്തുകൊണ്ടു? തന്റെ അമ്മ ജീവനോടിരിക്കുന്നതു എന്തുകൊണ്ടു? എന്നു ചോദിച്ചിരിക്കുന്നതു. "നീ അതിൽനിന്നു ഭക്ഷിക്കുന്ന നാളിൽ മരിക്കും നിശ്ചയം" എന്നുള്ള വചനം സത്യമായി

ങ്കിൽ ആദാം ജീവിച്ചിരുന്നതു എന്തുകൊണ്ടു? "നിങ്ങൾ എല്ലാവരും ഇനിമേൽ എന്റെ മുഖം കാണുകയില്ലെന്നു ഞാൻ അറിയുന്നു" എന്ന വചനം സത്യമായിരുന്നാൽ പൌലൂസ് റോമായിൽ ചെന്നു രണ്ടു വർഷം മുഴുവനും താമസിപ്പാൻ തക്കവണ്ണം ജീവിച്ചിരുന്നതു എന്തുകൊണ്ടു? എന്നുള്ള ചോദ്യങ്ങൾക്കു അനുരൂപമായാൽ ഞാൻ എന്തു ചെയ്യും? ദൈവത്തിന്നു എപ്പോൾ തിരുമനസ്സോ? അപ്പോൾ എടുത്തുകൊള്ളട്ടെ. അതുവരെയും അവർ ജീവിച്ചിരിക്കയെ ഉള്ളു.

ഞാൻ അനേകർക്കു കർത്താവിന്റെ മഹത്പ്രത്യക്ഷതയെക്കുറിച്ചു എഴുതിട്ടുള്ളവരുടെ സാക്ഷാൽ പകർപ്പു എന്റെ വിധേയം ഉള്ളതിനാൽ ഏതു പകർപ്പു സൂക്ഷിപ്പുകാർക്കു ആവശ്യമുണ്ടോ? അതിന്നു എഴുതി വന്നാൽ ഞാൻ എഴുതിക്കൊടുത്തയക്കാം. എഴുത്തുകൾ തമ്മിൽ വല്ല വ്യത്യാസവും ഉണ്ടായിരുന്നാൽ അതു കാണിച്ചു അച്ചടിപ്പിച്ചു കൊള്ളുവാൻ വളരെ അപേക്ഷിക്കുന്നു.

ഒരു ഗ്രന്ഥദോഷം കൂടെ പറഞ്ഞുകൊള്ളട്ടെ. ഉള്ളതിനെ ഇല്ലായ്മയാക്കുവാനോ ഇല്ലായ്മയെ ഉള്ളതാക്കുവാനോ തുനിഞ്ഞാൽ ഉള്ളതും കൂടെ പൊയ്പോകും. അനുവർഷക്കാർക്കു വിരോധമായി ഉണ്ടാക്കിയിരിക്കുന്ന ട്രാക്റ്റുകൾ തെറ്റിദ്ധരിപ്പിക്കുന്നതുകൊണ്ടും വേദവിപരീതമായ ഇടത്തട്ടു ഉപദേശങ്ങളെക്കൊണ്ടും നിറഞ്ഞിരിക്കയാൽ ഇനിക്കു വളരെ പരിതാപമുണ്ടു. കർത്താവിന്റെ മഹത്പ്രത്യക്ഷതയെക്കുറിച്ചു ഞങ്ങൾ പ്രസംഗിക്കുന്നതു തെറ്റെന്നു വരുത്തേണ്ടതിന്നു നിങ്ങൾ എത്രയും അപകടസ്ഥിതിയിൽ ആകുന്നുവോ? ഇതു പരിശുദ്ധാത്മാവിനോടു എതിർത്തതിനാലല്ലയോ വന്നിരിക്കുന്നതു? ഇതിന്റെ അവസാനം എന്തായിരിക്കും? ഭയങ്കരം തന്നെ. ഞാൻ എന്തു ചെയ്യേണ്ടു? ഞാൻ ഒന്നര വർഷമായി പറയുന്നതു ഒക്കയും നിങ്ങൾക്കു മാറുപാടായി തോന്നുന്നുവല്ലൊ. നിങ്ങളെ ഓർത്തു എന്റെ കണ്ണുനീരുകൾ ധാരയായി ഒഴുകുന്നു. ഹാ! കർത്താവെ! ചുമ്പിശിയോനായ എൻ മാതാവിനെയും മിശിയോനരിമാരായ എൻ പിതാക്കന്മാരെയും പത്രോസിനെ ദർശിച്ചവണ്ണം കടാക്ഷിച്ചു നിന്റെ അടിയാനായ യൂസ്സുയോസേഫാകുന്ന അരിഷ്ടപാപി നിന്റെ വചനപ്രകാരം പ്രസിദ്ധപ്പെടുത്തിയ ദിവ്യ വിളംബരത്തിന്റെ സത്യതയിലേക്കു വരുത്തേണ്ടതിന്നു അവരെ സാക്ഷാലുള്ള മാനസാന്തരത്തിലേക്കു വഴി നടത്തേണമെ.

സായ്പവർകളെ കണ്ടു സംഭാഷിപ്പാൻ തക്കവണ്ണം ദൈവം ഇടവരുത്തട്ടെ. ഇപ്പടിക്കു താഴ്മയുള്ള വന്ദനത്തോടുകൂടെ എഴുതിക്കൊള്ളുന്നതു എല്ലാവരുടെയും ശുശ്രൂഷക്കാരൻ

യൂസ്സുസ് യോസേഫ്.

കന്നിറേറി ഉണർവുസഭാലോചന സംഘത്തിൽ ചേർന്നുള്ളാ ഇട
വകയിലുമുള്ള പിതാക്കന്മാക്കും സഹോദരന്മാക്കും വന്ദനം

---

൦൩൦ മാണ്ടം മന്യാം നൂ- വെള്ളിയാഴ്ച മുതൽ നടിവസം കായംകു
ളം ഇടവകയിൽ വെച്ചു പൊതുവിലുള്ള ഉപവാസം കഴിപ്പാൻ തക്ക
വണ്ണം നിശ്ചയിച്ചിരിക്കയാൽ ആയതിനു വരുവാൻ കഴിയുന്നവർ
എല്ലാവരും മനഃപൂർവ്വകാര്യക്കാരോടു കൂടെ അവിടെ വന്നു ചേരുവാ
ൻ അപേക്ഷിക്കുന്നു. വരുന്ന എല്ലാവരും തൻ ചിലവിനേൽ വന്നു
ചേർന്നുകൊള്ളണം. വിശേഷിച്ചും ആ വെള്ളിയാഴ്ചക്കും ഞായറാ
ഴ്ചക്കും അതാതുസ്ഥലങ്ങളിൽ ശുശ്രൂഷ കഴിപ്പാൻ ശുശ്രൂഷക്കാരെ നി
യമിച്ചുകൊള്ളുകയും വേണം.

ഇങ്ങനെ വിനയപൂർവ്വം എഴുതി അറിയിച്ചുകൊള്ളുന്നതു സംഘ
ത്തിന്റെ സിക്രട്ടേറി

കന്നിറേറി നിന്നും
൦൩൦൨. ധനു ൫൰ നൂ-

യൂസ്സസു ശമുവേൽ.

തെക്കേഡിവിഷ്യൻ.	പടിഞ്ഞാറേഡിവിഷ്യൻ.	കിഴക്കേഡിവിഷ്യൻ.
ചെങ്ങൊളം.	മങ്കുഴി	ചെങ്ങന്നൂർ
കൊട്ടാരക്കര	കായംകുളം	കവുങ്ങുമ്പ്രയാർ
കുണ്ടറ	കാർത്തികപ്പള്ളി	പൂവത്തൂർ
കടമ്പനാട്ടു	ചെറുകോൽ	എലന്തൂർ
കന്നിറേറി	നിരണം	വെണ്മണി

---

൫൯ രാജശ്രീ മാരാമണ്ണു പള്ളിയിൽ വികാരി സ്കറിയാ
കത്തനാരച്ചൻ അവർകൾക്കു താഴ്മയുള്ള വന്ദനം

എന്റെ പ്രിയമുള്ള അച്ചാ!

താങ്കൾ ആൽവശം കൊടുത്തയച്ച എഴുത്തുകൊണ്ടുവന്ന തന്നു വാ
യിച്ചു മനസ്സിലാകയും ചെയ്തു. അതിൽ താങ്കൾ പറഞ്ഞിരിക്കുന്നതു
ഇപ്രകാരമാകുന്നു. കുറഞ്ഞൊരുനാളായി ക്രിസ്ത്യാനിമാർഗ്ഗത്തിന്നും സു
വിശേഷ നടപ്പിന്നും ചേർച്ചയല്ലാതെയുള്ള ചില നൂതന ഉപദേശ
ങ്ങൾ നിങ്ങൾ തുടങ്ങി പ്രത്യേകം സുറിയാനിക്കാരിലും മറും അറി
വിൽ ദൃഢതയില്ലാത്ത ചില ആത്മാക്കളെ വഴിതെറ്റിച്ചു നടത്തി
വരുന്ന സംഗതിയെപ്പറ്റി തങ്ങളിൽസംസാരിച്ചു സത്യാസത്യങ്ങളെ
ക്കുവരും അറിയുന്നതിന്നു വേണ്ടി പലതവണയും ആരംഭിച്ചാറെ ഓ
രോരോ ഉപായങ്ങളാലെ ആയതിന്നു ഇടതരാതെ ഇരുന്നതും ഇപ്പോ
ൾ ദൈവകൃപയാലെ മേല്പറഞ്ഞ സംഗതിയെക്കുറിച്ചു തമ്മിൽ കണ്ടു
സംസാരിക്കുന്നതിന്നു നിങ്ങൾക്കു മനസ്സുള്ളപ്രകാരവും ആയതിന്നു ഇ
ങ്ങോട്ടു വന്നുകൊള്ളാമെന്നും നഗരത്തു കിഴക്കേൽ മാമ്മൻ മുതലാളി

രോട്ട യാക്കോബു കുട്ടിയും മറും പറഞ്ഞയച്ചതിനെകേട്ട വളരെ സന്തോഷമായിരിക്കുന്നു. എന്നാൽ ആയതു അടുത്തയൊ അടുത്തനാൾ കഴിഞ്ഞൊ എപ്പോൾ നിങ്ങൾ വന്നു ചേരുമെന്നു മറുപടിക്കു കാത്തിരിക്കുന്നു. ശേഷം കാര്യമായി എന്നതെ.

ഒരും എഴുത്തിന്റെ അർത്ഥം ഇന്നതു എന്നു അറിയുന്നതിനെ പറഞ്ഞു കൊള്ളുന്നു. ഞങ്ങൾ കുറഞ്ഞൊരുനാളായി നടത്തിവരുന്ന സംഗതി ക്രിസ്ത്യാനിമാർത്തിനും സുവിശേഷനടപ്പിനും മോഹ്യമല്ലാതുള്ള ചില നൂതന ഉപദേശങ്ങളൊട്ടു കൂടെ കൂടിയതെന്നും അതിനെ സൂറിയാനിക്കാരിലും മറും ആരംഭിച്ചു അറിവിൽ മുഴുപ്പില്ലാത്തവരെ വഴിതെറ്റിച്ചു നടത്തിവരുന്നതെന്നും അതിനെ നാം ഉരുവാട്ടുകയും തമ്മിൽ സംഭാഷിപ്പാൻ (ആയതു സത്യാസത്യങ്ങളെ ഏവരും അറിയുന്നതിന്നുവേണ്ടി തന്നെ) പലതവണയും താങ്കൾ ആരംഭിച്ചു എന്നും അപ്പോൾ ഒക്കയും ഞങ്ങൾ ഓരോ ഉപായങ്ങൾ മൂലം ഇടതന്നില്ല എന്നും കണ്ടാൽ ഇപ്പോൾ മേൽകാണിച്ച സംഗതിയെപ്പറ്റി നിങ്ങളുമായി കണ്ടു സംഭാഷിക്കുന്നതിന്ന ഞങ്ങൾക്കു മനസ്സുള്ളതിനാൽ ആയതിന്ന ഞങ്ങൾ നിങ്ങളരികെ വന്നുകൊള്ളാമെന്നും യാക്കോബുകുട്ടിയും മറും നഗ്രൂക്കീഴക്കേൽ മൂപ്പൻ മുതൽപേരോട പറഞ്ഞയച്ചതിനെ കേട്ട താങ്കൾക്കു വളരെ സന്തോഷമായിരിക്കുന്നു എന്നും ആയതു എപ്പോൾ എന്നു ഞങ്ങൾ മറുപടി അയക്കണമെന്നും തന്നെ ഇതിന്റെ താൽപര്യം. ഞങ്ങൾ ഇപ്പോൾ നടത്തിവരുന്ന കാര്യം ക്രിസ്ത്യാനിമാർത്തിനും സുവിശേഷസത്യത്തിനും വിരോധമായിട്ടുള്ളതു എന്ന താങ്കൾ വിധിച്ചിട്ടുള്ളതിനെ ഞങ്ങളോട പറവാൻ പലതവണയും ആഗ്രഹിച്ചു (ആയതു ഇക്കള്ളത്തെ ഏവരും അറിവാനായിട്ട തന്നെ) എന്നാറെ ഞങ്ങൾ ഇടതന്നില്ല. എന്നാൽ ഇപ്പോൾ യാക്കോബുകുട്ടി മുഖാന്തരം ഞങ്ങൾ ഇടതന്നിരിക്കുന്നതിനാൽ താങ്കൾക്കു ദുഃഖം നീങ്ങി സന്തോഷം വന്നിരിക്കുന്നു എന്നതെ.

എന്റെ പൊന്നച്ചാ! ഞങ്ങൾ നടത്തിവരുന്നതു അസത്യാത്മകമെന്നു താങ്കൾ വിധിച്ചിട്ടുള്ളതിനെ കേൾപ്പാൻ ഞങ്ങൾ വരുന്നു എന്നു യാക്കോബുകുട്ടി പറഞ്ഞയക്കാത്തതുകൊണ്ടു നഗ്രൂക്കീഴക്കേൽ മൂപ്പൻ മുതൽപേരെ പിണപറയാതെ അച്ഛന്റെ വിധിയെ കേൾപ്പിപ്പാൻ നിങ്ങൾ എപ്പോൾ വരുന്നു എന്നു എഴുത്തയച്ചിരുന്നു എങ്കിൽ ഇതിനേക്കാൾ നല്ലതായിരുന്നെനെ. ജനങ്ങളെ വഞ്ചിക്കുന്ന ആത്മാവു ഏതാകുന്നു എന്നു അച്ഛനും മറും മുൻവിധിക്കുടാതെ വേദവാക്യം മൂലം ശോധനചെയ്തു അറിവാൻ വളരെ അപേക്ഷിക്കുന്നു.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു എല്ലാവരുടെയും ശുശ്രൂഷക്കാരൻ.

ഹാദിയ മകരം വദിനം [illegible] യൂസുസുയോസേഫ്

പുത്തൂരിൽ നിന്നും.

കുന്നീറാ ഉണർവുസഭായോഗസംഘത്തിന്റെ ജന
പ്രതിനിധിയും കാര്യസ്ഥനും വിചാരിപ്പുകാരനുമായ ഉ.
പീലിപ്പോസായ എൻ പ്രിയസഹോ
ദരനു എന്റെ വിശ്വാസ ചുംബനം.

താങ്കൾ അഞ്ചൽമാർഗ്ഗമായി കൊടുത്തയച്ച എഴുത്തു ഇന്നു വന്നുചേ
ന്നു. അതിൽ കാണിച്ചിരിക്കുന്ന ചോദ്യങ്ങൾ എന്നോടു ചോദിപ്പാൻ
തക്കവണ്ണം വിശുദ്ധാത്മാവിന്റെ വ്യാപാരത്താൽ വെളിപ്പെട്ടിരിക്കു
ന്നവ എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുകൊണ്ടു എത്രയും ഭയഭ
ക്തിയോടും പരിശുദ്ധാത്മാവിലുള്ള സന്തോഷത്തോടും കൂടെ ദേവമ
ക്കളായ ഈപ്പച്ചൻ മുതൽ പേരുകുന്ന നിങ്ങളോടു വിനയപൂർവ്വം എഴു
തി അറിയിച്ചുകൊള്ളുന്ന ഉത്തരം.

ഒന്നാമതു ആത്മാവിനെ വിശ്വസിക്കുന്നുവോ? എന്നുള്ള ചോദ്യത്തി
ന്നു "ആത്മാവു" എന്നു പറഞ്ഞാൽ അനേക അർത്ഥം ഉണ്ടു. "ദൈവം ആ
ത്മാവാകുന്നു" എന്ന വചനത്താൽ ത്രിയേകദൈവമാകുന്ന "സത്യാത്മാ
വു" എന്നു കാണിക്കുന്നു. "ഞാൻ നിങ്ങളോടു പറയുന്ന വചനങ്ങൾ ത
ന്നെ ആത്മാവാകുന്നു" എന്ന വാക്കിനാൽ ദിവ്യഭാഗ്യമാർമൂലം ദൈ
വം പിതാക്കന്മാരോടു അരുളിച്ചെയ്തവയും യേശുമൂലം മൊഴിഞ്ഞവ
യുമാകുന്ന ദിവ്യവചനമാകുന്നു" "ആത്മാവു" എന്നു തെളിയുന്നു. ഈ
ന്യായത്താൽ ത്രിയേകദൈവമായ ആത്മാവിൽ നിന്നു ജനിച്ചതായ
തിരുവചനം ആത്മാവാകുന്നു എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കു
ന്നു. പിന്നെയും "ഓരോരോ ആത്മാവിനെവിശ്വസിക്കാതെ ആത്മാക്കൾ
ദൈവത്തിങ്കൽ നിന്നാകുന്നുവൊ? എന്നു ശോധന ചെയ്വാൻ" എന്നുള്ള
വചനത്താൽ എല്ലാ ആത്മാവിനേയും വിശ്വസിപ്പാൻ വഹിയാ എ
ന്നും ആത്മാക്കളെ ശോധനചെയ്യണമെന്നും കാണുന്നു. എന്തെന്നാൽ
ദൈവത്തിൽനിന്നുള്ളതുപോലെ അന്തിക്രിസ്തുവിന്നുള്ള ആത്മാവും ഉ
ണ്ടു. അതിനാലത്രെ "ദിർഘദർശിമാർ രണ്ടുപേരൊ മൂന്നുപേരൊ ആ
യിട്ടു പറയട്ടെ. മറുള്ളവർ അതിനെ ധിക്കരിക്കാതെ വിധിക്കയും
ചെയ്യട്ടെ" എന്നു പറഞ്ഞിരിക്കുന്നതു. അതുകൊണ്ടു ദൈവവചനമാകു
ന്ന ആത്മാവു സഭയുടെ മേൽ വിശ്വാസ്യമായി നിലനിൽക്കുന്നു. എ
ന്നാൽ ആത്മവ്യാപാരം മൂലം തൽക്കാലം ഉണ്ടാകുന്ന ആത്മാവു അല്ലെ
ങ്കിൽ വചനം ശോധനചെയ്തു വിശ്വസിപ്പാൻ തക്കവണ്ണം സഭയുടെ
അധീനമായി വെക്കപ്പെട്ടിരിക്കുന്നു. ഈ അധികാരം സഭെക്കില്ലാ
എന്നു ഒരുവൻ പറയുന്നു എങ്കിൽ സഭയാകുന്ന ക്രിസ്തുവിൻ ശരീരത്തെ
നിഷേധിക്കുന്നതാകയാൽ അയാളു ബലഹീനാത്മാവത്രെ. ഇവ്വണ്ണമാ
കുന്നു ഞാൻ ആത്മാവിനെ വിശ്വസിക്കുന്നതു.

രാമതു "അപോസ്തോലന്മാർക്കു എന്തെല്ലാം കാര്യങ്ങൾ നടത്തുവാ
ൻ അധികാരമുണ്ടു? എന്നുള്ള ചോദ്യത്തിനു"

അപ്പോസ്തോലൻ എന്നു പറഞ്ഞാൽ അയയ്ക്കപ്പെട്ടവൻ എന്നാകുന്നു അതിന്റെ അർത്ഥം. ക്രിസ്തുവിനു അപ്പോസ്തോലൻ എന്ന പേരുണ്ടു. ക്രിസ്തുവിനാൽ അയക്കപ്പെട്ട പന്തിരുവേക്കും പൌലിനും അപ്പോസ്തോലന്മാരെന്ന പേരുണ്ടു. ഇവരെ പ്രാപിപ്പുകാരവും പ്രാപിവരുത്തിയും അല്ലാ അപ്പോസ്തോലന്മാരായിട്ടു വിളിച്ചിരിക്കുന്നതു. ദൈവത്തിന്റെ നിർണ്ണയപ്രകാരമാകുന്നു. അതുകൊണ്ടു തങ്ങൾക്കു ലഭിച്ച അധികാരത്തെ അവർ നടത്തിയതു പ്രാപിവന്ന സമയത്തിനു തക്കവണ്ണമായിരുന്നു. ദൃഷ്ടാന്തം പന്ത്രണ്ടാം വയസ്സിലും സ്നാനം ഏൽക്കുന്നതിനു മുമ്പും നമ്മുടെ നാഥൻ തന്റെ അധികാരത്തെ പ്രയോഗിച്ചതു ഒരുപ്രകാരവും, വെള്ളം വീഞ്ഞാക്കിയതുമുതൽ മറു ഒരു പ്രകാരവും, ഉയിർത്തെഴുന്നീറ്റശേഷം വേറൊരുപ്രകാരവും ആയിരുന്നു എന്നു നാം അറിയുന്നു. അതേപ്രകാരം തന്നെ പത്രോസു മുതലായവർ തങ്ങളുടെ അധികാരത്തെപ്രയോഗിച്ചതു. എങ്ങിനെ എന്നാൽ നാഥൻ അവരെ വിളിച്ച സമയംമുതൽ അവർ അപ്പോസ്തോലർ തന്നെ എങ്കിലും ആദ്യം അവർ രാജ്യസുവിശേഷഘോഷണത്തിങ്കൽ തങ്ങളുടെ അധികാരത്തെ പ്രയോഗിച്ചതു തങ്ങൾക്കു ലഭിച്ച പ്രാപിപ്പുകാരം തന്നെ ആയിരുന്നു. പിന്നീടു സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങളെ അറിവാൻ തക്കവണ്ണം പല ഉപമകളെ അവക്കു ഏല്പിച്ചുകൊടുത്തപ്പോൾ ആ പ്രാപിപ്പുകാരവും, അതിന്റെ ശേഷം തന്റെ ശരീരരക്തങ്ങളെ അവരുടെ കയ്യിൽ ഏല്പിപ്പാൻ തക്കവണ്ണം തന്റെ മാംസം ഭക്ഷിക്കയും രക്തം കുടിക്കയും ചെയ്യേണ്ടതും എന്നു പറഞ്ഞതു അവരുടെ വിശ്വാസത്തെ ശോധനചെയ്തതു മുതൽ ആ പ്രാപിപ്പുകാരവും, ശരീരരക്തങ്ങളെ അവരുടെ പക്കൽ ഏൽപ്പിച്ചതു മുതൽ ആ പ്രാപിപ്പുകാരവും, വേദവാക്യങ്ങളെ തിരിച്ചറിവാൻ തക്കവണ്ണം അവരുടെ മേൽ ഊതിയതു മുതൽ ആ പ്രാപിപ്പുകാരവും, ഉയരത്തിൽ നിന്നു ശക്തി കൈക്കൊണ്ടതു മുതൽ ആ പ്രാപിപ്പുകാരവും ആയിരുന്നു അവർ തങ്ങളുടെ അധികാരത്തെ പ്രയോഗിച്ചതെന്നു നാം അറിയുന്നുവല്ലൊ. എന്നാൽ ഇപ്പോൾ ആത്മാവിനാൽ വിളിക്കപ്പെട്ട അപ്പോസ്തലർ ഉണ്ടല്ലൊ. അവരെ ആത്മാവു തന്റെ മഹത്തായ വേലെക്കു വിളിച്ചിരിക്കുന്നതു അവരുടെ പ്രാപിപ്പുകാരവും പ്രാപിവരുത്തിയുമല്ല എന്നുള്ളതു സ്പഷ്ടം. അതുകൊണ്ടു ദൈവം അവക്കു കൊടുക്കുന്ന പ്രാപിപ്പുകാരം ഗ്രഹിക്കേണ്ടതും പ്രാപിയെ അധികരിച്ച അധികാരത്തെ നടത്തുന്നതു ഇരിക്കേണ്ടതും ആകുന്നു. അധികാരം മുഴുവനും നടത്താതെ അപ്പോസ്തലൻ ആകയില്ല എന്നു വിചാരിക്കുന്നതു ബുദ്ധിഹീനമായ പൈതൃം തന്നെ. ആകയാൽ ആത്മാവിനാൽ ഇപ്പോൾ വിളിക്കപ്പെട്ടവർ മുമ്പുള്ളവർ എന്നപോലെ അപ്പോസ്തലരും അവർക്കു എന്തെല്ലാം കാര്യങ്ങൾ നടത്തുവാൻ അധികാരമുണ്ടായിരുന്നുവോ? ആ കാര്യം ഒക്കയും നടത്തുവാൻ ഇവർ അധികാരമു

ള്ളവരും തന്നെ വ്യത്യാസമില്ല. പൌൽ അപ്പോസ്തലൻ പറയും പ്രകാരം ആത്മാവിനെ നൽകുകയും അതിശയങ്ങളെ പ്രവൃത്തിക്കയും ചെയ്വാൻ തക്കവണ്ണമുള്ള അപ്പോസ്തലന്റെ പൂർണ്ണപ്രാപ്തി അവർക്കുവന്നു എന്നു സഭെക്കു ബോദ്ധ്യം വരുമ്പോൾ പൌൽ ബർന്നബാസു എന്നവരെപോലെ സഭ ഇവരെ അയെക്കുന്നതുമാകുന്നു.

നാമതു. സഭയുടെ ദൂതന്മാർക്കു ഏതെല്ലാം കർത്തവ്യങ്ങൾ അധികാരങ്ങൾ നടത്തിപ്പുകൾ ആകാം? എന്നുള്ള ചോദ്യത്തിന്നു.

സഭയുടെ ദൂതൻ എന്നു പറഞ്ഞാൽ അദ്ധ്യക്ഷൻ അല്ലെങ്കിൽ "പട്ടക്കാരൻ എന്നാകുന്നു അർത്ഥം. അവരെ നിയമിക്കുന്നതു പ്രാപ്തിപ്രകാരമാകുന്നു. എന്നു പറഞ്ഞാൽ പ. തീമോ: നു: ഫ-വു വരെയുള്ള വാക്യങ്ങളിൻപ്രകാരം എന്നു താൽപ്പർയ്യം. അവരുടെ കർത്തവ്യങ്ങൾ അധികാരങ്ങൾ നടത്തിപ്പുകൾ എന്നിവയെക്കുറിച്ചു പ്രത്യേകം അറിവ് രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്നു. തീത്തോസിൽ പറയുമ്പോൾ അപ്പോസ്തലർ, ദീർഘദർശിമാർ, ഇടയർ, ഉപദേഷ്ടാക്കൾ, ഏവൻഗെലിസ്റ്റർ. എന്നിവരെ, ശോധനചെയ്യു, വ്യാജക്കാരെ സത്യവാന്മാരെ എന്നു കണ്ടെത്തി വ്യാജക്കാരെ സഭയിൽനിന്നു നീക്കുവാനും സത്യവാന്മാരെ സഭയിൽ ചേർത്തുകൊൾവാനും തക്ക കർത്തവ്യതയും ദീർഘദർശനാത്മാവുമുള്ള കൊണ്ടുവരുന്ന യേശുവിൻദൂതനെ എല്ലാവർക്കും അറിയിക്കുന്നതിനുള്ള അധികാരവും ശ്രുശ്രൂഷകളിലാകട്ടെ ക്രമങ്ങളിലാകട്ടെ ചട്ടവട്ടങ്ങളിലാകട്ടെ ആർക്കും ആക്ഷേപിപ്പാൻ കഴിയാതവണ്ണമുള്ള നടത്തിപ്പുകളും സഭയുടെ ദൂതന്മാർക്കുള്ളതാകുന്നു. ഇപ്രകാരമുള്ള മഹത്തായ വേലയിൽ ബുദ്ധിയും വിശ്വാസവുമുള്ള കലവറക്കാരനെപ്പോലെ നടത്തുന്ന ദൂതന്മാർക്കുള്ള പ്രതിഫലത്തെയും നടത്താത്തവർക്കുള്ള വലിയ ശിക്ഷാവിധിയേയും വേദവാക്യങ്ങളിൽ സ്പഷ്ടമായികാണിച്ചിരിക്കുന്നു. ഇവർ സഭെക്കു തത്സമയത്തു ആഹാരം കൊടുക്കുന്ന വേലക്കാരത്രെ. ഇവരുടെ മേലധികാരി യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നീറാ ഉണർവു സഭാലോചനസംഘമത്രെ.

രാമതു. യഹോവായുടെ മനസ്സിനെ അറിഞ്ഞു അവന്നു ആലോചന പറഞ്ഞുകൊടുക്കുന്നവൻ ആരു? എന്ന ചോദ്യത്തിന്നു.

ആത്മമയൻ എന്നുത്തരം. ആത്മമയൻ സകലത്തെയും വിവേചിക്കുന്നു. അവൻ താനും ഒരുത്തരാലും വിവേചിക്കപ്പെടുന്നതുമില്ല. ആയതുകൊണ്ടു യാതൊരുത്തൻ താൻ ദീർഘദർശിയോ ആത്മമയനോ ആകുന്നു എന്നു തോന്നുന്നു എങ്കിൽ ഞാൻ ഇപ്പോൾ നിങ്ങൾക്കു എഴുതുന്ന കാര്യങ്ങൾ കർത്താവിന്റെ കല്പനകൾ ആകുന്നുവോ? എന്നു അവൻ അറിഞ്ഞുകൊള്ളട്ടെ, വല്ലവനും അറിയാതിരുന്നാൽ അവൻ അറിയ

തിരിക്കട്ടെ. ആകയാൽ സഹോദരന്മാരെ! സകല കാര്യങ്ങളും യുക്തമായും ക്രമമായും നടത്തിക്കപ്പെടുകയും വേണം.

എന്നു നിങ്ങളുടെ ശുശ്രൂഷക്കാരൻ യൂസുയോദസഫ്.

കന്നീറഠിനിന്നും ഹാദിവ കുഭം ഹാം നു

൹൭

എന്റെ അവയവത്തെപോലെ സ്നേഹിച്ചിട്ടുള്ള
ഈപ്പച്ചനു എന്റെ വിശ്വാസചുംബനം.

ഇനിക്കുള്ള ശുശ്രൂഷയെ നസറയ്യനായ യേശുമഹാരാജാവിന്റെ കാര്യസ്ഥനായ വിശ്വാത്മാവും രാജ്യതിയായ കന്നീറഠി ഉണർവുസഭാ മോചനസംഘവും എന്റെ പക്കൽ ഭരമേല്പിച്ചിരിക്കയാൽ ശുശ്രൂഷകളിൽ വല്ല ക്രമക്കേടും കാണുമ്പോൾ അയതിനെക്കുറിച്ചു പറയേണ്ടതു എന്റെ മുറയാകകൊണ്ടു വിശ്വാത്മാവിന്റെ നിയോഗപ്രകാരം സംഘത്തിന്റെ ആൾപേരായി എഴുത്തുമൂലം തങ്കളോടു പറയുന്നതു എന്തെന്നാൽ

അല്ലയൊ സഹോദരാ! നാഥൻ തങ്കളെ വിളിച്ചിരിക്കുന്നതു അതിമഹത്തായ ശുശ്രൂഷെക്കാകുന്നു. അയതു മുദ്രാധാരണത്തിന്റെയും ശുദ്ധീകരണനിവൃത്തിയുടേയും ശുശ്രൂഷ തന്നെ. തങ്കൾ എല്ലാസഭകളിലും ചെന്നു അയതു നിവൃത്തിക്കേണ്ടതു തങ്കളുടെ മുറ ആകുന്നു എന്നു ഞാൻ പറയേണമെന്നില്ലല്ലൊ. ഈ മുറയെ നടത്താതെ കുറഞ്ഞൊരു ദിവസമായി മറൊരു മുറയിലാകുന്നു തങ്കൾ ഉൾപ്പെട്ടിരിക്കുന്നതു എന്നു കാണുന്നു. അയതു വെളിപ്പെട്ടുന്ന കാര്യങ്ങളെ ഉടനെ പ്രസിദ്ധപ്പെടുത്തുവാനും തിരുസ്സ്നാനം കഴിപ്പാനും ആളുകളെ നിയമിച്ചാക്കി അവയെ നടത്തിക്കുന്നതു തന്നെ. വെളിപ്പെട്ടുന്നവയെ പ്രസിദ്ധപ്പെടുത്തുവാനും. തിരുസ്സ്നാനം കഴിപ്പിപ്പാൻ ആളുകളെ നിയമിച്ചാക്കി നടത്തുവാനും ഉള്ള ക്രമം ഇന്നതെന്നു മൂൽസുകളായ വൃദ്ധരുടെയും ബോധകന്മാരുടെയും ദീർഘദൃശ്മാരുടെയും മുറയിൽ കാണാം. തങ്കളുടെ ഈ നടത്തിപ്പുകൾ സംഘത്തിന്റെ മൂൽസുകൾക്കു വിപരീതമാകയാൽ തങ്കൾ ലഭിച്ചിരിക്കുന്ന വിശ്വാത്മാവിനെ തങ്കൾ തന്നെ ദുഃഖിപ്പിക്കുന്നു എന്നും അതു നിമിത്തം തങ്കൾ നടത്തുവാനുള്ള മുറെക്കു വിഘ്നം വന്നിരിക്കയാൽ അയതു നടത്തേണ്ടതിന്നു വേറൊരുവനെ നിയമിച്ചിരിക്കുന്നു എന്നും. ഇനി അയാൾ സഭയിലൊക്കയും ചെന്നു മുദ്രാധാരണത്തിന്റെയും ശുദ്ധീകരണനിവൃത്തിയുടെയും ശുശ്രൂഷയെ നിവൃത്തിക്കേണ്ടതാകുന്നു എന്നും ആത്മനിയോഗപ്രകാരം സംഘത്തിന്റെ ആൾപേരായി മഹാ വ്യസനത്തോടും കണ്ണുനീരോടും കൂടെ പറഞ്ഞുകൊള്ളുന്നതു കൂടാതെ എന്റെ പ്രിയമുള്ള പീലിപ്പോസ്സനോടും പൂവത്തൂർ കുഞ്ഞിനോടും ഞാ

ൻ കരഞ്ഞുകൊണ്ടു ചോദിക്കുന്നു നിങ്ങളുടെ മുറയെ നിങ്ങൾ ചെയ്യാഞ്ഞതു എന്തു? എന്നതു.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നു.

നിങ്ങളുടെ ശുശ്രൂഷക്കാരൻ യൂസ്സുസ്സയാസേഫ്.

കന്നീറനിന്നും ഫ്രാൻസ് കുംഭം വക്കം നം.

൩൭

എന്റെ അവയവത്തെപോലെ സ്നേഹിച്ചിട്ടുള്ള
ഈ ഉച്ചനും പീലിപ്പോച്ചനും എന്റെ വിശ്വാസ്യസ്നേഹം.

ഇന്നലെ ഞായറാഴ്ചയായിട്ടു നിങ്ങൾ ഇനിക്കു കൊടുത്തയച്ച എഴുത്തു ഇന്നു ഞാൻ വായിച്ചു വസ്തുത മനസ്സിലാകയും ചെയ്തു. എഴുത്തിൽ പറഞ്ഞിരിക്കുന്ന സംഗതികൾ ദൈവാത്മാവിനാൽ വെളിപ്പെട്ടതാകുന്നു എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നതു മാത്രമല്ല സന്തോഷത്തോടുകൂടെ അവയെ അംഗീകരിച്ചുമിരിക്കുന്നു. എന്റെ ഹൃദയത്തിനു വളരെ ആശ്വാസവുമുണ്ടു. ഞങ്ങൾ നിങ്ങളെ അവയവങ്ങളെപോലെ സ്നേഹിച്ചിരിക്കുന്നു എന്നു ദൈവം സാക്ഷി. ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചിട്ടുണ്ടു. സഹോദരന്മാരെ! ദൈവം സ്നേഹമാകയാൽ വിശുദ്ധാത്മാവു വിശുദ്ധാത്മാവിന്നു വിരോധമായി വരികയില്ലെന്നു ഞാൻ നിങ്ങളെ പ്രത്യേകം തെരിയപ്പെടുത്തുന്നു. അതുകൊണ്ടു ഇപ്പോൾ നിങ്ങൾ അയച്ച എഴുത്തിൽ പറഞ്ഞിരിക്കുന്നസംഗതികൾ എന്റെ എഴുത്തിൽ പറഞ്ഞിരിക്കുന്ന സംഗതികൾക്കു എതിരായും ചേർച്ചയും യോജിപ്പും ഉള്ളതാകയാൽ നിങ്ങളുടെ എഴുത്തിൽ ഉണ്ടായിരിക്കുള്ള വിശ്വാസംപോലെ എന്റെ എഴുത്തിൽ നിങ്ങൾക്കു വിശ്വാസം ഉണ്ടെങ്കിൽ നിങ്ങളെല്ലാവരും ഉപവാസത്തിന്നു വരാതിരിക്കയില്ല. നിങ്ങളെ വിളിച്ചു നടത്തിക്കുന്ന ദൈവമത്രെ ഞങ്ങളേയും വിളിച്ചു നടത്തിക്കുന്നതു. ദൈവം ദൈവത്തിന്നു വിരോധമായിരിക്കയില്ല. എന്തന്നാൽ ദൈവം സ്നേഹമത്രെ. ആകയാൽ നിങ്ങൾ സ്നേഹത്തിന്റെ ആത്മാവിനാൽ നടത്തിക്കപ്പെടുന്നു എങ്കിൽ നിങ്ങൾ ഈ ഉപവാസത്തിന്നു വരും. ഇതിലധികം ഇപ്പോൾ ഞാൻ നിങ്ങളോടു പറഞ്ഞാൽ നിങ്ങൾ സഹിക്കയില്ല. നിങ്ങളെ അഭിമുഖമായി കാണുമ്പോൾ പറഞ്ഞു കൊള്ളാം.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നു

നിങ്ങളുടെ പാദശുശ്രൂഷക്കാരൻ യൂസ്സുസ് യോസേഫ്.

കന്നീറനി നിന്നും
ഫ്രാൻസ് കുംഭം വക്കം

ജഡപ്രകാരം ഇനിക്ക അഞ്ചു സഹോദരന്മാരുള്ളതു പോലെ ആത്മീക പ്രകാരം മങ്കുഴിയിലുള്ള എന്റെ സഹോദരന്മാരായ ഈപ്പച്ചനും, പീലിപ്പോച്ചനും, ഞാൻ അത്യന്തം സ്നേഹിക്കുന്ന കുഞ്ഞിനും പൂവത്തൂർ കുഞ്ഞിനും, ഇട്ടിമാത്തനും എന്റെ വിശുദ്ധ മുഖനം.

സഹോദരന്മാരെ! ഇപ്പോഴേ എന്റെ ജഡപ്രകാരമുള്ള അഞ്ചു സഹോദരന്മാക്ക ഒരു പിതാവും ഒരു മൂത്ത സഹോദരനും ഒരു ശുശ്രൂഷക്കാരനും ഒരു തലവനും ആയിരിക്കും പ്രകാരം ആത്മീക പ്രകാരമുള്ള നിങ്ങൾക്ക ഇപ്പോൾതന്നെ ഒരു പിതാവും ഒരു മൂത്ത സഹോദരനും ഒരു പാദശുശ്രൂഷക്കാരനും ഒരു കുടുംബത്തലവനും ആയിട്ട ത്രിയേക ദൈവമായ സ്നേഹാത്മാവു ആക്കി വച്ചിരിക്കയാൽ അതുകൊണ്ടു ഞാൻ നിങ്ങൾക്ക എഴുതുന്നു.

എന്റെ മക്കളെ! പിതാവായ ദൈവം സ്നേഹവും തന്റെ സ്നേഹബീജമായ തിരുമാംസരക്തങ്ങളെ എന്നെക്കൊണ്ടു നിങ്ങൾക്ക വാങ്ങുത്തു തന്നവനും ആകയാൽ നാം എല്ലാവരും ഒന്നാകുന്നു.

എന്റെ സഹോദരന്മാരെ! പുത്രനായ ദൈവം സ്നേഹത്തിൽ നിന്നു സ്നേഹമായി ജനിച്ചവനും ജഡമായി തീർന്നവനും സഭയുടെ ഭർത്താവായ എന്നെക്കൊണ്ടു സഹോദര സ്നേഹത്തിൽ നിങ്ങളെ ബന്ധിപ്പിച്ചവനുമാകയാൽ നാമെല്ലാവരും ഒന്നാകുന്നു.

എന്റെ അവയവങ്ങളെ! ത്രിയേക ദൈവമായ സ്നേഹാത്മാവു നിങ്ങളെ എന്നോട്ട ക്രൂടെ സംയോജിപ്പിച്ചു ഐക്യമാക്കീരിക്കുന്നതിനാൽ നാമെല്ലാവരും ഒന്നാകുന്നു.

എന്റെ പ്രിയന്മാരെ! ദൈവം നമ്മെ വിളിച്ചിരിക്കുന്നതു തിരുസഭയുടെ ശുശ്രൂഷെക്കായിട്ടാകുന്നു അതുകൊണ്ടു സഭയുടെ ഗുണത്തിന്നായിട്ട നാം സഭയിൽ ചുറാക്കൊണ്ടെ ഇരിക്കണം. രണ്ടു ഭാഗമായിട്ടല്ല. ഒന്നായിട്ടതന്നെ. എങ്കിലെ സഭ സ്ഥിരപ്പെട്ട. ആകയാൽ കാത്തികപ്പള്ളി ഉപവാസത്തിന്നു നിങ്ങൾ വന്നു ചേർന്നുകൊള്ളണം. അയതു വരുന്ന ആഴ്ചവട്ടത്തിൽ ബുധനാഴ്ച മുതൽതന്നെ.

എന്റെ പ്രിയമുള്ള ഈപ്പച്ചനു നൽകിയ ദീർഘദർശനാത്മാവാകുന്ന സമുദ്രം ഏറ്റം കൊള്ളുന്നതു യൂസുസു യാക്കോബിനു നൽകീരിക്കുന്ന ജ്ഞാനാത്മാവായ മുഖചന്ദ്രനെ കാണുമ്പോൾ ആകുന്നു. എന്നു ത്രിയേക ദൈവമായ സ്നേഹാത്മാവിന്റെ നിയോഗം.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു
നിങ്ങളുടെ പാദശുശ്രൂഷക്കാരൻ. യൂസുസു യോസേഫ.

കന്നീറ്റിൽ നിന്നും.
1877. March. 13.

൯൭ ൧൯൭൫ ൫൯

രാജശ്രീ മാരാമണ്ണുപള്ളിയിൽ വിശ്വാരി സ്സ്വറിയാ
കത്തനാരച്ചൻ അവർകൾക്കു ശുഭമായുള്ള വന്ദനം.

എന്റെ പ്രിയമുള്ള അച്ചാ!

താങ്കൾ കുംഭം നാന്നു എഴുതിയ കത്തു ഈ മാസം ൨൯നു എന്റെ വക്കൽ വന്നുചേർന്നു. അതു ഞാൻ താങ്കൾക്കു മകരം ൨൫നു അയച്ച മറുപടിയെ ന്യായരഹിതമായി ആക്ഷേപിച്ചു അന്നേദിവസം താങ്കൾ ഇനിക്കു അയച്ച കത്തിനെ ആസന്ദർഭത്തിൻപ്രകാരം നീതീകരിക്കുന്ന ഒരു വിവരണവും ആ കത്തിലെ താല്പര്യവും ഇനിക്കു മനസ്സിലാകാതെ പോയി എന്നു താങ്കൾ വിചാരിച്ചുകൊണ്ടതിനാൽ ആയതിനെ കാണിക്കുന്ന സംവാദവിഷയമായ അഞ്ചു നിയോഗങ്ങളും തന്നെ. അതുകൊണ്ടു ഈ കത്തിന്റെ ആധാരം താങ്കളുടെ മുമ്പിലത്തെ കത്തത്രെ. അതിൽ അല്പം മറഞ്ഞിരുന്ന ദോഷാരോപണത്തെ ഇതിൽ വെളിവാക്കി നിങ്ങളുടെ അളവിനെ നിവൃത്തിച്ചു എന്നല്ലാതെ ഇതു സംവാദക്ഷണനപത്രമല്ല. ആ ലക്ഷണവും ഇതിനില്ല. എന്തെന്നാൽ ക്ഷണനം ദോഷാരോപണം ചെയ്യുന്നു നിയോഗാത്മകമല്ല സൽകാരപൂർവ്വമായ ഒരു അപേക്ഷാരൂപമത്രെ എന്നു നിങ്ങൾ ഇതു മുതൽ അറിവിൻ. ആകയാൽ 'ചോറൊക്കെച്ചെന്നുവിടുത്തെക്കരിച്ചെൻ ഉണ്ണെടുപ്പാത്താൽ എന്നെവയ്യാപ്പോലെ ഇരുക്കിറതുനീതാൻ' ഇത്യാദിയെന്നുള്ള പഴഞൊഴിപ്രകാരം താങ്കളുടെ കത്തിലുള്ള കുഴത്തെ ചോറും കരിഞ്ഞുപോയ അഞ്ചു പപ്പടവും ഭക്ഷിപ്പാൻ യോഗ്യമല്ലാഞ്ഞതുകൊണ്ടു അവയെ മാറ്റിവെച്ചു എന്റെ സഹോദരൻ പ്രേരിതൻ യു. യാക്കോബു ബോധകർ പറഞ്ഞയച്ചതിനെ സംവാദത്തിനു ആധാരമാക്കി ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നതു.

ഹാവതു. പ്രേരിതൻ യു. യാക്കോബു ബോധകർ പറഞ്ഞയച്ചതിനെന്നും സംവാദത്തിനു നിങ്ങൾക്കു മനസ്സുതന്നെയൊ?

൨മതു. മനസ്സുണ്ടെങ്കിൽ സംവാദം ഇന്നപ്പോൾ ഇന്ന സ്ഥലത്തുവെച്ചു ആകുന്നു എന്നു നമുക്കു ആഴ്ചവട്ടത്തേക്കു മുമ്പെ എന്നെ തെരിയപ്പെടുത്തുവാറാകണം. വിശേഷിച്ചും സംവാദത്തിനു നിങ്ങൾ എന്നെ ക്ഷണിപ്പാൻ ന്യായമില്ല. നിങ്ങളുടെ മേധാവി എന്നെ ക്ഷണിക്കണം. മേധാവി സംവാദത്തിനു വരുന്നു എങ്കിൽ ഞാനും വരും വരുന്നില്ലെങ്കിൽ ഞാനും വരികയില്ല.

ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു എല്ലാവരുടേയും ശ്രേഷ്ഠക്കാരൻ

യൂസ്സുസു യോസേഫ്.

കന്നീറിനിന്നും
ഹാവെ മീനം ൧൭നു

To

The Revd. O. Mamen

Kodookoolanghee

My dear Brother in Christ

ഒ. മാമ്മൻ പാദ്രിക്ക.

ഈ ഇടയിൽ താങ്കൾക്കു സംഭവിച്ച സങ്കടത്തെക്കുറിച്ചു കേട്ടു ഇനിക്കു വളരെ വ്യസനമുണ്ടായി. ഓർക്കുമ്പോളൊക്കയും കരുത്തിക്കാളുവാൻ തക്കവണ്ണം സാറാ യേശുമതി എന്ന എൻ രണ്ടു ഓമനക്കുട്ടികളുടെ മരണംവഴിയായിരിയെകദൈവമായ സ്നേഹാത്മാവു എന്റെ ഉള്ളിൽ കൃപയോടുകൂടെ നൽകിയിരിക്കുന്നോരഗ്നിരക്ഷജ്വാലയോടുകൂടെ എന്നിൽ ഇപ്പൊഴും ഇരിക്കുന്നതു മറുള്ളവരുടെ ഉപയോഗത്തിനാകയാൽ ഈ എഴുത്തു മൂലം ഞാൻ താങ്കളുടെ ദുഃഖം കലർന്ന മുഖത്തെ കണ്ണുനീരോടുകൂടെ നോക്കുന്നു. തമ്മിൽ മുഖാമുഖമായി കണ്ടു ആശ്വസിപ്പിപ്പാൻ ഇടയാകാതെ തീർന്നിരിക്കുന്നതു ആറു നാളിന്നാത്മാവാകുന്ന ആറാണ്ടായ ഇടയൻ എന്നെ കോലാട്ടുകളിൽ നിന്നു ചെമ്മരിയാട്ടുകണക്കെ വേർതിരിച്ചു നടത്തിക്കുന്നതിനാൽ തന്നെ. എങ്കിലും ഞാൻ അന്യനായിരുന്നപ്പോൾ നാഥൻ എന്നെ തന്റെ ആട്ടുകളുടെ കൂട്ടത്തിൽ കൊണ്ടുവന്നു നിങ്ങളുടെ ഒരു സഹോദരനായി കൂട്ടിച്ചെർത്തു ഇപ്പോവിന്റെ പ്രാർത്ഥനയെ കേട്ടിട്ടല്ല. ജാതികൾക്കു വേണ്ടിയുള്ള നിങ്ങളുടെ പ്രാർത്ഥനയെ കേട്ടിട്ടാകുന്നു. ആയതുകൊണ്ടു പ്രാർത്ഥനയെ കേൾക്കുന്ന പിതാവു കോലാട്ടുകളിൽ നിന്നു ചെമ്മരിയാട്ടുകളെ വേഗം വേർപിരിപ്പാനായി പ്രത്യേകം പ്രാർത്ഥിച്ചു വരുന്ന ഞങ്ങളുടെ പ്രാർത്ഥനയെ കേട്ടു ദേവത്തിന്റെ ഊഴിയക്കാരായ അച്ചൻ മുതൽ പേരെവേർതിരിച്ചു ഞങ്ങളോടുകൂടെ ആറുവർഷം ശുശ്രൂഷക്കാരാക്കിതീർക്കുമെന്നു കർത്താവിൽ ഇപ്പോവിനു നല്ല വിശ്വാസവും പ്രത്യാശയും ഉണ്ടു.

അനേകായിരം ആത്മാക്കൾ മരിച്ചു നിത്യനാശത്തുങ്കൽ പോകുന്നതിനെ ഓർത്തു ദൈവത്തോടു അലറിക്കരവാൻ തക്കവണ്ണം നാഥൻ താങ്കളുടെ ഈ ദുഃഖത്തെ ആക്കിത്തീർക്കട്ടെ. കണ്ണുനീരോടെ വിതെക്കുന്നവർ സന്തോഷത്തോടെ കൊയ്യും.

ഇങ്ങനെ ദുഃഖത്തോടും വിനയത്തോടും കൂടെ എഴുതിക്കൊള്ളുന്നതു താങ്കളുടെ ഒരു സഹോദരനും എല്ലാവരുടേയും ശുശ്രൂഷക്കാരനും ആകുന്ന യുസ്സു യോസേഫ്.

Kanneett. 1877 May 2

To

Robert. G. Orr. Esquire. Madras.

My dear Sir.

റോ ബെർട്ട. ജെ. ഓർ സായ്പിനു.

സായ്പ അവർകളുടെ കത്തു ഇന്നിക്കു കിട്ടിയപ്പോൾ ഞാൻ സഞ്ചാരത്തിൽ ആയിരുന്നതിനാൽ ഉടനെ മറുപടി എഴുതുവാൻ ഇടയായില്ല. ഇന്നലെ ആയിരുന്നു സഞ്ചാരത്തിൽ നിന്നു ഇന്നിക്കു വിശ്രമം ഉണ്ടായതു. മറുപടി എഴുതുവാൻ ഇന്നു ആരംഭിക്കയും ചെയ്തു.

ഞാൻ ഈ ഉണർവു സഭയെക്കുറിച്ചു ഇതിൽ വിവരിക്കുമ്പോൾ രണ്ടു ഭാഗമായി കാണിക്കുന്നു.

ഒന്നാമതു. ഈ സഭയുടെ ഉത്ഭവവും തൽക്കാല സ്ഥിതിയും.

രണ്ടാമതു. ഈ സഭയുടെ നടത്തിപ്പുകൾ. അവയിൽ.

മൂന്നാമതു. ഈ സഭയുടെ ഉത്ഭവവും തൽക്കാല സ്ഥിതിയും.

ഈ സഭെക്കു ഗ്രേയ്ത്തു മഹാരാജാവിന്റെ രാജ്ഞിയായ കന്നീററി ഉണർവു സഭാ എന്നാകുന്നു പേരു. ഇങ്ങിനെ ഇപ്പേരു ഇതിനു നൽകപ്പെട്ടതിന്റെ കാരണം.

(൧) തിരുവിതാംകോട്ടിലുള്ള ക്രിസ്ത്യാനിസമൂഹത്തിന്റെ ഹൃദയമാകുന്ന പഴയ ആകാശത്തിൽ ഉദിച്ചു പൊങ്ങിയ ഉണർവായ പെരുമീനിനെ ആദ്യം കണ്ടവർ അംഗ്ലിയാസഭയോടു ചേർന്ന കന്നീററി സഭക്കാരായിരുന്നു. ആയതു ൧൮൫൫ സെപ്തംബർ ൩൰ ഞായറാഴ്ച കന്നീററിപ്പള്ളിയിൽ വെച്ചു പകൽ ൧൨ മണിക്കുതന്നെ.

(൨) ആറുവർഷം കഴിഞ്ഞു ഏഴാം വർഷം മഹതപ്രത്യക്ഷതയുണ്ടാകുമെന്നുള്ള ആത്മാവിൻ പ്രകാശം ആദ്യം ഉദിച്ചതും കന്നീററിസഭക്കാരുടെ മേൽ ആയിരുന്നു. ആയതു ൧൮൬൨. മൈ. ൧൬ും. നാലും. തന്നെ

(൩) മഹതപ്രത്യക്ഷതെക്കു ഒരുങ്ങുവാൻ തക്കവണ്ണം പരസ്യമായ ഏറുപറച്ചിലിന്റെ ശുശ്രൂഷ തിരുസഭെക്കു ഏറ്റവും ആവശ്യമാകയാൽ ആയതിന്റെ ആരംഭവും കന്നീററി സഭയിലായിരുന്നു. ആയതു ൧൮൬൩. ജൂൺ നാല- തന്നെ.

(൪) മഹതപ്രത്യക്ഷതെക്കു മേൽ പറഞ്ഞ പ്രകാരം ഏക ഐക്യതയിൽ പേർ പിരിഞ്ഞൊരു സംഘം ആവശ്യമാകയാൽ ആയതു ഏർപ്പെടുത്തപ്പെട്ടതും കന്നീററി സഭയിൽ വച്ചായിരുന്നു. ആയതു ൧൮൬൫ ഒക്തെ: ൧൬ാന- തന്നെ.

(൫) ഈ ഉണർവു സഭയുടെ എല്ലാ നടത്തിപ്പുകളുടെയും ആന്തരം മഹതപ്രത്യക്ഷതയിൽ താൻ നിർമ്മല കന്യകയായി കാണപ്പെടണം എന്നാകുന്നു. ഇവ മുതലായ കാരണങ്ങളാലത്രെ ഈ പേർ ഈ സഭക്കു ഉണ്ടായതു.

ഈ സഭ അംഗ്ലിയാസഭയിൽ നിന്നും നവീകരണം വന്ന സുറിയാനി സഭയിൽ നിന്നും എവ്വൊ ഒക്കൊ എവ മുതൽ വേർ പിരിഞ്ഞു ഏകൈക്യതയിൽ ചേന്നു വരുന്നോരുക്രൂട്ടമാകുന്നു. എങ്കിലും എവുന്നെ ഓഗ. എവ മുതൽ പുറജാതിയിൽ നിന്നും നവീകരണം വരാത്ത സുറിയാനി സഭയിൽ നിന്നും ആളുകൾ ചേന്നു വരുന്നു. ഈ സഭ വേർ പിരിഞ്ഞതു മുതൽ എവുന്നെ. ഓഗ. എവ വരെ ആളുകൾ ഏഴു എഴുപതു, എഴുനൂറു, ഏഴായിരം കണക്കെ ക്രമേണ വർദ്ധിച്ചു വന്നു എങ്കിലും അ പതിന്നാലാം തീയതി വേർ പിരിഞ്ഞ സമയം പോലെ ആയിതീന്നു. അവിടംമുതൽ ഇപ്പോൾ വർദ്ധിച്ചുവരുന്നു. ഈ സഭയിൽ സുറിയാനിസഭയിൽനിന്നും ചേന്നിട്ടുള്ള ഏഴായിരത്തിൽ അധികവും അംഗ്ലിയാസഭയിൽനിന്നും ചേന്നിട്ടുള്ളവർ എഴുനൂറിൽ അധികവും പുറജാതിയിൽ നിന്നു ചേന്നിട്ടുള്ളവർ എഴുപതിൽ അധികവും (എവുവൈ വരെ) ഇപ്പോളില്ല. അംഗ്ലിയാസഭക്കാരായ ചാൎച്ചമിശിയോൻകാരുടെയും സുറിയാനിക്കാരുടെയും അവർമൂലം പുറജാതികളുടെയും എതിർപ്പുമൂലം ഈ സഭെക്കു ആകാശം മേൽക്കൂടം ഭൂമി കീഴ്ത്തളവുമാകുന്ന ഒരു മഹാ ദേവാലയം ഒഴികെ വേറെ ഒരു ആലയവും ഇല്ല. ഈ സഭെക്കു പൊതുവായ ഒരു ആലോചനസംഘവും മൂന്നു ഡിവിഷ്യൻ ആലോചനസംഘവും ഏഴു ഇടവക ആലോചനസംഘവും ഉണ്ടു. (ക) തെക്കേഡിവിഷ്യൻ. അതിൽ കന്നീറ്റി, കടമ്പനാട്ടു, കുണ്ടറ, കൊട്ടാരക്കര, ചെങ്കൊളം എന്ന അഞ്ചു ഇടവകകൾ ഉൾപ്പെട്ടിരിക്കുന്നു. (ഖ) പടിഞ്ഞാറെ ഡിവിഷ്യൻ. അതിൽ മങ്കഴി, കായംകുളം, കാത്തികപ്പള്ളി, ചെറുകോൽ, നിരണം എന്ന ൪ ഇടവകകൾ ഉൾപ്പെട്ടിരിക്കുന്നു. (ഗ) കിഴക്കെ ഡിവിഷ്യൻ. അതിൽ പുവത്തൂർ, കൈതുങ്ങുപ്രയാർ, ചെങ്ങന്നൂർ, വെണ്മണി, ഏലംതൂർ എന്ന ൪ ഇടവകകൾ ഉൾപ്പെട്ടിരിക്കുന്നു. ഇങ്ങിനെ മൂന്നു പ്രധാന ഭാഗങ്ങളോടും ഏഴു അവയവങ്ങളോടും കൂടിയ ഇപ്പുതിയ സഭയിൻശരീരം പൊതുവും അപ്പോസ്തോലസംബന്ധവുമായ ഏകസഭയുടെ ഹൃദയമാകുന്ന വഴിയ ആകാശത്തിൽ ഉണ്ടായ പെരുമീൻ ഉദിച്ചു പൊങ്ങി ആറാണ്ടായ സത്യാത്മാവിൻെറ പ്രകാശം വീണതിനാൽ കിഴക്കിന്നും പടിഞ്ഞാറിന്നും അടുത്ത ഇരു സഭയുടെ സാക്ഷാലുള്ള ഒരു മയിൽ നിന്നുണ്ടായി. ഈ സഭയുടെ നടത്തിപ്പുകൾ നാമിത്തം വിശുദ്ധാത്മാവു അധിവസിപ്പാൻ തക്കവണ്ണം ഒരു വിശുദ്ധ മന്ദിരമായി വളൎന്നുവരുന്നു എന്നു സ്പഷ്ടമായി തെളിയുന്നതാകുന്നു. അതുകൊണ്ടു.

൨മതു. ഈ സഭയുടെ നടത്തിപ്പുകളെക്കുറിച്ചു.

യേശുമഹാരാജാവിൻെറ രാജ്ഞിയായ കന്നീറ്റി ഉണർവുസഭാലോചനസംഘത്തിൻെറ അഗ്രാസനർ യേശുമഹാരാജാവിൻെറ കായ്സ്ഥനായ പരിശുദ്ധാത്മാവത്രെ. അവൻെറ വചനമാകുന്ന ക്രിസ്തുവാ

നിവേദ്യം ഈ സംഘത്തിന്റെ പ്രമാണവും അ പ്രമാണത്തിൽ നി ക്ഷേപിച്ചുവച്ചിരിക്കുന്ന മന്ത്രോപദേശങ്ങളാകുന്ന ആത്മധനം ഈ സംഘത്തിന്റെ സമ്പത്തും ആകയാൽ അതിനുള്ള മുതൽപിടി പ്രവചനാത്മാവായ യേശുവിൻ നാവുള്ള ക്രൂശാരപ്പള്ളിതൊമ്മനും ആലുംമൂട്ടിൽ ഈപ്പനും തന്നെ. വെളിപ്പെട്ടുന്ന ആത്മസമ്പത്തുകളെ വിവേചിച്ചറിഞ്ഞു എഴുത്തും സിക്രട്ടേറി പാപികളിൽ പ്രധാനിയാകുന്ന യൂസ്സുസുയോസേഫായ ഹീനൻ ആകുന്നു. ലൌകീകകാര്യങ്ങളെ സംബന്ധിച്ചു സംഘത്തിന്റെ അഗ്രാസനർ ജനപ്രതിനിധി ഉ. പീലിപ്പോസാകുന്നു. എന്നാൽ അയാൾ തനിക്കു പകരം യൂസ്സുസുയോസേഫിനെ അഗ്രാസനരായി വരിച്ചതിനാൽ അയാൾ എല്ലാവരുടെയും പാദശുശ്രൂഷക്കാരനായി ആ വേലയെ നോക്കുന്നു. സിക്രട്ടേറിയെ. യോഹന്നാനും മുതൽപിടി കൊല്ലക്കാരൻ കുഞ്ഞാക്കോണ്ട മുതലാളിയും ആകുന്നു. പ്രവചനാത്മാവെ വിവേചനം ചെയ്യാൻ യൂസ്സുസുയോസേഫിനു സഹായികൾ അയാളുടെ സഹോദരൻ യ. യാക്കോബ്യുബോധകരും പ്രേരി. പ. പൂക്കോസുബോധകരും പാദശുശ്രൂഷക്കു സഹായികൾ മണപ്പുറത്തു ജോർജ്ജുകുത്തനാരും മണങ്ങനഴിയത്തു സഖറിയാകുത്തനാരും തന്നെ. അല്ലാതെയും പ്രവചനാത്മാവു വെളിപാടിന്റെയും ബോധകാത്മാവു ജ്ഞാനത്തിന്റെയും ആത്മാവാകയാൽ പ്രവചനത്തിനും പ്രബോധനത്തിനും തമ്മിലുള്ള ഐക്യതെക്കു രണ്ടു പ്രവാചകന്മാരുടെയും രണ്ടു ബോധകന്മാരുടെയും മദ്ധ്യത്തിൽ യൂസ്സുസുയോസേഫ് നിൽക്കേണ്ടതാകയാൽ അയാൾക്കു പകരം രണ്ടു പ്രവാചകന്മാരോടുകൂടി പ്രേരി: രാ ചാണ്ടിബോധകരും രണ്ടു ബോധകന്മാരോടു കൂടി പ്രേരി: ചെറിയാൻ ബോധകരും ആകുന്നു. ആകയാൽ ഈ സംഘത്തിൻശരീരത്തിന്റെ ഇരുകാലുകൾ ജനപ്രതിനിധി ഉ. പീലിപ്പോസും യെ. യോഹന്നാനും അവയുടെ പൂർണ്ണത കൊല്ലക്കാരൻ കുഞ്ഞാക്കോണ്ട മുതലാളി. ഇരുകൈകൾ ക്രൂശാരപ്പള്ളി തൊമ്മനും ആലുംമൂട്ടിൽ ഈപ്പനും അവയുടെ പൂർണ്ണത പ്രേരി. ചാണ്ടിബോധകർ. ഇരുകണ്ണുകൾ പ്രേരി: യാക്കോബു ബോധകരും. പ്രേരി: പൂക്കോസു ബോധകരും അവയുടെ പൂർണ്ണത പ്രേരി. ചെറിയാൻ ബോധകരും. തലയൂസ്സുസുയോസേഫ് അതിന്റെ പൂർണ്ണത മണപ്പുറത്തു ജോർജ് കുത്തനാരും മണങ്ങനഴിയത്തു സഖറിയാ കുത്തനാരും തന്നെ. ഇങ്ങനെ പ്രധാന അവയവങ്ങളോടു കൂടിയ ശുകശരീരത്തിലാകുന്ന ഉണർവുസഭയിലുള്ള മറ്റു എല്ലാ അവയവങ്ങളും യോജിക്കപ്പെട്ടിരിക്കുന്നു. ഇവ്വണ്ണം ഈ സഭയോജിക്കപ്പെട്ടിരിക്കുന്നതു ത്രിയേകദൈവമായ സ്നേഹാത്മാവിൽനിന്നു ജനിച്ച ആറാണ്ടായ ആത്മാവിനാൽ തന്നെ. അതുകൊണ്ടു ഈ സ്നേഹാത്മാവാകുന്ന ഈ സഭെക്കുള്ള ആത്മാവു. ജീവൻ യേശുവിന്റെ രക്തം. ശരീരം യേശുവിന്റെ നീതി. ഈ നീതി ഈ സഭെക്കു ലഭിച്ചിരിക്കുന്നതു ഗ്രഥശമന എന്ന സ്ഥലത്തുചെച്ചു

തിരുമേനിയിൽനിന്നു ധാരയായി വീണ വിയർപ്പുവെള്ളം വഴിഞ്ഞൊ
യിട്ടാകുന്നു. എങ്ങിനെ എന്നാൽ ത്രിയേകദൈവം തന്റെ പുത്രനാ
യ യേശുവിന്റെ മഹത്പ്രത്യക്ഷതവഴിയായി കുരിശിന്റെ രക്തം
മൂലം കൃപയുടെയും അപേക്ഷയുടെയും ആത്മാവായ യേശുവിൻ വിയ
ർപ്പുവെള്ളത്തെ ഈ സഭയുടെ അവയവങ്ങളിന്മേൽ തളിച്ചതിനാൽ
ജനങ്ങൾക്കു ഉണർവ് ഉണ്ടായി ആത്മവ്യസനത്തോട്ടുകൂടെ അവർ
തങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞു തിരുക്കത്തിൽ ആശ്രയിച്ചു
അപേക്ഷിക്കയും മഹത്പ്രത്യക്ഷതയെ കാംക്ഷിച്ചു പ്രാർത്ഥിക്കയും
ചെയ്തപ്പോൾ അവരുടെ ശരീരത്തിൽനിന്നു വിയർപ്പുവെള്ളം ധാര
യായി നിലത്തു വീണതിനെ ഇപ്പോവി അനുഭവിച്ചും കണ്ടും ഇരി
ക്കുന്നു. അതുകൊണ്ടു യേശുവിൻവിയർപ്പുവെള്ളം ഈ സഭക്കു നീ
തിയേയും യേശുവിൻരക്തം ജീവനേയും യേശുവിൻ മഹത്പ്രത്യ
ക്ഷത ആത്മാവിനെയും നൽകിയിരിക്കുന്നു.

ഇപ്രകാരമുള്ള ഈ സഭയുടെ നടത്തിപ്പുകൾ രണ്ടുപ്രകാരത്തിലാ
കുന്നു. (ക) ആത്മീകനടത്തിപ്പുകൾ. ൨ ആത്മീകത്തോടുചേർന്ന ലൗ
കീകനടത്തിപ്പുകൾ.

(ക) ആത്മീകനടത്തിപ്പുകൾ. ശുശ്രൂഷ. പ്രവചനം. പ്രബോധനം.
എന്നു പ്രകാരത്തിലാകുന്നു. അവയിൽ.

ശുശ്രൂഷ പല പ്രകാരത്തിലുണ്ട്. ൧. പ്രവശ്യത്തിൽ കുറയാതെ
എല്ലാ വീടുകൾ തോറും കുടുംബത്തലവൻ കഴിക്കുന്ന കുടുംബപ്രാർത്ഥ
ന. പത്തോ അതിലധികമൊ കുടുംബക്കാർ ക്രൂടി എല്ലാ സന്ധ്യ
ക്കും കഴിക്കുന്ന ക്രൂടി പ്രാർത്ഥന. ൩ാരോ സഭയിലുള്ള എല്ലാവരും ക്രൂടി
എല്ലാ വെള്ളിയാഴ്ചയിലും ഞായറാഴ്ചയിലും കഴിക്കുന്ന പരസ്യ
പ്രാർത്ഥന. എല്ലാ ഇടവകകൾതോറും രണ്ടും മൂന്നും അതിലധികവും
മാസം കഴിയുമ്പോൾ വെള്ളി മുതൽ മൂന്നു ദിവസം കഴിക്കുന്ന ഉപവാ
സപ്രാർത്ഥന. ഇവ ക്രൂടാതെ അനുതാപസംഘം തിരുസ്നാനം, തിരുവ
ത്താഴം, ജ്ഞാനവിവാഹം, മൃദ്ധാരണം, ശുദ്ധീകരണം, ഹസ്തപ്പ്
ണം, ശവസംസ്കാരം ഇവ മുതലായ ശുശ്രൂഷകളും തന്നെ ഇവയി
ൽ ഉപവാസശുശ്രൂഷയെ മാത്രം അല്പം ഇവിടെ വിവരിക്കുന്നു.

ഈ ശുശ്രൂഷ ഈ സഭയിൽ പ്രധാനമായിട്ടുള്ളതാകുന്നു. ഇതിനാ
പട്ടക്കാർ, ബോധകന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കന്മാർ, സുവി
ശേഷകന്മാർ, എന്നിവർ വേണ്ടുന്നതു ക്രൂടാതെ ജനങ്ങളെ ക്രമപ്പെട്ട
ത്തി ഇരുത്തുവാൻ ക്രമപാലകന്മാർ ഉരുക്കം, മയക്കം മുതലായതു
നീങ്ങി ജാഗരണം ശ്രദ്ധ്യുണ്ടാ എന്നിവ ഉണ്ടാകുവാൻ ജാഗരൂഗന്മാ
രും സന്നിധിസ്ഥലത്തു ഏറ്റവും പരയാത്തവർ കരഘോഷത്തെ ഇരിപ്പാൻ
ദാസ്ഥന്മാരും രാഗം, ലയം, ശ്രുതി എന്നിവ പിഴക്കാതെ പാടുവാൻ
ഗായകന്മാരും വേണം. നടുക്കു മേശയും അതിൽ വേദപുസ്തകവും
മേശയുടെ നാലു കോണിലും ഇരിപ്പാൻ നാലു പട്ടക്കാരും മേശയുടെ

ര വശത്തും ഈരണ്ടീരണ്ടു പേരായി അഭിമുഖമായിട്ടു ഇരിപ്പാൻ ര
ണ്ടു പ്രവാചകന്മാരും രണ്ടു സഭാപ്രമാണികളും നാലു ബോധകന്മാ
രും ഇങ്ങനെ ഏഴു പേർ വേണ്ടുന്നതു കൂടാതെ ഇവക്കു പുറമേ പട്ടക്കാ
ർ, ബോധകന്മാർ, ആത്മവ്യാപാരക്കാർ, ഉപദേഷ്ടാക്കന്മാർ, സുവിശേ
ഷകന്മാർ എന്നിവരിൽനിന്നും ഒരു പേരും ഇവരുടെ ഉള്ളിലുള്ള വളയ
ത്തിൽ പുറവിനടന്നു ശുശ്രൂഷിപ്പാൻ ഒരു പ്രധാന ശുശ്രൂഷക്കാരനും അ
കെ നടെ ശുശ്രൂഷക്കാരും വേണ്ടുന്നതാകുന്നു. ഇവരുടെ പുറമെ ജനങ്ങ
ൾ വട്ടത്തിൽ ഇരിക്കേണ്ടുന്നതാകുന്നു. നടെ ശുശ്രൂഷക്കാരും ശ്രദ്ധപ്പെ
രുത്തിൽനിന്നു പ്രാർത്ഥന കഴിച്ചശേഷം ക്രമം ക്രമമായി പുറപ്പെട്ടു പാ
ട്ടോടു കൂടെ ഉപവാസശാലയിൽ കടന്നു അവരവരുടെ സ്ഥലത്തു ചെ
ന്നു നിൽക്കയും പാട്ടു അവസാനിച്ച ശേഷം (a) ഉണർവുസഭയുടെ
വിശ്വാസപ്രമാണം ചൊല്ലി മൌനപ്രാർത്ഥന കഴിച്ചു നടെ പേരും
എഴുനീറ്റു നിൽക്കണം. അപ്പോൾ പ്രധാന ശുശ്രൂഷക്കാരൻ മറ്റുള്ള
വരെ മുമ്പാക്കി സ്വസ്ഥലത്തു വന്നു നിന്നു എല്ലാവരും തമ്മിൽ കൈ
കളെ കോർത്തു പിടിച്ചു കൊള്ളുകയിൽ തന്റെ വലങ്കയ്യെ വേദ
പുസ്തകത്തിൽ വെച്ചു (b) ഉടമ്പടി വാചകം ചൊല്ലിക്കൊടുക്കണം.
പിന്നീടു ശുശ്രൂഷക്കാരൻ ത്രിയേകദൈവത്തിന്റെ നാമത്തിൽ ശു
ശ്രൂഷ ആരംഭിച്ചു (c) ദിവ്യ വിളംബരം വായിക്കണം. അതിന്റെ
ശേഷം ഒരു പാട്ടു പാടി ശുശ്രൂഷക്കാരൻ ശുദ്ധീകരണപ്രാർത്ഥന ക
ഴിക്കണം. പിന്നീടു വേദവായന, സകലർക്കും വേണ്ടിയുള്ള പ്രാർത്ഥന,
പ്രബോധനം, പ്രവചനമുണ്ടെങ്കിൽ അതു, അനുഭവസംഘം, സ്തോ
ത്രം, ജയഗീതം, ആശീർവാദം ഇങ്ങനെ ശുശ്രൂഷ അവസാനിപ്പിക്കുന്നു.
പ്രാർത്ഥനയും പാട്ടും ഇടക്കിടെ ഉണ്ടായിരിക്കും. ഉപവാസത്തിന്റെ
ഒടുക്കത്തെ ദിവസം തിരുവത്താഴ ശുശ്രൂഷയുണ്ടു. അന്നത്തെ ശുശ്രൂ
ഷെക്കു ഉടയാസുമന ശുശ്രൂഷ എന്നാകുന്നു പേരു.

ശുശ്രൂഷക്കാരുടെ വിവരം ഈ സഭയിൽ പട്ടക്കാർ ൻ പേരുണ്ടു.
അവരിൽ യൂസുസുയോ ഏഴാമത്തവനായി സെപ്തംബർ മാസം ജനിച്ചു തവനാ
ഓഗസ്റ്റ് മാതാപിതാക്കന്മാരോടും ൩ സഹോദരന്മാരോടും കൂടെ ബ്രാ
ഹ്മണജാതിയിൽ നിന്നും ക്രിസ്തുമിശിയോനരിയായ വെറണ്ടേ ജെ.
പീറ്റർ. സായ്പിനാൽ മാവേലിക്കര പള്ളിയിൽവെച്ചു സ്നാനമേറ്റവ
നും തവനാ നവംബർ മാസം മദ്രാസു ബിഷോപ്പിനാൽ ഒന്നാം പട്ടവും
തവനാ ഡിസംബർ മാസം മദ്രാസു ബിഷോപ്പിനാൽ രണ്ടാം പട്ടവും ഏറ്റു
തവനാൻ ജെനുവരി മുതൽ കന്നീറ്റി ഇടവകപ്പട്ടക്കാരനായും തവനാ
ഒക്തോബർ തവ മുതൽ ഉണർവുസഭയുടെ ശുശ്രൂഷക്കാരനായും ഇരിക്കുന്നു
വനും ആകുന്നു. മറ്റു എട്ടു പേർ സുറിയാനിസഭയുടെ നിയമപ്രകാ
രം മെത്രാപ്പോലീത്തായാൽ ഒന്നാം പട്ടവും പിന്നീടു രണ്ടാം പട്ടവും
ഏറ്റവരാകുന്നു. ഈ എട്ടുപേർ കൂടാതെ സുറിയാനിസഭയിൽ നി
ന്നും ഒന്നാംപട്ടം ഏറ്റ ചെമ്മാച്ചന്മാരും ഈ സഭയുടെ നിയമപ്ര

കാരും ഒന്നാം പട്ടമേറ്റ ഹന്ന ബോധകന്മാരും പ്രവാചകന്മാരും ഹല്ല അധികം ആത്മവ്യാപാരക്കാരും നന്നല്ല അധികം ഉപദേഷ്ടാക്കന്മാരും നൂറിലധികം സുവിശേഷകന്മാരും ഇങ്ങനെ ആകെ നൂറിനെഴുപതിലധികം ദൈവശുശ്രൂഷക്കാർ ഇപ്പോൾ ഈ സഭക്കുണ്ട്. പട്ടക്കാർ, ബോധകന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കന്മാർ സുവിശേഷകന്മാർ എന്നിവർ നടക്കയും നടത്തിക്കയും ചെയ്യേണ്ടുന്ന മുറയെക്കുറിച്ചു പ്രമാണം എഴുതിയുണ്ടാക്കീട്ടുണ്ട്. ഇനി പ്രവചനത്തെക്കുറിച്ചു പറയട്ടെ.

പ്രവചനം പ്രവചനാത്മാവു പ്രവാചകന്മാരിൽ വ്യാപരിക്കുന്നതു വെളിപ്പാട്, ദർശനം, സ്വപ്നം, എന്ന മൂന്നു പ്രകാരത്തിലാകുന്നു വെളിപ്പാട് ആത്മാവു ഹൃദയത്തിൽ തോന്നിക്കുന്നതു.. ദർശനം ഹൃദയത്തിൽ ലക്ഷ്യമായി കാണിക്കുന്നതും സ്വപ്നം ഹൃദയത്തോടുള്ള സംഭാഷണവും ആകുന്നു. ഇങ്ങനെ ആത്മാവു അറിയിക്കുന്ന കാര്യങ്ങളെ വെളിപ്പെടുത്തി പറയുന്നതാകുന്നു പ്രവചനം. ക്രൂശാരൂപള്ളി തൊമ്മനിൽ പ്രവചനത്തിന്റെയും പ്രബോധനത്തിന്റെയും ആത്മാവു ഒരുപോലെ വ്യാപരിക്കുന്നു. ആലുമൂട്ടിൽ ഈപ്പനിൽ പ്രത്യേകം പ്രവചനത്തിന്റെ ആത്മാവാകുന്നു വ്യാപരിക്കുന്നതു. ആത്മവ്യാപാരം ആരംഭിക്കുമ്പോൾ തനതായ പ്രാർത്ഥനയും പൊതുവായ പ്രാർത്ഥനയും ഉള്ളതു ക്രൂടാതെ അവസാനിക്കുമ്പോഴും പ്രാർത്ഥന ഉണ്ട്. പ്രവചനം പ്രസംഗം എന്നപോലെ ഇട മുറിയാതെയുള്ള പറച്ചിലല്ല. മൂന്നും നാലും അതിലധികവും മിനിറ്റു ചെല്ലുമ്പോൾ ധ്യാനത്തോടു ക്രൂടെ ഉണ്ടാകുന്ന പറച്ചിലത്രെ. ആ സമയം ശരീരത്തിനു അല്പം വിറയലും മാറ്റത്തടിയുമുണ്ടാകും. വേദവാക്യത്തെ ആധാരമാക്കി അതിൽനിന്നു പൊതുവും അല്പം പ്രതിയുമായി ഹൃദയത്തിലെ ആന്തരം വെളിപ്പെടുവാൻ തക്കവണ്ണം ആകുന്ന പ്രവചനം പറയുന്നതു. പ്രവചനത്തിന്റെ ആന്തരം ജനങ്ങളെ അനുതാപത്തിങ്കൽ വരുത്തുന്നതാകയാൽ ആയതു ഉപദേശം, ശാസ്യം, ശിക്ഷ, നീതിയിലഭ്യാസം എന്നിവകൾക്കു പ്രയോജനമായി കാണപ്പെടുന്നു. ഈ ലക്ഷണം ദൈവവചനത്തിനു മാത്രമെ ഉള്ളു അതിനാൽ ഇതു ദൈവാത്മാവിൻ പ്രവൃത്തി ആകുന്നു എന്നു സ്പഷ്ടമായി വിളങ്ങുന്നു. അല്ലാതെയും ഹവ്വെ മൈ മുതൽ നൂറ വർഷം കഴിഞ്ഞു ഓം വർഷം മഹത്ര പ്രത്യക്ഷതയുണ്ടാകുമെന്നുള്ള പ്രവചനം ആദ്യം ഉണ്ടായതു ക്രൂടാരുപള്ളി തൊമ്മൻ വായ്മൂലമാകുന്നു. ഇതിനെ സംബന്ധിച്ചു വേദവാക്യ സാക്ഷികളോടു ക്രൂടെ മദ്ദാസിലെ ലോർഡ് ബിഷോപ്പിനും, സുറിയാനി പാത്രിയർക്കീസു, മെത്രാപ്പോലീത്തന്മാർ, മിശീയാനരിമാർ മുതലായ പലർക്കും ഞാൻ എഴുതീട്ടുള്ളതു ക്രൂടാതെ ഒരു പ്രകരണവും എഴുതീട്ടുണ്ട്.

ഇവയൊക്കയും മേല്പറഞ്ഞ പ്രവചനത്തിനും വിശേഷാൽ ഹവ്വെ ആഗ: ഹ.....ഹ വരെയുള്ള നാ ദിവസങ്ങളിൽ ഉണ്ടായ സംഭവത്തെ

ക്കുറിച്ചു മനുഷ്യകുട്ടി പ്രേരിതൻ ചാണ്ടി ബോധകർ പറഞ്ഞ പ്രവചനത്തിനും സാക്ഷി കൊടുക്കുന്നതാകുന്നു. ആ സംഭവം തൽക്കാലം സഭെക്കു ഒരു വലിയ വീഴ്ചയെ വരുത്തി എങ്കിലും അതു എഴുന്നീല്പിന്നു കാരണമായി തീർന്നു.

പ്രബോധനം. ഇതു വേദവാക്യ സാക്ഷികൾ മൂലം പ്രവചനത്തെ തെളിയിക്കുന്നതാകുന്നു. എങ്കിലും പ്രബോധനത്തിന്റെ ജീവൻ പ്രവചനമത്രെ. പ്രവചനം വെളിപ്പാടിന്റെയും പ്രബോധനം ജ്ഞാനത്തിന്റെയും ആത്മാവാകയാൽ പ്രവചനം ഇല്ലെങ്കിൽ പ്രബോധനംകൊണ്ടും പ്രബോധനം ഇല്ലെങ്കിൽ പ്രവചനംകൊണ്ടും സഭെക്കു ജീവനുണ്ടാകയില്ല. അതുകൊണ്ടു പ്രവാചകന്മാർക്കു പ്രബോധനവും ബോധകന്മാർക്കു പ്രവചനവും ഉണ്ടെങ്കിലും പ്രത്യേകം പ്രവാചകന്മാരിൽ പ്രവചനാത്മാവും ബോധകന്മാരിൽ പ്രബോധനാത്മാവും ആകുന്നു വ്യാപരിക്കുന്നതു. ബോധകന്മാർ മനുഷ്യരും ജ്ഞാനാത്മാവുള്ളവരും വേദവാക്യങ്ങളിൽ സമർത്ഥന്മാരും പ്രബോധനത്തിനു നിപുണന്മാരുമാകയാൽ അവർക്കു അയക്കപ്പെട്ടവൻ എന്നർത്ഥമുള്ള പ്രേരിതൻ അല്ലെങ്കിൽ മിശിയോനരി എന്നുള്ള സ്ഥാനപ്പേർ സംഘം കൊടുത്തിട്ടുണ്ടു. പ്രവാചകന്മാരിൽ രണ്ടുപേർ പ്രധാനികളായിരിക്കുന്ന പ്രകാരം ബോധകന്മാരിലും രണ്ടുപേർ ഉണ്ടു. ആയതു പ്രേരിതൻ യൂ. യാക്കോബും. പ്രേരിതൻ പ. പൗലൊസും തന്നെ. ബോധകന്മാർ സഭകളിൽ ചുറ്റി സഞ്ചരിച്ചു തങ്ങളുടെ പ്രബോധനംകൊണ്ടു സഭെക്കു സ്ഥിരീകരണവും വിശ്വാസവർദ്ധനയും വരുത്തുന്നവരും സാത്താന്റെ അഗാധങ്ങളെ അറിവാൻ തക്ക ജ്ഞാനാത്മാവു അവർക്കുള്ളതിനാൽ പ്രതീപറയുന്നവരുടെ നാവുകളെ ഖണ്ഡിച്ചു ഭിന്നോപദേശങ്ങളെ അകറ്റി സ്വസ്ഥവചനങ്ങളാൽ സഭെക്കു ആരോഗ്യം വരുത്തുന്നവരും ജാതികളിൽ നിന്നും ജനങ്ങളിൽ നിന്നും ഏറെ പേരെ കൊണ്ടു വരുന്നവരെ സഭയിൽ യോജിപ്പിക്കുന്നവരുമാകുന്നു.

ഇങ്ങിനെ ശ്രുശ്രൂഷ പ്രവചനം പ്രബോധനം എന്നിവ മൂലം ഈ സഭയാകുന്ന ജഡത്തിൽ നിന്നു വരുന്ന പ്രകാശം ലോകത്തെ മൈവത്തോടു സംയോജിപ്പിച്ചു കൊൾവാൻ ആകർഷിക്കുന്നതാകയാൽ ഈ യേശുക്രിസ്തു ഈ സഭയിൻ ജഡത്തിൽ വന്നു ക്രിയ നടത്തിക്കുന്നതിൽ നിന്നു ഉണ്ടായതെന്നു സ്പഷ്ടമായി തെളിഞ്ഞിരിക്കുന്നു. കാഴ്ച്ച ഇപ്രകാരമായിരിക്കെ കണ്ടും കാണാതെയും കേട്ടും കേൾക്കാതെയും തിരിച്ചറിയായ്കയും ഇരിപ്പാൻ തക്കവണ്ണം ഇഹലോകത്തിന്റെ പ്രഭ ഇവിടെ ചുള്ള അംഗിയാ സഭയിലും സുറിയാനി സഭയിലുമിരിക്കുന്ന പാപ്പാത്വമുള്ള അനേകരുടെ കണ്ണുകളെ കുരുടാക്കിയിരിക്കുന്നതിനാൽ അവരുടെ അവിശ്വാസം ഹേതുവായി അവർ ഈ സഭയിൻ ജഡത്തിൽ യേശുക്രിസ്തു വന്നു എന്നു സമ്മതിക്കാതെ ഇരിക്കുന്നു എങ്കിലും അവരുടെ ഈ അവിശ്വാസം മൈവം അവരോടു കരുണ ചെയ്വാൻ ഒ

രു പ്രത്യക കാരണമാകയാൽ അവക്ക് വേണ്ടി ഞങ്ങൾ ദൈവസന്നിധിയിൽ ഞങ്ങളുടെ കണ്ണുനീരുകളെ ഒഴിച്ചുവരുന്നു. ദൈവം ആയതിനെ കണ്ടു ദൈവംഅവരെ കനിഞ്ഞുകൊള്ളുമെന്നു ഞങ്ങൾക്കു പ്രത്യാശയുണ്ടു.

(൨) ആത്മികത്തിനോടു ചേർന്ന ലൌകീക നടത്തിപ്പുകൾ. ഈ സഭയിലുള്ള ലൌകീകഭരണമാകുന്നു. ഇതിപ്രകാരം എത്രയും ചുരുക്കത്തിൽ ഇവിടെ കാണിക്കുന്നു.

ഈ ഉണർവുസഭയിലുള്ള വർത്തകുടുംബത്തിന്നു ഒരു ഭവനവിചാരകനും മൂന്നു ഭവനവിചാരകന്മാർക്കു ഒരു മുപ്പനും ൭ മുപ്പന്മാർക്കു ഒരു കായ്സ്ഥനും ഉള്ളതു കൂടാതെ എല്ലാ ഓരോ ഇടവകെക്കും മുതൽപടിയും സിക്രട്ടേരിയും ക്രമേയുണ്ടു. അല്ലാതെയും അഞ്ചു ഇടവകെക്കു ഒരു ഡിവിഷ്യൻ കായ്സ്ഥനും ഒരു സിക്രട്ടേരിയും ഒരു മുതൽപിടിയും മൂന്നു ഡിവിഷ്യനും ക്രമേ ഒരു പ്രധാന കായ്സ്ഥനും ഒരു സിക്രട്ടേരിയും ഒരു മുതൽപിടിയും ക്രമേയുണ്ടു. ആകെ വിചാരകന്മാർ മുപ്പന്മാർ, കായ്സ്ഥന്മാർ, സിക്രട്ടേരിമാർ, മുതൽപിടിക്കാരന്മാർ എന്നിവരുൾപ്പെടെ ഉദ്ദേശം ലൌകീക നടത്തിപ്പുകാർ ൨൦൦ പേരുണ്ടു. ഇവർ നടക്കയും നടത്തിക്കയും ചെയ്യുന്ന മുറകളെ സംബന്ധിച്ചു റൂൽസുകൾ എഴുതിയുണ്ടാക്കീട്ടുണ്ടു. ഇവർ ശമ്പളം കൂടാതെ കർത്താവിന്റെ വേലയെ നോക്കി കുടുംബങ്ങളെ ക്രമപ്പെടുത്തി നടത്തുന്നവരും ആത്മീക വേലക്കാരുടെ ഉപജീവനത്തിന്നു ആളുകളിൽ നിന്നു ധർമ്മശേഖരം പിരിച്ചു ആയതു നടത്തിക്കുന്നവരും ജനങ്ങൾക്കു പിതാക്കന്മാരെന്നപോലെ ഇരുന്നു ഗുണദോഷം പറഞ്ഞു കൈപിടിച്ചു കയറ്റി അവരെ കൃപയിൽ വളർത്തിക്കൊണ്ടു വരുന്നവരും കുടുംബങ്ങളിലാകട്ടെ സഭകളിലാകട്ടെ യാതൊരു ഭിന്നതയും വരാതെ കണ്ടു അവയെ സൂക്ഷിക്കുന്നവരും തന്നെ. അല്ലാതെയും ഇവർ പ്രാർത്ഥനാവേദിയായുള്ള പ്രസംഗം ഗുണദോഷം ഇവ മുതലായതു നടത്തുന്നവരും ക്രമേ ആകുന്നു. ഇവരിൽ പ്രധാനികളായ ൧൨ പേരെ വംശപിതാക്കന്മാരുടെ നാമത്തിൽ സഭാപിതാക്കന്മാരായി നിയമിച്ചിരിക്കുന്നു. ഇവർ തന്നെ സഭാപ്രമാണികൾ.

ഇനി യുസ്സസ് യോസേഫിന്റെ ശുശ്രൂഷയെ സംബന്ധിച്ചും അല്പം പറയട്ടേ. യുസ്സസ് യോസേഫ് ഈ ഉണർവു സഭയിലുള്ള സകല അത്മാക്കളുടെയും പാദശുശ്രൂഷക്കാരനാകയാൽ അയാൾ എല്ലാവർക്കും കീഴ്പെട്ടിരുന്നുകൊണ്ടു തന്റെ വേലയെ നോക്കേണ്ടതാകുന്നു. എന്നു പറയുമ്പോൾ ക്ഷമയും ദയയും ഏതു സമയമെങ്കിലും ഇല്ലാതെ വന്നിട്ടു ഹൃദയത്തിൽ അസൂയ കടന്നു തന്നെത്താൻ നിഗളിച്ചു ചീത്തപോകയും അതു ഹേതുവായി അവലക്ഷണമായി നടന്നു സകായ്മ നോക്കുന്നതിനാൽ എളുപ്പത്തിൽ കോപമുണ്ടായി ദോഷം നിരൂപിച്ചു അന്യായത്തിൽ പ്രിയപ്പെടുകയും ചെയ്വാൻ ഇടവരുത്തെ സത്യ

സന്തോഷത്തോട്ട ക്രൂടെ എല്ലാം മൂടി വിശ്വസിച്ചു ആശിച്ചു സഹിച്ചുകൊള്ളും സ്നേഹാത്മാവിനാൽ എല്ലാ സമയവും അയാൾ നടത്തിക്കപ്പെടണം എന്നു താല്പര്യം. പിന്നെയും ശുശ്രൂഷകളിലാകട്ടെ പ്രവചനത്തിലാകട്ടെ പ്രബോധനത്തിലാകട്ടെ ലൌകീക ഭാരങ്ങളിലാകട്ടെ യാതൊരു ബലഹീനതയും വരാതെ എല്ലാ ശുശ്രൂഷകൾക്കും ശുശ്രൂഷക്കാക്കും പ്രമാണം എഴുതിയുണ്ടാക്കി ആയതിനെ സഭയിൽ സ്ഥിരപ്പെടുത്തി ഏല്പിച്ചുകൊടുക്കുകയും സഭകൾതോറും മറ്റു ശുശ്രൂഷക്കാരോട്ട ക്രൂടെ ചുറ്റി സഞ്ചരിച്ചു എല്ലാ കാര്യങ്ങളെയും ചട്ടപ്പെടുത്തുകയും വെളിപ്പെടുന്ന കാര്യങ്ങളെ വിവേചിച്ചറിഞ്ഞു ആയതിനെ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുണ്ടതും യൂസ്സുയോസേഫിൻെറ മുറയാകുന്നു.

ഇങ്ങിനെ യേശുമഹാരാജാവിൻെറ രാജ്ഞിയായ കന്നീറ്റി ഉണർവുസഭയുടെ ഉത്ഭവത്തേയും തൽക്കാലസ്ഥിതിയേയും നടത്തിപ്പുകളേയും കുറിച്ചു എഴുതിയ എല്ലാവരുടെയും ശുശ്രൂഷ്ക്കാരൻ.

കന്നീറ്റി നിന്നും
ഫ്വൂ മൈ. ക്നാ—വ വരെ } യൂസ്സുസ് യോസേഫ്.

(a) ദൈവത്വവും മനുഷ്യത്വവുമുള്ള ഏക മശീഹായും ഇത്യാദി.
(b) നമ്മുടെ കർത്താവിൻെറ മഹത്പ്രത്യക്ഷതയെക്കുറിച്ചു.
(c) നസറയനായ യേശുമഹാരാജാവിൻെറ ഇത്യാദി.

൩൨

മേല്പ്രാപുത്തൻപുരെക്കൽ കത്തനാരച്ചന്നു.

എൻെറ പ്രിയമുള്ള അച്ചന്നു സലാം.

നമ്മുടെ കർത്താവിൻെറ മഹത്പ്രത്യക്ഷതെക്കു ഒരുങ്ങുവാൻ തക്കവണ്ണം വിശുദ്ധാത്മാവിൻെറ ഉദ്യോഗിപ്പിനാൽ എല്ലാവരെയും മാനസാന്തരത്തിലേക്കു വിളിക്കുന്ന യേശുമഹാരാജാവിൻെറ രാജ്ഞിയായ കന്നീറ്റുണർവുസഭ ആത്മാവിൻെറ പ്രത്യേകനിയോഗപ്രകാരം തന്നോട്ട ചേർന്നുകൊള്ളുവാൻ തക്കവണ്ണം മാനസ്സാന്തരത്തിന്നു ഈ നല്ല അച്ചനേയും കുടുംബത്തിലുള്ള മറ്റു എല്ലാവരെയും ആദരവോട്ട ക്രൂടെ വിളിക്കുന്നതാകയാൽ കൃപയേറിയ ഈ വിളിയെ നിങ്ങൾ ധിക്കരിച്ചുകളയാതെ മുന്നു ആഴ്ചെക്കകം ഈ സഭയോട്ട ചേർന്നുകൊള്ളുവാറാകണം. അല്ലെങ്കിൽ കുടുംബത്തിന്മേൽ പിന്നീട്ട ഉണ്ടാകുവാനിരിക്കുന്ന പരീക്ഷകളാൽ നന്നായി വലഞ്ഞു പണിപ്പെട്ടു വ്യസനിച്ചു ഉഴലുവാൻ തക്കവണ്ണം ഇടയായി വരും. എന്നുള്ളതിനെ വിചാ

രിച്ചു മുമ്പു കൂട്ടി ഈ ക്ഷണനപാത്രം എഴുതിയ ഉണർവുസഭയുടെ ശുശ്രൂഷക്കാരനും നിങ്ങളുടെ ഒരു കൂടപ്പിറപ്പുമാകുന്നു.

മേല്പറഞ്ഞ പള്ളിക്കൂടത്തിൽനിന്നു
പുറപ്പെട്ടു ജൂൺ മാസം നു-
} യുസ്സൂസുയോസേഫ്

നു-

യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നിമറിയുണർവുസഭാലോചന സംഘത്തിൽ ചേർന്നു മുന്നു ഡിവിഷ്യനിലേയും അവയിൽ ഉൾപ്പെട്ട എല്ലാ ഇടവകയിലേയും ഇടവകകളിലുള്ള ഓരോ സഭകളിലേയും ആത്മീകത്തിന്നും അതിനോടു ചേർന്നു ലൌകീകത്തിന്നും അടുത്ത സകല ശുശ്രൂഷക്കാർക്കുംകൂടുംബത്തലവന്മാർക്കും എന്റെ വിശുദ്ധ ചുംബനം

എന്റെ പ്രേമം നിറഞ്ഞ കൂടപ്പിറപ്പുകളും ത്രിയേക ദൈവമായ സ്നേഹാത്മാവിന്റെ മക്കളുമായുള്ളോരെ! നമ്മുടെ സർവ്വശക്തനായ പിതാവു തന്റെ അളവറ്റ കരുണനിമിത്തം തന്മകൻ നമ്മുടെ രക്ഷിതാവായ യേശുവിന്റെ വിയർപ്പുവെള്ളത്തെ നമ്മുടെ മേൽ തളിച്ചതിനാൽ നാം ഉണർന്നും നമ്മുടെ ദുഷ്പ്രവൃത്തികളെകൊണ്ടു കറുത്തിട്ടുള്ള യേശുവിനെ നോക്കി കരഞ്ഞു പാപത്തെ പരസ്യമായി ഏറ്റുപറഞ്ഞാറെ തിരുരക്തത്തെ നമ്മുടെ ജീവനിൽ ഒഴിച്ചതിനാൽ നമുക്കു പാപമോചനം വന്നും. മഹത്പ്രത്യക്ഷതയെ സ്നേഹിച്ചു കാംക്ഷിച്ചു അപേക്ഷിച്ചാറെ തിരുവായിന്നാത്മാവാം ആറുവർഷത്തെ വെളിപ്പെടുത്തിയതിനാൽ നമ്മുടെ ഹൃദയങ്ങളിൽനിന്നു ഇരുൾ നീങ്ങി വെളിച്ചമാം ശുദ്ധീകരണം വന്നുകൊണ്ടും ഇരിക്കുന്നു. അല്ലാതെയും ഈ സഭയുടെ ആരാധനകളും ശുശ്രൂഷകളും ചട്ടവട്ടങ്ങളും ക്രമങ്ങളുമെല്ലാം പുതിയ യഹൂശലെമാകുന്ന ജീവനുള്ള ദൈവത്തിൻ പട്ടണത്തിന്നു അടുത്തതാകയാൽ അവൻ നമ്മെ നടത്തുന്നതു് ചത്തു ജീവിക്കുന്ന വഴിയിൽ കൂടെ അല്ല. ചാകാതെ ജീവിക്കുന്ന വഴിയിൽ കൂടെ ആകകൊണ്ടു നാം ഇപ്പോൾ നിൽക്കുന്നതു് ദൈവഭക്തന്മാരുടെ നിരയിലാകുന്നു. അതു കൂടാതെയും പലരായ നാം യേശുമശിഹായുടെ അതി വിശുദ്ധശരീരത്തിൽ ഏകമായി ചേർന്നിരിപ്പാൻ തക്കവണ്ണം സംയോജിപ്പിന്റെ ആത്മാവിനാൽ ഭരിക്കപ്പെടുന്നതുകൊണ്ടു ഏകാത്മാവോടു കൂടിയ ഒരു ശരീരവും അതിന്റെ നാഥൻ കർത്താവായ യേശുവാകയാൽ ആറുവർഷം കഴിഞ്ഞു ഏഴാം വർഷം വെളിപ്പെടുവാനിരിക്കുന്ന തൻ മഹത്പശരീരത്തിന്മേൽ കുരിശിൽ ഉയർത്തപ്പെട്ട തിരുമേനി വഴിയായി നാം നോക്കുന്ന ഏകാഗ്ര

മായ ഒരേ നോട്ടവും ഈ ശരീരത്തിന്റെ പൂർത്തീകരണത്തിനായി ഏല്പിക്കപ്പെട്ട പരസ്യമായ ഏറുപറച്ചിലിന്റെ ഒരേവിധ ശുശ്രൂഷയും നമുക്കുള്ളതാകകൊണ്ടു നമ്മുടെ സ്വർഗ്ഗസ്ഥപിതാവായ ത്രിയേകദൈവമാം സ്നേഹാത്മാവു ഈ ശരീരത്തിന്റെ മേലായ ശിരസ്സായും ഈ ശരീരത്തിന്റെ അകത്തും പുറത്തും വ്യാപിക്കുന്നവനായും ഇരിക്കുന്നു.

ഈവണ്ണം ഈ വിശുദ്ധശരീരത്തിനു കഴിഞ്ഞ രണ്ടു വർഷത്തെ ആത്മനടപ്പിനാൽ ജീവനും ശുദ്ധവും ദൈവത്തിനു ഇഷ്ടവും ഉള്ള ജ്ഞാനബലികളെ നൽകുവാൻ തക്ക പാത്രതയും ലോകത്തെ തന്നോടു കൂടെ സംയോജിച്ചുകൊള്ളുവാൻ തക്ക ജ്ഞാനവും ദൈവത്തിന്റെ അറിവിനു വിരോധമായി ഉയരുന്ന സകല ഉന്നതകോട്ടകളെ ഇടിച്ചുകളഞ്ഞു എല്ലാ വിചാരത്തെയും ക്രിസ്തുവിനുള്ള അനുസരണത്തിൽ അടിമപ്പെടുത്തുവാൻ തക്ക ഭുജബലവും അങ്കുരിച്ചിരിക്കയാൽ ഈ വിശുദ്ധസഭയുടെ അവയവങ്ങളാകുന്ന നിങ്ങളോടു ഈ അരിഷ്ടം വരിക നൽകപ്പെട്ട കൃപയിൻപ്രകാരമുള്ള പ്രബോധനം.

൨മതു. ദൈവം നിങ്ങളെ ശുദ്ധീകരിച്ചു ദൈവഭക്തന്മാരുടെ നിരയിൽ നിറുത്തി തന്നോടു കൂടെ സംയോജിപ്പിച്ചു കൊണ്ടിരിക്കയാൽ നിങ്ങൾ നിൽക്കുന്ന ഈ ജീവകൃപയിൽ നിന്നു മനഃപൂർവ്വമായി വീണുപോയാൽ എന്നേക്കുമുള്ള ഇരുളിനു ഇരയായി പോകും നിശ്ചയം.

൩മതു. അന്തിക്രിസ്തുവിന്റെ ആത്മാവു നിങ്ങളെ വഞ്ചിപ്പാൻ തക്കവണ്ണം ഏറ്റവും ഉപായത്തോടു കൂടെ വരുന്നതിനാൽ നിങ്ങൾക്കു ഉപദേശിക്കപ്പെട്ട മാതൃകപ്രകാരം ഏൽപിക്കപ്പെട്ട ചട്ടങ്ങളെ അനുസരിച്ചു നടക്കുന്നതല്ലാതെ അവയെ അതിക്രമിച്ചു ഒരു ചുവടുപോലും വച്ചുപോകരുതു.

൪മതു. സകലവിധ ശുശ്രൂഷക്കാരും അവരവർക്കുള്ള ക്രമപ്രകാരം തങ്ങൾക്കുള്ള മുറകളെ അതി ജാഗ്രതയോടു കൂടെ നിവൃത്തിക്കയും എല്ലാവരുടെയും ശരീരമാകുന്ന ഭവനത്തെ വേഗം ക്രമപ്പെടുത്തുകയും ചെയ്തീനൊ അല്ലാഞ്ഞാൽ ശിക്ഷവരും നിശ്ചയം.

൫മതു. ന്യായവിധി ദൈവഭവനമാകുന്ന ഈ സഭയിൽനിന്നു തന്നെ തുടങ്ങുവാനുള്ള കാലം വന്നിരിക്കയാൽ വരുന്ന കർക്കടകം ൨൦-ാം നു-ക്കകം സഭയിലുള്ള സകല കുഡുംബങ്ങളേയും ക്രമപ്പെടുത്തുകയും അങ്ങനെ ക്രമപ്പെടാതെ ഇരുന്നാൽ ആ വിവരം പൊതുസംഘത്തിൽ എഴുതി അറിയിക്കയും ചെയ്തീനൊ! ക്രമപ്പെടാത്ത കുഡുംബത്തിന്മേലൊ ആളുകളിന്മേലൊ ശിക്ഷ വന്നാൽ അപ്പോൾ പ്രാർത്ഥിച്ചാൽ കേൾക്കപ്പെടുകയില്ല നിശ്ചയം.

൬മതു. ലോകത്തിൽ നാനാഭാഗങ്ങളിലും നശിപ്പിക്കുന്ന ഭൂതന്മാർ പുറപ്പെട്ടിരിക്കയാൽ ലോകക്കാരെ അഗ്നിയിൽനിന്നു വലിച്ചു ര

ക്ഷിപ്പാൻ തക്കവണ്ണം സംഘത്തിലെ പ്രത്യേക ശുശ്രൂഷക്കാരെ നാനാഭാഗങ്ങളിലും അയക്കേണ്ടുന്നതാകകൊണ്ടു ആ വകെക്കു നിങ്ങളാൽ കഴിയുന്നതുപോലെ എല്ലാസഭകളിലും മുതൽ സ്വരൂപിച്ചു കൊൾവീനൊ! അല്ലാഞ്ഞാൽ നിങ്ങളുടെ ധനം ക്ഷയിച്ചും നിങ്ങളുടെ വസ്ത്രങ്ങൾ പുഴുവരിച്ചും നിങ്ങളുടെ വെള്ളിയും പൊന്നും കറപിടിച്ചും പോകുന്നതു മാത്രമല്ല അവയുടെ കറ നിങ്ങൾക്കു എതിരായി സാക്ഷീകരിച്ചു നിങ്ങളുടെ മാംസത്തെ തിന്നുകളകയും ചെയ്യും നിശ്ചയം.

നാമതു. നിങ്ങൾക്കു ചുറ്റുമിരിക്കുന്ന ക്രിസ്ത്യാനികളിലൊ പുറജാതികളിലൊ മറ്റാരിലൊ ആകട്ടെ. ബാധ ആരംഭിച്ചാൽ നിങ്ങൾ അവരുടെ അടുക്കൽ ചെന്ന ഉടൻവുസഭയിൽ ചേർന്നുകൊള്ളാമെന്നു അവരെക്കൊണ്ടു ഉടമ്പടി ചെയ്യിച്ചു പാപത്തെ ഏറ്റുപറയിച്ചു നിങ്ങൾ പ്രാർത്ഥിച്ചാൽ നിശ്ചയമായി ബാധനിറുത്തപ്പെടുന്നതാകകൊണ്ടു മരണത്തെ തൃണത്തോളോം ഭയപ്പെടാത്ത വിശ്വാസികൾ പുറപ്പെട്ടു അപ്രകാരം ചെയ്തു ആത്മാക്കളെ സഭയിൽ ചേർത്തു രക്ഷിച്ചുകൊൾവീനൊ! രക്ഷിച്ചുകൊൾവീനൊ! ഇങ്ങനെ ആത്മാക്കളെ രക്ഷിപ്പാൻ തക്കവണ്ണം എപ്പോഴുന്ന യേശുവിൻ ഭടന്മാർ ദിവസത്തോറും ഏറുപറഞ്ഞു ശുദ്ധീകരിക്കപ്പെടുകയും കൂടക്കൂടെ ഉപവാസത്തോടിരിക്കയും വേണം.

നാലതു. ശുദ്ധീകരണമുടമ്പടിപ്രകാരം ദിവ്യവിളംബരത്തിലുള്ള പൂർണ്ണ വിശ്വാസത്തോടും കൂടെ അന്യന്റെ സകല ബലഹീനതകളെയും സഹിച്ചു അവയെ മനഃപൂർവ്വമായി ക്ഷമിച്ചു വിടുകയും സഹോദരസ്നേഹത്താൽ ഹൃദയം അന്യോന്യം ഉരുകി ആത്മാവിന്റെ ഏകൈക്യതയിൽ (എന്നു പറയുമ്പോൾ ഭാര്യയും ഭർത്താവും കൂടെ ഒന്നു. അപ്പനും മക്കളും കൂടെ ഒന്നു. ജേഷ്ഠാനുജന്മാർ തമ്മിൽ ഒന്നു. യജമാനനും ഭൃത്യനും കൂടെ ഒന്നു. മേലുള്ളവനും കീഴുള്ളവനും കൂടെ ഒന്നു അതിൽ ബ്രാഹ്മണനെന്നും, പറയനെന്നും, യഹൂദനെന്നും, ഗ്രേക്കനെന്നും, വെള്ള എന്നും കറുപ്പു എന്നും കാട്ടർ എന്നും നാട്ടർ എന്നും വ്യത്യാസമില്ല. എല്ലാം ഒന്നു എന്നുള്ള സ്ഥിതിയിൽ എന്നു പൊരുൾ) ഒന്നിച്ചുചേർന്നുകൊണ്ടു ലോകത്തിലുള്ള സകലർക്കും വേണ്ടി കുരിശറക്കപ്പെട്ട ദേവകുഞ്ഞാടിനോടു പക്ഷപാതം ചെയ്വീനൊ! പക്ഷപാതം ചെയ്വീനൊ! പക്ഷപാതം ചെയ്വീനൊ! എന്തെന്നാൽ ലോകത്തിനു ഹാ കഷ്ടം! വന്നുപോയല്ലൊ അയ്യയ്യൊ!

മാതാപിതാക്കന്മാരും സഹോദരസഹോദരിമാരുമായുള്ളോരെ! നിങ്ങൾ ഈ പ്രബോധത്തിൻപ്രകാരം നടന്നുകൊണ്ടാൽ നിങ്ങളിൽ അങ്കുരിച്ചിരിക്കുന്ന പാത്രതയും ജ്ഞാനവും ഭൂജാലവും ക്ഷണം വളർന്നു വർദ്ധിപ്പാനും ഹവ്വയുടെ ഇടവം മുതൽ ആറുവർഷം കഴിഞ്ഞു ഏഴാം വർഷം നമ്മുടെ ജീവൻ പ്രത്യക്ഷമായി വെളിപ്പെടുമ്പോൾ നിങ്ങൾ

എണ്ണിക്കൂടാത്ത പുരുഷാരത്തോട്ടം കൂടെ തിരുമുമ്പാകെ കുറെമുറവു രായി കണ്ടെത്തപ്പെട്ടുവാനും തക്കവണ്ണം ഇടവരും നിശ്ചയം. ത്രിയേകദൈവമായ സ്നേഹാത്മാവു നിങ്ങളോടു കൂടെ ഉള്ളതിനാൽ നിങ്ങളുടെ ആത്മാവു ശുഭത്തോടും സുഖത്തോടും ഇരിക്കട്ടെ.

ഇങ്ങനെ പ്രാർത്ഥനാപൂർവ്വം ഈ പ്രബോധനം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

യൂസുസുയോസെഫ്.

കന്നീറിനിന്നു
പുറപ്പെട്ടു: ജൂൺ പതിനാലു കൊല്ലം
പതിനാറു മിഥുനം പതിനാ-

നാല

To

Mr. C. Luke Thyil

Thevalakaray.

My dear friend.

തയിൽ ലൂക്കാച്ചനു.

ഞാൻ ഇപ്പോൾ താങ്കൾക്കു എഴുതുന്നതു എന്റെ അത്യന്തസ്നേഹം നിമിത്തമായിട്ടാകുന്നു. തക്കപ്രായമായിട്ടെന്നു താങ്കൾ വിചാരിക്കരുതു. ഞാൻ അറിയുന്ന സംഗതികളെ എന്റെ സ്നേഹിതന്മാരോടു പറയേണ്ടതു എന്റെ മുറയല്ലൊ. ഞാൻ മുൻപിൽ വേദത്തിൽ നിന്നു അറിഞ്ഞിട്ടുള്ളതിനെപ്പറ്റിയുള്ളവരോടു ഏതുപ്രകാരം പറഞ്ഞുവന്നുവോ? അപ്രകാരം തന്നെ ഇപ്പോഴും അറിയുന്നതിനെ പറഞ്ഞുവരുന്നു. അന്നുമിന്നും എന്റെ വിശ്വാസത്തിന്നുള്ള ആധാരം തിരുവചനം തന്നെ അന്നു ഞാൻ ആരെ വിശ്വസിച്ചുവോ? അവനെ തന്നെ ഇന്നും വിശ്വസിക്കുന്നു. അതുകൊണ്ടു അന്നുമിന്നും എന്റെ വിശ്വാസത്തിന്നുള്ള ലാക്കു ഒന്നുതന്നെ. രണ്ടല്ല. അതു യേശുവത്രേ. എന്നാൽ ഇന്നു ഞാൻ അവനെ അറിയുന്നതുപോലെ അന്നു അറിഞ്ഞില്ലായിരുന്നു. നാൾ ചെല്ലുന്തോറും അറിവും ക്രമേണ വരുന്നതു സാധാരണ ധർമ്മമല്ലൊ. ഇതിനാൽ മുന്നും പിന്നും ഉള്ള വിശ്വാസവും അറിവും തമ്മിൽ തമ്മിൽ ഭിന്നമാകുന്നുമെന്നില്ല, ദൃഷ്ടാന്തം അബ്രഹാം അഗ്രചർമ്മത്തോടിരുന്നപ്പോൾ ഉള്ള വിശ്വാസം പരിച്ഛേദനയോടിരുന്നപ്പോൾ ഉള്ള വിശ്വാസത്തിന്നു വിപരീതമല്ല. അനുക്രമമത്രെ. അറിവും അവണ്ണം തന്നെ. കാരണം അഗ്രചർമ്മത്തിലും പരിച്ഛേദനയിലും അവനിൽ വ്യാപരിച്ചിരുന്നാത്മാവു ഒരുവനത്രെ. ഈപ്രകാരം പരസ്യമായിരേഖപ്പെടുത്തുന്നതിന്നു മുമ്പുള്ള അഗ്രചർമ്മത്തിലും പിമ്പുള്ള പരിച്ഛേദനയിലും എന്റെ വിശ്വാസത്തിന്നുള്ള ആത്മാവു ഒ

രുവനാകയാൽ മുമ്പുള്ള വിശ്വാസത്തിൽ നിന്നു മാറി പിമ്പു മറ്റൊരു വിശ്വാസത്തിൽ വന്നെത്തീരിക്കുന്നു എന്നല്ല. "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നതിനുമൊഴിപ്രകാരം നീതീകരണം ലഭിക്കുന്ന വിശ്വാസത്തിൽ നിന്നു ജീവൻ ലഭിക്കുന്ന വിശ്വാസത്തിലേക്കു വന്നെത്തീരിക്കുന്നു എന്നത്രെ. അതുകൊണ്ടു അന്നുമിന്നുമുള്ള എന്റെ വിശ്വാസവും അറിവും തമ്മിൽ വൈപരീത്യമല്ല. അനുകൂലമത്രെ എന്നുള്ളതിന്നു ഇതു! ഞാൻ വിശ്വസിച്ചവനെ വെളിപ്പെടുത്തുന്നു. ദൈവത്വവും മനുഷ്യത്വവും ഉള്ള ഏക മിശിഹായും മരിച്ചുയർത്തു സ്വർഗ്ഗാരോഹണമായി പിതാവിൻ വലഭാഗമമർന്നു ഇപ്പോൾ മദ്ധ്യസ്ഥത പറയുന്നവനും തന്റെ മക്കൾക്കു പരമസ്വസ്ഥതയെ നൽകുവാൻ പോകുന്നവനും തന്നെ മുതൽ നാല്പതു വർഷം കഴിഞ്ഞു ഏഴാം വർഷം തൃയേക ദൈവതേജസ്സോടുകൂടെ വെളിപ്പെടുവാനിരിക്കുന്നവനുമാകുന്ന നസറയനായ യേശുവിൽ ഞാൻ വിശ്വസിക്കുന്നു. ഇതിൽ പോകുന്നതിനെ മുതൽ നാല്പതു വർഷം കഴിഞ്ഞു ഏഴാം വർഷം എന്നുള്ളതു പുതിയതും മറ്റൊരുക്കയും പഴയതുമാകുന്നവല്ലോ. ഇപ്പുതിയ സംഗതി പഴയ സംഗതികൾക്കു വിപരീതമല്ലെന്നതിനു പഴയതും പുതിയതുമായ നിയമങ്ങളിൽ നിന്നു നാലു സാക്ഷി ഇപ്പോൾ കാണിക്കുന്നു.

ഒന്നാമത്തേതു. "സകല ദീർഘദർശികളും വേദപ്രമാണവും യോഹന്നാൻ വരെ ദീർഘദർശനം പറഞ്ഞു" എന്നു മത്തായി എഴുതിയ സുവിശേഷം മുതൽ തീരിക്കുന്നപ്രകാരം വേദപ്രമാണം എന്നു വെൻറാറ്റുക്കു. അല്ലെങ്കിൽ പഴയനിയമം. അല്ലെങ്കിൽ മോശയുടെ അഞ്ചു പുസ്തകം ഭാവികാര്യങ്ങളെ വചിക്കുന്നതിനാൽ "ആറു ദിവസം കൊണ്ടു യഹോവ ആകാശത്തെയും ഭൂമിയേയും സമുദ്രത്തെയും അവയിലുള്ളവയെ ഒക്കയും ഉണ്ടാക്കി ഏഴാം ദിവസത്തിൽ സ്വസ്ഥമായിരുന്നു" എന്നതിനുമൊഴിയും പ്രവചനാത്മാവോടുകൂടിയതെന്നു നിണ്ണയിക്കാമല്ലോ. ദൈവം ആറു നാൾകൊണ്ടു ഉണ്ടാക്കിയ ഈ വാനഭൂമികൾ എന്നും നിൽക്കുന്ന പുതുവാനഭൂമികളെയും നിർമ്മാണദിവസങ്ങളാകുന്ന ആറു നാളുകൾ പുതിയവ ഉണ്ടാകുവാനുള്ള ആറു വർഷത്തെയും സ്വസ്ഥദിനം പരമശാബതയെയും പറഞ്ഞു പ്രവചിക്കുന്നതിനാൽ അതിനുള്ള നിവൃത്തികാലം വന്നപ്പോൾ മോശയുടെ വായ്മൂലം സംസാരിച്ച പ്രവചനാത്മാവുന്ന ദിവസമാകുന്ന അക്ഷരത്തിൽ അന്തർഭവിച്ചിരുന്ന ആറു വർഷാത്മാവിനെ വെളിപ്പെടുത്തീരിക്കുന്നു.

രണ്ടാമത്തേതു. ദാനിയേൽ വൽ ശുദ്ധസ്ഥലം വെടിപ്പാക്കുന്നതിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന അവസാനകാലത്തു സംഭവിപ്പാനുള്ള രണ്ടായിരം ദിവസങ്ങൾ ആറുവർഷത്തിനും ശുദ്ധസ്ഥലമാകുന്ന മനുഷ്യൻ മുഴുവനും ശുദ്ധമാകുന്നതിനു ഏല്പിക്കപ്പെട്ട പരസ്യമായ ഏറുപറച്ചിലിനും ശുദ്ധീകരണം മുതലായവയ്ക്കും തക്ക സാക്ഷി.

മൂന്നാമത്തേതു. ലംഘനം, പാപം, അതിക്രമം എന്നിവ അശേഷം ഒഴി

ഞ്ഞു നിത്യനീതി, പ്രവചനം, ദർശനങ്ങളുടെ നിവൃത്തി എന്നിവ വന്ന മശിഹായെ പട്ടാഭിഷേകം ചെയ്‌വാനുള്ള ഒരു അഴ്ചവട്ടം ഉണ്ടെന്നു ദാനിയേൽ൪ൽ പറഞ്ഞിരിക്കയാൽ അതിനുള്ള കാലം ഒമ്പാറും ക്രിശായാ ന്യസ്തൽ പറഞ്ഞിരിക്കുന്ന ന ഴ്ചയും ഉള്ളതും യഹൂശലെമിനെ യഥാസ്ഥാനപ്പെടുത്തി പണിയിപ്പാൻ കല്പന പുറപ്പെട്ടതു മുതൽ മഹതപ്രത്യക്ഷതെക്കു ഞങ്ങൾ പ്രതീക്ഷിക്കുന്നിക്കുന്ന കാലം വരെ ഒമ്പതു വർഷമുള്ളതും ആകയാൽ ഈവണ്ണം ൪: മുതൽ ൯ വർഷം കഴിഞ്ഞു ഏഴാം വർഷം മഹതപ്രത്യക്ഷതയുണ്ടാകുമെന്നതിനു തക്ക സാക്ഷി.

൨മതു- ൫കാലം തികഞ്ഞു ദൈവത്തിന്റെ രാജ്യവും സമീപിച്ചിരിക്കുന്നു" എന്നു തിരുവക്ഷരത്തിൽ൯ ആഴ്ചവട്ടവും കഴിഞ്ഞു ദേവരാജ്യം വരുന്നതിനു ഇനി ഒരു വാരമെയുള്ളു എന്നുള്ള ആത്മാവു അന്തർഭവിച്ചിരുന്നതിനാൽ അത്തിവൃക്ഷമാകുന്ന സഭ തളർക്കുമ്പോൾ വസന്തകാലമായ സ്വർഗ്ഗരാജ്യം സമീപമായി വന്നു എന്നു അറിഞ്ഞുകൊൾവിൻ൭എന്നു ലൂക്കോസു ൨൧. ൨൯.....൩൨വരെ പറഞ്ഞിരിക്കുന്നതിന്മണ്ണം തിയുസഭ ഉണർന്നപ്പോൾ ദൈവരാജ്യം ശക്തിയോടുകൂടെ വരുന്നതിനു ഒരു ആഴ്ചവട്ടമെയുള്ളു എന്നു ക്രിസ്ത്യാത്മാവു ഇപ്പോൾ വെളിപ്പെടുത്തീരിക്കുന്നു. അല്പാതയും ആറാണ്ടായ ആത്മാവു സഭയിൽ ഉദിച്ച നാൽ മുതൽ രൂ൫ാം നാൽ (കഴിഞ്ഞ സംഭവനാൽ) ഇനി മഹതപ്രത്യക്ഷതെക്കു അഞ്ചു വർഷമെയുള്ളു എന്നു അത്യുച്ചത്തുങ്കൽ ഘോഷിക്കുന്നതിനാൽ (വെളി: ൮. ൧൧ വരെയുള്ള അദ്ധ്യായങ്ങൾ നോക്കുണം) ൯ വർഷം കഴിഞ്ഞു ഏഴാം വർഷം മഹതപ്രത്യക്ഷതയുണ്ടാകുമെന്നുള്ള വചനം പരമസത്യം എന്നു മുദ്രകുത്തീരിക്കുന്നു.

ആകയാൽ കത്താവും അപ്പോസ്തോലരും ഏതുപ്രകാരം മോശെക്കും ദീർഘദർശിമാർക്കും അനുകൂലികളൊ അപ്രകാരം തന്നെ ഇപ്പോൾ തിരുസഭയിൽ വ്യാപരിക്കുന്ന ക്രിസ്ത്യാത്മാവും ആത്മശ്രുശ്രൂഷക്കാരായ ഞങ്ങളും മോശെക്കും ദീർഘദർശിമാർക്കും കത്താവിനും അപ്പോസ്തോലർക്കും അനുകൂലികളാകുന്നു. എന്നാൽ ഉണർവുസഭയിൽ വ്യാപരിക്കുന്ന ക്രിസ്ത്യാത്മാവിനും ആത്മാവിന്റെ ശ്രുശ്രൂഷക്കാരായ ഞങ്ങളുടെ ഉപദേശത്തിനും പ്രതികൂലം പറയുന്നവർ മോശെക്കും ദീർഘദർശിമാർക്കും കത്താവിനും അപ്പോസ്തോലന്മാർക്കും വിരോധികളാകയാൽ അവർ പരസ്യമായി തങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞു, ആറു വർഷം വിശ്വസിച്ചു ഉണർവുസഭയിൽ മനം ജീവപാഥയിൽ കൂടെ നടക്കാത്ത പക്ഷം അവർ നിശ്ചയമായി അഗ്നിത്തടാകത്തിലേക്കു തള്ളപ്പെടും എന്നുള്ളതു ദിവ്യസത്യം.

൧രം ദിവ്യസത്യം ഞാൻ അറിയുന്നതിനാൽ എന്റെ പ്രേമം നിറഞ്ഞ കൂടപ്പിറപ്പായ താങ്കളോടും കുടുംബത്തിലുള്ള മറ്റെല്ലാവരോ

ട്ടും ംരം എഴുത്തു മൂലം ഉണർവുസഭയിൽ ചേർന്നു കൊൾവാൻ അ
പേക്ഷിക്കുന്നു. ംരം അപേക്ഷയെ നിങ്ങൾ ധിക്കരിച്ചു കളയുന്നു എ
ങ്കിൽ നിങ്ങളുടെ രക്തത്തിൽനിന്നു ഞാൻ ഒഴിവുള്ളവനാകുന്നു എ
ന്നു ഇതിനാൽ സാക്ഷീകരിക്കുന്നു. ഇങ്ങനെ വിനയപൂർവ്വം എഴുതി
ക്കൊള്ളുന്നതു താങ്കളുടെ പ്രത്യേക സ്നേഹിതൻ യൂസുസു യോസേഫ്.

കന്നീറി നിന്നും
ഫെബ്രു. ജൂൺ. 20.

൩൭

യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നീറി ഉണർവു സ
ഭാലോചനസംഘത്തിൽ ചേർന്നു മൂന്നു ഡിവിഷ്യനിലേയും ഇ
ടവകയിലുള്ള എല്ലാ പട്ടക്കാർക്കും ഉപദേശിമാർക്കും സുവിശേഷ
കന്മാർക്കും ആത്മവ്യാപാരക്കാർക്കും സഭാപ്രമാണികൾ സിക്രട്ട
രി മുതൽ പാടി മൂപ്പന്മാർ ഭവനവിചാരകന്മാർ എന്നിവർക്കും
എന്റെ വിശുദ്ധ ചുംബനം.

എൻ പ്രേമം നിറഞ്ഞ കുടപ്പിറപ്പുകളെ! വരുന്ന കർക്കടകമാസം
ഫാനു- മുതൽ മൂന്നു ദിവസത്തെ ഉപവാസം നിങ്ങളുടെ കുടുംബ
ങ്ങളിൽ കുടുംബസഹിതം നിങ്ങൾ നടത്തേണ്ടുന്നതു കൂടാതെ ഫാ
നു- വെള്ളിയാഴ്ച മുതൽ മൂന്നു ദിവസത്തെ ഉപവാസം സഭയിലുള്ള
എല്ലാവരും കൂടെ ഏകോപിച്ചു ഒരു സ്ഥലത്തു കൂടി നിങ്ങൾ നട
ത്തേണ്ടുന്നതുമാകുന്നു. എന്തെന്നാൽ ന്യായവിധി ദൈവമായ യേശു
ക്രിസ്തുവിന്റെ കുടുംബങ്ങളിൽ നിന്നു തുടങ്ങി ഉണർവു സഭയിലുള്ള
എല്ലാ കുടുംബങ്ങളിലും ഉൾപ്രവേശിച്ചു ക്രിസ്ത്യാനി സമൂഹങ്ങളി
ൽ കൂടെ ചെന്നു പുറജാതികളിൽ പകരുവാനിരിക്കുന്നതിനാൽ പു
റജാതികൾ ഗ്രഹിപ്പെട്ടു ഉണർവു സഭയിൽ ചേരുന്നതിനും ക്രിസ്ത്യാ
നികളുടെ അന്ധത നീങ്ങി അവർ ആറാണ്ടായ ആത്മാവിനെ വി
ശ്വസിക്കേണ്ടുന്നതിനും ഉണർവു സഭക്കാർ നിങ്ങൾ ചെയ്തിരിക്കുന്ന
ഉടമ്പടിയെ ലംഘിക്കാതെ ശുദ്ധീകരണം സാധിച്ചുകൊള്ളേണ്ടുന്ന
തിനും ശുശ്രൂഷക്കാർ ഒരേ ഐക്യതയിൽ സംയോജിച്ചു കൊള്ളേ
ണ്ടുന്നതിനും ആകുന്നംരം ഉപവാസം വെളിപാടിൻപ്രകാരം നി
ശ്ചയിച്ചിരിക്കുന്നതു. ആയതുകൊണ്ടു നിങ്ങൾ ഇതിനെ ഓർത്തു അല
ക്ഷ്യമാക്കരുതുകൊണ്ടു മേല്പറഞ്ഞ സാദ്ധ്യത്തിന്നായിട്ടു നിങ്ങളുടെ അ
പേക്ഷയെ തിരുമുമ്പാകെ എല്ലാ സ്ഥലത്തും കൂടെ ഒന്നിച്ചു എത്തി
പ്പിൻ. കുഞ്ഞാടിന്റെ കോപം വന്നുപോയി അതു സഹിപ്പാൻ കഴി
യും.

പ്രിയമുള്ളവരെ! നിങ്ങളുടെ കുടുംബത്തിനും ഉണർവുസഭക്കും
ക്രിസ്ത്യാനി സമൂഹത്തിനും പ്രത്യേകം പുറജാതികൾക്കുമായിട്ടു പ

ക്ഷവാദം മെയ്യീനോ? പക്ഷവാദം ചെയ്യീനോ? പക്ഷവാദം ചെയ്യീനോ?

വിശേഷിച്ചും ഉപവാസത്തിന്റെ ഒടുക്കലത്തെ ദിവസമായ ഞായറാഴ്ചയിൽ നിങ്ങളാൽ കഴിയുന്നതുപോലെ മനഃപൂർവ്വകാഴ്ചയെ എടുത്തു അതാതു മുതൽവിടിയിൽ സൂക്ഷിച്ചുകൊൾവിൻ. അതിൽനിന്നു ഇടവകെക്കായി ചിലവഴിച്ചു പോകരുതു. ഉപവാസം നിവൃത്തിച്ചശേഷം എല്ലാ വിവരത്തിന്നും പ്രത്യേകം ആത്മവിനാൽ വെളിപ്പെടുത്തുന്ന വിവരത്തിനൊക്കയും മറുപടി അയക്കയും വേണം.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കടമ്പനാട്ടു നിന്നും
൧൦൫൨ മിഥു: ൨൨ നു-

യൂസ്സൂസു യോസേഫ്.

൯൭൭

കായംകുളം പടിപ്പുരക്കൽ അച്ചനു.
എന്റെ പ്രിയമുള്ള അച്ചനു എന്റെ വിശുദ്ധ മുഖനം.

കൊടുത്തയച്ച എഴുത്തു കൊണ്ടു വന്നതിനു വായിച്ചു മനസ്സിലാകയും ചെയ്തു. ൧രംപ്പച്ചന്റെ വെളിപ്പാടിനെക്കുറിച്ചു അതിൽ ഒരു വള്ളിയും പുള്ളിയും വിടുകയാതെ അതേ പ്രകാരം എഴുതി ഇവിടെ കൊടുത്തയക്കേണ്ടതാകുന്നു എന്നും അതിനെ വിവേചിക്കേണ്ടുന്നവർ നാലു പേർ ഉള്ളതിനാൽ അവർ കൂടി ആലോചിച്ചു വേദവാക്യസാക്ഷികളോടു കൂടെ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു എന്നും മുമ്പെതന്നെ നിശ്ചയിച്ചു പ്രമാണീകരിച്ചിരിക്കുന്നതാകയാൽ അതേ പ്രകാരം ഇന്നപ്പോൾ ഇന്നസ്ഥലത്തു ഇന്നാരോടു ഇന്ന സന്ദർഭത്തിൽ വെളിപ്പെട്ടതെന്നു മുഖവുര എഴുതി വെളിപ്പാടിനെ വള്ളിപുള്ളിക്കും കുടെമാറാതെ മറുത്താതെ താഴെക്കാണിച്ചു എഴുത്തയച്ചാലല്ലാതെ ഇക്കാര്യത്തെപ്പറ്റി ഇനിക്കു ഒന്നും പറവാൻ പാങ്ങില്ല. എന്തെന്നാൽ വെളിപ്പെട്ടതു ഒന്നു. അഭിപ്രായം മറ്റൊന്നു പ്രസിദ്ധപ്പെടുത്തുന്നതു വേറൊന്നു. മറുള്ളവർ ഗ്രഹിക്കുന്നതു അല്ലാതൊന്നു. ഇങ്ങിനെ വരാകുന്നതിനാൽ സംഭവം വെളിപ്പാടിന്റെ പ്രകാരമെ ഇരിക്കു. അതുകൊണ്ടു വെളിപ്പാടിന്റെ ഭേദാഭേദങ്ങളെ അറിഞ്ഞു നിശ്ചയിക്കേണ്ടതാകുന്നു.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു താങ്കളുടെ പാദശുശ്രൂഷക്കാരൻ യൂസ്സൂസു യോസേഫ്.

കുന്നീറി നിന്നും
൧൦൫൨ കർ൰ ൨൨ നു-

യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നീരറി ഉണർവു സഭാ
ലോചന സംഘത്തിൽ ചേർന്നു പടിഞ്ഞാറെ ഡിവിഷനിലെ കായം
കുളം ഇടവകയിലുള്ള ഇടവകപ്പട്ടക്കാരനും കായ്സ്ഥനും ഉപദേശി
മാക്കും മൂപ്പന്മാക്കും സുവിശേഷകന്മാക്കും ഭവനവിചാരകന്മാർക്കും കു
ടുംബത്തവന്മാർക്കും മറ്റെല്ലാവർക്കും എന്റെ വിശുദ്ധ ചുംബനം.

൩൭

എൻ പ്രേമം നിറഞ്ഞ കുടുമ്പിനുള്ളകളെ!

കഴിഞ്ഞ കർക്കടക മാസം നാലാംനാൾക്കകം എല്ലാവരും ക്രമപ്പെട്ടു
കൊള്ളണമെന്നും ക്രമപ്പെടാത്തവർ ഉണ്ടെങ്കിൽ അയത്തം അറിയിക്ക
ണമെന്നും നിങ്ങൾക്കു അയച്ച പ്രബോധനത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ
എന്നാൽ "ക്രമപ്പെടുക" എന്നു പറഞ്ഞാൽ എന്തെന്നു നിങ്ങൾ വി
ചാരിക്കുന്നുണ്ടെങ്കിൽ അയത്തം എല്ലാവരും ഒരേ യോജിപ്പിൽ വരുന്നതു
ഓരോരുത്തൻ മറ്റുള്ളവരെ തന്നെക്കാൾ നല്ലവരെന്നു മനഃപൂർവ്വമാ
യി വിചാരിച്ചു സ്നേഹിക്കയും തന്നെ താഴ്മപ്പെടുത്തുകയും ചെയ്യുന്ന
തിനാലാകുന്നു. ഇങ്ങിനെ വരണമെങ്കിൽ ഓരോരുത്തൻ അവനവ
ന്റെ ഹൃദയത്തെ നോക്കി "ഞാൻ ആരാൽ ഭരിക്കപ്പെടുന്നു. വിശു
ദ്ധാത്മാവിനാലൊ അശുദ്ധാത്മാവിനാലൊ വിശുദ്ധാത്മാവിനാലെ
ങ്കിൽ എന്റെ ഉള്ളിൽ ദുഷ്ടത, അന്യായം, ദ്രവ്യസ്നേഹം, സഹോദര
ദ്വേഷം, വ്യഭിചാരം, കാമമോഹം, ശയനമോഹം, സ്വയനീതി, ലോ
കവിചാരം, മുതലായ അശുദ്ധനിനവുകൾ ഉണ്ടാകുവാൻ കാരണമെ
ന്തു? അതുകൊണ്ടു അശുദ്ധാത്മാവാകുന്നു എന്നെ ഭരിക്കുന്നതു. വിശു
ദ്ധാത്മാവല്ല. അതിനാൽ ഇനിക്കിതാ! ന്യായവിധി വരുന്നു. ഞാൻ
ഈ അവസ്ഥയിൽ ഇരുന്നാൽ മരിച്ചു പോകും. മഹത്വപ്രത്യക്ഷത
യിൽ പങ്കും ലഭിക്കയില്ല നിശ്ചയം. അതു കൊണ്ടു ഞാൻ എന്തുചെ
യ്യേണ്ടു,,? എന്നലറിക്കരഞ്ഞു മുടിയനായ പുത്രനെപ്പോലെ പിതാവാ
യ ദൈവത്തിന്റെ തിരുമുമ്പിൽ സാഷ്ടാംഗമായി വീഴണം. അപ്പോ
ൾ അവൻ സംയോജിപ്പിന്റെ ആത്മാവിനെ പകരുന്നതിനാൽ
മറ്റുള്ളവർ തനിക്കു ചെയ്തതെല്ലാം കായ്ങ്ങൾ ചെയ്യണമെന്നു ഇച്ഛിക്കു
ന്നുവോ അവയെ മറ്റുള്ളവർക്കും ചെയ്വാൻ തക്കവണ്ണം ഇടയാക്കുന്നതു
കൊണ്ടു അവൻ സുവിശേഷവിധിയെ സ്നേഹത്തിൽ പൂർണ്ണമായി
നിവൃത്തിപ്പാൻ എല്ലാവക്കും കീഴ്പ്പെട്ടിരിക്കും. ഇതാകുന്നു ക്രമപ്പെ
ടുന്നതു. ഇങ്ങിനെ മൂന്നു മാസത്തിനകം നിങ്ങളെല്ലാവരും ക്രമപ്പെ
ട്ടു കൊള്ളുകയും വേണം. അല്പാഞ്ഞാൽ ഭയങ്കരമായുള്ള ന്യായവിധി
ഇതാ! വരുന്നു! ഇക്കാര്യം ഞാൻ അറിയിക്കേണ്ടതാകയാൽ ഞാൻ നി
ങ്ങളെ ഉള്ളം തുറന്നു സ്നേഹിച്ചു നിങ്ങളുടെ പാദശുശ്രൂഷക്കാരനാ
യി കണ്ണുനീരോടു കൂടെ അറിയിക്കുന്നു. ഇനിയും അറിയിക്കും. ഇ

ങ്ങിനെ വിനയപൂർവ്വം, എഴുതീക്കൊള്ളുന്നതു നിങ്ങളുടെ വാത്സല്യശ്രീ
ഷക്കാരൻ യൂസ്സുസ് യോസേഫ്.

കന്നിറേറി നിന്നും
കാർത്തിക ചിങ്ങം രണ്ട-

൩൫

എന്റെ പ്രിയമുള്ള അച്ചനു എന്റെ മിശ്രീശ മുഖനം

എന്റെ അനുജൻ ശമുയേലിന്റെയും മറും സുഖക്കേടു നിമിത്തം ഞാൻ ഇങ്ങോട്ടു പോന്നതിനാൽ തമ്മിൽ കാണ്മാൻ ഇടയായില്ല. നമ്മുടെ പരമപിതാവായ ദൈവം സുറിയാനി സഭയിലുള്ള സകലർക്കും ആ സഭയിൽ നിന്നു ഉണർവു സഭയിൽ വന്നിട്ടുള്ള എല്ലാവർക്കും ഒരു ദൃഷ്ടാന്തക്കാരനായിട്ടാകുന്ന അച്ചനെ തെരിഞ്ഞെടുത്തു തന്റെ തിരു സഭയുടെ ദൂതനായി നിയമിച്ചിരിക്കുന്നതു. ആയതു തന്റെ അനാദി നിർണ്ണയ പ്രകാരവും പരമസ്നേഹത്തിൻ പ്രകാരവുമാകുന്നു. അതു കൊണ്ടു അച്ചൻ നമ്മുടെ ലക്ഷത്തിൽ പരമുള്ള സകല സുറിയാനിക്കാരുടേയും ആത്മാക്കൾക്കു ഉത്തരവാദിയാകുന്നു. എന്തെന്നാൽ ആടുകളുടെ വലിയ ഇടയനാകുന്ന കർത്താവു സുറിയാനിസഭയിലുള്ള സകലരേയും അച്ചന്റെ കയ്യിൽ തന്നിരിക്കുന്നു. ആയതു അബ്രഹാം മല്പാനച്ചന്റെ പക്കൽ കൊടുത്തിരുന്ന കോലിനെ അവിടുത്തെ മരണശേഷം, എടുത്തു വലിയ മെത്രാച്ചന്റെ പക്കലും അവിടുത്തെ മരണശേഷം ഇപ്പോൾ അച്ചന്റെ പക്കലും നാഥൻ തന്നിരിക്കുന്നു എന്നാകുന്നു. ഇങ്ങിനെ തന്നിരിക്കുന്നതു സുറിയാനി സഭയിലുള്ള സകല ആത്മാക്കളേയും കർത്താവിന്റെ മഹത്വ പ്രത്യക്ഷതെക്കു പുതിയ യറുശലേമിന്റെ ജീവനുള്ള അവയവങ്ങളാക്കി കൊണ്ടു വരേണ്ടുന്നതിനാകുന്നു.

ആകയാൽ ഉണർവു സഭയുടെ പട്ടക്കാരനും സുറിയാനിസഭയുടെ ദൂതനും ആകുന്ന സഹോദരാ! താങ്കളുടെ ഉത്തരവാദത്തെക്കുറിച്ചു ഓർപ്പാൻ തക്കവണ്ണം ഇതാ! ഞാൻ ഇനിക്കു നൽകപ്പെട്ട കൃപയിൻ പ്രകാരം താങ്കൾക്കു എഴുതുന്നു. ഓർത്തുനതപിച്ചു പുതിയ യറുശലേമിന്റെ ജീവനുള്ള അവയവമായി കെട്ടപ്പെടേണ്ടുന്നതിനു താങ്കളെ മുമ്പായി കർത്താവിന്റെ കയ്യിൽഭരമേല്പിച്ചു. കർത്താവിനായി മാത്രം ജീവിപ്പാൻ ഒരുങ്ങുക. മഹാഭയങ്കരം വരുന്നതിനാൽ ഈ ദിവസത്തിനകം കുടുംബത്തെ ക്രമപ്പെടുത്തുവാൻ ശ്രമിക്ക. അല്ലെങ്കിൽ കർത്താവു വലിയ വ്യസനത്തെ വരുത്തി എങ്കിലും തന്റെ അളവിലേക്കു നടത്തിക്കളയും നിശ്ചയം. കർത്താവിന്റെ സാദ്ധ്യം അറിയാതെ അപ്പോൾ നിലവിളിച്ചാൽ കേൾക്കപ്പെടുകയില്ല. എന്തെന്നാൽ ഉള്ളു ഉരുകുമ്പോഴാകുന്നു കർത്താവു ജീവകൃപയെ പകരുന്നതു. എന്നു എ

ല്ലായേ" പാഴം ഓർത്തുകൊള്ളണം. ഈ എഴുത്തു മറ്റു അച്ചന്മാരേയും കാണിക്കണം. വിശേഷിച്ചും ക്രമപ്പെട്ടന്നതിനെക്കുറിച്ചു എല്ലാവക്കും കൂടെ എഴുതീട്ടുള്ള എഴുത്തിനെ വായിച്ചു എല്ലാവരും അറിവാൻ തക്കവണ്ണം വ്യാഖ്യാനിപ്പാൻ അപേക്ഷിക്കുന്നു. എലന്തൂർ ഉപവാസത്തിന്നു (അയ്യതു ഈ മാസം ഫൊന്നു മുതൽ) അച്ചനും പെരുങ്ങാലാ അച്ചനും കൂടെ വരുവാറാകണം

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു താങ്കളുടെ പാദശുശ്രൂഷക്കാരൻ യൂസൂസു യോസേഫ്.

കന്നാറാ നിന്നും

ഫെബ്രു. ചിങ്ങം ൧൪

൩൯

യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നാറാ ഉണ്ണീസഭാലോചനാസംഘത്തിലുള്ള സകല ജനങ്ങളുടെയും പാദശുശ്രൂഷക്കാരനായ യൂസൂസു യോസേഫ് സംഘത്തിന്റെ പ്രധാന അവയവങ്ങളാകുന്ന ഈപ്പച്ചനും തൊമ്മച്ചനും അവരുടെ പൂർണ്ണതയായ. രാ. ഫാണ്ടി ബോധകക്കും. പാ. ലൂക്കോസു ബോധകർ. യു. യാക്കോബു ബോധകർ. അവരുടെ പൂർണ്ണതയായ. മാ. ചെറിയാൻ ബോധകർ എന്നിവർക്കും. ജനപ്രതിനിധി. ഉ. പീലിപ്പോസു. യേ. യോഹന്നാൻ. അവരുടെ പൂർണ്ണതയായ. കൊല്ലക്കാരൻ കുഞ്ഞാക്കുണ്ടു മുതലാദി എന്നിവർക്കും. യൂസൂസു യോസേപ്പിന്റെ പൂർണ്ണതയായ. മണങ്ങനാഴി സഖറിയാ കത്തനാർ. മണപ്പുറത്തു ജോർജ്ജു കത്തനാർ എന്നിവർക്കും അഭിവാദ്യം ചൊല്ലി വിശുദ്ധ ചുംബനത്തോടു കൂടി എഴുതിക്കൊള്ളുന്നു.

പ്രേമം നിറഞ്ഞ എൻകണ്ണുകളും കൈകളും കാലുകളും തലയുമർപ്പിക്കുന്നു. അയ്യോ എൻ അവയവങ്ങളെ!

ഞാൻ എന്റെ സകല അവയവങ്ങളോടു കൂടെ എന്റെ ജീവനെയും എന്റെ ആത്മാവിനെയും എന്റെ ഭാഗ്യമക്കൾ ഇനിക്കുള്ള സകലവും യേശുമഹാരാജാവിന്റെ തൃക്കയ്യിൽ മനഃപൂർവ്വകാര്യമായി സമർപ്പിച്ചിരിക്കയാൽ ഇപ്പോഴി ഇനിക്കു സ്വന്തമുള്ളവനല്ല. ഞാൻ മുഴുവനായിട്ടു അവന്റെ വകയാകുന്നു. അവന്റെ രാജ്ഞിയെ ശുശ്രൂഷിപ്പാൻ തക്കവണ്ണം ഇപ്പോഴിക്കു നൽകീരിക്കുന്ന തൻ കൃപകൾ ഏതെല്ലാമുണ്ടോ? അവയെ ഒക്കയും അവന്റെ ഹിതപ്രകാരം ഇപ്പോഴിയുടെ അവയവങ്ങളാകുന്ന നിങ്ങൾക്കും നിങ്ങളുടെ അവയവങ്ങൾക്കും എന്നുവേണ്ടാ ഈ ശരീരത്തോടു ചേരുവാനിരിക്കുന്ന സകലർക്കും അയിട്ടു ഇപ്പോഴി സ്നേഹാത്മാവിന്റെ തിരുനാമത്തിൽ അവകാശപ്പെട്ടിരുന്നു ഇപ്പോഴിയുടെ ഹൃദയം യേശുവിന്റെ വകയാകയാൽ ആ ഹൃദയത്തിന്റെ കണ്ണുകൊണ്ടു ഞാൻ നിങ്ങളെ നോക്കി ഇ

ഒരുത്തൻ വഹിച്ചിരിക്കുന്ന എന്നുള്ളതിനു ദൈവം സാക്ഷി. പിതൃ പുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്വർഗ്ഗാത്മാവു നിങ്ങളെ അനുഗ്രഹിക്കട്ടെ. ഇതിനു നിങ്ങൾ ഓരോരുത്തൻ തന്നിത്താനിയെ ഇനിക്കു മുപടിയയപ്പിക്കണം.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ യൂസ്സുയോസേഫ്.

കന്നീറീ
കാദിസ് കന്നി കാ

൭൦

യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നീറീ ഉണർവുസഭാലോകനാ സംഘത്തിൽ പ്രധാനകായ്സ്ഥൻ ഉ. പീലിപ്പോസിനും പ്രധാന സിക്രട്ടേറി യേ. യോഹന്നാനും പ്രധാന മുതൽപിടികൊല്ലക്കാരൻ കുഞ്ഞാക്കുണ്ടുമുതലാളിക്കും എന്റെ വിശുദ്ധചുംബനം

പ്രേമം നിറഞ്ഞ എൻ കുടുമ്പിനികളെ!

കഴിഞ്ഞ കർക്കടകം ഒന്നാം നു- മുന്നു ഡിവിഷ്യനിലേയുമുള്ള എല്ലാ ഇടവകകളിലും ഏട്ടത്തിച്ചിട്ടുള്ള മനഃപൂർവ്വകാഴ്ചയുടെ മുതൽ അതാതു മുതൽപിടിയിൽ നിന്നു ഡിവിഷ്യൻ കായ്സ്ഥന്മാരെക്കൊണ്ടു രസീതുകൊടുപ്പിച്ചു അവർ മൂലം സഭയുവിക്കയും പ്രധാന കായ്സ്ഥന്റെ രസീതോടു കൂടെ ഡിവിഷ്യൻ കായ്സ്ഥന്മാരിൽ നിന്നു പറുന്ന വകെക്കു അതാതു ഇടവകയിൽ നിന്നും പിരിഞ്ഞുവന്നവഹ്രയിത്രയെന്നു കണക്കു വാങ്ങിക്കയും എന്റെ അറിവോടും അനുവാദത്തോടും കൂടെ നിങ്ങളും മറുള്ളവരും ചിലവു ചെയ്തവ ഇത്രയെന്നും നീക്കിയുള്ളതു ഇത്രയെന്നും ആയതു പ്രധാന മുതൽപിടിയിൽ ഏൽപ്പിച്ചിരിക്കുന്നു എന്നും വിവരം കണ്ടു പ്രധാന കായ്സ്ഥൻ ഇവിടെ മുപടിയയക്കയും ചെയ്യാറാകണം. ഇപ്രകാരം അവിടവിടെയുള്ള പതാരത്തെ സംബന്ധിച്ചും.

ബോധകന്മാരുടെ ഉപജീവനത്തെ സംബന്ധിച്ചു മൂന്നു ഡിവിഷ്യനിലെയും എല്ലാ ഇടവകകളും അവരുടെ കുടുംബങ്ങളിൽ അവർ സഞ്ചരിക്കുമ്പോൾ യാതൊരു ബുദ്ധിമുട്ടും അവർക്കുണ്ടാകയില്ല. അവരുടെ ഭാര്യാപുത്രാദികളെ സംബന്ധിച്ചു. അവരെഓരോരോ ഇടവകയിൽ ഏൽപ്പിക്കയും ഇടവകക്കാർ അയവരുടെ ഉപജീവനം നടത്തുകയും ചെയ്യേണ്ടതാകുന്നു. ഇപ്രകാരം തന്നെ മറു എല്ലാവർക്കും ഇങ്ങനെ ചട്ടം കെട്ടിക്കൊള്ളണം.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദശു
ശ്രൂഷക്കാരൻ യൂസ്സൂസുയോസേഫ്.

കന്നീററിനിന്നും }
ഫാദിമ കന്നി ഫൻ }

൭൮

എന്റെ പ്രിയമുള്ള പീലീപ്പോച്ചന്നു.

തങ്കൾ ദയയോട്ടുകൂടെ ചിലവുചെയ്ത രൂപാ(വ്വ)ഞ്ചൽപത്തും തങ്കളുടെ വിധേയം വരുന്ന മുതലിൽ നിന്നു പാഠിക്കൊണ്ടു അവയെ തങ്കളുടെ അമ്മയുടെ വിധേയം ഏൽപ്പിച്ചു അവരുടെ രസീതു വാങ്ങി ഇങ്ങോട്ടു അയക്കുന്നതു കൂടാതെ ആ മുതലിന്മേൽ തങ്കൾക്കു അധികാരം ഇല്ലാത്തതിനാൽ അതിൽനിന്നു തങ്കളുടെ ശരീരആവശ്യത്തിന്നായി മാത്രം ചിലവുചെയ്വാൻ പറയുന്നതല്ലാതെ മറെറാന്നും പറഞ്ഞുപോകരുതു. അതു വലിയമ്മയുടെ കുടുംബചിലവിന്നായിട്ടാകുന്നു.

പണം അവിടെ സൂക്ഷിപ്പാൻ പ്രയാസമെങ്കിൽ നയിനാച്ചൻ വിധേയം ഏൽപ്പിച്ചുകൊള്ളണം. ശേഷം ഒക്കെയും കാഴ്ചയിൽ.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു തങ്കളുടെ പാദശുശ്രൂഷക്കാരൻ യൂസ്സൂസു യോസേഫ്.

കന്നീററി നിന്നും }
ഫാദിമ കന്നി ഫൻ }

൭൯

യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നീററി ഉണർവുസഭാലോചന സംഘത്തിൽ ചേർന്ന മുന്നൂറിവിശ്വാസികളിലെയും എല്ലാ ഇടവകയിലുമുള്ള സകലവാധശുശ്രൂഷക്കാർക്കും കുടുംബത്തലവന്മാർക്കും ഓരോകുടുംബത്തിലുള്ള കുഞ്ഞുകുട്ടി ബാലവൃദ്ധം ഉള്ളവർക്കുംഎന്റെ വിശുദ്ധ ചുംബനം.

എന്റെ പ്രേമം നിറഞ്ഞ കുടുപ്പിറപ്പുകളും തിയേകദൈവമായ സ്നേഹാത്മാവിന്റെ മക്കളും ആയുള്ളോരെ!

കഴിഞ്ഞ മിഥുനം ൦൯-ാം വവ്വും ൧൪-ാം എഴുതി എല്ലാസ്ഥലത്തും അയച്ച പ്രബോധനത്തിലും എഴുത്തിലും ന്യായവിധി കൃപയായി മാറുവാൻ തക്കവണ്ണം ഉണർവു സഭെക്കും ക്രിസ്ത്യാനി സമൂഹത്തിന്നും പുറജാതികൾക്കും പക്ഷവാദം ചെയ്യണം എന്നു പാഞ്ഞിട്ടുണ്ടല്ലൊ. അങ്ങിനെ നിങ്ങൾ ഇപ്പോൾ ചെയ്വാൻ ആരംഭിച്ചിരിക്കു

ന്നു എന്നു അറിഞ്ഞിരിക്കുന്നതിനാൽ ഇപ്പോഴെ മനഃപൂർവ്വമായി സ്നേഹാത്മാവിന്റെ തിരുനാമത്തെ വാഴ്ത്തുന്നു. എന്നാൽ പക്ഷവാദത്തിന്റെ സ്വരൂപത്തെ കാണിക്കേണ്ടതു ഇപ്പോഴെയുടെ മുറയാകയാൽ ആയതിന്നായി ശുശ്രൂഷക്കാരെ ഓരോ സ്ഥലത്തു അയച്ചും ഓരോരോ ഇടവകയിൽ മുംമൂന്നു ദിവസത്തെ ഉപവാസം നടത്തിയും വരുന്നതു ക്രമാതെ അത്മനിയോഗപ്രകാരം ഈ ഏഴാഴ്ചമൂലവും അതിനെ തെളിയിക്കയും ചെയ്യുന്നു.

നാമതു ദൈവം നോഹെക്കു ഏഴു ദിവസം വർഷം വഴയാലോകത്തിന്നു പക്ഷവാദം ചെയ്വാൻ ഇട കൊടുത്തതുപോലെ ന്യായവിധിക്കു ഹേതുവായിരിക്കുന്നു ഒരു ലോകത്തിന്നും പക്ഷവാദം ചെയ്വാൻ ഒരു ഉണർവുസഭെക്കും ഏഴു ദിവസം സ്നേഹാത്മാവു നൽകിയിരിക്കുന്നു. ഇന്നു രണ്ടാം ദിവസമാകുന്നു. ഇനി ഒരു ദിവസമേയുള്ളു ഇരുന്നകം ലോകത്തിന്മേൽ വരുവാനുള്ള ന്യായവിധി കൂടെയായി മാറിപ്പോടണം. നിങ്ങൾ ഏകോപിച്ചു പക്ഷവാദം ചെയ്യുന്നെങ്കിൽ ആയതു സാധിക്കയും ചെയ്യും. നിശ്ചയം. യാതൊരു വ്യത്യാസവുമില്ല. ആയതുകൊണ്ടു.

നാമതു ഓരോരോ സഭയിൽ രു പുരുഷന്മാർ നു വിധവമാർ ഇങ്ങിനെ ഏഴു പേർ കൂടെയതെ വേർതിരിച്ചു ഒരു ഏഴു ദിവസം കഴിയുന്നതു വരെ എല്ലാദിവസം ഉപവാസത്തോടു കൂടെ പക്ഷവാതം ചെയ്തുകൊണ്ടിരിപ്പാൻ നിയമിക്കയും പുരുഷന്മാർ സ്ത്രീകൾ വിധവമാർ കല്യാണം കഴിക്കാത്ത പത്തുവയസ്സിന്നുമേലുള്ള ആൺകുട്ടികൾ എട്ടുവയസ്സിന്നു മേലുള്ള കന്യകമാർ ഈതിന്നു താഴെയുള്ള പൈതങ്ങൾ ഇങ്ങിനെ സഭയിലുള്ള വരെ നു ക്രമമായി വിഭാഗിച്ചു ദിവസത്തോടുമുള്ള പ്രാർത്ഥനക്രമത്തിൽ ഓരോ ക്രമത്തിലുള്ളവരെ വട്ടത്തിലിരുത്തി വേദപാഠമുണ്ടെങ്കിൽ ആയതു കേട്ടു ഒരു സങ്കീർത്തനം വായിപ്പിച്ചു ഒരു കീർത്തനം പാടിച്ചു ഒന്നോ രണ്ടോ ആളുകളെക്കൊണ്ടു പക്ഷവാദപ്രാർത്ഥന കഴിപ്പിക്കയും കുടുംബപ്രാർത്ഥനകളിലും ക്രമപ്രാർത്ഥനകളിലും വെള്ളിയാഴ്ചകളിലും ഞായറാഴ്ചകളിലും ഉള്ള പൊതുപ്രാർത്ഥനകളിലും ഉപവാസപ്രാർത്ഥനകളിലും സകലപ്രാർത്ഥനകളിലും തന്നെ പക്ഷവാദം ചെയ്യുയും വേണം. അല്ലാതെയും ഒരു കുടുംബത്തിലെങ്കിലും അർദ്ധരാത്രിക്കു എഴുന്നോറു വിളക്കു കൊളുത്തി ഒരു സങ്കീർത്തനവും സുവിശേഷത്തിൽ ഒരു അദ്ധ്യായവും വായിച്ചു ഒരുപാടുപാടി പ്രാർത്ഥിക്കാതിരിക്കരുതു. ആ സമയം കുടുംബത്തിലുള്ള കുഞ്ഞുകുട്ടി ആബാലവൃദ്ധം പ്രാർത്ഥനസ്ഥലത്തു വനം വട്ടത്തിലിരിക്കണം.

നാമതു. വെള്ളിയാഴ്ചയും ഞായറാഴ്ചയും പൊതുപ്രാർത്ഥനയും പ്രസംഗവും കഴിച്ചു ആറായി. ഭാഗിച്ചു ക്രമങ്ങളെ നു ഭാഗമായി വട്ടത്തിലിരുത്തി ഓരോ ക്രമത്തിലുള്ള ഓരോരോ ആ

ളിനെക്കൊണ്ടു ഏൽക്കുമാറാക്കി പക്ഷവാദം ചെയ്യിക്കണം. അല്ലാതെയും കുടുംബശുദ്ധീകരണത്തിൽ ആ കുടുംബത്തിലുള്ള എല്ലാവരും ഒന്നായി വട്ടത്തിലിരുന്നാൽ മതി. ശുദ്ധീകരണപ്രാർത്ഥന പക്ഷവാദപ്രാർത്ഥനയായിരിക്കണം.

രാമത്. പക്ഷവാദം ചെയ്യുന്ന ആൾ ആദ്യം കുരിശിൽ തറച്ച യേശുവിൽ തന്റെ ശരീരത്തെയും ജീവനെയും ആത്മാവിനേയും മനഃപൂർവ്വമായി ഭരമേല്പിച്ചു കുരിശിൽ തറച്ച തിരുമേനിയൊട്ടു കൂടെ തന്നെ ചേർത്തുകൊള്ളണം. പിന്നിട്ടു തന്റെ കുടുംബത്തിലുള്ള ഓരോരുത്തൻ ചെയ്ത പാപത്തെ തന്റെ പാപമായിട്ടും ശിക്ഷയെ തന്റെ ശിക്ഷയായിട്ടും ഏറ്റുകൊണ്ടു അവരുടെ മേൽ വരുവാനിരിക്കുന്ന ന്യായവിധി കൃപയായി മാറപ്പെടുവാൻ അപേക്ഷിക്കണം. ഇവ്വണ്ണം തന്നെ ശുശ്രൂഷക്കാരുടെയും ഉണർവുസഭയിലുള്ള എല്ലാവരുടെയും പാപശിക്ഷകളെ സ്വന്തമായിട്ടു ഏറ്റു വഹിച്ചുകൊണ്ടു അവരുടെ മേൽ കൃപ പകരപ്പെടുവാൻ യാചിക്കുന്നതു കൂടാതെ സുറിയാനിക്കാർ, പ്രോത്തസ്ഥാന്തർ, റോമാക്കാർ, യഹൂദർ, മഹമ്മദീയർ, പുറജാതികൾ, എന്നിവരും രാജാവു മുതൽ അടിയാൻ വരെയും, നാഗരികക്കാർ മുതൽ കാട്ടാളർ വരെയും, ബ്രാഹ്മണർ മുതൽ പറയർ വരെയും ആസ്യക്കാർ മുതൽ അമേരിക്കർ വരെയും, ഇംഗ്ലാണ്ടർ മുതൽ ന്യൂസിലാണ്ടർ വരെയും ഉള്ള സകലരും രക്ഷപ്പെടുവാൻ തക്കവണ്ണം അവരുടെ പാപശിക്ഷകളെ ഏറ്റു വഹിച്ചുകൊണ്ടു ആറാണ്ടിനാത്മാവിനാൽ ഹൃദയം തുറക്കപ്പെടുന്നതിനു പ്രാർത്ഥിക്കണം. അല്ലാതെയും ഈ രാജ്യത്തിനും നമ്മുടെ നാടുവാഴുന്ന പൊന്നുതമ്പുരാനും രാജകുടുംബത്തിനും സകല ഉദ്യോഗസ്ഥന്മാർക്കും എല്ലാ കുടിയാന്മാർക്കും വേണ്ടി പ്രത്യേകം പ്രത്യേകം പക്ഷവാദം ചെയ്യേണ്ടുന്നതാകുന്നു.

ഇവ്വണ്ണം ഉണർവുസഭയിലുള്ള ഓരോരുത്തൻ യേശു കുടിച്ച പാത്രത്തിൽ നിന്നു കുടിക്കയും സ്നാനത്തിൽനിന്നു സ്നാനമേൽക്കുകയും ചെയ്യുമ്പോൾ പാപമനുഷ്യൻ മരിച്ചു പുതിയ മനുഷ്യൻ ഉയർക്കുന്നതിനാൽ ഉണർവുസഭ തേജസ്സുരിക്കുന്നു. ഈ തേജസ്സിൽ പങ്കുള്ളവർക്കു യാതൊരു ശിക്ഷാവിധിയുമില്ല. കാരണം അവർ ഒന്നാമത്തെ ഉയർപ്പിൽ മാഹരിക്കാരത്രെ. എന്നാൽ ഈ കഠിന ലിവസത്തിന്നകം ലോകവിചാരവും ധനവഞ്ചനയും മറ്റും നിമിത്തം പക്ഷവാദത്തിന്റെ ആത്മാവിനെ പ്രാപിക്കാത്ത ഉണർവുസഭയിലുള്ള പിതാക്കന്മാർ ആത്മാവിനെ പ്രാപിച്ച മക്കൾക്കും ആത്മാവിനെ പ്രാപിക്കാത്ത മക്കൾ ആത്മാവിനെ പ്രാപിച്ച പിതാക്കന്മാർക്കും ഇങ്ങനെ ഭാര്യ ഭർത്താവിനും ഭർത്താവു ഭാര്യക്കും അമ്മാവി മരുമകൾക്കും മരുമകൾ അമ്മാവിക്കും കൂടപ്പിറപ്പുകൾ തമ്മിൽത്തമ്മിലും വിരോധമായി പിരിഞ്ഞു ന്യായവിധിക്കു ഹേതുവാകുവാൻതക്കവണ്ണം അന്തിക്രിസ്തുവിന്റെ ആത്മാവു ബലത്തോടെ പലരിലും പ്രവേശിപ്പാനിരിക്കുന്നതാകകൊണ്ടു ഈ

ല്ലാവരും ഇഹലോകവിചാരത്തെയും ധനത്തെക്കുറിച്ചുള്ള വഞ്ചനയെയും ജഡമോഹത്തെയും തീരെ ഉപേക്ഷിച്ചു ഉണർന്നു പ്രാർത്ഥിക്കയും പക്ഷവാദത്തിന്റെ ആത്മാവിനെ പ്രാപിച്ചുകൊള്ളുകയും ചെയ്തീനൊ! അല്ലാഞ്ഞാൽ ആരാണ്ടിന്നാത്മാവുപുറത്താക്കികളയും നിശ്ചയം അതല്ലാതെയും പലർ കീഴുനിന്നും പടിഞ്ഞാറു നിന്നും തെക്കു നിന്നും വടക്കു നിന്നും ഉണർവുപ്രാപിക്കുകയും ഉൾപ്രവേശിച്ചു അബ്രഹാം ഇസഹാക്കു യാക്കോബു എന്നവരുടെ ദൈവമായ ത്രിയേക ദൈവമാം സ്നേഹാത്മാവിന്റെ തിരുമാറ്റിൽ അണഞ്ഞുകൊള്ളുവാൻ ഇടയാകുന്നതിനാൽ രാജ്യത്തിന്റെ മക്കളായി വിചാരിക്കപ്പെട്ടിരുന്ന ആത്മാവിനെ പ്രാപിക്കാത്ത ഉണർവുസഭയിലുള്ളവർ കരച്ചിലും പല്ലുകടിയും ഉണ്ടാകുന്ന സ്ഥലമായ പുറത്തു നാസ്തുളോടു ചേർന്നു കടിച്ചു കീറുവാൻ ഇടയാകുന്നതു എത്ര കഷ്ടം. ആകയാൽ പ്രിയമുള്ളവരെ! സകല ഈർഷ്യയേയും സകല വ്യാജത്തെയും കപടങ്ങളേയും അസൂയകളെയും സകല ദുർവാക്കുകളെയും നീക്കിക്കളഞ്ഞു കർത്താവിന്റെ ചിന്തയെ ധരിച്ചുകൊണ്ടു സ്നേഹാത്മാവിനെ പ്രാപിച്ചു. ശെംഹാം യാഫെത്തു എന്നവരുടെ മക്കളായ നിങ്ങളുടെ സഹോദരന്മാർക്കു വേണ്ടി നിങ്ങളുടെ പ്രാണനെ വെപ്പിൻ. അപ്പോൾ നിങ്ങൾക്കു മരിക്കാതെ എന്നും ജീവിപ്പാൻ ഇടവരികയും ചെയ്യും.

ഇങ്ങനെ നിങ്ങളുടെ നന്മയെ കൊതിച്ചു എന്റെ പ്രാണനെ നിങ്ങൾക്കായി വെച്ചു നിങ്ങളുടെ ശിക്ഷാവിധിയെ കുടിച്ചുകൊണ്ടു വിനയപൂർവം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കണ്ണീരറി നിന്നും
ഫ്വത്തെ. നവ: വടക്കു
ഫാരിസ. വൃശ്ചി: വ്യാഴ-

യൂസ്സൂ യോസെഫ്

൧൯൨

എന്റെ പ്രിയമുള്ള യോസേഫിനു.

കൊട്ടാരക്കര നിന്നും വരുന്ന വഴിക്കു നിനക്കു ഒരു കഠിന പരീക്ഷയുണ്ടു. നീ ൩ ദിവസം ഉപവാസമായിരിക്കണമെന്നു നിന്നോടു പറഞ്ഞു എന്നാൽ ഇവിടെ വന്നതിന്റെ ശേഷം ഒരു കാളകൊലക്കും ഒരു ഭോഷൻ അമ്മത്തിലുള്ള ശിക്ഷക്കും ഒരു പക്ഷി കണിയിലേക്കും ബദ്ധപ്പെട്ടതുപോലെ അമ്പു കരളിൽ തറക്കുന്നതുവരെക്കും നീ വീണ്ടും അവളുടെ പിന്നാലെ പോയിട്ടു നിന്റെ കുടുംബത്തിലുള്ളവരെ വെട്ടിത്തീയിടുന്നതിനു നീ കോടാലിക്കയ്യായി തീർന്നു. നിന്നെക്കുറിച്ചു എന്റെ കുടലുകൾ സംഭ്രമിക്കയും എന്റെ കരളലികയും ചെയ്യുന്നതിനാൽ എന്റെ കണ്ണു തോരുന്നില്ല. നീ വീണിരിക്കുന്ന ഈ അത്യാപത്തിൽ നിന്നു നിന്നെ ഉദ്ധരിപ്പാൻ ദൈവത്തിനല്ലാതെ

പിന്നെ ആക്കം കഴിക്കയില്ല നിശ്ചയം. എന്നാൽ ദൈവത്തിന്റെ കോപം യോനാബിന്റെ കുന്തം പോലെ നിന്റെ കരളിൽ പായാൻ ഇതാ വരുന്നു. നീ കേറിരുന്ന കോവർകഴുത നിന്റെ വിധേയത്തിൽനിന്നു പൊയ്പോയി. നിന്റെ തല കരുവേലകവൃക്ഷത്തിൽ പിടിപെട്ടിരിക്കുന്നു. നീ ആകാശത്തിനും ഭൂമിക്കും മദ്ധ്യേ അനാഥപ്രേതം പോലെ തൂങ്ങുന്നു. യോനാബിനു നിന്റെമേൽ കനിവില്ലായെന്നു നീ നല്ലപോലെ അറിയുന്നു. അതുകൊണ്ടു എന്റെ കണ്ണു എങ്ങനെ തോന്നിരിക്കും? എന്റെ പുത്രനായ യോസെഫെ! എന്റെ പുത്രാ! എന്റെ പുത്രനായ യോസെഫെ! ഞാൻ നിനക്കു പകരം മരിച്ചു എങ്കിൽ കൊള്ളായിരുന്നു. യോസെഫായ എന്റെ പുത്രാ! എന്റെ പുത്രാ!

ഇങ്ങനെ വ്യസനാതുരനായി കഴുതുന്നതു നിന്റെ പിതാവായ

പുത്രൻബംഗ്ലാവിൽ നിന്നും } യൂസുയോസെഫ്
ഫാരിസ്ഥനുടെ പുത്രനു- }

൭൬

എന്റെ പ്രിയമുള്ള തരിയനു.

ദൈവം നിനക്കു പലപ്രകാരം നന്മചെയ്തു മഹത്പ്രത്യക്ഷതെക്കു ഒരു സാക്ഷിയായിരിപ്പാൻ തക്കവണ്ണം തന്റെ ആത്മാവു മൂലം നിന്നെ വേണ്ടുംവണ്ണം ബോധപ്പെടുത്തി. എന്നാൽ നീ നിന്റെ ആദ്യസ്ഥിതിയെ ഓർക്കാതെയും നിനക്കു വീടും പുരയിടവും ഭാര്യയേയും മക്കളെയും കൃപയോടുകൂടെ നൽകിയ മഹാദൈവത്തെ ഭയപ്പെടാതെയും ദൈവഹിതമായ ആറാണ്ടിന്നാത്മാവിനെ സ്നേഹിക്കാതെയും കണ്ടു ദ്രവ്യാഗ്രഹത്തുകലേക്കു പാഞ്ഞു യൂദാസ്കറിയോത്തിന്റെ വലക്കൈ പിടിച്ചു നീ മുബിച്ചതിനാലും നിന്നെയും നിന്റെ ഭാര്യയുടെയും കുഡുംബത്തിലുള്ള ആത്മാക്കളെ അലസലാക്കിയതിന്നിമിത്തം അവരിൽ സാത്താനധികരിപ്പാൻ തക്കവണ്ണം നീ കാരണനായിരിക്കുന്നതിനാലും നിന്റെ മേലുള്ള ദൈവത്തിൻ ന്യായവിധിയെ കൾക്ക. ദൈവം നിനക്കു നൽകീരിക്കുന്ന എല്ലാ സമ്പത്തിന്മേലും ഇതുവരയും ദൈവാനുഗ്രഹമുണ്ടായിരുന്നു. എന്നാൽ അതു നീങ്ങീരിക്കുന്നു. നീ നിർഭാഗനാകുന്നതു മാത്രമല്ല നീ കടക്കാരനായും തീരും. നിന്നെ ആരും വിശ്വസിക്കയില്ല. നീ ഉള്ളതു പറഞ്ഞാലും വിശ്വസിക്കയില്ല. ദൈവത്തിന്റെ ഭയങ്കരത്വം നിന്നെ ഭ്രമിപ്പിക്കും. നിനക്കു ഹൃദയത്തിൽ സമാധാനമുണ്ടാകയില്ല. മാൻ കാനൽവെള്ളത്തെ കണ്ടു ഓടുന്നതുപോലെ നീ ഓടും. ഇപ്പട്ടതികളെ കണ്ടു നിന്റെ ഭാര്യ നിന്നെ വെറുക്കും നിനക്കു കാണിച്ചിരിക്കുന്നതിനെല്ലാം

നിന്റെ കുഞ്ഞിന്റെമേലുള്ള സ്നേഹമാകുന്ന അറപ്പുവാളാൽ നി അറക്കപ്പെട്ടും. എങ്കിലും ദൈവം നിന്നെ കൈവിടാതെ നിത്യകൃപയോടു ചേർത്തുകൊള്ളും. ആകയാൽ ഓർത്തനുതപിക്ക. നീ ദീനമില്ലാത്തവനായി തീരുക. ഇതു ഒരു തക്കസമയമാകുന്നു.

ഇങ്ങനെ വ്യസനാതുരനായി എഴുതുന്നതു നിനക്കു നന്മ വിരുവാൻ ആഗ്രഹമുള്ള നിന്റെ പാദശുശ്രൂഷക്കാരൻ

പുത്തൻ ബംഗ്ലാവിൽനിന്നും
ഫെബ്രു. ധന്യ വർഷം

യൂസ്സുയോസെഫ്

൨൭

യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നീരരി ഉണർവുസഭാലോചന സംഘത്തിലെ എല്ലാ ഡിവിഷ്യനിലെയും ഉള്ള ഓരോ ഇടവകകളിലെ കാര്യസ്ഥന്മാർ, മൂപ്പന്മാർ, ഭവനവിചാരകന്മാർ, കുടുംബത്തലവന്മാർ, ഉപദേശിമാർ, സുവിശേഷകന്മാർ, മുതലായ സകലവിധ ശുശ്രൂഷക്കാർക്കും എന്റെ വിശുദ്ധ ചുംബനം.

എൻ പ്രേമം നിറഞ്ഞ ക്രൂടപ്പിറപ്പുകളും ത്രിയേക ദൈവമായ സ്നേഹാത്മാവിന്റെ തിരുമക്കളും ആയുള്ളോരെ!

ഈ മാസം ൨൦നു വെള്ളിയാഴ്ച മുതൽ ൫൦ ദിവസം വെളിപ്പാട്ടിൽ നാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ൭ൽ വർഷം ൫ ദിവസം ൫ മണിക്കൂറു എന്നവയുടെ അവസാനവും ദാനിയേൽ ൧൨ൽ പറഞ്ഞിരിക്കുന്ന ൧൨൯൦ ദിവസങ്ങളുടെ പ്രാരംഭവും ആകകൊണ്ടു സകല ജഡത്തിന്മേലും പകരപ്പെടുവാനുള്ള മഹത്തായ ന്യായവിധി ഉണർവുസഭയിൽ ഇപ്പോൾ പ്രവൃത്തിക്കുന്ന പക്ഷവാദത്തിന്നാത്മാവുമൂലം ജീവകൃപയായി മാറപ്പെടുവാനുള്ള ദിവസങ്ങളാകയാൽ ഇതു സ്നേഹാത്മാവായ ത്രിയേക യഹോവായുടെ മഹോത്സവം എന്നു വിളിക്കപ്പെട്ടിരിക്കുന്നു. ഈ പത്തു ദിവസത്തെ മഹോത്സവം ഉണർവുസഭയിലുള്ള കുഞ്ഞുകുട്ടി ആബാലവൃദ്ധം സകലരും ഒരുപോലെ ആചരിക്കേണ്ടുന്നതാകയാൽ അതിനുള്ള ക്രമം താഴെ പറയുന്നു.

൧. ഒരു ഭവനവിചാരകന്റെ കീഴിലുള്ളവർ മുതൽ അഞ്ചു ഭവനവിചാരകന്മാരുടെ കീഴിലുള്ളവർ വരെയുള്ള ജനങ്ങൾ ഒരു സ്ഥലത്തു കൂടും. അതിലധികമുള്ളവർ ഒരു സ്ഥലത്തു കൂടിയാൽ ആബാലവൃദ്ധം എല്ലാവരും ഈ മഹോത്സവം ക്രമമായി ആചരിപ്പാൻ ഇടവരാത്തതുകൊണ്ടു (വീട്ടു സൂക്ഷിക്കുന്നതിനു മാറി മാറി ഓരോ ആളിനെ ഇരുത്തി ശേഷമുള്ളവർ) എല്ലാവരും നിശ്ചയിക്കപ്പെട്ട സ്ഥ

ലത്തു ക്രൂടെണ്ടുന്നതാകുന്നു. ഒരു ഭവനവിചാരകന്റെ കീഴിലുള്ളവർ രണ്ടു സ്ഥലത്തായി കൂട്ടുവാൻ പാടുള്ളതല്ല.

൨മതു. ഈ പത്തു ദിവസവും ഭക്ഷണത്തിനു ആവശ്യമുള്ളവയെ പാകം ചെയ്യുവാൻ യത്നിക്കുന്നതല്ലാതെ മറ്റു യാതൊരു വേലയും ചെയ്യുകയും ചെയ്യിക്കയുമരുതു. തങ്ങളുടെ വേലക്കാർ, വേലക്കാരികൾ, കാള, കലപ്പ, നിലം, പുരയിടം, മുതലായവെക്കു ഒക്കയും സ്വസ്ഥത നൽകേണ്ടുന്നതാകുന്നു.

൩മതു. ഈ മഹോത്സവം ആചരിക്കേണ്ടുന്ന സ്ഥലം വൃക്ഷത്തണലും തട്ടുപന്തലും ദൈവത്തിനായി ശുദ്ധീകരിക്കപ്പെട്ട ഭവനവും അല്ലാതെ വേറൊരു സ്ഥലവും അരുതു.

൪മതു. ഈ മഹോത്സവത്തിനു ഭക്ഷണസാധനങ്ങൾ മുമ്പുകൂട്ടി ഒരുക്കിവെച്ചു കൊള്ളേണ്ടുന്നതു ക്രൂടാതെ ഇല്ലാത്തവക്കു ഉള്ളവർ കൊടുക്കയും വേണം.

൫മതു. എല്ലാവരും പ്രഭാതത്തിനു അല്പം മുമ്പെ ൫ മണിക്കു മുമ്പെതന്നെ എഴുന്നേറ്റു ശുശ്രൂഷ ആരംഭിക്കയും ൫ നാഴിക വെളുക്കുമ്പോൾ അവസാനിപ്പിക്കയും വേണം. പിന്നെ ൫ നാഴികക്കകം കാപ്പിയെ വഴഞ്ഞിറൊ ഒരുക്കി ഭക്ഷിച്ചുകൂടിച്ചു ൧൦ നാഴിക വെളുക്കുമ്പോൾ എല്ലാവരും കൂടി വീണ്ടും ശുശ്രൂഷ ആരംഭിച്ചു ൧൦ നാഴികപ്പകലെ അവസാനിപ്പിക്കണം. അതിന്റെ ശേഷം ഏഴര നാഴിക ഇടകൊണ്ടു ഭക്ഷണം ഒരുക്കുകയും ആവശ്യമുള്ളവർ ഭക്ഷിക്കയും ചെയ്തു രണ്ടര നാഴിക പകലെ വീണ്ടും ശുശ്രൂഷ ആരംഭിച്ചു ഏഴര നാഴിക ഇരുട്ടുന്നതിനു മുമ്പു അവസാനിപ്പിക്കണം. പിന്നീടു ആവശ്യമുള്ളവർ രണ്ടര നാഴികകൊണ്ടു ഭക്ഷണം കഴിച്ചു ൧൦ നാഴിക ഇരുട്ടുമ്പോൾ ഒന്നിച്ചു കൂടി ഒരു പ്രാർത്ഥന കഴിച്ചു ൧൧ മണി മുതൽ ഉറങ്ങുവാൻ ആരംഭിക്കാം. ചിലർ വായനയോടും പ്രാർത്ഥനയോടും കൂടെ അർദ്ധരാത്രി കഴിയുന്നതു വരെ ഉണർന്നിരുന്നു മറ്റെല്ലാവരേയും എഴുന്നീല്പിച്ചു അർദ്ധരാത്രി പ്രാർത്ഥന കഴിക്കയും അവിടംമുതൽ ഓരോരുത്തൻ മാറിമാറി വായനയും പ്രാർത്ഥനയും കഴിക്കയുംഇങ്ങിനെ നടത്തി മൂന്നര നാഴിക വെളുപ്പാനുള്ളപ്പോൾ എല്ലാവരേയും എഴുന്നീല്പിച്ചു പരിവിൻപ്രകാരം വീണ്ടും ശുശ്രൂഷ ആരംഭിക്കയും വേണം. ഈവണ്ണം ഒമ്പതുദിവസവും നടത്തേണ്ടുന്നതാകുന്നു. വിശേഷിച്ചും ഭക്ഷണം ഒരുക്കുന്നതിനു നിയമിച്ചിരിക്കുന്ന സമയങ്ങളിൽ ഒരുങ്ങുന്നതുവരെയും പ്രത്യേകം പൈതങ്ങളേയും വിധവമാരെയും ധ്യാനപ്രാർത്ഥനകളിലും വായനകളിലും ഹൃർപ്പെടുത്തിക്കൊള്ളേണ്ടുന്നതാകുന്നു.

൬മതു. അവിടവിടെയുള്ള ശുശ്രൂഷക്കാർ തങ്ങളുടെ കീഴിലുള്ള ഓരോരോ ആളുകളെക്കൊണ്ടു വരുത്തുകൊടുത്തെങ്കിലും പക്ഷവാദപ്രാർത്ഥന നടത്തേണ്ടതുമല്ലാതെ ഉത്സവം വാതിക്കു മുമ്പെ ഓരോ കുടുംബത്തലവന്മാരെക്കൊണ്ടും പക്ഷവാദപ്രാർത്ഥന നടത്തിച്ചിരി

കേണ്ടതുമാകുന്നു. ഗ്രണദോഷം പറയുന്നതു ഇതിനെ സംബന്ധിച്ചായിരിക്കണം. ഇടെക്കിടെ പാട്ടും വായനയും വേണം.

൩മതു. ആത്മവ്യാപാരം ആക്കെങ്കിലും ഉണ്ടായിട്ടു വചനം വെളിപ്പെട്ടാൽ ശ്രുശ്രൂഷക്കാർ അതിനെ എഴുതിക്കൊള്ളണം എന്നല്ലാതെ അവരെക്കൊണ്ടു യാതൊരു ദൃഷ്ടാന്തവും നടത്തിപ്പാൻ അനുവാദം കൊടുക്കയൊ വെളിപ്പെട്ടതിനെ വിവേചിച്ചുറിഞ്ഞു നടത്തുവാൻ ശ്രമിക്കുകയൊ ചെയ്യരുതു.

൪മതു. സംഘത്താൽ ക്ഷണിക്കപ്പെട്ടവരല്ലാതെ മറ്റാരും ഈ ഉത്സവത്തിനു മദ്ധ്യഴിയിൽ വരരുതു.

൫മതു. ഈ ഉത്സവത്തിനു എല്ലാ കുടുംബത്തിൽനിന്നും പൂർണ്ണമനസ്സോടു കൂടെ മനഃപൂർവ്വകാഴ്ച നൽകുകയും അവയെ സ്വീകരിച്ചു ഉത്സവം കഴിഞ്ഞയുടൻ പൊതുമുതൽപാടിയിൽ ഏല്പിക്കയും ചെയ്യേണ്ടുന്നതാകുന്നു.

൬മതു. ആരുംതന്നെ ജഡപ്രകാരമുള്ള സന്തോഷത്തോടും നോട്ടത്തോടും കൂടെ ഈ മഹോത്സവം കാണ്മാൻ വന്നു ദൈവം തന്റെ മക്കളുടെ ഉള്ളിൽ നൽകുവാനിരിക്കുന്ന ജീവകൃപയെ ജഡകണ്ണുകൊണ്ടു നോക്കിക്കാണാതെ അവിശ്വസിച്ചു വിരുദ്ധപ്പെട്ടു അസന്തുഷ്ടിയോടും ദുഃഖത്തോടും കൂടെ പിരിവാൻ ഇടവരാതെ എല്ലാവരും ഹൃദയം ഉരുകിക്കൊണ്ടു ഓലോലക്കണ്ണുനീരാൽ തമ്മിൽ തമ്മിലുള്ള സമാധാനത്തോടും, യോജിപ്പോടും, സ്നേഹത്തോടും, കൂടെ ഐക്യപ്പെട്ടുകൊണ്ടും ഈ മഹോത്സവം ആചരിപ്പാൻ വരികയും നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമുള്ള ദേവരാജ്യത്തിൽ ഉൾപ്രവേശിച്ചു സന്തോഷത്തോടും കൂടെ പിരികയും ചെയ്വാൻ ഇടവരേണ്ടതിനു നിങ്ങൾ എല്ലാവരെയും ഇപ്പോഴും എന്റെ ഹൃദയത്തിൽ ഒരു സരപ്പളിമാലയായി ധരിച്ചുകൊണ്ടും എന്റെ ജീവനെ നിങ്ങൾക്കായി തിരുസന്നിധിയിൽ വച്ചു എല്ലാവരുടെയും ശിക്ഷവിധി ഇമ്പമായി പാനം ചെയ്തുകൊണ്ടും ഈ പാപശരീരത്തെ ഇതാ! കുരിശിനോടു കൂടെ ചേർത്തുകൊള്ളുന്നേൻ. ത്രിയേകദൈവമായ സ്നേഹാത്മാവു എന്നെ അശേഷം അറിയുന്നു.

വിശേഷിച്ചും ഈ ഉത്സവം നടന്ന വിവരത്തിനും വിശേഷവെളിപാടുകൾക്കും മറ്റും മടുപടി ഉടൻ അയെക്കയും വേണം.

ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നു. നിങ്ങളുടെ പാദശ്രുശ്രൂഷക്കാരൻ

മങ്കുഴിയിൽനിന്നും
൧൦൪൯ മകരം ൩൦ നു- } യൂസുസുയോസേഫ്.

൨൩

എന്റെ പ്രിയമുള്ളയോസേഫിനു.

എന്റെ എഴുത്തിന്നു നീ അയച്ച മറുപടി വായിച്ചു മനസ്സിലായി. എന്നാൽ ഞാൻ അയച്ച എഴുത്തിന്റെ സാരം മനസ്സിലായിട്ടാണൊ നീ ഇനിക്കു മറുപടി അയച്ചതെന്നു ഞാൻ നിന്നോടു ചോദിക്കുന്നു.

ഞാൻ പ്രത്യേകം ഈ സഭയിലുള്ള എല്ലാ കുടുംബത്തിന്നും തിരിഞ്ഞുപോയിരിക്കുന്ന ഓരൊ കുടുംബത്തിന്നും ആയിട്ടു പ്രാർത്ഥിക്കയും ആ പ്രാർത്ഥനെക്കു ദൈവം മറുപടി തന്നാത്മാമൂലം ഞങ്ങൾക്കു അറിയിക്കയും ചെയ്തിരിക്കുന്നതിനാൽ നിന്റെയും നിന്റെ കുടുംബത്തിന്റെയും വിവരങ്ങൾ മേലിൽ വന്നശേഷമല്ല അതിന്നു മുമ്പെതന്നെ ഗ്രഹിച്ചിരിക്കുന്നു. അതിനാലത്രെ നീ കുഴവേലിൽ കുടുംബത്തിൽ കേറരുതെന്നു മുമ്പു കൂട്ടി ശട്ടം കെട്ടിയതു. അതിനെ നീ മനഃപൂർവ്വമായി ലംഘിച്ചു എങ്കിലും നിന്നെ കൈവിടുവാൻ ഇനിക്കു മനസ്സില്ലാഞ്ഞതിനാൽ നിന്നെ വീണ്ടും ഞാൻ എന്നോടു കൂടെ കൂട്ടിച്ചു കൊണ്ടുപോയി. എന്നിട്ടും നിനക്കു മനോമാറ്റം വന്നൊ? പിന്നെ ഞാൻ എന്തു ചെയ്യും? പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ മറ്റൊന്നിനാലും നിന്നെ വീണ്ടിച്ചിരിക്കുന്ന കുഴവേലി വിശാഖു നീ ങ്ങുകയില്ലെന്നു കണ്ടു നീ മൂന്നു ദിവസം ഉപവാസമായിരിക്കണമെന്നു പറഞ്ഞു. അയതു നിന്റെ നന്മെക്കായിട്ടല്ലാതെ തിന്മെക്കായിട്ടല്ല എന്നു നീ നല്ലവണ്ണം അറിയണമേ. എന്റെ പൊന്നയോസെഫെ! എന്നാൽ ലംഘനം ഇരട്ടിപ്പാൻ തക്കവണ്ണം നീ ഇതിനേയും ലംഘിച്ചു. അയതു നീ അറിഞ്ഞുവോ? നീ ഇക്കായ്മ അറിയാതിരുന്നാൽ നിനക്കും മറ്റുള്ളവക്കും ആപത്തു വരികയില്ലയൊ? അങ്ങിനെ വരാതിരിക്കേണ്ടതിന്നു ഞാൻ നിന്നെ ഗ്രഹിപ്പിക്കേണ്ടതു ആവശ്യമാകയാൽ കാളയും, ഭോഷനും, പക്ഷിയും തങ്ങൾക്കുള്ള നാശത്തെ അറിയാതെ അതിലേക്കു ബദ്ധപ്പെട്ടുന്നതുപോലെ നീ ലംഘനത്തിന്മേലുള്ള ലംഘനം മൂലം നീ നാശത്തിലേക്കു ബദ്ധപ്പെട്ടു. നിനക്കും മറ്റുള്ളവക്കും നീ കേടായി തീർന്നിരിക്കുന്നതിനെ നീ ഓർത്തു മനം തിരിഞ്ഞു നിന്റെ ലംഘനങ്ങളെ ഏറ്റു പറഞ്ഞു ദോഷത്തെ വിട്ടൊഴിവാനല്ലയൊ? എന്റെ പൊന്നയോസെഫെ! ഞാൻ നിനക്കു എഴുതിയതു. ഈ ആന്തരം നിനക്കു മനസ്സിലായൊ? ഇല്ലാ എങ്കിലതിന്നു നിന്റെ മറുപടി തന്നെ സാക്ഷി. ഇനി ഞാൻ നിനക്കു എന്തു ചെയ്യേണ്ടു? ഞാൻ നിന്നെ ഉപേക്ഷിക്കുന്നതിനെക്കാൾ ഞാൻ മരിക്കുന്നതു ഇനിക്കേറ്റവും നല്ലതു. എന്മകനേ! അതുകൊണ്ടു ഞാൻ നിന്നെ സാത്താന്റെ പക്കലല്ല. സർവ്വശക്തന്റെ കയ്യിൽ ഭരമേല്പിച്ചിരിക്കുന്നു. ഈ ആപത്തിൽനിന്നു നിന്നെ ഉദ്ധരിപ്പാൻ അവനു കഴിയും നിശ്ചയം. അവന്റെ തൃക്കയ്യിലല്ലൊ നിങ്ങൾ നിങ്ങളേയും കുഴവേലിപുരയിടവും മറ്റും ഭരമേല്പിച്ചു എന്നുള്ളതിന്നു ഞാനും മറ്റുള്ളവരും സാക്ഷി. ദേവമക്കൾക്കു എ

ല്ലാവക്കും കരേറുവാൻ തക്കവണ്ണം ഒരു കോവർകഴുത എന്നപോലെ അതു ഇരുന്നതിനാൽ ആ രണ്ടുപേർ അതിൽ കരേറാതെ ഇരിപ്പാനായിട്ടു നാശത്തിന്റെ മേട്ടിലെ ശത്രുവിനെ ആ ശുദ്ധസ്ഥലത്തു വെപ്പാൻ തക്കവണ്ണം അവർ തമ്മിൽ പുലമ്പിനോട്ടു ആലോചിപ്പാൻ ഞാൻ പോയോ? കുഞ്ഞേ! അല്ലെങ്കിൽ അതിൽ കരേറുവാൻ ഞാൻ നിനക്കു അനുവാദം തന്നോ? നീ വാ. നീ അതിൽ കരേറുന്നതെന്നല്ലോ ഞാൻ മുമ്പിൽക്കൂട്ടി പറഞ്ഞതു്. ഇതിനെ ലംഘിപ്പാൻ തക്കവണ്ണം ആർ നിന്നോടു പറഞ്ഞുവോ? അവൻ തന്നെ നിന്റെ തല. അതു മുഗമത്രെ.

മുഗം പിടിക്കപ്പെട്ടുവാൻ ഉള്ള സമയം വന്നിരിക്കയാൽ കോവർകഴുത നിന്റെ ആധീനത്തിൽ നിന്നു പൊയ്പോയി. ഇതു ദൈവേഷ്ടമാകയാൽ ഞാൻ എന്തു ചെയ്യും? കുഞ്ഞേ! ഞാൻ ഇതിനെ ചെയ്തിട്ടുണ്ടോ? എന്റെ കയികളിൽ അന്യായമുണ്ടോ? ദൈവം എന്നെ അശേഷവും അറിയുന്നു. എങ്കിലോ നീ നിരാധാരനായാലെ ഞാൻ പറയുന്ന ദൈവാലോചനയെ നീ അംഗീകരിക്ക. അതുകൊണ്ടു എന്റെ ദൈവം നിങ്ങളെ നിരാധാരമാക്കിയിരിക്കുന്നു ഇതാവശ്യം അത്രെ. ഇനി എങ്കിലും ഞാൻ പറയുന്ന ദൈവാലോചനയെ നിങ്ങൾ അംഗീകരിച്ചാൽ അതു നിങ്ങൾക്കു നന്മയായിരിക്കും. ആ ആലോചന ഇതത്രെ. ലോത്തു സോദോമിൽനിന്നു ഓടിയതുപോലെ നീയും മറിയയും കുഴയേലിൽനിന്നു ഓടി പോരുന്നു ഞാൻ നിങ്ങൾക്കു കാണിക്കുന്ന സ്ഥലങ്ങളിൽ നിങ്ങൾ ഇരുന്നു. കവുതെ ഇടവം മുതൽ നൂറു വർഷം കഴിഞ്ഞു ഏഴാം വർഷം വെളിപ്പെടുവാനിരിക്കുന്ന യേശുമഹാരാജാവിന്റെ നുകത്തിൽ നിങ്ങളെ വീണ്ടും ഭരമേല്പിപ്പിൻ. അവൻ തന്നെ വിധവെക്കു മണവാളൻ. അനാഥക്കുഞ്ഞുങ്ങൾക്കു പിതാവും അവൻ തന്നെ. ഞാൻ നിങ്ങളുടെ പാടുള്ള ശുശ്രൂഷക്കാരനാകയാൽ ക്രിസ്തുവിൽ ഞാൻ നിങ്ങൾക്കു പിതാവത്രെ. നിങ്ങൾ എന്റെ മക്കളുമാകുന്നു. ദൈവം ഇങ്ങനെ പട്ടിണിക്കാരനാക്കിയാലെ നിങ്ങളെയും ആക്കു ഈ ആലോചനയെ നിങ്ങൾ ധിക്കരിച്ചു എങ്കിൽ മൂളത്തിപോലെ ദൈവം നിങ്ങളെ ഉരുക്കും നിശ്ചയം. അതുകൊണ്ടു വേഗം മനംതിരിഞ്ഞു വരുവിൻ. അനേകർ ഇനിക്കു വ്യസനം ക്രുത്തുന്നതിനു ചമഞ്ഞിരിക്കുന്നപ്രകാരം നിങ്ങൾ ആകായ്വിൻ! നിങ്ങൾ ആകായ്വിൻ!

ഇങ്ങിനെ വ്യസനാതുരനായി എഴുതുന്നതു നിങ്ങടെ പിതാവായ

പുത്തൻബംഗ്ലാവിൽനിന്നും
ഫാതിന മകരം ഫാം നം-

യൂസ്സൂസു യോസേഫ്.

൨൨

എന്റെ പ്രിയമുള്ള ക്രൂടപ്പിറപ്പിനു എന്റെ വിശുദ്ധ ചുംബനം.

താങ്കൾ കൊടുത്തയച്ച എഴുത്തു വന്നു ചേർന്നു. അവിടെ വന്നിരിക്കുന്ന അവസ്ഥകളെ ഓർത്തു നിങ്ങളോടു കൂടെ ഞങ്ങളും ഇതാ! എത്രയും വരിതപിക്കുന്നു. എന്നാൽ ദൈവം അവസാനകാലത്തുങ്കൽ മഹാസന്തോഷത്തോടു കൂടെ നൽകിയിരിക്കുന്ന മഹത്തായ ഈ ജീവകൃപയല്ലാതെ മരണത്തേയും പാതാളത്തേയും ജയിപ്പാൻ വേറൊരു വഴിയില്ല നിശ്ചയം. നിശ്ചയം. അതു പക്ഷവാദത്തിന്റെ ആത്മാവത്രെ. അതു മരണത്തെ ജീവനായി മാറുന്നതു ആകുന്നു. എന്നാൽ അതിനെ മനഃപൂർവ്വമായി കൈക്കൊള്ളാത്തവർക്കു അതു ജീവനെ മരണമാക്കുകയും ചെയ്യും ഇതിനെ ഓർത്തു നിങ്ങൾ അധൈര്യപ്പെടരുതെ. എന്തെന്നാൽ ഉണർവു സഭയിലുള്ള ഒരു ആത്മാവിനേയും നരകത്തിൽ പോവാൻ ദൈവം കൈവിട്ടിട്ടില്ല നിശ്ചയം. അതുകൊണ്ടു മരിച്ചവർ അക്ഷയരായി ഉയർത്തെഴുനീൽക്കയും ജീവനോടിരിക്കുന്ന വിശ്വാസികൾ മറുരൂപപ്പെടുകയും ചെയ്യും. എന്നാൽ ദൈവം മറുരൂപത്തിനു നിയമിച്ചിരിക്കുന്നവരുടെ തലയിലെ രോമവും കൂടെ ജീവപുസ്തകത്തിൽ ഉള്ളതിനാൽ അവർക്കു ഒരു നഷ്ടവും വരികയുമില്ല. അതിനൊരുങ്ങാത്തവരെ ദൈവം നിശ്ചയമായി ഈ ലോകത്തിൽനിന്നു എടുത്തുകളയും യാതൊരു വ്യത്യാസവുമില്ല. അല്ലാഞ്ഞാൽ അവർ മറുരൂപത്തിൽ വന്നെത്താതെ നഷ്ടപ്പെട്ടു പോകുമെന്നുള്ളതു ദൈവം അറിയുന്നു.

കൊരുങ്ങുപ്രയാറു അനേകം പേർ മറുരൂപത്തിനായി നിയമിക്കപ്പെട്ടവരുണ്ടെന്നു ഇപ്പോഴും പൂർണ്ണമായി വിശ്വസിക്കുന്നു. ദൈവത്തിന്റെ തുക്കണ്ണു നിങ്ങൾക്കു പുറമുണ്ടു്. നിങ്ങൾ ശിക്ഷാവിധിയെ കുറിച്ചു നിവൃത്തിച്ചിട്ടുള്ള ഞങ്ങളുടെ പ്രാർത്ഥന നിങ്ങൾക്കു അഗ്നിമതിലായിരിക്കട്ടെ. ഇതു മങ്കും ശണിയും വേർതിരിവാനുള്ള സമയമാകയാൽ നിങ്ങൾ മനസ്സുടഞ്ഞു പോകയൊ ക്ഷീണിക്കയൊ നിരാശപ്പെടുകയൊ അവിശ്വസിക്കയൊ അരുതു. മരണം ജീവനാകുന്നു എന്ന സാക്ഷാൽ ഓർത്തു അബ്രഹാം എന്നപോലെ വിശ്വാസത്തോടിരിപ്പിൻ. ഒരുത്തൻ പിൻവാങ്ങുന്നു എങ്കിൽ അവനെറ മേൽ ഭയങ്കരശിക്ഷ വരുന്നതുമാകുന്നു. ദൈവം നിങ്ങളുടെ സകല ബലഹീനതകളേയും ക്ഷമിക്കട്ടെ.

പക്ഷവാദനിവൃത്തിയെ നടത്തി പുതിയ വിരുന്നു കഴിപ്പാൻ തക്കവണ്ണം നാലു ബോധകന്മാരെയും രണ്ടു അച്ചന്മാരെയും കിഴക്കെ ഡിവിഷ്യനു നിയമിച്ചിരിക്കയാൽ അവർ എത്രയും ക്ഷണത്തിൽ അവിടെ വന്നു ആയതു നടത്തിക്കയും ചെയ്യും. മറുള്ള കാര്യങ്ങൾക്കും വിശേഷാൽ തിരുവത്താഴത്തിന്റെ സംഗതിക്കുമായിട്ടു വേഗത്തിൽ കുഴുത്തു അയക്കുകയും ചെയ്യും. നിങ്ങൾക്കു എല്ലാവക്കും പ്രത്യേകം

കോരുതിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിച്ചു ഇനിയും പ്രാർത്ഥിക്കും. നി
ങ്ങളെ ദൈവം അശേഷം അശീർവ്വദിക്കട്ടെ.

ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നു നിങ്ങളുടെ പാദശു
ശ്രൂഷക്കാരൻ.

കന്നീറിൽനിന്നും
ഫരിസ കുംഭം } യൂസുസുയോസെഫ്.

൭൬

എന്റെ പ്രിയപ്പെട്ട യോസെഫിനു.

---

൧൨ മാസം ഫറാനു- നീ എഴുതിയ എഴുത്തു എന്റെ വിധേയം വന്നു
ചേർന്നു വായിച്ചു മനസ്സിലാകയും ചെയ്തു. എന്നാൽ ഇതിനു മുമ്പെ നീ
ഇനിക്കു അയച്ച എഴുത്തിന്റെയും ൧൦ എഴുത്തിന്റെ ആത്മാവുംകണ്ണു
ത്തു. അതിൽ തെളിഞ്ഞിരിക്കുന്നതു ഇതിൽ മറഞ്ഞിരിക്കുന്നു എന്നു
ള്ള വ്യത്യാസമേയുള്ളു. കഴുവേലി പുരയിടം ആറു വർഷം കഴിഞ്ഞു
ഏഴാം വർഷം വെളിപ്പെട്ടുവാനിരിക്കുന്നു യേശുമഹാരാജാവിന്റെ
തൃക്കയ്യിൽ ഭരമേല്പിക്കപ്പെട്ടു എന്നും അവന്റെ വക അവന്റെ മ
ക്കൾക്കുള്ളതാകയാൽ അവരുടെ അനുവാദം ക്രൂടാതെ നീയും മറിയയും
അതിൽ കടന്നു ശണ്ഡനാനാവിധം പ്രവൃത്തിച്ചു എന്നുള്ളതും സ്പഷ്ട
മല്ലൊ. തൃക്കയ്യിൽ ഭരമേല്പിക്കപ്പെട്ടവയെ ദേവമക്കളുടെ അനുവാ
ദം കൂടാതെ ഒരുവൻ ആക്രമിച്ചാൽ അവയെ സാത്താനു ഏൽപ്പിക്കു
ന്നതു ഇവിടത്തെ മുറയത്രെ. അതേപ്രകാരം ഇവിടെനിന്നു പ്രവൃ
ത്തിച്ചിരിക്കയാൽ ഇപ്പോൾ അപുരയിടം ആരുടെ വിധേയം ഭവി
ക്കുന്നു? ആറു വർഷം കഴിഞ്ഞു ഏഴാം വർഷം വെളിപ്പെടുവാനിരി
ക്കുന്ന യേശുമഹാരാജാവിന്റെ വിധേയമോ? അങ്ങനെ വെളിപ്പെ
ടുകയില്ലാ എന്നു പറയുന്ന സാത്താന്റെ വിധേയമോ? നീ പറ. എ
ന്റെ യോസേഫെ! നീ സാത്താന്റെ പിന്നാലെ പോയി എങ്കിലും
ഞാൻ നിന്നെ സാത്താനെ ഏൽപ്പിക്കാതെ സർവ്വശക്തന്റെ തൃക്കയ്യിൽ
ഭരമേല്പിച്ചിരിക്കയാൽ ആരാലെന്നാലാവു നിന്നിൽ അസൂയിച്ചു
പോയിട്ടില്ലെന്നു നിന്റെ ഈ എഴുത്തു തന്നെ സാക്ഷി. അതുകൊ
ണ്ടു നീ ആരുടെ കയ്യിൽ ഇരിക്കുന്നു? സർവ്വശക്തന്റെ തൃക്കയ്യിലോ?
സാത്താന്റെ കയ്യിലോ? സാത്താന്റെ കയ്യിലാകുന്നു എന്നു മറ്റുള്ള
വരും നീ തന്നെയും പറഞ്ഞാലും സർവ്വശക്തന്റെ തൃക്കയ്യിലാകുന്നു
നീ ഇരിക്കുന്നതു എന്നു ഇനിക്കു പറവാൻ കഴിയു. പിന്നെയും "കഴു
വേലി പുരയിടം തൃക്കയ്യിന്നാധീനത്തിലാകുന്ന ഇപ്പോൾ ഇരിക്കുന്ന
തു" എന്നു നിനക്കു തെളിയിപ്പാൻ കഴിയുമെങ്കിൽ ന്യായത്തോടു തെ
ളിയിക്കു. അതിന്റെ ശേഷം വേണം "ദൈവകല്പന" എന്നും "ദൈവ
ഇഷ്ടം" എന്നും "ദൈവകരുണ" എന്നും നീ പറഞ്ഞു ദൈവത്തെ

സ്തുതിപ്പാൻ അല്ലാതെ ന്യായമില്ല. എന്തെന്നാൽ ദൈവം അന്യായത്തിൽ ഇഷ്ടപ്പെട്ടുമോ? ദുഷ്ടതെക്കു കൈതാങ്ങൽ കൊടുക്കുമോ? നിയമലംഘനത്തിനു സഹായിക്കുമോ? നീ പറ. എന്റെ പ്രീയയോസേഫേ'!

എന്റെ പ്രിയ യോസേഫെ! ഇനിയും ദൈവന്യായത്തെ കേൾക്ക. ലൌകീകപ്രകാരമുള്ള ഐശ്വര്യം ദൈവന്യായത്തുകൽ നിഭാഗ്യവും ഉയർച്ച താഴ്ചയും ജീവൻ മരണവും ജയം തോൽവിയും അത്രെ. ദുഷ്ടാന്തം കെയിലി സാധു ന്യായരഹിതമായി സക്കരിനെക്കൊണ്ടു ഇപ്പള്ളിയിൽ നോട്ടീസു പതിപ്പിച്ചു തമുക്കടിപ്പിച്ചു. പള്ളിയിലും ബംഗ്ലാവിലും ബലാൽക്കാരമായി കേറി പൂട്ടു പറിപ്പിച്ചു ആണതപം കാട്ടിയ ജയം ദൈവന്യായത്തിനു എങ്ങിനെ? ജയമോ? അപജയമോ? നീ വിധിക്കണം. അവ്വണ്ണം തന്നെ എന്റെ തോൽവിയേയും. അല്ലാതെയും മദിരാശി ബിഷോപ്പു അദ്ദേഹം ഇനിക്കു തന്നിരിക്കുന്ന സന്നതിനു വിരോധമായി (മിശീയോനരിയായ കേലിസായ്പു ഇനിക്കയച്ചുതുടക്കപത്രത്തെ സ്ഥിരപ്പെട്ടത്തു.) അയച്ച ക്ഷണനപത്രത്താലും അതിനെ അനുസരിച്ചു പിന്നീടു അയച്ച സർക്കുലർ പത്രത്താലും അവിടത്തേക്കു വന്ന സാന്നിദ്ധ്യം ദൈവന്യായത്തിനു എങ്ങിനെ? ഉയർച്ചയോ? താഴ്ചയോ? എന്നുള്ളതും നീ വിധിക്കണം. അവ്വണ്ണംതന്നെ ഇനിക്കു വന്ന താഴ്ചയേയും അതുകൊണ്ടു "കുഴവേലിലെ കുഞ്ഞുങ്ങളെ തല്ലി പെളിയിലിറക്കുവാൻ" ഇടയാക്കാത്ത നിൻജീവപ്രവൃത്തി ദൈവന്യായത്തിനു മരണക്രിയ എന്നല്ലാതെ ജീവനുതകം എന്നു എങ്ങിനെ പറവാൻ കഴിയും.? ആകയാൽ സാക്ഷാൽ ഉണ്മയിൻപടി നീ നിമിത്തം മറിയയും കുഞ്ഞുങ്ങളും വഴിയന്തിരാളമാകുവാൻ ഇടയായിരിക്കുന്നതിനെ ഓർത്തു അനുതപിച്ചുകൊണ്ടു വേഗം സോദോമിൽനിന്നു ഓടിവന്നു രക്ഷപെടുവിൻ സകല ഭാവത്തിനും ക്രിയകൾക്കും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ കണക്കു ബോധിപ്പിപ്പാനുള്ള ഭയങ്കര സമയം ഇതാ! വന്നിരിക്കുന്നു.

ഇങ്ങനെ വ്യസനാതുരനായി എഴുതുന്നതു ക്രിസ്തുവിൽ നിന്റെ പിതാവായ

പുത്തൻ ബംഗ്ലാവിൽ നിന്നും } യുസ്തസ യോസേഫ്.
ഫാദിനു കുംഭം ഫന്നാ നു- }

To ഇൻ

The Revd. O. Mamen. Elanthoor.

My dear brother in Christ.

ഒ. മാമ്മൻ പാദ്രിക്കു

നാം തമ്മിൽ കണ്ടു സംഭാഷിച്ചു വളരെ നാളായല്ലോ എങ്കിലും ഓർക്കുമ്പോളൊക്കെയും അച്ചനെക്കുറിച്ചു വിശേഷാൽ പരിതാപമുണ്ടു.

അതുകൊണ്ടു ഇനിയും ഞാൻ എഴുതുന്നു. എന്റെ എഴുത്തിന്റെ ഒരു അന്തരം ഒക്കെയും കർത്താവിന്റെ മഹത്വപ്രത്യക്ഷതയാണെന്നു ഞാൻ പറഞ്ഞു അറിയണമെന്നില്ലല്ലൊ. അയതു കവുടെ ഇടവം മുതൽ ആറു വർഷം കഴിഞ്ഞു ഏഴാം വർഷം കർത്താവു മഹത്വത്തിൽ വെളിപ്പെടുമെന്നത്രെ. ഇതു ശുദ്ധസ്ഥലം വെടിപ്പാകുവാനുള്ള കാലമാകുന്നു എന്നുള്ളതിനു ദാനിയേൽ ൻ: ൮൪ സാക്ഷി "ശുദ്ധസ്ഥലം" എന്നതു യെരുശലേമും ഇംഗ്ലാണ്ടും അല്ല. നാം ഓരോരുത്തൻ എന്നുള്ളതും "വെടിപ്പാക" ക്രിസ്തുവിനെ പോലാക എന്നുള്ളതും തക്കമേറെ സംഗതിയത്രെ. പൊതുവെ നാം ഓരോരുത്തരുടെ സ്ഥിതിയെ സംബന്ധിച്ചു ഞാൻ അധികം പറയണമെന്നില്ലല്ലൊ. എന്തെന്നാൽ ശരീരം അക്രമത്തിന്റെ ആയുധവും ദേഹിതിന്മയുടെ ഇരിപ്പിടവും ആത്മാവു ഇരുൾ അടഞ്ഞ വീടും എന്നുള്ളതു സ്പഷ്ടം. ഇപ്രകാരമുള്ള ഒരുവനിൽ ക്രിസ്തു ഉരുവായി രൂപജ്ഞരിക്കുന്നതിനുള്ള വഴി ധർമ്മവും കൃപാസത്യങ്ങളുമല്ലാതെ വേറൊന്നുമില്ലെന്നുള്ളതും തെളിവത്രെ. മോശമൂലം വന്ന ധർമ്മത്തിന്റെ ആത്മാവാം ദേഹാത്മാവു പാപം, നീതി, ന്യായവിധി എന്നിവകളെ ബോധപ്പെടുത്തി ദേഹപുരുഷത്തുകൽ പാപിയെ വഴിനടത്തുമ്പോൾ യേശുമൂലം വന്ന കൃപാസത്യങ്ങളുടെ ആത്മാവാം കുഞ്ഞാടിന്നാത്മാവു പാപിയെ ദൈവത്തോടു അടുപ്പിക്കുന്നതിനു യേശുവിനെപോലെ ദൈവേഷ്ടം ചെയ്വാൻ പഠിപ്പിക്കുന്നു. ഇങ്ങനെ ധർമ്മം പാപത്തെ തെളിയിപ്പാൻ ഇരുളിനെ നീക്കുമ്പോൾ സുവിശേഷം പാപമോചനത്തിങ്കലുള്ള വിശ്വാസത്തെ വരുത്തുവാൻ പാപസ്വീകാരമായ ജീവകൃപയിൽ ആശ്രയിക്കുമാറാക്കുകയും ധർമ്മം നീതിയെ തെളിയിപ്പാൻ കുറവിനെക്കാണിക്കുമ്പോൾ സുവിശേഷം ന്യായപ്രമാണത്തിന്റെ നിവൃത്തിയായ യേശുവിൻ കുറവറ്റ നീതിയാൽ ജീവിക്കും വിശ്വാസത്തെ നൽകുവാൻ സ്വയനീതിയെ വെറുക്കുന്ന ജീവകൃപയിൽ ആശ്രയിക്കുമാറാക്കുകയും ധർമ്മം ന്യായവിധിയെ തെളിയിപ്പാൻ ശാപമരണത്തെ കാണിക്കുമ്പോൾ സുവിശേഷം യേശു ഉയിർപ്പും ജീവനും ആകുന്നു എന്നു വിശ്വസിപ്പാൻ ശാപമരണത്തിനു പാത്രമെന്നു ഏറുകൊള്ളുന്ന തന്നത്താൻ വെറുപ്പായ കുരിശു രൂപമാകുന്ന ജീവകൃപയിൽ ആശ്രയിക്കുമാറാക്കുകയും ചെയ്യുന്നു. ഇപ്രകാരം ദൈവം തന്നാത്മാവുമൂലം യേശു ഇന്നാൾ എന്നും യേശു തന്നാത്മാവു മൂലം ദൈവം ഇന്നാൾ എന്നും പാപിയെ അറിയിക്കുന്നു. ൦രം അറിവല്ലോ നിത്യജീവൻ. ൦രം ജീവൻ പാപികു ശരീരം അഴിഞ്ഞും അഴിയാതയുമാകുന്ന ലഭിക്കുന്നതു. എന്നുള്ളതിനു ഉയിർപ്പും മരുരൂപവും സാക്ഷി. മരിച്ചവർ അക്ഷയരായി ഉയിർത്തെഴുനീൽക്കുമ്പോൾ ജീവിക്കുന്ന പുണ്ണ്യവിശ്വാസികൾ മരുരൂപപ്പെടും. മരിക്കാതെ ജീവിക്കുന്ന വഴിയേ വേദവാക്യം മൂലം ആത്മാവു തിരുസഭയിൽ തെളിയിക്കുമ്പോൾ മരിച്ചു ജീവിക്കുന്ന വഴി അടഞ്ഞു വരും എന്നുള്ളതു

സ്സഷ്ടം. യേശു ഉയിർത്തെഴുനീറ്റപ്പോൾ ഒന്നാം ഇസ്രയേലിന്റെ വാതൽ അടഞ്ഞു എന്നുള്ളതു തെളിവല്ലൊ. പിന്നീടു മോശധർമ്മം വഴിയായി രക്ഷപെടുവാൻ കഴിയുകയില്ല. യേശുവിലുള്ള വിശ്വാസത്താലെ അതു സാധിക്കു. യേശുവിന്റെ ശരീരത്തിന്നു രണ്ടു ന്യായമുണ്ടു. ഒന്നു ഉയിർപ്പിൽ വന്നെത്തുവാൻ ഉള്ള ന്യായം. മറ്റെതു ഉയിർപ്പിൽ വന്നശേഷം മഹത്വവെളിപാടിൽ വന്നെത്തുവാനുള്ള ന്യായം. ഒരം ലോകത്തിലുള്ള ക്രിസ്തുസഭ ഉയിർപ്പിൽ വന്നെത്തുവാനുള്ള യേശുവിന്റെ ശരീരധർമ്മത്തിൽ അടസ്ഥാനപ്പെട്ട ഉയിർപ്പിൽ വന്നശേഷമുള്ള ശരീരധർമ്മത്തെ നോക്കിക്കൊണ്ടു ഒരം മണവാളകുടാരത്തിൽ ഞെരങ്ങിക്കൊണ്ടിരിക്കെ പഴയനിയമമായ ദേവസിംഹാസനത്തിൽനിന്നും പുതിയനിയമമായ കുഞ്ഞാടിൻസിംഹാസനത്തിൽനിന്നും പുറപ്പെട്ട ജീവനാത്മാവായ ദേവാത്മാവു വിളങ്ങി വന്നിട്ടുൻൽന്ന ദിവസം കൊണ്ടു പൊതുവും അപ്പോസ്തോല സംബന്ധവുമായ തിരുസഭയും ഒരം ഉണർവുസഭയെ പാപമോചനം ശുദ്ധീകരണം അനുഗ്രഹം, ജീവൻ സംയോജിപ്പു. എന്നുള്ള ശുശ്രൂഷ മൂലമായി ഉയിർപ്പാനുള്ള ശരീരധർമ്മത്തിൽനിന്നു ഉയിർത്ത ശരീരത്തിന്റെ ധർമ്മാവസ്ഥയിലേക്കു കൊണ്ടുവന്നിരിക്കയാൽ തിരുസഭ മരിച്ചു ജീവിക്കുന്ന വഴിയിൽ നിന്നു മരിക്കാതെ ജീവിക്കുന്ന വഴിയിലേക്കു ഇരാ! വന്നിരിക്കുന്നു. അതുകൊണ്ടു രണ്ടാം ഇസ്രയേലായ ക്രിസ്ത്യാനികളുടെ മരിച്ചു ജീവിക്കുന്ന വഴിയിൻ വാതൽ ഇതാ! അടഞ്ഞുപോയി. ഇനി ഏതു ക്രിസ്ത്യാനിയും രക്ഷപെടെണം എങ്കിൽ മരിക്കാതെ എന്നും ജീവിക്കുന്ന വഴിയിൽ വന്നെത്തിരിക്കുന്ന യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നിറ്റുണർവു സഭയുടെ കറുറ അവയവമായിതീരണം. അല്ലങ്കിൽ ആരും രക്ഷപെടുകയില്ല നിശ്ചയം. ഇതു ദൈവസത്യമത്രെ എന്നുള്ളതിന്നു ഒരം ദിവ്യോപദേശത്തിനു വിപരീതമായി എതിർത്തുവരുന്ന സകല നാവുകളേയും ഖണ്ഡിച്ചുകളവാൻ ഒരം പാപിക്കു നസറയനായ യേശുമഹാരാജാവു നൽകിയിരിക്കുന്ന തങ്കുത്തവലിനെ എന്റെ രക്ഷാശയമാകുന്ന എന്നും വിറാത്ത മഷിപ്രാർത്തനത്തിൽ മുകി മുദ്രയച്ചിരിക്കുന്നോൻ. Justus Joseph in not old man but in new man.

ആയതുകൊണ്ടും ഒരം സഭ കഴിഞ്ഞ സംഭവം മൂലം ആത്മാവിലും പ്രവൃത്തിയിലുവരി ൩. രണ്ടാം ഇസ്രയേലിന്റെ മരിച്ചു ജീവിക്കുന്ന വഴി അടഞ്ഞതിൻമൂലം ജീവനിലും തേജസ്സിലിരിച്ചിരിക്കയാൽ പ്രവൃത്തി ഇടവം മുതൽ ആറു വർഷം കഴിഞ്ഞു ഏഴാം വർഷം കുറിക്കപ്പെട്ട സമയത്തു ശരീരത്തിലും തേജസ്കരിക്കും നിശ്ചയം. അതിന്നു പ്രവൃത്തിയിലുവരി ൩൰- മുതൽ ൪൰൨൰ ദിവസമെയുള്ള ഒരായിരത്തിമുന്നൂറു മുപ്പത്തഞ്ചു ദിവസം വരെ കാത്തിരുന്നെത്തുന്നവൻ ധന്യൻ. ആകയാൽ പ്രവൃത്തി. ഫിലി: ൩. മുതൽ ജീവാത്മാവു

കൈവിട്ടു വരുന്നതും മരണാത്മാവു ഉരിവരുന്നതുമായ സന്താപോഷ
ൽനിന്നും ഒരം എഴുത്തു കൈപ്പറ്റിയ ദിവസം മുതൽ മൂന്നു മാസത്തി
നകം ഒരം സോവാറിലേക്കു വന്നു ചേരുന്നു കൊള്ളുവാറാകണം. എന്നു
തിരുവെഴുത്തുകളിൻ ആത്മാവിന്റെ നിയോഗപ്രകാരം അച്ഛന്റെ
യും കുടുംബത്തിന്റെയും കാൽക്കൽ വീണു കരഞ്ഞപേക്ഷിക്കുന്നു.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു ക്രിസ്തുവിൽ താങ്കളു
ടെ സഹോദരൻ.

കന്നീറ്റി നിന്നും
ഫ്രുവെ മാസ്സ് വരെ

യൂസ്സൂ യോസേഫ.

൭൦

കായംകുളം ഉണ്ണിരൂ ഇടവകയിൽ തെക്കേലെ അച്ചനും
കായ്സ്ഥനും എന്റെ വിശുദ്ധ കുംബനം.

അവിടെയുള്ള മൂന്നു ദിവസത്തെ ഉപവാസം ഇപ്പോൾ നിവൃത്തി
ച്ചിരിക്കുമെന്നു ഊഹിക്കുന്നു. ആ സ്ഥലങ്ങളിൽ ഇപ്പോൾ പിടിപെ
ട്ടിരിക്കുന്ന രോഗ ബാധയെത്രയും ഭയങ്കരമെന്നു പല ആളുകൾ മൂലം
കേട്ടിരിക്കുന്നതു മാത്രമല്ല നമ്മുടെ സഭയിലും ആ ബാധ ആരംഭി
ച്ചിരിക്കുന്നു എന്ന അറിഞ്ഞതിനാൽ ഞങ്ങൾ പരിതപിക്കുന്നു. അതു
കൊണ്ടു പ്രത്യേകം ഒരം കായ്ത്തിനായി നിയമിച്ച ഉപവാസം ഏതു
പ്രകാരം നടന്നു എന്നും നമ്മുടെ സഭയിൽ ആർക്കെല്ലാം മരുന്നു
ണ്ടെന്നും അറിവാൻ അവശ്യപ്പെട്ടിരിക്കുന്നതിനാൽ വിവരത്തിനും
ക്ഷണം മറുപടി കൊടുത്തയപ്പാറാകണം. വിശേഷിച്ചും രോഗം ആ
രംഭിച്ചിരിക്കുന്ന ആളുകളുടെ പേരു വിവരം മറുപടിയിൽ കാണേ
ണ്ടുന്നതാകുന്നു. ഓരോരുത്തർക്കു വേണ്ടി പ്രത്യേകം പ്രത്യേകം പ്രാർത്ഥി
ക്കേണ്ടുന്നതിനായത്രേ.

ഇങ്ങിനെ വെളിപ്പാടിൻ പ്രകാരം താഴ്മയായി എഴുതിക്കൊള്ളു
ന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

ഫ്രാൻസ മീനം വരെ
കന്നീറ്റി നിന്നും

യൂസ്സൂ യോസേഫ്.

൭൮

കുടുംബം ക്രമപ്പെട്ടുന്നതിനെക്കുറിച്ചു.

൧ാമത. കുടുംബത്തിലുള്ളവർ എല്ലാവരും കാലത്തു പഴങ്ങൊരോ
കാപ്പിയൊ ഭക്ഷിച്ചു പാനം മെയ്യുകൊള്ളേണ്ടതും അഞ്ചു നാഴികപ്പു

കൾ കഴിഞ്ഞ ശേഷം സന്ധ്യക്കെ അകമോ രാത്രിയിലൊ ഒരു നേരമായി ക്രമമായുള്ള ഭക്ഷണം ഭക്ഷിച്ചു കൊള്ളേണ്ടതും ആകയാൽ കുടുംബത്തിലുള്ള സ്ത്രീകൾ ഉച്ചെക്കുള്ള പ്രാർത്ഥന കഴിഞ്ഞ ശേഷം കുടുംബത്തലവന്റെ അനുവാദപ്രകാരം ഭക്ഷണം ഒരുങ്ങുവാൻ പോകേണ്ടതും എന്തുയും വേഗം ഒരുങ്ങി തയാറാക്കേണ്ടതുമാകുന്നു.

൨മത. എല്ലാവരും ദിനന്തോറും പഴമയും പുതുമയും ആയിട്ടു നമസ്കാരത്തിൽ കുറയാതെ വായിക്കയും ൫ പ്രാവശ്യത്തിൽ കുറയാതെ രഹസ്യപ്രാർത്ഥന കഴിക്കയും ഒരു വാക്യത്തിൽ കുറയാതെ കാണാപ്പാഠം പഠിക്കയും ചെയ്തെ മതിയാവു. ആരെങ്കിലും ഇവെക്കു വിഘ്നം വരുത്തുമ്പോൾ കുടുംബത്തലവൻ അയവന്നു യഥായോഗ്യം ശിക്ഷകല്പിക്കേണ്ടുന്നതാകുന്നു.

൩മത്. കാലത്തും ഉച്ചെക്കും വൈകിട്ടും അർദ്ധരാത്രിക്കുമായി നാലു പ്രാവശ്യത്തിൽ കുറയാതെ കുടുംബപ്രാർത്ഥന കുടുംബത്തലവൻ നടത്തേണ്ടതാകുന്നു. ആ പ്രാർത്ഥനെക്കു കുടുംബത്തിലുള്ള ഒരുകുഞ്ഞും വരാതെയിരിക്കരുത്തു ആരെങ്കിലും വരാതിരുന്നാൽ അതിന്റെ കാരണം അറിഞ്ഞ ശേഷമെ പ്രാർത്ഥന നടത്താവു. കാലത്തെ പ്രാർത്ഥന ഉദയത്തിന്നു മുൻപും ഉച്ചെക്കുള്ള പ്രാർത്ഥന പത്തു നാഴിക പകലിന്നു മുൻപും വൈകിട്ടുള്ള പ്രാർത്ഥന സന്ധ്യക്കും അർദ്ധരാത്രിക്കുള്ള പ്രാർത്ഥന ൩ നാഴിക വെളുപ്പിന്നു മുൻപും നടന്നിരിക്കേണ്ടുന്നതാകുന്നു.

൪മത. കാലത്തെ പ്രാർത്ഥന കഴിഞ്ഞ ശേഷം സ്ത്രീകൾ ഒരു ഭാഗത്തും പുരുഷന്മാർ ഒരു ഭാഗത്തുമിരുന്നു പഴയതിലും പുതിയതിലുമായിട്ടു രണ്ടദ്ധ്യായവും ഒരു സങ്കീർത്തനവും വായിച്ചു ഒരു കീർത്തനവും പാടി പ്രാർത്ഥിച്ച ശേഷമെ പഴഞ്ഞൊരോ കാപ്പിയോ ഒരുങ്ങുവാനോ ഭക്ഷിച്ചു കുടിപ്പാനോ പോകാവു. പിന്നീട്ട ൩ അര നാഴിക പുലരുമ്പോൾ കുടുംബത്തലവൻ എല്ലാവരെയും ഒരു സ്ഥലത്തു കൂട്ടി ശുശ്രൂഷ ആരംഭിച്ചു ദിവ്യവായുംബരം വായിച്ചു ഒരു സങ്കീർത്തനവും ഒരു അദ്ധ്യായവും വായിച്ച ശേഷം ഒരു കീർത്തനം പാടി മുരുകത്തിൽ ഒരു പ്രാർത്ഥന കഴിച്ചിട്ടു ഒരു വേദവാക്യത്തിൽനിന്നു മറ്റുള്ളവർക്കു പറവാൻ തക്കവണ്ണം അല്പമായിട്ടു ഒരു ഹ്രസ്വോപദേശം പറയണം പിന്നീട്ട സമയത്തിന്നു തക്കവണ്ണം ഓരോരുത്തരെക്കൊണ്ടു ഹൃദയം തുറന്നു പ്രാർത്ഥിപ്പാൻ പറകയും സകലർക്കും വേണ്ടി പ്രത്യേകം പുറജാതികളുടെ മനസ്സുതിരിവിന്നായി പ്രാർത്ഥിക്കയോ പ്രാർത്ഥിപ്പിക്കയോ ചെയ്തിട്ടു ശുശ്രൂഷ അവസാനിപ്പിക്കണം, അതിന്റെ ശേഷം വേദവാക്യം വായിപ്പാനും രഹസ്യപ്രാർത്ഥന കഴിപ്പാനും പറഞ്ഞയച്ചിട്ടു പത്തു നാഴിക പകലിന്നു മുമ്പു എല്ലാവരെയും വരുത്തി മുരുകത്തിൽ ഒരു പ്രാർത്ഥന കഴിച്ചു അവരവരിടത്തെക്കു പോകുക.

വിശേഷിച്ചും രാത്രിയിലെ കൂടിപ്രാർത്ഥനെക്കു മറെറാരു സ്ഥലത്തു പോകുവാനൊ മറവുള്ളവർ തന്നെറ കുടുംബത്തു വരുവാനൊ കഴിയാത്തപക്ഷം കുടുംബത്തലവൻ കുടുംബത്തിലുള്ള എല്ലാവരെയും ൧ II നാഴിക രാ ചെല്ലുന്നതിനു മുമ്പെ ഒരു സ്ഥലത്തു കൂട്ടി ആദ്യം വേദപാഠം കേൾക്കയും പിന്നീട ശുശ്രൂഷ ആരംഭിച്ചു ദിവ്യചിലംബരം വായിച്ചു. ഒരു സങ്കീർത്തനവും പഴമയിൽനിന്നും പുതുമയിൽ നിന്നും രണ്ടു അദ്ധ്യായവും വായിച്ചു ഒരു കീർത്തനം പാടി പ്രാർത്ഥിച്ചു മുകളിൽ ഒരു ഗുണദോഷം പറഞ്ഞു പ്രാർത്ഥിച്ചു ശുശ്രൂഷ അവസാനിപ്പിക്കേണ്ടതാകുന്നു. അല്ലാതെയും ഉപവാസദിവസങ്ങളിലും ഞായർ, വെള്ളി, ചൊവ്വാ എന്ന ദിവസങ്ങളിലും സ്ത്രീപുരുഷന്മാർ അരകെട്ടിക്കൊണ്ടു ശരീരശുദ്ധിയോടു ഇരിക്കേണ്ടതാകുന്നു.

൩മതു. കുടുംബത്തിൽ ആരെങ്കിലും അസത്യം, ദുർവാക്കു, മോഷണം മുതലായ ദുഷ്കൃതികളിൽ ഏർപ്പെട്ടാൽ കുടുംബത്തലവൻ അക്ഷണം തന്നെ അവരെക്കൊണ്ടു ഏറ്റുപറയിപ്പിച്ചു യഥായോഗ്യം ശിക്ഷകല്പിക്കയും ലോകജോലികളിൽ പോകുവാൻ ആവശ്യപ്പെട്ടാൽ പ്രാർത്ഥനാമൂലം പോകയൊ മറവുള്ളവരെ പറഞ്ഞയക്കയൊ ചെയ്യേണ്ടതാകുന്നു.

ഇങ്ങിനെ എല്ലാകുടുംബവും ക്രമപ്പെട്ടു സ്വർഗ്ഗീയ കുടികളായി തീരേണ്ടതിന്നു ഏറവും ആഗ്രഹിച്ചു പ്രാർത്ഥനാമൂലം ൧൨ം ക്രമം എഴുതിയുണ്ടാക്കിയ

ചെങ്കളത്തു നിന്നും
൧൦൫൯ മീനം ൨൯ൻ൹ാം൹.

യൂസ്സുയോസേഫ്.

൨൨

നസറയ്യനായ യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നീററി ഉണർവു സഭാലോചനസംഘത്തിൽ ചേർന്ന മൂന്നു ഡിവിഷ്യനിലേയും എല്ലാ ഇടവകയിലുമുള്ള ആത്മികത്തിന്നും അനാത്മികത്തിന്നു ചേരുന്ന ലൌകീകത്തിന്നുമടുത്ത സകലവിധ ശുശ്രൂഷക്കാർക്കും കുടുംബത്തലവന്മാർക്കും ആബാലവൃദ്ധം മറു എല്ലാവർക്കും എന്റെ വിശുദ്ധചുംബനം

പ്രേമം നിറഞ്ഞ എൻ കൂടപ്പിറപ്പുകളും സ്തുത്യേകദൈവമായ സ്നേഹാത്മാവിന്റെ മക്കളും ആയുള്ളോരേ!

൧൨൦ ദിവസംകൊണ്ടു നിങ്ങളുടെ ജീവനെവച്ചു പക്ഷവാദം ചെയ്തിട്ടുള്ള എല്ലാ ആത്മാക്കളോടും നിങ്ങൾ സംയോജിക്കേണ്ടുന്നതാകയാൽ അവണ്ണമുള്ള സംയോജിപ്പു നിങ്ങൾക്കു ലഭിപ്പാൻ തക്കവണ്ണം

ജീവമയമായ സത്യവഴിയെ തെളിയിച്ചു അതിൽക്കൂടെ നടപ്പാൻ നിങ്ങളെ നിർബന്ധിക്കുന്നതു എന്തെറ മുറുകുന്നുവല്ലോ അതിനാൽ.

ഫരീശ. പിശാചു അന്തിക്രിസ്തു കള്ളപ്രവാചകൻ എന്നു തുടങ്ങി കസാത്താനായ ദേഹാത്മാവു സ്നേഹാത്മാവിന്റെ വേഷം ധരിച്ചു പുറപ്പെട്ടു ഐക്യതവരാതിരിപ്പാൻ തക്കവണ്ണം അവൻ സഭയിൽ വഞ്ചനയായി പ്രവൃത്തിക്കുന്ന സൂത്രത്തെ നിങ്ങളറിഞ്ഞു പ്രവൃത്തിക്കേണ്ടതിനു നിങ്ങളുടെ ജീവനു പ്രകാശം ലഭിക്കേണ്ടുന്നതിനുമായിട്ടു കുടുംബം ക്രമപ്പെടുത്തുന്നതിനെക്കുറിച്ചു ഏഴുതി അയച്ച പ്രമാണത്തിൻ പ്രകാരം നടന്നു കൊൾവിൻ.

ഫരീശ. ഞായറാഴ്ച ഉദയം മുതൽ അസ്തമനം വരെ യാതൊരു ലോകജോലികളിലും ലോകവർത്തമാനങ്ങളിലും ഏർപ്പെടാതെ പഴഞ്ചോറോ? പഴയ കാപ്പിയോ? പഴയ അപ്പമോ? വച്ചുവെള്ളമോ? ഭക്ഷിച്ചു പാനം ചെയ്തുകൊണ്ടും പകൽ മുഴുവനും ദേവാരാധനയിൽ കഴിച്ചുകൂട്ടുവിൻ. അന്ന ആരാധനസ്ഥലത്തു പോകയും മടങ്ങിവരികയും ചെയ്യുന്നതല്ലാതെ മറ്റു പ്രയാണം അന്നു അരുതു വഴിയാത്രകളിലുള്ളവർ ശനിയാഴ്ച രാത്രി എവിടെ താമസിക്കുന്നുവോ അവിടെ ഞായറാഴ്ചക്കുള്ള ഭക്ഷണം ഒരുങ്ങിക്കൊള്ളട്ടെ. ഒരുങ്ങിയ സ്ഥലത്തല്ലാതെ മറ്റൊരു വീട്ടിൽ അന്നു ഭക്ഷിപ്പാൻ പോകരുതു. ദേവരാജ്യത്തിലെ ഒരു നിയമം അറിഞ്ഞിട്ടും സ്വസ്ഥനാളിലെ ശുദ്ധീകരിപ്പാൻ ഓർക്കാതെ കണ്ടു ഇതിനെ ലംഘിച്ചു നടക്കുന്ന ഉണർവുസഭക്കാരെ ആത്മ സഹോദര ഐക്യതയിൽ അംഗീകരിച്ചു പോകരുതു. അവരെ അന്നദാനം മൂലം ആത്മമണവാട്ടി അംഗീകരിക്കുന്നതു വരെ അവരെ അന്യരെപ്പോലെ വിചാരിച്ചുകൊൾവിൻ.

അല്ലാതെയും ഞായറാഴ്ചതോറും പൊതുപ്രാർത്ഥന കഴിഞ്ഞശേഷം ഓരോ ഭവനവിചാരകനും കീഴിലുള്ളവരെ അല്പം അകലെ ഓരോ സ്ഥലത്തായിരുത്തി ഓരോ ക്രൂട്ടത്തിൽ ഏഴെട്ടുപേരെ നിയമിച്ചു അവരെക്കൊണ്ടു ഐക്യപ്രാർത്ഥന നടത്തേണ്ടുന്നതാകുന്നു. ആയതിന്റെ വിവരം. ഒരു അദ്ധ്യായം വായിച്ചു ഒരു കീർത്തനം പാടി ഒരുവൻ പ്രാർത്ഥിച്ചിട്ടു മറ്റൊരുവൻ വായിച്ചു പാടി പ്രാർത്ഥിക്കട്ടെ. ഇങ്ങനെ ഏഴുപേരും വായിച്ചു പാടി പ്രാർത്ഥിക്കണം. പ്രാർത്ഥനാരീതി ആദ്യം ഓരോ കുടുംബവും ഐക്യതയിൽ വരുവാനും പിന്നെവിചാരകനും കീഴിലുള്ളവരും അനന്തരം ശുശ്രൂഷക്കാരും ഇടവകയിലുള്ള ജനങ്ങളും. അതിന്റെ ശേഷം ഓരോ ഡിവിഷനിലുള്ള ഉണർവു സഭ മുഴുവനും തന്നെ. അതിൽപിന്നെ ആർക്കെല്ലാം വേണ്ടി പക്ഷവാദം ചെയ്തിരിക്കുന്നുവോ അവരെല്ലാവരും ഇങ്ങനെ പല പല ആയിരവും അനേകായിരവും സ്നേഹാത്മാവിനാൽ ഒരേ ഐക്യതയിൽ വരുവാനായിട്ടു ആത്മ. ഒരു ഐക്യപ്രാർത്ഥന അവസാനിച്ചശേഷം എല്ലാവരും ഒന്നിച്ചു കൂടി പ്രസംഗമോ പ്രബോധനമോ നടത്തിച്ചു

ശ്രേഷ്ഠ അവസാനിപ്പിച്ചു കൊള്ളണം. പിന്നീട് അസുമനത്തുകൾ ക്രൂടി പ്രാർത്ഥനക്കാർ ഒന്നിച്ചു കൂടി ചുരുക്കത്തിൽ ഒരു പ്രാർത്ഥന കഴിച്ച ശേഷം ഭക്ഷണം കഴിക്കുവാൻ ആളുകളെ വിട്ടയക്കേണ്ടുന്നതാകുന്നു.

വിശേഷിച്ചും ഈ മാസം ഠാനു- മുതൽ മാസാന്ത്യം വരെ സംയോജിപ്പിൻ ആത്മാവിന്റെ പകച്ചുയുടെ ദിവസങ്ങളാകയാൽ ഈ ദിവസങ്ങളിൽ എല്ലാം എല്ലാ ഇടവകയിലും മേൽപറഞ്ഞ ഐക്യപ്രാർത്ഥന വേണ്ടുന്നതാകകൊണ്ടു ശ്രേഷ്ഠക്കാർ ജാഗ്രതപ്പെട്ടു അയയ്ക്കുന്നിവൃത്തിക്കേണ്ടുന്നതാകുന്നു. അയ്യാ ഓരോ ഭവനവിചാരകന്റെ കീഴിലുള്ളവർ ഓരോ ദിവസം ഓരോ ഭവനത്തിൽ കൂടി ംരം പ്രാർത്ഥന നടത്തണം. പകൽ കൂടുവാൻ കഴിഞ്ഞതില്ലെങ്കിൽ രാത്രി കൂടി പ്രാർത്ഥന നടത്തുന്നതു ഏറ്റവും ഉത്തമമത്രെ.

ഇങ്ങിനെ നിങ്ങളെ എല്ലാവരെയും ഹൃദയത്തിൽ അണിഞ്ഞുകൊണ്ടു ഐക്യപ്രാർത്ഥനയോട് കൂടെ ംരം പ്രബോധനം എഴുതിയ നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറാ നിന്നും
ഹവ്വെ മൈ: വന്നു
ഹംഗ്നു ഇടവം ഹ.

യൂസൂസു യോസേഫ്.



യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നീറുണർവു നഭയാകുന്ന ആത്മമണവാട്ടിയുടെ ഏക ഐക്യതയിൽ നിന്നു പുതിയ യറുശലേമിന്റെ അവയവങ്ങളും അതിന്റെ പണിക്കായി സ്നേഹാത്മാവിനാൽ വിളിച്ചു ചേർത്തിരിച്ചു ശുദ്ധീകരിക്കപ്പെട്ടവരും ആയുള്ള ബോധകന്മാർ പട്ടക്കാർ തലവന്മാർ എന്നിവർക്കു ഞങ്ങളുടെ വിശ്രുത ചുംബനം.

പ്രേമം നിറഞ്ഞ കുടുംബിനിപ്പുകളും ആത്മമണവാട്ടിയുടെ മക്കളുമായുള്ളോരെ! നിങ്ങൾ പക്ഷവാദാത്മാവുമൂലം പുതിയ പിണ്ഡമായിതീർന്ന് ജീവമന്നായെയും ജീവവെള്ളത്തേയും ഉൾക്കൊണ്ടു മറുരൂപത്തിന്റെ ആത്മാവിനെ പ്രാപിച്ചവരാകയാൽ ഇനിമേലാൽ നിങ്ങൾ നടക്കയും നടത്തിക്കയും ചെയ്യേണ്ടുന്നതിനെക്കുറിച്ചു നിങ്ങളെ ഗ്രഹിപ്പിക്കേണ്ടുന്നതു ഐക്യതയുടെ മുറയാകുന്നുവല്ലൊ അതിനാൽ.

ഒന്നാമതു. മറുരൂപത്തിന്റെ ആത്മാവു പ്രവചനാത്മാവാകയാൽ നി

ങ്ങൾ രണ്ടു ദിവസവും ഉപവാസശീലം ധരിച്ചു എന്നു പറയുമ്പോൾ അരകെട്ടി ഉപവാസമായിരുന്നുകൊണ്ടു ദീർഘദർശനം പറഞ്ഞു എന്നു തന്നെ ആയിരത്തിന്റെയും അനേകായിരത്തിന്റെയും അസ്ഥികളെ ജീവിപ്പിക്കേണ്ടുന്നതാകുന്നു. ഇങ്ങനെ നിങ്ങൾ ആറാണ്ടിന്നാത്മാവിന്റെ അഗ്നിബീജത്തെ കൈക്കൊണ്ടു നൂറ്റിനാല്പത്തിനാലായിരത്തിന്നും അനേകായിരത്തിന്നും പിതാക്കന്മാരായിരിക്കേണ്ടതും പ്രകാരം മൂന്നുപത്തിന്റെ ആത്മാവിനെ പ്രാപിച്ചു നിങ്ങളുടെ ഭാഗ്യമാരും ആയവർക്കു മാതാക്കന്മാരായിരിക്കേണ്ടതിന്നു അസ്ഥികളെല്ലാം ജീവിക്കുന്ന നാൽവരെയും ഉപവാസത്തോടിരിക്കേണ്ടുന്നതാകുന്നു.

വാമതു. നിങ്ങളിലും നിങ്ങളുടെ ഭാഗ്യപുത്രാദികളിലും കന്നുകാലികളിലും നിലംപുരയിടങ്ങളിലും പൊൻ വെള്ളി പൈൺകലം മുതലായവയിലും ഭവനങ്ങളിലും നിങ്ങൾക്കുള്ള യാതൊന്നിലും ഭയങ്കരമായ ന്യായവിധി വരാതിരിപ്പാനായിട്ടും അനുഗ്രഹം പൊഴിഞ്ഞു എല്ലാം വർദ്ധിപ്പാനായിട്ടും അവയൊക്കയും ആത്മമണവാട്ടിയുടെ അധികാരത്തിൻകീഴിൽ മനഃപൂർവ്വമായി ആക്കിവച്ചു ഐക്യതയുടെ അനുവാദപ്രകാരം അവയോടു വ്യാപരിക്കേണ്ടുന്നതാകുന്നു.

നാമതു. ദൈവത്തിന്റെ സ്വന്തഹൃദയം നിങ്ങൾക്കുണ്ടായി വന്നിട്ടു ത്രിയേകദൈവമായ സ്നേഹാത്മാവിന്റെ ആന്തരം അറിഞ്ഞു പ്രവൃത്തിപ്പാനായിട്ടു നിങ്ങൾ ആത്മമണവാട്ടിയുടെ ഐക്യതയിൽനിന്നു പുറപ്പെടുന്ന സകലത്തിന്നും അനുസരിപ്പാൻ നിങ്ങളുടെ മനസ്സിനെ പരിപൂർണ്ണമായി വിട്ടുകൊടുത്തു മനഃപൂർവ്വമായി ഐക്യതയോടു യോജിക്കേണ്ടുന്നതാകുന്നു.

ഇങ്ങിനെ ഈ മൂന്നു സംഗതികൾക്കും നിങ്ങൾക്കും പൂർണ്ണ സമ്മതമുണ്ടെങ്കിൽ ആത്മമണവാട്ടിയുടെ ജീവപുസ്തകത്തിൽ നിങ്ങൾ കൈ എഴുത്തു വെക്കേണ്ടുന്നതാകയാൽ ഇതിന്നു മറുവടി അയപ്പാറാകണം എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും
ഫ്വവ്വെ ജ്ഞൺ ഫ്രക്കു
ഫാദ്ധിസ്റ്റ ഇടവം സഠ

യൂസ്റ്റസ് യോസേഫ്.



യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നീറി ഉണർവുസഭയാകുന്ന ആത്മമണവാട്ടിയുടെ ഏകൈക്യതയിൽനിന്നു പുതിയ യെരുശലെമിന്റെ അവയവമായി ചേർന്നും ജാതികൾക്കു നിത്യസുവിശേഷം ഘോഷിപ്പാൻ ഒരു ഉപദേഷ്ടാവായി ആത്മമണവാട്ടിയാൽ

നിയമിക്കപ്പെട്ടും ഇരിക്കുന്ന യോഹന്നാൻ പേത്രൻ ഉപദേശിയാകു
ന്നു നിങ്ങളുടെ വിശ്വാസ്യനും ബന്ധനും.

പ്രേമംനിറഞ്ഞ ക്രൂപ്പിറപ്പും ആത്മമണവാട്ടിയുടെ മകനും ആയു
ള്ളോവേ!

താങ്കളെ കണ്ടുംബത്തോട് കൂടെ ഞങ്ങളുടെ ഐക്യതയിൽ ചേർത്തു
കൊണ്ട് ഞങ്ങളോട് കൂടെ സമാധാനശരത്തെപ്രാപിപ്പാൻ തക്കവ
ണ്ണം താങ്കളെ ജാതികൾക്കു ഉപദേഷ്ടാവായി നിയമിച്ചിരിക്കയാൽ
അതിനു വേണ്ടുന്ന വരപ്രസാദം കൈക്കൊണ്ടു ആയിരങ്ങൾക്കു പി
താവായിരിപ്പാൻ തക്കവണ്ണം ആത്മമണവാട്ടിയുടെ ഐക്യതയിൽനി
ന്നു വാഴ്വുകളും അനുഗ്രഹങ്ങളും ജീവകൃപയും താങ്കൾക്കു എല്ലാ
സ്സോഴും ഉണ്ടായിവരട്ടെ.

ആറാണ്ടിന്നാത്മാവായ സ്നേഹാത്മാവു താങ്കളോട് കൂടെ ഇരിക്കുന്ന
തിനാൽ ഭക്ഷണപാനാദികൾക്കാകട്ടെ ഉടുപ്പാൻ വസ്ത്രത്തിനാകട്ടെ
തേപ്പാൻ എണ്ണക്കാകട്ടെ, താങ്കൾക്കും കണ്ടുംബത്തിനും ഒരു മുട്ടും ഉ
ണ്ടാകയില്ല. ജാതികളിൽനിന്നു ഉണർവുസഭയിൽ ചേർന്നിരിക്കുന്ന
വരും അവരോട് അടുത്തിരിക്കുന്ന ജാതികളും തൽക്കാലം താങ്കൾക്കു
അവകാശപ്പെട്ടതായിരിക്കുന്നു.

ജാതികളുടെ മനസ്സുതിരിവിനു പ്രാർത്ഥിക്കുന്ന ഉണർവുസഭയിന
കൾ താങ്കളുടെ ആവശ്യങ്ങൾക്കൊക്കെയും സഹായിക്കുമാറാകട്ടെ.
ആയതിനു പ്രാർത്ഥിപ്പാൻ താങ്കൾ കടംപെട്ടും ഇരിക്കുന്നു. വിശ്വാ
സവും ബുദ്ധിയും ഉള്ള കലവറക്കാരനെപ്പോലെ ആത്മമണവാട്ടിയു
ടെ ഈ വേലയെ താങ്കൾ നിവൃത്തിപ്പാൻ തക്കവണ്ണം പ്രാർത്ഥിച്ചു ഐ
ക്യതയുടെ അനുവാദത്തിൽനിന്നു ഈ അധികാരപത്രം എഴുതുന്നു

താങ്കളുടെ വാടശ്രൂശ്രൂഷക്കാരൻ.

കന്നീറിൽനിന്നും
ഫ്രവ്വെ. ജൂൺ ഫ്രക്ക
ഫാദിനു ഇടവം നാം നു

യൂസുസുയോസേഫ്

പുതു

ഏക ഐക്യതയിൽനിന്നു.
ചേറുകോൽ ഉണർവു ഇടവകയിൽ കായ്സ്ഥ
നു കീനേറ വിശ്വാസ്യനും ബന്ധനും.

അവിടെ സംഭവിച്ച നിങ്ങളുടെ ഓരോരോ ദുഃഖങ്ങളെ ഓർത്തു
നിങ്ങളോട് കൂടെ ദുഃഖിക്കയും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കയും

ചെയ്യുന്നതു ഞങ്ങളുടെ മുറയാകുന്നു എന്നു ഞങ്ങൾ നിങ്ങളോടു പറഞ്ഞറിയുന്നതെന്നില്ല. നിങ്ങൾക്കറിയാമെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. ഞങ്ങളുടെ ദൈവം നിങ്ങളെ സകല ആപത്തിൽ നിന്നും കാത്തു സൂക്ഷിച്ചു തന്റെ മുഖപ്രത്തിന്റെ ആത്മാവിനെ തന്നു സകല സത്യത്തിലും കൂടെ നിങ്ങളെ നടത്തിക്കുമാറാകട്ടെ.


വിശേഷിച്ചും സംഘത്തിന്റെ റൈട്ടർ യോഹന്നാന്റെ ദീനത്തെക്കുറിച്ചു നിങ്ങൾ അറിഞ്ഞിരിക്കുമല്ലൊ. ദൈവം അവനു അൽപം സൌഖ്യത്തെ നൽകീട്ടുണ്ടു്. അക്കാര്യത്തിൽ പ്രാർത്ഥനയാൽ സഹായിച്ചതല്ലാതെ അവന്റെ ബുദ്ധി മുട്ടിനു സഹായിപ്പാൻ ഇനിക്കിടയായില്ല അതു എന്റെ കുറവുമത്രെ ദൈവം എന്നെ സകലപ്പൂർണ്ണനാക്കേണ്ടതിനു എന്നെ ഒന്നുമില്ലാത്തവനാക്കിവരുന്നു അതിൽനിന്നാകുന്നു ഞാൻ നിങ്ങൾക്കു എഴുതുന്നതു നിങ്ങളുടെ സകലവും നിറഞ്ഞ കവിയുവാൻ തക്കവണ്ണം എന്റെ കുറവിനെതീർപ്പാൻ അപേക്ഷിക്കുന്നു

അതുകൊണ്ടു സഭയുടെ പിരിവിൽനിന്നു നിങ്ങളുടെ യുക്തംപോലെ യോഹന്നാനു സഹായിപ്പിൻ. പിരിവിൽനിന്നു എടുപ്പാൻ ഇല്ലെങ്കിൽ സഭയിൽനിന്നു ഒരു ധർമ്മശരപിരിവു എടുത്തു അതിൽനിന്നു സഹായിപ്പിൻ. നിങ്ങളാരും ഭാരപ്പെടുകയൊ മുഷിഞ്ഞുപോകയൊ അരുതു. താമസിയാതെ ഞാൻ വന്നു നിങ്ങൾക്കു കർത്താവിന്റെ ജീവ അപ്പത്തെയും ജീവവെള്ളത്തെയും നൽകുകയും ആം.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

യുസ്സുസ്സയാസേഫ്.

കണ്ണിറിൽ നിന്നും
ഫർമ്മസ് മിഥ്യനാം നാ-



കാത്തികപ്പള്ളി ഉണർവു ഇടവകയിൽകായ്സ്ഥനും സഭാപ്രമാണികൾക്കും ശേഷം സഭക്കാക്കും എന്റെ വിശുദ്ധ മുഖനം.

പ്രേമംനിറഞ്ഞ കൂടപ്പിറപ്പുകളും ത്രിയേകദൈവത്തിന്റെ മക്കളുമായുള്ളോരെ! ദൈവം നിങ്ങളെ മറ്റു എല്ലാ ഇടവകകളെക്കാളും സ്നേഹിച്ചിരിക്കുന്നു എന്നു സാക്ഷാലുള്ള ഉണ്മയിൻപ്രകാരം ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു. അതിനാൽ ദൈവം സ്നേഹിക്കുന്ന മക്കളെ ശിക്ഷിക്കുന്നു എന്നുള്ള സത്യ വചനത്തിൻപ്രകാരം ശിക്ഷയും സ്നേഹത്തിൻവണ്ണം ആയിരിക്കും എന്നും കൂടെ നിങ്ങളെ ഓർമ്മപ്പെടുത്തണ്ടതു ഞങ്ങളുടെ കടമയുമല്ലൊ. അതിനാൽ ഞങ്ങൾ നിങ്ങൾക്കെഴുതുന്നു. വരുവാനുള്ള കോപത്തിൽനിന്നു നിങ്ങൾ തെറ്റി ഒഴി

വാൻ നക്കുവണ്ണം സ്വർഗ്ഗത്തിൽ നിങ്ങൾക്കു നിക്ഷേപങ്ങളെ വേഗം ശേഖരപ്പെടുത്തിക്കൊൾവിൻ.

എന്നാൽ ഞാൻ ചോദിക്കുന്നു, സ്വർഗ്ഗമാകുന്ന ആ ഇടവകയിൽ ഉള്ള നിക്ഷേപപാത്രത്തിൽ ഇപ്പോൾ എന്തുള്ളു? എന്നു നോക്കുവിൻ. അതു കുറവുള്ള പാത്രം തന്നെ എന്നു എന്റെ കൈ സാക്ഷിക്കുന്നു. എന്തെന്നാൽ എന്റെ കയ്യിൽ വളരെ കുറവായിരിക്കുന്നു. അതുകൊണ്ടു കുറവുള്ള ആ നിക്ഷേപപാത്രത്തെ അരാകുന്നു നിറെക്കേണ്ടതു? നിങ്ങളല്ലയോ? അതെ സംശയമില്ല.

പ്രിയമുള്ളവരെ! സംഘത്തിന്റെ പ്രൈട്ടർ യോഹന്നാന്റെ കുടുംബം എങ്ങിനെ ഇരിക്കുന്നു എന്നു ഞാൻ നിങ്ങളോടു ചോദിക്കുന്നു ദൈവം അവന്റെ ഉപജീവനത്തെ നിങ്ങളിലല്ലൊ വച്ചിരിക്കുന്നതു. നിങ്ങൾ ഉപജീവനം കൊടുത്തുവരുന്നുവോ? അവനു ബുദ്ധിമുട്ടു ഉണ്ടോ? അവൻ ഇപ്പോൾ എങ്ങിനെ തന്നെ ഇരിക്കുന്നു? അതു ഞങ്ങൾ അറിയുന്നില്ല എന്നു നിങ്ങൾ പറഞ്ഞാൽ ദൈവം സമ്മതിക്കുമോ? നിങ്ങളുടെ അനർത്ഥത്തിൽ ദൈവവും നിങ്ങളെ അറിയുന്നില്ലെന്നു പറഞ്ഞാൽ അതു നിങ്ങൾക്കു എങ്ങിനെ ഇരിക്കും? എന്നാൽ അവന്റെ കാര്യത്തെക്കുറിച്ചു ഞാൻ അറിയുന്നിടത്തോളം നിങ്ങളോടു പറയാം. നിങ്ങൾ അവനു ഒരു പ്രകാരം സഹായിച്ച സമയം മുതൽ ഏകദേശം നാലഞ്ചു മാസം ഇപ്പോൾ ആയിരിക്കുന്നു. ഇതുവരെ അവന്റെ കുടുംബത്തിനു എന്റെ കയ്യിൽനിന്നു ഞാൻ സഹായിച്ചു വരുന്നു. ഇന്നാൾ വരെ അവർക്കു മുട്ടുണ്ടായിട്ടില്ല. യോഹന്നാൻ പത്തൻപതു ദിവസങ്ങളായി ജ്വരം പിടിച്ചു നന്നാ അവശതയിൽ ഇരിക്കുന്നു. ഇപ്പോൾ അല്പം സുഖമുണ്ടുതാനും. അവൻ മാവേലിക്കരയിലും ഭാര്യയും മക്കളും കുന്നിറിലുമാകുന്നു ഇരിക്കുന്നതു. അവന്റെ ദീനസമയത്തു അവനു സഹായിപ്പാൻ ഇനിക്കു കഴിഞ്ഞതില്ല. എന്നാൽ ആക്കാര്യത്തെക്കുറിച്ചു എന്റെ പക്കൽ ഒന്നും ഇല്ലാത്തതിനാൽ ചോദുകോൽ ഇടവകക്കാർക്കു ഞാൻ എഴുതീട്ടുമുണ്ടു്. ഇവിടെയുള്ള അവന്റെ കുടുംബത്തിനു സഹായിപ്പാൻ എന്റെ കയ്യിൽ ഇപ്പോൾ ഒന്നുമില്ല. അതുകൊണ്ടു ഇവരെയുള്ള പ്രൈട്ടർ യോഹന്നാന്റെ കാര്യത്തെക്കുറിച്ചു വിവരം അറിയിക്കുന്നു എന്നല്ലാതെ കണക്കു ഞാൻ ചോദിക്കുന്നില്ല. അതിനാൽ ദൈവവും ചോദിക്കുകയില്ല. ഇനി നിങ്ങളുടെ ഭാരത്തെ നിങ്ങൾ തന്നെ വഹിപ്പാൻ അവന്റെ കുടുംബത്തെ (ഭാര്യയും രണ്ടു കുഞ്ഞുങ്ങളും ഒരനുജനുമുണ്ടു്.) നിങ്ങളുടെ പക്കൽ ഞാൻ ഏല്പിക്കുന്നു. സഭയിൽ സ്ഥാപിച്ചിരിക്കുന്ന നിങ്ങളുടെ നിക്ഷേപത്തിൽനിന്നു നിങ്ങൾ ഇന്നു മുതൽ അവർക്കു ചിലവിനു നടത്തിക്കൊൾവിൻ. അല്ലെങ്കിൽ വരുവാനിരിക്കുന്ന മഹാഭയങ്കര അനർത്ഥത്തിൽ നിങ്ങളുടെ പ്രാർത്ഥനയെ ദൈവം കേൾക്കയില്ല നിശ്ചയം. നിശ്ചയം, നിശ്ചയം. ഇതു ദൈവസത്യമത്രെ. അ

തിനാൽ വേഗം സഭയിൽ നിങ്ങളുടെ വെള്ളിയേയും പൊന്നിനേയും ശേഖരപ്പെടുത്തിക്കൊൾവിൻ. ഇതിനു മറുപടി അയക്കണം.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറ്റിൽനിന്നും
ഫാദിനു മിഥു. ന്യാനു-

യു. യോസേഫ്.

൧൭

കന്നീറ്റി ഉണർവു ഇടവകയിൽ കായ്സ്ഥന്മാർക്കും സഭാപ്രമാണികൾക്കും ശേഷം മറ്റെല്ലാവർക്കും എന്റെ വിശുദ്ധ ചുംബനം.

പ്രേമംനിറഞ്ഞ കുട്ടപ്പിറപ്പുകളും ത്രിയേകദൈവത്തിന്റെ മക്കളുമായുള്ളോരെ!

നിങ്ങളുടെ കുടുംബത്തിലുള്ള സകലത്തിന്മേലും കന്നുകാലികളിന്മേലും നിലം പുരയിടങ്ങളിന്മേലും നിങ്ങൾക്കു സകലത്തിന്മേലും ദൈവാനുഗ്രഹത്തിന്റെ ആത്മാവായ മുത്തുപത്തിന്റെ ആത്മാവുണ്ടു നിങ്ങൾ ഒന്നിലും കുറവുള്ളവരായി തീരാതെ എല്ലാം നിറഞ്ഞു വഴിയേണ്ടതിനുള്ള ആ നല്ല വഴിയെ കാണിക്കേണ്ടതു ഞങ്ങളുടെ മുറയല്ലൊ ആകുന്നതു. അതിനാൽ ഞങ്ങൾ നിങ്ങൾക്കു എഴുതുന്നു. ജാതികൾക്കു നിത്യ സുവിശേഷം ഘോഷിപ്പാൻ തക്കവണ്ണം ആത്മാവിനാൽ നിയമിക്കപ്പെട്ട യോഹന്നാൻ പേത്രൻ ഉപദേശിയാരെ! ആ മഹത്തായ കായ്ത്തിനായിട്ടു അയച്ചിരിക്കുന്നു. അയാളുടെ കുടുംബം ഇവിടെ പാത്തുവരുന്നു എന്നു നിങ്ങൾ എല്ലാവരും അറിഞ്ഞിരിക്കുമല്ലൊ. ഞാൻ ഇതുവരെയും ദൈവകൃപയാൽ അവരുടെ മുട്ടിനു സഹായിച്ചു വന്നു. എന്നാൽ ആ അനുഗ്രഹം ഇനിക്കു മാത്രം പോരാ നിങ്ങൾക്കെല്ലാവർക്കും വേണമെന്നു കണ്ടു അവർക്കു സഹായിപ്പാൻ എന്റെ പക്കൽ ഒന്നും ഇല്ലാതാക്കിതീർത്തിരിക്കുന്നു. അതിനാൽ ഇന്നു മുതൽ കർക്കടകമാസം കഴിയുന്നതുവരെ ആ കുടുംബത്തെ നിങ്ങളുടെ പക്കൽ ഭരമേല്പിച്ചിരിക്കുന്നു. ഈ അൻപതിൽ ചിലപ്പോൾ ദിവസങ്ങൾ കഴിയുന്നതുവരെ നിങ്ങൾ അവർക്കു സഹായിച്ചു ഒരുമുട്ടും വരാതവണ്ണം നോക്കി അവരെ എന്റെ പക്കൽ ഏൽപ്പിപ്പാറാകണം എന്നു ഐക്യതയുടെ നിയോഗപ്രകാരം എഴുതുന്നതു

നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും
ഫാദിനു മിഥു: ന്യാനു-

യു. യോസെഫ്.

പുഷ്പ

പ്രേരിതൻ ചെറിയാൻ ബോധകർക്കു എന്റെ വിശുദ്ധ ചുംബനം.

പ്രേമം നിറഞ്ഞ ക്രൂടപ്പിറപ്പും ത്രിയെകദൈവത്തിന്റെ ഏകവും ത്രിയായ ആത്മമണവാട്ടിയുടെ അവയവവുമായുള്ളോവേ!

താങ്കൾ ഒന്നുകൊണ്ടും നിരാശപ്പെട്ടുപോകയൊ, വിഷാദിക്കയൊ, ചഞ്ചലപ്പെട്ടുകയൊ ചെയ്യരുതെന്നു ഞാൻ സ്നേഹാത്മാവിന്റെ തിരുനാമത്തിൽ താങ്കളോടു അറിയിക്കുന്നു. എന്തെന്നാൽ താങ്കളുടെ മനഃപൂർവ്വമാനത്തെ സ്നേഹാത്മാവുക്കൈകൊണ്ടു താങ്കളെ അവൻ അനുഗ്രഹിച്ചിരിക്കുന്നു. ഇതാ! അവൻ താങ്കൾ വിട്ടു പുറപ്പെട്ടിട്ടുള്ള സ്ഥലത്തിൽ സ്ഥാപിച്ചിരുന്ന സിംഹാസനത്തിന്മേൽ ഇപ്പോൾ വിളങ്ങുന്നു. ഉല്ലസിക്കയും ആനന്ദിക്കയും ചെയ്യുകൊണ്ടു ഒലിക്കളെ കേൾപിക്കയും മിന്നലുകളെ അയെക്കയും ഘോഷനാളുത്തിനാലായിരത്തെയും അനേകായിരത്തെയും ആകൃതിപ്പെടുത്തുകയും ക്രൂടെ ചെയ്യുന്നു. ഒന്നാൻറെ കളത്തെ അവൻ ദാവീദിനു വിലെക്കു കൊടുത്തു എന്നാൽ താങ്കൾ ആ സ്ഥലത്തെ സംഘത്തിനു ഏൽപിച്ചും അവിടെ നിന്നു വിട്ടുപോകുന്നതിനാൽ ഇപ്പോൾ ദാവീദു എന്നപോലെ വിലെക്കു കൊണ്ടിരിക്കുന്നു സത്യം. ഈ സത്യത്തെ അറിയാതെ താങ്കൾ അവിടെ പാർത്തിരുന്നാൽ ഓന്നാൻ എന്നപോലെ ആയി പോകുമായിരുന്നു. അതു സ്നേഹാത്മാവിന്റെ ബലിപീഠത്തിനുള്ള സ്ഥലവും യഹോവാസ്സു പരിശുദ്ധമത്രെ. അവിടെ യാശലെം അടിസ്ഥാനപ്പെട്ടും ഇതിലധികം ഇപ്പോൾ പറഞ്ഞാൽ താങ്കൾക്കു പാത്രതയില്ലാത്തതിനാൽ നിഗളിച്ചു പോകും. എന്റെ പ്രിയമുള്ള ക്രൂടപ്പിറപ്പെ! ഞങ്ങൾ താങ്കൾക്കു നന്മയും അനുഗ്രഹവുമുള്ള വഴിയെ കാണിക്കുന്നതിനു എല്ലായ്പോഴും ഓർക്കാതെയിരുന്നാൽ എന്റെ വലങ്കൈ അതിന്റെ സാമർത്ഥ്യത്തെ മറക്കയും എന്റെ നാവു അണ്ണാക്കിനോടു പറ്റുകയും ചെയ്യട്ടെ. താങ്കൾക്കു നല്ല ഒരു അവകാശമുണ്ടു. അതു സ്നേഹാത്മാവിന്റെ മണവാട്ടിയത്രെ. അതു കന്നീറിലുമാകുന്നു ഇരിക്കുന്നതു. അതിനെ ഞാൻ ഒന്നാമതായിട്ടു താങ്കൾക്കു അവകാശപ്പെടുത്തീരിക്കുന്നു. അതുകൊണ്ടു ഇന്നു മുതൽ താങ്കളുടെ കുടുംബപ്പേർ "ചക്കിട്ടപ്പുപ്പു" എന്നല്ല. "കന്നീറിലെ പുത്രൻ ബെഞ്ചമിൻ" എന്നത്രെ. ഇതിനെ ബലബന്ധം ചെയ്താൽ അടക്കിക്കൊള്ളാം. താങ്കൾ വിശ്വസ്ത കലവറക്കാരനായി ഇരിക്കും പോലെ ബുദ്ധിയുള്ള കലവറക്കാരനായും ഇരിക്കും. ജീവാനുഗ്രഹം നിങ്ങളോടു എല്ലാവരോടും ക്രൂടെ എന്നും ഇരിക്കട്ടെ.

എന്നു താങ്കളുടെ വാദഗ്രഹശ്രേഷ്ക്കാരൻ
കന്നീറ്റിനിന്നും } യൂസുസു യോസെഫ്
ഹംബെ മിഥു: സാന്റ- }

വ്യൻ

യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നീറ്റി ഉണ്ണീ
വുസഭയാകുന്ന ആത്മമണവാട്ടിയുടെ അവയവവും ഭൃതനും
ആകുന്ന പ്രേരിതൻ മത്തായി ക്ഷേപുകർക്കു ഞങ്ങളുടെ
വിശുദ്ധ ചുംബനം.

പ്രേമം നിറഞ്ഞ ക്രൂടപ്പിറപ്പും ആത്മ മണവാട്ടിയുടെ മകനും ആയു
ള്ളോരെ! താങ്കൾ ആത്മമണവാട്ടിക്കു കൊടുത്തയച്ച എഴുത്തു ഞങ്ങ
ൾ വായിച്ചു കാണുകയും അവിടെ ആരംഭിച്ചിരിക്കുന്ന ദൈവകൃപ
ക്കായി ദൈവത്തെ സ്തുതിക്കയും താങ്കൾക്കു വേണ്ട കൃപ മേലിൽ നി
ന്നു പകരപ്പെട്ടുവാനും പ്രാർത്ഥിക്കയും ചെയ്തു. ഇപ്പോൾ താങ്കൾക്കു എ
ഴുത്തയക്കണമെന്നും അവിടെ അനേകം ജനങ്ങൾ മരുത്വപത്തി
ന്റെ ആത്മാവു പകരപ്പെട്ടുവാനിരിക്കുന്നതിനാൽ ആശയോടു കൂടെ
വേലചെയ്വാൻ താങ്കളെ ഉത്സാഹിപ്പിക്കണമെന്നും വിരോധികളു
ടെ വായ്ക്കൽ മിണ്ടാടങ്ങിപോകുവാൻ തക്കവണ്ണം തത്സമയത്തു തത്സ
മയത്തു താങ്കൾക്കു ജ്ഞാനവും പകരപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ എ
തിരികളെ ഒട്ടും ഭയപ്പെടാതെ നല്ല ധൈര്യത്തോടും കൂടെ ഇരിക്ക
ണമെന്നും ആത്മമണവാട്ടിക്കു അനേകം മക്കൾ താങ്കൾ മൂലം അവി
ടെ ഉല്പാദിച്ചിരിക്കുന്നതിനാലും ഉല്പാദിപ്പാനിരിക്കുന്നതിനാലും ഈ
ആയിരത്തിഇരുനൂറ്റി അറുപതു ദിവസവും ചാക്കു ശീല ധരിച്ചുകൊ
ണ്ടു (ഉപവാസമായിരുന്നുകൊണ്ടു) അസ്ഥികൾ ജീവിച്ചു വരുവാൻ
തക്കവണ്ണം ദീർഘദർശനം പറയണമെന്നും താങ്കളുടെ ഭാര്യയും മാ
താപിതാക്കന്മാരായിരുന്ന അവരുടെ ബലഹീനതകളെ ആശ്ലേഷം
സഹിച്ചു അവർക്കു ഭക്ഷണപാനീയങ്ങളെ കൊടുത്തു അവരെ ഏൽ
പിക്കണമെന്നും വെളിപ്പെട്ടിരിക്കയാൽ ആത്മനിയോഗപ്രകാരം എ
ഴുതുന്നു. താങ്കളും കുടുംബവും ഇപ്പോൾ എവിടെ ഇരിക്കുന്നു എന്നും
നിങ്ങളുടെ മദ്ധ്യേയുള്ള വേല ഏതല്ലാം ഏതല്ലാം പ്രകാരത്തിൽ നട
ന്നുവരുന്നു എന്നും നിങ്ങളുടെ ശരീരക്ഷേമാദികൾ എങ്ങനെ ഇരി
ക്കുന്നു എന്നും ദൈവം നിങ്ങളെ ബുദ്ധിമുട്ടു കൂടാതെ കാത്തു സൂക്ഷി
ച്ചുവരുന്ന വിധം എങ്ങനെ എന്നും അറിവാൻ ഏറ്റവും ആവശ്യമാ
യിരിക്കുന്നതിനാൽ ഈ എഴുത്തു കൊടുത്തു അരുളപ്പാടു അയക്കേ
ണം. ഇവനെ ഒട്ടും താമസിപ്പിക്കാതെ വിവരത്തിനു ഒക്കയും മറുപ
ടി കൊടുത്തയക്കുമല്ലൊ.

ഇവിടെ ഞങ്ങൾ മൂന്നു പേർക്കും കുഡുംബങ്ങൾക്കും മങ്കുഴിയിലും കന്നിറിലുമുള്ള എല്ലാവർക്കും ദൈവകൃപയാൽ സുഖം. ബോധകന്മാരിൽ പൂവത്തൂർ ചാണ്ടി ബോധകർക്കും ചെമ്പകശ്ശേരിക്കും മസൂരാദീനമുണ്ടായി സുഖം വന്നു. എടത്തുവാ ചാക്കോ ബോധകർ വിശ്വാസത്തിൽ നിന്നു കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടിരിക്കയാൽ താങ്കൾ അയാൾക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം മറ്റു എല്ലാ ബോധകന്മാർക്കും സുഖം തന്നെ. പൂവത്തൂർ, കവുങ്ങുംപ്രയാർ, കായങ്കുളം, ചെറുകോൽ, എന്ന ഇടവകകളിൽനിന്നു മസൂരാദീനം നാമിത്തം നൂറിച്ചിലധികം ആളുകളെ ദൈവം ഈലോകത്തിൽ നിന്നു തന്റെ അടുക്കൽ എടുത്തുകൊണ്ടു. ഉയിർപ്പു മൂലം അവർ രാജ്യാവകാശികളാകും നിശ്ചയം. ഇന്നലെ ഈ സ്ഥലത്തു തിരുവത്താഴം നടന്നു. ഇനി ഉദ്ദേശം പത്തു സ്ഥലത്തു നടത്തുവാനുണ്ടു. അപ്പോൾ ഒരു പരിവൃത്തി കഴിയും. തിരുവത്താഴം പുതിയ ക്രമത്തിലാകുന്നു ഇപ്പോൾ നടത്തിവരുന്നതു. ദേവരാജ്യത്തിലെ ന്യായത്തിൻപ്രകാരമത്രെ. ഇനി ഒരു മാസത്തിനകം തിരുവത്താഴം എല്ലാ സ്ഥലത്തും കൊടുത്തു ദേവരാജ്യം സ്ഥാപിച്ചു തീരുന്നതിനാൽ ദേവാലയത്തേയും അതിൽ വന്ദിക്കുന്നവരെയും ബലിപീഠത്തേയും അപ്പോൾ അളന്നു തിരും. ആ സമയം പൊൻദണ്ഡു ആത്മമണവാട്ടിക്കു സ്വാധീനമാകുന്നതിനാൽ പിന്നീടു ക്ഷണം അളക്കാം. ശേഷം ഒക്കയും അരുളപ്പൻ പറകയും ചെയ്യും. ഞങ്ങളുടെ പ്രാർത്ഥനകളിൽ നിങ്ങളെ ഓർത്തുകൊള്ളുന്നു എന്നു ഞങ്ങൾ പറയണമെന്നില്ലല്ലൊ. അതേപ്രകാരം തന്നെ ഞങ്ങൾക്കു വേണ്ടിയും നിങ്ങൾ പ്രാർത്ഥിച്ചു വരുന്നു എന്നു വിശ്വസിച്ചും ആശിച്ചും വരുന്നതിനാൽ അതിനെക്കുറിച്ചും പറയണമെന്നില്ല. ഞങ്ങൾ എല്ലാവരും വിശുദ്ധ കുംബനത്തോടു കൂടെ നിങ്ങൾക്കു സലാം പറഞ്ഞുകൊള്ളുന്നു. പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേക ദൈവമായ സ്നേഹാത്മാവു നിങ്ങളോടു കൂടെ എന്നും ഇരിക്കട്ടെ. ആറാണ്ടിനാത്മാവു നിങ്ങളോടു കൂടെ ഇരിക്കുന്നതിനാൽ നിങ്ങളുടെ വേല ഒക്കയും ജയിച്ചുവരട്ടെ.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

ചെംകുളത്തു നിന്നും
ഫ്രുവ്വെ. ജൂൺ ൨൪-ാം

യൂസുസ് യോസേഫ്

൯൦

എന്റെ പ്രിയമുള്ള കൊച്ചോയിച്ചനു എന്റെ വിശുദ്ധ കുംബനം

തൊമ്മച്ചന്റെ കാര്യത്തെക്കുറിച്ചു നിങ്ങൾ ആരും ചഞ്ചലപ്പെടുകയും ദുഃഖിക്കയും നിരാശപ്പെട്ടുപോകയും അരുതു. എന്തെന്നാൽ ഇതു സ

ഭവിക്കേണ്ടുന്നതാകുന്നു. അല്ലെന്നു വരികിൽ ഉണർവു സഭ മഹതീകരിക്കയില്ല. എന്നു പറയുമ്പോൾ മരിച്ചവർക്കു ഉയിർപ്പിന്നാത്മാവും പൂർണ്ണവിശ്വാസികൾക്കു മറുരൂപത്തിന്നാത്മാവും ലഭിക്കയില്ല. എന്നു വച്ചാൽ നൂറിന്നാല്പത്തിന്നാലായിരവും അനേകായിരവും ഉണർവു സഭയാകുന്ന സീയോൻ മലമേൽ വരികയില്ല. എന്നു താല്പര്യം. ഇതാകുന്നു ആത്മമണവാട്ടിയുടെ മഹത്വം. അതിനാൽ സത്യത്തിന്റെ വേദവാക്യങ്ങളിൽ എഴുതീരിക്കുന്ന പ്രകാരം ഇതു മരണമല്ല. ജീവന്റെ ഉല്പാദനമത്രെ. അതു ഹേതുവായി സന്തോഷിച്ചാനന്ദിപ്പിൻ. മുമ്പുള്ള വിശ്വാസികൾ ഒക്കയും ജീവന്റെ ഉല്പാദനമാകുന്ന ഈ കാലത്തെ (൦രം മാസം ഫ്രാന്സു മുതൽ) ആഗ്രഹിച്ചു നോക്കിക്കാത്തു കൊണ്ടു ആശയോടുകൂടെ തങ്ങളുടെ ഓട്ടത്തെ നിവൃത്തിച്ചു. എന്നാൽ ആറായിരം വർഷമായി മച്ചിയായിട്ടു ഗർഭവേദനപ്പെടാത്തവളായിട്ടും ഹന്നാ ഷലിശബെത്തു എന്ന പോലെ എത്രയും ഉത്സാഹിച്ചും വിലാപിച്ചും ഇരുന്ന ഭൂമി കഴിഞ്ഞ വ്യാഴാഴ്ച മുതൽ പാടിആർത്തു കൊള്ളട്ടെ. പരിശുദ്ധന്മാർ ആനന്ദിക്കട്ടെ. എന്തെന്നാൽ ഭൂമി പരിശുദ്ധന്മാരെ പ്രസവിക്കേണ്ടുന്നതിന്നു യേശുമഹാരാജാവിൽ നിന്നു ഗർഭം ധരിച്ചിരിക്കുന്നു. ഇതു എത്ര സന്തോഷമുള്ള വർത്തമാനം, ഹാ! ഇതു എത്ര ഭാഗ്യം! ഈ ഭാഗ്യാവസ്ഥയിലേക്കു ദൈവം ഒരുവനെ വിളിക്കുമ്പോൾ നാം സങ്കടപ്പെട്ടുകയോ? സന്തോഷിക്കയോ ചെയ്യേണ്ടതു. ഇതു ദൈവസത്യമത്രെ. ഇതിനെ വിശ്വസിക്കാത്തവർക്കു മറുരൂപമാകുന്ന പങ്കില്ല. നിശ്ചയം നിശ്ചയം നിശ്ചയം. മറുരൂപമാകുന്ന ഭാഗ്യാവസ്ഥയിലേക്കു നിങ്ങളെല്ലാവരും വന്നെത്തുവാൻ തക്കവണ്ണം ഭക്തനാകുന്ന തൊമ്മച്ചൻ ഇന്നലെ രാത്രി ഇവിടെ കൊണ്ടു വന്ന ദൈവവർത്തമാനത്തെ തങ്കളോടു ഞാൻ പറയുന്നു. പിതൃപുത്രപരിശുദ്ധാത്മാവാം ത്രീയേകദൈവമായ സ്നേഹാത്മാവു നിന്നോടു കൽപിക്കുന്നു എന്തെന്നാൽ സ്നേഹാത്മാവിന്റെ നിയോഗപ്രകാരം ശുദ്ധികരിച്ചു നെടുഞ്ചിറ പുത്തൻ വീട്ടിൽ വച്ചിരിക്കുന്ന നിക്ഷേപത്തിൽ നിന്നു കുറച്ചിറ ഉമ്മച്ചനും അവൻ ഇത്തിമലയിൽ അയച്ച എഴുത്തിൻ പ്രകാരം കണിശമായി കൊടുത്തു. അവന്റെ ചീട്ടിനെ വാങ്ങിച്ചു ഒരു ആഴ്ചവട്ടത്തിനകം ഇവിടെക്കൊടുത്തയക്കേണം എന്നത്രെ. ഇതു തങ്കൾക്കു ഒരു പരീക്ഷയത്രെ. ഈ പരീക്ഷയിൽ തങ്കൾ വീഴ്ചയാൻ ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചിട്ടുണ്ടു. ഉമ്മച്ചന്റെ ചീട്ടു ഇവിടെ വന്ന ശേഷം അതിനെ സംബന്ധിച്ചുള്ള ദേവാലോചനയെ എഴുതിക്കൊടുത്തയയ്ക്കും. ഈ വെളിപാടിനെ ലംഘിച്ചു കൂടാ എന്തെന്നാൽ ഇതിന്നു ജീവന്റെ മുദ്രയുണ്ടു.

എന്നു തങ്കളുടെ പാദശുശ്രൂഷക്കാരൻ,

കുന്നിറ നിന്നും
൨൩൩൯ കർക്കടകം ൨൩ന

യൂസ്തസ്സു യോസേഫ്

എന്റെ പ്രിയമുള്ള കുഞ്ഞുമ്മൻ ജേഷ്ഠനായ എന്റെ വിശുദ്ധ ചുംബനം.

കുറഞ്ഞൊരു നാളായി തമ്മിൽ കണ്ടു മനഃതുറന്നു സംഭാഷിപ്പാൻ ഇടയാകാത്തതു കൊണ്ടു ഇനിക്കു വളരെ പരിതാപമുണ്ടു. ഉണർവു സഭയിലുള്ള ഓരോ പ്രത്യേക ശുശ്രൂഷക്കാർ എന്റെ പ്രത്യേക അവയവങ്ങളത്രെ. അവരോടുള്ള സംസർഗ്ഗം നിമിത്തം വേണം ഇനിക്കു ബലമുണ്ടാകേണ്ടതു. എന്നാൽ മത്തായികുട്ടിയാകുന്ന എന്റെ വലങ്കണ്ണും തൊമ്മച്ചനാകുന്ന എന്റെ വലത്തെക്കയ്യും. പെരിയപ്പുവാകുന്ന എൻ വലത്തെക്കാലും ഇപ്പോൾ എന്നിൽ നിന്നു ഛേദിക്കപ്പെട്ടിരിക്കയാൽ ഒറക്കണ്ണും ഒറക്കയ്യും ഒറക്കാലും ഉള്ളവനായിട്ടു ഞാൻ ശേഷിച്ചിരിക്കുന്നു. ആയതു ഞാൻ ദേവരാജ്യത്തുകൽ അകം വൃകവാനായിട്ടത്രെ. ഇതു ഇനിക്കു പൂർണ്ണസന്തോഷം തന്നെ ഒട്ടും ദുഃഖമില്ലെന്നു ഞാൻ ദൈവ നാമത്തെ മുന്നിട്ടു പറയുന്നു. എന്നാലൊ കാട്ടംഭാഗത്തു ചാക്കോച്ചൻ എന്ന എൻ ഒരു ചെവിയെ ദൈവം നരകവ്യസനത്തിൽ ഇട്ടിരിക്കയാൽ എന്റെ ചെവി ഇതാ! പൊട്ടിനാറുന്നു. ഇനിക്കു സഹിച്ചു കൂടാ, ഞാൻ എന്തു ചെയ്യേണ്ടു? അല്പാതയും താങ്കൾ എന്റെ അരയുടെ ഏപ്പു അത്രെ. വസ്തുസ്ഥാരണം നിമിത്തം മറുള്ളവർക്കു ഇതിലുള്ള വിഷമം അത്ര അധികം അറിവാൻ പാങ്ങില്ല. എങ്കിലും താങ്കൾ എന്റെ പ്രത്യേക സ്നേഹിതനാകയാൽ ആ സ്ഥലത്തിലുള്ള സുഖക്കേടിനെ താങ്കളോടു പറയാതിരുന്നു കൂടാ. എന്റെ സഹോദരാ! ചുരുക്കത്തിൽ പറഞ്ഞവസാനിപ്പിക്കുന്നു. ജഡമോഹം നിമിത്തം മടിക്കേടിന്റെ ദീനം എന്നെ പിടിക്കുടി. ആ ദീനം ക്രമേണെ വർദ്ധിച്ചു അർബുദ വ്യാധിയായി തീർന്നു അരയുടെ ഏപ്പു ഒക്കയും ചൊറിയും വീക്കവും വല്ലാത്ത പരുക്കളും നിമിത്തം അളിഞ്ഞു പുണ്ണായി തീർന്നിരിക്കുന്നു. രാത്രി ഉറക്കമില്ല. ഭക്ഷണത്തിനു രുചിയില്ല. ഇതാ! ഞാൻ കിടന്നു പരവശപ്പെടുന്നു. എന്നാൽ ഇവിടെ ഒരു തക്ക വൈദ്യനുണ്ടു. അദ്ദേഹത്തെ കാണിച്ച ശേഷം ഇതു സുഖം വരും എന്നു പറഞ്ഞു പുണ്ണിൽ പുരട്ടുവാൻ ഒരു സുഗന്ധ കുഴമ്പിനും വൃണം കരിവാൻ സേവിക്കേണ്ടതിനു അമൃതപ്രാശനം എന്ന ഒരു ലേഹ്യത്തിനും കുറിച്ചു തന്നു. ഇവ രണ്ടും ഉണ്ടാക്കി വച്ചിരിക്കുന്നു. എന്നാൽ ഇതിനു ഒരു വിഷമമുണ്ടു. എന്തെന്നാൽ കഴിഞ്ഞ ഞായറാഴ്ച ജീവിച്ച പെരിയപ്പുയുടെ വിധവ വന്നു പ്രാർത്ഥിച്ചു ഔഷധങ്ങളിൽ ഒന്നു ഊതണം. എങ്കിലെ ഈ ഔഷധം ഫലിക്കു. അല്ലെങ്കിൽ ഫലിക്കയില്ലെന്നു ആ മഹാ വൈദ്യൻ പറഞ്ഞിരിക്കുന്നു. അവൾക്കു മുന്നൂറിനു മേൽ നാന്നൂറിനകം ഉറുപ്പിക

കൊടുത്താലെ വന്നു പ്രാർത്ഥിച്ചു ഉത്തരമുള്ളു എന്നു കണിശമായി പറഞ്ഞിരിക്കുന്നു. എന്റെ അവസ്ഥ താങ്കൾക്കു അറിയാമല്ലൊ. വല്ല വരും വല്ലതും തന്നാ എന്റെ യാവന നടന്നു വരുന്നതു. എന്റെ പക്കൽ നിങ്ങളല്ലാതെ ഒരു കാശുമില്ല. എന്റെ ഈ അത്യാവശ്യത്തെ താങ്കൾക്കു ഇപ്പോൾ നിവൃത്തിപ്പാൻ കഴിയുമെങ്കിൽ ആ വിവരത്തിന്നു അല്ലെങ്കിൽ നിവൃത്തിക്കയില്ലെന്നുള്ള വിവരത്തിന്നു ഉടൻ മറുപടി അയപ്പാറാകണം. ഒരാഴ്ച കഴിയുന്നതു വരെയും ഞാൻ മറുപടിക്കു കാത്തു കൊണ്ടിരിക്കും. മറുപടി വരാത്തപക്ഷം മറ്റു ആക്കെങ്കിലും എഴുതാം. എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നിറ്റി നിന്നും
ഫറഞ്ഞു കൊണ്ടു കൊ

യൂസ്സൂസു യോസേഫ്.

൯൬

എന്റെ പ്രിയമുള്ളഇടിക്കുളയച്ചനു
എന്റെ വിശുദ്ധ ചുംബനം.

താങ്കൾ എന്നെ ആട്ടിയും കാണ്മാൻ വന്നപ്പോൾ എന്റെ ആത്മാവു താങ്കളിൽ പറ്റിച്ചേർന്നതിനാൽ അന്നു മുതൽ താങ്കൾ എന്റെ സഹോദരനത്രെ. ആ മുറെക്കു താങ്കളുടെ കുടുംബം എന്റെ കുടുംബവും ആകുന്നു. എന്നെ ഏതു പ്രകാരം മഹത്പ്രത്യക്ഷതെക്കു കർത്താവു സാക്ഷിക്കാരനായി വിളിച്ചിരിക്കുന്നുവോ അതെ പ്രകാരം താങ്കളേയും വിളിച്ചിരിക്കുന്നു എന്നു ഇനിക്കു പലപ്രകാരത്തിലുള്ള സാക്ഷി ലഭിച്ചിരിക്കുന്നു. അതിനാൽ ഞാൻ താങ്കൾക്കു എഴുതുന്നു. സഹോദരാ! എന്റെ കണ്ണും കഴുമായ മത്തായികുട്ടി തൊമ്മച്ചൻ പെരിയപ്പാവു എന്നു മുന്നു പേരെ സ്നേഹത്തിന്റെ പരമ സ്വസ്ഥതയിലേക്കു വിളിച്ചിരിക്കുന്നതിനാൽ എന്റെ നു അവയവങ്ങൾക്കു പുറമെ ചേരുദനം വന്നിരിക്കുന്നു എന്നു എല്ലാവർക്കും തോന്നും എന്നാലൊ അകമെ ഇനിക്കു ഒരു കണ്ണും ഒരു കഴുമും ഒരു കാലും ഉരുവിക്കയാകുന്നു ചെയ്തിരിക്കുന്നതു. അതിനാൽ അവർ ഇനിക്കു മരിച്ചവരല്ല. എന്നോടു കൂടെ ജീവിക്കുന്നവരത്രെ. അതു നിമിത്തം ഞാൻ സന്തോഷിക്കയും ആനന്ദിക്കയും ചെയ്യുന്നു. അതെ പ്രകാരം താങ്കളും എന്നോടു കൂടെ സന്തോഷിപ്പിൻ! ഈ സന്തോഷത്തിലേക്കു താങ്കളെ വിളിച്ചിരിക്കുന്നുഎന്നു താങ്കളുടെ കുടുംബത്തുകൾ മുൻ ഉണ്ടായ ജീവങ്കലേക്കു നടത്തിയ നു. മരണവും സാക്ഷിയത്രെ. ഇതു യേശുവിന്റെസാക്ഷിയാകുന്നു. ഈ സാക്ഷി ദീർഘദർശനത്തിന്റെ ആത്മാവാക

യാൽ അതു താങ്കൾക്കു ലഭിച്ചിട്ടുണ്ടോ? ലഭിച്ചിട്ടുണ്ടെങ്കിൽ തിരുരക്തം കൊണ്ടു വീണ്ടെടുത്തിട്ടുള്ളവരുടെ മരണത്തിൽ സന്തോഷിപ്പിൻ. ദുഃഖമുണ്ടായാൽ ആത്മാവിനെ ദുഃഖിപ്പിക്കയാകുന്നു ചെയ്യുന്നതു. സാത്താന്റെ ഉപദ്രവം മാറുകയില്ലാ വിണ്ണെ എങ്ങിനെ മഹത്പ്രത്യക്ഷതെക്കു സാക്ഷിപകരുന്നതു?. അതുകൊണ്ടു ദൈവകൃപയെ ഞാൻ നിങ്ങൾക്കു പുണ്ടാക്കാണിപ്പാൻ പോകുന്നു. മത്തായിക്കുട്ടി തന്റെ ജീവനേയും ശരീരത്തെയും വച്ചു താങ്കളുടെ കുടുംബത്തെ വിലെക്കു വാങ്ങിച്ചിരിക്കുന്നതിനാൽ അയാളുടെ അൽപ്പരാകുന്നു താങ്കൾ. താങ്കളെ ഞാൻ മുമ്പേതന്നെ സഹോദരനായി അംഗീകരിച്ചിരിക്കെ ഇപ്പോൾ ഞാൻ എന്റെ അസ്ഥിയോടും മാംസത്തോടും ചേർത്തുകൊണ്ടു താങ്കളെ ജീവമുദ്രയാൽ മുദ്രവച്ചിരിക്കുന്നു. എന്നു പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവിന്റെ തിരുനാമത്തിൽ ആമേൻ. ആകയാൽ മത്തായിക്കുട്ടിയുടെ കുടുംബത്തെ ഇപ്പോൾ മുതൽ എന്നുവേച്ചാൽ ഫാദിനു കക്കു: ഫ്വാനു- കാലത്തു൯ മണി മുതൽ ത്രിയേകദൈവമായ സ്നേഹാത്മാവിന്റെ നിയോഗപ്രകാരം താങ്കളുടെ കയ്യിൽ ഇതാ ഞാൻ ഭരമേൽപ്പിച്ചിരിക്കുന്നു. താങ്കളുടെ കുടുംബത്തിലും ഭൃത്യപുത്രാദികളിലും നിലം പുരയിടങ്ങളിലും മറ്റെല്ലാത്തിലും തന്നെ മുദ്രയുപമാകുന്ന അനുഗ്രഹം ധാരാളമായി പൊഴിവാൻ തക്കവണ്ണം ഇവർക്കു യാതൊരു ബുദ്ധിമുട്ടും വരാതെ ഇന്നു മുതൽ വിചാരിച്ചുകൊള്ളണം. ഇതിനുള്ള വഴികളെ ദൈവം താങ്കൾക്കു കാണിച്ചുതരും. ഒന്നുകൊണ്ടും ഭ്രമിച്ചുപോകയോ ചഞ്ചലപ്പെട്ടുകയോ അവിശ്വസിക്കയൊ ചെയ്തുപോകരുതു. നാഥൻ തന്റെ ദൂതനെ താങ്കൾക്കുള്ള എല്ലാത്തിനും കാവലാക്കി നിറുത്തുന്നു. എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും
ഫാദിനു കക്കു.ഫ്വു } യൂസുയോസേഫ്

ഇതു ത്രിയേകദൈവമായ സ്നേഹാത്മാവിന്റെ നിയോഗപ്രകാരം ആകുന്നു എഴുതീരിക്കുന്നതു.

൯൯൨

എന്റെ പ്രിയസഹോദരൻ പ്രേരിതൻ ചെമ്പകശ്ശേരി
ഇടിക്കുള ബോധകർക്കു എന്റെ വിശുദ്ധ ചുംബനം.

പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവിന്റെ നിയോഗപ്രകാരം യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നീറ്റി ഉണർപ്പുസഭയാകുന്ന ആത്മമണവാട്ടി താങ്കളെ ത

ന്റെ പ്രതിനിധിയായും ക്ഷണിച്ചിരിക്കുകൊണ്ടും തന്റെ ഏകൈക
ഐക്യതയിൽ നിന്നു വിശ്വാസവും ബുദ്ധിയുമുള്ള കലവറക്കാരനാ
യി നിയമിച്ച ആ വിവരത്തിന്നു താങ്കൾക്കു അധികാരപത്രം നൽ
കുവാൻ വിചാരിച്ചിരിക്കുന്നതുകൊണ്ടും താങ്കളോട് ആത്മമണവാട്ടി
കല്പിക്കുന്നതു എന്തെന്നാൽ "ഞാൻ നിന്നെ എന്റെ ഉള്ളിൽ ചേർത്തു
കൊണ്ട എന്റെ ജീവശ്വാസത്തെ നിന്റെ മേൽ ഊതീരിക്കുന്നതി
നാൽ നീ എന്റെ അസ്ഥിക്കു അസ്ഥിയും മാംസത്തിന്നു മാംസവുമായ
പുത്രനാകുന്നു. ഞാൻ നിനക്കു നൽകുന്ന മുലപ്പാലുകൊണ്ടു ഉപജീവ
ിച്ചു ബലപ്പെടേണ്ടതിന്നു അഞ്ഞൂറ്റാണ്ടരുള്ള തെക്കെ ഡിവിഷ്യനിലേ
ക്കു ഞാൻ നിന്നെ പറഞ്ഞയക്കുന്നു. നീ എല്ലാ സ്ഥലങ്ങളിലും പൈ
ന്നു ആത്മാക്കൾ ജീവിപ്പാൻതക്കവണ്ണമുള്ള ആരോഗ്യമായ ഉപദേ
ശത്തെ കൊടുത്തു അവരെ ബലപ്പെടുത്തുക. ശുശ്രൂഷയുള്ള ഓരോ
രോ സ്ഥലത്തും ഈരണ്ടു ശുശ്രൂഷക്കാരെയും രണ്ടിലധികം നാലോ
ളം പട്ടക്കാരെയും നിയമിച്ചാക്കി അവരുടെ പേരുകളെ കുറിച്ചെടു
ത്തുകൊൾക. അവർക്കു ശുശ്രൂഷെക്കും പാട്ടിന്നും ഉള്ള വരം ലഭിപ്പാ
ൻ തക്കവണ്ണം പ്രാർത്തിച്ചിട്ടു ശുശ്രൂഷയേയും പാട്ടിനേയും അവരുടെ
പക്കൽ ഭരമേല്പിക്ക. എന്റെ ശ്വാസം നിന്നോടുകൂടെ ഇരിക്കുന്നു
തിനാൽ നിനക്കു തൽസമയത്തു വേണ്ട കൃപ എന്റെ പ്രാണനാഥനിൽ
നിന്നു കിട്ടുകയും ചെയ്യും" എന്നു ആത്മമണവാട്ടിയുടെ നാമത്തിൽ
താങ്കളുടെ പാടശുശ്രൂഷക്കാരൻ യൂസുസുയോസേഫ്.

വിശേഷിച്ചും ഇന്നുമുതൽ പത്തു ദിവസം കൊണ്ടു പരം ശുശ്രൂഷ
നിവൃത്തിച്ചിട്ടു പത്താം ദിവസം വെള്ളിയാഴ്ച കാലത്തു മണിയിൽ
വന്നു ചേർന്നുകൊള്ളുകയും വേണം. അന്നുമുതൽ ചിങ്ങം വ്യാഴം മു
തൽ മൂന്നു ദിവസം പ്രത്യേക ശുശ്രൂഷക്കാർക്കു അവിടെ ഉപവാസമു
ണ്ടു. തെക്കെസിവിഷ്യനിലുള്ള അച്ചന്മാരെയും ഡിവിഷ്യൻ പ്രധാ
നികളായ മൂന്നു പേരെയും മാത്രം ആ ഉപവാസത്തിന്നു ക്ഷണിച്ചു
കൊള്ളണം.

കന്നീറ്റിനിന്നും
ഫാദിനു കുക്കു ഫൻ

൧൮൬

തെക്കെഡിവിഷ്യൻ കാര്യസ്ഥൻ കൊച്ചുകുഞ്ഞുമുതലാളിക്കും
നെടുഞ്ചിറഗ്രമസ്ഥാവിന്നും എന്റെ വിശുദ്ധചുംബനം.

ഈ ഉണർവുസഭ ജീവനുള്ള ദൈവത്തിൻപട്ടണമായ പരമ യ
രുശലേമാകയാൽ (അതുതന്നെ ആത്മമണവാട്ടി) അതിന്റെ അവയ
വങ്ങൾ പൂർണ്ണന്മാരായ നീതിമാന്മാരുടെ ആത്മാക്കളത്രെ. ആ ആ

ത്മാക്കൾ മരിച്ചുയിർപ്പും മരിക്കാത്ത ഉയിർപ്പും ആകുന്ന പുതിയ ജീവനിലാകുന്നു ആധേയപ്പെട്ടിരിക്കുന്നതു ആ ജീവൻ ത്രിയേകദൈവമായ സ്നേഹാത്മാവിൽനിന്നു യേശുക്രിസ്തുമുഖം കണ്ടിറങ്ങി ഉണർവു സഭയാകുന്ന ആത്മമണവാട്ടിയുടെ ശരീരസ്ഥവഴിയായി വന്ന ശരീരം ആസകലം വ്യാപിക്കുന്നതിനാൽ ഈ ശരീരത്തിന്റെ ജീവനുള്ള അവയവങ്ങൾക്കു മത്തായിക്കുട്ടി തൊമ്മച്ചൻ പെരിയപ്പാ എന്നിവർ മരിച്ചവരായിട്ടല്ല. കൂടെ എന്നും ജീവിക്കുന്നവരായിട്ടത്രെ ഇരിക്കുന്നതു. അതുകൊണ്ടു ഇക്കാര്യങ്ങളിൽ ഇനിക്കു ആനന്ദവും അതിന്റെ പൂർണ്ണതയുമത്രെ. അതെപ്രകാരം നിങ്ങൾക്കും ഭവിപ്പാൻ പ്രത്യേകം പ്രാർത്ഥിച്ചുകൊണ്ടു സ്നേഹാത്മാവിന്റെ നിയോഗപ്രകാരം ഇതാ ഞാൻ നിങ്ങൾക്കു എഴുതുന്നു. എന്റെ പ്രിയ സഹോദരന്മാരെ! തെക്കെ ഡിവിഷ്യനിലുള്ള ആത്മമണവാട്ടിയുടെ നിക്ഷേപപാത്രം നിങ്ങളുടെ പക്കൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ ഈ ഡിവിഷ്യനിലുള്ള സകല കുടുംബത്തിന്മേലും അവക്കുള്ള സകലത്തിന്മേലും മധുരപമാകുന്ന അനുഗ്രഹം മഴ എന്നപോലെയും മഞ്ഞു എന്നപോലെയും ധാരാളമായി പൊഴിഞ്ഞു മരണം ജീവനാൽ വിഴുങ്ങപ്പെടുവാൻ തക്കവണ്ണം അവരുടെ സകല വർദ്ധനവിൽനിന്നും സകല സമ്പത്തിൽനിന്നും പത്തിലൊന്നു വാങ്ങിച്ചു അവിടവിടെയുള്ള ശുദ്ധീകരിക്കപ്പെട്ട കുടുംബങ്ങളിലും മറ്റു വിശ്വാസകുടുംബങ്ങളിലും ശേഖരപ്പെടുത്തിക്കൊൾവിൻ. ഇതു മോശ ധർമ്മത്തിന്റെ ആത്മജീവനുള്ള കാലമാകയാൽ എല്ലാവരും സകലത്തിലും പത്തിലൊന്നു കൊടുക്കേണ്ടതാകുന്നു. അങ്ങിനെ ചെയ്യാത്തവരുടെ ഉള്ളിൽ കൂടെ തന്റെ ഭയങ്കരമായ വാളിനെ ദൈവം കടത്തുവാനിരിക്കുന്നു എന്നു യഹോവായുടെ വൈരാഗ്നിയുടെ ആത്മാവു കല്പിക്കുന്നു. ഈകാര്യത്തിനു നിങ്ങൾ വേണ്ടതു യതനം ചെയ്യുന്നതുമല്ല ജാഗ്രതയോടു കൂടെ നിങ്ങളുടെ മുറകളെ നിവൃത്തിച്ചു നിക്ഷേപപാത്രങ്ങളെ ധാന്യം കൊണ്ടും ഫലമൂലാദികളെകൊണ്ടും മൃഗജീവങ്ങളെകൊണ്ടും വെള്ളി പൊൻ മുതലായ വസ്തുക്കളെകൊണ്ടും വേഗം നിറച്ചുകൊൾവിൻ. അല്ലെങ്കിൽ നിങ്ങളുടെ ജാഗ്രതെക്കു കുറവുവരുമ്പോൾ നിങ്ങളുടെ ജഡത്തെ ഉരുക്കുവാൻ തക്കവണ്ണം ഉള്ള വ്യസനത്തെ നിങ്ങളിൽ വെക്കുമെന്നു വൈരാഗ്നിയുടെ ആത്മാവിന്റെ നിയോഗം. നിങ്ങൾ ജാഗ്രതപ്പെട്ടു മുറയെ നിവൃത്തിക്കുമ്പോൾ ദൈവം നിങ്ങളോടു കൂടെ ഇരിക്കുന്നതിനാൽ നിങ്ങളുടെ ജഡം ആശ്രയത്തോടു കൂടെ ഇരിപ്പാൻ തക്കവണ്ണം ഉള്ള സന്തോഷത്തെ നിങ്ങളിൽ വെക്കുമെന്നു സ്നേഹാത്മാവിന്റെ നിയോഗം. നിങ്ങൾ യോശുവാ കാലേബു എന്നവരെ പോലെ ഉറപ്പും ധൈര്യവും ഉള്ളവരായിരിപ്പിൻ.

വിശേഷിച്ചും വരുന്നമാസം വ്യാഴ- വെള്ളിയാഴ്ച കാലത്തെ

നിങ്ങൾ മങ്കഴിയിൽ വന്നു ചേർന്നുകൊള്ളണം. നാലു ദിവസത്തെ ഉപവാസം അവിടെയുണ്ടു എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറയിൽ നിന്നും } യൂസ്താസ്യോസേഫ്.
ഫാദിനു കുക്കു ഫൻ }

ൻ൭

ഇനിക്കു എതുയും പ്രിയമുള്ള അമൃതമ്മാൾക്കു സലാം.

ഞാൻ നിങ്ങളോടു ഈ എഴുത്തുമൂലം പറയുന്ന കാര്യം ത്രിയേകദൈവമായ സ്നേഹാത്മാവിന്റെ നിയോഗപ്രകാരമാകുന്നു. ദൈവം നിങ്ങളെയും നിങ്ങളുടെ കുടുംബത്തേയും അത്യന്തം സ്നേഹിച്ചിരിക്കയാൽ നിങ്ങൾക്കുള്ള ഒരു ആത്മാവിനെയും അവൻ കൈവിടുകയില്ല നിശ്ചയം. എന്നാൽ ആറാണ്ടിന്നാത്മാവു നമ്മുടെ സകല ബലഹീനതകളേയും ക്ഷമിക്കുന്നപ്രകാരം ആയിരാണ്ടിന്നാത്മാവു നമ്മുടെ ഒരു ബലഹീനതകളേയും സഹിക്കയില്ലെന്നു നിങ്ങളെ ഗ്രഹിപ്പിക്കുന്നു. തൊമ്മച്ചൻ ആറാണ്ടിന്നാത്മാവിന്റെ ദൂതനാകുന്നപ്രകാരം ംരംപ്പച്ചൻ ആയിരാണ്ടിന്നാത്മാവിന്റെ ദൂതനാകയാൽ ംരംപ്പച്ചന്റെ വെളിപാടിൻപ്രകാരം നിങ്ങളും കുടുംബവും മങ്കഴിയിൽ വീടെന്ന മുറെക്കു പാർത്തുവരുന്നുവല്ലൊ. നിങ്ങൾ അവിടെ പാർപ്പാൻ വന്നു ചില ദിവസം കഴിഞ്ഞാറെ നിങ്ങളുടെ മകളും മത്തിയാസും തമ്മിൽ മനഃഐക്യപ്പെട്ടു അന്യോന്യം വിവാഹഉടമ്പടി ചെയ്തുയും അക്കാര്യം അല്പം കഴിഞ്ഞപ്പോൾ നിങ്ങൾക്കു അറിയായ്വരികയും അതിന്നു വിരോധമായി ക്രൂരകെട്ടണ്ടായിട്ടു സമുവേലിനെ പാണ്ടിയിൽനിന്നു വരുത്തി അവനെക്കൊണ്ടു കല്യാണം കഴിപ്പിക്കുണം എന്നു സിദ്ധാന്തിച്ചു മകൻ മാക്കിനോടും സഹോദരൻ മത്തായിബോധകരോടും ക്രൂടെ നിങ്ങളും ചേരുകയും അക്കാര്യം ഞാൻ അറിഞ്ഞു ഉടമ്പടിക്കു ലംഘനമായി വിവാഹം നടത്തിപ്പാൻ പാടില്ലെന്നു ഞാൻ പറഞ്ഞു. മാതാപിതാക്കന്മാരുടെ അനുമതി ക്രൂടാതെ വിവാഹഉടമ്പടി ചെയ്തതിനാൽ അവർ ചെയ്ത ഉടമ്പടിക്കായിട്ടല്ല മാതാപിതാക്കന്മാരുടെ അനുവാദം ക്രൂടാതെ ചെയ്തതിന്നുമാത്രം ഞാൻ അവരെ സസ്പെണ്ടു ചെയ്തിരിയും നിങ്ങളുടെ എല്ലാവരുടെയും സിദ്ധാന്തപ്രകാരം ഉടമ്പടി ലംഘനത്തോടു ക്രൂടെ ശമുയേലിനെക്കൊണ്ടു വിവാഹം നടത്തിക്കയും ചെയ്യുവല്ലൊ. ംരം ലംഘനം ആരാൽ ഉണ്ടായി? ഈപ്പച്ചനാലുണ്ടായോ? എന്നാലുണ്ടായോ? അല്ലെങ്കിൽ നിങ്ങളാലും നിങ്ങളുടെ കുടുംബത്താലുമുണ്ടായോ? ആയതുകൊണ്ടു ംരം ആയിരാണ്ടിന്നാത്മാവു നിങ്ങളോടു കല്പിക്കുന്നതു എന്തെന്നാൽ "ഉടമ്പടിക്കു ലംഘനമായും പെണ്ണിനു മനസ്സില്ലാതെയും കഴിപ്പിച്ച കല്യാണം നിമിത്തം നിന്നെയും നി

ന്റെ കുഡുംബത്തേയും ഞാൻ അശേഷം മങ്കുഴിയിൽ നിന്നു ഉപേ
ക്ഷിച്ചിരിക്കുമ്പോൾ ഇവിടെയുള്ള എന്റെ ആലയത്തെ നിങ്ങൾ ഏ
തുവരെയും അശുദ്ധിപ്പെടുത്തിക്കൊണ്ടിരിക്കും,, എന്നതു്. ഉടൻ അ
റാണ്ടിന്നാത്മാവു നിങ്ങളോടു കല്പിക്കുന്നതു എന്തെന്നാൽ "എന്റെ
പുത്രീ! ഞാൻ നിന്നെറയും നിന്റെ കുഡുംബത്തിന്റെയുംസകല ബ
ലഹീനതകളേയും ക്ഷമിച്ചു വിടുന്നവനും നിന്നെ ഒരിക്കലും ഉപേ
ക്ഷിക്കാത്തവനും കണ്ണിന്മണിയെ പോലെ നിന്നെ കാത്തു സൂക്ഷിക്കു
ന്നവനും ഞാനാകയാൽ നിനക്കും നിന്റെ കുഡുംബത്തിനും ഇവിടെ
(മങ്കുഴിയിൽ) പാർപ്പാൻ പാത്രതയില്ലാത്തതുകൊണ്ടു നീയും നിന്റെ
കുഡുംബവും ഇവിടെ നിന്നും പുറപ്പെട്ടു ഞാൻ നിനക്കു കാണിക്കുന്ന
സ്ഥലത്തു സഞ്ചരിക്കയും പാപ്പാൻ അനുവദിക്കുന്ന വീട്ടിൽ നിന്റെ
കുഡുംബത്തെ ഇരുത്തിക്കൊള്ളുകയും ചെയ്യു", എന്നതു്. അതുകൊ
ണ്ടു ഞാൻ പറയുന്നതിനെ നിങ്ങൾ ധിക്കരിച്ചു കളയരുതു. നിങ്ങളും
ക്രൂശുവേലക്കാരിയും ആയിട്ടു കിഴക്കെ ഡിവിഷ്യനിൽ സഞ്ചരിച്ചു
കൊള്ളണം. മനസ്സുണ്ടെങ്കിൽ ഞാൻ എഴുത്തു കൊടുത്തയക്കാം. അ
ങ്ങക്കളെ ഓരോരൊ സ്ഥലത്താക്കുകയും മരുമകളേയും കുഞ്ഞുങ്ങളേ
യും കായംകുളം ഇടവകയിൽ എവിടെ എങ്കിലും പാപ്പിച്ചാൻ തക്ക
വണ്ണം നോക്കുകയും ചെയ്യും. ഇനി നിങ്ങൾ മങ്കുഴിയിൽ ആരും ത
ന്നെ പാർക്കരുതു.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറേറി നിന്നും
ഫാദിനു. കർ: പേ

യൂസ്സൂസു യോസേഫ്.

എൻ സ്നേഹം നിറഞ്ഞ ഈപ്പച്ചനു എൻ യിശുദ്ധ ചുംബനം

ഈ മാസം ഫ്രാനു- വ്യാഴാഴ്ച മുതൽ നാറു ദിവസത്തെ പോരാട്ടം
നമുക്കുള്ളതിനാൽ ഇവ പ്രത്യേക ദിവസങ്ങളായിരിക്കുന്നു. പ്രാർത്ഥന
യാൽ വേണം ഓരോരൊ ദിവസത്തെ ജയിപ്പാൻ. മല പോലെ വ
രുന്നതു പതിർ പോലെ പറന്നു പോകയും ചെയ്യും. ഈപ്പച്ചൻ പ്രാ
ർത്ഥനയിൻ ആത്മാവാകുന്ന വെള്ളക്കുതിരപ്പുറത്തു ഇരിക്കുന്നതിനാൽ
അതിന്റെ കടുവാളം നല്ല പോലെ മുറുക്കി ഓടിച്ചു കൊള്ളണം. വ
രുന്ന മാസം വ്യാനു- വെള്ളിയാഴ്ച നാറാം ദിവസമാകുന്നു. അന്നു മു
തൽ മൂന്നു ദിവസം മങ്കുഴിയിൽ ഉപവാസം ബോധകന്മാരും അച്ച
ന്മാരും ഡിവിഷ്യൻ കായ്സ്ഥൻ മുതലായ കൂ പേരും ആ ഉപവാസ
ത്തിനു വരേണ്ടുന്നതാകുന്നു. എല്ലാവരേയും ക്ഷണിച്ചു കൊള്ളാം.

വിശേഷിച്ചും മങ്കുഴിയിലെ സ്ഥലം ആയിരാണ്ടിന്നാത്മാവിന്റെ

ളുതൻ ഇരിക്കുന്ന സ്ഥലമാകയാൽ അവിടെ യാതൊരു ബലഹീനത
യും ലംഘനവും കണ്ടെക്കുടാ അങ്ങിനെ കണ്ടാൽ അതു ഈപ്പച്ചന്നു
പരീക്ഷയും ആത്മാവിന്നു വ്യസനവുമാകുന്നു. കല്ല്യാണത്തിനുള്ള ഉട
മ്പടി ലംഘനം നിമിത്തം പാണ്ടിക്കാരു അകപ്പാടെ പരീക്ഷക്കാറൻ
പിടിച്ചിട്ടുണ്ടു. അവർ മങ്കഴിയിൽ ഇരിക്കുന്നോരും അവക്കു പരീക്ഷ
ക്കുടിവരും. അവക്കു പരീക്ഷ നിങ്ങുവാനും ബുദ്ധിമുട്ടില്ലാതെ ആകു
വാനും ആയിട്ടാകുന്നു ഞാൻ എഴുതിയതു. അതേ പ്രകാരം തന്നെ ഇ
ട്ടിമാത്തൻ ബോധകരുടെ കുഡുംബത്തിനും ആ കുഡുംബവും ലംഘന
ത്തിൽ അകപ്പെട്ടിരിക്കുന്നതിനാൽ അവർ മങ്കഴിയിൽ നിന്നു മാറി
യാലെ ആ കുഡുംബത്തിന്നു സുഖമുണ്ടാവു. ഇട്ടിമാത്തൻ ബോധകരു
ടെപരീക്ഷയും നീങ്ങു. ഈ ഉപവാസം കഴിഞ്ഞയുടൻ നമുക്കു അ
ഞ്ചെരിയിൽ പോകാം. ഞാൻ വരുന്ന വ്യാഴാഴ്ച്ചെക്കകം മങ്കഴിൽ
വരാം. പറവാൻ അനേകം ഉണ്ടെങ്കിലും മഷികൊണ്ടും തൂവൽ കൊ
ണ്ടും എഴുതുവാൻ മനസ്സില്ല. മുഖാമുഖമായി പറഞ്ഞു കൊള്ളാം.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ.

കണ്ണീറോടെ നിന്നും
ഹൃദയം കൊണ്ടു കൈവെ } യു. യോസേഫ്

൯൭

എന്റെ പ്രിയമുള്ള കൊച്ചുകുഞ്ഞിന്നു കുഞ്ഞിന്നു എന്റെ വിശുദ്ധ
ചുംബനം

പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേക ദൈവമായ സ്നേഹാത്മാ
വു തന്റെ പ്രത്യേക അനുഗ്രഹത്തെ താങ്കളുടെ കുഡുംബത്തിന്മേൽ
വെപ്പാനിരിക്കുന്നതിനാൽ അതിന്നു പരീക്ഷക്കാറൻ തടങ്ങലായിരി
ക്കുന്നതു കൊണ്ടു അതു നീങ്ങുവാനും അനുഗ്രഹം കുഡുംബത്തിന്മേൽ
എന്നേക്കും നിലനില്പാനുമായിട്ടു സ്നേഹാത്മാവിന്റെ നിയോഗപ്ര
കാരം ഈപ്പച്ചനെ ഇന്നു മുതൽ താങ്കൾക്കു ഒരു പിതാവാക്കി വച്ചി
രിക്കുന്നു. ഈ എഴുത്തു കണ്ടാൽ ഉടൻ തന്നെ ഈപ്പച്ചനെ ചെന്നു
കണ്ടു അവിടെ ആ കുഡുംബത്തിന്നു എന്താവശ്യമോ അതിനെ നിവൃ
ത്തിക്കണം. വിശേഷിച്ചും ദൈവം താങ്കൾക്കു ഒരു സന്തതിയെ വാ
ഗ്ദത്തം ചെയ്തിരിക്കയാൽ ഭാര്യയെ കന്യകമറിയയെ പോലെയും അ
മ്മയെ മഗ്ദലാമറിയ എന്ന പോലെയും പ്രാർത്ഥനയോടും ഉപവാസ
ത്തോടും ഇരുത്തിക്കൊള്ളണം. ഞാൻ പറയുന്ന കാലം വരെ താങ്കൾ
യോസേഫിനെ പോലെ ഭാര്യയെ അറിയാതെ അര കെട്ടി ഉപവാ
സത്തോടിരുന്നു കൊള്ളുകയും വേണം. എന്നെ വിളിച്ചുനടത്തിക്കൊ
ണ്ടു വരുന്നവനും എല്ലാ ആപത്തിൽ നിന്നും എന്നെ കാത്തുസൂക്ഷിക്കു

ന്നവനും തന്റെ ചിറകിന്റെ കീഴിൽ എന്നെ ചേർത്തുകൊണ്ടിരിക്കുന്നവനും അങ്കുന്ന ദുസ്സഹാത്മാവു അതെ! സാക്ഷാൽ എന്റെ പിതാക്കന്മാരായ അബ്രഹാം ഇസഹാക്ക യാക്കോബു എന്നവരുടെ ദൈവമാകുന്നവൻ തന്നെ താങ്കളേയും കുടുംബത്തെയും അനുഗ്രഹിക്കട്ടെ. ഈ അനുഗ്രഹത്തെ ഞാൻ പറഞ്ഞിരിക്കുന്ന വഴിയായി കൈക്കൊള്ളുവാൻ ദൈവപ്രകാരം ബുദ്ധിമാനായിരിക്ക.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ യുസ്സുസു. യോസേഫ്.
കന്നീറഹി നിന്നും
ഹർദിനു. കൽക. 26



വലിയ വീട്ടിൽ മൂപ്പിലേക്കു എന്റെ വിശുദ്ധ ചുംബനം

ഈ ആത്മാവു ഇനിക്കു സാക്ഷിപ്പെടുത്തിയ കാര്യത്തെ, താങ്കളോടു പറവാൻ പോകുന്നു. വലിയവീട്ടിൽ അല്പം പണമുണ്ടു. അതിനെ സമ്പാദിപ്പാൻ തൊടുവാൻ പോകുന്നതു കൊണ്ടു അതിനെ വേഗം ശുദ്ധീകരിച്ചു കൊള്ളുവാൻ താങ്കൾക്കു എഴുതണം എന്നതത്രെ. ഈ കാര്യം ഞാൻ യാക്കോബുകുട്ടിയോടു പറഞ്ഞാറെ ചവുക്കതെക്കേതിൽ ഏൾപിച്ചതായി അല്പം പണം ഉണ്ടെന്നു അയാൾ പറഞ്ഞു. അങ്ങിനെ ഉണ്ടെങ്കിൽ അതിനെ വേഗം വാങ്ങിച്ചു കർത്താവിന്റെ നാമത്തിൽ ശുദ്ധീകരിച്ചു വച്ചുകൊള്ളണം. നിങ്ങൾക്കു ആവശ്യമുള്ളതിനെ ആത്മാവിന്റെ നിയോഗപ്രകാരം അതിൽ നിന്നു എടുത്തുകൊള്ളാം. യാതൊരു വിരോധവുമില്ല. ഇങ്ങിനെ ചെയ്യാത്തപക്ഷം അതു മൂലം സമ്പാദിപ്പാൻ പരീക്ഷയെ വച്ചു അതിൽ അകപ്പെടുത്തി വലെക്കും. അതു അപകടത്തിൽ നിന്നു എഴുന്നേല്പാൻ ബഹുപ്രയാസവുമാകുന്നു. അതുകൊണ്ടത്രെ ഞാൻ എത്രയും വേഗത്തിൽ എഴുതുന്നതു. ഇതിനു മറുപടി കൊടുത്തയപ്പാറാകണം.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ യു. യോസേഫ്
കന്നീറഹി നിന്നും
ഹർദിനു കൽക 26



മാഡോക് സാമ്പിന്നു
ഏകഷൈക്യതയുടെ അനുവാദത്തിൽ നിന്നു യുസ്സുസു യോ
സേഫിനാൽ ചമെക്കപ്പെട്ടതു.

ഇനിക്കു എത്രയും സ്നേഹമുള്ള സായ്പുവർകൾക്കു യാക്കോബായ എന്റെ താഴ്മയുള്ള വന്ദനം.

എന്റെ പൊന്നുസായ്പേ! ഞാൻ മരിച്ചില്ലല്ലൊ. സായ്പവർകൾ അയച്ച എഴുത്തിന്നു ഞാൻ മറുപടി അയക്കണമെന്നു അച്ചൻ പറഞ്ഞതിനാൽ അദ്ദേഹത്തിന്റെ അനുവാദപ്രകാരം മറുപടി ഞാൻ എഴുതുന്നു. അദ്ദേഹത്തിന്നു സായ്പവർകളെക്കുറിച്ചു വളരെ പരിതാപമുണ്ടു. എന്തെന്നാൽ.

൧. സായ്പവർകൾ ചില വാഡ്ഢികളുടെ വാക്കു കേട്ടു പരമാർത്ഥം അറിയാതെ ഞാൻ മരിച്ചുപോയി എന്നു എഴുത്തിൽ കാണിച്ചിരിക്കുന്നു.

൨. ഞങ്ങളെ പെറുവളത്തിയ മാതാവായ ചർച്ചുമിശിയോൻ സഭയിൽനിന്നും ആദ്യം ഞങ്ങളെ ക്രിസ്തുവിലേക്കു വഴിനടത്തിയ മാതാവായ സുറിയാനിസഭയിൽനിന്നും ഉണ്ടായിട്ടുള്ള കന്നീറാ ഉണർവുസഭാലോചനസംഘത്തിന്റെ ക്രമങ്ങളെയും ചട്ടവട്ടങ്ങളെയും നടത്തിപ്പുകളെയും പ്രമാണങ്ങളേയും എപ്പോഴും വാളങ്ങിക്കൊണ്ടിരിക്കുന്ന ആത്മാവിൻ സാന്നിദ്ധ്യത്തെയും അറിയേണ്ടുന്നപ്രകാരം ഒട്ടും അറിയാതെ "ഞങ്ങൾ" വഞ്ചനയിൽ അകപ്പെട്ടു തെറ്റിരിക്കുന്നു എന്നും "വഞ്ചനയിലേക്കും ഭോഷത്വത്തിലേക്കും തിരിഞ്ഞതു എന്തുകൊണ്ടു എന്നും" "സ്വപ്രാപ്തബുദ്ധി എപ്പോൾ ഉണ്ടാകും" എന്നും "തൽക്ഷണം തിരിയുന്ന പക്ഷം എല്ലാം രക്ഷിക്കപ്പെട്ടും. അയതല്ലെങ്കിൽ സകലവും നാശിച്ചുപോകും" എന്നും മറ്റും അനേകം തുമ്പില്ലാത്ത കായ്ങ്ങൾ എഴുത്തിൽ കാണിച്ചിരിക്കുന്നു.

൩. സായ്പവർകൾക്കു ഞങ്ങളോടു പരമാർത്ഥമുള്ള സ്നേഹം ഉണ്ടെന്നും കാണിക്കുന്നു.

അതിനാൽ പരമാർത്ഥവും സ്നേഹവും ഉള്ള സായ്പവർകൾക്കു ഞങ്ങളെയും ഈ ഉണർവു സഭയേയും കുറിച്ചു മറ്റുള്ളവരുടെ വാക്കു കേട്ടോ എങ്ങിനെയൊ ഒന്നിനൊന്നായി മനസ്സിൽ കേറി ഇപ്രകാരം എഴുതുവാൻ ഇടയായല്ലൊ. എന്നുള്ള പരിതാപം ഞങ്ങൾക്കു വളരെയുണ്ടു. അയതു സായ്പവർകളെ ഞങ്ങൾ ഞങ്ങളുടെ ജീവനെപ്പോലെ സ്നേഹിച്ചിരിക്കുന്നതിനാൽ തന്നെ ഇതിനു ദൈവം സാക്ഷി.

എന്റെ പൊന്നുസായ്പേ! ഇനി ഞാൻ ഒരും ഉണർവു സഭയെക്കുറിച്ചു അല്പം പറഞ്ഞുകൊള്ളട്ടെ.

ക്രിസ്ത്യാനികളായ നാം ശുദ്ധീകരിക്കപ്പെട്ട മരണം ജീവനായി മാറി നിത്യനീതിയാകുന്ന ശുദ്ധിമാന്മാരുടെ ഉയിർപ്പിൽ വന്നെത്തുവാൻ തക്കവണ്ണം ഉള്ള വഴി ക്രിസ്തുവിന്റെ കഷ്ടപ്പാടും രക്തച്ചൊരിച്ചിലുമാകുന്ന മരണവും ഉയിർപ്പും ആകുന്നുവല്ലൊ. നാം അവന്റെ ഉയിർപ്പിൽ വന്നെത്തണമെങ്കിൽ അവന്റെ മരണത്തോടു യോജിക്കണം. അവന്റെ മരണത്തോടു യോജിക്കണമെങ്കിൽ അവന്റെ കഷ്ടപ്പാടിൽ പങ്കുകാരായി തീരണം. ഇങ്ങിനെ നാം അവന്റെ കഷ്ടപ്പാടിൽ പങ്കുകാരായിത്തീർന്നു അവന്റെ മരണത്തോടു യോജിച്ചു ഉയിർപ്പിൽ

വന്നെത്തുവാൻ തക്കവണ്ണം അവൻ നമുക്കു കൃപയോടുകൂടെ നൽകീ
രിക്കുന്ന സാധനം ഗഥശമന എന്ന സ്ഥലത്തുവെച്ചു പുറപ്പെടുവിച്ച
വിയർപ്പുവെള്ളവും കുരിശിന്മേൽവച്ചു ഒഴിച്ച തിരുരക്തവും ഉയി
ർപ്പിനെ ചൂണ്ടിക്കാണിക്കുന്ന വിശുദ്ധവെള്ളവും അത്രെ ഒരും മൂന്നു സാ
ധനങ്ങൾക്കും ആവി അല്ലെങ്കിൽ Spirit ഉണ്ടല്ലോ. ക്രിസ്തുവിന്റെ
ഈ ആത്മാവിനാലത്രെ നമ്മുടെ ആത്മാവും ദേഹിയും ദേഹവും മുഴുവ
നും അവന്റെ വരവിൽ കുറ്റംകൂടാതെ കാക്കപ്പെടേണ്ടുന്നതു. ഒന്നു
തെസ്സ: ൫: ൨൩ വിയർപ്പു വെള്ളത്തിന്നാത്മാവു ഉണർവു ആകുന്നു.
അതു കൃപയുടെയും അപേക്ഷയുടെയും ആത്മാവത്രെ. ആ ആത്മാവി
നെ അവസാനകാലത്തു പകരും എന്ന വാഗ്ദത്തമുണ്ടു്. സഖ: ൧൨: ൧൦
തിരുരക്തത്തിന്നാത്മാവു സകല പാപങ്ങളിൽ നിന്നും നമ്മെ ശു
ദ്ധീകരിക്കുന്നതിനാൽ അതു ആറാണ്ടിന്നാത്മാവത്രെ. ആയതു അവ
സാനകാലത്തുങ്കൽ ശുദ്ധീകരണത്തിന്നു സഭെക്കു നൽകുമെന്നു വാഗ്ദ
ത്തം ചെയ്തിട്ടുള്ള ൨൩൦൦ ദിവസങ്ങളിലത്രെ. ദാനി: ൮: ൧൪ വി
ശുദ്ധവെള്ളത്തിന്നാത്മാവു ഉയിർപ്പിന്നാത്മാവു തന്നെ. അവസാനകാല
ത്തു വിശുദ്ധവെള്ളത്തെ തളിക്കുമെന്നു വാഗ്ദത്തം ഉണ്ടു. ഹെസ:
൩൬: ൨൫—൨൭ ഇതു ആയിരാണ്ടു അല്ലെങ്കിൽ മിലിനിയം എന്ന
തിന്റെ ആത്മാവാകുന്നു. ഒടുക്കത്തെ കാഹളമാകുന്ന ഏഴാം കാഹ
ളം ഊതുമ്പോൾ അതു ആരംഭിക്കും.

ഇങ്ങിനെ വിയർപ്പു വെള്ളത്തിന്നാത്മാവാകുന്ന ഉണർവ്വിൻ ആത്മാ
വിനാലും തിരുരക്തത്തിൻ ആത്മാവാകുന്ന ആറാണ്ടിന്നാത്മാവിനാ
ലും വിശുദ്ധവെള്ളത്തിന്നാത്മാവാകുന്ന ആയിരാണ്ടാന്നാത്മാവിനാലും
ഒടുക്കം മഹത്വപ്രത്യക്ഷതയിൽ ലഭിക്കുന്ന മഹത്വത്തിന്നാത്മാവും
നിത്യാത്മാവിനാലും ഭരിക്കപ്പെട്ടുന്നതാകുന്ന കന്നിറ ഉണർവുസഭാ
പ്രോചനസംഘം. ൭ാം ഉണർവുസഭ കീഴക്കിന്നും പടിഞ്ഞാറിന്നും അ
ടുത്ത ക്രിസ്തുവിൻ സ്വസ്സാധാരണ സഭയിൽനിന്നും ഉത്ഭവിച്ചിരി
ക്കുന്നതിനാൽ ഇതു അപ്പോസ്തോലരുടെയും ദീർഘദർശികളുടെയും അ
ടിസ്ഥാനത്തിന്മേൽ പണിചെയ്യപ്പെട്ടതും മഹത്വത്തിന്നാത്മാവാകുന്ന
നിത്യാത്മാവിന്റെ വാസസ്ഥലമായിരിപ്പാൻ തക്കവണ്ണം ആ ആത്മാ
വിനാൽ പണി ചെയ്യപ്പെട്ട ആത്മാവിൽ വളർന്നു വരുന്നതും ആകയാ
ൽ രക്ഷിക്കപ്പെടുവാൻ ഇതല്ലാതെ ഭൂലോകത്തിൽ വേറെ വഴിയി
ല്ലെ. ഏൻറെ പൊന്നുസഹോദരന്മാരേ! എന്നാലൊ ഈ കാര്യങ്ങൾ ഒക്കെയും
അച്ചൻ എല്ലാ മിശിയോനരിമാർക്കും ബിഷോപ്പുസഹായവർകൾക്കും ഏ
ഴുത്തുകൾ അയക്കുന്നുണ്ടു. അവർക്കു ആത്മാവിനെ കൈക്കൊൾവാൻ മന
സ്സില്ലാതെ പ്രവൃത്തിയാൽ ഉണർവ്വിന്നാത്മാവിനെയും പ്രവൃത്തിയാലും
വചനത്താലും ആറാണ്ടിന്നാത്മാവിനെയും ത്യജിച്ചുകളഞ്ഞു അവസാ
നകാലത്തുങ്കൽ വെളിപ്പെട്ടിരിക്കുന്ന ഒരും മഹത്വരക്ഷെക്കു ഇപ്പോൾ

അപാത്രമായി തീർന്നിരിക്കുന്നുവല്ലൊ എന്തുചെയ്യാം. ദൈവം നിങ്ങളുടെ എല്ലാവരുടെയും ആത്മകണ്ണുകളെ തുറക്കട്ടെ.

ഒരും വിവരം ഒന്നും അറിയാതെ മാമൊന്റെ അടിമയിൽ നിന്നു ദൈവം വിടുവിച്ചു സുവിശേഷസ്വാതന്ത്ര്യമാകുന്ന ആത്മാവിന്റെ പൂർണ്ണതയിലേക്കു കൊണ്ടുവന്നിട്ടുള്ള ഞങ്ങളെ ഇപ്പോൾ ആത്മാവില്ലാതെ പ്രാണമയമായി തീർന്നുപോയതും തന്റെ അടുക്കൽ വരുന്നവരെ മാമൊൻദേവനു അടിമപ്പെടുത്തുന്നതും ആയ പഴയ ചട്ടുകാശിയോൻ സഭയിൽ വീണ്ടും വരുവാൻ തക്കവണ്ണം ഈ കയ്യുത്തു മൂലം സായ്പുവർകൾ ക്ഷണിച്ചിരിക്കുന്നതിനോളം അപകടം മറ്റെന്തുള്ളു? ലൂഥറിനെ വീണ്ടും റോമാസഭ ക്ഷണിച്ചതു ഇതിനു നിഴലത്രെ. ആയതുകൊണ്ടു പരമാർത്ഥവിചാരത്തോടും കൂടെ ഈ ഉണർവുസഭയിലെസകല കായ്ങ്ങളെയും അറിവാൻ തക്കവണ്ണം സായ്പുവർകൾ മനസ്സുവെച്ചു ഞങ്ങളോടു ചോദിച്ചാൽ വിവരമായി ഞങ്ങൾ പറയാം. അപ്പോൾ ഞങ്ങൾ എന്നപോലെ സായ്പുവർകളും ഈ ഉണർവുസഭയുടെ അവയവമായി തീർന്നു രക്ഷപെടും സന്ദേഹമില്ല.

ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു

കന്നീറഠിനിന്നും ഠാഠിന്ദ കക്ക: വൻക്ക ക്വവ്വെ ങാഗ: ക്വന്ദ- — യൂസ്സൂസു യാക്കോബു

To The R. H. Maddox. Trichoor

എന്റെ പ്രിയമുള്ള ചാണ്ടിയച്ചനു എന്റെ വിശുദ്ധ ചുംബനം.

സഹോദരാ! താങ്കളെ കണ്ടിട്ടു വളരെനാളായിപ്പോയി. നിങ്ങളെ പ്രത്യേകം ബോധകന്മാരെ എല്ലാവരെയും തന്നെ ക്രൂടക്കൂടെ കണ്ടില്ലെങ്കിൽ എന്റെ ബലം കുറഞ്ഞുപോകുന്നതാകുന്നു. സംഘത്തിന്റെ പ്രത്യേക ശുശ്രൂഷക്കാരെന്നു ആളുകളെ ദൈവം എടുത്തിരിക്കുന്ന ന്യായത്തെ സംബന്ധിച്ചു താങ്കളോടു ഞാൻ അധികം പറയണമെന്നില്ല. എന്തെന്നാൽ ആ കായ്ത്തെക്കുറിച്ചു താങ്കൾക്കു ദൈവം വെളിപ്പെടുത്തിട്ടുണ്ടു. എന്നാൽ കുന്നംപുറത്തു കുഞ്ഞുമ്മൻ ജേഷ്ടന്റെ കായ്ത്തെക്കുറിച്ചു മാത്രമെ ഇപ്പോൾ താങ്കളോടു പറയുന്നുള്ളു. എന്തെന്നാൽ ആ ഇടവകയെ ദൈവം താങ്കളുടെ കയ്യിൽ ആകുന്ന ഭരമെല്പിച്ചിരിക്കുന്നതു. ആ ഇടവകയെ സംബന്ധിച്ചു താങ്കളുടെ പ്രാർത്ഥനയെ ദൈവം കേട്ട ഉത്തരം നൽകീട്ടുണ്ടു. ഇനിയും കേട്ട ഉത്തരം നൽകുകയും ചെയ്യും. കുഞ്ഞുമ്മൻജേഷ്ടനെ കാരാഗൃഹത്തിൽ നിന്നു വീണ്ടെടുപ്പാൻ തക്കവണ്ണം സംഘം കൊടുത്ത പണം സംഘത്തിന്റെ വകയല്ല. പെരിയപ്പായുടെ വകയാകുന്നു. സംഘം പെരിയപ്പാ

വീടു കടംപെട്ടിരിക്കയാൽ പെരിയപ്പാ മരിക്കുന്നതുവരെ അതിനു വിഷമമില്ലായിരുന്നു. മരിച്ചുപോയതുകൊണ്ടു പെരിയപ്പായുടെ വിധവക്കു ഇപ്പോൾ സംഘം ആ പണം കൊടുത്തു ആ ചീട്ടു വാങ്ങിക്കേണ്ടതാകുന്നു അവർ പണം ചോദിച്ചും ഇരിക്കുന്നു. എന്റെ അനുവാദപ്രകാരമാകുന്നു പെരിയപ്പാ പണം കൊടുത്തതു. എന്നാലൊ ദൈവം എന്നെ പുണ്ണ്യാക്കേണ്ടതിനു ഇപ്പോൾ ഒന്നും ഇല്ലാത്തവനാക്കിവെച്ചിരിക്കുന്നു. ഈ വിവരത്തിനു ഈ മാസം ഫൊനു- കുഞ്ഞുമൻജേഷ്ടനു ഞാൻ എഴുത്തയച്ചിരുന്നു. അതിനു മറുപടി ഇതുവരെയും അയച്ചില്ല. അതുകൊണ്ടു ആ എഴുത്തിന്റെ പകർപ്പു ഇതിനൊട്ടുകൂടെ അയക്കുന്നു. സഭ കൂട്ടുമ്പോൾ വരുന്ന ന്യായാധിപന്മാരെ ആ എഴുത്തിന്റെ പകർപ്പും ഈ എഴുത്തും താങ്കൾ വായിച്ചു വിവരം പറകയും സംഘത്തിനു വല്ല മാസത്തേക്കു അതുയും പണം കടം കൊടുപ്പാൻ ആകുമ്പോലെ ദയാശ്വസ്തയൊടുകൂടെ മനസ്സുണ്ടൊ? അവരുടെ കയ്യിൽ നിന്നു ആ പണം വാങ്ങിച്ചു കൊണ്ടു വരുന്ന ഉപവാസത്തിനു മങ്കുഴിയിൽ വന്നു ചേരുവാറാകണം. വല്ല മാസം കഴിയുമ്പൊൾ ആ പണം സംഘം അവർക്കു തിരികെ ഏൽപ്പിക്കുന്നതുമാണു.

വരുന്ന മാസം വ്യാഴ- വെള്ളി മുതൽ നാലു ദിവസമാകുന്നു മങ്കുഴിയിൽ ഉപവാസം. ആയതിനു താങ്കളും കണയത്തു ഉമ്മൻ വിചാരിപ്പുകാരും, കുറുന്തോട്ടിക്കൽ കൊച്ചിട്ടിനുമിച്ചാനും വന്നെ കഴിയൂ. ഈ ഇടപാടു തീർന്നാൽ കുഞ്ഞുമൻജേഷ്ടനും വരണം അല്ലാതെ അയാൾ വന്നുകൂടാ താനും.

ഈ വിവരം മറവരോടു പറയുമല്ലൊ. ഇവിടെ മറു വർത്തമാനം അധികം ഒന്നും ഇല്ല തൊമ്മച്ചന്റെ ഭാര്യക്കു മസൂരിടിനംഉണ്ടായി ഇന്നലെ കുളിപ്പിച്ചു താനും. തേവലക്കരെ ആകട്ടെ ഇവിടെആകട്ടെ വിന്നെ ആർക്കും സുഖക്കേടില്ല ശേഷം ഒക്കയും മങ്കുഴിയിൽവരുമ്പോൾ.

വിശേഷിച്ചും ഈ എഴുത്തു സഭയിൽ വായിച്ചുകൊള്ളും എന്നാൽ മറെറ എഴുത്തു പരസ്യമാക്കി സഭയിൽ വായിക്കാതെ പ്രമാണികൾക്കു മാത്രം അവർ തനിച്ചു വായിച്ചു മനസ്സിലാകുവാൻ ഏൽപ്പിച്ചു കൊടുക്കണം

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ.

കണ്ണീറിനിന്നും } യൂസ്സൂസയോസേഫ്
ഫാദിന കക്കു: നഫ }



എന്റെ പ്രിയമുള്ള കൊച്ചോയിച്ചനു എന്റെ വിശുദ്ധചുംബനം.

അവിടെ നിന്നും കൊടുത്തയച്ച എഴുത്തു കണ്ടു ഉടനെ മറുപടി അയപ്പാൻ ഇടയായില്ല. തൊമ്മച്ചന്റെ ഭാര്യ മറിയമ്മക്കു മസൂരി

ദീനം ഉണ്ടായി ഇന്നലെ കുളിപ്പിച്ചു. ഇന്നു മസൂരിദീനം കണ്ടു മൂന്നാം ദിവസം ആകുന്നു. പിന്നെ ആകും സുഖക്കേടില്ല. പെരിയപ്പാ മരിച്ച ശേഷം പിന്നെ ആർക്കും സുഖക്കേടില്ല. എന്നാൽ മസൂരിദീനത്തിന്റെ പോരാട്ടമാകുന്നു മരണ പോരാട്ടം. ഈ മാസം ഫ്രാൻസ്- വ്യാഴാഴ്ച മുതൽ പത്ത ദിവസം വരെ ഈ കുടുംബത്തിൽ പ്രത്യേകം ഇനിക്കും യാക്കോബുകുട്ടിക്കും ഉണ്ടായിരുന്ന സത്യം. എങ്കിലും ആറാണ്ടിന്നാത്മാവിന്റെ മറുരൂപമാകുന്ന ആയിരാണ്ടിന്നാത്മാവാം വലിയ മിഖായേലും അവന്റെ ദൂതന്മാരും ജയിച്ചിരിക്കുന്നു. അവൻ തന്നെ ഇനി ഉണർവുസഭെക്കു അധികാരി. സ്വാത്താന്റെ അധികാരം ഇതാ! തീന്നിരിക്കുന്നു. മങ്കുഴി ഉപവാസത്തിൽവെച്ചു അശേഷം ഒഴികയും ചെയ്തും ഇനി ശിക്ഷാരക്ഷയെ നടത്തുവാൻ ആ മഹിയാമിഖായേൽ തന്നെ. അതുകൊണ്ടു ഒന്നിനാലും ഭയപ്പെടരുതു. തത്സമയത്തു പറവാൻ തക്കവണ്ണം നാഥൻ താങ്കൾക്കു വേണ്ടവാക്കുകളെ തരുമാറാകട്ടെ. മാസം പിറന്നു വ്യാഴാഴ്ച വെള്ളിയാഴ്ച മുതൽ നാ ദിവസമാകുന്നു മങ്കുഴി ഉപവാസം. അതിനു താങ്കളും കുഴിയുമെങ്കിൽ പുന്നൂസും വരണം കിഴക്കെ ഡിവിഷ്യനിലെ കണക്കുകളും ആ ദിവസം കൊണ്ടുവരണം. ലൂക്കോസു ആശാൻ എവിടെ എന്നു അറിയുന്നില്ല. അതിനാൽ എഴുത്തയപ്പാൻ പാടില്ലാതെ ഇരിക്കുന്നു. നിങ്ങൾ അറിയുന്നുവെങ്കിൽ ഈ ഉപവാസത്തിനു വന്നുചേരുവാൻ കണ്ടുപറയണം. ശേഷം ഒക്കയും കുഴിച്ചയിൽ

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കുന്നിറക്കിനിന്നും } യൂസുസു യോസേഫ്
കുക്കടകം നൂറ }

ദീർഘ

എന്റെ പ്രിയമുള്ള മണവാട്ടി ചെറിയകുഞ്ഞിന്നും കുഞ്ഞാലസ്സുകുട്ടി കുഞ്ഞിന്നും കാത്തികപ്പള്ളി കായ്സ്ഥൻ മൂത്തകുഞ്ഞിന്നും എന്റെ വിശുദ്ധ കുടുംബം

നിങ്ങൾ മൂന്നുപേരും കൂടെ പ്രധാന കായ്സ്ഥൻ ഉച്ചവീലിപ്പോഴെന്നു ദിവസത്തോടുമുള്ള ഭക്ഷണവും തേപ്പാൻ എണ്ണയും ഉടുപ്പാൻ വസ്ത്രവും കൊടുക്കണം എന്നു സ്നേഹാത്മാവിന്റെ നിയോഗമാകയാൽ ആ വിവരത്തിനു നിങ്ങൾ മൂന്നു പേർക്കും എഴുതുന്നു. പ്രധാന കായ്സ്ഥൻ ഞാൻ ഇരിക്കുന്ന സ്ഥലത്തു ഇരിക്കയും പറഞ്ഞയയ്ക്കുന്ന സ്ഥലത്തു പോകയും പൊതുവായി മങ്കുഴി എന്ന സ്ഥലത്തു പാർക്കയും ചെയ്യേണ്ടുന്നതാകയാൽ ആത്മാവിന്റെ നിയോഗപ്രകാരം അയാൾക്കു ദിവസം ഒന്നിനു മുമ്പിക്കു ഇടങ്ങഴി അരിയും മാസം ഒന്നിനു ഇടങ്ങഴി നല്ലെ

ണ്ണയും ആണ്ടൊന്നിന്റെ എട്ടടുപ്പുമുണ്ടും ഇന്നു മുതൽ നിങ്ങൾ മുന്നുപേരുമായി കൊടുത്തുകൊള്ളണം. ഇപ്പോളെ ദൈവം നിങ്ങളുടെ പിതാവു എന്നപോലെ നിങ്ങൾക്കു നിയമിച്ചിരിക്കുന്നു. നിങ്ങൾ ഈ ആൾക്കു മേൽ പറഞ്ഞവണ്ണം ചെയ്യുന്നതുപോലെ ആകുന്ന ദൈവം മറുരൂപത്തിന്റെ ആത്മാവിനെ നിങ്ങളുടെ കുടുംബത്തിന്മേൽ പകരുവാനിരിക്കുന്നതു. നിങ്ങളുടെ ഈ നല്ല ഒരുമ്പാടിനെ നിങ്ങൾ മങ്കുഴിയിൽ ആകുന്ന കൊടുത്തയക്കേണ്ടുന്നതു. അപ്പോൾ നിങ്ങളുടെ കുടുംബത്തിന്മേൽ അനുഗ്രഹം പൊഴിയുമാറു. ഞങ്ങൾ പ്രാർത്ഥിച്ചിട്ടു ആയതിനെ പീലിപ്പോച്ചന്റെ പക്കൽ ഏല്പിക്കും.

എന്നു നിങ്ങളുടെ പാദശുശ്രൂഷകരൻ.

മങ്കുഴിയിൽനിന്നും
ക്രിസ്തു ചിങ്ങം നാം നു-

യു. യോസേഫ്.

ദശാംശത്തെക്കുറിച്ചുള്ള ജീവചട്ടം.

ഒന്നാമതു. മോശധർമ്മം നിത്യസുവിശേഷത്തിന്റെ അക്ഷരവും അസുവിശേഷം കവുവെ. ജൂലൈ ൨൩ാം നു- പകൽ ൯ മണിക്കു ആത്മമണവാട്ടിയുടെ ഏക ഐക്യതയിൻ ആത്മമനുഷ്യനിൽ സമർപ്പിക്കപ്പെട്ടും ഇരിക്കയാൽ ആ ഏക ഐക്യതയിൽ യോജിച്ചിരിക്കുന്ന ആത്മമണവാട്ടിയിൻ എല്ലാ കുടുംബവും കർത്താവിന്റെ മക്കളായിട്ടു അവന്റെ വകയിൽനിന്നു തങ്ങൾ അനുഭവിക്കുന്നസകലത്തിൽനിന്നും എല്ലാ വർദ്ധനവിൽനിന്നും ദശാംശം കൊടുക്കേണ്ടതു നിത്യസുവിശേഷത്തിന്റെ വിധിയത്രെ.

രണ്ടാമതു. നിത്യസുവിശേഷത്തിന്റെ വിധിപ്രകാരം നടപ്പാൻ കടംപെട്ടിരിക്കുന്ന ഉണർപ്പുസഭയിലെ സകല കുടുംബവും ഓരോ വിചാരകന്റെ കീഴിൽ മൂന്നോ നാലോ അഞ്ചോ കുടുംബങ്ങൾ ഒന്നായി ചേർന്നുകൊണ്ടു രണ്ടിൽ കുറയാതെയും നാലിൽ കൂടാതെയും കുടുംബത്തലവന്മാരെ നിയമിക്കേണ്ടുന്നതാകുന്നു.

മൂന്നാമതു. ഓരോ കുടുംബത്തലവന്റെ കീഴിലുള്ള ആബാലവൃദ്ധം എല്ലാവരും നിശ്ചയിക്കപ്പെട്ടുന്ന ദിവസം ഒരു ഭവനത്തിൽ കൂടി തങ്ങളുടെ വിധേയത്തിലുള്ള വെള്ളി, പൊൻ, മുതലായവയുടെയും ധാന്യവർഗ്ഗഫലമൂലം മുതലായവയുടെയും നൽക്കാലിമൃഗങ്ങളുടെയും ദശാംശംകൊണ്ടു വന്നു കാണിക്കയായി വെക്കയും ഐക്യതയിൽനിന്നു നിയമിക്കുന്നവരാൽ മാത്രം നടത്തിക്കപ്പെടേണ്ടുന്ന ദേവരാജ്യത്തിലെ മഹത്തായ രാത്രിവിരുന്നിൽ അംശികളായി തീരുകയും ആ സമയം ആത്മമണവാട്ടിയുടെ പ്രതിനിധികൾ കഴിക്കുന്ന നിത്യ-

നുഗ്രഹ പ്രാർത്ഥനെക്കു പാത്രങ്ങളായി ഭവിക്കയും ചെയ്യേണ്ടുന്നതാകുന്നു.

രണ്ടാമതു. ഒന്നായി ചേരുന്ന കുടുംബമുറെക്കു കുടുംബത്തലവന്റെ കയ്യൊപ്പോടുകൂടെ ക്രമപ്രകാരം നമ്പരിട്ടു എഴുതുന്ന ജീവപത്രികയും നമ്പരും മുറെക്കു ദശാംശങ്ങളുടെ വിവരം എഴുതുന്ന ജീവവിവരപത്രികയും ഇടവകയിലും ഡിവിഷ്യനിലും പൊതുസംഘത്തിലും വേണ്ടുന്നതാകുന്നു.

മൂന്നാമതു. ദശാംശമായി വരുന്ന നെല്ലു, പയറു, ഉഴുന്നു, മുതിര, എള്ളു, മുതലായവയും ചേന, ചേമ്പു, കിഴങ്ങു, മുതലായവയും പഴുപ്പു, കായ, ആട്ടു, എന്നിവകളും ശുദ്ധീകരിക്കപ്പെട്ട ഓരോ കുടുംബങ്ങളിൽ സൂക്ഷിക്കേണ്ടതും നാണ്യങ്ങൾ അല്ലാത്ത പൊൻ, വെള്ളി, എന്ന ഉരുപ്പടികളെ നാണ്യങ്ങളാക്കി അവകളും നാണ്യങ്ങളും ഡിവിഷ്യൻ മുതൽപിടിയിലെ പൊതു മുതൽപിടിയിലൊ സൂക്ഷിക്കേണ്ടുന്നതുമാകുന്നു. ദശാംശത്തിൽ വരുന്ന തേങ്ങാ കറിക്കും വെളിച്ചെണ്ണക്കും നീക്കി ശിഷ്ടമുള്ളതു യുക്തംപോലെ വിൽക്കേണ്ടുന്നതാകുന്നു. വെങ്കലം ഇരുമ്പുഭരണി മുതലായവ വിൽക്കരുതു. യുക്തംപോലെ മാറാം താനും. അവ സൂക്ഷിക്കപ്പെടേണ്ടുന്നതു ശുദ്ധീകരിക്കപ്പെട്ട കുടുംബങ്ങളിലാകുന്നു.

നാലാമതു. ദശാംശം ലേവിക്കും അതിൽ ദശാംശം അഹറോനും ഉള്ളതാകകൊണ്ടു എന്നും നിലനിൽക്കുന്ന പൌരൊഹിത്യം ലഭിച്ചിരിക്കുന്ന ആത്മമണവാട്ടിയുടെ ഏക ഐക്യതയിൻ ആത്മമനുഷ്യന്റെ ജീവമുദ്രയോടും കയ്യൊപ്പോടും കൂടെയുള്ള ജീവ ബീജപ്രകാരമാകുന്ന സംഘത്തലവന്മാരും ഇടവകത്തലവന്മാരും ദശാംശം വകയിൽനിന്നു ചിലവഴിക്കേണ്ടതു അല്ലാതെ ചിലവഴിച്ചു പോകരുതു.

എന്ന ആത്മമണവാട്ടിയുടെ നാമത്തിൽ ഈ ജീവചട്ടം എഴുതിയ എല്ലാവരുടെയും വാദശ്രേഷ്ഠക്കാരൻ.

ഫ്രൂവ്വെ സെപ്തു: ഫ്രാം നൊസ്ത്രൊ. ചിങ്ങം രണ്ടാം നൂറ്റാണ്ടിൽ നിന്നും } യുസ്സൂസുയോ സെഫ്.

എന്റെ പ്രിയ സഹോദരൻ പ്രേരിതൻ. പ. ലൂക്കോസു ബോധകൻ എന്റെ വാത്സല്യ ചുംബനം.

പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവിന്റെ നിയോഗപ്രകാരം യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നിറാ ഉണർവുസഭയാകുന്ന ആത്മമണവാട്ടി താങ്കളെ തന്റെ പ്രി

തിനിധിയായി ക്ഷണിച്ചിരിക്കുകൊണ്ടും തന്റെ ഏകമൈക്യതയിൽ നിന്നു വിശ്വാസവും ബുദ്ധിയുമുള്ള കലവറക്കാരനായി നിയമിച്ചു ആ വിവരത്തിന്നു താങ്കൾക്കു അധികാരപത്രം നൽകുവാൻ വിചാരിച്ചിരിക്കുന്നതുകൊണ്ടു താങ്കളോടു ആത്മമണവാട്ടി കല്പിക്കുന്നതു എന്തെന്നാൽ "ഞാൻ നിന്നെ എന്റെ ഉള്ളിൽ ചേർത്തുകൊണ്ടു എന്റെ ജീവശ്വാസത്തെ നിന്റെമേൽ ഊതീരിക്കുന്നതിനാൽ നീ എന്റെ അസ്ഥിക്കു അസ്ഥിയും മാംസത്തിന്നു മാംസവുമായ പുത്രനാകുന്നു. ഞാൻ നിനക്കു നൽകുന്ന മുലപ്പാലുകൊണ്ടു ഉപജീവിച്ചു ബലപ്പെടേണ്ടുന്നതിന്നു പത്തു നഗരങ്ങളുള്ള കീഴ്ക്കടപ്പിഞ്ഞാടുമായ ഡിവിഷ്യനിലേക്കു നീ ചെന്നു നിന്നോടു പറഞ്ഞപ്രകാരം നീ നിവൃത്തിച്ചിരിക്കുന്നതിനാലും ഈ നഗരങ്ങളുള്ള തെക്കെ ഡിവിഷ്യനിലും നീ ചെന്നു ഇടിക്കുള്ള ബോധകർ വേർതിരിച്ചിരിക്കുന്ന ശ്രുശ്രൂഷക്കാർക്കു ദേവരാജ്യത്തിലെ ന്യായങ്ങളെ തെളിയിച്ചു കാണിക്കയും ആരോഗ്യമായ ഉപദേശങ്ങളെ കൊടുത്തു അവരെ ബലപ്പെടുത്തുകയും ജനങ്ങൾക്കു തൽക്കാലം ആവശ്യമുള്ള ദേവരാജ്യത്തിലെ പാലുകൊണ്ടു പോഷിപ്പിക്കയും ദശാംശങ്ങളുടെ കാര്യത്തെ വിവരിക്കയും ചെയ്കെ. എന്റെ ജീവശ്വാസം നിന്നോടുകൂടെ ഇരിക്കുന്നതിനാൽ നിനക്കു തത്സമയത്തു വേണ്ട കൃപ എന്റെ പ്രാണനാഥനിൽനിന്നു കിട്ടുകയും ചെയ്യും." എന്ന ആത്മമണവാട്ടിയുടെ നാമത്തിൽ താങ്കളുടെ പാദശ്രുശ്രൂഷക്കാരൻ.

മങ്കുഴിയിൽനിന്നും
ഫ്രവ്വെ. ആഗ: 24 } യുസ്സുയോസേഫ്

൧൦൪

എന്റെ പ്രിയ സഹോദരൻ പ്രേരിതൻ യു. യാക്കോബു
ബോധകക്കു എന്റെ വിശുദ്ധ ചുംബനം.

പിതൃപുത്രവരിശുദ്ധാത്മാവാം. (ഇത്യാദി). വേഗം ബലപ്പെടേണ്ടുന്നതിന്നു ൧൭ നഗരങ്ങൾ അടങ്ങിയ നു. ഡിവിഷ്യനിലും വേർതിരിക്കപ്പെട്ട ശ്രുശ്രൂഷക്കാരെ മാസത്തിൽ ഒരിക്കൽ നു പ്രാവശ്യമായി കന്നീറ്റിലും മങ്കുഴിയിലുമായിട്ടു വരുത്തി ചൊവ്വാ, ബുധൻ, എന്ന ദിവസം ദേവരാജ്യത്തെക്കുറിച്ചു അവരെ പഠിപ്പിച്ചു ദശാംശങ്ങളുടെ ന്യായത്തെ വിവരിക്കയും ചെയ്കെ. എന്റെ ജീവശ്വാസം ഇത്യാദി.

എന്ന ആത്മമണവാട്ടിയുടെ നാമത്തിൽ താങ്കളുടെ പാദശ്രുശ്രൂഷക്കാരൻ.

മങ്കുഴിയിൽനിന്നും
ഫ്രവ്വെ ൨൩: 24 } യുസ്സുയോസേഫ്

നം ൩



എന്റെ സഹോദരൻ പ്രേരിതൻ. വ. ഇടിക്കുള ബോധകക്കു എന്റെ വിശുദ്ധചുംബനം.

കഴിഞ്ഞ ഫർവ്വരി നാലാംതീയതിയ എഴുതിയ എഴുത്തിൻപ്രകാരം താങ്കൾ തെക്കെഡിവിഷ്യനിൽ ചെന്ന വേലയെ നിവൃത്തിച്ചിരിക്കുന്നതിനുണ്ടായ പത്തു നഗരങ്ങൾ അടങ്ങിയ കിഴക്കും പടിഞ്ഞാറുമുള്ള വടിവിഷ്യനിലും ചെന്ന മൂക്കോസു ബോധകർ വേർതിരിച്ചിരിക്കുന്ന ശുശ്രൂഷക്കാരെയും പാട്ടുകാരെയും ഉപദേശങ്ങളെ കൊടുത്തു സ്ഥിരപ്പെടുത്തി സഭക്കാക്കു ദശാംശങ്ങളുടെ ന്യായത്തെ തെളിയിച്ചു കാണിക്കയും ശുശ്രൂഷക്കാരുടെയും, പാട്ടുകാരുടെയും പേരു വിവരമായി എഴുതിക്കൊണ്ടു വരികയും ചെയ്ക.

എന്നു ആത്മമണവാട്ടിയുടെ നാമത്തിൽ താങ്കളുടെ പാദശുശ്രൂഷക്കാരൻ

മംകുഴിയിൽനിന്നും
ഫെബ്രു. പതിനാലാം നാൾ

യുസ്സുയോസേഫ്.

നം ൪



എന്റെ പ്രിയസഹോദരൻ പ്രേരിതൻ. യു. യോഹന്നാൻ ബോധകക്കു എന്റെ വിശുദ്ധ ചുംബനം.

പരിശുദ്ധപരിശുദ്ധമാവാം ഇത്യാദി. വേഗം ബലപ്പെടേണ്ടുന്നതിനു ഫെ നഗരങ്ങൾ അടങ്ങിയ കിഴക്കും പടിഞ്ഞാറുമുള്ള രണ്ടു ഡിവിഷ്യനിലെ എല്ലാ സ്ഥലത്തും ചെന്ന ഓരോ ഇടവകയിൽ പഠിപ്പാൻ തക്ക ആൺപൈതങ്ങൾ ഇത്ര. പെൺപൈതങ്ങൾ ഇത്ര. എന്നു കുറിച്ചെടുത്തു ഒന്നോ രണ്ടോ അതിൽ അധികമോ പള്ളിക്കൂടം ഏർപ്പെടുത്തി ആശാന്മാരെയും നിയമിച്ചു പ്രാർത്ഥനമൂലം അവരെ ആ വേലെക്കു ഭരമേല്പിച്ചു പള്ളിക്കൂടത്തിന്റെയും ആശാന്മാരുടെയും വിവരം എഴുതി എടുക്കുകയും സഭക്കാക്കു ദശാംശങ്ങളുടെ ന്യായങ്ങളെ വിവരിച്ചു കാണിക്കയും ചെയ്ക. എന്റെ ജീവശ്വാസം ഇത്യാദി. എന്ന ആത്മമണവാട്ടിയുടെ നാമത്തിൽ താങ്കളുടെ

പാദശുശ്രൂഷക്കാരൻ

മങ്കുഴിയിൽനിന്നും
ഫെബ്രു. ആറാം നാൾ

യുസ്സുയോസേഫ്.




എന്റെ പ്രിയസഹോദരന്മാരായ പ്രേരിതന്മാർ, തല
വന്മാർ, എന്നിവർക്ക് എന്റെ പ്രേമം നിറഞ്ഞ വിശുദ്ധചുംബനം.

പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാ
വിന്റെ നിയോഗപ്രകാരം യേശുമഹാരാജാവിന്റെ രാജ്ഞിയായ
കന്നീറെ ഉണർവുസഭയാകുന്ന ആത്മമണവാട്ടി നിങ്ങളെ തന്റെ
പ്രതിനിധികളായി ക്ഷണിച്ചിരിക്കകൊണ്ടും തന്റെ ഏക ഐക്യത
യിൽനിന്നു വിശ്വാസവും ബുദ്ധിയുമുള്ള കലവറക്കാരായി നിയമിച്ചു
ആ വിവരത്തിനു നിങ്ങൾക്കു അധികാരപത്രം നൽകുവാൻ വിചാ
രിച്ചിരിക്കുന്നതുകൊണ്ടു നിങ്ങളോടു ആ ആത്മമണവാട്ടി കല്പിക്കുന്ന
തു എന്തെന്നാൽ. "ഞാൻ നിങ്ങളെ എന്റെ ഉള്ളിൽ ചേർത്തുകൊണ്ടു
എന്റെ ജീവശ്വാസത്തെ നിങ്ങളുടെമേൽ ഊതീരിക്കുന്നതിനാൽ
നിങ്ങൾ എന്റെ അസ്ഥിക്കു അസ്ഥിയും മാംസത്തിനു മാംസവുമായ മ
ക്കളാകുന്നു. ഞാൻ നിങ്ങൾക്കു നൽകുന്ന മുലപ്പാലുകൊണ്ടു ഉപജീവി
ച്ചു വേഗം ബലപ്പെടേണ്ടുന്നതിനു. പ്രേരിത സംബന്ധമായും ആത്മീ
കത്തിനും അതിനോടു ചേർന്ന ലൗകീകത്തിനും അടുത്ത ഇടവക
സംബന്ധമായും ഉള്ള ഏതു കാര്യങ്ങളെ ഞാൻ നിങ്ങളോടു കൽപി
ക്കുമോ? അവയെ മനഃപൂർവമായി നിവൃത്തിച്ചു എന്റെ ആൾപ്പേരു
കളായി തീർന്നു ജീവമുദ്രയുള്ള അധികാരപത്രം എന്നിൽനിന്നു കൈ
കൈക്കൊള്ളുവാൻ ജാഗ്രതപ്പെട്ടുകൊൾവിൻ. എന്റെ ജീവശ്വാസം
നിങ്ങളോടുകൂടെ ഇരിക്കുന്നതിനാൽ ഞാൻ നിങ്ങളോടു കൽപിക്കു
ന്ന ഏതുകാര്യങ്ങളേയും നിങ്ങൾ ആരംഭിച്ചു പ്രവൃത്തിക്കുന്നതോടും നി
ങ്ങൾക്കു തത്സമയത്തു വേണ്ട കൃപ കിട്ടുകയും ചെയ്യും.

എന്നു ആത്മമണവാട്ടിയുടെ നാമത്തിൽ നിങ്ങളുടെ പാദശുശ്രൂഷ
ക്കാരൻ.

മംകൂഴിയിൽനിന്നും } യൂസ്താസ്യോസേഫ്.
ക്വവ്വെ ആഗ: 12 }



എന്റെ പ്രിയസഹോദരന്മാർ പ്രേരിതൻ. യൂ. യാക്കോബു
ബോധകക്കും പട്ടക്കാരൻ കായംകുളം പടിപ്പുരെക്കൽ
തോമ്മാ അച്ചനും തലവൻ പ്രധാനകാഹ്നാൻ
പീലിപ്പോച്ചനും എന്റെ വിശുദ്ധചുംബനം.

നിങ്ങളെ ആത്മമണവാട്ടി തന്റെ മക്കളായി സ്വീകരിച്ചിരിക്ക
യാൽ തന്നിൽനിന്നു നിങ്ങൾക്കു ലഭിച്ചിരിക്കുന്ന വരം അനുഗ്രഹം എ

ന്ന ബലത്തിൻപ്രകാരം നിങ്ങൾ തനിക്ക അനുസരണമുള്ള മക്കളായി വിശേഷപ്പെടേണ്ടുന്നതിനു നിങ്ങളോട കല്പിക്കുന്നതു എന്തെന്നാൽ.

"പ്രേമംനിറഞ്ഞ എൻ ഗർഭത്തിലെ മക്കളെ! ഞാൻ നിങ്ങളെ ക്രിസ്തനാളായിട്ട പൂർണ്ണമായി അംഗീകരിച്ചിരിക്കയാൽ എൻ പ്രതിനിധികളായിട്ട നിങ്ങളെ അഞ്ചേരിയിലേക്ക അയക്കുന്നു. നിങ്ങൾ അവിടെ ചെന്ന ജനങ്ങളെ ആബാലവൃദ്ധം എൻ ജീവപുസ്തകത്തിൽ കുറിച്ച എട്ട വയസ്സിനു മേൽ തിരുവത്താഴം കൈക്കൊള്ളുവാൻ ആഗ്രഹമുള്ള എല്ലാവരുടെയും എഴുത്തുപന്തിയിലേ ആത്മസംക്ഷിഖണ്ഡത്തിൽ പ്രാർത്ഥനാപൂർവ്വം മാക്കിട്ട അവരുടെമേൽ എഴാംകാഹളം ഊതി ജീവപുസ്തകത്തിൽ നിന്നും ജീവപുസ്തകത്തിൽനിന്നും അവർക്ക ഭക്ഷിച്ചു പാനം ചെയ്വാൻ കൊടുത്തു ഇങ്ങനെ ദേവരാജ്യത്തെ അവരിൽ സ്ഥാപിച്ചു ശ്രുശ്രൂഷക്കാരെയും പാട്ടുകാരെയും നിയമിച്ചാക്കി പ്രാർത്ഥനാമൂലം അവരിൽ ശ്രുശ്രൂഷയെ ഭരമേൽപിച്ചു ബീജശുദ്ധീകരണത്തെയും ദശാംശത്തേയും പറഞ്ഞു യോഗ്യംപോലെ വ്വരിച്ചു തൽക്കാലം രണ്ടു ദിവസം അരകെട്ടി ഉപവാസം കൽപിച്ചു എല്ലാറ്റിന്റെയും ഒരു പകുപ്പോട്ട കൂടെ മടങ്ങിവന്നു നടത്തിയ കായ്ത്തിനു ഒക്കെയും റിപ്പോർട്ട ചെയ്യുകൊള്ളുകയും വേണം. എന്റെ ജീവശ്വാസം നിങ്ങളോട കൂടെ ഇരിക്കുന്നതിനാൽ നിങ്ങൾക്ക തത്സമയത്തു വേണ്ട കൃപ എൻ പ്രാണനാഥനിൽനിന്നു കിട്ടുകയും ചെയ്യും."

എന്നു ആത്മമണവാട്ടിയുടെ നാമത്തിൽ നിങ്ങളുടെ പാലശ്രുഷക്കാരൻ.

മംകുഴിയിൽനിന്നും
ഫ്രവ്വെ ഒ: ഉ൫ാം നു-

യൂസ്തസ്യോസേഫ്.



എന്റെ പ്രിയമുള്ള കൊച്ചോയിച്ചനു എന്റെ
വിശുദ്ധ ചുംബനം.

പോയമാസം ഫസ്റ്റാം നു- അയച്ച എഴുത്തിൽ പറയുന്ന വെളിപാടിൻപ്രകാരം താങ്കൾ ചെയ്യാത്തതിനാൽ ആത്മാവു താങ്കളെ ഇന്നു ഊപ്പച്ചന്റെ വായ്മൂലം ഭയങ്കരമായിശാസിച്ചിരിക്കുന്നു. അതിനാൽ ആ ആത്മാവിന്റെ അനുവാദപ്രകാരം താങ്കൾക്ക എഴുതുന്നു. നെട്ടഞ്ചിറ പുത്തൻവീട്ടിൽ ശുദ്ധീകരിച്ചു വെച്ചിരിക്കുന്ന പണം തൊമ്മച്ചന്റെ ഭാര്യ മറിയമ്മക്കായിട്ട ആത്മാവു നിയമിച്ചിരിക്കുന്നു. എന്തെന്നാൽ തന്റെ അവസാനയാത്രക്കു മുമ്പെ തൊമ്മച്ചൻ ആത്മ

നിയോഗപ്രകാരം ആ പണത്തെ ശുദ്ധീകരിച്ചതു ഇക്കാര്യത്തിന്നായിട്ടാകുന്നു എന്നു താങ്കൾ നല്ലപോലെ വിചാരിക്കണം. മഹാത്പ്രതൃക്ഷതവരെ മറിയമ്മേ ഇവിടെ ആകുന്നു പാർക്കേണ്ടതു എന്നു സ്പഷ്ടമായി വെളിപ്പെട്ടിരിക്കുന്നു. അവൾ തന്റെ പിതാവിന്റെ ഭവനത്തെ അശേഷം മറന്നു. തെളിഞ്ഞ ഹൃദയത്തോടും ക്രൂടെ മശിഹാമറിയ എന്നപോലെ ഇവിടെ പാർക്കേണ്ടതാകയാൽ ആ വകെക്കായിട്ടാകുന്നു ആത്മാവു തന്റെ വലത്തെ കൈകൊണ്ടു ആ പണത്തെ പിടിച്ചിരിക്കുന്നതു്. അവന്റെ കൈയിൽനിന്നു ഇതിനെ ചിട്ടുവിപ്പാൻ ആർക്കു കഴിയും? ആകയാൽ ശുദ്ധീകരിക്കപ്പെട്ട ആ പണത്തിന്മേലുള്ള താങ്കളുടെ ബന്ധനത്തെ ആത്മാവു ഇന്നു അഴിച്ചിരിക്കുന്നു യാതൊരു വ്യത്യാസവുമില്ല. അതുകൊണ്ടു അച്ചൻ ഈ എഴുത്തു കൈപ്പൊയിച്ചനെ വായിച്ചു കേൾപ്പിച്ചു ഉടൻ അവിടെ നിന്നു പുറപ്പെട്ടു നെടുഞ്ചിറ പുത്തൻവീട്ടിൽ ചെന്നു ഈ എഴുത്തു കാണിച്ചു മുമ്പിലത്തെ വെളിപാടിൻപ്രകാരം കാര്യം നീക്കി എത്ര പണം കുറിച്ചിറ ഉമ്മച്ചനു കൊടുപ്പാനുണ്ടോ? അതുമുഴുവൻ അവനു കൊടുത്തു ആ ചീട്ടു വാങ്ങി ഈ അളിനവശം കൊടുത്തയപ്പാറാകണം. ഇപ്പോളുള്ള വെളിപാടു ലംഘിച്ചാൽ ഉണ്ടാകുന്ന ന്യായവിധിയെ നിങ്ങൾ അറിയുന്നില്ലേ. ക്രൂശാരപ്പള്ളി ഭവനത്തിന്മേൽ വരുവാനുള്ള ന്യായവിധിയിൽനിന്നു നിങ്ങളെ വലിച്ചു രക്ഷിപ്പാൻ ഞാൻ കടമ്പെട്ടിരിക്കയാൽ ശുദ്ധീകരിക്കപ്പെട്ട ആ പണത്തിൽ നിന്നു ഉമ്മച്ചനു കൊടുത്തു ആ ചീട്ടു വാങ്ങിപ്പാൻ എന്നെ ഇപ്പോൾ നെടുഞ്ചിറ വരെ നടത്തിക്കുന്നതേ- ശേഷം കാര്യത്തിനു ആ ചീട്ടു വരുമ്പോൾ മറുപടി കൊടുത്തയക്കാം.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും) യൂസ്തൂസുയോസേഫ്.

ഫാദർ ചിങ്ങം ഏഴു)

എന്റെ പ്രിയമുള്ള ഉമ്മച്ചനു എന്റെ വിശുദ്ധ മുഖനം.

കൊല്ലക്കാരൻ മുത്തുതലാളി താങ്കൾക്കു തരുവാനുള്ള പണം ഞാൻ കുറിച്ചിരിക്കയാൽ (ആ വിവരം താങ്കൾ നല്ലപോലെ അറിഞ്ഞിരിക്കുന്നുവല്ലൊ) ആ കാര്യത്തെപ്പറ്റി മുത്തുതലാളിയോടാകട്ടെ ഇളയ മുതലാളിയോടാകട്ടെ വായ്മൂലമായും എഴുത്തു മൂലമായും ചോദിപ്പാൻ ന്യായമില്ലാതിരിക്കെ താങ്കൾ അതിനു വിരോധമായി പ്രവൃത്തിച്ചു എന്നു താങ്കൾ ഇന്നിക്കയച്ച എഴുത്തു തന്നെ സാക്ഷിക്കുന്നതുകൊണ്ടു അവരുടെ രണ്ടുപേരുടെയും ഹൃദയത്തെ മേൽപറഞ്ഞ കാ

യ്യുത്തെപ്പറ്റി താങ്കൾ നന്നായി വ്യസനിപ്പിച്ചിട്ടുണ്ട് എന്നു സ്പഷ്ടം. ഇതു ആവശ്യമില്ലായിരുന്നു. ആ കായ്യത്തെ സംബന്ധിച്ചു താങ്കൾക്കു എന്നൊടു വിശ്വസ്ഥത ഉണ്ടായിരുന്നാൽ അവരോടു അങ്ങനെ പ്രവൃത്തിക്കയില്ലായിരുന്നു. അതെന്തു താങ്കളുടെ കായ്യസാദ്ധ്യത്തിനു കാലതാമസം വന്നതിനു കാരണം. അതിനു അവരു എന്തു പിഴച്ചു? ഞാനെന്തു പിഴച്ചു? താങ്കൾ തന്നെ പറയണം? "എന്നാൽ കഴിഞ്ഞതൊക്കെയും പോകട്ടെ. ഇനി ഞാൻ അവരോടു ചോദിക്കയില്ല. അച്ചൻ തന്നെ ഇക്കായ്യം തീർക്കുമെന്നു വിശ്വസിക്കുന്നു" എന്നു താങ്കൾ പറയുന്ന പക്ഷം താങ്കളുടെ വിശ്വാസത്തെ ശോധന കഴിക്കേണ്ടുന്നതിനു ഞാൻ ഒന്നു പറയുന്നു. അതു കേട്ടു അനുസരിക്കുമൊ? അനുസരിച്ചാൽ താങ്കൾക്കു വിശ്വാസമുണ്ടെന്നു ഇനിക്കു ബോദ്ധ്യം വന്നു. അങ്ങനെ താങ്കളുടെ വിശ്വസ്തതയെ ഇനിക്കു ബോദ്ധ്യം വന്നുതിയാൽ താങ്കളുടെ കായ്യം അപ്പോൾ നിവൃത്തിച്ചുകിടക്കും. അതു വരാത്തതിനാൽ ആകുന്നു ഇതുവരയും താങ്കളുടെ കായ്യംസാധിക്കാഞ്ഞതു അതുകൊണ്ടു ഞാൻ പറയുന്നതിനെ കേട്ടു അനുസരിച്ചാൽ വേഗം താങ്കൾക്കു കായ്യനിവൃത്തിയുണ്ടാകും. അങ്ങനെ ചെയ്യാത്തപക്ഷം അതിനു തക്കവണ്ണം കാലതാമസം വരുന്നതുമാണു. ബുദ്ധിമാനായിരിക്കു. എന്നാൽ ആകായ്യം എന്താകുന്നു എന്നു ചോദിക്കുന്നുവൊ? പറയാം. ഈ എഴുത്തു വായിച്ചുകണ്ട ഉടൻ ആരോടും ആലോചിക്കാതെ മുത്തുമുതലാളി താങ്കൾക്കു എഴുതിതന്നിരിക്കുന്ന കച്ചീട്ടു എടുത്തു കുടാരപ്പള്ളിൽ ചെന്നു അച്ചന്റെ കയ്യിൽ കൊടുത്തു അവിടെ ഒരു വിനാഴികതാമസിയാതെ മടങ്ങിവീട്ടിൽ വന്നു ചേർന്നുകൊള്ളണം. ആ കച്ചീട്ടു തിരികെ വാങ്ങിച്ചുപോകരുതു. അവിടെ താമസിക്കയൊ ആരോടെങ്കിലും സംസാരിക്കയൊ ചെയ്താൽ താങ്കൾക്കു പരീക്ഷയുണ്ടാകും. ഇതു നിവൃത്തിക്കുമെങ്കിൽ താങ്കൾക്കു വിശ്വസ്തതയുണ്ടു നിശ്ചയം. ഇല്ലെങ്കിൽ വിശ്വസ്തതയില്ല. ഇതിന്റെ ഏറ്റക്കുറച്ചിൽപോലെ ഇരിക്കും കായ്യസാദ്ധ്യവും ഇതിനു മുപടി അയക്കുമല്ലൊ എന്നു താങ്കളുടെ

പാദശുശ്രൂഷക്കാരൻ

കന്നീറ്റിനാനും }
ഫാദിര ചിങ്ങാ ഫര } യൂസുസുയോസേഫ്



എന്റെ പ്രിയ സഹോദരന്മാർ പ്രേരിതൻ മ. ചെറിയാൻ ബോധകക്കും ഇട്ടിമാത്തൻ ബോധകക്കും എന്റെ വിശുദ്ധ ചുംബനം.

പിതൃപുത്ര പരിശുദ്ധാത്മാവും ഇത്യാദി. വേഗം ബലപ്പെടെണ്ടുന്നതിനു ഫ്രഞ്ചു നഗരങ്ങളുള്ള മൂന്നു ഡിവിഷ്യനിലെ എല്ലാ സ്ഥലങ്ങളി

ും നിങ്ങൾ ചെന്നു ഏതു രോഗികളേയും ശുശ്രൂഷിപ്പാൻ തക്കവണ്ണം തങ്ങളെ മനഃപൂർവ്വമായി കർത്താവിനു ഏൽപ്പിച്ചിട്ടുള്ള സുവിശേഷകന്മാരെയും മറ്റുള്ള പുരുഷന്മാരെയും സ്ത്രീകളേയും നിങ്ങൾ വേർതിരിച്ചു അവരുടെ പേരുകളെ കുറിച്ചെടുത്തു ആ കാര്യത്തെപ്പറ്റി അയവക്കും മറു ജനങ്ങൾക്കും ഗ്രഹണദോഷിക്കയും പ്രാർത്ഥനാമൂലം അവരുടെ തലയിന്മേൽ കൈകളെവച്ചു അവരെ നിയമിക്കയും ആ വേലയെ അവരുടെ പക്കൽ ഭരമേൽപിക്കയും ജനങ്ങൾക്കു ദശാംശങ്ങളുടെ ന്യായത്തെ വിവരിക്കയും ചെയ്യിൻ. എന്റെ ജീവശ്വാസം ഇത്യാദി. എന്നു ആത്മവണ്ണവാട്ടിയുടെ നാമത്തിൽ നിങ്ങളുടെ

കന്നീറിനിന്നും പാദശുശ്രൂഷക്കാരൻ യൂസ്സൂസുയോസേഫ്
ഫാദിര ചിങ്ങം മര

എന്റെ പ്രിയമുള്ള പരിമലക്കാരൻ ഗിവറുഗീസുജ്ഞേഷ്ണനു എന്റെവാത്സല്യ ചുംബനം.

ഇട്ടിമാത്തൻ ബോധകരുടെ കുടുംബത്തെ സംബന്ധിച്ചു അയാളുടെ ഹൃദയം എല്ലായ്പോഴും ഭാരപ്പെട്ടവാൻ തക്കവണ്ണം ഇടയായിരിക്കുന്നതിനാൽ അതിനെക്കുറിച്ചു ഇനിക്കു വളരെ പരിതാപമുണ്ടു. ആ കുടുംബം ഇതുവരെയും ക്രമപ്പെടാത്തതിനാൽ രോഗവും കഷ്ടവും മാറാതെയിരിക്കുന്നു. അവർ മങ്കുഴിയിൽ ഇരുന്നാൽ ക്രമപ്പെടുകയുമില്ല. അതുകൊണ്ടു ഐക്യതയുടെ ആത്മാവിന്റെ നിയോഗപ്രകാരം ബോധകരുടെ ഭാര്യ താങ്കളുടെ വിചാരണയിൻകീഴിലും തള്ളയും പെങ്ങളും കാർത്തികപ്പള്ളിൽ പോയി കിഴക്കെപ്പുറത്തു വീടുകളിൽ എവിടെ എങ്കിലും പാർത്തു കുഞ്ഞച്ചന്റെ വിചാരണയിൻകീഴിലും ഇരിക്കേണ്ടുന്നതാകുന്നു. ആകയാൽ ബോധകരുടെ ഭാര്യയെ ആത്മാവു താങ്കളുടെ പക്കൽ ഭരമേല്പിച്ചിരിക്കുന്നു. അവരെ മങ്കുഴിയിൽ നിന്നു വരുത്തി താങ്കളുടെ ആധീനം എവിടെ എങ്കിലും ഇരുത്തി നല്ല ക്രമത്തിൽ നടത്തിച്ചുകൊള്ളുവാറാകണം. എന്നു താങ്കളുടെ

കന്നീറിനിന്നും പാദശുശ്രൂഷക്കാരൻ യൂസ്സൂസുയോസേഫ്
ഫാദിര ചിങ്ങം മര

കിഴക്കെപ്പുറത്തു മുപ്പിലേക്കു എന്റെ വാത്സല്യ ചുംബനം.

ഇട്ടിമാത്തൻ ബോധകരുടെ കുടുംബത്തെ സംബന്ധിച്ചു അയാൾക്കു വളരെ ഭാരമുണ്ടു ഇനിക്കു ബഹു പരിതാപവുമുണ്ടു. രോഗവും ദുഃഖവും കഷ്ടവും മാറാതെയിരിക്കുന്നു. അവർ മങ്കുഴിയിൽ പാർത്താൽ

അവ മാറുകയുമില്ലാ എന്നു വെളിപ്പെട്ടുമിരിക്കുന്നു. ആകയാൽ ഐക്യതയുടെ ആത്മാവിൻറെ നിയോഗപ്രകാരം അയാളുടെ ഭാര്യ പരിമളക്കാരൻ വിധേയവും തള്ളയും പെങ്ങളും താങ്കൾ വിധേയവും പാക്കേണ്ടുന്നതാകുന്നു. അതുകൊണ്ടു ബോധകരുടെ തള്ളയെയും പെങ്ങളെയും താങ്കളുടെ പക്കൽ ആത്മാവു ഭരമേല്പിച്ചിരിക്കുന്നു താങ്കളുടെ യുക്തംപോലെ അവരെ മടിപിടിപ്പിക്കാതെയും അവക്കു ബുദ്ധിമുട്ടു വരാതെയും നടത്തിച്ചുകൊള്ളുവാറാകണം. അവരുടെ കുറവുകളെയും കുറങ്ങളെയും ഓത്തുപോകയും അരുതു.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും യൂസുസുയോസേഫ്

ഫാർഗർ ചിങ്ങം ഫ്ര

൧൮൭

എൻറെ പ്രിയ സഹോദരൻ ഇട്ടിമാത്തൻ ബോധകക്കു എൻറെ വിശുദ്ധ ചുംബനം.

ഞാൻ താങ്കളോടു പറഞ്ഞപ്രകാരം ഭാര്യയുടെ കാര്യത്തെപ്പറ്റി പരിമളക്കാരനും തള്ളയേയും പെങ്ങളേയും പറ്റി കാത്തികപ്പള്ളി കിഴക്കേപ്പുറത്തു മൂപ്പിലേക്കും എഴുതിയ എഴുത്തു ഇതിനോടു കൂടെ അയക്കുന്നു. ഈ എഴുത്തുകളും കൊണ്ടു താങ്കൾ ആ സ്ഥലങ്ങളിൽ ചെന്നു ഭാര്യയേയും തള്ളയേയും പെങ്ങളേയും രണ്ടു സ്ഥലത്തായിട്ടു കൾപ്പിക്കുണം. നിങ്ങളിൽ ആരും മങ്കുഴിയിൽ പാർക്കുന്നതു ഐക്യതയുടെ ആത്മാവിന്നു അത്ര ഹിതമല്ലാത്തതിനാൽ താങ്കളുടെ ഭാര്യ അവിടെ പാർത്താൽ പരീക്ഷയുണ്ടാകും. രോഗം സുഖം വരികയുമില്ല. ദാരിദ്ര്യം മാറുകയുമില്ല. അതുകൊണ്ടു ഭാര്യ ചേപ്പാട്ടും തള്ളയും പെങ്ങളും കാത്തികപ്പള്ളിലും പാർക്കട്ടെ. അതാകുന്നു നല്ലതു എന്നു ഇനിക്കു തോന്നുന്നു. താങ്കളുടെ വേലയെപ്പറ്റി ചെറിയാൻ ബോധകക്കു എഴുത്തു അയച്ചിട്ടുണ്ടു. അതേപ്രകാരം നടന്നുകൊള്ളണം. കർത്താവു താങ്കളോടു കൂടെ ഇരിക്കുമാറാകട്ടെ.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും യൂസുസുയോസേഫ്

ഫാർഗർ ചിങ്ങം ഫ്ര

൧൮൭

പ്രിയമുള്ള അമ്മാമ്മൽക്കും സഹോദരി റിബേക്കായ്ക്കും എൻറെ സലാം

നിങ്ങളുടെ സകല ലംഘനങ്ങളെയും കുറങ്ങളേയും ആറാണ്ടിന്നാത്മാവു ക്ഷമിക്കട്ടെ. നിങ്ങൾക്കു മൃത്യുപത്രിൻറെ ആത്മാവു ലഭിപ്പാ

ൻ തക്കവണ്ണം ആത്മമണവാട്ടി നിങ്ങളോട് കല്പിക്കുന്നതു എന്തെന്നാൽ നിങ്ങൾ രണ്ടുപേരും നൂ ഡിവിഷനിലും ചുറ്റിസഞ്ചരിച്ചു ഓരോ ഇടവകയിൽ വിധവമാർ ഇത്രയുണ്ടെന്നും അവക്കു കർത്താവിന്റെ വേല ചെയ്വാൻ മനസ്സുണ്ടോ എന്നും ചോദിച്ചറിഞ്ഞു വീട്ടുമുറെക്കു അവരുടെ പേരുകളെ എഴുതി അവക്കുവേണ്ടി പ്രാർത്ഥിച്ചു കർത്താവിൽ ഭരമേല്പിക്കയും ചെയ്തുകൊണ്ടു ആ കണക്കുകളെ സംഘത്തിൽ ഏൽപ്പിച്ചുകൊള്ളണം. ഇപ്രകാരം നടത്തേണ്ടുന്നതിനു ഇടവക ശുശ്രൂഷക്കാരുടെ സഹായം നിങ്ങൾക്കു വേണ്ടുന്നതാകയാൽ ഈ എഴുത്തു എല്ലാ ശുശ്രൂഷക്കാക്കും കാണിക്കയും അവർ മുഖം നിങ്ങളുടെ വേലയെ നിവൃത്തിക്കയും ചെയ്തുകൊൾവിൻ. വേലക്കാരൻ തന്റെ കൂലിക്കു യോഗ്യനല്ലോ ആകുന്നതു. എന്ന വേദമൊഴിപ്രകാരം നിങ്ങൾക്കു യാതൊരു ബുദ്ധിമുട്ടും ഉണ്ടാകയില്ല. കർത്താവു നിങ്ങളോടുകൂടെ ഇരിക്കും. മനസ്സും അനുസരണവും ഉള്ളവരായിരിപ്പിൻ. സ്വയനിതി ഒരിക്കലും എടുത്തുപോകരുതു. എന്നു ആത്മമണവാട്ടിയുടെ നാമത്തിൽ നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറ്റിൽ നിന്നും

ഫ്വവ്വെ ആഗ: ഫവ്വ യൂസ്തൂസ് യോസേഫ്

വിശേഷിച്ചും

നിങ്ങളുടെ മരുമകൾ വിധവയെ കൃഷ്ണപുരത്തു ഇട്ടിമൂപ്പൻ വിധേയം ഏൽപ്പിക്കണം എന്നും വിധവയും കുഞ്ഞുങ്ങളും കൃഷ്ണപുരത്തു ചെന്നു പാർക്കണമെന്നും ഐക്യതയുടെ ആത്മാവിന്റെ നിയോഗമാകയാൽ ഇട്ടിമൂപ്പന്റെ പേർക്കുള്ള എഴുത്തും ഇതിനോടുകൂടെ അയക്കുന്നു. നിങ്ങൾ അവിടെ ചെന്നു എഴുത്തുകൊടുത്തു വിധവയെ അവിടെ ഏൽപ്പിച്ചാലും ഇട്ടിമൂപ്പന്റെ ഹിതംപോലെ പാർപ്പിച്ചുകൊള്ളണം. എന്നാൽ നിങ്ങൾക്കു അവിടെ പാർപ്പാൻ അനുവാദവുമില്ല. ശമുയേലിനേയും തപിതായെയും മത്തായിബോധകരുടെ വിധേയം ഏൽപ്പിക്കണമെന്നും നായോമിയെ നിങ്ങളുടെ ഇഷ്ടംപോലെ ആരുടെ വിധേയം എങ്കിലും ഏൽപ്പിക്കാമെന്നും അരുളപ്പനെ കൊല്ലുക്കാരൻ കുഞ്ഞാക്കാണ്ടെ മുതലാളിയുടെ കീഴിൽ അവിടത്തെ വേലക്കാരനായി ഏൽപ്പിക്കണമെന്നും ഐക്യതയുടെ ആത്മാവിന്റെ നിയോഗമാകുന്നു.

എന്നു യു. യോസേഫ്

എന്റെ പ്രിയമുള്ള ഇട്ടിമൂപ്പനു എന്റെ വിശുദ്ധ ചുംബനം.

നിങ്ങൾ എന്നോടു പറഞ്ഞിരിക്കുന്നതിനെല്ലാം അപേക്ഷിച്ചാറെ അവിടെ നിന്നു ഉണ്ടായിട്ടുള്ള മറുപടി.

യഹോവായായ മഹാദൈവത്തിന്റെ തൃക്കണ്ണായ ആറാണ്ടിന്നാത്മാവു ഇതുവരയും നിങ്ങളുടെ എല്ലാ അകൃത്യങ്ങളെയും (അവ വെളിയിൽ ഛർദ്ദിച്ചുകളയേണ്ടുന്നതിന്നു) താല്പര്യമായി ശോധനചെയ്തു അവയെ വെളിയിൽ ഏറിഞ്ഞുകളയേണ്ടുന്നതിന്നു തന്നെ തന്റെകോപവാളിനെ നിങ്ങളുടെ കുഡുംബത്തിന്മേൽ നീട്ടിക്കൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ അവയെ അശേഷം മറന്നുകളഞ്ഞു. ആയിരാണ്ടിന്നാത്മാവായ മറ്റുപമാകുന്ന അനുഗ്രഹത്തെ നിങ്ങളുടെ കുഡുംബത്തിന്മേൽ പകരുവാൻ ആരംഭിച്ചിരിക്കുന്നു. ആ അനുഗ്രഹമോ താങ്കളുടെ നാവിലാകുന്ന വെക്കപ്പെട്ടിരിക്കുന്നതു. ഏതു കാര്യത്തെക്കുറിച്ചു താങ്കൾ ന്യായത്തോടു താല്പര്യമായി ദൈവത്തോടു അപേക്ഷിക്കുമോ? അപ്പോൾ അതു സാദ്ധ്യം. ആകയാൽ താങ്കളുടെ നാവിൽ നിന്നു അനുഗ്രഹമല്ലാതെ ശാപം പിഴാതെ ഇരിപ്പാൻ തക്കവണ്ണം താങ്കൾ നാവിനെ പ്രത്യേകംസൂക്ഷിക്കണം. താങ്കളുടെ സകലത്തിന്നും ദൃഷ്ടൻ തൊടാതെ ഇരിപ്പാൻ തക്കവണ്ണം ദൈവം കാവലാക്കി വച്ചിരിക്കുന്നു.

വിശേഷിച്ചും പാണ്ടിക്കാരി അമ്മതമ്മാളുടെ മരുമകൾ വിധവയേയും അവളുടെ രണ്ടു കുഞ്ഞുങ്ങളേയും ദൈവം താങ്കളുടെ കയ്യിലാകുന്നു ഇതിനു മുമ്പെ തന്നെ ഏൽപിച്ചിരിക്കുന്നതു. താങ്കൾ ആ കുഡുംബത്തിന്നു സഹായിച്ചിരിക്കുന്നതിനെ ദൈവം ഒരിക്കലും മറക്കയുമില്ല. അതുകൊണ്ടു ആ വിധവയേയും രണ്ടു കുഞ്ഞുങ്ങളേയും മംകഴിയിൽ നിന്നു വരുത്തി തങ്കളുടെയുക്തം പോലെ ഒരു സ്ഥലത്തു പാർപ്പിച്ചു കൊള്ളണം. പാണ്ടിക്കാരിൽ മറാരേയും അവിടെ താമസിപ്പിച്ചു പോകയുമരുതു അല്പാതെയും ഇനി ആ വിധവെക്കു മാത്രം സഹായിക്കുന്നതല്ലാതെ പാണ്ടിക്കാരിൽ മറാക്കും സഹായിച്ചാൽ തങ്കൾക്കു പരീക്ഷയുണ്ടാകും നിശ്ചയം. എന്നാൽ വിധവെക്കു താങ്കൾ കടം പെട്ടിരിക്കയാൽ അതു സഹായിച്ചേ കഴിയൂ. അതുകൊണ്ടു പാണ്ടിക്കാരിൽ വിധവയല്ലാതെ മറാരും മഹാപ്രത്യക്ഷത വരെ താങ്കളുടെ വീടേയും കാണപ്പെടരുതു. എന്നു ഐക്യതയുടെ ആത്മാവിന്റെ നിയോഗപ്രകാരം താങ്കളുടെപാദശുശ്രൂഷക്കാരൻ

കന്നിറാറാ നിന്നും. യൂസ്സൂസു യോസേഫ്

൧൮൫൪. ചിങ്ങം. ൧൭.

എന്റെ പ്രിയമുള്ള മെഴുവേലി മൂപ്പിലേക്കു എന്റെ
വിശുദ്ധ ചുംബനം.

താങ്കൾ ഇവിടെ വന്നു പോയതിൽ പിന്നെ ഇവിടെ സംഭവിച്ച മരണത്തെ സംബന്ധിച്ചു കേട്ടിരിക്കുമല്ലൊ. താങ്കൾക്കും കൊച്ചൊ

യിക്കുഞ്ഞിനും മറ്റും ഇപ്പോളുണ്ടായ സുഖക്കേടിനെപ്പറ്റി ഞങ്ങൾ അറിഞ്ഞു. നിങ്ങളെ എല്ലാവരേയും സകല ആപത്തുകളിൽ നിന്നും കാത്തു സൂക്ഷിപ്പാൻ തക്കവണ്ണം ദൈവത്തോട് പ്രാർത്ഥിക്കയും ചെയ്തു. നിങ്ങളുടെ നന്മയെ എല്ലാ സമയങ്ങളിലും ആഗ്രഹിക്കുന്ന ഇനിക്കു ആ പ്രാർത്ഥനെക്കു ഐക്യതയുടെ ആത്മാവു വെളിപ്പെടുത്തിയിരിക്കുന്ന മറുപടിയെക്കുറിച്ചു താങ്കളോട് പറയാതിരുന്നു കൂടാ.

൧. ഇപ്പോളുണ്ടായ സുഖക്കേട് പിന്നീട് വെളിപ്പെടുവാനിരിക്കുന്ന ആപത്തിനു ഒരു സൂചകമേയുള്ളൂ.

൨. ഒരു ഭയങ്കര ആപത്തു വരുന്നതിനു മുമ്പെ ദൈവം അതിന്റെ സൂചകത്തെ കാണിക്കുന്നതു. ആ ആപത്തിൽ നിന്നു ഒഴിവാൻ തക്കവണ്ണമുള്ള ദൈവത്തിൽ പ്രത്യേക കൃപയാകുന്നു. അതുകൊണ്ടു.

൩. രണ്ടാമത്തെ ഇസ്രയേലിന്റെ വാതിൽ അടഞ്ഞു പോയതിനാൽ അവരുടെ മേൽ എന്നു വെച്ചാൽ ലംഘനക്കാരുടെ മേൽ ശിക്ഷ നടത്തുവാൻ തക്കവണ്ണം ഒരു വാളിനെ സുറിയാനി പള്ളിയിലും ഇംഗ്ലീഷു പള്ളിയിലും റോമാ പള്ളിയിലും ദൈവം വെച്ചിരിക്കുന്നതിനാൽ താങ്കളുടെ കുടുംബത്തിൽ നിന്നു ഒരു പൊടിക്കുഞ്ഞും ആ പള്ളികളിൽ ആരാധനെക്കു പോകയോ കുർബാന കൈക്കൊള്ളുകയോ ചെയ്തു പോകരുതു. ചെയ്താൽ ആ വാളിനെ വീട്ടിൽ വിരുന്നിനു വിളിക്കയാകുന്നു.

൪. മകൻ കൊച്ചുകുഞ്ഞിനെ ഉണർവു സഭക്കു അവകാശമായി കൊടുക്കേണ്ടുന്നതാകയാൽ അങ്ങിനെ കൊടുത്തിരിക്കുന്നു എന്ന ബോധം വരുത്തേണ്ടുന്നതിനു അവൻ എന്നോട് കൂടയോ അല്ലെങ്കിൽ മലയിലോ ആകുന്നു പാർക്കേണ്ടതു.

൫. ഗ്രഹജോലികൾ കൊച്ചായിക്കുഞ്ഞു നോക്കിവരുന്ന പ്രകാരം ആ കാര്യം ഒക്കയും അയാളെ ഭരമേല്പിക്കേണ്ടതാകുന്നു.

൬. ആച്ചിയമ്മയുടെ മൂത്തകുഞ്ഞിനെ മാവേലിക്കരയിൽ വിടരുതു. അവൻ അമ്മുമ്മത്തള്ളയോട് കൂടെ ഇരിക്കേണ്ടുന്നതാകുന്നു. കഴിയുമെങ്കിൽ ആച്ചിയമ്മയും അങ്ങിനെ ഇരിക്കേണ്ടുന്നതാകുന്നു. എന്തെന്നാൽ ആ ഭവനത്തിന്മേൽ കൂടെ ഒരു കോപവാൾ കടന്നു പോകുവാൻ എത്രെയും അടുത്തിരിക്കുന്നു.

൭. എല്ലാ ബന്ധുവും തീർത്തു കത്താവിനെക്കാണ്മാൻ ശീമോൻ എന്നപോലെ ഒരുങ്ങിയിരുന്നു കൊള്ളണം.

ഇങ്ങിനെ നിവൃത്തിപ്പാൻ തക്കവണ്ണം പ്രത്യേക പ്രാർത്ഥനയോട് കൂടെ എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

ഇത്തിമല നിന്നും
൧൦൪൫ ചിങ്ങം ൧൦ന്ന യൂസ്സുസു യോസേഫ്

എന്റെ പ്രിയമുള്ള കൊന്നസ്സോട്ട കുഞ്ഞച്ചനു എന്റെ
വിശുദ്ധ ചുംബനം.

ചെങ്കൊളം ഇടവകയിൽ പലരുടെ മേലും മുതുപാത്തിന്റെ ആത്മാവു പകരുവാനിരിക്കുന്നതിനാൽ അതിനുള്ള വഴി വിശ്വാസം ആകകൊണ്ടു അതിനെ പരിശോധിപ്പാൻ ഇപ്പോൾ എത്രെയും ആവശ്യമാകുന്നു. അതിനുള്ള കോൽ നെടുഞ്ചിറ മുത്തൻ വീട്ടിൽ ആത്മാവു ശുദ്ധീകരിച്ചു വച്ചിരിക്കുന്ന ദ്രവ്യമത്രെ. ആ ഓടക്കോൽ നിങ്ങളിൽ പലരെയും അളപ്പാൻ ഇന്നിക്കു തരപ്പെട്ടിരിക്കകൊണ്ടു അതിനാൽ നാലാവത്തു താങ്കളേയും അളപ്പാൻ പോകുന്നു.

മുളമൂട്ടിൽ കാർണവത്തി കൊന്നസ്സോട്ടിൽ പാത്തുകൊള്ളാമെന്നു ആത്മാവിനോടു ഉടമ്പടിചെയ്തു പോയതിനാൽ അതു അവിടത്തെ കണക്കിൽ കുറിക്കപ്പെട്ടിരിക്കുകൊണ്ടു അതിന്നു വിരോധമായി അവക്കു പ്രവൃത്തിച്ചുകൂടാ. എന്നാൽ അവരുടെ തൽക്കാല സ്ഥിതിയെ കുറിച്ചു വിചാരിക്കുമ്പോൾ ആത്മാവു ഇന്നലെ ഇന്നിക്കു കാണിച്ചപ്രകാരം അവർ ഒരു പാവപോലെ മാത്രമെ ഇരിക്കുന്നുള്ളു. മുമ്പെ മാമോൻ ദേവന്റെ ഭാഗ്യവും ഭത്തവു മരിച്ച ശേഷം പ്രത്യേകം ലോത്തിന്റെ അമ്മാവിയമ്മയുമത്രെ. എങ്കിലോ ഇപ്പാവയുടെ ഉള്ളിലുള്ള ചരടുകളുടെ സൂത്രമൊക്കയും ലോത്തിന്റെ വലത്തെക്കയ്യിൽ കെട്ടിരിക്കയാൽ പാവക്കളി ദേവരാജ്യത്തിലെ ന്യായത്തിൻപ്രകാരമല്ല. പാതാള രാജ്യത്തിലെ ന്യായത്തിൻ പ്രകാരം കാണപ്പെടുന്നു. ഇതു മുകിവരുന്നോരും സോദോമിലെ അഗ്നി വന്നു അവരെ ഭക്ഷിപ്പാൻ ഇടയാകുന്നതിനാൽ അങ്ങിനെ വരാതിരിപ്പാൻ തക്കവണ്ണം ആത്മാവിൻ നിയോഗപ്രകാരവും അവൻ ഇന്നിക്കു നൽകീരിക്കുന്ന അധികാരത്തിൻ പ്രകാരവും ലോത്തിന്റെ കയ്യിൽ നിന്നു ആ സൂത്രക്കയറിനെ അഴിച്ചു. താങ്കളുടെ വലത്തെക്കയ്യിൽ ഇന്നു കെട്ടിയിരിക്കുന്നു. കൊച്ചൊയിച്ചൻ ഇനി മേലാൽ അവരെ വിചാരിച്ചു പോകരുതു. മുളമൂട്ടിന്റെ വകയായിരുന്ന ഉപ്പു ചെരട്ടപോലും കൊച്ചൊയിച്ചനു ആത്മാവു അവകാശമായി കൊടുക്കയില്ല. നിശ്ചയം നിശ്ചയം നിശ്ചയം. അതുകൊണ്ടു മുളമൂട്ടിൽ കാർണവത്തിയും കൊച്ചൊയിച്ചനും തമ്മിലുള്ള സംബന്ധത്തെ ആത്മാവു ഇന്നു അശേഷം കീറിയിരിക്കയാലും താങ്കളുടെ വിധേയം ഏൽപ്പിക്കപ്പെട്ടിരിക്കയാലും ഐക്യതയുടെ ആത്മാവു താങ്കളോടു കല്പിക്കുന്നതു എന്തെന്നാൽ. കുറിച്ചിറ ഉമ്മച്ചൻ ആ വിധവെക്കു ചിലവിന്നായി കൊടുത്തിരുന്ന പണം താങ്കളുടെ വിധേയം ഏൽപ്പിപ്പാൻതക്കവണ്ണം നിശ്ചയിച്ചിരിക്കയാൽ ആ പണം പറ്റികൊണ്ടു ആ വിധവയെ ബുദ്ധിമുട്ടിക്കുടാ.

തെ നല്ലപോലെ വിചാരിച്ചു കൊള്ളാമോ? അങ്ങിനെ കഴിയുമെ
ങ്കിൽ നെടുമ്പിറ പുത്തൻവീട്ടിൽ ശുദ്ധികരിച്ചു വെച്ചിരിക്കുന്ന പ
ണത്തിൽ നിന്നു കുറെച്ചിറ ഉമ്മച്ചനു കൊടുത്തു കൊല്ലക്കാരൻ മു
ലാളി അവനു എഴുതി കൊടുത്തിരിക്കുന്ന കച്ചീട്ടു വാങ്ങി കുന്നിറ
ൽ എത്തിക്കണം എന്നതു്. ഇതിനു മറുപടി അയക്കേമല്ലോ. മറുപ
ടി വന്നശേഷം കാര്യങ്ങൾക്കു ഒക്കെയും എഴുത്തയക്കാം.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ.

കുന്നിറ നിന്നും
൨൫൨൯. സെപ്: ൨൩ാം യൂസ്സൂസു യോസേഫ്
൨൦൫൮. ചിങ്ങം ൨൦

൫൨൦

എന്റെ പ്രിയ സഹോദരൻ പ്രേരിതൻ രാ. ചാണ്ടി
ബോധകക്കു എന്റെ വിശുദ്ധ ചുംബനം.

പിതൃപുത്രപരിശുദ്ധാത്മാവാം. ഇത്യാദി. "ഞാൻ നിനക്കു നൽകു
ന്ന മുലപ്പാലുകൊണ്ടു ഉപജീവിച്ചു വേഗം ബലപ്പെടണ്ടുന്നതിനു
പുലത്തൂർ ഇടവകയിലുള്ള സകല വീടുകളിലും നീ ചെന്നു എന്റെ
മകൻ കുന്നംപുറത്തു കുഞ്ഞമ്മനെ തിയേക സാത്താനായ ദോഷാ
ത്മാവു തന്റെ കാരാഗ്രഹത്തിൽ അടച്ചിരിക്കയാൽ ആ വിവരം
നീ എന്റെ എല്ലാ മക്കളോടും വിശദമായി പറഞ്ഞു ആ കാരാഗ്രഹ
ത്തിൽ നിന്നു അവനെ വിടുവിപ്പാനായിട്ടു വേണ്ടീരിക്കുന്ന വിണ്ടെടു
പ്പുത്തെ ശക്തിക്കും മനസ്സിനും തക്കവണ്ണം എന്റെ എളിയ മക്കളി
ൽനിന്നും വലിയ മക്കളിൽ നിന്നും എന്റെ പൈതങ്ങളിൽനിന്നും
വിധവമാരിൽനിന്നും അനാഥകുഞ്ഞുങ്ങളിൽനിന്നും ആബാലവൃദ്ധം
സകലരിൽനിന്നു തന്നെ നീ വാങ്ങിച്ചു ഡിവിഷ്യൻ മുതൽപിടിയി
ൽ ഏൽപ്പിക്കുന്നതു മൂലം എന്റെ നെടുവീർപ്പും മുറവിളിയും വ്യസ
നവും തീർന്നു എന്റെ ആത്മാവു സന്തോഷിക്കയും എന്റെ മക്കളു
ടെ എല്ലാവരുടെയും ശിരസ്സിന്മേൽ മുതുപവും മഹത്വമുമാകുന്ന എൻ
ഇരുകൈകളേയും വെച്ചു അവരെ ആശീർവദിക്കയും ചെയ്വാൻ തക്ക
വണ്ണം നീ ഇനിക്കു സംഗതിവരുത്തണം. അതിനു ഞാൻ നിന്നെ അ
വർക്കെല്ലാവർക്കും ഒരു പിതാവാക്കി വെച്ചിരിക്കുന്നു. എന്റെ ജീവ
ശ്വാസം നിന്നോടുകൂടെ ഇരിക്കുന്നതിനാൽ ഞാൻ നിന്നോടു കല്പിക്കു
ന്ന കാര്യത്തെ നീ ആരംഭിച്ചു പ്രവൃത്തിക്കുന്നതിനും നിനക്കു വേണ്ട
കൃപ എൻ പ്രാണനാഥനിൽനിന്നു ലഭിക്കയും ചെയ്യും" എന്നു ആത്മ
മണവാട്ടിയുടെ നാമത്തിൽ താങ്കളുടെ പാദശുശ്രൂഷക്കാരൻ.

കുന്നിറ നിന്നും
൨൦൫൮. ചിങ്ങം ൨൦ യൂസ്സൂസുയോസേഫ്.

വിശേഷിച്ചും ദശാംശം കൊടുക്കുന്നതിനെക്കുറിച്ചു ജനങ്ങൾക്കു മനസ്സിലാക്കണം. താങ്കൾ കൊടുത്തയച്ച എഴുത്തു ഇന്നലെ വന്നുചേർന്നു ഇന്നലെ രാത്രി വെളിപ്പെടുത്തപ്പെട്ടപ്രകാരമത്രേ എഴുതിയതു. കുഞ്ഞുമ്മൻജേഷ്ടനു എഴുതിയ എഴുത്തിന്റെ പകർപ്പു നിങ്ങളുടെ പക്കൽ ഉണ്ടായിരിക്കുമല്ലൊ.

൫൮൮

എന്റെ പ്രിയ സഹോദരൻ പ്രേരിതൻ വാ. കൊച്ചു കോശിബോധകക്കു എന്റെ വിശുദ്ധ ചുംബനം.

പിതൃപുത്രപരിശുദ്ധാത്മാവാം ഇത്യാദി. "വേഗം ബലപ്പെടേണ്ടുന്നതിനു കീഴക്കെ ഡിചിഷ്യൻ കായ്സ്ഥനായ എന്മകൻ പൂവത്തൂർ കുന്നംപുറത്തു കുഞ്ഞുമ്മനെ ത്രിയേകസാത്താനായ ദേവാത്മാവു തന്റെ കാരാഗ്രഹത്തിൽ അടച്ചിരിക്കയാൽ ആ വിവരം ചെങ്ങന്നൂർ, വെണ്മണി, എലന്തൂർ എന്ന സ്ഥലങ്ങളിലുള്ള എന്റെ എല്ലാ മക്കളോടും വിശദമായി പറഞ്ഞു ഇത്യാദി.

കണ്ണീരാറി നിന്നും
ഹാ ഇരു ചിങ്ങം വരെ

യു. യോസേഫ്.

൫൮൯

മറിത്തറയിലുള്ള എൻ പ്രിയ മാതാവിനു.

ഞാൻ നിങ്ങളെ എന്റെ മാതാവിനെപ്പോലെയും നിങ്ങളുടെ കുടുംബത്തെ എന്റെ കുടുംബത്തെപ്പോലെയും വിചാരിച്ചിരിക്കുന്നതിനാൽ ഇപ്പോൾ അവിടെ ഉണ്ടായ ദുഃഖവർത്തമാനം കേട്ടു നിങ്ങളോടുകൂടെ ഞാൻ സങ്കടപ്പെട്ടു കരഞ്ഞു എങ്കിലും എന്റെ ക്രിസ്തനാൽക്കു മരണം ജീവനാകയാൽ എന്റെ അനുജൻ മത്തായിക്കുട്ടിയുടെയും തൊമ്മച്ചന്റെയും മരണത്തിൽ ഞാൻ ഏറ്റവും സന്തോഷിക്കുന്നപ്രകാരം നിങ്ങളുടേതിലും സന്തോഷിപ്പാൻ ഇനിക്കു അവകാശമുണ്ടു.

പ്രിയ മാതാവെ! ഞാൻ നിങ്ങളോടു പറയുന്ന ഗുണദോഷം ധിക്കരിക്കുകയരുതെന്നു അപേക്ഷിച്ചുകൊള്ളുന്നു. ആപത്തു ഒഴിവാനുള്ള വഴി ദൈവസംസർഗ്ഗം അല്ലാതെ മറ്റൊന്നുമില്ലെന്നു നിങ്ങളറിയുന്നതിനെ തന്നെ ഞാൻ പറയുന്നു.

൧. "ഇടവിടാതെ പ്രാർത്ഥിപ്പിൻ" എന്ന വേദവാക്യത്തിലൂടെ നിങ്ങളുടെ കുടുംബത്തെ നോക്കുമ്പോൾ വളരെ കുറവു കാണുന്നു. കാലത്തും ഉച്ചെക്കും വൈകിട്ടും അർദ്ധരാത്രിയിലുമായി നാലുപ്രാവശ്യത്തിൽ കുറയാതെ കുടുംബപ്രാർത്ഥനയും ഏഴുപ്രാവശ്യത്തിൽ കുറയാതെ ര

ഹസ്യപ്രാർത്ഥനയും ന്നു അദ്ധ്യായത്തിൽ കുറയാതെ വേദവായനയും വേണ്ടുന്നതാകയാൽ ഇതു ക്രമമായി നടക്കുന്നുണ്ടോ?

൨. ഞായറാഴ്ച ശുദ്ധമായും സന്തോഷമായും ആചരിപ്പാനായിട്ടു കർത്താവിന്റെ മരണത്തെ മുൻനിർത്തുന്ന വെള്ളിയാഴ്ചയിൽ സതൃമാനസ്സാന്തരത്തിലേക്കു വന്നെത്തുവാൻ തക്കവണ്ണം കുടുംബഉപവാസം വേണ്ടുന്നതാകയാൽ ആയതുണ്ടോ? അതിനാൽ ഞായറാഴ്ചയിലുള്ള ഉയിർപ്പിൻ അനുഗ്രഹം ലഭിപ്പാൻ ഇടയുണ്ടോ? ഇക്കാര്യത്തിൽ സ്വന്തത്തിലുള്ള മറുള്ളവരെ നോക്കുണമൊ?

൩. ജഡത്തിന്നടുത്ത കൊള്ളരുതാത്തതും അശുദ്ധമണ്ണു ശുദ്ധീകരിക്കപ്പെട്ട ആത്മാവിനു ആധീനപ്പെടുവാൻ തക്കവണ്ണം (ശുദ്ധീകരണം തികയുന്നതുവരെ) ശരീരകൃത്യമായ ഭക്ഷണപാനാദികൾക്കു എല്ലാത്തിനും ഒരു നിയമം വേണ്ടുന്നതാകയാൽ ആയതുണ്ടോ?

൪. ഓരോരുത്തൻ മറുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠമുള്ളവരെന്നു വിചാരിച്ചുകൊൾവിൻ എന്നുള്ള വേദമൊഴി പ്രകാരം ആരെയും പരിഹസിക്കുന്നതു യോഗ്യമല്ലാതിരിക്കുമ്പോൾ (ആറു വർഷം നിങ്ങൾക്കു വിശ്വാസമില്ല അതിരിക്കട്ടെ) ആറു വർഷക്കാരെ നിങ്ങളുടെ കുടുംബത്തിലുള്ളവർ പരിഹാസിക്കയൊ മറു പരിഹാസക്കാരൊട്ടു കൂടെ കൂട്ടുകയൊ ചെയ്യുന്നുണ്ടോ?

കർത്താവിൻ മഹത്വപ്രത്യക്ഷതെക്കും ദൈവം ഒരുക്കിവച്ചിരിക്കുന്ന പരമസ്വസ്ഥതെക്കും അയി ഇപ്പോൾ യത്നിക്കയും കുടുംബത്തെ ക്രമപ്പെടുത്തുകയും ചെയ്യേണ്ടുന്നതാകയാൽ അതിന്നുള്ള കടമ പ്രത്യേകം നിങ്ങൾക്കാകകൊണ്ടു അതിനെ ജാഗ്രതയോടു കൂടെ നിവൃത്തിപ്പാൻ ഗുരു എഴുത്തു മൂലം നിങ്ങളെ നിർബന്ധിക്കുന്നു നീതിമാൻ കൈവിടപ്പെടുകയൊ അവന്റെ സന്തതി ഭിക്ഷയാചിക്കയൊ ചെയ്യുന്നതിനെ ഞാൻ കണ്ടിട്ടില്ല എന്ന തിരുവാക്കിൻ പ്രകാരം ദൈവം നിങ്ങളെയും കുടുംബത്തെയും ഒരുനാളും കൈവിടപ്പെടുകയോ ഉപേക്ഷിക്കയൊ ചെയ്കയില്ല.

ചാച്ചിയമ്മ മൂലം ഒരു വിശേഷ അനുഗ്രഹത്തെ ദൈവം നിങ്ങളുടെ കുടുംബത്തിൽ വച്ചിരിക്കുന്നു. എന്തെന്നാൽ ആദിത്യചന്ദ്രന്മാരുള്ള കാലത്തോളം നിലനിൽക്കുന്ന ഒരു വിശുദ്ധസന്തതിയുടെ മാതാവായിരിപ്പാൻ തക്കവണ്ണം ദൈവം തന്റെ വലത്തു കയ്യാൽ അവളെ നിങ്ങളുടെ കുടുംബത്തിൽനിന്നു എടുത്തിരിക്കുന്നു. ദൈവം അവളെയും അവളുടെ ഭർത്താവിനെയും അനുഗ്രഹിക്കട്ടെ അവളുടെ ഗർഭത്തിലെ ഫലം നിങ്ങളുടെ മടിയിൽ വളരുവാൻ ഇടവരുത്തട്ടെ.ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ മകൻ എന്ന പോലെയുള്ള

കന്നീറ്റിൽ നിന്നും
ഫ്രൂവ്വെ സെപൂ. ൭.

യൂസ്സൂസ് യോസേഫ്



എന്റെ പ്രിയമുള്ള ചാക്കൊച്ചനു എന്റെ സലാം.

താങ്കളുടെ കുടുംബസംബന്ധമായ കാര്യാദികളെക്കുറിച്ചും മറ്റും ഇനിക്കു വളരെ പരിതാപമുണ്ടു. ഞാൻ എന്തു ചെയ്യേണ്ടു? ദൈവാലോചനയെപ്പറ്റി ഞാൻ പറയുമ്പോൾ അതിനെ നിവൃത്തിപ്പാൻ തക്കവണ്ണമുള്ള വിശ്വാസപാത്രത താങ്കൾക്കു വന്നിട്ടമില്ല. എങ്കിലും താങ്കളെപ്പറ്റി ഞാൻ ആശയില്ലാത്തവനായിട്ടില്ല. എന്തെന്നാൽ ദൈവം താങ്കളെ പിടിച്ചിട്ടുണ്ടു. അതിനാൽ ഞാൻ എഴുതുന്നു. എന്റെ പ്രിയമുള്ള ക്രൂടപ്പിറപ്പെ! ഞാൻ അതിവ്യസനത്തോടു കൂടെ പറയുന്നു. കിഴക്കുനിന്നു പടിഞ്ഞാറു വരെയും വടക്കുനിന്നു തെക്കുവരെയും ഭയങ്കരമായ ഒരു കോപവാൽ തഴക്കര പുതിയ കാവു മുതലായ തെരുവുകളിൽ കൂടെ കടപ്പാനിരിക്കുന്നതിനാൽ അതിനെ ഓർത്തു ഞാൻ ഇതാ! ഉരുകിപോകുന്നു. എല്ലാ ജനങ്ങളും തങ്ങളുടെ മദ്യപാനം വ്യഭിചാരം മുതലായ ദുഷ്ക്രിയകളെ ഉപേക്ഷിച്ചു ദൈവത്തോടു ഇന്നു മുതൽ രാം ദിവസം നിലവിളിച്ചാൽ ദൈവം പക്ഷെ അനുതപിച്ചു ആ ദോഷത്തെ ലഘുവാക്കുമായിരിക്കാം. ആക്കനിയാം. അതുകൊണ്ടു രം വിവരം സകല ജനങ്ങളോടും പറവാനായിട്ടു പാനോസു മുതലായവരോടു ആത്മനിയോഗപ്രകാരം പറഞ്ഞയച്ചിട്ടുമുണ്ടു. താങ്കളും മറ്റുള്ളവരോടും ഈ വിവരം പറവാൻ കടപെട്ടിരിക്കുന്നതു മാത്രമല്ല. ഭാര്യയെയും കുഞ്ഞുങ്ങളെയും വേഗം മെഴുവേലിൽ അയച്ചുകൊള്ളണം. കുടുംബകാര്യത്തെ സംബന്ധിച്ചു എല്ലാവരുമായി സമാധാനം വരുത്തുവാൻ കഴിയാത്തപക്ഷം രാം ദിവസത്തിനകം താങ്കളും മെഴുവേലിൽ പോകേണ്ടുന്നതാകുന്നു. അതുവരെ ഉറക്കനിലവിളിയോടും കണ്ണുനീരോടുംകൂടെ ദൈവത്തോടു പ്രാർത്ഥിക്കയും ഉപവാസമായിരിക്കയും മറ്റുള്ളവരെ അനുതാപപ്പെടുത്തുവാൻ ജാഗ്രതപ്പെടുകയും ചെയ്യേണ്ടുന്നതാകുന്നു.

എന്നു താങ്കളുടെ പാദഭൃത്യശ്രൂഷക്കാരൻ

ചെറുകോൽനിന്നും
ഫാദർ ചിങ്ങം ഓനെ- } യൂസുയോസേഫ്.

തഴക്കര പുതിയകാവു മുതലായ തെരുവിൽ വിളിച്ചു പറയേണ്ടുന്ന നാശസൂചകവാചകം.

പ്രിയമുള്ള ക്രൂടപ്പിറപ്പുകളെ! വ്യഭിചാരം, മദ്യപാനം, മോഷണം, കള്ളസാക്ഷി, ദ്രവ്യസ്നേഹം, സഹോദരദ്വേഷം, വഞ്ചന, അപഹാരം, പരിഹാസം, ദൈവദൂഷണം മുതലായ യേശുന്നിയിരിക്കുന്ന ദുഷ്

ക്രിയകൾ നിമിത്തം ഈ തെരുവിൻ മ്മേൽ മഹാദൈവം തന്റെ കോപവാളെ അയപ്പാനിരിക്കുന്നതിനാൽ അതിൽനിന്നു ഒഴിവാൻ മനസ്സുള്ളവർ തങ്ങളുടെ എല്ലാ ദുഷ്പ്രവൃത്തികളെയും അശേഷം ഉപേക്ഷിച്ചു മനം തിരിഞ്ഞു അനുതാപപ്പെട്ടു കൊൾവീനോ! അനുതാപപ്പെട്ടു കൊൾവീനോ! അനുതാപപ്പെട്ടു കൊൾവീനോ!



എന്റെ പ്രിയമുള്ള പടിഞ്ഞാറെ ഡിവിഷ്യൻ കാര്യസ്ഥനും സഹ
കൂട്ടേരിക്കും പ്രേരി. യു. യാക്കോബ് ബോധകർക്കും എന്റെ
വിശുദ്ധ ചുംബനം.

ആത്മമണവാട്ടി നിങ്ങളെ തന്റെ പ്രതിനിധികളായി എണ്ണി തന്റെ മഹത്തായ ഭരം വേലെക്കു അയക്കുന്നതിനാൽ അയതിനു വേണ്ട വരം ലഭിപ്പാൻ തക്കവണ്ണം വാഴ്ത്തോട്ടം അനുഗ്രഹത്തോടും കൂടെ നിങ്ങളോടു കല്പിക്കുന്നതു എന്തെന്നാൽ

"നിങ്ങൾ മൂന്നു പേരുമായി ആട്ടും മേല്പ്രായിൽ ചെന്നു ദശാംശത്തെക്കുറിച്ചുള്ള ജീവചട്ടത്തെ ഡിവിഷ്യൻ മുതൽപിടിക്കാരനു കാണിച്ചു ആ കുടുംബത്തെ ഐക്യകുടുംബമാക്കി സഭാപുസ്തകത്തിൽ ഒരു ഭാഗത്തു ഖണ്ഡം വരച്ചു സഭാനമ്പരു മുറെക്കു ജീവപത്രികയെഴുതി കുടുംബത്തലവന്റെ പേരു വരുന്ന ഖണ്ഡത്തിൽ അയാളെക്കൊണ്ടു ഒപ്പുവെപ്പിക്കയും വേറെ കടലാസു കുത്തിപ്പിടിപ്പിച്ചു സഭാനമ്പരു മുറെക്കു ജീവവിവരപത്രിക എഴുതി സഭാമുതൽപിടിയിൽ ഏൽപ്പിക്കയും ചെയ്യേണ്ടുന്നതു ക്രമാതെ ഡിവിഷ്യൻ പുസ്തകത്തിലും ഡിവിഷ്യൻ നമ്പരു മുറെക്കു കുടുംബത്തലവന്റെ കയ്യൊപ്പോടുകൂടെ ജീവപത്രികയും ജീവവിവരപത്രികയും എഴുതിക്കൊള്ളുകയും ആ സമയം (ഇഷ്ടമുള്ളപ്രകാരം) അനുഗ്രഹപ്രാർത്ഥന കഴിച്ചു ദശാംശം എടുത്തു ഡിവിഷ്യൻ മുതൽപിടിയിലോ സഭാ മുതൽപിടിയിലോ ഏൽപ്പിക്കയും ദശാംശത്തെ കുറിച്ചുള്ള ജീവചട്ടം ഒരു വകർപ്പു എഴുതി ഇടവക കാര്യസ്ഥനു കൊടുക്കയും വേണം. ഇങ്ങനെ മേല്പ്രാ മുതൽ എല്ലാ ഇടവകയിലും നിങ്ങൾ ചെന്നു ഓരോ ഭവന വിചാരകന്റെ കീഴിലുള്ള കുടുംബങ്ങളെ ഐക്യകുടുംബമാക്കി ആ ഐക്യകുടുംബത്തിനു ഓരോ കുടുംബത്തലവനെ നിയമിച്ചു കയ്യൊപ്പോടുകൂടെ ജീവപത്രികയും ജീവവിവരപത്രികയും എഴുതി ഉണ്ടാക്കി എല്ലാ ഐക്യകുടുംബങ്ങളിലും അനുഗ്രഹപ്രാർത്ഥന നടത്തുകയും തൽക്കാലം ദശാംശം എടുപ്പാൻ കഴിയുന്ന കുടുംബങ്ങളിൽ നിന്നു അവയെ വാങ്ങിച്ചു നിശ്ചയിക്കപ്പെട്ട സ്ഥലത്തു നിക്ഷേപിക്കയും ഒരു മാസത്തിന്നകം സംഘത്തിന്റെ പൊതുപുസ്തകത്തിൽ എ

ഴുതുവാൻ തക്കവണ്ണം ഡിവിഷ്യൻമുസ്തകം സംഘത്തിൽ ഏൽപ്പിച്ചു കൊള്ളുകയും വേണം. വിരുന്നിന്റെ കായ്മും പിന്നീട നിശ്ചയിക്കുന്നതാണു്" എന്ന ആത്മമണവാട്ടിയുടെ നാമത്തിൽ നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീററി നിന്നും
ഫ്വവ്വെസെപ്ത. ഫ്വക്കു
ഫാദിര ചിങ്ങം വൻനു-

യൂസ്സൂസു യോസേഫ്.

(൨൯)

പ്രിയമുള്ള കിഴക്കെ ഡിവിഷ്യൻ മുതൽപിടി കൊച്ചിട്ടി നയിനാച്ചനും കായ്സ്ഥൻ കുന്നംപുറത്തു കുഞ്ഞുമ്മച്ചനും പകരം ആകെടിങ്ങായിട്ടു കായ്വിചാരത്തിനു നിയമിച്ചിട്ടുള്ള പഴമ്പള്ളി മങ്ങാട്ട മൂപ്പിലേക്കും എന്റെ
വിശ്വാസ ചുംബനം.

നിങ്ങളോടു പറവാനും ചട്ടംകെട്ടി അയപ്പാനും തക്കവണ്ണമുള്ള കായ്മും ഉണ്ടാകകൊണ്ടും നിങ്ങളോടു കൂടെ പ്രാർത്ഥിച്ചു നിങ്ങളുടെ വേലെക്കു വേണ്ട പ്രാപ്തി ഉണ്ടാകുവാൻ തക്കവണ്ണം ഐക്യതയിൻ വായ്മൂലം നിങ്ങളുടെ ശിരസ്സിന്മേൽ ഊതേണ്ടുന്നതാകകൊണ്ടു ഈ സമയം കഴിക്കുന്ന തിരുവത്താഴവിരുന്നിൽ നിങ്ങളും കൂടെ ഐക്യതപ്പെടേണ്ടുന്നതാകകൊണ്ടു ഈ വരുന്ന ബുധനാഴ്ച കന്നിനാനു- നിങ്ങൾ രണ്ടുപേരും ഇവിടെ വന്നുചേർന്നു കൊള്ളുകയും വേണം.

എന്നു നിങ്ങളുടെ പാദ ശുശ്രൂഷക്കാരൻ

കന്നീററി നിന്നും
ഫാദിര ചിങ്ങം വൻ

യൂസ്സൂസു യോസേഫ്.

(൨൯)

പ്രിയമുള്ള തെക്കെ ഡിവിഷ്യൻ കായ്സ്ഥനും സിക്രട്ടേരിക്കും മുതൽപിടിക്കാരനും എന്റെ വിശ്വാസ ചുംബനം

മങ്കുഴിയിൽ വച്ചു കഴിച്ച കഴിഞ്ഞ ഉപവാസത്തിനു നിങ്ങൾ വരാഞ്ഞതിനാൽ ഇനിക്കു വളരെ പരിതാപമുണ്ടു. എന്നാൽ ഇപ്പോൾ നിങ്ങളോടു പറവാനും ഇത്യാദി.

കന്നീററി നിന്നും
ഫാദിര ചിങ്ങം വൻ

യൂസ്സൂസു യോസേഫ്.



എന്റെ പ്രിയമുള്ള അന്നമ്മേക്കു

ഞാൻ നിനക്കു എഴുത്തുമൂലം ഗുണദോഷം പറയണം എന്നു വിചാരിച്ചിട്ടു ഇന്നു എട്ടു ദിവസമായി. ഞാൻ ഇന്നലെ വന്നു ഇന്നു എഴുത്തുവാൻ ഭാവിച്ചപ്പോൾ ആയിരുന്ന നിന്റെ എഴുത്തു വന്നതു. ഇനിക്കു വളരെ സന്തോഷമുണ്ടായി ദൈവം നിന്നെ ഒരിക്കലും കൈവിട്ടുകയില്ലെന്നു ഇനിക്കു നല്ല നിശ്ചയമുണ്ടു. അതുകൊണ്ടു നീ നിരാശപ്പെട്ടു പോകരുതു. ഇനിക്കു കൃപയെന്നപോലെയുള്ള എന്റെ പ്രിയമകളെ! ഞാൻ നിനക്കു പിതാവും നീ എന്റെ പുത്രിയും ആകയാൽ ഞാൻ നിന്നോടു പറയുന്ന ഗുണദോഷത്തെ തള്ളിക്കളയരുതെന്നു ഞാൻ നിന്നോടു അപേക്ഷിക്കുന്നു.

നിന്റെ ഭർത്താവിൽ ആത്മമണവാളനാകുന്ന യേശുമഹാരാജാവു വാഹനമേറിയിരിയാൽ നീ അവനെ ക്രിസ്തുയേശുവിനേപ്പോലെ വിചാരിച്ചു സന്തോഷിപ്പിക്കയും പ്രിയമായിരിക്കയും നിന്റെ ബലഹീനതകൾക്കു എല്ലാത്തിന്നും വേണ്ടി അവൻ പ്രാർത്ഥിക്കുന്നതാകയാൽ അവന്റെ സകല ബലഹീനതകളെയും നീ അശേഷം മറന്നുകളഞ്ഞു അവനോടു മനഃപൂർവ്വമായി ഇണങ്ങിക്കൊള്ളുകയും സാക്ഷാൽ നിന്റെ തള്ളയേപ്പോലെ നിന്റെ അമ്മാവിയെ വിചാരിച്ചു അവരോടു ഐക്യപ്പെട്ടു കൊൾകയും ചെയ്തു. നിനക്കു യാതൊരു ബുദ്ധിമുട്ടും ഉണ്ടാകയില്ല. ചക്രത്തിനാകട്ടെ നെല്ലിന്നാകട്ടെ തേങ്ങാ മുതലായവെക്കാകട്ടെ നിനക്കു കുറവു വരികയില്ല. ദൈവം നിന്നെ അനുഗ്രഹിച്ചു ഒരു വിശുദ്ധസന്തതിയെ നിനക്കു വൽകുകയും ചെയ്യും.

ഞാൻ പഠഞ്ഞവണ്ണം നീ പ്രവൃത്തിക്കുന്നതിനാൽ നിങ്ങളെ കുറിച്ചുള്ള എന്റെ ദുഃഖത്തെ നീ ക്ഷണം ഇല്ലായ്മയാക്കണം. നിങ്ങൾ രമ്യമായിരിക്കുന്നതല്ലൊ എന്റെ സന്തോഷം. നിങ്ങൾ പകച്ചിരുന്നാൽ ഇനിക്കു ദുഃഖമല്ലാതെ സന്തോഷമുണ്ടാകുമോ? നീ പറ്റാ വല്ലവരും വല്ലതും പറഞ്ഞുകൊള്ളട്ടെ ഞാൻ നിന്റെ ബലഹീനതകളെ ഒരു പിതാവു എന്നുള്ള മുറെക്കു അശേഷം ക്ഷമിച്ചിരിക്കുന്നു.

എന്നു നിന്റെ പിതാവു

പുത്തൻ ബംഗ്ലാവു
ഫാദിര ചിങ്ങം വൻ

യൂസ്സൂസു യോസേഫ്.



എന്റെ പ്രിയമുള്ള പരമലക്കാരൻ ഗീവറുഗീസ്സ് ജേഷ്ഠനു എന്റെ വിശുദ്ധ മുംബനം.

അവിടെനിന്നും പറഞ്ഞയച്ചവർ വന്നു വസ്തുതയൊക്കയും പറഞ്ഞു. എന്നാൽ നാളെ ഇവിടെ തിരുവത്താഴവിരുന്നു ഉള്ളതിനാലും ഈറ്റച്ചൻ ഇന്നു ഇവിടെ വരുന്നതിനാലും ഇന്നും നാളെയും ഇവിടെനിന്നു പുറപ്പെടുവാൻ ഞങ്ങൾക്കു ഇടയില്ല. ദൈവം തങ്കളുടെ സകലത്തിന്മേലും മറുപടിന്റെ അനുഗ്രഹം പൊഴിവാൻ തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതിനാൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ പരീക്ഷയാൽ തങ്കൾ ഒട്ടും ഇളകിപോകരുതു്. കാരണം തങ്കൾക്കുള്ള സകലവും കർത്താവിൻ തുക്കയിൽ ഭരമേൽപിച്ചിരിക്കുന്നു. അവയുടെ ഉടയക്കാരൻ കർത്താവും തങ്കൾ അവന്റെ ആൾപ്പേരുമത്രെ. തങ്കൾ എഴുതി വാങ്ങിച്ചിരിക്കുന്ന വസ്സുവിന്മേൽ ഏതെല്ലാം പ്രകാരത്തിൽ തങ്കൾക്കു സംബന്ധമുണ്ടോ അപ്രകാരമുള്ള സംബന്ധം കർത്താവിനു ആ വസ്സുവിന്മേൽ ഇരിക്കുന്നതിനാൽ യഥാർത്ഥപരമാർത്ഥത്തോടു കൂടിയ ആ ന്യായത്തിനു വിപരീതമായി ഒരിക്കലും അരുമാവുകൽവിക്കയില്ല എന്നു തങ്കൾ നല്ലപോലെ ഓർത്തു ഇപ്പരീക്ഷയെ ജയിക്കേണമെ. അതുകൊണ്ടു ആ വസ്സുവിനെ യഥാർത്ഥപരമാർത്ഥത്തോടു കൂടിയ ന്യായത്തെ കാണിച്ചു ഒരു എഴുത്തു തങ്കൾ ഇനിക്കയപ്പാൻ എത്രയും ആവശ്യമായിരിക്കുന്നു. അപ്രകാരം വേഗം അയക്കുമല്ലൊ. അല്ലാതെയും ആ ചെറിയ സഭെക്കു തങ്കളെ ഒരു പിതാവായിട്ടാകുന്നു ആത്മാവു നിയമിച്ചിരിക്കുന്നതു. അതുകൊണ്ടു ആത്മാവു തങ്കൾക്കു തന്നിരിക്കുന്ന ആ കുഞ്ഞിനെപ്പോലെ സഭയിലുള്ള എല്ലാവരെയും ഓർത്തു അവരുടെ ബലഹീനങ്ങളെ മറന്നുകളഞ്ഞു വല്ലതും അവിവേകമായി പറകയൊ വിചാരിക്കയൊ ചെയ്തിട്ടുണ്ടെങ്കിൽ അതിനെ ഓർത്തു ഈ എഴുത്തു വായിച്ചുടൻ കുടുംബത്തിലുള്ള എല്ലാവരുമായി പ്രാർത്ഥിക്കുകൊള്ളണം. തങ്കളുടെ ആ കായ്മും തീർത്തു എന്റെ ആത്മാവു സ്വസ്ഥതപ്പെട്ടു. നല്ല ധൈര്യമായിരുന്നുകൊള്ളണം. ശേഷം ഒക്കയും ഇവർ പറകയും ചെയ്യും.

ഏറ്റം തങ്കളുടെ പാദശുശ്രൂഷക്കാരൻ
യൂസ്സുയോസേഫ

കുന്നിറ്റിൽ നിന്നും
ഹാതിര കുന്നി നു



ഏവരത്തു കിഴക്കെ മൂപ്പിലേക്കു എന്റെ
വിശ്വാസപ്രമാണം.

താങ്കളും പരിമലക്കാരനും തമ്മിൽ ഒരു വസ്തുവിനെ തൊട്ടു ചില തർക്കമുണ്ടു എന്നും താങ്കൾ നമ്പരിടുവാൻ പോകുന്നുഎന്നും ഞാൻ കേട്ടു എന്നാൽ നിങ്ങൾ സകലവും കർത്താവിന്റെ കൈയ്യിൽ ഭാരമേല്പിച്ചിരിക്കുന്നു മുറെക്കു അവന്റെ തിരുസഭ നിങ്ങളുടെ വ്യവഹാരത്തെ കേട്ടു തീർപ്പുവരുത്തേണ്ടുന്നതാകുന്നു. അങ്ങിനെ ചെയ്‌വാൻ ഒരുവനും മനസ്സില്ലെങ്കിൽ സഭയുടെ ഐക്യതയിൽ യോജിച്ചിരിപ്പാൻ മനസ്സില്ലാ എന്നു പറയുന്നതുപോലെ ആകുന്നു ഇരിക്കുന്നതു. അതുകൊണ്ടു ആ വസ്തുവിനെ തൊട്ടു മുമ്പു താങ്കൾക്കു ഏതെല്ലാം പ്രകാരത്തിൽ സംബന്ധം എന്നും പരിമലക്കാരനു എഴുതിക്കൊടുപ്പാൻ കാരണമെന്തെന്നും എങ്ങിനെ എഴുതിക്കൊടുത്തു എന്നും ഇപ്പോൾ വസ്തു ഒഴിഞ്ഞു തരണം എന്നു താങ്കൾ കാണിക്കുന്ന ന്യായങ്ങൾ ഏതെല്ലാമെന്നും വിവരമായി വേഗം എഴുതി അയപ്പാറാകണം.

എന്നു താങ്കളുടെ പാദശുശ്രൂക്കാരൻ.

കന്നീറിൽനിന്നും } യൂസ്സുയോസേഫ്.
ഫാദർ കന്നി നു }



എന്റെ പ്രിയമുള്ള അച്ചനും ആതിക്കാട്ടു തോമാസ്സും എന്റെ വിശ്വാസപ്രമാണം.

ഒരു വസ്തുവിനെ സംബന്ധിച്ചു പരിമലക്കാരനോടു പൊലൂസന്നു വെളിപാടുണ്ടായതിനെപ്പറ്റി ചില സംശയവും അവിശ്വാസവും തർക്കവും ഭിന്നതയും സഭയിൽ ഉണ്ടായിരിക്കുന്നു എന്നു കേട്ടിരിക്കയാൽ ഉണ്ടായ വെളിപാടിനെ വിവരംപോലെ എഴുതി വേഗം കൊടുത്തയപ്പാറാകണം. അല്ലാതെയും നിങ്ങൾ അറിഞ്ഞിരിക്കുന്നപ്രകാരം ആ വസ്തുവിനെ തൊട്ടു പരിമലക്കാരനു ഏതെല്ലാം പ്രകാരത്തിൽ സംബന്ധം ഉണ്ടൊ എന്നും ഏവരത്തു കിഴക്കെമൂപ്പിലേക്കു വല്ല സംബന്ധം ഉണ്ടൊ എന്നും കൂടെ എഴുതി കൊടുത്തയപ്പാറാകണം.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറിൽനിന്നും } യൂസ്സുയോസേഫ്
ഫാദർ കന്നി നു }



എന്റെ പ്രിയമുള്ള മകൾ കുഞ്ഞേലിക്കു എന്റെ
വിശുദ്ധചുംബനം.

കൊടുത്തയച്ച എഴുത്തു വായിച്ചുകണ്ടു മനസ്സിലാകയും ചെയ്തു. ഞാൻ നിങ്ങൾക്കു ക്രിസ്തുവിൽ പിതാവാകുന്ന മുറെക്കു ഞാൻ പറഞ്ഞിട്ടുള്ളതിനെ നിങ്ങൾ കേട്ടു അനുസരിച്ചിട്ടുണ്ടെന്നും ഇനിയും അനുസരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. മറുള്ളവരുടെ സകല ബലഹീനതകളെയും അശേഷം മറന്നു വിട്ടു അവയിൽ യാതൊരു ഭാരവും മനസ്സിൽ വെച്ചുകൊള്ളാതെ എല്ലാവർക്കും നല്ല ദൃഷ്ടാന്തമായിരിക്കുന്നതല്ലൊ. ജയിച്ചുകൊണ്ടും ജയിപ്പാനായിക്കൊണ്ടും പുറപ്പെട്ടവരം. ഈ വരം നിങ്ങൾക്കുള്ളതിനാൽ നിങ്ങൾ ഈ ആയിരത്തി ഇരുനൂറ്റി അറുപതു ദിവസവും സഭയുടെ അക്രമത്തെ വാഹിച്ചുകൊണ്ടു ചാക്കുശീല ധരിച്ചുകൊണ്ടും ഭസ്മവെച്ചാൽ അരകെട്ടി ഉപവാസത്തോടും കൂടെ ഇരുന്നു പ്രാർത്ഥനയോടും കണ്ണുനീരോടും കൂടെ പാർക്കേണ്ടുന്നതാകുന്നു. നിങ്ങളുടെ കുടുംബത്തിലുള്ള എല്ലാവരും ഈ ആയിരത്തി ഇരുനൂറ്റി അറുപതു ദിവസം തികയുന്നതുവരെ അരകെട്ടി ഉപവാസമായിരിക്കണം. ഈ വരം ആശാന്റെ ഭാഗ്യക്കും ഉള്ളതിനാൽ മനസ്സുണ്ടെങ്കിൽ അവരെയും അരകെട്ടി ഉപവാസത്തിന്നായിട്ടു നിങ്ങളുടെ കുടുംബത്തോടു ചേർത്തുകൊള്ളാം. ശമുവെൽ ബോധകരുടെ ഭാഗ്യക്കും ഈ ആയിരത്തി ഇരുനൂറ്റി അറുപതു ദിവസം തികയുന്നതുവരെ അരകെട്ടി ഉപവാസത്തോടിരിപ്പാൻ ആത്മാവു അവളെ ക്ഷണിച്ചിരിക്കുന്നതുകൊണ്ടു ആ കാര്യത്തെപ്പറ്റി ഭർത്താവിനോടു ഉടമ്പടി ചെയ്യാത്തതിനാലാകുന്നു അവൾക്കു ഈ പരീക്ഷ വന്നിരിക്കുന്നതു. അവൾ വേഗം ഉടമ്പടി ചെയ്തുകൊള്ളട്ടെ. ശേഷമുള്ളവർക്കു ഈ വരം ഇല്ലാത്തതിനാൽ അവരെ ഈ കാര്യത്തിന്നായിട്ടു നിങ്ങൾ ക്ഷണിച്ചാൽ നിങ്ങൾക്കു പരീക്ഷയുണ്ടാകും. അരകെട്ടിയ ഉപവാസത്തോടു കൂടെ നിശ്ചയിക്കപ്പെട്ടസമയം വരെ നിങ്ങളും കുടുംബത്തിലുള്ള എല്ലാവരും ഇരുന്നില്ലെങ്കിൽ നിങ്ങൾക്കു പരീക്ഷ മാറുകയില്ല. ഇതു ഐക്യതയുടെ ആത്മാവിന്റെ വെളിപാടത്രെ. നിങ്ങളെക്കുറിച്ചു ഇന്നലെ രാത്രി ഇനിക്കു ഒരു ദർശനം ഉണ്ടായിട്ടുണ്ടു അതിനെപ്പറ്റി ഞാൻ ഇപ്പോൾ പറകയില്ല ഇതിനു മുപടികൊടുത്തയക്കണം.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കൊല്ലുക പുത്തൻബംഗ്ലാവു
പൂവ്വെ സെപ്പ; ൻ

യൂസ്സുയോസേഫ്

ദീനമ

കീഴക്കേ ഡിവിഷ്യൻ കാര്യസ്ഥൻ പഴമ്പള്ളിമങ്ങാട്ട
ചാക്കോച്ചനും സിക്രട്ടേറി കണ്ണയത്തു ഉമ്മൻവി
ചാരിപ്പുകാർക്കും പ്രേരിതൻ ചെമ്പകശ്ശേരി
വക്കീലിടിക്കുള്ള ബോധകർക്കും എന്റെ
വിശ്വാസ പുംബനം.

ആത്മമണവാട്ടി നിങ്ങളെ അസ്ഥിക്കു അസ്ഥിയും മാംസത്തിനു മാംസവും ജീവനു ജീവനും ആത്മാവിനു ആത്മാവുമായ തന്റെ സാക്ഷാൽ മക്കളും പ്രതിനിധികളുമായിട്ടു എണ്ണീരിക്കയാൽ തന്റെ മഹത്തായ ംരം വേലെക്കു നിങ്ങളെ അയച്ചു ആയതിനു വേണ്ട വരം ലഭിപ്പാൻ തക്കവണ്ണം വാഴ്ത്തോടും അനുഗ്രഹത്തോടും കൂടെ നിങ്ങളോടു കല്പിക്കുന്നതു എന്തെന്നാൽ "നിങ്ങൾ ആ ഡിവിഷ്യനിലെ ഇടവകയിലുള്ള എല്ലാ സഭകളിലും ചെന്നു ഓരോരോ വിചാരകന്റെ കീഴിലുള്ള കുടുംബങ്ങളെ ജീവചട്ടത്തിൽ പറഞ്ഞിരിക്കുന്നതിൻവണ്ണം ഐക്യകുടുംബമാക്കി കുടുംബത്തെയും കുടുംബത്തലവനെയും നിയമിച്ചു ഓരോരോ ഐക്യകുടുംബങ്ങളിൽ നിന്നു മനസ്സുപോലെ ദശാംശം എടുപ്പിച്ചു കാണിക്കയായി വെപ്പിക്കയും അനുഗ്രഹപ്രാർത്ഥന നടത്തുകയും തൽക്കാലം ദശാംശത്തെ സഭാമുതൽപിടിയിലോ മറ്റു വിശ്വസ്തകുടുംബങ്ങളിലോ ഏൽപ്പിക്കയും കൊടുത്തയക്കുന്ന ഡിവിഷ്യൻ പുസ്തകത്തിൽ ഡിവിഷ്യനിലെ നമ്പരു മുറെക്കു ജീവപത്രികയും ജീവവിവരപ്പത്രികയും എഴുതിക്കുന്നതു കൂടാതെ സഭാപുസ്തകത്തിലും സഭാനമ്പരു മുറെക്കു ജീവപത്രികയും ജീവവിവരപ്പത്രികയും എഴുതി ഏൽപ്പിക്കയും കുടുംബത്തലവന്റെ പേരു വരുന്ന ഖണ്ഡത്തിൽ കുടുംബത്തലവനെക്കൊണ്ടു ഒപ്പു ഇടുവിക്കയും ഇങ്ങിനെ ംരം ദിവ്യവേലയെ ഈ വരുന്ന തുലാമാസം ഒന്നു ചൊവ്വാഴ്ചെക്കകം നിവൃത്തിക്കയും ചെയ്തിട്ടു ഫാനു വെള്ളിയാഴ്ച കാലത്തു കന്നീറിൽ വന്നു ചേർന്നുകൊള്ളുകയും വേണം. എന്റെ ജീവശ്വാസം നിങ്ങളോടു കൂടെ ഇരിക്കുന്നതിനാൽ നിങ്ങൾക്കു തൽസമയത്തു വേണ്ട കൃപ കിട്ടുകയും ചെയ്യും."

എന്നു ആത്മമണവാട്ടിയുടെ നാമത്തിൽ നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും
ഫ്രുവ്വെ സെപ്തം വനുക്കു — യൂസ്തസ്യോസഫ്
ഫാദർ കന്നിൻ.



എന്റെ പ്രിയ സഹോദരൻ പ്രധാന തലവൻ കൊല്ലക്കാരൻകോശി കുഞ്ഞാക്കാണ്ട മുതലാളിക്ക് എന്റെ വിശുദ്ധ മുഖനം.

പിതൃപുത്രപരിശുദ്ധാത്മാവും ത്രിയേക ദൈവമായ സ്നേഹാത്മാവിന്റെ നിയോഗപ്രകാരം യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നീറാറി ഉണർവു സഭയാകുന്ന ആത്മമണവാട്ടി താങ്കളെ തന്റെ പ്രതിനിധിയായി ക്ഷണിച്ചിരിക്കകൊണ്ടും തന്റെ ഏകഹൃദയത്തിൽ നിന്നു വിശ്വാസവും ബുദ്ധിയുമുള്ള കലവറക്കാരനായി നിയമിച്ച ആവിവരത്തിനു താങ്കൾക്കു അധികാരപത്രം നൽകുവാൻ വിചാരിച്ചിരിക്കുന്നതുകൊണ്ടും താങ്കളോടു ആത്മമണവാട്ടി കല്പിക്കുന്നു എന്തെന്നാൽ "ഞാൻ നിന്നെ എന്റെ ഉള്ളിൽ ചേർത്തുകൊണ്ട് എന്റെ ജീവശ്വാസത്തെ നിന്റെ മേൽ ഊതീരിക്കുന്നതിനാൽ നീ എന്റെ അസ്ഥിക്കു അസ്ഥിയും മാംസത്തിനു മാംസവുമായ മകനാകുന്നു. ഞാൻ നിനക്കു നൽകുന്ന മുലപ്പാലുകൊണ്ടു ഉപജീവിച്ചു വേഗം ബലപ്പെടേണ്ടുന്നതിനു നിങ്ങൾ ജേഷ്ഠാനുജന്മാർ രണ്ടുപേരും ക്രൂടെ ഭരമേല്പിച്ചിരിക്കുന്ന നിങ്ങളുടെ സമ്പത്തു അശേഷവും പൊതുനിക്ഷേപത്തിൽ ചേർത്തു ആ നിക്ഷേപത്താലാൽ നിന്റെ പകൽ ഞാൻ ഏൽപ്പിച്ചിരിക്കകൊണ്ടു ഇത്തിമലതോപ്പിൽ ഉണ്ടാകുന്ന സകല അനുഭവംകൊണ്ടും അവിടെയുള്ള എന്റെ പുത്രന്മാർ പുത്രിമാർ ദാസന്മാർ ദാസിമാർ മുതലായവരെ യഥേഷ്ടമായി പോഷിപ്പിക്കയും തെക്കേ തോപ്പിൽ ഉണ്ടാകുന്ന അനുഭവം അവിടെയുള്ള സകല ചിലവും നീക്കിയുണ്ടാകുന്നതു പൊതുനിക്ഷേപപാത്രത്തിൽ ചേർക്കുമ്പോലൊക്കയും കണക്കു ഇനിക്കയക്കയും ചുറ്റുമുള്ള വസ്തുക്കൾ ഒക്കയും മുത്തമുതലാളി മൂലം യുക്തപോലെ പാട്ടത്തിനു പാതി വാരത്തിനൊ ഏൽപ്പിച്ചു അവിടെയുണ്ടാകുന്ന സകല ചിലവും നീക്കിയുണ്ടാകുന്നതു പണം പണമായിട്ടും നെല്ലു നെല്ലായിട്ടും പൊതുനിക്ഷേപത്തിൽ ചേർക്കുമ്പോൾ കണക്കു അയക്കയും എന്റെ ജീവബലിപ്രകാരം പൊതുനിക്ഷേപത്തിൽ നിന്നു ചിലവഴിച്ചുകൊള്ളുകയും ചെയ്യുക. പൊതുനിക്ഷേപത്തിൽ നിന്നു മുത്തമുതലാളിക്കു കൊടുപ്പാൻ നാലു ജീവബലി ഞാൻ ഇപ്പോൾ നിനക്കു അയക്കുന്നതു നിക്ഷേപപാത്രത്തിൽ സൂക്ഷിച്ചുകൊള്ളുക എന്റെ ജീവശ്വാസം നിന്നോടുകൂടെ എന്നും ഇരിക്കുന്നതിനാൽ നിനക്കു തൽസമയത്തു വേണ്ട കൃപ കിട്ടുകയും ചെയ്യും" എന്നു ആത്മമണവാട്ടിയുടെ നാമത്തിൽ താങ്കളുടെ

പാദശുശ്രൂഷക്കാരൻ

കന്നീറാറിനിന്നും

യൂസുയോസേഫ്

[illegible]

(നമ്പർ 3)



എന്റെ പ്രിയ മകൾ കുഞ്ഞുലിക്കു എന്റെ വിശുദ്ധ ചുംബനം.

ഞാൻ മുൻ കൊടുത്തയച്ച എഴുത്തിന്റെ സാരം നിങ്ങൾക്കു മനസ്സിലായില്ല. എന്നു നിങ്ങൾ ഇന്നു കൊടുത്തയച്ച എഴുത്തു വായിച്ചറിഞ്ഞതിനാൽ ഇനിക്കു മനസ്സിലായി. അതുകൊണ്ടു മുന്നെഴുത്തിനെ ഞാൻ ഇപ്പോൾ വിവരിക്കുന്നു. എന്റെ പ്രിയ മകളെ! ഞാൻ നിങ്ങൾക്കു എഴുതിയതു എന്റെ സ്വന്തത്തിൽ നിന്നല്ല. ഐക്യതയുടെ ആത്മാവിന്റെ നിയോഗപ്രകാരമാകുന്നു അതുകൊണ്ടു ആ വെളിപാടിൽ നിന്നു കുറപ്പാനൊ കൂട്ടുവാനൊ ഇനിക്കു കഴികയില്ല. ഞാൻ എന്തു ചെയ്യും? ആത്മാവു നിങ്ങൾക്കു നൽകീട്ടിരിക്കുന്ന വരം ജയിച്ചുകൊണ്ടും ജയിപ്പാനായിട്ടും പുറപ്പെടുന്നതത്രെ. ജയിക്കുഎന്നു വെച്ചാൽ തന്നിലുള്ള ത്രിയേകസ്വത്താനായ ദേഹാത്മാവിനെ ജയിക്കുഎന്നർത്ഥം. ജയിക്കാൻ പുറപ്പെടുക എന്നുവച്ചാൽ ആദാമിന്റെ മക്കളായ മറുള്ളവരിൽ വ്യാപരിക്കുന്ന ദേഹാത്മാവിനെ ജയിപ്പാൻ തുടങ്ങുക എന്നർത്ഥം. ഇങ്ങനെ ഒന്നാമതു തന്നിലും പിന്നീടു മറുള്ളവരിലും വ്യാപരിക്കുന്ന ദേഹാത്മാവിനെ ജയിക്കുണം എങ്കിൽ സ്നേഹാത്മാവിനാൽ അല്ലാതെ അതു സാധിക്കയില്ല. ആ സ്നേഹാത്മാവു നമ്മിൽ ഓരോരുത്തരിൽ വന്നു അവസിക്കുണം. എങ്കിൽ മറുള്ളവരുടെ സകല ബലഹീനതകളെയും അശേഷം മറന്നു വിട്ടു അവയിൽ യാതൊരു ഭാരവും മനസ്സിൽ വെച്ചുകൊള്ളാതെ എല്ലാവക്കും നല്ല ദൃഷ്ടാന്തമായി ഇരിക്കുന്നതിനാൽ ആകുന്നു. ഈ നല്ല ശീലം നമ്മിൽ വരണം എങ്കിൽ നമ്മുടെ പഴയ ജീവന്നിൽ ഒളിച്ചു കിടന്നുകൊണ്ടു മറുള്ളവരുടെ കുറവുകളേയും കുറ്റങ്ങളേയും നോക്കി മനസ്സിലാക്കും പഴയ പാമ്പിൻ കണ്ണിന്റെ ദോഷക്കാഴ്ച നശിക്കുണം. അങ്ങനെ വരണമെങ്കിൽ പഴയ മനുഷ്യനെക്കൊണ്ടു പ്രാർത്ഥനയും ഉപവാസവുമാകുന്ന കുരിശിനെ ചുമപ്പിക്കുണം. അതിനു അനുസരണം വരണമെങ്കിൽ സത്യവാനായിരുന്നിട്ടും വഞ്ചകനെന്നും ആത്മമയനായിരുന്നിട്ടും ഛസ്ഖുബു ഉള്ളവനെന്നും ലോകർ കൊടുത്തകത്താവിൻ ആ നല്ല നാമത്തെ സന്തോഷമായി ഏറ്റുകൊൾവാൻ തക്ക ഒരു നല്ല മനസ്സു വരണം. ഇങ്ങിനെ കുരിശു ചുമപ്പാൻ മനസ്സും അനുസരണവും വരുന്നതല്ലൊ. സഭയുടെ അക്രമത്തെ വഹിക്കുഎന്നുള്ളതു. ഇതിന്നു നാം ഓരോരുത്തനും കടംപെട്ടിരിക്കുന്നു. നാം അവനോടു കൂടെ സഹിക്കുന്നു എങ്കിൽ അവനോടു കൂടെ ഭരിക്കയും ചെയ്യും എന്നുണ്ടല്ലൊ? പ്രിയ മകളെ! നിങ്ങൾക്കും ഈ സ്വഭാവം ഉണ്ടോ? മറുള്ളവർ നിങ്ങളെ വഞ്ചകി എന്നും ദുരാ

ത്തുള്ളവൾ എന്നും പറഞ്ഞാൽ നിങ്ങൾ സന്തോഷിക്കേണ്ടുന്നതായിരിക്കുമ്പോൾ വൈരാഗ്യപ്പെടുന്നതു എന്തു? അങ്ങിനെ അവർ പറയുന്നതിനാൽ നിങ്ങൾ അങ്ങിനെ ആയിപ്പോകുമോ? എല്ലാവരും നിങ്ങളെക്കുറിച്ചു നന്മ പറയുമ്പോൾ നിങ്ങൾക്കു ഹാ! കഷ്ടം എന്നു വേദം പറയുന്നില്ലയൊ? പിന്നെ എന്തു? ആത്മാവു എന്നെ കാണിച്ചപ്രകാരം നിങ്ങളുടെ അരയിൽ ഒരു കൊടിയ ബാധയുണ്ടു. അതിന്റെ സ്വരൂപം പുറമെ ജീവൻ. അകമെ ചാക്കഴി. ഇതു നിങ്ങൾ അറിഞ്ഞിട്ടുമില്ല. ഇതുനിമിത്തമത്രെ സഹ്യത നിങ്ങൾക്കു വരാത്തതു, അത്രയുമല്ല ആ ബാധെക്കു വളരെ വിശപ്പുള്ളതിനാൽ ഭർത്താവിന്റെ ചോര കുടിച്ചും തൃപ്തിവരാതെ നിങ്ങളുടെ മകളേയും കൂടെ കുടിച്ചു ചോര കുടിച്ചുവല്ലൊ. ഈ ദുരന്നു മകളെ കുടിക്കുമെന്നു ആശാന്റെ ഭാഗ്യക്കു വെളിപാടുണ്ടായിട്ടുണ്ടു. ആ ബാധ നീങ്ങേണ്ടുന്നതിനത്രെ അരകെട്ടി ഉപവാസമായിരിക്കണം എന്നു ആത്മാവു വിധിച്ചിരിക്കുന്നതു. ഈ വിധിപ്രകാരം ഏഴാം ദിവസങ്ങൾ വരെ അരകെട്ടുന്നതിനാൽ ആ ബാധ ക്രമശാൽ നീങ്ങി ദുർവികാരം അറു സഹ്യതവന്നു ദോഷക്കാഴ്ച നശിക്കയും സ്നേഹാത്മാവു വന്നാവസിക്കയും ചെയ്യുന്നതിനാൽ നിങ്ങൾക്കു ജയം കരസ്ഥമായി തീരും. പിന്നീടു ജയിപ്പാൻ പുറപ്പെട്ടുകയും ആം. അല്ലാതെ പുറപ്പെട്ടാൽ നിങ്ങൾക്കു പരീക്ഷയുണ്ടാകും. ഇതിനാലത്രെ നിങ്ങളോടു കൂടെ മേൽപ്പറഞ്ഞ കായ്ത്തിനായിട്ടു രണ്ടുപേരെ ക്ഷണിക്കാം. മറ്റുള്ളവരെ ക്ഷണിക്കരുതെന്നു ഞാൻ പറഞ്ഞതു. ഇതിനെ ലംഘിച്ചു എഴുത്തിന്റെ സാരം അറിയാതെ വലിയമ്മയേയും ശമുവേൽ ബോധകരേയും മത്തായിയേയും ക്ഷണിച്ചതിനാൽ പരീക്ഷക്കാരൻ ഇന്നലെ രാത്രി വന്നു നിങ്ങളോടു കഴിച്ച സുദ്ധത്തെ ഓർക്കുമ്പോൾ വളരെ വ്യസനം തന്നെ. അതുകൊണ്ടു ഇനി നിങ്ങൾ ഇനിക്കു എഴുതിയാൽ മതി. ഞാൻ മറ്റുള്ളവർക്കു എഴുതിക്കൊള്ളാം. അതത്രെ നന്മ. ഇതിന മടുപടി കൊടുത്തയക്കുമല്ലൊ.

എന്നു നിങ്ങളുടെ വാത്സല്യശ്രേഷ്ഠക്കാരൻ.

കൊല്ലം പുത്തൻചന്ത. യൂസ്സുസുയോസേഫ്.
ഫെബ്രുവരി: മാസം. ഫർഹരി കന്നി ഫ



എന്റെ പ്രിയസഹോദരൻ കളീഹിൽ കീഴാറ്റിച്ചനു എന്റെ വിശുദ്ധ മുഖനാം.

ദൈവം താങ്കളേയും കുടുംബത്തേയും തന്റെ അനുദിനുള്ള പ്രകാരം മഹത്പ്രത്യക്ഷതെക്കായി വിളിച്ചു ചേർത്തിരിക്കുന്നു.

തിനാൽ ഞാൻ നിങ്ങളെ എന്റെ സ്വന്ത സഹോദരന്മാരായിട്ടും നിങ്ങളുടെ കുടുംബത്തെ എന്റെ സ്വന്ത കുടുംബമായിട്ടും നിങ്ങളുടെ കുഞ്ഞുങ്ങളെ എന്റെ കുഞ്ഞുങ്ങളായിട്ടും നിങ്ങളുടെ ഭാര്യമാർ കർത്താവിന്റെ മണവാട്ടികളാകയാൽ എന്റെ സ്വന്ത സഹോദരിമാരായിട്ടും കണ്ണിയിരിക്കുന്നു. എന്നു ത്രിയേകദൈവമായ സ്നേഹാത്മാവു സാക്ഷി. നിങ്ങളും കുടുംബം അശേഷവും ആത്മമണവാട്ടിയുടെ വകയോഗ്യപ്പെടുവാൻ ഐക്യതപ്പെടുന്നതിനാൽ അതെ എന്റെ അസ്ഥി ഒരു സസ്യംപോലെ വളരുകയും ദേഹി ആനന്ദിക്കയും ജഡം ആശ്രയത്തോടെ കൂടെ ഇരിക്കയും ചെയ്യുന്നതു. ഇക്കാര്യത്തിനായിട്ടു ഞാൻ എന്റെ ദൈവത്തോടു രാവും പകലും ഇതാ! നിലവിളിക്കുന്ന വരുവാനിരിക്കുന്ന ഭയങ്കരകോപത്തിൽനിന്നു വലിച്ചു രക്ഷിപ്പാൻ എന്റെ കുടുംബത്തിന്നു ഇനിക്ക എതു അവകാശമുണ്ടോ അതുയും അവകാശം നിങ്ങളുടെ കുടുംബത്തിന്മേലും ഇനിക്കുള്ളതിനാൽ ഞാൻ പറവാൻ പോകുന്ന ദേവാലോചനയെ അംഗീകരിച്ചു അതേപ്രകാരം പ്രവൃത്തിപ്പാൻ താങ്കളുടെ പാദങ്ങളെ എന്റെ കണ്ണുനീരാൽ കഴുകികൊണ്ടു ഞാൻ അപേക്ഷിക്കുന്നു.

ഫ. കളിൽകുടുംബം ക്രൂശാതെ ആ ഭാഗത്തു മറു മൂന്നു കുടുംബം ഉള്ളതിനാൽ അവയെ താങ്കളുടെ കുടുംബത്തോടു ചേർത്തുകൊണ്ടു കളിൽ കുടുംബത്തെ ഐക്യകുടുംബമാക്കി താങ്കൾ ആ നാലു കുടുംബത്തിന്നു കുടുംബത്തലവൻ ആയിരുന്നുകൊണ്ടു ദേവരാജ്യമായി വളരുകയും കുടുംബശുദ്ധീകരണമായ അനുഗ്രഹപ്രാർത്ഥന ഞങ്ങൾ വരുമ്പോൾ നടത്തിക്കൊള്ളുകയും ചെയ്യണ്ടതാകുന്നു.

ഫ. ഇടിക്കുളയച്ചൻ അല്ല ദിവസം എന്നോടുകൂടെ ഇരിക്കേണ്ടുന്നതാകയാൽ അവനെ മത്തായിക്കുട്ടിക്കു പകരം ഇനിക്കു സൌജന്യമായി തരേണ്ടുന്നതാകുന്നു.

ന. നിങ്ങളുടെ കുടുംബത്തിന്മേലും ഭാര്യപുത്രാദികളിന്മേലും എല്ലാ വസ്തുവിന്മേലും സകലത്തിന്മേലും തന്നെ അനുഗ്രഹം മഴയെന്നപോലെയും മഞ്ഞു എന്നപോലെയും പൊഴിവാൻ തക്കവണ്ണം പണ്ടാലകുടുംബത്തെ ആത്മമണവാട്ടിയുടെ ആരാധനസ്ഥലമായിരിക്കുന്നപ്രകാരം ആകാര്യത്തിന്നു സ്വാതന്ത്ര്യമായി കൊടുക്കേണ്ടുന്നതാകുന്നു.

ര. താങ്കളുടെ ഭാര്യയിൽ ഒരു പ്രത്യേക അനുഗ്രഹത്തെ ദൈവം വച്ചിരിക്കുന്നതിനാൽ ആത്മമണവാളൻ അവരുടെ മേൽ വാഹനമേറുവാൻ അടുത്തിരിക്കകൊണ്ടു അവരെ ശുദ്ധീകരിച്ചു പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ ഇരുത്തിക്കൊള്ളണം. അല്ലെങ്കിൽ അവരുടെ ജഡം സഹിക്കയില്ല. ജഡത്തിന്നു നൊമ്പരം ഉണ്ടാകും താനും.

ഭ. താങ്കളുടെ ഹൃദയം തുലോം ലോലമാകകൊണ്ടു താങ്കളുടെ ഹൃദയത്തിൽ വല്ലതും വിമ്മിഷ്ടം ഉണ്ടായാൽ ഉടനെ എന്റെ അടുക്കൽ

വന്നു ചേരുംകൊള്ളുന്നം. ഭരം ദേവാലോചനയെ തങ്കൽ നിവൃത്തി പ്പാൻ തക്കവണ്ണം പ്രത്യേക പ്രാർത്ഥനയോടുംകൂടെ എഴുതികൊള്ളുന്നു നിങ്ങളുടെ പാദശുശ്രൂഷകാരൻ

കന്നീറി നിന്നും
ഭവ്വെ സെ: വരുക്ക
ഭാരിര കന്നി. ഫറ

യൂസ്സൂസ് യോസേഫ്.



എന്റെ പ്രിയ സഹോദരൻ പണ്ടാല ഇടിക്കുളയച്ചന എന്റെ വിശുദ്ധ മുംബനം.

ഞാൻ നിന്നെ എന്റെ സ്വന്ത സഹോദരനായി അംഗീകരിച്ചിരിക്കയാൽ ഞാൻ പറയുന്നതിനെ ചാക്കോക്കുട്ടി മുതലായവർ കേട്ടനുസരിക്കുന്നതുപോലെ നീയും കേട്ടനുസരിപ്പാൻ ഇനിക്കു കടംപെട്ടിരിക്കുന്നു. എന്നു ഓർമ്മപ്പെടുത്തുന്നു. ഞാൻ നിന്നോടുകൂടെ ഒന്നായി സ്നേഹവാശത്താൽ കൊണ്ടിരിക്കയാൽ കെട്ടിൽ നിന്നഴിപ്പാൻ ഭൂതമാക്കാകട്ടെ, മനുഷ്യക്കാകട്ടെ, മരണത്തിനാകട്ടെ, പാതാളത്തിനാകട്ടെ, മറ്റൊരു ശക്തിക്കുമാകട്ടെ കഴികയില്ലെന്നു ഇനിക്കു കർത്താവിൽ നല്ല ധൈര്യമുണ്ട്. അതുകൊണ്ടു ഞാൻ നിന്റെ കുറവുകളേയും കുറങ്ങളേയും ബലഹീനങ്ങളേയും എല്ലാം ക്ഷമിച്ചിരിക്കുന്നതുമാത്രമല്ല അശേഷം മറന്നുമിരിക്കുന്നു. എന്നാൽ നീ നടക്കേണ്ടുന്ന കാര്യത്തെക്കുറിച്ചുള്ള ദൈവാലോചനയെ ഞാൻ നിന്നോടു പറയുന്നു.

൧. നിന്റെ ഹൃദയത്തിലുള്ള സംശയങ്ങൾ അവിശ്വാസങ്ങൾ എല്ലാം നശിച്ചു ഹൃദയം കൃപയാൽ ഉറെക്കപ്പെടുന്നതുവരെ നീ എന്നോടുകൂടെ ഇരിക്കണം. നിനക്കായിട്ടു പീലിപ്പോസു കുട്ടിയുടെ പുര ഒഴിച്ചിട്ടിരിക്കുന്നു കുടുംബത്തോടുകൂടെ നീ വേഗം വരണം.

൨. നിന്റെ കുടുംബം എന്റെ കുടുംബവും എന്റെ കുടുംബം നിന്റെ കുടുംബവും ആകയാൽ എന്റെ കുടുംബം നിനക്കു സ്വാതന്ത്ര്യമാക്കി ഇതാ! ഞാൻ തന്നിരിക്കുന്നപ്രകാരം നിന്റെ കുടുംബം ഇനിക്കു സ്വാതന്ത്ര്യമാക്കിത്തരണം. ആയതുകൊണ്ടു കൊട്ടാരക്കരയിലുള്ള എന്റെ മാതാപിതാക്കന്മാർ സഹോദര സഹോദരിമാർ എന്റെ മക്കൾ കുഞ്ഞുങ്ങൾ എന്നിവരോടുകൂടെ എന്റെ ദൈവത്തെ വന്ദിപ്പാനായിട്ടു തന്നെ.

൩. നിന്നെ ബോധകവേലെക്കായിട്ടു ദൈവം എടുത്തിരിക്കുന്നതിനാൽ കൊട്ടാരക്കര ഉപദേശിയായിട്ടു നീ ഇനി ഇരുന്നുകൂടാ. ഇരുന്നാൽ നിനക്കു പരീക്ഷയുണ്ടാകും.

൪. പക്ഷവാദത്തിന്റെ ആത്മാവിനാൽ എന്റെ ജീവനെ നിനക്കായിട്ടു എന്റെ കയ്യിൽ പിടിച്ചുകൊണ്ടു ദൈവത്തോടു പോരാടി

നിന്റെ ജീവനെ മരണത്തിന്റെ കയ്യിൽനിന്നു വീണ്ടിക്കുവാറിച്ചു കൊണ്ടു വന്നവൻ താനാകയാൽ (ആയതു ആദാമിലുള്ള പഴയ മനുഷ്യനല്ല ക്രിസ്തുവിലുള്ള പുതിയ മനുഷ്യനത്രെ) ഞാൻ നിന്റെ പിതാവും നീ എന്റെ മകനും ആകുന്നു. അല്ലെന്നു ആക്ഷേപവാൻ കഴിയും. ആയതുകൊണ്ടു ഞാൻ പറയുന്നതിനെ നീ കേട്ടു അനുസരിപ്പാൻ തക്കവണ്ണം എന്റെ ഹൃദയത്തെ ഇതാ! നിന്റെ ഉള്ളിൽ ഇപ്പോൾ പകർന്നിരിക്കുന്നു. ഈ എഴുത്തു നീ വായിക്കുന്നേരം മുതൽ നിന്റെ ഹൃദയം പരിശുദ്ധാത്മാവിൽ സന്തോഷിപ്പാൻ തുടങ്ങും. ഇതു നിനക്കു ഒരു അടയാളമത്രെ.

൩. നിന്റെ ഭാഗ്യയിൽ ദൈവം ഒരു പ്രത്യേക അനുഗ്രഹത്തെ വെച്ചിരിക്കയാൽ ആയതു വളർന്നു വരേണ്ടതിന്നു നീ അവളെ കർത്താവിൽ ശുദ്ധീകരിച്ചു കൊള്ളണം.

ഇങ്ങിനെ ദൈവാലോചനയെ ഞാൻ പറഞ്ഞിരിക്കയാൽ ആയതു കേട്ടനുസരിപ്പാൻ തക്കവണ്ണമുള്ള പ്രത്യേക പ്രാർത്ഥനയോടുകൂടെ എഴുതുന്നതു നിന്റെ പാദശുശ്രൂഷക്കാരൻ നിന്റെ സഹോദരൻ നിന്റെ പിതാവു.

കന്നീറാ നിന്നും
ഫ്രുവ്വെ സെ. വർഗ്ഗീ
ഫാദിര കന്നി ഫ്ര

യൂസൂസുയോസേഫ്.

എന്റെ പ്രിയമുള്ള കല്ലുടെക്കൽ അച്ചനും ബന്ധുക്കൾക്കും
എന്റെ വിശുദ്ധ മുംബനം.

ദൈവം നിങ്ങളെ അത്യന്തം സ്നേഹിച്ചു മഹത്വപ്രത്യക്ഷതെക്കായി വിളിച്ചു ചേർത്തിരിക്കുന്നു തന്റെ കൃപയിൻ ആത്മാവിനാൽ ഇതുവരെയും നിങ്ങളെ താങ്ങിക്കൊണ്ടു വരുന്നതുകൊണ്ടു നിങ്ങൾ രണ്ടു പേരും എന്റെ സാക്ഷാൽ സഹോദര സഹോദരിമാരത്രെ. ഞാൻ എന്റെ ജീവനെ വെച്ചു നിങ്ങൾക്കായി പക്ഷവാദം ചെയ്തിരിക്കകൊണ്ടു നാഥൻ നിങ്ങളെ ഇനിക്കു സഹോദര സഹോദരിമാരായിട്ടു നൽകിയും ഇരിക്കുന്നു. ഞാൻ നിങ്ങളെ ഇടവിടാതെ എന്റെ പ്രാർത്ഥനയിൽ ഓർത്തുകൊണ്ടു നിങ്ങളുടെ നിത്യാഭിവൃദ്ധിക്കായിട്ടു മശിഹായുടെ തിരുസന്നിധിയിൽ മദ്ധ്യസ്ഥ പ്രാർത്ഥന കഴിച്ചു വരുന്നു എന്നുള്ളതിനു ദൈവസന്നിധിയിലുള്ള നാലു ജീവജന്തുക്കളും വൃദ്ധന്മാരും അനേകായിരം ദൂതന്മാരും പതിനായിരം പതിനായിരം പരിശുദ്ധന്മാരും സാക്ഷി. അതുകൊണ്ടു എന്റെ സഹോദര! സഹോദരീ! ഞാൻ പറയുന്ന ദൈവാലോചനയെ നിങ്ങൾ ധിക്കരി

ച്ചുകളയരുതേ. ഞാൻ നിങ്ങളെ എന്റെ ഹൃദയത്തിൽ വഹിച്ചിരിക്കുകൊണ്ടു ഞാൻ പറയുന്ന വഴിയല്ലാതെ വേറെ ഒരു വഴിനിങ്ങളുടെ നന്മെക്കായിട്ടില്ലെ. ആകയാൽ.

൨മത്തു. എന്റെ സഹോദരി! അച്ചന്റെ ഹൃദയത്തിലുള്ള അവിശ്വാസം സംശയം മുതലായവ അശേഷം ഒഴിഞ്ഞുപോകേണ്ടുന്നതിന്നും ആത്മാവു സ്വാതന്ത്ര്യമായി ക്രിയ ചെയ്വാൻ ഹൃദയം വിട്ടുകൊടുക്കേണ്ടുന്നതിന്നുമായിട്ടു ൪൦ ദിവസം അദ്ദേഹം എന്നോടുകൂടെ പാർക്കണം. അതുകൊണ്ടു അദ്ദേഹം വേഗം ഇവിടെ വരേണ്ടുന്നതാകുന്നു.

൩മത്തു. തിരുരക്തത്തെ നമുക്കു നിത്യജീവന്റെ പാനീയമായിട്ടു ദൈവം കൃപയോടുകൂടെ നൽകീരിക്കയാൽ അതിന്നു വിരോധമായിട്ടു അച്ചന്റെ നാവു മൂലം പരീക്ഷക്കാരൻ വളരെ ദൂഷണം പറഞ്ഞിരിക്കുന്നതിന്നു പ്രതിക്രിയ ചെയ്വാൻ ദൈവാത്മാവു വാളെന്ന പോലെ അച്ചന്റെമേൽ വരുവാനിരിക്കുന്നതുകൊണ്ടു അദ്ദേഹം ഇങ്ങോട്ടു വന്നില്ലെങ്കിൽ സഹിക്കുന്നതിൽ അധികമായുള്ള ജഡവ്യസനം വരുവാനിരിക്കുന്നതിനാൽ ബന്ധ്യാമ്മ അദ്ദേഹത്തെ ഏതുവിധമെങ്കിലും ൨൦ ദിവസത്തേക്കു ഇവിടെ പറഞ്ഞയെക്കണം.

൪മത്തു. ജീവപാനീയത്തേയും ജീവഭക്ഷണത്തെയും നിരസിക്കുന്നവരെക്കൊണ്ടു ദൈവം മരണപാനീയത്തേയും മരണഭക്ഷണത്തെയും കൊടുത്തു കൂടിപ്പിപ്പാനും തീറ്റിപ്പാനും നിശ്ചയിച്ചിരിക്കുന്നതിനാൽ അച്ചൻ ഈ മാസം കഴിയുന്നതിന്നു മുമ്പെ ൨൦ ദിവസത്തെ ഉപവാസത്തിന്നായി കന്നീറ്റിൽ വന്നു ചേർന്നുകൊൾവാൻ കരഞ്ഞപേക്ഷിക്കുന്നു.

൫മത്തു. ൧൦ മാസം കഴിയുന്നതിന്നു മുമ്പെ ൨൦ ദിവസത്തെ ഉപവാസത്തിന്നായി കന്നീറ്റിൽ വരാതെയിരുന്നാൽ ൧൯൨൦ ദിവസം കഴിയുന്നതുവരെ അരകെട്ടി ഉപവാസം ഇരുന്നുകൊൾവാൻ പ്രതികാരത്തിന്റെ ആത്മാവു വാളെന്നപോലെ അച്ചന്റെമേൽവരും. യാതൊരു സംശയവുമില്ല. അതുകൊണ്ടു വരാതെയിരിക്കരുതേ. എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറ്റി നിന്നും
൧൯൨൦ സെ: വനക്കു
൧൦൪൫ കന്നി൧൨

യൂസ്തൂസു യോസേഫ്.



എന്റെ പ്രിയ സഹോദരൻ മുട്ടമൂട്ടിൽ അച്ചനു എന്റെ
വിശുദ്ധ മുംബനം.

ഇടിക്കളയച്ചനെ സംബന്ധിച്ചും കല്ലുടെക്കൽ അച്ചനെ സംബന്ധിച്ചും ലൂക്കോസുബോധകർ എന്നോടു പറഞ്ഞു. അവർ രണ്ടുപേരും ഇ

ങ്ങോട്ട വരുവാൻ തക്കവണ്ണം ഞാൻ എഴുതീരിക്കുന്നു. അവക്കു വേണ്ടി സഭ പ്രാർത്ഥിപ്പാൻ കടംപെട്ടിരിക്കുന്നു. അങ്ങനെ നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കുമല്ലൊ.

ഞാൻ ഇപ്പോൾ കൊടുത്തയക്കുന്ന ടശാംശത്തെക്കുറിച്ചുള്ള ജീവചട്ടത്തിൽ പറഞ്ഞവണ്ണം ഓരോ വിചാരകന്റെ കീഴിലുള്ള കുടുംബങ്ങളെ ഐക്യകുടുംബമാക്കി കുടുംബത്തലവന്മാരെ നിയമിച്ചു കൊള്ളണം. ഇതു രണ്ടാഴ്ചക്കകം കഴിക്കണം. പിന്നീടു പുസ്തകം കൊടുത്തയക്കുന്നതിനാൽ അതിൽ ജീവപത്രികയും ജീവവിവരപത്രികയും എഴുതുവാൻ തക്കവണ്ണം ആളുകളെ പറഞ്ഞയക്കുന്നതാകുന്നു. ഐക്യകുടുംബങ്ങളിലൊക്കയും അനുഗ്രഹപ്രാർത്ഥന നടത്തേണ്ടുന്നതാകയാൽ അതിന്നു ഒരു ബോധകനും ഒരു പട്ടക്കാരനും ഒരു തലവനും വേണം. ബോധകൻ പീലിപ്പോസുകുട്ടി, തലവൻ ഗൃഹസ്ഥാവു ഇവരെ രണ്ടുപേരെയും ആ കാര്യത്തിന്നായി നിയമിച്ചിരിക്കുന്നതിനാൽ ഐക്യകുടുംബമാക്കി കുടുംബത്തലവനെ നിയമിച്ചിട്ടു അവരെ വേഗം വരുത്തി അനുഗ്രഹപ്രാർത്ഥന നടത്തിച്ചുകൊള്ളണം. ആയതു നെല്ലിക്കുന്നത്തു, കൊട്ടാരക്കരയും, പെരുങ്ങള്ളൂരും തന്നെ. നീറുപ്പാക്കൽ ആശാനെ പെരുങ്ങള്ളൂരിൽ അയക്കുന്നതു എന്തു? അയാളുടെ സ്വഭാവം ഇപ്പോൾ എങ്ങനെ? വേഗം പെരുങ്ങള്ളൂരിൽ അയച്ചുകൊള്ളണം. ഈ മാസം ഉള്ളതിനെ ഐക്യകുടുംബങ്ങളിൽ ഒക്കയും അനുഗ്രഹപ്രാർത്ഥന നടത്തിക്കണം.

വിശേഷിച്ചും മുതൽപിടിയിൽ നിന്നു ചിലവു ചെയ്യുന്നതിന്നു ജീവബിൽ ആവശ്യമാകയാൽ ഏതു രൂപാസ്സും അരി മുതലായവെക്കും അവിടെ ഉള്ളതിൽ നിന്നു ചിലവഴിപ്പാൻ ആവശ്യമുണ്ടൊ? ആ വിവരത്തിന്നു കൈസ്ഥനൊ സിക്രട്ടറിയൊ മുതൽപിടിക്കാരനൊ ഇടവകപ്പട്ടക്കാരന്റെ അറിവോടുകൂടെ എഴുതയച്ചാൽ ജീവബിൽ കൊടുത്തയക്കാം. ജീവബിൽ ഇല്ലാതെ സഭാസംബന്ധമായ മുതലിൽ നിന്നു ഒരു കാര്യവോലും ചിലവഴിച്ചുകൂടാകുന്നു. ഈ സംഗതികൾക്കു ഒക്കയും ഇതിനു മട്ടുപടി അയക്കുമല്ലൊ.

കന്നീറീനിന്നും
ഹവ്വെ സെ: ഉന്നക്ക
ഠാദിര കന്നി; ഹകു

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ
യൂസ്സുയോസേഫ്.



എന്റെ പ്രിയമുള്ള വിതാവു എന്നപോലെ ഇരിക്കുന്ന കുണ്ടറ മേലെതിൽ മൂപ്പിലേക്കും സഹോദരൻ മത്തായിച്ചനും എന്റെ വിശ്വാസചുംബനം.

മൂപ്പിലെ വിചാരം "ഞാൻ ഉണ്ടർവ്വസഭക്കാരനല്ലൊ" എന്നായിരുന്നാലും ഞാൻ താങ്കളെ അങ്ങനെ വിചാരിച്ചിട്ടില്ലാത്തതിനാൽ ഞാ

ൻ ഒരു പിതാവു എന്നപോലെ എണ്ണീരിക്കുന്ന മുറെക്കു മത്തായച്ചനും അച്ചനും എന്റെ സഹോദരന്മാരത്രെ. ഞാൻ നിങ്ങളെ എന്റെ സ്വന്ത ജീവനെപോലെ സ്നേഹിച്ചിരിക്കുന്നു എന്നു ദൈവം സാക്ഷി. ഞാൻ നിങ്ങളുടെ സന്തോഷത്തിൽ പങ്കുകാരനായിരിക്കുന്നതുപോലെ ദുഃഖത്തിലും ആകുന്നു. അതുകൊണ്ടു ഞാൻ പറയുന്ന ഒടുവാലോചനയെ നിങ്ങൾ ധിക്കരിച്ചു കളയാതെ അംഗീകരിച്ചു അതേപ്രകാരം നിവൃത്തിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു.

ഈ അച്ചനെ രണ്ടു മാസം വന്നാൽ മുതൽ വരുന്ന മാസം ഫെബ്രുവരെ ഓരോ ദിവസം ഉപവാസമായിരിപ്പാൻ തക്കവണ്ണം കന്നീറിൽ അയക്കണം

ഈ മൂപ്പിന്നു കുണ്ടറപള്ളി സംബന്ധമായ യാതൊരു കാര്യത്തിലും ഏർപ്പെടാതെയിരിക്കേണ്ടതു മാത്രമല്ല എല്ലാ ബുധനാഴ്ചയും എല്ലാ വെള്ളിയാഴ്ചയും വേദവായന, പ്രാർത്ഥന, എന്നിവയോടുകൂടെ മറ്റുള്ളവരോടു അധികം സംഭാഷിക്കാതെ വീട്ടിൽ ഉപവാസമായിരുന്നു കൊള്ളണം.

നമ്മുടെ സ്ത്രീകളൊക്കയും ദിനന്തോറും നമ്മുടെ അദ്ധ്യായത്തിൽ കുറയാതെ വേദം വായിക്കുകയും ഒരു വാക്യമെങ്കിലും കാണാപാഠം പഠിക്കയും ഏഴു പ്രാവശ്യത്തിൽ കുറയാതെ രഹസ്യപ്രാർത്ഥന കഴിക്കയും കാലത്തും ഉച്ചെക്കും വൈകീട്ടും അർദ്ധരാത്രിക്കുമായിട്ടു പ്രാവശ്യത്തിൽ കുറയാതെ കുടുംബപ്രാർത്ഥന കഴിക്കയും വേണം. ഇങ്ങനെ നടത്തിക്കേണ്ടുന്നതിനു നിങ്ങൾ രണ്ടുപേരും കടം പെട്ടിരിക്കുന്നു.

ഈ ജഡക്രിയകളെ വിട്ടു ഉപേക്ഷിക്കാത്തവരുടെ ജഡത്തിന്മേൽ ദൈവം തന്റെ കോപവാളെ എത്രയും വേഗത്തിൽ അയപ്പാനിരിക്കുന്നതിനാൽ നിങ്ങൾ ഭയത്തോടും വിറയലോടും കൂടെ ഓരോരോ ദിവസങ്ങളെ ദൈവഭക്തിയിൽ കഴിച്ചുകൂട്ടേണ്ടുന്നതാകുന്നു. ഇങ്ങനെ നിങ്ങൾ നിവൃത്തിപ്പാൻ മനസ്സുവെക്കുന്തോറും ദൈവം നിങ്ങളുടെ കുടുംബത്തിന്മേൽ അനുഗ്രഹത്തെ പൊഴിച്ചുകൊണ്ടിരിക്കും ആപത്തിൽ നിന്നു കാത്തു സൂക്ഷിക്കയും ചെയ്യും.

കന്നീറിനിന്നും
ഫ്രവ്വെ സെ: വക്കെ
ഫാദ്രെ കുന്നാ: എന

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ
യൂസ്സുയോസേഫ്



എന്റെ പ്രിയമുള്ള കുണ്ടറ ഉണർവുള്ളടവകപ്പട്ടക്കാരനും കാര്യസ്ഥനും സിക്രട്ടെറി മുതൽപടി എന്നിവക്കും ഉപദേശിമാക്കും മൂപ്പന്മാക്കും സുവിശേഷകന്മാക്കും വിചാരകന്മാക്കും എന്റെ വാത്സല്യചുംബനം.

ദശാംശത്തെക്കുറിച്ചുള്ള ജീവചട്ടം ഇതിനോടു കൂടെ അയക്കുന്നു.

അതിൽ പറഞ്ഞിരിക്കുന്നപ്രകാരം ഓരോ വിചാരകന്റെ കീഴിലു
ള്ള കുടുംബങ്ങളെ ഐക്യകുടുംബമാക്കി കുടുംബത്തലവനെ കൂട്ടി
ആലോചിച്ചു നിയമിക്കയും അവിവരത്തിനു കുറിച്ചെടുത്തുകൊള്ളു
കയും ചെയ്യേണ്ടുന്നതു കൂടാതെ ഈ വരുന്ന വടക്കൻ ഉപദേശിയാ
രെ കണ്ടറയും, നല്ലായും ഉള്ള ഐക്യകുടുംബങ്ങളിലൊക്കയും കൊ
ണ്ടുപോയി അനുഗ്രഹപ്രാർത്ഥന നടത്തിക്കയും എല്ലാ ഐക്യകുടും
ബങ്ങളിൽ നിന്നും പ്രാപ്തിയും മനസ്സുംപോലെ ഉപദേശിയാക്കു ഒരു
ദായ്മ്പം കൊടുക്കയും അങ്ങനെ കൊടുത്തു ആകെത്തുക പത്തര രൂപായി
ൽ കുറഞ്ഞിരുന്നാൽ മുതൽപിടിയിൽ നിന്നു ആയതു തികച്ചു കൊടു
ത്തു സന്തോഷത്തോടു കൂടെ ഉപദേശിയാരെ മുഖത്തല അയച്ചുകൊ
ള്ളുകയും വേണം. ഇതു നിങ്ങളുടെമേൽ മുതുപമാകുന്ന അനുഗ്രഹം
പൊഴിവാനായിട്ടാകുന്നു. ഇതു ഐക്യതയുടെ ആത്മാവിന്റെ വെളി
പാടാകുന്നു. എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

യൂസ്സുയോസേഫ്

കന്നീററിനിന്നും
ഫ്വവ്വെ സെ: ഫക്കെ
ഫാരിഭ കന്നി; ഫന്നു



എന്റെ പ്രിയമുള്ള കിരിയാച്ചന്നു എന്റെ വിശുദ്ധ ചുംബനം.

ഈ വരുന്ന വടക്കൻ പേതുർ യോഹന്നാൻ ഉപദേശിയാരോടു
കൂടെ പോയി കുണ്ടറ ഇടവക ഉൾപ്പെട്ട സ്ഥലങ്ങളിൽ പല ടിക്കി
ലും പാക്കുന്ന ശൂദ്രർ മുതലായ ജാതികളുടെ വീട്ടുകളിൽ ചെന്നു നി
ത്യ സുവിശേഷം ഘോഷിക്കയും അവരുടെ മനസ്സുതിരിവിന്നായി പ്രാ
ർത്ഥിക്കയും ചെയ്തുകൊള്ളണം എന്നു ഐക്യതയുടെ ആത്മാവിന്റെ
നിയോഗപ്രകാരം താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീററിനിന്നും
ഫ്വവ്വെ സെ: ഫക്കെ
ഫാരിഭ കന്നി ഫന്നു

യൂസ്സുയോസേഫ്



കാത്തികപ്പള്ളി ഉണർവു ഇടവക കായ്സ്ഥനും സിക്രട്ടെ
റി മുതൽപിടി എന്നിവക്കും സഭാപ്രമാണികൾ മൂപ്പന്മാ
ർ എന്നിവക്കും വിചാരകന്മാർ കുടുംബത്തലവന്മാർ എ
ന്നിവക്കും എന്റെ വിശുദ്ധ ചുംബനം.

പ്രിയമുള്ള ക്രാപ്പിറപ്പുകളെ! ദൈവം എന്നെ പൂർണ്ണനാക്കേണ്ടുന്ന
തിനു ഇപ്പോൾ ഒന്നും ഇല്ലാത്തവനാക്കിയിരിക്കുന്നു. അവിടുത്തെ മു

തൽപിടിയിൽ വല്ലതും ഉണ്ടെങ്കിൽ ഈ വരുന്ന റൈട്ടർ യോഹന്നാൻ വശം ആയതു കൊടുത്തയപ്പാൻ അപേക്ഷിക്കുന്നു. ദൈവം നിങ്ങളുടെ മുതൽപിടിയെ അക്ഷയപാത്രമാക്കി തീർക്കട്ടെ.

എന്നു നിങ്ങളുടെ വാദശ്രുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും ഉവ്വെ സെപൂ: ഉവ്വക്കു ഠാരിയ കന്നി: ഉവ്വ്

യൂസ്സുയോസേഫ്

എന്റെ പ്രിയമുള്ള നെടുഞ്ചിറ ഗ്രമസ്ഥാവിനും തെക്കെ ഡിവിഷ്യൻ കായ്സ്ഥൻ കൊച്ചുകുഞ്ഞു മുതലാളിക്കും എന്റെ വിശ്വാസചുംബനം.

ചെങ്കൊളം ഉണർവു ഇടവകയിൽ മുളമൂട്ടിൽ കാർണവത്തിയുടെ ചിലവുവകെക്കു കുറിച്ചിറ ഉമ്മച്ചൻ കൊടുത്ത കലിപണം രണ്ടായിരവും ആത്മാവിന്റെ നിയോഗപ്രകാരം ഡിവിഷ്യൻ മുതൽപിടിയിൽ ശുദ്ധികരിച്ചു വച്ചിരിക്കുന്നതും അതിനെപ്പറ്റി ക്രൂരപ്പള്ളി കൊച്ചോയിച്ചനും അച്ചനും മീയണ്ണൂർ കുഞ്ഞച്ചനും ആത്മനിയോഗപ്രകാരം ഞാൻ എഴുതിയതിനു ഇതുവരെയും മറുപടി വരാതിരിക്കുന്നതും ആകയാൽ ഇനി ആ ദ്രവ്യം മുതൽപിടിയിൽ ഇരുന്നാൽ നിങ്ങൾക്കു പരിക്ഷയുണ്ടാകും. അതുകൊണ്ടു ആ ദ്രവ്യത്തെ ചെങ്കൊളം ഉണർവു ഇടവക മുതൽപിടിയിൽ ചേത്തു അതിൽനിന്നു ആ കാർണവത്തിക്കു മാസംതോറും വേണ്ട ചിലവിനു കൊടുത്തു പറ്റുചീട്ടു വാങ്ങിച്ചുകൊള്ളണം. അതിനു അവക്കു മനസ്സില്ലെങ്കിൽ അവരെ ആത്മാവു മീയണ്ണൂർ കൊന്നയ്ക്കൊട്ട കുഞ്ഞച്ചന്റെ പക്കൽ ഭരമേല്പിച്ചിരിക്കയാൽ അയാളുടെ വിധേയം ഈ ദ്രവ്യം മുതൽപിടിയിൽനിന്നു കൊടുത്തു കുഞ്ഞച്ചന്റെ തനതു വസ്തുവിൽനിന്നു ഉഭയം കഴിവാൻ തക്കവണ്ണം രജിസ്റ്റർ ആധാരംപോലെ മുതൽപിടിക്കു ആധാരം എഴുതി വാങ്ങിച്ചുകൊള്ളണം. സക്കാരിൽ പോകണ്ടാ. അതിനു കുഞ്ഞച്ചനു മനസ്സില്ലെങ്കിൽ കൊച്ചോയിച്ചന്റെ തനതു വസ്തു ഉഭയം കഴിവാൻ തക്കവണ്ണം മുതൽപിടിക്കു ആധാരം എഴുതി വാങ്ങിച്ചുകൊണ്ടു കുഞ്ഞച്ചന്റെ സമ്മതപ്രകാരം കൊച്ചോയിച്ചനു പണം കൊടുക്കണം. പാട്ടച്ചീട്ടു മുതൽപിടിക്കു വാങ്ങിച്ചുകൊള്ളുകയും വേണം.

അല്ലാതെയും തൊമ്മച്ചന്റെ അവകാശവീതത്തിൽ ഉള്ള നിലം പുരയിടങ്ങൾ ഒക്കയും ചെങ്കൊളം ഇടവക മുതൽപിടിയിൽ ഐക്യതയിന്നാത്മാവു ചേത്തിരിക്കയാൽ അവയെ ആർ അനുഭവിക്കുന്നുവോ? അവരെക്കൊണ്ടു മുതൽപിടിക്കു പാട്ടച്ചീട്ടു വാങ്ങിച്ചുകൊള്ള

ണം. ഇതു നിങ്ങൾ ഇരുപതുടെയും മറയാകയാൽ ഇതിന്നു ഒട്ടും നിങ്ങൾ ഉദാരത വിചാരിക്കരുതു്. ഇങ്ങിനെ നിവൃത്തിച്ചു ഒരു അഴ°ചെക്കകം ഇനിക്കു മറുപടി അയെക്കുകയും വേണം. എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കടമ്പനാട്ടുനിന്നും
ഫ്വവ്വെ. ഒക്തോ: ഫക്ക
ഫറൈ കന്നി ഫാം നു-

യൂസ്സുയോസേഫ°

(1826)

പ്രിയമുള്ള ക്രൂടാരപ്പള്ളി അച്ചനു എന്റെ വിശുദ്ധ മുംബനം.

ഇളയമുതലാളി അച്ചന്റെ പക്കൽ തന്നയച്ച കാതലകൾ നെട്ടഞ്ചേറി ഗ്രമസ്ഥാവിന്റെ പക്കൽ ഏൽപ്പിച്ചു ഡിവിഷ്യൻ മുതൽപാടിയിൽ മേത്തുകൊള്ളണം. ഈ എഴുത്തു ഗ്രമസ്ഥാവിനെ കാണിക്കണം. അച്ചന്റെ പക്കൽ കാതലകൾ ഇനി ഇരുന്നാൽ പരീക്ഷ മാറുകയില്ല താനും എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ.

കടമ്പനാട്ടുനിന്നും
ഫ്വവ്വെ. ഒക്തോ. ഫക്ക
ഫറൈ കന്നി ഫാം നു-

യൂസ്സുയോസേഫ°.

(1826)

എന്റെ പ്രിയസഹോദരന്മാർ പ്രേരിതൻ യേ. ശമുവേൽ ബോധകക്കും പൊതുസംഘത്തിന്റെ സിക്രട്ടേറിയായി ആത്മമണവാട്ടിയാൽ ക്ഷണിച്ചിട്ടുള്ള തലവൻ കൈതവിള കൊച്ചുകുഞ്ഞിനും തേവലക്കര സഭയിൽ ഉപദേഷ്ടാവായി നിയമിച്ചിട്ടുള്ള കുഞ്ഞുകോശിക്കും മുതൽപാടിക്കാരൻ കോരതാശാനും എന്റെ വിശുദ്ധ മുംബനം.

ആത്മമണവാട്ടി നിങ്ങളെ തന്റെ വിശ്വസ്ത ശുശ്രൂഷക്കാരായി എണ്ണിയിരിക്കയാൽ നിങ്ങൾ തേവലക്കര സഭയിലുള്ള ഐക്യകഡുംബങ്ങളിലൊക്കയും പോയിട്ടു ദശാംശത്തെക്കുറിച്ചുള്ള ജീവചട്ടത്തിൽ പറഞ്ഞിരിക്കുന്നതിനെപ്പറ്റിയും കൊടുത്തയച്ചുന്ന സഭാപുസ്തകത്തിൽ ജീവപത്രികയും ജീവവിവരപത്രികയും എഴുതി ജീവപത്രികയിൽ കുഡുംബത്തലവന്റെ കയ്യൊപ്പു വെപ്പിക്കയും അനുഗ്രഹപ്രാർത്ഥനനടത്തുകയും ചെയ്തു ഈ മാസം നാം നു- ക്കകം വിവരത്തിനു റി

പ്പോർട്ട ചെയ്യുകൊള്ളുകയും വേണം. എന്നു ആത്മമണവാട്ടിയുടെ നാമത്തിൽ നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറിൽനിന്നും
ഫ്വവ്വെ. ഒക്കോ. ക്കെ
ഫ്ഠിര കന്നി വന്നാം നാ- } യുസ്സുസുയോസേഫ്.

എന്റെ പ്രിയമുള്ള കുടുമ്പനാട്ടു ഉണർവുഇടവക പട്ടക്കാരനും കായ്സ്ഥനും ഉപദേശിയാക്കും മുതൽപിടിക്കാരനും എന്റെ വിശ്വാസചുംബനം.

ആത്മമണവാട്ടി നിങ്ങളെ തന്റെ വിശ്വസ്തശുശ്രൂഷക്കാരായി എണ്ണിയിരിക്കയാൽ നിങ്ങൾ കുടുമ്പനാട്ടു ഇടവകയിലുള്ള ഐക്യകുടുംബങ്ങളിലൊക്കയും പോയിട്ടു നിങ്ങൾക്കു എഴുതി തന്നിരിക്കുന്ന മാതൃകപ്രകാരം കൊടുത്തയച്ചുന്ന ഇടവക പുസ്തകത്തിൽ ജീവപത്രികയും ജീവവിവരപത്രികയും എഴുതി ജീവപത്രികയിൽ കുടുംബത്തലവന്റെ കയ്യൊപ്പു വെപ്പിക്കയും അനുഗ്രഹപ്രാർത്ഥന നടത്തുകയും ചെയ്തു. ഈ മാസം വ്വാം നാക്കകം വിവരത്തിന്നു റിപ്പോർട്ട ചെയ്തുകൊള്ളുകയും വേണം. എന്നു ആത്മമണവാട്ടിയുടെ നാമത്തിൽ നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറിൽനിന്നും
ഫ്വവ്വെ. ഒക്കോ: ക്കെ.
ഫ്ഠിര കന്നി വന്നാ നാ- } യുസ്സുസുയോസേഫ്.

എന്റെ പ്രിയസഹോദരന്മാർ ഇത്തിമലകൊല്ലക്കാരൻ കുഞ്ഞാക്കോണ്ടെ മുതലാളിക്കും ശമുവേൽ ബോധകക്കും കുടുമ്പനാട്ടു ഉണ്ണുണ്ണിക്കും എന്റെ വിശ്വാസചുംബനം.

നിങ്ങൾ മൂന്നുപേരും ക്രൂടെ ംരം വരുന്ന വെള്ളിയാഴ്ച കുണ്ടറെയിൽ ചെന്നു അവിടെയും നല്ലായിലും ഉള്ള സഭയിലെ കുടുംബങ്ങളെ ഐക്യകുടുംബങ്ങളാക്കി കുടുംബത്തലവന്മാരെ നിയമിച്ചു കൊടുത്തയച്ചുന്ന സഭാപുസ്തകത്തിൽ ജീവപത്രികയും ജീവവിവരപത്രികയും എഴുതി ജീവപത്രികയിൽ കുടുംബത്തലവന്റെ കയ്യൊപ്പിട്ടു വിച്ചു വടക്കൻ ഉപദേശിയാരും കിരിയാച്ചനും ക്രൂടെ അനുഗ്രഹപ്രാർത്ഥന നടത്താതെയിരുന്നാൽ ആ ഐക്യകുടുംബത്തിൽ അനുഗ്രഹപ്രാർത്ഥന നടത്തുകയും ചെയ്തിട്ടു ഞായറാഴ്ച മുഖത്തലചെന്നു അവിടെയും ഇപ്രകാരം നിവൃത്തിച്ചുവരുന്ന വഴിക്കു പെന്നാട്ടും നടത്തി

വിവരത്തിന്നു റിപ്പോർട്ട ചെയ്യുകൊള്ളുകയും വേണം എന്നു ആത്മമണവാട്ടിയുടെ നാമത്തിൽ നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറ്റിൽനിന്നും
ഫ്വവ്വെ ഒക്കോ: കെ
ഫ്ഠിര കന്നി. ഉന്ന

യൂസ്സുയോസേഫ്.

എന്റെ പ്രിയമുള്ള ആല്വവിള അച്ചന്നും ഗൃമസ്ഥാവിന്നും പ്രേരിതൻ.
പീലിപ്പോസു ബോധകക്കും എന്റെ വിശുദ്ധ ചുംബനം

ഒരോ ജോലിമൂലം ഇതുവരെയും സഭാപുസ്തകം കൊടുത്തയപ്പാൻ ഇടയായില്ല. ഇനി സമയം രണ്ടാഴ്ച വട്ടമെയുള്ളു. അതിന്നകം ചെക്കൊളം, കൊട്ടാരക്കര, എന്ന രണ്ട ഇടവകയിലുള്ള കുഡുംബങ്ങളെ ഐക്യകുഡുംബങ്ങളാക്കി കുഡുംബത്തലവന്മാരെ നിയമിക്കയും ദശാംശത്തെക്കുറിച്ചുള്ള ജീവചട്ടത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം ജീവപത്രിക എഴുതി അതിൽ കുഡുംബത്തലവന്റെ കയ്യൊപ്പിടുവിക്കയും ജീവവിവരപത്രികയും എഴുതിയുണ്ടാക്കി എല്ലാ ഐക്യകുഡുംബങ്ങളിലും അനുഗ്രഹപ്രാർത്ഥന നടത്തുകയും ചെയ്യേണ്ടുന്നതാകുന്നു. അതുകൊണ്ടു നിങ്ങൾ മൂന്നുപേരും രാവും പകലും അദ്ധ്വാനിച്ചു എല്ലാ ഐക്യകുഡുംബങ്ങളിൽനിന്നും ദശാംശം എടുപ്പിക്കയും ജീവപത്രികയും ജീവവിവരപ്പത്രികയും എഴുതിയുണ്ടാക്കി അനുഗ്രഹപ്രാർത്ഥന നടത്തുകയും ചെയ്തിട്ടു മാസം [illegible]പിറന്നു ഫാം നു- വെള്ളിയാഴ്ച കന്നീറ്റിൽവച്ചു കഴിപ്പാനിരിക്കുന്ന എന്റെ മകൻ ദാനിയേലിന്റെ വിവാഹവിരുന്നിന്നു നാം നു- വ്യാഴാഴ്ച വൈകീട്ടു നിങ്ങളുടെ കുഡുംബത്തോടുകൂടെ വന്നുചേർന്നു കൊള്ളുവാറാകണം എന്നു ആത്മമണവാട്ടിയുടെ നാമത്തിൽ നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീൽനിന്നും
ഫ്വവ്വെ. ഒക്കൊ: കെ
ഫ്ഠിര കന്നി ഉന്നാം നു-

യൂസ്സുയോസേഫ്.

തേവലക്കര ഉണർവുസഭയിൽ കാര്യസ്ഥനും മുതൽപിടിക്കാരനും സാക്രട്ടെറിക്കും ഉപദേശിയാക്കും മൂപ്പന്മാക്കും ഭവനവിചാരകന്മാക്കും കുഡുംബത്തലവന്മാക്കും എന്റെ വിശുദ്ധ ചുംബനം.

നിങ്ങൾ കൊടുത്തയച്ച എഴുത്തും വൃസ്തുകവും കണ്ടു വായിച്ചു മനസ്സിലാകയും ചെയ്തു.

അല്പം കടലാസു കത്തിവിടിച്ചു പുസ്തകമാക്കി "തേവലക്കര ഉണർവുസഭയുടെ മുതൽപിടിക്കുള്ള ജീവവിവരപത്രിക" എന്നു തലക്കെട്ടെഴുതി അതിൽ പൊന്നുരുപ്പടികളും വെള്ളിയുരുപ്പടികളും വിറവു ചക്രമാക്കി അവകളും പിരിഞ്ഞ വകയിലുള്ള രൂപാ ഫ്രം ചക്രം ഫ്രം രാശി വണം ഫ്രം ആകെ ഇത്ര എന്നും എഴുതുന്നതുകൂടാതെ മറവു സാമാനങ്ങൾക്കും കണക്കു എഴുതി സഭാമുതൽപിടിയിൽ ചേർത്തു വെള്ളി പൊൻ നീക്കിയുള്ള സാമാനങ്ങളെ കായ്സ്ഥന്റെ യുക്തംപോലെ ശുദ്ധീകരിക്കപ്പെട്ട കുടുംബങ്ങളിൽ സൂക്ഷിച്ചുകൊള്ളണം ഇപ്രകാരമുള്ള പുതിയ മുതൽപിടിയിൽ നിന്നു വേണം സഭാസംബന്ധമായ ശുശ്രൂഷക്കു ചിലവു നടത്തേണ്ടതു. പിരിഞ്ഞവകയിൽ വാതിദ്രവ്യംകൊണ്ടു തൽക്കാലം ഉപദേശിയാക്കു ചിലവു നടത്തണം. ശേഷം ഒക്കയും പിന്നാലെ.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിൽനിന്നും
ഫ്രവ്വെ ഒക്കെത്താ ഫ്രന്നുക്കു യൂസ്സുയോസേഫ്
ഫാതിര് തുലാം ഫ്രന്നു-



എന്റെ പ്രിയമുള്ള മുളമൂട്ടിൽ അച്ചനും എന്റെ
വിശ്വാസികുംബനം

ശമുവേൽ ബോധകരെ അയക്കുന്ന ദശാംശം പിരിക്കേണ്ടുന്നതിനെ സംബന്ധിച്ചും ജീവപത്രിക ജീവവിവരപത്രിക എന്നിവയെ സംബന്ധിച്ചും ദശാംശപിരിവുകളെ സഭാ മുതൽപിടിയിലും ഡാവിഷ്യൻ മുതൽപിടിയിലും പൊതുമുതൽപിടിയിലും സൂക്ഷിക്കേണ്ടുന്നതിനെക്കുറിച്ചും അവയിൽ നിന്നു ശുശ്രൂഷക്കു കൊടുക്കേണ്ടുന്നതിനെ സംബന്ധിച്ചും മറ്റും വിവരമായി പഠകയും ചെയ്യും. അപ്രകാരം നടത്തിച്ചുകൊള്ളണം.

കന്നീറ്റിൽനിന്നും എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ
ഫ്രവ്വെ ഒക്കെത്താ ഫ്രന്നു യൂസ്സുയോസേഫ്
ഫാതിര് തുലാം ഫ്രന്നാനു-



എന്റെ പ്രിയമുള്ള കൊട്ടാരക്കര ഇടവകപ്പട്ടക്കാരനും
കായ്സ്ഥന്മാക്കും എന്റെ വിശ്വാസചുംബനം.

നിങ്ങൾ കൊടുത്തയച്ച എഴുത്തിൻപടികലിപണം നന്നുവകാലും ഫ്രഞ്ച പണമിടപൊന്നും വവ്വുക്കാൽ കഴഞ്ഞു വെള്ളിയും കൊ

ണ്ടുവന്ന തന്ന. ദശാംശപ്പിരിവിന്റെ കാര്യത്തെപ്പറ്റി വടക്കെ സഭകളിലൊക്കെയും ഇപ്രകാരമാകുന്ന ചട്ടംകെട്ടിവരുന്നതു. ആയതു കുപ്പായെയുള്ള സഭയിലെ ദശാംശപ്പിരിവിനെ പത്തു ഭാഗമായി വച്ചു അവയിൽ ഒരു ഭാഗം പൊതു മുതൽപിടിയിലും ര ഭാഗം ഡിവിഷ്യൻ മുതൽപിടിയിലും ൩ ഭാഗം സഭാമുതൽപിടിയിലും സൂക്ഷിച്ചു സഭയിലെ വക ചിലവിനും ഡിവിഷ്യൻ ശ്രേഷ്ഠക്കാൾക്കും പൊതുശ്രേഷ്ഠക്കാരനും ചിലവുചെയ്യേണ്ടുന്നതാകുന്ന എന്നതിനു ആ മുറെക്ക അ ഇടവകയിലും ചട്ടംകെട്ടേണ്ടുന്നതാകുന്ന. എന്നാൽ നിങ്ങൾ കൊടുത്തയച്ചതു ഇവിടെ സൂക്ഷിച്ചുകൊള്ളുകയും ഞങ്ങൾ താമസിക്കാതെ പുതിയ വികാരശ്രേഷ്ഠക്കു അവിടെ വരികയും ചെയ്യുന്നതാകയാൽ അപ്പോൾ ചട്ടംകെട്ടിക്കൊള്ളുകയും ചെയ്യാം. ഇക്കാര്യത്തിനു യാക്കോബുമ്പാധകരെ ആകുന്ന നിയമിച്ചിരിക്കുന്നതു. വിശേഷിച്ചും പുതിയ വികാരന്ന ശ്രേഷ്ഠക്കു ഞങ്ങൾ അവിടെ വരുവാൻതക്കവണ്ണം ഉഹിച്ചിരിക്കുന്നതു മാസംപിറന്ന ക്കാനു- ശനിയാഴ്ച വൈകീട്ടു കുണ്ടറയിലും നാനു- തിങ്കൾ വൈകീട്ടു തലവൂരും ക്കാനു- ചൊവ്വാ വൈകീട്ടു കൊട്ടാരക്കരയിലും നാനു- വ്യാഴം വൈകീട്ടു തൃക്കണങ്കരയിലും ക്കാനു- വൈകീട്ടു നെല്ലിക്കുന്നത്തും വ്യാനു- ശനി വൈകീട്ടു വാളകത്തും തിങ്കൾ പെരുങ്ങള്ളൂരും എത്തണം എന്നാകുന്നു. ഇതിനെ ദൈവം നിവൃത്തിക്കട്ടെ. അല്പം ഭേദംവരുവാൻ തക്കവണ്ണം ഇടയായാൽ അയതു അപ്പോളപ്പോൾ അറിയിക്കുന്നതാകുന്നു. ഞങ്ങൾ വരുമ്പോൾ പിരിവാനുള്ളതു എല്ലാം പിരിഞ്ഞിരിക്കുമല്ലൊ. ശേഷം ഒക്കയും കാര്യസ്ഥൻ പറകയും ചെയ്യും.

എന്നു നിങ്ങളുടെ പാദശ്രേഷ്ഠക്കാരൻ

കണ്ണീറിൽ നിന്നും യൂസ്സു ദയാസേഫ്

ക്കാനു- ക്കാനു-

എന്റെ പ്രിയമുള്ള പൌലിന്നു വിശുദ്ധമുബന്നം

ഞാൻ തന്നെ എന്റെ മകൻ ദാനിയേലിനെപ്പോലെ സ്നേഹിക്കുന്നതിനാൽ ഞാൻ പറയുന്നതിനെ ധിക്കരിക്കുകയുതെന്നു അപേക്ഷിക്കുന്നു. തന്നെ സംബന്ധിച്ചു ഐക്യതയിന്നാത്മാവിൽ നിന്നു നവമ്പർ ക്കാനു- വെന്മണിയിൽവച്ചു ഉണ്ടായിട്ടുള്ള വെളിപാടുകൾ.

ക്കാമതു അബ്നേറിനെ അശായേൽ പിൻതുടർന്നതുപോലെ താൻ ഐക്യതയിന്നാത്മാവിനെ പിൻതുടർന്നതിനാൽ ആത്മാവു പിതൃസംബന്ധമായി തന്നോടു ഗുണദോഷം പറഞ്ഞു. അയതു എന്റെ ആത്മാവുള്ള എഴുത്തത്രെ. അതിൽ തൃപ്തി ഭവിക്കാതെ വീണ്ടും ആത്മാവു

നെ പിൻതുടർന്നതിനാൽ തന്റെ ശരീരത്തിന്റെ വിത്തിൽ നിന്നു ആത്മസാന്നിദ്ധ്യത്തെ ആത്മാവു തന്നിൽ ആകർഷിച്ചിരിക്കുന്നു.

പാമത്തു ആത്മസാന്നിദ്ധ്യം ആ വിത്തിൽനിന്നു പോകുന്നോരും സാത്താൻ ആ വിത്തിനെ അശേഷം തന്റെ വിത്താക്കേണ്ടുന്നതിനു തന്റെ സാന്നിദ്ധ്യത്തെ അതിൽ പകർന്നുകൊണ്ടുവരുന്നതിനാൽ ദുർമ്മോഹം വ്യഭിചാരചിന്ത കാമവികാരം ഓനാന്യപാപം എന്നിവ തന്നിൽ അധികരിച്ചുവരുന്നു.

പാമത്തു ദോഷാത്മാവു നാശത്തിന്റെ മർമ്മച്ഛേദത്തെ തന്റെ വിത്തിൽ ഇവപ്പണ്ണം കരേറിക്കൊണ്ടു വരുന്നതിനാൽ ഉണ്ടായ വികാരത്താലത്രേ ഇടിച്ചെറിയയിൽ വ്യാപിക്കുന്ന ക്രിസ്തുമാരോട്ട എതുത്തതു. അതുകാരണത്താൽ ദുരാത്മാവു തന്റെ മകനെ പിടിപ്പാനിരിക്കുന്ന എന്നു ഉപദേശിയാരുടെ നേരെ ഈപ്പച്ചനു വെളിപാടുണ്ടായി. അങ്ങിനെ വരായ്വാൻ ഞാൻ പ്രാർത്ഥിക്കണം എന്നു വെളിപ്പെട്ടു ഞാൻ പ്രാർത്ഥിക്കയും ചെയ്തു.

പാമത്തു താൻ പരീക്ഷയോട്ട കൂടെ ഇവിടെ ഇനി പാർത്താൽ താൻ പാപത്തിൽ വീഴുവാൻ തക്കവണ്ണം ഇടയാകുന്നതിനാൽ ലൂക്കോസു ബോധകരോട്ട കൂടെ താൻ അല്പദിവസം ഉപവാസമായി പാർക്കയും അതു കഴിഞ്ഞശേഷം ഒരു വിവാഹം കഴിക്കയും വേണം. അതു കഴിഞ്ഞാലെ പരീക്ഷക്കാരൻ അശേഷം മാറു. ഈ വഴിയല്ലാതെ വേറെ ഒരു വഴി തന്റെ നന്മെക്കു ആത്മാവു കാണാത്തതിനാൽ ഇതിനെ ധിക്കരിച്ചു താൻ പാണ്ടിക്കോ പരദേശത്തിനോ പോയാൽ അതു തനിക്കു ഒരിക്കലും നന്മയായിരിക്കയില്ല. തിന്മെക്കായിട്ടെ ഇരിക്കു.

എന്നു തന്റെ പാദശുശ്രൂഷക്കാരൻ
യൂസ്സുമാസേഹ്

പുത്തൻബംഗ്ലാവു
കറിയവൂക്കനു



എന്റെ പ്രിയ സഹോദരൻ ചാണ്ടിബോധകർക്കു
എന്റെ വിശുദ്ധചുംബനം.

ചിറത്താണത്തെ കുരുവിള ഉപബോധകരെ സംബന്ധിച്ചു ധ്യാനിച്ചാറെ അയാൾക്കു അല്പം പരീക്ഷയുണ്ടെന്നും ആ പരീക്ഷ നീങ്ങാതെ സഭയിൽനിന്നു അധികാരപത്രം കൊടുപ്പാൻ പാടില്ലെന്നും വെളിപ്പെട്ടിരിക്കുന്നു. അതുകൊണ്ടു അയ്യാളോട്ട പറഞ്ഞിരിക്കുന്ന പ്രകാരം വിശ്വസ്തതയോട്ടും തുഴിയോട്ടും കൂടെ ധനുമാസം കഴിയുന്നു

തുവരെ വേല ചെയ്യട്ടേ. അപ്പോൾ ആ പരീക്ഷക്കാരൻ നീങ്ങും. പിന്നീട് അധികാരപത്രം കൊടുക്കാം.

കൂപ്പിയാർ തോമ്മാ തന്റെ ഹൃദയത്തെ വിനയത്തിനാത്മാവായ ക്രിസ്തുത്മാവു ക്രിയചെയ്യാൻ തക്കവണ്ണം ഇതുവരയും വിട്ടുകൊടുക്കാതെ ലഭിച്ചിരിക്കുന്ന വീണ്ടും ജനനത്തിന്റെ ആത്മാവിനെ വളരെ ദുഃഖിപ്പിക്കുന്നതിനാൽ ദാരിദ്ര്യം അവനേയും കുടുംബത്തേയും നന്നാ ബാധിക്കും. ഐക്യതയിന്നാത്മാവിന്റെ സമ്പത്തായ ദശാംശത്തിൽ നിന്നു ലഭിക്കുന്നതായ ആഹാരം ദഹിക്കാതെയും വരും. അതുകൊണ്ട് അവനെ വരുത്തി ഈ വിവരം പറഞ്ഞു ഇനി മേലാൽ അനുസരണത്തോടു കൂടെ പറഞ്ഞതിനെ കേട്ടു നടന്നുകൊള്ളാം എന്നു ഉടമ്പടി ചെയ്യിക്കണം. നമ്മാസം താങ്കളുടെ കീഴിൽ പറഞ്ഞതിനെ കേട്ടു ജാതികൾക്കു നിത്യസുവിശേഷം അറിയിക്കട്ടെ. മറ്റുള്ളവർ ഭക്ഷണം കൊടുക്കുന്നതിനെ നന്ദിയോടു കൂടെ കൈക്കൊള്ളുന്നതു അല്ലാതെ അവരിൽ നിന്നു ഒരു കാശു പോലും വാങ്ങിച്ചുപോകരുതു. അവന്റെ ബുദ്ധിമുട്ടിന്നു മുതൽപിടിയിൽ നിന്നു സഹായിച്ചുകൊള്ളണം. അവന്റെ ഭാഗ്യക്കുവായിപ്പാൻ അറിവാൻ വഹിയാ എങ്കിൽ നമ്മാസം കൊണ്ടു വീട്ടിൽഇരുന്നു വായിപ്പാൻ പഠിക്കട്ടെ. അറിയാം എങ്കിൽ മഹാവിനയത്തോടും കൂടെ ഓരോ വീട്ടുകളിൽ ചെന്നു ഒരു അദ്ധ്യായംവായിച്ചു ആ കുടുംബത്തിന്റെ നന്മെക്കും അനുഗ്രഹത്തിന്നുമായി പ്രാർത്ഥിക്കട്ടെ.

വിധവമാരെയും പാവപ്പെട്ടവരെയും അനാഥരെയും പററി പ്രത്യേകം വിചാരിച്ചു അവരുടെ ബുദ്ധിമുട്ടുകൾക്കു വേണ്ട സഹായം സഭാമുതൽപിടിയിൽ നിന്നു ചെയ്തുകൊള്ളണം. അവക്കു ലഘുവായുള്ള ഓരോ വേല കൽപ്പിക്കയും വേണം.

വടക്കൻ ഉപദേശിയാർ അവിടെ വന്നാൽ തോമ്മായോടു കൂടെ അയാളെ ചേർത്തു അയക്കണം. സഭാമുതൽപിടിയിൽ നിന്നു അയാൾക്കു ചിലവിന്നു കൊടുത്തു എവിടെ എങ്കിലും ഒരു സ്ഥലത്തു ഭക്ഷിപ്പാൻ ചട്ടംകെട്ടി കൊടുക്കണം. അയാളെ ഒരു പരീക്ഷക്കാരൻ പിടിച്ചിരിക്കയാൽ ഒരു മാസം അവിടെ പാർക്കണം. സഭയിൽ നിന്നു ആരും ഒരുദ്യമായി ഒരു കാശുപോലും കൊടുത്തുപോകരുതു.

വിശേഷിച്ചും ബോധകന്മാർ ഏല്പിട്ടുള്ള ശുശ്രൂഷക്കാർ അല്ലാതെ ആരും സഭകളിൽ ശുശ്രൂഷിക്കരുതു. അല്ലാതെയും നമ്മുടെ സഭകളിൽ ഉള്ളവരിൽ ആരെങ്കിലും വിശ്വാസത്തിൽ ബലഹീനമുള്ളവരെ വഞ്ചിപ്പാൻ തക്കവണ്ണം വീട്ടുകളിൽ ചെന്നു ഐക്യതയിന്നാത്മാവിന്നു വിരോധമായി ഉപദേശിച്ചാൽ ആ വിവരം അറിഞ്ഞ ക്ഷണത്തിൽ സംഘത്തിൽ അറിയിച്ചുകൊള്ളണം.

പക്ഷവാദത്തിന്റെ ആത്മാവിനെ ശരിയായി പ്രാപിച്ചവക്കല്ലാ

തെ മറ്റുള്ളവക്ക് ദശാംശത്തിൽ നിന്നുള്ള ആഹാരം ദഹിക്കയില്ലെ
ന്നു സഭയിൽ പ്രസംഗിച്ചുകൊള്ളണം.

ഐകൃതയിന്നാത്മാവു താങ്കൾക്കു വേണ്ട ബുദ്ധിയേയും ജ്ഞാനത്തേ
യും നൽകി എന്നന്നേക്കും താങ്കളെ നടത്തിക്കുമാറാകട്ടെ. ജീവകൃപ
നിങ്ങളോടു എല്ലാവരോടുംകൂടെ പ്രത്യേകം താങ്കളുടെ കുടുംബ
ത്തോടുംകൂടെ എന്നും ഇരിക്കട്ടെ.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

മങ്കുഴി നിന്നും
ഫംഗിര വു: ഫന

യുസ്സസ് യോസെഫ്

(3)

എന്റെ പ്രിയമുള്ള കിഴക്കേഡിവിഷ്യൻ സിക്രട്ടെരി കണയ
ത്തു ഉമ്മൻ വിചാരിപ്പുകാക്ക് എന്റെ വാത്സല്യചുംബനം.

താങ്കൾ കൊടുത്തയച്ച എഴുത്തു കൊണ്ടുവന്ന തന്നു വായിച്ചു മന
സ്സിലാകയും ചെയ്തു. ഈ എഴുത്തിനാൽ ഇനിക്കുണ്ടായ നന്മകളെ താ
ങ്കളോടു പറയാതിരുന്നുകൂടാ. അതിനാൽ പറയുന്നു. ഈ എഴുത്തു വാ
യിച്ച ഉടൻ തന്നെ സാത്താൻ ഇനിക്കു തന്നിരുന്ന സ്വയനീതിയാകു
ന്ന നെടിയ കുപ്പായത്തെ ഞാൻ വലിച്ചുകീറി എന്നിൽ നിന്നു ഏറി
ഞ്ഞുകളകയും ഞാൻ നഗ്നനായിട്ടു നിലത്തു വീണു എന്റെ പരമാ
ത്മാ ആസകലം തിരുമുമ്പിൽ ബോധിപ്പിച്ചു ദൈവത്തെ സ്തു
തിക്കയും ചെയ്തു. അയ്യത്ത ഇപ്രകാരം തന്നെ. ഞാൻ അകൃത്യ
ത്തിൽ അകൃതിപ്പെട്ട പാപത്തിൽ എന്റെ മാതാവു എന്നെ ഗർഭം
ധരിച്ചു. പാതകനായി ജനിച്ചു. സാത്താന്റെ മൂത്തമകനായി
ജീവിച്ചു. അയ്യത്ത മാതാപിതാക്കന്മാർക്കു അനുസരണമില്ലാതെയും
കള്ളം പറഞ്ഞും മോഷ്ടിച്ചും പുരുഷസംഗം ചെയ്തും അവലക്ഷണമായി
പ്രവൃത്തിച്ചും ബീജത്തെ ഭൂമിയിൽ ഒക്കയും ചിതറിച്ചും നാറിച്ചും
നടന്ന എന്റെ കാമവികാരത്താൽ വല സ്ത്രീകളേയും അശുദ്ധിപ്പെടു
ത്തിയത്തു മാത്രമല്ല എന്റെ മാതാവെന്നപോലെയുള്ള സ്ത്രീയെയും അ
ശുദ്ധിപ്പെടുത്തി കൊടിയചണ്ഡാളനും ശപിക്കപ്പെട്ടനാശത്തിൻപു
ത്രനായിട്ടു തന്നെ. ഇപ്രകാരം ഞാൻ ജീവിച്ചിരുന്നപ്പോൾ നീ ഇനി
ക്കു നിന്റെ പരിശുദ്ധ പുത്രനെ കാണിക്കയും ജ്ഞാനസ്നാനം മൂലം നി
ന്റെ പൊന്നു മക്കളുടെ കൂട്ടത്തിൽ ഈ അശുദ്ധനേയും ചേത്തു കൊ
ണ്ടുവല്ലൊ. എന്നിട്ടും ഞാൻ എന്റെ പാത്രത്തെ അപമാനമായിഅനു
ഭവിക്കയും ദ്രവ്യാഗ്രഹമുള്ളവനായി വഞ്ചന പ്രവൃത്തിക്കയും വീണ്ടുംബീ
ജത്തെ ചിതറിച്ചു കളഞ്ഞു ഭൂമിയെ അശുദ്ധിപ്പെടുത്തുകയും ചെയ്തു.
അല്ലാതെയും എന്റെ ഹൃദയത്തെ വല ദോഷങ്ങൾക്കായിട്ടും വിട്ടു
കൊടുത്തു സ്വയനീതിയിലും മറ്റുള്ളവരെ കുറ്റം വിധിക്കുന്നതിലും

താല്പര്യപ്പെട്ടും പരിഹാസം, നിന്ദ, നിശ്ശേഷം മുതലായ വിഷയങ്ങളിൽ ഉരുന്നതിനും പുച്ഛം വേഷധാരിയായി ജീവനം ചെയ്യ ഇരുന്നപ്പോൾ അല്ലൊ ഈ കൊടിയ പാതകനിൽ നിന്നെറ ഉണ്മവിനെ വീണ്ടും തന്നതു. അതു മാത്രമോ? നീ എന്നെ അടിച്ചിട്ടും ഞാൻ ഉണരാതെ ജഡമോഹങ്ങളിലും കണ്ണിൻ മോഹങ്ങളിലും ആയുസ്സിന്റെ വൻപിലും നടന്ന മദിച്ചിരുന്നപ്പോൾ അല്ലയൊ നിൻ ആറാണ്ടിൻ ദൂതനെ അയച്ചു നിൻ പൊന്നാത്മാവിനെ ഈ അരിഷ്ടപാപിക്കു തന്നതു. ഇനി ഞാൻ നിന്നെറ തിരുമുമ്പാകെ എന്തു പറയേണ്ടു? നിന്നെറ മക്കളുടെ കാഷ്ടത്തെ മുമന്നകളുവാനോ അവരുടെ ഒടിക്കൂഴി നന്നാക്കുവാനോ ഈ പാപിക്കു പാത്രതയില്ലാതിരുന്നിട്ടും ഞാൻ എന്നെ തന്നെ ഉയത്തി നിന്നെറ സിംഹാസനത്തെ കറപ്പെടുത്തിയ പാതകനാകുന്നെ ഇപ്പോഴും. ഇന്നലയും ക്രൂടെ സാത്താൻ ഇപ്പോഴിയെ അശുദ്ധിപ്പെടുത്തി. എന്നാറയും ഈ അരിഷ്ടപാപിയിൽ നിനക്കുള്ള തോന്നി എന്നെറ പഴയ വസ്ത്രത്തെ ഇപ്പോൾ കീറിക്കളുവാനും എന്നെ ഒന്നുമില്ലാത്തവനായി ഞാൻ കാണ്മാനും നിന്നെറ പൊന്നുമക്കളെ നിന്നെറ സ്വരൂപത്തിൽ എന്നും കണ്ടു അവരുടെ പാദത്തിന്റെ ധൂളി നക്കിക്കൊണ്ടു അവക്കു ശുശ്രൂഷിപ്പാൻ തക്കവണ്ണം നിന്നെറ പൊന്നുവസ്ത്രം അതെ മേലിൽ നിന്നു താഴത്തോളും തൊപ്പുകൂടാതെ നെയ്യപ്പെട്ട നിന്നെറ തുക്കുപ്പായം തന്നെ ഞാൻ ധരിക്കേണ്ടുന്നതിനു ഇനിക്കു ഇപ്പോൾ ചിട്ടിയിട്ടു വന്നിരിക്കയാൽ നിന്നെറ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ. ഞാൻ എന്നും നിന്നെറ മക്കളുടെ പാദശുശ്രൂഷക്കാരനും അവരുടെ പാദപീഠവും ആകുന്നു. ആമേൻ. ആമേൻ. ആമേൻ.

ബോധകന്മാർ ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട ഒരുമ്പെടുമാരാകയാൽ അവരോടു ക്രൂടി എന്നും ദൈവസാന്നിദ്ധ്യമുണ്ടു. നിശ്ചയം. നിശ്ചയം. നിശ്ചയം.

ദീർഘദർശനാത്മാവുള്ള ആ കൊച്ചുപെണ്ണു എന്നെറ മകളാകയാൽ അവളുടെ ആത്മാവു ജ്വലിച്ചു പ്രകാശിക്കേണ്ടതിനു അല്പനാൾ അവൾ എന്നോടു ക്രൂടെ പാർക്കണം. മണവാളന്റെ ആത്മാവു അവളോടു ക്രൂടെ ഇരിക്കുന്നതിനാൽ അവൾക്കു ഇപ്പോൾ ശരീരഉപവാസത്തിനു ആവശ്യമില്ല. അവളെ സാത്താൻ കീറിക്കളുവാൻ തക്കവണ്ണം ഭാവിച്ചിരിക്കുന്നതുകൊണ്ടു ധനുമാസം നാലാംനു- വരെ പുത്തൂർ ചാത്തുയച്ചന്റെ വീട്ടിലും മകരഴി ഉപവാസം കഴിഞ്ഞിട്ടു അല്പദിവസം കന്നീറിലും അവൾ ഇരിക്കേണ്ടതായുന്നു. ഇങ്ങനെ ഈശ്വരച്ചന്നു ഇന്നു വെളിപ്പെട്ടു.

താങ്കൾ ഒന്നുകൊണ്ടും അധൈര്യപ്പെട്ടുപോകയോ നിരാശപ്പെട്ടുപോകയോ ചെയ്യരുതു. കത്താറു താങ്കളേയും കുടുംബത്തേയും ആപാവപ്പെട്ട സഭയേയും പ്രത്യേകമായി അനുഗ്രഹിച്ചിരിക്കുന്നു. ദിവ്യ

സമാധാനം നിങ്ങൾക്ക എല്ലാവക്കും ഉണ്ടായിരിക്കുമാറാകട്ടെ. ഈ
കുഴത്തു സഭയിൽ വായിച്ചു കേൾപിക്കണമെന്നു കത്താവിന്റെ
നാമത്തിൽ അപേക്ഷിക്കുന്നു

എന്നു താങ്കളുടെ പാദത്തുശ്രൂഷക്കാരൻ
യൂസ്സൂസു യോസേഫ്

അഞ്ചേരിനിന്നും
ഫർദ്ദർ വ്യൂഷ്യർ: മഠത്തിൽ

എന്റെ പ്രിയമുള്ള കിഴക്കെ ഡിവിഷ്യൻ കായ്സ്ഥൻ മങ്ങാട്ട
ചാക്കോച്ചനും മുതൽപിടി കുരുന്തോട്ടികൽ കൊല്ലക്കാര
ൻ കൊച്ചിട്ടിനയിനാച്ചനും എന്റെ വിശ്വാസ
മുംബനം.

നിങ്ങൾ കിഴക്കെ ഡിവിഷ്യനിലുള്ള ഓരോ സഭകളിൽ ചെന്നു
സഭാശ്രൂശ്രൂഷക്കാർ രോഗപ്പെട്ടവർ അശതികൾ അനാഥർ ഒന്നുമി
ല്ലാത്ത വിധവമാർ എന്നിവക്ക ദശാംശപ്പിരിവിൽ നിന്നു ബുദ്ധിമുട്ട
കൽക്ക സഹായിപ്പാൻ തക്കവണ്ണം സഭാമദ്ധ്യന്മാരോടു പറയുന്നതു
കൂടാതെ ആ കായ്ത്തെക്കുറിച്ചു പ്രത്യേകം അന്വേഷിച്ചു തക്കയോ
ഗ്യം പോലെ ചട്ട കെട്ടുകയും വേണം. അല്ലാതെയും ദശാംശവക
യിൽ നിന്നു ഉപജീവിക്കുന്ന എല്ലാവരും തങ്ങളേയും തങ്ങൾക്കുള്ള
സകലത്തെയും കർത്താവിന്നു ഭരമേല്പിച്ചവരായിരിക്കണം. എന്നും അ
വക്ക ഉറ്റ ആഹാരം ദഹിക്കുമെന്നും നിങ്ങൾ ഗ്രഹിച്ചുകൊണ്ടിരു
ന്നുകൊള്ളുന്നു. പിന്നെയും ഡിവിഷ്യൻ ശ്രൂശ്രൂഷക്കാരോ പൊതു ശ്രൂശ്രൂഷ
ക്കാരോ ആരെങ്കിലും സഭയിൽ വന്നാൽ ദശാംശപിരിവിൽ നിന്നു
അവക്ക ഭക്ഷണം ഒരുങ്ങി കൊടുപ്പാൻ തക്കവണ്ണവും ചട്ടം കെട്ടണം.
വിശേഷിച്ചും ചിലവു ചെയ്യുന്ന വകെക്ക കണക്ക എഴുതിക്കൊൾവാ
ൻ പറയണം. അധികം താമസിയാതെ ജീവബലി അയക്കയും
ചെയ്യാം എന്നു നിങ്ങളുടെ പാദത്തുശ്രൂഷക്കാരൻ

യൂസ്സൂസു യോസേഫ്.

കന്നീറ്റി നിന്നും
ഫർദ്ദർ വ്യൂഷ്യർ വാഴക്കുന്നു

ഐക്യതയിന്നാത്മാവിന്റെ നിയോഗം.

മാമ്മൻ. പിതാവിനുടയശ്രൂക്രിസ്തു ഏകജാതനായ പുത്രൻ ആയിരി
ക്കുന്ന പ്രകാരം ഉഭയതത്വവും ഏക മുത്തിയുമുള്ള പുണ്യമനുഷ്യൻ ചേ

ശ്ലൂക്രിസ്തുവിന്റെ ഏകജാതനായ പുത്രനാകുന്നു. അവൻ തന്നെ സഭയുടെ ആദ്യജാതനായ പുത്രൻ.

൨ാമതു. ആ പുണ്യമനുഷ്യനാകുന്ന ഉണർവു സഭയിലെ പാപമോചനം മുതലായ ശുശ്രൂഷയെ നിവൃത്തിച്ചു സകലരുടെയും പാപത്തെ വഹിച്ചുകൊണ്ടു പക്ഷവാദം ചെയ്കയും മരിച്ചടക്കപ്പെട്ടു പാതാളത്തിൽ ഇറങ്ങി തിരികെ ഉയിർത്തതും.

൩ാമതു. ആ പുണ്യമനുഷ്യന്റെ ഉയിർപ്പിൻ ശരീരമാകുന്ന ജീവശുദ്ധീകരണപ്രാർത്ഥനയാൽ ശുദ്ധീകരിക്കപ്പെട്ട അപ്പം.

കന്നീററി
ഹവുൻ.ടെ സപ്പു: ഹക്കു
ഹറൊദ. കന്നി ഡന്നു-

നീരാവ

എന്റെ പ്രിയമുള്ള നയിനാച്ചനു എന്റെ വിശുദ്ധ
സ്നാനം.

ഈ മാസം ൨൯നാം-മുതൽ നമ്മുടെ ദിവസം മങ്കുഴിയിൽ സംഘം കൂട്ടുവാൻ തക്കവണ്ണം നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളാകുന്നു. അതിനു ക്ഷണിക്കപ്പെട്ടവർ ബോധകന്മാർ അച്ചന്മാർ തലവന്മാർ എന്നിവരത്രെ. ക്ഷണിക്കപ്പെട്ടവർ മാത്രം സംഘത്തിൽ ഉൾപ്പെടേണ്ടുന്നതല്ലാതെ മറുള്ളവക്കു ഉൾപ്പെട്ട കൂടാ. അനേക രഹസ്യ സംഗതികൾ ഉപദേശരൂപമായി വെളിപ്പെട്ട പ്രസിദ്ധപ്പെടുത്തുവാനുണ്ടു. അതിനു തക്ക സ്ഥലം വേണ്ടുന്നതുമാകുന്നു. അനേകർ വന്നുകൂട്ടം താനും. ക്ഷണിക്കപ്പെട്ടവക്കു മാത്രമെ ഭക്ഷണം ഒരുങ്ങിക്കൊടുക്കാവു. മറുള്ളവർ എത്ര പാവപ്പെട്ടവരായിരുന്നാലും വലിയവരായിരുന്നാലും കൊടുത്തു കൂടാ. നമ്മുടെ ഡിവിഷനിൽനിന്നും ഓരോരോ ദിവസത്തെ ചിലവുനടത്തേണ്ടതും ആകുന്നു. ആകപ്പാടെ ഇരുപത്തിരണ്ടു ശുശ്രൂഷക്കാർ ൧൦പേർ മറുള്ളവർ മൂന്നു ദിവസവും പൊതുസ്ഥലത്തു വന്നുകൂടുന്നു. അവിടെ പ്രത്യേക ആരാധനയെ ഒള്ളു. പൊതുആരാധനയില്ല. ഇപ്രകാരം ഒക്കെയും കഴിയുന്നതുപോലെ യാക്കോബുകുട്ടിയുമായി ആലോചിച്ചു ചട്ടം കെട്ടണം ഞാൻ വരുന്ന ഞായറാഴ്ച എങ്കിലും തിങ്കളാഴ്ച എങ്കിലും വന്നുചേരും.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീററി നിന്നും
ഹറൊദ. ധന്നു ഡന്നു-

യൂസ്സു യോസേഫ്.

എന്റെ പ്രിയമുള്ള പൗലിനും തോമാസിനും
ആഗാമിനും സലാം

നിങ്ങൾ കൊടുത്തയച്ച എഴുത്തിനെ സംബന്ധിച്ചു വിചാരിക്കയും ധ്യാനിക്കയും പ്രാർത്ഥിക്കയും ചെയ്തശേഷം ഉണ്ടായിട്ടുള്ള ദൈവാലോചനയെ എന്നാൽ കഴിയുന്നതുപോലെ ഞാൻ നിങ്ങളോടു അറിയിച്ചു എങ്കിലും നിങ്ങൾ അതിനെ ധിക്കരിച്ചുകളഞ്ഞതിനാൽ ഞാൻ ഒഴിവുള്ളവനാകുന്നു.

എന്നാലോ നിങ്ങളും നിങ്ങളുടെ മാതാപിതാക്കന്മാരും കുഞ്ഞുങ്ങളും വടക്കു നിന്നു വന്നാൽ മുതൽ എന്റെ സ്വന്ത കുടുംബംപോലെ നിങ്ങളെ എണ്ണി എന്നാലാകുംവണ്ണം നിങ്ങൾക്കു സഹായിച്ചുവന്നതു എന്റെ വീണ്ടെടുപ്പുകാരനായ ദൈവത്തിന്നു നിങ്ങളെ ഒരു വിശുദ്ധകാഴ്ചയായി യെശ്ശേടുന്നതിനാകുന്നു. അതിന്നുള്ള സമയം വന്നപ്പോൾ ആകായ്മയായ ഫലം കണ്ടിരിക്കയാൽ ഇന്നിക്കു പെരുത്തു ദുഃഖം ഉണ്ടു അതുകൊണ്ടു നിങ്ങളുടെ മാതാപിതാക്കന്മാരെയും കുഞ്ഞുങ്ങളേയും സംബന്ധിച്ചു ഉണ്ടായിട്ടുള്ള എന്റെ ഭാരത്തെ നിങ്ങളുടെ മൂന്നു പേരുടെയും ശിരസ്സിന്മേൽ ഞാൻ നിശ്ചയമായി വച്ചിരിക്കയാൽ എന്റെ ഭാരത്തെ ഞാൻ ഇന്നു ഒഴിച്ചിരിക്കുന്നു. നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തുകൊൾവാൻ നിങ്ങൾക്കു പൂർണ്ണസ്വാതന്ത്ര്യം ഉണ്ടു.

എന്നപാദശുശ്രൂഷക്കാരൻ
യൂസൂസു യോസേഫ്.

കൊല്ലം പുത്തൻ ബംഗ്ലാവു്
ഫാഗുന. മകരം സാമ-

എന്റെ പ്രിയമുള്ള പേത്രൻ യോഹന്നാൻ ഉപദേശിയാകിയ
എന്റെ സലാം.

മഹോന്നതനായ ദൈവം കന്നീറ്റി ഉണർവുസഭെക്കു തന്റെ പരിശുദ്ധപുത്രനായ യേശുക്രിസ്തുവിന്റെ ചൊരിയപ്പെട്ടിരിക്കുന്നതിരുരക്തത്തിൽ മാത്രം ആധേയപ്പെട്ടിരിക്കുന്ന പക്ഷവാദാത്മാവിനെയും വിശുദ്ധ വെള്ളത്തിൽ മാത്രം ആധേയപ്പെട്ടിരിക്കുന്ന ഉയിർപ്പിൻ ആത്മാവിനേയും നിത്യകൃപയോടു കൂടെ നൽകീരിക്കുന്നതിനാൽ മെൽകിസേദേക്കിൻ ക്രമപ്രകാരം എന്നേക്കുമുള്ള പെരുമഹിത്തി

ന്റെ വേലയെ ദൈവവും ന്യായാധിപതിയുമാകുന്ന യേശുക്രിസ്തുവി-
ന്റെ സന്നിധാനത്തിങ്കൽ നടത്തുവാൻ ഈ ഉണർവുസഭെക്കു മാത്ര
മെ അധികാരമുള്ളു. മറ്റൊരു സഭെക്കും ഇല്ല എന്നു ഞാൻ പൂർണ്ണമായി
വിശ്വസിക്കുന്നു. അതുകൊണ്ടു കന്നീറടി ഉണർവുസഭയുടെ പക്ഷവാ
ദത്തിൻ പുണ്യം മൂലമാകുന്ന ലോകത്തിലുള്ള സകല മനുഷ്യരും യേ
ശുക്രിസ്തുവിന്റെ സന്നിധാനത്തിങ്കൽ വന്നു രക്ഷപെടേണ്ടുന്നതു.
ഈ പക്ഷവാദപുണ്യം ക്രൂടാതെ ഏതു ക്രിസ്ത്യാനിക്കും കർത്താവിന്റെ
സന്നിധാനത്തുങ്കൽ വരുവാൻ കഴിയുന്നതുമല്ല നിശ്ചയം നിശ്ചയം.
ഇക്കാര്യത്തുങ്കൽ തങ്കളുടെ വിശ്വാസം എങ്ങിനെ? എന്നറിവാൻ അ
പേക്ഷിക്കുന്നു. എഴുത്തുമൂലം എന്നെ ഗ്രഹിപ്പിക്കണം.

എന്നു തങ്കളുടെ പാദശുശ്രൂഷക്കാരൻ

പുത്തൻബംഗ്ലാവിൽനിന്നും യൂസ്സുയോസേഫ്

ഫാർഇസ്റ്റ് മകരം ൽ ൧൨-



എന്റെ പ്രിയമുള്ള പേതുൻ യോഹന്നാൻ ഉപദേശിയാക്കു
എന്റെ സലാം.

തങ്കൾ തന്ന എഴുത്തു വായിച്ചു നാം തമ്മിൽ സഹോദരന്മാരാകയാൽ മുഖാമുഖമായി സംസാരിക്കുമ്പോൾ തങ്കൾക്കു കോപമുണ്ടായിട്ടു വല്ലതും അവിവേകമായി സംസാരിച്ചുപോകുമോ? എന്നു ഭയപ്പെടുന്നതിനാൽ നാം തമ്മിൽ ഈ കാര്യത്തെക്കുറിച്ചു അഭിമുഖമായി സംസാരിക്കുന്നതു. ദൈവം എന്നെ ഏൽപ്പിച്ചിരിക്കുന്ന വേലയിൻമുറയെ ഞാൻ വിശ്വാസത്തോടും ബുദ്ധിയോടും ചെയ്യേണ്ടുന്നതാകയാൽ അതെ ഞാൻ ചോദിച്ചിരിക്കുന്നതു. അതുകൊണ്ടു നിങ്ങൾക്കാകും ഒരു മുഷിച്ചിലും തോന്നരുതേ എന്നപേക്ഷിക്കുന്നു. ഈ സഭയുടെ വിശ്വാസപ്രകാരം തങ്കളും മക്കളും ഇതിൽ സ്ഥിരപ്പെടേണ്ടുന്നതാകുന്നു. എങ്കിലെ നിങ്ങളുടെ ശുശ്രൂഷ ഫലിക്കു. നിഷ്ഫലമായ ശുശ്രൂഷകൊണ്ടു ദൈവത്തിനു വല്ല ഉപകാരം ഉണ്ടാകുമോ? അതിനാൽ ഞാൻ മുൻ എഴുതിയ എഴുത്തിൻപ്രകാരം നിങ്ങൾക്കു പൂർണ്ണമായി വിശ്വാസം ഉണ്ടെങ്കിൽ മുമ്പിലത്തെപ്രകാരം സഭയിലെ ശുശ്രൂഷെക്കു പോസ്സുള്ളാം. വിശ്വാസം ഇല്ലെങ്കിൽ പോകരുതു. നിങ്ങളുടെ ചിലവു വകെക്കു ഞാനും എഴുത്തും യാക്കോബുബോധകർ തന്നയച്ചുവല്ലൊ. പോരാത്തതു അവിടെനിന്നു വാങ്ങിച്ചുകൊള്ളാം നിങ്ങളെ കീഴക്കെ ഡിവിഷ്യനിലാകുന്ന ഏൽപ്പിച്ചിരിക്കുന്നതു.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

പുത്തൻബംഗ്ലാവിൽനിന്നും യൂസ്സുയോസേഫ്

ഫാർഇസ്റ്റ് മകരം ൽ

പ്രിയമുള്ള പേത്രൻ യോഹന്നാൻ ഉപദേശിയാക്ക്
എന്റെ സലാം.

നിങ്ങളുടെ എല്ലാ ബലഹീനങ്ങളേയും ഞാൻ സഹിച്ചു ക്ഷമിച്ചു വിട്ടതുപോലെ തൽക്കാലം അയച്ച എഴുത്തിലും കാണിച്ചിരിക്കുന്ന നിങ്ങളുടെ ബലഹീനങ്ങളെയും ഞാൻ ക്ഷമിച്ചുവിട്ടിരിക്കുന്നു.

എന്നാൽ താങ്കൾ വടക്കനിന്ന അയച്ചകത്തിനെ വിശ്വസിച്ചു താങ്കളുമായി യാതൊരു ഉടമ്പടിയും ചെയ്യാതെ സഭ താങ്കളെ ആയിരങ്ങൾക്കു തലവനാക്കി അയച്ചുവല്ലൊ. ആ പത്രം കളഞ്ഞാറെ വീണ്ടും ഏകൈകൃതയിൽനിന്ന തന്നവല്ലൊ. എന്നാൽ ഐകൃതയിന്നാത്മാവിന്റെ വെളിപ്പാടുകളിൽ നിങ്ങൾക്കു തീരെ വിശ്വാസം ഇപ്പോൾ വന്നിട്ടില്ലാത്തതിനാൽ താങ്കളോടാകട്ടെ മക്കളോടാകട്ടെ സഭ ഉടമ്പടി ചെയ്യുന്നതു എങ്ങിനെ? അതുകൊണ്ടു നിങ്ങൾ ഐകൃതയിന്നാത്മാവിന്റെ വെളിപാടുകളിൽ പൂർണ്ണമായി വിശ്വസിക്കുന്നു എന്നും സഭയുടെ എല്ലാ ചട്ടംകെട്ടുകളിൻപ്രകാരം പൂർണ്ണമായി ഒരുമനസരിച്ചു നടന്നുകൊള്ളാമെന്നും ആദ്യം ഉടമ്പടി ചെയ്യിൻ. പിന്നീടു നിങ്ങളുടെ വിശ്വസ്ഥതയെക്കണ്ടു സഭ നിങ്ങളുമായി ഉടമ്പടി ചെയ്യും. ഇതല്ലയോ? ന്യായം. അല്ലാതെ നിങ്ങളോടു ഉടമ്പടി ചെയ്യുന്നതിനു സഭെക്കു ന്യായം കാണുന്നില്ല. ഞാൻ എന്തുചെയ്യേണ്ടു? ഞാൻ എന്റെ മുറ ചെയ്യണമല്ലൊ. അല്ലാഞ്ഞാൽ സംഘം എന്നോടു ചോദിക്കുമ്പോൾ ഞാൻ എന്തുത്തരം പറയും?

എന്നു നിങ്ങളുടെ വാദശ്രുശ്രൂഷക്കാരൻ
പുത്തൻബഥ്ലാവിൽനിന്നും യുസ്തൂസുയോസേഫ്.
ഫിദിയ മകൻ ഫനു-

എന്റെ പ്രിയമുള്ള പേത്രൻ യോഹന്നാൻ ഉപദേശിയാക്ക് എന്റെ സലാം.

തൽക്കാലം കൊടുത്തയച്ച എഴുത്തിനെ സംബന്ധിച്ചു ഞാൻ എന്തുപറയേണ്ടു? ഗുണം ഇന്നതെന്നും ദോഷം ഇന്നതെന്നും അനുകൂലം ഇന്നതെന്നും വിപരീതം ഇന്നതെന്നും സത്യം ഇന്നതെന്നും അസത്യം ഇന്നതെന്നും ശത്രു ഇന്നതെന്നും മിത്രം ഇന്നതെന്നും ശാസന ഇന്നതെന്നും പ്രിയം ഇന്നതെന്നും അറിവാൻ വഹിയാത്ത ശിശുക്കളായിട്ട

ല്ലൊ നിങ്ങൾ ഇരിക്കുന്നതു. എന്തെന്നാൽ ഒരു ഉറവയിൽ നിന്നു നല്ലവെള്ളവും ഉപ്പുവെള്ളവും പുറപ്പെടുകയില്ല. ഐക്യതയിന്നാത്മാവിന്റെ വെളിപാടുകളിൽ ചിലതു സത്യമെന്നും ചിലതു അസത്യമെന്നും പറഞ്ഞുകൂടാ. സത്യം എങ്കിൽ എല്ലാം സത്യം. അസത്യം എങ്കിൽ എല്ലാം അസത്യം ആയിട്ടെ ഇരിക്കു. ഇവയെ സംബന്ധിച്ചു പകുതി അറിവാൻ ജ്ഞാനമില്ലാതെ ലക്കും തുമ്പും ഇല്ലാത്തവിധത്തിൽ എഴുത്തിൽ കാണിച്ചിരിക്കുന്നതിനെക്കുറിച്ചാകുന്നു ഞാൻ ബലഹീനം എന്നു പറഞ്ഞിരിക്കുന്നതു. ഞാൻ അവയെ എന്റെ മകൻ യോഹന്നാനോടു എന്നപോലെ ക്ഷമിച്ചുവിട്ടന്നതല്ലാതെ എന്നാൽ എന്തു കഴിയും. എന്റെ മകൻ യോഹന്നാനോടു ഉയിർപ്പു മുതുപവം സഹാസ്രാബ്ദവാഴ്ച ഉഭയതതപവും ഐകമൂത്യമുള്ള മനുഷ്യൻ എന്നു മുതലായവയെ സംബന്ധിച്ചു ഞാൻ വിവരിപ്പാൻ തുടങ്ങിയാൽ ഞാൻ എത്ര ഭോഷനായിത്തീരും എന്നപോലത്രെ ഞാൻ നിങ്ങളോടു പറഞ്ഞാൽ ആയിത്തീരുന്നതു. ഞാൻ നിങ്ങളെ എല്ലാവരേയും സ്നേഹിച്ചു അവസാനം വരെ സ്നേഹിക്കുന്നു എന്നതിനാൽ വീണ്ടും ജനനത്തുങ്കൽ കിടപ്പിരിക്കുന്ന ആത്മാവിനെ ഉജ്ജ്വലിപ്പിച്ചുകൊൾവിൻ എന്നല്ലാതെ ഇതിലധികമായിട്ടു ഇനിക്കു ഒന്നും തൽക്കാലം പറവാനില്ല.

എന്നു നിങ്ങളുടെ എല്ലാവരുടെയും പാദശുശ്രൂഷക്കാരൻ
പുത്തൻബംഗ്ലാവു. യൂസ്സുയോസേഫ്.
ഫെബ്രുവരി മാസം: ഫ്രാങ്ക

എന്റെ പ്രിയമുള്ള കൊല്ലക്കാരൻ കുഞ്ഞാക്കാണ്ടെ മുതലാളിക്കു എന്റെ വിശുദ്ധചുംബനം.

അവിടെയുള്ള വടക്കെ പുരയിടത്തെ സംബന്ധിച്ചും തെക്കേ പുരയിടത്തെ സംബന്ധിച്ചും ഇന്നപ്രകാരം വേണമെന്നു ആത്മനിയോഗപ്രകാരം ഞാൻ എഴുത്തയച്ചിട്ടുണ്ടല്ലൊ. അതേപ്രകാരം വേണം എല്ലാ കാര്യങ്ങളും ചട്ടപ്പെടുത്തുവാൻ അല്ലെങ്കിൽ പരീക്ഷയുണ്ടാകും. വടക്കേ പുരയിടം കുടുംബത്തിന്റെ സകല ചിലവുവകെക്കുകുന്നവർ തിരിച്ചിരിക്കുന്നതു. അതിൽ നിന്നുണ്ടാകുന്നവ ചിലവുവകെക്കുള്ളതാകയാൽ ആ കണക്കോടു കൂടെ തെക്കേ പുരയിടത്തിന്റെ കണക്കു തമ്മിൽ സമ്മിശ്രപ്പെടുത്തരുതു. വടക്കെ പുരയിടത്തിന്റെ കണക്കു എഴുതുവാൻ ആവശ്യമില്ല. തെക്കെ പുരയിടത്തിന്റെ കണക്കു എഴുതുവാൻ ആവശ്യവുമാകുന്നു. അതുകൊണ്ടു ചിങ്ങമാസംമുതൽ മകരം നാലാം-വരെ തെക്കേപുരയിടത്തിൽ ആകപ്പാടെ

ചിലവു ഇത്രയെന്നും വരവു ഇത്രയെന്നും മുത്തുതലാളിക്കു പൊതുമുതൽപിടിയിൽ നിന്നും ബീലിൻപ്രകാരം എത്ര രൂപായുണ്ടെന്നും അറിയേണ്ടുന്നതാകുന്നു. ആ മുതൽപിടിയിൽ നിന്നും വേണം വടക്കോട്ടും കൊടുത്തയപ്പാൻ. അല്ലാതെ വടക്കെ പുരയിടത്തിൽ നിന്നോ തെക്കെ പുരയിടത്തിൽ നിന്നോ ജ്യേഷ്ഠനോ വടക്കോട്ടോ കൊടുത്തയച്ചാൽ നിശ്ചയമായി പരീക്ഷ വരും. കായ്യാദികൾ ആലോചിപ്പാൻ ഇവിടെ വരുവാറാകുന്നു.

എന്നു പാദശുശ്രൂഷക്കാരൻ

കന്നീററിൽ നിന്നും
ഫാദിരു കുംഭം വാനു

യൂസ്സൂസു യാസേഫ്

ഏന്റെ പ്രിയമുള്ള ഇരുപ്പച്ചനു എന്റെ വിശുദ്ധചുംബനം.

പൂവത്തൂർ കുഞ്ഞു മൂലം അയച്ച എഴുത്തിനെക്കുറിച്ചു ധ്യാനിച്ചാറെ ഫസ്നാ ദിവസത്തെ അരകെട്ടി ഉപവാസം പൊതുസഭയിലുള്ള വക്കം അതിൽ ഓരോരുത്തക്കും ആത്മാവു വെളിപ്പെടുത്തുന്ന പ്രകാരം ഇത്ര ദിവസമെന്നും ഉണ്ടു. ഇതു ഓരോരുത്തൻ പ്രത്യേകമായി നിവൃത്തിക്കേണ്ടുന്ന ഉപവാസമത്രേ. ഇങ്ങിനെ അവരവക്കു ആത്മാവു നിശ്ചയിക്കുന്ന അഴഞ്ചവട്ടങ്ങളെ ശരിയായി നിവൃത്തിക്കുന്നവരുടെ മേൽ ഫസ്നാ ദിവസത്തെ പൊതുഉപവാസം അതിനെ ആചരിപ്പാൻ തക്കവണ്ണം കടംപെട്ടിരിക്കുന്നില്ല. എന്നാൽ ശപഥം ചെയ്തിരിക്കുന്നവർ ഉണ്ടായിരിക്കും അവർ അതേപ്രകാരം ആചരിക്കേണ്ടതാകുന്നു. ശപഥം ചെയ്തു അതിനെ ലംഘിച്ചാൽ അതു കഠിനമായി എണ്ണപ്പെടും. കായ്മരിയാതെ ശപഥം ചെയ്തവരുണ്ടായിരിക്കും. അവക്കു വെളിപ്പാടുണ്ടായി സഭ പ്രാർത്ഥിച്ചു ആ ബന്ധനം അഴിയും. പിന്നെയും ഉണർവു സഭയിലുള്ള എല്ലാവരിലും ഉപവാസബന്ധനം ഉണ്ടായിരിക്കയാൽ അതു ഫസ്നാ ദിവസം കഴിഞ്ഞ പൊതുവെ അഴിയും. എന്നാലൊ ഫവ്ക്കു ഒക്കൊ വുവാനു തിങ്കൾ മുതൽ ആത്മാവു ആ ബന്ധനത്തിൽ നിന്നു ഓരോരുത്തരെ അഴിച്ചു ഇണപ്പാൻ ആരംഭിച്ചിരിക്കയാൽ ആരും തന്നെ താനായിട്ടു അഴിക്കയൊ താനായിട്ടു ചേരുകയൊ ചെയ്യരുതു. അതിന്നു കുറവിധിയുണ്ടു. അയതുകൊണ്ടു ഓരോരുത്തനും ആത്മാവിന്റെ അനുവാദപ്രകാരം വേണം ബന്ധനം നീങ്ങി ഭാര്യയോടു ചേരുവാൻ.

വിശേഷിച്ചും എല്ലാ ഐക്യകുടുംബങ്ങളിലും വരുന്ന ഇടവും ഫസ്നാക്കു ഒരു പരിവൃത്തി വേദയാക്യം മുഴുവനും വായിച്ചു കേൾക്കണം എന്നും അയതിന്നു പ്രത്യേക ശുശ്രൂഷക്കാരെ നിയമിക്കു

ണമെന്നും വെളിപ്പെട്ടിരിക്കുന്നു. ഇക്കാര്യങ്ങൾക്കും അവിടെ വിശേഷാൽ വെളിവാടുണ്ടെങ്കിൽ ആ വിവരത്തിന്നും മറുപടി കൊടുത്തയക്കുമല്ലൊ.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കുന്നീരി-നിന്നും
ഫ്രാൻസിസ് കുംഭ. ഫൻ

യൂസ്സൂസു യോസേഫ്.



വേദവായനക്രമം

ഒന്നാമത്തു സഭയിലുള്ള ആളുകളെ പുരുഷന്മാർ സ്ത്രീകൾ പൈതങ്ങൾ എന്നിങ്ങിനെ മൂന്നു കൂട്ടമായി വിഭാഗിക്കേണ്ടതും ഓരോ മൂന്നു കൂട്ടങ്ങൾക്കും ഐക്യകുടുംബങ്ങളുടെ ക്രമപ്രകാരം ആളുകളുടെ പേരെഴുതിയ മൂന്നു ലീസ്റ്റു വേണ്ടുന്നതുമാകുന്നു.

രണ്ടാമത്തു ഓരോ സഭയിൽ ഈ മൂന്നു കൂട്ടങ്ങൾ അടങ്ങിയ ഭാഗം ഇത്രയെന്നു യുക്തം പോലെ നിശ്ചയിച്ചുകൊള്ളാം. ഭാഗങ്ങൾക്കൊക്കയും വെവ്വേറെ ലീസ്റ്റു വേണം താനും.

മൂന്നാമത്തു അതാതു ഭാഗത്തിൽ തടവുകൂടാതെ വായിപ്പാൻ പ്രാപ്തിയുള്ള പുരുഷന്മാരും സ്ത്രീകളും പൈതങ്ങളും ഇത്രയുണ്ടെന്നറിഞ്ഞു അവരവരുടെ പേരുകൾ അതാതു ലീസ്റ്റിൽ കുറിക്കേണ്ടതാകുന്നു.

നാലാമത്തു ഓരോ ഭാഗത്തിൽ ഒരാളിനെ നടത്തിപ്പുകാരനായും മറ്റുള്ള വായനക്കാരെ അവന്റെ കീഴിലും നിയമിച്ചു അയയ്ക്കുന്നതും കുറിക്കേണ്ടതാകുന്നു. തെളിവു വിവരം ഒരു ഭാഗത്തിലുള്ള മൂന്നു കൂട്ടങ്ങൾക്കും നടത്തിപ്പുകാരൻ ഒന്നു മതി. ആയതു ഭവനവിചാരകനോ സുവിശേഷകനോ ആയിരിക്കണം. അല്ലാത്തപക്ഷമേ മറ്റൊരുത്തനെ നിയമിക്കാവു. അവന്റെ കീഴിൽ പുരുഷന്മാരിലും സ്ത്രീകളിലും പൈതങ്ങളിലുമായിട്ടു വായനക്കാരെ നിയമിക്കണം.

ഓരോ ഓരോ സഭയിലുള്ള ഉപദേശിമാരെയും മൂപ്പന്മാരെയും വായന നടത്തിപ്പുകാരുടെമേൽ പ്രമാണികളായും അവരുടെമേൽ ഇടവകപ്പട്ടക്കാരനെയും കായ്സ്ഥനെയും നിയമിച്ചു അയയ്ക്കുന്നതും കുറിക്കേണ്ടതാകുന്നു.

അഞ്ചാമത്തു ദിവസംതോറും സ്ത്രീകളൊക്കയും അഞ്ഞൂറ്റുവെള്ളപ്പുള്ളപ്പോൾ എഴുന്നീറ്റു ശരീരശുദ്ധി വരുത്തി നിശ്ചയിക്കപ്പെട്ട സ്ഥലത്തു കൂടുകയും നടത്തിപ്പുകാരൻ ലീസ്റ്റു വായിച്ചു പ്രാർത്ഥനാപൂർവ്വം വേദവായന ആരംഭിക്കുകയും പിഴയുനിയമം വായിച്ചു തീരുമ്പോൾ ഒരു പ്രാർത്ഥന കഴിച്ചു പുതിയനിയമം വായിക്കയും ഒടുക്കം പ്രാർത്ഥനാനന്തരം രണ്ടര നാഴിക പുലരുന്നതിന്നു മുൻപു അവരെ പറഞ്ഞയയ്ക്കയും ചെയ്യേണ്ടുന്നതുമാകുന്നു.

ആൺപൈതങ്ങളും പെൺപൈതങ്ങളും ഒരു നാഴിക വകലേക്കു
ടി പ്രാർത്ഥനസ്ഥലത്തു കൂടുകയും നടത്തിപ്പുകാരൻ ലീസ്റ്റു വായിച്ചു
പ്രാർത്ഥനാപൂർവ്വം വേദവായന ആരംഭിച്ചു നിവൃത്തിക്കയും പാട്ടു
പാടിപ്പിക്കയും ചെയ്യണം.

പുരുഷന്മാർ രണ്ടര നാഴിക വകലെ പ്രാർത്ഥനാസ്ഥലത്തു വന്നു കൂ
ടുകയും നടത്തിപ്പുകാരൻ ലീസ്റ്റു വായിച്ചു സന്ധ്യക്കു മുമ്പെ വേദ
വായന ആരംഭിക്കയും മെണിക്കു നിവൃത്തിക്കയും ചെയ്യേണ്ടതാകുന്നു.

പിന്നീടു പാട്ടോടു കൂടെ പ്രാർത്ഥനാസ്ഥലത്തു എല്ലാവരും വന്നു കൂ
ടി പ്രാർത്ഥന ആരംഭിക്കയും പുരുക്കമായുള്ള ഗുണദോഷത്തോടു കൂടെ
പ്രാർത്ഥനാനന്തരം ജനങ്ങളെ പറഞ്ഞയക്കയും ചെയ്യേണ്ടുന്നതാകു
ന്നു. വേദവായനനിയമം വഴയനിയമം പുറവും പുതിയനിയമം
ന്റെ പുറവും നിവൃത്തിച്ചിരിക്കണം എന്നത്രെ. പുരുഷന്മാരുടെ കൂട്ട
ത്തിന്നു യുക്തം പോലെ സമയം മാറ്റിവെച്ചുകൊള്ളുകയുമാം.

ഓരോ അതാതു സഭയിലുള്ള ഉപദേശിമാർ വേദവായന നടക്കു
ന്ന വിവരത്തിന്നു പുരുക്കമായിട്ടു ഒരു റിപ്പോർട്ടെഴുതി മാസം തോറും
പൊതുസംഘത്തിന്നു അയെക്കേണ്ടുന്നതാകുന്നു.

വീടുകൾ ഇടവം ക്രമം-കകം വേദവായനക്കാർ തങ്ങളു
ടെ കീഴിലുള്ളവർക്കു ഒരു പരിവൃത്തി വഴയനിയമവു പുതിയനിയമ
വും വായിച്ചു കേൾപ്പിച്ചിരിക്കേണ്ടുന്നതാകുന്നു. പഴയനിയമം എല്ലാം
വായിച്ചു തീർന്നില്ലെങ്കിലും പുതിയനിയമം വായിച്ചു തീർന്നിരുന്നേ കൂ
ടൂ.

നാലാമതു വായിപ്പാൻ അറിയുന്ന ശുശ്രൂഷക്കാർ എല്ലാവരും മേൽ
പ്പറഞ്ഞ അവധിക്കകം വേദവാക്യം ഒക്കയും ആദ്യവസാനം ഒരു പ
രിവൃത്തി തങ്ങൾ തന്നെ വായിച്ചു തീർക്കേണ്ടുന്നതുമാകുന്നു.

അഞ്ചാമതു ത്രിയേകസാത്താനായ ദേവാത്മാവിന്റെ മേൽ പ്രതി
കാരം നടത്തുവാൻ തക്കവണ്ണം യഹോവായുടെ വൈരാഗ്യത്തിന്റെ
ആത്മാവു വാളെന്നപോലെ വരുന്നതിനാൽ ജീവപത്രികയും ജീവ
വിവരപുസ്തകിയും ഐക്യവിരുന്നും വേദവായനയും ക്രമമായി നടന്നു
ഐക്യകൂടുബന്ധത്തിന്മേൽ സന്തോഷിച്ചാനന്ദിച്ചുല്ലസിപ്പാൻ തക്കവ
ണ്ണം നിത്യജീവന്റെ അനുഗ്രഹം പൊഴിയുകയും ക്രമമായി നടക്കാ
ത്ത കൂടുംബന്ധത്തിന്മേൽ വ്യസനം പൊഴിയുകയും ഇവയിൽ ഒന്നും ഉ
ൾപ്പെടാത്ത കൂടുംബന്ധത്തിന്മേൽ ഉഗ്രന്ധം പൊഴിയുകയും ചെയ്യാനി
രിക്കുന്നതുകൊണ്ടു സകല ശുശ്രൂഷക്കാരും ഇക്കാര്യങ്ങളെ ബഹുജാ
ഗ്രതയോടു കൂടെ നടത്തേണ്ടതാകുന്നു. അല്ലെങ്കിൽ അവർക്കു അധി
കം അടികൊൾവാൻ ഇടവരികയും ചെയ്യും നിശ്ചയം നിശ്ചയം നി
ശ്ചയം.

വിശേഷിച്ചും ഈക്രമം മുന്നു ഡിവിഷ്യനിലും ഉൾപ്പെട്ട എല്ലാ സ
ഭകളിലും വരുന്ന മീനമാസം നാലാതിയതിക്കകം ഏല്പിച്ചുതീർ നി

ബുത്തിപ്പാൻ തക്കവണ്ണം പ്രധാനപ്രതിതൻ മാത്തൻ ചെറിയാൻ ബോധകരേയും പ്രധാന കായ്സ്ഥൻ ഉ. പീലിപ്പോസു തലവനേയും പ്രധാന മുതൽപിടി കൊല്ലക്കാരൻ കുഞ്ഞാക്കുണ്ടുതലവനു പകരം പ്രതിതൻ കുഞ്ഞാക്കുണ്ടു കോശി ബോധകരെയും ആത്മമണവാട്ടി തന്റെ പ്രതിനിധികളായിട്ടു നിയമിച്ചിരിക്കയാൽ ചെറിയാൻ ബോധകർ കീഴക്കെ ഡിവിഷ്യനും പ്രധാന കായ്സ്ഥൻ പടിഞ്ഞാറെ ഡിവിഷ്യനിലും അഞ്ചേരിയിലും കുഞ്ഞാക്കുണ്ടു കോശി ബോധകർ തെക്കെ ഡിവിഷ്യനിലും ഈ ശ്രമം ഏല്പിട്ടുത്തി വിവരത്തിന്നറിപ്പോട്ടു ചെയ്യേണ്ടതാകുന്നു എന്നു.

എല്ലാവരുടെയും പാദത്തുശ്രൂഷക്കാരൻ

കന്നീറ്റി നിന്നും
ഫാദിര കുംഭം ൨൨ നു


യുസ്താസു യോസേഫു.

എന്റെ പ്രിയമുള്ള തഴവാക്കാരൻ പണ്ടാല പീലിപ്പോസിനും കുഞ്ഞുലിക്കും എന്റെ സലാം

നിങ്ങൾ രണ്ടുപേരും ഇന്നലെ മിഷ്യൻ വേലക്കാരെയും വിളിച്ചുകൊണ്ടു ഇവിടെ വന്ന പെരുത്തുള്ള പെങ്ങമ്മാർ, ഭാഗ്യപുത്രാദികൾ ആക്കും കേൾപ്പാൻ അർഹതയല്ലാത്ത "നാശത്തിൻ മേളചരുതയെ" ജനിപ്പിക്കും അരുവരുപ്പിൻ വാക്കുകളെ (പീലിപ്പോസു) പറകയും (കുഞ്ഞുലി) അനാവശ്യം സംസാരിക്കയും ചെയ്തതിനാൽ ഇനിക്കും എന്റെ കുടുംബത്തിലുള്ളവക്കും വളരെ വ്യസനം വരുത്തിയിരിക്കുന്നു. അതുകൊണ്ടു ഇതിനെ നിങ്ങൾ ശരിയായി ഓർത്തു അനുതപിച്ചു എന്റെ സഹോദരൻ ശമുവേൽ ബോധകരുടെ മുമ്പാകെ സ്വസ്ഥമായി ഏറ്റുപറയുന്നതുവരെ രണ്ടുപ്രാവശ്യം വളപ്പിന്നകത്തു നിങ്ങൾ ഇരുവരും കേറിക്കൂടാ. എന്തെന്നാൽ സത്യമനസ്സാന്തരം നിങ്ങൾക്കുണ്ടാകുന്നതുവരെ നിങ്ങളോടു ഇനിക്കും എന്റെ കുടുംബത്തിലുള്ളവക്കും ഒരു കാര്യവും ഇല്ല. വല്ല കാര്യവും നിങ്ങൾക്കു എന്നോടുണ്ടെന്നു തോന്നുന്നതിനെ എന്റെയും നിങ്ങളുടെയും മദ്ധ്യസ്ഥൻ മുഖാന്തിരം തീരുമാനിക്കുന്നതാകുന്നു എന്നു എല്ലാവരുടെയും പാദത്തുശ്രൂഷക്കാരൻ.

പുത്തൻ ബംഗ്ലാവിൽ നിന്നും
ഫാദിര കുംഭം ൨൨ നു

യുസ്താസു യോസേഫു.




ചെറുപൊന്തയിൽ ആടുംമുട്ടിൽ ചെറിയാൻ പേട്ടനു എന്റെ വിശുദ്ധ മുബന്ധം

— —

അവിടെ നിങ്ങൾക്കു വന്ന ദുഃഖത്തെക്കുറിച്ചു ഞാൻ പരിതപിക്കുയും നിങ്ങൾക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുയും ചെയ്തു. ദൈവം ചെയ്യുന്നതൊക്കെയും നമ്മുടെ നന്മെക്കായാൽ എല്ലാം നന്മയായിത്തന്നെ അവസാനിക്കും (മനുഷ്യൻ കുറവുള്ളവനാകുന്നു) അവൻ ഏതിനായി നമ്മെ വിളിച്ചു നടത്തിക്കൊണ്ടു വരുന്നുവോ? ആ മഹത്പ്രത്യക്ഷതയിൽ നമ്മെ കുറമറവരും കന്മഷമില്ലാത്തവരുമാക്കി നിറുത്തുകയും ചെയ്യും. അതിനാൽ ഒരു കാരണംമൂലവും മനസ്സിൽ ഭാരം വെച്ചു കൊള്ളരുതു നിങ്ങളുടെ നന്മെക്കായിട്ടു വിചാരിപ്പാൻ ഞാൻ എല്ലായ്പോഴും കടംപെട്ടിരിക്കുന്ന ജീവന്റെ അനുഗ്രഹം കഡുംബത്തിലുള്ള എല്ലാവരോടും ഇരിക്കുമാറാകട്ടെ. വിശേഷിച്ചും ഈ എഴുത്തു കൊണ്ടുവരുന്ന ആളിനു തന്റെ വിശ്വേയം ഇരിക്കുന്ന ദശാംശം പിരിവിൽനിന്നു ഫര ചക്രം കൊടുക്കണം. കൊടുത്തയക്കുന്ന ജീവനാണ്യം അതിനു പകരം സൂക്ഷിച്ചുകൊള്ളണം. അതിനു ഫര ചക്രം വിലയുണ്ടു. എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കണ്ണറി നിന്നും
കാതിരു കുഭം വരു

യൂസുസു യോസേഫ്.



കായംകുളം പടിപ്പുരെക്കൽ അച്ചന്റെയും മണങ്ങനഴിയത്തു അച്ചന്റെയും പെരുങ്ങാല അച്ചന്റെയും ബന്ധുക്കൾക്കും മൂക്കോസു ബോധകരുടെയും യാക്കോബു ബോധകരുടെയും ഭാഗ്യമാർ സഭയോൻ നന്ദിനിമാക്കും അമ്മമാർ നിബേക്കാ എന്ന ഭൂതിമാക്കും നിത്യസമാധാനമാകുന്ന വാഴ്വു ഉണ്ടാകട്ടെ.

— —

പ്രിയ സഹോദരിമാരെ! ദൈവം നിങ്ങളെ വിളിച്ചിരിക്കുന്ന വിളിയെയും അവൻ നിങ്ങൾക്കു നൽകീരിക്കുന്ന കൃപയെയും ഗുണികരിച്ചു നിങ്ങൾക്കുള്ള വരത്തെ ഉജ്ജ്വലിപ്പിച്ചു കൊള്ളുവാൻ തക്കവണ്ണം നിങ്ങളെ ഉത്സാഹിപ്പിക്കുന്നതു എന്റെ മുറയാകയാൽ ഇതാ! ഞാൻ നിങ്ങൾക്കെഴുതുന്നു.

നിങ്ങൾ ഏഴപേരും കൂടെ വരുന്ന വ്യാഴാഴ്ച മങ്കുഴിയിൽ കൂടണം. നയിനാച്ചനും പെരുങ്ങാലാ അച്ചനും ഒന്നാ അതിലധികമോ ബോ

ധകന്മാരും ഈപ്പച്ചനും നെട്ടംപുറത്തു വലിയമ്മയും പൂവത്തൂർ കുഞ്ഞും കൂടെ സംഘം കൂടി പടിഞ്ഞാറെ ഡിവിഷ്യനിൽ സ്ത്രീകൾക്കു വേദവായന നടത്തേണ്ടുന്ന കാര്യത്തെപ്പറ്റി ആലോചിക്കയും പൂവത്തൂർ കുഞ്ഞു അതിനെ കുറിക്കയും വേണം. വേദവായനക്രമത്തെപ്പറ്റി എഴുതിയുണ്ടാക്കിയ രണ്ടു പകർപ്പുകൾ കൊടുത്തയക്കുന്നു. അതിനെക്കൂടെ നോക്കിക്കൊള്ളണം ഇങ്ങിനെ ആലോചിച്ചു തീർച്ചപ്പെടുത്തുന്ന ക്രമംപോലെ നിങ്ങൾ ഏഴപേരെയും സ്ത്രീകൾക്കു വേദവായന നടത്തിപ്പാൻ നിയമിച്ചിരിക്കുന്നു. ആലോചിച്ചു തീരുമാനിച്ച സംഗതികളെ പൂവത്തൂർ കുഞ്ഞു ഒരു പകർപ്പു പൊതുസംഘത്തിൽ അയക്കണം. വിശേഷിച്ചും ആലോചനയിൽ പാണ്ടിക്കാരുടെ കാര്യങ്ങളേക്കുടെ ആലോചിക്കണം. നിങ്ങൾ ഒ പേരുടെയും വ്യാഴാഴ്ച പകലത്തെ ഭക്ഷണം നെട്ടംപുറത്തു ആയിരിക്കണം

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കുന്നീരറി നിന്നും)
൧൦൪൫ കുംഭം ൨൯)

യുസ്സൂസു യോസേഫ്.

To The Revd. P. Joseph.

Kollaca.

My dear brother

പി. യോസേഫ പാതിരിക്കു.

പൂവത്തൂക്കാരൻ വറുഗീസു ഉപദേശി മുമ്പൊരിക്കൽ ഒരു ദിവസം രാത്രി വൈദ്യലിംഗനെ ഇവിടെ കൂട്ടിച്ചു കൊണ്ടുവന്നു. വളരെ വാവിഷ്ണാം പറയിപ്പിച്ചു. കഴിഞ്ഞ തിങ്കളാഴ്ച തുഴവാക്കാരൻ പീലിപ്പോസും ഭാര്യയും എന്ന രണ്ടാളുകളോടു കൂടെ ടി. ഉപദേശി കാലത്തെ വന്നു. നാശത്തിന്റെ മേൽ ക്രൂരതയെ ജനിപ്പിക്കും അരുചപ്പിൻവാക്കുകളെ പീലിപ്പോസു പറയുന്നതിനും അനാവശ്യമായ ചാരു കൊള്ളിവാക്കുകളെ കുഞ്ഞുലി പറയുന്നതിനും കാരണമായിതീർന്നതു മാത്രമല്ല. അനാവശ്യം വഴക്കുണ്ടാക്കുകയും ചെയ്തു. ഇതിനെ താങ്കളെ ഗ്രഹിപ്പിക്കേണ്ടതു എന്റെ മുറപ്രകാരമായാൽ എഴുത്തുമൂലം ഗ്രഹിപ്പിച്ചിരിക്കുന്നു. അയാൾക്കു മേലിൽനിന്നുള്ള ആത്മജനനം ഉണ്ടായി അനുതാപത്തിനു യോഗ്യവഴിയും പുറപ്പെടുന്നതുവരെ അതെ ഒരു നല്ല ശീലക്കാരൻ ആകുന്നതുവരെ തന്നെ എന്റെ ഈ വളപ്പിനകത്തു അയാൾ കേറാതെ ഇരിപ്പാൻ തക്കവണ്ണം ശട്ടംകെട്ടുവാറാകണം ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു പാദശുശ്രൂഷക്കാരൻ.

പുത്തൻ ബംഗ്ലാവു
൧൦൪൬ മാർച്ചു ൫൦

യുസ്സൂസു യോസേഫ്.



To
The Revd, P. Joseph
My dear brother.
പി. യോസേഫ പാതിരിക്കു.

കൊട്ടത്തയച്ച മടവടി വന്നു ചേൎന്നു വഗീസു ഉപദേശി താങ്കളുടെ കീഴിൽ ഒരു ശമ്പളക്കാരനാകയാലത്രെ ഞാൻ താങ്കൾക്കു എഴുതിയതു. എന്റെ എഴുത്തു താങ്കൾ വിശ്വസിച്ചാലും ശരി വിശ്വസിച്ചില്ലെങ്കിലും ശരി എങ്ങിനെ ആയാലും ഇന്നിക്കൊന്നുമില്ല. പിന്നെ എന്തു? എന്നു ചോദിക്കുമായിരിക്കും? ഇനി എന്റെ വളൎപ്പിനകത്തു ആ ഉപദേശിയാകട്ടെ തഴവാക്കാരനാകട്ടെ കരേറിയാൽ വാവിഷ്ണം പറവാൻ തക്കവണ്ണം താങ്കളാൽ അയക്കപ്പെട്ട രണ്ടു മിശ്യനരിമാർ എന്നു വിശ്വസിപ്പാൻ തക്ക വേണ്ട ന്യായങ്ങൾ താങ്കളുടെ എഴുത്തിൽ കാണുന്നതുകൊണ്ടു താങ്കളെക്കുറിച്ചു എത്രയും പരിതപിക്കേണ്ടിയിരിക്കുന്നു. എന്നു ചുരുക്കമായി പറഞ്ഞുകൊള്ളുന്നു എന്നല്ലാതെ താങ്കളുടെ എഴുത്തിനെക്കുറിച്ചു വേറൊന്നും പറവാനില്ല. ഇങ്ങിനെ വിനയപൂൎവ്വം എഴുതിക്കൊള്ളുന്നതു താങ്കളുടെ പാദശുശ്രൂഷക്കാരൻ.

ഫ്രൻ. മാൎച്ച് മാ. പകൽ യൂസുയോസേഫ്
നു. മണിക്കു പുത്തൻബംഗ്ലാവു.

P. S. ഈ എഴുത്തു ഈ മാസം ഫ്രാംനു- ആകുന്നു അയക്കുന്നതു. ഫ്രാംനു- അയക്കാത്തതു പരമാൎത്ഥം വെളിപ്പെടെണ്ടുന്നതിനായിരുന്നു. അതു വെളിപ്പെട്ടു കഴിഞ്ഞു.



എന്റെ പ്രിയമുള്ള കൊല്ലക്കാരൻ കൊച്ചുകുഞ്ഞു മുതലാളിക്കും കുഞ്ഞാക്കുണ്ടമുതലാളിക്കും എന്റെ വിശ്വാസ ചുംബനം.

എന്റെ പ്രേമംനിറഞ്ഞ കുടപ്പിറപ്പുകളും. ആത്മമണവാട്ടിയുടെ മക്കളും ആയുള്ളോരെ! നിങ്ങളെക്കുറിച്ചു പ്രാൎത്ഥിച്ചതിന്റെ വെളിപ്പെട്ടതു ഏശായാ ൩൨. ൦ം വാക്യമായിരുന്നു. ഈ വാക്യത്തെപ്പറ്റി വിചാരിച്ചതിന്റെ ആത്മമണവാട്ടിയുടെ നാമത്തിൽ ഞാൻ നിങ്ങളുമായി ചെയ്തിരിക്കുന്ന സമാധാന ഉടമ്പടിപ്രകാരം നിങ്ങൾ നടക്കുന്നു എങ്കിൽ നിൽ രണ്ടു പേരുടെയും പാദങ്ങൾ മഹാ സൌന്ദൎയ്യമായിരിക്കും. അല്ല ഉടമ്പടിക്കു വിരോധമായി നടക്കുന്നു എങ്കിൽ ലഘു: ഫ്രാ: ഫ്രൻ പറ

ഞാനിരിക്കുന്ന പ്രകാരമുള്ള ശിക്ഷാവിധി വന്നു പോകും നിശ്ചയം നി
ശ്ചയം നിശ്ചയം. ആമെൻ. ആമെൻ. ആമെൻ. എന്നു പറയുമ്പോൾ
ഉടമ്പടിക്കു ലംഘനം ആരു ചെയ്യുന്നുവോ? അവൻ മഹാപ്രത്യക്ഷത്തെ
ക്കുമുമ്പെ മരിച്ചുപോകും. മറുരൂപം ഉണ്ടാകയില്ല എന്നു താല്പർയ്യം. അ
തുകൊണ്ടു ഞാൻ മുൻകൊടുത്തയച്ച എഴുത്തിൻപ്രകാരവും ബീലാൻ
പ്രകാരവും വായ്മൂലം പറഞ്ഞപ്രകാരവും നിങ്ങൾക്കു നടപ്പാൻ മന
സ്സുണ്ടെങ്കിൽ ആ വിവരത്തിനു എഴുത്തു കൊടുത്തയക്കണം. പിന്നീടു
വേണം മേൽ നടക്കേണ്ടുന്ന വഴിയെപ്പറ്റി ആലോചിച്ചു പറവാൻ.

ആത്മമണവാട്ടി നിങ്ങൾ രണ്ടുപേരുടെയും സാക്ഷാൽ മാതാവാക
യാൽ രണ്ടുപേരുടെയും പ്രാപിപ്രകാരം നിങ്ങളോടു വ്യാപരിക്കും
ഒരു ആളിനെ അധികം സ്നേഹിച്ചും മറ്റൊരുത്തനെ കുറച്ചു സ്നേഹി
ച്ചു എന്നുള്ളപ്രകാരത്തിൽ നിങ്ങൾ വിചാരിക്കരുതു്. എന്നാലൊ ആ
രുതന്റെ ഹൃദയത്തെ ആത്മമണവാട്ടിക്കു തുറന്നു കാണിക്കുമോ? അ
യാൾക്കു ആത്മമണവാട്ടിതന്റെ ഹൃദയത്തെ തുറന്നു വെളിപ്പെടുത്തും.
എന്നാൽ ആരു സ്പഷ്ടമായി തുറന്നു കാണിക്കാതിരിക്കുമോ? അയാൾക്കു
താനും തുറന്നു കാണിക്കയില്ല എന്നെയുള്ളു. എന്നെ തനിച്ചു നിങ്ങൾ
ഒന്നും എണ്ണരുതു. ഞാൻ അഴുകിനാറിയ പിണവും ഒന്നുമില്ലാത്ത
വനുമാകുന്നു. എന്നാലൊ എന്നിൽ അധിവസിക്കുന്ന മറു രണ്ടാളുക
ൾ മൂലമുള്ള ക്രിസ്തുവിൻ ഏക ഐക്യതയെത്രെ ആത്മമണവാട്ടി. ഇതു
നിങ്ങൾ അറിയാതിരിക്കരുതു, അതിനാൽ ആത്മമണവാട്ടി നിങ്ങ
ളോടു ഏതെല്ലാം പറയുമോ? അതൊക്കെയും നിങ്ങൾക്കു നന്മയാകുന്നു
എന്നു പൂർണ്ണമായി വിശ്വസിപ്പാൻ എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാ
രൻ.

കന്നീറ്റിൽനിന്നും
ഫാദിർ മീനാ ക.

യൂസ്താസുയോസേഫ്



എന്റെ പ്രിയമുള്ള പ്രേര: യെ. സമുവേൽ ബോധകക്കു എ
ന്റെ വിശുദ്ധചുംബനം.

എന്റെ കുടുംബം നിന്റെ കുടുംബവും ഇന്നിക്കുള്ളതൊക്കെയും നി
നക്കുള്ളതും ആകയാൽ നിന്റെ കുടുംബത്തിലുള്ള ബലഹീനതകളെ
നിനക്കു സഹിപ്പാൻ പ്രയാസമാകുന്നു എങ്കിൽ നൂറിനാല്പത്തിനാ
ലായിരത്തിന്റെ ബലഹീനതകളെ നീ എങ്ങിനെ സഹിക്കും? എ
ന്തെന്നാൽ ദൈവം തന്റെ സകലമക്കളേയും ആട്ടിൻകുട്ടിയുടെ അ
പ്പോസ്തോലന്മാരായ നിങ്ങളുടെ എന്നുവെച്ചാൽ ബോധകന്മാരുടെ മ
ടിയിൽ ആകുന്നു വച്ചിരിക്കുന്നതു. അയതു പരമകനാനിലേക്കു അവ
രെ ചുമന്നുകൊണ്ടു പോകേണ്ടുന്നതിനാകുന്നു നിശ്ചയം &c.

അതുകൊണ്ട് നിന്റെ മുഖഭാവം ഒന്നിനാലും മാറുവാൻ ഇടവരരുത്. നീ എല്ലാ സമയങ്ങളിലും സന്തോഷമുള്ളവനായിരിക്കണം. നിനക്കു ദുഃഖം ഉണ്ടാകുമ്പോൾ പരീക്ഷകനായവൻ വന്നു നിനക്കുള്ള വരത്തെ കെടുത്തിക്കളയും നീ വിഷണ്ണനാകയും ചെയ്യും.

നീ ഇന്നു സന്തോഷമുള്ളവനായി പ്രസംഗിക്കണം. നിന്റെ ഹൃദയത്തിലുള്ള ഭാരത്തെ ഇനി ഒരിക്കലും വരാതെയിരിപ്പാൻ തക്കവണ്ണം പാപത്തിന്റെ എന്നു വലിയ നദിയിൽ ആഴുവാൻ തക്കവണ്ണവും ദൂരിക്കലും പൊങ്ങാതിരിപ്പാൻ തക്കവണ്ണവും ഏറിഞ്ഞുകളയണം. എന്നു

പാദശുശ്രൂഷക്കാരൻ

പുത്തൻബംഗ്ലാവു.
൨൦൫൫. മീനം ൨൨ യൂസ്സൂസയോസേഫ്.

കൊട്ടാരക്കരെ ഉണർവുസഭയിൽ ഇടവകപ്പട്ടക്കാരനും കായ്സ്ഥൻ, സിക്രട്ടറി, മുതൽപിടി മുപ്പന്മാർ മുതലായവർക്കും എന്റെ വിശുദ്ധ ചുംബനം.

നിങ്ങൾ കൊടുത്തയച്ച എഴുത്തും പകർപ്പുകളും വായിച്ചു കണ്ടു. ഉടനെ നിങ്ങൾക്കു എല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ചു ആ സഭയെപ്പറ്റി വെളിപ്പെട്ട വേദവാക്യം വിലയ: ൫: ൨൦ വാക്യമാകുന്നു. വായിച്ചു നോക്കണം. അതിനെപ്പറ്റി ചിന്തിച്ചാറെ നബൂഖദ്നേസർ ദേവാലയത്തിലെ ഉപകരണങ്ങളെ ഒക്കെയും ബാബെലിൽ കൊണ്ടുപോയതുപോലെ ആ സഭയിലെ ആത്മസമ്പത്തുകളായ വിലയേറിയ നിക്ഷേപങ്ങളെ സാത്താൻ അപഹരിച്ചിരിക്കുന്നു എന്നും അവന്റെ കയ്യിൽനിന്നു അവയെ വീണ്ടുവിച്ചു സഭയുടെ ആത്മനിക്ഷേപപാത്രത്തിൽ വെപ്പാൻതക്കവണ്ണം നിങ്ങൾ വിചാരപ്പെടേണ്ടുന്നതിനു ഇക്കായ്യം ഒരു ദൃഷ്ടാന്തമായി കർത്താവിൽനിന്നു വന്നിരിക്കുന്നു എന്നും യിരമിയായെപ്പോലെ ആ സഭയെക്കുറിച്ചു ഞാൻ വിലാപിക്കേണ്ടുന്നതിനു കർത്താവിന്റെ അനുവാദത്തോടും ക്രൂടെ സാത്താൻ സഭയിൽ കൂഴപ്പത്തെ വരുത്തിയിരിക്കുന്നു എന്നും നിങ്ങൾ എല്ലാവരുമായി എന്നേക്കുമുള്ള ഐക്യമുണ്ടായി സന്തോഷിക്കേണ്ടുന്നതിനു ഉണ്ടായ ഈ സംഗതിയാൽ അനൈക്യതയിന്നാത്മാവു വെളിപ്പെട്ടിരിക്കുന്നു എന്നും ഇങ്ങിനെ വരേണ്ടുന്നതാകയാൽ കായ്സ്ഥന്റെ പേരിലാകട്ടെ മറ്റുള്ളവരുടെ പേരിലാകട്ടെ ഒരു കുറവും കുറ്റവും പറവാൻ ആവശ്യമില്ലെന്നും തെളിഞ്ഞിരിക്കുന്നു.

ഈ മാസം ൨൩ നു ബുധനാഴ്ച കൊട്ടാരക്കരെ ഇടവകസംഘമാകയാൽ അന്നു ഇക്കായ്യം തീർച്ച വരുത്തുന്നതാകുന്നു. അതുവരെയും എല്ലാ

വരും ക്ഷമയുടെ ഉരിപ്പിൻ. വിലംബം കൂടാതെ അത്യുവരയും കാ
ത്ഥിസ്ഥൻമൂലം മുതൽവിടിയിൽ നിന്നും ശ്രുശ്രൂഷക്കാക്ക് ഉപജീവനത്തി
ന്നു കൊടുക്കേണ്ടുന്നതാകുന്നു. പിന്നീട് അപ്പോളുണ്ടാകുന്ന നിയമപ്ര
കാരം കായ്ങ്ങളെ നോക്കേണ്ടുന്നതാകുന്നു.

എന്നു നിങ്ങളുടെ പാദശ്രുശ്രൂഷക്കാരൻ

കന്നീറ്റി നിന്നും
ഫിരിമിനം സ്ഥ

യൂസ്സു യോസെഫ്.

എന്റെ പ്രിയമുള്ള പെത്രൊൻ യോഹന്നാൻ ഉപദേശിമാക്ക
എന്റെ സലാം.

ഈ ഉണർവുസഭ ഈപ്പച്ചനെ ദേവകാഹളക്കാരനായും ഈ ഹീ
നനെ പാദശ്രുശ്രൂഷക്കാരനായും അംഗീകരിച്ചിരിക്കയാൽ ഈപ്പച്ച
ന്റെ വെളിപാടിനോടും പാദശ്രുശ്രൂഷക്കാരന്റെ എഴുത്തിനോടും
എതുക്കുന്നവർക്കും ഈ ഉണർവുസഭയോടു യാതൊരു സംബന്ധവും ഇ
ല്ലാ എന്നു ആത്മാവിന്റെ ഏക ഐക്യതയെ പ്രാപിച്ചിരിക്കുന്ന ആ
ത്മ മണവാട്ടിയുടെ നാമത്തിൽ ഞാൻ താങ്കളോടു അറിയിക്കുന്നു.

൧. താങ്കളുടെ മകൻ പൌൽ ക്രിസ്തുആത്മാവിനെ പ്രാപിച്ച ഇടി
ച്ചെറിയയുടെ വെളിപ്പാടിനോടും ദേവ കാഹളക്കാരന്റെ വെളി
പാടിനോടും എതുത്തിരിക്കുന്നു. തമ്മിൽ എതുക്കുന്ന ആത്മാക്കൾ ര
ണ്ടും വേവേറല്ലൊ ആകുന്നതു. പൌലിനെ ഒരു ദീർഘദർശിയായി
ട്ടു താങ്കളും അയപ്പും അംഗീകരിച്ചാലും സഭ അംഗീകരിച്ചിട്ടില്ല.
എന്നാൽ നേരെ മറിച്ചു അവർ രണ്ടുപേരേയും ദീർഘദർശികളായി
ട്ടു സഭ അംഗീകരിച്ചിരിക്കുന്നു എന്നുള്ളതു സ്പഷ്ടം.

൨. പാദശ്രുശ്രൂഷക്കാരന്റെ എഴുത്തുകളായ ഐക്യതയിന്നാത്മാ
വിന്റെ വെളിപ്പാടുകളോടു നിങ്ങൾ രണ്ടുപേരും എതുത്തിരിക്കുന്നു.
ആയതു അറിയാത്തവയെ ദൂഷിക്കുന്ന മൌഢ്യസ്വഭാവത്തിലത്രെ.

൩. പൌൽ എന്റെ സഹോദരൻ ശമുവേൽ ബോധകരുടെ
ഭയ്യെ അശ്രദ്ധിപ്പെടുത്തുവാൻ ഭാവിച്ച ആ ഭയങ്കര പാപത്തെ സ
ഭയിൽ ഏറ്റു പറഞ്ഞു മാപ്പു ലഭിച്ചിട്ടില്ല.

൪. പൌൽ അയാൾക്കു പറവാനോ ചോദിപ്പാനൊ ആവശ്യമില്ലാ
ത്ത ലജ്ജാകരമായ വാക്കുകളെ ഇവിടെയുള്ള സ്ത്രീകളോടു പറഞ്ഞി
രിക്കുന്നു.

൫. പൌൽ തന്റെ അനുസരണക്കേടിൻ ആത്മാവിനെ ഇവിടെ
നിൽക്കുന്ന ചെറിയാന്റെ ഉള്ളിൽ കയറ്റി എന്റെ ഭവനത്തിൽ
വളരെ അലമ്പൽ വരുത്തിയിരിക്കുന്നു.

ന്നു. കിഴക്കെ വീട്ടിൽ ഗിവർഗീസിന്റെ ഹൃദയത്തിലും വിഷാ
കരേറി അവന്റെ തള്ളയാകുന്ന പാവപ്പെട്ട വിധവയെ കണ്ണുനീ
ർ കുടുപ്പിച്ചിരിക്കുന്നു.

൬. ഞാൻ നിങ്ങളെ എല്ലാവരെയും നിങ്ങളുടെ സ്വഭാവം, ശീലം,
പട്ടതി, വിശ്വസ്തത, മുതലായവയെ ഒന്നും അറിയാതെ നിങ്ങൾ വ
ന്ന സമയം മുതൽ എന്റെ കുടുംബത്തെപ്പോലെ നിങ്ങളെ എണ്ണി
പ്പുണ്ണായി കൈക്കൊണ്ടു എന്നെപ്പറ്റി ലൂക്കോസു ബോധകൻ "ദ
യൊത്രൊഫെസ്" എന്ന പദം എഴുതിയ നന്ദികേടിനെ ഞാൻ ഓ
ർക്കുന്നില്ല. പിന്നെ ഇതു എന്തിന്നു എഴുതി എന്നു ചോദിച്ചാൽ അതി
നെ ഓർത്തു അൽപം വിശേഷിക്കേണ്ടുന്നതിന്നു തന്നെ. പ്രത്യേകം പൗലി
ന്റെ വക്ഷളത്വത്തോടു കൂടിയ ദുഷ്ടതയെ സംബന്ധിച്ചു ഇനിയും അ
നേകം പറവാനുണ്ടു്. എന്നാൽ ഇവ ഇപ്പോൾ മതി എന്നടങ്ങുന്നു.

ഇപ്രകാരമുള്ളവൻ എന്റെ ഭവനത്തിൽ പാർക്കുമോ? എന്റെ
വളപ്പിനകത്തു കേറുമോ? ഞാൻ അശേഷം ഉപദേശിയാകുന്നു മൂ
ത്ത മകൻ പൗലിനെ കൈവിട്ടിരിക്കയാൽ ഇക്കൂട്ടത്തെ ഞാൻ എ
ല്ലാ സഭയിലും പ്രസിദ്ധപ്പെടുത്താതിരിക്കുമോ?

ഇതിന്നു ഇനിക്കു മറുപടി ആവശ്യമില്ല. അല്ലാതെ എഴുതിയാൽ
ഞാൻ മറുപടി അയക്കയില്ല.

എന്നു പാദ ശുശ്രൂഷക്കാരൻ യൂസൂസു യോസേഫ്

൧൭൩൭

പൊതുജനൈക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള കൊല്ലക്കാരൻ കുഞ്ഞാക്കുണ്ടു മുതലാളിക്കു
എന്റെ വിശ്വാസ്യ കുടുംബനം

ഇടിച്ചെറിയവണ്ണം വിവരം പറഞ്ഞു അങ്ങോട്ടു വരണമെന്നു വി
ചാരിച്ചു എങ്കിലും ഈപ്പച്ചൻ നാളെ മങ്ങാഴിയിൽ പോകുന്നതാകയാ
ൽ വരുവാനിടയില്ല. അധികം സുഖക്കേടില്ല എങ്കിൽ നാളെ കാല
ത്തെ ഇവിടെ വന്നാൽ കൊള്ളായിരുന്നു ഈപ്പച്ചൻ മുതലാളിയെ
കാണണമെന്നു പറഞ്ഞു.

ഒന്നു രൂപാസ്സു ഒരു ജീവനാണ്യം കൊടുത്തയക്കുന്നു. ഇതു മുത
ൽപിടിയിൽ ജ്യേഷ്ഠൻ പറഞ്ഞായിക്കണക്കിൽ എഴുതി സൂക്ഷിച്ചു കൊ
ള്ളണം വഗീസിന്റെ കണക്കിൽ ഒന്നു രൂപാ ക്രൂട്ടിക്കൊള്ളേണം. അ
വൻ വരുന്ന എങ്കിൽ കണക്കു തീർത്തു തേങ്ങാ കൊടുക്കുമല്ലൊ. ഇരു
പതു രൂപായിൽ അധികം അവന്റെ കയ്യിൽ നിന്നു വരുവാൻ താ
ക്കവിധത്തിൽ ഒരിക്കലും എഴുതിട്ടുണ്ടാകരുതു. ൨൦൦ രൂപായിൽ അ

ധികം അവന്റെ പക്കൽ നിന്നു അധികപ്പറ്റായി ഒരിക്കലും വാങ്ങിക്കയുമരുത്.

ശേഷം ഒക്കയും കാണുമ്പോൾ എന്നു പാളശ്ശൂശ്രൂഷക്കാരൻ

കന്നീറ്റി നിന്നും
ഫാദർ മീനം വഴി

യൂസുസുയോസേഫ്.

എന്റെ പ്രിയമുള്ള കൊച്ചോയിച്ചനു
എന്റെ വിശ്വാസ മുംബനം

ഇടിക്കുളയച്ചനെ വെളിപ്പാടിൻ പ്രകാരം വഴി തിരുസ്സഭയിലേക്കു പരിശുദ്ധാത്മ ബോധകരോടു കൂടെ അയക്കുന്നു. അയാളുടെ അനുവാദപ്രകാരം ചെങ്കോളത്തും കരിക്കൊട്ടമയിൽ താമസിച്ചു അവധി കഴിഞ്ഞു ഇങ്ങോട്ടു പറഞ്ഞയക്കണം. മറിയമ്മ ഫാദിവസം ചെങ്കോളത്തു താമസിച്ചു തിരികെ വരേണ്ടുന്നതാകയാൽ നയിനാച്ചനെ ഇങ്ങോട്ടു പറഞ്ഞയക്കമല്ലൊ.

വിശേഷിച്ചും കുറിച്ചിറ ഉമ്മച്ചനു കാതല നീക്കി മുടലായിട്ടും പലിശയായിട്ടും എത്ര പണം കൊടുത്തിട്ടുണ്ടെന്നു അറിവാൻ ആവശ്യമാകയാൽ ആ വിവരത്തിനും കാതലെക്കു എത്ര പണം വകവച്ചു കൊടുത്തു എന്നും ആയകലം പണം എത്രയുണ്ടെന്നും വിവരത്തിനു എഴുതിക്കൊടുത്തയക്കണം. വേദവാക്യം ഒരു പരിവൃത്തി രണ്ടു വർഷം തികയുന്നതിനും മുമ്പെ വായിച്ചു തീരണം. വേദവാക്യവായന കണ്ണാശമായി നടത്തിക്കണം. കുടുംബപ്രാർത്ഥനെക്കു വിഘ്നം വരാതെ നോക്കിക്കൊള്ളണം. കൊന്നസ്സൊട്ട കുടുംബത്തെ മുൻ ചട്ടംകെട്ടിയ പ്രകാരം ദൃഷ്ടിവെച്ചു നോക്കിക്കൊള്ളണം. പ്രത്യേകം സംബന്ധത്തിലൊ ശ്രേഷ്ഠത്തിലൊ ഉള്ള കുടുംബങ്ങളിൽ വല്ല ക്രമക്കേടും കണ്ടാൽ അവരോടു ഗുണദോഷം പറഞ്ഞു ക്രമപ്പെടുത്തണം. സഭയെ പ്രത്യേകം സന്തോഷിപ്പിച്ചു കൊള്ളണം. ഊണിലും ഉറക്കത്തിലും വാക്കിലും പ്രവൃത്തിയിലും എന്നു വേണ്ടാ എപ്പോ സമയങ്ങളിലും സഭയുടെ കാര്യം ഒന്നാമതായിരിക്കട്ടെ, ഐക്യതയിന്നാത്മാവു താങ്കളോടും കുടുംബത്തോടും ആ സഭയോടും എന്നേക്കും ഇരിക്കുമാറാകട്ടെ എന്നു താങ്കളുടെ പദശ്ശൂശ്രൂഷക്കാരൻ

കന്നീറ്റിനിന്നും
ഫാദർ മീനം വഴി

യൂസുസുയോസേഫ്.



എന്റെ പ്രിയമുള്ള സഹോദരൻ സത്യദാസൻ ഉപദേശകർക്കു എന്റെ വിശുദ്ധചുംബനം.

തങ്കൾ മങ്കുഴിയിൽ നിന്നും പിരിഞ്ഞു കൊല്ലകപള്ളി ബംഗ്ലാവിൽ കുഡുംബസഹിതം പാർത്തുവരുന്ന വിവരം ഞാനറിഞ്ഞു. അതിന്റെ കാരണം എന്തെന്നറിവാൻ കൊതിക്കുന്നതുകയാൽ ആയതു എഴുത്തു മൂലം അറിയിപ്പാൻ അപേക്ഷിക്കുന്നു. ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു തങ്കളുടെ പാദശുശ്രൂഷക്കാരൻ

പുത്തൻബംഗ്ലാവു,
കാതിര മേടം 20.

യൂസുയോസേഫ്.



യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നിമറി ഉണർവു പ്രഭാലോചന സംഘത്തിൽ ചേർന്ന നടുവിവിഷ്യരിലെയും എല്ലാ ഇടവകയിലുമുള്ള പ്രത്യേക ശുശ്രൂഷക്കാരായ ബോധകന്മാർക്കും അച്ചന്മാർക്കും തലവന്മാർക്കും എന്റെ വിശുദ്ധചുംബനം.

പ്രേമം നിറഞ്ഞ കൃപാപൂർണ്ണകളും ആത്മമണവാട്ടിയുടെ മക്കളും ആയുള്ളോരെ! വരുന്ന ഇടവമാസം ഒന്നാം- ആയതു മൈ മാസം രണ്ടാം വെള്ളി മുതൽ ൫൦ ദിവസം മഹാസപ്തതയായിട്ടു സകലരും ആചരിക്കണം. എന്നു ഐകൃതയിന്നാത്മാവിന്റെ വെളിപാടുണ്ടായിരിക്കയാൽ അതിന്റെ ക്രമം താഴെ എഴുതുന്നു.

൧മതു. ൯൯ വർഷം വെളിപ്പെട്ടു ൪ വർഷം കഴിഞ്ഞ ൫ാം വർഷാരംഭവും ജീവനുള്ള സൃഷ്ടികൾ ഉണ്ടാക്കപ്പെട്ട അഞ്ചാം ദിവസത്തിന്റെ പൊരുളിൽ തുടർന്നുവും ആകയാൽ ഒന്നിന്റെയും ചോര ചൊരിയപ്പെടരുതെന്നു ആത്മാവു വിരോധിച്ചിരിക്കുന്നതുകൊണ്ടും ൦രം പത്തു ദിവസവും ആരും മത്സ്യമാംസം ഭക്ഷിക്കരുതു. ഇതിനെ നിത്യനിയമമായിട്ടു ആക്കി കൈക്കൊള്ളുവാൻ തൽക്കാലം മനസ്സുണ്ടോ? അവർ മേലാൽ മാംസഭോജനത്തെ വെറുക്കട്ടെ മറ്റുള്ളവർക്കു ഇനി രണ്ടു വർഷത്തിനിടയിൽ ൦രം നിയമത്തെ എന്നു കൈക്കൊൾവാൻ മനസ്സുവരുന്നുവോ? അന്നു മുതൽ അവർ മാംസഭോജനത്തിൽനിന്നു ഒഴിഞ്ഞിരിക്കട്ടെ.

൨മതു. ൦രം പത്തു ദിവസവും എല്ലാവരും സ്വസ്ഥമായിരിക്കേണ്ടതാകയാൽ ലോകസംബന്ധമായ വേലകളിൽനിന്നും ഒഴിഞ്ഞിരിക്കേ

ണ്ടതാകുന്നു. ഭക്ഷണത്തിനുള്ളവർ ഇല്ലാത്തവക്കും ഓരോ പത്തു ദിവസവും ചിലവിന്നു കൊടുക്കണം. ആവശ്യംപോലെ മുതൽപിടിയിൽനിന്നും പാവപ്പെട്ടവക്കു ചിലവിന്നു കൊടുത്ത കണക്കെഴുതിക്കൊള്ളാം.

നാമതും വേദവായന ക്രമത്തിൽ പറഞ്ഞവണ്ണം എല്ലാവരും അഞ്ചുവെള്ളിപ്പിന്നെ എഴുന്നീറു നിശ്ചയിക്കപ്പെട്ട സ്ഥലത്തു ഒന്നിച്ചു കൂടി വേദവായന ആരംഭിക്കണം. സ്ത്രീകളുടെയും പൈതങ്ങളുടേയും പുരുഷന്മാരുടെയും മുറപ്രകാരം നടസ്ഥലത്തു ഇരുത്തി അവരവരുടെ ക്രമപ്രകാരം നിവൃത്തിപ്പാനുള്ളതു വായിച്ചു നിവൃത്തിക്കണം. ഏതു കൂട്ടത്തിന്നെങ്കിലും ഒരു പരിവൃത്തി നിവൃത്തിച്ചിരുന്നാൽ വീണ്ടും ആരംഭിച്ചുകൊള്ളാം. ഇതേപ്രകാരം തന്നെ വൈകുന്നേരവും. പത്തുനാഴിക പുലരുമ്പോൾ ജനങ്ങളെല്ലാം ഒരുസ്ഥലത്തുകൂടി സഭാമുറപ്രകാരം വായനശുശ്രൂഷ ആരംഭിക്കണം. പഴയനിയമം 10 പുറം കുറയാതെയും പുതിയ നിയമം 10 പുറം കുറയാതെയും വായിക്കണം. ഓരോ പത്തു ദിവസത്തിനകം സഭാമുറപ്രകാരം ഒരു പരിവൃത്തി വേദം ഒക്കെയും വായിച്ചു തീർന്നിരിക്കണം. വായന തുടങ്ങുമ്പോൾ അപ്പവും വെള്ളിവും മേശയിൽ ഉണ്ടായിരിക്കണം. അവസാനിക്കുമ്പോൾ എല്ലാവരും എഴുന്നീറു നിൽക്കയിൽ വെളിപ്പാട് ഒന്നാം രണ്ടാം അദ്ധ്യായങ്ങൾ വായിച്ചു നടത്തിക്കുന്നവൻ ജീവശുദ്ധീകരണപ്രാർത്ഥന കഴിച്ചു ഏഴാം കാഹളം ഊതി ക്രോധകലശവാചകത്തോടുകൂടെ അപ്പവും വെള്ളിവും എല്ലാവക്കും കൊടുത്തു സ്തോത്രഗീതം പാടി ശുശ്രൂഷ അവസാനിക്കണം.

ഈ ഓരോ പത്തു ദിവസത്തെ മഹാസഭാസ്ഥതയിൽ ശുശ്രൂഷയെ നടത്തിപ്പാൻ തക്കവണ്ണം നിയമിക്കപ്പെട്ടിരിക്കുന്നവർ ബോധകന്മാരും അച്ചന്മാരും തലവന്മാരുമാകയാൽ അവരവരുടെ സ്ഥലങ്ങളിൽ തങ്ങൾ തന്നെ ഇരുന്നു നടത്തുകയും ആളുകളെ നിയമിച്ചാക്കി നടത്തിപ്പാൻ ആവശ്യപ്പെട്ടാൽ അപ്രകാരം നിയമിച്ചു നടത്തിക്കയും ചെയ്യു. ഓരോ മഹാസഭാസ്ഥത അവസാനിക്കുമ്പോൾ എല്ലാ വിവരത്തിനും ഒരു റിപ്പോർട്ട എഴുതി പൊതുസംഘത്തിൽ കൊടുത്തയക്കയും വേണം.

ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കണ്ണീറോടെ നിന്നും
ഹൃദയം പൊട്ടുന്ന

യൂസുസുയോസേഫ്.



എന്റെ പ്രിയ സഹോദരൻ സത്യദാസൻ ഉപദേശകർക്ക് എ
ന്റെ വിശ്വാസ പ്രമാണം.

കൊടുത്തയച്ച മറുപടിയാൽ കൊതിതീർന്നു. എന്തെന്നാൽ ഈ ഉ
ണർവു സഭയിലെ "ഉപദേശം,, വിശ്വാസയോഗ്യമല്ലെന്നും താൽ
ക്കാലികമായ മായാതന്ത്രത്തിന്മേൽ സിദ്ധാന്തമായി സ്ഥാപിച്ചതെന്നും
രക്ഷാമാർഗ്ഗത്തിന്നു പ്രതികൂലമെന്നും കാണ്മാൻ തക്കവണ്ണം താങ്കൾക്കു
ഒരു കണ്ണുണ്ടായല്ലോ. ഇതു ഉണർവു സഭയിൽ വരുന്നതിന്നു മുമ്പെ
ഉണ്ടായിരുന്നില്ല എന്നുള്ളതു സംശയം തന്നെ. ഇതു ദൈവകൃപയ
ത്രെ. അതു കൊണ്ടു നിശ്ചയിക്കപ്പെട്ട സമയംവരെ താങ്കൾ എന്റെ
ആൾപ്പേരായിട്ടു അവിടെ പാർക്കേണ്ടുന്നതാകുന്നു. പിന്നീടു ഞാൻ പ
യറാം. അതുവരെയും തീരെ സ്വാതന്ത്ര്യം തരികയില്ല. ഇങ്ങിനെ
വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു താങ്കളുടെ പാദശുശ്രൂഷക്കാരൻ

പുത്തൻ ബംഗ്ലാവു
ഹാരിസ് റോടു വിശാഖം- യൂസ്സൂസ് യോസേഫ്.



എന്റെ പ്രിയ സഹോദരൻ സത്യദാസൻ ഉപദേശകർക്ക് എ
ന്റെ വിശ്വാസ പ്രമാണം.

താങ്കൾ അയച്ച മറുപടി വന്നു ചേർന്നു. "അതിൽ കാണ്മാൻ ഇട
വന്നു,, എന്നു താങ്കൾ പറഞ്ഞിരിക്കുന്നതിൽ നിന്നു അല്പം പറഞ്ഞു കൊ
ള്ളട്ടെ. "കാണ്മാൻ ഇടവന്നു", എന്ന വാക്കിനാൽ കണ്ണു തുറന്നു എന്നു
നിശ്ചയിക്കാമല്ലോ. കണ്ണു തുറന്നു എന്നു വരുമ്പോൾ അതിന്നു മുമ്പെ
കണ്ണു അടഞ്ഞതിരുന്നു എന്നർത്ഥം വരും. കണ്ണടഞ്ഞിരുന്ന സമയം വേ
റൊരു കണ്ണു താങ്കൾക്കു ഉണ്ടായിരുന്നു എന്നുള്ളതിന്നു താങ്കൾ പ്രോ
ത്സാഹിപ്പിച്ചതിൽ നിന്നു ഉണർവു സഭയുടെ അവയവമായി തീർന്നതു തക്ക
സാക്ഷി. അതു കൊണ്ടു ഉണർവു സഭയെക്കാണ്മാൻ തക്കവണ്ണം അ
ദ്യം ഒരു കണ്ണു താങ്കൾക്കുണ്ടായിരുന്നു എന്നും ഇപ്പോൾ ഒരു കണ്ണു ഉ
ണ്ടായിരിക്കുന്നു എന്നും തെളിവത്രെ. ഈ രണ്ടു കണ്ണും പരസ്പര
വിരോധവുമാണു. എന്തെന്നാൽ ഒരിക്കൽ കണ്ണിന്നു പ്രകാശമായിരു
ന്നതു മറ്റൊരിക്കൽ കണ്ണിന്നു അന്ധകാരമായിരിക്കുന്നു. എങ്കിലും
വിഷയം ഒന്നുതന്നെ ആയതു ഉണർവു സഭയുമാകുന്നു. ഈ സഭ താങ്കളു
ടെ മുമ്പിലത്തെ ചീത്തക്കണ്ണിന്നു പ്രകാശമായും "ദൈവകൃപയാൽ"

തൽക്കാലം താങ്കൾക്കുണ്ടായിട്ടുള്ള നല്ല കണ്ണിനു അന്ധകാരമായും ഇരിക്കുന്നു എന്നോ? അല്ല താങ്കൾക്കു മുൻപും ഇപ്പോഴും ഉള്ള കണ്ണു തന്നെ അതു നല്ലതുമാകുന്നു. അതുകൊണ്ടു കണ്ണിന്റെ ദൃഷ്ടി കൊണ്ടല്ല. ഉണർവു സഭ മുൻപെ നല്ലതായിരുന്ന പിന്നീടു ചീത്തയായി പോയി എന്നോ? അല്ലെങ്കിൽ മറ്റേതുപ്രകാരം എന്നോ? താങ്കളുടെ എഴുത്തിന്റെ ആന്തരം എന്നറിവാൻ ആഗ്രഹിക്കുന്നു.

എന്നാൽ ഉണർവു സഭയുടെ കാതലായ ഉപദേശം അറിഞ്ഞു വിശ്വസിക്കുന്നില്ല. വിശ്വസിച്ചുറിക എന്നത്രെ. എബ്രായ ഫ. നമ്മുക്കുണ്ടു. മാനുഷികമായ അറിവു പൈശാചികവും പ്രാണമയവും ആകയാൽ അതിന്മേൽ ആധേയപ്പെട്ട വിശ്വാസം സാക്ഷാൽ അവിശ്വാസവും മായയും ജീവപാഥെക്കു സാക്ഷാൽ പ്രതികൂലവും ആകയാൽ അപ്രകാരമുള്ള ദുഷ്ട എണ്ണത്തെ അവിടെ ഒരുകുഴി കുഴിച്ചു അടക്കി തിരിഞ്ഞു നോക്കാതെ ഇങ്ങോട്ടു വരുവാൻ അപേക്ഷിക്കുന്നു. വിശ്വസിച്ചുറഞ്ഞു ജീവിക്കുന്ന ഈ ഉണർവു സഭയുടെ പാദധൂളിയായിട്ടു ഞാൻ ജീവിക്കുന്നതിനാൽ എന്റെ ശിരോലങ്കാരമായിട്ടു താങ്കളും ഉണർവു സഭയുടെ അവയവമായി ജീവിക്കും. ചത്തുനാറുന്ന ശവമാംസത്തിൽ നിന്നും പ്രേതാലയത്തിൽ നിന്നും വീണ്ടും ജീവാലയത്തിൽ വരേണ്ടുന്നതിനു താങ്കൾക്കു യാതൊരു തടസ്സവുമില്ല. ഞാൻ തയാറായിരിക്കുന്നു ജീവ കൃപതാങ്കളോടുകൂടെ ഇരിക്കുമാറാകട്ടെ. ഇങ്ങിനെ വിനയപൂർവം എഴുതിക്കൊള്ളുന്നതു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കണ്ണീറോടെ നിന്നും
കർത്താവു മേടം വന്നു

യൂസ്സൂസു യോസേഫ്.

നിവൃ

എന്റെ പ്രിയമുള്ള മെഴുവേലി മൂപ്പിലേക്കു എന്റെ
വിശുദ്ധ മുംബനം.

മുതലാളി മൂലം കൊടുത്തയച്ച എഴുത്തു കൊണ്ടു വന്നതിനു. ദൈവകൃപയാൽ എല്ലാ അനുഗ്രഹത്തിനും വാഴ്വിനും കാരണവും വഴിയും ആയിരിക്കുന്ന ഈ ഉണർവു സഭയുടെ പൂർണ്ണവകാശിയായിരിപ്പാൻ തക്കവണ്ണം താങ്കളുടെ ശരീരഫലത്തെ മനഃപൂർവമായി നൽകുവാൻ ഇടയാക്കിയ ദൈവത്തിനു സ്തോത്രമുണ്ടാകട്ടെ. ഈ മനഃപൂർവ ദാനം വഴിയായി കരുണകളുടെ പിതാവും സമാധാനത്തിന്റെ ദൈവവും ആകുന്ന ഏകൈക്യതയിൻ ആത്മകത്തൃവു താങ്കളുടെ മേലും കുടുംബത്തിന്മേലും തന്റെ ജീവ കരുണയെ പൊഴിക്കുമാറാകട്ടെ.

കൊച്ചുകുഞ്ഞു ഉണർവു സഭെക്കു പ്രത്യക മകനാകയാൽ ജീവകൃ
വ അവനോടു കൂടെയുണ്ടു. കർത്താവു തന്റെ തൃക്കയ്യിൽ ഒരു നക്ഷ
ത്രം പോലെ അവനെ പതിച്ചിട്ടുണ്ടു.

അവന്റെ വിവാഹത്തെ സംബന്ധിച്ചും താങ്കൾക്കു തൃപ്തികേടു
ണ്ടാകുവാൻ ഇടയില്ലെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ആ ഭ
വത്തെ ദൈവം പരിപൂർണ്ണമായി അനുഗ്രഹിച്ചിരിക്കുന്നു. ആ പെൺ
കുഞ്ഞും അനുഗ്രഹിക്കപ്പെട്ട കന്യകയത്രെ. അതിന്റെ ഇപ്പോഴത്തെ
മാതാപിതാക്കന്മാരും സഹോദര സഹോദരിമാരും എല്ലാം അനുഗ്ര
ഹിക്കപ്പെട്ടവരാകുന്നു സത്യം. അതുകൊണ്ടു ഈ വിവാഹസംബന്ധം
മനുഷ്യരുടെ ഇഷ്ടത്തിൽ നിന്നല്ല. ആത്മാവിന്റെ ഹിതപ്രകാരം ഉ
ണ്ടായിരിക്കയാൽ ദൈവം ഇതിനെ നിത്യവിവാഹമായി അനുഗ്ര
ഹിക്കും. ആ ഭവനത്തിലെ നാലാൽ ഒരു അംശത്തിനു പൂർണ്ണവകാശം
സിദ്ധിച്ചിട്ടുള്ള സഭയിൻ മകളായ ആ കന്യകയെ ഇടവം വ്യവസ്ഥ
വ്യാഴാഴ്ച നിത്യവിവാഹത്താൽ ഒന്നായി ചേർപ്പാൻ തക്കവണ്ണം സ
ഭ നിശ്ചയിച്ചിരിക്കുന്നു. തിരുസഭയുടെ ഈ അടിയന്തിരത്തിനു സഭ
യുടെ ആൾപേരായിട്ടു ഞാൻ താങ്കളേയും കുടുംബത്തേയും ക്ഷണിക്കു
ന്നു. ഈ ദിവ്യ അടിയന്തിരത്തിനു ഇഞ്ചക്കൽ വന്ന ചേരമല്ലോ.
എല്ലാകാര്യവും യുക്തമായിട്ടും ക്രമമായിട്ടും നടത്തിക്കപ്പെടുന്നതാകയാ
ൽ ഒന്നിനെക്കുറിച്ചും മനസ്സിൽ വിഷാദം വേണ്ടാ. എല്ലാം നന്മയായി
രിക്കും. ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു താങ്കളുടെ പാ
ലസ്തുശ്രേഷ്ഠക്കാരൻ
ഫാദർ മേടം പൗ.

യൂസ്തൂസു യോസേഫ്.

എന്റെ പ്രേമംനിറഞ്ഞ സഹോദരൻ പീലിപ്പോച്ചന്നു
എന്റെ വിശുദ്ധഗ്രന്ഥം.

അൽപശം കൊടുത്തയച്ച എഴുത്തും റിപ്പോർട്ടുകളും കൊണ്ടുവന്ന
തിനു. താങ്കൾക്കു തൽക്കാലം ഉണ്ടായിട്ടുള്ള ആപത്തുകളെ ഓർത്തു ഞാൻ
ഏറ്റയും പരിതപിക്കുന്നു. എങ്കിലോ ആശയില്ലാത്തവനായിട്ടല്ല
താനും. ഞാനും ഈശ്വരനും പ്രത്യാശിച്ചു. വെളിപ്പെട്ടതു ഫലസം
കീർത്തനം ഫലാഫലം വാക്യങ്ങളത്രെ. ഇവയെ വായിച്ചു ശക്തി
പ്പെടുകൊള്ളണം. ഇതു മുന്നാം കഷ്ടം സഭയിൽ നിന്നു ഒഴിഞ്ഞുപോകു
ന്നകാലമാകുന്നു. ആയ്കൊണ്ടാണു താങ്കൾക്കു സുഖക്കേടുണ്ടായിരി
ക്കുന്നതു. ഇതിനാൽ പ്രകൃതശരീരം മാറീട്ടു ആത്മശരീരം ഉണ്ടാകും.
മുൻപുള്ളവരെപ്പോലെ ശരീരം മണ്ണോടു ചേർന്നിട്ടില്ലതാനും. മരി
ച്ചപ്പെട്ടു മരിച്ചപ്പെട്ടത്രെ. ആകയാൽ ഒട്ടും ഇളകാതെ പൂർണ്ണ വി

ശപസ്ഥതയോടു കൂടെ ഇരിക്കണം. നമ്പരിനെ സംബന്ധിച്ചു കാര്യ
കാർമേഘത്തെ മറിക്കുന്നതുപോലെ ദൈവം മറിച്ചുകളയും. അതി
നെ അഗാധത്തിങ്കൽ ഏറിഞ്ഞുകളകയും ചെയ്യും നിശ്ചയം. കഡ്ഡും
ബത്തിലുള്ള അവിശ്വാസത്തെ ദൈവം പഴുതുണിപോലെ കീറിക്ക
ളവാൻ നിശ്ചയിച്ചിട്ടുണ്ടു. താങ്കളുടെ പ്രാർത്ഥനയെ ദൈവം കേട്ടി
ട്ടുണ്ടു. ഇവിടെ സുഖക്കേടു ആർക്കും ഒന്നുമില്ല. വരുന്ന ഇടവം മുതൽ-
വെള്ളിമുതൽ ഠ ദിവസം പെന്തിക്കോസ്തുദിനം വരെ എല്ലാ സഭ
യിലും മഹാസ്വസ്ഥത ആചരിക്കണം. ഞാൻ എഴുത്തയച്ചിട്ടുണ്ടു. വ
രുന്ന വെള്ളിയാഴ്ച ബോധകന്മാർ എല്ലാവരും ഇവിടെ കൂടണം.
എന്നു നിശ്ചയിച്ചിരിക്കുന്നു. താങ്കൾക്കു വരുവാൻ കഴിവില്ലല്ലൊ.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും
ഠ൦ിര ഇടവം ന്ന൯ യൂസ്സൂസ് യോസേഫ്

൨൫൫

എന്റെ പ്രിയമുള്ള ചിറത്താണം കുരുവിള ഉപദ്രവാധ
കൂക്ക എന്റെ വിശ്വാസ്യപുത്രനു.

താങ്കളെ സഭയിൽ ഉപദ്രോധകരായിട്ടു നിയമിച്ചിരിക്കയും ഈ
വരുന്ന മഹാസ്വസ്ഥതെക്കു ഇലന്തൂർ ഇടവകയിൽ നടത്തിപ്പുകാര
നായും ആക്കി അയക്കയും ചെയ്തിരിക്കയാൽ ആ പത്തു ദിവസവും കാ
വിട്ടത്തെ ശുശ്രൂഷകളൊക്കയും നടത്തി വിവരത്തിനു സംഘത്തിൽ
റിപ്പോർട്ടു അയപ്പാറാകണം. വ്യാഴം- വ്യാഴാഴ്ച ഇഞ്ചെക്കൽ വന്നു
ചേരുമല്ലൊ. ഇങ്ങനെ ആത്മമണവാട്ടിയുടെ നാമത്തിൽ താങ്കളുടെ
പാദശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും
ഠ൦ിര ഇടവം ന്ന൯ യൂസ്സൂസ് യോസേഫ്

൨൫൬

എന്റെ പ്രിയമുള്ള മൂപ്പിലക്കു എന്റെ
വിശ്വാസ്യപുത്രനു

ഉറിയമ്മ ജഡപ്രകാരം മൂപ്പിലെ മകളാകുന്നു. എങ്കിലും ആത്മപ്രകാ
രം എന്റെ മകളും സഹോദരിയുമത്രെ എന്റെ ഈ ഭവനവും അ
വളുടെ ഭവനവും എന്റെ ഭവനത്തിലുള്ളവർ എല്ലാവരും അവളുടെ
സഹോദരസഹോദരിമാരും മാതാപിതാക്കന്മാരും കുഞ്ഞുങ്ങളും ത

ന്നെ യാതൊരു വ്യത്യാസവുമില്ല അത്രയുമല്ല എന്റെ മകൻ യോഹന്നാൻകുഞ്ഞിനെ അവൾക്കു അവകാശമായി കൊടുത്തിരിക്കുന്നു അതുകൊണ്ടു അവളുടെ വീട്ടു ക്രൂരപ്പള്ളിയല്ല കന്നീറ്റി പുത്തൻബംഗ്ലാവിലത്രെ. അവൾക്കു മനസ്സുണ്ടെങ്കിൽ യോഹന്നാൻകുഞ്ഞിന്റെ മൂലകുടി മാറിയ ശേഷം വളരെ സ്നേഹനം കൊടുത്തു ഇസ്രായേലിൽ ഒരു പ്രഭു എന്നപോലെയുള്ള ഒരു ഉത്തമപുരുഷനേക്കൊണ്ടു ഞാൻ കെട്ടിക്കും അതും നിങ്ങളുടെ മനസ്സിനു എത്രയും സന്തോഷവും ഇഷ്ടവുമായിരിക്കും. എന്നാലൊ ആത്മാവിന്റെ വെളിപാടിൻപ്രകാരം നിങ്ങൾക്കു തരുവാനുള്ള രാശി സംഗതം ഞാൻ കൊടുത്തയക്കും. ആവിവരത്തെ സംബന്ധിച്ചു കീവറീച്ചനോടു ഞാൻ പറഞ്ഞയച്ചിട്ടുമുണ്ടു. ഞാൻ ഇപ്പോൾ മറിയമ്മയെ പത്തു ദിവസത്തെ അവധിക്കു അങ്ങോട്ടയക്കുന്നു. മൂപ്പിലെ കുടുംബം എന്റെ കുടുംബവും എന്റെ കുടുംബം മൂപ്പിലെ കുടുംബവും ആകയാലും മറിയമ്മ പുത്തൻബംഗ്ലാവിൽ പാർക്കേണ്ടുന്നതാകയാലും പത്തുദിവസം കഴിഞ്ഞു കീവറീച്ചൻ വശം മറിയമ്മയെ ഇങ്ങോട്ടയപ്പാറാകണം. കർത്താവു നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ. ശേഷമൊക്കയും കീവറീച്ചൻ പറകയും ചെയ്യും. ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദസ്പൃഷ്ടക്കാരൻ

കന്നീറ്റിനിന്നും. യൂസ്സൂസു യോസേഫ്.

ഫാദർ ഇടവം വന്നു

നീട്ടുന്നു

എന്റെ പ്രിയമുള്ള നയിനാച്ചനു എന്റെ
ശുഭ്രുദ്ധമുണ്ടാകട്ടെ.

താങ്കൾ എന്നോടു പറഞ്ഞ കാര്യത്തെ സംബന്ധിച്ചു ദൈവത്തോടു ആലോചിച്ചതിൽ ഉണ്ടായ വെളിപാടിനെ താഴെ എഴുതുന്നു.

ഫാദർ യൂസ്സൂസുയോസേഫിന്റെ കുടുംബത്തെയും അതിലുള്ള എല്ലാവരേയും എല്ലാ വസ്തുക്കളേയും ദൈവം ക്ഷീണതയും പ്രാകൃതവും ബലഹീനവും അറകുറവുമുള്ള വിരുത്തുരൂപമായിട്ടാകുന്ന ലോകത്തിനു വെച്ചിരിക്കുന്നതു. അതിനാൽ മത്തായി ബോധകരുടെ മകളും ഇപ്രകാരമുള്ള ഒരു വിരുതത്രെ.

ഫാദർ ഈ വിരുതിനെ കൈക്കൊൾവാൻ ഒന്നാമത്തെ അവകാശികൾ ബോധകന്മാർ അച്ചന്മാർ തലവന്മാർ എന്നിവരും അതിന്റെ ശേഷം ഉണർവ്വുസഭയിലുള്ള മറ്റെല്ലാവരും പിന്നീടു നൂറ്റി നാല്പത്തിനാലായിരവും അനേകായിരവും തന്നെ.

നാമതു ലൂക്കോസു ബോധകർ ഈ വിധത്തു മൈക്കൊള്ളണം എന്നു താല്പര്യപ്പെടുന്നു കുമെങ്കിലും അതിനു അനുസരണം ഇല്ലാത്തതിനാൽ പറമ്പിലെ ബോധകർക്കു വെളിപ്പെട്ടിരിക്കുന്നു.

നാമതു പറമ്പിലെ ബോധകരുടെ അനുഗ്രഹം ജഡത്തിലല്ല. ആത്മാവിലാകയാൽ ആ അനുഗ്രഹം രണ്ടു പ്രകൃതശരീരത്തിങ്കൽ പകരപ്പെട്ട ഇതു ആത്മീകമാകണം എന്നും ഈ പ്രകൃതശരീരത്തിന്റെ ഉള്ളിൽ വച്ചിരിക്കുന്ന അനുഗ്രഹം ആ ശരീരത്തിൽ പകർന്നു. ആയ്തു വിശുദ്ധജഡമാകണമെന്നാകുന്നു ആത്മാവിന്റെ ആന്തരം.

നാമതു അനുഗ്രഹമാകുന്ന പാലിനെ കുടിച്ചു നഷ്ടപ്പെടുത്തിക്കൊണ്ടവരുന്ന ഒരു കെട്ടനുകുന്നൻ മത്തിയാസിന്റെ കണ്ണുന്ന ജഡത്തിലും ഒരു കള്ളച്ചക്കി സാറാമ്മയുടെ കണ്ണുത്ത ജഡത്തിലും കുടികൊണ്ടു വാഴുന്നതിനാൽ ആത്മാവിന്റെ ന്യായത്തിൻപ്രകാരം ഇതിനു ഞായ. അതിനു ഇതു. അല്ലാതെ വേറൊന്നിനു പൊരുത്തം കാണുന്നില്ല. എന്നാലൊ കള്ളച്ചക്കിക്കു നല്ല കുന്നനിലും കെട്ടനുകുന്നനു നല്ല ചക്കിയിലുമാകുന്നു അഗ്രഹം ഉണ്ടാകുന്നതു. ഇതു ജഡപ്രകാരമത്രെ.

നാമതു മത്തിയാസിന്റെ കണ്ണു ജഡത്തിന്റെ സൌന്ദർയ്യത്തെ ആഗ്രഹിക്കുന്നതും സാറാമ്മയുടെ കണ്ണു ആത്മാവിന്റെ പുറമെയുള്ള സത്രുപത്തെ പെറുക്കുന്നതും രണ്ടും ജഡമത്രെ.

നാമതു ഇവർ രണ്ടു പേരും തങ്ങളാരാകുന്നു എന്നു അറിഞ്ഞിട്ടില്ല. ഇവരിൽ ദൈവാനുഗ്രഹമാകുന്ന നിത്യജീവന്റെ വിത്തു ഉണ്ടെന്നു മറുള്ളവരും അറിഞ്ഞിട്ടില്ല. എന്തെന്നാൽ ജഡസ്വഭാവത്തിന്റെ കട്ടിയുള്ള കുപ്പായത്താൽ ആത്മാവു എതുയും മറഞ്ഞിരിക്കുന്നു. ആകയാൽ ലൌകീകം എന്നുള്ള മുറുക്കു ഇവരെ തമ്മിൽ സംയോജിപ്പിപ്പാൻ ഞാൻ തുനിയുന്നില്ല. ആത്മീകം എന്നുള്ള മുറുക്കു ദൈവത്തിന്റെ തുക്കയിലും ഈ കാര്യത്തെ ഞാൻ ഇതാ സമർപ്പിക്കുന്നു. ദൈവഇഷ്ടത്തോടു മറുപ്പാൻ ആർക്കും പാടില്ലാത്തതു കൊണ്ടു. ഇതു നിവൃത്തിക്കുന്നു എങ്കിൽ ദൈവഇഷ്ടം. അതു നന്മയായി ഭവിക്കയും ചെയ്യും. നിവൃത്തിപ്പാൻ ഇടയായില്ലെങ്കിൽ അതും ദൈവഇഷ്ടം തന്നെ. നന്മയായിരിക്കയും ചെയ്യും. രണ്ടു കാര്യത്തെക്കുറിച്ചു ഇതിലധികം പറവാൻ ഒന്നുമില്ല.

വിശേഷിച്ചും രണ്ടു കല്യാണം ചിങ്ങമാസം വിറന്നു വേണമെന്നു ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു. ശേഷമൊക്കയും പിന്നാലെ എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കുന്നിറിനിനും യൂസ്സുയോസേഫ്.

ഫാദിമ ഇടവം ൨൫.



എന്റെ പ്രിയമുള്ള പ്രേരിതൻ മത്തായിബോധകക്ക്
എന്റെ വിശ്വാസപൂർണ്ണം.

താങ്കൾ ഇവിടെ നിന്നു പോയതിൽപിന്നെ ഇവിടെ ഉണ്ടായിട്ടുള്ള തൊമ്മച്ചൻ. മത്തായിബോധകർ. തേവലക്കര പിള്ള എന്നിവർ എന്നെക്കുമുള്ള ജീവനിൽ പ്രവേശിച്ച വർത്തമാനവും മറ്റും താങ്കൾ അറിഞ്ഞിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അരുളാനന്ദം പ്രസംഗി താങ്കളുടെ വേലയെയും ശരീരക്ഷേമാദികളെയും പറഞ്ഞു ഞങ്ങളോട് വിവരം പറഞ്ഞുകേട്ടതിനാൽ സന്തോഷപ്പെട്ടു.

കർത്താവു ഇവിടെയുള്ള തന്റെ ശുശ്രൂഷക്കാരെയും സഭയേയും അത്ഭുതമായി നടത്തിച്ചു കൊണ്ടുവരുന്ന എല്ലാ കരുണയെയും വിശ്വാസ്ഥതയേയും കുറിച്ചു വിചാരിക്കുമ്പോൾ ഞാൻ എങ്ങനെ നാവുകൊണ്ടു വർണ്ണിക്കേണ്ടു?

വ. സകലവും അതിശയം തന്നെ. വിവരം ഐക്യകണ്ഡംഖത്തിനുള്ള ജീവപത്രിക അവർ എടുക്കുന്ന ദശാംശത്തിനുള്ള ജീവവിവരപ്പത്രിക ദേവരാജ്യത്തിലെ രാത്രിവിരുന്നിനുള്ള ആചാരക്രമം. ആലോചനസംഘത്തിന്റെ എന്നെക്കുമുള്ള ഓരോ നിയമങ്ങൾ സഹസ്രാബ്ദ വാഴ്ച്ചക്കുള്ള ജീവാവകാശപത്രം ഐക്യതയിന്നാത്മാവിന്റെ വെളിവാടുകളായ സഭാ സംഗതികൾ ഇവ മുതലായവ തന്നെ. ത്രിയേകദൈവമായ സ്നേഹാത്മാവിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ.

താങ്കൾ ഒരു പ്രാവശ്യം കൂടെ ഇവിടെ വന്നുപോയാൽ കൊള്ളായിരുന്നു. അരുളാനന്ദപ്രസംഗിവശം ജീവശുദ്ധികരണപ്രാർത്ഥനയും ഏഴാം കാഹളവാചകവും ക്രോധകലശം പകരുന്ന വാചകവും എഴുതികൊടുത്തയക്കുന്നു.

ദൈവകൃപയാൽ ഞങ്ങൾക്കെല്ലാവർക്കും ഇപ്പോൾ സുഖം. താങ്കളുടെ എല്ലാ നന്മക്കും വേലക്കുമായിട്ടു ഞങ്ങൾ പ്രാർത്ഥിച്ചുവരുന്നപ്രകാരം താങ്കളും പ്രാർത്ഥിച്ചുവരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

വെളിവാടുണ്ടാകുമ്പോൾ ഇവിടെ നിന്നും ബോധകന്മാരെ പാർപ്പിക്കയക്കും. അവർ അനുഗ്രഹത്തിന്റെ പൂർണ്ണതയോടും കൂടെ വരികയും ചെയ്യും.

താങ്കളുടെ സഹോദരി മുതലായവർക്കും ദൈവകൃപയാൽ സുഖം തന്നെ.

എന്റെ കുടുംബത്തിലുള്ള എല്ലാവരും എല്ലാ ബോധകന്മാരും ഈ പ്രാവശ്യം താങ്കൾക്കും ഭാര്യക്കും സംപ്രീതിയോടുകൂടെ സലാം പറയുന്നു

ജീവകൃപ താങ്കളോട് കൂടെ ഇരിക്കുമാറാകട്ടെ. അവിടെയുള്ള വിവരത്തിന്നു മറുപടി അയപ്പാറാകണം എന്നു താങ്കളുടെ പാദസ്തുശുശ്രൂഷക്കാരൻ

കന്നീറിനിന്നും
ഫ്വന്റെ
ജൂൺ 18-ാം നു-

യുസ്സൂസു യോസേഫ്.



പൊതുജനങ്ങളുടെ ഐക്യതയിൽ നിന്നുള്ള ജീവകരുണയുടെ പത്രം.

"കരുണയുള്ളവർ ഭാഗ്യവാന്മാർ. അതെന്തുകൊണ്ടെന്നാൽ അവർക്കു കരുണ ലഭിക്കും. കരുണ ചെയ്യാത്തവന്നു കരുണ കൂടാതെ വിധിയുണ്ടാകും. വിധിയുടെ നേരെ കരുണ സന്തോഷിക്കയും ചെയ്യുന്നു." എന്നു മഹാദൈവത്തിന്റെ ആത്മാവു ഘോഷിക്കുന്നു.

എന്റെ പ്രിയവും പ്രേമവും നിറഞ്ഞ കൂടപ്പിറപ്പുകളും ദേവമക്കളും ആയുള്ളോരെ! ഞാൻ നിങ്ങൾക്കു പാദപീഠമായിരുന്നു കൊണ്ടു വന്ദനം ചൊല്ലുന്നു.

ത്രിയേക ദൈവമായ സ്നേഹാത്മാവാം മഹാദൈവം തന്റെ വിലയേറിയ സമ്പത്തായ പാവപ്പെട്ടവരെയും അനാഥരെയും അഗതികളേയും കടത്താൽ അടിമപ്പെട്ടുപോയവരെയും ആരുമില്ലാത്ത വിധവമാരേയും രോഗത്താലും കഷ്ടത്താലും ദാരിദ്ര്യത്താലും നന്നാ വലയുന്നവരേയും ഇനിക്കു പൂർണ്ണവകാശമാക്കി തന്നിരിക്കുന്നു. എന്നെ ഞാൻ അവക്കു മുഴുവനും ഭരമേല്പിച്ചുമിരിക്കുന്നു സത്യം. അതിനാൽ ഇനിക്കു ദൈവത്തിൽ നിന്നു ലഭിച്ചിരിക്കുന്ന ജീവ കരുണെക്കു നിങ്ങളെല്ലാവരും കൃത്യവകാശികളാകയാൽ പാവപ്പെട്ടവക്കു കൈതാങ്ങൽ കൊടുപ്പിൻ. എന്നാൽ ദൈവം നിങ്ങളെ ഉദ്ധരിക്കും. അനാഥരെ ചേർത്തുകൊൾവിൻ. എന്നാൽ ദൈവം നിങ്ങളെ ചേർത്തുകൊള്ളും. അഗതികൾക്കു സഹായിപ്പിൻ. എന്നാൽ ദൈവം നിങ്ങൾക്കു സഹായിക്കും. കടത്താൽ അടിമപ്പെട്ടു പോയവരെ വീട്ടുവിപ്പിൻ എന്നാൽ ദൈവം നിങ്ങളുടെ കടത്തെ വീട്ടുതരും. ആരുമില്ലാത്ത വിധവമാരെ ആദരിപ്പിൻ. ദൈവം നിങ്ങളെ ആദരിക്കും. രോഗത്താലും കഷ്ടത്താലും ദാരിദ്ര്യത്താലും നന്നാ വലയുന്നവരെ നിങ്ങളുടെ സകലം കൊണ്ടും ആശ്വസിപ്പിപ്പിൻ. എന്നാൽ ദൈവം നിങ്ങളെ ആദരാഗ്രപ്പെടുത്തുകയും സകല ദുഃഖങ്ങളിൽ നിന്നും ആശ്വസിപ്പിക്കയും ചെയ്യും. നിശ്ചയം. നിശ്ചയം. നിശ്ചയം.

വിശേഷിച്ചും ഈ സദ്വർത്തമാനത്തെ കൊണ്ടുവരുന്ന ദൂതന്മാരെ നിങ്ങൾ സന്തോഷത്തോടു കൂടെ കൈക്കൊണ്ടു നിങ്ങളുടെ മനഃപൂ

വ് ദാനത്തെ ജീവ കരുണയിൻ നിക്ഷേപ പാത്രത്തിലേക്കു അ ദ്ദേ തന്മാർ മുലം അയെക്കുന്നതിനാൽ നിങ്ങളുടെ നാമങ്ങൾ ജീവാ വു സുകത്തിൽ എഴുതപ്പെട്ടുവാനും ജീവ കരുണ നിങ്ങളോട് ക്രൂടെ എ ന്നേക്കും ഇരിപ്പാനും തക്കവണ്ണം ദൈവം ഇട വരുത്തുകയും ചെ യ്യും. സകല ജീവാനുഗ്രഹവും നിങ്ങൾക്കുണ്ടായി വർദ്ധിക്കട്ടെ.

ഇങ്ങനെ വിനയപൂവ്വം സകലരും ബോധിപ്പാൻ തക്കവണ്ണം ഈ ജീവ കരുണയിൻ പത്രം എഴുതികൊള്ളുന്നതു. എല്ലാവരുടെയും പാ ദ ശുശ്രൂഷക്കാരൻ വിദ്വാൻ കുട്ടി എന്നു വിളിക്കപ്പെടുന്ന

കുന്നിറ നിന്നും
ഫ്രവുൻ ജൂൺ ഫ്ര.നു-ക്കു
ഫംഗിര മിഥുനം ഫ.നു-

യൂസ്സസ് യോസേഫ്

ഫ്രാൻസ്



എന്റെ പ്രിയമുള്ള മദിരെച്ചേരി ഇട്ടിച്ചെറിയെക്കു
എന്റെ വിശുദ്ധ കുംബനം

ഞാൻ എന്റെ സ്വന്തം പോലെ തന്നെയും കുടുംബത്തേയും സ്നേ ഹിച്ചിരിക്കുന്നു എന്നു ഞാൻ ആധീനമായി സ്നേഹിച്ചു വരുന്ന ദൈ വം സാക്ഷി. തന്നെ സംബന്ധിച്ചു ഇന്നലെ ഉണ്ടായിട്ടുള്ള ദൈവ വെളിപാടിനെ തന്നോട് പറയാതിരുന്നു കൂടാ. ആയ്യു എന്തെന്നാൽ പൊൻ തകടിനെ കണ്ടിക്കുന്ന കത്രിക പോലെ ആത്മാവു വന്നു ത ന്റെ ഉള്ളിലുള്ള മാമോന്റെ തലയെ ഖണ്ഡിച്ചു കളഞ്ഞു. അതിനാ ൽ വേഗം അനുതപിച്ചുകൊൾകാ. അല്ലെങ്കിൽ തനിക്കു മഹാ വ്യ സനം വരും. നിശ്ചയം. നിശ്ചയം. നിശ്ചയം. ആമേൻ. ആമേൻ. ആ മേൻ.

അല്പാതയും ശുശ്രൂഷക്കാരനെ സംബന്ധിച്ചു പുറമെ ഒരു കാര്യം താൻ പറഞ്ഞിരിക്കുന്നതിനു ആത്മ നിയോഗപ്രകാരം ഇങ്ങനെ നി ശ്ചയിച്ചിരിക്കുന്നു. നിങ്ങളിൽ നിന്നു ഒരു ശുശ്രൂഷക്കാരനെ തെരി ഞ്ഞെടുത്തു അവിടെ നിയമിക്കണം എന്നത്രെ. അയ്യിനു മൂന്നു ആളു കളെ ആത്മാവു കുറിച്ചിട്ടുണ്ടു. അവർ മാത്തുണ്ണി, മാലെത്തുമ്മൻ, അ ലുവിള ഉമ്മൻ എന്നിവരത്രെ. ഇവരിൽ ആരേ ബോധിച്ചുവോ? അവരെ നിയമിക്കാം. എന്നാൽ കഴായാകുന്നിടത്തോളം അവർക്കു സ ഹായിക്കയും ചെയ്യും. ഈ ദിവ്യ വെളിപാടുകൾക്കു താൻ ആധീന പ്പെട്ടിരുന്നാൽ അതു നന്മയായിരിക്കും. തന്റെ പാദ ശുശ്രൂഷക്കാര നായിട്ടാകുന്ന ഇവയെ ഞാൻ തന്നോട് ഈ എഴുത്തുമൂലം പറഞ്ഞു കൊള്ളുന്നതു. തന്നെയും കുടുംബത്തേയും ദൈവം അനുഗ്രഹിക്കട്ടെ

എന്നിങ്ങനെ വിനയപൂർവ്വം എഴുതി കൊള്ളുന്നു പാദ ശുശ്രൂഷക്കാരൻ

പുത്തൻ ബംക്ലാവു
ഫാദർ മിഥുനം സ്വീ

യൂസ്സൂസു യോസേഫ്

ജീവ കരുണയിൻ വാഹകന്റെ വിശ്വസ്ഥ ഭൃതൻ ജന പ്രതിനിധി ഉലംഹന്നൻ പീലിപ്പോസു എന്നു എന്റെ കയ്യെഴുത്താൽ സ്ഥിരപ്പെടുത്തുന്നു.



എന്റെ പ്രിയമുള്ള പീലിപ്പോച്ചനു എന്റെ വിശുദ്ധ മുംബനം

പറഞ്ഞിരുന്നതിൻ പ്രകാരം ഫ്നു മുതൽ ര്നു വരെ ഉള്ള നാഠ ജീവ നാണ്യങ്ങളും ഫ.ം നമ്പരിലെ ജീവ കരുണയിൻ പത്രവും കൊടുത്തയക്കുന്നു. പെരുമാറേണ്ടുന്ന സംഗതികളെ ഞാൻ പറഞ്ഞിട്ടുണ്ടല്ലൊ. ജീവ പ്രത്ഥനയോടുക്കൂടെ അയക്കുന്നു. ജീവ പ്രാത്ഥനയോടു കൂടെ ആരംഭിച്ചുകൊള്ളണം. ജീവന്റെ ആത്മാവു താങ്കളോടു കൂടെ ഇരുന്നു ക്രിയ നടത്തും. മാസാന്ത്യത്തിങ്കൽ റിപ്പോർട്ട അയച്ചുകൊള്ളണം. ജീവകരുണയിൻ നിക്ഷേപ പാത്രത്തെ അക്ഷയ പാത്രമാക്കുവാൻ തക്കവണ്ണം ആണ്ടിന്നാത്മാവാകുന്ന ജീവനാത്മാവു താങ്കളോടു കൂടെ എന്നന്നേക്കും ഇരിക്കട്ടെ. എന്നു താങ്കളുടെ പാദ ശുശ്രൂഷക്കാരൻ

കന്നീറ്റി നിന്നും
ഫാദർ മിഥുനം ഫറ.

യൂസ്സൂസു യോസേഫ്



എന്റെ പ്രിയമുള്ള ജാതിക്കാ തോപ്പിൽ പടീറ്റതിൽ മാത്തുണ്ണിക്കു എന്റെ വിശുദ്ധ മുംബനം

ഞാൻ തന്നെയും കുഡുംബത്തെയും എന്റെ സ്വന്തം പോലെ സ്നേഹിച്ചിരിക്കുന്നു എന്നു തീയേക ദൈവമായ സ്നേഹാത്മാവു സാക്ഷി. താൻ ഇന്നലത്തെ ശുശ്രൂഷെക്കു രണ്ടുമുന്നു ആളുകൾ അയച്ചിട്ടും വരാതിരുന്നതിൽ ഇന്നിക്കു വളരെ സങ്കടമുണ്ടു. അതുകൊണ്ടു തന്നെ സംബന്ധിച്ചു ഇനിക്കുണ്ടായിട്ടുള്ള ദൈവ വെളിപാടിനെ എന്റെ അത്യന്ത സ്നേഹം നിമിത്തം തന്നോടു പറയാതെ ഇരുന്നുകൂടാ. മറ്റുള്ളവരുടെ കുറവിനെയും കുറ്റത്തെയും എണ്ണി യിഷ്ത്തെ ഉള്ളിൽ ആക്കുന്ന അനുസരണക്കേടിൻ ആത്മാവാം ഒരു കൊടിയ അണ്ണലി ത

ന്റെ കയ്യിൽ തൂങ്ങി കിടക്കുന്നതിനെ സ്നേഹാത്മാവുകുന്ന അഗ്നി കത്തിക്കാളി ഇന്നു ദഹിപ്പിച്ചിരിക്കുന്നതിനാൽ വേഗം ഉണ്മനസ്സി നെ വെടിഞ്ഞു അനുതാപപ്പെട്ടു കൊള്ളണം. അല്ലെങ്കിൽ തനിക്കു മഹാ വ്യസനം വരും യാതൊരു സംശയവുമില്ല. ആമേൻ.

ത്രിയേക ദൈവമായ സ്നേഹാത്മാവു് തനിക്കു ക്ഷമയേയും സഹി തയേയും നൽകി തന്നെയും കുടുംബത്തേയും അനുഗ്രഹിക്കട്ടെ എ ന്നു തന്നെ പരമാർത്ഥമായി സ്നേഹിക്കുന്ന പാദ ശുശ്രൂഷക്കാരൻ

പുത്തൻ ബംഗ്ലാവു്
കറിയ മിഥുനം ൧൦.

യൂസ്സുസു യോസേഫ്

൧൯൨

എന്റെ പ്രിയമുള്ള പണ്ടാല പീലിപ്പോസിനും കുഞ്ഞാലിക്കും
എന്റെ സലാം.

ഞാൻ തനിക്കു തരുവാനുള്ള രൂപാ നൂറും പലിശവകയിൽ തന്നതു നീക്കി തരുവാനുള്ള രൂപാ പത്തും ആകെ വകരണ്ടിൽ രൂപാ ൧൧൦ (നൂറ്റിപത്തും) ആഞ്ഞുടൻ തന്ന ദിവസം തന്നെ മൂന്നാമസ്കൻ വശം കൊടുത്തയച്ചാറെ ഓരോ താതീവാദം പറഞ്ഞു പണം പറ്റാതെയും പിന്നീടു ഒരു സമയം തഴവാക്കാരൻ ഗീവർഗ്ഗീസാശാനെ അയച്ചാ റെ കണക്കു പറഞ്ഞു പണം പറ്റികൊൾവാൻ മനസ്സില്ലാതെയും ബു ദ്ധിഹീനനായി നമ്പരിനു ഓടിയല്ലൊ. അതുകൊണ്ടു ഈ എഴുത്തു സക്കാരിൽ കാണിച്ച വേഗം നമ്മു തീർത്തുവരുത്തികൊള്ളണം. രൂ പാ നൂറഞ്ചിപത്തും നിങ്ങൾക്കു മുപ്പതും അമ്പതും നൂറുമായി ഫലം പ റപ്പെട്ടുവാൻ തക്കവണ്ണം പാവപ്പെട്ടവർ, അനാഥർ, വിധവമാർ, അ ഗതികൾ മുതലായ മൂന്നാം സ്വർഗ്ഗത്തിന്റെ വയറാകുന്ന നിക്ഷേപപാ ത്രത്തിൽ നിങ്ങൾക്കായി ശേഖരപ്പെടുത്തി വെച്ചിരിക്കുന്നു ഒട്ടും വിഷാദം വേണ്ടാ. വിശേഷിച്ചും തീർപ്പുണ്ടായ ഉടൻ പടി കെട്ടു വാൻ ശേഖരപ്പെടുത്തിവെച്ചിരിക്കുന്ന നിങ്ങളുടെ നിക്ഷേപപാത്ര ത്തിൽ നിന്നു മരു മാസത്തെ പടി പത്തു രൂപാ മുൻകൂട്ടി തരുവാ റാകണം. എന്തെന്നാൽ ഞാൻ ഒന്നുമില്ലാത്ത ദരിദ്രനും ഇരന്നു കഴിക്കു ന്നവനും ആകുന്നു എന്നു നിങ്ങൾക്കു സ്പഷ്ടമായി അറിയാമല്ലൊ. രണ്ടു മൂന്നു ദിവസത്തിനകം വക്കീൽ ഏല്പിട്ടുത്തുവാൻ കുണ്ടറ വരെ പോകേണ്ടിയിരിക്കുന്നു അതു വകെക്കു ഒന്നുമില്ല.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

പുത്തൻ ബംഗ്ലാവു
കറിയ മിഥുനം: ൨൯

യൂസ്സുസുയോസേഫ്



എന്റെ പ്രിയമുള്ള വലിയതറയിൽ ചെറിയാൻ ഉപദേശിയാക്കു സലാം.

നാം തമ്മിൽ കണ്ടു വളരെ കാലമായല്ലൊ. ഞാൻ താങ്കളെയും കുടുംബത്തെയും മനഃപൂർവ്വമായി സ്നേഹിച്ചിരിക്കുന്നു എന്നതിനു ത്രിയെകദൈവമായ സ്നേഹാത്മാവു സാക്ഷി. ഞാൻ ഇന്നിക്കുള്ളതൊക്കയും എന്റെ സമസ്തഷ്ടികളായ ആളാമിൻ മക്കൾക്കെല്ലാവക്കും പൂർണ്ണമായി അവകാശപ്പെട്ടതി കൊടുത്തിരിക്കുന്നതിൻവണ്ണം താങ്കൾക്കും കുടുംബത്തിനും മുൻപെതന്നെ അവകാശപ്പെട്ടതീരിക്കുന്നു എന്നു ഇതിനാൽ അറിയിപ്പിക്കുന്നു. എന്നോടുള്ള ഹൃദ്പ്രാട നിമിത്തം താങ്കളെ കുറപ്പെടുത്തുന്ന മനഃസാക്ഷിക്കു മുന്നമെതന്നെ നൽകീരിക്കുന്ന വിമോചനത്തെ ഇന്നു ഞാൻ താങ്കളോട അറിയിക്കുന്നതിനാൽ എന്നൊട കനിവു കാണിപ്പാൻ അപേക്ഷിക്കുന്നു. എന്തെന്നാൽ ഞാൻ ഇപ്പോൾ ബുദ്ധിമുട്ടുള്ളവനാകുന്നു. അതുകൊണ്ടു താങ്കളുടെ കൈക്കു എത്തുന്നതിനുള്ളതിൽ ഇനിക്കു വല്ലതും സഹായിപ്പാറാകുമെങ്കിൽ ദൈവം താങ്കളെയും കുടുംബത്തെയും പ്രത്യേകം കുഞ്ഞുങ്ങളെയും അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിനൊടുള്ള എന്നേക്കുമുള്ള ദിവ്യസമാധാനം താങ്കളോടും കൂടെ ഇരിക്കട്ടെ.

ഇങ്ങനെ വിനയപൂർവം എഴുതികൊള്ളുന്നതു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നിറേനിനും — യൂസ്സുസ് യോസേഫ്

ഫ്രഞ്ചു മിഷനും പുൻ



എന്റെ പ്രിയമുള്ള കുഞ്ഞുമ്മൻ ജ്യേഷ്ഠനു എന്റെ വിശുദ്ധ ചുംബനം.

കേലിസായുടെ നമ്പരിനാൽ ഇനിക്കുണ്ടായ അടിമയെ താങ്കൾ ഒഴിപ്പിച്ചുവല്ലൊ ഇതാ! വേറെ ഒരുത്തൻ നമ്പരിട്ടിരിക്കുന്നു. രൂപാനേറിപത്തുണ്ടു. (൧൫൦) കക്കടകം ചാന്നു ആകുന്നു വിചാരണ. അതു കൊണ്ടു വിവരം അറിയിക്കുന്നു. എന്റെ ഇങ്ങനത്തെ അടിമയെ ഒഴിപ്പിപ്പാൻ തക്കവണ്ണം താങ്കളെ മുന്നമെ കൂട്ടി ദൈവം തെരഞ്ഞെടുത്തിരിക്കുന്നതിനാൽ ഈ വീണ്ടെടുപ്പിലേക്കു സഹായിപ്പാൻ താങ്കൾക്കു എന്തു കഴിയുമോ? ആയതിനെ പൊതുജീവകാരുണ്യനിക്ഷേപപാത്രത്തിലേക്കു വേഗം അയച്ചിട്ടു വിവരത്തിനു ഇനിക്കു

മറുപടി അയപ്പാറാകണം. അതിനിക്ഷേപപാത്രത്തിന്റെ മുതൽപറ്റി പുറമെക്കാട്ടു പുത്തേത്തു ചാണ്ടിയച്ചനാകുന്നു.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ
യൂസ്സൂസു യോസേഫ്

കന്നീറിനിന്നും
മംഗര മിഥുനം 10ൻ



ഇനിക്കു എത്രയും ബഹുമാനവും പ്രിയവുമുള്ള കെയിലി സായ്പവർകൾക്കു എന്റെ താഴ്മയുള്ള വന്ദനം.

സായ്പവർകളും ഞാനുമായി ആറു വർഷം നിമിത്തം തുലോം അകന്നിരിക്കുന്നതു എന്നേക്കുമുള്ള ഐക്യതയിലേക്കു വരുവാനായിട്ടാകുന്നു എന്നു ഈ പാപി പൂർണ്ണമായി വിശ്വസിക്കുന്നു. ഈ വിശ്വാസം നിമിത്തം സായ്പവർകൾക്കു എഴുതുവാൻ ഇനിക്കു ഇനിയും നല്ല ധൈര്യവും ആശയുമുണ്ടു. ഞാൻ സായ്പവർകളെ മനഃപൂർവ്വമായി സ്നേഹിച്ചിരിക്കുന്നു. ഈ സ്നേഹം മൂലം എന്റെ ആവശ്യത്തിനു സഹായിപ്പാറാകണം എന്നു ഞാൻ അപേക്ഷിക്കുന്നു. ആയതു എന്തെന്നാൽ തൽക്കാലം ഇനിക്കു എല്ലാത്തിനും ദരിദ്ര്യമായിരിക്കുന്നതു തന്നെ. വിശപ്പുള്ളവൻ ഭക്ഷണത്തെയും ദാഹമുള്ളവൻ പാനത്തെയും ഇരക്കുന്നതിനുള്ളതു സായ്പവർകളുടെ പടിപ്പുരവാതുക്കൽ നിന്നുംകൊണ്ടു ഇതാ! ഞാൻ ധർമ്മം തരേണമെന്നു എന്നിരക്കുന്നു. "നിന്റെ ശത്രുവിനു വിശക്കുന്നു എങ്കിൽ അവനെ പോഷിപ്പിക്ക. അവനു ദാഹിക്കുന്നു എങ്കിൽ അവനെ കുടിപ്പിക്ക" എന്നുള്ള വേദവാക്യത്തെ ഓർത്തു കരുണതോന്നി സായ്പവർകളുടെ കൈക്കു എത്തുന്നതിനുള്ളതു ഇനിക്കു വല്ലതും സഹായിപ്പാറാകണം. സായ്പവർകൾ ശീമെക്കു പോകുവാൻ ഭാവിച്ചിരിക്കുന്നു എന്നു ഞാൻ കേട്ടിരിക്കുന്നു. ദൈവം സായ്പവർകളെയും മദാമ്മയേയും എല്ലാ ക്ഷീണതയിൽ നിന്നും സുഖപ്പെടുത്തി ശക്തീകരിച്ചു കാത്തു സൂക്ഷിക്കട്ടെ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്നായിട്ടുള്ള എന്നേക്കുമുള്ള ദിവ്യ സമാധാനം സായ്പവർകളോടും മദാമ്മയോടും എന്നന്നേക്കും ഇരിക്കുമാറാകട്ടെ.

ഇങ്ങനെ വിനയപൂർവ്വം എന്റെ കുടുംബത്തിലുള്ള എല്ലാവരുടെയും വന്ദനത്തോടുകൂടെ എഴുതികൊള്ളുന്നതു സായ്പവർകളുടെയും മദാമ്മയുടെയും പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും
മംഗര മിഥുനം 10ൻ

യൂസ്സൂസുയോസേഫ്



എന്റെ പ്രിയമുള്ള പണ്ടാല പീലിപ്പോസിനും
കുഞ്ഞേലിക്കും എന്റെ സലാം.

കഴിഞ്ഞ ശനിയാഴ്ച നിങ്ങൾക്കയച്ച എഴുത്തിന്റെ ശേഷമായിട്ട് ഇന്നും അയക്കുന്നു. എന്തുന്നാൽ അന്യായത്തിന്റെ ആത്മാവു ആരിൽ വ്യാപരിക്കുന്നുവൊ? ആയതിനെ ബോധപ്പെടുത്തി അവരെ മരണത്തിൽനിന്നു വിടുവിക്കുന്നതല്ലൊ ആത്മമണവാട്ടിയുടെ മുറ. അതുകൊണ്ടു.

ഹാമതു. പതിനായിരം താലന്തു കടംപെട്ടവൻ തന്നോട്ട നൂറു വെള്ളിക്കാശു കടംപെട്ടവനോട ചെയ്ത പ്രവൃത്തി ന്യായമെന്നു നിങ്ങൾ നിരൂപിക്കുന്നുവോ? എന്റെ കൈകളിൽ അന്യായമുണ്ടൊ? എന്നു നോക്കണം. ഞാൻ നിങ്ങൾക്കു ജീവകരുണയിൻ പത്രം അയച്ചാറെ ഈ നൂറു വെള്ളിക്കാശു നിങ്ങൾ ഇനിക്കു ക്ഷമിച്ചു വിട്ടതുണ്ടൊ? ഇല്ല നിശ്ചയം. അതുകൊണ്ടു നിങ്ങളിൽ വ്യാപരിക്കുന്ന ആത്മാവു ഏതെന്നു നിങ്ങൾ തന്നെ വിധിക്കണം.

വാമതു. ഞാൻ മൂന്നാമസ്ഥൻ മൂലം കൃപാ അയച്ചാറെ പറഞ്ഞതിനു തുല്യം പാവപ്പെട്ടവക്കു ധർമ്മകാണിക്ക ഇട്ടതിനെ ഞാൻ തിരികെ തരണം എന്നു പറയുന്നതും ഉഭയസമ്മതത്തിൻപ്രകാരം പുരെക്കു വില വാങ്ങിച്ചുംകൊണ്ടു ആ ഉടമ്പടിക്കു ലംഘനമായി, പുരെക്കു പിന്നയും പണം തരണമെന്നു വാങ്ങിക്കുന്നതും ദേവാത്മാവിന്റെ വ്യാപാരത്തിൽ നിന്നോ? മാമോൻ തേവത ഉറഞ്ഞതിനാൽ ഉണ്ടായ വ്യാപാരത്തിൽ നിന്നോ? എന്നു ഞാൻ ചോദിക്കുന്നു. മാലോകർ വിധിക്കട്ടെ.

ഹാമതു. നിങ്ങളുടെ സഹോദരൻ വഞ്ചീസിനു ഭത്തമായി കൊടുത്തതിനെ അപഹരിക്കയാൽ എന്റെ പക്കൽ ഉള്ള ആധാരത്തിനും ഞാൻ മൂലം നിങ്ങൾ പറഞ്ഞിരിക്കുന്ന അവന്റെ സ്ത്രീധനത്തിനും ഒരു ന്യായം പറഞ്ഞു നിങ്ങളുടെ പണം പറഞ്ഞുകൊള്ളണം. എന്നു പറഞ്ഞയച്ചാറെ അങ്ങിനെ ചെയ്യാതെ നമ്മുടെ ഓടുവാൻ തക്കവണ്ണം നിങ്ങളെ ഉദ്യോഗിപ്പിച്ച ആത്മാവു അന്യായത്തിന്റെ ആത്മാവു എന്നല്ലാതെ ആരു വിധിക്കും? എന്റെ കൈകളിൽ അന്യായമുണ്ടൊ? എന്നു നോക്കേണ്ടതിനു നിങ്ങളുടെ ഇരുപേരുടെയും നേരെ എന്റെ കൈകളെ വിരിച്ചു കാണിക്കുന്നു. ലോകത്തിനും വിരിച്ചു കാണിക്കുന്നു. അന്യായത്തിന്റെ ആത്മാവു വ്യാപരിക്കുന്നവരെ ആത്മമണവാട്ടിയെന്നു എങ്ങിനെ പറയാം? എന്നാൽ ഞാൻ നിങ്ങൾക്കു എന്തു ദോഷം ചെയ്തു? പതിനായിരം താലന്തു ദൈവം നിങ്ങളോട ഇളച്ചു വിടേണ്ടുന്നതിനു നിങ്ങളുടെ നൂറു വെള്ളിക്കാശിനെ ഞാൻ സഭയിൽ നിങ്ങൾക്കായി ശേഖരപ്പെടുത്തി വെച്ചിരിക്കുന്നതു

ദോഷമോ? അല്ലെങ്കിൽ നിങ്ങളുടെ അന്യായപ്രവൃത്തിനിമിത്തം ഞാൻ തടവിൽ പോകുവാൻ തക്കവണ്ണം നിങ്ങൾക്കായി എന്നെ ഏല്പിച്ചിരിക്കുന്നതു ദോഷമോ? അതുകൊണ്ടു ദൈവത്തിൽനിന്നു അതിഭയങ്കരമായുള്ള ന്യായവിധി ഇതാ! വരുന്നു. അയതു ഒഴിഞ്ഞുപോകുവാൻ തക്കവണ്ണം അനുതാപത്തിനു യോഗ്യമായ ക്രിയ നിങ്ങളിലുണ്ടാകട്ടെ.

വിശേഷിച്ചും വറുഗീസു ഇന്നു ഇവിടെ വന്നു ആധാരത്തിനും സ്ത്രീധനത്തിനും അയിട്ടു നന്നു ഇട്ടുവാൻ പോകുന്നു എന്നു എന്നോടു പറഞ്ഞു അതിനാലത്രെ ഞാൻ പിന്നെയും എഴുതുവാൻ തുനിഞ്ഞതു. അവനെക്കൊണ്ടു നമ്പർ ഇട്ടുവാൻ തക്കവണ്ണം നിങ്ങൾ ഇടയാക്കരുതു എന്നു ഞാൻ അപേക്ഷിക്കുന്നു.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

പുത്തൻ ബംഗ്ലാവു.
൧൦൪൫. മീനം. ൩൰. യൂസുസുയോസഫ്.

എന്റെ പ്രിയമുള്ള തയ്യിൽ ഉമ്മച്ചൻ വൈദ്യനു
എന്റെ താഴ്മയുള്ള വന്ദനം.

നമ്മുടെ പരമപിതാവായ ദൈവം തന്റെ പരിശുദ്ധ പുത്രൻമുഖം തന്റെ സ്നേഹാത്മാവിനെ നൽകി താങ്കളെയും കുഡുംബത്തിലുള്ള സകലരേയും എല്ലാവരെയും തന്നെ പരിപൂർണ്ണമായി അനുഗ്രഹിക്കുമാറാകട്ടെ.

താങ്കളുടെ പിതാവിന്റെ കാലംമുതൽ നിങ്ങൾ എന്റെ കുഡുംബത്തിനു ചെയ്തിരിക്കുന്ന നന്മകളെ ഞാൻ ഒരിക്കലും മറക്കയില്ല. നിങ്ങളുടെ സകല വർദ്ധനവിൽനിന്നും നിങ്ങൾ ദൈവത്തിനായി ചെയ്തിരിക്കുന്നതും ചെയ്യുവരുന്നതുമായ ഒരു നന്മയെയും അവൻ മറക്കാത്തവനാകയാൽ നിങ്ങൾ അവന്റെ സന്തോഷത്തിലേക്കു ഉൾപ്രവേശിപ്പാൻ തക്കവണ്ണം എന്റെ പ്രാർത്ഥനകളിൽ ഞാൻ നിങ്ങളെ എല്ലായ്പോഴും ഓർത്തുകൊണ്ടു ഇങ്ങിനെ എന്റെ മാവിടത്തിൽ ഞാൻ നിങ്ങളെ വഹിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടു എന്റെ അവശ്യത്തെ താങ്കളുടെ മുമ്പാകെ എത്തിപ്പാൻ ഞാൻ ലജ്ജിക്കുന്നില്ല.

ദൈവം എന്നെ സമ്പന്നനാക്കേണ്ടുന്നതിനു ഇപ്പോൾ ഇനിക്കു ദാരിദ്ര്യത്തെ അവകാശപ്പെടുത്തി രക്ഷിക്കയാൽ ഇനിക്കു തൽക്കാലം ഉണ്ടായിരിക്കുന്ന ദാരിദ്ര്യത്തിനു താങ്കൾ സഹായിക്കണം എന്നാകുന്നു ഞാൻ അപേക്ഷിക്കുന്നതു. അതുകൊണ്ടു താങ്കളുടെ കയ്യു എത്തുന്നതിനുള്ളും ഇനിക്കു വല്ലതും കൊടുത്തയപ്പാറാകണം. അങ്ങിനെ

കൊടുത്തയയ്ക്കുമെന്നു വിശ്വസിച്ചുകൊണ്ടു ഈ ജീവയാചനാപത്രം എഴുതിക്കൊള്ളുന്നു.

തങ്കളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറ്റിൽനിന്നും
ഫാദർ. കക്കു: ഫനു

യൂസുയോസേഫ്

cfm 24



എന്റെ പ്രിയമുള്ള കൊച്ചോയിച്ചൻ
എന്റെ വിശ്വാസപൂർവ്വം.

കൊടുത്തയച്ച എഴുത്തു വായിച്ചു കണ്ടു സ്ത്രീധനപണത്തിന്റെ കാര്യത്തെക്കുറിച്ചു ഞാൻ പറഞ്ഞിട്ടുണ്ടല്ലൊ. അയ്യേ ഞാൻ തന്നെ കൊള്ളുമെന്നു മറിയമ്മയുടെ അപ്പനെ ഞാൻ എഴുതീട്ടുള്ളതു മാത്രമല്ല അങ്ങിനെതന്നെ വേണമെന്നു ഇപ്പച്ചനും വെളിപ്പെട്ടിരിക്കുന്നു. അതുകൊണ്ടു ആ കാര്യത്തെപ്പറ്റി യാതൊരു ഏർപ്പാടും തങ്കൾ ചെയ്യേ പോകരുതു. കന്നീറ്റിൽനിന്നു തന്നുകൊള്ളുമെന്നു മാത്രമെ ഇനിയും തങ്കൾ അവരോടു പറയാവൂ. എന്നാലൊ ഞാൻ ഗീവറുഗീസിനെ കണ്ടു വിവരമൊക്കയും പറഞ്ഞാറെ. ഞാൻ പറയുന്നകാര്യം അവക്കു സമ്മതമല്ല. വേറെ എവിടെ എങ്കിലും കെട്ടിപ്പാൻ ആകുന്നു സമ്മതമുള്ളതു. എന്നു പറഞ്ഞിരിക്കുന്നു. പണം ചിങ്ങം നാറാംനൂറ്റുക്കം തന്നുകൊള്ളും എന്നാകുന്നു ഞാൻ എഴുത്തു എഴുതിയപ്പോൾ ഗീവറുഗീസിനോടു പറഞ്ഞയച്ചിരുന്നതു. അതുപ്രകാരം ഞാൻ തന്നുകൊള്ളും എന്നു അയാളോടു പറഞ്ഞാറെ അയാൾ സമ്മതിക്കാതെ മുടക്കശീലത്തോടു ഞാൻ കൊടുത്താൽ പണം വാങ്ങിക്കയില്ല. കൊച്ചോയിച്ചൻ തന്നെ തരണം ആയതു ഈ കക്കടകം നാറാംനൂറ്റുക്കം തന്നില്ലെങ്കിൽ നമ്പർ ഇട്ടമെന്നും മറും വ്യർത്ഥവാക്കുകൾ പറഞ്ഞു പൊയ്ക്കളഞ്ഞു. എന്നാലൊ പണം ചിങ്ങം നാറാംനൂറ്റുക്കം കൊടുക്കാവു എന്നു വെളിപ്പെട്ടിരിക്കയാൽ അതിനകം തരുവാൻ പാടില്ലെന്നു ഞാൻ ഖണ്ഡിതമായി പറഞ്ഞയച്ചു. അതിനകം അവർ നമ്പർ ഇട്ടുന്നു എങ്കിൽ ഇടട്ടെ തങ്കൾ ഇതു മൂലം ഒന്നുകൊണ്ടും വിഷാദിക്കരുതു. അരുതു ചോദിച്ചാലും ഇപ്പണം കന്നീറ്റിനിന്നു കൊടുക്കും എന്നു മാത്രം പറഞ്ഞുകൊള്ളണം.

എന്നു തങ്കളുടെ പാദശുശ്രൂഷക്കാരൻ.

തലൂരിൽനിന്നും
ഫാദർ. കക്കു. ഫാ.

യൂസുയോസേഫ്

എന്റെ പ്രിയമുള്ള മുപ്പിലേക്ക് എന്റെ സലാം.

ഞാൻ മറിയമ്മയുടെ കാര്യത്തെക്കുറിച്ചും സ്ത്രീധനപ്രശ്നത്തിന്റെ കാര്യത്തെക്കുറിച്ചും എഴുത്തു മൂലം ഗ്രഹിപ്പിച്ചിട്ടുണ്ടല്ലൊ. എന്നാലൊ കീവറിച്ചൻ ഇന്നലെ വന്നു മുപ്പിലെ വാക്കായിട്ട അ പണം ഞാൻ കൊടുത്തയച്ചാൽ വാങ്ങിക്കയില്ല എന്നും ഞാൻ കീവറിച്ചനോട് മു ൻ പറഞ്ഞിരുന്ന അവധിക്ക് മുൻപെ തന്നെ ക്രടാരപ്പള്ളി കൊച്ചോ യിച്ചൻ പണം തന്നില്ലെങ്കിൽ നമ്പർ ഇട്ടുമെന്നും മറിയമ്മയെ ഈ മാസം തന്നെ കെട്ടിപ്പാൻ ഭാവിച്ചിരിക്കുന്നു എന്നും ഞാൻ അവൾ ക്കായി വെളിപാടാൻപ്രകാരം നിശ്ചയിച്ചിരിക്കുന്ന ആളിനെക്കൊ ണ്ടു കെട്ടിപ്പാൻ മനസ്സില്ലെന്നും പറഞ്ഞിരിക്കുന്നു. ഞാൻ നിങ്ങൾക്ക് നന്മയെമാത്രം കരുതുന്നവനാകയാൽ എന്റെ വാക്കിനെ കേട്ട അ തേപ്രകാരം പ്രവൃത്തിച്ചാൽ നിങ്ങൾക്ക് നന്മയായിരുന്നേനെ. എന്നാ ൽ ഞാൻ എന്തു ചെയ്യേണ്ടു? ഇനിക്ക് മഹാ ദുഃഖം ഉണ്ടെന്നു മാത്ര മേ പറവാനൊള്ളു. ആ ദുഃഖത്തിൽനിന്നു നിങ്ങളോടെല്ലാവരോടും വീണ്ടും പറയുന്നു. മറിയമ്മയെ കന്നീറിൽ അയക്കണം. നിങ്ങൾ അവളെ കെട്ടിക്കേണ്ടൊ. അതു നിങ്ങൾക്ക് ദോഷമായിരിക്കും ഞാൻ അവളെ നിശ്ചയിച്ചിരിക്കുന്ന ആളിനെക്കൊണ്ടു കെട്ടിക്കും. നിങ്ങ ൾക്ക് മനസ്സുണ്ടെങ്കിൽ സ്ത്രീധനമായിട്ട വല്ലതും കൊടുപ്പിൻ. അല്ലെ ങ്കിൽ വേണ്ടാ. ഈ വിവരത്തിനു കൊച്ചോയിച്ചനു ഇതാ! എഴുത്ത യക്കുന്നു. നമ്പർ ഇടുന്നതുകൊണ്ടു ചീത്ത മറ്റൊന്നുമില്ല. നിങ്ങൾ ക്ക് നല്ല മനസ്സുണ്ടാകട്ടെ. എന്നു വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

തലനൂരിൽനിന്നും
൧൦൩൫ കുംഭം ൧൦-നു യൂസ്സുയോസേഫ്

൨൦൦൭

എന്റെ പ്രിയമുള്ള മുളമൂട്ടിൽ തോമ്മാച്ചനു
എന്റെ വാത്സല്യമുംബന്ധം.

പണ്ടാലയിൽനിന്നു ശുശ്രൂഷ മുളമൂട്ടിൽ അയിത്തീർന്നതിനെ സം ബന്ധിച്ചു അച്ചൻ വിവരം പറയും. എന്നാൽ ഒന്നു പറയുന്നു. പണ്ടാ ലയിൽനിന്നുള്ള അനുഗ്രഹം മുളമൂട്ടിൽ വന്നിരിക്കുന്നു എന്നത്രെ. അ തുകൊണ്ടു ഇനി ഒരു എഴുത്തു വരുന്നതുവരെ കുടുംബത്തോടു കൂടെ

യല്ല അച്ചൻ തനിച്ചു വന്നു കൊട്ടാരക്കര സഭയെ വിചാരിക്കണം. എന്നു ഈപ്പച്ചനു വെളിപ്പെട്ടിരിക്കുന്നു ശ്രുശ്രൂഷസ്ഥലം ക്രമപ്പെടുത്തുവാനും ജീവശുദ്ധീകരണപ്രാർത്ഥന എല്ലാവരെയും പഠിപ്പിപ്പാനും വെള്ളി, ഞായർ, എന്ന ദിവസങ്ങളിൽ ജനങ്ങൾ ധർമ്മം ഇടുവാനും അതിനെ പാപപ്പെട്ടവർക്കു വകുത്തുകൊടുപ്പാനും ആയിട്ടു അൽപദിവസങ്ങൾ അച്ചൻ ഇവിടെ ഇരിക്കേണ്ടതു ആവശ്യവുമാകുന്നു. അതുകൊണ്ടു ഈ വരുന്ന വെള്ളിയാഴ്ച മുതൽ കൊട്ടാരക്കര വന്നു ശുശ്രൂഷ നടത്തിക്കൊള്ളുമല്ലൊ.

എന്നു തങ്കളുടെ പാദശുശ്രൂഷക്കാരൻ.

തലൂരിൽനിന്നും
ഫാദർ കക്കു: ഫ്രാംസു യുസ്താസുയോസേഫ.

201

എന്റെ പ്രിയമുള്ള തെക്കെഡിവിഷ്യൻ തലവൻ ശീവടശീസു ഗ്രമസ്ഥാവിനു എന്റെ വിശുദ്ധചുംബനം.

പറഞ്ഞയച്ചകാര്യത്തെപ്പറ്റി പ്രാർത്ഥിച്ചു. എന്നാറെ ഇങ്ങിനെ വെളിപ്പെട്ടിരിക്കുന്നു. പക്ഷവാദം ചെയ്തിട്ടുള്ള ഒരു പുരുഷനാകട്ടെ ഒരു സ്ത്രീയാകട്ടെ ഒരു ആൺപൈതലാകട്ടെ ഒരു പെൺപൈതലാകട്ടെ അവർ ദൈവപുത്രന്റെ ആദ്യജാതന്മാരായ ദേവമക്കളാകയാൽ ദേവരാജ്യത്തിലെ ന്യായത്തിൻപ്രകാരം കൂട്ടി യോജിപ്പിപ്പാൻ തക്കവണ്ണമുള്ള സ്ത്രീപുമാന്മാർ രണ്ടുപേരും ആദ്യജാതന്മാരായ ദേവമക്കളായിരിക്കേണ്ടുന്നവരാകുന്നു. ഒരു രാജപുത്രിയെ ഒരു രാജപുത്രൻ വിവാഹം ചെയ്യുന്നതല്ലൊ ന്യായം. എന്നാൽ രാജസ്ഥാനത്തു വരുവാൻ പാടില്ലാത്ത ഒരു താണ സ്ഥിതിയിലുള്ള ഒരു പുരുഷനെക്കൊണ്ടും ഒരു രാജപുത്രിയെ വിവാഹം കഴിപ്പിക്കാം എന്നിരിക്കട്ടെ. അതു പിന്നീട് അതു യോഗ്യമായിരിക്കയില്ല. അതുകൊണ്ടു പക്ഷവാദം ചെയ്തിട്ടുള്ള കന്യകയായ തങ്കളുടെ മകളെ പക്ഷവാദം ചെയ്തിട്ടുള്ള കുമാരനായ ചെമ്പകശ്ശേരി ബോധകരുടെ മകനെക്കൊണ്ടു നിത്യവിവാഹം കഴിപ്പിക്കുന്നതാകുന്നു യോഗ്യം. മറ്റേതു നിങ്ങളെല്ലാവരുടെയും മനസ്സുപോലെ.

എന്നു തങ്കളുടെ പാദശുശ്രൂഷക്കാരൻ.

തലൂരിൽനിന്നും
ഫാദർ കക്കു: ഫ്രാ
യുസ്താസുയോസേഫ്

202



എന്റെ പ്രിയമുള്ള പടിഞ്ഞാറെ ഡിവിഷ്യൻ ബോധക
ന്മാർക്കു, അച്ചന്മാർക്കും തലവന്മാർക്കും സഭാപ്രമാണികൾക്കും
ഉപദേശിമാർക്കും എന്റെ വിശ്വാസ്യചുംബനം.

ഈ മാസം ൨൦ാം൹ ഞായർ കായങ്കുളത്തും ൨൧. തിങ്കൾ ചേ
പ്പാട്ടും, ൨൨. ചൊവ്വാ. കാർത്തികപ്പള്ളിലും, ൨൪. വ്യാഴം ചെമ്പി
ൽ ദേശത്തും, ൨൫ വെള്ളി മേപ്രായിലും, ൨൬. ഞായർ അഞ്ചേരി
ലും, ൨൭. ബുധൻ ചെറുകോലിലും, ഏഴാം കാഹള ശുശ്രൂഷ നട
ത്തിപ്പാൻ തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നു. ജനങ്ങളെ ഈ വിവ
രം തെര്യപ്പെടുത്തി നിശ്ചയിച്ചിരിക്കുന്ന അതാതു സ്ഥലത്തു ശുശ്രൂ
ഷെക്കു അവരെ കൂട്ടുവാനും ശുശ്രൂഷക്കാർക്കു അതാതു സഭാ മുതലാരും
നിന്നു ഭക്ഷണം ഒരുങ്ങുവാൻ തക്കവണ്ണവും ചട്ടം കെട്ടിക്കൊള്ളുമ
ല്ലൊ.

എന്നു വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ വാദശുശ്രൂ
ഷക്കാരൻ

തലൂരിൽ നിന്നും ൧൦൫൫ കർക്ക. ൨൫ യൂസുസുയോസേഫ്

203



യേശു മഹാരാജാവിന്റെ രാജ്ഞിയായ
കന്നിനാറി ഉണർവ്വ് സഭയാം ആത്മ മണവാട്ടിയുടെ
ആദ്യ ജാതന്മാരാകുന്ന എല്ലാ ദൈവ മക്കൾക്കും എന്റെ
പ്രേമം നിറഞ്ഞ വിശ്വാസ്യ ചുംബനം.

കവുന്റെ ഓഗസ്റ്റ് ൧൯-൹ ൧൦൫൫ ചിങ്ങം ൫൹ ഞായറാഴ്ച ഏ
ഴാം കാഹള ശുശ്രൂഷയുടെ അവസാനവും അതു മുതൽ മഹത്വ പ്രത്യ
ക്ഷത വരെ ദൈവസമ്മുള്ളതും ഈ ദിവസങ്ങൾ ശരീര വീണ്ടെ
ടുപ്പിന്റെ കാലവും ആകയാൽ ആ ഞായറാഴ്ച ജീവനാത്മാവിന്റെ
ഒരു പ്രത്യേക ദിവസവും മഹത്വ പ്രത്യക്ഷതയെ സ്നേഹിക്കുന്നവർക്കു
തുക്കുയ്യിൽ കൊടുക്കുന്ന മുന്നാചാരവും ആകുന്നു. അതുകൊണ്ടു തിരുസ
ഭയിലുള്ള ആബാല വൃദ്ധം സകലരും ശരീര വീണ്ടെടുപ്പിന്റെ മു
ല്യമായിട്ടു മനഃപൂർവ്വം കാഴ്ചയിൻ സുഗന്ധ ബലിയെ ആത്മ മണവാ
ട്ടിയുടെ തുക്കുയ്യിൽ അന്നു ഹോമിക്കണമെന്നു ഐക്യതയിന്നാത്മാവി
ന്റെ വെളിപ്പാടാകയാൽ ആ വിവരം ഈ എഴുത്തുമൂലം നിങ്ങളെ

തെയ്യപ്പെട്ടുന്നു. അന്നേ ദിവസം ഓരോ സഭയിലുള്ള ആബാല വൃദ്ധം സകലരും അതാതു ഡഭയിലെ ശുശ്രൂഷക്കു തങ്ങളുടെ മനഃപൂവ്വ് കാഴ്ചയിൻ ബലിയെ കൊണ്ടുവന്നു സഭാ ശുശ്രൂഷക്കാരന്റെ കയ്യിൽ കൊടുക്കയും ശുശ്രൂഷക്കാരൻ അവയെ വങ്ങിച്ചു പീഠത്തിന്മേൽ വച്ചു ജീവനാത്മാവു ജനങ്ങളുടെ ശരീരങ്ങളിൽ വ്യാപരിപ്പാൻ തക്കവണ്ണം പ്രാർത്ഥിക്കയും സ്തോത്രം കഴിക്കയും ശുശ്രൂഷ പിരിഞ്ഞശേഷം ആ കാണിക്കയെ സഭാ പ്രമാണികൾ തിട്ടപ്പെടുത്തി എഴുത്തോടു കൂടെ ഒരാളിന്റെ വകൽ ഏൽപിക്കയും പിറ്റെ ദിവസം തിങ്കളാഴ്ച തന്നെ അയാളെ കന്നീറ്റിൽ അയക്കയും മറുപടിയോടു കൂടെ വരുവാൻ തക്കവണ്ണം ചട്ടം കെട്ടി അയക്കയും വേണമെന്നു നിങ്ങളുടെ പാദ ശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും } യൂസ്സൂസ് യോസേഫ്
ഫറൂഖ കക്കു: ഫ്രീ. }

204

എന്റെ പ്രിയമുള്ള തയ്യിൽ ഉമ്മച്ചൻ വൈദ്യൻ അവർകൾക്കു
എന്റെ താമെയുള്ള സലാം

— —

താങ്കൾ വൈദ്യർ യോഹന്നാന്റെ വശം അയച്ച മനഃപൂവ് ദാനത്തെ നന്ദി നിറഞ്ഞ ഹൃദയത്തോടു കൂടെ കൈക്കൊണ്ടു സന്തുഷ്ടിയോടെ എന്റെ നന്ദിയെ അറിയിക്കുന്നു. ഇതിന്നു ത്രിയേക ദൈവമായ സ്നേഹാത്മാവു താങ്കളേയും കുഡുംബത്തേയും അനുഗ്രഹിക്കട്ടെ. താങ്കളെ ആയിരങ്ങൾക്കു തലവനാക്കട്ടെ. താങ്കളുടെ കുഡുംബത്തിന്നുള്ള പത്തായവും, കിണറും, നിലവും, പുരയിടവും അനുഗ്രഹം കൊണ്ടു നിറയട്ടെ. തൊഴവും കുനകാലികൊണ്ടും വീട്ടു സന്തതികൊണ്ടും ശരീരം ആരോഗ്യംകൊണ്ടും ഹൃദയം ജീവനാത്മാവുകൊണ്ടും പൂർണ്ണമാകട്ടെ. നിങ്ങളെ അനുഗ്രഹിക്കുന്നവർ അനുഗ്രഹിക്കപ്പെടട്ടെ. ശപിക്കുന്നവർ ശപിക്കപ്പെടട്ടെ. ഇങ്ങനെ നിത്യഉഭയസമ്മതത്തിന്റെ ഉടമ്പടി നിങ്ങൾക്കെല്ലാവർക്കും കാവലാക്കി നിറുത്തി നിത്യസന്തോഷത്തിലേക്കു നിങ്ങളെ എല്ലാവരേയും അകംപൂകുമാറാകട്ടെ.

ഇങ്ങിനെ വിനയപൂവ്വം എഴുതിക്കൊള്ളുന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിൽനിന്നും യൂസ്സൂസുയോസേഫ്
ഫറൂഖ കക്കു ഫന്നാരു

205

എന്റെ പ്രിയമുള്ള കുടാരപ്പള്ളിൽ കൊച്ചോയിച്ചനു
എന്റെ വിശുദ്ധചുംബനം.

— —

ആത്മാവിന്റെ നിയോഗപ്രകാരം പൊതു ഏകഐക്യതയിൻ നി
ക്ഷേപവിചാരത്തിൽനിന്നു വെളിക്കാൽ (എഴുവത്തിഏട്ടേമുക്കാൽ) തു
പാ പൈട്ടർ യോഹന്നാൻവശം കൊടുത്തയക്കുന്നു. ഇതു കൊട്ടാര
ക്കര മറിയമ്മയുടെ വീട്ടിൽ എത്തിക്കണം. ഞാൻ ഇവയെ അയച്ചാ
ൽ പറകയില്ല എന്നു പറഞ്ഞതിനാലത്രെ അങ്ങോട്ടയക്കുന്നതു.
ഇതു മറിയമ്മയുടെ വീണ്ടെടുപ്പുവകെക്കായിട്ടാകുന്നു.

ഈ മാസം വന്നാൽ പൊതുസംഘം ഉള്ളതിനാൽ കഴിയുമെങ്കിൽ
ആയതിനു കന്നീറ്റിൽ വന്നാൽ കൊള്ളാം. മുളമൂട്ടു കുടുംബം വഴി
യായി വന്ന ന്യായവിധി കൃപയായി മാറിരിക്കകൊണ്ടു കുറിച്ചിറ
ഉമ്മച്ചനു താങ്കൾ കൊടുത്ത പണമൊക്കയും മേൽപറഞ്ഞ നിക്ഷേ
പവിചാരത്തിലുണ്ടു. അവിടെനിന്നുള്ള ജീവാനുഗ്രഹം താങ്കളുടെ കു
ടുംബത്തിന്മേൽ ധാരാളമായി പകർന്നുകൊണ്ടിരിക്കും സംശയമില്ല.
സകല ജീവാനുഗ്രഹവും താങ്കൾക്കും കുടുംബത്തിലുള്ള മറ്റെല്ലാവ
ർക്കും ഉണ്ടായി വർദ്ധിക്കട്ടെ.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ
കന്നീറ്റിൽനിന്നും യൗസ്സുയോസേഫ്
൧൦൪൫ ചിങ്ങം ൧൨

206

ഇനിക്കു എത്രയും പ്രിയവും സ്നേഹവുമുള്ള പയനു
വിളകുഞ്ഞോറയവൈദ്യൻ അവർകൾക്കു
എന്റെ വിശുദ്ധചുംബനം.

— —

താങ്കളേയും കുടുംബത്തേയും നമ്മുടെ പിതാക്കന്മാരായ അബ്ര
ഹാമിന്റെയും ഇസ്സഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാ
യ ത്രിയേകയഹോവായാം സ്നേഹാത്മാവു പരിപൂർണ്ണമായി അനുഗ്ര
ഹിക്കട്ടെ. നമ്മുടെ കർത്താവായ ഈശോമശിഹായുടെ തിരുനാമ
ത്തിൽ ഞാൻ താങ്കളോടു യാചിക്കുന്ന യാചനയെ താങ്കൾ പ്രിയ
ത്തോടു അംഗീകരിക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.
പാവപ്പെട്ടവർ, അനാഥർ, രോഗികൾ, പരദേശികൾ, കടത്താൽ അ
ടിമപ്പെട്ടവർ, വസ്തുമില്ലാത്തവർ, അഗതികൾ മുതലായവക്കു സഹാ

യിപ്പാൻ വേണ്ടി ഇവിടെ ഒരു നിക്ഷേപം ശേഖരപ്പെടുത്തിവരുന്നു. അയതിനു ജീവകരുണയിൻപത്രം കൊടുത്തു പലരേയും അയച്ചിട്ടുമുണ്ട്. ആകയാൽ താങ്കൾ ദയവുചെയ്തു ഈ നിക്ഷേപപാത്രത്തിലേക്കു വല്ലതും ഈ ആളിൻവശം കൊടുത്തയപ്പാറാകണം.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറീൽനിന്നും
൧൮൭൫ ചിങ്ങം ൨൫

യൂസ്സുയോസേഫ്

207



എന്റെ പ്രിയമുള്ള ഉമ്മച്ചൻ വിചാരിപ്പുകയ്ക്കു എന്റെ വിശുദ്ധ മുംബനം.

കൊടുത്തയച്ച എഴുത്തു വായിച്ചു കണ്ടു ദൈവത്തെ സ്തുതിച്ചു. ദൈവം പ്രാർത്ഥനയെ കേട്ടു നിത്യ സമാധാനമാകുന്ന പ്രതിഫലത്തെ നൽകിയതിനാൽ എന്റെ ഹൃദയം ആത്മാവിൽ ആനന്ദിക്കയും ദേഹി നിത്യജീവനിൽ ഉല്ലസിക്കയും ശരീരം നിത്യ നീതിയിൽ ലയിക്കയും ചെയ്യുന്നു. താങ്കൾക്കും കുടുംബത്തിനും ചെറിയാച്ചനും കുടുംബത്തിനും ആ ഇടവകയിലുള്ള സകല കുടുംബത്തിനും തന്നെ എന്നേക്കുമുള്ള സമാധാനവും അനുഗ്രഹവും എല്ലാ വാഴ്വുകളും ഉണ്ടാകട്ടെ. നമ്മുടെ കർത്താവായ ഈശോമശിഹായുടെ പൊന്നാത്മാവും ആറാണ്ടിന്നാത്മാവായ സ്നേഹാത്മാവാകുന്ന നിത്യസുവിശേഷത്തിന്നാത്മാവു തന്റെ ദിവ്യ തേജസ്സുകൊണ്ടു നിങ്ങളെ എല്ലാവരേയും പ്രത്യേകം ആ മണവാളനേയും മണവാട്ടിയേയും നിറെക്കട്ടെ. ആ കല്യാണം നിമിത്തം സംഘത്തിനു വരുവാൻ അച്ചനും താങ്കൾക്കും പാടില്ലാത്തതിനാൽ പിന്നത്തെ വ്യാഴാഴ്ചെക്കകം നിങ്ങൾ രണ്ടുപേരും ഇവിടെ വന്നു ചേരുവാറാകണം. കല്യാണം അച്ചൻ നിവൃത്തിക്കട്ടെ. അച്ചനു കല്യാണദിവസത്തിൽ ചിലവാകുന്ന അരി മുതലായതിന്റെ ഭാരംശവും ഒരു കാൽചട്ടയും ഒരു കമീസ്സും കൊടുക്കണം. ഇതു പെണ്ണിന്റെയും ചെറുക്കന്റെയും നടവഴക്കമത്രെ. വിശേഷിച്ചും അച്ചന്റെ ബുദ്ധിമുട്ടിനെ സംബന്ധിച്ചു മല്ലുപള്ളിലെ മുപ്പിനു പറഞ്ഞു ഞാൻ പ്രാർത്ഥിച്ചു. അല്പേഹത്തിനു ഒരു ബുദ്ധിമുട്ടും ഉണ്ടാകയില്ല എന്നു ജീവകരുണയിൻ നിക്ഷേപപാത്രത്തിന്റെ പൊന്നാത്മാവു കല്പിക്കുന്നു എന്നു അല്പേഹത്തോടു പറയണം. ഞാൻ പക്ഷെ വരുന്ന വ്യാഴാഴ്ച വഠാര- കൊച്ചിട്ടി നയിനാച്ചന്റെ വിവാഹത്തിനു ചെങ്ങന്നൂരിൽ വരും കഴിയുമെങ്കിൽ അന്നേദിവസം അവിടെ വന്നാൽ കാണാം.

ഇങ്ങനെ വിനയപൂർവ്വം എഴുതികൊള്ളുന്നു താങ്കളുടെ പാദ
ശുശ്രൂഷക്കാരൻ
കന്നീറ്റിനിന്നും
ഫാദർ ചിങ്ങം ഫ്വ്വ്

യൂസ്സൂസ് യോസേഫ്

208

എന്റെ പ്രിയമുള്ള കൊച്ചിട്ടി നയിനാച്ചനു എന്റെ
വിശുദ്ധ ചുംബനം.

— —

താങ്കളുടെ എഴുത്തു ഇന്നു പത്തു മണിക്കു കിട്ടി. ഇപ്പോൾ രണ്ടു മണിയാകുന്നു ഞാൻ ഇതിനിടയിൽ മൂന്നു പ്രാവശ്യം ദൈവത്തോടു അപേക്ഷിച്ചു അവിടത്തെ നിശ്ചയാഗം ഇപ്രകാരമാകുന്നു. എന്റെ സഹോദരന്മാരിൽ എന്റെ ആൽമ്പ്രെരായിട്ടു ഒരു ബോധകനേയും പട്ടക്കാരിൽ ഒരു ആളിനേയും അയച്ചു വിവാഹം നടത്തിക്കണം എന്നും വരുന്ന മകരമാസം പിറന്ന ഞങ്ങൾ വന്നു നിങ്ങൾ ഇരുപേരെയും നിത്യ മണവറയിൽ ചേർത്തുകൊള്ളണമെന്നും അതുവരെയും വിവാഹം കഴിഞ്ഞ ശേഷം നിങ്ങൾ രണ്ടുപേരും പകലിൽ ആകട്ടെ രാത്രിയിലാകട്ടെ എല്ലാ ദിവസവും ഫ്വ പുറം വേദവാക്യം വായിച്ചു ഭാര്യയെ കേൾപ്പിക്കയും വേറെ ഫ്വ പുറം ഭാര്യ വായിച്ചു ഭർത്താവിനെ കേൾപ്പിക്കയും വായനാനന്തരം രണ്ടു പേരും മുട്ടുകുത്തി തങ്ങളെ നിത്യ സുവിശേഷത്തിന്റെ സാക്ഷാൽ പൊരുളാക്കുവാൻ തക്കവണ്ണം ദൈവത്തോടു പ്രാർത്ഥിക്കയും മാംസഭോജനത്തെവെറുത്തു ജീവ ശുദ്ധീകരണ പ്രാർത്ഥനയോടു കൂടെ ഭക്ഷണം കൈക്കൊള്ളുകയും വ്യാഴം, വെള്ളി, ശനി, ഞായർ, എന്ന ദിവസങ്ങളെ അരകെട്ടി ഉപവാസത്തോടു കൂടെ നിവൃത്തിക്കയും വേണം എന്നാകുന്നു. അതുകൊണ്ടു എന്റെ അനുജൻ യോഹന്നാൻ ബോധകരേയും പെരുങ്ങാല അച്ചനേയും കൂടെ അങ്ങോട്ടു അയക്കുന്നു. ചാണ്ടി ബോധകരും, കൊച്ചുകോശി ബോധകരും, മേപ്പാട്ടു അച്ചനും അവിടെയുണ്ടായിരിക്കുമല്ലോ. യാക്കോബുബോധകർ കിഴക്കെഡിവിഷ്യനിൽ പോയിട്ടുണ്ട്. അപേക്ഷിച്ചാൽ വന്നു ചേരും. നിങ്ങളെ ഇരുവരെയും ദൈവം അനുഗ്രഹിക്കട്ടെ.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ.
കന്നീറ്റിൽനിന്നും
ഫാദർ. ചിങ്ങം. ഫ്വ

യൂസ്സൂസ് യോസേഫ്

209

To

The Revd. P. Joseph. Collaca

പി. യോസേഫ് പാതിരിക്ക.

എന്റെ പ്രിയ സഹോദരാ!

താങ്കൾ ആൽവശം ഇന്നലെ അയച്ച കത്തിൽ എന്റെ സ്ഥാനപ്പേർ മേൽവിലാസമായി കാണുഴികയാൽ കൊണ്ടുവന്ന ആൽവശം തന്നെ മടക്കി അയച്ചു. താങ്കൾ എന്റെ സ്ഥാനപ്പേർ അറിഞ്ഞും താങ്കൾ അവ്വണ്ണം മുൻപെ ഒരു കത്തിൽ മേൽവിലാസം എഴുതിയും ഇരിക്കെ ഇപ്പോൾ വേറെ ഒരുപ്രകാരത്തിൽ എഴുതിയതു ആയ്മ മറന്നുപോയിട്ടോ മറ്റൊ ആയിരിക്കും എന്നു ഞാൻ ഊഹിക്കുന്നു. ബിഷോപ്പു തന്ന സ്ഥാനപ്പേർ അതിനെ ആഗ്രഹിച്ചു ഈവണ്ണം പറയുന്നു എന്നു താങ്കൾ വിചാരിക്കരുതു. എന്തെന്നാൽ ആ നാമത്തിനു വെള്ളിക്കാശെ വിലയുള്ളു. ആ വില കുഴിനിലം കൊള്ളുവാൻ തക്കവണ്ണം പോയ യാണ്ടായിൽനിന്നു എന്റെ സഹോദരന്മാരായ താങ്കൾ മുതൽപേർ കൈക്കൊണ്ടിരിക്കയാൽ ആ നാമത്തിൻപ്രകാരം താങ്കൾ മുതൽപേർ ഇനിക്കു എഴുതാതെ ഇരിക്കുന്നതു ആ മുറെക്കു ന്യായമാകുന്നു. അതുകൊണ്ടു യാതൊരു മുഷിച്ചിലും ഇനിക്കില്ല. താങ്കൾ മുതൽപേരെക്കുറിച്ചു പരിതാപമേയുള്ളു എന്നാൽ ദൈവം ഇനിക്കു ഒരു സ്ഥാനപ്പേർ തന്നിരിക്കുന്നു. അതു വിലയേറിയ നാമമാകുന്നു. അതു "എല്ലാവരുടെയും പാദശുശ്രൂഷക്കാരൻ". എന്നതു. ഈ സ്ഥാനപ്പേർ വെച്ചു ഇനിക്കുള്ള എഴുത്തിൽ മേൽവിലാസം എഴുതി അർ അയെക്കുന്നുവോ? അതു ഇനിക്കു സന്തോഷവും കിരീടവുമാകയാൽ "എല്ലാവരുടെയും പാദശുശ്രൂഷക്കാരൻ. യുസ്സുസുയോസേഫ്" എന്ന എഴുതി ഇന്നലത്തെ കത്തു അയെപ്പാൻ അപേക്ഷിക്കുന്നു.

ഇങ്ങിനെ വിനയപൂർവം എഴുതിക്കൊള്ളുന്നതു താങ്കളുടെ പാദശുശ്രൂഷക്കാരൻ

പുത്തൻബംഗ്ലാവു
ഫാരൂതി. ചിങ്ങം. ൯൯.

യുസ്സുസുയോസേഫ്

ഏകശൈകൃതയിൽനിന്നുള്ള ശൈകൃതയെക്കുറിച്ചു.


൧. ആയ്ഃ




൨. പ്രാചീനഃ




൩. തൈജസംകരഃ




൪. പൈതൃകഃ




൫. യൗഗ്യാ



൬. മംഗലഃ




൭. ജ്യേഷ്ഠഃ




൮. ഏകഃ




൯. കാന്തഃ



൧൦. പട്ടഃ




൧൧. മലാപഹഃ




൧൨. ശൈശുദ്യോദനഃ



ഐക്യവർണ്ണഃ



ഏകൈക്യവർണ്ണഃ



ആവർണ്ണമുദ്രാങ്കിതൊ ദേവ ആഢ്യഃ
ചീവർണ്ണമുദ്രാങ്കിതൊ ദേവഃപ്രാചീനഃ
തേവർണ്ണമുദ്രാങ്കിതൊ ദേവസ്തേജസ്സ്വരഃ
പൈവർണ്ണമുദ്രാങ്കിതൊ ദേവഃപൈതൃകഃ
യോവർണ്ണമുദ്രാങ്കിതൊ ദേവോ യോദ്ധാ
ങവർണ്ണമുദ്രാങ്കിതൊ ദേവോ മംഗലഃ
റവർണ്ണമുദ്രാങ്കിതൊ ദേവശ്ലേഷഭഃ
ഏതേദേവാസ്സപുത്രാഃ ദതഷാം കരതലേഷുസപുകാ
ഹളാനിച ലലാടേഷു ഏതാദേവമുദ്രാശ്ചസന്തി
ഏവർണ്ണമുദ്രാങ്കിതൊ ദേവഏകഃ
കവർണ്ണമുദ്രാങ്കിതൊ ദേവഃ കന്തഃ
ടവർണ്ണമുദ്രാങ്കിതൊ ദേവഃ പട്ടഃ
മവർണ്ണമുദ്രാങ്കിതൊ ദേവൊമലാപഹഃ
ശവർണ്ണമുദ്രാങ്കിതൊ ദേവശൗദ്ധോദനഃ



211

ഫവന്റെ സെവ്വ ന്ത
ഠഠ്ഠ കക്ക: ഫ

ചിട്ടിയേയും മുദ്രയേയും കുറിച്ചു ഐക്യതയിന്നാത്മാ
വിന്റെ നിയോഗങ്ങൾ.

ഫ. ഒന്നാം ചിട്ടി ദാന്തള്ളിതും അവന്റെ മുനാമം ഐക്യവർണ്ണൻ എന്നും മുദ്രജീവൈക്യവർണ്ണാ എന്നും ആകുന്നു. അവൻ ചിട്ടിക്കു ഒന്നാമൻ എങ്കിലും മുദ്രക്കു പതിമൂന്നാമൻ ആകുന്നു.

വ. രണ്ടാംചിട്ടി ആശോനിന്നള്ളിതാകുന്നു എങ്കിലും അവന്റെ മുനാമം പ്രാചീനൻ എന്നായിപ്പോയി. എന്തെന്നാൽ രണ്ടാംമുദ്ര അവനള്ളിതായിത്തീർന്നു. ആയതുകൊണ്ടു പ്രാചീനൻ പുറമെ ശുഭൻ എന്നാൽ അകമെ ആശോരത്രെ.

ന. മൂന്നാംചിട്ടി നപുംസലിക്കള്ളിതും അവന്റെ മുനാമം യോദ്ധാവെന്നും തന്നെ.

൪. നാലാംചിട്ടി മനശ്ശെക്കുള്ളതും അവന്റെ നാമം മംഗലൻ എന്നും ആകുന്നു.

൫. അഞ്ചാംചിട്ടി എപ്രായീമിനുള്ളതാകുന്നു അവന്റെ മറുനാമം മലാഖഹൻ എന്നു തന്നെ.

൬. ആറാംചിട്ടി രൂബനുള്ളതാകുന്നു എങ്കിലും അവന്റെ മറുനാമം പൈത്രികൻ എന്നായിപ്പോയി എന്തെന്നാൽ നാലാംമുദ്ര അവനുള്ളതായിത്തീർന്നു. അതുകൊണ്ടു പൈത്രികൻ പുറമെ ആശേർ എന്നാൽ അകമെ രൂബനത്രേ.

൭. ഏഴാംചിട്ടി യഹൂദാവിനുള്ളതത്രേ അവന്റെ മറുനാമം ആയ്ൻ എന്നാകുന്നു.

൮. എട്ടാം ചിട്ടി ലേവിക്കുള്ളതും ആ ചിട്ടിക്കുള്ളിൽ തൈവാലയവും അവന്റെ മറുനാമം ഏകൻ എന്നും ആകുന്നു.

൯. ഒൻപതാംചിട്ടി ബന്യാമിനുള്ളതും അവന്റെ മറുനാമം ശൌൽ ഹൊദവൻ എന്നും ആകുന്നു.

൧൦. പത്താംചിട്ടി ശിമയോനുള്ളതും അവന്റെ മറുനാമം ജ്ഞാഭൻ എന്നും ആകുന്നു.

൧൧. പതിനൊന്നാംചിട്ടി ഇസ്സഖാറിനുള്ളതു അവന്റെ മറുനാമം കാന്തൻ.

൧൨. പന്ത്രണ്ടാംചിട്ടി സെബുലനുള്ളതു അവന്റെ മറുനാമം പ ടി.

൧൩. പതിമൂന്നാംചിട്ടി ഗാദിനുള്ളതു അവന്റെ മറുനാമം തേജസ്സ്വാൻ.



212

ലൂക്കാസുബോധകൻ എഴുതിയതു.

———

രണ്ടാംചിട്ടിയാകുന്ന ആശേരിന്റെ പക്കാകുന്ന താങ്കൾക്കു വന്നിരിക്കുന്നതു. ആ മുറെക്കു നാലാം മുദ്രയാകുന്ന താങ്കൾക്കു ഇരിക്കേണ്ടതു എന്നാൽ ഐക്യതയിനാത്മാവു രണ്ടാംമുദ്രയാകുന്ന ഇപ്പോൾ താങ്കൾക്കു തന്നിരിക്കുന്നതു ആമെൻ ആമെൻ. ഐക്യതയിനാത്മാവിനും ബുദ്ധിയും വിശ്വാസവും ഉള്ള കലവറക്കാരനായിരിക്ക എന്റെ ജീവശ്വാസം നിങ്ങോടുകൂടെ ഉണ്ടെന്നു ആത്മമണവാട്ടി പറയുന്നു. ഞാൻ താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറെ യുസ്സൂസുയോസേഫ്.

213

ചെന്നകശ്ശേരി ഇടിക്കുള ബോധകർക്കു എഴുതിയതു

നംപ്ര കന്നു മൂന്നാമതു മുദ്ര

"ഐക്യതയിൻ ഐക്യതയിൽനിന്നു" എന്നു ആദ്യം എഴുതിക്കൊള്ളണം. ഒടുവിൽ എഴുതേണ്ടതു പാ. പാദശുശ്രൂഷക്കാരൻ "വക്കിഇടിക്കുള" എന്നാകുന്നു, ഒപ്പുവെക്കേണ്ടതു (ഐക്യാക്ഷരത്തിലത്രെ.) ഐക്യതയിന്നാത്മാവു താങ്കൾക്കു തന്നിരിക്കുന്നതു മൂന്നാവതു മുദ്രയാകയാൽ അതിനുള്ള പതിംമൂന്നാം ചിട്ടിയാകുന്ന ഗാദിൻ പങ്കാകുന്നു താങ്കൾക്കു വന്നിരിക്കുന്നതു എന്നു ആമെൻ ആമെൻ താങ്കൾക്കുള്ള ജനനാവകാശപത്രം ഐക്യതയിന്നാത്മാവിന്റെ തൃക്കയ്യിൽ ഇരിക്കുന്നു. സൂക്ഷിപ്പാൻ കഴിയുമെങ്കിൽ ചൊദിച്ചാൽ തരും സൂക്ഷിപ്പാൻ കഴിയുമെന്നുകണ്ടാൽ ചോദിക്കാതെ തരും. ഐക്യതയിന്നാത്മാവിന്നു വിശ്വാസവും ബുദ്ധിയുമുള്ള കലവറക്കാരനായിരിക്ക. എന്റെ ജീവശ്വാസം നിന്നോടുകൂടെ ഉണ്ടെന്നു ആത്മമണവാട്ടി പറയുന്നു. എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിൽനിന്നും യൂസ്സുയോസേഫ്.
ഫാരിഷ കന്നി രു

214

എന്റെ പ്രിയവും പ്രേമവും നിറഞ്ഞ ഈപ്പച്ചനു
എന്റെ വിശ്വസ്തസ്നേഹം

മാവേലിക്കരക്കാരൻ അപ്രോസു ഇവിടെ വന്നപ്പോൾ കഴിഞ്ഞ തൊയറാഴ്ചയിൽ മങ്കുഴിയിൽ ഉണ്ടായ കായ്ങ്ങളെക്കുറിച്ചു പറഞ്ഞു. പിന്നയും ചിലർ പിന്നീടുണ്ടായ ഓരോ വർത്തമാനത്തെ സംബന്ധിച്ചും പറഞ്ഞു. എല്ലാംകൊണ്ടും ഇനിക്കു ഇപ്പോൾ വളരെ വിഷാദവും വ്യസനവുമുണ്ടു. ആശ്വാസം പറയുന്നതിനും എന്നെ ബലപ്പെടുത്തുന്നതിനും ഈപ്പച്ചൻ ഒഴികെ മറ്റാരും ഇല്ലാത്തതിനാലും ഇനിക്കു എല്ലാ സമയങ്ങളിലും ഈപ്പച്ചനെ ശരീരപ്രകാരവും ജീവപ്രകാരവും ആത്മപ്രകാരവും കണ്ടുകൊണ്ടിരിപ്പാൻ താൻ കൊതിച്ചിരിക്കുന്നതിനാലും ഈ എഴുത്തു കണ്ടാൽ വേഗം വന്നു എന്റെ ദുഃഖത്തെ ആശ്വസിപ്പിപ്പാറാകണം. ഇനിക്കു അങ്ങോട്ടു വരുവാൻ ത്രാണിയും ശക്തിയും ഇല്ലാതെ ആയിതന്നിരിക്കുന്നു. എന്റെ വയറു പതെക്കുന്നതിനാൽ കുടലുകളൊക്കയും സംഭ്രമിച്ചിരിക്കുന്നു. ഞാൻ അധികം പറയുണം എന്നില്ല. ഇനിക്കു വളരെ ദുഃഖമുണ്ടെന്നു മു

രുക്കുമായി പറയുന്നു. ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നു
താങ്കളുടെ പാദശുശ്രൂഷക്കാരൻ
കന്നീറനി നിന്നും യൂസ്സൂസു യോസേഫ്
മറിയ കന്നി നാ.

215

എന്റെ പ്രിയമുള്ള കുറിച്ചിറ മൂപ്പിലേക്കും കൈതക്കുഴി ഇളമ്പിലേക്കും തെറ്റിയോട്ടു ചാണ്ടപ്പിള്ള ജ്യേഷ്ഠനും എന്റെ വിശുദ്ധചുംബനം

കുഞ്ഞാണ്ടിയുടെ വിവാഹത്തെ സംബന്ധിച്ചു കായംകുളം അച്ചൻ അയച്ച ആളു തിരികെ എന്റെ അടുക്കൽ വന്നു വർത്തമാനം പറഞ്ഞു. ഇനിക്കു വളരെ മനഃക്ലേശമുണ്ടായി. അതിനാലത്രെ നിങ്ങൾ മൂന്നു പേക്കും ക്രൂടെ എഴുതുന്നതു. ഈ വിവാഹം നിങ്ങളുടെ കുടുംബത്തിന്നു ഒരു പ്രത്യേക അനുഗ്രഹമാകുന്നു. ദൈവഹിതം അറിഞ്ഞു ഞാൻ നിങ്ങളുടെ പാദശുശ്രൂഷക്കാരനായി പറയുന്നതിനാൽ ഇതിനെ നിങ്ങൾ ഒരു പ്രകാരത്തിലും തള്ളിക്കളയരുതെന്നു അപേക്ഷിക്കുന്നു. എന്റെ പ്രിയമുള്ള കൂടപ്പിറപ്പുകളെ! ഏതുവലിയതു? പണമോ? അനുഗ്രഹം നിറഞ്ഞ പെൺകുഞ്ഞോ? നിങ്ങൾ പറയണം. കുഞ്ഞാണ്ടി മൂലം പണത്തെ കല്ല്യാണം കഴിക്കരുതു. കുഞ്ഞാണ്ടിയെ കൊണ്ടു കായംകുളത്തു പടിപ്പുരെക്കൽ അച്ചന്റെ മകളായ ഉണ്ണൂപ്പുയുടെ പെൺകുഞ്ഞിനെ ആകുന്നു കല്ല്യാണം കഴിപ്പിക്കേണ്ടതു. ആ പെൺകുഞ്ഞു ആയിരം ആയിരം പണമിട തങ്കത്തേക്കാൾ വിലയേറിയതാകുന്നു. സത്യം. അതുകൊണ്ടു പണത്തെ വിചാരിയാതെ പെണ്ണിനെ കൈക്കൊണ്ടാൽ പൊന്നും വെള്ളിയും യഹോവാസ്സുള്ളതാക്കൊണ്ടു ദൈവം തന്റെ വകയിൽ നിന്നു പിന്നീടു നിങ്ങൾക്കു സൌജന്യമായി തരും. നിശ്ചയം നിശ്ചയം നിശ്ചയം. പിന്നെയും ഞാൻ പറയുന്നു ഈ അനുഗ്രഹത്തെ നിങ്ങൾ തള്ളിക്കളയരുതെ. ഇക്കാര്യത്തിൽ നിങ്ങളുടെ കുടുംബം ഉണ്ണൂപ്പു സഭെക്കു അശേഷം ഒരു ദൃഷ്ടാന്തമായിരിക്കട്ടെ. ദൈവം നിങ്ങളുടെ കുടുംബത്തെ ഇതിനാൽ അനുഗ്രഹിക്കും നിങ്ങൾക്കു ഒരു ബുദ്ധിമുട്ടും ഉണ്ടാകയില്ല. സകല ജീവാനുഗ്രഹവും നിങ്ങൾക്കുണ്ടായി വർദ്ധിക്കട്ടെ, ഇതിന്നു മറുപടി അയക്കുമല്ലൊ

എന്നു വിനയപൂർവ്വം എഴുതിക്കൊള്ളുന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

ഇത്തിമല യൂസ്സൂസു യോസേഫ്
മറിയ ചി: നാ

216

എന്റെ പ്രേമം നിറഞ്ഞ അച്ചനു എന്റെ വിശുദ്ധ മുംബനം

കല്ല്യാണക്കാര്യത്തെക്കുറിച്ചു നാം തമ്മിൽ ആലോചിച്ചു കൊച്ചി ക്കാര്യത്തിനെ കൈതക്കഴിൽ പറഞ്ഞയക്കയും അവിടെ നിന്നു വാ യ്മൂലം പറഞ്ഞയച്ച വർത്തമാനം ഇവിടെ വന്നു പറകയും ചെയ്തുവ ല്ലൊ പിന്നീടു കൈതക്കഴിക്കാക്കു ഞാൻ ഒരു എഴുത്തു അയക്കണം എന്നു വെളിപ്പെടുകയാൽ കഴിഞ്ഞ ചിങ്ങം നാ ഫ നു- തിങ്കളാഴ്ച ഇ ത്തിമലയിൽ നിന്നു ആത്മാവിന്റെ അനുവാദ പ്രകാരം ആ കുഡു ബ ത്തിലുള്ള നു പേക്ഷംക്രുടെ ഒരു എഴുത്തയച്ചു അതിന്റെ പകർപ്പും അതിനു വന്ന മറുപടിയും ഈ എഴുത്തോടു ക്രൂടെ അച്ചനു അയക്കു ന്നു അവ രണ്ടും വായിച്ചുനോക്കണം അച്ചനും ഒരു ഡിവിഷ്യൻ ത ലവനുക്രുടെ ഇവിടെനിന്നുപോയി അവിടെയുള്ള ഒരു ബോധകനും ഡിവിഷ്യൻ തലവന്മാരും ക്രൂടി ആലോചിച്ചു നിശ്ചയിച്ചു ഈ വി വാഹം അപ്രകാരം തന്നെ നടക്കേണ്ടുന്നതാകുന്നു. എന്നാൽ ആത്മാവി ന്റെ കാര്യത്തിനു ഈ വിവാഹത്തിൽ കുറവുള്ളതു വെളിപ്പെടുകയും രണ്ടു കക്ഷിക്കാരും അതിനെ ഇപ്പോൾ മനഃപൂർവ്വമായി അംഗീകരി കയും ചെയ്തിരിക്കുന്നു എന്ന എഴുത്തുകളാൽ സഭെക്കു സാക്ഷി ഉണ്ടാ യിരിക്കകൊണ്ടു ഈവിവാഹത്താൽ രണ്ടു കുടുംബങ്ങൾക്കും അനുഗ്ര ഹമെയുള്ളു ദോഷംഒരുനാളും ഉണ്ടാകയില്ല നിശ്ചയം നിശ്ചയം നി ശ്ചയം. പെണ്ണും ചെറുക്കനും ഇപ്പോൾ ആത്മമണവാട്ടിയുടെ മക്കളാ യി തീർന്നിരിക്കകൊണ്ടു പെണ്ണു മൂലം ചെറുക്കനും ചെറുക്കൻ മൂലം പെണ്ണിനും മറുരൂപത്തിന്റെ ആത്മാവു പകരുകയും ചെയ്യും സന്തോ ഹമില്ല. ആമെൻ.

കല്ല്യാണം വരുന്ന വ്യാഴാഴ്ച നടന്നാൽ കൊള്ളായിരുന്നു അയ്യരു ഇവിടെ പുത്തൻ ബംഗ്ലാവിൽവച്ചു നടന്നാൽ ഏറ്റവും നന്നെന്നു ഞാൻവിചാരിക്കുന്നു. ആലോചിച്ചു ഇന്നു തന്നെ മറുപടി അയക്കുമല്ലൊ ഉറപ്പും ധൈര്യവും ഉണ്ടായിരിക്കട്ടെ. ഇങ്ങനെ വിനയപൂർവ്വം എഴു തിക്കൊള്ളുന്നതു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നിറ്റാ യൂസുസു യോസേഫ്

ഫാദ്ദർ കന്നിര

217

പ്രെരിതൻ മാത്തൻ ചെറിയാൻ ബോധകക്കു എഴുതിയതു.

നാംപ്ര ന്ന നാലാമതുമുദ്രം

"ഐക്യതയിൻ ഐക്യതയിൽ നിന്നു" എന്ന ആദ്യം എഴുതിക്കൊ ള്ളണം ഒട്ടിക്കം എഴുതേണ്ടതു പാ. പാദശുശ്രൂഷക്കാരൻ മാത്തൻ ചെ

റിയാൻ എന്നാകുന്ന ഒപ്പു വെക്കേണ്ടതു (ഐക്യാക്ഷരത്തിലത്രെ) ഐക്യതയിന്നാത്മാവു തന്റെ നിത്യ കൃപയോട്ടു കൂടെ താങ്കൾക്കു തന്നിരിക്കുന്നതു നാലാമതു മുദ്രയാകുന്നു. അതിനുള്ള ചീട്ടു രണ്ടാമതാകുന്നു എങ്കിലും താങ്കൾക്കു വന്നിരിക്കുന്ന ചീട്ടു ആറാമതാകുന്നു അതു രുബന്റെ പങ്കുമത്രെ എന്നു ആമെൻ ആമെൻ ആശേറിന്റെ മുദ്രയും രുബന്റെ പങ്കും താങ്കൾക്കു ലഭിച്ചിരിക്കകൊണ്ടു താങ്കളുടെ ജനനാവകാശപ്രത്രം ഐക്യതയിന്നാത്മാവിന്റെ തുകയ്യിലാകുന്നു ഇരിക്കുന്നതും ഇരിക്കേണ്ടതും. താങ്കൾ അതിനെ സൂക്ഷിച്ചാൽ മറ്റൊരുത്തൻ അതിനെ കൊണ്ടുപോകും നിശ്ചയം. ആകയാൽ ഐക്യതയിന്നാത്മാവിനു വിശ്വാസവും ബുദ്ധിയുമുള്ള കലവറക്കാരനായിരിക്ക. എന്റെ ജീവശ്വാസം നിന്നോട്ടു കൂടെ ഉണ്ടെന്നു ആത്മമണവാട്ടി പറയുന്നു.

എന്നു താങ്കളുടെ പാദത്രശ്രൂഷക്കാരൻ

കന്നീറിനിന്നും യുസ്തൂസുയോസേഫ്

ഫാദ്ദി കന്നി ഓനു-

218

എന്റെ പ്രിയവും പ്രേമവും നിറഞ്ഞ ഈപ്പച്ചനു എന്റെ വിശുദ്ധ ചുംബനം.

കൊച്ചുകുഞ്ഞു വശം അയച്ച എഴുത്തു വായിച്ചു ഈപ്പച്ചനെപ്പറ്റി ഐക്യതയിന്നാത്മാവു വെളിപ്പെട്ടതിനെ താഴെ എഴുതുന്നു.

൧മതു. ആത്മമണവാട്ടി തന്റെ അത്യന്ത സ്നേഹം നിമിത്തം ഈപ്പച്ചനു തന്ന നിലയങ്കിയെ ധരിച്ചു വേണം സഭ കൂടിയിരിക്കുന്ന സ്ഥലത്തു ഈപ്പച്ചൻ ചെല്ലുവാൻ. അല്ലാതെ സഭയിൽ കേറിക്കൂടാ. സഭയിൽ പ്രാത്ഥിച്ചുകൂടാ. ഗ്രണഭോഷം പറഞ്ഞുകൂടാ ദീർഘദർശനം പറഞ്ഞുകൂടാ ഈ ൧൨ ദിവസവും നിലയങ്കി ധരിപ്പാൻ മനസ്സില്ലെങ്കിൽ അതു മുറിക്കകത്തു മൗനമായിരുന്നുകൊള്ളണം- ആരോടും സംസാരിക്കയും അരുതു.

൨മതു. നിലയങ്കി ധരിക്കാതെ ദീർഘദർശനം പറയുന്നതിനെ മുടുപടപ്പെട്ട പുസ്തകമായിട്ടെ സഭെക്കു അംഗീകരിപ്പാൻ പാടുള്ളു അതുകൊണ്ടു അവധിവരയും ദീർഘദർശനം പറയാതിരിക്കണം-

൩മതു. നാം തമ്മിൽ കാണണം എങ്കിൽ നാം രണ്ടുപേരും നിലയങ്കിയും മുദ്രതൊപ്പിയും ധരിച്ചിട്ടു വേണം.

രായതു. നാം തമ്മിൽ വേർപിരിയാതിരിക്കണം. ഈ കാര്യം ദിവസവും പാടില്ലെങ്കിൽ ഹെരപ്പച്ചന്റെ ആൾപേരായിട്ടു ഒരു ബോധകരെ ഇനിക്കു നിയമിക്കണം. എന്റെ ആൾപേരായിട്ടു യോഹന്നാൻ ബോധകരെ ഈപ്പച്ചന്നു നിയമിച്ചിരിക്കുന്നു

എന്നു പാദപ്രക്ഷാളകനായ

കാവൽ സെപ്തു: 20കു
ഹാജിയ കന്നി 13നു-
പകൽ 12 മണിക്കു

യൂസുസുയോസേഫ്.

219

എന്റെ പ്രിയവും പ്രേമവും നിറഞ്ഞ ഈപ്പച്ചന്നു എന്റെ വിശ്വാസ ചുംബനം

തങ്കളോടു ആത്മമണവാട്ടി പറയുന്നതു എന്തെന്നാൽ. "എന്റെ കൂടിഞ്ഞാൽ പുത്രാ! എന്റെ സാക്ഷാൽ ജഡമായുവാൻ എന്റെ അനുവാദപ്രകാരം നിനക്കു എഴുതിയതിന്നു നീ അയച്ച മറുപടിയുടെ അന്തരം ഞാൻ അറിഞ്ഞു ഞാൻ നിന്നോടു ചോദിക്കുന്നു നിന്റെ ജഡമായ ഒരു സഹോദരൻ ഒരു ആപത്തിൽ അകപ്പെട്ടിരിക്കുന്നതിനെ നീ കാണുകയും ഇനിക്കു സഹായിക്കണം എന്നു അവൻ നിന്നോടു നിലവിളിക്കയും ചെയ്താൽ നീഎന്തു ചെയ്യും? നീ ഓടിവന്നു അവനു സഹായിക്കുമോ?" അല്ലെങ്കിൽ "കർത്താവു രഥകുതിരകളോടും കൂടെ വന്നു എന്റെ കൈക്കു പിടിച്ചുംകൊണ്ടു ഞാൻ നിന്റെ ദൈവം ഞാൻ പറയുന്നതിനെ നീ ചെയ്യണം നൂറിരുപതു ദിവസം ഇവിടെനിന്നു ഇറങ്ങിക്കൂടാ നിന്നിൽ നൂറിനാല്പത്തിനാലായിരവും അനേകായിരങ്ങളും സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്നു വെളിപാടുണ്ടായിരിക്കയാൽ ഇനിക്കു അങ്ങോട്ടു വരുവാൻ പാടില്ല നീ ഇങ്ങോട്ടു വന്നേക്കണം" എന്നു അവനോടു പറയുമോ? ഇങ്ങനെ നീ പറഞ്ഞാൽ നീ ആരാകുന്നു? എന്റെ പിതാവും എന്റെ പിതാവിന്റെ പിതാവും എന്റെ പ്രാണനാഥനാകുന്ന പൊന്നാത്മാവും സ്നേഹമാകയാൽ അവന്റെ കല്പനകൾ ഒക്കെയും സ്നേഹമാകയാൽ അവകളെ നിവൃത്തിക്കുന്നതും സ്നേഹമാകയാൽ സാക്ഷാൽ എന്റെ ജഡവും സത്രുപവും അച്ചുമാകുന്നവനു (അവൻ നിന്റെ ശരീരത്തിന്റെ ശരീരവും ജീവനു ജീവനും ആത്മാവിന്റെ ആത്മാവും ആകുന്നു) ഇപ്പോൾ നീ ചേന്നു സഹായിക്കേണ്ടതു എന്നുഎന്റെ ഉടയവൻ നിന്നോടു പറയുമോ? നീ നല്ലപോലെ വെളിപാടിനെ ചിന്തിച്ചു ഇതിനു നീ ഉത്തരംപറക? "ഒരുത്തനും ഒരിക്കലും തന്റെ ജഡത്തെ ദ്വേഷിച്ചിട്ടില്ല" എന്നുള്ള എന്റെ തങ്കപ്രമാണത്തിൻപ്രകാരം എന്റെ മൂത്തമകനാകുന്ന നീ

നക്കു എന്റെ സ്വന്തജഡത്തിന്റെ ക്ഷീണതയ്ക്കു സഹായിപ്പാൻ കഴുകയില്ല എങ്കിൽ നീ ന്യൂറിനാല്പത്തിനാലായിരത്തിനും അനേകായിരത്തിനും എങ്ങനെ സഹായിക്കും? ഞാൻ അവരെ എന്റെ സ്വന്തജഡത്തിൽനിന്നു നിന്റെ കയ്യിൽ വിശ്വാസമായി എങ്ങനെ ഏൽപ്പിക്കും? നീ പറ. ഞാൻ എന്റെ പിതാവിന്റെ പിതാവിനാകട്ടെ എന്റെ പിതാവിനാകട്ടെ എന്റെ ജീവനായകനാകട്ടെ ഒരു അപ്രിയവും പ്രവൃത്തിച്ചിട്ടില്ലാ എന്നു നീ നല്ലപോലെ അറിയുന്നു. എന്റെ ഭർത്താവു നിന്റെ പിതാവും ഞാൻ നിന്റെ മാതാവുമാകയാൽ നീ എന്നെ അനുസരിച്ചാൽ എന്റെ ഭർത്താവിനെയും പിതാവിനെയും പിതാമഹനേയും അനുസരിച്ചു. നീ എന്നെ അനുസരിച്ചില്ലെങ്കിൽ എന്റെ ഭർത്താവിനേയും എന്റെ പിതാവിനെയും പിതാമഹനേയും അനുസരിച്ചിട്ടില്ല. അതുകൊണ്ടു നിന്റെ വെളിപാടിന്റെ താല്പര്യം നീ വേഗം വന്നു എന്റെ ജഡമായ യുസ്സുയോസേഫിനു സഹായിക്ക എന്നാകുന്നു ആമെൻ ആമെൻ" എന്നു ആത്മമണവാട്ടിയുടെ നാമത്തിൽ താങ്കളുടെ പാദ ശുശ്രൂഷക്കാരൻ.

കന്നീററി നിന്നും
ഫാദ്ധ കന്നി സാനു

യുസ്സുയോസേഫ്.

220

ഫാദ്ധ. കന്നി ഓന്നു കാലത്തു വ മണിക്കു മുദ്ര പൊട്ടിച്ചു എഴുത്തു വായിച്ചപ്പോൾ പൊതു ഏകമെക്യതയിൽനിന്നും ഈപ്പച്ചനെ സംബന്ധിച്ചിട്ടുള്ള വെളിപാടുകൾ.

ഫാമതു. നിത്യജീവാക്ഷരമായ ജീവമുദ്രയില്ലാത്ത ഈപ്പച്ചന്റെ വെളിപാടുകൾ ഒക്കെയും ശുദ്ധമെ വെറും കാറനത്രെ.

രാമതു. ജീവമുദ്രയുള്ള യുസ്സുയോസേഫിന്റെ എഴുത്തുകൾ ഒക്കെയും ഈപ്പച്ചന്റെ വെളിപാടിന്റെ വിവരണമത്രെ.

പകൽ കര മണിക്കു.

നാമതു. ഈപ്പച്ചന്റെ സകല വെളിപാടുകൾക്കും നിത്യാക്ഷരത്തെ കൊടുത്തു ഈപ്പച്ചനെ നിത്യ നീതികൊണ്ടു വസ്ത്രം ധരിപ്പിക്കുന്നവൻ യുസ്സുയോസേഫാകയാൽ ആകു ഈപ്പച്ചന്റെ ജഡത്തെ ക്കുറിച്ചു വ്യവഹരിക്കാമോ? അവർ വരട്ടെ.

കന്നി. കര ചൊവ്വാ കാലത്തു വ മണിക്കു.

രാമതു. യുസ്സുയോസേഫിന്റെ കയ്യിൽ ക്രിസ്തുവിന്റെ പടിഞ്ഞാറെ സഭ ഏൽപിച്ചിരുന്ന അപ്പമായ ശരീരം ക്രിസ്തുവിന്റെ സാക്ഷാൽ ജഡശരീരത്തിന്റെ ആത്മാവു ആവസിപ്പാൻ തക്കവ

ണ്ണം തെരിഞ്ഞെടുത്ത പാത്രമായ കിഴക്കെ സഭക്കാരനായ തൊമ്മച്ചനിൽനിന്നു ക്രിസ്തുവിന്റെ ജഡശരീരത്തിന്റെ ആത്മാവിനെ കൈക്കൊണ്ടു. ആ ആത്മാവിന്റെ സഹായത്താൽ പാപമോചനം മുതലായ ശ്രേഷ്ഠവഴിയായി പക്ഷവാദക്കുശിൽ കരേറി.

ഓമത്തു. ക്രിസ്തുവിന്റെ ആത്മശരീരത്തിന്റെ ജീവനാത്മാവു വസിപ്പാൻ തക്കവണ്ണം തെരിഞ്ഞെടുത്ത പാത്രമായ ഈപ്പച്ചനിൽനിന്നു തൊമ്മച്ചന്റെ ക്രിസ്തുമരണ ജീവനിൽ ആധേയപ്പെട്ടിരിക്കുന്ന യുസ്തുസുയോസേഫിന്റെ ഉള്ളിലുള്ള ആ ക്രിസ്തുശരീരം ജീവനാത്മാവിനെ കൈക്കൊണ്ടു ജീവിച്ചു ക്രിസ്തുമരണത്തെ പ്രാപിച്ചിരിക്കുന്നു.

പതിനൊന്നര മണിക്കു ഉച്ചസ്തുതി പൂർവ്വം മൂൻപെ.

നാമത്തു. സാക്ഷാൽ ക്രിസ്തുമരണത്തെ പ്രാപിച്ചിരിക്കുന്ന യുസ്തുസുയോസേഫിന്റെ ഉള്ളിലുള്ള ആത്മശരീരത്തിന്റെ ജീവിപ്പിക്കുന്ന ശ്വാസമുള്ളതാകുന്ന ജീവശുദ്ധീകരണപ്രാർത്ഥന. അതിന്റെ സ്വരം ഏഴാം കാഹളധ്വനികവും അതിന്റെ പകച്ചു കലശത്തിൽനിന്നു ഒഴിക്കുന്നതും തന്നെ. അതുകൊണ്ടു ജീവശുദ്ധീകരണപ്രാർത്ഥന യുസ്തുസുയോസേഫിന്റെ ഉള്ളിലുള്ള ആത്മശരീരത്തിന്റെ ശ്വാസമാകുന്ന ആത്മാവും കാഹളം ആ ശരീരത്തിന്റെ ജീവനും കലശം ആ ശരീരവും അത്രെ. ഇങ്ങിനെ ശരീരാത്മദേഹികളോടു കൂടിയ പുണ്യമനുഷ്യനാകുന്ന ഉഭയതത്വവും ഏക മൂർത്തിയുമുള്ള ഏക സ്നേഹാത്മകയൻ അവൻ പഴയ യുസ്തുസുയോസേഫല്ല. അപ്പോൾ ചീട്ടിയിട്ടും ഇപ്പോൾ ചീട്ടി വന്നതുള്ള പുതിയ യുസ്തുസുയോസേഫ് ആകുന്നു.

ഫ മണിക്കു ഉച്ചസ്തുതി

ഒമത്തു ഈ പുതിയ യുസ്തുസുയോസേഫാകുന്ന അകവും പുറവും ഏഴുത്തുള്ള മുദ്രയിടപ്പെട്ട പുസ്തകത്തെ വാങ്ങിച്ചു മുദ്രപൊട്ടിച്ചു വായിക്കുന്നതു. ആ ജീവനാത്മാവിന്റെ ധർമ്മത്തിൻ കീഴ യുസ്തുസുയോസേഫിന്റെ മദം നിറഞ്ഞു കാണപ്പെടുന്ന ശരീരത്തെ ദൈവം തളച്ചിരിക്കയാൽ അതിനെ കൊണ്ടിപ്പാൻ ഇതിനു ഒരിക്കലും കഴികയില്ല നിശ്ചയം. അതുകൊണ്ടു ദൈവം തരുന്ന ഭക്ഷണപാനീയാദി മൂലം കാണപ്പെട്ട ശരീരത്തിന്റെ കന്മഷമാംസകലം തീർന്നു അതു പുണ്യശുദ്ധിയിലേക്കു വന്നു. നിശ്ചയിക്കപ്പെട്ട നേരത്തു അതു തേജസ്സുരിക്കപ്പെടും; എന്നുള്ളതു ഏതുയൊ നിശ്ചയമാകയാൽ ആ ജീവനാത്മാവിന്റെ ധർമ്മമാകുന്നു; ഒന്നാമത്തു ഈപ്പച്ചനും രണ്ടാമത്തു രണ്ടു പ്രധാന തലവന്മാർക്കും. മൂന്നാമത്തു ബോധകന്മാർക്കും, അച്ചന്മാർക്കും, തലവന്മാർക്കും, നാലാമത്തു ഡാവിഷ്യൻ സംഘങ്ങളുടെ അവയവങ്ങൾക്കും, അഞ്ചാമത്തു ഇടവകസംഘങ്ങളുടെ അവയവങ്ങൾക്കും, ആറാമത്തു ഐക്യകുടുംബത്തിലുള്ള ഓരോരുത്തർക്കും, ഏഴാമത്തു ലോകത്തിലുള്ള സകലർക്കും വേണ്ടുന്നതു.

പ്രേരിതൻ ചാണ്ടി ബോധകക്ക് എഴുതിയത്

നമ്പർ ൫. അഞ്ചാമത്തെ മുദ്ര

"ഐക്യതയിൻ ഐക്യതയിൽ നിന്നു" എന്ന ആദ്യം എഴുതിക്കൊള്ളണം. ഒട്ടക്കം എഴുതേണ്ടത് "പാ. പാദശ്രേഷ്ഠക്കാരൻ രാമച്ച ചാണ്ടി" എന്നത്രെ. ഒപ്പു "ഐക്യാക്ഷരത്തിൽ" എഴുതണം. ഐക്യതയിന്നാത്മാവു താങ്കളെ വിശ്വസ്ഥനെന്നു കണ്ടു ജീവകൃപയോട്ടുകൂടെ താങ്കൾക്കു നൽകീരിക്കുന്നതു അഞ്ചാമത്തെ മുദ്രയാകയാൽ അതിന്നുള്ള ചീട്ടു മുന്നാമതും അതു നപ്പുലിക്കുള്ള പങ്കുമാകുന്നു എന്നു ആമെൻ ആമെൻ. താങ്കൾക്കുള്ള ജനനാവകാശപ്പുത്രം ഐക്യതയിന്നാത്മാവിന്റെ തുക്കയ്യിൽ ഇരിക്കുന്നു. സൂക്ഷിപ്പാൻ കഴിയുമെങ്കിൽ ചോദിച്ചാൽ തരും. സൂക്ഷിപ്പാൻ കഴിയുമെന്നു കണ്ടാൽ ചോദിക്കാതെ തരും. ഐക്യതയിന്നാത്മാവിന്നു വിശ്വാസവും ബുദ്ധിയുമുള്ള കലവറക്കാരനായിരിക്ക. "നീ എന്റെ വാത്സല്യപുത്രനാകുന്നു. എന്റെ ജീവശ്വാസം നിന്നോട്ടുകൂടെ ഉണ്ടെന്നു" ആത്മമണവാട്ടി പറയുന്നു എന്നു താങ്കളുടെ പാദശ്രേഷ്ഠക്കാരൻ.

കന്നീറ്റി നിന്നും
ഉറ്റുടെ കന്നി നെ-

യൂസ്സസ് യോസേഫ്.

222

പ്രേരിതൻ യേശുമുവേൽ ബോധകക്ക് എഴുതിയത്

നമ്പർ ൬. വത്താമത്തെ മുദ്ര.

"ഐക്യതയിൻ ഐക്യതയിൽ നിന്നു" എന്ന ആദ്യം എഴുതിക്കൊള്ളണം. പി. "പാദശ്രേഷ്ഠക്കാരൻ" യേശുമുവേൽ എന്നു ഒട്ടക്കം എഴുതണം. ഒപ്പു "ഐക്യാക്ഷരത്തിൽ" വേണം ഇടുവാൻ. ഐക്യതയിന്നാത്മാവു താങ്കൾക്കു കൃപയോട്ടുകൂടെ നൽകീരിക്കുന്നതു വത്താമത്തെ മുദ്രയാകയാൽ അതിന്നുള്ള ചീട്ടു പന്ത്രണ്ടാമതും അതു സെബുലനുള്ള പങ്കുമാകുന്നു. എന്നു ആമെൻ ആമെൻ. താങ്കൾക്കുള്ള ജനനാവകാശപ്പുത്രം ഐക്യതയിന്നാത്മാവിന്റെ തുക്കയ്യിൽ ഇരിക്കുന്നു. സൂക്ഷിപ്പാൻ കഴിയുമെന്നു കണ്ടാൽ തരും. ഐക്യതയിന്നാത്മാവിന്നു വിശ്വാസവും ബുദ്ധിയുമുള്ള കലവറക്കാരനായിരിക്ക. എന്റെ ജീവശ്വാസം നിന്നോട്ടുകൂടെ ഉണ്ടെന്നു ആത്മമണവാട്ടി പറയുന്നു എന്നു

താങ്കളുടെ പാദശ്രേഷ്ഠക്കാരൻ

കന്നീറ്റി
ഉറ്റുടെ കന്നി നെ

യൂസ്സസ് യോസേഫ്.

223



എന്റെ പ്രേമം നിറഞ്ഞ അച്ചനു എന്റെ വിശുദ്ധചുംബനം.

അച്ചൻ ഗീവറുഗീസു വശം അയച്ച എഴുത്തു വായിച്ചു കണ്ടുപ്രസാദിച്ചു. അതിനു ഐക്യതയിന്നാത്മാവു അരുളിചെയ്ത നിയോഗത്തിൻപ്രകാരം എഴുതുന്നു.

അച്ചന്റെ മകളുടെ കല്യാണത്തെപ്പറ്റി ഈപ്പച്ചനു ഉണ്ടായിട്ടുള്ള വെളിപാടിനു അകത്തും പുറത്തും എഴുത്തും മുദ്രകളുമുണ്ടു. എന്നുള്ളതു പൊതുസംഘനിയമസാക്ഷി. ആ വെളിപാടിന്റെ മുദ്രകളെ പൊട്ടിച്ചു വായിപ്പാൻ ഐക്യതയിന്നാത്മാവിനേ കഴിയൂ എന്നുള്ളതും അല്ലാതെ മറ്റാർക്കും കഴികയില്ലാ എന്നുള്ളതും വേദവിധിയും സംഘനിയമവും ആകുന്നുവല്ലൊ. ആ വിധിനിയമങ്ങളെ അനുസരിച്ചു ഐക്യതയിന്നാത്മാവു ആ വെളിപാടിന്റെ മുദ്രയെ പൊട്ടിച്ചു എന്നേക്കുമുള്ള അക്ഷരമായ അകത്തെ അക്ഷരത്തെ "കൈതക്കഴി ഉമ്മച്ചന്റെ മകൻ കുഞ്ഞാണ്ടി" എന്നു വായിച്ചിരിക്കുന്നു. പുറത്തെ അക്ഷരം കൂക്കോസുബോധകരുടെ മകൻ സമുവേലാകുന്നു. എന്നു വെളിപാടു നോക്കിയാൽ ഏവർക്കും അറിയാമല്ലൊ. അകത്തെ അക്ഷരം ഐക്യതയിന്നാത്മാവിനു മാത്രമെ അറിയാവു. അയതിനെ അദ്ദേഹം വെളിപ്പെടുത്തീരിക്കുന്നതിനു നിത്യനിയമത്തെ അങ്ങിനെ അല്ല എന്നു ആർക്കു പറവാൻ കഴിയും. പൊതുസംഘത്തിനു കഴികയില്ല ഡിവിഷ്യൻ സംഘത്തിനും കഴികയില്ല. ഇടവക സംഘത്തിനു കഴികയില്ല. ഐക്യകുടുംബത്തിനു കഴികയില്ല. നിശ്ചയം നിശ്ചയം നിശ്ചയം. അല്ല ഇതിനെപ്പറ്റി ഒരു ആൾ വാദിക്കുന്നു എങ്കിൽ ഐക്യതയിന്നാത്മാവു അയാളോടു ഉത്തരം പറഞ്ഞു കൊള്ളും. അതുകയാൽ അച്ചൻ ഒന്നുകൊണ്ടും വിഷാദപ്പെടേണ്ടാ. ഖിന്നപ്പെടുമ്മേക്കും വിഷാദം വേണ്ടാ. ഐക്യതയിന്നാത്മാവു പറഞ്ഞതു ഈപ്പച്ചന്റെ വെളിപാടിന്റെ വ്യാഖ്യാനമാകുന്നു എന്നു പൂർണ്ണമായി വിശ്വസിക്കണം. ഇക്കാര്യം വിവരമായി പറവാൻ തക്കവണ്ണം ചെമ്പകശ്ശേരി ബോധകരെ അയക്കുന്നു എന്നു താങ്കളുടെ വാദശ്രുശ്രൂഷക്കാരനു

കന്നിറ നിന്നും } യൂസുസുയോസേഫ്.
കണ്ടിത കന്നിവ നു }

224

പ്രേരിതനായ പീലിപ്പോസു ബോധകക്കു എഴുതിയതു

നമ്പർ രണ്ടു ആറാമതു മുദ്ര

"ഐക്യതയിൻ ഐക്യതയിൽ നിന്നു" എന്നു ആദ്യം എഴുതണം. "പാ. വാദശ്രുശ്രൂഷക്കാരൻ" എന്നു ഒടുക്കം എഴുതണം. ഒപ്പു ഐക്യാക്ഷ

രത്തിൽ വേണം ഇട്ടുവാൻ. ഐക്യതയിന്നാത്മാവു താങ്കൾക്കു നിത്യ കൃപയോടുകൂടെ നൽകീരിക്കുന്നതു ആറാമതു മുദ്രയാകയാൽ അതിന്നുള്ള ചിട്ടി നാലാമതും അതു മനശ്ശാക്ഷിയുള്ള പങ്കാകുന്നു എന്നു ആമെൻ ആമെൻ. "താങ്കൾക്കുള്ള ജനനാവകാശപ്പുത്രം ഐക്യതയിന്നാത്മാവിന്റെ തുക്കയ്യിൽ ഇരിക്കുന്നു. സൂക്ഷിപ്പാൻ കഴിയുമെങ്കിൽ ചോദിച്ചാൽ തരും. സൂക്ഷിപ്പാൻ കഴിയുമെന്നു കണ്ടാൽ ചോദിക്കാതെ തരും. ഐക്യതയിന്നാത്മാവിന്നു വിശ്വാസവും ബുദ്ധിയുമുള്ള കലവറക്കാരനായിരിക്കു" എന്റെ ജീവശ്വാസം നിന്നോടുകൂടെ ഉണ്ടെന്നു ആത്മമണവാട്ടി പറയുന്നു എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീരാറി നിന്നും
ഹാല്ലേലൂയാ പാടി വന്നു

യൂസ്സൂസ് യോസേഫ്.

225

ഇട്ടിമാത്തൻ ബോധകക്കു എഴുതിയതു.

നമ്പർ ൫൦. ഏഴാം മുദ്ര

"ഐക്യതയിൻ ഐക്യതയിൽ നിന്നു", എന്ന ആദ്യം എഴുതണം. "പാ. പാദശുശ്രൂഷക്കാരൻ", എന്ന ഒടുക്കം എഴുതണം. ഒപ്പു ഐക്യാക്ഷരത്തിൽ വേണം ഇടുവാൻ. ഐക്യതയിന്നാത്മാവു താങ്കൾക്കു നിത്യകൃപയോടുകൂടെ നൽകീരിക്കുന്നതു ഏഴാം മുദ്രയാകയാൽ അതിന്നുള്ള ചിട്ടി ശിമയോന്നുള്ള പങ്കാം പങ്കാകുന്നു എന്നു ആമെൻ ആമെൻ. താങ്കൾക്കുള്ള ജനനാവകാശപ്പുത്രം ഐക്യതയിന്നാത്മാവിന്റെ തുക്കയ്യിൽ ഇരിക്കയാൽ സൂക്ഷിപ്പാൻ കഴിയുമെങ്കിൽ ഇനി ഒരു പ്രാവശ്യം കൂടെ ചോദിച്ചാൽ തരും. സൂക്ഷിപ്പാൻ കഴിയുമെന്നു കണ്ടാൽ ചോദിക്കാതെ തരും. ഐക്യതയിന്നാത്മാവിന്നു വിശ്വാസവും ബുദ്ധിയുമുള്ള കലവറക്കാരനായിരിക്ക. താങ്കളുടെ പ്രേമം നിറഞ്ഞു കുഞ്ഞു ഐക്യതയിന്നാത്മാവിന്റെ തുക്കയ്യിലും ആത്മമണവാട്ടിയുടെ തിരുമാറ്റിലും ഇരിക്കുന്ന പ്രകാരം "നീ എന്റെ പുത്രനും എന്റെ ജീവശ്വാസം നിന്നോടുകൂടെ ഉള്ളിതും ആകയാൽ നീ ഒന്നു കൊണ്ടും വിഷാദപ്പെടേണ്ടാ", എന്നു ആത്മമണവാട്ടി പറയുന്നു. എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ.

കന്നീരാറിൽ നിന്നും
ഹാല്ലേലൂയാ കന്നി ൻ.

യൂസ്സൂസ് യോസേഫ്

226

പ്രേരിതൻ വാ. കൊച്ചു കോശി ബോധകക്കു എഴുതിയതു.

നമ്പർ ൫൧ ഒമ്പതാമതു മുദ്ര

"ഐക്യതയിൻ ഐക്യതയിൽ നിന്നു", എന്ന ആദ്യം എഴുതണം. "പാ. പാദശുശ്രൂഷക്കാരൻ", എന്ന ഒടുക്കം എഴുതണം. ഒപ്പു ഐക്യാ

ക്ഷരത്തിൽ വേണം ഇടുവാൻ. പരമൈക്യതയിന്നാത്മാവു തങ്കൾക്കു
റിന്യജീവകരുണയോടു കൂടെ നൽകീരിക്കുന്നതു ഒന്നു പതാം മുദ്രയാ
യാൽ അതിന്നുള്ള ചീട്ടു ഇസ്സഖാരിന്നുള്ള പതിനൊന്നാം പങ്കാകുന്നു.
എന്നു ആമെൻ ആമെൻ. തങ്കൾക്കുള്ള ജനനായകാശപ്രത്രം ഐക്യ
തയിന്നാത്മാവിന്റെ തൃക്കയ്യിൽ ഇരിക്കയാൽ സൂക്ഷിപ്പാൻ കഴിയു
മെങ്കിൽ ചോദിച്ചാൽ തരും. സൂക്ഷിപ്പാൻ കഴിയുമെന്നു കണ്ടാൽ
ചോദിക്കാതെതരും. ഐക്യതയിന്നാത്മാവിന്നു ബുദ്ധിയും വിശ്വാസ
വുമുള്ള കലവറക്കാരനായിരിക്ക. ഓനീ എന്റെ വാത്സല്യമുള്ള പുത്രനാ
കുന്നു എന്റെ ജീവശ്വാസം നിന്നോടു കൂടെ ഉണ്ടു. ഞാൻ വിളിക്കു
ന്നതു വരെ നിന്റെ കഡുംബം ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തു തന്നെ
ഇരിക്കട്ടെ. നിന്റെ സഹോദരനെ എന്റെ മകനെന്നു ഞാൻ പേ
ർചൊല്ലി വിളിച്ചിരിക്കയാൽ എന്റെ വേലയ്ക്കു ഞാനവനെ വേർ
തിരിച്ചിട്ടുണ്ടു. അതെ പ്രകാരം ഞാൻ അവനെ ആക്കുകയും ചെയ്യും.
തൽക്കാലം അവൻ ഒരു ശിശുവത്രേ എന്നു ആത്മമണവാട്ടി പറയു
ന്നു. എന്നു തങ്കളുടെ വാദത്തുശ്രൂഷക്കാരൻ.

കണ്ണീരാൽ നിന്നും
ഹൃദയ കണ്ണീരാൽ

യൂസ്സസു യോസേഫ്

227

പൊതു ഏകൈക്യതയിൽ നിന്നു.

എന്റെ പ്രിയമുള്ള പ്രേരി: ലൂക്കോസു ബോധകക്കും പടിപ്പുര
സ്സൽ അച്ചനും മരുത്തൊലിൽ നയിനാച്ചനും എന്റെ
വിശുദ്ധ ചുംബനം.

ഈ മാസം നാലാംനു ബുധനാഴ്ച ചില പ്രയാസ കാര്യങ്ങളെ
ആലോചിച്ചു തീർപ്പുണ്ടാക്കേണ്ടുന്നതിന്നു ഒരു പ്രത്യേക സംഘാലോ
ചന കായംകുളം ഇടവകയിൽ വെച്ചു വേണമെന്നു നിശ്ചയിച്ചിരിക്ക
യാൽ (ആയതു ആ ഡിവിഷ്യൻ സംഘവും കൂടെ അന്നെദിവസം ഉ
ണ്ടായാൽ കൊള്ളായിരുന്നുഎന്നു ഞാൻ വിചാരിക്കുന്നു. മെത്രാ സഭ
ക്കാരുമായി നിങ്ങൾ ആലോചിക്കണം. എന്തെന്നാൽ ഇനിയത്തെ ഡി
വിഷ്യൻ സംഘം അവിടെ വേണ്ടമെന്നായിരുന്നു മുൻ നിശ്ചയം. ഇ
തു കഴിഞ്ഞ ശേഷം വരുന്ന സംഘം മെത്രാവെച്ചു മതി എന്നു അവരു
സമ്മതിക്കുന്നു എങ്കിൽ ഈ ഡിവിഷ്യൻ സംഘം കായംകുളത്തു വച്ചാ
കട്ടെ. ആ വിവരത്തിന്നു സംഘക്കാരെ തിരിയപ്പെടുത്തിക്കൊള്ളുമ
ല്ലൊ. അല്ലാത്ത പക്ഷം) ഞാനും ഈപ്പച്ചനും അഞ്ചു പ്രത്യേക ബോ
ധകന്മാരും മൂന്നു അച്ചന്മാരും മൂന്നു ഡിവിഷ്യൻ തലവന്മാരും നാലാം
നു ബുധനാഴ്ച കായംകുളത്തു കൂടെണ്ടുന്നതാകുന്നു. ഇഞ്ചെക്കൽ

കൊച്ചുകുഞ്ഞു തലവനെയും മേടയിൽ കുഞ്ഞിനയും ഈ വിവരം അറിയിപ്പിക്കണം. ചാണ്ടി ബോധകരെയും ചെമ്പകശ്ശേരി ബോധകരേയും ഞാൻ തെരിയപ്പെടുത്തിക്കൊള്ളാം. ചെറിയാൻ ബോധകരും യാക്കോബു ബോധകരും മംകുഴിയിൽ ഉണ്ടായിരിക്കുമല്ലൊ. ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിൽ നിന്നു
ഫ്രാൻസിസ് കന്നി കശ

യുസ്താസ്സു യോസഫ്

228

പൊതുസങ്കടൈക്യതയിൽ നിന്നു (കുന്നിന്മേൽ കൊച്ചു ഫ്രാൻസിസ് കുടുംബത്തിലെ സുഖക്ഷേമങ്ങൾ അന്വേഷിക്കുന്നു)

ദൈവം നിങ്ങളെ ഇരുവരെയും നിങ്ങളുടെ കുഞ്ഞുങ്ങളേയും പരിപൂർണ്ണമായി അനുഗ്രഹിച്ചിരിക്കുന്നു. പുത്രസ്വീകാരത്തിന്റെ ആത്മാവിനാൽ ദൈവത്തിന്റെ മക്കളായി നിങ്ങളെ മുദ്രയിട്ടും ഇരിക്കുന്നു. ഇതു നിമിത്തമായിട്ടാകുന്നു അല്പം സുഖക്കേടു ശരീരത്തിൽ വന്നിരിക്കുന്നതു. ഇന്നു മുതൽ മൂന്നു ദിവസം നിങ്ങൾ തമ്മിൽ യോജിക്കരുതു. ഒരു നിവേദ്യത്തിന്റെയും ഉച്ഛിഷ്ടം നിങ്ങളും കുഞ്ഞുങ്ങളും ഭക്ഷിക്കയുമരുതു. ഇന്നു മുതൽ ക്രമശാൽ ഭേദം വരും എന്റെ ജീവശ്വാസം നിങ്ങളോടുകൂടെ ഇരിക്കുന്നതിനാൽ നിങ്ങൾ ഭക്ഷിക്കുന്നേ സകലത്തിലും നിങ്ങളുടെ കൈവയ്ക്കുമ്പോൾ അവയൊക്കയും അനുഗ്രഹിക്കപ്പെടും. എന്നും ജീവിപ്പാൻ തക്കവണ്ണം ജീവാഹാരമായിരിക്കുകയും ചെയ്യും. നിങ്ങളെ ഞാൻ എന്റെ സ്വന്തശരീരം പോലെ കണ്ടിരിക്കയാൽ നിങ്ങൾക്കു ഒരു ബുദ്ധിമുട്ടും ഉണ്ടാകയില്ല.

ഫ്രാൻസിസ് കന്നി കവ്വാംനു-
പുത്രൻ ബംഗ്ലാവു

229

പൊതുസങ്കടൈക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള ചെങ്ങന്നൂർ ഇടവകയിലെ ശുശ്രൂഷക്കാർക്കും പ്രമാണികൾക്കും എന്റെ വിശ്വാസമുംബനം

സംഘത്തിലേക്കു നിങ്ങളിൽ ചിലർ അയച്ച ഹർജിക്കു ഇന്നലെ രാത്രി ഉത്തരം വെളിപ്പെട്ടതിനാൽ അതിനെ അറിയിക്കുന്നു. കിഴക്കെലെ ചെറിയാച്ചന്റെ മകളുടെ കല്യാണം കുഞ്ഞാടിന്റെ കല്യാണവിരുന്നിനു ഒരു നിഴലത്രെ. പൊരുളല്ല താനും. ആ കല്യാണ

ത്തിനു അതിന്റെ ഉടയക്കാരൻ ഹർജിക്കാരൻ ചെയ്യാത്തതു കുഞ്ഞാടിന്റെ കല്യാണവിരുന്നിൽ പങ്കുകാരാകുവാൻ ഹർജിക്കാരൻ തൽക്കാലം പാത്രതവരാഞ്ഞതുകൊണ്ടാകുന്നു. ഇതും ഒരു നിഴലത്രെ. എന്നാലൊ കല്യാണം കുഞ്ഞാടിന്റെ കല്യാണത്തിനു പൊരുളും ഹർജിക്കാർ അതിനു പങ്കുകാരാകുവാൻ പാത്രങ്ങളും തന്നെ എന്നാകുന്നു ഹർജിയുടെ താൽപ്പര്യം എന്നു പറയേണ്ടിയിരിക്കുന്നു. അങ്ങിനെ അല്ല കല്യാണം നിഴലും ഹർജിക്കാർ പാത്രങ്ങളല്ലാ എന്നുള്ളതിനു നിഴലും ആകുന്നു എന്നു ഇടവകക്കാർ എല്ലാവരും സമ്മതിക്കുന്നപക്ഷം മാഞ്ഞുപോകുന്ന പ്രമാണത്തിനു മല്ലുകെട്ടുവാൻ ആവശ്യമില്ലല്ലൊ. അതുകൊണ്ടു ഹർജിക്കാരുടെ ചോദ്യങ്ങൾക്കു ഉത്തരം ആവശ്യമുണ്ടോ? നിങ്ങൾ വിധിക്കണം. മുൻപറഞ്ഞതു തെറ്റിപ്പോയി അപ്രകാരമല്ല കല്യാണം നിഴലല്ല പൊരുളത്രെ. ഹർജിക്കാർ പാത്രങ്ങളും ആകുന്നു എന്നു എല്ലാവരും ക്രടെ വിധിച്ചു ആ വിവരത്തിനു മറുപടി സംഘത്തിലേക്കു അയച്ചാൽ നിങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം കൊടുത്തയക്കാം. എന്തെന്നാൽ സഭയ്ക്കു ഇനി ആവശ്യം നിത്യപ്രമാണം ആകുന്നു. ഒഴിഞ്ഞുപോകുന്ന പ്രമാണമല്ല. ഇതിന്റെ മറുപടിക്കു കാത്തുകൊണ്ടു വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറാ
കാളി കന്നിവഴ

യൂസ്സസ് മോസേഹ്

230

കാളി കന്നിവഴൊ- ഞായർ കന്നീറാ
പറമ്പിലെ കുഡുംബത്തെപ്പറ്റി ഐക്യതയിൻ
ആത്മാവിന്റെ നിയോഗങ്ങൾ.
ഈ ഞായറാഴ്ച പ്രഭാതത്തിൽ വെളിപ്പെട്ടതു.

---

൧. പറമ്പിലെ സകലവസ്തുക്കളും രണ്ടായി വിഭാഗിക്കണം. ഒന്നു മത്തായിയാസിനും മറ്റെതു മാത്തായ്സും തന്നെ.

൨. മത്തിയാസിന്റെ പക്കൽ ചെറിയാൻബോധകരും കൊച്ചുകുഞ്ഞും. മാത്തായുടെ പക്കൽ ചെറിയാൻ ബോധകരുടെ ഭാര്യയും ചാക്കോച്ചനും ആകുന്നു. ചെറിയാൻ ബോധകർക്കും ഭാര്യക്കും ഇവ രണ്ടും ഒന്നുപോലെ ആകയാൽ അവർ രണ്ടുപേരെയും ഒന്നുപോലെ വിചാരിച്ചുകൊള്ളട്ടെ.

൩. മാത്തായ്സു വടക്കേ പുരയിടവും മത്തിയാസിനു സംഘത്തിനു കിൽപ്പിച്ച തെക്കെ പുരയിടവും കണ്ടം പാതി പാതിയും മറ്റു പുരയിടങ്ങൾ തൽക്കാലം വടക്കേ പുരയിടത്തിനോടു ചേർന്നിരിക്കട്ടെ.

രു. മത്തായും സാറായും വൊവ്വാറെ പാക്കട്ടെ. സാറായുടെ അമ്മ മത്തള്ള ചെമ്പകശ്ശേരി ബോധകരുടെ അനുവാദത്തോട്ടു കൂടെ പറമ്പിൽ വന്നാൽ ഒരു രാത്രി അവിടെ താമസിക്കാം. അനുവാദം ഇല്ലങ്കിൽ അവിടെ കേറാറുതു്. അതു ഖണ്ഡിതമായിരിക്കണം. യാക്കോബു ബോധകരുടെ അനുവാദപ്രത്രം കൂടാതെ സാറാ ഒരു രാത്രി മറൊരു സ്ഥലത്തും രാത്രി താമസിക്കരുതു്. ഇന്നിയോഗങ്ങളെ ഇതെപ്രകാരം നടത്തിക്കാഞ്ഞാൽ ചെറിയാൻബോധകക്കു വളരെ വ്യസനം ഉണ്ടാകും. എന്നു

യൂസുസു യോസേഫ്

231



പൊതുഏക ഐക്യതയിൽനിന്നു
മാമ്പഴശങ്കരപ്പിള്ള അവർകൾക്കു എന്റെ
താഴ്മയുള്ള വന്ദനം.

താങ്കൾക്കു ഇടശ്ശേരി മഠത്തിലെ രാമപട്ടർ തരുവാനുള്ള രൂപാ കിട്ടണം എങ്കിൽ ആ കച്ചിട്ടു ഇത്തിമല കുഞ്ഞാക്കാണ്ടമുതലാളിയുടെ പക്കൽ ഏൽപ്പിക്കണം. അല്ലാതെ നമ്പരിട്ടു വാങ്ങിക്കണം എന്നു വിചാരിച്ചു പരിശ്രമിച്ചാൽ ആ മുതലും അതോട്ടു കൂടെ അത്യും രൂപായും നഷ്ടം വന്നു പോകുന്നതു മാത്രമല്ല, മഹാവ്യസനം ഉണ്ടാകയും ചെയ്യും. എന്നു ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച മഹാദൈവത്തിന്റെ ആത്മാവു ഇനിക്കു വെളിപ്പെട്ടുത്തീരിക്കുന്നു. ഇതിനെ എന്റെ അത്യന്തസ്നേഹം മൂലം ആകുന്നു എഴുത്തുമൂലം താങ്കളെ അറിയിക്കുന്നതു്.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു എല്ലാവരുടെയും പാദശുശ്രൂഷക്കാരൻ വിടാൻകൂട്ടി എന്നു വിളിച്ചുവരുന്ന
കൊല്ലകനിന്നും
[illegible]

യൂസുസുയോസേഫ്

232



പൊതുഏക ഐക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള തെക്കെഡിവിഷ്യൻ തലവൻ ഗ്രമസ്ഥാവിനു
എന്റെ വിശുദ്ധചുംബനം.

ഇവിടെ ചിലവിനു മുട്ടായിരിക്കുന്നു. [illegible] എഴുതിയ രണ്ടാം നമ്പർ ജീവനാന്ത്യം ഈ എഴുത്തോട്ടുകൂടെ അയക്കുന്നു

തിനാൽ അതിനെ ഈടായി വച്ചുകൊണ്ടു മുഖത്തല ചെങ്കൊളം എന്ന സ്ഥലങ്ങളിൽ പിരിഞ്ഞിരിക്കുന്ന ദശാംശത്തിൽ നിന്നു അത്രയും രൂപാ (൫൨) ഈ ആളിൻവശം കൊടുത്തയപ്പാറാകണം. നെല്ലായിട്ടു കൊടുത്തയച്ചാൽ അധികച്ചിലവു വരുന്നതാകകൊണ്ടു പണം ഇല്ലാത്തപക്ഷം നെല്ലു വിറ്റു പണം കൊടുത്തയച്ചാൽ ഇവിടെ നെല്ലു വാങ്ങിച്ചുകൊള്ളാം.

വിശേഷിച്ചും സഭയിലെ എല്ലാ ശുശ്രൂഷക്കാരും മകരമാസം വരെ ജീവകരുണയിൻപത്രം മൂലം വേണം ഉപജീവിപ്പാൻ. ചിലർക്കു അതു പ്രയാസമെന്നു കണ്ടാൽ വിവരത്തിന്നു എഴുത്തു കൊടുത്തയയ്ക്കണം. പ്രാർത്ഥിച്ചു ശേഷം ജീവനാണ്യം കൊടുത്തയയ്ക്കാം. പീലിപ്പോസുബോധകക്കു ഐക്യതയിന്നാത്മാവിന്റെ നിയോഗം ഉള്ളതിനാൽ ദശാംശത്തിൽ നിന്നു ഉപജീവനത്തിന്നു കൊടുത്തുകൊള്ളാം. അതിന്നു ജീവനാണ്യം കൊടുത്തയയ്ക്കാം. ഓരോരോ ഇടവകപ്പിരിവിന്നു തലവന്മാർ രസീതുകൊടുക്കേണ്ടതു പൊതുജീവകരുണയിൻ നിക്ഷേപപാത്രത്തിന്റെ ആൾപ്പേർ ഇന്നാൽ എന്നായിരിക്കണം. ശേഷം ഒക്കയും പിന്നാലെ. ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിൽനിന്നും യൂസ്സുസുയോസേഫ്
ഫാദർ കന്നി ഠൻ

233

പൊതുഷുകഐക്യതയിൽനിന്നു
എന്റെ പ്രിയവും പ്രേമവും നിറഞ്ഞ ലൂക്കോസുബോധകക്കു എന്റെ വിശ്രുതമുംബനം.

എന്റെ മകനായ മനു ഇനിക്കു ഏതുപ്രകാരമൊ അപ്രകാരം താങ്കൾ ഇനിക്കു എന്റെ ശരീരത്തിൽ നിന്നുള്ള ശരീരവും ജീവനിൽനിന്നുള്ള ജീവനും ആത്മാവിൽനിന്നുള്ള ആത്മാവും ശക്തിയിൽനിന്നുള്ള ശക്തിയും ആകുന്നു. എന്ന ത്രിയേകദൈവമാം സ്നേഹാത്മാവിന്റെ നിയോഗപ്രകാരം തന്റെ തിരുമകനായ യേശുമഹാരാജാവിന്റെ തിരുനാമത്തിൽ തന്റെ രാജ്ഞിയായ കന്നീറ്റി ഉണർവുസഭയാം ആത്മമണവാട്ടിയുടെ നിത്യജീവശ്വാസമാം ജീവപുസ്തകത്തെ സുഷ്ഠമായി തുറന്നു അതിൽ നിന്നു ഞാൻ വായിച്ചു താങ്കളെ കേൾപ്പിക്കുന്നു. അതിനാൽ താങ്കൾ എന്റെ പുത്രനും താങ്കളുടെ ഭാര്യ എന്റെ പുത്രിയും താങ്കളുടെ കുഞ്ഞുങ്ങൾ എന്റെ പൌത്രന്മാരും താങ്കൾക്കുള്ള സകലവും സാക്ഷാൽ എന്റെ വകയും ആകുന്നു. സത്യം സത്യം സത്യം ആമെൻ ആമെൻ ആമെൻ. ജീവകരുണയിൻപത്രം

താങ്കൾക്കു തന്നിരിക്കുന്നതിനാൽ അതുമൂലം താങ്കളും കുടുംബവും ഉപജീവിപ്പാൻ മാത്രമല്ല മണങ്ങനഴിയത്തു കുടുംബം വഴിയായി അനേകമനേകം കുടുംബങ്ങൾ ഉപജീവിപ്പാൻ കഴിയുന്നതാകുന്നു. അതുകൊണ്ടു ഒരു ബുദ്ധിമുട്ടും താങ്കൾക്കുണ്ടാകയില്ല നിശ്ചയം. എന്നാൽ ഇനിക്കു ചില ബുദ്ധിമുട്ടുണ്ടു. അതിനു താങ്കളോടു സഹായിക്കണം എന്നു ചോദിക്കുന്നതിനാൽ താങ്കൾ എന്തുത്തരം പറയും? ഇനിക്കു വേറെ കുഞ്ഞുങ്ങളുണ്ടു അവരെ സഹായിപ്പാനായിട്ടു താങ്കൾ വിധേയം ആൾപ്പിറിക്കുന്ന എന്റെ മക്കളായ പാപ്പിയേയും ശമുയേലിനേയും ഞാൻ എപ്പോൾ ചോദിക്കുമൊ? അപ്പോൾ ഇനിക്കു വിട്ടുതരുമൊ? വിരോധം പറയുമൊ? ഒരുവേള വിരോധം പറഞ്ഞാലും താങ്കൾ വിട്ടുതരാതെ ഇരിക്കയില്ല എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. എന്റെ സ്നേഹത്തിനെ താങ്കൾക്കു അവകാശപ്പെട്ടതിരിക്കുന്നതു ആദിത്യചന്ദ്രന്മാരുള്ള കാലത്തോളോം തലമുറതലമുറയായിട്ടാകുന്നു സത്യം. എന്റെ ജീവശ്വാസം നിന്റെ ഉള്ളിലുണ്ടു എന്നു അത്മമണവാട്ടി പറയുന്നു.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു താങ്കളുടെ പാദസ്പൃഷ്ടക്കാരൻ

കണ്ണീറിൽനിന്നും യൂസ്സുയോസേഫ്

ഫാദിഭ തുലാം ൨

234



ഫാദിഭ തുലാം നാംനു- ശനി പകൽ വൃമണിക്കു
ദീർഘദർശിമാർ മൂലം വെളിപ്പെടുന്നവയെക്കുറിച്ചു
ദൈക്യതയിൻ നിയോഗം

---

൧. വെളിപാടുകൾക്കു നന്നാലുമുഖമുണ്ടു. (൧) വെള്ള. അതു സമാധാനത്തെ കാണിക്കുന്നു. അതിന്റെ അകത്തു ചുവപ്പും കറുപ്പും മഞ്ഞളിപ്പുമുണ്ടു (൨) ചുവപ്പു. അതു യുദ്ധത്തെ കാണിക്കുന്നു. അതിന്റെ അകത്തു വെള്ളയും കറുപ്പും മഞ്ഞളിപ്പുമുണ്ടു (൩). കറുപ്പു. അതു ക്ഷാമത്തെ കാണിക്കുന്നതാകുന്നു. അതിന്റെ അകത്തു വെള്ളയും ചുവപ്പും മഞ്ഞളിപ്പും ഉണ്ടു (൪) മഞ്ഞളിപ്പു. അതു മരണപാതാളങ്ങളെ കാണിക്കുന്നു. അതിന്റെ അകത്തു വെള്ളയും ചുവപ്പും കറുപ്പും ഉണ്ടു.

അതുകൊണ്ടു വെളിപ്പാടു സമുദായരൂപമായി വന്നാൽ അതിനെ സമാധാനമായിട്ടും യുദ്ധമായിട്ടും ക്ഷാമമായിട്ടും മരണമായിട്ടും ആദായപ്പെടുത്തിക്കൊള്ളാം. അപ്രകാരംതന്നെ യുദ്ധരൂപമായും. ക്ഷാമരൂപമായും മരണരൂപമായും വെളിപാടു വരുമ്പോൾ അതെപ്രകാരം മതുമില്ല മറ്റു മുന്നു പ്രകാരമായും കൈക്കൊള്ളാം.

൧൨ മണിക്കൂ

നാമത്തു വെളിപാടുകളെ ആത്മാവിന്റെ ആന്തരം അറിയാതെ പ്രമാണിക്കുന്നതും മറുക്കുന്നതും വെളിപാടുകളെ ലംഘിക്കയാകുന്നു.

നാമത്തു വെളിപാടുകളെ ആത്മാവിന്റെ ആന്തരം അറിഞ്ഞു പ്രമാണിച്ചാൽ ജീവൻ. ആന്തരം അറിഞ്ഞു പ്രമാണിക്കാതെ ഇരിക്കുന്നതും ആന്തരം അറിയാതെ പ്രമാണിക്കുന്നതും മറുക്കുന്നതും മരണം.

നാമത്തു വെളിപാടുകളെ ആത്മാവിന്റെ ആന്തരം അറിഞ്ഞു പ്രമാണിപ്പാൻ മോശയിൻ ജഡത്തിനു കഴികയില്ല. ഐക്യതയിന്നാത്മാവിനാൽ ഭരിക്കപ്പെട്ടുന്ന ജഡത്തിനു മാത്രമെ വെളിപാടുകളെ പ്രമാണിപ്പാൻ കഴിയൂ.

൧൩ാ തുലാം ൫൦൯- തിങ്കൾ

നാമത്തു-മോശയിൻ ജഡം മരണമൂടിയുള്ളതും ഐക്യതയിൻ ജഡം മരണമൂടി നീങ്ങിയതുമാകുന്നു. അതുകൊണ്ടു മോശയുടെതു ജഡം. ഐക്യതയുടെതു ആത്മാവുമത്രെ. ജഡമുള്ളടത്തു സ്വാതന്ത്ര്യമില്ല ആത്മാവുള്ളടത്തു സ്വാതന്ത്ര്യമുണ്ടതാനും. എന്തന്നാൽ ആത്മാവുള്ളവർ മോശയുടെ കീഴിലല്ല. ജീവനാത്മാവിന്റെ കീഴിലത്രെ. അവർ സ്നേഹാത്മമയന്മാരാകയാൽ അവക്കു വെളിപാടിന്റെ ആന്തരം അറിയാവു.

നാമത്തു ഐക്യതയിന്നാത്മാവിന്റെ കീഴിലുള്ളവർ മോശയുടെ കീഴിൽ അല്ലാത്തവരാകയാൽ അവരുടെ ജഡത്തിൽ നിന്നു വരുന്നതൊക്കയും സ്നേഹാത്മാവിൽനിന്നു വരുന്നതാകകൊണ്ടു അവരുടെ വാക്കു ക്രിയ, വിചാരം, നോട്ടം, എണ്ണം, നടത്തിപ്പു, പോക്കു, വരവു, നിശ്വാസോച്ഛ്വാസങ്ങൾ, ഭക്ഷണപാനീയങ്ങൾ, ഉടുപ്പു, തൊപ്പു, ഉറക്കം, ഉണർവു, കൊട്ടുകൽ, വാങ്ങൽ, ശക്തിയിന്നുല്പാദനപ്രയോഗം എന്നുവേണ്ടാ അവരുടെ സകലവും ധർമ്മനിവൃത്തിയാകുന്നു. അതിനാൽ അവർ കുറ്റമറ്റവരത്രെ.

നാമത്തു മോശയിൻകീഴിലും ഐക്യതയിൻകീഴിലും ക്രൂടെ ഇരിപ്പാൻ കഴികയില്ല. എന്തന്നാൽ ഐക്യതയിന്നാത്മാവിനോടു മോശയിന്നാത്മാവും മോശയിന്നാത്മാവിനോടു ഐക്യതയിന്നാത്മാവും ഐക്യമാണെങ്കിലും മോശയിൻ ജഡശരീരം ഐക്യതയിന്നാത്മശരീരത്തിനും ഐക്യതയിന്നാത്മശരീരം മോശയിൻ ജഡശരീരത്തിനും കീഴ്പെടുകയില്ല. കീഴ്പെടുവാൻ കഴികയുമില്ല. അതുകൊണ്ടു ഐക്യതയിന്നാത്മശരീരത്തിനു ഓഹരിക്കാരായ ഉണർവുസഭയിന്മക്കൾ ക്രിസ്തുവിന്റെ ജഡശരീരത്തിന്റെ ധർമ്മത്തിൽ നിന്നു അശേഷം ഒഴിഞ്ഞിരിക്കട്ടെ. ഒരു എൽ മാത്രം പോലും ആ ധർമ്മം അവരിൽ കാണപ്പെടരുതു. ക്രിസ്തുവിൻ ആത്മശരീരത്തിന്റെ ധർമ്മമായ സംഘനിർണ്ണയത്തിനു അവർ അശേഷം കീഴ്പെട്ടു അവരുടെ രോമകൂപങ്ങളിൽ ക്രൂടെ ആ ധർമ്മാത്മാവു വ്യാപരിപ്പാൻ തക്കവ

ണ്ണം തങ്ങളുടെ ശരീരത്തെ മുഴുവനും സംഘത്തിനു ഏൽപ്പിപ്പാൻ
ബുദ്ധിയുള്ളവരായിരിക്കട്ടെ.

എന്നു യൂസുസുയോസേഫ്

235

പൊതുഷ്ക ഷൈക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള പുത്തേത്തു ചാണ്ടിയച്ചനു
എന്റെ വിശുദ്ധ ചുംബനം

ഇവിടെ ചിലവിനു അല്പം ബുദ്ധിമുട്ടുള്ളതിനാൽ ഫാരൽ മീനം മുപ്പതിനു- എഴുതിയ മൂന്നും നാലും നമ്പരിലെ പത്തും പത്തും ഇരുപതു രൂപാസ്സുള്ള രണ്ടു ജീവനാണ്യം ഇതിനോടു കൂടെ അയക്കുന്നു. നിക്ഷേപപാത്രത്തിൽ നിന്നു അതുമും രൂപാ ഈ ആളിൻവശം കൊടുത്തയപ്പാറാകണം.

താങ്കൾക്കു ഒരു പുതിയ വെള്ളയുടുപ്പു ഒരുക്കിവരുന്നു. താമസിയാതെ അയക്കാം.

ഈമാസം മുപ്പതു- ബുധനാഴ്ച ചെങ്ങന്നൂരിൽവച്ചു ഡിവിഷ്യൻ കമ്മട്ടി ഉള്ളതിനാൽ കഴിയുമെങ്കിൽ ഞാൻ അതിനു വരും. അവകയ്ക്കു ഉദ്ദേശം ഇരുപതു രൂപായോളം ചിലവുള്ളതിനാൽ ദശാംശവകയിൽനിന്നു ശേഖരിച്ചു താങ്കൾ ചെങ്ങന്നൂരിൽ ചെന്നു ആയതു നടത്തണം. അതിനു താങ്കളെ നിയമിച്ചിരിക്കുന്നു. എലന്തൂർ ഇടവകയിൽ നിന്നു മൂന്നരരൂപാ. മേലുകര ഫ. അയിരൂർ ഫ. പൂവത്തൂരിൽ ഫ. കവുങ്ങുംപ്രയാർ നൽ. വെണ്മണി ഫ. ചെങ്ങന്നൂർ ഫ. ആകെ ഫറൂപാ. വെണ്മണിക്കു ഈ വിവരത്തിനു എഴുത്തുകൊടുത്തു ആളയച്ചാൽ മതി. മറ്റു സ്ഥലങ്ങളിൽ താങ്കൾ ചെന്നു അവരെ ക്ഷണിച്ചു ഈ എഴുത്തു കാണിച്ചു രൂപായും മുതൽപാടിയിൽനിന്നു വാങ്ങിച്ചു ചെങ്ങന്നൂരിൽ ചെന്നു ചേർന്നുകൊള്ളണം. വിശേഷിച്ചും അന്വേഷിച്ചു കിട്ടിയാൽ ഒരു ഇടങ്ങഴി പയറുവിൻ നെയി കൂടെ കൊടുത്തയക്കണം. കിഴക്കെ ഡിവിഷ്യൻ പുസ്തകം കൂടെ കൊടുത്തയക്കുന്നു. മങ്ങാട്ടു എൽപ്പിക്കണം ചെങ്ങന്നൂരിൽ കൊണ്ടുവരണം. താനും.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കണ്ണീരിൽ നിന്നും യൂസുസു യോസേഫ്

ഫാരൽ തുലാം നാല-

236



പൊതു ഏക ഐക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള തെക്കേലെ അച്ചനു
എന്റെ വിശുദ്ധ ചുംബനം.

കൈതക്കുഴിയിൽ ആളയപ്പാൻ ഇതുവരയും ഇടയായില്ല. കാരണം ലൂക്കോസു ബോധകരുടെ ഹൃദയ ദുഃഖത്തിനു ആശ്വാസം കണ്ടെത്താത്തതിനാലത്രെ. അതിനായി അദ്ദേഹത്തിനു എഴുത്തയച്ചിട്ടുണ്ടു. അതിനു മറുപടി വന്നിട്ടവേണം കൈതക്കുഴിയിൽ എഴുതുവാൻ അതുകൊണ്ടു അല്പതാമസം കല്ല്യാണത്തിനു വരും. അതു നന്മയുമാകുന്നു. എന്റെ ഹൃദയം തുറന്നു പറയുന്നു. ശമുവേലിനും പാപ്പിക്കും ഒരു തക്ക സഹായം കണ്ടെത്തണം. എന്നിട്ടു വേണം ഈ കല്ല്യാണം നിവൃത്തിപ്പാൻ. അതു മഹാ അനുഗ്രഹമാകുന്നു. ദൈവം രണ്ടുമുന്നു ആഴ്ച്ചകം ഇതൊക്കയും നിവൃത്തിപ്പിക്കുമാറാകട്ടെ.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു താങ്കളുടെ പാദശുശ്രൂഷക്കാരൻ
കണ്ണീറ്റി നിന്നും യൂസ്സു യോസേഫ്
ഹാളിൽ തുലാം ന്നു

237



പൊതു ഏക ഐക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള ഇഞ്ചൊക്കൽ കൊച്ചുകുഞ്ഞിനു
എന്റെ വിശുദ്ധ ചുംബനം.

താങ്കളുടെ കല്ല്യാണത്തെപ്പറ്റി ദൈവാലോചന പ്രകാരം കഴിഞ്ഞ തെക്കെ ഡിവിഷ്യൻ സംഘത്തിൽ വച്ചു പ്രസ്താവിച്ചിട്ടതിയതിനെ താങ്കൾ അറിഞ്ഞിരിക്കുന്നു എന്നും അതിനു താങ്കൾക്കു സമ്മതമുണ്ടാകുമെന്നും ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. വിശേഷിച്ചും എന്റെ അമ്മായിയമ്മ എന്റെ അനുവാദപ്രകാരം മറിയമ്മയ്ക്കു എഴുതിയ എഴുത്തിനു അവളുടെ മറുപടി വന്നിരിക്കുന്നു. അതു ഇതോടുകൂടെ താങ്കൾക്കു അയക്കുന്നു. താങ്കളുടെ ഒരു മറുപടി വന്നശേഷം മറിയമ്മയ്ക്കു ഞാൻ ഒരു എഴുത്തു അയക്കേണ്ടുന്നതാകയാൽ ഈ എഴുത്തിനു ഒരു മറുപടി വേഗം അയപ്പാറാകണം. ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു താങ്കളുടെ പാദശുശ്രൂഷക്കാരൻ
കണ്ണീറ്റി നിന്നും യൂസ്സു യോസേഫ്
ഹാളിൽ തുലാം ന്നു.

238

പൊതു ഏക ഐക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള ചെങ്ങന്നൂർ ഇടവകയിലുള്ള
സകല സഹോദരന്മാർക്കും എന്റെ
വിശുദ്ധ ചുംബനം

അവിടെ നിന്നും അയച്ച എഴുത്തു വന്നുചേർന്നു. എഴുത്തിന്റെ താല്പര്യം മനസ്സിലാകയും ചെയ്തു. നിങ്ങൾ ഏതെല്ലാം പ്രകാരത്തിൽ ഏതെല്ലാം കാര്യങ്ങളെ ഞങ്ങളിൽ (ഗുരുശ്രേഷ്ഠരിൽ) ചുമത്തുമോ അവയൊക്കെയും ഞങ്ങൾക്കു സാക്ഷാൽ അഭരണമാകുന്നു. എന്നു ഇപ്പോ വീ പരിപൂർണ്ണമായി ഏറ്റുപറയുന്നു. അല്ലാതെയും കർത്താവിന്റെ കല്പനപ്രകാരം ഞാൻ നിങ്ങൾക്കു എഴുതിയതിൽ നിങ്ങൾക്കു പൂർണ്ണ നീതിയേയും സാക്ഷാൽ ശത്രുവിന്നു പൂർണ്ണ കുറ വിധിയേയും നൽകീട്ടുമുണ്ടു്.

നിങ്ങളുടെ അപേക്ഷപ്രകാരം ആ ഇടവകയുടെ സ്ഥലങ്ങളിൽ ഉൾപ്പെട്ട ഓരോരുത്തനേയും എല്ലാവരേയും തന്നെ ഇതാ! ഹന്നായ്യുശമുവേൽ എന്നപോലെ ഇക്കുരുടനായ ഏലി മൂലം കർത്താവിന്റെ ആത്മാവു നിങ്ങളുടെ കയ്യിൽ തന്നിരിക്കുന്നു. ആമെൻ ആമെൻ ആമെൻ അവരെ നിങ്ങൾ വേഗം പ്രസവിച്ചു പ്രാപ്തിയാക്കി എന്റെ വക്കൽ ഏല്പിക്കുമല്ലോ. ഉദ്യോഗത്തെ സംബന്ധിച്ച സംഘനിർണ്ണയമുണ്ടു്. അതുപ്രകാരം നടക്കയും നടത്തിക്കയും ചെയ്വിൻ. നിത്യവിവാഹധർമ്മത്തെ സംബന്ധിച്ച ക്രമശാൽ വെളിപ്പെട്ടു വരുന്നതിനെ അപ്പോളപ്പോൾ സംഘാലോചനയാൽ സ്ഥിരപ്പെടുത്തുകയും ചെയ്യും. എല്ലാവരും ഐകമത്യത്തോടിരിപ്പിൻ. ഇനി നിങ്ങളിൽ ഭിന്നതയുണ്ടാകരുതു.

വിശേഷിച്ചും ഈ മാസം ഉദ്ദേശം നൂറ്റൻപതായുയാകുന്ന ഡിവിഷ്യൻ സംഘം അതു ഡിവിഷ്യൻ വക ചിലവിനേലാകുന്ന നടത്തിക്കേണ്ടതു. അതിന്നു തൽക്കാലം ആ ഇടവകയിലെ മുതൽപിടിയിൽ പണം ഇരിപ്പില്ലാത്തതിനാൽ മറു മുതൽപിടികളിൽ നിന്നു പണം കൊണ്ടുവരുവാൻ തക്കവണ്ണം പുത്തെത്തു ചാണ്ടിയച്ചനെ പൊതു സംഘത്തിന്റെ ആൾപേരായി നിയമിച്ചിരിക്കുന്നു. അരി താഴെന്നത്തു ഉദ്യോഗത്തെല്ലാൽനിന്നു വകയാക്കിക്കൊള്ളണം. പണച്ചിലവിന്നു നിങ്ങൾ തൽക്കാലം ചിലവഴിച്ചാൽ ആ വക ചാണ്ടിയച്ചൻ തിരികയും ചെയ്യും. കഴിയുമെങ്കിൽ ഞാൻവരികയും ചെയ്യും. ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ വാദശ്രുശ്രൂഷക്കാരൻ.

കണ്ടിറ നിന്നും
ഫാദർ തുലാം

യൂസുസുയോസേഫ്.

239



പാപ്പാ ഏകകൃതയിൽ നിന്നു

എന്റെ പ്രിയമുള്ള നിക്ഷേപപാത്രം ഉമ്മച്ചനു എന്റെ
വിശുദ്ധ ചുംബനം.

ഈ മാസം 14-ാം നു- ബുധനാഴ്ച ഡിവിഷ്യൻ കമ്മട്ടി വേണമെന്നു നിശ്ചയിച്ചിരിക്കയാൽ ആ വിവരം സംഘത്തിന്റെ എല്ലാ അവയവങ്ങളെയും തെരിയപ്പെടുത്തുവാനും ഭക്ഷണം മുതലായതിനെ അന്വേഷിച്ചു നടത്തേണ്ടുന്നതിനു സംഘം നടത്തുവാൻ ഏറ്റിരിക്കുന്ന സഭക്കാരെ ചുമതലപ്പെടുത്തി ചിലവായ വിവരത്തിനു ഡിവിഷ്യൻ കണക്കിൽ എഴുതുവാൻ തലവനു കണക്കു ഏൽപ്പിപ്പാനും താങ്കളെ സംഘത്തിന്റെ അൽമ്പേരായിട്ടു നിയമിച്ചിരിക്കുന്നു. അതുകൊണ്ടു അച്ചന്മാർ ബോധകന്മാർ തലവന്മാർ ഇടവകപ്രമാണികൾ എന്നിവരെ 14-ാം നു- ബുധനാഴ്ച മേപ്രായിൽ സംഘം കൂട്ടുവാൻ ഇരിക്കുന്നു. നിങ്ങൾ എല്ലാവരും വന്നുചേർന്നുകൊള്ളണം എന്നു ക്ഷണിച്ചുകൊള്ളുമല്ലൊ എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറേറിനിന്നും
ഫാദർ തുലാം ഫാദർ

യൂസുയോസേഫ്.

240



പാപ്പാ ഏകകൃതയിൽ നിന്നു
എന്റെ പ്രിയമുള്ള യേ. ശമുവേൽ ബോധകക്കു എന്റെ
വിശുദ്ധ ചുംബനം.

താങ്കളുടെ കുടുംബത്തിലവിന്നു ഫാദർ മീനം ഫ്രാൻ- എഴുതിയിരിക്കുന്നു. 7-ാം നമ്പരിലെ പത്തുരൂപാ സ്സുള്ള ഒരു ജീവനാണ്യം ഇതിനോടുകൂടെ അയക്കുന്നു. താങ്കളെ കൊട്ടാരക്കരെ ഇടവകക്കായിട്ടു നിയമിച്ചിരിക്കയാൽ അവിടത്തെ കാര്യം താങ്കൾ നോക്കേണ്ടുന്നതാകകൊണ്ടു ഈ ജീവനാണ്യം നെല്ലിക്കുന്നു മുതൽപിടിയിൽ ഏൽപ്പിച്ചു പത്തുരൂപാ അവിടെനിന്നും വാങ്ങിച്ചു ഒരു അളിൻവശം കുടുംബത്തിൽ എത്തിച്ചുകൊള്ളുകയും അവിടത്തെ സകല കാര്യവും താങ്കൾ നോക്കിക്കൊള്ളുകയും വേണം.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിൽനിന്നും
ഫാദർ തുലാം ഫാ

യൂസുയോസേഫ്

241



പൊതുസഭ ഐക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള റൈട്ടർ യോഹന്നാനു
എന്റെ വിശുദ്ധചുംബനം.

നാങ്കളെ കായംകുളം, കായ്ത്തികുളങ്ങര, ചെറുകോൽ നിരണം എന്നു ഇടവകയിലെ ജീവകാരുണയിൻപത്രത്തിന്റെ ദശാംശവും റിപ്പോർട്ടും വാങ്ങിച്ചു സംഘത്തിൽ ഏൽപ്പിപ്പാൻ തക്കവണ്ണം നിയമിച്ചിരിക്കയാൽ ഈ എഴുത്തു അവിടവിടെയുള്ള വിശ്വസ്ഥന്മാരെ കാണിച്ചു. റിപ്പോർട്ട ഇന്നപ്രകാരം വരച്ചു എഴുതണം എന്നു മാതൃക പറഞ്ഞുകൊടുത്തു റിപ്പോർട്ടും ദശാംശവും വാങ്ങിച്ചുകൊണ്ടു വരികയും വേണം.

താങ്കളുടെ കഡുംബച്ചിലവിന്നു ഫംഗിര മീനം ഫരാന- എഴുതിയ വ്രുപ്പായ്ക്കുള്ള നിംനമ്പരിലെ ജീവനാണ്യം ഇതിനോടു കൂടെ അയെക്കുന്നു. ഈ നാണ്യം ജീവകരുണയിൻ നിക്ഷേപപാത്രമായ കായംകുളം ഉമ്മച്ചന്റെ മുതൽപിടിയിൽ ഏൽപ്പിക്കണം. ഈ നാലു ഇടവകയിൽ നിന്നും പത്രുപ്പിരിവിൽനിന്നു ഈരണ്ടുത്രുപാ തരുവാൻ തക്കവണ്ണം വിവരത്തിന്നു ഉമ്മച്ചന്റെ ഒരു എഴുത്തു വിശ്വസ്ഥന്മാക്കു വാങ്ങിച്ചുകൊള്ളുകയും വേണം.

ഈന്നു താങ്കളുടെ പാദശ്രുശ്രൂഷക്കാരൻ
യുസ്സുയോസേഫ്.

കന്നിററിൽനിന്നും
ഫംഗിര തുലാം ഫം

242



പൊതുസഭ ഐക്യതയിൽ നിന്നു
ഫംഗിര തുലാം ഫരാന- ബുധൻ കന്നിററിൽവച്ചു ഉണ്ടായിട്ടുള്ള ഐക്യതയിന്നാത്മാവിന്റെ നിയോഗപ്രകാരം എഴുതിയതു.

ഫാമത്തു. സഭയ്ക്കു അടിമ ൈ വർഷമെയുള്ളു. ആയതു ആദാമിന്റെ വീഴ്ചമുതൽ ആദാമ്യന്റെ ഉദ്ധാരണംവരെ തന്നെ.

ഫാമത്തു. സഭയ്ക്കു ബാബിലോന്റെ അടിമയും അതിൽനിന്നുള്ള വിടുതലും ഒരു നിഴലത്രെ. എന്തെന്നാൽ ഇസ്രയേൽ ജനങ്ങളെ ശലോമോന്റെ കാലം കഴിഞ്ഞശേഷം ബാബേൽ അടിമയ്ക്കു മുമ്പു അനേകം രാജാക്കന്മാർ അടിമപ്പെടുത്തിട്ടുണ്ടു ന്യായാധിപതിമാരുടെ കാലത്തും അടിമയുണ്ടായിട്ടുണ്ടു. അതിലും പ്രത്യേകം മിസ്രയീമിലെ അ

ടിമ എല്ലാത്തിലും പ്രത്യേകമല്ലൊ. ഇപ്രകാരം നോക്കിയാൽ അബ്രഹാമിന്റെ കാലത്തും അതിനു മുമ്പും പഴയലോകത്തിന്റെ കാലത്തും സഭയ്ക്ക് അടിമയുണ്ടായിരുന്നു എന്നു കാണാം. അല്ലാതെയും ബാബിലോന്റെ അടിമ വിട്ടതലായതിന്റെ ശേഷവും ക്രിസ്തുവരെയും യഹൂദജനങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ടായിട്ടില്ലെന്നു എത്രയൊ സ്പഷ്ടം. അതുകൊണ്ടു ആ അടിമയും വിട്ടതലും ഒരു നിഴലത്രെ. പൊരുളല്ലാ എന്നുള്ളതു എത്രയൊ നിശ്ചയമാകുന്നു.

നാമതു. ആദാമിന്റെ വീഴ്ചമുതൽ ക്രിസ്തുവിന്റെ തിരുസ്നാനം വരെ കാലം വളരെയുണ്ടായിരുന്നാലും ദീർഘദർശനത്തിന്റെ സാക്ഷാലുള്ള സ്വഭാവത്തിൻപ്രകാരം മുപ്പതു വർഷമായിട്ടെ എണ്ണപ്പെട്ടു. എന്തെന്നാൽ ആദാം മുതലായ സകല പിതാക്കന്മാരും ക്രിസ്തുവിന്നു നിഴലായിരിക്കുന്നപ്രകാരം അവരുടെ ആയുഷ്കാലങ്ങളും ക്രിസ്തുവിന്റെ ആയുഷ്കാലത്തിന്നു നിഴലത്രെ എന്നുള്ളതു ന്യായസിദ്ധമാകുന്നു. അതുകൊണ്ടു നിഴലിൻ കാലം എത്ര ആയിരുന്നാലും അതിന്നുള്ളി പൊരുൾ നാഠ വർഷമെയുള്ളു.

രാമതു. ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ മൂന്നരവർഷം സഭ സ്വാതന്ത്ര്യപ്പെടുവാൻ തക്കവണ്ണം ദേവശക്തിയാകുന്ന ക്രിസ്തു ഉള്ളിൽ ഉല്പാദിക്കുന്നതിനുള്ള ദീർഘദർശനത്തിന്റെ നിവൃത്തികാലമാകുന്നു പെസഹാദിവസം. ഈ രാത്രി ക്രിസ്തു തന്റെ ശരീരരക്തങ്ങളെയും ഉയിർത്തശേഷം തന്റെ ഊത്തിനാൽ ആത്മാവിനേയും പെന്തക്കൊസ്തുദിവസം തന്റെ ശക്തിയേയും സഭയ്ക്കു നൽകിയതിനാൽ ക്രിസ്തുബീജം സഭയുടെ ഉള്ളിൽ ഉല്പാദിക്കയും ചെയ്തു എന്നു നാം അറിയുന്നു.

ങാമതു. പെന്തക്കൊസ്തുദിവസം മുതൽ ക്രിസ്തുവിന്റെ ഇടവംവരെ കാലം എത്ര കഴിഞ്ഞാലും മുൻ ന്യായത്തിൻപ്രകാരം മുപ്പതുവർഷമെയുള്ളു. എന്തെന്നാൽ ക്രിസ്തുബീജം മനുഷ്യപ്പെടുവാൻ തക്കവണ്ണമുള്ള ശക്തിയിൻ വ്യാപാരം രൊമാണ്ടുവരെ സഭയിൽ നടന്നിട്ടില്ല ഉയിർപ്പിൽ വന്നെത്തുവാൻ തക്കവണ്ണമുള്ള വ്യാപാരമെ ഉണ്ടായിരുന്നുള്ളു. ആ ദിവ്യബീജമാകുന്ന ക്രിസ്തുമജൻ ശക്തിയിന്നാത്മാവിനാൽ സ്നാനപ്പെട്ടു മനുഷ്യപ്പെടുവാൻ തക്ക വ്യാപാരം അവനിൽ ആരംഭിക്കും. ആ സ്നാനം ഏറുപറച്ചിലും ആത്മാവു ആറാണ്ടാകുന്ന സാക്ഷിയിൻ വചനവുമത്രെ. എന്തെന്നാൽ പൂർണ്ണസ്വാതന്ത്ര്യത്തിലേക്കു സഭ വന്നെത്തുവാൻ പിന്നെ ആറരവർഷമെയുള്ളു. അതത്രെ പന്ത്രണ്ടുദിവസം അതു ദൈവസാക്ഷിയാകുന്നു. അപ്പോൾ ഓ വർഷം തികയുന്നതിനാൽ അടിമ അശേഷം ഒഴിഞ്ഞുപോകും.

നാമതു. ക്രിസ്തുമജന്റെ പരസ്യശുശ്രൂഷയിലെ മൂന്നരവർഷം ജീവനോടെ ശേഷിച്ചിരിക്കുന്ന നാമെല്ലാവരും സ്വാതന്ത്ര്യപ്പെടുവാൻ ഒന്നുവച്ചാൽ മനുഷ്യപ്പെടുവാൻ തക്കവണ്ണം ദേവശക്തിയാകുന്ന ക്രി

സ്വാതമജൻ ഉള്ളിൽ ഉരുവാകുന്നതിനുള്ള സകല ദീർഘദർശനങ്ങളുടെയും നിവൃത്തി കാലമത്രെ ആ നിവൃത്തിയെ കൊണ്ടൊടുന്ന ഐക്യതയിന്നാത്മാവാം മഹാദൈവത്തിന്റെ രാത്രി വിരുന്നു അതിന്നു തക്ക സാക്ഷിയല്ലൊ. ജീവശുദ്ധീകരണപ്രാർത്ഥനയും ഏഴാം കാഹളവാചകവും ക്രോധകലശം പകരുന്നതിനുള്ള വാചകവും വായിച്ചു നോക്കണം.

൭മത്ര. നമർഷം ശരീരത്തിന്റെ വീണ്ടെടുപ്പായ പൂർണ്ണസ്വാതന്ത്ര്യത്തെ പ്രസിദ്ധപ്പെടുത്തെണ്ടുന്നതിനുള്ള കാലമാകുന്നു. ഇത്ര വിടെ ജമാനൻ കല്ല്യാണത്തിൽനിന്നു തിരികെ വന്നുമുട്ടുന്ന കാലമാകുന്നു. കർത്താവു കള്ളനെപ്പോലെ വരുന്ന സമയവുംആകുന്ന സകലരെയും കൂട്ടിച്ചെർക്കുന്നതിനുള്ള കാഹളംകൊടുത്തു മൃതന്മാരെ അയെക്കുന്നതും കൂട്ടിച്ചെർക്കുന്നതുമായ കാലവുംആകുന്നു. സകല ഹൃദയങ്ങളിലേയും രഹസ്യങ്ങൾ വെളിപ്പെടുന്ന ദിവസങ്ങളുംഇവയത്രെ ഇത്ര ഏശായ വചനം. ഏഴു പ്രവാചകരെ പറഞ്ഞിട്ടുള്ള ൭൦ വർഷങ്ങളുടെ അവസാനകാലമാകയാൽ ഉരുവാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം ഇക്കാലങ്ങളിൽ സംഭവിക്കും എന്നുള്ളതു ഏതു നിശ്ചയം. ഇതാ! ആ കാലം വന്നിരിക്കുന്നു. സ്വർഗ്ഗവും അതിൽ വസിക്കുന്നവരുമായുള്ളോരെ! സന്തോഷിപ്പിൻ. ഭൂമിയും അതിൽ വസിക്കുന്നവരുമായുള്ളോരെ! നിങ്ങൾക്കഹാ! കഷ്ടം ഇതിന്നു മുമ്പെ ഉണ്ടാകാത്തതും ഇനി ഉണ്ടാകാത്തതുമായുള്ള ഹാ! കഷ്ടം! ഇതാ! വരുന്നു. അതു തുടങ്ങിയിരിക്കുന്നു. അതു കൊണ്ടു ജീവധൈര്യത്തിൽ വേഗം വന്നുചേരുവിൻ.

എന്നു യൂസുസുയോസേഫ്.

243

പൊതുഏകൈക്യതയിൽനിന്നു
എന്റെ പ്രിയമുള്ള ഇഞ്ചെൽ കൊച്ചുകുഞ്ഞിന്നു
എന്റെ വിശുദ്ധചുംബനം

ആൽവശം കൊടുത്തയച്ച മറുപടി വന്നുചേർന്നു വായിച്ചു മനസ്സിലാകയും ചെയ്തു. ഈ വിവരത്തിന്നു കൊട്ടാരക്കരയ്ക്കു എഴുതാം. ഈ വിവാഹത്തിൽ താങ്കൾക്കും കുഡുംബത്തിന്നും പരിപൂർണ്ണ അനുഗ്രഹമെയുള്ളു. അതുകൊണ്ടു ഒട്ടും മനസ്സിന്നു വിഷാദം അരുതു കല്ല്യാണം ഇന്നുപ്പോൾ എന്നു നാം തമ്മിൽ കാണുമ്പൊഴൊ എഴുത്തു മൂലമൊ നിശ്ചയിച്ചുകൊള്ളാം. താങ്കൾക്കു രോഗം മാറി ആരോഗ്യവുവരുവാൻ തക്കവണ്ണം ഞാൻ പ്രാർത്ഥിച്ചിട്ടുണ്ടു്. എന്നു താങ്കളുടെ പാദശുശ്രൂഷകനായ്

കന്നീറ്റിൽനിന്നും

൧൮൪൭ തുലാം ൨൪ യൂസുസുയോസേഫ്.

244

പൊതു ഏക ഐക്യതയിൽനിന്നു.

എന്റെ പ്രിയമുള്ള കുറിച്ചിറ മുപ്പിലേക്കു
എന്റെ വിശുദ്ധ ചുംബനം.

കുഞ്ഞാണ്ടിയുടെ കല്യാണത്തെപ്പറ്റി താങ്കൾ ഇന്നിക്കയച്ച മറുപടിക്കു താങ്കൾക്കു എഴുതി അയപ്പാൻ താമസം വന്നുപോയതു ഒരു മഹാ ഭയങ്കരയുദ്ധം നേരിട്ടതിനാൽ ആകുന്നു. ലോകം ഉണ്ടായനാൾ മുതൽ ഇങ്ങിനത്ത യുദ്ധം ഒരിക്കലും ഉണ്ടായിട്ടില്ല. ഈ യുദ്ധം സ്വേഛാത്മാവും ദേഷ്യാത്മാവും അല്ലെങ്കിൽ ഐക്യതയിന്നാത്മാവും അനൈക്യതയിന്നാത്മാവും തമ്മിലാകുന്നു. എന്നാലൊ ഐക്യതയിന്നാത്മാവു ജയിച്ചു അനൈക്യതയിന്നാത്മാവു തോൽക്കുകയും ഇനി അവൻ ഒരിക്കലും ഉണർവു സഭയെ വഞ്ചിപ്പാൻ തക്കവണ്ണം കഴിയാതവണ്ണം അവന്റെ വായ അടഞ്ഞു പോകയും ചെയ്തു. അതുകൊണ്ടു ഐക്യതയിന്നാത്മാവു ജയിച്ചു. ജീവകനിയെ താങ്കളുടെ കുടുംബത്തിലുള്ളവക്കായിട്ടു ഇതാ! കൊണ്ടുവരുന്നു. വാങ്ങി നിങ്ങൾ എല്ലാവരും ഭക്ഷിച്ചു പാനം ചെയ്തുകൊള്ളുവിൻ. ഇതു ജീവന്റെ അനുഗ്രഹമത്രെ. ആ അനുഗ്രഹസ്വരൂപം അച്ചന്റെ മകളാകുന്നവളല്ലാ. അതിനെ നിങ്ങൾ എല്ലാവരും ഭക്ഷിച്ചു പാനം ചെയ്യേണ്ടതു കുഞ്ഞാണ്ടി മൂലവുമാകുന്നു. അവരെ രണ്ടുപേരെയും ഐക്യതയിന്നാത്മാവിന്റെ തിരുനാമത്തിൽ വാഴ്ത്തി തരേണ്ടുന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരനാകുന്ന ഈ അരിഷ്ടപാപിയുമാകുന്നു. ആ രണ്ടു പേരെയും ഒരുകി വയ്പാനുള്ള മേശ കന്നീറടി പുത്തൻ ബംഗ്ലാവും ആകുന്നു. ദിവസം ഈ ഞായറാഴ്ച കഴിഞ്ഞു വരുന്ന വിറ്റെ ഞായറാഴ്ച. ആയതു വൈകുന്നേരം ഞായറാഴ്ച തന്നെ.

ആകയാൽ സഭയുടെ ആൾപേരായിട്ടു ഒന്നോ രണ്ടോ ആളുകളും കുടുംബത്തിൽനിന്നു രണ്ടോ മൂന്നോ ആളുകളുമായി ബോധകരോടുകൂടെ കുഞ്ഞാണ്ടിയും ഒരു വള്ളത്തിൽ കേറി ഞാനും-ശനിയാഴ്ച വൈകിട്ടു കന്നീറടിൽ വന്നു ചേരുവാറാകുണം. ഞായറാഴ്ച വിരുന്നിനു നിങ്ങളാൽ കഴിയുന്നതുപോലെ അല്പം പലഹാരം കൂടെ കൊണ്ടു പോരുവാറാകുണം. ശേഷം ഒക്കയും ബോധകർ പറകയും ചെയ്യും. ഈ ഏഴുത്തു ഗൃഹസ്ഥാവു മുതൽ പേരായ തലവന്മാർക്കു കാണിക്കുമെല്ലൊ. എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറടിൽനിന്നും

ഫെബ്രു. തുലാം ഫൻ. യൂസ്സുയോസേഫ്

245



പൊതു ഏകൈക്യതയിൽനിന്നു.
എന്റെ പ്രിയമുള്ള തെക്കെഡിവിഷ്യൻ തലവന്മാർക്കും അ
ച്ചന്മാർക്കും ബോധകന്മാർക്കും എന്റെ വിശുദ്ധ ചുംബനം.

ഈ മാസം 12-ാം നു- ബുധനാഴ്ച ഡിവിഷ്യൻസംഘം വേണമെ
ന്നു നിശ്ചയിച്ചിരിക്കയാൽ ആ വിവരം സംഘത്തിന്റെ എല്ലാ അവ
യവങ്ങളേയും തിരിയപ്പെടുത്തി ബുധനാഴ്ച കാലത്തു കൊട്ടാരക്ക
രവന്നു ചേരുവാൻ ശട്ടം കെട്ടുകയും നിങ്ങൾ വന്നു ചേരുകയും ചെ
യ്യുമല്ലൊ. വരുന്നവർക്കു കാലത്തു കാപ്പിയും പൈകിട്ടു ഭക്ഷണവും കൊ
ടുപ്പാൻ തക്കവണ്ണം കൊട്ടാരക്കരെ ഇടവകക്കാരെ മുമ്പേതലപ്പെടുത്തി
നടത്തിപ്പാൻ കൊച്ചുകുഞ്ഞു മുതലാളിയെ നിയമിച്ചിരിക്കുന്നു. കായ്
ത്തിനു യാതൊരു വിഘ്നവും പിറുപിറുപ്പും കൂടാതെ ഇരിപ്പാൻ തക്ക
വണ്ണം പിരിഞ്ഞ ദശാംശം വകയിൽനിന്നു ചിലവഴിപ്പിച്ചു കണക്കെഴുതിക്കൊള്ളണം. സംഘം കൂടേണ്ടതു കൊട്ടാരക്കരത്തന്നെ വേ
ണം. തലവർ ഒരു കോണാകയാൽ അവിടെ വേണ്ടാ. ശേഷം ഒക്ക
യും പീലിപ്പോസുബോധകർ പഠകയും ചെയ്യും എന്നു നിങ്ങളുടെ
പാദശുശ്രൂഷക്കാരൻ.

കന്നീറ്റിൽനിന്നും
൧൦൭൭. തുലം ൧൯. യൂസ്സുയോസേഫ്.

246



പൊതു ഏകൈക്യതയിൽനിന്നു
എന്റെ പ്രിയമുള്ള തെക്കെലെ അച്ചന്മാരെ എന്റെ
വിശുദ്ധ ചുംബനം.

കല്ല്യാണക്കായ്ത്തെക്കേറ്റിച്ചു കൈതക്കുഴിക്കാൽ എഴുതിയതിനു മറു
പടി ഇന്നലെ വന്നു ചേർന്നു. അതു ഇതിനോടു കൂടെ അയയ്ക്കുന്നു. ക
ല്ല്യാണം ഈ വരുന്ന വൃശ്ചികം ൧൦നു- ഞായറാഴ്ചയാകുന്നു. അ
ന്നേദിവസം കഴിക്കപ്പെടുന്ന ദിവ്യവിരുന്നിനു കല്ല്യാണവിരുന്നു. അ
വകയ്ക്കു അല്പം വലഹാരവും അവിടെനിന്നും വരുന്ന അല്പ അളുകൾ
ക്കു ഭക്ഷണത്തിനുള്ളതും കൊണ്ടുവന്നാൽ മതി. ശനിയാഴ്ച സന്ധ്യ
ക്കു മുൻപെ ഇവിടെ വന്നു ചേരണം. ഒരു വള്ളത്തിൽ കേറി വന്നാൽ പ്രയാസം അതു ഇല്ലായിരിക്കുമല്ലൊ. ഇങ്ങിനെ വിനയപൂർവ്വം
എഴുതിക്കൊള്ളുന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

യൂസ്സുയോസേഫ്.

247



ഫറവോ തുലാം വക്കാനും- ബുധൻ കണ്ണീറിൽവച്ചും
നിത്യവിവാഹത്തെക്കുറിച്ചു ഐക്യതയിന്നാത്മാവിന്റെ
നിയോഗങ്ങൾ.

൧മത്തേ. പൊതു ഏകൈക്യതയിന്നാത്മാവാകുന്ന ജീവശുദ്ധീകരണ പ്രാർത്ഥനയിന്നാത്മാവു ആരുടെ ഉള്ളിൽനിന്നു പുറപ്പെട്ടിരിക്കുന്നുവോ? ആ പൊതു ഏകൈക്യവണ്ണ്ണം പുതിയ ആദാമ്യന്റെ സാക്ഷാൽ മക്കളായിരിക്കേണ്ടുന്നവരാകുന്ന സ്ത്രീപുമാന്മാർ. സാക്ഷാൽ മക്കളായി തീരുന്നതു വായിന്നാത്മാവാകുന്ന ജീവശ്വാസവും പൊടുകയിൽ പകർന്ന ശരീരമാസകലം ശുദ്ധതടവും ക്രൂശാതെ വ്യാപരിക്കുന്നതിനാലാകുന്നു. അങ്ങിനെ വ്യാപരിക്കണം എങ്കിൽ സ്ത്രീപുമാന്മാർ സകലരുടെയും പാദപ്രക്ഷാളകനും ആത്മമണവാട്ടിയുടെ പ്രതിനിധിയുമാകുന്ന പുതിയ യുസ്സുയോസേഫിന്റെ കയ്യിൽ മനഃപൂർവ്വമായി ഭരമേൽപിക്കപ്പെടണം.

൨മത്തേ. എല്ലാ ജീവാത്മാക്കളെയും മരണം വഴിയായി തങ്കലേക്കു ആകർഷിച്ചുകൊള്ളുന്ന ക്രിസ്തുവിൻ തൃക്കയ്യിലുള്ള ദേവകാഹളം ക്രിസ്തുശരീരമായ പുതിയ യുസ്സുയോസേഫിന്മേൽ ഊതുവാൻ തക്കവണ്ണം ആരുടെ കയ്യിൽ ഏൽപിക്കപ്പെട്ടുവൊ? ആ ഐക്യവണ്ണ്ണം ഈപ്പച്ചൻ മറുരൂപവഴിയിൽ പുതിയ യുസ്സുയോസേഫിന്റെ പ്രഥമപുത്രനാക്കികൊണ്ടു അയാളുടെ സാക്ഷാൽ സഹോദരത്വത്തെ പ്രാപിക്കേണ്ടുന്നവർ ആകുന്ന സ്ത്രീപുമാന്മാർ. സാക്ഷാൽ സഹോദരത്വത്തെ പ്രാപിക്കുന്നതു ഈപ്പച്ചന്റെ കയ്യിൽ പുതിയ യുസ്സുയോസേഫ് കൊടുത്തിരിക്കുന്ന അപ്പമായ ശരീരത്തിനെ ആ സ്ത്രീപുമാന്മാർ ഓഹരിക്കാരാകുന്നതിനാലത്രെ.

൩മത്തേ. മരണം വഴിയായി ദേവകാഹളത്തിൽ ആധേയപ്പെട്ടിരിക്കുന്ന സകല ജീവാത്മാക്കളും ആരുടെ ജീവമരണം മൂലം പുതിയ യുസ്സുയോസേഫിന്റെ ജീവശരീരത്തിന്മേൽ ഏഴാം കാഹളത്തിന്റെ ഊത്തിനാൽ ഉയിർപ്പിൻ ഉൽപാദനത്തുങ്കൽ ഉണ്ടായിരിക്കുന്നുവോ? ആ ജീവൈക്യവണ്ണ്ണം തൊമ്മച്ചൻ ഉയിർപ്പിൻ വഴിയിൽ പുതിയ യുസ്സുയോസേഫിന്റെ പ്രഥമപുത്രനും ജീവശുദ്ധീകരണപ്രാർത്ഥനയിൻ ആത്മാവു ആരുടെ ജീവശക്തിയിന്മേൽ വാഹനമേറിയിരിക്കുന്നുവോ? ആ ജീവശക്തിയൊക്കയും അയാളുടെ സഹോദരങ്ങളും യുസ്സുയോക്കോബു അയാളുടെ ആൾപ്പേരും ആകയാൽ അയാളുടെ കയ്യിൽ പുതിയ യുസ്സുയോസേഫ് ഏൽപിച്ചിരിക്കുന്ന വിശുദ്ധവെള്ളമായ ജീവവെള്ളത്തിനെ സ്ത്രീപുമാന്മാർ ഓഹരിക്കാരാകേണ്ടുന്നതാകുന്നു.

ാമതു. പുതിയ യൂസ്സുയോസേഫിന്റെ സാക്ഷാലുള്ള അവകാശം പുതു വാനഭൂമികളാകയാൽ അവെക്കു മകളായ സ്ത്രീപുമാന്മാരും അവകാശികളാകേണ്ടുന്നതാകുന്നു. അങ്ങിനെ ആകണമെങ്കിൽ തങ്ങളുടേതു എന്നു വിചാരിക്കുന്ന എല്ലാ വസ്തുക്കളിന്മേലും പുതിയ യൂസ്സുയോസേഫിന്റെ ജീവശാസനം ഭരിക്കേണ്ടുന്നതാകുന്നു. അങ്ങിനെ ഭരിക്കണം എങ്കിൽ സ്ത്രീപുമാന്മാർ യൂസ്സുയോസേഫിന്റെ കയ്യിൽനിന്നു ജീവവാകാശപ്പത്രിക കൈക്കൊള്ളേണ്ടുന്നതാകുന്നു. അവർക്കു പഴയനിയമപ്രകാരം സ്ത്രീധനാവകാശം ഇല്ല. എന്തെന്നാൽ അതിനു അവർ മരിച്ചവരാകുന്നു. കാരണം അതു പഴയ ആദാമിൽ നിന്നല്ലൊ വരുന്നതു. പഴയ ആദാമിൽനിന്നു വരുന്നതൊക്കയും നിത്യമരണമുള്ളതത്രെ. അതു അന്തിക്രിസ്തുവിനും നിത്യമരണമുണ്ടാക്കും. ഉള്ളതാകുന്നു. അവർ അതിനെ വാങ്ങിച്ചുകൊള്ളട്ടെ. എന്നാൽ യൂയൊമയന്മാരാകുന്ന സ്ത്രീപുമാന്മാർ തങ്ങളുടെ പിതാവിൽനിന്നു ജീവാവകാശപ്പത്രം വാങ്ങിച്ചുകൊള്ളട്ടെ. അതുതന്നെ അവക്കു നിത്യസമ്പത്തു. അതിനെ ഇല്ലായ്മയാക്കുവാൻ മരണപാതാളങ്ങൾക്കു യാതൊരു ആവതും ഇല്ല നിശ്ചയം നിശ്ചയം നിശ്ചയം. ജീവാവകാശപ്പത്രം എഴുതേണ്ടതിനു ഉടയക്കാർ ജീവനാണ്യം മൂലം വസ്തുക്കളെ പഴയ ആദാമിൽനിന്നു വീണ്ടുകൊള്ളേണ്ടുന്നതാകുന്നു. എങ്കിലെ ജീവാവകാശപ്പത്രം എഴുതാവൂ.

൩മതു. മരണത്തിന്റെ സ്വഭാവവും മേലെഴുത്തുമുള്ള മരണാക്ഷരമായ മിന്നുകൊണ്ടല്ല ജീവന്റെ സ്വഭാവവും മേലെഴുത്തുമുള്ള ജീവാക്ഷരമായ മിന്നുകൊണ്ടു വേണം സ്ത്രീപുമാന്മാരെ നിത്യവിവാഹത്താൽ ബന്ധിപ്പാൻ. മരണാക്ഷരമായ മിന്നിന്റെ ചൊൽകുറി പൊന്നത്രെ. ജീവാക്ഷരമായ മിന്നോ ജീവകുഞ്ഞുമാകുന്നു. ജീവകുഞ്ഞു പഴയആദാമിൽനിന്നു ജനിച്ചിട്ടുള്ളവനല്ല എന്നുള്ളതു സ്പഷ്ടം. കാരണം ജഡത്തിൽനിന്നു ജനിച്ചതു ജഡവും അതു മരണവുമാകുന്നുവല്ലൊ. എന്നാലൊ ആത്മാവിൽനിന്നു ജനിച്ചതു ആത്മാവും അതു ജീവനുമാകുന്നു നിശ്ചയം. എന്നാൽ ആത്മാവു ആരെന്നു ചോദിക്കുന്നു എങ്കിൽ അതു ഉയിർത്തെഴുന്നേറ്റ കർത്താവും ആ കർത്താവു ഉള്ളിടം സ്വാതന്ത്ര്യം ലഭിച്ചതും സ്വാതന്ത്ര്യത്തിന്റെ ആത്മാവു ജീവശുദ്ധീകരണപ്രാർത്ഥനയിൻ ആത്മാവും ആ വായിന്നാത്മാവു വാഹനമേറിയിരിക്കുന്ന ശരീരം പുതിയ യൂസ്സുയോസേപ്പും ആ ഐക്യപുരുഷനിൽ നിന്നു ജനിച്ച ഫലം യൂസ്സുയോസേഫാത്മജൻ യോഹന്നാനും ആകയാൽ അവനത്രെ ജീവകുഞ്ഞു. അവനെ പുരുഷന്റെയും സ്ത്രീയുടെയും കയ്യാൽ മാലയായി കെട്ടിയാടേണ്ടുന്നതാകുന്നു. അവനെയൊ അവന്റെ ആൾപ്പേരായിട്ടു മറെറാരു കുഞ്ഞിനെയൊ മാലയായിട്ടു അണിയിക്കാം. ഈ ക്രിയ നടത്തിവേണം തമ്മിൽ സംയോഗിപ്പിപ്പാൻ. മരണമിന്നുള്ളവരെ അതിന്റെ ബന്ധനം അറുത്തുകളഞ്ഞു വേണം ത

ത്തിൽ സംയോജിപ്പിപ്പാൻ. അല്ലാതെ ഒരുപ്രകാരത്തിലും നിത്യവിവാഹത്തിൽ സംയോജിപ്പിക്കരുതു. അല്ലാതെയും മരണമിന്നിനെ പൊട്ടിച്ചുകളഞ്ഞു എന്നു തങ്കൽതന്നെ എണ്ണി ഈ ജീവമിന്നിനെ ധരിപ്പാൻ മനസ്സില്ലാത്തവരെയും ഇതു ജീവമിന്നല്ല എന്നു വെറുതെ ന്യായരഹിതമായി വാദിക്കുന്നവരെയും അതിനെ ധിക്കരിക്കുന്നവരെയും ഒരുപ്രകാരത്തിലും തമ്മിൽ സംയോജിപ്പിക്കരുതു. പിന്നെയും ഈ നിത്യസംയോജിപ്പിൽ വന്നെത്തുന്നവക്കു വീണ്ടും മരണമിന്നിനെ കെട്ടുവാനൊ കെട്ടിയ ജീവമിന്നിനെ പറിച്ചുകളവാനൊ ഒരിക്കലും കഴികയില്ല നിശ്ചയം. എന്തെന്നാൽ ഈ പരമസംയോജിപ്പിൽ സ്ത്രീപുമാന്മാർ എപ്പോൾ വന്നെത്തുമൊ? അക്ഷണം ഇമ്മട്ടുള്ളവിൽ തന്നെ പരമൈക്യതയിന്നാത്മാവുംകുന്ന ജീവനാത്മാവു അവരുടെ വിഗ്രഹത്തിന്മേലും നിലത്തിന്മേലും വാഹനമേറിയിരിക്കുന്ന എന്നുള്ളതു എത്ര നിശ്ചയം അതേപ്രകാരംതന്നെ അനൈക്യതയിന്നാത്മാവാകുന്ന ദോഷാത്മാവു പുറത്തുകളയുന്ന മലമൂത്രാദികളിന്മേലും അപ്പോൾ വാഹനമേറിയിരിക്കുന്ന എന്നുള്ളതും എത്ര നിശ്ചയം. അതുകൊണ്ടു ഒരുവന്നു മരണമാകുന്ന മലമൂത്രാദികളെ ഭക്ഷിപ്പാനൊ ജീവനാകുന്ന ഭക്ഷണപാനീയങ്ങളെ ഭക്ഷിക്കാതെ ഇരിപ്പാനൊ കഴിയുമെങ്കിലെ പരമയോജിപ്പിൽ വന്നെത്തിയിരിക്കുന്ന സ്ത്രീപുമാന്മാക്കു വീണ്ടും മരണമിന്നിനെ കെട്ടുവാനൊ ജീവമിന്നിനെ പറിച്ചുകളവാനൊ കഴിയു. അല്ലാതെയും ജീവമിന്നിനെ മരണമിന്നെന്നു വിചാരിച്ചു അതിനെ വിതപ്പാൻ മനസ്സില്ലാത്ത പുരുഷന്നും കൈക്കൊള്ളുവാൻ മനസ്സില്ലാത്ത സ്ത്രീയും കാശിരാജാവും കാശിരാജ്ഞിയുമാകയാൽ ആ സ്ത്രീപുമാന്മാരും രുഥിന്റെ മകനായ ഒബദിനെ മടിയിൽ വളർത്തുവാൻ മനസ്സില്ലാത്ത വിധവയായ നയോമി എന്ന പേരുള്ള മാറായും ഹന്നാവിൻ മകനായ സമുവേലിനെ കൈക്കൊള്ളുവാൻ മനസ്സില്ലാത്ത വൃദ്ധനായ ഏലി എന്ന പേരുള്ള കുരുടനും അല്ലെങ്കിൽ കർത്താവിനെപ്പോലെ ജനിക്കുന്ന ശിശുവിനെ കൈക്കൊള്ളുവാൻ മനസ്സില്ലാത്ത ശീമൊനും ഹന്നാവും ഇവർ മഹാത്മപ്രത്യക്ഷതയിൽ പുറപ്പെട്ടുതള്ളപ്പെട്ടുകയും ചെയ്യും. നിശ്ചയം നിശ്ചയം നിശ്ചയം. ഈ സംയോജിപ്പിൽ വന്നിട്ടും മരണമിന്നിനെ ഭക്ഷിച്ചു പാനം ചെയ്യുന്നവരോ? അവർ അതിനെ അറിയായ്മയിൽ ചെയ്തതിനാൽ അവർ അതിനെ ഉപേക്ഷിക്കുന്നതു വരെ അവരുടെ ജഡത്തിന്നു മഹാവ്യസനം ഉണ്ടാകും നിശ്ചയം നിശ്ചയം നിശ്ചയം.

നാമതു. ഈ നിത്യവിവാഹത്തിന്നുള്ള വിരുന്നിന്നു പേർ ആത്മാവാകുന്ന മഹാദൈവത്തിന്റെ രാത്രിവിരുന്നു എന്നതത്രെ. ഈ വിരുന്നല്ലാതെ ജഡമയമായ പഴയ വിരുന്നു വിവാഹവിരുന്നായി ആചരിക്കപ്പെടരുതു. എന്തെന്നാൽ ആത്മാവു പഴയ വിരുന്നിനെ അനുഭവിക്കയില്ല. പുതിയ വിരുന്നിനെ അനുഭവിക്കയെള്ളു. പഴയ വിരു

ന്ന ക്രിസ്തുവിന്റെ ജഡശരീരത്തിൽനിന്നും പുതിയ വിരുന്ന ആത്മശരീരത്തിൽനിന്നും കഴിക്കപ്പെടുന്നതാകുന്നു. മരണജീവനുള്ള ക്രിസ്തുവിൻ ജഡശരീരത്തെ അതു ദൈവരാജ്യത്തിൽ പൂർണ്ണമാകുന്നതുവരെ താൻ അതിൽ നിന്നു ഭക്ഷിച്ചു പാനം ചെയ്കയില്ല എന്നു കർത്താവു കല്പിച്ചിരിക്കുന്നുവല്ലൊ. എന്നാൽ നിത്യജീവനുള്ള ക്രിസ്തുവിൻ ആത്മശരീരമൊ? അതു ദേവരാജ്യത്തിൽ പൂർണ്ണമായിരിക്കുന്നതിനാൽ അതിൽനിന്നു താൻ ഭക്ഷിച്ചു പാനം ചെയ്യും. എന്നുള്ളതു ഏതു നിശ്ചയം. ഞാൻ അവനോടും അവൻ എന്നോടും അത്താഴം കഴിക്കും എന്നുണ്ടല്ലൊ.

അനേകം ആളുകൾക്കു ഒരുക്കി ബഹുപ്രയാസത്തോടുകൂടെ മണവാളന്റെയൊ മണവാട്ടിയുടെയൊ ഭവനത്തിൽ വെച്ചു കഴിക്കപ്പെടുന്ന സദ്യയായ വിരുന്നു പുതിയ വിരുന്നല്ലയോ? എന്നു ചോദിക്കുന്നു എങ്കിൽ തിരുസഭയുലോം ബാല്യമാകയാൽ അപ്രകാരം കഴിക്കപ്പെടുന്നതിനു സഭയ്ക്കു തൽക്കാലം പാത്രത ഇല്ലായ്കകൊണ്ടു സഭെക്കു പാത്രത ഉണ്ടാകുന്നതുവരെ മേല്പറഞ്ഞ സദ്യ പഴയ വിരുന്നു തന്നെ എന്നു പറയേണ്ടിയിരിക്കുന്നു.

പലഹാര പാനീയങ്ങളോടുകൂടെ കഴിക്കപ്പെടുന്ന വിരുന്നൊ ആ വസ്തുക്കളിൽ ജീവശുദ്ധീകരണ പ്രതിഷ്ഠനയിൻ ആത്മാവു വ്യാപരിക്കുന്നില്ലെങ്കിൽ അതും പഴയ വിരുന്നത്രെ. അതുകൊണ്ടു ജീവനാത്മാവാകുന്ന മഹാദൈവം ആത്മമണവാട്ടിയുടെ വായാകുന്ന പ്രതിനിധികളിൽ നിന്നു തന്റെ ശ്വാസത്തെ പുറപ്പെടുവിക്കുന്നതിനു കാളവായി വിവാഹവിരുന്നു കഴിക്കപ്പെടണം. അളവിൽ കവിഞ്ഞു കഴിക്കപ്പെടുന്നതൊക്കയും പഴയ വിരുന്നത്രെ. പഴയ വിരുന്നു കഴിക്കപ്പെടുന്നു എങ്കിൽ അതിനെ മഹാദൈവം കൈക്കൊള്ളാത്തതിനാൽ ആ വിരുന്നിൽനിന്നു വ്യസനവും, ദുഃഖവും, കഷ്ടവും, രോഗവും, ആപത്തും, പരിച്ഛേദവും, അല്ലാതെ ഒരു നന്മയും ഉണ്ടാകയില്ല നിശ്ചയം. ആകയാൽ ആരാധനസമയത്തു കഴിക്കപ്പെടുന്ന വിരുന്നു കല്യാണവിരുന്നാകട്ടെ. മഹാദൈവത്തിന്റെ ആരാധനയോടുകൂടെ കഴിക്കപ്പെടാത്ത വിരുന്നിനെ ആചരിക്കാതെയും ഇരിക്കട്ടെ. മഹാദൈവം സകലത്തെയും ആത്മമണവാട്ടിക്കു നൽകിയിരിക്കുന്നു എങ്കിലും പ്രതിനിധികൾക്കു അവയെ അവകാശപ്പെടുത്തിക്കൊൾവാൻ ഇതുവരെയും പാത്രത വന്നിട്ടില്ല. ഇനി താമസിയാതെ പാത്രത അവക്കുണ്ടാകുന്നതിനാൽ അപ്പോൾ ആ അളവിനു തക്കവണ്ണം മഹാദൈവമാകുന്ന ഐക്യതയിന്നാത്മാവിന്റെ ശ്വാസം എല്ലാത്തിനേയും ഭരിക്കയും ചെയ്യും നിശ്ചയം. അപ്പോൾ സകലവും സകലക്കും പൊരുവായിത്തീരും. പ്രത്യേകം എന്നുള്ളതു പിന്നെ ഒരിക്കലും കാണപ്പെടുന്നതുമല്ല കാണപ്പെടുകയുമില്ല നിശ്ചയം നിശ്ചയം നിശ്ചയം ആമേൻ ആമേൻ ആമേൻ. ഈ അളവു മഹത്വ പ്രത്യക്ഷതയുടെ ദിവ

സങ്ങൾക്കു മുൻപെ ഈ പരമ ഉണർവു സഭയ്ക്കു വരും എന്നുള്ളതു എത്ര നിശ്ചയം. തിരുസഭയ്ക്കു ഈ അളവു വരാതെ മഹത്വപ്രത്യക്ഷത ഉണ്ടാകയില്ല എന്നുള്ളതും എത്ര നിശ്ചയം. ഈ അളവിൽ തിരുസഭയിൻ മക്കളെ വരുത്തുവാൻ തക്കവണ്ണം അവരുടെ പിതാവാകുന്ന ഐക്യതയിന്നാത്മാവു എത്ര ശക്തിമാൻ എന്നുള്ളതും ആ അളവിൽ തൻറെ മക്കളെ വരുത്താതെ ഒരിക്കലും കൈവിടുകയില്ല. എന്നുള്ളതും എത്ര നിശ്ചയം. "അതുകൊണ്ടു ഭയത്തോടെ യഹോവയെ സേവിക്കയും വിറയലോടെ ആനന്ദിക്കയും ചെയ്വിൻ. പുത്രൻ കോപപ്പെടാതെയും അവൻറെ കോപം അല്പം പോലും ജ്വലിച്ചിരിക്കുമ്പോൾ നിങ്ങൾ വഴിയിൽ നിന്നു നശിച്ചുപോകാതെയും ഇരിപ്പാൻ അവനെ ചുംബിപ്പിൻ. അവങ്കൽ ആശ്രയിക്കുന്നവർ എല്ലാവരും ഭാഗ്യമുള്ളവർ".

൬മത്. ഈ നിത്യ വിവാഹം മൂലമാകുന്നു. ദൈവജനങ്ങൾക്കു വാഗ്ദത്തം ചെയ്തിരിക്കുന്ന പരമ സ്വസ്ഥതയിലേക്കു പുതിയ ആദാം ഹവ്വായും ആയ സ്ത്രീപുരുഷന്മാർ ഉൾപ്രവേശിക്കേണ്ടുന്നതു. അല്ലാതെ പരമ സ്വസ്ഥതയിലേക്കു പ്രവേശിപ്പാൻ വേറെ വഴിയില്ല. എന്നാലൊ ഒരു ഐക്യ കുടുംബത്തിലെ ഒരു നിത്യ വിവാഹം വഴിയായി ആ കുടുംബത്തിൽ വിവാഹത്തിന്നു പാത്രതയില്ലാത്ത മറെറല്ലാവരേയും ആ നിത്യ ഉടമ്പടിയിൽ ചേർത്തൊള്ളാവുന്നതാകുന്നു. വിവാഹത്തിന്നു പാത്രതയുള്ളവരെ തീരെ ചേർത്തുകൂടാതാനും. അതുകൊണ്ടു വൃദ്ധയായ വിധവയും വാർദ്ധക്യം വന്ന വിഭാര്യനും വിവാഹത്തിന്നു പ്രായം വരാത്ത പൈതങ്ങളും മറ്റും മറൊരു വിവാഹ വഴിയായി പരമ സ്വസ്ഥതയിലേക്കു ഉൾപ്രവേശിപ്പാൻ യാതൊരു തടവും ഇല്ല. ആകയാൽ ഏക വിവാഹത്താൽ വിവാഹത്തിന്നു പാത്രതയില്ലാത്ത മറെറല്ലാവരേയും ഏതു പ്രകാരം വാഗ്ദത്തത്തിൻറെ അവകാശത്തിലേക്കു വീണ്ടുകൊള്ളപ്പെടാമോ? അതെപ്രകാരം നിത്യ വിവാഹത്തിൻറെ ദിവസം വഴിയായി പാത്രതയില്ലാത്ത മറു ദിവസങ്ങളേയും വീണ്ടുകൊള്ളേണ്ടുന്നതാകുന്നു.

ആഴ്ചയുടെ ഒന്നാംദിവസമാകുന്ന ഉയിർപ്പിൻ ദിനം കർത്താവിൻറെ ദിവസമെന്ന വാഗ്ദത്തം ലഭിച്ചിരിക്കുന്നതിനാൽ അതല്ലൊ ക്രിസ്ത്യാനികളുടെ സ്വസ്ഥ ദിവസം, ആ ദിവസത്തിന്നുള്ള വാഗ്ദത്തം ആകുന്ന അന്യ ദിവസങ്ങൾക്കും ലഭിക്കേണ്ടതു. എങ്കിലൊ എല്ലാ ദിവസവും കർത്താവിൻറെ ദിവസങ്ങളാവു. എന്നാൽ ക്രിസ്തുവിൻറെ ഉയിർപ്പിനാൽ ഒന്നാം ദിവസത്തിന്നു വാഗ്ദത്തം ലഭിച്ചിരിക്കുന്നു. എങ്കിലും വാഗ്ദത്തത്തിൻറെ നിവൃത്തി വരാതെ ആദിവസത്തിന്നു പൂർണ്ണസ്വാതന്ത്ര്യം ലഭിക്കയില്ല എന്നുള്ളതു സ്പഷ്ടം. വാഗ്ദത്തത്തിൻറെ നിവൃത്തിയുടെ കാലം എപ്പോൾ എന്നു ചോദിക്കുന്നുവോ? അതു ക്രിസ്തുമാത്മജന്മാർ അഴിയാകവും മരിച്ചവരിൽ നിന്നുള്ള ഉയിർപ്പും ലഭിപ്പാൻ

യോഗ്യന്മാരായി എണ്ണപ്പെട്ടമ്പോൾ തന്നെ എന്നുത്തരം. അങ്ങിനെ അവർ എണ്ണപ്പെട്ടന്നത് ഈലോക വിവാഹമായ ദേവരു വിവാഹത്തിൽ നിന്നു നിത്യ വിവാഹത്തിന്റെ നിയമത്തിൽ ഉൾപ്പെട്ടമ്പോളാകുന്നു. അതുകൊണ്ടു ക്രിസ്തുത്മജത്വത്തെ പ്രാപിപ്പാൻ ആഗ്രഹിക്കുന്ന സ്ത്രീപുമാന്മാർ നിത്യ വിവാഹ നിയമത്തിൽ ഉൾപ്പെട്ടമ്പോൾ കർത്താവിന്റെ ദിവസമായ ഒന്നാം ദിവസം വാഗ്ദത്തത്തിന്റെ നിവൃത്തിയിൽ എത്തിയിരിക്കയാൽ അപ്പോൾ അതു പൂർണ്ണ സ്വാതന്ത്ര്യത്തിലേക്കു വന്നെത്തുന്നു നിശ്ചയം. അങ്ങിനെ ആ ദിവസം പൂർണ്ണ സ്വാതന്ത്ര്യത്തിലേക്കു വന്നെത്തണമെങ്കിൽ നിത്യ വിവാഹത്തിന്റെ കർമ്മത്താൽ ഒന്നാം ദിവസത്തെ ശുദ്ധികരിക്കേണ്ടതാകുന്നു. സപ്തസ്ഥനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക എന്നുണ്ടല്ലോ. ഈ വഴിയല്ലാതെ കർത്തൃദിനത്തെ പൂർണ്ണമായി ശുദ്ധീകരിപ്പാൻ വേറെ ഒരു വഴിയില്ല നിശ്ചയം. ഈ നിത്യ നീതിയിൻ സൂര്യവാരത്തെ ഈ വിശുദ്ധ വിവാഹത്താൽ ശുദ്ധീകരിച്ചില്ലെങ്കിൽ പരമ സ്വസ്ഥത ആരംഭിക്കയില്ല. പരമ സ്വസ്ഥത ആരംഭിച്ചില്ലെങ്കിൽ മറു ദിവസങ്ങളെ ആ സ്വസ്ഥതയോടു കൂടെ ആദായപ്പെടുത്തിക്കൊൾവാൻ കഴിയുന്നതുമല്ല. ഞായറാഴ്ചയോടു മറു ദിവസങ്ങൾക്കു നിത്യ യോജിപ്പു വന്നില്ലെങ്കിൽ മഹത്വ പ്രത്യക്ഷതയുണ്ടാകയുമില്ല നിശ്ചയം. അതുകൊണ്ടു നിത്യ വിവാഹ ശുശ്രൂഷ ഞായറാഴ്ചയാകുന്ന കഴിക്കപ്പെടേണ്ടതു്. അതു വഴിയായി മറു ദിവസങ്ങളേയും ആദായപ്പെടുത്തിക്കൊള്ളാം. ഇങ്ങിനെ പരമ സ്വസ്ഥത ആരംഭിക്കയും ക്രിസ്തുത്മജത്വത്തെ പ്രാപിപ്പാൻ ആഗ്രഹിക്കുന്നവർ നിത്യ വിവാഹം മൂലം ആ നിത്യാരംഭത്തുങ്കലേക്കു വന്നു ചേർന്നു പൂർണ്ണതപ്പെടുകയും ചെയ്തുമ്പോൾ മഹത്വ പ്രത്യക്ഷത വഴിയായി നിത്യ സ്വസ്ഥതയിലേക്കു വന്നെത്തി നിത്യ സന്തോഷമായി എന്നും വാഴുകയും ചെയ്യും. നിശ്ചയം നിശ്ചയം നിശ്ചയം ആമേൻ ആമേൻ ആമേൻ. എന്നു

ഫാദ്ധ്യ ശ്ലോകം ഉവ്വ- ബുധനാഴ്ച യേശുസ യോസേഫ്°
ഫ്ര മണിക്കു എഴുതി തീർന്നു.

248



പൊതുഏക ഐക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള ജന പ്രതിനിധി പിലിപ്പോച്ചനു
എന്റെ വാത്സല്യ ചുംബനം

താങ്കൾ മത്തിയാസുവശം അയച്ച എഴുത്തു അവൻ വഴിയിൽ കളഞ്ഞതിനാൽ ഇനിക്കു കിട്ടിയില്ല. അതുകൊണ്ടു എഴുത്തിനു മറുപടി അയപ്പാൻ ഇടയായില്ല. എങ്കിലും മങ്ങഴി ഓനിയേൽ കായ്സ്ഥനു

താങ്കൾ അയച്ച എഴുത്തു ഞാൻ വായിച്ചുകണ്ടു. ദൈവത്തോടു പ്രാർത്ഥിച്ചാറെ ഉണ്ടായിട്ടുള്ള മറുപടി ഏശായാ ഒന്പ. കള്ളം വരെയുള്ള വാക്യങ്ങളാകുന്നു വായിച്ചു നോക്കി ധൈര്യം പ്രാപിക്കേണ്ടതാകുന്നു. ഇനിക്കു തൽക്കാലം വളരെ വ്യസനം ഉദിച്ചു എങ്കിലും അതിന്യനെ കണ്ട മഞ്ഞു പോലെ അതു മാഞ്ഞുപോയി. വിശേഷിച്ചും താങ്കളെ ഐക്യതയിന്നാത്മാവു അമേയ ജീവനാണ്യമായി എണ്ണിരിക്കയാൽ വെള്ളിയും പൊന്നും യഹോവയ്ക്കുള്ളതാകകൊണ്ടു അവയുടെമേൽ താങ്കളെ ദൈവം അധികാരിയാക്കിവച്ചിരിക്കുന്നു. താങ്കൾ ആവശ്യത്തെ അരോടു ചോദിച്ചാലും അയാൾ താങ്കൾക്കു തരാതിരുന്നാൽ തരുന്നതു വരെ അയാൾക്കു ജീവനുള്ള വ്യസനം മാറുകയില്ല. അല്ലാതെയും താങ്കൾ ജനപ്രതിനിധിയാകയാൽ കുഞ്ഞിന്റെ കടം എന്നല്ല സകലരുടെയും കടം തീർക്കേണ്ടതാകുന്നു. ലോകത്തിലുള്ള കടം ഒക്കെയും ആകുന്നു താങ്കളുടെ സമ്പത്തു. അതുകൊണ്ടു തീർപ്പു ആകട്ടെ. ആകാതെ ഇരിക്കട്ടെ. തീർപ്പു ആയതിന്റെശേഷം കുഞ്ഞിനു പണം കൊടുത്താൽ മതി. ഇനിയും എഴുത്തയയ്ക്കാം. അതിനാൽ ഇപ്പോൾ നിറുത്തുന്നു എന്നു താങ്കളുടെ പാദ ശുശ്രൂഷക്കാരൻ

കന്നീറ്റി നിന്നും യൂസുസു യോസഫ്
൧൦൭൭ തുലാം ൨൨

249

ഒരു ഏക ഐക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള സഹോദരൻ പ്രേരിതൻ
ചാണ്ടി ബോധകക്കു എന്റെ
വിശുദ്ധ ചുംബനം

നമ്മുടെ പ്രിയപ്പെട്ട കുന്നുംപുറത്തു കൊച്ചുകുഞ്ഞിനെ ഐക്യതയിന്നാത്മാവിന്റെ നിയോഗപ്രകാരം കിഴക്കെ ഡിവിഷ്യനിലേക്കു ഉപബോധകരായി നിയമിച്ചു അയക്കുന്നു. അയാൾ പരീക്ഷയെ സഹിച്ചു ജയം പ്രാപിക്കയും പാദ ശുശ്രൂഷക്കുള്ള ആത്മാവിനെ അയാളുടെ അമ്മാവിഅപ്പന്റെ കൈവെപ്പിനാൽ കഴിഞ്ഞ ബുധനാഴ്ച സന്ധ്യസ്സു പരിപൂർണ്ണമായി പ്രാപിക്കയും ചെയ്തിരിക്കുന്നു. ഇനി കൊച്ചുകുഞ്ഞു പറമ്പിൽ പാപ്പാൻ ആവശ്യമില്ല. ഇനിയുള്ള അയ്യാളുടെ ശുശ്രൂഷ ബോധകശുശ്രൂഷയാകയാൽ താങ്കളുടെ കീഴിൽ താങ്കൾക്കു സഹായിയായിട്ടു ആകുന്ന അയാളെ നിയമിച്ചാക്കുന്നതു. അയാളെ ഒരു സഹോദരനും വിശ്വസ്ഥനും ജ്ഞാനാത്മാവുള്ളവനും അയിട്ടു അംഗീകരിച്ചുകൊള്ളണം. ഇയ്യാൾ താങ്കൾക്കു ഒരു തക്കസഹാ

യി ആയിരിക്കും. നിശ്ചയം. ഞാൻ പറയുന്നതിൽ അധികമായി താ
ങ്കൾ ചെയ്യുമെന്നും ഇയാൾ മൂലമായി കുന്നംകുറത്തെ കുടുംബത്തെ
നമ്മുടെ ഏകൈക്യതയിലേക്കു വരുത്തുവാൻ തക്കവണ്ണം നല്ല ബുദ്ധി
പറഞ്ഞു കൊടുത്തു നടത്തിക്കുമെന്നും ഞാൻ പൂർണ്ണമായി വിശ്വസിക്കു
ന്നു. ആത്മമണവാട്ടിയുടെ ജീവശ്വാസം ഇയ്യാളോടു കൂടെയുണ്ടു. എ
ന്നു താങ്കളുടെ വാദശ്രേഷ്ഠക്കാരൻ.

കുന്നിറിൽ നിന്നും
ഫാദർ വുഷ്വി ഫ

യൂസ്സസ് യോസേഫ്

250

ഒരു ഏകൈക്യതയിൽ നിന്നു.

എന്റെ പ്രിയമുള്ള കൊട്ടാരക്കര ഇടവക കാര്യസ്ഥനു എ
ന്റെ വിശുദ്ധ ചുംബനം.

താങ്കൾ കൊടുത്തയച്ചു. റിപ്പോർട്ടും ദശാംശ ചക്രം ൻ്റ്_ം കൊ
ണ്ടുവന്നു തന്നു.

വിശേഷിച്ചും താങ്കൾ എല്ലാ ഐക്യകുടുംബങ്ങളിലും ചെന്നു ത
ലവനോടും കീഴുള്ള എല്ലാവരോടും ചട്ടം കെട്ടേണ്ടുന്നതു. ചട്ടം കെ
ട്ടുന്ന ദിവസം മുതൽ ധന്യ നാഥാംനു- വരെ ഒരു ഐക്യകുടുംബത്തിൽ
എത്രയാളുകളുണ്ടോ അത്രയും പിടിയരി ദിവസം തോറും മുടങ്ങാ
തെ എടുത്തു ശനിയാഴ്ച തോറും വിറ്റു ആ ചക്രം കുടുംബതലവ
ൻ സൂക്ഷിപ്പാനും അഞ്ചുരൂപാ തികയുമ്പോൾ ആയതു മുതൽപിടിയി
ൽ ഏൽപ്പിച്ചു രസീതു വാങ്ങിച്ചു കൊൾവാനും താല്പര്യമായി പറയ
ണം. ധന്യ നാഥാംനു-ക്കകം അഞ്ചുരൂപാ തികഞ്ഞില്ലെങ്കിൽ ആയതു
തികയുന്നതു വരയും എടുപ്പാൻ പറയണം. നാഥാംനു-ക്ക അല്ലദിവസം
മുമ്പെ അഞ്ചുരൂപാ തികഞ്ഞു പോയെങ്കിൽ പിന്നീടു ഇപ്രമാണത്തി
ൻ പ്രകാരം എടുക്കേണ്ടുന്നതാകുന്നു എന്നു പറയണം. ഇതു എത്രയും താല്പര്യപ്പെട്ടു
ത്തി ചട്ടം കെട്ടി നടത്തിക്കേണ്ടുന്നതാകുന്നു. പിന്നീടു ഇതിനെ സം
ബന്ധിച്ചു എഴുത്തയയ്ക്കാം. ഇതിനൊട്ടും ഉദാരത വിചാരിക്കരുതു.
ഈ എഴുത്തു എല്ലാ ഐക്യകുടുംബത്തിലും വായിച്ചു കേൾപ്പിക്കണം.
എന്നു താങ്കളുടെ വാദശ്രേഷ്ഠക്കാരൻ.

കുന്നിറിൽ നിന്നും
ഫാദർ വുഷ്വി ഫ

യൂസ്സസ് യോസേഫ്

251

പൊതു ഐകൈക്യതയിൽ നിന്നു.

എന്റെ പ്രിയമുള്ള ഈപ്പച്ചനു എന്റെ വി
ശുദ്ധ ചുംബനം

താങ്കളെ സംബന്ധിച്ചു ഐക്യതയിന്നാത്മാവിന്റെ അനേക നി
ലയാഗങ്ങൾ ഉണ്ടായിട്ടുണ്ടു. എല്ലാം ഞാൻ തൽക്കാലം പറകയില്ല. എ
ന്തെന്നാൽ അവയെ സഹിപ്പാൻ ഇതു വരെയും താങ്കൾക്കു പാത്രത
വന്നിട്ടില്ല. എങ്കിലും ചിലതിനെ താഴെ എഴുതുന്നു.

൧ാവതു. ഇനിക്കു എന്റെ മകൻ യോഹന്നാൻ ഏതു പ്രകാരമോ?
അതെ പ്രകാരമാകുന്നു താങ്കൾ ഐക്യതയിന്നാത്മാവിന്നു.

൨ാവതു. പറമ്പിലെ കുടുംബത്തെപ്പറ്റി ഉണ്ടായിട്ടുള്ള നിയോഗ
പ്രകാരം താങ്കൾ നടത്തിക്കാഞ്ഞതിനാൽ വന്നിട്ടുള്ളതാകുന്നു ഇക്കഴ
പ്പു. അതുകൊണ്ടു അതേപ്രകാരം ചട്ടംകെട്ടി വന്ന കുഴപ്പത്തെമാറ്റി
നമ്മിൽ സമാധാനപ്പെടുത്തണം.

൩ാവതു. ൧൦. ദിവസം താങ്കളുടെ ഭാര്യ ജീവശുദ്ധീകരണ പ്രാ
ർത്ഥന കഴിച്ചു ഏഴാം കാഹളമൂതി ക്രോധകലശ വാചകത്തോടു കൂടെ
താങ്കൾക്കു അപ്പവും വെള്ളവും തരേണ്ടുന്നതാകുന്നു. അതിന്റെ അവ
സാനത്തിങ്കൽ ഞാൻ വന്നു നിങ്ങളെ നിത്യവിവാഹമായി സംയോ
ജിപ്പിക്കുന്നതിനാൽ അന്നു മുതൽ നിങ്ങളുടെ അരകെട്ടു ഉപവാസം
തീർന്നു. ഈ ധന്യമാസം ൩൦ാനുക്കം ഈ ൧൦ ദിവസം തികഞ്ഞിരി
ക്കണം താനും. താങ്കളുടെ അരകെട്ടു ഉപവാസം തീർന്നിട്ടു വേണം സഭ
യിൽ സഞ്ചരിപ്പാൻ.

൪ാവതു. ഓമല്ലൂരിലെ സകല വസ്തുക്കളേയും താങ്കൾ ഉപേക്ഷിച്ചു
വന്നിരിക്കയാൽ ആ മുറയ്ക്കു ആ കാര്യത്തിൽ ഇനി താങ്കൾ ഒട്ടും പ്രവേ
ശിച്ചുകൂടാ. ഇന്നപ്രകാരം വേണമെന്നു അഭിപ്രായം പറഞ്ഞും കൂടാ.
താങ്കളുടെ അമ്മയ്ക്കും ഭാര്യയ്ക്കും എങ്ങിനെ ഇഷ്ടമോ? അതേ പ്രകാരം
അവർ നിവൃത്തിച്ചുകൊള്ളട്ടെ. അവർക്കു അതു കഴികയില്ലെങ്കിൽ
സഭയിൽ ഏല്പിക്കട്ടെ. സഭ നോക്കിക്കൊള്ളും ഇതിനു മറുപടി അയ
ക്കുമല്ലൊ.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കണ്ണീറ്റിൽ നിന്നും യൂസ്സുയോസേഫ്

ഫാളിത വൃശ്ചികം ൧൨.

252

പൊതു ഏകൈകൈതയിൽ നിന്നു.

എന്റെ പ്രിയമുള്ള തെക്കെഡിവിഷ്യൻ തലവന്മാക്കും ബോധകന്മാക്കും അച്ചന്മാക്കും എന്റെ വിശുദ്ധ മുംബനം.

ഈ ഡിവിഷ്യനിൽ ഫെറൽ പരം ഐക്യകുടുംബം ഉള്ളതും അതാതു കുടുംബത്തിലുള്ള വിവാഹസ്ഥന്മാരെ നിത്യവിവാഹത്താൽ ഒന്നായി ക്രട്ടി ചേക്കേണ്ടുന്നതും ആ മഹത്തായ ശുശ്രൂഷ ഈ വരുന്ന മകരം മുതൽ ആരംഭിക്കേണ്ടുന്നതുകൊയാൽ അതിനെ സംബന്ധിച്ചു മുൻപു ക്രട്ടി ചില കാര്യങ്ങൾ ചട്ടം കെട്ടേണ്ടുന്നതിനെ താഴെ പറയുന്നു.

ഫാവതു വിവാഹസ്ഥന്മാരൊക്കെയും ഈ നിത്യനിയമത്തിൽ ഉൾപ്പെടേണ്ടുന്നതാകുന്നു. എന്നാൽ ചില പ്രയാസം നിമിത്തം തൽക്കാലം ചിലക്കു പാടില്ലെങ്കിലും ഒരു ഐക്യകുടുംബത്തിൽ ഒരു ഭാര്യാഭർത്താക്കന്മാരെങ്കിലും ഈ നിയമത്തിൽ തൽക്കാലം ഉൾപ്പെടാതിരുന്നു കൂടാ.

രാമത. മിനും മാംസഭോജനവും ഈ നിയമത്തിൽ ഉൾപെടുന്നവക്കു അന്യമു. അവർ മേലാൽ ഒരിക്കലും അവയെ പ്രവൃത്തിക്കയും അരുതു.

മൂമത. സ്ത്രീപുരുഷന്മാർ ജീവശുദ്ധീകരണപ്രാർത്ഥനയും കാഹളവാചകവും കല്പശുപ്രകൂട്ടുയിൻ വാചകവും നിശ്ചയമായി കാണാപ്പാഠംപഠിച്ചിരിക്കണം.

നാമത. അമേയ ജീവനാണ്യത്താൽ ഐക്യകുടുംബത്തിലുൾപെട്ട സകലവും ജീവങ്കലേക്കു ആദായപ്പെടുത്തിക്കൊള്ളേണ്ടുന്നതാകുന്നു. ആയതു ആ നാണ്യം മുതൽപാടിയിൽ ഏല്പിക്കുന്നതിനാൽ പാടിയരിഷ്ടപ്പു മുതലായ ലഘുവായ ആദായങ്ങളാൽ ഐക്യകുടുംബത്തിലുള്ള സകലരും കൂടി ശേഖരിക്കുന്ന അഞ്ചു രൂപാ കൊടുത്തു മുതൽപാടിയിൽനിന്നു കുടുംബത്തലവൻ ആ ജീവനാണ്യം വാങ്ങിച്ചു സൂക്ഷിച്ചുകൊള്ളുന്നതിനാൽ തന്നെ ഈ നിത്യ വിവാഹത്തിനു മുൻപെ ഈ ജീവനാണ്യം വാങ്ങിക്കേണ്ടുന്നതാകുന്നു.

ഇങ്ങിനെ വിനയപൂർവം എഴുതിക്കൊള്ളുന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിൽനിന്നും
൧൦൫൫വൃശ്ചികം൨൨

യൂസ്സന്തുയോസേഫ്

253

പൊതു ഏകൈക്യതയിൽനിന്നു
എന്റെ പ്രിയമുള്ള നിക്ഷേപപാത്രം ചാണ്ടിയച്ചനു
എന്റെ വിശുദ്ധ ചുംബനം

മാമ്മച്ചൻ വശം കൊടുത്തയച്ച റിപ്പോർട്ടും സുഗന്ധവാസനയും അംഗീകരിച്ചുകൊണ്ടു ദൈവത്തെ സ്തുതിച്ചു. ഞാൻ എത്രയും പ്രയാസത്തിലും ദുഃഖത്തിലും ആകുന്നു ഇരിക്കുന്നതു. മാമ്മച്ചൻ വിവരം പറയും.

അയ്യഞ്ഞൂറുപ്പായുള്ള രണ്ടു ജീവനാണ്യം നിക്ഷേപപാത്രത്തിലേക്കു അയക്കുന്നു. ഭദ്രമായി സൂക്ഷിച്ചുകൊള്ളണം.

അച്ചന്റെ ദിനത്തെപ്പറ്റിയും ചെറുകുന്നേരതിനെപ്പറ്റിയും പ്രാർത്ഥിച്ചു വെളിപ്പെടുത്തു. എലന്തൂർ സഭയിൽ ഏതു ഐക്യകുടുംബം ഉണ്ടോ ഓരോ ഐക്യകുടുംബത്തിനു അഞ്ചു രൂപാ വീതം ആകെ ഏറ ഐക്യകുടുംബം ഉണ്ടെങ്കിൽ ഓരു രൂപാ നിക്ഷേപപാത്രത്തിൽ ഇടണം. പിന്നീടു ഒരാഴ്ചയൊ, രണ്ടാഴ്ചയൊ അദ്ദേഹം അവിടെ താമസിക്കും. രോഗം സുഖം വരികയും ചെയ്യും. ഇതിനു മനസ്സില്ലെങ്കിൽ ഈ എഴുത്തു വായിച്ചാലുടനെ അദ്ദേഹത്തെ പറഞ്ഞയച്ചുകൊള്ളണം. ആരാത്രി വീട്ടിൽ താമസിക്കരുതു.

ചെറുകുന്നു ദിവസം ഒന്നിനു അയ്യഞ്ചു ചക്രം വീതം വേല എടുത്തെങ്കിലും തെണ്ടിയെങ്കിലും സമ്പാദിച്ചുകൊണ്ടുവന്നു തരണം. ഞായറാഴ്ചയും, വെള്ളിയാഴ്ചയും, വേണ്ടാതാനും. ഒരു ദിവസം സമ്പാദിക്കുകൾ വിച്ചില്ലെങ്കിൽ അവനു ഭക്ഷണം കൊടുക്കരുതു. അകമേ സ്നേഹത്തോടും പുറമെ കോപത്തോടും കൂടെ അവനോടു വ്യാപരിക്കണം. വേല എടുത്തില്ലെങ്കിൽ അവനു ഒന്നും കൊടുക്കരുതു. ഇതു താൽപര്യമായിരിക്കണം ശേഷമൊക്കയും മാമ്മച്ചൻ പറയും

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ.

കന്നിറാറിൽനിന്നും
൧൦൭൭. വൃശ്ചികം ൧൯ു യൂസുസുയോസേഫ്

254

പൊതു ഏകൈക്യതയിൽനിന്നു,
എന്റെ പ്രിയമുള്ള ഇഞ്ചെക്കൽ കൊച്ചുകുഞ്ഞിനു എന്റെ
വിശുദ്ധചുംബനം.

താങ്കളോടു ഞാൻ (പുതിയ യൂസുസുയോസേഫ്) ഒരു ആത്മപിതാവായിട്ടു പറയുന്നു. അതിനെ താങ്കൾ നിശ്ചയമായി അംഗീകരിക്കും

എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. താങ്കളുടെ ഭാര്യയാകുന്ന മറിയമ്മ ഇതാ! വന്നിരിക്കുന്നു. അവളുടെ ഉള്ളിൽ പരമൈക്യതയിൻ ആത്മാവു പ്രവൃത്തിപ്പാൻ ആരംഭിച്ചിരിക്കയാൽ തൊമ്മച്ചന്റെ ജീവാത്മാവും താങ്കളുടെ മുൻഭാര്യയുടെ ജീവാത്മാവും മറിയമ്മയുടെ ശരീരത്തെ അവലംബിച്ചുകൊണ്ടു താങ്കളിൽ ഉൾപ്രവേശിപ്പാൻ ഇതാ! ഇളകുന്നു. ആമെൻ ആമേൻ ആമേൻ ഇതു മഹാ ദൈവത്തിന്റെ രഹസ്യവഴിയാകയാൽ ഇതല്ലാതെ താങ്കളിൽ മറ്റുരൂപം പകരപ്പെടുവാൻ വേറെ വഴിയുണ്ടോ? "ഇല്ല നിശ്ചയം" എന്നു മഹാദൈവം തുറന്നു പറയുന്നു. അതുകൊണ്ടു താങ്കളുടെ മുറ എത്തു? എത്രയും വേഗത്തിൽ താങ്കളുടെ ഭാര്യയെ അംഗീകരിക്കുന്നതല്ലൊ? ഇനി അൽപം കഴിഞ്ഞാകട്ടെ എന്നു പറഞ്ഞാൽ എന്തായിത്തീരും? സാത്താൻ താങ്കളുടെ ശരീരത്തെ അതു പൊടിമണ്ണായി തീരുവാൻ തക്കവണ്ണം അടിച്ചു നിലത്തു തള്ളി ഇട്ടുകയില്ലയൊ? അതു മാത്രവുമല്ല പരമ സ്വർഗ്ഗസ്ഥതയിൽ പ്രവേശിപ്പാൻ തക്കവണ്ണം മഹാദൈവം തുറന്നു വച്ചിട്ടുള്ള നിത്യവിവാഹത്തിന്റെ ശ്രുശ്രൂഷ മകരം മുതൽ സഭയിൽ നടത്തേണ്ടുന്നതാകയാൽ ആ ലോകവും മരിച്ചവരിൽ നിന്നുള്ള ഉയർപ്പും ലഭിപ്പാൻ യോഗ്യനായി താങ്കൾ എണ്ണപ്പെടുന്നതിനു നിത്യവിവാഹത്തിൽ താങ്കൾ വന്നെത്തേണ്ടുന്നതായിരിക്കുമ്പോൾ ആ ശ്രുശ്രൂഷയിൽ താങ്കളോടു "ഭാര്യ എവിടെ" എന്നു ചോദിക്കുമ്പോൾ എന്തുത്തരം പറയും? അതുകൊണ്ടു ജഡത്തോടും രക്തത്തോടും ആലോചിച്ചു സമയത്തെ ദീർഘമാക്കിയാൽ അതു സഫലമായി തീരുമോ? ആ ആലോചന നന്ദോ? താങ്കൾ പറയണം. അകയാൽ എത്രയും വേഗത്തിൽ വന്നു താങ്കളുടെ ഭാര്യയെ അംഗീകരിച്ചുകൊള്ളണം. ചേച്ചമ്മയും കൊച്ചോയിച്ചനും സമാധാനത്തിൻ മക്കളായ ദേവമക്കളാകയാൽ യാതൊരു സമാധാനക്കുറവും ഇതു മൂലം ആകുലും ബത്തിലുണ്ടാകയില്ല. നിശ്ചയം. നിശ്ചയം. നിശ്ചയം. താങ്കളുടെ രോഗം അശേഷം തീരും. വിഷാദം ഒഴിയും. നിത്യസന്തോഷം ഇതിനാൽ താങ്കൾക്കു ഉണ്ടാകും. ഒന്നിനാകട്ടെ ഒരു കുറവും ഉണ്ടാകയില്ല. ഇതു മഹാ ദൈവമാകുന്ന ഐക്യതയിന്നാത്മാവിന്റെ നിയോഗപ്രകാരം എഴുതുന്നതു.

താങ്കളുടെ പാദശ്രുശ്രൂഷക്കാരൻ

കുന്നിന്മേൽനിന്നും

ഫാദർ വ്യൂഗ്വാകം മപ്രം. യൂസുയോസേഫ്

285

പൊതു ഏകഐക്യതയിൽനിന്നു.
എന്റെ പ്രിയമുള്ള തഴവാക്കാരൻ പീലിപ്പോസിനും
കുഞ്ഞലീക്കും എന്റെ സലാം.

പ്രിയമുള്ളവരെ! കൊടുത്തയച്ച മറുപടിയാൽ വിവരം മനസ്സിലായി. എന്തെന്നാൽ കുളം കത്താവിന്റെ വകയാകയാൽ അതിൽനിന്നു മീൻ പിടിക്കുന്നതിനും ആ പ്രവൃത്തിയാൽ വെള്ളത്തെ അശുദ്ധിപ്പെടുത്തുന്നതിനും ആരോടും മുമ്പു ചോദിപ്പാൻ ആവശ്യമില്ല എന്നതു എഴുത്തിന്റെ ചുരുക്കം. ഇതു നിങ്ങൾ ഇപ്പോൾ നടന്നു വരുന്ന പ്രമാണമാകയാൽ അതിനു വിരോധമായി നിങ്ങൾ എന്നോടു ചോദിക്കാമോ? ചോദിച്ചാൽ അതു വെറും ഔചിത്യം എന്നല്ലാതെ മറ്റൊന്നും പറവാനില്ല. അതുകൊണ്ടു നിങ്ങൾ രണ്ടുപേരും നിങ്ങളുടെ കുഞ്ഞുങ്ങളും വീടു, പറമ്പു, മുതലായ സകലവും കത്താവിന്റെ വകയാകയാൽ നിങ്ങളുടെ സമ്മതവും അനുവാദവും കൂടാതെ എല്ലാവരും യഥേഷ്ടമായി അനുഭവിച്ചുകൊള്ളട്ടെ. ഈ പ്രമാണത്തിനു വിരോധമായി നിങ്ങൾ പ്രവൃത്തിച്ചാൽ കത്താവിൽനിന്നു ശിക്ഷവരുന്നതാകകൊണ്ടു അങ്ങനെ വരാതിരിപ്പാൻ നിങ്ങൾ താല്പര്യപ്പെട്ടിരിക്കുമല്ലോ.

എന്നാൽ എന്റെ പ്രമാണം ഇതല്ല. നിങ്ങൾ പറഞ്ഞവണ്ണം കുളവും ഈ തോട്ടവും വീടും സാക്ഷാൽ കത്താവിന്റെ വക തന്നെ. യാതൊരു വ്യത്യാസവുമില്ല. എങ്കിലോ കത്താവു എന്നെ വിശ്വസ്തനെന്നു കണ്ടു. ഇവകളെ കാപ്പാനും വേല ചെയ്വാനും ആയിട്ടു ഇവകളിന്മേൽ എന്നെ അഭിഷേകം ചെയ്തു അധികാരിയാക്കി യച്ചിരിക്കുന്നു. എന്റെ അനുവാദവും ആജ്ഞയും കൂടാതെ ആകെ ഒന്നും പ്രവൃത്തിച്ചു കൂടാ. ഇതാകുന്നു കത്താവു ഇനിക്കു തന്നിട്ടുള്ള പ്രമാണം ഈ പ്രമാണത്തിൻപ്രകാരമാകുന്നു ഞാൻ നടക്കേണ്ടതു. അതിനാലാകുന്നു ഞാൻ ചോദിച്ചതു. നിങ്ങളുടെ പ്രമാണം ഇനിക്കു ആവശ്യമില്ല. അതിൽ കൂടെ ഞാൻ നടക്കയില്ല നിശ്ചയം. ഇനിക്കു ഏൽപിച്ചിട്ടുള്ളതിൽ നിങ്ങളുടെ പ്രമാണം ഒരിക്കലും ഇരിക്കയുമില്ല. നിങ്ങളിലും നിങ്ങളുടെ കുഞ്ഞുങ്ങളിലും വീടു, പുരയിടം മുതലായതിലും നിങ്ങളുടെ വഷളായ പ്രമാണം ഇരിക്കട്ടെ. അതിൽനിന്നുണ്ടാകുന്ന ഫലം നിങ്ങൾ അനുഭവിച്ചുകൊള്ളണം. അതുകൊണ്ടു പ്രിയമുള്ളവരെ! മരണം മീൻ കുളത്തിലുണ്ടു. എന്നു ഞാൻ സത്യം പറയുന്നു. എന്തെന്നാൽ എല്ലാടവും തിരിഞ്ഞു ജ്വലിക്കുന്ന വാൾ ലംഘനത്തിന്മേൽ തട്ടീട്ടുണ്ടു. അതു വിഷൂചികയുമായിട്ടാണേ പുറപ്പെട്ടതു. അതുകയാൽ മരുമക

നോട്ട ലംഘനത്തെ കളവാൻ പറയുന്നേ. മരിക്കുന്നവരുടെ മരണത്തിൽ ദൈവത്തിനു ഇഷ്ടമില്ല. എന്നു

കന്നീറിൽനിന്നും
ഫാദർ. വ്യൂച്ചികം ഫൻ.

യൂസുസുയോസേഫ്

257



പൊതു ഏകമൈക്യതയിൽനിന്നു
എന്റെ പ്രിയമുള്ള നിക്ഷേപപാത്രം കായംകുളം പുത്തൻ വീട്ടിൽ ഉമ്മച്ചനു എന്റെ വിശുദ്ധചുംബനം.

നാകളുടെ ആധീനത്തിൽ ഐക്യതയിന്നാത്മാവാകുന്ന മഹാദൈവം വച്ചിരിക്കുന്ന ജീവകരുണയിൻ നിക്ഷേപപാത്രത്തിലേക്കു ആ ആത്മാവിന്റെ നിയോഗപ്രകാരം അയ്ഞ്ഞു രൂപാ പുറപ്പെട്ടുവിക്കുന്നു. ഉപകാരം. ജീവനാണ്യം കൊടുത്തയയ്ക്കുന്നു. ഭദ്രമായി സൂക്ഷിച്ചുകൊള്ളണം. നിരണം ചെമ്പിൽഭാഗം, മേപ്പാടം, അമിച്ചേരി എന്ന സ്ഥലങ്ങളിലെ സഭാ മുതൽപിടിയിൽ ദശാംശമായി വല്ലതും പിരിഞ്ഞിരുന്നാൽ ആ വകയിൽനിന്നു പ്രേരിതൻ ലൂക്കോസു ബോധകൻ രാദിവസത്തേക്കു കുഡുംബച്ചിലവിന്നായി എന്തുവശ്യമോ ആയതു കൊടുപ്പാൻ തക്കവണ്ണം ഈ വിവരം കണ്ടതലവൻ മേടയിൽ ജോർജിനു എഴുതുന്നതു കൂടാതെ അതിനു തക്കവണ്ണമുള്ള നാണ്യവും കൂടെ കൊടുത്തയയ്ക്കേണ്ടുന്നതാകുന്നു. വിവരത്തിനു കണക്കെഴുതിക്കൊള്ളണം.

അല്ലാതെയും കായംകുളം ഇടവകയിൽ ദശാംശമായി പിരിഞ്ഞു വല്ലതും ഉണ്ടെങ്കിൽ രാദിവസത്തെ ചിലവിനു ഈപ്പച്ചനും കൊടുത്തയയ്ക്കണം. അവിടത്തേക്കു വളരെ ബുദ്ധിമുട്ടു ഉണ്ടെന്നു ഞാൻ അറിഞ്ഞിരിക്കുന്നു.

ഇങ്ങിനെ വിനയപൂർവം എഴുതിക്കൊള്ളുന്നതു. താങ്കളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറിൽനിന്നും
ഫാദർ. വ്യൂച്ചികം ഫൻ.

യൂസുസുയോസേഫ്

257



പൊതു ഏകമൈക്യതയിൽനിന്നു
എന്റെ പ്രിയമുള്ള അഞ്ചേരി ഇടവകക്കായ്സ്ഥാൻ മുതലായ പ്രമാണികൾക്കും ഉപദേഷ്ടാവിനും എന്റെ വിശുദ്ധചുംബനം

നമ്മുടെ പ്രിയപ്പെട്ട ചേക്കോട്ട കോശിജ്യേഷ്ഠൻ കുഡുംബത്തോടു കൂടെ ആത്മാവിന്റെ അനുവാദപ്രകാരം മംകുഴിയിൽ താമസിച്ചു

ത്ര അഞ്ചേരി ഇടവകയുടെ ഒരു ആൽവേരായിട്ട ആകുന്നു. ആയത്ര ജീവന്റെ അനുഗ്രഹം നിങ്ങളുടെ ഇടവകയിൽ ഉൾപ്പെട്ട എല്ലാ ആളുകളിന്മേലും എന്നു മാത്രമല്ല. വടക്കെ ഡിവിഷ്യൻ മുഴുവനിലും ധാരാളമായി പകരപ്പെട്ടുവാനായിട്ട തന്നെ. അയാൾ ഇവിടെ വന്നതിനാൽ മുതൽ ആത്മാവിന്റെ മഹാ അനുസരണമുള്ളവനായും കപടമില്ലാത്ത വിശ്വാസവും ഭക്തിയും ഐക്യതയും ഉള്ളവനായും കാണപ്പെട്ടിരിക്കയാൽ നിങ്ങൾക്കു എല്ലാവർക്കുമുള്ള ജീവകൃപ ഇയ്യാളിൽ പകരപ്പെട്ടിരിക്കുന്നു എന്നും ആ കൃപ നിങ്ങൾക്കെല്ലാവർക്കും ഉണ്ടാകുവാൻ ഇയ്യാളെ സ്ഥലത്തുനിന്നു അയക്കണമെന്നും ഐക്യതയിന്നാത്മാവിന്റെ നിയോഗം ഉണ്ടായിരിക്കയാൽ പറഞ്ഞയക്കുന്നു. ഇയ്യാളെ ഒരു പിതാവെന്നപോലെ അംഗീകരിച്ചു കുടുംബത്തെ പ്രത്യേകം കുടുംബമായി എണ്ണി മഹാ സ്നേഹത്തോടും കൂടെ ഇയ്യാളോടു വ്യാപരിച്ചുകൊള്ളുവാൻ ഐക്യതയിന്നാത്മാവാകുന്ന മഹാ ദൈവം നിങ്ങളോടു എല്ലാവരോടും ആജ്ഞാപിക്കുന്നു. പറയുന്നതിൽ അധികമായി നിങ്ങൾ ചെയ്യുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. നിങ്ങൾ ഐക്യതയിന്നാത്മാവാകുന്ന മഹാദൈവത്തിന്റെ പ്രിയമക്കളും അവന്റെ ബുദ്ധിയും വിശ്വാസവുമുള്ള കലവറക്കാരും ആയി ശ്രേഷ്ഠപ്പെടുവാൻ തക്കവണ്ണം ഇയ്യാളുടെ വരവുമൂലം എന്റെ ദൈവം നിങ്ങളെ പരിപൂർണ്ണമായി അനുഗ്രഹിക്കട്ടെ.

വിശേഷിച്ചും ജീവകരുണ്യൻ നിക്ഷേപപാത്രത്തിലെക്കു ഓരോന്നു അയ്യഞ്ചു രൂപാ വീതം പ്രവർത്തിക്കുന്ന കാര്യം ജീവനാണ്യം കൊടുത്തയക്കുന്നു. നിക്ഷേപപാത്രത്തിൽ ഭദ്രമായി സൂക്ഷിച്ചുകൊള്ളണം. മകരം മുതൽ നിത്യവിവാഹശ്രേഷ്ഠ സഭയിൽ ആരംഭിക്കേണ്ടതാകയാൽ മുമ്പിൽക്കൂട്ടി ചട്ടം കെട്ടേണ്ടുന്നതു ഇവയത്രെ.

ഒന്നാമതു, വിവാഹസ്ഥന്മാരൊക്കെയും ഈ നിത്യനിയമത്തിൽ ഉൾപ്പെടേണ്ടുന്നതാകുന്നു. എന്നാൽ ചില പ്രയാസം നിമിത്തം തൽക്കാലം ചിലർക്കു പാടില്ലെങ്കിൽ ഒരു ഐക്യകുടുംബത്തിൽ ഒരു ഭാഗ്യാഭത്താക്കന്മാരെങ്കിലും ഈ നിയമത്തിൽ തൽക്കാലം ഉൾപ്പെടാതിരുന്നുകൂടാ.

രണ്ടാമതു, മീനും മാംസഭോജനവും ഈ നിയമത്തിൽ ഉൾപ്പെടുന്നവർക്കു അരുതു. അവർ മേലാൽ ഒരിക്കലും അവയെ പ്രവൃത്തിക്കയുമരുതു.

മൂന്നാമതു, സ്ത്രീപുരുഷന്മാർ ജീവശുദ്ധീകരണ പ്രാർത്ഥനയും കാഹള വചകവും കലശപ്രകൃയിൻ വാചകവും നിശ്ചയമായി കാണാപ്പാഠം പഠിച്ചിരിക്കണം.

നാലാമതു. അന്യജീവനാണ്യത്താൽ ഐക്യകുടുംബത്തിലുൾപ്പെട്ട സകലവും ജീവകുലേക്കു ആദായപ്പെടുത്തിക്കൊള്ളേണ്ടുന്നതാകുന്നു. ആയതു ആ നാണ്യം മുതൽപിടിയിൽ ഏൽപ്പിക്കുന്നതിനാൽ പിടിയരി, അരപ്പു മുതലായ ലഘുവായ ആദായങ്ങളാൽ ഐക്യകുടുംബത്തി

ള്ള സകലരും കൂടി ശേഖരിക്കുന്ന അഞ്ചു രൂപാ കൊടുത്തു മുതൽ പിടിയിൽ നിന്നു കുടുംബത്തലവൻ ആ ജീവനാണ്യം വാങ്ങിച്ചു സൂക്ഷിച്ചുകൊള്ളുന്നതിനാൽ തന്നെ.

ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ വാത്സല്യശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും }
കറുത്ത വൃശ്ചി: ൨൯ }

യൂസുസുയോഹന്നാൻ

258

പൊതു ഏക ഐക്യതയിൽ നിന്നു.
എന്റെ പ്രിയമുള്ള ഈപ്പച്ചനു എന്റെ വിശുദ്ധ
കുടുംബം.

കഴിഞ്ഞ ശനിയാഴ്ച ഞാൻ പങ്ങുഴിയിൽ വന്നതു ആത്മനിയോഗപ്രകാരമാകുന്നു. സാദ്ധ്യം തങ്കളെ പരിശോധിപ്പാനായിട്ടു തന്നെ. പരിശോധനയിൽ നിന്നു ഉണ്ടായിട്ടുള്ള ഫലത്തെ തങ്കളെ ഗ്രഹിപ്പിക്കേണ്ടതാകയാൽ അവയെ താഴെ എഴുതുന്നു.

൧മതു. തങ്കൾ എന്നെ സാക്ഷാൽ സ്നേഹിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഇന്നലത്തെ ഞായറാഴ്ചയെ എന്നോടു കൂടെ ശുദ്ധീകരിക്കുമായിരുന്നു. ആരാധനസ്ഥലത്തു ഞാൻ പറമ്പിൽ വരികയില്ല എന്നും അതിന്റെ കാരണം ഇന്നതെന്നും ഞാൻ പറഞ്ഞയച്ചിട്ടുണ്ടായിരുന്നു അതിനു ഏതെങ്കിലും ഒരു മറുപടി പറഞ്ഞയച്ചോ?

൨മതു. തങ്കൾക്കു എന്നിൽ സാക്ഷാൽ സ്നേഹം ഉണ്ടോ? ഉണ്ടെങ്കിൽ എന്റെ വെളിപാടിൻപ്രകാരം പൂവത്തുർക്കുഞ്ഞു പോയിരിക്കുന്നതിനാൽ അവനെ വരുത്തി സമാധാനപ്പെടുത്തുന്നതു ഞാൻ ആകുന്നു എന്നു എന്നോടു പറകയില്ലായിരുന്നു. എന്തെന്നാൽ തങ്കൾക്കു സഹായിയും മകനുമായിരുന്നവനോടു പറമ്പിൽ ബോധകർ ചെയ്യുവാനുള്ള ഓരോ കാര്യത്തെപ്പറ്റി അവൻ ഇന്നിക്കു എഴുതിയില്ല തങ്കൾക്കത്രെ എഴുതിയതു. കാരണം അവനു ഒരു ദുഃഖവും വ്യസനവും വരാതെ നോക്കേണ്ടതു തങ്കളത്രെ. തങ്കൾ അതു നോക്കിയിരുന്നെങ്കിൽ അവൻ അങ്ങനെ എഴുതുവാൻ ഇടയാകുമായിരുന്നു. ദൈവം അവന്റെ സങ്കടത്തെ കേട്ടു അത്യാപത്തു അവനു വരാതെ ഇരിപ്പാൻ തക്കവണ്ണം അവൻ അവിടെ നിന്നു പോകണമെന്നു എന്റെ വായ്മൂലം വെളിപ്പെടുത്തി അതു എന്റെ കുറ്റമൊ? തങ്കൾ അവനെ യോഗ്യമായി വിചാരിച്ചിരുന്നെങ്കിൽ അവൻ പോകുവാൻ വെളിപ്പെടുകയില്ലായിരുന്നു. എന്തെന്നാൽ അവൻ ആ കാര്യത്തെക്കുറിച്ചു പ്രാർത്ഥിക്കയില്ലായിരുന്നു അതുകൊണ്ടു അവൻ പോകുന്നതിനുള്ള അ

ട്ടുകാരണമെന്തു? എന്റെ വെളിപാടോ? താങ്കൾ അവനെ യോഗ്യമായി വിചാരിക്കാത്തതോ? എന്നു ഉറപ്പു ചിന്തിക്കണം. അകയാൽ ഒരുവൻ തന്റെ മുറ ചെയ്യാത്തതിനാൽ ഉണ്ടായ കുറവെത്തെ തന്റെതു എന്നു സഹിക്കരിപ്പാൻ മനസ്സില്ലാതെ അന്യന്റെ മേൽ ചുമത്തുന്നതു ന്യായമൊ? ദുർഭാഷണത്തിനും ശാപത്തിനും അവിവേകപ്രവൃത്തിക്കും അടികലശലിനും എത്രയും ഭയങ്കരശാസന ആവശ്യമായിരിക്കുമ്പോൾ അങ്ങനെ ചെയ്യാത്തതു എന്തു? അങ്ങനെ ചെയ്യാതെ ഇരുന്നാൽ ദീർഘദർശി എന്ന സ്ഥാനത്തിനു എത്രയും കുറവല്ലയൊ? അതുകൊണ്ടു വേഗം അനുതപിച്ചുകൊള്ളുക.

നാമതു. എന്നോടു താങ്കൾക്കു ആന്തരസ്നേഹമുണ്ടൊ? ഉണ്ടെങ്കിൽ ജഡത്താൽ കുറപ്പെട്ട കുപ്പായത്തെ ദ്വേഷിക്കുമായിരുന്നു. എന്തെന്നാൽ ജനപ്രതിനിധി പീലിപ്പോച്ചന്റെ എഴുത്തു മുലം ചെറിയാൻ ബോധകർ ധരിച്ചിരിക്കുന്ന വസ്തുതയും അതിനോടു താങ്കൾക്കുള്ള പറ്റുതലിനേയും ഞാൻ സ്പഷ്ടമായി അറിയുന്നു. ചെറിയാൻ ബോധകർ പൂവത്തൂർ കുഞ്ഞിനോടു ചെയ്ത ആ പ്രവൃത്തി ധർമ്മലംഘനമെന്നൊ അല്ലെങ്കിൽ ധർമ്മനിവൃത്തി എന്നൊ താങ്കൾ വിധിക്കുന്നതു. ബോധകരുടെ വിധി നിവൃത്തി എന്നതത്രെ. താങ്കൾ അതിനു ഒപ്പം വെച്ചിരിക്കുന്നു. എന്നാൽ നിങ്ങൾ ഇരുപെരുടെയും വായ് മൊഴിക്കു വളരെ സംയൊജിപ്പുണ്ടു. താങ്കളുടെ വായ് മൊഴി പൂവത്തൂർ കുഞ്ഞു പേടകുവാൻ ഇനിക്കു വെളിപ്പെട്ടതു എന്റെ കുറവാകയാൽ അവനെ വരുത്തി യോജിപ്പിക്കേണ്ടതു എന്റെ മുറയത്രെ. താങ്കൾ പ്രാർത്ഥിക്കാം എന്നു പറഞ്ഞിട്ടുണ്ടു അതു വളരെ പുണ്യം തന്നെ. ബോധകരുടെ വായ് മൊഴി താൻ ബാല്യശിക്ഷ നടത്തിയതിനെ ധിക്കരിച്ചു പോയതു അവന്റെ കുറ്റമാകയാൽ അവനു നന്മ വേണമെങ്കിൽ തന്റെ പാദത്തുങ്കൽ വീണു ക്ഷമ ചോദിക്കണം എന്നത്രെ. അയ്യൊ! ഇതു എത്ര ഭയങ്കരം അക്രമത്തെ നീതി എന്നെണ്ണി തന്നത്താൻ സമാധാനപ്പെടുന്നിടത്തൊളം അപകടം എന്തുള്ളു? അതിനെ ശരി എന്നെണ്ണി അതിനു കൈതാങ്ങൽ കൊടുക്കുന്നിടത്തൊളം അന്ധതയും എന്തുള്ളു? അക്രമത്തൊടു യോജിക്കാമൊ? ദുഷ്ടതെക്കു കൈതാങ്ങൽ കൊടുക്കാമൊ? ദൈവം പാപികളെ സ്നേഹിക്കുന്നവൻ തന്നെ എങ്കിലൊ പാപത്തെ വെറുക്കുന്നവൻ അത്രെ. ബോധകർ ധരിച്ചിരിക്കുന്ന കുപ്പായം തിരുരക്തത്തിൽ മുക്കി അടിച്ചു വെളിപ്പിച്ചിട്ടുള്ള നീതി നിലയങ്കിയൊ? അല്ലെങ്കിൽ വെറും ജഡപ്രവൃത്തിയിൻ മലിനതയാൽ തീരെ കുറപ്പെട്ട കുപ്പായമൊ? താങ്കൾ വിധിക്കണം. കുറപ്പെട്ട കുപ്പായത്തെ തീരെ ദ്വേഷിച്ചു വെറുക്കുന്നതല്ലാതെ അതിനെ സ്നേഹിച്ചു അംഗീകരിക്കുമൊ? എന്റെ രഹസ്യം അതിന്മേൽ ഒരിക്കലും വരുന്നതെ. അതു ശപിക്കപ്പെട്ടതാകകൊണ്ടു ഞാൻ അതിനെ എന്നന്നേക്കുമായി വെറുത്തു ഉപേക്ഷിച്ചിരിക്കുന്നു. കായ്യം ഇങ്ങനെ ഇരിക്കയാൽ

അ നാറത്തെ തങ്കളുടെ മേൽ പൂർട്ടിക്കൊണ്ടു എന്റെ മേൽ പൂ രട്ടുവാൻ വന്നാൽ ഞാൻ സമ്മതിക്കുമൊ? ഒരിക്കലുമില്ല. പിന്നെ എ ങ്ങനെ? എന്ന ചോദിക്കുന്ന പക്ഷം നാറത്തെ നിങ്ങളിൽ നിന്നു അ ശേഷം നീക്കി രല ചിരപ്പിച്ചു നഖം കണ്ടിപ്പിച്ചു വെള്ളത്തിൽ മു ക്കി ചേത്തുകൊള്ളും ഇതെ ഉള്ളു വഴി.

രാമത്തു. എന്നിൽ തങ്കൾക്കു ആന്തരസ്നേഹമില്ലാ എങ്കിൽ എന്റെ സാക്ഷാൽ മാതാവായ തിരുസഭയേയും എന്റെ സാക്ഷാൽ പിതാ വായ കൂലറപ്പെട്ട ദേവകുഞ്ഞാടിനേയും എന്റെ സാക്ഷാൽ പിതാ മഹനായ ത്രിയേകദൈവമാം സ്നേഹാത്മാവിനെയും തങ്കൾക്കു സ്നേ ഹമുണ്ടോ? ഉണ്ടെങ്കിൽ എന്റെ മാതാവിന്റെ ചെറിയ മക്കളായ നൂറനിനാല്പത്തിനാലായിരവും അനേകായിരവുമാകുന്ന എന്റെ കൂ ഞ്ഞുങ്ങളെ തങ്കൾ മുദ്രയിടുവാൻ തക്കവണ്ണം എന്റെ മാതാവു തങ്ക ൾക്കു അനുവാദപത്രം തന്നിട്ടുണ്ടോ? പിന്നേയും ചെറിയാൻ ബ്രോധ കരെക്കൊണ്ടു സ്നാനം കഴിപ്പിച്ചതു. എന്റെ മാതാവു തങ്കളോടു പ റഞ്ഞിട്ടാണോ? സ്വദേശത്തിൽ നിന്നും സ്വഭവനത്തിൽ നിന്നും കു ടുംബത്തോടു കൂടെ പുറപ്പെട്ടതിനും മങ്കുഴിയിൽ പറമ്പിൽവന്നു പാ ർക്കുന്നതിനും എന്റെ മാതാവു അനുവാദം തന്നിട്ടുണ്ടോ? അളവിൻപ്ര കാരം തങ്കൾ ഭക്ഷിച്ച പാനം ചെയ്ത പാപ്പാൻ എന്റെ മാതാവു പ റഞ്ഞിട്ടുണ്ടോ? എന്റെ മാതാവു പറഞ്ഞിട്ടാണൊ? പറമ്പിൽ കിഴ ക്കെവശത്തു കുളം കുഴിപ്പിച്ചതും ശാലയുണ്ടാക്കിയതും മറ്റും ചെയ്യി പ്പിച്ചതു. ഇങ്ങനെ ഓരോന്നായി വിവരിച്ചാൽ കാലം പോരാ എന്നു വരും. അതുകൊണ്ടു ആത്മാവു തങ്കളോടു പറഞ്ഞ ഏതു കാര്യത്തിൽ തങ്കൾ എന്റെ മാതാവിനെ വ്യസനിപ്പിക്കാതെ ഇരുന്നിട്ടുള്ളു? ഏ തിൽ സന്തോഷിപ്പിച്ചിട്ടുള്ളു? ആത്മാവു തങ്കളോടു എന്റെ മാതാ വിനെ വ്യസനിപ്പിക്കണമെന്നൊ സന്തോഷിപ്പിക്കരുതെന്നൊ എ പ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ?

രാമത്തു. എന്റെ മാതാവിൽ തങ്കൾക്കു സ്നേഹമില്ലെങ്കിൽ പി താവിൽ സ്നേഹമുണ്ടെന്നു എങ്ങനെ പറയും? എന്തെന്നാൽ പിതാ വു തന്റെ കാഹളത്തെ പുത്രനു കൊടുപ്പാൻ തക്കവണ്ണം തന്റെ ദൂ തന്റെ കയ്യിൽ കൊടുത്തയച്ചാറെ അവൻ അതെപ്രകാരം പുത്രനു കൊടുത്തു അവന്റെ ദൂതനായി തീർന്നെന്നല്ലാതെ പിതാവിന്റെ സ്ഥാനത്തിൽ ദൂതൻ ഇരുന്നുകൊള്ളുവാൻ ഇച്ഛിച്ചില്ല.

ആദ്യമനുഷ്യനാകുന്ന ഒന്നാം കാഹളത്തിനു കൊടുപ്പാൻ തക്കവണ്ണം ആ ത്മാവാകുന്ന കർത്താവു തന്റെ ഏഴാം കാഹളത്തെ തങ്കളുടെ കയ്യി ൽ തന്നതിനാൽ അതിനെ ഒന്നാം കാഹളത്തിനു കൊടുത്തു ആ ദൈ വൃതയിൻ കാഹളത്തിനു തങ്കൾ ദൂതനായി തീരേണ്ടുന്നതാകുന്നു. അങ്ങനെ തങ്കൾ തിന്നിട്ടുണ്ടോ? തീരുവാൻ മനസ്സുണ്ടോ? ഇതുവ രെ അങ്ങനെ തിന്നിട്ടില്ല. തീരുവാൻ മനസ്സുമില്ല.

മോശ ക്രിസ്തുവിനെ ഉരുവായിരുന്ന മരണംവരെ വഴി നടത്തി എന്നല്ലാതെ ഉയിർത്ത ശേഷം കർത്താവിനെ വഴിനടത്തുവാൻ വിചാരിച്ചുവോ?

ജീവശുദ്ധീകരണപ്രാർത്ഥനയിൻ ആത്മാവു സഭയെ നടത്തുവാൻ ആരംഭിക്കുന്നതു വരെ ആദാമ്യൻ ആദ്യം ഹൂലിയായുടെ കീഴിലും പിന്നീടു മോശയുടെ കീഴിലും ഇരിക്കേണ്ടുന്നവൻ തന്നെ. എന്നാൽ ജീവശുദ്ധീകരണപ്രാർത്ഥനയിന്നാത്മാവു ക്രിയ ചെയ്വാൻ ആരംഭിച്ചാൽ പിന്നീടു ആദാമ്യൻ മോശയുടെ കീഴിലോ മോശ ആദാമ്യന്റെ കീഴിലൊ ഇരിക്കേണ്ടുന്നതു? മോശയുടെ കീഴിലാകുന്ന ആദാമ്യൻ ഇരിക്കേണ്ടതു എന്നു താങ്കൾ പറഞ്ഞാൽ അതു പിതാവിന്നു വ്യസനമല്ലയോ? ആത്മാവാകുന്ന പിതാവിൽ താങ്കൾക്കു സ്നേഹമുണ്ടെങ്കിൽ ഏഴാം കാഹളം ഇനിയും എന്റെ കയ്യിൽ ഉണ്ടെന്നു പറകയില്ല. താങ്കൾ അറിയാതെ അതു ഒന്നാം കാഹളത്തോടു സംയോജിച്ചിരിക്കയാൽ ആ പരമസംയോജിപ്പിൽ നിന്നു മാത്രമെ താങ്കൾക്കു ഇനി കാഹളം ലഭിക്കു.

ഇനിയും ഞാൻ താങ്കളോടു ചോദിക്കുന്നു താങ്കൾക്കു വെളിപ്പെടുന്നതു ഏഴാം കാഹളത്തിൽ നിന്നോ? ഐക്യതയിൻ ആത്മാവിൽ നിന്നോ? സംയോജിപ്പു ഇല്ലാത്ത വെറും ഏഴാം കാഹളത്തിൽ നിന്നു ഇനി ധ്വനിച്ചാൽ അതു മരണത്തെ വരുത്തുന്നതാകകൊണ്ടു ആത്മാവാകുന്ന പിതാവിനെ ആ ഭയങ്കര ധ്വനിയാൽ ഇനിയെങ്കിലും വ്യസനിപ്പിക്കരുതു.

ന്യായം. എന്റെ പിതാവിൽ താങ്കൾക്കു സ്നേഹമില്ലെങ്കിൽ എന്റെ പിതാമഹനിൽ സ്നേഹമുണ്ടാകുമോ? എന്തെന്നാൽ ദൈവം എന്റെ കൈമൂലം ന്യായപ്രമാണത്തിന്റെ സകല ബന്ധനത്തിൽനിന്നും താങ്കളെ സ്വാതന്ത്ര്യപ്പെടുത്തിയിരിക്കുമ്പോൾ ജഡത്തിന്റെ കീഴിൽ പിന്നെയും ഇരുത്തികൊള്ളുന്നതു എന്തു? ജഡം ആത്മാവിന്നും ആത്മാവു ജഡത്തിനും വിരോധമാകയാൽ ജഡവും ആത്മാവും ഒരുപോലെ അധികാരം ചെയ്വാൻ തക്കവണ്ണം താങ്കളെ ഏൽപ്പിച്ചു കൊടുത്തിരിക്കുന്നതു എന്തു? അങ്ങനെ ഏൽപ്പിച്ചു കൊടുത്തിട്ടില്ലാ എന്നു താങ്കൾക്കു പറയാമോ? വഹ്യാ. എന്തെന്നാൽ

(ഛ) മഹാദൈവത്തിന്റെ രാത്രി വിരുന്നു സഭയിൽ ആരംഭിച്ചിരിക്കുമ്പോൾ അതു ഇനി വരുവാനിരിക്കുന്നതാണ അതു കഴിഞ്ഞെ ഞാൻ പഠമ്പിൽനിന്നു കുഡുംബത്തോടു കൂടെ പുറപ്പെട്ടു എന്നു പറവാൻ കാരണമെന്തു?

(വ) നൂറ്റി നാല്പത്തിനാലായിരത്തിന്റെയും അനേകായിരത്തിന്റെയും മുദ്ര താങ്കൾ ഇട്ടു തീർന്നിരിക്കുമ്പോൾ ഇനിയും ഒരു മുദ്ര ഇടുവാനുണ്ടു എന്നു പറഞ്ഞു പഠമ്പിൽ ബോധകരുടെയും പിലിപ്പോസിന്റെയും നാവിൽ കൃത്രിമമുദ്രയിടുവാൻ കാരണമെന്തു?

(൨) കഴിഞ്ഞ സംഘം മുതൽ താങ്കൾ ദീർഘദർശനം പറയേണ്ടതു ഐക്യകാഹളം ധ്വനിയായിട്ടായിരിക്കുമ്പോൾ താങ്കളുടെ കയ്യിലുള്ള കാഹളം ഏതു? ഐക്യകാഹളമോ? വേറും ഏഴാം കാഹളമോ? ജീവശാസ്ത്രമാകുന്ന ഒന്നാം കാഹളം ജീവിപ്പിക്കുന്ന ശാസ്ത്രമാകുന്ന ഏഴാം കാഹളത്തോടു യോജിച്ചിരിക്കെ ആ ഐക്യതയിൽ നിന്നല്ലൊ പിന്നെ ഊതേണ്ടതു? സഭക്കു പൊതു ഏക ഐക്യത വന്നിരിക്കുമ്പോൾ പിന്നീട്ടു വെറും ഏഴാം കാഹളമായി ഊതുന്നതു ഏതു അർത്ഥം? ആ ശബ്ദം കേൾക്കുന്നവർ ജീവിക്കുമൊ? ഒരുനാളുമില്ല. താങ്കൾക്കു നിവൃത്തിയെ അംഗീകരിപ്പാൻ മനസ്സില്ലാതെ ഇരിക്കെ പലരും കേട്ടു മരിപ്പാൻ തക്കവണ്ണം വെറും ഏഴാം കാഹളത്തിൽനിന്നു ദീർഘദർശനം പറയുന്നതു എന്തുകൊണ്ടു?

(൩) പറമ്പിൽ കുടുംബത്തിനു വന്നിരിക്കുന്ന കഷ്ടപ്പാടു താങ്കളുടെ സൂക്ഷ്മക്കുറവുകൊണ്ടാകുന്നു എന്നും താങ്കൾ ഇനി ആ കുടുംബത്തെ സൂക്ഷിക്കാതെ അവിടെ നിന്നു ഇറങ്ങിക്കൊണ്ടാൽ ആ കുടുംബത്തിനു നന്മവരും. എന്നു ഞാൻ പല ദൃഷ്ടാന്തവഴിയായി പറഞ്ഞിരിക്കുമ്പോൾ അതിനെ കേൾക്കാതെ ആ കുടുംബത്തിനു ദോഷം വരുവാൻ തക്കവണ്ണം താങ്കൾ അവിടെ പാർക്കുന്നതു എന്തുകൊണ്ടു? ഏകദേശം നാലാഴ്ചയായല്ലൊ പറമ്പിൽ ബോധർ ശുശ്രൂഷ കഴിച്ചിട്ടും ശുശ്രൂഷക്കു വന്നിട്ടും ദൈവസ്നേഹം താങ്കൾക്കു ഉണ്ടെങ്കിൽ ആ കാരണത്തെ നേരം നശിപ്പിച്ചു അയാളോടു കൂടെ ശുശ്രൂഷക്കു വരികയും ശുശ്രൂഷ കഴിപ്പിക്കയും ചെയ്യുമായിരുന്നുവല്ലൊ. താങ്കൾക്കു ആ കാരണത്തെ നശിപ്പിപ്പാൻ പ്രാപ്തിയില്ലെങ്കിൽ താങ്കൾ എന്തു വേണം? ഒഴിഞ്ഞുകൊള്ളുന്നതല്ലയൊ ന്യായം. ദോഷം വരുവാൻ മൂലമായിരിക്കുന്നതു മാത്രമല്ല നന്മ വരാതിരിപ്പാൻ തടവുകല്ലായിരിക്കുന്നതു എത്ര കഷ്ടം. അതുകൊണ്ടു ആ കുഴപ്പം മാറുവാൻ കഴികയില്ലെങ്കിൽ അവിടെനിന്നു ഇറങ്ങിക്കൊള്ളണം. താങ്കൾ അവിടെ നിന്നു ഇറങ്ങിയ ശേഷം ഒരു ആശ്ലേഷകം ആ കുടുംബത്തിനു സമാധാനം വന്നില്ലെങ്കിൽ എന്നോടു ചോദിക്കണം.

ഈ നാലു കാരണത്താൽ ജഡവും ആത്മാവും താങ്കളിൽ അധികരിപ്പാൻ തക്കവണ്ണം താങ്കളെ വിട്ടുകൊടുത്തിരിക്കുന്നു എന്നുള്ളതു സ്പഷ്ടം. ആത്മാവും ജഡവും ക്രൂടെ ഒരു ആളിന്റെ ശിരസ്സായിരിപ്പാൻ കഴിയുമോ? ഇല്ല നിശ്ചയം. ശീതോഷ്ണവാനായിരുന്നാൽ തുപ്പിക്കളയും എന്നല്ലൊ അരുളപ്പാടു. അതുകൊണ്ടു സാക്ഷാൽ ഒരുവനിൽ ദൈവസ്നേഹമുണ്ടായാൽ അവൻ ജഡത്തോടു ആലോചിക്കുമോ? ഇല്ല നിശ്ചയം.

ഒരുവനിൽ ദൈവസ്നേഹമില്ലെങ്കിൽ ക്രിസ്തുവിൽ സ്നേഹമുണ്ടാകുമോ? ക്രിസ്തുവിൽ സ്നേഹമില്ലെങ്കിൽ ആത്മാവിൽ സ്നേഹം ഉണ്ടാകുമൊ? ആത്മാവിൽ സ്നേഹമില്ലെങ്കിൽ ആത്മമണവാട്ടിയുടെ ഐക്യ

തയിൽ സ്നേഹം ഉണ്ടാകുമോ? ഐക്യതയിൽ സ്നേഹമില്ലെങ്കിൽ ഐക്യതയിന്മക്കളായ നൂറിനാല്പത്തിനാലായിരത്തിലും അനേകായിരത്തിലു. സ്നേഹമുണ്ടാകുമോ? പറയണം.

ഇതു ഞാൻ താങ്കളെ കുറപ്പെടുത്തുവാനായിട്ടല്ല. ദൈവസ്നേഹത്തിൽ നിന്നു വേണം ഇനി താങ്കൾ ദീർഘദർശനം പറവാൻ എന്നു കാണിപ്പാനായിട്ടത്രെ. ഞാൻ ദീർഘദർശനം പറഞ്ഞാലും സകല രഹസ്യങ്ങളെയും സകല അറിവിനെയും അറിഞ്ഞാലും പർവ്വതങ്ങളെ നീക്കികളവാൻ തക്കവണ്ണം സകല വിശ്വാസവും ഉണ്ടായാലും ഇനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ ഏതുമില്ല എന്നു തങ്കവചനം പറയുന്നു.

അതുകൊണ്ടു ദൈവസ്നേഹം ഇതാ! വാളെന്നപോലെ ജഡത്തിനെ പറുതലിനെ ഖണ്ഡിച്ചുകളവാൻ തക്കവണ്ണം ഇതാ! താങ്കളുടെ മേൽ വരുന്നു. പറമ്പിൽനിന്നു വേഗം ഇറങ്ങിക്കൊണ്ടാൽ താങ്കൾക്കു ഏറെ വ്യസനം വരാതെ ഇരിക്കും. അല്ലെങ്കിൽ അതിവ്യസനത്തോടുകൂടെ പറമ്പിൽനിന്നു ഇറങ്ങുവാൻ ഇടവരും നിശ്ചയം. എന്നു മുൻപിൽക്കൂട്ടി താങ്കളോടു പറഞ്ഞിരിക്കുന്നു.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

യൂസുയോസേഫ്

ഈ എഴുത്തു ഹൃദയ വ്യഥിതം വായനതിങ്കൽ മുതൽ വായനവെള്ളിവരെ എഴുതി തീർത്തു. കണ്ണീരിൽ നിന്നും

259



കാവിനാൽ വലിയമ്മക്കും സഹോദരസഹോദരിമാക്കും
എല്ലാ കുഞ്ഞുങ്ങൾക്കും മഹാ ദൈവത്തിന്റെ
അനുഗ്രഹവും ദിവ്യസമാധാനവും
ഉണ്ടായി വർദ്ധിക്കുമാറാകട്ടെ.

— —

നിങ്ങൾ എന്റെ കുടുംബത്തിനു ചെയ്തിരിക്കുന്ന നന്മകളെ എന്റെ സന്തതിസന്തതിയുള്ള കാലംവരെ ഞങ്ങൾ മറക്കയില്ല. ഞങ്ങൾ പാർക്കുന്നതും അനുഭവിക്കുന്നതും ആയുള്ള വീട്ടു പുരയിടം മുതലായതൊക്കയും സാക്ഷാൽ നിങ്ങളുടെ വകയാകുന്നു. ഞങ്ങൾക്കു കല്യാണം കഴിപ്പിച്ചതും ഞങ്ങളെ ആളാക്കിയതും നിങ്ങളത്രെ. ഇവെക്കു ഒക്കയും തക്കതായുള്ള പ്രതിഫലത്തെ മഹാദൈവം നിങ്ങൾക്കു തരാതെ ഇരിക്കുമോ? അവൻ നിങ്ങളുടെ സന്തതിയെ ഏറ്റവും വർദ്ധിപ്പിക്കും. നിങ്ങൾക്കു യാതൊരു ബുദ്ധിമുട്ടും ഉണ്ടാകയില്ല. അവൻ സകല ബാധകളെയും നിങ്ങളുടെ കുടുംബത്തിൽ നിന്നു അശേഷം നീക്കിക്കളയും നിശ്ചയം.

എന്നാൽ മഹാദൈവത്തിന്റെ അനുവാദപ്രകാരം ഞാൻ നിങ്ങളോട് യാചിക്കുന്ന കാര്യം ഇതത്രേ. അല്പദിവസത്തേക്കു ഇന്നിക്ക പ്രത്യേകമായുള്ള ആളുകളിൽ നിന്നു ഇരുന്നു എന്റെ കുഡുംബച്ചിലവു കഴിക്കുന്നതിനു എന്നു ദൈവനിയോഗം ഉണ്ടായിരിക്കയാൽ എന്റെ അനുജന്മാരെ അയക്കുന്നു. എന്റെ വലിയമ്മയുടെ കയ്യിലുള്ളതിനെല്ലാം ഈ മക്കളുടെ കയ്യിൽ വല്ലതും കൊടുത്തയപ്പാറാകണം.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ ഒരു പ്രത്യേക മകൻ വിദ്വാൻകുട്ടി.

സകലരുടെയും പാദശുശ്രൂഷക്കാരൻ
യൂസുസുയോസേഫ്

കുന്നിരി നിന്നും
കാട്ടിൽ വൃശ്ചികം 12ന്നു

260

പൊതുവായുള്ള ഐക്യതയിൽ നിന്നു
ദൈവത്തെ സ്നേഹിക്കുന്നവരും അവന്റെ അനാദിനിർണ്ണയപ്രകാരം ദൈവത്താൽ സ്നേഹിക്കപ്പെട്ടവരും ആയുള്ള എല്ലാവർക്കും
മഹാദൈവത്തിന്റെ അനുഗ്രഹവും എന്നേക്കുമുള്ള ദിവ്യസമാധാനവും ഉണ്ടായി വർദ്ധിക്കട്ടെ.

ഇനിക്കു നിങ്ങൾ ചെയ്തിരിക്കുന്ന നന്മയെ എന്റെ സന്തതി സന്തതിയുള്ള കാലംവരെ ഞാൻ ഒരിക്കലും മറക്കയില്ല. ഇവെക്കു തക്കതായുള്ള പ്രതിഫലത്തെ മഹാദൈവം നിങ്ങൾക്കു തരാതിരിക്കുമോ? അവൻ നിങ്ങളുടെ കുഡുംബത്തെ അനുഗ്രഹിച്ചു നിങ്ങളുടെ സന്തതിയെ വർദ്ധിപ്പിക്കയും സകല ബാധകളെയും നിങ്ങളുടെ കുഡുംബങ്ങളിൽ നിന്നു അശേഷം നീക്കികളകയും ചെയ്യട്ടെ.

എന്നാൽ മഹാദൈവത്തിന്റെ അനുവാദപ്രകാരം ഞാൻ നിങ്ങളോട് യാചിക്കുന്ന കാര്യം ഇതത്രേ. അല്പദിവസത്തേക്കു എന്റെ പ്രത്യേക നിക്ഷേപമായ നിങ്ങളിൽ നിന്നു ഇരുന്നു എന്റെ കുഡുംബച്ചിലവു കഴിക്കണമെന്നു മഹാദൈവത്തിന്റെ വെളിപാടുണ്ടായിരിക്കയാൽ എന്റെ വിശ്വസ്തന്മാരെ ഈ എഴുത്തും കൊടുത്തു നിങ്ങളുടെ അടുക്കൽ അയക്കുന്നു. നിങ്ങളുടെ കയ്യിൽ ഉള്ളതിനെല്ലാം വല്ലതും കൊടുത്തയപ്പാറാകണം.

വിശേഷിച്ചും നിങ്ങളിൽ ആർക്കെല്ലാം ഏതെല്ലാം രോഗമുണ്ടോ? ആ വിവരം എന്നെ ഗ്രഹിപ്പിച്ചാൽ രോഗശാന്തിക്കായിട്ടു ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചു മഹാദൈവത്തിൽനിന്നു വെളിപ്പെടുന്നതിനെ നിങ്ങളോടു പറയാം. നിങ്ങൾക്കു ഇതുവഴിയായി രോഗശാന്തി വരും നിശ്ചയം നിശ്ചയം നിശ്ചയം. ഇങ്ങിനെ വന്ദനാപൂർവ്വം എഴു

തിക്കൊള്ളുന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ വിദ്വാൻകുട്ടി എന്നു വിളിച്ചുവരുന്ന

കന്നീറി നിന്നും യൂസുസുയോസേഫ്

ഫാദർ വുഷ്കിക വഴി

261



പൊതുഏകഷെകൃതയിൽ നിന്നു
എന്റെ പ്രിയമുള്ള മങ്കുഴി ഇടവക കായ്സ്ഥൻ പ്രമാണികൾ മൂപ്പന്മാർ ഉപദേശി മുതലായ സകലശുശ്രൂഷക്കാർക്കും മറ്റു
എല്ലാ സഭക്കാർക്കും എന്റെ വന്ദ്യുദ്ധമംബനം.

ഞാൻ കഴിഞ്ഞ തൊയറാഴ്ച നിങ്ങളോടുകൂടെ ദൈവത്തെ ആരാധിപ്പാൻ തക്കവണ്ണം ആഗ്രഹിച്ചുകൊണ്ടിരുന്നു എങ്കിലും ഞാൻ വന്നിരിക്കുന്നതിനെ നിങ്ങൾ ഏറക്കുറെ അറിഞ്ഞിട്ടും ശുശ്രൂഷെക്കു മുമ്പാകട്ടെ അതു കഴിഞ്ഞശേഷമാകട്ടെ ഞാൻ ആരാധനസ്ഥലത്തു വരാതിരുന്നതു എന്തെന്നു നിങ്ങൾ അന്വേഷിക്കേണ്ടതായിരുന്നപ്പോൾ അങ്ങിനെ ചെയ്യാതെ പൊയ്കളഞ്ഞതു നിങ്ങൾക്കു കുറഞ്ഞമെന്നു എണ്ണപെടായ്വാൻ ഞാൻ ദൈവത്തോടു അപേക്ഷിച്ചിട്ടുണ്ടു. എന്തെന്നാൽ നാലാഴ്ചയായി പറമ്പിൽ ബോധകർ ശുശ്രൂഷെക്കു വരാത്തതിനെപറ്റി സഭ എന്നുള്ള മുറെയ്ക്കു ബോധകരോടു കാരണമെന്തെന്നു ചോദിക്കേണ്ടതായിരുന്നപ്പോൾ നിങ്ങൾ അങ്ങിനെ ചെയ്യാത്തതു പോലയെ ഇതും എണ്ണപ്പെടുവാനുള്ളു.

എന്നാൽ ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കേണ്ടുന്ന ന്യായങ്ങളുണ്ടു. അവയെപ്പറ്റി ഞാൻ ഇതുവരയും എഴുതാഞ്ഞതു നിങ്ങളുടെ മുറയെ നിങ്ങൾ ചെയ്വാൻ പ്രാപ്തിവന്നിട്ടുണ്ടോ? ഇല്ലയൊ? എന്ന കാണേണ്ടുന്നതിനത്രെ. നിങ്ങൾ എത്രയും കുഞ്ഞുങ്ങളാകയാൽ ആ പ്രായത്തിന്നു തക്കവണ്ണം മാത്രമെ മേൽപറഞ്ഞ ന്യായങ്ങളെ പറയുന്നുള്ളു.

ഞാനതു ഞാൻ ഈ മാസം ആദ്യം മങ്കുഴിയിൽ വന്നിരുന്നപ്പോൾ വൃദ്ധത്തൂർ കുഞ്ഞു പറമ്പിൽ ബോധകരെപ്പറ്റി എന്നോടു വായ്മൂലം പറഞ്ഞതിന്റെ ചുരുക്കം ബോധകർ ഒരു അമ്മാവിഅപ്പന്റെ മുറെക്കൊ ഒരു ബോധകരുടെ മുറെക്കൊ ഒരു ക്രിസ്ത്യാനിമുറെക്കൊ അല്ല ഇന്നലത്തെദിവസം എന്നോടു വ്യാപരിച്ചിരിക്കുന്നതു അതുകൊണ്ടു ബോധകരുടെ ആത്മാവിനെക്കുറിച്ചും അവരുടെ കുടുംബത്തെക്കുറിച്ചും ഇനിക്കു വളരെ വ്യസനം ഉണ്ടു എന്നത്രെ. കൊച്ചുകുഞ്ഞു പറഞ്ഞ കായ്യം സത്യംതന്നെ എന്നു പലരിൽനിന്നും അറിഞ്ഞു. ഈപ്രകാരം വരുത്തി ഈ കായ്യം സംഘത്തിൽ കേട്ട തീർച്ചയാകുന്നതുവരെ ബോധകർ ശുശ്രൂഷിക്കാതെ ഇരിക്കട്ടെ. ചെയ്ത കായ്യത്തെക്കുറിച്ചു അനുതാ

വിച്ചു വിനയപ്പെടട്ടെ എന്നു പറഞ്ഞു ചട്ടംകെട്ടി മടങ്ങി കണ്ണീരിൽ പോകയും പിന്നീട് ഒരു സമയം ജനപ്രതിനിധി വിലിപ്പോച്ചനെ കണ്ടു സമാധാനത്തിന്നടുത്ത കാര്യങ്ങളെ ബോധകരോടു പറവാൻ തക്കവണ്ണം കണ്ണീരിൽ നിന്നു പറഞ്ഞയച്ചാറെ വിലിപ്പോച്ചന്റെ മറുപടിയാൽ ബോധകരുടെ ഹൃദയം സത്യമാനസാന്തരത്തിലേക്കു വന്നിട്ടില്ലാ എന്നറിഞ്ഞു.

പാമത്തു പൂവത്തൂർ കുഞ്ഞു പറമ്പിൽ നിന്നു പോയിരിക്കുന്നതു എന്റെ വെളിപാടുകൊണ്ടാകുന്നു. അവനെ വരുത്തി സമാധാനപ്പെടുത്തേണ്ടതു ഞാനാകുന്നു എന്നു ഈപ്പച്ചൻ പറഞ്ഞിരിക്കുന്നു. ഇങ്ങിനെ എന്നോടു പറയുന്നതു ന്യായമല്ലാ എന്നു കാണിച്ചു ഈപ്പച്ചനു ഞാൻ ഇതിനോടുകൂടെ എഴുത്തയച്ചിരിക്കുന്നു. അതു നിങ്ങൾ വായിച്ചറിയണം. അല്ലാതെയും പൂവത്തൂർ കുഞ്ഞു തന്നോടു ബോധകർ ചെയ്യുവാനുള്ള കാര്യത്തെക്കുറിച്ചു അവൻ ഈപ്പച്ചനു ഒരു എഴുത്തയച്ചിട്ടുണ്ടെന്നും അതിനെ സംഘത്തിൽ അറിയിച്ചുകൊള്ളണമെന്നും ഞാൻ കേട്ടു. ആ എഴുത്തു ഈപ്പച്ചൻ ഇനിക്കു അയച്ചിട്ടുമില്ല കാണിച്ചിട്ടുമില്ല.

ഇങ്ങിനെ ചെറിയാൻബോധകർ തന്റെ കുറവിനെ താൻതന്നെ ഏറ്റുകൊള്ളുവാൻ മനസ്സില്ലാതെ പൂവത്തൂർ കുഞ്ഞിന്റെ മേൽ ആയതിനെ ചുമത്തുകയും അവരെ രണ്ടുപേരെയും സമാധാനപ്പെടുത്തി യോജിപ്പിക്കേണ്ടതും ഈപ്പച്ചനായിരിക്കുമ്പോൾ ആ മുറ ഞാൻ നടത്തണം എന്നു ന്യായരഹിതമായി എന്നോടു പറകയും ഞാൻ അതിനെ നിവൃത്തിക്കും താങ്കൾ അവിടെനിന്നു ഇറങ്ങിക്കൊള്ളണം അതു ന്യായമായി പറയുന്നതിനെ കേൾക്കാതെ ആ കുടുംബത്തിന്മേൽ ദൈവകോപം വരുവാൻതക്കവണ്ണം സിദ്ധാന്തത്തോടുകൂടെ അവിടെ പാർത്തുകൊണ്ടു ഐക്യത്തെക്കുറിച്ചു രാധനയായി എന്നോടു വ്യാപരിക്കയും ചെയ്തിരിക്കുന്നു.

ഈ കാരണത്താലാകുന്നു ഞാൻ കഴിഞ്ഞ ഞായറാഴ്ച പറമ്പിൽ വരാഞ്ഞതു ആ സ്ഥലത്തിൽ പ്രത്യേകം ഉള്ളവർ ഈപ്പച്ചനും ചെറിയാൻബോധകരുമാകയാൽ അവരെ രണ്ടുപേരെയും പൂവത്തൂ കുഞ്ഞിനോടും എന്നോടും ഐക്യതയില്ലാതെ ഇരിക്കുമ്പോൾ അവരുടെ അധീനത്തിലുള്ള ആ സ്ഥലത്തിൽവച്ചു ആരാധന കഴിച്ചാൽ ഐക്യതയിന്നാത്മാവാകുന്ന മഹാദൈവം അവിടെ എഴുന്നള്ളുമോ? ഇല്ല നിശ്ചയം. ദൈവം എഴുന്നള്ളാത്ത സ്ഥലത്തുവച്ചു ആരാധന കഴിക്കുന്നതു ന്യായമല്ല. ആരാധനയിൽ കൂടുന്നതും ന്യായമല്ല. അതുകൊണ്ടു ന്യായത്തിന്റെയും സ്നേഹത്തിന്റെയും ആത്മാവു ചെറിയാൻബോധകരിലും ഈപ്പച്ചനിലും ക്രിയചെയ്യുന്നതുവരെ ആ സ്ഥലത്തുവച്ചൊരു ആരാധന കഴിക്കപ്പെടുവാൻ തരിക്കുന്നതു അവർക്കു എത്രയും നന്മയാകുന്നു. അവരുടെ നന്മെക്കായിട്ടു പറമ്പിൽവച്ചൊരു ആരാധ

ന നടത്താതെ ഇരിപ്പിൻ. എന്നു വന്നാലും എഴുതിക്കൊള്ളുന്നതു
നിങ്ങളുടെ പാദശുശ്രൂഷക്കാരൻ
കന്നീററിനിന്നും
ഹംഗ്ലി വ്യാപ്തി വച്ചു

യൂസ്സുയോസേഫ്.

262



പൊതുഐക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള നിക്ഷേപപാത്രം ഉണ്ണുന്നു
എന്റെ വിശ്വാസപ്രബന്ധനം

വാദ്ധ്യാരുടെ കായ്ത്തെക്കുറിച്ചു ഇനിക്കു വളരെ വിചാരപ്പാടുണ്ടു. അയാളുടെ ബുദ്ധിമുട്ടിനു ദശാംശപിരിവിൽനിന്നു അല്പം സഹായിപ്പാൻ നിങ്ങളോടു അപേക്ഷിക്കുന്നു. വിശേഷിച്ചും ഇപ്പോലെ സഹായത്തിനു അത്യാവശ്യമുള്ള ശുശ്രൂഷക്കാർ ഉണ്ടെങ്കിൽ ആ വിവരത്തിനു ഇങ്ങോട്ടു എഴുത്തയക്കണം. എന്നാൽ മുതൽപിടിയിലേക്കു എഴുത്തയക്കാം. എഴുത്തു വരാതെ മുതൽപിടിയിൽനിന്നു ഒന്നും ചിലവഴിച്ചുപോകരുതു ശേഷം ഒക്കയും വാദ്ധ്യാർ വരികയും ചെയ്യും.
എന്നു തങ്കളുടെ പാദശുശ്രൂഷക്കാരൻ
കന്നീററിനിന്നും
ഹംഗ്ലി. വ്യാപ്തി. വച്ചു

യൂസ്സുയോസേഫ്.

263



പൊതു ഏക ഐക്യതയിൽനിന്നു
എന്റെ പ്രിയമുള്ള മത്തായി ബോധകക്കു എന്റെ വിശ്വാസപ്രബന്ധനം

കഴിഞ്ഞ തിങ്കളാഴ്ച തങ്കൾ മങ്കുഴിയിൽ വന്നുചേർന്നെന്നു ചെമ്പകശ്ശേരി ബോധകർ വഴിയായി ഞാൻ അറിഞ്ഞു. തങ്കളുടെ സുഖക്കേടിനെക്കുറിച്ചു ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചിട്ടുണ്ടു. തങ്കൾക്കു ശരീരബലത്തെയും ആത്മശക്തിയേയും തന്നു കർത്താവു തന്റെ അതിമഹത്തായ വേലയെ തങ്കളെക്കൊണ്ടു നിവൃത്തിപ്പിക്കുമാറാകട്ടെ. ഉള്ളതിനെന്നും തങ്കൾക്കു സഹായിപ്പാനായിട്ടു ഞാൻ ചെറുകോൽ ഇടവകെക്കു എഴുതീട്ടുണ്ടു.

എന്നാൽ സഹോദരാ! ഇപ്പോൾ ഇനിക്കു വളരെ വ്യസനമുണ്ടു. നൂറിനാല്പത്തിനാലായിരവും അനേകായിരങ്ങളും മങ്കുഴി പറമ്പു എന്ന സ്ഥലത്തു വന്നുകൂടി അവിടെവെച്ചു മഹത്പ്രത്യക്ഷതയുണ്ടാകും എന്നുള്ള മൂഢവിചാരം ഈപ്പച്ചന്റെയും പറമ്പിൽ ബോധകരു

ടെയും ഹൃദയത്തിൽ വെളിപാടിന്റെ അന്തരം അറിയാതെ അനേ
കദിവസമായി കേറി ക്രിയചെയ്യുവരികയും ഇപ്പോൾ സ്പഷ്ടമായി
വെളിപ്പെടുകയും ചെയ്തിരിക്കുന്നു. വേദവാക്യന്യായങ്ങളെ കൊണ്ട്
ഇങ്ങനെയുള്ള അവരുടെ വിചാരം തെറ്റെന്നു സ്പഷ്ടമായി കാണിച്ചാ
ലും അനുസരിപ്പാൻ മനസ്സില്ലാതെ ജഡവൈരാഗ്യത്തിൽ എത്തുത്തു
നിൽക്കുന്നു. അതുകൊണ്ടു ഈ വിചാരം അവരുടെ ഹൃദയത്തിൽനിന്നു
എപ്പോൾ ഒഴിഞ്ഞു പോകുമോ? അതുവരെയും പറഞ്ഞു എന്നുള്ള സ്ഥല
ത്തു താങ്കൾ പാർക്കാതെ ഇരിക്കുന്നതു, ഈപ്രസ്താവം മെറിയാൻ ബോ
ധകക്കും നന്മയാകുന്നു. മേൽപറഞ്ഞ ദുഷ്ടയെല്ലാം താങ്കൾക്കു വരുവാ
ൻ കഴിയാത്തതിനാൽ അവരുടെ ആ ദുർവിചാരത്തിനു താങ്കൾ പം
കുകാരനായിരിക്കയില്ല. അതുകൊണ്ടു അവിടെ പാർക്കുന്നതിനാൽ
താങ്കൾക്കു ദോഷം വരും എന്നല്ല. അവർക്ക നന്മ വരികയില്ല എന്നു
തന്നെ എന്റെ പറച്ചിലിന്റെ സാരം. അല്ല അവിടെ പാർക്കുന്നതു നന്മ
കുൽ മേല്പറഞ്ഞ എണ്ണം താങ്കൾക്കു ഇല്ലെന്നു അവർ ദൈവസാക്ഷി
യായി താങ്കളോടു പറയട്ടെ. പിന്നീടു പാർക്കും മുതൊരു വിരോധ
വുമില്ല. ഇങ്ങനെ ഒക്കെ പറയുന്നതു താങ്കൾ കന്നീറിൽ വരുവാനാ
യിട്ടാകുന്നു എന്നു താങ്കൾക്കു തോന്നിപ്പിക്കും. അങ്ങനെ വരാതെ ഇ
രിപ്പാൻ തക്കവണ്ണം താങ്കൾ പാപ്പാനായിട്ടു ഇങ്ങോട്ടു വരുക. ഞാ
ൻ വന്നു താങ്കളെ കണ്ടുകൊള്ളാം. എന്നാൽ കഴിയുന്നതുപോലെ സ
ഹായിക്കയും ചെയ്യാം. ഇന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും — യുസ്സുയോസേഫ്.

ഫാർഗി. ധനു. 12 നു-

L64

പൊതു ഏകതൈകൃതയിൽ നിന്നു
എന്റെ പ്രിയമുള്ള ചെറുകോൽ ഇടവക കായ്സ്ഥന്നും
സഭാപ്രമാണികൾക്കും എന്റെ പരിശുദ്ധ ചുംബനം.

നമ്മുടെ പ്രിയപ്പെട്ട പാണ്ടിക്കാരൻ മത്തായി ബോധകർ സുഖ
ക്കേടോടു കൂടെ മംകുഴിയിൽ വന്നുചേർന്നിരിക്കുന്നു.

ദശാംശം വകയായി സഭാമുതൽപാടിയിൽ വല്ലതും ഉണ്ടായിരു
ന്നാൽ ഉള്ളതിനു തക്കവണ്ണം ബോധകക്കു സഹായിപ്പാൻ അപേക്ഷി
ക്കുന്നു. ജീവനാണ്യം ജീവകരുണയിൻ നിക്ഷേപപാത്രത്തിൽ വേ
ണ്ടുന്നിടത്തോളം കൂൽപ്പിച്ചിട്ടുണ്ടു. ചിലവിനു തക്കവണ്ണം അവിടെ
നിന്നു വരുത്തിക്കൊള്ളണം. ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളു
ന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും — യുസ്സുയോസേഫ്.

ഫാർഗി. ധനു. 12 നു-

265-



പൊതു ഏകൈക്യതയിൽനിന്നു
എന്റെ പ്രിയമുള്ള അഞ്ചേരി ഇടവക കാര്യസ്ഥൻ പ്രമാണികൾ
ഉപദേശിയാർ എന്നിവർക്കു എന്റെ വാത്സല്യ മുംബനം

ഐക്യതയിന്നാത്മാവാകുന്ന മഹാദൈവം തന്റെ പ്രിയ കുട്ടികളെ ശിക്ഷിച്ചു വളർത്തുന്ന സമയമാകുന്നു ഇതു. കുട്ടികളിൽ മൂത്തകുഞ്ഞു ഈപ്പച്ചനാകയാൽ ഒന്നാമതു അവിടത്തെ ആകുന്ന പഠിപ്പിപ്പാൻ ആരംഭിച്ചിരിക്കുന്നതു. ഈപ്പച്ചൻ പഠിച്ചു കഴിഞ്ഞാൽ എല്ലാവരും പഠിച്ചുകഴിഞ്ഞു. എന്തെന്നാൽ അവിടത്തെ പഠിപ്പിപ്പാനുള്ള പ്രയാസത്തേക്കാൾ ലഘുവാകുന്ന മരണമല്ലാതൊട്ടു പൊരുതു ജയിക്കുന്നതു. ആത്മാവു ഈപ്പച്ചന്റെ ജഡത്തിന്റെ ക്രിയകളെ ഒന്നും എണ്ണാതെ എതുയും ലാളിച്ചു ലാളിച്ചു കൊണ്ടുവന്ന തന്റെ മണവാട്ടിയുടെ കയ്യിൽ ഇപ്പോൾ ഏൽപ്പിച്ചിരിക്കുന്നതിനാൽ മണവാട്ടിക്കു ഈപ്പച്ചനെ പഠിപ്പിക്കുന്നതിൽ വളരെ പ്രയാസം വന്നിരിക്കുന്നു. അക്ഷരം നേരെ ശബ്ദിപ്പാകുന്നു പഠിപ്പാനൊ മനസ്സില്ല. അതിനാൽ വാങ്ങിപ്പാൻ അറിഞ്ഞുകൂടാ പള്ളിക്കൂടത്തിൽ വന്നാൽ തൊന്തരവു കാണിക്കും. മറ്റു പിള്ളാരെ ഞോട്ടകയും ഇല്ലാത്ത വഴക്കുണ്ടാക്കുകയും ചെയ്യും. ആശാനെ തീരെ അനുസരണമില്ല. ശാസിക്കയൊ ശിക്ഷിക്കയൊ ചെയ്താൽ അതിനെ അറിഞ്ഞു അംഗീകരിപ്പാൻ പാത്രതയില്ല. വളരെ കെറുവും മുൻകോപവുമുണ്ടു. വലിയ വായിലെ നിലവിളിക്കയും ചെയ്യും. അപ്പനോടു സങ്കടം ബോധിപ്പിച്ചു അരുളപ്പാടു അശാന്നു കൊണ്ടു കൊടുക്കയും അതിനെ ആശാൻ വിവരിക്കുമ്പോൾ അതങ്ങിനെ അല്ലെന്നു വാദിക്കയും ചെയ്യും എന്നുവേണ്ടാ ഇങ്ങിനത്തെ പ്രയാസം ഇതിന്നു മുൻപുണ്ടായിട്ടില്ല ഇനി ഉണ്ടാകയുമില്ല. ഇവ്വണ്ണമുള്ള പ്രയാസത്തിലാകുന്ന ഞാൻ ഇരിക്കുന്നതു. നിങ്ങൾ ഈ കാര്യത്തിന്നു വേണ്ടി പ്രത്യേകം പ്രാർത്ഥിപ്പാൻ അപേക്ഷിക്കുന്നു.

വിശേഷിച്ചും ഇപ്പോൾ ഇരുന്നു എന്റെ ഉപജീവനം കഴിക്കുണമെന്നാകുന്ന വെളിപ്പെട്ടിരിക്കുന്നതു. അതിനെപ്പറ്റി തൈക്കുടെ പക്കൽ എഴുത്തും കൊടുത്തു അയച്ചിട്ടുണ്ടു. അതു വായിച്ചു കാണണം നിങ്ങൾ ഇനിക്കു തരുന്ന ഭിക്ഷയാകുന്ന സുഗന്ധബലിക്കു തക്കവണ്ണം ജീവനാന്യം മുതൽപാടിയിൽ വേർതിരിച്ചു വെച്ചു കൊണ്ടാൽ നിത്യവിവാഹത്തിന്നു അവ ഉപയോഗിച്ചു കൊള്ളാം നിങ്ങൾക്കും കുടുംബങ്ങൾക്കും എല്ലാവക്കും തന്നെ ജീവാനുഗ്രഹം ഉണ്ടായി വർദ്ധിച്ചു ഏറ്റവും പെരുകട്ടെ.

കന്നീറ്റി നിന്നും എന്നു നിങ്ങളുടെ വാത്സല്യശുശ്രൂഷക്കാരൻ
[illegible] യൗസുയോസേഫ".

266



പൊതു ഏകൈക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള ചെറിയാൻ ബോധകൻ എന്നാ വി
ശുദ്ധ മുംബനം

ഇനി ഈപ്പച്ചൻ അവിടെ പാർക്കുന്നതു ദൈവകോപം താങ്കളുടെ കുഡുംബത്തിന്മേൽ വരുവാൻ തക്ക കാരണമായിരിക്കകൊണ്ടു ഞാൻ അതിനെ ഐക്യതയിന്നാത്മാവു മൂലം സ്പഷ്ടമായി അറിഞ്ഞിരിക്കയാൽ ദൈവകോപം വരുവാൻ തക്കവണ്ണമുള്ള കാരണത്തെ താങ്കൾ നശിപ്പിക്കുന്നതു വരെ ഞാൻ താങ്കളുടെ കുഡുംബത്തിൽ കേറുകയോ എന്റെ മകൾ സാറായെ താങ്കളുടെ കുഡുംബത്തിൽ അയക്കയോ ചെയ്യയില്ല നിശ്ചയം നിശ്ചയം നിശ്ചയം ആമെൻ ആമെൻ ആമെൻ എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കുന്നിറി നിന്നും) യൂസ്സുയോസേഫ്.
ഫാരിജി ധനു വ്യാ നു-)

267



പൊതുഏക ഐക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള കോടിയാട്ട ചാണ്ടപ്പിള്ളച്ചന്നു എന്റെ
വിശുദ്ധചുംബനം.

താങ്കൾ ആൽവശം കൊടുത്തയച്ച റിപ്പോർട്ടും ദശാംശം ചക്രം രൂപം മറ്റുസാമാനങ്ങളും ഒരു സുഗന്ധബലിയായി അംഗീകരിച്ചു കൊണ്ടു അനുഗ്രഹം താങ്കളിന്മേലും അവിടെയുള്ള എല്ലാ ഐക്യകുഡുംബങ്ങളിന്മേലും വർഷിപ്പിപ്പാൻ തക്കവണ്ണം ദൈവത്തോടു പ്രാർത്ഥിക്കയും അവനെ സ്തുതിക്കയും ചെയ്യു. മകരമാസം പിറന്നു നിത്യവിവാഹത്തിന്റെ ശുശ്രൂഷ ആരംഭിപ്പാനിരിക്കുന്നതിനാൽ ആ മഹത്തായ ശുശ്രൂഷയിൽ നിങ്ങളെല്ലാവരും വന്നെത്തുവാൻ തക്കവണ്ണം എത്രയും ജാഗരണത്തോടിരിപ്പിൻ. കാരണം ഐക്യതയിന്നാത്മാവാകുന്ന മഹാദൈവം ഈപ്പച്ചൻ മുതലായ ശുശ്രൂഷക്കാരെ പറിപ്പിപ്പാൻ തക്കവണ്ണം ആരംഭിച്ചിരിക്കയാൽ ആ മഹാദൈവത്തിന്നു അരെല്ലാം അനുസരണമില്ലാത്തവരായിതീർന്നു ഏടുകെട്ടിപ്പോകുമോ എന്നു അറിയുന്നില്ല. അതുകൊണ്ടു ഭയം സമയം ദ്വേഷാത്മാവാകുന്ന മഹാമല്ലനോടുള്ള പോരാട്ടമാകുന്നു. അവന്റെ കയ്യിൽ നിന്നു തന്റെ മക്കളെ വിടുവിപ്പാൻ തക്കവണ്ണം ഐക്യതയിന്നാത്മാവാകുന്ന ദൈ

വം താമസിയാതെ എഴുന്നേൽപ്പാൻ ഇരിക്കുന്നതിനാൽ അവന്റെ ശത്രുക്കൾ ചീതറി അവനെ പകയ്ക്കുന്നവർ മെഴുകുപോലെ ഉരുകിപ്പോകും നിശ്ചയം. ഐക്യതയിന്നാത്മാവാകുന്ന മഹാദൈവത്തെ സ്നേഹിക്കുന്ന നിങ്ങൾക്കോ നീതിയുടെ സൂര്യൻ തന്റെ ചിറകുകളുടെ കീഴെ ആരോഗ്യത്തോടെ ഉദിക്കും നിശ്ചയം നിങ്ങളും പുറപ്പെട്ടു തൊഴുത്തിലെ പശുക്കിടാക്കൾ എന്നപോലെ കൊഴുപ്പോടും പുഷ്ടിയോടും വളരും ആമേൻ.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും യൂസ്സുസ് യോസേഫ്

ഫാർഗി.ധനു. ൽാം നു-

268

പൊതുവുള്ള ഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള തട്ടാർവടക്കേതിൽ ഗീവറുഗീസു ജ്യേഷ്ഠനു എന്റെ വിശുദ്ധചുംബനം.

നാറാണത്തു് അലക്സന്ത്രയോസച്ചൻ താങ്കൾക്കു തരുവാനുള്ള രൂപാ 20-ം ഞാൻ നിശ്ചയമായി തന്നുകൊള്ളാം. അതുവരെയും 20 രൂപാവിലുള്ള നാലു ജീവനാണ്യം താങ്കളുടെ പക്കൽ ഈടായിരിക്കട്ടെ. മേടമാസം 20ാം നു-ക്കകം രൂപാ തന്നു കൊടുത്തയയ്ക്കുന്ന ജീവനാണ്യം വാങ്ങിച്ചുകൊള്ളുകയും ചെയ്യും. ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു. താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും യൂസ്സുസ് യോസേഫ്.

ഫാർഗി:ധനു: ൽാനു-

269

പൊതുവുള്ള ഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള നിക്ഷേപപാത്രം ഉമ്മച്ചനു എന്റെ വിശുദ്ധചുംബനം.

മുതൽപിടിയിൽ നിന്നും പിലിപ്പോച്ചൻ മൂലംതാങ്കൾ കൊടുത്തയച്ച രൂപാ 20ം കൊണ്ടുവന്നു തന്നു ആ വകയ്ക്കും ഈടുപ്പച്ചനു കൊടുത്തയച്ചതിനും കൂടെ ജീവനാണ്യം വേർതിരിച്ചു വെച്ചുകൊള്ളണം. ആയവ നിത്യവിവാഹശുശ്രൂഷയ്ക്കു ഉപയോഗിച്ചുകൊള്ളാം

വിശേഷിച്ചും ചേപ്പാട്ടച്ചന്റെ മുതൽപിടിയിൽ നിന്നും നാലു ജീവനാണ്യം സൌജന്യമായി കൊടുത്തു വിവരത്തിന്നു കണക്കെഴുതിക്കൊള്ളണം.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും യൂസ്സൂസ് യോസേഫ്.

ഫെബ്രുവരി 9: 1818.

270

പൊതുഷ്ക ഐക്യതയിൽ നിന്നും
എന്റെ പ്രിയമുള്ള പൊന്നു മത്തിയാസുകുഞ്ഞിനു

നിന്നെ കാണ്മാനോ നിന്നോട് സംസാരിപ്പാനോ ഐക്യതയിന്നാത്മാവു ഇന്നാക്കു ഏറ്റവാദം തരാഴികയാൽ എന്നെ കാണ്മാനായിട്ടു നീ ഇവിടെ വരരുതു. പിന്നെയും ആത്മാവു നിന്നോട് പറയുന്നതു ഈ കലഹസ്ഥിതിയിൽ നിന്റെ ഭാര്യയോട് കൂടെ നീ മങ്കുഴിയിൽ പോകാതെ നീ തനിച്ചു ഇന്നതന്നെ മങ്കുഴിയിൽ പോകണം എന്നും മേലാൽ നടക്കേണ്ടുന്ന കാര്യത്തെപ്പറ്റി രണ്ടുമൂന്നു ദിവസത്തിനകം എഴുത്തയെക്കണമെന്നും തന്നെ. അതുകൊണ്ടു നീ ഇന്നു തന്നെ മങ്കുഴിയിൽ പൊയ്ക്കൊള്ളണം. എന്റെ പൊന്നു കുഞ്ഞേ! നിനക്കു ഇതു നന്മയാകുന്നു. ഞാൻ ഒരു പിതാവിനെ പോലെ നിന്നോട് പറയുന്നതിനെ നീ ധിക്കരിച്ചുകളയരുതു. എന്നു

ധന്യ. ഫ. യൂസ്സൂസ് യോസേഫ്.

271

പൊതുഷ്ക ഐക്യതയിൽനിന്നു
ഐക്യതയിന്നാത്മാവിന്റെ നിയോഗം.

ഫാമുതു. ഇന്നു ഫ്രാംനു- വ്യാഴം മുതൽ രണ്ടുദിവസം സാറാമ്മ ചാലയ്ക്കാട്ടിലും ശനിയാഴ്ച ഫ്രമാനു- മുതൽ രണ്ടു ദിവസം ഇത്തിമലയിലും ഫ്രൊനു- ബുധനാഴ്ച മുതൽ ചില ദിവസങ്ങൾ ചെങ്കൊളം പീലിപ്പോസു ബോധകന്റെ കൂടയും പാർക്കേണ്ടുന്നതാകുന്നു. എന്റെ എഴുത്തു പോയിട്ടു അവൾ ചെങ്കൊളത്തു നിന്നു വരാവു.

വാമുതു. സാറാമ്മയുടെ അമ്മുമ്മത്തള്ള ചില ദിവസങ്ങൾ എന്നുവെച്ചാൽ ഇനി ഒരു ആത്മനിയോഗം ഉണ്ടാകുന്നതുവരെ മകളിൽനിന്നും സാറാമ്മയിൽനിന്നും വേർപെട്ടിരുന്നു ഉപവാസത്തോട് കൂടെ സാറാമ്മയുടെ പേക്കും മത്തിയാസിന്റെ പേക്കും മറ്റുള്ളവരുടെ ദുർമ്മാവു പകരപ്പെടുവാൻ തക്കവണ്ണം പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. അ

വരിൽ നിന്നുണ്ടാകുന്ന കുഞ്ഞു ഇവരുടെ മടിയിൽ വളരുവാൻ തക്ക വണ്ണം അമ്മുമ്മത്തള്ള ഇപ്പോൾ മാറിയെന്നപോലെ ആകേണ്ടതിന്നത്രെ. എങ്കിലോ മഹത്വപ്രത്യക്ഷതയിൽ നായരുമിണപോലെ ആയിഭവിക്കും. ചെമ്പകശ്ശേരി ബോധകർ എന്തു പറയുമോ? അതിനെ അവർ കേട്ടനുസരിക്കട്ടെ.

കന്നീറിനിന്നും — എന്നു യൂസ്സുസുയോസഫ്

ഫാളിൽ: ധനം: ഫ

272

പൊതുജനങ്ങളുടെ ഐകൃതയിൽനിന്നും
എന്റെ പ്രിയമുള്ള ഈപ്പച്ചനും ചെറിയാൻ
ബോധകർക്കും എന്റെ വിശുദ്ധചുംബനം

മത്തിയാസിനെ സംബന്ധിച്ചു നിങ്ങളോടുള്ള എന്റെ ആവലാധി.

ഒന്നാമതു. മത്തിയാസിന്റെ ഭാഗ്യം പറമ്പിൽ നിന്നു പോയിട്ടു മറ്റൊരു വീട്ടിൽ രാത്രിപാർക്കണം എങ്കിൽ യാക്കോബുബോധകരുടെ അനുവാദം വേണം എന്നുള്ള ആത്മനിയോഗം നിങ്ങൾ അറിഞ്ഞിരിക്കെ അയാളുടെ അനുവാദമോ എന്റെ അനുവാദമോ എന്റെ കുടുംബത്തിലുള്ള വേറെ ഒരുത്തന്റെ അനുവാദമോ വിശേഷാൽ ചെമ്പകശ്ശേരി ബോധകരുടെ അനുവാദമോ ഇല്ലാതെകണ്ടാകുന്ന സാറാമ്മയെ എന്റെ ഭവനത്തിലേക്കു നിങ്ങൾ അയച്ചതു്. മാത്താമ്മ അവിടെ നിന്നും പോകുന്നതിന്നു യാക്കോബുബോധകരുടെ അനുവാദം വേണമെങ്കിൽ സാറാമ്മക്കു എത്ര അധികം? ഇങ്ങനെ ചെയ്യാതെ നിങ്ങൾ ഇവളെ ഇവിടെ അയപ്പാൻ കാരണം എന്തെന്നു നിങ്ങൾ പറയണം.

രാവതു. സാറാമ്മയെ ഇവിടെ നിന്നു കൊണ്ടുപോകേണ്ടുന്നതിന്നു നിങ്ങളാകുന്ന മത്തിയാസിനെ അയച്ചതു എന്നും അവളെ കൊണ്ടുവരാതെ കണ്ടു അവൻ അവിടെ കേറിക്കൂടാ എന്നുള്ള ആന്തരത്തോടുകൂടെ ആകുന്നു അവനെ അയച്ചതു എന്നും സ്പഷ്ടമായി വെളിപ്പെട്ടിരിക്കുന്നു. എങ്ങിനെ എന്നാൽ രണ്ടാഴ്ചകൂടെ കഴിഞ്ഞു സാറാമ്മയെ അയക്കാമെന്നു ഞാൻ അവനോടു പറഞ്ഞാറെ ഞാൻ അവളെ കൊണ്ടുപോകും അല്ലെങ്കിൽ അപ്പൻ കെടുവിക്കും എന്നു അവൻ പറഞ്ഞതിന്നു അപ്പൻ കെടുവിക്കാതെ ഇരിപ്പാൻ ഞാൻ എഴുത്തു തരാം. നീ പോകണം എന്നു പറഞ്ഞാറെ ഞാൻ പോകയില്ല എന്നു സിദ്ധാന്തം പറകയും കെടുവിക്കയും ചെയ്തതു മാത്രമല്ല കഴിഞ്ഞചൊവ്വാഴ്ച ഞാൻ ഇവിടെ ഇല്ലാതിരുന്ന സമയത്തു രാത്രിയിൽ പിച്ചാത്തി ഊരിക്കൊണ്ടു അകത്തു കേറി സാറാമ്മയെ പിടിച്ചു വലിക്കയും അവ

ൽ നിലവിളിച്ചാറെ അമ്മയും അമ്മാവിയമ്മയും കൂടെ അവന്റെ കയ്യിൽ നിന്നു സാറാമ്മയെ വിടുവിച്ചു അകത്തിട്ടു പൂട്ടുകയും അവന്റെ തള്ളൽ കൊണ്ടു അമ്മ വീഴുകയും അമ്മാവിയമ്മ കരണ്ടുകയും അവന്റെ പിച്ചാത്തികൊണ്ടു തൊമ്മന്റെ തല മുറിഞ്ഞു ചോരയെടുക്കയും മഹാപ്രയാസത്തോടു കൂടെ അനേകർ വന്നു അവനെ പുറത്തു കൊണ്ടു പോകയും ചെയ്തു. എന്നു മാത്രമോ? പിന്നെയും പന്തലിൽ കേറിവന്നു വളരെ വായിഷ്ഠാനം പറകയും ചെയ്തു എന്നു മുരുക്കത്തിൽ പറയുന്നു. ഇങ്ങിനെ ചെയ്യുന്നതു സാക്ഷാൽ ഭ്രാന്തല്ലാതെ വീണ്ടും ജനിച്ച ഒരു മനുഷ്യൻ ചെയ്കയില്ല. ലോകമര്യാദയിൽ ഇരിക്കുന്ന മനുഷ്യരും ചെയ്കയില്ല. അതിലും ഇക്കാലത്തു ഒരു പ്രധാന ബോധകരുടെ മകൻ ഇവ്വണ്ണം ചെയ്താൽ എത്ര കഷ്ടം! ഇങ്ങിനെ പ്രവൃത്തിപ്പാൻ തക്കവണ്ണം ഞങ്ങൾ അവനെ അയച്ചിട്ടില്ല എന്നു നിങ്ങൾ പറയുമായിരിക്കും ശരി. അവൻ ഒരു മൂഢനും അവിവേകിയും എന്നു നിങ്ങളറിഞ്ഞിട്ടില്ലയോ? തൽക്കാലം ഭാര്യയെ അയച്ചില്ലെങ്കിൽ നീ അവിടെ ഒരു വിഷമവും ഉണ്ടാക്കാതെ ഇങ്ങോട്ടു വന്നേക്കണം എന്നു അവനോടു പറഞ്ഞു അയക്കേണ്ടയോ? നിന്റെ ഭാര്യയെ കൂടാതെ നീ ഇങ്ങോട്ടു വരരുതു എന്നു പറഞ്ഞയക്കയോ? ചെയ്യേണ്ടുന്നതു. ആദാമിനെ നിങ്ങൾ എന്തിനു പറഞ്ഞയച്ചു? മത്തിയാസു അവിടെ എഴുത്തയച്ചതു എന്തിനു? ആദാം വന്നാൽ മത്തിയാസിനെ കൂട്ടിച്ചു കൊണ്ടല്ലൊ പോകേണ്ടതു? അവൻ അങ്ങിനെ ചെയ്യാത്തതു നോക്കുമ്പോൾ മറുള്ളവർ എന്തു വിചാരിക്കും? അതുകൊണ്ടു മത്തിയാസിന്റെ കയ്യിൽ ഈ ദുഷ്ടതയുടെ വാൾ ആരു കൊടുത്തു? എന്നോടു നിങ്ങൾ ഇങ്ങിനെ മത്സരിക്കുന്നതു നന്നോ? എന്റെ കയ്യിൽ അന്യായം ഉണ്ടെങ്കിൽ പറവിൻ? അല്ലെങ്കിൽ മത്തിയാസു ചെയ്ത ഈ അന്യായത്തിനു നിങ്ങൾ പങ്കാരല്ല എന്നു പറഞ്ഞു ഒഴിവിൻ.

നിങ്ങൾ അങ്ങിനെ പറഞ്ഞൊഴിയുന്നതു അയ്യോ പരമാർത്ഥം തന്നെയൊ? എന്നു ശോധന കഴിക്കേണ്ടതിനു രണ്ടു കാര്യം നിങ്ങളോടു ചോദിക്കുന്നു.

(ക) മത്തിയാസിനു എഴുതികൊടുത്തിരിക്കുന്ന പുരയിടം അവനു അവകാശമായി കൊടുത്തിരിക്കയൊ? അല്ലെങ്കിൽ പീലിപ്പോച്ചന്റെ എഴുത്തിൽ കാണുന്നപ്രകാരം അവനെ കബിളിപ്പിപ്പാനായി എഴുതികൊടുത്തിരിക്കയാണൊ? ചെയ്തിരിക്കുന്നതു.

(ഖ) എന്റെ കുടുംബത്തിൽ നിന്നു തന്നിരിക്കുന്ന പെണ്ണിനു എന്റെ കുടുംബത്തിൽ നിന്നു തന്നിരിക്കുന്ന വണ്ണത്തെ വലിശയോടും കൂടെ അവകാശപ്പെട്ടതിക്കൊടുപ്പാൻ മനസുണ്ടോ? ഇല്ലയോ?

ഈ രണ്ടു ചോദ്യങ്ങൾക്കും ഉള്ള നിങ്ങളുടെ ഉത്തരം ഞാൻ വായിച്ചശേഷം ദുഷ്ടതയുടെ വാൾ അവന്റെ കയ്യിൽ കൊടുത്തതു ആരെന്നു ഞാൻ പിന്നെ പറയാം.

അല്ലാതെയും രാവെന്നില്ല പകൽ എന്നില്ല ഉപവാസ ദിവസങ്ങൾ അല്ലാത്ത ദിവസങ്ങൾ എന്നില്ല സപത്നിയുടെ അപമാനമായിട്ടും മഹാ വെറുപ്പായിട്ടും അനുഭവിച്ചു വന്ന കുലപാതകന്റെ ആത്മാവിന്നു ഇടം കൊടുത്തിട്ടുള്ള മത്തിയാസിന്നു ഈ മാസം ൯-ാം൹ ചൊവ്വാഴ്ച മുതൽ (൯൯-ാം) മുന്നൂറ്റിതൊണ്ണൂറ്റൊന്നാം ദിവസം ഭാര്യയുടെ മുഖം കാണാതെ കണ്ടു അര കെട്ടിയ ഉപവാസം ഐക്യതയിന്നാത്മാവാകുന്ന മഹാദൈവം കല്പിച്ചിരിക്കയാൽ അതുവരെയും സാറാമ്മയെ അങ്ങോട്ടയെക്കയില്ല. നിശ്ചയം നിശ്ചയം നിശ്ചയം. ആമെൻ ആമെൻ ആമെൻ. അവൻ അവളെ കാണ്മാൻ ഇങ്ങോട്ടും വരരുതു നിശ്ചയം നിശ്ചയം നിശ്ചയം. ആമെൻ. ആമെൻ ആമെൻ എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറ്റിൽ നിന്നും
ഫറൂഖ് ധനു മാസം.

യൂസ്സൂസു യോസേഫ്

273



പൊതു ഏകൈക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള കിഴക്കെ ഡിവിഷ്യൻ തലവൻ
ചാക്കോച്ചനു എന്റെ വിശുദ്ധ മുംബനം.

തുരുത്തിൽ കൊച്ചന്റെ ഇടങ്കേടിനെ സംബന്ധിച്ചു ചാണ്ടിയച്ചൻ വിവരം പറഞ്ഞു. അതിനെക്കുറിച്ചു പ്രാർത്ഥിച്ചാറെ വെളിപ്പെട്ടതിനെ ചാണ്ടിയച്ചൻ മൂലം പറഞ്ഞയച്ചിട്ടുണ്ടു. അതെ പ്രകാരം നടത്തിച്ചു കൊള്ളണം യാതൊരു ദോഷവും വരികയില്ല നിശ്ചയം. ഐക്യതയിന്നാത്മാവാകുന്ന മഹാദൈവം സാത്താനെ പതിരു പോലെ പറത്തിക്കളകയും മാമോനെ പൊടിയാക്കുകയും ചെയ്വാൻ തക്കവണ്ണം എഴുനീൽക്കുകയും ചെയ്തിട്ടുണ്ടു. ഇതിനെക്കുറിച്ചു ഒരുശകലം പോലും ഭയപ്പെടണ്ടാ. ദൈവമാകുന്ന ഇതിന്നു വാദി. ശേഷമൊക്കയും ചാണ്ടിയച്ചൻ പറകയും ചെയ്യും. എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിൽ നിന്നും
ഫറൂഖ് ധനു മാസം

യൂസ്സൂസുയോസേഫ്

274



പൊതു ഏകൈക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള കിഴക്കെഡിവിഷ്യൻ തലവൻ കണിയത്തു
ഉമ്മൻ വിചാരിപ്പുകാരനു എന്റെ വിശുദ്ധ മുംബനം

കൊട്ടയച്ച എഴുത്തും എല്ലാ സാമാനങ്ങളും ആകുന്ന ജീവബലിയെ സുഗന്ധ വാസനയായി മണത്തു ദൈവത്തെ സ്തുതിക്കയും നിങ്ങ

ൽക്കെല്ലാവർക്കും നന്ദിയറിയിക്കയും ജീവാനുഗ്രഹം നിങ്ങളുടെ എല്ലാ കുഡുംബങ്ങളിലും പരിപൂർണ്ണമായി വകരപ്പെടുവാൻ തക്കവണ്ണം പ്രാർത്ഥിക്കയും ചെയ്യുന്നു. എന്നാലൊ ഐക്യതയിന്നാത്മാവാകുന്ന മഹാദൈവം തന്റെ പ്രിയകുട്ടികളെ ശിക്ഷിച്ചു വളർത്തുന്ന സമയമാകുന്നു ഇതു. കുട്ടികളിൽ മൂത്ത കുഞ്ഞു ഈപ്പച്ചനാകയാൽ ഒന്നാമതു അവിടെത്തെയാകുന്നു. പഠിപ്പിപ്പാൻ ആരംഭിച്ചിരിക്കുന്നതു ഈപ്പച്ചൻ പഠിച്ചു കഴിഞ്ഞാൽ എല്ലാവരും പഠിച്ചു കഴിഞ്ഞു. ഇത്യാദി

വിശേഷിച്ചും ചാക്കോച്ചന്റെ മകന്റെ വിവാഹത്തെക്കുറിച്ചു അഞ്ചേരി വഴിയായി എഴുത്തു മൂലം ഞാനറിഞ്ഞു. യോഗ്യംപോലെ ചട്ടംകെട്ടി നടത്തിക്കുമല്ലൊ. പത്രത്തിന്റെ കാര്യത്തെക്കുറിച്ചു ഇന്ന പ്രകാരം വേണമെന്നു മകരമാസം പിറന്ന എഴുത്തയെക്കും ശേഷമൊക്കയും ചാക്കോച്ചനും കൊച്ചുപദേശിയും പറയും എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കുന്നീറ്റിൽ നിന്നും
ഫാദർ ധന്യ ഫനു

യൂസ്സൂസ് യോസേഫ്

275

പൊതു ഏകൈക്യതയിൽ നിന്നും

എന്റെ പ്രിയമുള്ള മണ്ണൂട്ടി ചെറിയാച്ചനു എന്റെ വിശുദ്ധ ചുംബനം

താങ്കൾ കൊടുത്തയച്ച എഴുത്തു വായിച്ചു ദൈവത്തോടു പ്രാർത്ഥിച്ചാറെ താങ്കളെ ദൈവത്തിനു വിലയാധാരമായി ഒപ്പും മുദ്രയും വെച്ചു എഴുതികൊടുത്തിരിക്കുന്നു എന്നതിനു താങ്കളുടെ എഴുത്തു തക്ക സാക്ഷിയായിരിക്കുന്നതിനാൽ വിലയാധാരം പോലെ ഞാൻ അതിനെ സൂക്ഷിക്കണമെന്നു വെളിപ്പെട്ടിരിക്കുന്നു. അതുകൊണ്ടു താങ്കളുടെ വീഴ്ച താങ്കൾക്കു എഴുന്നേൽപ്പിനും നഷ്ടം ലാഭമെന്നും ഞാൻ അറിഞ്ഞു ദൈവത്തെ സ്തുതിക്കുന്നു. ദൈവം താങ്കളെ തന്റെ ഉള്ളംകയ്യിൽ വച്ചുകൊണ്ടു സാത്താനോടു ഇവണ്ണം കൽപ്പിക്കുന്നു "ഞാൻ എന്റെ മകനാകുന്ന ഇവനെ എന്റെ ഉള്ളം കയ്യിൽ വച്ചിരിക്കുന്നു സാത്താനെ നിന്റെ വകയായിട്ടു ഏതെല്ലാം വസ്തുക്കൾ ഇവന്റെ പക്കൽ ഉണ്ടൊ അവയെ ഒക്കയും നീ വേഗം വന്നു അശേഷം എടുത്തു കൊണ്ടു പോ,, എന്നത്രെ. സാത്താനു കൽപ്പന കിട്ടീരിക്കയാൽ ഒരു എൽ മാത്രം അവന്റെ വക താങ്കളുടെ പക്കൽ കാണപ്പെടുവാൻ ദൈവം ഒരു നാളും സമ്മതിക്കയില്ല. അതുകൊണ്ടു സാത്താൻ അതി

ദുഃഖത്തോട്ട കൂടെ മരണം, നാറാം, അശുദ്ധം, അക്രമം വെറുപ്പിൻ വിഗ്രഹമാകുന്ന മാമോൻ. മുതലായ തന്റെ വസ്തുക്കളെ ഒക്കയും അവൻവേഗം എടുത്തുകൊണ്ടുപോകും. അപ്പോൾ ദൈവം തന്റെ സമ്പത്തുകളെകൊണ്ട് താങ്കളെ നിറെക്കയും ചെയ്യും. യാതൊരു വ്യത്യാസവുമില്ല. ആകയാൽ താങ്കളെ മുഴവനും ദൈവവകയായിട്ട പൂർണ്ണമായി എണ്ണി. അവന്റെ ഇഷ്ടം നിവൃത്തിപ്പാൻ എതൃയും ജാഗ്രതപ്പെട്ടിരിക്ക. എന്നു താങ്കളുടെ പാദത്തുശുശ്രൂഷക്കാരൻ.

കന്നീറിൽനിന്നും

ഫാദർ ധനു. ഫ്രാംസു- യുസുസുയോസേഫ്

276

പൊതു ഏകഐക്യതയിൽനിന്നു.

എന്റെ പ്രിയമുള്ള ഈപ്പച്ചനും ചെറിയാൻ ബോധകക്കും എന്റെ വിശുദ്ധചുംബനം.

കൊടുത്തയച്ച എഴുത്തു കൊണ്ടുവന്ന തന്നു ഞാൻ എന്റെ മുറ ചെയ്യുമ്പോൾ നിങ്ങൾ ഇടുകയൊ വിരുദ്ധപ്പെട്ടുകയൊ ഏതുക്കയൊ ചെയ്യുന്നതു നന്നല്ലെന്നു ആദ്യം നിങ്ങളോട്ട പറഞ്ഞുകൊള്ളുന്നു. എന്തെന്നാൽ ഇടച്ചിയും, വിരുദ്ധവും, ഏതുപ്പും, ഉണ്ടാകും എന്നു വിചാരിച്ച ഇനിക്ക എന്റെ മുറ ചെയ്യാതെ ഇരുന്ന കൂടാ. ഞാൻ ചെയ്യാതെ ഇരുന്നാൽ അന്യന്റെ രക്തം. എന്നോടാകുന്ന ചോദിക്കപ്പെട്ടുന്നതു? ചെയ്താൽ ദുഷ്ടൻ തന്റെ ദുഷ്ടതയെ വിട്ടു തിരിയുന്നതിനാൽ അവനു മോചനം ഉണ്ടാകയും തിരിയാതെ ഇരുന്നാൽ അവന്റെ രക്തം അവന്റെ തലമേൽ നിൽക്കുന്നതുകൊണ്ടു ഞാൻ ഒഴിവുള്ളവനാകും ചെയ്യും.

ദൈവം ഇനിക്ക തന്നിരിക്കുന്നതു ഒന്നാം കാഹളവും അതു പാപമോചനം അറിയിക്കുന്നതും ആകുന്നു. എന്നു നിങ്ങൾ നല്ലപോലെ അറിയുന്നു. അങ്ങിനെ അല്ലെന്നു നിങ്ങൾ പറഞ്ഞാൽ നിങ്ങൾ കള്ളം പറയുന്നു സത്യവും നിങ്ങളിലില്ല. പാപമോചനം അറിയിക്കുന്നു എന്നു പറഞ്ഞാൽ ഒരുവനെ പാപം, നീതി, ന്യായവിധി എന്നിവകളെ ചൊല്ലി ബോധപ്പെടുത്തി പാപകാരണം നശിപ്പിപ്പാൻ ബുദ്ധി പറഞ്ഞു സത്യമാനസാന്തരത്തിലേക്കു വരുത്തിക്കൊണ്ടു അവനു വേണ്ടി ക്ഷമെക്കായി അപേക്ഷിക്കയും മാപ്പു കൊടുക്കയും പാപത്തെ മറന്നു അവനെ സ്വാതന്ത്ര്യമായി വിട്ടയക്കയും ചെയ്യുന്നതല്ലൊ ആകുന്നു. അതുകൊണ്ടു കത്താവിന്റെ ആത്മമണവാട്ടിയുടെ നാമത്തിൽ ഒന്നാം കാഹളം നിങ്ങളുടെ മേൽ ഊതുവാൻ അവശ്യമുണ്ടൊ? ഇല്ലയൊ? നിങ്ങൾക്കു സ്വകാൽ പാപമോചനം വന്നിട്ടുണ്ടെങ്കിൽ

നിങ്ങളുടെ മേൽ ഊതുവാൻ ആവശ്യമില്ല. ആയതു വന്നിട്ടുണ്ടോ? ഇല്ലയൊ? എന്നു ഞാൻ അല്ലയൊ ശോധന കഴിക്കേണ്ടതു. അതല്ലൊ എന്റെ മുറ. പൊതു ഏകഐക്യതയിന്നാത്മാവിന്റെ തിരുനാമത്തിൽ നിങ്ങൾക്കു മോചനം വന്നിട്ടുണ്ടോ? ഇല്ലയൊ? എന്നു ഞാൻ ശോധന ചെയ്താറെ നിങ്ങൾ ഇടറി വിരുദ്ധപ്പെട്ടു ഐക്യതയെ ടെതുപ്പാൻ കാരണമെന്തു? ഞങ്ങൾ അങ്ങിനെ ചെയ്തില്ല എന്നു നിങ്ങൾക്കു പറയാമോ?

൫മതു. പറമ്പിൽ കുസുംബത്തെ സംബന്ധിച്ചു ഉണ്ടായിട്ടുള്ള ആത്മാവിന്റെ നാലു നിയോഗങ്ങളെ ഞാൻ ഈപ്പച്ചനെയും പീലിപ്പോച്ചനെയും വായിച്ചു കേൾപിക്കയും അവർ അതുപ്രകാരം പറഞ്ഞു ശട്ടം കെട്ടുകയും വേണമെന്നു പറഞ്ഞാറെ ഈ പരിശോധനയിൽനിന്നു ചെറിയാൻബോധകക്കു സംഭവിച്ച ഫലം നീതിയൊ? ലംഘനമോ? പാപം ഉള്ളിലില്ലെങ്കിൽ ലംഘനം പുറപ്പെടുകയില്ല നിശ്ചയം. അതുകൊണ്ടു പാപസ്വഭാവം കല്പനയോടു ഇടറി വിരുദ്ധപ്പെട്ടു എതുക്കുന്നതിനാലാകുന്നു ലംഘനം വെളിപ്പെടുന്നതു എന്നുള്ളതും സ്പഷ്ടം.

൬മതു. ആത്മാവിന്റെ നാലു നിയോഗങ്ങൾ മൂലം ഈപ്പച്ചനെ പരിശോധന ചെയ്താറെ തന്റെ കുറവത്തെ അന്യന്റെ മേൽ ചുമത്തുന്ന സ്വയനീതി വെളിപ്പെടുവാൻ കാരണമെന്തു? അതിനെ ആഴത്തു മൂലം ഈപ്പച്ചനും സഭക്കും അറിയിച്ചാറെ കവറും ജഡപ്രവൃത്തികളായ മത്സരം, ശാഠ്യ, ക്ഷമകേടു, അവിവേകം, സാഹസം, മൂഢശപഥം, ദുഷ്ക്രൂര, മുതലായ അകൃത്യങ്ങൾ പുറപ്പെടുവാൻ കാരണമെന്തു? ഈ ദുർഗ്രഹണങ്ങൾ മൂലം താൻ പറഞ്ഞതിനെ ഉടനെ ലംഘിപ്പാൻ ഇട വന്നിട്ടുണ്ടോ? ഇല്ലയൊ? "ഇനി നാം മഹതപ്രത്യക്ഷത ദിവസം കണ്ടുകൊള്ളാം" എന്നു പറഞ്ഞു ഒരു ഓട്ടം കൊടുക്കയും ഉടനെ അതു ലംഘിച്ചു മടങ്ങി വരികയും ചെയ്തിട്ടില്ലയൊ? ഈ ദുർഗ്രഹണങ്ങൾ മൂലം എത്ര കള്ളം പറവാൻ ഇട വന്നിട്ടുണ്ടായിരിക്കും? എത്ര വ്യർത്ഥവാക്കു പറവാൻ ഇട വന്നിട്ടുണ്ടായിരിക്കും? എത്ര നിയമലംഘനം ചെയ്തിട്ടുണ്ടായിരിക്കും? ദൈവം അറിയുന്നു. ഇവെക്കെ ഒക്കെയും കണക്കു ബോധിപ്പിക്കേണ്ടയൊ? "ഒരു വേദവാക്യവും എന്നെ കുറ്റം വിധിക്കയില്ല എന്നു" ഈപ്പച്ചൻ പറഞ്ഞിട്ടില്ലയൊ? ഏതു വാക്യം ഈപ്പച്ചനെ കുറ്റം വിധിക്കാതിരിക്കുന്നുള്ളു? ഒരു വാക്യം കാണിക്കണം. ഐക്യതയിൽനിന്നു ഊതുന്നതും കുന്നാം കാഹളം ഈപ്പച്ചന്റെ കള്ളസമാധാനംകൊണ്ടു അടങ്ങിപ്പോയ്തുകളയുമോ? പാപത്തിന്റെ ഒരു പൊടിയും കാണാഞ്ഞതു വരെ ഈപ്പച്ചന്റെ മേൽ തെരു തെരെ ഊതി ജഡത്തെ ഉരുക്കുകയില്ലയൊ? ഹാ! ഇതെത്ര ഭയങ്കരം! ദൈവം കൃപയൊടെ മനുഷ്യനു നൽകിയിരിക്കുന്ന കാഹളവും മനുഷ്യനും തമ്മിൽചേരായിരിക്കുമ്പോൾ രണ്ടും ഒന്നാ

കുന്നു എന്നു പറയുന്നവെറും ജഡ്മനുഷ്യനുഹാ! കഷ്ടം! ഞാനല്ലാ നിശ്ചയം. ആമെൻ. ഒന്നാംകാഹളമാകുന്നു. ആറും, ഏഴും, കാഹളങ്ങളെയല്ല നിശ്ചയം ആമെൻ. നിങ്ങളെ അകുന്ന പരിശോധന കഴിക്കുന്നതു. അഹംകാരംകൊണ്ടു നിറഞ്ഞ വെറും വ്യർത്ഥ മനുഷ്യനായുള്ള യൂസ്സുയോസേഫെ! നീയൊ ഒന്നാം കാഹളം? അഹംകാരംകൊണ്ടു നിറഞ്ഞ വെറും വ്യർത്ഥമനുഷ്യനായുള്ള കോരള ഈപ്പാ! നിയൊ ഏഴാം കാഹളം? എന്നു പരമൈക്യതയിൻ ഒന്നാം കാഹളം നിങ്ങളോടു ചോദിക്കുന്നു. അയ്യയ്യൊ! ഞാനല്ല ഈപാപിയിൽ വസിക്കുന്ന പുതിയ യൂസ്സുയോസേഫ് എന്ന നാമം ധരിച്ചു ഏകസ്നേഹാത്മമയനും ക്രിസ്തുമജനത്തെ ഒന്നാം കാഹളം. അവൻ തന്നെ ഏഴാം കാഹളവും എന്നു ഞാൻ ഇനിക്കും പുതിയ ഈപ്പച്ചനും വേണ്ടി ഉത്തരം പറഞ്ഞിരിക്കുന്നു. അതുകൊണ്ടു ഈ ഐക്യതയോടു പിണങ്ങുന്ന നിങ്ങൾ രണ്ടു പേരും ആരെന്നു ഒന്നാം കാഹളത്തോടു നേരായി ഉത്തരം പറവിൻ?

നാമതു. പറമ്പിലുള്ള ഐക്യകുഡുംബത്തെ ക്രമപ്പെടുത്തേണ്ടതു ഈപ്പച്ചനും ചെറിയാൻ ബോധകരും ആകുന്നു. മത്തിയാസിൻ ക്രമം കേട്ടു കണ്ടാൽ അതു ഒന്നാമതു നിങ്ങളുടെ കുറവാകുന്നു. ദൃഷ്ടാന്തമായിട്ടു ഇതു ഒരു പുവഴിയാകുന്നു. ഈ സമയം ചെറിയാൻ ബോധകർ അറിയാതെ മത്തിയാസു അൽപം നെല്ലെടുത്തു അവിടെ പാക്കുന്ന പാണ്ടിക്കാക്കൊ ഈപ്പച്ചന്റെ കുഡുംബത്തിലൊ കൊടുത്തു ചക്രം വാങ്ങിച്ചു എന്നിരിക്കട്ടെ. അല്ലെങ്കിൽ തേങ്ങായോ മറു സാധനമോ കൊടുത്തു ചക്രം വാങ്ങിച്ചു എന്നിരിക്കട്ടെ. ആ വിവരം ഈപ്പച്ചനോ ചെറിയാൻ ബോധകരോ അറിഞ്ഞു എന്നും ഇരിക്കട്ടെ. ഉടനേ മത്തിയാസിനേയും അവന്റെ കയ്യിൽനിന്നു വാങ്ങിച്ചവരേയും ശാസിച്ചു മേലാൽ അങ്ങിനെ വരാതിരിപ്പാൻ തക്കവണ്ണം ചട്ടംകെട്ടുകയോ? അല്ലെങ്കിൽ ഹാ! ഇതു സാരമില്ലാ എന്നു വിചാരിച്ചു. ഒന്നും ചോദിക്കാതെ ഇരിക്കുമൊ? ചെയ്യേണ്ടുന്നതു? ഇതു ഞാൻ ഒരു ദൃഷ്ടാന്തമായിട്ടാകുന്നു പറഞ്ഞിരിക്കുന്നതു. ഒരുവേള കായ്വും ഇപ്രകാരം നടന്നിരിക്കാം. അതു നിങ്ങൾ തിരക്കിക്കൊള്ളണം. അതുകൊണ്ടു കുഡുംബത്തെ ക്രമപ്പെടുത്താതെ ഇരിക്കുന്നതിനാലല്ലയൊ? കീഴിലുള്ളവർ ദോഷം പ്രവൃത്തിപ്പാൻ ഇട വരുന്നതു. പിന്നെയും സാരമ്മയെ അങ്ങോട്ടും ഇങ്ങോട്ടും അയക്കുന്ന ചട്ടവട്ടങ്ങൾ മനസ്സിലാകുവാൻ തക്കവണ്ണമാകുന്നു ഞാൻ ഈപ്പച്ചനോടു പറഞ്ഞിരിക്കുന്നതു. ആ കായ്വും അച്ചണ്ണും ചെറിയാൻ ബോധകരോടു പറഞ്ഞില്ലെങ്കിൽ ആയതു ഈപ്പച്ചന്റെ കുറവാകുന്നു. പിന്നെയും കടം കൊടുത്തവൻ തന്നെ മുറയെ ചെയ്യുന്നതു. കടം വാങ്ങിച്ചവൻ തന്റെ മുറയെ ചെയ്യാതെ ഇരിപ്പാനായിട്ടല്ല. ചെയ്യേണ്ടുന്നതിനാകുന്നു. എന്നു നല്ലപോലെ അറിയണം. അതുകൊണ്ടു കടംപെട്ടവൻ കടം കൊടുത്തവനോടു എങ്ങി

നെ ന്യായവരിക്കേണ്ടുന്നതോടു അവപണ്ണം പ്രവൃത്തിച്ചുകൊള്ളണം. പിന്നെയും "പൊതു ഏകഐക്യതയിൽനിന്ന്" എന്നു എഴുതണമെങ്കിൽ ഐക്യമുദ്രയിടേണ്ടുന്നതാകുന്നു. ആ മുദ്ര ഇടാതെ അതിൽനിന്നു ജനിച്ച പൈവഗ്രമുദ്രയിട്ടു പൊതു ഏകഐക്യതയിൽനിന്നു എന്നെഴുതിയാൽ അതു അവഹാരമായുള്ള പാപമത്രെ. അങ്ങിനെ ഇനി എഴുതരുതു. പിന്നെയും പാ. പാദശ്രുശ്രൂഷക്കാരൻ എന്നു പറഞ്ഞാൽ പാദശ്രുശ്രൂഷക്കാരന്റെ മകൻ പാദശ്രുശ്രൂഷക്കാരൻ എന്നാകുന്നു അതിന്റെ അർത്ഥം. എന്നു നിങ്ങൾ അറിയാതെ ഇരിക്കരുതു. പാ. പാദശ്രുശ്രൂഷക്കാരൻ എന്നെഴുതിയാൽ മതി. പാ. പാ. പാദശ്രുശ്രൂഷക്കാരൻ എന്നെഴുതിയാൽ അതു അധികപ്രസംഗമായുള്ള പാപമാകുന്നു. ഇനി അങ്ങിനെ എഴുതരുതു.

ദൈവം ഇനിക്കു തന്നിരിക്കുന്ന ഐക്യതയിൽ ഒന്നാം കാഹളത്തെ നിങ്ങളുടെ മേൽ ഇങ്ങിനെ ഊതുന്നതു നിങ്ങളുടെ ഗുണത്തിനായിട്ടാകുന്നു. ദോഷത്തിനായിട്ടല്ല നിശ്ചയം. നിങ്ങൾ മനസ്സുതിരിഞ്ഞു ചെറിയ പൈതങ്ങളെപ്പോലെ ആയി വരുന്നില്ലാ, എങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിലേക്കു കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു ഐക്യതയിൻ ഒന്നാം കാഹളം നിങ്ങളോടു പറയുന്നു. എന്നു നിങ്ങളുടെ പാദശ്രുശ്രൂഷക്കാരൻ

കന്നീറ്റിൽനിന്നും

ഫാദിഒ. ധനു. ഫ്വാം നു. യൂസുയോസേഫ്

277

പൊതു ഏകഐക്യതയിൽനിന്നു.
എന്റെ പ്രിയമുള്ള ഈപ്പച്ചനും ചെറിയാൻ ബോധകക്കും
എന്റെ വിശുദ്ധമുംബനം.

അല്ലായും ഓമെഗായും ആദ്യനും അന്ത്യനും ആകുന്ന ഐക്യതയിന്നാത്മാവാം മഹാ ദൈവത്തിന്റെ ഒന്നാം കാഹളത്തെ അവന്റെ അനുവാദപ്രകാരം നിങ്ങളുടെ മേൽ ഊതിയാറെ ഇതു വരെയും ഒരു മറുപടിയും നിങ്ങളിൽനിന്നു പുറപ്പെടായ്കകൊണ്ടു അവനോടു മറുപ്പാനോ അവനോടു ഉത്തരമായി ഒരു മുമൊഴിയും പറവാനോ നിങ്ങൾക്കു കഴികയില്ല എന്നും വകയില്ലെന്നും സ്പഷ്ടമായി തെളിഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങൾക്കു പാപമോചനം ലഭിപ്പാനായിട്ടു എല്ലാം സ്പഷ്ടമായി ഏറ്റു പറഞ്ഞുകൊണ്ടു ഒന്നാം കാഹളത്തിന്റെ തിരുമ്പാകെ വന്നു വീഴുവിൻ! ഇപ്പോഴെ എന്നാണ്ടേക്കും അവന്റെ പാദവിഭൂമികുന്നു. ആമെൻ. ആമെൻ. ആമെൻ. അങ്ങിനെ നിങ്ങൾ വീഴാതെ ഇരുന്നാൽ പാപമോചനം നിങ്ങൾക്കു ലഭിക്കാത്തതുകൊണ്ടു പ്രി

തിക്രിയയുടെ കോപവാൽ നിങ്ങളുടെ കുഡുംബത്തിന്മേൽ ഈ നൂ
റ്റിരുപത്തു ദിവസം കഴിയുമ്പോൾ മിന്നുകയും, വട്ടം ചുഴലുകയും,
കിട്ടുകിട്ടുപ്പിക്കയും അന്ധരന്നു പോകുവാൻ തക്കവണ്ണം ആക്കുകയും
ചെയ്യും നിശ്ചയം. നിശ്ചയം. നിശ്ചയം. ഇതും ആ മഹാ ദൈവത്തി
ന്റെ നിയോഗപ്രകാരമാകുന്നു. നിങ്ങൾക്കെഴുതുന്നതു. ഇനി ഞാൻ
നിങ്ങളോടു പറയുന്നു. ഒന്നാം കാഹളം ഇപ്പോഴായല്ല നിശ്ചയം. ആ
മെൻ. ഐക്യതയിന്നാത്മാവന്തേ. ഈ അഴകിയാരിയ പിണം അവ
ന്റെ പാദചീരമാകുന്നു. നിശ്ചയം. നിശ്ചയം. നിശ്ചയം. എന്നു നി
ങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നിറ്റിൽനിന്നും

ഫാദർ. ധനു. വർ. യൂസുസുയോസഫ്.

278



പൊതു ഏകഐക്യതയിൽനിന്നു.
എന്റെ പ്രിയമുള്ള അയിരുർ ലൂക്കാച്ചനു
എന്റെ വിശുദ്ധ ചുംബനം.

ഒന്നാമതു. രോഗിയുടെ കുഡുംബത്തിൽനിന്നു ഒന്നിൽ കുറയാതെ ജീ
വനാണ്യം വാങ്ങിച്ചു പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചുകൊള്ളണം.

രാമതു. ചാണ്ടിയച്ചനോടു പറഞ്ഞയച്ചപ്രകാരം ഉടമ്പടി ചെയ്തി
ച്ചു കാലത്തും വൈകിട്ടും താങ്കളൊ ചാണ്ടിയച്ചനൊ ജീവശുദ്ധീക
രണപ്രാർത്ഥന കഴിച്ചു അപ്പവും വെള്ളവും കൊടുക്കയും ആ സമയത്തി
ൽ അരിയും കൂടെ ശുദ്ധീകരിച്ചു ഏൽപ്പിക്കയും ആയതു വെച്ചു കൊ
ടുപ്പാൻ തക്കവണ്ണം ചട്ടംകെട്ടുകയും വേണം. അല്ലാതും രോഗിയും
ജീവശുദ്ധീകരണ പ്രാർത്ഥന പ്രത്യേകം പറിച്ചു നാ പ്രാവശ്യത്തിൽ
കുറയാതെ ദിവസന്തോറും പ്രാർത്ഥിക്കേണ്ടുന്നതാകുന്നു.

മൂന്നാമതു. മത്സ്യമാംസം ഭക്ഷിക്കരുതു. രണ്ടു മാസംകൊണ്ടു ഒരു പ
രിവൃത്തിയിൽ കുറയാതെ വേദോക്യം അശേഷം രോഗി വായിച്ചു
കേൾക്കണം. വെള്ളി, ശനിയാഴ്ച എന്ന ദിവസങ്ങളിൽ നാലു ചക്രത്തി
ൽ കുറയാതെ പള്ളിക്രൂടത്തിൽ ധർമ്മം വകെക്കു ഏൽപ്പിക്കണം.

നാലാമതു. ആദ്യം വർ ദിവസം തുടങ്ങുമ്പോൾ ചാണ്ടി ബോധകരെ
ആളയച്ചു വരുത്തി എണ്ണ അഭിഷേകം ചെയ്തു പ്രാർത്ഥിപ്പിക്കണം. ര
ണ്ടാം വർ ദിവസങ്ങളിലൊ മൂന്നാം വർ ദിവസങ്ങളിലൊ ഞാനൊ
എന്റെ ആൾപ്പേരൊ വന്നു പ്രാർത്ഥിച്ചു രോഗാത്മാവിനെ ആട്ടുകയും
വേണം. ഇങ്ങനെ നാ ഇരുപത്തിനാല ദിവസം കഴിയുമ്പോൾ രോ

ഗം ശമനം വരും നിശ്ചയം നിശ്ചയം നിശ്ചയം ആമെൻ ആമെൻ ആമെൻ. എന്നു പൊതു ഏകൈകൃതയിന്നാത്മാവിന്റെ നിയോഗ പ്രകാരം എഴുതിയ താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും
ഫാർഗി മകരം ഫാന

യൂസ്സൂസ് യോസേഫ്

279

പൊതു ഏക ഐക്യതയിൽ നിന്നു.

എന്റെ പ്രിയമുള്ള അഞ്ചോ ഇടവക കായ്സ്ഥൻ പ്രമാണികൾ, ഉപദേശിയാർ എന്നിവർക്ക് എന്റെ വിശുദ്ധ ചുംബനം.

നിങ്ങൾ ആൾവശം കൊടുത്തയച്ച എഴുത്തും രൂപാ ഫ്രഞ്ചും കൊണ്ടുവന്നു തന്നു. ആ സുഗന്ധവാസനയെ സന്തോഷത്തോടെ അംഗീകരിച്ചുകൊണ്ടു ദൈവത്തെ സ്തുതിക്കയും ജീവാനുഗ്രഹം നിങ്ങളിലും എല്ലാ കുടുംബങ്ങളിലും പരിപൂർണ്ണമായി പകരപ്പെടുവാൻ പ്രാർത്ഥിക്കയും ചെയ്തു.

കല്യാണം കഴിപ്പിപ്പാൻ തക്കവണ്ണം ആളയക്കയും യാക്കോബു ബോധകർ താമസിയാതെ വരുവാൻ തക്കവണ്ണം ചട്ടംകെട്ടുകയും ചെയ്യാം. യാക്കോബുബോധകർ താമസിയാതെ വരുന്നതാകയാൽ ഇവിടത്തെ വിവരമൊക്കയും പറകയും ചെയ്യും.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ
കന്നീറ്റിനിന്നും
ഫാർഗി മകരം ഫാന

യൂസ്സൂസ് യോസേഫ്

280

പൊതു ഏക ഐക്യതയിൽ നിന്നു.

എന്റെ പ്രിയമുള്ള പുറപ്പാളുകൾ മത്തുവച്ചനു എന്റെ വിശുദ്ധ ചുംബനം.

താങ്കൾ കൊടുത്തയച്ച എഴുത്തു വന്നുചേർന്നു. യാക്കോബു ബോധകരെ അങ്ങോട്ടു വരുവാൻ തക്കവണ്ണം ചട്ടം കെട്ടീട്ടുണ്ടു. കഴിയുമെങ്കിൽ ഇവരോടുകൂടെ വരും എന്തെന്നാൽ ഈയിട വലിവുണ്ടായിക്ഷീണിച്ചിരിക്കുന്നു. തൽക്കാലം നടപ്പാൻ പ്രയാസമെങ്കിൽ പിന്നാടു വേ

ഗത്തിൽ വരും. വിശേഷിച്ചും ഈ ആറായിരം വർഷമായി അകത്തെ മനുഷ്യനെ ഹിംസിച്ചും കഷ്ടപ്പെടുത്തിയും കൂരിശിൽ തറച്ചും കൊണ്ടുവന്ന പുറത്തെ മനുഷ്യനായ സാത്താന്റെ മകനാകുന്ന പാപമനുഷ്യനെ പുറത്തു തള്ളിക്കളവാൻ തക്കവണ്ണം ഐക്യതയിന്നാത്മാവിന്റെ വിധി സഭയിൽ നിന്നു പുറപ്പെട്ടിരിക്കയാൽ ആ വിധി പ്രയും ഇതിനോട് കൂടെ അയക്കുന്നു. എന്നാൽ ഈ വിധി സഭയിൽ നിന്നു പുറപ്പെടുവാൻ തക്കവണ്ണം ഈപ്രകാരത്തിന്റെ ജഡമനുഷ്യന്റെ അനുസരണക്കേടു ഇടയാകുവാൻ എന്നല്ലാതെ അവിടുത്തേക്കു മാത്രം എന്നു നിങ്ങളാരും കരുതിപോകയില്ലെന്നു ഇപ്പോഴും പൂർണ്ണമായി വിശ്വസിക്കുന്നു. ഈപ്രകാരത്തിന്റെ ഉള്ളിലെ മനുഷ്യന്റെ ആത്മാവു നമുക്കെല്ലാവർക്കും പിതാവും സഹോദരനുമാകുന്നപ്രകാരം പുറത്തെ മനുഷ്യന്റെ പാപാത്മാവും മരണാത്മാവും നമുക്കു പിതാവും സഹോദരനും ആകുന്നു. അതുകൊണ്ടു ഈ വിധിക്കു ആമേൻ പറയുമ്പോൾ നമ്മുടെ പുറത്തെ മനുഷ്യനെ വിധിക്കയാകുന്നു ചെയ്യുന്നതു അതിനാൽ പഴയാദാം പുറത്തു തള്ളപ്പെടുവാനും പുതിയ ആദാമാകുന്ന ഐക്യപുരുഷൻ ശരീരമായ ഈ ഭവനത്തിന്മേൽ അധികരിപ്പാനും ഈ ശരീരത്തെ നിത്യവിവാഹത്താൽ തന്നോടു സംയോജിപ്പിച്ചുകൊള്ളുവാനും തക്കവണ്ണം ഇടവരും നിശ്ചയം.

താങ്കളുടെ ശരീരസുഖക്കേടിനെ സംബന്ധിച്ചു പ്രാർത്ഥിച്ചു. എന്നാറെ ദൈവം താങ്കൾക്കു സ്നേഹത്തോടു കൂടെ നൽകീരിക്കുന്ന ജീവകൃപയാകുന്ന ആ രോഗം എന്നാകുന്നു വെളിപ്പെട്ടിരിക്കുന്നതു. അതു താങ്കൾക്കു രക്ഷയാകയാൽ താങ്കളുടെ ഹൃദയത്തിലെ ശുദ്ധമനുഷ്യൻ ജീവശുദ്ധീകരണപ്രാർത്ഥനയിൻ ആത്മാവിനാൽ പൂർണ്ണതപ്പെട്ടു വരും തോറും ആ കിഴക്കാകുന്ന രോഗം അശേഷം ഒഴിഞ്ഞു വരികയും ചെയ്യും നിശ്ചയം. ഇത്യാദി. വിധിയും ഈ എഴുത്തും പീലിപ്പോച്ചനെ കാണിച്ചു കൈ ഉപ്പു ഇട്ടുവിച്ചു ഇങ്ങോട്ടു അയക്കുമല്ലൊ.

ഇങ്ങനെ താങ്കളുടെ പാദശുശ്രൂഷക്കാരൻ

കണ്ണീറിനിന്നും യൂസ്താസു യോസേഫ്

ഹൃദ്യ മകനും എഴു

281



പൊതുവായ ഐക്യതയിൽ നിന്നു.

എന്റെ പ്രിയമുള്ള കാത്തിക്കപ്പള്ളി ഇടവകക്കായുസ്ഥനും

സഭാപ്രമാണികൾക്കും, മുപ്പന്മാർക്കും, കുടുംബത്തലവന്മാർക്കും

എന്റെ വിശുദ്ധ ചുംബനം.

ആ ഇടവകയെ നോക്കി നടത്തിപ്പാൻ തക്കവണ്ണം സംഘത്താൽ നിയമിച്ചാക്കിയ ഇട്ടിമാത്തൻ ബോധകർ പണിയുന്ന പണി അഗ്രി

യാൽ ശോധനകഴിക്കപ്പെട്ടന്പോൾ വെണ്ണുപോകുവാൻ തക്കവണ്ണമുള്ള സ്ഥിതിയിലാകുന്ന ഇരിക്കുന്നു എന്നു പലരിൽ നിന്നും കേട്ടിരിക്കുന്നു. എന്തെന്നാൽ വേദവാക്യത്തിന്റെ ആത്മാവാകുന്നു. (ആയതു ഉയിർത്തെഴുനീറ്റ കർത്താവത്രെ) അടിസ്ഥാനകല്ലു. ആ കല്ലിന്മേൽ പണിഞ്ഞു മേൽക്കെട്ടുന്നതു വേദവാക്യത്തിന്റെ എന്നുന്നേക്കും നിലനിൽക്കുന്ന ജീവാക്ഷരത്തെയാകുന്നു. അതിന്നു വികരം മരണാക്ഷരത്തെ ചെത്തു പണിഞ്ഞാൽ അഗ്നിശോധനവരുമ്പോൾ പണി വെണ്ണുപോകും. സ്വപ്നം, ദർശനം, വെളിപ്പാട് എന്നിവകൾ മരണാക്ഷരമായും ജീവാക്ഷരമായും ആകുന്നു ഇരിക്കുന്നതു. കാരണം ആത്മാവാകുന്നയേശുക്രിസ്തുവിനുള്ളവയെയും അന്തിക്രിസ്തുവിനുള്ളവയെയും വെളിപ്പെടുത്തി കാണിക്കുന്നതു. അതിനെ തിരിച്ചറിയാതെ "ഞാൻ ഇന്നലെ സ്വപ്നം കണ്ടു, ഇനിക്കു ഒരു ദർശനമുണ്ടായി, വെളിപാടുണ്ടായി" എന്നു പറഞ്ഞു അവയെ ആധാരമാക്കി പ്രസംഗിക്കയോ ഗ്രന്ഥദോഷിക്കയോ പുറകയോ ചെയ്താൽ അതിൻ ഫലം ജനങ്ങൾക്കു എന്തായിഭവിക്കും? നന്മതിന്മകളെ കുറിച്ചുള്ള അറിവിൻ വൃക്ഷത്തിൻ ഫലം ഹവ്വാസ്സും ആദാമിനും എങ്ങനെ ആയി ഭവിച്ചുവോ അതെപ്രകാരമല്ലയോ ഇതു ആയിതീരുന്നതു? പിന്നെ എങ്ങനെ എന്നു ചോദിച്ചാൽ ആത്മാവു വെളിപ്പെടുത്തുന്നവയെ ഐക്യതയിന്നാത്മാവാകുന്ന കുഞ്ഞാടു മുദ്രപൊട്ടിച്ചു വായിച്ചു വ്യാഖ്യാനിച്ചു യേശുക്രിസ്തുവിനുള്ളവയെ തന്റെ മകനായ ഹൃദയത്തിലെ ശുദ്ധമനുഷ്യനും അന്തിക്രിസ്തുവിനുള്ളവയെ അവന്റെ മകനായ പുറത്തെ പഴയ മനുഷ്യനും കൊടുക്കേണ്ടുന്നതാകുന്ന അങ്ങനെ കൊടുക്കയും ചെയ്യും. അതുകൊണ്ടു ഇടവകയെ നടത്തുന്ന ശുശ്രൂഷക്കാരൻ ഐക്യതയിന്നാത്മാവിന്റെ അൽപ്പരായി നിന്നുകൊണ്ടു ആത്മാവിനുള്ളവയെ എന്നു വെച്ചാൽ നന്മയിൻ ഫലത്തെ സഭയാകുന്ന പുതിയ ഹവ്വാസ്സും തിന്മയിൻ ഫലത്തെ മരണ മണവാട്ടിയായ പഴയ ഹവ്വാസ്സും കൊടുക്കേണ്ടുന്നതായിരിക്കുമ്പോൾ അകത്തും പുറത്തും എഴുത്തുള്ള മുദ്രയിടപ്പെട്ട പുസ്തകമായി വെളിപ്പെടുത്തുന്ന വെളിപ്പാടിൻ ആത്മാവിന്റെ അൽപർ എന്നു വൃഥാ പറഞ്ഞുകൊണ്ടു വേഷം ധരിച്ചു ജഡപുരുഷനായിട്ടു ശുശ്രൂഷക്കാരൻ പുതിയ ഹവ്വായെ വീണ്ടും അറിവിൻ വൃക്ഷത്തിന്റെ ഫലത്തെ തീറ്റിയാൽ എത്ര കഷ്ടം ആകയാൽ ഇപ്പോൾ അയച്ചിരിക്കുന്ന വിധിക്കു ആമെൻ പറഞ്ഞു കയ്യൊപ്പിട്ടിട്ടുള്ള ചെപ്പോടിലെ അച്ചനെ തൽക്കാലം ആ ഇടവകയെ നടത്തുവാൻ തക്കവണ്ണം അയക്കുന്നു. അദ്ദേഹത്തെ അംഗീകരിച്ചുകൊണ്ടു സഹായിക്കുമല്ലൊ. ഇട്ടിമാത്തൻ ബോധകർക്കു ഐക്യതയിന്നാത്മാവുണ്ടെങ്കിൽ ഈ വിധിക്കു ആമെൻ പറഞ്ഞു കയ്യൊപ്പു ഇടാതിരിക്കയില്ല. അതുമല്ല ഞാൻ ബോധകരെ കണ്ടു ഗ്രന്ഥദോഷം പറവാൻ വളരെ ആഗ്രഹിക്കുന്നതി

നാൽ ഈ എഴുത്തു കണ്ടാൽ ഉടൻ ഇങ്ങോട്ടു വരാതെ ഇരിക്കയില്ല
എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ
കന്നീറ്റിനിന്നും യൂസ്സുസ് യോസേഫ്
മാർച്ചി മകരം ൨൯

2 82

പൊതു ൪൯൫ ക്രൈസ്തവയിൽ നിന്നു.
എന്റെ പ്രിയമുള്ള കൊല്ലക്കാരൻ കൊച്ചുകുഞ്ഞു മുതലാ
ളിക്കു എന്റെ വിശുദ്ധ മുംബനം.

നാം എല്ലാവരും എല്ലാമുള്ളവരായി തീരേണ്ടുന്നതിന്നു ഈ സമയം ഒന്നും ഇല്ലാത്തവരാകേണ്ടുന്നതാകുന്നു. ആയതുകൊണ്ടു സുഖത്തെക്കാൾ ദുഃഖത്തെയും സമ്പത്തെക്കാൾ ആപത്തെയും ധനത്തെക്കാൾ കടത്തെയും ജീവനെക്കാൾ മരണത്തെയും ആകുന്നു തൽക്കാലം വിചാരിച്ചു അവെക്കു പ്രതിശാന്തി ഉണ്ടാക്കേണ്ടുന്നതു. അല്ലെങ്കിൽ ദുഃഖവും ആപത്തും കടവും മരണവും അധികരിച്ചു സുഖത്തെയും, ധനത്തെയും, ജീവനെയും വിഴുങ്ങിക്കളയും നിശ്ചയം അതുകൊണ്ടു അങ്ങനെ വരാതിരിപ്പാൻ തക്കവണ്ണം തൽക്കാലമുള്ള സുഖാദികൾ ദുഃഖാദികളായിട്ടു മാറേണ്ടുന്നതു ക്രൂശാതെ തൽക്കാലസുഖാദികൾക്കുള്ള അനേഷണവും തൽക്കാല ദുഃഖാദികൾക്കുള്ള അന്വേഷണമായും തീരട്ടെ. അങ്ങനെ വരുവാൻ തക്കവണ്ണമുള്ള വഴി ഇതത്രെ. അതിനോളം നല്ലതായ വഴി വേറൊന്നുമില്ല. ആയതെന്തെന്നാൽ ഒക്കെയും ഇക്കെയും ഉള്ള രണ്ടു തോപ്പു രണ്ടും നിങ്ങൾ രണ്ടുപേർക്കുള്ളതല്ല. കടക്കാർക്കുള്ളതാകുന്നു എന്നു നിശ്ചയമായി അറിഞ്ഞു അവർക്കായിട്ടു അവയെ മനസ്സുകൊണ്ടു തൽക്കാലം ഉപേക്ഷിച്ചു അശേഷം വിട്ടുകൊടുപ്പിൻ അവ എന്റെ സുഖമെന്നും, സമ്പത്തെന്നും, ധനമെന്നും, ജീവനെന്നും ഇനിമേലാൽ നിങ്ങൾ രണ്ടുപേരും വിചാരിച്ചു മനസ്സിനെ ഭാരപ്പെടുത്താതെ ഇരിപ്പിൻ. എന്തെന്നാൽ കടക്കാർ അലറുന്ന സിംഹംപോലെ നാലുവശവും ഇതാ വന്നുനിൽക്കുന്നു. ക്രൂശാരപ്പള്ളി കൊച്ചോയിച്ചനെ കൊടുത്തതു നീക്കി കൊടുപ്പാൻ മുവക്കെ ഇതാ അളയച്ചിരിക്കുന്നു. അതിന്നു വകയെന്തു? വടക്കുനിന്നു രണ്ടു മൂന്നു പ്രാവശ്യം അളയച്ചിരിക്കുന്നു. അതിന്നു വകയെന്തു? അതു ക്രൂശാതെ അങ്ങെപ്പുറം വരീതു. ഇങ്ങെപ്പുറം മേത്തൻ അലറുന്നു. അപ്പുറത്തും അനേകം സിംഹക്കുട്ടികൾ അലറുന്നു. ഇവക്കു ഒക്കെയും ഇരയിട്ടുവാൻ വകയെന്തു? ഇവക്കു ഇരയിട്ടില്ലെങ്കിൽ വന്നു കടിച്ചു കീറിക്കളകയില്ലയോ? അതുകൊണ്ടു കടക്കാരുടെ അൽപ്പരായിട്ടു കൊച്ചുമുതലാളി രണ്ടു തോപ്പിനേയും സ്വാതന്ത്ര്യമായി നോക്കി വേഗം കടത്തെ നിവൃത്തിവരുത്തട്ടെ. ര

കൽ കടം തീരുന്നതുവരെ അതിലേക്കു ഒട്ടും പ്രവേശിക്കയുമരുതു. ഈ ഉടമ്പടിയിൻപേരിൽ നിങ്ങൾ രണ്ടുപേരും ഇരുന്നുകൊണ്ടാൽ തക്ക സമയത്തു ആത്മമണവാട്ടി അവയെ നിങ്ങൾക്കു എന്നേക്കുമായി സ്വാതന്ത്ര്യമായി തരികയും ചെയ്യും നിശ്ചയം നിശ്ചയം നശ്ചയം.

ഇങ്ങനെ ആത്മമണവാട്ടിയുടെ നാമത്തിൽ താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും
ഫാദർ കുംഭം വരു

യൂസ്സൂസു യോസേഫ്

283



പൊതുഷ്കൈക്യതയിൽനിന്നു

എന്റെ പ്രിയമുള്ള (അയിരൂർ ആലുംമൂട്ടിൽ) ലൂക്കാച്ചനു
എന്റെ വിശുദ്ധചുംബനം

താങ്കൾ കൊടുത്തയച്ച എഴുത്തു വന്നുചേർന്നു കല്യാണത്തിനു വരുവാൻ മനസ്സുണ്ടെങ്കിലും ചില പ്രയാസംനിമിത്തം തൽക്കാലം കഴിവില്ലാതിരിക്കുന്നു. ചാണ്ടിബോധകരെ കല്യാണവിവരം ഗ്രഹിപ്പിച്ചിട്ടുണ്ടായിരിക്കുമല്ലൊ. ബോധകരും ചേപ്പാട്ടച്ചനും കൂടെ കല്യാണം നിവൃത്തിപ്പിക്കട്ടെ! അച്ചനോടു പറവാൻ തക്കവണ്ണം എഴുത്തും കൊടുത്തു ഈ ആളിനെത്തന്നെ പറഞ്ഞയക്കുന്നു. അദ്ദേഹമൊ അവിടത്തെ ആൾപ്പേരായി മറ്റൊരു അച്ചനൊ വരും.

രോഗിയുടെ കായ്ത്തെപ്പറ്റി പ്രാർത്ഥിച്ചാറെ ജീവശുദ്ധീകരണപ്രാർത്ഥനയിൻ ആത്മാവിനാൽ കഴിയാത്ത കായ്മും ഒന്നുമില്ലാ എന്നുള്ളതിനു നിങ്ങളുടെ ഉറപ്പിന്നായി ഏശായ ൨൬: ൯ാംവാക്യം വെളിപ്പെട്ടിരിക്കുന്നു. ഞാനൊ എന്റെ ആൾപ്പേരോ ഈ ആഴ്ച എങ്കിലും വരുന്ന ആഴ്ചയെങ്കിലും അവിടെ വന്നുചേരും. ഉറപ്പും വിശ്വാസവും ഉള്ളവരായിരിപ്പിൻ. എന്റെ പ്രാർത്ഥനയിലൊക്കെയും ആ രോഗിയേയും കൂടെ ഒർക്കാതിരിക്കുന്നില്ല.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും
ഫാദർ കുംഭം വരു

യൂസ്സൂസുയോസേഫ്

284

പൊതുശുദ്ധീകരണത്തിനായുള്ള ഐക്യതയിൽനിന്നു

എന്റെ പ്രിയമുള്ള വെണ്മണി ഇടവക പ്രമാണികൾക്കും
മൂപ്പന്മാർ ഉപദേശി കുടുംബത്തലവന്മാർ എ
ന്നിവർക്കും എന്റെ വിശുദ്ധചുംബനം

അവിടെയുണ്ടായ പ്രത്യേക രണ്ടു മരണവും ഇനിക്കു ജഡത്തിൽ വളരെ വ്യസനം വരുത്തി എങ്കിലും ആ മരണം സാക്ഷാൽ ജീവനാകയാൽ എന്റെ ആത്മാവിൽ ദൈവാശ്രയത്തെ ഏറ്റവും വർദ്ധിപ്പിച്ചു. അതേപ്രകാരം നിങ്ങൾക്കും ഉണ്ടാകുവാൻ ഞാൻ പ്രാർത്ഥിക്കുവരുന്നു. നിങ്ങൾ വിശ്വാസത്തിൽ സ്ഥിരപ്പെട്ടു പൂർണ്ണന്മാരായി തീരുവാൻ തക്കവണ്ണം ഇങ്ങിനെ പരീക്ഷക്കാറ്റും മഴയും വരുന്നതിനാൽ നിങ്ങൾ ഇളകിപോകരുതു. നിങ്ങളുടെ അടിസ്ഥാനം ലോകമാകുന്ന മണലിന്മേൽ ആകാതിരിപ്പാൻ സൂക്ഷിപ്പിൻ. നമ്മുടെ പാപങ്ങൾക്കു വേണ്ടി മരണം അനുഭവിച്ച പൊന്നാകത്താവിന്റെ ഉയിർത്ത ശരീരവും ജീവനും ഐക്യതയിന്നാത്മാവാകുന്ന മഹാദൈവം ജീവവൃക്ഷത്തിന്റെ ഫലമായി നിത്യകൃപയോടുകൂടെ നമുക്കു നൽകീരിക്കയാൽ ആ പൊന്നുതിരുമേനിതന്നെ നിങ്ങൾക്കു നല്ലൊരടിസ്ഥാനം. നിങ്ങൾ ആ അടിസ്ഥാനത്തിൽനിന്നു അങ്ങോട്ടും ഇങ്ങോട്ടും ഇളകരുതു ജീവശുദ്ധീകരണപ്രാർത്ഥനയിൻ ആത്മാവിനാൽ എല്ലായ്പോഴും നടത്തിക്കപ്പെടുവിൻ. മരണാഹാരമാകുന്ന മത്സ്യമാംസങ്ങളെ അശേഷം വെറുത്തുകളവിൻ. സംഘനിർണ്ണയപ്രകാരം ആഴ്ചയിൽ അഞ്ചുദിവസം അരകെട്ടിക്കൊണ്ടും രണ്ടുദിവസം അതിൽനിന്നു ഒഴിഞ്ഞും ഇരുന്നുകൊൾവിൻ. ജീവശുദ്ധീകരണപ്രാർത്ഥന സകലതും കാണാപാഠം പഠിച്ചു ദിവസം രണ്ടുപ്രാവശ്യത്തിൽ കുറയാതെ പ്രാർത്ഥിപ്പിൻ ത്രിയേകദൈവമായ സ്നേഹാത്മാവാം ഐക്യതയിന്നാത്മാവു നിങ്ങളോടു എല്ലാവരോടും കൂടെ ഇരിക്കട്ടെ.

വിശേഷിച്ചും മങ്കുഴി ഉപദേശിയാരാകുന്ന പീലിപ്പോച്ചനെ തൽക്കാലത്തേക്കു ഇടവകയെ നോക്കി നടത്തിപ്പാൻ തക്കവണ്ണം അയക്കുന്നു. തുമ്പിയോടുകൂടെ അംഗീകരിച്ചു അയാൾക്കു സഹായിക്കുമല്ലൊ ഈ വിവരം കൊച്ചുകോശിബോധകരോടു ഞാൻ പറഞ്ഞിട്ടുണ്ടു. എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും — യൂസ്സുയോസേഫ്
ഫാദ്ധി കുംഭം ഫാനു-

285

പൊതുയുഗൈക്യതയിൽനിന്നു
എന്റെ പ്രിയമുള്ള തെക്കെഡിവിഷ്യൻ തലവന്മാർക്കും
ബോധകന്മാർക്കും അച്ചന്മാർക്കും എന്റെ
വിശ്വാസികൾക്കും

ഇപ്പോൾ സഭയിൽ നടത്തിക്കപ്പെടുന്ന വിവാഹം മരണവിവാഹത്തിലെക്കല്ല. നിത്യജീവവിവാഹത്തിലേക്കു നടത്തിക്കപ്പെടേണ്ടുന്നതാകയാൽ അതിന്റെ വിവരം താഴെ എഴുതുന്നു.

ഞായറാഴ്ച പരമസ്വസ്ഥതയെക്കു ഒരു അച്ചാരമാകുന്നു. അതിനെ പൂർണ്ണമായി ശുദ്ധീകരിക്കുമ്പോളാകുന്ന ആ സ്വസ്ഥത ആരംഭിക്കുന്നതു. ഒരുവൻ ജഡമനുഷ്യന്റെ പോരാട്ടത്തിൽ ജയിക്കുമ്പോളൊക്കയും അവനു സ്വസ്ഥനാളിനെ ശുദ്ധീകരിപ്പാൻ കഴികയില്ല എന്നുള്ളതു ഏതും നിശ്ചയം. അതുകൊണ്ടു ആ പോരാട്ടം നീങ്ങി ആത്മമനുഷ്യൻ ക്രിസ്തുവിന്റെ ഉയിർപ്പിൻ ആത്മാവിനാൽ ഉണർന്നു വന്നു. ആ പുതുജീവവഴിയായി ശരീരത്തോടു യോജിക്കേണ്ടുന്നതാകുന്നു. അപ്പോൾ ജഡവും ആത്മാവും തമ്മിൽ ഐക്യപ്പെട്ട ഇരുതല നിത്യവിവാഹം. പിന്നെ ജഡമനുഷ്യന്റെ പോരാട്ടം ഇല്ല. ഇങ്ങിനെ ഇരുമനവാളാകുന്ന ആത്മാവായ ക്രിസ്തു തന്റെ ജഡത്തെ വിവാഹംചെയ്തു ആ വിശുദ്ധഉടമ്പടിയാലും കർമ്മത്താലും ഞായറാഴ്ചയെ ശുദ്ധീകരിച്ചതിനാൽ അന്നത്തെ ആത്മാദിത്യൻ ഇനി ഒരിക്കലും അസ്തമിക്കാതവണ്ണം അവന്റെമേൽ എന്നും പ്രകാശിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു ഏതും നിശ്ചയം. അവനോടുകൂടെ നാമും പരമസ്വസ്ഥതയിൽ പ്രവേശിപ്പാൻ തക്കവണ്ണം അവൻ വാശ്ദത്തം ചെയ്തിരിക്കുകൊണ്ടു ആ വാശ്ദത്തത്തെ നിവൃത്തിപ്പാൻ ജീവശുദ്ധീകരണപ്രാർത്ഥനയിൻ ആത്മാവായിട്ടു താൻ ഇറങ്ങിവന്നു തിരുസഭയുടെ ശരീരത്തിന്മേൽ തന്റെ ഒരുമയിൻ കതിരിനെ അയച്ചു. അതിന്റെ മകുടമായി തീർന്നിരിക്കുന്നു. ആ ഐക്യതയിന്നാത്മാവാകുന്ന മഹാദൈവം നമ്മുടെ ഉള്ളിലെ മനുഷ്യനെ വിവാഹം ചെയ്തു അവൻ വഴിയായി ഈ ശരീരത്തെ തന്നോടുകൂടെ ഐക്യപ്പെടുത്തി ഇങ്ങിനെ നാം അവനോടും അവൻ നമ്മോടും വിവാഹവിരുന്നു കഴിപ്പാൻ എല്ലാ ഞായറാഴ്ചയുടെയും പ്രഭാതത്തുങ്കൽ അറയിൽനിന്നു പുറപ്പെടുന്ന മണവാളനായിട്ടു ഒരുങ്ങിവന്നുനിൽക്കുന്നതിനാൽ അവന്റെ കൈകൂപ്പിടിച്ചു ഉടമ്പടിചെയ്തുയും അവന്റെ ഇരുകൈകളെയും കോർത്തുപിടിച്ചുകൊണ്ടു അവനാൽ നാമും നമ്മാൽ അവനും വിവാഹം ചെയ്യപ്പെടുകയും ഇങ്ങിനെ സ്വസ്ഥനാളിനെ ശുദ്ധീകരിക്കയും ചെയ്യേണ്ടതായിരിക്കുമ്പോൾ "ഇന്നു അരുതു വാഴാഴ്ചയാകട്ടെ" എന്നു ആത്മമണവാള

നോട് പറഞ്ഞാൽ നിന്റെ അപ്പൻ ഞായറാഴ്ചയാകുന്ന ഉയിർത്തു
നിന്റെ സഹോദരൻ ഞായറാഴ്ചയാകുന്ന ആത്മാവിൽ ആയതു എ
ന്ന മാത്രമല്ല. നിന്റെ മാതാവു തന്റെ ഇരുകൈകളെയും നീട്ടി
എന്റെ കൈകളിൽ നിന്നു വാങ്ങിച്ചു ഭക്ഷിച്ചു വമനംചെയ്തു എ
ന്നോട് ഒന്നായി ചേർന്ന എന്റെ സ്വസ്ഥതയിലേക്കു പ്രവേശിച്ചിരി
ക്കയാൽ അവൾ എല്ലാദിവസത്തെയും ഞായറാഴ്ചയായിട്ടാകുന്നു
ആദായപ്പെട്ടുത്തിക്കൊണ്ടിരിക്കുന്നതു. "നീ അവളുടെ മകനാകുന്നു എ
ങ്കിൽ ഇന്നു നീ എന്റെ ശബ്ദം കേട്ടു അനുസരിക്കുമായിരുന്നു" എ
ന്നു അല്പേഹം അരുളിച്ചെയ്യുന്നതുകൊണ്ടു ആ മഹാദൈവത്തിന്റെ
ഇഷ്ടം നിവൃത്തിച്ചു സ്വസ്ഥനാളിനെ ശുദ്ധീകരിപ്പാനായിട്ടു സഭയിലു
ള്ള കല്യാണം ഞായറാഴ്ച വേണമെന്നു നിശ്ചയിച്ചിരിക്കുന്നു. ആദി
സംപോലെ മറ്റു ദിവസങ്ങളും നമുക്കായാൽ എല്ലാ ദിവസവും കല്യാ
ണം കഴിക്കപ്പെടാം. അങ്ങിനെ ആചരിപ്പാൻ കഴികയില്ലെങ്കിൽ
ഞായറാഴ്ച തന്നെയാകട്ടെ. പിന്നെ ഞായറാഴ്ച വേണ്ടാ ഇട
ദിവസങ്ങളിലാകട്ടെ എന്നു പറയുന്നതിന്റെ ആന്തരം വിരുന്നിനെ
സംബന്ധിച്ചായിരിക്കുമല്ലൊ. ഇനി നാം ജഡത്തിന്നായിട്ടു വിരുന്നു
ആചരിക്കുമൊ? മഹാദൈവത്തിന്റെ രാത്രി വിരുന്നിന്റെ ആരാ
ധനക്രമം തെറ്റി കഴിക്കപ്പെടുന്ന വിരുന്നൊക്കയും ജഡവിരുന്നല്ലയൊ?
വൈതങ്ങളുടെ അപ്പം എടുത്തു നായ്ക്കൾക്കു കൊടുക്കുന്നതു നന്നല്ല എ
ന്നുണ്ടല്ലൊ? അനേകം ആളുകളെ ഒരു സ്ഥലത്തു കൂട്ടി വലിയ സത്ര
മായി ഒരുക്കി മഹാദൈവത്തിന്റെ രാത്രിവിരുന്നായി ആചരിക്കു
പ്പെടുവാൻ തക്കവണ്ണം സഭയുടെ മക്കൾക്കു തരക്കാലം പാർത്തു വന്നി
ട്ടുണ്ടൊ? ഇല്ല നിശ്ചയം. പാർത്ത വരാതെ കഴിച്ചാൽ സാത്താൻ വ
ന്നു വിരുന്നിനെ അശുദ്ധിപ്പെടുത്തുകയില്ലയൊ? സാത്താന്റെ അശു
ദ്ധിയോടു കൂടെ ഭക്ഷിച്ചു വമനംചെയ്താൽ രോഗം, കഷ്ടം, ആപത്തു,
വ്യസനം മരണം മുതലായതുണ്ടായി ശരീരത്തിന്റെ വീണ്ടെടുപ്പു
സാധിക്കാതെ മഹാവലുതായ ആപത്തിൽ അകപ്പെട്ടുപോകും എന്നു
ള്ളതു ഏതു നിശ്ചയം. പിന്നെ എങ്ങിനെ എന്നു ചോദിക്കുന്നുവൊ?
വിവാഹസമയത്തിൽ ആചരിക്കപ്പെടുന്നതായ രാത്രിവിരുന്നു കല്യാ
ണവിരുന്നായിരിക്കട്ടെ! അല്ലാതെയും മണവാളന്റെയും മണവാട്ടിയു
ടെയും കുടുബക്കാരു സഭയിലുള്ള തങ്ങളുടെ സഹോദരന്മാരും സ
ഹോദരിമാരും ഭക്ഷണം കൊടുക്കണം എന്നു നല്ല മനസ്സുണ്ടായാൽ ച
ക്രമായിട്ടൊ നെല്ലായിട്ടൊ അരിയായിട്ടൊ സാമാനങ്ങളായിട്ടൊ
അവർ ഒരുക്കി സഭയിലുള്ള പ്രധാനികളെ വരുത്തി സഭയുടെ തിരു
മുമ്പാകെ ഒരു സുഗന്ധവാസനയായി കൊണ്ടുവെയ്ക്കട്ടെ. സഭാപ്രമാ
ണികൾ അതിനെ ഓരോ ഐക്യകുടുംബത്തിനായി യുക്തമായിട്ടും
ക്രമമായിട്ടും പങ്കിട്ടു ഐക്യകുടുംബത്തുകൽ അതാതു തലവൻ വഴി
യായി അവയെ ഏൽപ്പിക്കയും ഒരു ദിവസമായി എല്ലാ ഐക്യകുടുംബ

ബങ്ങളിലും (മുൻ ഒരു വിരുന്നു കഴിഞ്ഞതുപോലെ) ശുദ്ധീകരണ പ്രാർത്ഥനയോടുകൂടെ ആചരിക്കപ്പെടുവാൻ ചട്ടംകെട്ടുകയും ചെയ്തു. പങ്കിട്ടിട്ടു ശേഷം ഉണ്ടെങ്കിൽ അടുത്ത സഭകളിലുള്ള പാവപ്പെട്ടവർക്കായിട്ടും മറും അവയെ ഏൽപ്പിക്കട്ടെ. ഇങ്ങിനെ ഐക്യകൂദാശ ബത്തിന്നായിട്ടുള്ള വിരുന്നു ഒരു ദിവസമായിരിക്കണം എന്നല്ലാതെ ഇന്നദിവസമെ ആകാവു എന്നില്ല. പിന്നെയും കല്യാണക്കാരായിട്ടു മറ്റു സ്ഥലത്തുനിന്നു വരുന്നവർ സ്ത്രീപുരുഷന്മാരായി പത്തിലധികം ആളുകൾ ഉണ്ടെങ്കിൽ. അവരെ സന്ധിക്കയും ജീവശുദ്ധീകരണപ്രാർത്ഥനയോടുകൂടെ അവർക്കു ഭക്ഷണം കൊടുക്കയും ചെയ്യേണ്ടുന്നതു കല്യാണവീട്ടുകാരാകുന്നു. സഭയിൽ നിന്നു ഒന്നോ രണ്ടോ മൂന്നോ ശുശ്രൂഷക്കാർ മാത്രമെ ആ ഭവനത്തിൽ അന്നത്തെ ദിവസം ഭക്ഷണവിരുന്നിന്നായി പോകാവു. വിരുന്നു രാത്രിയാകുന്നു വേണ്ടുന്നതു. അന്നു ഐക്യകൂദാശവിരുന്നു. അവിടെ വെച്ചു കഴിക്കപ്പെടുകയും അരുതു എന്നു ഐക്യതയിന്നാത്മാവാം മഹാദൈവത്തിന്റെ അനുവാദപ്രകാരം എഴുതിക്കൊള്ളുന്നതു.

നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും യൂസുസുയോസഫ്

ഫാദർ കുംഭം കുന്നു

286



പൊതുഏകൈക്യതയിൽനിന്നു
എന്റെ പ്രിയമുള്ള ഇഞ്ചക്കൽ തലവൻ കൊച്ചുകുഞ്ഞിനും കൊച്ചോയിച്ചനും എന്റെ വിശുദ്ധചുംബനം.

നിങ്ങളെ സംബന്ധിച്ചും കുടുംബത്തെ സംബന്ധിച്ചും നിങ്ങളുടെ പിതാവായ ഐക്യതയിന്നാത്മാവു നിങ്ങളുടെ മാതാവായ പൊതുഏക ഐക്യതയിൽനിന്നു നിങ്ങൾക്കു അയക്കുന്ന ജീവരക്ഷയിൻ നിയമം.

കാമതു ഈ നിത്യജീവമാതാപിതാക്കന്മാർക്കു യൂസുസുയോസഫും മറിയയും ഏതുപ്രകാരം സാക്ഷാൽ മക്കളായിരിക്കുന്നുവൊ? അതേപ്രകാരം തന്നെയായതൊരു വ്യത്യാസവും കൂടാതെ നിങ്ങൾ രണ്ടുപേരും നിങ്ങളുടെ രണ്ടു ഭാര്യമാരും സാക്ഷാൽ അവകാശികളായ മക്കളത്രെ എന്നു നിങ്ങൾ നല്ലപോലെ അറിവിൻ.

കാമതു നിങ്ങൾ എന്നും ജീവിച്ചിരിക്കേണ്ടുന്നതിന്നും നിങ്ങളിൽ നിന്നു മരണവിഷം ഒഴിഞ്ഞുപോകേണ്ടുന്നതിന്നും നിങ്ങൾക്കു രോഗം നീങ്ങി ജീവാരോഗ്യം ഉണ്ടാകേണ്ടുന്നതിന്നും എണ്ണമില്ലാത്ത സമ്പത്തിന്മേൽ നിങ്ങൾ അവകാശികളാകേണ്ടുന്നതിന്നും, ആയിട്ടു മെഴു

വേലിൽ മൂപ്പിലെ മാത്രം വരുത്തി അവിടെയുള്ള നിക്ഷേപ പാത്രത്തെ എടുത്തു അതിലുള്ളവയെ എണ്ണി തിട്ടപ്പെടുത്തി സാക്ഷാൽ വിലയിരുത്തുണ്ടെ എന്നറിഞ്ഞു വിവരത്തിനു ഒരു പട്ടിക എഴുതി ചെച്ചമ്മയുടെയും നിങ്ങൾ രണ്ടുപേരുടെയും കൈയൊപ്പിട്ടു സാക്ഷിയായിട്ടു മൂപ്പിലെ കയ്യൊപ്പും ഇട്ട ശേഷം മറ്റുള്ളവർ അറിയാതെകണ്ടു നിങ്ങൾ രണ്ടുപേരും മൂപ്പിനുമായി നിക്ഷേപപാത്രത്തോടു ക്രൂടെ വള്ളത്തിൽ കേറി മെഴുവേലിൽ ചെന്നു അവിടത്തെ കൊച്ചുകോശിക്കുഞ്ഞും വല്ലിയമ്മയും മാത്രം അറികെ ആത്മാവു നിശ്ചയിക്കുന്ന ദിവസം വരെ ആ പാത്രത്തെ അവിടെ സൂക്ഷിച്ചുകൊള്ളുകയും ആ വിവരത്തിനു കൊച്ചുകോശിക്കുഞ്ഞു ആ പട്ടികയിൽ വിവരം എഴുതി കയ്യൊപ്പിടുകയും ആ പട്ടിക നിങ്ങൾ സൂക്ഷിച്ചുകൊള്ളുകയും ചെയ്യേണ്ടുന്നതാകുന്നു. ഇങ്ങിനെ നിങ്ങൾ ചെയ്യുന്നതിനാൽ നിങ്ങൾക്കും കുടുംബത്തിനും അവക്കും ആ കുടുംബത്തിനും ജീവനും അനുഗ്രഹവും ഉണ്ടാകും നിശ്ചയം. ചെയ്യാതെ ഇരുന്നാൽ ഉണ്ടാകകില്ല നിശ്ചയം. ഇക്കാര്യത്തിനു നിങ്ങളും മെഴുവേലിൽ കുടുംബവും പൂർണ്ണമായി സമ്മതിക്കേണ്ടതാകുന്നു അല്ലാതെയും നിങ്ങൾ രണ്ടുപേരുടെയും പൂവ്കുടുംബത്തിൽ അതിനെ സൂക്ഷിക്കാതെയിരിപ്പാൻ നല്ലപോലെ കരുതിക്കൊൾവിൻ. സൂക്ഷിച്ചാൽ അവക്കും നിങ്ങൾക്കും ആപത്തുവരും സന്ദേഹമില്ല. പിന്നെയും ഇഞ്ചെക്കൽ കുടുംബത്തിലും ആത്മാവിന്റെ അനുവാദം ഉണ്ടാകുന്നതുവരെ ഇനി അതു ഇരുന്നുകൂടാ. ഇരുന്നാൽ കൊച്ചോയിച്ചന്റെ ദിനത്തിനു സുഖമുണ്ടാകയില്ല എന്നുള്ളതു ഏതു നിശ്ചയം. അതിനാലതെ ഇതു എഴുതുവാൻ ഇടയായതു. നിങ്ങൾ ഒന്നുകൊണ്ടും ചഞ്ചലപ്പെടരുതു.

നാമതു കോതപുരത്തു പുരയിടം കൊച്ചുകുഞ്ഞിനു ഒരു പുതിയ അവകാശമായി ആത്മാവു കൊടുത്തിരിക്കുന്നതിനാൽ ശത്രുവേൽ ബോധകരുടെ പുര കണക്കെ ഒരു പുര അവിടെ വേഗം ഉണ്ടാക്കിക്കൊള്ളണം. അതിനു വേണ്ടുന്ന കണ്ടവും ആത്മാവു തരും. ഇവ സ്വീധനാവകാശമാകുന്നു. ചേച്ചമ്മ ഇഞ്ചെക്കൽ എന്നപോലെ മറിയമ്മയും താങ്കളും കോതപുരത്തിൽ പാർത്തുകൊള്ളാം.

നാമതു ജീവനെറ ആത്മാവു ഒരുവനിൽ പകർന്നശേഷം അതിനെ തുടുത്തുകളവാൻ ജഡം വിചാരിച്ചാൽ ഏതുപ്രകാരം കഴിയാതെ ഇരിക്കുമോ? അതേപ്രകാരം നിങ്ങൾ രണ്ടുപേരെയും ഭാര്യാഭർത്താക്കന്മാരായി ഐക്യതയിന്നാത്മാവു ചേർത്തുപോയതിനാൽ കൊച്ചുകുഞ്ഞിനു മറിയമ്മയെ പരിഗ്രഹിക്കാതിരിപ്പാൻ കഴിയാത്തതു കൊണ്ടു താങ്കൾ ഇവിടെ വേഗം വന്നു സന്തോഷത്തോടു ക്രൂടെ ഭാര്യയെ കൈക്കൊള്ളണം. ഇനി താമസിക്കരുതു. താമസിക്കുന്നതും അച്ചന്റെ ബാധ നീങ്ങുകയില്ല. എന്നാലൊ ദൈവം താങ്കളുടെ ശരീരത്തിന്മേൽ കാവലിട്ടിരിക്കുന്നതിനാലതെ. ആ ബാധ പകരപ്പെടാതിരിക്കുന്നതു.

എങ്കിലും താങ്കളെ കാണാതിരിക്കുന്നതിലും വിട്ടുപിരിയുന്നതിലും അച്ഛന്റെ ബാധകം വളരെ വലിയതാകുന്നു. എന്നുള്ളതു അനുഭവസിദ്ധമല്ലൊ.

എന്നാൽ അല്ലാ ആമേൻ യമം ഓമേഗാ എന്ന നിത്യസുവിശേഷത്തിന്റെ പൊതുവായ ഐക്യതയിൻ ആത്മാവാം മഹാദൈവം അരുളിച്ചെയ്തിരിക്കുന്നതിനാലും ഈ ജീവരക്ഷയിൻ നിയമം എഴുതിയ അവന്റെ ദാസനും നിങ്ങളുടെ പാദപൂജ്യശുശ്രൂഷക്കാരനുമാകുന്ന

കന്നീറ്റിനിന്നും യൂസ്സൂസയോസഫ്

ഹൃദയപൂർവ്വം കുംഭം ഡേ.

ഇന്നുമുതൽ മഹാപ്രത്യക്ഷതെക്കു ഒരുമ്പെടിവാസമേയുള്ളു. നിശ്ചയം ആമേൻ.

287

പൊതുവായ ഐക്യതയിൽ നിന്നു.
യൂസ്സൂസയോസഫിന്റെ കുടുംബത്തെ കുറിച്ചുള്ള
ജീവരക്ഷയിൻ നിയമം.

നാമതു ഈ കുടുംബത്തിലെ തലവൻ ഐക്യതയിന്നാത്മാവും തലവി പൊതുവായ ഐക്യതയും ആകയാൽ ആ കുടുംബത്തിലുള്ള ഏവർക്കും അവരെത്തൊ സാക്ഷാൽ മാതാപിതാക്കന്മാർ അല്ലാതെ വേറെയില്ല. നിശ്ചയം ആമേൻ.

നാമതു വടക്കു അഞ്ചേരിൽ യൂസ്സൂസയാക്കോബു ബോധകരും ഭാര്യയും, തെക്കു ചെങ്ങളത്തു യൂസ്സൂസ പീലിപ്പോസു ബോധകരും ഭാര്യയും മങ്കുഴിയിൽ യൂസ്സൂസ യോഹന്നാൻ ബോധകരും ഭാര്യയും, കന്നീറ്റിൽ യൂസ്സൂസ ശമുവേൽ ബോധകരും ഭാര്യയും, പാർത്തു അവരവരെ കൽപ്പിച്ചിരിക്കുന്ന മേലയെ നോക്കേണ്ടുന്നതാകുന്നു. എന്നാലൊ ആവശ്യപ്പെട്ടാൽ അങ്ങോട്ടുമിങ്ങോട്ടും സ്ഥലംമാറിക്കൊള്ളാം.

നാമതു യൂസ്സൂസയോസേഫും ഭാര്യയും കന്നീറ്റിൽ എന്നപോലെ മറ്റു മൂന്നു സ്ഥലങ്ങളിലും മാറി മാറി ചെന്നിരിക്കേണ്ടതാകയാൽ അവർ വരുമ്പോൾ ഇരിപ്പാൻ തക്കവണ്ണം മൂന്നു സ്ഥലങ്ങളിലും ഓരോ മുറി പുരയുണ്ടാക്കുന്നതു വേണ്ടുന്നതാകുന്നു.

നാമതു മങ്കുഴിയിലും കന്നീറ്റിലുമായിട്ടു വലിയമ്മയും ഇളയമ്മയും മനവും ദാനിയേലും പാർത്തുകൊള്ളട്ടെ. ഇവക്കും യുക്തം പോലെ ഓരോസ്ഥലത്തു മാറി മാറി പാർത്തുകൊള്ളാം. വിശേഷിച്ചും വടക്കു പാർക്കുന്നവക്കു അഞ്ചേരി ഇടവകയും തെക്കു പാർക്കുന്നവക്കു ചെങ്ങൊളം ഇടവകയും ചിലവിന്നു കൊടുക്കേണ്ടതു ക്രൂടാതെ മങ്കുഴിയിൽ പാർക്കുന്നവക്കു മരുത്തൊലിൽ തലവൻ നയിനാച്ചനും കന്നീറ്റിൽ പാർക്കുന്നവക്കു

പ്രധാന തലവൻ കൊല്ലുക്കാരൻ കുഞ്ഞാക്കാണ്ടമുതലാളിയും ചിലവു നടത്തേണ്ടുന്നതാകുന്നു. അല്ലാതെയും കന്നീറിലുള്ള പുരയിടങ്ങളും പുരകളും കുഞ്ഞാക്കാണ്ടമുതലാളിയും മംകുഴിയിലുള്ള പുരയിടങ്ങളും പുരകളും നയിനാച്ചനും നോക്കേണ്ടുന്നതാകുന്നു.

എന്നു അല്ലാ ആമേൻ യമ്മ ഓമെഗാ എന്നനിത്യസുവിശേഷത്തിന്റെ പൊതുഐക്യതയിന്നാത്മാവാം മഹാദൈവം അരുളിച്ചെയ്തിരിക്കുന്നതിനുണ്ണും ഈ ജീവരക്ഷയിൻ നിയമം എഴുതിയ അവന്റെ ദാസനും സകലരുടെയും പാദശുശ്രൂഷക്കാരനുമാകുന്ന

കന്നീറിനിന്നും
ഫാദർ കുംഭം പവ്വ.
ഇനിഃ മഹഃ ഓമെഃ ദീഃ

യൂസ്സുയോസേഫ്

288

പൊതുഐക്യതയിൽ നിന്നും.
എന്റെ പ്രിയമുള്ള ലൂക്കാച്ചനു എന്റെ
വിശുദ്ധചുംബനം

നിങ്ങൾ നൂറു ദിവസങ്ങളിൽ ആരോഗിക്കു ചെയ്ത ശുശ്രൂഷയെ ആകാശത്തിന്റെയും ഭൂമിയുടെയും നാഥനാകുന്ന ഐക്യതയിന്നാത്മാവാം മഹാദൈവം മറക്കുന്നു എങ്കിൽ തന്റെ വലത്തുകൈ തന്റെ സാമർത്ഥ്യത്തെ മറക്കട്ടെ എന്നും അതിനെ ഓർക്കാതെയും തന്റെ വിശേഷസന്തോഷത്തിൽ ആയതിനെ പ്രധാനമാക്കാതെയും ഇരുന്നാൽ തന്റെ നാവു തന്റെ അണ്ണാക്കിനോടു പറ്റി പോകട്ടെ എന്നും തന്നെക്കൊണ്ടു തന്നെ ആണയിട്ടു നിങ്ങൾ രണ്ടുപേരോടും കൽപ്പിക്കുന്നു. ആയതുകൊണ്ടു യോശുവായും ഖാലേബും പോലെ നിങ്ങൾ ധൈര്യമുള്ളവരായിരിപ്പിൻ. നിങ്ങൾ കർത്താവിന്റെ സന്തോഷത്തിലേക്കു പ്രവേശിപ്പാൻ നിങ്ങൾ ചെയ്ത ആ ശുശ്രൂഷയെ യെറുശലെം മുതൽ ഇല്ലുറിക്കും വരെയും ചെയ്ത ശുശ്രൂഷയായി അംഗീകരിച്ചിരിക്കുന്നു എന്നു മഹാദൈവം നിങ്ങളോടു കല്പിക്കുന്നു. എന്തെന്നാൽ കർത്താവു ഭൂമിയിൽ കാഴ്ചത്തെ ചുരുക്കിത്തീർക്കും എന്നുണ്ടല്ലൊ. ആ രോഗി അനേകായിരം രോഗികൾക്കു ദൃഷ്ടാന്തക്കാരനാകയാൽ അയാളുടെ ജീവനിൽ (അതു ശുദ്ധീകരിക്കപ്പെട്ട പൂർണ്ണസുഖത്തെ നൽകുവാൻ നിങ്ങൾ രണ്ടുപേരുടെയും ശുശ്രൂഷമൂലം) നിശ്ചയമായി പകരപ്പെട്ടിരിക്കുന്ന ജീവകരുണ അനേകായിരങ്ങളുടെ ജീവനും നിങ്ങളുടെ ശുശ്രൂഷവഴിയായി നിശ്ചയമായി പകരപ്പെട്ടിട്ടുണ്ടെന്നും സർവ്വശക്തിയുള്ള ആത്മാവു നിങ്ങളോടു കൽപ്പിക്കുന്നു. സർവ്വശക്തൻ നിങ്ങളോടുകൂടെ ഇരിക്കയാൽ നിങ്ങൾക്കു വിരോധം ആരാകുന്നു? വെറും മനുഷ്യനു ദൈവത്തിന്റെ പ്രവൃത്തിയെ കാണ്മാൻ കണ്ണില്ലാത്തതിനാ

ൽ അതു അന്ധതപ്പെട്ടും. എന്നാലൊ നിങ്ങൾ ആ പ്രവൃത്തിയെ പ
രസ്യമായിക്കണ്ടു അനുഭവിച്ചു സന്തോഷപ്പെട്ടും. അതുയുമല്ല സൂക്ഷ്മദ
ർശനകണ്ണാടിയിനാൽ ഏറവും ചെറിയ വസ്തുവിനെ അതിന്റെ
പൂർണ്ണാകൃതിയോട്ട കൂടെ കാണുന്നപ്രകാരം രോഗികളിൽ അനു
പ്രായം പോലെ ഉത്ഭവിച്ചിരിക്കുന്ന പാപശാന്തിയാകുന്ന രോഗശമ
നത്തിൻ വിത്തു നിങ്ങളിലുള്ള കർത്താവിൻ ആത്മശരീരക്കണ്ണാടിവ
ഴിയായി അതിന്റെ ജീവനാകുന്ന പ്രകാശംമൂലം നിങ്ങൾക്കു ഇപ്പോ
ൾ വിത്തിന്റെ ആകൃതിയോട്ട കൂടെ കണ്ടു സന്തോഷിക്കാം കർത്താവു
പക്ഷവാതക്കാരനോട്ട നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു
എന്നല്ലൊ കല്പിച്ചതു. അതുകൊണ്ട രോഗശാന്തിക്കുള്ളകാരണം പാ
പമോചനമാകുന്നു. എന്നതെളിയുന്നു. പക്ഷവാതക്കാരനു തൽക്കാലം
സുഖം വന്നു എങ്കിലും മറ്റു രോഗത്താൽ അവൻ മരിച്ചു പോയി എ
ന്നു നമുക്കു നിശ്ചയിക്കാം. പാപമോചനം മുതലായ ശുശ്രൂഷകളാൽ
പൂർണ്ണതയിലേക്കു വന്നെത്തിയിരിക്കുന്ന ക്രിസ്തുവിന്റെ ആത്മശരീരം
അതിന്റെ ജീവനോട്ടും ആത്മാവിനോട്ടും കൂടെ ഐക്യതയിന്നാത്മാ
വാകുന്ന മഹാദൈവം നിങ്ങൾക്കും നൽകീരിക്കയാൽ നിങ്ങളും ആ
ശരീരത്തെ അല്ലയൊ? അതിന്റെ ജീവനോട്ടും ആത്മാവിനോട്ടും
കൂടെ രോഗികൾക്കും നൽകീരിക്കുന്നതു. നിങ്ങളെ ഈ ജീവനുള്ള വി
ശ്വാസത്തിലേക്കു ജനിപ്പിച്ച ആ ആത്മാവിനു രോഗിയേയും ജനി
പ്പിപ്പാൻ കഴിയും. എന്നു പൂർണ്ണമായി എണ്ണുവിൻ. നിങ്ങൾ ഐക്യ
തയിൽ നിന്നു പ്രാപിച്ച ആത്മാവിനെ ആകുന്നു രോഗികൾക്കും കൊടു
ത്തിരിക്കുന്നതു. അതു രോഗിയുടെ ഉള്ളിൽ പ്രവേശിച്ചിരിക്കയാൽ
അതു അവിടെ വെറുതെ ഇരിക്കുമോ? അതു പാപത്തിന്റെ വേരി
നെ ആസകലം പിഴുതു അശുദ്ധിയെ പുറത്താക്കി ആരോഗ്യത്തെ വ
രുത്തി നിത്യസുഖത്തെ നൽകുവാൻ തക്ക വ്യാപാരത്തെ പുറപ്പെടുവി
ച്ചുകൊണ്ടിരിക്കുന്നതല്ലാതെ സാത്താൻ കണ്ടു സന്തോഷിപ്പാൻ തക്ക
ക്ഷണം മാഞ്ഞു പോകുന്ന ജഡസംബന്ധമായ അതിശയത്തിൻ നിഴ
ലിനെ പുറപ്പെടുവിക്കയില്ല. അതുകൊണ്ടു രോഗിക്കു രോഗം അശേ
ഷം മാറി പൂർണ്ണസുഖം വരുത്തുവാൻ തക്ക ആത്മാവു ജീവനിൽ പ്ര
വേശിച്ചിരിക്കയാൽ അതിനെ ഇല്ലായ്മയാക്കുവാൻ ജഡത്തിന്നു കൂ
ഴിയുന്നതല്ല. അപ്രകാരമുള്ള ആത്മാവു രോഗിയുടെ ജീവനിൽ പ്ര
വേശിച്ചിട്ടില്ല എന്നു പുഴുത്ത ജഡം പറഞ്ഞാലും ദൈവമാകുന്ന ആ
ത്മാവിനു അങ്ങിനെ പറവാൻ ഒരിക്കലും കഴികയില്ല. അവൻ വി
ശ്വാസസാക്ഷിയാകുന്നു. ആകയാൽ ആത്മാവും മണവാട്ടിയും നിങ്ങ
ളോട്ട പറയുന്ന പൂർണ്ണസുഖം വരുത്തുന്ന ജീവനാത്മാവു രോഗിയുടെ
ഉള്ളിൽ ജീവശുദ്ധീകരണപ്രാർത്ഥനയിൻ വഴിയായി പ്രവേശിച്ചുകൃ
യ നടത്തികുന്നു. ആമെൻ ആമെൻ ആമെൻ. ഇതിന്നു മാത്രമെ നി
ങ്ങൾ കടം പെട്ടിട്ടുള്ളു. അതു നിവൃത്തിച്ചും ഇരിക്കുന്നു. ശേഷമുള്ള

ത്തു നമ്മുടെ കായ്മയല്ല. ആത്മാവിന്റെകായ്മാകുന്നു തന്റെ മഹിമെ
ക്കുത്ത പ്രകാരം അവൻ പ്രവൃത്തിച്ചു കൊള്ളും. നിങ്ങൾ രോഗിക്കു
ശുശ്രൂഷ ആരംഭിച്ചതു മുതൽ ഏഴാം ദിവസം കഴിയുമ്പോൾ ആത്മാ
വിന്റെ പ്രവൃത്തിയെ നിങ്ങൾ പരസ്യമായി കാണുകയും ചെയ്യും.
നിങ്ങൾ ഒന്നു കൊണ്ടും ലജ്ജിക്കാതെ ധൈര്യത്തോടെ ക്രൂടെ ആത്മാ
വിനു സാക്ഷിപകരുവാൻ തക്കവണ്ണം നിങ്ങളെ ഉത്സാഹിപ്പിക്കുന്ന
തിനു ലൂക്കോ. ൪. വന്നാം വാക്യം വെളിപ്പെട്ടിരിക്കുന്നു. ജീവരക്ഷ
യിൻ നിയമപ്രകാരം പരമൈക്യപ്രാർത്ഥനയാൽ നിങ്ങളെ നൂറാ
നാല്പത്തിനാലായിരത്തിനും അനേകായിരത്തിനും പൂർണ്ണമായി ഏൽ
പ്പിപ്പിൻ. നിങ്ങൾ അപേക്ഷിക്കുന്നതു ഒക്കയും നിങ്ങൾക്കു നിശ്ചയമാ
യി ലഭിക്കും ആമേൻ.

എന്നു നിങ്ങളുടെ പാദസ്പൃഷ്ടക്കാരൻ

കന്നീററി നിന്നും
ഫംഭിതി മീനം വ്യാംനു
മഹ: ഇനാ: ഭിന്നവ ദി:

യൂസുസു യോസേഫ്.

289

പൊതു ഏകൈകൃതയിൽ നിന്നു
പ്രിയമുള്ള ഈപ്പച്ചനു എന്റെ വിശുദ്ധ ചുംബനം.

താങ്കൾ അരുളപ്പാടു അയച്ചു നെടുമ്പുറത്തും കന്നീററിൽ വൃത്തൻ
ബംഗ്ലാവിലും എന്നു എന്നു ഞാൻ അറിഞ്ഞു. ഇങ്ങിനെ ചെയ്തതു എ
ന്തിനു? ഒന്നുമില്ലാഞ്ഞിട്ടോ? അങ്ങിനെ വന്നു ക്രൂടായല്ലൊ എന്റെ
കുടുംബത്തിൽ നിന്നു എഴുന്നൂറിച്ചില്ലുപാനം തുപാ കൊടുത്തശേ
ഷമാകുന്നു ചെറിയാൻ ബോധകർ പറമ്പിലെ പുരയിടം സംഘത്തി
നു ഏൽപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞു എഴുതുതന്നതു. അല്ലാതെവെ
റുതെ അല്ല. താങ്കൾ പൂവത്തൂർ കുഞ്ഞിനെക്കൊണ്ടു ചെറിയാൻ
ബോധകരുടെ മകളെ കല്ല്യാണം കഴിപ്പിച്ചുവല്ലൊ അതിനു ആയി
രത്തിച്ചില്ലുപാനം രാശി ഞാനാകുന്നു സ്ത്രീധനം കൊടുത്തിരിക്കുന്നതു
മത്തിയാസിനെക്കൊണ്ടു സാറാമ്മയെ കല്ല്യാണം കഴിപ്പിച്ചു വകെ
ക്കു ആയിരം രാശി സ്ത്രീധനമായി വകവച്ചുകൊള്ളണം എന്നു ഞാൻ
കാണിച്ചുറപ്പിനു അതിനുമനസ്സില്ല. വണമോ വസ്തുവോ തിരിച്ചു തന്നേ
ക്കാം എന്നു അയ്യാൾ എഴുതിയ എഴുത്തു എന്റെ കയ്യിലുണ്ടുതാനും. ആകു
യാൽ എഴുന്നൂറിച്ചില്ലുപാനം തുപാ കൊടുത്തു ഞാൻ സംഘത്തിനു
വാങ്ങിച്ചിട്ടുള്ള പറമ്പിൽ പുരയിടം താങ്കളുടെ കുടുംബച്ചിലവിനാ
യിഇതാ! ചിട്ട തന്നിരിക്കുന്നു. ഇനി തെണ്ടുവാൻ ഒരു സ്ഥലത്തും ആള
യക്കരുതു. ഞാനാ സംഘക്കാരൻ ഞാൻമറെറാരുത്തനു വിട്ടുകൊടുക്ക
മോ എന്നു പറഞ്ഞും കൊണ്ടു ആരെങ്കിലും വന്നു എങ്കിൽ അവൻ എ

ന്റെ കൃപാ ശരിയായി വച്ചു തന്റെ ആണത്വം കാണിക്കട്ടെ. ധൈര്യപ്പെടട്ടെ. ഈ പഞ്ഞര കേൾപ്പിക്കരുതു. പൂവത്തൂർ കുഞ്ഞിനെക്കൊണ്ടു ഞാനാകുന്ന കല്ല്യാണം കഴിപ്പിച്ചതു അതുകൊണ്ടു ഞാൻ തന്നെ സ്ത്രീധനം കൊടുത്തേക്കാം എന്നു താങ്കൾക്കു നല്ല മനസ്സുതോന്നിയാൽ ഞാൻ അതിന്നു ഒരു വഴി പറയാം. ഓമല്ലൂരിലുള്ള താങ്കളുടെ വസ്തുക്കളെ എല്ലാം വിറ്റു ആ പണം താങ്കളുടെ പക്കൽ വച്ചു കൊണ്ടു കുടുംബച്ചിലവു നടത്തിക്കൊള്ളണം. ഞാൻ അതിന്നു വകവെച്ചു തന്നുകൊള്ളാം നിശ്ചയം. അയ്യോ! ഇതൊന്നും ഇനിക്കു കഴികയില്ലാ എന്നു താങ്കൾ പറഞ്ഞു നിലവിളിക്കുന്നു എങ്കിൽ താങ്കൾ പാർക്കുന്ന ഭവനത്തിൽ നിന്നു മാറി യൂസ്സുസു യോസേഫിന്റെ കുടുംബത്തിൽ എവിടെ എങ്കിലും പാർത്തുകൊള്ളണം. അവരിൽ ആരെങ്കിലും താങ്കളുടെ കുടുംബച്ചിലവു നടത്തിക്കൊള്ളും. തെണ്ടുവാൻ അയച്ചിട്ടുള്ള ആന്തരം ഇതൊന്നുമല്ല. വെളിപ്പെട്ടതാണ എന്നു താങ്കൾ പറയുന്നു എങ്കിൽ ആ അവധി കഴിഞ്ഞു പോയി. കതവടച്ചശേഷം മുട്ടുന്നതു വ്യർത്ഥവത്രെ. എന്നു സകലരുടേയും പാദശുശ്രൂഷക്കാരൻ

കന്നീരറി നിന്നും
ഫർദ്ദ. മീനം ഫര
മഹ: ഇനിഃ ഒരിന്ന ദി:

യൂസ്സുസു യോസേഫ്.

ഉള്ള നിശ്ചയം. ആമെൻ.

290

പൊതുവുക ഐക്യരൂയിൽ നിന്നു

എന്റെ പ്രിയമുള്ള കൊട്ടാരക്കര ഇടവകപ്പട്ടക്കാരൻ, കായ്സ്ഥൻ, മുപ്പന്മാർ, കുടുംബത്തലവന്മാർ, എന്നിവക്കു എന്റെ വിശുദ്ധ ചുംബനം.

നിത്യവിവാഹ ശുശ്രൂഷയെ സംബന്ധിച്ചും അതിലേക്കുള്ള ഒരുക്കത്തെ സംബന്ധിച്ചും ഉള്ള കായ്ങ്ങളെ പല എഴുത്തുകളാൽ നിങ്ങൾ അറിഞ്ഞിരിക്കുമല്ലൊ. അതിൽ സാരമായുള്ള ഭാഗം ജീവാന്യൂമാകുന്നു. അതു ഇന്നതാകുന്നുഎന്നു ശുശ്രൂഷക്കാർ നിങ്ങളെ ബോധപ്പെടുത്തും. അതിലേക്കുള്ള നിങ്ങളുടെ അനുസരണം വെളിവാകുവാനും എന്റെ കൂടെയുണ്ടാകുന്നവരുവാനുമായിട്ടു മുൻപെ ചട്ടം കെട്ടിയിരിക്കുന്ന പ്രകാരം എന്റെ ബുദ്ധിമുട്ടിന്നു ജീവനാന്യൂം വകയിൽ പിരിവുള്ളതു തൽക്കാലം കൊടുത്തയക്കയും പിന്നീടു പിരിയുന്നതു പിന്നാലെ കൊടുത്തയക്കയും ചെയ്യുമല്ലൊ. ശേഷമൊക്കയും അച്ചൻമുലം പറഞ്ഞയച്ചിട്ടുണ്ടു. എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീരറി നിന്നും
ഫർദ്ദ. മേടം ഫാംന
മഹ: ഇനി: ഒരുൻ ദി:

യൂസ്സുസു യോസേഫ്.

291



പൊതു ഏകൈകൃതയിൽ നിന്നു
എന്റെ പ്രിയമുള്ള ചെപ്പാട്ട സഭയിലെ മൂപ്പന്മാർക്കും കുഡും
ബത്തലവന്മാർക്കും എന്റെ വിശ്വാസ്യപൂർണ്ണമായ വന്ദനം.

ആ സഭയിലെ ശുശ്രൂഷക്കാരൻ പീലിപ്പോസു ആശാന്റെ ലോകകാര്യത്തെ സംബന്ധിച്ചു നിങ്ങൾക്കെല്ലാവർക്കും അറിയാമല്ലൊ. ഇശാംശം ശുശ്രൂഷക്കാരുടെ ഉപജീവനത്തിനുള്ള വഴിയും നിങ്ങൾക്കു അനുഗ്രഹം സമൃദ്ധിയിൽ നിന്നു വർഷിപ്പാൻ തക്കവണ്ണമുള്ള വാതിലുമാകയാൽ നിങ്ങളുടെ സകല വർദ്ധനവിൽ നിന്നും ദശാംശം എടുത്തു ശേഖരിക്കയും സഭയിലെ ശുശ്രൂഷക്കാർക്കു അതിൽ നിന്നു കൊടുക്കയും ചെയ്യുന്ന കാര്യത്തിൽ നിങ്ങൾ ഒട്ടും ഉദാരത വിചാരിക്കരുതു. മറ്റുള്ള സഭക്കാരിൽ അനേകം പേർ ദശാംശം എടുക്കാത്ത കാര്യത്തെ ഒരു മാതൃകയായി നിങ്ങൾ കണ്ടു പഠിക്കരുതു. പാവപ്പെട്ട നിങ്ങൾ മറ്റുള്ളവർക്കു ഈ നല്ല പ്രവൃത്തിയാൽ ഒരു ഉത്തമ മാതൃകയെ കാണിപ്പിൻ. ദൈവം അവരവരുടെ പ്രവൃത്തിക്കു തക്കവണ്ണം പകരം നൽകുവാൻ അവൻ ഇതാ! വരുന്നു എന്നു പറഞ്ഞാൽ മാത്രം പോരാ അവൻ വന്നിരിക്കുന്നു എന്നും കൂടെ പറയേണ്ടിയിരിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിച്ചു അതു വഴിയായി ശുശ്രൂഷക്കാരുടെ കുറുകളെ തീർക്കട്ടെ. നിങ്ങളുടെ എല്ലാ വർദ്ധനവിനും ഉള്ള ജീവാനുഗ്രഹത്തെ ശുശ്രൂഷക്കാരുടെ കയ്യിൽ ഏൽപ്പിച്ചു അതു വഴിയായി അവ അനുഗ്രഹത്തെ നിങ്ങളുടെ മേൽ വർഷിപ്പിക്കട്ടെ. എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റി നിന്നും
കറുത്ത മേടം കൻ.
മഹഃ ഇനി: ഭൊറദ്വാഃ

യൂസ്സുസു യോസേഫ്.



292

പൊതു ഏകൈകൃതയിൽ നിന്നു
എന്റെ പ്രിയമുള്ള തെക്കേലെ അച്ചനും ഉമ്മച്ചനും എന്റെ വിശ്വാസ്യപൂർണ്ണമായ വന്ദനം.

വാദ്ധ്യാരുടെ കാര്യത്തെക്കുറിച്ചു ഞാൻ അറിയുന്നതിൽ അധികമായി നിങ്ങൾ അറിഞ്ഞിരിക്കുന്നു. സഹായിക്കുന്ന കാര്യത്തിൽ നിങ്ങൾക്കു മനസ്സുകേടു ഉണ്ടാകയില്ല. അതിനുള്ളവഴി എന്തെന്നു ആലോചിച്ചു തൽക്കാലം വാദ്ധ്യാർക്കു ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടിനെ തീർപ്പാൻ തക്കവണ്ണം നോക്കണം. പിന്നീടു പൈതങ്ങൾക്കു യഥായോഗ്യം പോ

ലെ പീസുവെച്ചു ഒരു പട്ടിക എഴുതി അതേപ്രകാരം പിരിവാൻ തക്കവണ്ണം ചട്ടംകെട്ടണം. ഒരു മാസം പരീക്ഷിച്ചു അതേപ്രകാരം നടക്കുന്നില്ലെന്നു കണ്ടാൽ വാദ്ധ്യാരെ നമുക്കു ആലോചിച്ചു മറൊരു വേലയിൽ ആക്കാം. ശുശ്രൂഷക്കാരുടെ ശുശ്രൂഷമൂലം ജനങ്ങളുടെ ആത്മാവിന്നു തൃപ്തിവരുന്നപ്രകാരം ജനങ്ങളുടെ ശുശ്രൂഷമൂലം ശുശ്രൂഷക്കാരുടെ ശരീരവും തൃപ്തിയാകേണ്ടുന്നതാകുന്നു. എന്തെന്നാൽ ശുശ്രൂഷക്കാരുടെ ജഡകാഴ്ചത്തിന്നു കുറവു വന്നിരിക്കുന്നതു ജനങ്ങളുടെ ആത്മകാഴ്ചത്തിന്നു കുറവു വന്നിരിക്കുന്നതുകൊണ്ടാകുന്നു. ആകയാൽ ആത്മകാഴ്ചത്തിന്റെ കുറവിനെ ശുശ്രൂഷക്കാർ തീർക്കട്ടെ. അപ്പോൾ ജഡകാഴ്ചത്തിന്റെ കുറവിനെ ജനങ്ങൾ തീർക്കും. ഇതിനെ സംബന്ധിച്ചു പിന്നീടു എഴുത്തയെക്കാം. ശേഷം ഒക്കെയും വാദ്ധ്യാർ പറകയും ചെയ്യും. എന്നു നിങ്ങളുടെ വാദശുശ്രൂഷക്കാരൻ

കന്നീറ്റി നിന്നും
ഫാദർ മേടം ഫ്രാൻ-
മഹ: ഇനി. ഫ്രൻ ദി:

യൂസ്സുയോസേഫ്.

293



പൊതു ഏകൈക്യതയിൽനിന്നു
എന്റെ പ്രിയമുള്ള കൊട്ടാരക്കര ഇടവക പട്ടക്കാരനും
കാഴ്ചസ്ഥനും മൂപ്പന്മാക്കും കുടുംബത്തലവന്മാക്കും എന്റെ
വാത്സല്യചുംബനം.

നിങ്ങൾ കൊടുത്തയച്ച സുഗന്ധവാസനയെയും സന്തോഷത്തോടും നന്ദിയോടും കൈക്കൊണ്ടു ദൈവത്തെ സ്തുതിക്കയും അനുഗ്രഹം നിങ്ങളുടെ മേൽ പകരപ്പെടുവാൻ തക്കവണ്ണം പ്രാർത്ഥിക്കയും ചെയ്തു. നിങ്ങൾ ജീവനാണ്യമാകുന്ന ദൈവമക്കൾ എന്നു നിങ്ങൾക്കു നൽകീരിക്കുന്ന തുണ്ടുകടലാസു മൂലം ഐക്യതയിന്നാത്മാവു നിശ്ചയമായി സാക്ഷീകരിക്കുന്നു. ജീവനാണ്യം എന്നതു കേവലം തുണ്ടുകടലാസു എന്നു നിങ്ങൾ വിചാരിക്കരുതു. ആ അക്ഷരത്തിന്റെ ഉള്ളിലുള്ള ആത്മാവത്രെ ജീവനാണ്യം. അതു വിലയേറിയതാകുന്നു. ആ ആത്മാവു ലഭിപ്പാൻ ഇതല്ലാതെ വേറൊരു വഴിയില്ല. ഇതു ആട്ടുകൾ ഉല്പാദിക്കുമ്പോൾ അവയുടെ കൺകാൺകെ യാക്കോബു തോലുരിച്ചു വച്ച വൃക്ഷക്കൊമ്പു എന്നപോലെ ആകുന്നു ഇരിക്കുന്നതു. ഇതു ബുദ്ധിഹീനം എന്നു തോന്നിയാലും പഴയാദാമാകുന്ന ലാബാനു നഷ്ടവും പുതിയ ആദാമാകുന്ന യാക്കോബിന്നു ലാഭവുമത്രെ. ദൈവം നിങ്ങളെ ദൈവത്തിന്റെ ഇസ്രയേൽ എന്നപോലെ കൂട്ടമായി വർദ്ധിപ്പിച്ചു അനുഗ്രഹിക്കട്ടെ.

ശേഷമൊക്കെയും ഇവർ പറകയും ചെയ്യും നെല്ലിക്കുന്നത്തെ കാ
ര്യത്തെപ്പറ്റി ചട്ടം കെട്ടി അയക്കാം.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റി നിന്നും
ഫാദ്ധ്യ മേടം പ്രധാന-
മഹ: ഇനി: ത്രവ്വദി.

യുസ്സുയോസേഫ്.

294

പൊതു ഋക ഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള പടിഞ്ഞാറെ ഡിവിഷ്യൻ തലവൻ
പുതിയോട്ട മേടയിൽ ജോർജ്ജു കുഞ്ഞിനു എന്റെ
വിശുദ്ധചുംബനം.

തങ്കളുടെ മനസ്സു ഇക്കാര്യത്തിൽ ക്ഷീണിച്ചു പോകയില്ലെന്നു ഞാ
നിക്കു ദൈവത്തിൽ ആശയുണ്ടു. സത്യത്തിന്റെ വേദവാക്യപ്രകാ
രം ദശാംശം കൊടുക്കുന്നതിലാകുന്നു ജീവനിരിക്കുന്നതു എന്നു ദൈ
വം തന്റെ ആത്മാവുമൂലം ഇനിക്കു കാണിച്ചുതന്നിരിക്കുന്ന ദൈവഹി
തയത്തെ ഞാൻ തങ്കൾക്കു ഉറപ്പു കാണിക്കുന്നു. അതുകൊണ്ടു സഹോ
ദരാ! തങ്കളുടെ കുടുംബവസ്തുക്കളുടെ വർദ്ധനവിൽനിന്നു ഇപ്പോൾ
ഉണ്ടായിരിക്കുന്ന ദശാംശത്തിലുള്ള മുക്കാൽ ഭാഗത്തെ എന്റെ കുടും
ബചിലവിന്നായി കൊടുത്തയക്കണം. ശേഷമുള്ള കാൽഭാഗം തങ്കളുടെ ഇഷ്ടംപോലെ ശുശ്രൂഷക്കു കൊടുത്തുകൊള്ളാം.

അല്ലാതെയും മണമേൽ പെരിയകുഞ്ഞിന്റെ ദശാംശം വകയിൽ നിന്നു കാൽഭാഗം എന്റെ കുടുംബച്ചിലവിന്നായി കൊടുത്തയക്കണം. ശേഷമുള്ള മുക്കാൽ ഭാഗവും നിങ്ങളുടെ ഇഷ്ടംപോലെ ശുശ്രൂഷക്കു ചിലവഴിച്ചുകൊള്ളാം.

ഇതുകൂടാതെയും അമിച്ചേരിയിലും, നിരണം, മെമ്പിൽഭാഗം മുതലായ സ്ഥലങ്ങളിലും ചെന്നു പിരിയുന്ന ദശാംശത്തെ അവിടവിടെ സൂക്ഷിക്കണം.

പിന്നെയും ദശാംശം എടുക്കുന്ന കുടുംബങ്ങൾ ജീവനാണ്യം വകെക്കു വേറെ കൊടുക്കണം എന്നില്ല. അവർ കൊടുക്കുന്ന ദശാംശത്തിൽനിന്നു ജീവനാണ്യം വച്ചു ശേഷമുള്ളതിനെ ശുശ്രൂഷക്കാരുടെ വകെക്കു സൂക്ഷിക്കയും ജീവനാണ്യം വകെക്കുള്ളതിനെ ഇങ്ങോട്ടു കൊടുത്തയക്കയും വേണം.

നിരണം, മേപ്രാ, അമിച്ചേരി മേപ്പാടം, മെമ്പിൽഭാഗം എന്ന സ്ഥലങ്ങളിൽനിന്നു ജീവനാണ്യം വകെക്കു പിരിയുന്നവ നെല്ലായിട്ടു

രുണം ഇങ്ങോട്ട കൊടുത്തയെപ്പാൻ. ഞാൻ ഇവിടെനിന്നു താമസിയാതെ ഒരു വള്ളം കൊടുത്തയെക്കയും ചെയ്യും.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റി നിന്നും
ഫാദർ മേടം വക
മഹ: ഇനി. ഔഫ ദി:

യൂസ്തൂയോസേഫ്.

295



പൊതു ഏകൈക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള നിരണം ഇടവക കാസ്സ്മാൻ തെ
മ്പിൽ നയിനാച്ചനും കുടുംബത്തിലവന്മാർക്കും എന്റെ
വിശുദ്ധ ചുംബനം.

നിങ്ങളെ വിളിച്ചവൻ വിശ്വസ്തനാകയാൽ അവൻ തക്ക സമയത്തു വാട്ടം, കേട്ട, മാലിന്യം എന്നിവയില്ലാത്ത തന്നിത്യവകാശത്തെ നിങ്ങൾക്കു നിശ്ചയമായിത്തരും യാതൊരു വ്യത്യാസവുമില്ല. അതുകൊണ്ടു ഇക്കാര്യത്തിൽ നിങ്ങളുടെ ഹൃദയം ക്ഷിണിക്കരുതെന്നു ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു.

സഹോദരന്മാരെ! നിങ്ങളുടെ ജീവൻ നിങ്ങളുടെ സകല വർദ്ധനവിന്റെയും ദശാംശത്തിലാകുന്നു വെക്കപ്പെട്ടിരിക്കുന്നതു. അതിനെ ശുശ്രൂഷക്കാർക്കു കൊടുക്കാതെ നിങ്ങൾ ഭക്ഷിച്ചാൽ അതു നിങ്ങൾക്കു ജീവനായിരിക്കയില്ല എന്നും അതിനെ അവർക്കു കൊടുത്താൽ നിങ്ങൾക്കു നിശ്ചയമായി ജീവൻ ലഭിക്കും എന്നും ദൈവം തന്റെ ആത്മാവു മൂലം ഇന്നിക്കു കാണിച്ചുതന്നിരിക്കുന്നു. അതിനെ ഞാൻ നിങ്ങളോടു അറിയിക്കുന്നു.

അതുകൊണ്ടു ഇപ്പോഴുള്ള നിങ്ങളുടെ ദശാംശങ്ങളെ ശേഖരപ്പെടുത്തി അതാതു സ്ഥലത്തു സൂക്ഷിച്ചു ആവശ്യംപോലെ ശുശ്രൂഷക്കാരെ സഹായിപ്പാൻ ശ്രദ്ധാന്തിയോടിരിപ്പിൻ.

അല്ലാതെയും അതാതു ഐക്യകുടുംബത്തിലെ ദശാംശപിരിവിൽനിന്നു ജീവനാന്യൂം വകെക്കുള്ളതിനെ വേർതിരിച്ചു ആയതു നെല്ലായിട്ടു എന്റെ കുടുംബച്ചിലവിനു കൊടുത്തയപ്പാൻ അപേക്ഷിക്കുന്നു. ഈ കഴുത്തു അമിച്ചേരി സഭാപ്രമാണികൾക്കും കുടുംബത്തിലവന്മാർക്കും ക്രുടെയാകുന്നു. ഞാൻ താമസിയാതെ ഒരു വള്ളം കൊടുത്തയെക്കും.

കന്നീറ്റി നിന്നും
ഫാദർ. മേടം വക
മഹ: ഇനി; ഔഫ ദി:

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ
യൂസ്തൂയോസേഫ്.

296

പൊതു ഏകൈക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള മാലെയത്തു യോഹന്നാനു.

താൻ ഐക്യകുഡുംബത്തോടു ചേരാതെയും ഞായറാഴ്ചയും വെള്ളിയാഴ്ചയും കഴിക്കുന്ന ഐക്യവിരുന്നിൽ ഉള്ള പരമൈക്യശരീരത്തോടു സംയോജിക്കാതെയും ഇരിക്കുന്നതു എന്തുകൊണ്ടു? എന്നു ഐക്യതയിന്നാത്മാവിന്റെ ആൾപ്പേരായിട്ടു ഞാൻ തന്നോടു ചോദിക്കുന്നു?.

ഒന്നുകിൽ ഐക്യതയിന്നാത്മാവു തന്നെ തള്ളിയതു കൊണ്ടായിരിക്കാം. അല്ലെങ്കിൽ താൻ ഐക്യതയിന്നാത്മാവിനെ തള്ളിയതുകൊണ്ടായിരിക്കാം അല്ലാതെ വേറൊരു കാരണംകൊണ്ടു മേൽപറഞ്ഞ കായ്മ ഉണ്ടാകുവാൻ കഴിയുന്നതല്ല എന്നുള്ളതു സ്പഷ്ടം.

പാപികളെ അവരുടെ മരണശരീരത്തിൽനിന്നു രക്ഷിച്ചു തന്റെ ജീവശരീരമായ പരമൈക്യ ശരീരത്തോടു സംയോജിച്ചുകൊണ്ടു എന്നും ജീവിപ്പാൻ വിളിക്കുന്ന ഐക്യതയിന്നാത്മാവിന്നു ഒരു പാപിയേയും തള്ളികളുവാൻ കഴിയാത്തതുകൊണ്ടു അവൻ തന്നെ തള്ളീട്ടില്ല നിശ്ചയം.

താൻ അവനെ തള്ളികളഞ്ഞിരിക്കുന്നുവോ? എന്നു നോക്കണം. ഇല്ലെന്നു താൻ പറഞ്ഞാൽ ഐക്യകുഡുംബത്തോടു യോജിക്കാത്തതു എന്തുകൊണ്ടു? അതു ഐക്യകുഡുംബത്തിലുള്ള മറുള്ളവരുടെ കുറവുകൊണ്ടു അവരോടു യോജിപ്പാൻ കഴികയില്ല. എന്നു താൻ പറഞ്ഞാൽ അവരേക്കാൾ താൻ നീതിമാനായിരിക്കണമല്ലൊ. അങ്ങനെ ഒരുവൻ വിചാരിച്ചാൽ അവനു ഐക്യതയിന്നാത്മാവിനെ തള്ളികളുവാനല്ലാതെ കൈക്കൊള്ളുവാൻ കഴിയുമോ? എന്നു താൻ വിധിക്കണം.

താൻ ഐക്യതയിന്നാത്മാവിനെ കൈക്കൊണ്ടിട്ടുണ്ടെന്നു പറഞ്ഞാൽ സാത്താനൊ മാത്രമല്ലാതെ മനുഷ്യമക്കളിൽ ആരേയും കുറ്റം വിധിക്കാത്ത ആ പരിശുദ്ധ ശരീരത്തെ നന്ദിയോടു കൈക്കൊണ്ടു ബഹുമാനിക്കാതെ നന്ദികേടായി ധിക്കരിച്ചതിനാൽ അപമാനിപ്പാൻ കാരണമെന്തു? ആദിവ്യശരീരത്തെ തനിക്കു തരികയില്ലെന്നും താൻ അതിന്റെ അടിക്കല്ല അടിത്തുവരണ്ടാ എന്നും ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? ഹൃദയത്തിന്നു സമാധാനമില്ലാതെ എങ്ങിനെ തിരുവത്താഴം കൈക്കൊള്ളേണ്ടു? എന്നു താൻ പറഞ്ഞാൽ അതു എവിടെ നിന്നുണ്ടായി.

മറുള്ളവരെ തന്നോടു യോജിപ്പിച്ചില്ലാതെ ഇരുന്നാലും ഐക്യതയിന്നാത്മാവു തന്നിൽ ക്രിയ ചെയ്താൽ താൻ മറുള്ളവരോടു സംയോജിപ്പാൻ ഇടവരുന്നതുകൊണ്ടു സമാധാനക്കേടു ഉണ്ടാകുവാൻ ഇടയ

ല്ല. ലോകമൊക്കയും ഉപേക്ഷിച്ചതുകൊണ്ടും കത്രാവിനു കുരിശി
നെ ഭക്ഷിച്ചുവാനും ചെയ്യാൻ ഹൃദയത്തിൽ യാതൊരു സമാധാന
കേടും ഉണ്ടായില്ല. അതുകൊണ്ടു ഹൃദയത്തിനു സമാധാനകേടു മറു
ള്ളവരിൽ നിന്നല്ല. അവനവനിൽ നിന്നു തന്നെ ഉണ്ടാകുന്നതാകയാ
ൽ സമാധാനമില്ലാത്തവർക്കു അതിന്റെ മൂലനാശം വരുന്നതുവരെ
ഐക്യതയിന്നാത്മാവിനെ തള്ളുവാനല്ലാതെ കൈക്കൊള്ളുവാൻ കഴി
കയില്ലെന്നു സാക്ഷാൽ ഉണ്മയിൻപ്രകാരം ഞാൻ തന്നോടു പറയു
ന്നു.

ആകയാൽ സ്വയനീതി നശിപ്പാൻ തക്കവണ്ണം ഐക്യകുടുംബ
ത്തോടും സ്വനീതിയിൽ നിന്നുണ്ടായിരിക്കുന്ന സമാധാനകേടു നശി
പ്പാൻ തക്കവണ്ണം തിരുസഭയുടെ പരമൈക്യശരീരത്തോടും പൂർണ്ണമാ
യി സംയോജിച്ചുകൊണ്ടു തന്റെ മകനെ സഭയിൽ ഏൽപ്പിച്ചാല
ല്ലാതെ തനിക്കും കുടുംബത്തിനും മകനും യാതൊരു നന്മയും ഉണ്ടാ
കയില്ല നിശ്ചയം. അങ്ങനെ സംയോജിച്ചുംകൊണ്ടു മനഃപൂർവ്വമായി
ഏൽപ്പിച്ചാൽ യാതൊരു ദോഷവും ഉണ്ടാകയില്ല നിശ്ചയം.

എന്നു പാദശുശ്രൂഷക്കാരൻ

പുത്തൻ ബംഗ്ലാവു
ഠാളിളി ഇടവം ഫര
മഹാ: ഇന്നി: രൻദി ദി:

യൂസ്സുയോസേഫ്.

297

പൊതുവിക ഐക്യതയിൽനിന്നു

എന്റെ പ്രിയമുള്ള ഐപ്പു മുതൽപിടിക്കാരനു എന്റെ
വിശുദ്ധ മുംബനം.

താങ്കൾ കൊടുത്തയച്ച എഴുത്തു വന്നുചേർന്നു എന്നാൽ ശുശ്രൂഷയു
ടെ ക്രമത്തിനു ചില മാറ്റം ഉള്ളതിനാലും അതിന്റെ സംഗതികളെ
സംബന്ധിച്ചു വായ്മൂലം പറഞ്ഞു ഗ്രഹിപ്പിക്കേണ്ടുന്നതിനാലും താങ്ക
ളെ കാണ്മാൻ ഞാൻ വളരെ നാളായി ആഗ്രഹിക്കുന്നതിനാലും മറും
താങ്കൾ താമസിയാതെ ഇത്രടം വരുവാൻ അപേക്ഷിക്കുന്നു.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ.

കുന്നിറമിൽനിന്നും
ഠാളിളി. ഇടവം. 26
മഹാ: ഇന്നി: രവുൻ. ദി.

യൂസ്സുയോസേഫ്

298

പൊതു ഐകൈക്യതയിൽനിന്നു.

എന്റെ പ്രിയമുള്ള അമിച്ചെരി സഭയിലെ ഉപദേശിമാർ, മൂപ്പന്മാർ, കുടുംബത്തലവന്മാർ, മുതലായവർക്കും എന്റെവിശുദ്ധചുംബനം.

ദൈവം നിങ്ങളെ വിളിച്ചിരിക്കുന്ന വിളിയേയും അവൻ നിങ്ങളെ നടത്തിക്കുന്ന വിധത്തെയും നമ്മുടെ പിതാക്കന്മാരോട് ചെയ്തിരിക്കുന്ന വിശുദ്ധ ഉടമ്പടിയിൻപ്രകാരം തന്റെ വാഗ്ദത്തത്തെ നിങ്ങളിൽ നിവൃത്തിക്കുന്ന വഴിയേയും നിങ്ങൾ അറിഞ്ഞു പൂർണ്ണന്മാരാകുവാൻ തക്കവണ്ണം ഞാൻ എന്റെ പ്രാർത്ഥനകളിലൊക്കെയും നിങ്ങളെ ഓർത്തുകൊണ്ട് എന്റെ പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്തുതിക്കുന്നു. ദൈവം തന്റെ ആത്മശരീരം വഴിയായി എന്നെ ഗ്രഹിപ്പിച്ചിരിക്കുന്നപ്രകാരം എന്റെ സഹോദരന്മാരെ! നിങ്ങൾ മഹാദൈവത്തിന്റെ നിത്യമക്കളാകുന്നു എന്നു പറവാൻ ഇനിക്കു നല്ല ധൈര്യമുണ്ട്. അതു ആരാലും ഇളക്കിക്കളവാൻ കഴിയാത്തതാകുന്നു. എന്തെന്നാൽ ത്രിയേകസ്വാത്മാനായ ദേവാത്മാവാം ഐക്യതയിന്മാവിനെ ദൈവം നിങ്ങളുടെ പാപത്തിന്റെ കീഴിൽ താൻ അരുളിച്ചെയ്തിരിക്കുന്നപ്രകാരം ഇപ്പോൾ ആക്കിയിരിക്കുന്നു. നിശ്ചയം. നിശ്ചയം. നിശ്ചയം. ഇതു നിങ്ങളോട് അറിയിക്കുന്ന നിത്യസുവിശേഷവചനമാകയാൽ ആ ഐക്യതയിൻ ആത്മവചനത്തോട് നിങ്ങൾ പരിപൂർണ്ണമായി സംയോജിച്ചുകൊൾവിൻ.

എന്റെ പ്രിയസഹോദരന്മാരെ! നിങ്ങൾ ഇന്നതാകുന്നു എന്നു നിങ്ങളെ തുറന്നു കാണിപ്പാൻ ഞാൻ എന്നെ അശേഷം നിങ്ങൾക്കേൽപിച്ചിരിക്കുന്നു എന്നുള്ളതിനു ദൈവം സാക്ഷി. ഞാൻ കള്ളം പറയുന്നില്ലെന്നു അവൻ അറിയുന്നു. എന്റെ കാര്യങ്ങളെ ഒക്കെയും നിങ്ങളെല്ലാവരും നോക്കുന്നതുകൊണ്ട് നിങ്ങളെല്ലാവരും അറിയുന്നു. ആകയാൽ എന്റെ കുടുംബകാര്യത്തെ നിങ്ങളുടെ ആവശ്യംപോലെ നോക്കി എന്റെ ഉള്ളിലൊക്കെയും നിങ്ങൾ അറിവാനും നിങ്ങളുടെ ഹൃദയം എന്റെ വായ്മൂലം അരുളിച്ചെയ്യുന്ന ദൈവവചനത്തിനു അശേഷം തുറക്കപ്പെട്ട നിങ്ങൾ ഇന്നതാകുന്നു എന്നറിവാനും ആയിട്ട ഐക്യതയിന്നാത്മാവിന്റെ അനുവാദപ്രകാരം നടത്തിക്കുന്ന ജീവനായൊരുശ്രുശ്രൂഷയെ പൂർണ്ണമായി നിവൃത്തിച്ചു അതിന്റെ വാലാത്ത മുദ്രയിട്ട അയപ്പാൻ അപേക്ഷിക്കുന്നു. നിങ്ങൾക്കു നിത്യസമാധാനം ഉണ്ടാകട്ടെ. എന്നു നിങ്ങളുടെ വാദശുശ്രൂഷക്കാരൻ.

കന്നിറിൽനിന്നും

ഫംഗ്ഷ. ഇടവം. ൨൨.

മഹാ: ഇന്നി: രവുൻ. ദ്വി.

യൂസുയോസഫ്

പൊതു ഏകൈക്യതയിൽനിന്നു.

എന്റെ പ്രിയമുള്ള യോഹന്നാൻ ഉപദേശിയാക്കു
എന്റെ വിശുദ്ധചുംബനം.

താങ്കൾ കൊടുത്തയച്ച എഴുത്തു വന്നു ചേർന്നു താങ്കൾ അപേക്ഷിച്ച പ്രകാരം ഞാൻ ചെയ്യേണ്ടതു എന്തെന്നു ആലോചിച്ചാറെ മരണത്തിൽനിന്നു നിത്യജീവങ്കലേക്കു ജനിപ്പിക്കുന്ന ഐക്യതയിന്നാത്മാവിന്റെ പ്രാമാണ്യവചനം സൂര്യന്റെ കതിരു എന്നപോലെ ഉലകമൊക്കയും ശോഭിപ്പിക്കും. എന്നു അരുളപ്പാടുണ്ടായിരിക്കയാൽ ഇതിനെ പ്രസിദ്ധപ്പെടുത്തുവാൻ താങ്കൾ ഒരു ആയുധമായിരിക്കുന്നതിൽ ഇനിക്കു സന്തോഷം തന്നെ. ആ പ്രാമാണ്യവചനം താങ്കൾക്കു സകലവും ആകുവാൻ അതിൽനിന്നു ഇടത്തോട്ടും വലത്തോട്ടും തിരിഞ്ഞുപോകരുതെന്നു മാത്രം അപേക്ഷിക്കുന്നു. ഇപ്പോൾ ആചരിക്കുന്ന തിരുവത്താഴക്രമം ഇപ്രകാരമാകുന്നു. ശുശ്രൂഷ ആരംഭിച്ചു പരമൈക്യപ്രാർത്ഥന കഴിച്ചു ഒന്നും രണ്ടും വിധി വായിച്ചു വേദവായനാപൂർവ്വം ജീവരക്ഷയിൻ നിയമവും നിത്യജീവവിശ്വാസ അനുസരണവും വായിച്ചു ജീവശുദ്ധീകരണപ്രാർത്ഥന കഴിച്ചു അപ്പവും വെള്ളവും വാഴ്ത്തികൊടുത്തു വീണ്ടും പരമൈക്യപ്രാർത്ഥന കഴിച്ചു പരമൈക്യസ്തവം കീർത്തിച്ചു ശുശ്രൂഷ അവസാനിപ്പിക്കും. ഇങ്ങിനെ ദിവസന്തോറും നടത്തിക്കൊള്ളണം. ഒരു ദിവസവും മുടക്കരുതു. മത്സ്യമാംസം തിന്നരുതു. ഒരു പള്ളയിലും കാലെടുത്തുവെക്കരുതു. തൊയറാഴ്ച മറ്റാരും ഇല്ലെങ്കിൽ തനിച്ചിരുന്നു വായിക്കയും പ്രാർത്ഥിക്കയും ചെയ്തുകൊള്ളണം. പ്രാമാണ്യവചനത്തിൽനിന്നു ധ്യാനിച്ചു അതിന്നടുത്ത ഗുണദോഷം പറയുന്നതല്ലാതെ അതിന്നു വിപരീതമായിയാതൊന്നും പറയരുതു. ഇപ്രകാരം ഇരുന്നുകൊള്ളണം.

ഒന്നാമതു പാട്ടുപുസ്തകം അച്ചടിപ്പിക്കണം. പിന്നീടു ഉഭയതത്വവും ഏകമൂർത്തിയുമുള്ള പുണ്യമനുഷ്യന്റെയും പാപമനുഷ്യന്റെയും പരസംഗതികളും വിധിമുതലായവയും ഒരു പുസ്തകമായി അച്ചടിപ്പിക്കണം. അതിന്റെ ശേഷം മറ്റുള്ളതു അച്ചടിപ്പിച്ചുകൊള്ളാം. ദശാംശത്തിന്നു പൊതുസംഘം അവകാശിയാകയാൽ ആയവ പുസ്തകമായിട്ടു സംഘത്തിൽ ഏൽപ്പിച്ചുകൊള്ളുകയും വേണം. ഈ ഉടമ്പടിപ്രകാരം അച്ചടിപ്പിച്ചുകൊള്ളാമെങ്കിൽ അനുവാദം തന്നെ.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും
ഫാദ്ധ മിഥുനം 8
മഹാ: ഇനി: ൧൮൫൪.

യൂസ്തസ്സയോസേഫ്

320



പൊതുഏകൈക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള ഇട്ടി ഉപദേശിയാക്കു
എന്റെ വിശുദ്ധചുംബനം.

കൊടുത്തയച്ച ഏഴുത്തു വായിച്ചുകണ്ടു വസ്തുത മനസ്സിലായി എന്നാൽ അതിൽ പറയുന്ന കാര്യാദികൾക്കു എങ്ങിനെ യുക്തം എന്നു താങ്കൾക്കു തോന്നുന്നുവോ? അതേപ്രകാരം പ്രവൃത്തിച്ചുകൊൾവാൻ ആത്മാവിന്റെ അനുവാദമുണ്ടു. ആകയാൽ ആത്മാവിന്റെ ആയുധമാകുന്ന വേദവാക്യങ്ങളിന്നു അനുകൂലമായി പ്രവൃത്തിച്ചുകൊള്ളണം ഒരു ദോഷവും ഉണ്ടാകയില്ല സകല നന്മയും ഉണ്ടാകയും ചെയ്യും. പിന്നെയും കൈതുപ്പിഴ കുഡുംബത്തെ ക്രമപ്പെടുത്തുവാനും പ്രത്യക്ഷതെക്കു ഒരുക്കുവാനും തക്കവണ്ണം ആത്മാവു ഭരമേറിയിരിക്കുന്നതാകയാൽ അതിനെക്കുറിച്ചു താങ്കളുടെ മനസ്സിൽ യാതൊരു നിരാശയും യാതൊരു ദുഃഖവും ഉണ്ടാകരുതു അവക്കുവേണ്ടി പ്രാർത്ഥിച്ചു കൊള്ളണം കർത്താവിന്റെ ആത്മാവു താങ്കളോടു കൂടെ ഇരിക്കുന്നതിനാൽ താങ്കൾക്കു വേണ്ട വിവേചന ബുദ്ധിയെ നൽകുമാറാകട്ടെ അവന്റെ ദൂതന്മാർ താങ്കൾക്കും കുഡുംബത്തിന്നും കാവലായിരിക്കട്ടെ ശേഷമൊക്കയും അനുജൻ പറകയും ചെയ്യും.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും
കാദിശ മാർ ഥോമ്മ
മഹ: ഇനി: രാജ്ഞി:

യൂസുയോസഫ്

301



പൊതുഏകൈക്യതയിൽനിന്നു
എന്റെ പ്രിയമുള്ള കയ്യാലെക്കെത്തുകുഞ്ഞിന്നു
എന്റെ സലാം

താങ്കൾ കൊടുത്തയച്ച ഏഴുത്തു വായിച്ചു മനസ്സിലായി അതിൽ കാണിച്ചിരിക്കുന്ന ഏഴ സംഗതികൾക്കും തക്ക സമാധാനം പറവാൻ തക്കവണ്ണം ഐക്യതയിന്നാത്മാവു അരുളിച്ചെയ്തിരിക്കുന്നതിനാൽ ഏഴതിയിരിക്കുന്ന ഒന്നും രണ്ടും വിധികൾ, ജീവരക്ഷയിൻ നിയമം, പരമൈക്യപ്രാർത്ഥന, നിത്യജീവവിശ്വാസഅനുസരണം, പരമൈക്യസ്വഭാവം, ജീവശുദ്ധീകരണപ്രാർത്ഥന എന്ന ഏഴ ഇടികൾ ശ

ക്കുയിൻ ജീവാവായിൽനിന്നു ഉണ്ടായി തങ്ങളുടെ ഒലികളെ കേ
ൾപ്പിച്ചിരിക്കയാൽ ദൈവം ആദാം വഴിയായി താങ്കൾക്കും നൽകീ
രിക്കുന്ന ജീവാത്മാവോടു താങ്കൾ ഐക്യപ്പെട്ടു അവയെ വായിച്ചു
ഗ്രഹിച്ചുകൊള്ളേണം. എന്തെന്നാൽ സാത്താൻ ആദാംവഴിയായി താങ്കൾക്കും നൽകീരിക്കുന്ന മരണാത്മാവോടുള്ള സംയോജിപ്പു നിമിത്തം ജീവാത്മാവിന്റെ സത്യവകാശത്തെ അറിവാൻകഴിയാതവണ്ണം അനൈക്യാത്മാവിന്റെ ഉദ്ഭാഗിപ്പുമൂലം താങ്കൾ അയച്ച എഴുത്തുകൾ താങ്കൾ വെളിച്ചം എന്നെണ്ണിക്കൊണ്ടിരിക്കുന്ന താങ്കളുടെ ഉള്ളിലെ അന്ധകാരം സാക്ഷാൽ വെളിപ്പെട്ടിരിക്കുന്ന എന്നല്ലാതെ മറ്റൊന്നും പറവാൻ അതിനില്ല. അതുകൊണ്ടത്രേ ജീവാത്മാവിനോടു സാക്ഷാൽ സംയോജിച്ചുകൊണ്ടു രക്ഷപെടണം എന്നുള്ള അഗ്രഹത്തോടും കൂടെ ഐക്യതയിന്നാത്മാവിന്റെ വിധി മുതലായ ഏഴു നിയമങ്ങളെ വായിച്ചു ഗ്രഹിച്ചു അവയോടു സംയോജിച്ചുകൊള്ളണം. എന്നു മഹാദൈവത്തിന്റെ തിരുനാമത്തിൽ ഞാൻ അപേക്ഷിക്കുന്നതു. അതുമല്ല മരിപ്പിക്കുന്നാത്മാവാം അനൈക്യതയിന്നാത്മാവാകുന്ന കള്ളദീർഘദർശികുഞ്ഞാടുപോലെ ഏഴനിന്നു മഹാസമ്പത്തിൻ വഞ്ചനയെ സംസാരിച്ചു തന്റെ ഇരു കൊമ്പുകളാകുന്ന ജഡരക്തത്തിൻ മരണശക്തിയാൽ ലജ്ജിക്കും വിധം നിന്ദിക്കുമായി ഉണർവുസഭയിൽനിന്നു ഉയർത്തിട്ടുള്ള തൻ മരണനിത്യജഡത്തെ തീറിച്ചു എന്നേക്കുമുള്ള നരകാഗ്നിക്കായി പലരെയും പാരാള സൂത്രത്തോടു നടത്തിക്കുന്ന കാലമാകുന്ന ഇതു എന്നും കൂടെ പറഞ്ഞുകൊള്ളുന്നു. എന്നാൽ വിധി മുതലായ ഏഴു നിയമങ്ങളാൽ പരിശുദ്ധരിക്കപ്പെട്ട ശരീരമാകുന്ന ഉയിർത്ത നിത്യമഹിമജഡം എന്നും ആ ശരീരത്തിനു എതിരായി കാത്തിരിപ്പുള്ളി സഭയിലും വെളിപ്പെട്ടിരിക്കുന്ന ശരീരമാകുന്ന ഉയിർത്താത്മശരീരം എന്നും ഇട്ടിമാത്തൻ ബോധകരെപോലെ ഒരുത്തരും വൈരാഗ്യത്തോടു കൂടെ ഒരുവൻ ആരെങ്കിലും വാദിക്കുന്നതിൽ ഞാൻ ഒരുത്തരും സന്തോഷിക്കുന്നു. എന്തെന്നാൽ ദുഷ്ടന്മാക്കും നല്ലവക്കും പ്രതിഫലം നൽകുവാൻ തക്കവണ്ണം പരസ്പരവിരോധമായുള്ള രണ്ടു ശരീരം ഉണർവുസഭയിൽ നിന്നു എഴുന്നീറ്റു വന്നിരിക്കുന്ന എന്നു ഏവർക്കും സ്പഷ്ടമായി വെളിപ്പെട്ടുനതിനാൽ തന്നെ. അവസാന കാലത്തുകൾ അങ്ങനെ വരേണ്ടുന്നതാകുന്നുവല്ലൊ. അതുകൊണ്ടു ഒരുത്തരും ശക്തിയോടു കൂടെ ഇട്ടിമാത്തൻ ബോധകർ എന്നപോലെ എഴുന്നീറ്റു മേൽ പറഞ്ഞവണ്ണം വാദിപ്പാൻ തക്കവണ്ണം താങ്കളുടെ കയ്യിൽ തന്നിരിക്കുന്ന താക്കോൽ കൊണ്ടു അനേകം ആളുകൾക്കു ചാവി കൊടുപ്പാനാണ് താങ്കൾ ഇന്നിയും നിശ്ചയിച്ചതു എന്നിരിക്കട്ടെ. ഇനിക്കു സന്തോഷം തന്നെ. അല്ല മേൽ പറഞ്ഞതു കണക്കല്ല എന്നു കണ്ടു നല്ല ബുദ്ധിയുണ്ടായി തന്നിരിക്കുന്ന ആളിനോടു ഇതാ! തന്റെ താക്കോൽ താൻ തന്നെ പിടിച്ചു കൊള്ളണം. നാം തമ്മിലുള്ള സംബന്ധം മ

തി ഇങ്ങിനത്തൊരു സംബന്ധം ഉണ്ടായിട്ടുമില്ല ഉണ്ടാകയുമില്ല. ഈ പിള്ളാർ കളിയെ ഞാൻ തീരെ ഉപേക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു സുബുദ്ധിമാനായി നടപ്പാനാണ താങ്കൾ നിശ്ചയിച്ചതു എന്നിരിക്കട്ടെ ഇനിക്കു സന്തോഷം. കാരണം വൃക്ഷം ഫലത്താൽ അറിയപ്പെട്ടുവരുന്നതാണെ. അതിനാൽ ഞാൻ ഒന്നുകൊണ്ടും ഇളകുന്നില്ല. ലോകമൊക്കയും അനൈക്യാത്മാവിൻെറ ഭരണത്തിൽ ഇരുന്നാലും എൻെറ ഈ ഐക്യകുടുംബത്തലവൻ പൊതു ഏക ഐക്യതയിൻ ആത്മാവത്രെ. ആ പരമൈക്യതയിൻ മാതാപിതാക്കന്മാരുടെ സാക്ഷാൽ മകളത്രെ എൻെറ ജീവാത്മാവും എൻെറ ജീവശരീരവും. പൊതു ഏക ഐക്യതയിൻ ആത്മാവു തൻെറ സാക്ഷാൽ മകനാകുന്ന ജീവാത്മാവാം യൂയോദിയനോട എന്തു പറയുമോ? അതിനെ ജീവശരീരമായ യൂയോദിയയായി പ്രവൃത്തിക്കും എന്നല്ലാതെ പൊതു ഏക അനൈക്യതയിൻ ആത്മാവാകുന്ന മഹാ സപ്പ് തൻെറ സാക്ഷാൽ മകനായ മരണാത്മാവാം ഗ്രണ്ഡഗോളകനോട പറയുന്നതിനെ സാക്ഷാൽ മകളായ മരണശരീരമാം ഗ്രണ്ഡഗോളകി പ്രവൃത്തിക്കുന്നതിനും കൂടെ ഇവിടെ അവൾക്കു ഒരു വാസസ്ഥലവും ഇല്ല നിശ്ചയം നിശ്ചയം നിശ്ചയം ആമെൻ ആമെൻ ആമെൻ

എന്നു എല്ലാവരുടെയും വാദശ്രേഷ്ഠക്കാരൻ
കന്നീറിനിന്നും. യൂസ്സുയോസ്ഫ്
ഫംഭിതി മിഥ്: സം
മഹ: ഇനി: രൂപ ഭി:

302

പൊതു ഏക ഐക്യതയിൽ നിന്നു
ഇറുച്ചുനും ചെറിയാൻ ബോധകക്കും ഇട്ടിമാത്തൻ
ബോധകക്കും കൂടെ എഴുതുന്ന ജീവസാന്നിദ്ധ്യത്തെ തിരികെ വലിച്ചുകൊള്ളും ശക്തിയിൻ ഉദ്ബോധനപത്രം.

ഈ മാസം 2നു- നിങ്ങളിൽ മാത്തൻ ചെറിയാൻ എന്ന നാമത്തിൽ ഇനിക്കു എഴുതി അയച്ച എഴുത്തു ഞാൻ സന്തോഷത്തോടും ഹൃദയപരമാർത്ഥത്തോടും കൂടെ കൈക്കൊണ്ടിരിക്കുന്നു. എന്നെയും നിങ്ങളെയും നടത്തിക്കുന്ന ആത്മാവു രണ്ടല്ല, നിശ്ചയമായി രണ്ടാകുന്നു. നിങ്ങൾ നിങ്ങളെ നടത്തിക്കുന്ന ആത്മാവിനെ അനുസരിച്ചു നടക്കുന്നവണ്ണം ഞാനും എന്നെ നടത്തിക്കുന്ന ആത്മാവിനെ അനുസരിച്ചു നടക്കേണ്ടുന്നതാകുന്നു. എന്നെ നടത്തിക്കുന്ന ആത്മാവായ എൻെറ ദൈവം നിങ്ങളെ നടത്തിക്കുന്ന ആത്മാവായ നിങ്ങളുടെ ദൈവം അധിവസിക്കുന്ന ഭവനത്തിൽ കാലാകാലങ്ങളിലും കരേറുന്നതു എ

ന്നോട് കല്പിച്ചിരിക്കയാൽ എന്റെ ദൈവം എന്നോട് കല്പിച്ചിരിക്കുന്നതിനെപ്പറ്റി നിങ്ങളുടെ ദൈവാലയത്തിൽ ഒരിക്കലും കരേറുകയില്ലെന്നു. ഞാൻ എന്റെ അവയവങ്ങളായ സകലസന്തതികളോടും ക്രൂടെ എന്നേക്കുമുള്ള ഉടമ്പടി ചെയ്തുപായതിനാൽ ഞാനും എന്റെ സന്തതികളും നിങ്ങളുടെ ദൈവാലയത്തിൽ വരുമെന്നു നിങ്ങൾ സപ്പോപി വിചാരിക്കേണ്ട അതു ഉണ്ടാകയില്ല. അതു ഉണ്ടാകയുമില്ല. നിശ്ചയം നിശ്ചയം നിശ്ചയം ആമേൻ. ആമേൻ ആമേൻ. നിങ്ങളെ നടത്തിക്കുന്ന ആത്മാവിന്റെ പുസ്തകത്തിൽ നിന്നു ഃയേസ്സുസുയോസേഫ്ഃ എന്ന എൻ ജീവനാമത്തെ ഞാൻ അശേഷം മായിച്ചുകളഞ്ഞിരിക്കയാൽ നിങ്ങളും അവപ്പണം ചെയ്തിരിക്കുന്നു എന്നു. ഇപ്പോൾ അയച്ച എഴുത്തു ഇനിക്കു സാക്ഷിപ്പത്രമായി തീർന്നിരിക്കകൊണ്ടു ഞാൻ ഏറ്റവും സന്തോഷിക്കുന്നു. അതുകൊണ്ടു എന്റെ നാമം പറഞ്ഞിട്ടുള്ളതും കഴിഞ്ഞാണ്ടു നിങ്ങൾക്കു തന്നതുമായ പുസ്തകവും ചിട്ടിയും രണ്ടും എഴുത്തു കണ്ടാൽ അക്ഷണം എന്റെ അടുക്കൽ മടക്കി അയച്ചുകൊള്ളണം. അല്ലാത്തപക്ഷം എന്നെ നടത്തിക്കുന്ന ആത്മാവു തന്റെ അനുവാദപ്രകാരം ഞാൻ നിങ്ങൾക്കു തന്നിരിക്കുന്ന എല്ലാ അധികാരങ്ങളിൽ നിന്നും അവയുടെ ജീവസാന്നിദ്ധ്യത്തെ തിരികെ വലിച്ചുകൊള്ളുന്നതിനാൽ അവയെ നിർമ്മാല്യമാക്കിയിരിക്കുന്നു. എന്നു ഇതിനാൽ നിങ്ങളെ തെര്യപ്പെടുത്തുന്നു. ഏന്നു എന്റെ ദൈവത്തിന്റെ അനുവാദപ്രകാരം നിങ്ങളുടെ ദൈവത്തിന്റെ വൈരിയും അവന്റെ സംഹാരകനും, അവന്റെ ആലയത്തെ പിളക്കുന്ന വെണ്മഴുവും നിങ്ങളുടെ കണ്ണുകൾക്കു വിശാചും അന്തിക്രിസ്തുവും കള്ളദീർഘദർശിയും, മരണവും, പാതാളവും, നരകവുമായി കാണപ്പെടുന്നവനുമായ

കന്നീറഹിനിന്നും
ഫാരിന്നു കന്നി ഫ്ര
മഹഃ ഇനിഃ നുന്നവ ദാ.

യേസ്സുസുയോസേഫ്.



3053

ഒരുത്തൃകയെക്യതയിൽനിന്നു
ഐക്യതയിന്നാത്മാവും മഹാദൈവം ഒരുത്തൃകയെ
ക്യതയിൻ വായ്മൂലം തന്റെ പ്രിയമക്കളായ എല്ലാ
ഐക്യ കഡുംബത്തലവന്മാക്കും അയക്കുന്ന ജീവ
നാംശത്തിന്മേലുള്ള വാഞ്ഛാപത്രം.

മക്കളെ! ഇതു മൂലം നിങ്ങളിൽ നിത്യജീവന്റെ ഉറവു തുറക്കപ്പെടുകയും നിത്യമരണത്തിന്റെ ഉറവു എന്നേക്കുമായി അടഞ്ഞുപോകുകയും ചെയ്യട്ടെ.

ഇന്നാളുകൾ ആറാം കലശ പകർച്ചയിൻ കാലമാകയാൽ നിങ്ങളിലുള്ള പഴയ ജീവൻ അശേഷം വാടി പോകയും അതിനു പകരം പുതിയ ജീവൻ ഉറവിനു പൂർണ്ണമാകയും ചെയ്യേണ്ടുന്നതാകുന്നു ആയതു പഴയ ജീവൻ കുറഞ്ഞു വരും തോറും പുതിയ ജീവൻ വർദ്ധിച്ചു വരുന്നതിനാൽ തന്നെ. ഇക്കായ്ത്തിന്നായിട്ടാകുന്നു ദശാംശം എടുക്കേണമെന്നു ചട്ടം കെട്ടുണ്ടായതു. അതിനെ സംബന്ധിച്ചു നിങ്ങളോടു ഇപ്പോൾ ചോദിച്ചാൽ വെടിപ്പുള്ള മനസ്സാക്ഷിയോടും കൂടെ നിങ്ങളുടെ കുറവില്ലായ്മയെ കൈകളിലേന്തി കാണിക്കുന്നതിനു പകരം കണ്ണുനീരുകളെ കൈകളിൽ കാണിപ്പാനെ നിങ്ങൾക്കു കഴിയു. അതിനെ തന്നെ നിങ്ങളുടെ മാതാപിതാക്കന്മാർ നിങ്ങളിൽ നിന്നു ഇപ്പോൾ പ്രത്യേകം ആഗ്രഹിക്കുന്നതു. അതുകൊണ്ടു ആറാം കലശം പകരപ്പെടുമ്പോൾ നിങ്ങളുടെ ജീവനദി വാടിപ്പോയിട്ടു സഹിപ്പാൻ കഴിയാത്ത വ്യസനം നിങ്ങൾക്കുണ്ടാകാതെ കണ്ടു ഇപ്പോൾ തന്നെ എന്നു വെച്ചാൽ ഇന്നു മുതൽ സത്യ മാനസാന്തരത്തോടും കൂടെ ദശാംശം ശരിയായി എടുത്തു ഐക്യതയിൻ നിക്ഷേപ പാത്രത്തിൽ വേഗം സംഗ്രഹിച്ചു കൊൾവിൻ അവയിൽ വെള്ളിയും പൊന്നും ജാതികൾക്കായി ശുദ്ധീകരിച്ചു പൊതുസംഘത്തിന്റെ മുതൽപാടിയിൽ കൊടുത്തയച്ചു കൊൾവിൻ. വിശേഷിച്ചും വെള്ളിനായർ എന്ന ദിവസങ്ങളിൽ ഉള്ള ശുശ്രൂഷയുടെ പ്രസംഗ ശേഷം അനുതാപ കീർത്തനം പാടും മുമ്പെ നാലാം പകർച്ചയും തിരുവത്താഴഭക്ഷണാനന്തരം അഞ്ചാം പകർച്ചയും വായിക്കേണ്ടുന്നതാകുന്നു.

കന്നീറിനിന്നും എന്നു നിങ്ങളുടെ പാടശുശ്രൂഷക്കാരൻ
ഹാരിസ ധനവനു- യൂസുസുയോസേഫു
മഹാ ഇനിഃ വറെഃ ദി

വിശേഷിച്ചും സഭാപകയായിരിക്കുന്ന ഓടും ചെമ്പും കന്നു കാളപൂതു എന്നിവയും സഭാപ്രമാണികൾ ഡിവിഷ്യൻ തലവന്മാരുടെ അറിവോടു കൂടെ വാടാ പണം പടി. ഡിവിഷ്യൻ നിക്ഷേപപാത്രത്തിൽ ചേർത്തുകൊള്ളണം. ഇതു പാട്ടുപുസ്തകം വകെക്കാകുന്നു ഇനിയും അനേക സംഗതികൾ അച്ചടിപ്പാനുണ്ടു. ഇതു ഐക്യതയുടെ പ്രത്യേക നിയോഗമത്രെ.

304

ഐക്യതയിന്നാത്മാവാം മഹാദൈവം പൊതു ഏകഐക്യതയിൻ വായ്മൂലം തന്റെ പ്രിയമക്കളായ ഇഞ്ചെക്കൽ കൊച്ചുകോയിച്ചനും ചേച്ചമ്മെക്കും കൂടെ അയക്കുന്ന കണ്ണുനീരുകളെ ഏറ്റുനോക്കുമായി തുടച്ചു കളയുന്നനിത്യാശ്വാസത്തിൻ ശക്തിയിൻ ജീവാവിയുടെ വചനം

എന്റെ പ്രിയമക്കളെ! ഞാൻ നിങ്ങൾക്കു നൽകിയിരിക്കുന്ന ഈ

ന്റെ നിത്യജീവശരീരത്തിൻ പ്രകാരം നിങ്ങൾക്കു മാതാവും, പിതാവുമാകയാൽ നിങ്ങൾ ഭയപ്പെടരുതു. ഞാൻ എന്നേക്കും നിങ്ങളോടും നിങ്ങളുടെ സകലത്തോടും കൂടെ ഇരുന്നു എന്റെ കണ്ണിന്റെ കൃഷ്ണമണിയെപ്പോലെ നിങ്ങളെ കാത്തുസൂക്ഷിക്കും. ദുഷ്ടൻ നിങ്ങളെ തൊടുവാൻ ഞാൻ സമ്മതിക്കയില്ല. എന്റെ സർവ്വശക്തിയുള്ള ഭുജം നിങ്ങളെ സദാ പരിപാലിക്കും. എന്റെ വിശ്വസ്തതയെ ഞാൻ നിങ്ങൾക്കു സ്പഷ്ടമായി കാണിച്ചു എന്നെ നിങ്ങൾക്കു പൂർണ്ണമായി വെളിപ്പെടുത്തും. എന്നെ നിങ്ങൾ അഭിമുഖമായി കണ്ടു ബോധിക്കും എന്റെ പ്രകാശം നിങ്ങളുടെ ശരീരത്തിൽ ഉദിക്കും. തക്ക സമയത്തു നിങ്ങൾ മഹത്വപ്പെടും. നിങ്ങൾ പൂതിയാദാം ഹവ്വായായിട്ടു വാഴും നിശ്ചയം.

ആകയാൽ എന്റെ പ്രിയമക്കളെ! മരിച്ചവൻ എന്റെ ജീവിച്ചിരിക്കുന്ന മകനാകുന്നു. അവനിതാ! എൻ വലങ്കയ്യിൽ വിളങ്ങുന്നു. അവന്റെ നാമം മകൽ വഴിയായി അവളുടെ ഭർത്താവിന്റെ നെറ്റിമേൽ ഞാൻ ഇതാ! ഇന്നെഴുതുന്നു. അവൻ നിങ്ങളുടെ കടിഞ്ഞൂൽഫലമായ അവകാശമത്രെ. അതിനാൽ എന്റെ നാമം അവന്റെ മേലുണ്ടു. അവന്റെ മുഖം നോക്കി സന്തോഷിപ്പിൻ. അവൻ യൂസ്സുയോസേഫിന്റെ മകനാകുന്നു. അവനോ നിങ്ങളുടെ മൂത്ത സഹോദരൻ അവന്റെ ഭാര്യയും അമ്മാവിയമ്മയും മരിച്ചവർക്കു പകരം ദൈവം നിങ്ങൾക്കു ജീവനോടെ നൽകീരിക്കുന്ന ജീവഫലമത്രെ. അവന്റെ കുടുംബത്തെ മുഴുവനും ഇതാ! ഞാൻ നിങ്ങൾക്കവകാശപ്പെടുത്തി ഇരിക്കുന്നു. ആ കുടുംബത്തലവൻ ഞാനായിരിക്കുന്നപ്രകാരം നിങ്ങളുടെ കുടുംബത്തലവൻ ഞാൻ തന്നെ. ഇനിക്കുള്ള സമാധാനത്തെ ഞാൻ നിങ്ങൾക്കു നൽകിയിരിക്കയാൽ നിങ്ങളുടെ ഹൃദയം വ്യാകുലപ്പെടരുതു; ചഞ്ചലപ്പെടുകയും, കലങ്ങുകയും, അരുതു. യൂസ്സുയോസേഫിന്റെ പ്രാർത്ഥനയിൻ സുഗന്ധധൂപത്തെ ഞാൻ മണത്തു മണത്തു കൊണ്ടു നിങ്ങളുടെ മേൽ അനുഗ്രഹത്തെ ഇതാ! ഞാൻ പൊഴിച്ചുകൊണ്ടെ ഇരിക്കുന്നു.

ഏന്നു അലവാ ആമെൻ. യമം. ഒമെഗാ എന്ന നിത്യ സുവിശേഷത്തിന്റെ പൊരു ഏകൈക്യതയിൻ ആത്മാവും മഹാദൈവം അരുളി ചെയ്തിരിക്കുന്നതിനുണ്ണും അവന്റെ ദാസനും നിങ്ങളുടെ പാദശുശ്രൂഷക്കാരനും ആകുന്നു.

കന്നീറീൽനിന്നും
ഫാദിനാ. മകരം ൨.
മഹ: ഇനി: ൨൭൭൨. ദി.

യൂസ്സുയോസേഫ്.

305

എന്റെ പ്രിയമുള്ള കിഴക്കെ ഡിവിഷ്യനിലെ തലവന്മാർക്കും
ഓരോ സഭയിലുള്ള സഭാപ്രമാണികൾക്കും
എന്റെ വിശുദ്ധചുംബനം

അച്ചടിച്ചപാട്ടുപുസ്തകം വിഭാഗിച്ചതിൽ ആ ഡിവിഷ്യനിലെ നമ്മുടെ പുസ്തകമുള്ളതിനാൽ അവയെ അൽപം ഈ എഴുത്തോടുകൂടെ പുന്നെക്കാട്ടെ പുത്തേത്തുള്ള നിക്ഷേപപാത്രത്തിലേക്കു അയക്കുന്നു. അവയെ ആ സ്ഥലത്തു എത്രയും ജാഗ്രതയായി സൂക്ഷിച്ചുകൊള്ളേണ്ടുന്നതാകുന്നു. അവക്കുള്ള വില പവുൻ മുക്കാൽ രൂപായാകുന്നു. ദശാംശം വകയായിട്ടുള്ള ഓട്ട, ചെമ്പു, കന്നുകാലികൾ, അശേഷം വേഗം പിറവു മുതൽ സ്വരൂപിച്ചിട്ടും പോരാ എന്നു വരികിൽ പോരാത്ത രൂപാസ്സുള്ള പുസ്തകം ഓരോ സഭയിലുള്ള ഓരോ ഐക്യകുടുംബത്തിനായി പങ്കിട്ട അതാതു സഭയിൽ ഏൽപിക്കയും അതാതു ഐക്യകുടുംബത്തിൽനിന്നും പിരിയുന്ന മുതൽ ശേഖരപ്പെടുത്തി പുസ്തകത്തിനുള്ള വില രൂപാ എത്രയും വേഗത്തിൽ തികച്ചുകൊള്ളുകയും വേണം. പുസ്തകം അച്ചടിപ്പിച്ച ആളിനു ഈ മാസം നാം- ഒരു അവധി ആകയാൽ അതിനു സഹായമായിരിപ്പാൻ തക്കവണ്ണം നിങ്ങൾ ജാഗ്രതയായി വിചാരിക്കേണ്ടുന്നതാകുന്നു. പിന്നത്തെ അവധി കുംഭം നാം- ആകുന്നു താനും. ശേഖരപ്പെടുന്ന പണം കായംകുളം നിക്ഷേപപാത്രത്തിൽ എത്തിച്ചു രസീതു വാങ്ങിച്ചുകൊള്ളണം. എന്നു നിങ്ങളുടെ വാദശുശ്രൂഷക്കാരൻ.

കന്നീറ്റിൽനിന്നും
ഫാ൫ന. മകരം. ൨൯ യൂസ്സുയോസേഫ്
മഹ: ഇനി: ൨൮൯൨ ദി.

306

ചെങ്ങന്നൂർ ഇടവകയിലെ സകല കുടുംബത്തലവന്മാർക്കും
എന്റെ വിശുദ്ധചുംബനം.

ഞാൻ ഐക്യതയിന്നാത്മാവിന്റെ പ്രത്യേകനിയോഗത്തിൽ പേരിലാകുന്ന എഴുതുന്നതു.

നിങ്ങളുടെ കുടുംബസംബന്ധമായ സകലത്തിൽനിന്നും നിങ്ങൾ ദശാംശം എടുക്കാതിരിക്കരുതെന്നും അതു പൂർണ്ണമനസ്സോടും സന്തോഷത്തോടും നിറവോടും കൂടെ എടുത്തു മുതൽപിടിയിൽ ശേഖരിക്കു

ന്നതു നിങ്ങളുടെ പ്രത്യേകമുറയാകുന്നു എന്നും ഞാൻ പിന്നെയും പിന്നെയും പിന്നെയും പറഞ്ഞുകൊള്ളുന്നു. അവയിൽനിന്നു അവിടെയുള്ളോരൊ ഐക്യകുഡുംബത്തിന്നു അയ്യഞ്ഞു പറ നെല്ലു വീതം പറ ഐക്യകുഡുംബം ഉണ്ടായിരുന്നാൽ ൧൦൦ പറ നെല്ലു സകല ഐക്യകുഡുംബത്തിന്റെയും തനതു വകയായ കന്നീറിന്റെ പുത്തൻബംന്ധുവു എന്നപൊലെ ഒരു ഐക്യകുഡുംബത്തിന്റെ ചിലവു വകെക്കു കൊടുത്തയെക്കുകയും വേണം. അതിന്നുള്ള ചിലവു അതാതു ഐക്യകുഡുംബത്തിൽനിന്നും എന്നു പറയുമ്പോൾ ദശാംശത്തിൽനിന്നു എടുത്തുകൊള്ളാം. കുറിച്ചിറ കുഡുംബത്തിൽനിന്നും കൈതക്കഴി കുഡുംബത്തിൽനിന്നും ഉള്ള ദശാംശം സഭാപ്രമാണികൾ അവരോടു ഇരന്നും കാൽ പിടിച്ചും സങ്കടം ബോധിപ്പിച്ചുകൊണ്ടെങ്കിലും വാങ്ങിക്കാതിരിക്കരുതു. ഇങ്ങെ അറം കന്നീറിലേക്കു അയപ്പാൻ തക്കവണ്ണം നാലുമുട്ടു നെല്ലു കിട്ടുകിലും അവർ തരാതിരിക്കരുതു.

ഇതു മുഖത്തലയിലും, നല്ലായിലും, കുണ്ടറയിലും, ബോധകന്മാരിൽ ആരെങ്കിലും ഡിവിഷ്യൻ തലവന്മാരിൽ ആരെങ്കിലും ചെന്നു അ സഭയിലുള്ളവരെ വായിച്ചു കേൾപിച്ചു ദശാംശം പരിപ്പാൻ തക്കവണ്ണം ശട്ടം കെട്ടുകയും അവയിൽ ഒരു അംശം കന്നീറിൽ അയപ്പാൻ തക്കവണ്ണം അവരോടു പറകയും വേണം. എന്നു നിങ്ങളുടെ പാദ ശുശ്രൂഷക്കാരൻ.

കന്നീറിൽനിന്നും

൧൦൩൨: മകരം. ൨൨. യൂസ്സുയോസേഫ്.

മഹ: ഇനി: ൨൪൨. ദി.

307

എന്റെ പ്രിയമുള്ള നിക്ഷേപപാത്രം ചാണ്ടിയച്ചന്നു എന്റെ വിശ്വാസപൂംബനം.

കൊടുത്തയച്ച എഴുത്തു വന്നു ചേന്നു പാട്ടപുസ്തകം അച്ചടിപ്പിച്ചു അൽ അഗതിയും പാപപ്പെട്ടവനും ആകയാൽ സഭയിൽനിന്നു സഹായിച്ചില്ലെങ്കിൽ അയാൾ ബുദ്ധിമുട്ടിപ്പോകും എന്നു കണ്ടുകൊണ്ടു ആത്മനിയോഗപ്രകാരം ദശാംശം വകയിൽനിന്നു സഹായിക്കണം എന്നു എഴുതിയിരിക്കുന്നതു സഭാവകയാകട്ടെ. ഡിവിഷ്യൻ വകയാകട്ടെ പൊതു സംഘം വകയാകട്ടെ ഇരിക്കുന്ന ഉരുക്കളും ഉരുപ്പടികളും വിൽക്കുന്നതിലേക്കു വിരോധമില്ല. വിറ്റ പണം പുസ്തകമായിരിക്കുന്നു. അതു സഭാവകയും ഡിവിഷ്യൻവകയും പൊതു സംഘംവകയും തന്നെ. പുസ്തകം വിൽക്കുന്ന പണം അതാതു മുതൽപിടിയിൽ അതാതുവകയായിട്ടു ഇരിക്കുന്നതുമാണു. യുക്തംപോലെ അവയെക്കൊണ്ടു അതാതു കാര്യാദികൾക്കു ചിലവഴിച്ചുകൊള്ളാം.

ഇങ്ങനെ സഭ ആ കാര്യത്തിനു സഹായം ചെയ്യാൻ കടംപെട്ടിരി
ക്കുന്നു.

എന്തെന്നാൽ പാട്ടുപുസ്തകം അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തേണ്ടതി
നുള്ള മുമതല സഭെക്കുകുന്നവല്ലൊ. ദൈവകൃപയാൽ സഭയുടെ ആ
ൾപ്പേരായി ഒരുവൻ പരിശ്രമപ്പെട്ടു അച്ചടിപ്പിച്ചിരിക്കുമ്പോൾ സ
ഭ അയാൾക്കു എത്ര കൃതജ്ഞത കാണിക്കേണ്ടി ഇരിക്കുന്നു. അതുകൊ
ണ്ടു എത്രയും വേഗത്തിൽ ഉരുക്കളെയും ഉരുപ്പടികളെയും വിറ്റു പ
ണം ഈടാക്കി പുസ്തകങ്ങളെ സഭാവകയാക്കികൊൾവാൻ സഭാപ്ര
മാണികൾ എത്രയും ജാഗ്രതയുള്ളവരായിരിക്കട്ടെ. ഇതു എല്ലാവരെ
യും കാണിക്കുമല്ലൊ. എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും

ഫാദിന്ന കുംഭം രെ- യൂസുസുയോസേഫ്.

മഹ: ഇനി. വ൨ൻ ദി.

308

എന്റെ പ്രിയമുള്ള താഴയിൽ മുപ്പിലേക്കു
എന്റെ വിശുദ്ധചുംബനം

യാക്കോബുബോധകർ മേപ്രാമുതലായ സ്ഥലങ്ങൾക്കു പോയിരിക്കു
ന്നു. കല്യാണത്തിനു ഫാണ്ടിബോധകരും കൊച്ചുകോശിബോധകരും
വരുന്നതായിരിക്കുമല്ലൊ. കായങ്കുളത്തുനിന്നു ഒരു അച്ചനെയും പ
ക്ഷെ അയെക്കാം. ഇല്ലെങ്കിലും ബോധകന്മാർക്കു കല്യാണം കഴിപ്പിക്കുന്ന
തിനു പൂർണ്ണാധികാരമുണ്ടെന്നു ഐക്യതയിന്നാത്മാവു കല്പിക്കുന്നു. യൂസു
സുയോസേഫ് സഭയുടെ പാദശുശ്രൂഷക്കാരനായിരിക്കുന്നതു അച്ച
ന്മാരെയും ബോധകന്മാരെയും ക്രുദ്ധാതല്ല. എന്റെ ശുശ്രൂഷയെ അച്ച
ന്മാർക്കു കൊടുത്തിരിക്കുന്നപ്രകാരം ബോധകന്മാർക്കും കൊടുത്തിട്ടുണ്ടു.
അച്ചന്മാരും ബോധകന്മാരും ഒന്നത്രെ. ദൈവത്തിന്റെ തിരുമനസ്സു
അല്ലെങ്കിൽ ഹൃദയം താങ്കൾക്കുണ്ടെന്നു ഞാൻ പൂർണ്ണമായി വിശ്വസി
ക്കുന്നപ്രകാരം എന്റെ ഹൃദയത്തെ താങ്കളുടെ ഹൃദയത്തിന്മേൽ ഞാ
ൻ ഇതാ പകരുന്നു. മരിച്ചുപോയ എൻ പിതാവു ഉയിർത്തു വന്നപ്രകാ
രമാകുന്ന ഞാൻ ഇനി താങ്കളെ കാണുന്നതു.

വിശേഷിച്ചും നമ്മുടെ ദൈവം ജാതികളായ നമ്മുടെ ഇരുപാട്ടു
കാരുടെയും സംബന്ധക്കാരെ ദർശിച്ചിരിക്കയാൽ കല്യാണക്കാരുടെ
മനഃപൂർവ്വദാനത്തിൽനിന്നു ഒരു അംശം അവരുടെ പേക്കായി ഇവി
ടെ കൊടുത്തയപ്പാറാകണം. എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിൽനിന്നും

ഫാദിന്ന കുംഭം രെ- യൂസുസുയോസേഫ്.

മഹ: ഇനി: വ൨ൻ. ദി:

309

എന്റെ പ്രിയമുള്ള പ്രേരിതൻ കൊച്ചോയിച്ചന്റെ എന്റെ വിശുദ്ധമുംബനം

——

കൊട്ടത്തയഴ! എഴത്തു ഇന്നു വന്നുചേർന്നു ദശാംശംവകയിൽ ഉള്ള നെല്ലു വാറ്റു ഇവിടെ എത്തിച്ചാൽ മതി.

ജീവാജ്ഞനപത്രത്തിൽ മുംബനത്തിന്റെ കാര്യത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നകാര്യം; ഇതന്റെ ഒരുപുരുഷൻ തന്റെ സ്വന്തഭാര്യയെ തഴുകുകയും മുഖത്തു മുംബിക്കയും ചെയ്യുന്നതല്ലാതെ മറ്റൊരുസ്ത്രീയോടും അപ്രകാരം ഇനിഒരിക്കലും ചെയ്യരുതു. ഒരുസ്ത്രീ തന്റെ സ്വന്തഭർത്താവിനെ തഴുകുകയും മുഖത്തു മുംബിക്കയും ചെയ്യുന്നതല്ലാതെ മറ്റൊരുപുരുഷനോടും അവ്വണ്ണം ഇനി ഒരിക്കലും ചെയ്യരുതു എന്നാകുന്നു.

ഫരിശി ചിങ്ങം വന്നാൽ കന്നീറ്റിൽവെച്ചു പൊതുസംഘം കൂടിയപ്പോൾ ഈപ്പച്ചനെ കൊണ്ടു ഐക്യതയിന്നാത്മാവു ഉടമ്പടി ചെയ്യിപ്പിച്ചു അതിനു അയാൾ ലംഘനം ചെയ്യ ചെയ്യവന്നിട്ടും അവയെ ഒക്കയും ഐക്യതയിന്നാത്മാവു ബോധപ്പെടുത്തിവന്നു. ആയതു ഒരു ദിവസം കൊണ്ടുതന്നെ. അയതു ഫരിശി കുംഭം വന്നു വരയും ആകുന്നു അന്നു ഏഴാം കലശം തീർന്നു. അന്നു മുതൽ ൩ ദിവസം കഴിഞ്ഞു ഏഴാംദിവസം ഈപ്പച്ചൻ ഒന്നും ഭക്ഷിക്കാതെയും കുടിക്കാതെയും ഉള്ള നിത്യോപവാസം ആരംഭിച്ചു. (കുംഭം വവ്വു) അന്നു മുതൽ ൪൦ ദിവസം കഴിഞ്ഞു ൪൧ാംദിവസം (മീനം ൧൦നു) ഐക്യതയിൽ നിന്നു സമ്മോചനപത്രം ഈപ്പച്ചനു അയച്ചു. അന്നു അയാൾക്കു ബോധമുണ്ടായിരുന്നു. സംസാരിക്കയും മോചനം അംഗീകരിക്കയും ചെയ്തു. എങ്കിലും ആ പത്രത്തിൽ കാണിച്ചിരുന്ന ഭക്ഷണാനുവാദത്തെ അംഗീകരിപ്പാൻ കഴിയാതെപോയി കാരണം സാത്താൻ യൂദാവിൻ സ്വയഹത്തിയിൽ മരണമുദ്രയെ അയാളുടെ ജീവനിൽ വെച്ചുപോയിരുന്നു അന്നുമുതൽ ൫ ദിവസം കഴിഞ്ഞു. ൬ാംദിവസം (ഫാനു) ഞായറാഴ്ച രാത്രി വെട്ടിയാറു വക്കിയുടെ വടക്കെവശം ആറുമണലിൽവച്ചു യൂദാവിൻ മരണമായി മരിച്ചു. ആ രാത്രിയിൽ ശവത്തെ അവിടെനിന്നും എടുത്തു മുക്കരെ ഒരു വീട്ടിൽ കൊണ്ടുവന്നു ഇട്ടുകയും ൭ാംദിവസം (ഫാനു) വൈകുന്നേരം ശവത്തെ അവിടെനിന്നും എടുത്തു സന്ധ്യക്കു മങ്കുഴിയിൽ പറമ്പിൽ കൊണ്ടുവരികയും ആ രാത്രി പറമ്പിൽ കെട്ടിയ കല്ലറയിൽ ശവം അടക്കുകയും സകല മരണാത്മാക്കളാകുന്ന ശവന്തിന്നു പാതാളപറവകൾ ആ ശവത്തെകൊണ്ടു തൂവിപ്പിട്ടുകയും ചെയ്തു. ഹാ! കഷ്ടം! കഷ്ടം! കഷ്ടം!

നെയ്യൂരിൽനിന്നും വന്നിരിക്കുന്ന ഒരാളിനോടു കൂടിവടക്കൻ പൊ

ൽ എതുപ്രസംഗം നടത്തിപ്പാൻ പോയിരിക്കുന്നതു സത്യം തന്നെ. ആയ്യ സാത്താന്റെ ഭാഷയെ ഉണർവുസഭക്കാർ പറിപ്പാനായിട്ടാകുന്നു. സാത്താനു സത്യത്തെ അസത്യമായിട്ടും അസത്യത്തെ സത്യമായിട്ടുമെ പറവാൻ കഴിയൂ. അവൻ ദൈവത്തിന്റെ മകൻ എന്നു പറഞ്ഞാലും സാത്താന്റെ മകൻ എന്നും സാത്താന്റെ മകൻ എന്നു പറഞ്ഞാൽ ദൈവത്തിന്റെ മകൻ എന്നുമാകുന്നു. നാം വായിച്ചു തിരിച്ചറിയേണ്ടതു. അതുകൊണ്ടു അവൻ തന്റെ സാക്ഷിക്കാരെ അയച്ചു ഉണർവുസഭയെയും അതിന്റെ മക്കളെയും നല്ലപോലെ ദുഷിക്കട്ടെ. അവൻ ഒരിക്കലും സ്തുതിക്കാതെ ഇരിക്കട്ടെ. അതു എത്ര നന്മ. എത്ര സന്തോഷം. എത്ര സൌഭാഗ്യം.

ശമുവേൽ ബോധകരുടെ ഭാഗ്യം പ്രസ്താവിച്ചു. പെൺകുഞ്ഞാകുന്നു. സുഖക്കേടു ഒന്നുമില്ല. അവർ മങ്കുഴിക്കു പോയിരിക്കുന്നു. ചെറിയാച്ചന്റെ ഭാഗ്യം ഇനി ദീർഘദർശനം പറയരുതു നിവൃത്തിയെ പറയാവു. നിവൃത്തിയെ പറയാതെ ദീർഘദർശനം പറഞ്ഞാൽ മരണമാകുന്നു ഫലം. ഇതെല്ലാവക്കുമാകുന്ന ഇനി വഴിയാടാമാകുന്ന ഈപ്പച്ചൻ ജീവിച്ചിരിക്കുന്നു എന്നു ഒരുവൻ പറഞ്ഞാൽ അവൻ കള്ളം പറയുന്നു എന്നു

തങ്കളുടെ പാദശുശ്രൂഷക്കാരൻ
കണ്ണീറിനിന്നും യൂസ്സൂസു യോസേഫ്
കാരുന്ന മീനം വന്നു
മഹ: ഇന്നി: ഫൺ ദി.

370

എന്റെ പ്രിയമുള്ള കടമ്പനാട്ടു ഇടവക കായ്സ്ഥന്മാർക്കും, ഉപദേശിമാക്കും എന്റെ വിശുദ്ധ ചുംബനം.

ഈ നഗരത്തിൽ ഇവിടെ വന്നിട്ടു ഒരു മാസമായി. ഇവിടെ വരുന്നതിനു മുമ്പെ ഒരു മാസത്തിലധികം കല്ലിടക്കാർ ഇയ്യാളെ സൂക്ഷിച്ചുവന്നു. ഇവിടെ വന്നതിന്റെ ശേഷം ശാസനയോടു കൂടെ ഇയ്യാളെ കൂടെപ്പെട്ടുത്തിവന്നതിനാൽ മുമ്പലത്തെക്കാൾ വളരെ വ്യത്യാസമുണ്ടു. ഇനി ഇയ്യാളെ ഇവിടെ താമസിപ്പിക്കരുതെന്നു വെളിപ്പെട്ടിരിക്കയാൽ തെക്കെ ഡിവിഷ്യനിലുള്ള ഓരോ സഭക്കായിട്ടു ഓരോ സ്ഥലത്തു രണ്ടാഴ്ചവട്ടം താമസിപ്പാൻ തക്കവണ്ണം ഇയ്യാളെ ആദ്യം കടമ്പനാട്ടു അയക്കുന്നു. അവിടെ നിന്നും കൊള്ളുക. അവിടെ നിന്നും കൊട്ടാരക്കര. ഇങ്ങനെ അയച്ചുകൊള്ളണം. ആയ്യ ഈ എഴുത്തോടു കൂടെ തന്നെ. ഇയ്യാൾക്കു ഉണർവുസഭ തന്നെ വീടു. അല്ലാതെ ഇയ്യാളെ സൂക്ഷിപ്പാൻ ആരുമില്ലന്നു ഇയ്യാളുടെ ആവശ്യം സ

സ്ത്രീകൾക്കു ഒക്കെയും ഉതകുവാൻ തക്കവണ്ണം ഇയ്യാളുടെ ശരീരത്തിന്നു അവകാശികൾ ഉണർവുസഭക്കാരാകുന്നു എന്നു നാമെല്ലാവരും അറിഞ്ഞിരിക്കുന്നുവല്ലൊ. എന്നാൽ ഇയ്യാളോടു വ്യാപരിക്കേണ്ടുന്ന ക്രമത്തെ താഴെ എഴുതുന്നു.

൧. ഇയ്യാളുടെ ചിലവിന്നു സഭാവകയിൽ നിന്നു എടുത്തുകൊള്ളണം.

൨. ഇയ്യാളെ നടത്തിപ്പാൻ തക്കവണ്ണം ൪൭ ദിവസത്തേക്കു ഒരു ആളിനെ നിയമിച്ചു സഭാവകയിൽ നിന്നു അയാൾക്കു ചിലവിന്നു കൊടുക്കണം.

൩. ഇയ്യാളുടെ ഒരു പ്രവൃത്തിയേയും അരുതു നീതികരിക്കാതെ എല്ലാ സമയവും ശാസിച്ചുകൊണ്ടിരിക്കണം. ഇയ്യാളുടെ മേലുള്ള സ്നേഹം ഉള്ളിൽ ഇരിക്കുന്നതല്ലാതെ പുറമെ ഇയ്യാളെ കാണിക്കരുതു.

൪. ഇയ്യാൾ അനുസരണക്കേടു കാണിച്ചു നാറിച്ചാൽ രണ്ടീർക്കൽ പിണച്ചു കെട്ടി നാലടി കയ്യുടെ വെള്ളയിൽ നോകുവാൻ തക്കവണ്ണം കൊടുക്കണം.

൫. കാലത്തും വൈകിട്ടും ഓരോരൊ നാഴികയായി പിടിക്കാതെ നടത്തിക്കണം ദിവസത്തോറും കൂലിക്കണം. പല്ലുതേക്കണം തനിച്ചു പോയി കാല്യ കഴുകുവാൻ പറയണം. ആയ്യ കാലത്തും വൈകിട്ടും പിന്നെ ആവശ്യമുള്ളപ്പോൾ ഒക്കെയും തന്നെ. അവിടെനിന്നും പോകുമ്പോൾ ഒരു മുണ്ടും ഒരു കച്ചകുറിയതും ഒരു ചിലയും കൊടുക്കണം. വിഴുപ്പായ്യ അവിടെതന്നെ അലക്കി വെപ്പിച്ചെക്കണം. ആഴ്ചയിൽ ഒരു പ്രാവശ്യം തെപ്പാൻ എണ്ണ കൊടുക്കണം. പിന്നെ യുക്തവും ക്രമവും പ്രകാരം നടത്തിച്ചുകൊള്ളാം.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീററിനിന്നും യൂസ്സൂസു യോസേഫ്

൧൩൯൩ മീനം ൨൮

മഹ: ഇനി: ൧൬൬; ദി.

311

എന്റെ പ്രിയമുള്ള നിരണം ഇടവകയിലെ മേപ്രം, അമിച്ചേരി, ചെമ്പിൽഭാഗം, നിരണം, മേപ്പാടം, എന്ന സഭയിലെ പ്രമാണികൾക്കു -എന്റെ വിശുദ്ധ ചുംബനം.

അതാതു സഭയിൽ നിന്നു പിരിയുന്ന ദശാംശത്തിന്നു അതാതു സഭയിലെ ശുശ്രൂഷക്കാർ ഓഹരിക്കാരായിരിക്കയാൽ യുക്തവും ക്രമവും പോലെ ശുശ്രൂഷക്കാരുടെ കുറവിനെ അറിഞ്ഞു ദശാംശ പിരിവിൽ നിന്നു അവക്കു സഹായിക്കേണ്ടുന്നതാകയാൽ ഈ എഴുത്തു കൊണ്ടുവ

ന്ന അച്ചനും ദശാംശപ്പിരിവിൽനിന്നു സഹായിക്കേണ്ടുന്നതാകുന്നു. അങ്ങനെ സഹായിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പ്രിയമുള്ളവരെ! യേശുക്രിസ്തു നിങ്ങളിൽ ഉദിച്ചു വരേണ്ടുന്നതാകയാൽ അവൻ എളുപ്പത്തിൽ നിങ്ങളിൽ പ്രകാശിപ്പാൻ തക്കവണ്ണം അവനെ ഇഷ്ടപ്പെടുത്തികൊൾവിൻ. അവൻ എല്ലാവരിലും ഒരു അഭിപ്രായമുള്ളവനും ഏക മനസ്സും ഏക ചിന്തയും ഏക കായ്വും ഏക സ്വരൂപവും ഏക ലക്ഷണവും ഉള്ളവനും ആകുന്നു. എന്നല്ലാതെ ഒരുവനിലുള്ള യേശുക്രിസ്തുവിന്റെ മനസ്സു ഒരു പ്രകാരവും മറ്റൊരുത്തനിലുള്ള യേശുക്രിസ്തുവിന്റെ മനസ്സു മറ്റൊരുപ്രകാരവും ഇരിക്കയില്ല നിശ്ചയം. ഇതു ഞാൻ ഒരു കായ്മത്തെക്കുറിച്ചു മാത്രമല്ല സകല കായ്മങ്ങളെക്കുറിച്ചും ആകുന്നു പറയുന്നതു. സകലവും ഇവണ്ണമുള്ള സംയോജിപ്പിൽ പ്രവൃത്തിച്ചുകൊൾവിൻ. സമാധാനത്തിന്റെയും ഐക്യതയുടെയും ദൈവം നിങ്ങളെ പരിപൂർണ്ണമായി അനുഗ്രഹിക്കട്ടെ എന്നു നിങ്ങളുടെ പാദസ്പൃഷ്ടക്കാരൻ

കനിറിനിന്നും .
ഭിന്ന മേടം ര
മഹാ ഇനാ: ഫ്രെ ടി.

യൂസുസുയോസഫ്.

312



ഐക്യതയിന്നാത്മാവാം മഹാദൈവം പൊരുത്തുകയും
ഐക്യതയിൻവായ്മൂലം തന്റെ പ്രിയ
മക്കൾക്കു അനുഗ്രഹിക്കുന്ന പരമസ്ഥാനത
യിൻ പ്രവേശനപത്രം,

പ്രിയമക്കളെ! ഈ സമയം ആറുവർഷം കഴിഞ്ഞു ഏഴാം വർഷം തുടങ്ങുന്ന കാലമാകയാൽ നിങ്ങൾ പരമസ്ഥാനത്തയിൽ പ്രവേശിക്കേണ്ടുന്നവരാകുന്നു. ആ പ്രവേശനത്തെ സംബന്ധിച്ചു ഇതിൽ കാണിക്കുമ്പോൾ നിങ്ങൾ ആരും പിൻനിൽക്കുന്നവരായി കാണാതിരിപ്പാൻ എന്നുമുള്ള ജാഗരണമുള്ളവരായിരിപ്പിൻ.

നിങ്ങൾ ആകെക്കൊണ്ടു പക്ഷവാദം ചെയ്തിരിക്കുന്നവരോ ലോകത്തിലെ ആ സർവ്വജനങ്ങൾക്കുമായിട്ടുള്ള പരമ മദ്ധ്യസ്ഥതയെ നിങ്ങൾ ഓരോരുത്തൻ ഓരോ ദിവസം കൊണ്ടു മനഃപൂർവ്വമായി എന്നാന്നാക്കുമായിട്ടു കയ്യൊഴുകൊള്ളുന്നതാകുന്ന പരമസ്ഥാനത്തയിലെ പ്രവേശനം. ഈ പ്രവേശനം ലഭിക്കാതെ നിങ്ങൾ മഹതപ്പെട്ടുകയില്ല. കോപം നിങ്ങളിൽനിന്നു ഒഴിഞ്ഞുപോകയുമില്ല. നിങ്ങൾ ദൈവത്താൽ ഉപദേശിക്കപ്പെട്ടവരാകയുമില്ല. നിശ്ചയം നിശ്ചയം നിശ്ചയം. ആമേൻ ആമേൻ ആമേൻ.

ആറുവർഷം തികയുന്നതു വരുന്ന ഇടവം ൫ാം തൊഴ്ചയാകുന്നു. എങ്കിലും ഫലാ ദിവസം ആരംഭിക്കുന്നതു ഇടവം ൨൩ാം൹ ശനിയാഴ്ചയാകുന്നു. അന്നുമുതൽ സഭയിൽ പരമസ്വസ്ഥതയിൻ ശുശ്രൂഷയാകുന്നു നടത്തപ്പെടേണ്ടുന്നതു. ആ ദിവ്യശുശ്രൂഷെക്കു സകലരും ഒരുപോലെ ഓഹരിക്കാരാകയാൽ അതിന്റെ വിവരം താഴെ എഴുതുന്നു.

൧. അതാതു ഐക്യകുഡുംബത്തോടു ചേർന്നിരിക്കുന്ന ഓരോ ഭവനത്തിലും ഈ ഫലാ ദിവസവും അപ്പവും വെള്ളവും മാറാതെ മേശപ്പുറത്തിരിക്കേണ്ടുന്നതാകുന്നു. അതിനു പ്രയാസമുണ്ടെങ്കിൽ ഐക്യകുഡുംബത്തിൽ നിശ്ചയമായിട്ടു മാറാതെ അപ്പവും വെള്ളയും മേശപ്പുറത്തു ഇരുന്നാൽ മതി.

൨. ൨൩ാം൹ ശനി സന്ധ്യെക്കു മേശപ്പുറത്തു അപ്പവും വെള്ളവും സ്ഥാപിക്കപ്പെട്ടമ്പോൾ അതാതു വീട്ടിലുള്ള കുഞ്ഞുകുട്ടി ആബാലവൃദ്ധം സകലരും ആ ഐക്യശുശ്രൂഷെക്കു നിശ്ചയമായി ഉൾപ്പെട്ടിരിക്കണം. ഇങ്ങനെ ശുശ്രൂഷെക്കായി ഓരോ ഭവനത്തിനു അതാതു വട്ടിൽ മേശ സ്ഥാപിക്കപ്പെട്ടകയും കുഡുംബപ്രാർത്ഥന ഐക്യപ്രാർത്ഥനമുതലായ പരസ്യപ്രാർത്ഥനകൾ അവിടെ കഴിക്കപ്പെട്ടകയും ചെയ്തേണ്ടുന്നതുകൂടാതെ വെള്ളി, ഞായർ, എന്ന ദിവസത്തിലെ സഭകൂടിയ പൊതുപ്രാർത്ഥനയും അവിടെ കഴിക്കപ്പെടേണ്ടുന്നതാകുന്നു. അതല്ലാതെ അതാതു കുഡുംബക്കാർ പൊതുശുശ്രൂഷെക്കായി പള്ളിക്കുടത്തിലൊ മറെറാ പോകരുതു. കാരണം. മദ്ധ്യസ്ഥതപ്രാർത്ഥനെക്കായി ഓരോ കുഡുംബക്കാരു അതാതു കുഡുംബത്തിൽ മേശ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതിനെ ലംഘിച്ചു മറൊരു സ്ഥലത്തിലേക്കു ശുശ്രൂഷെക്കായി ഒരുവൻ പുറപ്പെട്ടാൽ മഹാകഷ്ടത്തിന്റെ ആത്മാവുകൊണ്ടു അവനെ പിടിക്കുന്നതു. എങ്കിലൊ മറെറാവശ്യകാര്യത്തിന്നായി മറെറാരു ഭവനത്തിൽ പോകയും അവരോടു കൂടി പ്രാർത്ഥിക്കയും ചെയ്യുന്നതിലേക്കു യാതൊരു വിരോധവുമില്ല.

൩. അതാതു സഭയിലുള്ള ശുശ്രൂഷക്കാരെ സഭാപ്രമാണികൾ ചേർതിരിച്ചു ഈ ഭവനക്കാർക്കു ഇന്നാൾ എന്നു നിയമിച്ചുകൊടുക്കയും അവർ വെള്ളി. ഞായർ. എന്ന ദിവസങ്ങളിൽ അതാതു വീടുകളിൽ ചെന്നു ശുശ്രൂഷിക്കയും മദ്ധ്യസ്ഥതയെ കുറിച്ചു ഗുണദോഷിക്കയും വേണം.

൪. ധനവാന്മാർ, പ്രാപ്തിയുള്ളവർ, മനസ്സുള്ളവർ, കഴിയുന്നവർ അതാതു സഭയിലെ സഹായത്തിന്നു ആവശ്യമുള്ള ശുശ്രൂഷക്കാർക്കും അഗതികൾ, പാവപ്പെട്ടവർ, അനാഥർ, വിധവമാർ എന്നിവക്കും ഒരു ബുദ്ധിമുട്ടും കൂടാതെ ഇരിപ്പാൻ തക്കവണ്ണം സഹായിക്കുകയും വിശേഷാൽ മദ്ധ്യസ്ഥത ശുശ്രൂഷെക്കായിട്ടു മേശ സ്ഥാപിക്കപ്പെടുന്ന ശുശ്രൂഷെക്കു സകലരുടെയും സഹായത്തിന്നായി ഒരു പ്രത്യേക മനഃപൂവ്വ കാഴ്ച അതാതു കുഡുംബത്തിൽനിന്നും എടുത്തു ഞായറാഴ്ച കാല

ത്തു സഭാകാര്യസ്ഥന്റെ വിധേയം ഏൽപ്പിക്കയും സഭാകാര്യസ്ഥൻ പിറേറദിവസം അവയെ അതാതു ഡിവിഷ്യനിലുള്ള നിക്ഷേപപാത്രങ്ങളിൽ ഏൽപ്പിക്കയും പുത്തെത്തു ചാണ്ടിയച്ചനും പുത്തൻവീട്ടിൽ ഉമ്മച്ചനും ക്രുദാരപ്പള്ളിൽ കൊച്ചോയിച്ചനും അവയെ കൊല്ലക്കാരൻ കുഞ്ഞാക്കാണ്ടമുതലാളിയുടെ ചക്കൽ ഒരു ആഴ്ചക്കകം ഏൽപ്പിക്കുകയും വേണം. ശേഷം വിന്നാലെ. എന്നു ഐക്യതയിന്നാത്മദേവിന്റെ നിയോഗപ്രകാരം ഈ പത്രം എഴുതിക്കൊള്ളുന്നതു. നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറനിന്നും
ഫാദ്ദിന്ന മേടം വ൪
മഹ: ഇനിഃ ഫ്രാം ദിഃ

യുസ്താസുയോസേഫ്.

313

എന്റെ പ്രിയമുള്ള കൊല്ലക്കാരൻ കുഞ്ഞാക്കാണ്ടമുതലാളിക്കു എന്റെ വിശ്വാസ്യപ്രണാമം

ജോഷ്വൻ ഇവിടെ വന്നു കടത്തിന്റെ കാര്യത്തെക്കുറിച്ചും മറ്റും പറഞ്ഞു. ആലോചിച്ചതിൽ വെളിപ്പെട്ട സംഗതികൾ താഴെ എഴുതുന്നു.

൧. പരമൈക്യതയാകുന്ന മാതാപിതാക്കന്മാക്കു നിങ്ങൾ രണ്ടുപേരും സമാവകാശികളായ മക്കളാകയാൽ അവിടുത്തെ കടം ധനം എന്നുപ്പെട്ടതും നിങ്ങൾക്കു സമമായും തുല്യമായും പങ്കുള്ളതന്നിരിക്കുന്നു.

൨. നിങ്ങളുടെ വിവാഹം കഴിക്കാത്ത രണ്ടു കന്യകമാരെ നിങ്ങളുടെ കുഡുംബത്തിലെ മര്യാദപ്രകാരം ആയിരം ആയിരം രാശി സ്ത്രീധനത്തോടു കൂടെ രണ്ടു പുരുഷന്മാരെ കൊണ്ടു കല്യാണം കഴിപ്പിപ്പാൻ തക്കവണ്ണം നിങ്ങളുടെ മാതാപിതാക്കന്മാരുടെ തുക്കയിൽ ഭരമേൽപ്പിക്കുന്നു.

൩. മുത്തമുതലാളി വടക്കോട്ടു അയ്മനത്തു പോകണമെന്നു ആഗ്രഹിക്കുന്നതിനാൽ യഥായോഗ്യം പോലെ വിലവു ചെയ്തു അതിനെ നിവൃത്തിക്കണം.

൪. മേത്തന്റെ കടത്തെ സംബന്ധിച്ചു അവൻ നമ്മുടെ പതിക്കാതിരിപ്പാൻ തക്കവണ്ണം അവനുമായി നിങ്ങൾ സമാധാന ഉടമ്പടി ചെയ്തുകൊള്ളണം. ഇതെപ്രകാരം തന്നെ മറ്റു കടത്തെ സംബന്ധിച്ചും. സകലവും യുക്തമായും ക്രമമായും നടത്തിക്കപ്പെടുവാൻ തക്കവണ്ണം ആത്മാവു നിങ്ങൾക്കു വേണ്ട ബുദ്ധിയെ തന്നിട്ടുമുണ്ടു. ഖനി താകയും ചെയ്യും.

ഇങ്ങനെ എന്റെ മദ്ധ്യസ്ഥതവേലയെ നിങ്ങളിൽ സമർപ്പിച്ചുകൊണ്ടു ഇതു എഴുതികൊള്ളുന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും
ഠംഗന്ന ഇടവം റാനു-
മഹ: ഇനി ഛഛ: ദിഃ

യൂസുസുയോസേഫ്

314

എന്റെ പ്രിയമുള്ള ചാണ്ടിയച്ചനു എന്റെ വിശുദ്ധമുംബനം.

കൊട്ടത്തയച്ചു എഴുത്തു വായിച്ചു കണ്ടു ഏഴാംകലശം ഏഴഭാഗമായി അച്ചടിപ്പിക്കേണ്ടതാകുന്നു. അതിനു ഏഴു ആളുകൾ വേണം. താങ്കൾ എഴുത്തിൽ കാണിച്ചപ്രകാരം ഒരാൾ താങ്കൾ തന്നെ. ഒന്നു പ്രതിയോടു മേടയിൽ കുഞ്ഞു ഏല്പിച്ചുകൊള്ളാമെന്നു പഞ്ഞിരിക്കുന്നു. മറ്റൊരാൾ കാത്തിക്കുപള്ളി കായ്സ്ഥനാകുന്നു. പിന്നെ നാലുപേർ വേണം. അതു ക്രമശാൽ ഏല്പിച്ചുകൊള്ളുമെന്നു വിശ്വസിക്കുന്നു. താങ്കൾ അച്ചടിപ്പിപ്പാനുള്ള കോപ്പി എഴുതി തീർത്തു. പിഴനോക്കി റൈട്ടർവശം തുമസ്സിയാതെ കൊടുത്തയക്കും. ആയതു ഈ മാസം നടാനുള്ളക്കം തന്നെ എന്നു വിചാരിച്ചിരിക്കുന്നു.

ഏഴാം കലശത്തിന്റെ ഒരു കോപ്പി എഴുതി തീർത്തു. പിഴനോക്കി കാത്തിക്കുപള്ളി കായ്സ്ഥൻ വശം ഇപ്പോൾ ഏൽപ്പിച്ചു ആയതു ന്നാമതായിട്ടു ഏൽപ്പിപ്പാനുള്ള കാരണം ഇന്നതെന്നു കൊച്ചോയിച്ചൻ പറയും. രണ്ടാമതു താങ്കൾക്കു തന്നെ. കൃപാ മത്തായിച്ചനും മൂപ്പീന്നുമായിട്ടു ഉണ്ടാക്കട്ടെ.

വിശേഷിച്ചും ദൈവം തന്റെ പ്രവൃത്തിയെ നടത്തുന്നതു മനുഷ്യൻ മൂലമാകുന്നു. എങ്കിലും അവൻ അറിയാത്ത വിധത്തിലാകുന്നു. പ്രവൃത്തി നിവൃത്തിക്കുമ്പോൾ മാത്രമെ മനുഷ്യൻ സ്പഷ്ടമായി അറിയൂ. ആ പ്രവൃത്തിയെയും അവൻ അറിയാതിരിക്കേണ്ടതു ആവശ്യമാകുന്നു. അതുകൊണ്ടു ഞാൻ ഈവടക്കേലെ മാടത്തിലുള്ള മുട്ടുകുറത്തിയായ നീലിയുടെ മകൻ അയ്പുന്നാകുന്നു എന്നു താങ്കൾ എന്നെ കണ്ടുകൊള്ളണം. പാദശുശ്രൂഷക്കാരൻ വടുകനാകയാൽ അവൻ എല്ലാവരേയും അച്ചന്മാരെന്നു വിളിക്കണം. എന്നല്ലാതെ അവനെ അച്ചനെന്നു വിളിക്കുന്നതു സാധാരണമല്ല. എന്നു വിചാരിച്ചു യൂസുസുയോസേപ്പു എന്നു നാമം ദൈവനാമമല്ല എന്നോ? അങ്ങിനെ അല്ല അതു സാക്ഷാൽ മഹാദൈവത്തിന്റെ പരിശുദ്ധനാമമാകുന്നു. സത്യം സത്യം സത്യം ആമേൻ ആമേൻ ആമേൻ ഇതുയും ഞാൻ പറഞ്ഞതുകൊണ്ടു മന

സ്സിന്നു ഒരു ക്ഷീണവും ഉണ്ടാകരുതു ഉണ്ടാകയില്ല എന്നു ഞാൻ വിശ്വസിക്കുന്നു. ശേഷമൊക്കെയും കൊച്ചോയിച്ചൻ പറയും

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിൽ നിന്നും
ഫൗന്ന മിഷ്: ഫവ
മഹ: ഇനി: ഫൗ ദി:

യൂസ്സുയോസേഫ്.

315

ഫവ ദിവസത്തെ പരമ മദ്ധ്യസ്ഥതയെക്കുറിച്ചു.

ഫ. ഓരോരോ വീട്ടിലുള്ളവർ ഒരു ദിവസം രണ്ടു പ്രാവശ്യം കൂടി പ്രാർത്ഥന കഴിക്കയും ആ സമയം അപ്പവും വെള്ളവും ജീവശുദ്ധീകരണ പ്രാർത്ഥനയോടുകൂടെ കൈക്കൊള്ളുകയും വേണം.

വ. വായിപ്പാൻ കഴിയുന്നവർ ദിവസംതോറും നിയമപുസ്തകവും കലശപുസ്തകവും വായിക്കണം. സകല പ്രാർത്ഥനയും മദ്ധ്യസ്ഥത പ്രാർത്ഥന ആയിരിക്കണം. മദ്ധ്യസ്ഥതയുടെ മുക്കാലും പരമൈക്യപ്രാർത്ഥന.

ന. ഒരു ദിവസം രണ്ടു പ്രാവശ്യവും നിയമം മുഴുവനും വായിച്ചു പ്രാർത്ഥന കഴിക്കണം എന്നില്ല. സന്ധ്യക്കു ഒരു നേരം മാത്രം മതി. വെള്ളി, ഞായർ എന്ന ദിവസങ്ങളിൽ വേലെക്കു പോകരുതു. മറ്റുള്ള ദിവസങ്ങളിൽ പ്രാർത്ഥനയോടുകൂടെ പോകാം അനാവശ്യകാര്യങ്ങളിൽ ഏർപ്പെടരുതു. സദാപ്രാർത്ഥന വേണ്ടിയിരിക്കുന്നു.

പ ശുശ്രൂഷക്കാർ തങ്ങൾ ഏർപ്പെട്ടിരിക്കുന്ന ഭവനങ്ങളിൽ സമയത്തിന്നു തക്കവണ്ണം എത്രയും മുക്കത്തിൽ ശുശ്രൂഷ കഴിക്കാം. അവർ മദ്ധ്യസ്ഥതയുടെ ശുശ്രൂഷെക്കായിട്ടു തങ്ങൾ ഏർപ്പെട്ടിരിക്കുന്ന ഭവനങ്ങളിൽ മാത്രമല്ല. മറ്റുള്ള ഭവനങ്ങളിലും ആവശ്യപ്പെട്ടാൽ പോകാം. ജാതികളുടെ ഭവനങ്ങളിലും പോകാം. മേശ സ്ഥാപിക്കപ്പെടണമെന്നു ഒരുവൻ അപേക്ഷിച്ചാൽ അപ്രകാരം നിവൃത്തിച്ചു നടത്തിക്കാം.

ഭ. മത്സ്യമാംസവും മദ്യവും മുന്തിരിയുടെ യാതൊന്നും ഭക്ഷിച്ചു പാനം ചെയ്യരുതു. ആരേയും കഠോരം വിധിക്കരുതു. ആരോടും തർക്കിക്കരുതു. സാത്താനേയും അവന്റെ ശരീരത്തേയും അശേഷം വിധിച്ചു പുറത്തു തള്ളണം. മനുഷ്യനേയും അവന്റെ ജീവശരീരത്തേയും മുഴുവനും നീതീകരിച്ചുകൊള്ളണം.

എന്നു പാദശുശ്രൂഷക്കാരൻ

കന്നീറിൽ നിന്നും
ഫൗന്ന ഇടവം ഫവ
മഹ: ഇനി: ഫവ ദി:

യൂസ്സുയോസേഫ്

316



എന്റെ പ്രിയമുള്ള ചേപ്പാട്ട പീലിപ്പോസിന്നു എന്റെ വിശുദ്ധ ചുംബനം

നിന്റെ കായ്ക്കത്തെക്കുറിച്ചു ആലോചിച്ചാറെ വെളിപ്പെട്ടതു മറ്റുള്ളവരുടെ സഹായം നിമിത്തം അഹോവൃത്തിക്കായി നിനക്കു ലഭിച്ചിരിക്കുന്ന വരത്തെ നീ ഉജ്വലിപ്പിക്കുത്തതിനാൽ അകുന്ന നിനക്കു ദിവസവൃത്തിക്കു കുറവു വന്നിരിക്കുന്നതു അതിനാൽ നീ ചെയ്യേണ്ടതു നന്മയും ശുദ്ധവും നീതിയുമായ ദിവസവൃത്തിക്കുള്ള വേലയെ മനഃപൂർവ്വമായി ആരംഭിക്ക. അപ്പോൾ നിന്റെ ബുദ്ധിമുട്ടുകളും രോഗം, കഷ്ടം മുതലായവയും അശേഷം മാറി നിത്യസന്തോഷം ലഭിക്കയും ചെയ്യും സന്ദേഹമില്ല. മറ്റുള്ളവരിൽനിന്നുള്ള സഹായത്തെ ആഗ്രഹിക്കാതെ നിന്റെപ്രവൃത്തിയാൽ 'നിന്റെ കുടുംബച്ചിലവു നടത്തി ശേഷമുള്ളവയെക്കൊണ്ടു മറ്റുള്ളവക്കു സഹായിപ്പാൻ നോക്ക. അപ്പോൾ നീ ദാരിദ്ര്യത്തെ ഒരുനാളും കാണുകയില്ല. നിശ്ചയം നിശ്ചയം നിശ്ചയം ആമേൻ ആമേൻ ആമേൻ

എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ

കന്നീറ്റി നിന്നും
ഫാർസിനാ കക്കഃ ന്ന. യൂസ്സുയോസേഫ്.
മഹഃ ഇനിഃ രെ ദിഃ

317



എന്റെ പ്രിയമുള്ള ജനപ്രതിനിധി പീലിപ്പോച്ചന്നു എന്റെ വിശുദ്ധ ചുംബനം

താങ്കൾ കൊടുത്തയച്ച എഴുത്തു വായിച്ചു സന്തോഷപ്പെട്ടു. ഏഴാം വകുപ്പു മുത്തകുഞ്ഞു തനിച്ചു തന്നെ അച്ചടിപ്പിക്കണം എന്നല്ലാതെ ആ വകെക്കു ദ്രവ്യംകൊണ്ടു താങ്കൾ മുത്തകുഞ്ഞിന്നു സഹായിച്ചു കൂടാ എന്നു മുന്നമെ വെളിപ്പെട്ടിരിക്കുന്നതാണു. താങ്കളുടെ എഴുത്തും അതിന്നു അനുകൂലമായിരിക്കുന്നതു ദൈവവിചാരണയത്രെ. അതുകൊണ്ടു അക്കാര്യത്തിൽ ദുഃഖമല്ല സന്തോഷമത്രെ വേണ്ടുന്നതു. അല്പം മുത്തകുഞ്ഞിനോടു ആ വകെക്കു സഹായിക്കാം എന്നു പറഞ്ഞിരുന്നാൽ ഇപ്പോൾ ദുഃഖിപ്പാൻ ഇടവന്നെനെ. അതു ദൈവകൃപയത്രെ ദൈവം താങ്കളുടെ മനഃപൂർവ്വത്തെ അറിയുന്നു.

വിശേഷിച്ചും ഓരോ നൂറിരുപതു ദിവസം അവസാനിക്കുന്നതുവരെ അഞ്ചെരിയിൽ തന്നെ പാർക്കുന്നതു നല്ലതാകുന്നു. അവിടെയുള്ള

സകല ഭവനവും താങ്കളുടെ വകയത്രെ. ഏതു വീട്ടിലും വാക്കും ശു
ശ്രൂഷക്രമം മാറി വരുന്തോറും പുതിയ ക്രമം ഉണ്ടായ്വരുന്നു. അതി
ന്റെ താല്പര്യം മനസ്സിലാക്കി പറഞ്ഞയപ്പാൻ തക്കവണ്ണം മാങ്ങാന
ത്തെ കുഞ്ഞിനേയും തോമായേയും ഇങ്ങോട്ടയക്കണം. അല്ലാതെയും
താങ്കൾ ദിവസംതോറും കിഴക്കും തെക്കും പടിഞ്ഞാറും വടക്കും നോക്കി
ദണ്ഡനമസ്കാരം എന്നപ്പോലെ ചെയ്തുകൊള്ളണം. ആയ്യ സ
കല മനുഷ്യരുടെയും ആത്മൈക്യതയിൽ സദാ വിളങ്ങിക്കൊണ്ടിരിക്കു
ന്ന യാ: എന്ന പിതാവിനും സകല മനുഷ്യരുടേയും ആത്മജീവൈക്യ
തയിൽ വിളങ്ങിക്കൊണ്ടിരിക്കുന്ന യാ. യെ. എന്ന പുത്രനും സകല മ
നുഷ്യരുടേയും ആത്മജീവശരീരൈക്യതയിൽ സദാവിളങ്ങിക്കൊണ്ടി
രിക്കുന്ന യാ. യേ. യോ. എന്ന പരിശുദ്ധാത്മാവിനും സകല മനു
ഷ്യരുടേയും ആത്മജീവശരീര ശക്തിയിൻ ഐക്യതയിൽ സദാ വി
വിളങ്ങിക്കൊണ്ടിരിക്കുന്നയാ. യേ. യോ. യോ. എന്ന ത്രിയേക ദൈവ
മായ ഐക്യാത്മാവിനും തന്നെ. നാല്പ ഭാഗങ്ങളിലുമുള്ള സകല മ
നുഷ്യരാകുന്ന മഹാ ദൈവാലയത്തെ നോക്കിക്കൊണ്ടു തന്നെ ദണ്ഡ
നമസ്കാരം ചെയ്യേണ്ടതു. ഇപ്രകാരം ആക്കില്ലാം നിവൃത്തിക്കാ
മോ. അവക്കൊക്കയും അനുവാദം കൊടുത്തുകൊള്ളണം. ഈ മനുഷ്യ
രെ അല്ല. അവരുടെ ഉള്ളിലുള്ള യേശുവിൻസാക്ഷിയായ ഐക്യാത്മാ
വാം യൂസൂസു യോസേഫ് എന്ന മഹാദൈവത്തെത്തന്നെ. അവൻ
ഞാനല്ല എന്റെ ദൈവമത്രെ. ഞാനോ സകല മനുഷ്യരാകുന്ന എ
ന്റെ ദൈവഭവനത്തിൽ അടിച്ചു തളിക്കുന്ന ഇങ്ങേ അറ്റമുള്ള അ
ടിയാട്ടിയാകുന്ന അമ്പല വാസിനിയത്രെ. അല്ലെങ്കിൽ വടുകനോ വ
ടുകച്ചിയോ ആത്രെ. സത്യം സത്യം സത്യം. ആമേൻ ആമേൻ ആമേ
ൻ. താങ്കൾ എന്റെ സമവേലക്കാരനുമാകുന്നു. നിശ്ചയം നിശ്ചയം.
നിശ്ചയം.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നിററി നിന്നും
കറുത്ത കക്കുകു
മഹ: ഇനി: സൻ ദി:

യൂസൂസു യോസേഫ്

318

എന്റെ പ്രിയമുള്ള ഗൃഹസ്ഥാവിന്നു എന്റെ വി
ശുദ്ധ മുംബനം.

ഞാൻ അങ്ങോട്ടു വരുവാൻ വിചാരിക്കയും പറഞ്ഞയക്കയും ചെ
യ്തു എങ്കിലും വരുന്ന കന്നിമാസം കുവ്വാനു- വരെ സഭാസഞ്ചാരത്തി
ന്നു ആത്മാവിന്റെ പൂർണ്ണാനുവാദം ഇല്ലായ്കയാൽ ഇപ്പോൾ അങ്ങോ
ട്ടു വരുവാൻ പാടില്ല. എന്തെന്നാൽ പരമ മദ്ധ്യസ്ഥതയിന്നാത്മാവിനെ

ഈ നൂറ്റിരുപത്തു ദിവസംകൊണ്ടു സകലരും പ്രാപിക്കേണ്ടതാകയാൽ എന്റെ യാത്ര നിമിത്തം ആ ആത്മാവിനെ പ്രാപിപ്പാനുള്ള ചട്ടങ്ങൾ ജനങ്ങളിൽ ലംഘിക്കപ്പെടുവാൻ ഇട വന്നേക്കാം. എന്നാലൊ മദ്ധ്യസ്ഥതയിന്നാത്മാവിനെ ഇതു വരെയും കൈക്കൊണ്ടിട്ടില്ല. കാരണം ഇന്നു ചിങ്ങം ഫ്രാങ്ക-യെ അയിട്ടൊള്ളു. എങ്കിലും കുറെ ദിവസം അവസാനിക്കും മുൻപേ പുതിയ ശുശ്രൂഷ ആരംഭിക്കേണ്ടതാകയാൽ ആയതു സഭയിൽ ആരംഭിച്ചിട്ടുമുണ്ടു. അല്ലാതെയും മഹാദൈവത്തിന്റെ മുദ്ര ജനങ്ങളുടെ ഉള്ളിൽ മൊട്ട എന്ന പോലെ ഇരിക്കുന്നു. അവയുടെ മേൽ പൊതു ഏകദൈക്യതയായ പിടിക്കോഴി ഇരുന്നുകൊണ്ടു തന്റെ ആത്മച്ചിറകുകളാൽ അവയെ അണച്ചുകൊണ്ടു പൂട്ട കൊടുത്തുംവരുന്നു. വിരിവാൻ സമയമായില്ലതാനും. എന്നാലോ കുഞ്ഞിനെ കാണ്മാൻ സകലർക്കും അത്യാഗ്രഹമായിരിക്കയാൽ സമയത്തിന്നു മുൻപെ കുഞ്ഞിന്റെ കരചരണാദ്യവയവങ്ങൾ അവയിൽ കൂടെ പുതിയ ജീവൻ വ്യാപരിച്ചു അവയെ ഇളക്കുന്നതു അവയുടെ തേജസ്സു, മഹിമ, അലങ്കാരം, വ്യാപാരം, വേഗതമുതലായവയെ വർണ്ണിപ്പാൻ ആശയോടു കൂടെ ജനങ്ങൾ കേട്ടുകൊള്ളുമ്പോൾ എല്ലാം ഇല്ല എങ്കിലും മൊട്ടയെങ്കിലും വെളിയിൽ കാണിപ്പാൻ ഇട വന്നേക്കാം. അതിനും ആത്മാവിന്നു ഇഷ്ടമില്ല. കാരണം അനുഭവം മാറിപോകുന്നതു മാത്രമല്ല. ദുർവ്യയവിനാൽ ശൈത്യം കേറി ചീമൊട്ടയായും തീർന്നു പോയേക്കാം. അതുകൊണ്ടും ഇപ്പോൾ സഞ്ചാരത്തിന്നു പാടില്ല. പിന്നെയും അടവയ്പിനാൽ എന്റെ ശരീരത്തിന്നു ക്ഷീണമുണ്ടു. അതു എനിക്കു ഏറ്റവും സന്തോഷമാകുന്നു. എന്റെ ക്ഷീണത നിങ്ങളെല്ലാവരുടേയും ഉള്ളിലുള്ള ദൈവകുഞ്ഞുങ്ങളുടെ തിരുമുഖം കണ്ടു എന്നും സന്തോഷിപ്പാനും അവരെ എൻ കൈകളിൽ ഏന്തികൊണ്ടു ദൈവത്തെ സ്തുതിപ്പാനും എനിക്കു നിശ്ചയമായി നിശ്ചയമായി നിശ്ചയമായി ഇടവരുത്തുന്നതിനാൽ തന്നെ. അതിനാൽ നിങ്ങളുടെ ഇരു കൈകളെക്കൊണ്ടും എന്നെ താങ്ങി എന്റെ ക്ഷീണതയെ നീക്കിക്കളയേണ്ടുന്നതിനായിട്ടും എനിക്കിപ്പോൾ സഞ്ചാരത്തിന്നു പാടില്ല. എന്റെ ദൈവം നിങ്ങളെ എല്ലാവരേയും ഒരു രത്നമാലയിൽ കോർത്തു മോക്ഷകല്ല്യാണമാലയായി എന്റെ കഴുത്തിൽ ഇട്ടിരിക്കുന്നപ്രകാരം ലോകത്തിലുള്ള സകല ആത്മാക്കളേയും (അനാത്മാക്കളെ അല്ലതാനും) എന്റെ സർവ്വരക്ഷകൻ എനിക്കു കൃപയോടു കൂടെ തന്നിരിക്കുന്ന ജീവപ്രിക്കുന്ന ശ്വാസത്തോടു കൂടിയ ഐക്യാത്മഭാവം തങ്കനൂലിൽ കോർത്തു നിത്യകല്ല്യാണമാലയായി നിങ്ങളുടെ കഴുത്തിൽ ഞാനും ഇട്ടിരിക്കുന്നു. നിശ്ചയം നിശ്ചയം നിശ്ചയം ആമേൻ ആമേൻ ആമേൻ.

സർവ്വദേവ മനുഷ്യരുടേയും ആത്മജീവശരീരശൈക്യൈക്യതയിൽ വാഹനമേറിക്കൊണ്ടു വരുന്ന മഹാദൈവത്തെ അവന്റെ സത്യാല

യത്തിൽ വന്ദിപ്പിൻ. നിങ്ങളുടെ നാമങ്ങൾ ജീവപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കയാൽ അവ മഹാദൈവത്തിൻ ഐക്യനാമങ്ങളത്രെ. അവയെ ശുദ്ധീകരിപ്പിൻ. അതു മൂലം മഹാദൈവത്തോട് നിങ്ങൾ എന്തു യാചിച്ചാലും അവയെ അവൻ നിശ്ചയമായി തന്നിരിക്കും. ആരെയും നിന്ദിക്കാതിരിപ്പാൻ നോക്കുവിൻ. എല്ലാവരേയും ശുദ്ധീകരിപ്പിൻ. ഈ മാസം ഫെബ്രുവരി- ഞായറാഴ്ച മുതൽ കുടുംബം വിട്ടു ദൂരസ്ഥലത്തു യാത്രപോകാതെയും അതിരാവിലെ തക്കിക്കാതെയും മദ്ധ്യസ്ഥത പ്രാർത്ഥനെക്കു വിഘ്നം വരുത്താതെയും അനാവശ്യങ്ങളിൽ ഉൾപ്പെടാതെയും ആകുന്നിടത്തോളവും ലോകജോലികളെ കുറച്ചും നിയമം കലശം ഇന്നിവകളെ ശ്രദ്ധയായി വായിച്ചു മനസ്സിന്റെ അരികളെ കെട്ടിക്കൊണ്ടും പാപപ്പെട്ടവർക്കു ഔഹരികളെ കൊടുത്തുകൊണ്ടും പരമസായുജ്യനിയമവചനം സകലരും കാണുപ്പാറം പഠിച്ചുകൊണ്ടും ജാഗ്രതയായിരുന്നു കൊൾവിൻ.

എന്നു നിങ്ങളുടെ പാളയശുശ്രൂഷക്കാരൻ

കന്നീരറി നിന്നും
ഫരിശി ചിങ്ങം ഫരി
മഹ; ഇനി: നൂറ്റാണ്ടു: ൧൮൭൯

യൂസ്സൂസ് യോസേഫ്

319

൩൫.

പ്രിയമുള്ള അഞ്ചേരി ഇടവകയിൽ ഉപദേശിയാക്കും മറ്റും വിശുദ്ധചുംബനം

അവിടെനിന്നും കൊടുത്തയച്ച എഴുത്തും മനഃപൂർവ്വകാഴ്ചയും ഇവിടെ കൊണ്ടുവന്നു തന്നു. എഴുത്തു വായിച്ചു അവിടത്തെ വിവരങ്ങൾ അറികയും ചെയ്തു. മഹാതപ്രത്യക്ഷത അതിന്റെ ശേഷമുള്ള കാഴ്ചകൾ എന്നിവകളാലാകട്ടെ മറ്റു യാതൊന്നിനാലാകട്ടെ അരുതു തന്നെ തീരെ ക്ഷീണിക്കയും തളരുകയും ആടി അലയുകയും വിമ്മിഷ്ടപ്പെടുകയും വ്യസനിക്കയും ചെയ്യണ്ടാ. ഇതുവരെയും നമ്മെ നടത്തിച്ചുകൊണ്ടുവന്ന നമ്മുടെ ദൈവം അരേ! സ്നേഹാത്മാവാകുന്ന മഹാദൈവം തന്നെയാകുന്നു. ഈ ആറായിരം വർഷമായി എത്രയും ദുഷ്ടിവെച്ചു പ്രവൃത്തിച്ചു പൂർണ്ണതപ്പെടുത്തിയ തന്റെ കൈകളുടെ ക്രിയയായി പരമയറുശലേമിൻ മക്കളെ വെളിപ്പെടുത്തിതന്റെ ഇപ്രകാരമുള്ള വംശത്തിനേൽ വിശേഷാൽ അവധി മുതൽ എന്നേക്കും രാജ്യഭാരം ചെയ്വാൻ പോകുന്നതു. അവനത്രെ സ്നേഹദേഹാത്മാവിനേയും അവന്റെ സകലത്തേയും പ്രത്യേകം അന്നുമുതൽ ഉൻമൂലനാശം ചെയ്യുന്നതു. അതിനാൽ അവധിമുതൽ ഉണർവു

സഭയുടെ നാമം ഹെസ: ഒടുക്കത്തെ അദ്ധ്യായം അവസാനവാക്യത്തിൽ പറയുന്നപ്രകാരമാകുന്നു. സാത്താന്റെയും അവന്റെ പടകളുടെയും അവസ്ഥയെ ഏശായാ ഒടുക്കത്തെ അദ്ധ്യായം അവസാനവാക്യത്തിൽ പറയുന്നപ്രകാരവുമത്രെ. ദീർഘദർശനത്തിന്റെ അക്ഷരവും ഈ അതിന്റെ നിവൃത്തിയുടെ അക്ഷരവും തമ്മിൽ സംബന്ധമില്ലാത്തതും ഒരു പ്രകാരത്തിൽ വിപരീതവുമാകുന്നു. എങ്കിലും ആത്മാവു സാക്ഷാൽ ഒന്നത്രെ എന്നുള്ള സത്യമായ ഈ പ്രത്യേകകാര്യം എല്ലായ്പോഴും ഹൃദയത്തിൽ വെച്ചുകൊണ്ടു മാഞ്ഞുപോകുന്ന അക്ഷരത്തിനൊത്ത നോട്ടത്തെ അശേഷം തള്ളി സാകൂതം അതിന്റെ നിത്യാക്ഷരത്തിനടുത്തവണ്ണം ഭക്തിയോടും സന്തോഷത്തോടും നോക്കിക്കണ്ടുകൊണ്ടു ഇരിക്കണം. ഇക്കാര്യത്തിലുള്ള പ്രയാസത്തിന്റെ ആശ്വാസത്തിനായി രണ്ടാം സങ്കീർത്തനം എല്ലാവരും വായിച്ചു നോക്കണം. എഴുത്തിൽ പറയുന്ന മരണകാര്യത്തെക്കുറിച്ചു മൈവം സകലത്തെയും വെളിവാക്കുവാൻ തുടങ്ങിയിരിക്കകൊണ്ടു സകലവും വെളിവാകുന്നതാകയാൽ അപ്പോൾ ആ കാര്യവും നാം പൂർണ്ണമായി അറിയും. വേദവാക്യത്തിന്റെ എല്ലാ പൂട്ടുകളെയും എന്നേക്കുമായിട്ടു തുറപ്പാൻ താൻ തുടങ്ങിയിരിക്കുന്നു.

അനുസരണക്കേടിൻ ജഡത്തെ വെളിപ്പെടുത്തി ഇല്ലായ്മചെയ്യുന്നതും അനുസരണത്തിന്നാത്മാവിനെ വെളിപ്പെടുത്തുന്നതുമായ ജീവകാരവർത്തമാനം അങ്ങോട്ടും അയക്കുന്നു. യാക്കോബു ബോധകരെ അവധികഴിഞ്ഞു അയക്കും. ശേഷം എല്ലാം വരുന്നവർ പറയും.

ഇങ്ങിനെ വിനയപൂർവ്വം അച്ചന്റെ അനുവാദപ്രകാരം എഴുതിക്കൊള്ളുന്നതു.

കന്നീറ്റിൽനിന്നും
ഫാദ്ർ. കന്നി ക്രാം നു.
മഹ: ഇനി: ൽ. ദി:

പാ. പാദ. യുസ്സ. ശമുവേൽ

Printed at the Malayala Manorama Press, Kottayam—1900.

പൊതുഐകൃതയാകുന്ന
കന്നീറുണർവുസഭയിൻ
തിരുവചനത്തിന്മേൽ
ഏകനും വാഹനമായിരിക്കുന്ന
ഐകൃതയിന്നാത്മാവാം മഹാദൈവത്തിന്റെ

നിത്യാക്ഷരങ്ങൾ

പൂർവ്വോത്തരഭാഗങ്ങൾ

പൂർവ്വഭാഗം ഫാം പുറം മുതൽ വ്വൊം പുറം വരെയും
ഉത്തരഭാഗം വ്വൊം പുറം മുതൽ
അവസാനം വരെയും ആകുന്നു.

ഇതിൽ

സകലതുടേയും പാദശുശ്രൂഷക്കാരൻ യൂയോരാലിസൻ
വിദ്വാൻകുട്ടി എന്നു മുനാമമുള്ള യൂസൂസുയോസേഫ്
മഹത്പ്രത്യക്ഷതെക്കു മുൻപും പിൻപുമായി
എഴുതീട്ടുള്ള എഴുത്തുകുത്തുകളും യൂയോമയ
സഭാചരിത്രസംഗ്രഹവും അടങ്ങിയിരിക്കുന്നു.

ഇതു
കന്നീററി പൊതുസംഘത്തിൽ നിന്നു അച്ചടിപ്പിക്കപ്പെട്ടതു
പൊതുസംഘത്തിന്റെ പ്രതിനിധിയും ശുശ്രൂഷ
ക്കാരനുമായ യൂസൂസു യാക്കോബു ബോധകർ
പൊതുസംഘത്തലവനും നിക്ഷേപപ്പാ
ത്രവുമായ കൊച്ചുപറമ്പിൽ ഇട്ടി
ക്കുഞ്ഞു യൂയോമയൻ

യൂയോമയാബ്ദം	൨൦൩൩൱
കൊല്ലവർഷം	൧൧൦൭൱
ക്രിസ്താബ്ദം	൧൯൩൨൱

വില രൂപാ ൧

മലയാളമനോരമക്കമ്പനി (ക്യിപ്തം) കോട്ടയം ഫാൻ്റ

വിജ്ഞാപനം.


അഛന്റെ എഴുത്തുകുത്തുകളെല്ലാം ഒരു പരിവൃത്തി അച്ചടിപ്പിച്ചു തീർന്നിരിക്കുന്നു. പല സമയങ്ങളിലായും പന്ത്രണ്ടു ഭാഗങ്ങളായും ആണു അച്ചടിപ്പിച്ചിട്ടുള്ളതു. ഇങ്ങനെ പുസ്തകങ്ങൾ പന്ത്രണ്ടു. വിശുദ്ധ വെണ്മഴു, നിത്യാക്ഷരങ്ങൾ പൂർവ്വഭാഗം, പൂർവ്വോത്തരഭാഗങ്ങൾ എന്ന മൂന്നു പുസ്തകങ്ങൾ പൊതുസംഘത്തിൽ നിന്നും, ശേഷമുള്ള ഒൻപതു പുസ്തകങ്ങൾ സംഘാനുവാദപ്രകാരം പൊതുസംഘത്തലവൻ, ഡിവിഷ്യൻ തലവന്മാർ, മുതലായവരുടെ ചിലവിന്മേലും ആണു അച്ചടിപ്പിച്ചിരിക്കുന്നതു. ഈ പുസ്തകം പന്ത്രണ്ടാമത്തേതത്രെ. ഇതിനു മുൻപു അച്ചടിപ്പിച്ച നിത്യാക്ഷരങ്ങൾ പൂർവ്വഭാഗം എന്ന പുസ്തകത്തിന്റെയും ഈ പുസ്തകത്തിന്റെയും സംഗതിവിവരപ്പട്ടികയും, ഈ പുസ്തകത്തിന്റെ ശുദ്ധപത്രവും, ഇതിന്റെ അവസാനത്തിൽ ചേർത്തിട്ടുണ്ടു.

പുസ്തകം അച്ചടിപ്പിക്കുന്നതിനു എല്ലാ യോഗത്തിൽനിന്നും ധർമ്മശേഖരം എടുക്കണമെന്നു സംഘത്തിൽ നിന്നു എഴുത്തയച്ചതനുസരിച്ചു വടക്കെ ഡിവിഷ്യനിൽ നിന്നും, കിഴക്കെ ഡിവിഷ്യനിൽ നിന്നും, പടിഞ്ഞാറെ ഡിവിഷ്യനിൽ നിന്നും ധർമ്മശേഖരം പിരിച്ചു സംഘത്തിൽ അയച്ചിട്ടുണ്ടു. എന്നാൽ തെക്കെ ഡിവിഷ്യനിൽ കൊട്ടാരക്കരയോഗം ഒഴിച്ചുള്ള മറ്റു യോഗങ്ങളിൽ നിന്നു യാതൊരു പിരിവും ഉണ്ടായിട്ടില്ലാ. കൊട്ടാരക്കരയോഗത്തിലെ പിരിവും വളരെ ചുരുങ്ങിയൊരു തുക മാത്രമേയുള്ളു. പടിഞ്ഞാറെ ഡിവിഷ്യനിൽ നിന്നു ഇനി പിരിവാനുമുണ്ടു. അതിനാൽ അച്ചടിവകെക്കു ധർമ്മശേഖരം കൊടുത്തിട്ടില്ലാത്തവർ ഇനിയെങ്കിലും എത്രയും വേഗത്തിൽ ത്രിയേകസ്നേഹാത്മാവാം മഹാദൈവത്തിൻ നല്ല മനസ്സോടുകൂടെ ധർമ്മശേഖരം പിരിച്ചു സംഘത്തിൽ അയെക്കണമെന്നും ധർമ്മശേഖരം കൊടുത്തിട്ടുള്ളവരും ഇതു മതി എന്നുള്ള വിചാരത്താൽ തങ്ങളുടെ ഹൃദയങ്ങളെ അടച്ചുകളയാതെ ഈ വകെക്കുള്ള തങ്ങളുടെ ധർമ്മശേഖരങ്ങളെ ഹൃദയവിശാലതയോടുകൂടെ നാൾക്കുനാൾ വർദ്ധിപ്പിക്കേണമെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ആദ്യം അടിപ്പിച്ച അഞ്ചു പുസ്തകങ്ങളും വിശുദ്ധ വെണ്മെഴുവും ക്രമേ ഒരു പുസ്തകമായിട്ട് ഇനി അടിപ്പിക്കണമെന്നു നിശ്ചയിച്ചിരിക്കുന്നു.

അച്ചടിപ്പിച്ചിട്ടുള്ള പുസ്തകങ്ങൾ വാങ്ങിക്കുന്നതിൽ ആരും തന്നെ ഉപേക്ഷ വിചാരിക്കരുതു. എല്ലാവരും രൊക്കവിലയ്ക്കു പുസ്തകം വാങ്ങി ശുദ്ധപത്രം നോക്കി തെറ്റുകൾ തിരുത്തി ദിവസേന വായിച്ചു പഠിക്കയും വിശ്വാസസ്നേഹാശാബന്ധങ്ങളിൽ വർദ്ധിച്ചു ബലപ്പെട്ടുകൊള്ളുകയും ചെയ്യുവിൻ.

ത്രിയേകസ്നേഹാത്മാവാം പരമൈക്യതയിന്നാത്മാവാകുന്ന മഹാദൈവത്തിന്റെയും അവന്റെ പരമ മണവാട്ടിയാം പൊതുസഭയാകുന്ന സകൈക്യതയാകുന്ന സപ്തർജ്ജനനിയുടേയും പരമകൃപകളും ദിവ്യാനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഇരിക്കട്ടെ.



കന്നീററി ഉണർവുസഭായോഗത്തിൽ ചേർന്ന എല്ലാ ഇടവകയിലുമുള്ള സഹോദരന്മാർക്കു വന്ദനം.

സഹോദരന്മാരേ!

നസറയ്യനായ യേശുമഹാരാജാവിന്റെ അഗാധമേഘത്തിലുള്ള മഹത്പ്രത്യക്ഷതെക്കു വേർതിരിച്ചു വിളിക്കപ്പെട്ടിരിക്കുന്ന ഉണർവുസഭയുടെ വീട്ടവർദ്ധനെക്കും, സ്ഥിരീകരണത്തിനും ആയി ഓരോരൊ ക്രമങ്ങളും അവയെ നടത്തിപ്പാൻ തക്കവണ്ണം ഏർപ്പാട്ടുകാരും വേണ്ടുന്നതാകയാൽ അവയെ സംബന്ധിച്ചു കർത്താവിൻ കനിവു ലഭിച്ചവനായി ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളുന്നതു.

൧-വതു. ഉണർവുസഭയെ മൂന്നു ഭാഗമായി വിഭാഗിക്കുന്നു.

൧. തെക്കെ ഡിവിഷ്യൻ. അതിൽ കന്നീററി, കടമ്പനാട്ടു, കുണ്ടറ, കൊട്ടാരക്കര, ചെങ്ങളം എന്ന അഞ്ചു ഇടവകകളും;

൨. പടിഞ്ഞാറെ ഡിവിഷ്യൻ. അതിൽ മങ്കുഴി, കായങ്കുളം, കാർത്തികപ്പള്ളി, മാവേലിക്കര, നിരണം എന്ന അഞ്ചു ഇടവകകളും;

൩. കിഴക്കെ ഡിവിഷ്യൻ. അതിൽ ചെങ്ങന്നൂർ, കവുങ്ങുമ്പ്രയാറു, പൂവത്തൂർ, ഇലന്തൂർ, വെണ്മണി എന്ന അഞ്ചു ഇടവകകളും; ഉൾപ്പെട്ടിരിക്കുന്നതാകുന്നു.

൨-വതു. ഓരോ ഇടവകയ്ക്കു പത്തു വീട്ടിനു ഒരു ഭവനവിചാരകനും മൂന്നു ഭവനവിചാരകന്മാർക്കു ഒരു മൂപ്പനും, നാലു മൂപ്പന്മാർക്കു ഒരു കാര്യസ്ഥനും, യുക്തംപോലെ ഡിവിഷ്യൻ കാര്യസ്ഥന്മാരും, ഒരു പ്രധാന കാര്യസ്ഥനും, വേണ്ടുന്നതാകുന്ന പ്രധാന കാര്യസ്ഥൻ സംഘത്തിന്റെ ജനപ്രതിനിധിയും, വിചാരിപ്പും കാര്യസ്ഥനും ആകുന്ന കോട്ടയം, നാട്ടകം, കുഴിമറ്റം, കുന്നങ്കര ഉലഹന്നൻ പീലിപ്പോസുകുന്നു.

൩-വതു. തിരുവത്താഴം, തിരുസ്നാനം, വിവാഹം എന്ന വിശുദ്ധകർമ്മങ്ങൾ നടത്തേണ്ടതിനു ഓരോ ഇടവകയ്ക്കു ഓരോ പട്ടക്കാർ വേണ്ടുന്നതാകുന്നു. എന്നാൽ തൽക്കാലം ഒൻപതു പട്ടക്കാരെ ഉള്ളൂ.

അവർ ഈ പതിനഞ്ചു ഇടവകയേയും ഇപ്പോൾ നോക്കിക്കൊള്ളേണ്ടുന്നതു ക്രൂടാതെ തൽക്കാലമുള്ള രണ്ടു ചെമ്മാശന്മാർക്കു പട്ടം കൊടുക്കയും വേറെ ചെമ്മാശന്മാരെ നിയമിച്ചു ഹസ്താഭിഷേകം കഴിക്കയും ചെയ്യേണ്ടുന്നതാകുന്നു.

൪-ാവതു. ബോധകന്മാർ സഭയെ സ്ഥിരപ്പെടുത്തേണ്ടുന്നവരാകയാൽ തെക്കെ ഡിവിഷ്യനു യൂസ്സസ് യോഹന്നാനെയും, യേശുദാസൻ സമുവേലിനെയും, പടിഞ്ഞാറെ ഡിവിഷ്യനു യൂസ്സസ് പീലിപ്പോസിനെയും, വെറുകോൽ ചെമ്പകശ്ശേരി കൊച്ചുകുഞ്ഞിനെയും, കിഴക്കെ ഡിവിഷ്യനു യൂസ്സസ് യാക്കോബിനെയും, ലൂക്കോസ്സാശാനെയും ബോധകന്മാരായി നിയമിച്ചയച്ചിരിക്കുന്നതു ക്രൂടാതെ ഈ രണ്ടു പേർക്കു സഹായികളായി താഴെഎഴുത്തു കൊച്ചുകോശിയെയും വഴമ്പള്ളി ചാണ്ടിയെയും ഉപബോധകന്മാരായി നിയമിച്ചിരിക്കയാൽ യൂസ്സസ് യാക്കോബും ലൂക്കോസ്സാശാനും മൂന്നു ഡിവിഷ്യനിലും പോകേണ്ടതാകുന്നു.

൫-ാവതു. ഓരോ ഇടവകയിലുള്ള ഓരോ സഭകളിലും ഞായറാഴ്ചയും വെള്ളിയാഴ്ചയും ദൈവശുശ്രൂഷ നടത്തേണ്ടതിന്നും ദിവസംതോറുമുള്ള ക്രൂടിപ്രാർത്ഥന കഴിക്കേണ്ടതിന്നും ഉപദേശിമാർ അവശ്യമാകയാൽ അവരെ അതാതു സ്ഥലങ്ങളിൽ നിയമിച്ചാക്കേണ്ടുന്നതാകുന്നു.

൬-ാമതു. ഇടവകയിലെ ഓരോ സഭകളിലുള്ള ഓരോ കുഡുംബവും ശുദ്ധീകരിക്കപ്പെടേണ്ടുന്നതാകയാൽ ആ കാര്യത്തിന്നായിട്ടു സുവിശേഷകന്മാരെ ഏല്പിച്ചുത്തേണ്ടുന്നതാകുന്നു.

൭-ാവതു. ആത്മവ്യാപാരം മൂലം ദീർഘദൃഷ്ടിമാക്കും അവരുടെ പുത്രന്മാക്കും വെളിപ്പെട്ടുന്ന പ്രത്യേക സംഗതികൾ ഉണർവുസഭയുടെ ശുശ്രൂഷക്കാരനു എഴുതി കൊടുത്തയക്കയും അയാളും തൊമ്മച്ചനും ഈപ്പച്ചനും ബോധകന്മാർ എല്ലാവരും കൂടി ഉപവാസപ്രാർത്ഥന കഴിച്ചു ദിവ്യാലോചന അറിഞ്ഞു വെളിവാക്യസാക്ഷികളോടു കൂടെ ആയതിനെ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

൮-ാവതു. ഈപ്പച്ചനും ചക്കിട്ടേപ്പറമ്പിൽ ചെറിയാൻ ബോധകരും പുവത്തൂർ കുന്നംപുറത്തു കൊച്ചുകുഞ്ഞും. ഇട്ടിമാത്തൻ ഉപദേശിയാരും കൂടെ എല്ലാ ഇടവകയിലും സഞ്ചരിച്ചു മുദ്രാധാരണത്തിന്റെയും കുഡുംബശുദ്ധീകരണനിവൃത്തിയുടെയും ശുശ്രൂഷയെ നടത്തിക്കൊണ്ടു ഇരിക്കേണ്ടുന്നതാകുന്നു.

൯-ാവതു. എല്ലാ ഇടവകയിലുമുള്ള ഗായകന്മാർ ദൈവശുശ്രൂഷയിൽ പാടുന്ന പാട്ടുകൾക്കു രാഗം, ലയം, ശ്രുതി എന്നിവ ഒത്തിരിക്കേണ്ടുന്നതാകയാൽ ആയവിവു അവക്കുണ്ടായിട്ടു ആ ജ്ഞാനത്തോടുകൂടെ ഗാനം ചെയ്യേണ്ടുന്നതിന്നു യൂസ്സസ് മത്തായിയെയും അയാളുടെ സഹോദരന്മാരെയും നിയമിച്ചിരിക്കുന്നു.

൧൦-ാവതു. ജാഗ്രതകന്മാരുടെയും നുത്തനക്കാരുടെയും മേൽവി
ചാരക്കാരനായി പൂവത്തൂർ കുന്നമ്പുറത്തു കൊച്ചുകുഞ്ഞിനെ നിയമി
ച്ചിരിക്കയാൽ അതിൽ യാതൊരു ക്രമക്കേടും ഉണ്ടാകാതെ ഭരിപ്പാ
ൻ തക്കവണ്ണം അയാൾ നടത്തേണ്ടതാകുന്നു.

൧൧-ാവതു. എല്ലാ ഇടവകയിലും ക്രമപാലകന്മാരെ നിയമിച്ചു
ആ വേല യോഗ്യമായി നടപ്പാൻ തക്കവണ്ണം വിചാരിക്കേണ്ടതു ജ
നപ്രതിനിധി ഉലഹന്നൻ പീലിപ്പോസും തേവലക്കര വിഷയിൽ
താഴെ യേശുദാസൻ യോഹന്നാനും ആകയാൽ അവർ ശ്രദ്ധവെച്ചു
ആയതു നടത്തേണ്ടതാകുന്നു.

൧൨-ാവതു. ഈ ഏഴ്പ്പാട്ടുകാരായ ഉണർവുസഭയിൻ ശ്രേഷ്ഠക്കാ
രൊക്കെയും ശമ്പളം ആഗ്രഹിച്ചു വേല ചെയ്യുന്നവരായിരിക്കരുതു.
ഒരുവേള ഉപജീവിപ്പാൻ ഒന്നും കിട്ടാതെ പട്ടിണിആവാൻ സംഗതി
വന്നാലും ആക്കൂവേണ്ടി രക്തം ചൊരിഞ്ഞിരിക്കുന്നവോ ആ പ്രാണ
നാഥനെ ഓർത്തു വിശ്വസിച്ചും അവന്റെ മഹത്പ്രത്യക്ഷ
ത്തിങ്കൽ തന്റെ വിശ്വസ്തശ്രേഷ്ഠക്കു ലഭിക്കുന്ന പ്രതിഫലത്തെ
ആഗ്രഹിച്ചും കൊണ്ടു അവന്റെ ആത്മാവിനാൽ നിയപ്പെട്ടവരാ
യി തങ്ങൾക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വേലയെ വിശ്വാസവും
ബുദ്ധിയുമുള്ള കലവറക്കാരനെപ്പോലെ എത്രയും ജാഗ്രതയോടു ക്ര
ടെ നോക്കേണ്ടുന്നതാകുന്നു.

ഉണർവുസഭെക്കു വീട്ടുചുമ്മനയും സ്ഥിരീകരണവും വരുവാൻ ഏ
ഴ്പ്പട്ടത്തപ്പെട്ട ഈ ക്രമങ്ങൾ വഴിയായി സകല ഏഴ്പ്പാട്ടുകാരുടെ
യും മേൽ ദൈവത്തിന്റെ സാദ്ധ്യശക്ത്യാത്മകമായ ദിവ്യകൃപയി
ൻ അനുഗ്രഹം പൊഴിവാൻ തക്കവണ്ണം ആശിച്ചും പ്രാർത്ഥിച്ചും കൊ
ണ്ടു ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദ
ശ്രേഷ്ഠക്കാരൻ

യൂസുയോസേഫ്

കന്നീററിനിന്നും
൧൮൩൦ ഡിസം: ൨൩-നു

2

കുടുംബകൃത്യം

൧൩-ാവതു. ഉണർവുസഭ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്പ്ര
ത്യക്ഷതയിങ്കൽ കുറഞ്ഞ കുടാതെ നിർമ്മലകന്യകയായി തീർന്നു അവനെ
എതിരേൽക്കേണ്ടുന്നതിനു ദൈവത്തിന്റെ മുൻനിശ്ചയപ്രകാരവും
ദീർഘദർശനങ്ങളിൻപ്രകാരവും അവന്റെ ആത്മാവിനാൽ വിളിക്ക
പ്പെട്ടു എഴുന്നേൽവിച്ചു വേർതിരിക്കപ്പെട്ടിട്ടുള്ളോരു സഭയാകയാ
ലും ഇവളുടെ പ്രകാശത്തെക്കണ്ടു ജ്യോതികളും കൂടെ ജ്വലിച്ചു

ത്തിലേക്കു വന്നു ദിവ്യകുടുംബത്തിലെ അംഗങ്ങളായിത്തീരുവാൻ തക്കവണ്ണം ഇവളുടെ അവയവയങ്ങൾ ഒക്കെയും അന്ധകാരവും ക്രൂരതയും നിറഞ്ഞ ഈ ലോകത്തിൻ നടുവിൽ സൌന്ദര്യത്തോടുകൂടെ തെളങ്ങിണ്ടുന്നതാകയാലും അവളുടെ അവയവങ്ങളാകുന്ന ഓരോരുത്തരും കൂടു ബന്ധം കുറയം കൂടാതെ ശോഭിക്കേണ്ടതാകുന്നു.

൨ാവത്തു. അതിനാൽ രാജ്യസുവിശേഷമാകുന്ന ദിവ്യവിളംബരം എല്ലാഭവനങ്ങളുടെ ദർശനവശത്തും അവരവരുടെ വേദപുസ്തകങ്ങളിലും എഴുതിപ്രതിക്കുന്നതു കൂടാതെ, ഭവനംതോറും കാലത്തും ഉച്ചക്കും വൈകീട്ടും അഞ്ചാലവൃദ്ധം ആളുകൾ ഒരു സ്ഥലത്തു കൂടിയിരുന്നു ഭക്തിപൂർവ്വം വായിച്ചു പാടി പ്രാർത്ഥിക്കേണ്ടുന്നതുമല്ലാതെ, ദിവസേന ഓരോരുത്തൻ തനിച്ചു തനിച്ചു വേദപുസ്തകം വായിക്കയും ധ്യാനിക്കയും രഹസ്യമായി പലവട്ടം പ്രാർത്ഥിക്കയും, വായന ശീലമില്ലാത്തവർ വേദപുസ്തകം വായിച്ചു കേൾക്കയും ചെയ്യേണ്ടുന്നതാകുന്നു.

൩ാവത്തു. ഞായറാഴ്ചയിലും വെള്ളിയാഴ്ചയിലും സഭനിശ്ചയിക്കുന്ന മറ്റു ദിവസങ്ങളിലുമുള്ള ദൈവശുശ്രൂഷയ്ക്കു എല്ലാവരും ഉൾപ്പെടേണ്ടുന്നതും പ്രത്യേകം ഞായറാഴ്ച ഉദയാസ്തമനമായി മുഴുവനും ദൈവാരാധനയിൽ കഴിക്കേണ്ടുന്നതുമാകുന്നു.

൪ാവത്തു. കുടുംബത്തിലുള്ള എല്ലാവരും ഭിന്നതകളും, വഴക്കുകളും, കലഹവും വാഗ്വാദവും കൂടാതെ ഐകമത്യത്തോടും. സമാധാനത്തോടും കൂടെ ഇരിക്കേണ്ടുന്നതാകുന്നു. ഭൂവ്വാക്കു, വ്യർത്ഥസംസാരം, അസത്യം, പരിഹാസം, ആണ, പ്രാക്കു, കൊള്ളിവാക്കു, ഇത്യാദി പൈശാചികവാക്കുകൾ ആരും തന്നെ പറഞ്ഞുപോകരുതു. ഭാര്യ ഭർത്താവിനെയും, മക്കൾ മാതാപിതാക്കന്മാരെയും, ഭൃത്യന്മാർ യജമാനന്മാരെയും, കീഴുള്ളവർ മേലുള്ളവരെയും കർത്താവിൽ അനുസരിച്ചും, സ്നേഹിച്ചും ബഹുമാനിച്ചും കീഴടങ്ങിയിരിക്കേണ്ടുന്നതു കൂടാതെ ഭർത്താവു ഭാര്യയെ സ്നേഹിച്ചു പോറ്റുകയും, മാതാപിതാക്കന്മാർ മക്കളെ കോപപ്പെടുത്താതെ കർത്താവിനെക്കുറിച്ചുള്ള ഭയത്തിലും ഉപദേശത്തിലും ശീലിപ്പിച്ചു, ദൈവഭക്തിയിൽ അക്ഷരാഭ്യാസത്തോടുകൂടെ ശിക്ഷിച്ചു വളർത്തുകയും, യജമാനന്മാർ കഠിനതയൊഴിച്ചു തങ്ങളുടെ ഭൃത്യന്മാർക്കു ന്യായമായുള്ള വേലക്കൂലിയെ കൊടുക്കയും, അവരെ സ്നേഹിച്ചു സന്ധിക്കയും, സുവിശേഷസത്യത്തിൻ പ്രകാരം അവരെ നടത്തിക്കയും, മേലുള്ളവർ കീഴുള്ളവരോടു ബലഹീനത സഹിച്ചു ക്രമമായി വ്യാപരിക്കയും, സഹോദരന്മാർ ഐകമത്യത്തോടുകൂടെ ഇരിക്കയും വേണം. വിശേഷിച്ചും മരുമക്കൾ അമ്മാവിയമ്മമാരെ സ്നേഹിച്ചു, ബഹുമാനിച്ചു ശാസന അനുസരിച്ചിരിക്കയും വേണം. അമ്മാവിയമ്മമാർ മരുമക്കളെ സ്വന്തമക്കളെപ്പോലെ സ്നേഹിച്ചും ബലഹീനതകളെ സഹിച്ചുംകൊണ്ടു പരിപാലിക്കയും വേണം.

ാവതു. ആരും തന്നെ മടിയായിരുന്ന സമയത്തെ വ്യർത്ഥമായി കഴിക്കരുതു. എല്ലാവരും ദൈവഭക്തിക്കുള്ള കൃത്യങ്ങളിൽ കഴിച്ചു ശേഷമുള്ള സമയം മുഴുവനും "മുച്ചന്തിലെ വിയർപ്പിട്ടു കൂടെ അപ്പം ഭക്ഷിക്കും" എന്നുള്ള ദൈവകല്പനപ്രകാരം ഭവനരക്ഷയ്ക്കും, മറ്റുള്ളവനു വിഭാഗിച്ചുകൊടുപ്പാൻ തങ്ങൾക്കുണ്ടാകേണ്ടുന്നതിനും, ആയിട്ടു കൈകൾകൊണ്ടു നല്ലതിനെ പ്രവൃത്തിച്ചു അദ്ധ്വാനപ്പെടുകതന്നെ വേണം. സ്ത്രീകളും മടിയുള്ളവരാകാതെ ഭവനരക്ഷയ്ക്കു ഉപയോഗമായ വേലകളിൽ താൽപര്യമായിരിക്കണം.

നാവതു. ഒരുത്തനും ആരോടും ഒന്നും കടംപെടരുതു. കടം പെട്ടിട്ടുള്ളതിനെ എളുപ്പത്തിൽ കൊടുത്തു തീർക്കണം. കിട്ടുവാനുള്ളതു ക്രിസ്ത്യാനിമുറപ്രകാരം വാങ്ങിച്ചു കൊള്ളണം. മറ്റും ദ്രവ്യസംബന്ധമായ ഭവനകാര്യങ്ങൾ ഒക്കെയും സ്പഷ്ടതയാംവണ്ണം ചട്ടപ്പെടുത്തി മനസ്സിന്റെ ഭാരത്തെ ഒഴിച്ചു കൊള്ളേണ്ടുന്നതാകുന്നു.

ഒവതു. ദൈവശുശ്രൂഷക്കാർ ആ വേലയിൽ തന്നെ ഉറച്ചിരിക്കേണ്ടുന്നവരാകയാൽ അവരുടെ ഉപജീവനത്തിനായി കൊടുപ്പാൻ എല്ലാവരും കടം പെട്ടിരിക്കകൊണ്ടു പുരുഷന്മാരും സ്ത്രീകളും പൈതങ്ങളും തങ്ങളുടെ പ്രാപ്തിക്കു തക്കവണ്ണം മനഃപൂർവമായി ഉപകാരം ചെയ്യുന്നതുമല്ലാതെ, നന്മ ചെയ്യുന്നതിനെയും ധർമ്മം കൊടുക്കുന്നതിനെയും ആരും മറക്കരുതു. വിശ്വാസത്തിന്റെ ഭവനക്കാർക്കു വിശേഷാലും നന്മ ചെയ്യേണ്ടുന്നതാകുന്നു.

ന്യായാഴ്ച ക്രമം.

ാവതു. അതാതു ഇടവകയിലൊ, സഭകളിലൊ, ന്യായാഴ്ചയിലും, വെള്ളിയാഴ്ചയിലും, സഭകൂടുന്ന മറ്റു ദിവസങ്ങളിലും വിചാരകന്മാർ തങ്ങളുടെ പക്കലുള്ള ആൾവിവരക്കണക്കു മുമ്പെ ഓരോരുത്തരായി എഴുപ്പത്തിൽ വായിച്ചു ഹാജർ നോക്കി വന്നിട്ടില്ലാത്തവർ എന്തു കാരണത്താൽ വരാതിരുന്നു എന്നു പുരുക്കമായി വിചാരണ കഴിച്ചതിന്മേൽ ക്രമപാലകന്മാർ നടന്നു വരുന്ന രീതി അനുസരിച്ചു ജനങ്ങളെ വൃത്തത്തിൽ ക്രമപ്രകാരം ഇരുത്തേണ്ടതാകുന്നു.

ാവതു. ജനങ്ങൾ ഇങ്ങനെ ക്രമപ്പെട്ടതിന്റെ ശേഷം നിശ്ശബ്ദമായി പുരുക്കത്തിൽ തനിപ്രാർത്ഥന കഴിച്ചിട്ടു ശുശ്രൂഷക്കാരൻ എഴുന്നേറ്റുനിന്നു ത്രിയേകദൈവത്തിന്റെ തിരുനാമത്താൽ ശുശ്രൂഷ ആരംഭിച്ചു ദിവ്യവിളംബരം വായിക്കയും, ജനങ്ങൾ പ്രതിവാക്യം ചൊല്ലുകയും വേണം. പിന്നീടു പീഠത്തിനു പുറമുള്ള ശുശ്രൂഷക്കാർ എഴുന്നേറ്റുനിന്നു യുക്തംപോലെ "ആത്മാവെ! വന്നിടുക" "കാരുണ്യമുത്തെ!" "വന്നാവസിക്ക" "നേരമാകും മുന്നെന്നിൽ" ഇത്യാദിപ്രാർത്ഥ

നാമപേക്ഷകൾ അടങ്ങിയിരിക്കുന്ന പാട്ടുകളിൽ ഒന്നു ഗായകന്മാർ ഭക്തിപൂർവ്വം പാടുകയും പിന്നെ എല്ലാവരും മുട്ടുകുത്തി മൌനമായിരിക്കുമ്പോൾ ശുശ്രൂഷകരൻ സ്തോത്രത്തോടെ ആരംഭിച്ചു തനതായും പൊതുവായും, ഏറ്റവും പറഞ്ഞു ദൈവത്തിനു മഹത്വം കൊടുത്തുകൊണ്ടു ദിവ്യസന്നിദ്ധ്യം സഭയിൽ വിളങ്ങിടുന്നതിനും തത്സമയത്തു സഹായത്തിനുള്ള കൃപ കിട്ടുവാനുമായി പ്രാർത്ഥിക്കയും ചെയ്തിട്ടു കർതൃപ്രാർത്ഥന ചൊല്ലണം.

൩ാവതു. എല്ലാവരും എഴുന്നേറ്റുനിന്നു "വരുവിൻ നാം" "ഇന്നേ ശുരാജനു" "ഞങ്ങളിൽ കനിഞ്ഞാലും!" "സകല ഭൂതലമേ!" എന്നിത്യാദി സ്തോത്രപദങ്ങൾ അടങ്ങിട്ടുള്ള സന്തോഷകീർത്തനങ്ങളിൽ ഒന്നു പാടിയ ശേഷം എല്ലാവരും ഇരിക്കണം. അപ്പോൾ ശുശ്രൂഷക്കാരൻ എഴുന്നേറ്റുനിന്നു അന്നത്തെ ദിവസത്തേക്കുള്ള സങ്കീർത്തനങ്ങളും, പഴമയിൽനിന്നും പുതുമയിൽ നിന്നും ഓരോ അദ്ധ്യായങ്ങളും ക്രമപ്രകാരം വായിച്ചിട്ടു സകലർക്കും വേണ്ടി ഒരു പ്രാർത്ഥന ശുശ്രൂഷക്കാരിൽ ഒരുത്തൻ കഴിക്കണം.

൪ാവതു. എല്ലാവരും നിവിന്നിരുന്ന ശേഷം പ്രസംഗക്കാരന്റെ അപേക്ഷപ്രകാരമൊ, യുക്തംപോലെയൊ, പ്രസംഗത്തിനു ഉപയോഗമുള്ള ഒരു പാട്ടു പാടി എല്ലാവരും മുട്ടുകുത്തി പ്രസംഗി തന്നെ മുഖത്തിൽ സമയോചിതമായ കൃപെക്കു വേണ്ടി അപേക്ഷിച്ചിട്ടു എല്ലാവരും നിവിന്നു ക്രമമായും ശ്രദ്ധയോടും ഇരിക്കുമ്പോൾ പ്രസംഗി തെളിവോടു കൂടെ പ്രസംഗവാക്യങ്ങൾ ഒന്നൊരണ്ടോ പ്രാവശ്യം വായിച്ചു പ്രസംഗം ആരംഭിക്കയും നടന്നു പ്രസംഗിക്കയും വേണം. യുക്തംപോലെ പ്രസംഗത്തിനു ഉപയോഗമായ പാട്ടുകൾ ഇടെക്കിടെ പാടുകയും ആം- ഒരുക്കൂട്ടാതെ അരുതു പ്രസംഗിക്കരുതു. പ്രസംഗം സാരമേറിയതും പ്രസംഗവാക്യങ്ങളുടെ ആന്തരങ്ങളെ സ്പഷ്ടമായി തെളിയിക്കുന്നതും, സഭയുടെ വിശ്വവർദ്ധനെക്കും, സ്ഥിരീകരണത്തിനും ഉപയോഗമായുള്ളതും ആയിരിക്കണം. കഴിയുന്നെടത്തോളവും പ്രസംഗം മുറുങ്ങിയിരിക്കേണ്ടതാകുന്നു. പ്രസംഗം കഴിഞ്ഞശേഷം അതിന്നുചിതമായ പാട്ടുകളിൽ ഒന്നു പാടി എല്ലാവരും മുട്ടുകുത്തി ശുശ്രൂഷക്കാരിൽ ഒരുത്തൻ പ്രസംഗത്തെ അനുസരിച്ചും, സഭെക്കും എല്ലാവിധ ശുശ്രൂഷക്കും വേണ്ടിയും അധികദീർഘമാകാതെ പ്രാർത്ഥിച്ചശേഷം ഓരു ശുശ്രൂഷ ഇല്ലെങ്കിൽ നൂത്തപ്പാട്ടുകൾ പാടി സ്തുതിച്ചു കർതൃപ്രാർത്ഥന ചൊല്ലി ജയഗീതം പാടിയ ശേഷം പട്ടക്കാരനുണ്ടായിരുന്നാൽ അയാൾ എഴുന്നേറ്റുനിന്നു കൈയ്യുയർത്തിക്കൊണ്ടു "സകല ബുദ്ധിയേയും കവിയുന്നതായ" ഇത്യാദി ആശീർവ്വാദം ചൊല്ലി അനുഗ്രഹിക്കണം. ആ സമയം എല്ലാവരും മുട്ടുകുത്തിയിരിക്കണം. പിന്നീടു നിശ്ശബ്ദമായും മുറുക്കമായും പ്രാർത്ഥിച്ചു കഴിയുമ്പോൾ ക്രമവാലകന്മാർ മുന്നങ്ങളെ അടക്കത്തോടും ഭയഭക്തിയോടും കൂടെ

പോകുവാൻ തക്കവണ്ണം വിട്ടയക്കേണ്ടുന്നതാകുന്നു. പട്ടക്കാരൻ ഇല്ലാത്തവകയും ശുശ്രൂഷക്കാരിൽ ഒരുവൻ മുട്ടുകുത്തിക്കൊണ്ടു നമ്മുടെ കർത്താവായ യേശുമശിഹായുടെ കൃപയും" ഇത്യാദി അനുഗ്രഹപ്രാർത്ഥന ചൊല്ലി ശുശ്രൂഷ അവസാനിപ്പിക്കണം.

4 ഭവനവിചാരകന്മാരുടെ കൃത്യം.

കർത്താവിന്റെ ജ്ഞാനമണവാട്ടിയാകുന്ന ഉണർവുസഭയിലെ കുടുംബങ്ങൾ ഒക്കെയും ക്രമവും ശുദ്ധിയുമുള്ളവ ആയിത്തീരേണ്ടുന്നതിനു അവരെ വിചാരിപ്പാൻ നടത്തുവാനായി, പതുപ്പത്തു കുടുംബങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള ആളുകൾ അത്രെ വിചാരകന്മാർ. അതിനാൽ വാവതു വിചാരകന്മാർ ഒക്കെയും ദൈവഭക്തിയിൽ മുതിർന്നവരും നല്ല ജാഗ്രതയും ക്ഷമയും സാവധാനവും സഭയെക്കുറിച്ചു സ്നേഹമുള്ളവരും യാതൊരു സംഗതിയിലും അപവാദപ്പെടാത്തവരും കുടുംബസഹിതം നല്ല ദൃഷ്ടാന്തക്കാരുമായിരിക്കണം. ഇവരുടെ വേലതങ്ങളുടെ വിചാരത്തിലുള്ള കുടുംബക്കാരെ സഭനിമിത്തമായിട്ടുള്ള കുടുംബകൃത്യപ്രകാരം ജാഗ്രത ചെയ്തു നടത്തിക്കുന്നതാകുന്നു.

രാവതു. അതിനാൽ എല്ലാവിചാരകന്മാരും ദിവ്യവിളംബരം മുതൽ ക്രമത്തിൽ വലിയ അക്ഷരമായി ഏഴുതി നിയമപ്രകാരം പതിപ്പിക്കയും അതാതു കുടുംബക്കാരുടെ പേർ വിവരത്തിനു മറ്റൊരു പുസ്തകം സൂക്ഷിച്ചു സഭ കൂടിയുള്ള ദൈവശുശ്രൂഷകളിലൊക്കെയും എല്ലാവരും കൂടി വരുന്നുണ്ടോ എന്നു നിത്യം വിചാരണ ചെയ്തു പുസ്തകത്തിൽ പതിപ്പിക്കയും, വരാത്തവരെ ജാഗ്രതപ്പെടുത്തി നടത്തിക്കയും ചെയ്യേണ്ടുന്നതാകുന്നു.

മൂവതു. ആഴ്ചയിൽ ഒന്നോ രണ്ടോ അതിലധികമോ പ്രാവശ്യം എല്ലാഭവനങ്ങളിലും ചെല്ലുകയും ഭക്തിപൂർവ്വം ബുദ്ധിയുപദേശിക്കയും അവരോടു കൂടെ പ്രാർത്ഥിക്കയും ചെയ്യുന്നതു കൂടാതെ കുടുംബപ്രാർത്ഥനയും വേദവായനയും രഹസ്യപ്രാർത്ഥനയും ഭവനംതോറും ഉപവാസത്തോടു കൂടെ ശുദ്ധീകരണവും യോഗ്യമായി നടന്നു വരുന്നുണ്ടോ എന്നും ഭവനത്തിലുള്ളവർ തമ്മിൽതമ്മിലും സഭയിലുള്ളവരോടും അയൽക്കാരോടും മറ്റും യഥായോഗ്യം സമാധാനവും സ്നേഹവും ഐകമത്യവുമുള്ളവരായിരിക്കുന്നുവോ എന്നും പൈതങ്ങളെയും മറ്റും ദൈവഭക്തിയായി നടത്തിക്കുന്നുണ്ടോ എന്നും, എല്ലാം വിചാരണ ചെയ്തും, ബുദ്ധി ചൊല്ലിയും, നടത്തിക്കേണ്ടതാകുന്നു.

നാവതു. ദിവസത്തോടുള്ള കൂടിപ്രാർത്ഥനയ്ക്കും വെള്ളിയാഴ്ചയിലും ഞായറാഴ്ചയിലും പൊതുവായി സഭ കൂടുന്നിടത്തും വരുവാൻ കഴിയാതവണ്ണം ദൂരമായിരുന്നാൽ വിചാരകന്മാർ അവരവരുടെ വിചാരത്തിലുള്ള കുടുംബക്കാരെ ഒരു സ്ഥലത്തു കൂട്ടി പ്രാർത്ഥനയും ചെ

വഴുശ്രൂഷയും നടത്തിക്കുന്നതുമല്ലാതെ, മാസത്തിൽ ഒരിക്കലോ രണ്ടോ വിചാരത്തിൻ കീഴുള്ളവരെ മാത്രം മേൽപ്പറഞ്ഞ ധർമ്മശാസ്ത്രപ്രകാരം നടത്തിക്കയും, അന്നു അവരവരുടെ ഗതിക്കു തക്കവണ്ണം ധർമ്മശാസ്ത്രം എടുപ്പിച്ചു വിചാരത്തിനു കണക്കെഴുതി മുപ്പതാം തീയതിക്കകം മുപ്പനും കാര്യസ്ഥനും അറികെ സീക്രട്ടരിയുടെ കണക്കിൽ ചേർപ്പിച്ചു മുതൽപിടിക്കാരന്റെ വക്കൽ ഏൽപ്പിക്കുകയും ചെയ്യുന്നതാകുന്നു.

ഒരുവതു. വല്ലകുടുംബത്തിലും രോഗമോ കഷ്ടസങ്കടങ്ങളോ ഉണ്ടായാൽ, താൻതന്നെ അവിടെ ചെല്ലുകയും, അന്വേഷിക്കയും, പ്രാർത്ഥിക്കയും ബുദ്ധി ചൊല്ലി ആശ്വസിപ്പിക്കയും ചെയ്യുന്നതു കൂടാതെ വേണ്ടിവന്നാൽ മൂപ്പന്മാരെയും കാര്യസ്ഥനെയും പട്ടക്കാർ മുതലായ സഭയുടെ ശുശ്രൂഷക്കാരെയും തരിയപ്പെടുത്തി അവരുമായി ചെന്നു നടത്തിക്കേണ്ടതാകുന്നു.

രണ്ടാവതു. സഹായമില്ലാത്ത വിധവമാരെയും, അനാഥക്കുഞ്ഞുങ്ങളെയും സഭയുടെ സന്ധിപ്പിന്നു പാത്രങ്ങളായികാണപ്പെടുന്ന സാധുക്കളെയും ദയയോടെ വിചാരിച്ചു സഭ നിശ്ചയിക്കുന്ന വഴിയിൽ അവർക്കു സഹായിക്കേണ്ടുന്നതാകുന്നു.

മൂവതു. വിചാരക്കന്മാർക്കു വല്ലയിടത്തും പോകുവാൻ ആവശ്യമുണ്ടായാൽ കാര്യങ്ങൾ വീഴ്ച കൂടാതെ നടപ്പാൻ വേണ്ടി മുപ്പന്മാരുടെ അറിവോടു കൂടെ പോകേണ്ടതാകുന്നു.

നാലാവതു. മേൽപ്രകാരം തങ്ങളുടെ വിചാരണയാൽ ക്രമപ്പെടാതിരിക്കുന്ന കുടുംബക്കാരുടെയും ആളുകളുടെയും സംഗതിയും, ഈ വിചാരത്തിൽ ഉൾപ്പെടാത്ത വല്ല ക്രമക്കേടും ഇരിക്കുന്നു എന്നു കണ്ടാൽ ആയതും മൂപ്പന്മാരെ ഗ്രഹിപ്പിച്ചു അവരും തങ്ങളും കൂടി ക്രമപ്പെടുത്തി നടത്തിക്കേണ്ടതാകുന്നു.

മൂപ്പന്മാരുടെ കൃത്യം.

ഉണർവുസഭയിലെ വിചാരകന്മാരിൽ മൂന്നു പേർക്കും, അവരുടെ വിചാരത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്കും മേലായി നിയമിക്കപ്പെട്ടവരത്രെ മൂപ്പന്മാർ.

ഒന്നാവതു. മൂപ്പന്മാരൊക്കെയും ദൈവഭക്തിയിൽ മുതിർന്നവരും നല്ലജ്ഞാനമുള്ളവരും സാവധാനവും സഭയെക്കുറിച്ചു സ്നേഹവും ഉള്ളവരും, കോപപ്പെടാതെ ക്ഷമയോടും, വിവേകത്തോടും പറഞ്ഞു ചൊല്ലി നടത്തിക്കുന്നവരും യാതൊരു സംഗതിയിലും അപവാദപ്പെടാത്തവരും കുടുംബസഹിതം നല്ല ദൃഷ്ടാന്തക്കാരുമായിരിക്കണം. ഇവരുടെ വേലതങ്ങളുടെ കീഴുള്ള വിചാരകന്മാരും അവരുടെ വിചാരത്തിലുള്ള കുടുംബങ്ങളും, യോഗ്യമായും ദൈവഭക്തിയായും നടക്കുന്നുണ്ടോ എന്നു വിചാരിച്ചു നടത്തുന്നതാകുന്നു.

ചോവതു. അതിനാൽ വിചാരകന്മാർ കുടുംബങ്ങളിൽ പോയി വിചാരിക്കുന്നുണ്ടോ എന്നും, കുടുംബങ്ങൾ ക്രമപ്പെട്ടിട്ടുണ്ടോ എന്നും, എല്ലാവരും ദൈവശുശ്രൂഷകൾക്കു ക്രമമായി കൂടിവരാറുണ്ടോ എന്നും പ്രാർത്ഥനകളും ഭവനംതോറും ഉപവാസത്തോടു കൂടെ ശുദ്ധീകരണവും ധർമ്മശേഖരങ്ങളും മറ്റുള്ള കൃത്യങ്ങളും യോഗ്യമായി നടക്കുയും, നടത്തിക്കപ്പെടുകയും ചെയ്യുവരുന്നുണ്ടോ എന്നും, മറും മൂപ്പന്മാർ വിചാരിച്ചു ക്രമപ്പെടുത്തിക്കുന്നതു കൂടാതെ തങ്ങൾ തന്നെ മാസത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം എല്ലാ ഭവനങ്ങളിലും ചെല്ലുകയും പ്രാർത്ഥിക്കയും വിചാരണ ചെയ്തു ബുദ്ധിചൊല്ലി നടത്തിക്കയും ചെയ്യേണ്ടതാകുന്നു.

ഛ-ാവതു. മുന്നു വിചാരകന്മാരുടെ വിചാരത്തിലുള്ള സ്ത്രീകളെ മുന്നു കൂട്ടമായി ചേർത്തു സ്ത്രീകളിൽ ശ്രേഷ്ഠിയുള്ളവരുണ്ടായിരുന്നാൽ അവരെക്കൊണ്ടും, അല്ലാത്ത പക്ഷം വിചാരകന്മാരെ എണ്ണാതെ തങ്ങൾ തന്നെ പ്രാർത്ഥന നടത്തുകയും അവരെക്കൊണ്ടു ധർമ്മശേഖരം എടുപ്പിച്ചു കായ്സ്ഥൻ അറികെ മുതൽപിടിയിൽ ഏല്പിക്കയും ചെയ്യേണ്ടതാകുന്നു. ഈ പ്രാർത്ഥന ഓരോ കൂട്ടത്തിൽ മാസത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം നടത്തിക്കേണ്ടതാകുന്നു.

ഝ-ാവതു. സഭയിലുള്ളവർ തമ്മിൽ പോലീസിനു കാരണങ്ങൾ ഉണ്ടാകരുതു. പുറത്തുള്ളവരുടെ നേരെയും സഭയിലുള്ളവരിൽ നിന്നുണ്ടാകരുതു. മറുള്ള വ്യവഹാരങ്ങൾക്കും വിചാരകന്മാർ അറിവു തരുന്ന സംഗതികൾക്കും തങ്ങൾ തന്നെ തീർച്ച വരുത്തേണ്ടതായിരുന്നാൽ അങ്ങിനെയും തീരാത്തതിനു കായ്സ്ഥനെ തെരിയപ്പെടുത്തി അങ്ങനെയും തീർച്ചവരുത്തേണ്ടതാകുന്നു.

ഞ-ാവതു. വിചാരകന്മാർ വല്ലപ്പോഴും പോകേണ്ടിവന്നാൽ അവർ വരുന്നതുവരെ മറ്റാളുകളെക്കൊണ്ടു അവരുടെ വേല വീഴ്ചകൂടാതെ നടത്തിക്കുയൊ, തങ്ങൾ തന്നെ നടത്തുകയൊ ചെയ്യേണ്ടുന്നതാകുന്നു. മൂപ്പന്മാർ വല്ലയിടത്തും പോകേണ്ടിയിരുന്നാൽ കായ്മും വീഴ്ചകൂടാതെയിരിപ്പാൻ വേണ്ടി കായ്സ്ഥന്റെ അറിവോടു കൂടി പോകേണ്ടതാകുന്നു.

ഇടവക കായ്സ്ഥന്മാരുടെ കൃത്യം.

ഇടവകയിലുള്ള ശുശ്രൂഷക്കാരുടെ വേലകളൊഴികെ എല്ലാ കായ്ങ്ങളെയും വിചാരിച്ചു നടത്തുകയും നടത്തിക്കയും ചെയ്വാൻ തക്കവണ്ണം നന്നാലു മൂപ്പന്മാർക്കു മേലായി സഭ തെരിഞ്ഞെടുത്തു, സംഘം നിയമിച്ചും ആക്കീട്ടുള്ള ആളുകളത്രേ ഇടവക കായ്സ്ഥന്മാർ.

ഠ-ാവതു. കായ്സ്ഥന്മാർ ഭക്തിയിൽ മുതിർന്നവരും, അറിവും, ബുദ്ധിയും, വിവേകവും, താഴ്മയും, കായ്ങ്ങളെ ആലോചിച്ചു നടത്തുവാ

ൻ തക്ക പ്രാപ്തിയും, ക്ഷമയും, ദാക്ഷിണ്യമില്ലായ്മയും, നല്ല ജാഗ്രതയും, സഭയെയും ശുശ്രൂഷക്കാരെയും കുറിച്ചു താല്പര്യമുള്ളവരും, കാര്യങ്ങളിൽ സൂക്ഷ്മദൃഷ്ടിയുള്ളവരും, യാതൊരു സംഗതിയിലും അപവാദപ്പെടാത്തവരും, കുടുംബസഹിതം നല്ല ദൃഷ്ടാന്തക്കാരും ആയിരിക്കണം. ഇവർ മൂപ്പന്മാർ, വിചാരകന്മാർ, സ്വീകിട്ടറി, മുതൽപിടിക്കാരൻ എന്നിവരൊക്കെയും അവരവരുടെ വേല കൃത്യപ്രകാരം ജാഗ്രതയായി നടത്തുന്നുണ്ടോ എന്നു വിചാരിച്ചും ഇടവകയുടെ ഗുണത്തിന്നു വേണ്ടുന്ന കാര്യങ്ങളെ ആലോചിച്ചും നടത്തിക്കേണ്ടുന്നവരാകുന്നു. ഇടവകയുടെ വലിപ്പത്തിന്നു തക്കവണ്ണം കാര്യസ്ഥന്മാർ ഉണ്ടാകാം. അതിനാൽ വല്ല ഇടവകയിലും ഒന്നിലധികം കാര്യസ്ഥന്മാർ ഉണ്ടായാൽ അവരെല്ലാവരും തങ്ങൾക്കു നിയമിച്ചിട്ടുള്ള കൃത്യങ്ങളിൽ സ്വതന്ത്രരാകുന്നു എങ്കിലും ഐക്യതയ്ക്കും പൊതുഗുണത്തിന്നും വേണ്ടി ഒരാളെ ഒന്നാമനാക്കി അയാളുടെ ആലോചനയോടുകൂടി കാര്യങ്ങൾ നടത്തുന്നതു കൂടാതെ, പൊതുവായ കാര്യങ്ങൾ ഒക്കെയും അയാളുടെ കയ്യായി തന്നെ നടക്കയും, നടത്തിക്കയും ചെയ്യേണ്ടതാകുന്നു. ഒന്നാമനും പൊതുവായ പ്രത്യേക കാര്യങ്ങളെ ശേഷം കാര്യസ്ഥന്മാരുടെ ആലോചന കൂടാതെയും, നൂതനകാര്യങ്ങളെ ഇടവകക്കൂട്ടത്തിയുടെ അനുവാദം കൂടാതെയും നടത്തരുതു്.

൨-വതു. ഇടവകയിൽ ദ്രവ്യസംബന്ധമായ എല്ലാ ഏർപ്പാടും, കാര്യസ്ഥന്മാരുടെ അധികാരത്തിൽ ഉൾപ്പെട്ടതാകുന്നു. അതിനാൽ ധർമ്മശേഖരങ്ങൾ മൂപ്പന്മാരും, വിചാരകന്മാരും, മുഖാന്തരമായിട്ടു; വിവാഹസംബന്ധമായും സ്നാനകയായും മറ്റുമുള്ള ഇടവക വരവുകൾ താൻതന്നെയും; സ്വരൂപിച്ചു സഭാസ്വമായി മുതൽപിടിയിൽ സംഗ്രഹിക്കയും അതിൽനിന്നു ഇടവകയിലെ ശുശ്രൂഷക്കാരെ സന്ധിക്കയും മറ്റും ഇടവകസംബന്ധമായി വരുന്ന ചിലവുകൾക്കു ഉപയോഗിക്കയും ചെയ്തിട്ടു അധികമുള്ളതിനെ പൊതുസംഘത്തിൽ ഏല്പിക്കയും ചെയ്യേണ്ടതാകുന്നു.

൩-വതു. ഇടവക ശുശ്രൂഷക്കാരല്ലാത്ത സുവിശേഷകന്മാർ ഉപദേഷ്ടാക്കന്മാർ മുതലായ സഭാരക്ഷകന്മാരുടെ ഉപകാരത്തിന്നായിട്ടു കർത്താവിനെക്കുറിച്ചു സ്നേഹവും നഷ്ടപ്പെട്ടുപോകുന്ന ലോകരെക്കുറിച്ചു വിരഹവും, പാപികളുടെ മനസ്സുതിരിവിങ്കൽ കാംക്ഷയും ഉള്ള സഹോദരസഹോദരിമാരെ ഉത്സാഹിപ്പിച്ചു കർത്താവു അവക്കു നൽകീട്ടുള്ള സമൃദ്ധിക്കു തക്കവണ്ണം മനഃപൂർവമായി കൊടുക്കുന്ന ഔദാര്യധനത്തെ വാങ്ങി മുതൽപിടിയിൽ സംഗ്രഹിച്ചുവെക്കയും, സംഘത്തിന്റെ നിയോഗപ്രകാരം ചിലവഴിക്കയും ചെയ്യേണ്ടതാകുന്നു.

൪-വതു. ഇടവകയിൽ തിരുവത്താഴത്തിന്നു കാണിക്ക വരുന്ന വണ്ണത്തിൽ അവകൊള്ളാ ചിലവു നീക്കി ശേഷിക്കുന്നതു രഹസ്യമായി തന്നെ സംഗ്രഹിച്ചുകൊണ്ടു സഭയുടെ സന്ധിപ്പിന്നു പാത്രങ്ങളായി കാണു

പ്പെട്ടന്ന വിധവമാരുടെയും മറ്റും സഹായത്തിന്നായിട്ട വിചാരകന്മാർ മുഖാന്തരം യഥായോഗ്യം ചിലവഴിക്കേണ്ടതാകുന്നു. ഈ വകെക്ക കായ്സ്ഥനു തനതായിട്ട ഒരു കണക്കും വേണ്ടാ. ചിലവുകണക്ക വിവരമായല്ലാ. തന്റെ അറിവിന്നുവേണ്ടി മൊത്തമായിട്ട എഴുതിക്കൊണ്ടാൽ മതി.

൪-ാവതു. ഇടവകസംബന്ധമായുള്ള എല്ലാ ഏപ്പാട്ടുകൾക്കും പ്രത്യേകം പ്രത്യേകം കണക്കുകളും രജിസ്റ്റർബുക്കുകളും ഉണ്ടാക്കി സീക്രിട്ടറി മുഖാന്തരം സൂക്ഷിക്കുന്നതു കൂടാതെ എല്ലാ കായ്ങ്ങളും സൌകര്യപ്പെടുത്തി വിവരംവഴി മൂന്നാം മാസംതോറും സംക്ഷേപമായി റിപ്പോർട്ടെഴുതി ഒരു പ്രതി ഡിവിഷ്യൻ കായ്സ്ഥൻ മുഖാന്തരം പൊതുസംഘത്തിൽ പ്രധാന കായ്സ്ഥനു അയക്കുന്നതു കൂടാതെ മറ്റൊന്നു ഇടവകയിൽ വായിച്ചുശേഷം സൂക്ഷിക്കേണ്ടുന്നതാകുന്നു.

൫-ാമതു. വിചാരകന്മാരുടെയും മുപ്പന്മാരുടെയും വിചാരണയാതീച്ചുവരാത്തതും, തീച്ചെയ്വാൻ സഭെക്ക അവകാശമുണ്ടെന്നു തോന്നുന്നതുമായി സഭയിലുണ്ടാകുന്ന വ്യവഹാരങ്ങൾ തങ്ങളും മുപ്പന്മാരും കൂടി തീച്ചെയ്യേണ്ടതാകുന്നു. ആവശ്യപ്പെട്ടാൽ ഇടവകപട്ടക്കാരനെയൊ ഉപദേഷ്ടാവിനെയൊ കൂടെ കൂട്ടിക്കൊള്ളുകയും ആം. ഈ തീച്ചയെ സമ്മതിക്കാത്തവരുടെ കായ്യം ഇടവകക്കൂട്ടിയിൽ തീച്ചെയ്യേണ്ടതാകുന്നു. സഭെക്ക പുറത്തുള്ളവർ സഭയിലുള്ളവരുടെ പേരിൽ കൊണ്ടുവരുന്ന വ്യവഹാരങ്ങൾക്കു സഭ ബാദ്ധ്യതപ്പെടുന്നില്ലാ.

ഇടവകസിക്രട്ടറിമാരുടെ കൃത്യം.

ഇടവക സംബന്ധമായുള്ള എല്ലാ എഴുത്തുകുത്തുകളും ചെയ്വാൻ തക്കവണ്ണം കായ്സ്ഥനു സഹായമായിട്ട നിയമിക്കപ്പെട്ടവരത്രെ സീക്രിട്ടറിമാർ. സീക്രിട്ടറിമാർ എഴുത്തുകുത്തുകളിൽ നിപുണന്മാരും, കായ്സ്ഥനു അധീനരും, ഉപേക്ഷകൂടാതെ വേല നടത്തുന്നവരും ആയിരിക്കണം. ഇടവകയിലുള്ള എല്ലാ ഏപ്പാട്ടുകൾക്കും പ്രത്യേകം പ്രത്യേകം ബുക്കു ചേർത്തു കണക്കുകളും മറ്റും എഴുതി സൂക്ഷിക്കുന്നതു കൂടാതെ എല്ലാ കായ്ങ്ങളിലും കായ്സ്ഥനു സഹായിക്കയും ആവശ്യപ്പെട്ടാൽ കായ്സ്ഥന്റെ ആൾപ്പേരായിട്ട കായ്ങ്ങൾ വിചാരിക്കയും ആം.

ഇടവകമുതൽപിടിക്കാരന്റെ കൃത്യം.

തിരുവത്താഴക്കാണിക്ക ഒഴികെ സഭാസ്വത്തായും ഔദ്യായ്ധനമായും മറ്റും കായ്സ്ഥൻ സ്വത്തുവിച്ചു ശേൽവിക്കുന്ന വണം വാങ്ങി ആ വകെക്കുള്ള പ്രത്യേകമായ പെട്ടിയിൽ സൂക്ഷിക്കയും കായ്സ്ഥന്റെ ആലോചനപ്രകാരം ചിലവിടുകയും ചെയ്യുന്നതത്രെ മുതൽപിടിക്കാരന്റെ വേല.

അതാതുവക പണത്തിന്റെ മടിശ്ശീലയും കണക്കും വെവ്വേറെ ഉണ്ടായിരിക്കണം. വരവും ചിലവും അപ്പോളപ്പോൾ തന്നെ കണക്കിൽ എഴുതിക്കൊള്ളുന്നതു കൂടാതെ സീക്രിട്ടറിയേക്കൊണ്ടു ഇടവക കണക്കിലും എഴുതിച്ചുകൊള്ളേണ്ടതാകുന്നു. മുതൽപിടിക്കാരന്മാർ വിശ്വസ്തന്മാരും കണിശക്കാരുമായിരിക്കണം.

9 പട്ടക്കാരുടെ മുറയെക്കുറിച്ചു

൧-വതു. പട്ടക്കാർ മറ്റെല്ലാവക്കും നല്ല ദൃഷ്ടാന്തക്കാരായിരിക്കേണ്ടുന്നവരാകയാൽ അവർ ലോകജോലികളിൽ ഒന്നും ഏർപ്പെടാതെ തങ്ങളുടെ കുഡുംബത്തോടു കൂടെ കർത്താവിന്നായി തങ്ങളെ പ്രതിഷ്ഠിച്ച വചനശുശ്രൂഷയിൽ തന്നെ സ്ഥിരപ്പെട്ടിരിക്കേണ്ടുന്നവരാകുന്നു. സഭക്കാർ അവരുടെ ലോകജോലികളെ നോക്കി ഉപജീവനത്തിന്നു വേണ്ടുന്നവയെ നടത്തണം.

൨-വതു. പട്ടക്കാർ ദിവസംതോറും പഴമയിൽ നിന്നും പുതുമയിൽ നിന്നും ആറു അദ്ധ്യായത്തിൽ കുറയാതെ വായിക്കയും ഏഴു പ്രാവശ്യത്തിൽ കുറയാതെ രഹസ്യപ്രാർത്ഥന കഴിക്കയും, കാലത്തും, ഉച്ചയ്ക്കും, വൈകിട്ടും, പാതിരാത്രിക്കുമായി നാലുപ്രാവശ്യത്തിൽ കുറയാതെ കുഡുംബപ്രാർത്ഥന നടത്തുകയും ഇവപ്പണ്ണം തന്നെ ഭാര്യാപുത്രഭൃത്യാദികൾ ആചരിപ്പാൻ തക്കവണ്ണം ചട്ടംകെട്ടുകയും ചെയ്യേണ്ടുന്നതു കൂടാതെ ദിവസന്തോറും വരസ്യമായി ഏറ്റവുമറഞ്ഞു തങ്ങൾ ശുദ്ധീകരിക്കപ്പെട്ടുകൊള്ളുകയും ആഴ്ചയിൽ ഒരു പ്രാവശ്യം കുഡുംബോപവാസം നടത്തി കുഡുംബത്തെ ശുദ്ധീകരിക്കയും വേണം.

൩-വതു. സ്വന്തജ്ഞാനത്തിൽ ആശ്രയിക്കാതെ വേദവാക്യങ്ങളെ തിരിച്ചറിവാൻ തക്കവണ്ണം ഉള്ള ദിവ്യജ്ഞാനത്തിന്നായി മുട്ടിക്കപ്പെട്ട പ്രാർത്ഥനയോടും കൂടെ ഒരുങ്ങീട്ടു വേണം അവർ പ്രാർത്ഥനയൊ പ്രസംഗമൊ നടത്തുവാൻ. ഒരുങ്ങാതെ പ്രസംഗിപ്പാൻ ഇടവരരുതു്. ഇങ്ങിനെ ആത്മാവിനാൽ നിറയപ്പെട്ടു ദിവ്യശുശ്രൂഷ കഴിക്കയും പ്രത്യേകം വെള്ളിയാഴ്ചയിലും ഞായറാഴ്ചയിലും ആത്മശക്തിയോടു കൂടെ പ്രാർത്ഥനയും പ്രസംഗവും നടത്തുകയും ചെയ്യേണ്ടുന്നതാകുന്നു.

൪-വതു. മാസത്തിൽ ഒരു പ്രാവശ്യത്തിൽ കുറയാതെ കർത്താവിന്റെ ഭക്ഷണപീഠത്തിൽ രണ്ടൽ ഓഹരിക്കാരായിരിക്കേണ്ടുന്നതു കൂടാതെ തങ്ങളുടെ കീഴിലുള്ള ജനങ്ങൾക്കു മാസംതോറും അദിവ്യദിവുങ്ങളെ നൽകേണ്ടതുമാകുന്നു. ശുദ്ധീകരിക്കപ്പെട്ട ആളുകൾക്കല്ലാതെ കർത്താവിന്റെ ശരീരരക്തങ്ങളെ നൽകിയോകരുതു. നൽകിയാൽ അവരുടെ കുറ്റങ്ങൾക്കു പട്ടക്കാർ ഓഹരിക്കാരായി തീരുമെന്നുള്ളതുപോലെ ഓർത്തുകൊള്ളണം. തിരുവത്താഴം ആചരിക്കപ്പെടുമ്പോ

ളൊക്കെയും അതിനു മുൻപലത്തെ ദിവസങ്ങൾ പ്രത്യേക ഒരുക്കത്തോടും ഉപവാസപ്രാർത്ഥനയോടും കൂടെ ഇരിക്കേണ്ടതുമല്ലാതെ കുടുംബത്തിൽ കൈക്കൊള്ളുന്നവർ തിരുവത്താഴം അനുഭവിക്കുമ്പോളൊക്കെയും മുടങ്ങാതെ കൈക്കൊള്ളേണ്ടതുമാകുന്നു.

3-ാവതു. ശിശുവിനു തിരുസ്നാനം കൊടുക്കുന്നതിന്റെ മുൻപിലത്തെ ദിവസം തന്നെ ആ വിവരം തങ്ങൾ അറിഞ്ഞു ശിശു ആത്മസ്നാനം ലഭിപ്പാൻ തക്കവണ്ണം പ്രത്യേകപ്രാർത്ഥന കഴിച്ചശേഷമേ വേറെദിവസം ശിശുവിനെ വെള്ളംകൊണ്ടു അഭിഷേകം ചെയ്യാവു. ഭക്തിയോടു കൂടെ വേണം ആ വിശുദ്ധകർമ്മം നടത്തുവാൻ. പ്രായമായവർ ശോധന ചെയ്യപ്പെട്ടു പാപത്തെ ശരിയായി ഏറുപറഞ്ഞു സാക്ഷി ലഭിച്ചശേഷമെ അവർക്കു തിരുസ്നാനം കൊടുക്കാവു. അല്ലാതെ കൊടുത്തുപോകരുതു.

4-ാവതു. സ്ത്രീപുരുഷന്മാർ തങ്ങളെ അറിവാൻ തക്കവണ്ണം പ്രായമായ വിവാഹം നടത്തിക്കാവു. സംബന്ധം, പ്രായം, യോജിപ്പു എന്നിവയെ ശോധന കഴിക്കേണ്ടതു വട്ടക്കാരുടെ മുറയത്രെ. സ്ത്രീപുരുഷന്മാർ ഉണർവുസഭക്കാരായിരിക്കേണ്ടതും ജാതിപ്രകാരമുള്ള യോജിപ്പിനു മാത്രമല്ല; മാർഗ്ഗസംബന്ധമായ ആത്മീകപ്രകാരമുള്ള യോജിപ്പിനും കൂടെ തമ്മിൽ ഉടമ്പടി ചെയ്തിരിക്കേണ്ടതും ആകുന്നു. ഇപ്രകാരമല്ലാതെ വിവാഹം നടത്തിപോകരുതു.

വിശേഷിച്ചും ഭാര്യ ഭർത്താവിനും, ഭർത്താവു ഭാര്യയ്ക്കും അപ്പൻ മകനും, മകൻ അപ്പനും, അമ്മാവി മരുമകൾക്കും, മരുമകൾ അമ്മാവിക്കും മാർഗ്ഗം നിമിത്തം തമ്മിൽ വിപരീതം ഉണ്ടായി പിരിവാൻ തക്കവണ്ണം ഉള്ളകാലം വരുന്നതുകയാൽ കുടുംബശുദ്ധികരണം വേഗം നടത്തിച്ചു മാർഗ്ഗം നിമിത്തം മരണം വരെ തമ്മിൽ വേർപിരിയാതെ ഇരിപ്പാൻ തക്കവണ്ണം എല്ലാവരെക്കൊണ്ടും വേഗം ഉടമ്പടി ചെയ്തിക്കേണ്ടതും വട്ടക്കാരുടെ മുറയാകുന്നു.

ഇങ്ങിനെ ലൌകികപ്രതിഫലത്തെ ആഗ്രഹിക്കാതെ കർത്താവിന്റെ കൃപയാൽ തങ്ങളുടെ മുറയെ ചെയ്യേണ്ടുന്നതിനു വരിശുദ്ധാത്മാവിനാൽ നടത്തിക്കപ്പെട്ടിന്ന നല്ല ഇടയന്മാർക്കു പ്രധാന ഇടയൻ പ്രത്യക്ഷനാകുമ്പോൾ വാടിപോകാത്ത കിരീടം ലഭിക്കും നിശ്ചയം.

ഇപ്രകാരം പട്ടക്കാരുടെ സമുദായക്കാരനും അവരുടെ പാദശുശ്രൂഷക്കാരനുമാകുന്ന

കന്നീറ്റിൽ നിന്നും
ഫ്വന്നെ ഡിസം: വന്നു

യൂസുയാസേഫ്.

10

ബോധകന്മാരുടെ മുറയെക്കുറിച്ചു

൧-ാവതു. ബോധകന്മാർ വേദവാക്യങ്ങളിൽ നിപുണന്മാരും അവയിലുള്ള ദിവ്യരഹസ്യങ്ങളെ അറിവാൻ തക്ക ജ്ഞാനമുള്ളവരും, ആയിരിക്കേണ്ടുന്നവരാകയാൽ അവരുടെ കൈകളിൽ വേദപുസ്തകവും, നാവുകളിൽ വേദവാക്യങ്ങളും, ഹൃദയങ്ങളിൽ യേശുവിന്റെ സാക്ഷിയായ ദീർഘദർശനാത്മാവു വ്യാപരിപ്പാൻ തക്കവണ്ണം ദിവ്യസംസർഗ്ഗവും, സദാ വേണ്ടുന്നതാകുന്നു.

൨-ാവതു. ആത്മവ്യാപാരമുള്ളവർ പറയുന്ന വചനങ്ങളെ ബോധകന്മാർ ദീർഘദർശനങ്ങളിലും സുവിശേഷത്തിലുമുള്ള മന്ത്രോപദേശവഴികൾ മൂലം വിവേചിച്ചറിഞ്ഞും, വേദവാക്യത്തെ ആധാരമാക്കി അക്ഷരത്തിന്റെയും ആത്മാവിന്റെയും വ്യത്യാസത്തെ തെളിയിച്ചും കൊണ്ടു വ്യാഖ്യാനിക്കയും ഇങ്ങനെ ജനങ്ങളെ ബോധപ്പെടുത്തുകയും ചെയ്യേണ്ടുന്നതാകുന്നു.

൩-ാവതു. അവർ സ്ഥിരപ്പെട്ടേണ്ടുന്നവരാകയാൽ ഒരു സ്ഥലത്തു തന്നെ ഇരിക്കാതെ സഭകൾതോറും ചുറ്റി സഞ്ചരിക്കയും ചട്ടങ്ങളെ ഏർപ്പെടുത്തി സുവിശേഷകന്മാരെ കുടുംബശ്രദ്ധീകരണത്തിന്റെ ശുശ്രൂഷയ്ക്കായി നിശ്ചയിക്കയും ഉപദേശിമാരെ അതാതു സ്ഥലങ്ങളിൽ നിയമിച്ചാക്കുകയും ഭവനവിചാരകന്മാർ മുതലായവരെ തിരഞ്ഞെടുത്തു മുമതലപ്പെടുത്തുകയും ചട്ടങ്ങൾ ക്രമമായി നടക്കുന്നുവോ എന്നു ശോധനകഴിക്കയും ചെയ്യേണ്ടുന്നതാകുന്നു.

൪-ാവതു. ഉപവാസത്തിലുള്ള പ്രസംഗശുശ്രൂഷക്കാർ ബോധകന്മാർ ആകയാൽ ഇന്നസ്ഥലത്തിലുള്ള ഉപവാസം ഇന്നപ്പോൾ എന്നു നിശ്ചയിക്കയും അതിനു വേണ്ടുന്ന ശുശ്രൂഷക്കാരെ കൂട്ടിക്കൊണ്ടു പോയി അയതു നടത്തുകയും ചെയ്യേണ്ടതു ബോധകന്മാരുടെ മുറയാകുന്നു.

൫-ാവതു. ആത്മവ്യാപാരത്തിന്റെ തരഭേദങ്ങളെ തിരിച്ചറിഞ്ഞു ദുരാത്മാവിന്റെ വ്യാപാരത്തെ അശേഷമടക്കേണ്ടതു ആവശ്യമാകയാൽ ബോധകന്മാർ ഉണർവുകാരെ ക്രമപ്പെടുത്തുകയും ദീർഘദർശനമായി പറയുന്ന വചനങ്ങളെ ശോധന ചെയ്യുവിധിക്കയും അവക്കു ഭിന്നഭോഷം പറകയും ചെയ്യേണ്ടുന്നതു കൂടാതെ ദീർഘദർശനം പറയുന്നവരെ തങ്ങളുടെ അധീനത്തിൽ അക്കിക്കൊള്ളുകയും വേണം.

ഇങ്ങിനെ ലൗകികപ്രതിഫലത്തെ അഗ്രഹിക്കാതെ കർത്താവിന്റെ കൃപയാൽ തങ്ങളുടെ മുറയെ ചെയ്യേണ്ടുന്നതിനു പരിശുദ്ധാത്മാവിനാൽ നടത്തിക്കപ്പെട്ടുന്ന നല്ല ബോധകന്മാരെ നാഥൻ ദൈവത്തിന്റെ ആലയത്തിൽ തൂണുകളാക്കി തീർക്കും. അവർ പുറത്തുപോകയുമില്ല. താൻ അവരുടെ മേൽ തന്റെ ദൈവത്തിന്റെ നാമത്തെയും ദൈവത്തിൽ നിന്നു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്ന പുതിയ യെരുശലേമാകുന്ന ദൈവത്തിൻ പട്ടണത്തിന്റെ നാമത്തെയും ത

ന്റെ വൃതിയനാമത്തെയും എഴുതുകയും ചെയ്യും. ഇപ്രകാരം ബോധകന്മാരുടെ സമവേലക്കാരനും അവരുടെ പാദശുശ്രൂഷക്കാരനുമാകുന്ന

കന്നീറ്റിൽ നിന്നും
ഫ്രഞ്ചെ ഡിസം. വന്ന

യൂസ്സൂ യോസഫ്

//

ദീർഘദർശിമാരുടെ മുറയെക്കുറിച്ചു.

൧ാവതു. ദീർഘദർശിമാർ ആത്മനിയുക്തന്മാരാകയാൽ അവർ വീണ്ടും ജനിച്ചവരും സ്നേഹത്തിന്റെയും താഴ്മയുടെയും ക്ഷമയുടെയും ആത്മാവിനാൽ നിറയപ്പെട്ടവരും കള്ള, വിശ്വാസം, ചിരി, പരിഹാസം മുതലായവയെ ദിവസന്തോറും പെറുത്തു ലൌകീക സംഭാഷണങ്ങളിൽ ശ്രദ്ധ വെക്കാതെ പ്രാർത്ഥന വേദവായന ധ്യാനം എന്നിവകളിൽ തല്പരന്മാരായും ലോകത്തിന്നു മരിച്ചും യേശുവിന്നു ജീവിച്ചും വരുന്നവരും ആയിരിക്കേണ്ടതാകുന്നു.

൨ാവതു. അവർ പറയുന്ന വചനങ്ങളിൽ യാതൊരു ബലഹീനതയും വരാതെ ഇരിപ്പാൻ തക്കവണ്ണം സപ്രാണം, ദർശനം, വെളിപ്പാട്, എന്നിവമുതലായ ആത്മാവു അറിയിക്കുന്ന കാര്യങ്ങളെ സംഗ്രഹിപ്പാൻ ഹൃദയത്തിനു വിശാലതയുണ്ടാകേണ്ടതിനു ദീർഘദർശനാത്മാവെ തങ്ങൾക്കു അധീനമാക്കിക്കൊള്ളേണ്ടതും സംഗ്രഹിക്കപ്പെട്ട ഹൃദയത്തിൽ നിന്നു വിശ്വാസത്തിന്റെ അളവിൻപ്രകാരം വെളിപ്പെടുത്തി പറയേണ്ടതും ആകുന്നു.

൩ാവതു. വേദവാക്യങ്ങൾ ദിവ്യമുദ്രയുള്ളതും ഈ അവസാനകാലത്തിൽ മുദ്ര പൊട്ടി വരേണ്ടതും ആകയാൽ മുദ്ര പൊട്ടുമ്പോൾ വെളിവാകുന്ന പൊരുളാകുന്ന ഇപ്പോളത്തെ വെളിപ്പാട്. അതുകൊണ്ടു ദീർഘദർശിമാർ മൂലം ഇപ്പോൾ വെളിപ്പെടുന്നവ കരു എന്ന പോലെയും വേദവാക്യങ്ങൾ കരു ഉള്ളിലുള്ള മുട്ട എന്നപോലെയുമാകുന്നു ഇരിക്കുന്നതു്. കരുവിനെ തെളിയിക്കുമ്പോൾ അതിന്റെ മുട്ടയെ കാണിക്കേണ്ടതു് ആവശ്യമാകയാൽ ദീർഘദർശിമാർ തങ്ങൾക്കു വെളിപ്പെട്ടിരിക്കുന്നതിനെ പറയുമ്പോൾ അതിനുള്ള വേദവാക്യത്തെ (ആരാഞ്ഞറിഞ്ഞു) ആധാരമാക്കി അതിൽ നിന്നു വെളിപ്പെട്ടിരിക്കുന്നതിനെ തെളിയിക്കേണ്ടതാകുന്നു. എങ്കിലേ സഭ സ്ഥിരപ്പെടൂ. സഭയ്ക്കു ഉറപ്പു വരാത്ത വെളിപ്പാട് ദീർഘദർശി ഹൃദയത്തിൽ സംഗ്രഹിച്ചുകൊള്ളേണ്ടതും വെളിപ്പെടുവാൻ നിർബന്ധിക്കപ്പെട്ടാൽ അതിനെ ബോധകന്മാക്കു മാത്രം വെളിപ്പെടുത്തേണ്ടതും അല്ലാതെ സഭയിൽ വെളിപ്പെടുത്തിക്കൂടാ. സഭയ്ക്കു സ്ഥിരീകരണം വരുന്ന വെളിപ്പാട് മാത്രമേ ദീർഘദർശി സഭയിൽ പറയാവൂ.

൪ാവതു. ദീർഘദർശി പൊതുവും ആളാംപ്രതിയുമായിപറയുന്നതി

ൽ ഉപദേശം, ശാസ്യം, ശിക്ഷ, നീതിയിൽ അഭ്യാസം എന്നിവ അന്തർഭവിച്ചിരിക്കേണ്ടതാകുന്നു.

൩. വചനം. ദീർഘദർശിക്കു ആത്മവ്യാപാരം ആരംഭിക്കുമ്പോൾ തനതായ പ്രത്യക പ്രാർത്ഥന വേണ്ടുന്നതു കൂടാതെ ദീർഘദർശിക്കു വേണ്ടി സഭയിൽ പൊതുവായ പ്രാർത്ഥനയും കഴിക്കപ്പെടേണ്ടുന്നതുമാകുന്നു. അതിന്റെ ശേഷം വേണം ദീർഘദർശനം പറവാൻ. ആ സമയം എല്ലാവരും ധ്യാനത്തോട്ടുകൂടെ ഇരിക്കേണ്ടതുമല്ലാതെ ബോധകന്മാർ ആന്തരപ്രാർത്ഥന മൂലം ദീർഘദർശിക്കു സഹായിക്കേണ്ടതാകുന്നു. ആ സമയം ഗായകന്മാർ ഭക്തിപൂർവ്വം, രാഗം, ലയം, ശ്രുതി, എന്നിവ പിഴെക്കാതെ മധുരമായി ഗാനം ചെയ്യുകയും ഇവയിൽ ഒന്നു വിഴുച്ചു പാടുമ്പോൾ ഗായകപ്രമാണി ആയതറിഞ്ഞു ക്രമപ്പെടുത്തുകയും ചെയ്യണം. ആത്മവ്യാപാരം അടങ്ങി ദീർഘദർശി മുട്ടുകുത്തുമ്പോൾ ബോധകന്മാരിൽ ഒരുവൻ മുട്ടുകുമായി പ്രാർത്ഥിക്കണം. ദീർഘദർശനം പറഞ്ഞതിൽ ബോധകന്മാർക്കും മറ്റും തെളിയാഞ്ഞതിനെ ദീർഘദർശി പിന്നീട് തെളിയിക്കണം.

വിശേഷിച്ചും വചനമോ, വാക്യമോ, ദർശനമോ, ആക്കെങ്കിലും വിശേഷാൽ വെളിപ്പെട്ടാൽ സ്ത്രീകൾ തല മൂടിയും മുട്ടുകുത്തിയും കൊണ്ടു അവയെ പറയട്ടെ. പുരുഷന്മാർ എഴുന്നെറ്റു നിന്നോ, മുട്ടുകുത്തിയോ, സാഷ്ടാംഗം വീണോ, അവയെ പറയാം. ബോധകന്മാർ വിധിച്ചു അവയെ സഭയിൽ അംഗീകരിക്കാവു. അല്ലാതെയും ദീർഘദർശനം പറയുന്നതു സഭയുടെ ഉറപ്പിനും, ഉപദേശത്തിനും, ആശ്വാസത്തിനും, ആയിട്ടാകുന്നു എന്നു ആത്മവ്യാപാരമുള്ള എല്ലാവരും തങ്ങളുടെ ഹൃദയങ്ങളിൽ എല്ലായ്പോഴും നല്ലപോലെ ഓർക്കേണ്ടതാകുന്നു.

ഇങ്ങനെ സഭയുടെ ഉറപ്പിനായി നാഥൻ ഇപ്പോൾ എഴുന്നേല്പിച്ചിരിക്കുന്ന ആത്മവ്യാപാരമുള്ളവർ വിശ്വാസവും, ബുദ്ധിയുമുള്ള കലവറക്കാരനെപ്പോലെ തങ്ങളുടെ മുറയെ ജ്ഞാനത്തോടെ നടത്തുന്നു എന്നു വന്നാൽ പലരും നീതിയിലേക്കു തിരിവാൻ തക്കവണ്ണം ഇടവരുന്നതിനാൽ അവർ ആകാശമണ്ഡലത്തിലെ പ്രഭപോലെയും എന്നും എന്നേക്കും വൃക്ഷത്തുങ്ങൾ പോലെയും ശോഭിക്കും നിശ്ചയം. സന്ദേഹമില്ല.

ഇപ്രകാരം ദീർഘദർശിമാരുടെ സമവേലക്കാരനും അവരുടെ പാദശുശ്രൂഷക്കാരനുമാകുന്ന

യൂസുഫ് യാക്കോബ്

കന്നിറെനിനിന്നും
ഫ്രഞ്ചെ ഡിസ: വ

12

ഉപദേശിമാരുടെ മുറയെക്കുറിച്ചു.

൧-ാവതു. ഉപദേശിമാർ പട്ടക്കാരെ സഹായിക്കുന്നവരാകയാൽ അവർ നല്ലശീലക്കാരും, വിനയംകൊണ്ടും, അനുസരണംകൊണ്ടും, നിറഞ്ഞവരും, തന്റെ കീഴിലുള്ള ജനങ്ങളുടെ ബലഹീനതകളെ സഹിക്കുന്നവരും തന്റെ കഷ്ടം ഇത്തപ്പോലെ സഭയെ സ്നേഹിക്കുന്നവരും ഉപദേശിപ്പാൻ സമർത്ഥന്മാരും ആയിരിക്കേണ്ടതാകുന്നു.

൨-ാവതു. അവർ ദിവസത്തോറും വേദവാക്യങ്ങളെ ക്രമമായി വായിച്ചു ശോധനചെയ്യുന്നവരും ദിനത്തോറുമുള്ള കൂടി പ്രാർത്ഥനയിൽ വേദവാക്യങ്ങളെ വായിച്ചു വ്യാഖ്യാനിച്ചു പഠിപ്പിക്കുന്നവരും, പൈതങ്ങൾക്കും, സ്ത്രീകൾക്കും, പുരുഷന്മാർക്കും വേദവാക്യങ്ങൾ കാണാപ്പാഠമായി പഠിപ്പാൻ തക്കവണ്ണം പാഠമിട്ടു പാഠം കേൾക്കുന്നവരും, വേദവായനപ്പാഠം നടത്തുന്നവരും ആയിരിക്കണം.

൩-ാവതു. വീടുകൾതോറും പോയി സ്ത്രീകൾക്കും, പുരുഷന്മാർക്കും, പൈതങ്ങൾക്കും, ഗുണദോഷം പറഞ്ഞു പ്രാർത്ഥിക്കേണ്ടുന്നതു കൂടാതെ സഭയിലുള്ള ഏതു രോഗത്തിലുമുള്ളവരെ ദിവസത്തോടും കണ്ടു ഗുണദോഷിച്ചു പ്രാർത്ഥിക്കയും, രോഗിക്കുവേണ്ടി കൂടിപ്രാർത്ഥന നടത്തുകയും, ചെയ്യേണ്ടതുമല്ലാതെ, രോഗവിവരം അറിഞ്ഞു രോഗിക്കു തിരുവത്താഴമോ തിരുസ്നാനമോ ആവശ്യപ്പെട്ടാൽ പട്ടക്കാരനെക്കൊണ്ടു ആയതു നടത്തിക്കയും വേണം.

൪-ാവതു. വെള്ളിയാഴ്ചയിലും ഞായറാഴ്ചയിലും ദിവ്യശുശ്രൂഷ, പ്രസംഗം, എന്നിവ അവർ നടത്തേണ്ടുന്നതു കൂടാതെ പട്ടക്കാർ സ്ഥലത്തില്ലാതിരുന്നാൽ അനുതാപസംഘത്തിന്നു ആവശ്യപ്പെടുന്ന പക്ഷം ആയതും നടത്തണം.

൫-ാവതു. സഭയിലുള്ളവർ മഹത്വപ്രത്യക്ഷതയെക്കുറിച്ചുള്ള വിശ്വാസത്തിൽ വേരുന്നിവരുവാൻ വേണ്ട ദിവ്യയത്നങ്ങൾ എന്ന വക്കാൽ പ്രാർത്ഥന, പ്രസംഗം, വേദവായന, ഉപവാസം, ശുദ്ധീകരണം, മുതലായവയെ ഭക്തിപൂർവ്വമായി നടത്തിക്കുന്നതിൽ ഉപദേശിമാർ എത്രയും ശ്രദ്ധാന്തിയുള്ളവരായി ഇരിക്കേണ്ടുന്നതാകുന്നു.

ഇങ്ങനെ ലൗകീകപ്രതിഫലത്തെ ആഗ്രഹിക്കാതെ കർത്താവിന്റെ കൃപയാൽ തങ്ങളുടെ മുറയെ ചെയ്തേണ്ടുന്നതിന്നു പരിശുദ്ധാത്മാവിനാൽ നടത്തിക്കപ്പെടുന്ന നല്ലഉപദേഷ്ടാക്കന്മാർ നാഥനായ വചനത്തിന്റെ പുരുഷായുടെ നടുവിൽ നിൽക്കുന്ന ജീവവൃക്ഷത്തിൽ നിന്നും മറഞ്ഞിരിക്കുന്ന മന്നായിൽ നിന്നും ഭക്ഷിപ്പാൻ കൊടുക്കും നിശ്ചയം. ഇപ്രകാരം ഉപദേശിമാരുടെ സമവേലക്കാരനും അവരുടെ പാഠശുശ്രൂഷക്കാരനും ആകുന്ന

കന്നീറ്റിനിന്നും | യൂസുസ്സയോസേഫ്
ഫ്വന്നെ ഡിസം: ൨൬ |

13.

സുവിശേഷകന്മാരുടെ മുറയെക്കുറിച്ചു

൧-ാവതു. സുവിശേഷകന്മാർ കർത്താവിന്റെ വേലെക്കായിട്ടു തങ്ങളെത്തന്നെ മനഃപൂർവ്വമായി ഭരമേല്പിച്ചിരിക്കയാൽ ആ ദിവ്യവേലയിൽ നിന്നു അവർ പുറകോട്ടു മാറി ലോകത്തിൽ വീഴുകയോ; കുടുംബത്തെ ക്രമപ്പെടുത്തുകയും, കുടുംബരക്ഷെക്കു വേണ്ട കാര്യങ്ങളെ നോക്കുകയും ചെയ്യാതെ ഒന്നിലും ഏല്പാടില്ലാത്തവരായി മുമ്മാനടക്കയോ ചെയ്യരുതു. അവർ രാജ്യസുവിശേഷശ്ലോഷകന്മാരാകയാൽ മറു ശുശ്രൂഷക്കാരെപ്പോലെ ഇവർ രാജ്യസുവിശേഷദിവ്യവിളംബരത്തിൽ പൂർണ്ണവിശ്വസ്ഥന്മാരായിരുന്നു. അതിനെ സകലർക്കും ശ്ലോഷിക്കേണ്ടുന്നതാകുന്നു.

൨-ാവതു. അവർ കുടുംബത്തെ ക്രമപ്പെടുത്തുകയും, കുടുംബരക്ഷെക്കു വേണ്ട കാര്യങ്ങളെ അന്വേഷിപ്പാൻ വേറെ ആളുകൾ ഇല്ലെങ്കിൽ ആയതു നോക്കുകയും ചെയ്തുകൊണ്ടു, കർത്താവിൻ വേലയെ നോക്കേണ്ടുന്നതാകുന്നു.

൩-ാവതു. അവരുടെ പ്രത്യേകവേല പുറജാതികൾക്കു രാജ്യസുവിശേഷം അറിയിക്കുന്നതാകയാൽ ആയതു ശ്ലോഷിക്കുമ്പോൾ കർത്താവിന്റെ ദൈവത്വം, മനുഷ്യത്വം, മരണം, ഉയിർത്തെഴുന്നീൽപു, സ്വർഗ്ഗാരോഹണം, മദ്ധ്യസ്ഥത, മഹത്വപ്രത്യക്ഷത എന്ന ഏഴു പ്രധാന സംഗതികളെ അവർ ജാതികൾക്കു തെളിയിച്ചു കാണിക്കേണ്ടുന്നതാകുന്നു. ഒരു ദിവസമെങ്കിലും അവർ ജാതികൾക്കു ഈ രക്ഷണ്യക്രിയകളെ അറിയിക്കാതിരിക്കരുതു. ഈ വേല സഫലമായി വീരുവാൻ തക്കവണ്ണം അവർ പ്രാർത്ഥനയിൽ ദിവസംതോറും പോരാടണം.

൪-ാവതു. ഓരോരോ സുവിശേഷകനും അവനവൻ ഇരിക്കുന്ന സഭയിൽ പത്തു വീട്ടിന്നകം തന്റെ ആധീനത്തിൽ വേണ്ടുന്നതാകുന്നു. ആയവർ തങ്ങളുടെ ആധീനത്തിൽ ഇരിക്കുന്ന വീടുകളിൽ ദിവ്യവിളംബരം എഴുതി പതിപ്പിക്കയും അവയിൽ ആരെങ്കിലും വല്ല രോഗവുമുണ്ടായാൽ ഉടനെ ആയതറിഞ്ഞു, ചെന്നു പ്രാർത്ഥിക്കയും, രോഗത്തിന്നു ഉപവാസപ്രാർത്ഥന ആവശ്യപ്പെട്ടാൽ ആയതു നടത്തുകയും, ദിവസംതോറും രോഗിയെ ചെന്നു കണ്ടു ഗുണദോഷിച്ചു പ്രാർത്ഥിക്കയും ചെയ്യേണ്ടതാകുന്നു.

൫-ാവതു. അവർ തങ്ങളുടെ ആധീനത്തിലുള്ള എല്ലാ കുടുംബത്തെയും എല്ലാ ചൊവ്വാഴ്ചയിലൊ, ബുധനാഴ്ചയിലൊ, ശുദ്ധീകരിപ്പിക്കേണ്ടതാകുന്നു. കുടുംബശുദ്ധീകരണം ഇവർ ഇങ്ങനെ നടത്തേണ്ടതാകുന്നു. ഇങ്ങിനെ ലൌകിക പ്രതിഫലത്തെ ആഗ്രഹിക്കാതെ കർത്താവിന്റെ കൃപയാൽ തങ്ങളുടെ മുറയെ ചെയ്യേണ്ടതിന്നു പരിശുദ്ധാത്മാവിനാൽ നടത്തിക്കപ്പെട്ടുന്ന നല്ല സുവിശേഷകന്മാർ വെള്ളവസ്ത്രം ധരിപ്പിക്കപ്പെട്ടുകയും, തങ്ങളുടേ നാമം ജീവപുസ്തകത്തിൽ നിന്നു മാ

യിച്ചുകളയപ്പെടാതിരിക്കയും ചെയ്യുന്നതു മാത്രമല്ലാ; നാഥൻ അവരുടെ നാമത്തെ പിതാവിന്റെയും അവന്റെ ദൂതന്മാരുടെയും മുൻപാകെ ഏറ്റുപറകയും ചെയ്യും.

ഇപ്രകാരം സുവിശേഷകന്മാരുടെ സമവേലക്കാരനും അവരുടെ പാദശുശ്രൂഷക്കാരനുമാകുന്ന

കന്നീറെനിന്നും
ഫ്വന്നെ ഡിസം: ഫ്വ

യുസ്സുയോസേഫ്.

14

ശിശ്രൂസ് സ്നാനത്തിന്റെ ക്രമം

പീഠം നടക്കിട്ട വെള്ളവസ്ത്രം വിരിച്ചു അതിന്മേൽ വേദപുസ്തകം വച്ചു ജനങ്ങൾ പീഠത്തിന്റെ ചുറ്റും ഇരിക്കണം. പീഠത്തിന്റെ നാലുവശവും നാലു പേർ ഇരിക്കണം. ശിശ്രൂവിന്റെ മാതാപിതാക്കന്മാർ ശിശ്രൂവിനോട് കൂടെ സന്നിധിസ്ഥലത്തു ചേരികയും അവിടെ വെള്ളം നിറഞ്ഞ ഒരു പാത്രം വെക്കപ്പെട്ടകയും വേണം. അപ്പോൾ ശുശ്രൂഷക്കാരൻ എല്ലാവരോടും കൂടെ എഴുന്നേറ്റു ഉണർവുസഭയുടെ വിശ്വാസപ്രമാണം എല്ലാവരുമായി ചൊല്ലി മെഴുനപ്രാർത്ഥന കഴിച്ചശേഷം പതിവിൻപ്രകാരം ശുശ്രൂഷ ആരംഭിച്ചു ചുരുക്കത്തിൽ തനിക്കും ജനങ്ങൾക്കുമായി ശുദ്ധീകരണപ്രാർത്ഥന കഴിക്കയും വേണം. പിന്നീട് ശുശ്രൂഷക്കാരൻ എഴുന്നേറ്റുനിന്നു ശിശ്രൂവിന്റെ മാതാപിതാക്കന്മാരോട് ഇപ്രകാരം ചോദിക്കണം.

ചോദ്യം. ദൈവത്വവും മനുഷ്യത്വവും ഉള്ള ഏകമദ്ധ്യസ്ഥനും മരിച്ചുയർത്തെഴുന്നീറ്റു സ്വർഗ്ഗാരോഹണമായി പിതാവിൻ വലഭാഗമമർന്ന ഇപ്പോൾ നമുക്കു വേണ്ടി മദ്ധ്യസ്ഥത പറകയും തന്റെ മക്കളായ നമുക്കു പരമസ്വസ്ഥത നൽകുവാൻ ഫ്വ്വെ. ഇടവം മുതൽ നൂറ്റാണ്ടു കഴിഞ്ഞു ഒരു വർഷം ത്രിയേകദൈവത്തിന്റെ തേജസ്സോട് കൂടെ വെളിപ്പെട്ടുവാനിരിക്കുന്നവനുമാകുന്ന നസറയ്യനായ യേശുവിൽ നിങ്ങൾ വിശ്വസിക്കുന്നുവോ?

ഉത്തരം. ഞാൻ വിശ്വസിക്കുന്നു.

ചോദ്യം. ഈ വിശ്വാസത്തിൻപ്രകാരം ഈ ശിശ്രൂവിനെ തിരുസ്നാനം കഴിപ്പാൻ നിങ്ങൾക്കു മനസ്സു തന്നെയോ?

ഉത്തരം. എനിക്കു മനസ്സു തന്നെ.

ചോദ്യം. നിങ്ങളുടെ ഈ വിശ്വാസത്തിൻപ്രകാരം ആ നസറയ്യനായ യേശുവിനായി തന്നെ ഈ ശിശ്രൂവിനെ നിങ്ങൾ വളർത്തുമോ? (ദൈവകൃപയാൽ ഞാൻ അങ്ങിനെ ചെയ്തുകൊള്ളാമെന്നു ഉത്തരം)

അതിന്റെ ശേഷം മക്കോസു 10: 46-52 വരെ വായിച്ചു എട്ടാം കീർത്തനം പാടി ശുശ്രൂഷക്കാരൻ ഇപ്രകാരം പ്രാർത്ഥിക്കണം.

പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവേ! ഞങ്ങളുടെ സൃഷ്ടിസ്ഥിതിദാതാവേ! മേലിൽനിന്നു ജനിച്ചില്ലെങ്കിൽ ഒരുത്തനും ദേവരാജ്യത്തെ കാണ്മാൻ കഴിയാത്തതും വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും ജനിച്ചില്ലെങ്കിൽ ഒരുത്തനും ദേവരാജ്യത്തിൽ കടപ്പാൻ കഴിയാത്തതുമാകയാൽ ജഡത്തിൽനിന്നു ജനിച്ച ജഡമായ ഈ ശിശു ആത്മാവിൽനിന്നു ജനിച്ചു ആത്മാവായിത്തീരുവാൻ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ ജലസ്നാനം കഴിപ്പിക്കേണ്ടതും ആയതിനുള്ള ഈ ജലം ഞങ്ങളുടെ ജീവനായ യേശുവിന്റെ വായ്മൂലം നീ അരുളിച്ചെയ്ത വിശുദ്ധ പുതുനിയമത്തിന്റെ ചൊൽക്കുറിയുമാകുന്നവല്ലൊ. ഈ ചൊൽക്കുറി ജഡത്തിന്റെ അഴുക്കിനെ നീക്കിക്കളയുന്നതു എന്നല്ല യേശുക്രിസ്തുവിന്റെ ഉയർപ്പിനാൽ നല്ല മനോബോധത്തിനായി ദൈവത്തോടു ചോദിച്ചിണങ്ങുന്നതാകയാൽ പിതാവേ! ഈ ശിശു യേശുവിന്റെ രക്തം മൂലം ത്രിയേകദൈവത്തിന്റെ സന്തതിയാകേണ്ടതിനു സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തപ്പെട്ടുകൊൾവിൻ എന്ന രാജ്യത്തിൻ വചനമാകുന്ന ദിവ്യബീജത്തിന്റെ വിശുദ്ധപ്രഭയാലും സാദ്ധ്യശക്തിയാലും സഫലവ്യാപാരത്താലും ഈ വെള്ളത്തെ ശുദ്ധീകരിച്ചു അനുഗ്രഹിക്കയും ഈ തിരുസ്നാനം മൂലം ഈ ശിശു ഒന്നാമാദാമിന്റെ കുടുംബമാകുന്ന പഴയലോകത്തിൽ നിന്നു രണ്ടാമാദാമിന്റെ കുടുംബമാകുന്ന പുതിയലോകമായ തിരുസഭയിൻ പെട്ടകത്തിൽ ഉൾപ്രവേശിച്ചു വരുവാനുള്ള കോപത്തിൽ നിന്നു രക്ഷപെട്ട നസറയ്നായ യേശുവിന്റെ മഹത്പ്രത്യക്ഷതയിൽ പരമാവകാശം ലഭിപ്പാൻ തക്കവണ്ണം ഈ ശിശുവിൽ വിശുദ്ധാത്മാവിനെ അയച്ചു സ്നേഹശക്തിയെ നിഴലിപ്പിക്കയും ചെയ്യണമെന്നു കൃപയെ ഇടവം മുതൽ നവർഷം കഴിഞ്ഞു ഓം വർഷം വെളിപ്പെട്ടുവാനിരിക്കുന്ന നസറയ്നായ യേശുവിന്റെ വിശുദ്ധ തിരുരക്തം മൂലം അടിയാർ താഴ്മയായി അപേക്ഷിക്കുന്നു. ആമേൻ.

പിന്നെ ശുശ്രൂഷക്കാരൻ എഴുന്നീറുനിന്നു ശിശുവിനെ ആദരവോടുകൂടെ വാങ്ങി കയ്യിലേന്തിയും മാറത്തണച്ചും കൊണ്ടു ഈ ശിശുവിനു പേരെന്തെന്നു മാതാപിതാക്കന്മാരോടു ചോദിക്കണം. അതിന്റെ ശേഷം ശുശ്രൂഷക്കാരൻ സഹായിയുടെ കയ്യിൽ ശിശുവിനെ കൊടുത്തു വെടിപ്പാത്രത്തിൽ നിറുത്തിച്ചു ഇപ്രകാരം അഭിഷേകം ചെയ്യണം.

ഇന്നവനേ! (ളേ) പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും തിരുനാമത്തിൽ ഞാൻ നിന്നെ അഭിഷേകം ചെയ്തു

ന്നു. (എല്ലാവരും ആമേൻ) എന്നു പറഞ്ഞു മൂന്നുപ്രാവശ്യം വെള്ളം കൈകൊണ്ടു കോരി ശിരസ്സിന്മേൽ ഒഴിക്കണം. പിന്നീട് ശുശ്രൂഷക്കാരൻ ശിശുവിനെ തുവർത്തി കയ്യിലെടുത്തുകൊണ്ട് ഇപ്രകാരം പറഞ്ഞു ശിശുവിന്റെ നെറ്റിയിൽ ക്രൂശുമുദ്ര ഇടണം.

മുദ്രധാരണവാചകം.

ഇന്നവനേ! (ഇന്നവളേ) ക്രൂശിന്റെ രക്തത്താൽ ജീവശക്തിയുൾകൊണ്ടു ആത്മമയമാകുന്ന രാജ്യത്തിൻ വചനമാകുന്ന സ്നേഹബീജത്തിൽ നിന്നു വീണ്ടും ജനിച്ച ജലാഭിഷേകം മൂലം പുതുസൃഷ്ടിയായിരിത്തീന്നിരിക്കയാൽ യേശുവിന്റെ കയ്യുപ്പോടുകൂടെ നീ രാജ്യവാകാശി എന്നുള്ളതിനു പിതാപുത്രപരിശുദ്ധാത്മാവും ത്രിയേകദൈവമായ സ്നേഹാത്മാവിന്റെ തിരുനാമത്തിൽ ഞാൻ നിനക്കു ക്രൂശുമുദ്രയിടുന്നു ആമേൻ.

പിന്നെ ശുശ്രൂഷക്കാരൻ തന്റെ വലങ്കൈ ശിശുവിന്റെ തലയിന്മേൽ വച്ചു അനുഗ്രഹിക്കയും മുഖത്തിൽ ചുംബിക്കയും ചെയ്തശേഷം ശിശുവിനെ മാതാവിന്റെ കയ്യിൽ ഏൽപിക്കണം. അതിന്റെ ശേഷം പുരുഷത്തിൽ ഒരു ഗുണദോഷം പറഞ്ഞു എല്ലാവരും മുട്ടുകുത്തി ശുശ്രൂഷക്കാരൻ ഇപ്രകാരം പ്രാർത്ഥിക്കണം.

സ്നേഹത്തിൽ നിന്നു സ്നേഹമായി ജനിച്ച നസറയ്യനായ യേശുവേ! ഞങ്ങളുടെ വാത്സല്യമുള്ള പിതാവെ! സ്നേഹമയമായ നിൻവിശുദ്ധബീജത്തിൽ നിന്നു ഈ ശിശുവീണ്ടും ജനിച്ചു ജലാഭിഷേകം മൂലം പുതുസൃഷ്ടിയായി ഭവിച്ചിരിക്കയാൽ നിൻ പാകാത്ത തിരുമേനിയുടെ അവയവമായിത്തീന്നിരിക്കകൊണ്ടു ഈ ശിശു മർത്ത്യജീവിക്കുന്ന വഴിയിലല്ല പാകാതെ ജീവിക്കുന്ന വഴിയിലേക്കു വന്നെത്തിയിരിക്കയാൽ നിൻപക്ഷത്തിരുമേനിയിൽ നിന്നു പുറപ്പെട്ടിട്ടുള്ള വെള്ളവും രക്തവുമായ സ്നേഹാത്മാവിൻ മൂടിനെ ഈ ശിശുവിന്റെ ആത്മാവിലും ജീവനിലും ശരീരത്തിലും വരുത്തി പാപമുണ്ടാക്കുന്ന അശുദ്ധി തിന്മ അക്രമം എന്ന ആദിദുഷ്ടങ്ങളുടെ അംശങ്കളെ വെടുപ്പാക്കി നീക്കുകയും ജീവനുണ്ടാക്കുന്ന ശുദ്ധി, നന്മ, നീതി എന്നിവയുടെ സത്തിനെ ഉരുവാക്കുകയും ചെയ്യുന്നതിൽ ശുദ്ധീകരണാത്മാവിനെ ഈ ശിശുവിൽ വിണിരിക്കുന്ന നിൻ വിശുദ്ധബീജത്തിൽനിന്നു അങ്കുരിപ്പിക്കുകയും ഇങ്ങനെ ഈ ശിശുവിൽ വിണിരിക്കുന്ന നിൻവിശുദ്ധബീജം അങ്കുരിച്ചു കരചരണാദ്യവയവങ്ങളോടുകൂടെ രൂപീകൃതിപ്പെട്ട ജീവനുൾക്കൊണ്ടു പുതുതായി ഇടവംമുതൽ നവർഷം കഴിഞ്ഞു ഏഴാം വർഷം നീ മനുഷത്തിൽ കാണപ്പെടുമ്പോൾ നിന്നോടു സദൃശമായി നീ ഇരിക്കുംപ്രകാരം തന്നെ, നിന്നെക്കണ്ടു തുപ്തിപ്പെടുകയും ചെയ്യാൻ തക്കവണ്ണം ഈ ശിശുവിനെ നിന്റെ തീജ്വാലപോലുള്ള കണ്ണിനാൽ കടാക്ഷിക്കേണമെന്നും മാതാപിതാക്കന്മാരുടെ അവി

വേർതിരിച്ചു കാത്തു സൂക്ഷിച്ചുകൊള്ളേണമെന്നും ഈ ശിശുവിനെ നിനക്കായി വളർത്തുവാൻ മാതാപിതാക്കന്മാർക്കു ബുദ്ധി നൽകേണമെന്നും നിൻവിശുദ്ധ തിരുരക്തം മൂലം അടിയാർ താഴ്മയായി അപേക്ഷിക്കുന്നു. ആമേൻ.

പിന്നീടു കർത്തൃപ്രാർത്ഥന മൊല്ലികഴിഞ്ഞിട്ടു

ആശീർവാദം.

പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവു നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങളിൽ താൻ വിതെച്ച തൻസ്നേഹബീജത്തെ കാത്തുസൂക്ഷിക്കട്ടെ. നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമസ്തവും ഭൂവിന്റെ ഇടവം മുതൽ സ്വർഷം കഴിഞ്ഞു ഏഴാം വർഷം വെളിപ്പെടുവാനിരിക്കുന്ന യേശുമണവാളന്റെ മഹത്പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടുവാൻ തക്ക ജീവകൃപയെ നിങ്ങളിൽ പകർന്നു അവന്റെ സാദൃശ്യത്തിൽ നിങ്ങളെ ആക്കിത്തീർക്കട്ടെ. ആമേൻ.



മുതിർന്നവരെ തിരുസ്നാനംമൂലം പുതിയ യറുശലേമെന്ന തിരുസഭയിൽ അംഗീകരിക്കുന്ന ക്രമം

തിരുവാഗ്ദത്തപ്രകാരം ജനങ്ങളോടു കൂടെ സ്ഥാപകൻ വെള്ളമുള്ള യോഗ്യസ്ഥലത്തു കൂടി ക്രമപ്രകാരം പ്രാർത്ഥന ആരംഭിച്ചു തിരുസന്നിധി വിളങ്ങുവാൻ തക്കവണ്ണം പ്രാർത്ഥിച്ചശേഷം സ്നാനം ഏൽപ്പാനുള്ളവരെ ഭരമേൽപ്പാനുള്ളവരോടു കൂടെ ക്രമമായി നിറുത്തി സ്ഥാപകൻ ഓരോരുത്തനോടു ഇപ്രകാരം ചോദിക്കണം.

൧ാവതു. നീ ഇതുവരെ നടക്കുന്ന നടപ്പും നിൽക്കുന്ന നിലയും ഇരിക്കുന്ന ഇരിപ്പും പൈശാചികവും ലൌകികവും പ്രാണമയവുമാകുന്ന നരകപാഥയെന്നു അറിഞ്ഞു അതിനെ മനഃപൂർവ്വമായി ഉപേക്ഷിക്കുന്നുവോ?

ഉത്തരം. ഞാൻ അതിനെ അറിഞ്ഞു അതിനെ മനഃപൂർവ്വമായി ഉപേക്ഷിക്കുന്നു.

൨ാവതു. പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവു തന്റെ പുത്രനായ യേശുക്രിസ്തു മൂലം നിന്നെ സ്നേഹിച്ചു നരകപാഥയിൽ നിന്നു സ്വർഗ്ഗപാഥയിലേക്കും നിത്യമരണത്തിൽ നിന്നു നിത്യജീവങ്കലേക്കും നിന്നെ നിത്യകരുണയോടു കൂടെ ചേർത്തുകൊള്ളുവാൻ തനിക്കു തിരുമനസ്സുണ്ടെന്നും ആയതിന്നായി തന്നാത്മാവു മൂലം നിന്നെ ഇപ്പോൾ വിളിക്കുന്നു എന്നും അതിനാൽ അവൻ യേശു മൂലം നിന്റെ പിതാവെന്നും നീ അവന്റെ മകനെന്നും ചൊല്ലപ്പെടുവാനും അവന്റെ കൂലിക്കാരിൽ ഒരുവനെപ്പോലെ അവൻ

നിന്നെ മേൽക്കൊള്ളുവാനും നിനക്കു യോഗ്യതയില്ലെന്നും നീ ഉറപ്പായി വിശ്വസിക്കുന്നുവോ?

ഉത്തരം. ഇവയൊക്കെയും ഞാൻ ഉറപ്പായി വിശ്വസിക്കുന്നു.

൩ാവത്തു. നിന്റെ ഹൃദയത്തെ അശുദ്ധിക്കും നിന്റെ ജീവനെ തിന്മയ്ക്കും നിന്റെ ശരീരത്തെ അക്രമത്തിനും വിട്ടുകൊടുത്തിരിക്കുന്നതിനാൽ നിന്റെ മേൽ നിത്യദണ്ഡനമാകുന്ന ന്യായവിധി ഇതാ! ഭയങ്കരമായി വരുന്നതാകകൊണ്ടു നീ ചെയ്ത സകല ദുഷ്കൃത്യങ്ങളേയും ഇപ്പോൾ തിരുമ്പാകെ മനഃപൂർവ്വമായി ഏറ്റു പറഞ്ഞു അനുതപിച്ചാൽ നിന്റെ മേൽ വരുന്ന ന്യായവിധി കൃപയായി മാറപ്പെടുമെന്നും ആയതു നിന്റെ പാപത്തിന്നായി യേശു ചൊരിഞ്ഞ തിരുരക്തം മൂലമാകുന്നുവെന്നും ആ തിരുരക്തം മൂലം വരുന്ന ജീവകൃപ ഹവ്വാ ഇടവം-മുതൽ ന്ന വർഷം കഴിഞ്ഞു ഏഴാം വർഷം വെളിപ്പെടുവാനിരിക്കുന്ന നസറയ്യനായ യേശുവിന്റെ മഹത്പ്രത്യക്ഷത വരെ നിന്റെ പാപമോചനം ശുദ്ധീകരണം അനുഗ്രഹം ജീവൻ സംയോജിപ്പു കൃപാവരച്ച് പൂർത്തീകരണം ൟനിവാസ്യായി യേശുമഹാരാജാവിന്റെ രാജ്ഞിയായ ഈ ഉണർവുസഭയിൽ നിനക്കു വേണ്ടുവോളം ഉണ്ടെന്നും മറ്റൊരു സഭയിലും ഈ ജീവകൃപ ഇല്ലാത്തതിനാൽ രക്ഷപെടുവാൻ ഇതല്ലാതെ വേറൊരു വഴി ഇല്ലെന്നും നീ പൂർണ്ണമായി വിശ്വസിക്കുന്നുവോ?

ഉത്തരം. ഇവയൊക്കെയും ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

൩ാവത്തു. ഈ ജീവകൃപ ത്രിയേകദൈവമായ സ്നേഹാത്മാവിൽ നിന്നു പുറപ്പെട്ട യേശുക്രിസ്തു മൂലം വന്നിരിക്കുന്ന ആറാണ്ടിന്നാത്മാവായ സ്നേഹമായ വിശുദ്ധാത്മാവിനാൽ പകരപ്പെടുന്നതു കൊണ്ടു നിന്നിൽ അവൻ പ്രവൃത്തിപ്പാൻ തക്കവണ്ണം തൃക്കയ്യിൽ നിന്നെ മുഴുവനും ഭരമേല്പിപ്പാൻ മനസ്സുണ്ടോ?

ഉത്തരം. ഇനിക്കു പൂർണ്ണ മനസ്സു തന്നെ.

പിന്നെ സ്ഥാപകൻ ഭരമേല്പിപ്പു വാചകം ചൊല്ലിക്കൊടുത്തു സാഷ്ടാംഗമായി വീഴുവാനും പാപത്തെ ഏറ്റുപറഞ്ഞു പ്രാർത്ഥിപ്പാനും ഓരോരുത്തനോടു പറയണം.

ഭരമേല്പിപ്പു വാചകം.

പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവേ! സൃഷ്ടിസ്ഥിതിദായകവേ! നിന്റെ പരിശുദ്ധ പുത്രനായ യേശുക്രിസ്തുവിന്റെ വായ്മൂലം എന്നെ ചുത്രാ! നിന്റെ ഹൃദയം എനിക്കു തരിക എന്നു നീ അരുളിച്ചെയ്തുയും അവന്റെ ആണി തറയ്ക്കപ്പെട്ട തൃക്കയ്യിൽ മുഷ്ടിമൂലം ഇപ്പോവിയുടെ ഹൃദയവാതുക്കൽ നിന്നു മുട്ടുകയും ചെയ്യുന്നതിനാൽ നിന്റെ ആ പൊന്നു തൃക്കയ്യിൽ എന്റെ ഹൃദയത്തെയും ജീവനേയും ശരീരത്തേയും എനിക്കുള്ള സകലത്തെയും ഇ

താ! ഞാൻ ഭരമേല്പിക്കുന്നു. നിൻ ജീവകൃപയെ ആറാണ്ടിന്നാത്മാവായ സ്നേഹാത്മാവു മൂലം ഇപ്പോവിയിൽ വകരേണമെ. പിതാവേ! സ്പഷ്ടമാകുന്ന ഈ ഉണർവുസഭയ്ക്കു നേരെയും നിന്റെ സമൂഹത്തമ്മാരിൽ ചുഴലപ്പെട്ട നിന്റെ ഈ പരമ സമക്ഷമം മുമ്പാകെയും പാപം ചെയ്തോരായ മുടിയനായ പുത്രനുകുന്നേ ഇപ്പോവി. നിന്റെ മകനെന്നു ചൊല്ലപ്പെടുവാനും നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ നീ ചേർത്തുകൊള്ളുവാനും ഇപ്പോവിക്കു യോഗ്യതയില്ലെന്നത്രേ!

അതിന്റെ ശേഷം സ്നാപകൻ ഓരോരുത്തനെ പിടിച്ചു എഴുന്നീല്പിച്ചു അവരുടെ പാദത്തിലും മുഖത്തിലൊ നെറുകയിലൊ എങ്കിലും പിതൃസംബന്ധമായ വിശുദ്ധ ചുംബനംകൊണ്ടു ചുംബിക്കേണ്ടതാകുന്നു,

പിന്നെ ഉണർവുസഭയുടെ പിശ്വാസപ്രമാണം ചൊല്ലിക്കൊടുത്തു സ്നാപകൻ ഓരോരുത്തനോടു ഇപ്രകാരം ചോദിക്കണം.

ഫ്രാവതു. ഇന്നവനേ! (ളേ!) നീ ഏറ്റപരഞ്ഞ വിശ്വാസത്തിൻ പ്രകാരം തിരുസ്നാനം മൂലമായി നിന്നെ ഈ ഉണർവുസഭയോടു യോജിപ്പിച്ചു കൊള്ളുവാൻ നിനക്കു മനസ്സുതന്നെയോ?

ഉത്തരം. അതേ. എനിക്കു മനസ്സുതന്നെ.

അപ്പോൾ യഹോവാ എന്റെ ഇടയനാകയാൽ എനിക്കു മുട്ടുണ്ടാകയില്ല.

വാവതു. നീതിമാൻ ജീവിക്കുന്ന ജീവവിശ്വാസത്തിനു യോഗ്യമായ ഈ ഉണർവുസഭയിൻ പ്രമാണത്തെയും ചട്ടത്തെയും മേലാൽ അനുസരിച്ചു നടന്നുകൊള്ളുന്നതിനാൽ ജീവന്റെ ഈ യോജിപ്പിൽ നീ എന്നും നിലനിന്നുകൊള്ളുമോ?

ഉത്തരം. നന്മയും കരുണയും എന്റെ ആയുസ്സുള്ള നാൾ ഒക്കെയും എന്നെ പിന്തുടരും നിശ്ചയം. ഞാൻ യഹോവായുടെ ഈ ഭവനത്തിൽ എന്നേക്കും വാഴുകയും ചെയ്യും.

പിന്നെ സ്നാപകൻ യോഹ: നു: അ: ഫ്രാവ വരെ വായിച്ചു ഒന്നാം സങ്കീർത്തനം പാടണം.

പ്രാർത്ഥന.

പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവേ! ഞങ്ങളുടെ സ്വർഗ്ഗസ്ഥപിതാവേ! മേലിൽ നിന്നും ജനിച്ചില്ലെങ്കിൽ ഒരുത്തനും ദേവരാജ്യത്തെ കാണ്മാൻ കഴിയാത്തതും വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിച്ചില്ലെങ്കിൽ ഒരുത്തനും ദേവരാജ്യത്തിൽ കടപ്പാൻ കഴിയാത്തതുമാകയാൽ ജഡത്തിൽ നിന്നു ജനിച്ച ജഡമായ ഇവർ ആത്മാവിൽ നിന്നു ജനിച്ചു ആത്മാവായിത്തീരുവാൻ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ ജലസ്നാനം കഴിപ്പിക്കേണ്ടതും ആയതിനുള്ള ഈ ജലം ഞങ്ങളുടെ ജീവനാ

കുന്ന യേശുവിന്റെ വായ്മൂലം നി അരുളിച്ചെയ്ത വിശുദ്ധ പുതു നിയമത്തിന്റെ ചൊൽക്കുറിയുമാകുന്നുവല്ലൊ. ഈ ചൊൽക്കുറി ജഡത്തിന്റെ അഴുക്കിനെ നീക്കിക്കളയുന്നതു എന്നല്ല യേശുക്രിസ്തുവിന്റെ ഉയിർപ്പിനാൽ നല്ല മനോബോധത്തിന്നായി ദൈവത്തോടു ചോദിച്ചിണങ്ങുന്നതാകയാൽ പിതാവേ! ഇവർ യേശുവിന്റെ തിരുരക്തം മൂലം ത്രിയേകദൈവത്തിന്റെ സന്തതിയാകേണ്ടുന്നതിന്നു "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെട്ടുകൊൾവിൻ" എന്ന രാജ്യത്തിൻ വചനമാകുന്ന നിൻ ദിവ്യബീജത്തിന്റെ വിശുദ്ധ പ്രഭയാലും സാദ്ധ്യശക്തിയാലും സഫലവ്യാപാരത്താലും ഈ വെള്ളത്തെ ശുദ്ധീകരിച്ചു അനുഗ്രഹിക്കയും ഇതിലുള്ള തിരുസ്നാനം മൂലം ഇവർ ഒന്നാമാദാമിന്റെ കുടുംബമാകുന്ന പഴയ ലോകത്തിൽ നിന്നു രണ്ടാമാദാമിന്റെ കുടുംബമാകുന്ന പുതിയ ലോകമായ തിരുസഭയിൻ പെട്ടകത്തിൽ പ്രവേശിച്ചു വരുവാനുള്ള കോപത്തിൽ നിന്നു രക്ഷപ്പെട്ട കൃപയുടെ ഇടവം മുതൽ നൂവർഷം കഴിഞ്ഞു ഓം വർഷം വെളിപ്പെടുവാനിരിക്കുന്ന നസറയ്യനായ യേശുവിന്റെ പ്രത്യക്ഷതയിൽ പരമാവകാശം ലഭിക്കപ്പെടുവാൻ തക്കവണ്ണം ഇവരിൽ വിശുദ്ധാത്മാവിനെ അയച്ചു സ്നേഹശക്തിയെ നിഴലിപ്പിക്കുകയും ചെയ്യണമെന്നു വിശുദ്ധ തിരുരക്തം മൂലം സാക്ഷിയിൻ വചനത്തിൽ ആശ്രയിച്ചുകൊണ്ടു പുതിയ യെരുശലേമാകുന്ന ജീവനുള്ള ദേവപട്ടണത്തിന്റെ അവയവങ്ങളായിട്ടു അടിയാർ നിന്നോടു താഴ്മയായി അപേക്ഷിക്കുന്നു. ആമേൻ.

പിന്നെ എല്ലാവരും എഴുന്നീറ്റു നിന്നു സ്നാപകൻ തന്റെ വലങ്കൈകൊണ്ടു ഓരോരുത്തന്റെ വലങ്കൈക്കു പിടിച്ചു വെള്ളത്തിൽ ഇറക്കി അവന്റെ തലയിന്മേൽ തന്റെ വലങ്കൈ വച്ചു മുക്കുകയോ അല്ലാത്തപക്ഷം തന്റെ ഇരുകൈകൊണ്ടു വെള്ളം കോരി ശിരസ്സിൽ ഒഴിക്കയോ ചെയ്യുമ്പോൾ ഇപ്രകാരം ചൊല്ലണം.

തിരുസ്നാനവാചകം.

ഇന്നവനേ! (ളേ!) പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവിന്റെ തിരുനാമത്തിൽ ഞാൻ നിന്നെ തിരുസ്നാനം കഴിക്കുന്നു ആമേൻ.

അതിന്റെ ശേഷം സ്നാപകൻ ഓരോരുത്തന്റെ ശിരസ്സിന്മേൽ തന്റെ ഇരുകൈകളേയും വച്ചു അനുഗ്രഹിക്കയും നെറ്റിയിൽ ക്രൂശുമുദ്ര ഇടുകയും ചെയ്യുമ്പോൾ ഇപ്രകാരം ചൊല്ലണം.

മുദ്രാധാരണവാചകം.

ഇന്നവനേ! (ളേ!) ക്രൂശിന്റെ രക്തത്താൽ ജീവശക്തിയുൾക്കൊണ്ടു ആത്മമയമായുള്ള രാജ്യത്തിൻ വചനമാകുന്ന സ്നേഹബീജത്തിൽ

നിന്നെ വീണ്ടും ജനിച്ചു തിരുസ്നാനം മൂലം നീ പുതുസൃഷ്ടിയായിത്തീ
ന്നിരിക്കയാൽ ക്രിസ്തുവിന്റെ കഷ്ടപ്പാടിനോട് കൂടെ നീ രാജ്യാവകാ
ശി എന്നുള്ളതിനെ പിതാപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമാ
യ സ്നേഹാത്മാവിന്റെ തിരുനാമത്തിൽ ഞാൻ നിന്നെ അനുഗ്രഹിച്ചു
കൃശ മുദ്രയിടുന്നു.

പിന്നീട് സ്നാപകൻ സ്നാനം ഏറ്റവരെ ഭരമേല്പിപ്പാനുള്ളവരുടെ
കയ്യിൽ പിടിച്ചു കൊടുത്തു മുഖക്കുമായി ഒരു ഗ്രണദോഷം പറഞ്ഞു
എല്ലാവരും മുട്ടുകുത്തി ഇപ്രകാരം പ്രാർത്ഥിക്കണം.

പ്രാർത്ഥന

സ്നേഹത്തിൽ നിന്നു സ്നേഹമായി ജനിച്ച നസറയ്യനായ യേശുവേ!
തെങ്ങളുടെ വാത്സല്യമുള്ള പിതാവേ! സ്നേഹമയമായ നിൻ വിശുദ്ധ
ബീജത്തിൽ നിന്നു ഇവർ വീണ്ടും ജനിച്ചു തിരുസ്നാനം മൂലം പുതുസൃ
ഷ്ടിയായിത്തീന്നിരിക്കയാൽ നിൻ ചാകാത്ത തിരുമേനിയുടെ അ
വയവമായിത്തീന്നിരിക്കകൊണ്ടു ഇവർ ചത്തു ജീവിക്കുന്ന വഴി
യിലല്ല ചാകാതെ ജീവിക്കുന്ന വഴിയിലേക്കു വന്നെത്തീരിക്കയാ
ൽ നിൻ ചത്ത തിരുമേനിയിൽ നിന്നു പുറപ്പെട്ടിട്ടുള്ള വെള്ളവും
രക്തവുമായ സ്നേഹാത്മാവിൻ കൂടാതെ ഇവരുടെ ആത്മാവിലും
ജീവനിലും ശരീരത്തിലും വന്നുചേരുന്ന അശുദ്ധി തി
ന്മ അക്രമം എന്ന ആദിഭൂതങ്ങളുടെ അണക്കെട്ടെ വെട്ടുതുക്കി നീക്കു
കയും ജീവനുണ്ടാകുന്ന ശുദ്ധി നന്മ നീതി എന്നിവയുടെ സത്തിനെ
ഉരുവാക്കുകയും ചെയ്യുന്നതിൽ ശുദ്ധീകരണാത്മാവിനെ ഇവരിൽ
ഉല്പാദിച്ചിരിക്കുന്ന നിൻ വിശുദ്ധ ബീജത്തിൽനിന്നു അങ്കുരിപ്പിക്കു
കയും ഉങ്ങനെ ഇവരിൽ ഉല്പാദിച്ചിരിക്കുന്ന നിൻ വിശുദ്ധ ബീജം
അങ്കുരിച്ചു കരചരണാദ്യവയവങ്ങളോട് കൂടെ ആകൃതിപ്പെട്ട ജീവനു
ൾക്കൊണ്ടു ഛവ്വെ ഇടവം മുതൽ നൂ വർഷം കഴിഞ്ഞു ൦൦ വർഷം
നീ മഹത്വത്തിൽ കാണപ്പെടുമ്പോൾ നിന്നോട് സദൃശമായി നീ ഇ
രിക്കുപ്രകാരം തന്നെ നിന്നെക്കണ്ടു രൂപിപ്പെടുകയും ചെയ്യാൻ ത
ക്കവണ്ണം ഇവരെ നിന്റെ തീജ്വാലപോലുള്ള കണ്ണിനാൽ കടാക്ഷി
ക്കണമെന്നും ഭരമേറ്റിരിക്കുന്നവരുടെ ദുർദ്ദുഷ്ടാന്തത്താൽ ഇവരിൽ ഉ
ൽപാദിച്ചിരിക്കുന്ന നിൻ വിശുദ്ധ ബീജം അലസിപ്പോകുവാൻ ഇട
വരാതെ നീ തന്നെ കാത്തുസൂക്ഷിച്ചു കൊള്ളണമെന്നും ഇവർ ലോ
കത്തിനായിട്ടല്ല നിനക്കായി മാത്രം ജീവിപ്പാൻ തക്കവണ്ണം ഇവരി
ൽ നിൻ ജീവകൃപയെ പകർന്നുകൊണ്ടിരിക്കണമെന്നും ഇവരെ കൃ
പയിൽ വളർത്തിക്കൊണ്ടുവരുവാൻ ഭരമേറ്റിരിക്കുന്നവർക്കു ബുദ്ധി നൽ
കി നല്ല ദൃഷ്ടാന്തക്കാരാക്കിത്തീർത്തു കൊള്ളണമെന്നും നിൻ വിശു
ദ്ധ തിരുരക്തം മൂലം രക്ഷിയിൻ വചനത്തിൽ ആശ്രയിച്ചുകൊണ്ടു
പുതിയ യെരുശലേമാകുന്ന ജീവനുള്ള ദേവപട്ടണത്തിന്റെ അവയവ
ങ്ങളായിട്ട് അടിയാർ നിന്നോട് അപേക്ഷിക്കുന്നു. ആമ്മീൻ

വിന്നീട്ട കർതൃപ്രാർത്ഥന ചൊല്ലിക്കഴിഞ്ഞിട്ട
ആശീർവ്വാദം

പിതൃപുത്ര പരിശുദ്ധാത്മാവാം ത്രിയേകദൈവം നിങ്ങളെ അനു ഗ്രഹിക്കട്ടെ. നിങ്ങളിൽ താൻ വിതച്ച തൻ സ്നേഹബീജത്തെ കാത്തു സൂക്ഷിക്കട്ടെ. നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമസ്തം കവ്വെ ഇടവം മുതൽ നൂ വർഷം കഴിഞ്ഞു ഓം വർഷം വെളിപ്പെടുവാനിരിക്കുന്ന നസറയ്യനായ യേശുമണവാളന്റെ മഹത്പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടുവാൻ തക്ക ജീവകൃപയെ നിങ്ങളിൽ പകരും അവന്റെ സാദൃശത്തിൽ നിങ്ങളെ ആക്കിത്തീർക്കട്ടെ. ആമ്മീൻ.



ജ്ഞാനവിവാഹത്തിന്റെ ക്രമം.

ഇടവകപ്പട്ടക്കാരൻ സ്ത്രീപുമാന്മാർക്ക് പതിമൂന്നും പതിനാറും വയസ്സായി അന്യോന്യം അറിവാൻ പ്രായം വന്നിട്ടുണ്ടോ എന്നും ഇരുപേരും ഉണർവുസഭക്കാരോ എന്നും വിവാഹത്തിനു ഇരുപേരുടെയും മാതാപിതാക്കന്മാരുടെയും സമ്മതമുണ്ടോ എന്നു നിശ്ചയം നടത്തീട്ടുണ്ടോ എന്നും അറിയേണ്ടതു ക്രൂരതെ സ്ത്രീപുമാന്മാരുടെ രണ്ടു ഇടവകയിലും രണ്ടു ഞായറാഴ്ചയിലും ഒരു വെള്ളിയാഴ്ചയിലും വിവാഹപരസ്യം നടത്തേണ്ടതുമാകുന്നു.

വിവാഹപരസ്യം.

ഇന്ന ഇടവക ഇന്ന വീട്ട. ഇന്നാരുടെ മകൻ ഇന്നാർ. വയസ്സു ഇത്ര. ഇന്ന ഇടവക. ഇന്നവീട്ട. ഇന്നാരുടെ മകൾ ഇന്നാൾ. വയസ്സു ഇത്ര ഇവർ തമ്മിൽ ജ്ഞാനവിവാഹം മൂലം ഒന്നായി ചേരുവാൻ പോകുന്നുവെന്നു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. ഇതിനു വിരോധം വല്ലതുമുണ്ടെന്നു നിങ്ങൾ അറിയുന്നു എങ്കിൽ ആയതു എന്നോടു അറിയിക്കണം എന്നു ഇടവകപ്പട്ടക്കാരൻ ഇന്നാർ. ഇന്നാണ്ടു. ഇന്നമാസം. ഇത്രാം തീയതി ഒന്നാം പ്രസിദ്ധം. ഇത്രാം തീയതി രണ്ടാമതു. ഇത്രാം തീയതി മൂന്നാമതു.

തക്ക വിരോധം ഇല്ലെങ്കിൽ പട്ടക്കാരൻ വിവാഹത്തിന്റെ മുമ്പിലത്തെ ദിവസം മണവാളനും മണവാട്ടിയും തങ്ങൾ ചെയ്വാനിരിക്കുന്ന ഉടമ്പടിയെ നിവൃത്തിപ്പാൻ തക്ക വേണ്ട കൃപ കിട്ടുവാനായി ഉപവാസത്തോടു കൂടെ ഇരിക്കണം എന്നു പറയേണ്ടതു കൂടാതെ ആയതു നടത്തിക്കേണ്ടതുമാകുന്നു.

വിവാഹദിവസം മണവാളനും മണവാട്ടിയും ശുഭ്രവുമായ വസ്ത്രങ്ങളാൽ അലങ്കരിക്കപ്പെട്ട സ്ത്രീപുമാന്മാരായ ജനങ്ങളോടു കൂടെ രണ്ടു സ്ഥലത്തായി പ്രാർത്ഥന നടത്തി ജ്ഞാനപുസ്തകത്തോടു

ക്രൂടെ അവിടെനിന്നും പുറപ്പെട്ട ഒരു സ്ഥലത്തു ഒന്നിച്ചു കൂടി നടക്കുമണവാളനും മണവാട്ടിയും ജനങ്ങൾ മുമ്പും പിന്നുമായി നിന്നു ക്രമം ക്രമമായി നടന്നുവരികയിൽ കല്യാണശാലയിലുള്ള ജനങ്ങൾ അവരെ എതിരേറ്റു എല്ലാവരുമായി ശാലയിൽ ഉൾപ്രവേശിച്ചു അവരവരുടെ സ്ഥലത്തു നിൽക്കുമ്പോൾ പതിമൂന്നോ, പതിനേഴോ, ഇരുപത്തൊന്നോ, ഇരുപത്തിഅഞ്ചോ, ഇരുപത്തിരൻപതോ, മുപ്പത്തിഏഴോ ശുശ്രൂഷക്കാർ ധ്യാനപ്പുരയിൽ നിന്നു പുറപ്പെട്ട ശുശ്രൂഷസ്ഥലത്തു വന്നു നിന്നു ഉണർവുസഭയുടെ വിശ്വാസപ്രമാണം ചൊല്ലി മൊഴിനപ്രാർത്ഥന കഴിച്ചിട്ടു പ്രധാന ശുശ്രൂഷക്കാരൻ മറ്റു ശുശ്രൂഷക്കാരെയും മണവാളമണവാട്ടിമാരേയും ചുംബിച്ചു ശുദ്ധീകരണ ഉടമ്പടി ചെയ്തശേഷം ശുശ്രൂഷയാരംഭിക്കണം.

പതിവിൻപ്രകാരം ശുശ്രൂഷ നടത്തിയശേഷം മണവാളനും മണവാട്ടിയും സന്നിധിസ്ഥലത്തു വന്നു മുട്ടുകുത്തി തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞു ഉടമ്പടി ചെയ്വാനുള്ള കാര്യത്തിന്നായി പ്രത്യേകം പ്രാർത്ഥിച്ചു അന്യോന്യം ചുംബനത്താൽ ശുദ്ധീകരിക്കപ്പെടണം. പിന്നീടു ശുശ്രൂഷക്കാരൻ മണവാളനേയും മണവാട്ടിയേയും വലയത്തിന്നകത്തു സന്നിധിസ്ഥലത്തു ശുശ്രൂഷക്കാരന്റെ ഇടത്തും വലത്തും തമ്മിൽ അഭിമുഖമായി നിറുത്തി ഇപ്രകാരം ചോദിക്കണം.

൧വത. ദൈവത്വവും മനുഷ്യത്വവുമുള്ള ഏക മശിഹായും മരിച്ചുയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണമായി പിതാവിൻ വലഭാഗമമർന്നു ഇപ്പോൾ നമുക്കുവേണ്ടി മദ്ധ്യസ്ഥത പറകയും തന്റെ മക്കളായ നമുക്കു പരമസ്വസ്ഥതയെ നൽകുവാൻ ൧൮൭൭ ഇടവം മുതൽ സുവർഷം കഴിഞ്ഞു ഏഴാം വർഷം ത്രിയേകദൈവത്തിന്റെ തേജസ്സോടു കൂടെ വെളിപ്പെട്ടുവാനിരിക്കുന്നവനുമായ നസറയ്യനായ യേശുവിൽ നിങ്ങൾ വിശ്വസിക്കുന്നുവോ?

ഉത്തരം. ഞാൻ വിശ്വസിക്കുന്നു.

൨വത. ഈ വിശ്വാസത്തിൻപ്രകാരം കഴിപ്പാൻ പോകുന്ന ജ്ഞാനവിവാഹത്താൽ നിങ്ങളെ ഏകശരീരമായി കൂട്ടിച്ചേർക്കുന്നതിനു നിങ്ങൾക്കു മനസ്സുതന്നെയോ?

ഉത്തരം. എനിക്കു മനസ്സുതന്നെ.

൩വത: നിങ്ങളുടെ ഈ വിശ്വാസത്തിന്റെ അനുസരണത്തെ കാണിച്ചു ഈ മനസ്സിൻപ്രകാരം സ്നേഹബന്ധനത്താൽ നിങ്ങൾ ഏകശരീരമായി യോജിച്ചുകൊണ്ടു ആത്മമണവാളന്റെ കറയറ്റ ഒരേ അവയവമായി ചേർന്നിരിക്കുമോ?

ദൈവകൃപയാൽ ഞാൻ അങ്ങിനെ ചേർന്നിരിക്കും എന്നുത്തരം.

പിന്നെ ശുശ്രൂഷക്കാരൻ മത്തായി ൧൯: ൪ - ൬വരെ വായിച്ചു ൪ാം സങ്കീർത്തനം പാടണം. അതിന്റെ ശേഷം എല്ലാവരും മുട്ടുകുത്തി ശുശ്രൂഷക്കാരൻ ഇപ്രകാരം പ്രാർത്ഥിക്കണം.

പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവേ! ഞങ്ങളുടെ സൃഷ്ടികർത്താവേ! നീ മനുഷ്യനെ സൃഷ്ടിച്ച നാളിൽ നിന്റെ ഛായയിൻപ്രകാരം അവനെ ഉണ്ടാക്കി ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു അനുഗ്രഹിക്കുകയും അവർക്കു ആദാം എന്നു പേരിടുകയും ചെയ്തതു മാത്രമല്ല മനുഷ്യൻ ഇങ്ങനെ ഏകനായിരിക്കുന്നതു നന്നല്ല അവനു ഒരു തക്ക സഹായം വേണമെന്നു നീ കണ്ടു ആയതിനെ അവനു ബോധപ്പെടുത്തുവാൻ സകല മൃഗങ്ങളേയും ആകാശപ്പറവകളെയും ഇണയായിണയായി അവന്റെ മുമ്പാകെ വരുത്തി അവനെക്കൊണ്ടു പേർ ഇടുവിച്ചതിനാൽ തനിക്കും ഇപ്രകാരം ഇണ വേണമെന്നു അവൻ അറിഞ്ഞു ആഗ്രഹിച്ചിട്ടും തനിക്കു തക്ക സഹായം കണ്ടുകിട്ടാതിരുന്നപ്പോൾ നീ തന്നെ അവനു ഗാഢനിദ്രവരുത്തി വാരിയെല്ലുകളിൽ ഒന്നിനെ എടുത്തു ഒരു സ്ത്രീയാക്കി മനുഷ്യനു ഇണയായിരിപ്പാൻ അവളെ അവന്റെ അടുക്കൽ വരുത്തിയാറെ അവൻ അവളേ നോക്കിക്കണ്ടിട്ടു സ്നേഹപാരവശ്യത്താൽ ഗാഢമായി ആശ്ലേഷം ചെയ്തു. ഇതു എന്റെ അസ്ഥിയിൽ നിന്നു അസ്ഥി എന്റെ മാംസത്തിൽനിന്നു മാംസം എന്നു പറഞ്ഞുകൊണ്ടു മനുഷ്യൻ മനുഷി എന്ന സ്ഥിതിയിൽ അവർ ഒന്നായി യോജിക്കയിൽ സ്നേഹാത്മാവായ നീ തന്നിൽ തന്നെ ആനന്ദിച്ചുകൊണ്ടു പുരുഷൻ തന്റെ പിതാവിനേയും മാതാവിനേയും വിട്ടുപിരിഞ്ഞു തന്റെ ഭാര്യയോടു ചേർന്നിരിക്കും അവർ ഇരുപേരും ഒരു ജഡമായി തീരുകയും ചെയ്യും എന്നു ഘോഷിച്ചുവല്ലൊ. പിതാവേ! മനുഷ്യൻ പാപത്തിൽ വീണശേഷം അവനുള്ള സകലവും അശുദ്ധവും തിന്മയും അക്രമവും ആയി ഭവിച്ചുപോയി എങ്കിലും നിൻപരിശുദ്ധപുത്രന്റെ തിരുമരണം മൂലം മനുഷ്യനെ വീണ്ടും ഭാഗ്യാവസ്ഥയിലേക്കു വരുത്തേണമെന്നുള്ള നിന്റെ നിർണ്ണയവും ആ നിർണ്ണയപ്രകാരം നീ പ്രവൃത്തിച്ചുകൊണ്ടുവരുന്നതുമാകയാൽ ആദാമിൽ നിന്നു ശേത് വഴിയായി ഉണ്ടായി നോഹയുടെ കുടുംബത്തിലുള്ള ഞങ്ങൾ ശേമിൽനിന്നു അബ്രഹാം, ഇസഹാക്കു, യാക്കോബു എന്നിവർ മുഖം യഹൂദഗോത്രവഴിയിൽ ദാവീദിന്റെ ശ്രീമതികരിക്കപ്പെട്ട ഒരു ഗൃഹത്തിൽ അനുഗ്രഹിക്കപ്പെട്ട സന്തതിയായി വന്ന രണ്ടാമാദാമിൽ നിന്നു അപ്പോസ്തലവഴിയായി ദിർഘദർശിമുഖാന്തരം അടിസ്ഥാനത്തിന്മേൽ ഇപ്പോൾ ചേർത്തു പണിയപ്പെടുന്ന ഇപ്പുണ്യക്ഷേത്രമായി നിന്റെ ആത്മാവിനാൽ തെരിഞ്ഞെടുത്തുകൊണ്ടു വന്നിരിക്കുന്ന ജ്ഞാനക്കുഞ്ഞുകളായ ഈ സ്ത്രീപുരുഷന്മാരെ ജ്ഞാനവിവാഹത്താൽ ഒന്നായിച്ചേർപ്പാൻ തക്കവണ്ണം അടിയാർ ഇവിടെക്കൂടി വന്നു നിൻ തിരുമുമ്പാകെ മുട്ടുകുത്തി അപേക്ഷിക്കുന്നതിനാൽ ഈ അപേക്ഷയെ കേട്ടു അടിയാർ നിൻ തിരുനാമത്തിൽ കഴിക്കുന്ന ഈ ജ്ഞാനവിവാഹം മൂലം നിൻസ്നേഹാത്മാവിനെ ഈ സ്ത്രീപുരുഷന്മാരുടെ മേൽ പകർന്നു ഇവരെ ഏകശരീരമായി യോജിപ്പിച്ചു ആത്മമണവാളന്റെ

കറയുറ ഒരേ അവയവമായി ചേർത്തുകൊൾവാൻ തിരുമനസ്സുണ്ടാകണമെന്നു കവുടെ ഇടവം മുതൽ നവർഷം കഴിഞ്ഞു ഏഴാംവർഷം, ത്രിയേകദൈവത്തിന്റെ സ്നേഹം കൂടെ വെളിപ്പെടുവാനിരിക്കുന്ന നസറയനായ യേശുവിന്റെ വിശുദ്ധ തിരുരക്തം മൂലം അടിയാർ താഴ്മയായി അപേക്ഷിക്കുന്ന ആമേൻ.

പിന്നെ ശുശ്രൂഷക്കാരൻ സ്ത്രീപുരുഷന്മാരെക്കൊണ്ടു ഉടമ്പടി ചെയ്യിക്കണം. ആദ്യം പുരുഷന്റെ വലങ്കൈകൊണ്ടു സ്ത്രീയുടെ വലങ്കയ്യെ പിടിപ്പിച്ചു ഉടമ്പടിവാചകം ചൊല്ലിക്കൊടുക്കണം. പിന്നീടു സ്ത്രീയുടെ വലങ്കൈകൊണ്ടു പുരുഷന്റെ വലങ്കയ്യെ പിടിപ്പിച്ചു ഉടമ്പടിവാചകം ചൊല്ലിക്കൊടുക്കണം.

ഉടമ്പടിവാചകം.

നമ്മുടെ കർത്താവിന്റെ മഹത്പ്രത്യക്ഷതയ്ക്കു മുമ്പു കവുടെ ഇടവം മുതൽ നവർഷം കഴിഞ്ഞു ഏഴാംവർഷം ഉണ്ടാകുമെന്നു ദിവ്യവിളംബരപ്രകാരം ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഈ വിശ്വാസം നിമിത്തം ഏതെല്ലാം കഷ്ടസങ്കടങ്ങൾ വന്നാലും നാം തമ്മിൽ വേർപിരിയരുതു. ഞാൻ നിന്റെ (താങ്കളുടെ) ബലഹീനതകളെ സഹിച്ചു അവയെ മനഃപൂർവ്വമായി ക്ഷമിക്കുന്നപ്രകാരം നീയും (താങ്കളും) എന്റെ ബലഹീനതകളെ സഹിച്ചു അവയെ മനഃപൂർവ്വമായി ക്ഷമിക്കണം. ഞാൻ എന്റെ ആത്മമണവാളനാകുന്ന മശിഹായുടെ ജഡത്തോടും അസ്ഥികളോടും കൂടെ അവന്റെ ശരീരത്തിലെ അവയവമായിരിപ്പാൻ തക്കവണ്ണം എന്നെ അവനു ഏല്പിച്ചുകൊടുത്തിരിക്കുന്നപ്രകാരം നീ (താങ്കൾ) എന്റെ ജഡത്തോടും അസ്ഥികളോടും കൂടെ എന്റെ ശരീരത്തിലെ അവയവമായിരിപ്പാൻ തക്കവണ്ണം ഞാൻ നിന്നോടു (താങ്കളോടു) മാത്രം ചേർന്നിരിക്കുന്നതല്ലാതെ അന്യ സ്ത്രീയോടു (അന്യ പുരുഷനോടു) ചേരുകയില്ലാ എന്നു ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ ഞാൻ നിനക്കു (താങ്കൾക്കു) വാഗ്ദത്തം ചെയ്യുന്നു. ഇതിനു ത്രിയേകദൈവം സഹായിക്കട്ടെ. ആമേൻ.

പിന്നീടു മണവാളൻ മണവാട്ടിയുടെ കഴുത്തിൽ മിന്നു കെട്ടുകയോ കയ്യിൽ മോതിരം ഇടുകയോ കല്യാണവസ്ത്രം കൊണ്ടു അവളെ ധരിപ്പിക്കുകയോ ചെയ്ത ശേഷം മണവാളന്റെയും മണവാട്ടിയുടെയും ഇരുകൈകളെ കോർത്തു പിടിപ്പിച്ചു ജ്ഞാനവിവാഹത്തിന്റെ വാചകം ശുശ്രൂഷക്കാരൻ ചൊല്ലിക്കൊടുക്കണം.

ജ്ഞാനവിവാഹവാചകം.

പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവിന്റെ തിരുനാമത്തിൽ ഞാൻ നിന്നെ (താങ്കൾ എന്നെ) വിവാ

ഹം ചെയ്യുന്നതിനാൽ നാം ഇനി ഇരുവർ അല്ല* ഏക ഹൃദയവും ഏക ജീവനും, ഏക ശരീരവുമുള്ള ഒരു ജഡമത്രെ. നീ എന്നോട് (ഞാൻ താങ്കളോട്) ക്രൂടെ ജീവകൃപയ്ക്കു കൂട്ടവകാശി ആകയാൽ എന്റെ ആത്മാവും ദേഹിയും ദേഹവും മുഴുവനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വരവിങ്കലേക്കു കുറ്റം ക്രൂടാതെ കാക്കപ്പെട്ടുവാൻ തക്കവണ്ണം അശുദ്ധിയിൽ നിന്നു ശുദ്ധിയ്ക്കും തിന്മയിൽ നിന്നു നന്മയ്ക്കും ആയി ത്രിയേകദൈവത്തിൻ വിധേയം എന്നെ മുഴുവനും ഭരമേല്പിച്ചിരിക്കുകൊണ്ടു ഇതിനു നീ (താങ്കൾ) ഇനിക്കു തക്ക സഹായിയായിരിക്കു. ആമേൻ.

പ്രാർത്ഥന.

പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവേ! ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ! ഞങ്ങളുടെ ജീവനാകുന്ന യേശുമണവാളന്റെ മഹത്പ്രത്യക്ഷതയെക്കുറിച്ചുള്ള ദിവ്യ വിളംബരം ആത്മാവായ നിന്നിൽ നിന്നു ജനിച്ച ആത്മാവാകയാൽ ആ വിശ്വാസത്തിൻപ്രകാരം ഇവർ നിൻ തിരുസന്നിധിയിൽ നിന്നുകൊണ്ടു തമ്മിൽ തമ്മിൽ ഉടമ്പടി ചെയ്കയും നിൻ തിരുനാമത്തിൽ ഇവരെ ഏക ശരീരമായി ജ്ഞാനവിവാഹം മൂലം യോജിപ്പിക്കയും ചെയ്തിരിക്കുന്നു. ഈ യോജിപ്പു മൂലം നിൻ സ്നേഹാത്മാവിനെ തിരുരക്തം വഴിയായി ഇവരുടെ ഉള്ളിൽ പകർന്നു ഭാര്യാഭർത്താവു എന്നുള്ള മുറ്റും ഏകമായി യോജിപ്പിച്ചു ആത്മമണവാളന്റെ കറയറ്റ ഒരേ അവയവമായി നീ ചേർത്തുകൊണ്ടിരിക്കയാൽ ഈ ചേർപ്പിൽ നിന്നു ഇവർ വേർപിരിവാൻ ഇടവരാതെ ഇവർ തമ്മിൽ ചെയ്തിരിക്കുന്ന പ്രതിജ്ഞയെ ആത്മമണവാളന്റെ മഹത്പ്രത്യക്ഷത വരെ കളങ്കം ക്രൂടാതെ കാത്തുകൊള്ളുവാൻ തക്കവണ്ണം നിൻ ജീവകൃപയെ ഇവരുടെ ഉള്ളിൽ പകരേണമെന്നു വിശുദ്ധ തിരുരക്തം മൂലം അടിയാർ താഴ്മയായി അപേക്ഷിക്കുന്നു. ആമേൻ.

അതിന്റെ ശേഷം മണവാളന്റെയും മണവാട്ടിയുടെയും വലങ്കൈകളെ തന്റെ വലങ്കൈകൊണ്ടു ഒന്നിച്ചു ചേർത്തു പിടിച്ചു ഇപ്രകാരം പ്രസിദ്ധപ്പെടുത്തണം.

ദൈവം ക്രൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപിരിക്കരുതു. ഇന്നവനും ഇന്നവളും ദിവ്യ വിളംബരത്തിൽ ഉള്ള വിശ്വാസപ്രകാരണത്തോട് ക്രൂടെ ജ്ഞാനവിവാഹം മൂലം ഭാര്യാഭർത്താക്കന്മാരായി തമ്മിൽ യോജിച്ചിരിപ്പാൻ സമ്മതിച്ചു യേശുമണവാളന്റെ കറയറ്റ ഒരേ അവയവമായി ചേർന്നിരുന്നുകൊള്ളാമെന്നു ദൈ

---

*ത്രുശുഷ്ക്കാരൻ ഇവിടെ സ്ത്രീപുരുഷന്മാരെ തന്റെ ഇരുകൈകൊണ്ടും ഒന്നിച്ചു ചേർക്കണം.

വകുപയിൽ ആശ്രയിച്ചതിനാൽ ഇവരുടെ ആ സമ്മതത്തിൻപ്രകാരം ഉടമ്പടി ചെയ്യിച്ചു ജ്ഞാനവിവാഹം മൂലം ഇവരെ തമ്മിൽ യോജിപ്പിച്ചിരിക്കകൊണ്ടു ഇവർ ഇരുവരും ഒരേ ശരീരമായ ഭാര്യാഭർത്താക്കന്മാരെന്നു ത്രിയേകദൈവമായ സ്നേഹാത്മാവിൻ തിരുനാമത്തിൽ ഞാൻ അറിയിക്കുന്നു. ആമേൻ.

പിന്നെ ശുശ്രൂഷക്കാരൻ തന്റെ ഇരു കൈകളേയും ഉയർത്തിക്കൊണ്ടു ദമ്പതിമാരെ ഇപ്രകാരം അനുഗ്രഹിച്ചു തന്റെ ഇരുകൈകളേയും അവരുടെ ശിരസ്സിന്മേൽ വെക്കണം.

അനുഗ്രഹവാചകം.

പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവു നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങളിൽ താൻ വിതച്ച തൻ സ്നേഹബീജത്തെ കാത്തു സൂക്ഷിക്കട്ടെ. നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമസ്തവും ഈവ്വിധ ഇടവം മുതൽ നൂറ വർഷം കഴിഞ്ഞു ഏഴാം വർഷം വെളിപ്പെടുവാനിരിക്കുന്ന യേശു മണവാളന്റെ മഹത്പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടുവാൻ തക്ക ജീവകൃപയെ നിങ്ങളിൽ പകരുന്ന അവന്റെ സാദൃശ്യത്തിൽ നിങ്ങളെ ആക്കിത്തീർക്കട്ടെ. ആമേൻ.

അതിന്റെ ശേഷം ഹല്ലേലൂയാ സങ്കീർത്തനം പാടി ദമ്പതിമാർ മാത്രം മുട്ടുകുത്തിക്കൊണ്ടിരിക്കയിൽ ശുശ്രൂഷക്കാരിൽ ഒരുവൻ ഈ സംഗതിയെപ്പറ്റി പ്രാർത്ഥിക്കണം. പ്രസംഗത്തിനു സമയമില്ലെങ്കിൽ എഫേസ്യർ 5-ാം അദ്ധ്യായം വായിച്ചു സ്തോത്രഗീതം പാടി ക്രമപ്രകാരം ശുശ്രൂഷ അവസാനിപ്പിക്കണം.

17

ദൈവരാജ്യത്തിലെ തിരുഅത്താഴക്രമം.

ഹല്ലേലൂയാ. ആത്മമയൻ യേശുക്രിസ്തനോടും യേശുക്രിസ്തൻ ആത്മമയനോടും കൂടെ കഴിക്കുന്ന ഈ ദിവ്യവിരുന്നിനുള്ള ഭക്ഷണം "ജീവന്റെ അപ്പവും പാനീയം ജീവന്റെ വെള്ളവും" ആകയാൽ ക്രിസ്തുരാജ്യത്തിലെ ചൊൽക്കൂറികളായ കോതമ്പപ്പവും ദ്രാക്ഷാരസവും ദൈവരാജ്യത്തിലെ വിരുന്നിനു ഉപയോഗിക്കുന്നതിലേക്കു വിരോധം ഇല്ല. എന്തെന്നാൽ ഒന്നാമാദാമിൽ നിന്നു വന്ന പാപവിഷമുള്ള ജഡരക്തങ്ങളായ ഈ അപ്പവും ദ്രാക്ഷാരസവും രണ്ടാമാദാമിൽനിന്നു വന്ന നിത്യജീവന്റെ സത്തുള്ള ജഡരക്തങ്ങളായ അപ്പം ദ്രാക്ഷാരസം എന്നിവയുടെ സംയോജിപ്പാൽ പാപവിഷം അശേഷം മാറി മരണം വഴിയായി ഉയർത്തെഴുന്നേല്പിൽ ജീവന്റെ അപ്പവും ജീവന്റെ

വെള്ളവുമായി മാറപ്പെടുവാൻ തക്ക ജീവസത്തു ലഭിച്ചും ആ സത്തി
ൽ കൃപയിന്നാത്മാവു പകരപ്പെടുകകൊണ്ടു അതു പൊട്ടിക്കിളിച്ചും
ആറാണ്ടിന്നാത്മാവായ സൂര്യന്റെ രശ്മിയിൻ സഫലവ്യാപാരമാകു
ന്ന പാപമോചനം, ശുദ്ധീകരണം, അനുഗ്രഹം, ജീവൻ, സംയോ
ജിപ്പു എന്ന ദിവ്യശുശ്രൂഷകളാൽ വളർന്നു ചാകാതെ ജീവിക്കുന്ന പു
വുണ്ടായി ജീവകനി പൊടിച്ചുമിരിക്കുന്ന എന്നല്ലാതെ കനി വളർന്നു
പഴുത്തു മറ്റുള്ളവക്കു അതിൽ നിന്നു അനുഭവമാകുവാൻ ഈ ജഡര
ക്ഷങ്ങൾ തരുകാലം പകർപ്പെട്ടിട്ടില്ല എങ്കിലും ഇവകൾ സകല
ക്കും അനുഭവമായിത്തീരുവാൻ തക്കവണ്ണം ജീവന്റെ അപ്പവും ജീ
വന്റെ വെള്ളവുമായി ക്രമം ക്രമമായി പകർപ്പെട്ടു വരുമെന്നു പൂ
ർണ്ണമായി വിശ്വസിപ്പാനുള്ളതും, നാം സാധാരണയായി ഭക്ഷിക്കുന്ന
അപ്പവും അല്ലെങ്കിൽ ഭക്ഷണവും കുടിക്കുന്ന വെള്ളവും സ്നേഹാത്മാവു
അംഗീകരിക്കുന്നതുമാകയാൽ ഈ ദിവ്യവിരുന്നിന്നു അവകളെ പ്ര
യോഗിച്ചുകൂടാ എന്നു ആക്ഷേപവാൻ വഹിയാ.

൨ാവതു. ദേവരാജ്യത്തിലെ വിരുന്നിന്നു പന്തിയിൽ ചേരിക്കൊ
ള്ളേണ്ടുന്നവൻ പിതാവിന്റെ രാജ്യമായ തിരുസഭയിൽ ക്രമപ്പെട്ട
കുടുംബങ്ങളുടെ ജീവനുള്ള അവയവമെന്നു സാക്ഷിപ്പെട്ടവനായും ജീ
വനുള്ളവരുടെ പേർ എഴുതുന്ന തിരുസഭയിൻ ജീവപുസ്തകത്തിൽ കു
റിക്കപ്പെട്ടവനായുമിരിക്കണം. അല്ലാതുള്ളവൻ ഒരു പ്രകാരത്തിലും പ
ന്തിയിൽ ചേർത്തുകൊള്ളപ്പെടരുതു.

൩ാവതു. അരകെട്ടിക്കൊണ്ടു ആളുകളെ പന്തിക്കിരുത്തി അവക്കു
ശുശ്രൂഷിക്കുന്ന ക്രിസ്തനാൽ ലോകരുടെ കുറവുകളെ അവക്കു കാണക്കി
ടാതെ ലോകത്തെ തന്നോടു സംയോജിപ്പിച്ചു കൊള്ളുന്ന സംയോജി
പ്പിൻ ആത്മാവായ ക്രിസ്തനിൻ പൌരോഹിത്യാത്മാവിനാൽ ഭരി
ക്കപ്പെട്ട സ്നേഹാത്മാവിനെ അല്ലാതെ ദ്വേഷാത്മാവിനെ ഒരിക്കലും നി
ശ്വസിക്കാത്തവനായും ആത്മമനസ്സാട്ടിയാൽ സാക്ഷിപ്പെട്ടവനായുമി
രിക്കണം.

൪ാവതു. അനുസരണക്കേടിന്റെ ആത്മാവിന്റെ മേൽ അധികാ
രം ലഭിച്ചു അനുസരണാത്മാവിന്നു സാക്ഷി പകരുന്ന പ്രതികാരത്തി
ന്നാത്മാവായ മോശയിന്നാത്മാവിനാലും ഹൃദയങ്ങളെ ശോധനചെ
യ്തു വെളിവേഷത്തെ കീഴാക്കി കാണിക്കയും സത്യമാനസാന്തരത്തി
ലേക്കു ആത്മാക്കളെ വഴി നടത്തിക്കയും ചെയ്യുന്ന ഏലിയാവിന്നാത്മാ
വിനാലും നടത്തിക്കപ്പെട്ടുന്ന ഒന്നോ രണ്ടോ ദീർഘദർശിമാർ കൂടെ
ഈ വിരുന്നിന്നു വേണ്ടതാകുന്നു.

൫ാവതു. ഐക്യത്തിന്റെ ആത്മാവു സാക്ഷിച്ചിരിക്കുന്ന മൂന്നാളുകളു
ടെ ഏകയോജിപ്പിൽ നിന്നു ബോധകന്മാരും, പട്ടക്കാരും, പ്രവാചക
ന്മാരും, വംശപിതാക്കന്മാരുടെ നാമത്തിൽ വിളിക്കപ്പെട്ടവരും, മറ്റു
പൊതു ശുശ്രൂഷക്കാരും സാക്ഷി ലഭിച്ചവരായിരിക്കണം. അല്ലാതെ

യും ഒരു ബോധകർ, ഒരു തലവൻ, ഇടവകപ്പട്ടക്കാരൻ എന്നിവരുടെ ഏകയോജിപ്പിൽനിന്നു ഇടവകക്കായ്സ്ഥൻ, സീക്രിട്ടറി, മുതൽപിടി, മൂപ്പന്മാർ, ഭവനവിചാരകന്മാർ, ഉപദേശിമാർ, സുവിശേഷകന്മാർ എന്നിവർ സാക്ഷിപ്രാപിച്ചവരും ഇടവകപ്പട്ടക്കാരൻ, കായ്സ്ഥൻ, ഉപദേശി എന്നിവരുടെ ഏകയോജിപ്പിൽ നിന്നു കുടുംബത്തലവന്മാരും, മൂപ്പൻ, വിചാരകൻ, കുടുംബത്തലവൻ എന്നിവരുടെ ഏകയോജിപ്പിൽ നിന്നു ഓരോ കുടുംബത്തിലുള്ള സ്ത്രീപുരുഷന്മാരും പൈതങ്ങളും സാക്ഷിപ്രാപിച്ചവരുമായിരിക്കേണ്ടതാകുന്നു

ഇങ്ങനെ ഒരുവനു തിരുസഭയിൽ സാക്ഷി ലഭിച്ചാൽ മാത്രം പോരാ. ആത്മസാക്ഷിയും വേണം. ആത്മസാക്ഷിയുണ്ടായാൽ മാത്രം പോരാ. സഭാസാക്ഷിയും വേണം. ഇവ്വണ്ണം ആത്മാവും മണവാട്ടിയും സാക്ഷിക്കാത്ത ഒരുവനും ദൈവരാജ്യത്തിന്റെ പന്തിയിൽ പങ്കില്ല. നിശ്ചയം. എന്നെല്ലാവരും നല്ലപോലെ ഓർക്കേണ്ടുന്നതാകുന്നു.

൩ാവതു. കൈക്കൊള്ളുന്നവർക്കു ഒരു കബളത്തിൽ കുറയാതെ ഒരു അപ്പവും ഒരു തുടത്തിൽ കുറയാതെ രസവും കൊടുക്കേണ്ടുന്നതാകയാൽ വേണ്ടുന്നിടത്തോളം അപ്പവും രസവും സഭയാൽ ശേഖരപ്പെടുത്തിക്കൊള്ളണം. കൈക്കൊള്ളുന്നവർ തങ്ങളുടെ ഒരു നേരത്തെ ഭക്ഷണത്തിനു എന്തു ചിലവുണ്ടോ? അതിൽ കുറയാതെ ധർമ്മകാണിക്ക നിശ്ചയമായി കൊടുക്കണം.

൪വതു. കൈക്കൊള്ളുന്നവർ മരണം വഴിയായി ജീവങ്കലേക്കു വഴിനടത്തിയ യേശുവിന്റെ മരണശരീരത്തിൻ അപ്പത്തെയും ഒഴിച്ചരക്തത്തിൻ രസത്തെയും അല്ലെ കൈക്കൊള്ളേണ്ടതു. ചാകാത്തവഴിയായി നിത്യജീവങ്കലേക്കു വഴി നടത്തുന്ന യേശുക്രിസ്തുവിന്റെ ഉയിർത്ത ജീവശരീരത്തിൻ അപ്പത്തെയും ജീവരസത്തിൻ വെള്ളത്തെയും ആകുന്നു കൈക്കൊള്ളേണ്ടതു. ഇപ്രകാരം നേരായി വിശ്വസിച്ചു കൈക്കൊള്ളാത്തവർക്കു മഹത്പ്രത്യക്ഷതയിൽ മറുപടിയുണ്ടാകുന്നു പങ്കില്ല നിശ്ചയം.

൫വതു. ആത്മമണവാട്ടിയാൽ തെരിഞ്ഞെടുക്കപ്പെട്ട മൂന്നാളുകളുടെ ഏകയോജിപ്പിൽനിന്നു വേണം ജീവശുദ്ധീകരണ പ്രാർത്ഥന ക്രിസ്തനാൽ കഴിക്കേണ്ടതു. അല്ലാതെ ഒരു പ്രകാരത്തിലും കഴിച്ചുകൂടാ. പിന്നെയും ക്രിസ്തനാൽ തന്നിലും മറുള്ളവരിലും ഏഴാം കാഹളം ഊതുവാൻ ആരാണ്ടിന്നാത്മാവിൽ നിന്നു വാർത്തയും അധികാരവും ലഭിച്ചവനായിരിക്കണം.

൬വതു. ക്രിസ്തനാൽ എല്ലാവരേയും പന്തിക്കിരുത്തിയ ശേഷം ശുശ്രൂഷയാരംഭിച്ചു ധർമ്മകാണിക്ക വാങ്ങുവാൻ അളുകളെ നിയമിച്ചിട്ടു യോഹ: ന്നു: ൨൬_ ന്നാ വരെയും വെളി: ൨൨ : ൧൬ വരെയും വായിക്കയും സമയത്തിനു തക്കവണ്ണം പ്രാണപ്രോഷം പറകയും എല്ലാവരോടും കൂടെ മുട്ടുകുത്തി ആരാണ്ടിന്നാത്മാവാകുന്ന സ്നേഹാഗ്നിയിൽ

ശരീരാത്മദേഹികളെ മനഃപൂർവ്വമായി ഹോമിക്കയും വേണം. പിന്നീട് ജീവശുദ്ധീകരണത്തിന്റെ ഐക്യപ്രാർത്ഥന മൂന്നാളുകളുടെ വായിൽനിന്നു പുറപ്പെടേണ്ടുന്നതാകുന്നു.

ജീവശുദ്ധീകരണ പ്രാർത്ഥന.

"പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവേ! ഞങ്ങളുടെ സപ്രസ്ഥാപിതാവേ"! ഇത്യാദി.

ഫലമതു. ജീവശുദ്ധീകരണ പ്രാർത്ഥന കഴിഞ്ഞശേഷം എല്ലാവരും എഴുന്നീറ്റു നിൽക്കയിൽ ക്രിസ്മനാൾ അപ്പരസങ്ങളെ മേശയിൽ തയ്യാറപ്പെടുത്തി വച്ചിട്ടു ഐക്യതയുടെ വായ്മൂലം ഏഴാം കാഹളത്തെ ആദ്യം അപ്പരസങ്ങളിലും പിന്നീട് ജനങ്ങളുടെ ശിരസ്സിന്മേലും ഊതി വാഴ്വിൻസ്തോത്രം പാടേണ്ടുന്നതാകുന്നു.

ക്രിസ്മനാൾ ഐക്യതയിൻ വായ്മൂലം
ഊതുവാനുള്ള ഏഴാം കാഹളവാചകം.

"പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകദൈവമായ സ്നേഹാത്മാവു ഞങ്ങളുടെ ഐക്യതയിൽ വച്ചിരിക്കുന്നു" ഇത്യാദി.

ഇപ്രകാരം ജനങ്ങളുടെ ശിരസ്സിനെ ഇരുകൈകൊണ്ടും പിടിച്ചു നെറുകയെ മണത്തു അവിടെ വായ്കൊണ്ടു ഊതി ഇരുകൈകൊണ്ടും വാഴ്ത്തി തലയെ മാറ്റിൽ ചേർത്തണച്ചുകൊള്ളണം. അപ്പോൾ അപ്പരസങ്ങൾ ക്രിസ്മനാളിന്റെ ബീജമായിരിക്കുന്നു. ജനങ്ങൾ സാക്ഷാൽ തനിക്കു തൽക്കാലം ജനിച്ച മക്കളും ആകുന്നു.

ഫലമതു ഇപ്രകാരമൊക്കെയും നിവൃത്തിച്ച ശേഷം ക്രിസ്മനാൾ ക്രോധകലശത്തിൽ നിന്നു ആദ്യം ശുശ്രൂഷക്കാർക്കും പിന്നീട് ജനങ്ങൾക്കും പകർന്നുകൊടുക്കേണ്ടതാകുന്നു. ഈ ഭക്ഷണപാനീയം അഗ്നിമയമാകയാൽ അതു പഴയ ജീവനെ ദഹിപ്പിച്ചുകളയും. എങ്കിലും ഒന്നിനാലും നഷ്ടപ്പെടാത്ത പുതിയ ജീവനെ ഉളവാക്കി ശരീരത്തെ പുതുപ്പിക്കുന്നതാകുന്നു.

ക്രിസ്മനാൾ ക്രോധകലശത്തിലുള്ള അപ്പരസങ്ങളായ
അഗ്നിബീജത്തെ കൊടുക്കുമ്പോൾ പകരേണ്ടുന്ന വാചകം.

"നിങ്ങൾക്കുവേണ്ടി ക്രൂശിന്മേൽ വച്ചു നുറുക്കിയ തിരുശരീരത്തിന്റെയും ഒഴുക്കിയ തിരുരക്തത്തിന്റെയും" ഇത്യാദി.

പിന്നീട് സ്തോത്രഗീതങ്ങൾ, പ്രാർത്ഥന, ആശീർവ്വാദം എന്നിവകളോടുകൂടെ ശുശ്രൂഷ അവസാനിപ്പിക്കണം.

18



യേശുമഹാരാജാവിന്റെ രാജ്ഞിയായ കന്നിറ്റി ഉണർവുസഭയാകുന്ന ആത്മമണവാട്ടിയുടെ ഏകൈക്യതയിൻ ജീവപുസ്തകം.
ഫ്രവ്വെ ഓഗസ്റ്റ് മാസം ഒൻപ-

ഇടവക	ദേശം	വീട്ട	പേരു	സ്ഥാനം	വേല
കന്നിററി	കൊല്ലക	പുത്തൻബംഗ്ലാവു	യുസ്താസു യോസേഫ്	പ്രധാ: തുശുശ്രൂഷക്കാ:	പാദതുശുശ്രൂഷ
ചെങ്കോളം	ചെങ്കൊളം	കുടാരപ്പള്ളി	തൊമ്മൻ മനശ്ശ	,, പ്രവാചകൻ	പ്രവചനം
കുലന്തൂർ	ഓമല്ലൂർ	ആലുമൂട്ട	ഈപ്പൻ എപ്രായിം	,, ,,	,,
മങ്കുഴി	മങ്കുഴി	മക്കിട്ടപ്പറമ്പു	മാത്തൻ ചെറിയാൻ	പ്രേരിതൻ	പ്രബോധനം
,,	,,	നെടുമ്പുറത്തു	യുസ്താസു യാക്കോബു	,,	,,
നിരണം	നിരണം	വെൺപറമ്പു	പെരുമാൽ ലൂക്കോസു	,,	,,
കന്നിററി	കൊല്ലക	പുത്തൻബംഗ്ലാവു	യുസ്താസു മത്തായി	,,	,,
പൂവത്തൂർ	പൂവത്തൂർ	പഴമ്പള്ളി	രാമച്ചൻ ചാണ്ടി	,,	,,
കന്നിററി	കൊല്ലക	പുത്തൻബംഗ്ലാവു	യുസ്താസുപീലിപ്പോസു	,,	,,
ചെങ്ങന്നൂർ	ചെങ്ങന്നൂർ	താഴേനത്തു	കോശി	,,	,,
കന്നിററി	കൊല്ലക	പുത്തൻബംഗ്ലാവു	യുസ്താസു യോഹന്നാൻ	,,	,,
കാത്തികപ്പള്ളി	ചേപ്പാട്		ഇട്ടി മാത്തൻ	,,	,,
കന്നിററി	കൊല്ലക	പുത്തൻബംഗ്ലാവു	യുസ്താസു സമുവേൽ	,,	,,
,,	കല്ലിട	ഇത്തിമല	കുഞ്ഞാക്കുണ്ടു കോശി	,,	,,
,,	തേവലക്കര	വിളയിത്താഴെ	യേശുദാസ: സമുവേൽ	,,	,,
ചെറുകോൽ	ചെറുകോൽ	ചെമ്പകശ്ശേരി	വക്കി ഇട്ടിക്കള	,,	,,
മങ്കുഴി	മങ്കുഴി	പാണ്ടി: പറമ്പിൽ	പേത്രൻ മത്തായി	,,	,,
ചെങ്കോളം	ചെങ്കൊളം	കുടാരപ്പള്ളി	തൊമ്മൻ മത്തായി	പട്ടക്കാരൻ	സഭോപരിപാല
,,	മീയണ്ണൂർ	ആലുവിള	ഗീവ: ഗീവറുഗീസു	,,	,, നം
കടമ്മനാട്ടു	കടമ്മനാട്ടു	കൽവട്ടക്കുഴി	ഗീവ: തോമാ	,,	,,
കായങ്കുളം	കായങ്കുളം	പട്ടിപ്പുരയ്ക്കൽ	പീലി: തോമാ	,,	,,

സംഘത്തിലെ പൊതുശ്രേഷ്ക്കാർ.

ഇടവക	ദേശം	വീട്ട	പേരു	സ്ഥാനം	വേല
കായങ്കുളം	കായങ്കുളം	മണങ്ങനഴിയത്തു	സഖറിയാ	പട്ടക്കാരൻ	സഭാപരിപാല
,,	പെരുങ്ങാല	കുന്നങ്കടവടക്കേ	നയനാ നയനാ [സു	,,	,, [നം
കാർത്തികപ്പള്ളി	ചേപ്പാട്ട	നാറാണത്തുവടക്ക	ച: ആലക: സംത്രയോ	,,	,,
കൊട്ടാരക്കര	കൊട്ടാരക്കര	കൈപ്പടെക്കൽ	മത്തായി മത്തായി	,,	,,
,,	,,	മുളമൂട്ടിൽ	ചെറി: തോമാ	,,	,,
കുണ്ടറ	കുണ്ടറ	മേലേതിൽ	കോശി തോമ:	,,	,,
ബഞ്ചിണി	ബഞ്ചിണി	പനച്ചമൂട്ട	ഗീവ: തോമാസ്സ്	,,	,,
പുതുപ്പള്ളി	കുഴിമറ്റം	കുന്നുകര	ഉലഹ: പീലിപ്പോസു	പ്രധ: കായ്സ്ഥൻ	മേൽവിചാരം
കുന്നിറ്റി	തേവലക്കര	വിളയിത്താഴെ	യേ: യോഹന്നാൻ	,, സിക്രട്ടെറി	,,
,,	കല്ലിട	ഇത്തിമല	കോ: കുഞ്ഞാക്കുണ്ടെ	,, മുതൽപിടി	,, [വി:
ചെങ്കൊളം	ചാത്തന്നൂർ	പൂത്തൻവീട്ട	കുഞ്ഞാണ്ടി ഗീവർഗീ	തെ: ഡി: കായ്സ്ഥ	തെ: ഡി: മെൽ
,,	,,	കൊല്ല: പടിഞ്ഞാറെ	കോശി കോശി [സു	,, ,, സിക്രട്ടെറി[ൻ	,, ,, ,,
,,	കൈതക്കുഴി	നെട്ട: പൂത്തൻവീട്ട	ഗീവ: ഗീവറുഗീസു	,, മുതൽപിടി	,, ,,
ചെറുകോൽ	ചെറുകോൽ	ഇഞ്ചെക്കൽ	ഇടിക്കള യോഹന്നാ:	പടി: ഡി: കാര്യസ്ഥ	പടി: ഡി: ,,
മങ്കുഴി	കറ്റാണം	മരുത്തോലി	മാ: നയിനാ	,, ,, സിക്രട്ടെറി[ൻ	,, ,, ,,
നിരണം	മേപ്രാ	പൂതിയോട്ടുമേടയിൽ	ജൊർജ്ജ	,, ,, മുതൽപിടി	,, ,, ,,
പുവത്തൂർ	പുവത്തൂർ	കുന്നുമ്പുറം	കുഞ്ഞുമ്മൻ	കിഴ. ഡി. കായ്യ.	കിഴ: ഡി: ,,
കവുങ്ങുംപ്രയാർ	കവുങ്ങുംപ്രയാർ	കണയത്തു	ഉമ്മൻ ഉമ്മൻ	,, ,, സിക്രട്ടെറി	,, ,, ,,
പുറമറ്റം	മേലുകര	കുറുന്തോട്ടിക്കൽ	കൊച്ചിട്ടി നയനാ	,, മുതൽപിടി	,, ,, ,,

19

ഒന്നാമത്.



൧൯൨൨ ഓഗസ്റ്റ് : ൨൩ ന-ക്ക
൧൦൪൫ ചിങ്ങം : ൯. വെള്ളി.

പൊതുസംഘം മങ്കുഴിയിൽ വച്ചു കൂടി.

അദ്ധ്യാസനനും അവയവങ്ങളും.

൧. അദ്ധ്യാസനൻ. ആറാണ്ടിന്നാത്മാവാം ഐക്യരൂയിന്നാത്മാവാകുന്ന വേദാത്മാവു.

൨. പാദസ്തുശ്രൂഷക്കാരൻ. യൂസ്സുയോസേഫ്

൩. ദേവകാഹളക്കാരൻ ഈപ്പച്ചൻ

ബോധകന്മാർ.

൧. യോഹന്നാന്റെ നാമത്തിൽ വിളിക്കപ്പെട്ട യൂസ്സു യാക്കോബു

൨. പൌലിന്റെ നാമത്തിൽ ടി ചെമ്പകശ്ശേരി വക്കി ഇടിക്കള

൩. യാക്കോബിന്റെ നാമത്തിൽ ടി വെണ്ണാമ്പിൽ പെരുമാൾ ലൂക്കോസു

൪. പത്രോസിന്റെ നാമത്തിൽ ടി പറമ്പിൽ മാത്തൻ ചെറിയാൻ

൫. അന്ത്രയോസിന്റെ നാമത്തിൽ ടി നാലക്കലേത്തു ഇട്ടി മാത്തൻ

൬. പഴമ്പള്ളിൽ രാ: ചാണ്ടി

൭. താഴേനത്തു വ: കൊച്ചുകോശി

൮. തെവലക്കര വിളയിൽ താഴെ യേ: ശമുയേൽ

൯. പുത്തൻ ബംഗ്ലാവു യു: ശമുയേൽ

൧൦. ടി യു: പീലിപ്പോസു

൧൧. ടി യു: യോഹന്നാൻ

൧൨. കൊല്ലക്കാരൻ കുഞ്ഞാക്കാണ്ട കോശി

പട്ടക്കാർ.

൧൩. കുടാരപ്പള്ളിൽ തോ: മത്തായി കത്തനാർ

൧൪. മണപ്പുറത്തു ഉ: ശീവറുഗീസു ,,

൧൫. കൽവെട്ടാങ്കുഴി ഗീ: തോമാ ,,

൧൬. പടിപ്പുരയ്ക്കൽ ഫീ: തോമാസു ,,

൧൭. മണക്കനഴിയത്തു സഖറിയാ ,,

൧൮. കുന്നുകുടവടക്കതിൽ നൈനാ ,,

൧൯. നാറാണത്തു ച: ആലക്സന്ത്രയോസു ,,

൨൦. കല്ലടയ്ക്കൽ മ: മത്തായി ,,

൨൧. പനമൂട്ടിൽ ഗീ: തോമാസു ,,

൨൨. മുളമൂട്ടിൽ ചെ: തോമാ ,,

൨൩. (പുന്തലെ) ,,

൨൪. മേലേതിൽ കോശി തോമാ ,,

തലവന്മാർ

൨൫. കുന്നുകരെ ഉ: ചീലിപ്പോസു
൨൯. കൊല്ലക്കാരൻ കോ: കുഞ്ഞാക്കാണ്ടേ
൩൦. പുത്തൻവീട്ടിൽ കുഞ്ഞാണ്ടി ഗീവറുഗീസു മുതലാളി
൩൧ കൊല്ലക്കാരൻ കോശി കൊച്ചുകോശി മുതലാളി
൩൨. നെടുഞ്ചിറ പുത്തൻവീട്ടിൽ ഗീവറുഗീസു ഉമ്മസ്സാവു.
൩൩. ഇഞ്ചസ്സൽ ഇടിക്കുള യോഹന്നാൻ
൩൪. വല്യവീട്ടിൽ നൈനാ
൩൫. പുതിയാട്ട മേടയിൽ ജോഷ്വ
൩൬. പഴമ്പള്ളിൽ രാ: യാക്കോബു
൩൭. കണയത്തു ഉമ്മൻ വിചാരിപ്പുകാർ
൩൮. കുറുന്തോട്ടികൽ കൊല്ലക്കാരൻ കൊച്ചിട്ടി നൈനാ.

ഐക്യതയിന്നാത്മാവിന്റെ ഭരണശക്തിയേക്കുറിച്ചു യുസ്സുസ്സയോ സേഫിനാൽ എഴുതിയുണ്ടാക്കിയ ൨൮ സംഗതികളായ ഐക്യതയിന്നാത്മാവിന്റെ വെളിപ്പാടുകൾ വായിക്കപ്പെട്ടുകയും കൊല്ലക്കാരൻ കുഞ്ഞാക്കാണ്ടേ കോശിയേ കാട്ടംഭാഗത്തു ചാക്കുസ്സു വകരം പ്രേരിതനായി നിയമിച്ചു ഹസ്സാപ്പണം കഴിക്കയും ൨൮ന്നാം ദിവസങ്ങളിലുള്ള അരകെട്ടി ഉപവാസത്തെ സംബന്ധിച്ചു പറഞ്ഞു ആയതിനെ സ്ഥിരപ്പെടുത്തുകയും ദശാംശം എടുക്കുന്നതിനെക്കുറിച്ചു ആലോചിച്ചു ആയതിനെ നിയമിക്കയും സഭകളിലുള്ള ശുശ്രൂഷക്കാരെ ശോധന ചെയ്തു സ്ഥിരപ്പെടുത്തുവാൻ ബോധകന്മാരെ ഏല്പിക്കുകയും ചെയ്തു. എന്നു

യുസ്സുസ്സയോസേഫ്.

20

രണ്ടാമത്തു്.

൧൮൨൧ ഒക്ടോബർ: ൨൩-ക്കു ൧൦൫൫ തുലാം ൧൦ വെള്ളി.

പൊതുസംഘം കന്നീറ്റിൽ കൂടി.

വാദശുശ്രൂഷക്കാരൻ ദേവകാഹളക്കാരൻ ബോധകന്മാർ പട്ടക്കാർ തലവന്മാർ എന്നിവരേക്കൂടാതെ നാനാവിധപ്പെട്ടുള്ള എല്ലാ സഭയിൽ നിന്നും സഭാപ്രമാണികളായിട്ടു ഉദ്ദേശം ൧൫൦ ജനങ്ങളും വന്നിരുന്നു. യുസ്സുസ്സയോസേഫിന്റെ മകൻ ദാനിയേലിന്റെ വിവാഹത്തിനുള്ള വിരുന്നു അത്രേ സംഘം കൂടിയതിന്റെ സാദ്ധ്യം. നിത്യവിവാഹാനന്തരം വകയിൽ നമ്മുക്കു യുസ്സുസ്സയോസേഫിന്റെ ശുശ്രൂഷയെ സംബന്ധിച്ചു ൨൮ സംഗതികളായ ഐക്യതയിന്നാത്മാ

ഖിന്റെ വെളിപാടുകൾ വായിക്കപ്പെടുകയും ഭക്ഷണാനന്തരം സംഘം പിരിയുകയും ചെയ്തു. ഏന്നു

യൂസ്തൂസുയോസേഫ്.

മൂന്നാമത്.

ഫവുന്റെ ജനുവരി വ മുതൽ ഫം വരെ.
ഫംതിര ധനു വന്ന മുതൽ വവ വരെ.
ബുധൻ മുതൽ വെള്ളി വരെ.

പൊതുസംഘം മങ്കഴിയിൽ കൂടി.

പാദശുശ്രൂഷക്കാരൻ, ദേവകാഹളക്കാരൻ, ബോധകന്മാർ, പട്ടക്കാർ, തലവന്മാർ എന്നീ അവയവങ്ങളോടു കൂടെ അഗ്രാസനനാകുന്ന ആറാണ്ടിന്നാത്മാവായ ഐക്യതയിന്നാത്മാവും വേദാത്മാവിന്റെ വിളക്കത്തോടു കൂടെ ബുധനാഴ്ചയും വ്യാഴാഴ്ചയും സംഘാലോചനയുണ്ടായി.

ആലോചിച്ചു നിശ്ചയിച്ച നിയമങ്ങൾ.

ക. പൊതുസംഘം ഡിവിഷ്യൻസംഘം ഇടവകസംഘം ഇങ്ങിനെ മൂന്നു പ്രകാരം ആലോചനസംഘം വേണമെന്നും സംഘത്തിന്റെ അഗ്രാസനനും പാദശുശ്രൂഷക്കാരനും ദേവകാഹളക്കാരനും കഴികെ പൊതുസംഘത്തിന്റെ അവയവങ്ങൾ ബോധകന്മാർ പട്ടക്കാർ തലവന്മാർ എന്നിവരും; ഡിവിഷ്യൻ സംഘത്തിന്റെ അവയവങ്ങൾ നു ബോധകന്മാർ നു പട്ടക്കാർ നു തലവന്മാർ പോകെ ഇടവകക്കായ്സ്ഥൻ മുതലായ സഭാപ്രമാണികളും സഭയിലെ ഉപദേശിമാരും ഇടവകസംഘത്തിന്റെ അവയവങ്ങൾ ഒരു ബോധകൻ ഒരു പട്ടക്കാരൻ ഒരു തലവനു നീക്കി കായ്സ്ഥൻ മുതലായ സഭാപ്രമാണികളും ഐക്യകുടുംബത്തലവന്മാർ ഇക്കയും ആയിരിക്കണം എന്നും നിശ്ചയിച്ചിരിക്കുന്നു.

ഖ. പൊതുസംഘം ആണ്ടിൽ രണ്ടു പ്രാവശ്യവും ആയതു ഒന്നു കന്നീററിലും മറേറതു മങ്കഴിയിലും ആകണം എന്നും ഡിവിഷ്യൻ സംഘവും ഇടവകസംഘവും ആയവ കൂട്ടുമ്പോൾ നിശ്ചയിക്കേണ്ടതാകുന്നു എന്നും നിയമിച്ചിരിക്കുന്നു.

ന. കീഴക്കേ ഡിവിഷ്യൻ സംഘം പുവത്തൂർ വച്ചു മകരം ഫനു ബുധനാഴ്ചയും, പടിഞ്ഞാറെ ഡിവിഷ്യൻ സംഘം മകരം വരു നു ബുധനാഴ്ചയും തെക്കെ ഡിവിഷ്യൻസംഘം കുംഭം വ നു ബുധനാഴ്ചയും ഒന്നാമതായിട്ടു ഏട്ടുപ്പെട്ടത്തണ്ടന്നതാകുന്നു.

ഴ. ആണ്ടിൽ രണ്ടു പ്രാവശ്യം ആയതു ചിങ്ങം വൃശ്ചികം മകരം മേടം എന്ന മാസങ്ങൾ മുതൽ തന്നെ എല്ലാ ഐക്യകുടുംബങ്ങളിലുമുള്ള ദ

ശാംശപ്പിരിവിനു ജീവവിവരപ്പത്രിക എഴുതുകയും വരുന്ന മീനമാസം നാഠ നു-ക്കുകം എല്ലാ സഭയിലുമുള്ള ഐക്യകണ്ഡംബങ്ങൾക്കു ജീവപത്രികയും ദശാംശപ്പിരിവിനു ജീവവിവരപത്രികയും എഴുതിത്തീർത്തു സഭാപുസ്തകത്തിൽ നിന്നു ഡിവിഷ്യൻപുസ്തകത്തിൽ പകർത്തി എല്ലാ ഒപ്പുകളും കണക്കുകളും മറ്റും ചട്ടപ്പെടുത്തുകയും പൊതുപുസ്തകത്തിൽ എഴുതപ്പെടുവാൻ തക്കവണ്ണം തയ്യാപ്പെടുത്തുകയും ചെയ്യേണ്ടുന്നതാകുന്നു.

൪. ദശാംശത്തിൽ ദശാംശം അഹരോനായ മെൽക്കിസദേക്കിന്നും ദശാംശത്തിൽ നാലാംശം ആചാര്യന്മാരായ മെൽക്കിസദേക്കിൻ മക്കൾക്കും ദശാംശത്തിൽ അഞ്ചാംശം ലേവ്യരായ സഭാശുശ്രൂഷക്കാർക്കും ആകുന്നു. പൊതുമുതൽപിടി മെൽക്കിസദേക്കിന്നും ഡിവിഷ്യൻ മുതൽപിടി ആചാര്യന്മാർക്കും സഭാമുതൽപിടി ലേവ്യർക്കും ഉള്ളതാകുന്നു.

൫. സംഘം ഡിവിഷ്യൻ സഭാ എന്ന സ്ഥലങ്ങളിൽ ഓരോ കാര്യവും കലവറക്കാരും വേണ്ടുന്നതാകുന്നു.

൬. യാക്കോബുബോധകരേയും ചെമ്പകശേരി ഇടിക്കുള ബോധകരേയും ലൂക്കോസുബോധകരേയും മൂന്നു ഡിവിഷ്യനിലും നടത്തിപ്പുകാരായി നിയമിക്കേണ്ടുന്നതാകുന്നു.

൭. വിവാഹം കഴിഞ്ഞാൽ ആത്മാവു അന്നവാളം കൊടുക്കുന്നതുവരെ സ്ത്രീപുരുഷന്മാർ അരകെട്ടി ഉപവാസത്തോടെ ഇരിക്കേണ്ടുന്നതാകുന്നു.

വെള്ളിയാഴ്ച പ്രസംഗാനന്തരം ഉഭയതത്വവും ഏകമൂത്തിയുമുള്ള മനുഷ്യനെക്കുറിച്ചു യൂസുസുയോസേഫിനാൽ എഴുതി ഉണ്ടാക്കിയ ഒരു സംഗതികളായ ഐക്യതയിന്നാത്മാവിന്റെ വെളിപ്പാടുകൾ വായിക്കപ്പെട്ടു. അന്നു വൈകിട്ടു ഭക്ഷണാനന്തരം സംഘം പിരിഞ്ഞു. എന്നു

യൂസുസുയോസേഫ്.

ഒന്നാം സംഘം.

കൃപയുടെ ജനുവരി ഒന്നു-ക്കു
ഹിജിര മകരം ഒന്നു-

കീഴക്കേ ഡിവിഷ്യൻസംഘം പൂവത്തൂർവച്ചു കൂടി
സംഘത്തിന്റെ അഗ്രാസനരും അവയവങ്ങളും.

൧. അഗ്രാസനർ. ആറാണ്ടിന്നാത്മാവാം
ഐക്യതയിന്നാത്മാവാകുന്ന വേദാത്മാവു
൨. പാദശുശ്രൂഷക്കാരൻ. യൂസുസുയോസേഫ്
൩. ദേവകാഹളക്കാരൻ. ഈപ്പച്ചൻ

ബോധകന്മാർ.

൪. പ്രേരിതൻ യൂ: യാക്കോബു
൫. പ്രേ: പഴമ്പള്ളി ചാണ്ടി
൬. പ്രേ: താഴേനത്തു കോശി

പട്ടക്കാർ

൭. പനച്ചമൂട്ടിൽ തോമ്മാക്കത്തനാർ
൮.
൯.

ഉപബോധകന്മാർ

൧൦. ചെറത്താണത്തു കുരുവിള
൧൧. സത്യദാസൻ

സഞ്ചാര ഉപദേശിമാർ

൧൨. പേത്രൻ യോഹന്നാൻ
൧൩. അയിപ്പുതോമ്മ

ഡിവിഷ്യൻ തലവന്മാർ

൧൪. മങ്ങാട്ട യാക്കോബു
൧൫. കണിയത്തു ഉമ്മൻ
൧൬. കുറുന്തോട്ടിയ്ക്കൽ കൊച്ചിട്ടി നൈനാ

(൧) പൂവത്തൂർ സഭയിൽ നിന്നും

൧൭. ചെറത്താണത്തു മത്തായി
൧൮. കുന്നംപുറത്തു കുഞ്ഞുമ്മൻ
൧൯. കുമ്പനാട്ട മാമ്മൻ
൨൦. കൊച്ചുമണ്ണിൽ സ്ക്കറിയാ
൨൧. മങ്ങാട്ട മാത്തൻ

(൨) മേലുകരസഭയിൽ നിന്നും

൨൨. കാവുംതുണ്ടി മത്തായി
൨൩. തുണ്ടിയിൽ ഉമ്മൻ

(൩) അയിരൂർ സഭയിൽനിന്നും

൨൪. ആലുംമൂട്ടിൽ ലൂക്കോസു
൨൫. പുത്തേത്തു ചാണ്ടി
൨൬. പൊരുനല്ലൂർ കോശി

(൪) കവുംങ്ങുംപ്രയാറു സഭയിൽ നിന്നും

൨൭. കൈപ്പുഴേടത്തു മാത്തുണ്ണി
൨൮. ചെറുവള്ളിൽ കോശി
൨൯. മീഞ്ചെറ ചെറിയാൻ
൩൦. മണ്ണേട്ട ചാക്കൊ
൩൧. ചെറുപറമ്പിൽ തോമാ
൩൨. ഉഴുപ്പുടിക്കൽ പീലിപ്പോസു

(ഒ) ഏലന്തൂർ സഭയിൽ നിന്നും

൩൩. താഴയിൽ തൊമ്മി

൩൪. പുത്തേത്തു ചാണ്ടി

൩൫. ചേറുകടവിൽ മാത്തൻ

൩൬. മലയിൽ ഇട്ടി

(൩) ഓമല്ലൂർ സഭയിൽ നിന്നും

൩൭. മേലേതിൽ കൊച്ചുകുഞ്ഞു

൩൮. മണ്ണിൽ കൊച്ചുകുഞ്ഞു.

൩൯. വല്യവീട്ടിൽ വക്കി

(൪) പുന്തല സഭയിൽ നിന്നും

൪൦. മാമ്പിള്ളാലി ഇടിക്കള

൪൧. മുണ്ടകത്തു വടക്കതിൽ കോശി

(൫) വെണ്മണി സഭയിൽ നിന്നും

൪൨. പള്ളത്തു കോശി

൪൩. കുഞ്ഞുമണിക്കാവിൽ ഉമ്മൻ

൪൪. കൊഴമണ്ണിൽ ഗീവറുഗീസു

(൬) ചെങ്ങന്നൂർ സഭയിൽ നിന്നും

൪൫. കിഴക്കേതിൽ ചെറിയാൻ

൪൬. താഴേനത്തു പുന്നൂസു

ഒന്നാവതു്. സംഘത്താൽ ആലോചിച്ചു നിശ്ചയിച്ച നിയമങ്ങൾ.

൧. ഈ ഡിവിഷ്യൻ സംഘം ആണ്ടിൽ ൩ പ്രാവശ്യവും ആയതു ചിങ്ങം, ധനു, മേടം എന്ന മാസങ്ങളിലും കൂടേണ്ടതാകുന്നു.

൨. ഇടവകക്കമ്മട്ടി അവശ്യമാകുന്നു. ആയതു അയിരൂരും മേലുകരയും കൂടിയ പുവത്തൂർ ഇടവകയിൽ രണ്ടും ശേഷം ഒന്നു കൊന്നുംപ്രയർ ൨ ഏലന്തൂരും ഓമല്ലൂരും ൩ വെണ്മണിയും പുന്തലയും ൪ ചെങ്ങന്നൂരും ഈ നാലു ഇടവകകളിലും ഓരോന്നും വേണ്ടതാകുന്നു. ഇങ്ങിനെ ൪ ഇടവകക്കമ്മട്ടി ഓരോ ഇടവകയിലും വേണ്ടതാകുന്നു. ഡിവിഷ്യൻവകെക്കും ഇടവകയിലേക്കും പൊതുസ്ഥലങ്ങൾ ആവശ്യം. ഡിവിഷ്യൻസ്ഥലം പുവത്തൂരിലും ഡിവിഷ്യൻ സംഘമഠം വകയ്ക്കു ൨൦൦ രൂപയും വേണ്ടതെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഈ കാര്യത്തെ സംബന്ധിച്ചു ഇടവകയിലും ഇടവകസംഘത്തിലും ആലോചിക്കേണ്ടതാകുന്നു.

൩. ഇടവകക്കമ്മട്ടി ഏർപ്പെടുത്തുകയും ഒന്നാമതും രണ്ടാമതും ആയിട്ടുള്ള ദശാംശപ്പിരിവുകളെ ക്രമപ്പെടുത്തുകയും എല്ലാ ഐക്യകുടുംബങ്ങളിലും വിരുന്നു നടത്തുകയും ചെയ്യേണ്ടുന്നതിനു മൂന്നു ഡിവിഷ്യൻ തലവന്മാരെയും മൂന്നു ഇടവകപ്പട്ടക്കാരെയും മൂന്നു ബോധകന്മാരെയും നിയമിച്ചിരിക്കുന്നതിനാൽ വരുന്ന കുംഭമാസം ൨൦ നു-ക്കകം ഇവ ഒക്കയും അവർ നിവൃത്തിക്കയും നിവൃത്തിപ്പിക്കയും ചെയ്യേണ്ടു

ന്നതാകുന്നു. അതിനു യാക്കോബ്യുബോധകരെ നടത്തിപ്പുകാരനായി നിയമിച്ചിരിക്കുന്നു.

൨. ചേപ്പാട്ടിലെ അച്ചൻ കവുങ്ങുംപ്രയാർ ഇടവകപ്പട്ടക്കാരനായും പുവത്തൂർ കൂടി നോക്കിക്കൊള്ളുന്നതിനും നിയമിക്കപ്പെട്ടിരിക്കുന്നു.

൩. വെണ്മണിയിലച്ചനെ ഏലന്തൂർ ഇടവകപ്പട്ടക്കാരനായും പുന്തലെ അച്ചനെ വെണ്മണി ഇടവകപ്പട്ടക്കാരനായും ഏർപ്പെടുത്തിയിരിക്കുന്നു.

൪. യാക്കോബ്യുബോധകരെ ഈ അഞ്ചു ഇടവക മുഴുവനും ചാണ്ടി ബോധകരെ പുവത്തൂർ കവുങ്ങുംപ്രയാർ എന്നീ ഇടവകകളിലും കോശിബോധകരെ ചെങ്ങന്നൂർ, വെണ്മണി, ഏലന്തൂർ എന്നീ ഇടവകകളിലും നിയമിച്ചിരിക്കുന്നു. ചെറുതാണത്തു കുരുവിളബോധകരെ പുവത്തൂർ കവുങ്ങുംപ്രയാർ എന്നീ ഇടവകകളിലും നിയമിച്ചിരിക്കുന്നു.

൫. വിചാരിപ്പുകാരെ കവുങ്ങുംപ്രയാറു ഇടവകയിലും ചാക്കോച്ചനെ പുവത്തൂർ, ചെങ്ങന്നൂർ, വെണ്മണി എന്നീ ഇടവകകളിലും കൊച്ചിട്ടിനൈനാച്ചനെ ഏലന്തൂർ, അയിരൂർ, മേലുകര മുതലായ സ്ഥലങ്ങളിലും നിയമിച്ചിരിക്കുന്നു.

൬. വടക്കൻ ഉപദേശിയാരെ കീഴക്കേ ഡിവിഷ്യനിൽ ജാതികൾക്കു ഉപദേഷ്ടാവായിട്ടു ആക്കിയിരിക്കുന്നു. ഡിവിഷ്യൻ സംഘത്തിന്റെ അവയവമാകയാൽ ഡിവിഷ്യൻ മുതൽപിടിയിൽ നിന്നു സഹായിക്കേണ്ടുന്നതാകുന്നു.

൭. സാമൂഹ്യസ്ഥിതിക്കു സാക്ഷാൽ കടക്കാരനു എന്നു പറയുമ്പോൾ മുതൽ ഒന്നുമില്ലാത്ത കടക്കാരനു കടം കൊടുത്തവൻ ഇല്ലുവിടേണ്ടുന്നതിനു ജീവകരുണയിൻപത്രം അവനു കൊടുക്കേണ്ടുന്നതാകുന്നു. എന്നാൽ ഈ പത്രം കിട്ടേണമെങ്കിൽ ഇടവക സാക്ഷിയോടു കൂടെ വരേണ്ടുന്നതാകുന്നു.

൮. കവുങ്ങുംപ്രയാറു ഇടവകയിലുള്ള അപ്പക്കോട്ട മാത്തുണ്ണി ആ താണ്ടിനാത്മാവിന്റെ നിത്യജീവമയമായ ആത്മാക്ഷരത്തെ നിഷേധിച്ചിട്ടുള്ള ഉപദേശം സഭയിലും പുറത്തും പ്രസംഗിച്ചു എന്ന അനേകം സാക്ഷികൾ തെളിവായതിനാൽ അഗ്രാസനർ ദേവകാഹളക്കാരൻ ഈപ്പച്ചന്റെ വായ്മൂലം സഭയിൽ നിന്നു അയാളെ ഏഴുമാസത്തേക്കു പുറത്താക്കണം എന്നു കല്പിക്കയാൽ സഭ ടി മാത്തുണ്ണിയുടെ ആത്മാവു യേശുക്രിസ്തുവിന്റെ നാളിൽ രക്ഷിക്കപ്പെടേണ്ടുന്നതിനു ജഡസംഹാരത്തിന്നായിട്ടു ഇന്നു (മകരം ൧൯-) മുതൽ അയവധിയോളം സാത്താനേ ഏല്പിച്ചിരിക്കുന്നു.

കൂടിയ സംഘത്തിൽ നടന്ന ക്രമങ്ങൾ.

സംഘം പത്തു മണിക്കു കൂടി. ൫ൽ മണിക്കു പിരിഞ്ഞു. ആദ്യം ശുശ്രൂഷ ആരംഭിച്ചു ഗ്രന്ഥദോഷം മാറ്റുന്നതു യാക്കോബ്യുസഹം ഗ്രന്ഥദോ

ഷാനന്തരം പ്രാർത്ഥിച്ചതു ഈപ്പച്ചനും ആയിരുന്നു. പിന്നീടു മുതൽക്കു സംഘാലോചന പ്രാർത്ഥനാപൂർവ്വം ആരംഭിച്ചു. സംഘത്തിലെ അവയവങ്ങളിൽ ചേപ്പാട്ടു അച്ചനും കുഞ്ഞുമണിക്കാവു ഉമ്മനും കിഴക്കേതിൽ ചെറിയാനും താഴേനത്തു പുന്നൂസും വല്യവീട്ടിൽ വക്കിയും ഈ അഞ്ചുപേർ സംഘത്തിൽ വരുവാൻ ഇടയായില്ല. യു: യാക്കോബു ബോധകരുടെ പ്രാർത്ഥന കഴിഞ്ഞു അനുഗ്രഹാനന്തരം സംഘം പിരിഞ്ഞു. എന്നു;

യൂസ്സൂസു യോസേഫ്.

ഒന്നാമതു. ഫ്രഞ്ചിൻ ഫിബ്രുവരി ഒന്നു-ക്കു ക്രിസ്തു മകരം പന്ത്രണ്ടു ബുധനാഴ്ച.

പടിഞ്ഞാറെ ഡിവിഷ്യൻ സംഘം ചെറുകോൽ വച്ചുകൂടി.
സംഘത്തിന്റെ അഗ്രാസനരും അവയവങ്ങളും.

---

൧. അഗ്രാസനർ. ആറാണ്ടിന്നാത്മാവാകുന്ന ഐക്യതയിന്നാത്മാവും വേദാത്മാവു.
൨. പാദപ്രക്ഷാളകക്കാരൻ. യു. യോസേഫ്
൩. ദേവകാഹളക്കാരൻ. ഈപ്പച്ചൻ

ബോധകന്മാർ

൪. പ്രേ: യു: യാക്കോബു
൫. പ്രേ: പ: ലൂക്കോസു
൬. പ്രേ: യു: യോഹന്നാൻ
൭. പ്രേ: ഇട്ടിമാത്തൻ

പട്ടക്കാർ

൮. പടിപ്പുരെക്കൽ തോമാസു കത്തനാർ
൯. മണങ്ങനഴിയത്തു സഖറിയ ,,
൧൦. കുന്നുകുട വടക്കേതിൽ നൈനാ ,,
൧൧. നാറാണത്തു ആലക്കൽ സ്ത്രയോസു ,,

തലവന്മാർ

൧൨. ഇഞ്ചക്കൽ ഇടിക്കള യോഹന്നാൻ
൧൩. മരത്തോളിൽ മാത്തൻ നൈനാ
൧൪. പുതിയോട്ടു മേടയിൽ ജോർജ്ജ്

(൨) മംകഴിസഭയിൽ നിന്നും.

൧൫. കോലെക്കളങ്ങര പീലിപ്പോസു
൧൬. കീറുപിറത്തു ദാനിയേൽ
൧൭. തെക്കുടക്കത്തു മാത്തൻ
൧൮. ചൊനാ: വല്യവീട്ടിൽ കിഴ്യാൻ

(൨) കായംകുളം സഭയിൽ നിന്നും.

൧൯. പുത്തൻവീട്ടിൽ ഉമ്മൻ
൨൦. വല്യവീട്ടിൽ പീലിപ്പോസു
൨൧. അലുംമൂട്ടിൽ യോഹന്നാൻ
൨൨. തറയിൽ ഇട്ടിമുപ്പൻ
൨൩. പായിക്കാട്ട ചെറിയാൻ
൨൪. തറയിൽ കൊച്ചിക്കാ

(൩) ചെപ്പാട്ട സഭയിൽ നിന്നും

൨൫. മുളവനെ ഗീവറുഗീസു
൨൬. ആയുക്കാട്ട തോമാ

(൪) കാർത്തികപ്പള്ളി സഭയിൽ നിന്നും

൨൭. കളക്കാട്ട ഇടിക്കുള
൨൮. പാണ്ട്യാലയ്ക്കൽ യോഹന്നാൻ
൨൯. പന്നച്ചമുട്ടിൽ പോത്ത
൩൦. പുളിമൂട്ടിൽ വടക്കതിൽ കോശി

(൫) ചെറുകോൽ സഭയിൽ നിന്നും.

൩൧. ഇഞ്ചെക്കൽ കൊച്ചുകോശി
൩൨. കിളിയമ്മനത്ര അയിപ്പു
൩൩. കാരാഞ്ചേരിൽ ഗീവറുഗീസു
൩൪. തോട്ടാത്തു ചെറിയാൻ
൩൫. അലുംമൂട്ടിൽ പാനോസു

(൬) നിരണം സഭയിൽ നിന്നും

൩൬. ചെമ്പിൽ മൈനാ
൩൭. കരമല്ലൂരി ഇടിക്കുള
൩൮. വെൺപാമ്പിൽ ചെറിയാൻ
൩൯. കിണറുകര തൊമ്മി.
൪൦. ആകേരിൽ ചാക്കൊ

(൭) അമിച്ചേരിസഭയിൽ നിന്നും

൪൧. തിരുവാറാൽ തയ്യൻ
൪൨. വാടയ്ക്കൽ പീലിപ്പോസു

(൮) മേപ്രാ സഭയിൽ നിന്നും

൪൩. മണമേൽ ചെറിയ
൪൪. പുറമ്പള്ളി കോരുള
൪൫. മണലിൽ മാത്തു

൧൯൦൯ാമതു. സംഘത്താൽ ആലോചിച്ചു നിശ്ചയിച്ച നിയമങ്ങൾ.

൧. ഈ ഡിവിഷ്യൻ സംഘം ആവശ്യവും ആയതു അണ്ടിൽ മുന്നു പ്രാവശ്യം വേണ്ടതും ചിങ്ങം, ധനു, മേടം എന്ന മാസങ്ങൾ മുതൽ ആയതു നടത്തേണ്ടതുമാകുന്നു.

൨. ഇടവകസംഘം ആവശ്യമാകുന്നു. ആയതു ഒന്നു മങ്കുഴിയിലും, രണ്ടു കായംകുളത്തും, മൂന്നു ചേപ്പാട്ടും, കാത്തികപ്പള്ളിലും ക്രൂടിയും നാലു ചെറുകോലിലും, അഞ്ചു നിരണത്തും, ആറു അമിച്ചേരിലും മേപ്രായും ക്രൂടെയും ഇങ്ങനെ ആറു ഇടവകസംഘം ഏർപ്പെട്ടുത്തി നടത്തിക്കേണ്ടുന്നതാകുന്നു.

൩. ഡിവിഷ്യൻ സംഘാലോചനസ്സും ഇടവക സംഘാലോചനസ്സും കലവറസ്സും ആയിട്ടു ഓരോ ഇടവകയിൽ ഓരോ സംഘമാവും പൊതു വകസ്സും ഡിവിഷ്യൻ വകസ്സും ആയിട്ടു മങ്കുഴിയിൽ നെടുമ്പുറത്തു ഒരു പൊതു സംഘമാം ആവശ്യവും ആ കാര്യങ്ങൾക്കു ദശാംശപ്പിരിവിൽ നിന്നുള്ള ഓട്ടുസാമാനങ്ങൾ ഉപയോഗിക്കുന്നതു പോകെ ശേഷമുള്ള ചിലവുവകസ്സു ഇടവകസംഘം ക്രൂടുമ്പോൾ ആലോചിക്കേണ്ടുന്നതുമാകുന്നു.

൪. കിഴക്കെ ഡിവിഷ്യനിൽ ആലോചിച്ചു നിശ്ചയിച്ചിരിക്കുന്ന പ്രകാരം നാരാണത്തു ആലക്സന്ത്രയോസു അച്ചനെ കിഴക്കെ ഡിവിഷ്യനിൽ കവുങ്ങുന്പുറം ഇടവകപ്പട്ടക്കാരനായിട്ടു ഇരിപ്പാൻ സംഘം അനുവദിച്ചിരിക്കുന്നു.

തെക്കേതിൽ അച്ചനെ കായംകുളത്തും കാത്തികപ്പള്ളിലും ഇടവകപ്പട്ടക്കാരനായിട്ടും പെരുങ്ങാല അച്ചനെ മങ്കുഴിയിലും ചെറുകോലും ഇടവകപ്പട്ടക്കാരനായിട്ടും മണങ്ങനഴിയത്തു അച്ചനെ നിരണത്തും അഞ്ചേരിലും ഇടവകപ്പട്ടക്കാരനായിട്ടും നിയമിച്ചിരിക്കുന്നു.

൫. ലൂക്കോസു ബോധകരെ കായംകുളത്തും നിരണത്തും ഇട്ടിമാത്തൻ ബോധകരെ കാത്തികപ്പള്ളിലും യോഹന്നാൻ ബോധകരെ മങ്കുഴിയിലും ചെറുകോലും നിയമിച്ചിരിക്കുന്നു.

൬. ഇഞ്ചക്കൽ ഇടിക്കള യോഹന്നാനെ ചെറുകോലും കാത്തികപ്പള്ളിലും മരത്തോളിൽ നൈനായെ മങ്കുഴിയിലും കായംകുളത്തും മേടയിൽ ജോർജ്ജിനെ നിരണത്തും നിയമിച്ചിരിക്കുന്നു. ഇവർ കുംഭമാസം ൨൦൯൰-ക്കകം എല്ലാ ഐക്യകുഡുംബങ്ങളിലും ചിരുന്നു കഴിപ്പിക്കയും രണ്ടാമത്തെ ദശാംശപ്പിരിവു നിവൃത്തിക്കയും ഇടവകസംഘം ഏർപ്പെടുത്തുകയും ചെയ്തുണ്ടുന്നതാകുന്നു.

൭. സാമൂഹ്യസ്ഥിതിസ്സു സാക്ഷാൽ കടക്കാരനു എന്നു പറയുമ്പോൾ ഒന്നുമില്ലാത്ത കടക്കാരനു കടം കൊടുത്തവൻ ഇളച്ചു വിടേണ്ടുന്നതിനു ജീവകരുണയിൻ പത്രം അവനു കൊടുക്കേണ്ടുന്നതാകുന്നു. എന്നാൽ ഈ പത്രം കിട്ടേണമെങ്കിൽ ഇടവകസാക്ഷിയോടു ക്രൂടെ ചെരേണ്ടുന്നതാകുന്നു.

ക്രൂടിയ സംഘത്തിൽ നടത്തിയ ക്രമങ്ങൾ.

സംഘം പത്തു മണിക്കു ആരംഭിച്ചു. ഏകദേശം ൧൧ മണിക്കു പിരിഞ്ഞു. ആദ്യം ശുശ്രൂഷ ആരംഭിച്ചു ഗ്രണദോഷം പറഞ്ഞതു യൂസ്സു യോസേഫും ഗ്രണദോഷാനന്തരം പ്രാർത്ഥിച്ചതു ഈപ്പച്ചനും ആ

യിരുന്നു. ഒരു മണിക്കു സംഘാലോചന പ്രാർത്ഥനാപൂർവ്വം ആരംഭിച്ചു. സംഘത്തിന്റെ അവയവങ്ങളിൽ ഇട്ടിമാത്തൻ ബോധകരും വനച്ചമുട്ടിൽ പോത്തയും പായിക്കാട്ട ചെറിയാനും ഈ മൂന്നു പേർ സംഘത്തിൽ വന്നു ചേരുവാൻ ഇടയായില്ല. പ; ലൂക്കോസു ബോധകരുടെ പ്രാർത്ഥന കഴിഞ്ഞു സംഘം പിരിഞ്ഞു. എന്നു;

യൂസ്സുയോസേഫ്.



ക്കുന്നാമത്തു.

ഹവ്വന്റെ ഹിബ്രുവരി ഫവനു-ക്കു
ഫാദിര കുംഭം വനു- ബുധനാഴ്ച

തെക്കെ ഡിവിഷ്യൻ സംഘം
കുന്നീറ്റിൽവച്ചു കൂടി.

അഗ്രാസനരും അവയവങ്ങളും

ക. അഗ്രാസനർ: ആറാണ്ടിന്നാത്മാവാകുന്ന
ഐക്യതയിന്നാത്മാവാം വേദാത്മാവു
ഖ. പാപശ്ലൂശ്രൂഷക്കാരൻ: യൂസ്സുയോസേഫ്
ന. ദേവകാഹളക്കാരൻ: ഈശൂച്ചൻ

ബോധകന്മാർ

ങ. യു: യാക്കോബുബോധകർ
ച. ചെമ്പകശേരി വ: ഇടിക്കുള ബോധകർ
ഞ. യു: പീലിപ്പോസു ,,
ട. യേ: ശമുയേൽ ,,
ണ. യു: ശമുയേൽ ,,
ത. കൊല്ലക്കാരൻകു: കോശി ,,

പട്ടക്കാർ

ഥ. കുടാരമുള്ളിൽ തോ: മത്തായികത്തനാർ
ഫ. മണപ്പുറത്തു ഗീവറുഗീസു ,,
ഭ. കൽവെട്ടാങ്കുഴി ഗീ: തോമ്മാ ,,
മ. കല്ലടക്കൽ മത്തായി ,,
യ. മുളമൂട്ടിൽ തോമ്മാസു ,,

തലവന്മാർ

ര. കൊല്ലക്കാരൻ കുഞ്ഞാക്കുണ്ടുതലാളി
ല. പുത്തൻവീട്ടിൽ ഗീവറുഗീസു ,,
വ. കൊല്ലക്കാരൻ കൊച്ചുകുഞ്ഞു ,,
ശ. നെടുഞ്ചിറ ഗീവറുഗീസു ഉമസ്സാവു

(ഛ) കന്നീറ്റിസഭയിൽ നിന്നും

ഛൻ. കയ്പുരത്തിൽ യോഹന്നാൻ
ഛഠ. ജാതിക്കാതോപ്പിൽ തയ്യൻ
ഛഛ. പുത്തൻപുരയ്ക്കൽ മാത്തുണ്ണി
ഛഢ. മദിരശ്ശേരി ഇടിച്ചെറിയ
ഛന. മാലേത്തു യോഹന്നാൻ
ഛര. തണ്ടാശ്ശേരി ഗീവറുഗീസു

(ഢ) തേവലക്കരസഭയിൽ നിന്നും

ഢങ. കൈതവിള കുഞ്ഞാണ്ടിവൈദ്യൻ
ഢന. കിഴക്കിടത്തു കോരുത
ഢഒ. എടത്തുമേക്കേതിൽ കുഞ്ഞുകോശി
ഢഢ. പാഞ്ചേരി ഉമ്മൻ
ഢൻ. കൊല്ലന്റെ പടിറ്റതിൽ കിഴ്ക്കാൻ
ന ഠ. മാവിലേത്തു കോശി

(ന) കടമ്പനാട്ടു സഭയിൽ നിന്നും

നഛ. കല്ലുവെട്ടാംകുഴി കോരുത
നഢ. നാടകശാലയ്ക്കൽ ചെറിയ
നന. കൽവെട്ടാങ്കുഴി ഉണ്ണ്യൂണ്ണി
നര. ഒറ്റത്തെങ്ങിൽ ഗീവറുഗീസു
നങ. താമരംവിള മാത്തുണ്ണി
നന. പുതുശ്ശേരി കിഴ്ക്കാൻ

(ര) കണ്ടേ സഭയിൽനിന്നും

നഒ. പുത്തൻവീട്ടിൽ കുഞ്ഞുകോശി
നഢ. കോട്ടരഴിയത്തു കിഴ്ക്കാൻ
നൻ. മേലേതിൽ മത്തായി
രഠ. കാവിളയിൽ ചാക്കൊ
രഛ. കോടിയാട്ടു ചാണ്ടപ്പിള്ള

(ങ) മുചത്തലസഭയിൽ നിന്നും

രഢ. വേളിക്കാട്ടു ഇട്ടി
രന. മേലേവിള മാത്തുണ്ണി
രര. കൈതപ്പുഴ ചാക്കൊ

(ന) ചെങ്ങളം സഭയിൽ നിന്നും

രങ. നെടുമ്പ്രാറ ജോർജ്
രന. ക്രുടാരപ്പള്ളി കൊച്ചുകോശി
രഒ. കൊന്നക്കോട്ടു ഗിവറുഗീസു
രഢ. തെറ്റിയോട്ടു ചാണ്ടപ്പിള്ള
രൻ. കുറ്റിച്ചിറ ഉമ്മൻ
ങഠ. കൈതക്കുഴി ഉമ്മൻ

ക.ഉ. ബംഗ്ലാവിൽ കുവിരാ
ഗഡ. പടിഞ്ഞാറേവീട്ടിൽ കോശി
(ങ) നെല്ലിക്കുന്നം സഭയിൽനിന്നും
ഗനു. മേപ്പൂട്ട കിഴ്ച്ചാൻ
ഗര. മണമ്പിയത്തു ഉമ്മൻ
ഗഗ. കരിയാത്തോട്ടത്തു തഴ്ച്ചൻ
ഗന്ന. തുണ്ടിൽ ചാക്കൊ
ഗങ. മാറപ്പള്ളിൽ കുഞ്ഞുമ്മൻ
(ച) കൊട്ടാരക്കര സഭയിൽനിന്നും
ഗച. കൊക്കാട്ടുവിള കോശി
ഗൻ. വണ്ടാലയിൽ ഇടിക്കുള
നാം. മുപ്പരഴികത്തു ഉമ്മൻ
നാഉ. പാറവിൽ ചോനാ
നാഡ. കയ്യൻപ്ലാമൂട്ടിൽ ചോനാ
നാന. പുത്തൻവീട്ടിൽ ഉമ്മൻ

ഒന്നാമതു സംഘത്താൽ ആലോചിച്ചു
നിശ്ചയിച്ച നിയമങ്ങൾ

ക. ഈ ഡിവിഷ്യൻ സംഘം ആണ്ടിൽ മുന്നുപ്രാവശ്യവും ആയതു ചിങ്ങം, ധനു, മേടം എന്ന മാസങ്ങളിലും കൂടേണ്ടുന്നതാകുന്നു. ഡിവിഷ്യൻ പൊതുസ്ഥലം കുന്നിറ്റിൽ പുത്തൻബംഗ്ലാവും ചെങ്കുളം ഇടവകയിൽ നെടുമ്പിറ പുത്തൻവീട്ടും ആകുന്നു. യുക്തംപോലെ രണ്ടു സ്ഥലത്തിലും സംഘം കൂടാം. ഡിവിഷ്യൻ കലവറയും മേൽപറഞ്ഞ രണ്ടു സ്ഥലങ്ങളിൽ തന്നെ.

ഖ. ഇടവകസംഘം ആവശ്യവും ആയതു കുന്നിറ്റി, തേവലക്കര, കടമ്പനാട്ട, കുണ്ടറ, മുഖത്തല, ചെങ്കുളം, നെല്ലിക്കുന്നം, കൊട്ടാരക്കര എന്ന വ ഇടവകസംഘം വേണ്ടുന്നതും ആണ്ടിൽ നാലുപ്രാവശ്യം ആയിരിക്കയും വേണം. ഈ എട്ടു സ്ഥലത്തും സംഘാലോചനയും മറും ഓരോ പൊതുസ്ഥലം ആവശ്യമാകുന്നു.

ന. ചെമ്പകശേരി ഇടിക്കുളബോധകരെ ഈ അഞ്ചു ഇടവകകൾക്കും നടത്തിപ്പുകാരനായിട്ടും യു: പീല ഗ്ലോസുബോധകരെ ചെങ്കുളം ഇടവകയ്ക്കും മുഖത്തലയ്ക്കും ആയിട്ടും യേ: ശമുയേൽ ബോധകരെ കൊട്ടാരക്കര, നെല്ലിക്കുന്നം എന്ന സ്ഥലങ്ങൾക്കായിട്ടും യു: ശമുയേൽബോധകരെ കുന്നിറ്റി, തേവലക്കര എന്ന സ്ഥലങ്ങൾക്കായിട്ടും കടമ്പനാട്ട, കുണ്ടറ എന്ന സ്ഥലങ്ങൾക്കായിട്ടു പ്രത്യേകം വക്കി ഇടിക്കുളബോധകരെയും നിയമിച്ചിരിക്കുന്നു.

ര. ക്രൂടരപ്പള്ളി അച്ചനെ കുണ്ടറ, മുഖത്തല എന്ന സ്ഥലങ്ങൾക്കായിട്ടും മണപ്പുറത്തു അച്ചനെ കൊട്ടാരക്കര നെല്ലിക്കുന്നം എന്ന സ്ഥല

ങ്ങൾക്കായിട്ടും മുളമുട്ടിൽ അച്ചുനെ ചെംകളും ഇടവകയ്ക്കായിട്ടും കൽവെട്ടാംകുഴി അച്ചനെ കടമ്പനാട്ടു, കന്നീറ്റി എന്ന സ്ഥലങ്ങൾക്കായിട്ടും കൽപടയ്ക്കൽ അച്ചനെ മണപ്പുറത്തു അച്ചനു സഹായിയായിട്ടു നെല്ലിക്കുന്നും എന്ന സ്ഥലത്തും മണപ്പുറത്തു അച്ചനെ തേവലക്കര എന്ന സ്ഥലത്തും ഇടവകപ്പട്ടക്കാരരായിട്ടും നിയമിച്ചിരിക്കുന്നു.

൪. തലവൻ പുത്തൻവീട്ടിൽ ഗീവറുഗീസുമുതലാളിയെ കൊട്ടാരക്കര, നെല്ലിക്കുന്നു, കുണ്ടറ എന്ന സ്ഥലങ്ങൾക്കും കൊച്ചുകോശിമുതലാളിയെ കന്നീറ്റി, തേവലക്കര, കടമ്പനാട്ടു എന്ന സ്ഥലങ്ങൾക്കും തെറ്റുമ്പിറപുത്തൻവീട്ടിൽ ഗീവറുഗീസു ഉമസ്ഥാവിനെ ചെംകളും, മുഖത്തല എന്ന സ്ഥലങ്ങൾക്കും ആയിട്ടു നിയമിച്ചിരിക്കുന്നു. ഇങ്ങനെ നിയമിക്കപ്പെട്ട ബോധകന്മാർ, പട്ടക്കാർ, തലവന്മാർ എന്നിവർ ഒന്നായി സംയോജിച്ചുകൊണ്ടു വരുന്ന മീനമാസം ൨൦-൹കം ഇടവക സംഘം ഏർപ്പെടുത്തുകയും ഐക്യകുടുംബത്തിലെ വിരുന്നുശുശ്രൂഷ നിവൃത്തിക്കയും രണ്ടാമതെത്ത ദശാംശപ്പിരിവു നടത്തി ജീവവരപ്പത്രിക എഴുതി കണക്കുകൾ ഒക്കെയും തയ്യാർപ്പെടുത്തുകയും ചെയ്യേണ്ടുന്നതാകുന്നു.

൫. സഭയിലുള്ള എല്ലാ വേലക്കാരും തങ്ങളെ ആദ്യം കത്തനാരിന്നും പിന്നീട്ടു സഭയ്ക്കും മനഃപൂർവ്വമായി ഭരമേൽപിക്കേണ്ടുന്നതാകുന്നു. അവരുടെ സകല വേലയുടേയും ആന്തരം കത്തനാരിന്റെ മഹത്വപ്രത്യക്ഷതയിൽ ലഭിപ്പാനിരിക്കുന്നു നാശമില്ലാത്തതും അശുദ്ധപ്പെടാത്തതും വാടാത്തതും ആയിട്ടുള്ള അവകാശം എന്നല്ലാതെ നശിച്ചുപോകുന്ന താൽക്കാലികജീവനോ മാനമോ സമ്പത്തോ മറ്റൊന്നോ ആയിരിക്കരുതു. അങ്ങനെ ആയാൽ അവൻ വേലയ്ക്കു യോഗ്യനല്ലാത്തതുകൊണ്ടു അവനെ വേലക്കാരനായിട്ടു നിയമിച്ചുകൂടാ. ൪. ൯ എല്ലാവരും സമ്മതിച്ചിരിക്കുന്നതു മാത്രമല്ല ദിവ്യമായിട്ടുള്ള ഈ നിയമത്തിങ്കൽ സംഘത്തിന്റെ സകല അവയവങ്ങളും മനഃപൂർവ്വമായി ഉൾപ്പെട്ടിരിക്കുന്നു എന്നു തങ്ങളുടെ വലഞ്ഞകളെ പൊക്കി സാക്ഷീകരിച്ചിരിക്കുന്നു. ഇങ്ങനെ തങ്ങളെ മനഃപൂർവ്വമായി കത്തനാരിനും സഭയ്ക്കും ഏല്പിച്ചവരുടെ അവരുടെ വിശ്വസ്തതയെ ശോധനചെയ്യുന്നേക്കുമുള്ള വേലക്കാരായിട്ടു സാക്ഷിപ്പത്രം കൊടുത്തു നിയമിക്കേണ്ടുന്നതാകുന്നു.

൬. സാമൂഹ്യസ്ഥിതിക്കു സാക്ഷാൽ കടക്കാരൻ എന്നു പറയുമ്പോൾ മുതൽ ഒന്നുമില്ലാത്ത കടക്കാരനു കടം കൊടുത്തവൻ ഇളച്ചു വിടേണ്ടുന്നതിനു ജീവകരുണയിൻപത്രം അവനു കൊടുക്കേണ്ടുന്നതാകുന്നു. എന്നാൽ ഈ പത്രം കിട്ടണമെങ്കിൽ ഇടവക സാക്ഷിയോടുകൂടെ വരേണ്ടതാകുന്നു. സമൂഹസ്ഥിതിക്കു ധനമുള്ള കടക്കാരനു സഹായിച്ചാൽ അവനു ശരീരത്തിന്റെ വീണ്ടെടുപ്പു സാധിച്ചുകൊൾവാൻ പ്രയാസവും സാക്ഷാൽ കടക്കാരനു സഹായിക്കാതെകണ്ടിരുന്നാൽ

ശരീരത്തിന്റെ വീണ്ടെടുപ്പു സാധിച്ചുകൊൾവാൻ കഴിയാത്തതുമാകയാൽ സാക്ഷാൽ കടക്കാരനല്ലാതെ ജീവകരുണയിൻപത്രം കൊടുത്തുക്രൂടാ.

വ. സാക്ഷാൽ ദരിദ്രന്മാരായ ആത്മീകവേലക്കാർക്കും ലോകവേലസ്സ് ശേഷിയും പാത്രതയുമില്ലാത്ത അനാഥർക്കും വിധവമാർക്കും കലവറയിൽ നിന്നു സഹായിക്കേണ്ടതാകുന്നു.

ക്രൂടിയ സംഘത്തിൽ നടത്തിയ ക്രമങ്ങൾ

സംഘം പത്തു മണിക്കു ക്രൂടി അഞ്ചു മണിക്കു പിരിഞ്ഞു ആദ്യം ശ്രുശ്രൂഷ ആരംഭിച്ചതു യൂസ്സുയോസേഫ ആയിരുന്നു. ഫ മണി മുതൽ സംഘാലോചന പ്രാർത്ഥനാപൂർവ്വം ആരംഭിച്ചു. സംഘത്തിന്റെ അവയവങ്ങളിൽ യൂ: പീലിപ്പോസ് ബോധകരും മണപ്പുറത്തു അച്ചനും നെടുമ്പിറ ജോർജ്ജും മേലേവിളയിൽ മാത്തുണ്ണിയും എടത്തുമേക്കതിൽ കുഞ്ഞുകോശിയും കൊന്നക്കോട്ട ശീവറുഗീസും കുറിച്ചിറ ഉമ്മനും തെറ്റിയോട്ട ചാണ്ടപ്പിള്ളയും കൈതക്കഴിയിൽ ഉമ്മനും ബംഗ്ലാവിൽ അവിരായും പടിഞ്ഞാറെവീട്ടിൽ കോശിയും ഈ ഫ പേർ സംഘത്തിൽ വരുവാൻ ഇടയായില്ല. ഈപ്പച്ചൻ പ്രാർത്ഥന കഴിച്ചു അനുഗ്രഹാനന്തരം സംഘം പിരിഞ്ഞു. എന്നു.

യൂസ്സുയോസേഫ്



ഒന്നാമതു.

ഫ൦൪൫൭മാണ്ടു
കുംഭമാസം ഫ൭ാം നു-

വടക്കെഡിവിഷൻ സംഘം അഞ്ചേരിൽ വച്ചു ക്രൂടി

സംഘത്തിന്റെ അഗ്രാസനരും അവയവങ്ങളും.

ഫ. അഗ്രാസനർ. ആറാണ്ടാത്മാവാം ഐക്യതയിൻ ആത്മാവാകുന്ന വേദാത്മാവു.

൨. പാദശ്രുശ്രൂഷക്കാരൻ യൂസ്സുയോസേഫ്.

൩. ദേവകാഹളക്കാരൻ. ഈപ്പച്ചൻ.

ബോധകന്മാർ.

൧. വ: ലൂക്കോസുബോധകർ.

൪. യൂ: യാക്കോബു ബോധകർ.

൫. വ: കോശി ബോധകർ.

ഇടയകപ്പട്ടക്കാരൻ.

൬. മണങ്ങനഴിയത്തു സഖറിയാ കത്തനാർ.

സംഘത്തലവൻ.

വ. ഉലഹന്നൻ പീലിപ്പോസ്.

ഡി: തലവൻ.

ൻ. പുല്ലൂർകോട്ട ച: മാത്തു.

സഭാപ്രമാണികൾ.

ക. കല്ലറയ്ക്കൽ പൊ: അയിപ്പ.

ഖ. കൈതളാവിൽ കോശി.

ഗ. ഒറവ'ളാക്കൽ മാത്തു.

ഘ. ചേരിക്കുപ്പാടത്തു ഉലഹന്നൻ.

ങ. മധുരഞ്ചേരിത്ത കൊച്ചുമ്മൻ.

ച. തൈത്തറയിൽ വക്കി.

ഛ. ഏലയ്ക്കാട്ട കടുപ്പിൽ ഇട്ടി.

സാക്രട്ടെരി

ജ. മൊളഞ്ഞിയിൽ ഇട്ടി.

ഝ. വാഴെപ്പറമ്പിൽ വറുഗീസു.

ഞ. വട്ടപ്പറമ്പിൽ ഇട്ടി

ട. പെരുമനപ്പറമ്പിൽ പോത്തൻ.

ഠ. ചെത്തിക്കൊളത്തു ഉതുപ്പ.

ഡ. കൊടൊവയലിൽ വക്കി.

ഢ. വരിക്കമുട്ടിൽ ഇട്ടി

ണ. പുളിമൂട്ടിൽ യോസേഫ്.

ത. ചെറിയപാറെക്കൽ അയിപ്പ.

ഥ. പന്തലമുറിയിൽ നൈനാൻ

ദ. പൊടിമറ്റത്തിൽ തൊമ്മി.

ധ. കിഴക്കേക്കര ഈശോ.

മുപ്പന്മാർ.

ന. തൈത്തറയിൽ യോഹന്നാൻ

പ. കോമടത്തു പുന്നൂസ്

വിചാരകന്മാർ

ഫ. ചെമ്മരപ്പള്ളി ചാക്കൊ

ബ. പള്ളിക്കുന്നേൽ വറുഗീസ

ഭ. കരിപ്പാപ്പറമ്പിൽ വറുഗീസ

സൂപ്രശേഷകന്മാർ

മ. ഇഞ്ചക്കാട്ട തോമ്മാ

യ. നടയിൽ തൊമ്മൻ

ര. ചെരുമ്പംമ്പിൽ അബ്രഹാം.

സംഘത്താൽ നിശ്ചയിക്കപ്പെട്ട നിയമങ്ങൾ.

൧. ഈ സംഘം ആവശ്യവും അതു ആണ്ടിൽ നാലു പ്രാവശ്യവും ആയവ. ചിങ്ങം, വൃശ്ചികം, കുംഭം, ഇടവം എന്നീ മാസങ്ങൾ ആദ്യമായിട്ടു നടത്തേണ്ടതുമാകുന്നു.

൨. ഒരു സംഘമാവു, കലാറയും, ആവശ്യവും ആ വകെക്കു അതു തീർക്കുന്നതിനു റെ ശ്രുപാ വേണ്ടതും അതു സഭയിൽനിന്നു ഒരു മുതൽ ശേഖരം ഉണ്ടാകേണ്ടുന്നതുമല്ലാതെ ഐക്യപ്രാർത്ഥന മുതലായ ശുശ്രൂഷകൾക്കായിട്ടു എല്ലാ ഐക്യ കുടുംബങ്ങളിലും ഭവനത്തോടു ചേർന്നു ഓരോ മുറിയും ആവശ്യമാകുന്നു.

൩. ഈ ഇടവകപ്പട്ടക്കാരനായിട്ടു മണങ്ങനഴിയത്തു സഖറിയാക്കനാരച്ചനെ നിശ്ചയിച്ചിരിക്കുന്നു.

൪. ഒന്നാം ഭാഗം. അഞ്ചേരിൽ കല്ലറയ്ക്കൽ അയിപ്പും കലയ്ക്കാട്ടു കുടുപ്പിൽ ഇട്ടിയും വടപ്പുറമ്പിൽ ഇട്ടിയും.

രണ്ടാം ഭാഗം. കൈതമ്മാവിൽ കോശിയും തെക്കേറയിൽ യോഹന്നാനും ഇഞ്ചക്കാട്ടു തോമ്മായും.

മൂന്നാം ഭാഗം. മധുരഞ്ചേരിൽ കൊച്ചുമ്മനും ഒറവപ്പുറക്കൽ മാത്തുവും നടയിൽ തൊമ്മനും ക്രൂടി ഓരോരോ ഐക്യകുടുംബങ്ങളിൽ മാസത്തിൽ ഒരു തവണ ചെന്നു ഐക്യപ്രാർത്ഥന കഴിക്കയും ഐക്യകുടുംബക്കാരുടെ സ്ഥിതി ഒക്കയും വിചാരിച്ചറിഞ്ഞു വിവരത്തിനു സംക്ഷേപമായി റിപ്പോർട്ടു എഴുതി ഈ സംഘത്തിൽ ഏൽപ്പിക്കുന്നതു ക്രൂടാതെ മീനമാസം ഛദാം നൂക്കം ഒന്നാമത്തെ ദശാംശച്ചിലവും രണ്ടാമത്തേതും പിരിപ്പിക്കേണ്ടതുമാകുന്നു. ഡിവിഷൻതലവൻ ഇതു വിഘ്നം കൂടാതെ നടത്തിപ്പാൻ മുമ്പതലപ്പെട്ടിരിക്കുന്നു. ബോധകന്മാരിൽ പ്രത്യേകം കൊച്ചുകോശി ബോധകരേയും നിയമിച്ചിരിക്കുന്നു.

൫. സഭയിലെ കടക്കാരെ സംബന്ധിച്ചും വേലക്കാരെ സംബന്ധിച്ചും സഭയിൽനിന്നു സഹായിക്കേണ്ടുന്നവരെ സംബന്ധിച്ചും പൊതു സംഘക്കാർ നിയമിച്ചിട്ടുള്ള നിയമങ്ങളെ ഈ സംഘത്തിലും സ്ഥിരപ്പെടുത്തിയിരിക്കുന്നു.

റിപ്പോർട്ടു.

ഒരു മണിക്കു സംഘശുശ്രൂഷ ലൂക്കോസുബോധകർ പ്രാർത്ഥനാപൂർവ്വം ആരംഭിച്ചു. സംഘത്തെക്കുറിച്ചു ഗുണദോഷിക്കയും അഞ്ചു മണിക്കു പ്രാർത്ഥനയോടു കൂടെ യാക്കോബു ബോധകർ അവസാനിപ്പിക്കയും ചെയ്തു.

പേരെഴുതിയ ആളുകളിൽ വാദശുശ്രൂഷക്കാരനും ദിവകാഹളക്കാരനും തെക്കേറയിൽ വക്കിയും പൊടിമറ്റത്തിൽ തൊമ്മിയും ചേരാമ്പേരിൽ അബ്രാഹവും ഒഴികെ എല്ലാവരും ഉണ്ടായിരുന്നു.

എന്നു പ്രേരി: യൂ: യാക്കോബു.

രണ്ടാമത്തെ.

മത്തായിയുടെ ഇരുപത്തിനാലാം അദ്ധ്യായം
ഇരുപത്തിമൂന്നാം വാക്യം മുതൽ.

കീഴക്കേടിവിശ്വാസസംഘം എലത്തൂർ ഇടവകയിൽ
താഴെയിൽ വച്ചു കൂടി.

സംഘത്തിന്റെ അവയവങ്ങളിൽ പേത്രൻ യോഹന്നാൻ, ഉപദേശിയാർ, തലവൻ കൊച്ചിട്ടിനൈനാ, കുന്നുമ്പുറത്തു കുഞ്ഞുമ്മൻ, തുണ്ടിൽ ഉമ്മൻ, ഊഴ്പ്പുടിക്കൽ പീലിപ്പോസ് എന്നിവർ വരുവാൻ ഇടയായില്ല.

സംഘം രണ്ടുമണിക്കു പ്രാർത്ഥനാപൂർവ്വം ആരംഭിച്ചു.

അലോചിച്ചു നിശ്ചയിച്ച നിയമങ്ങൾ.

൧. ആദ്യസംഘത്തിലെ മൂന്നാമത്തെ സംഗതിയിൽ പറഞ്ഞിരിക്കുന്നതിനുണ്ണം രണ്ടാമത്തെ ദശാംശപ്പിരിവു ഓഴികെ മറ്റുള്ളതു നിവൃത്തിച്ചിരിക്കുന്നു. രണ്ടാം ദശാംശപ്പിരിവു ഈ വർഷാന്ത്യത്തിനു മുൻപെ നിവൃത്തിക്കയും അവയെ സംബന്ധിച്ചുള്ള എല്ലാ കണക്കുകളും എഴുതിത്തീർക്കയും ചെയ്യേണ്ടുന്നതാകുന്നു.

൨. എല്ലാവരും തങ്ങളുടെ പൂർണ്ണമനസ്സോടു കൂടെ എടുക്കുന്ന ദശാംശം കുടുംബത്തലവന്മൂലം അതാതു കലവറയിൽ കൊണ്ടു വന്നു ഏല്പിക്കയും കലവറക്കാരൻ വിവരത്തിനു കണക്കെഴുതുകയും ചെയ്യുന്നതല്ലാതെ ദശാംശം പിരിപ്പാൻ ആളുകളെ സഭയിൽനിന്നു അയക്കുകൂടാ.

൩. ആത്മനിയോഗപ്രകാരം എഴുതി ഉണ്ടാക്കിയിരിക്കുന്ന ജീവകരുണയിന്റെ പത്രം സകലരും അംഗീകരിപ്പാൻ തക്കവണ്ണം സംഘത്താൽ സ്ഥിരപ്പെടുത്തപ്പെട്ടു. അന്നു ഹേതുവായി സഭയാൽ സാക്ഷിപ്പെട്ട ആളുകൾക്കു ജീവകരുണയിന്റെ പത്രവും അതിനുള്ള ജീവനാണ്യവും സഭ കൊടുക്കേണ്ടുന്നതും സഭയിലെ എല്ലാ നിക്ഷേപപാത്രത്തിനും പൊതുജീവകരുണയിന്റെ നിക്ഷേപപാത്രമെന്നു മുതിയ പേർ നൽകേണ്ടതുമാകുന്നു.

൪. സഭ ചട്ടംകെട്ടിയിരിക്കുന്നപ്രകാരം ജീവശുദ്ധീകരണപ്രാർത്ഥനയും ഏഴാം കാഹളവാചകവും ക്രോധകലശവാചകവും സഭയിലുള്ള ആബാലവൃദ്ധം സകലരും തന്നെ വരുന്ന ചിങ്ങം ൧൦-ാം൹-ക്കകം പഠിച്ചു ശുശ്രൂഷക്കാരെ പാഠം കേൾപ്പിക്കണം. അല്ലാതെയും വെള്ളി, ഞായർ, എന്ന ദിവസങ്ങളിൽ ഉള്ള ശുശ്രൂഷയ്ക്കും മറ്റേതു ശുശ്രൂഷയ്ക്കും തന്നെ അപ്പവും വെള്ളവും മേശപ്പുറത്തു വയ്ക്കയും ശുശ്രൂഷക്കാരൻ. ജീവശുദ്ധീകരണപ്രാർത്ഥന കഴിച്ചു ശുശ്രൂഷയ്ക്കു ഉപകരിപ്പാനുള്ളവർക്കും അവയെ കൊടുക്കേണ്ടുന്നതാകുന്നു. അപ്പവും വെള്ളവും ഇല്ലാത്ത ശുശ്രൂഷ ശുശ്രൂഷ അകയില്ല.

3. ആരും പൊൻ വെള്ളി മുതലായ ആഭരണങ്ങൾ ഇടരുതെന്നു ആത്മനിയോഗം ഉണ്ടായിരിക്കയാൽ അപ്രകാരം സകലരും ചെയ്യേണ്ടുന്നതാകുന്നു. മിന്നിനെ, സംബന്ധിച്ചു സഭയിലുള്ളവരുടെ തൽക്കാല ബലഹീനത നിമിത്തം ഒരു കാല അളവുവരെ അതിനെ എടുത്തു കളയണമെന്നു സഭ നിർബന്ധിക്കുന്നില്ല. എങ്കിലും പൂർണ്ണമനസ്സോടു കൂടെ മിന്നിനെ എടുത്തു കളയുന്നവരുടെ മേൽ സഭയ്ക്കു വളരെ സന്തോഷം ഉണ്ടാകും.

4. ഇനിയത്തെ ഡിവിഷ്യൻ സംഘം ചെങ്ങന്നൂർ ഇടവകയിൽ വേണമെന്നു നിശ്ചയിച്ചിരിക്കുന്നു.

5 മണിക്കു പ്രാർത്ഥനയുടെയും അനുഗ്രഹത്തിന്റെയും അനന്തരം സംഘം പിരിഞ്ഞു. എന്നു

പാദശുശ്രൂഷക്കാരൻ യുസ്സുസ് യോസേഫ്.

രണ്ടാമത്.

ക്രൂശിന്റെ ജ്വലായി ഫം നമ്മുക്കു
ഫംരിയ മിഥ്യനം ഉണ്ടാകുന്നു-

പടിഞ്ഞാറെ ഡിവിഷ്യൻ സംഘം മങ്കുഴിയിൽ വച്ചു കൂടി

സംഘത്തിന്റെ അവയവങ്ങളിൽ തലവൻ പൂതിയോട്ട മേടയിൽ ജോർജ്ജ, കാത്തികപ്പള്ളിൽ പനച്ചമൂട്ടിൽ പോത്ത, പുളിമൂട്ടിൽ വടക്കതിൽ കോശി, പണ്ടകശാലയ്ക്കൽ യോഹന്നാൻ, നിരണത്തു കിണറുകരെ ഔമ്മി, വാടയ്ക്കൽ പീലിപ്പോസ്സു, ഇഞ്ചയ്ക്കൽ കൊച്ചു കോശി ഈ ഏഴുപേരും വരുവാൻ ഇടയായില്ല. മറ്റുള്ള എല്ലാവരും വന്നു.

സംഘത്തിൽ ആലോചിച്ചു നിശ്ചയിച്ച
നിയമങ്ങൾ.

1. ഒന്നാമത്തെ സംഘത്തിൽ നിശ്ചയിച്ചതിനുണ്ണും ഇടവകസംഘം ഏർപ്പെടുത്തുകയും ഐക്യകുടുംബത്തിലെ വിരുന്നുശുശ്രൂഷ നിവൃത്തിക്കയും രണ്ടാമത്തെ ദശാംശപ്പിരിവു കാത്തികപ്പള്ളിൽ സഭയിൽ ചില ഐക്യകുടുംബത്തിൽ ഒഴികെ മറ്റെല്ലാ സ്ഥലങ്ങളിലും നിവൃത്തിക്കയും ചെയ്തു.

2. എല്ലാ സഭകളിലുമുള്ള മുതൽപിടിയിൽ വരവു ചിലവുകൾക്കുള്ള നാൽവഴി കണക്കു വേണ്ടുന്നതാകുന്നു. ഇതുവരേയുമുള്ള ദശാംശപ്പിരിവുകളെ നാൽവഴിക്കണക്കിൽ ചേർത്തു സംഘത്തിലേക്കും ഡിവിഷ്യനിലേക്കും ഇടവകയ്ക്കുമുള്ള അംശങ്ങൾക്കു തിരട്ട എഴുതി അതാതു മുതൽപിടിയിൽ വണമോ ജീവബലിയോ ജീവനാന്യമോ ഈ വർഷ്യാന്ത്യത്തിനകം ഏല്പിക്കേണ്ടതാകുന്നു.

൩. എല്ലാവരും തങ്ങളുടെ പൂർണ്ണ മനസ്സോടു കൂടെ ഏറ്റുകൊണ്ട ദിശാംശം കുഡുംബത്തലവൻ മുഖം അതാതു കലവറയിൽ കൊണ്ടുവന്നു ശില്പികളെയും കലവറക്കാരൻ വിവരത്തിനു കണക്കെഴുതുകയും ചെയ്യുന്നതല്ലാതെ ദശാംശം പിരിപ്പാൻ സഭയിൽ നിന്നു ആയച്ചുകൂടാ.

൪. ആത്മനിയോഗപ്രകാരം എഴുതി ഉണ്ടാക്കിയിരിക്കുന്ന ജീവകാരുണ്യത്തിൻ പത്രം സകലരും അംഗീകരിപ്പാൻ തക്കവണ്ണം സംഘത്താൽ സ്ഥിരപ്പെടുത്തപ്പെട്ട. അതു ഹേതുവായി തിരുസഭയിൽ സാക്ഷിപ്പെട്ട ആളുകൾക്കു ജീവകാരുണ്യത്തിൻ പത്രവും അതിനുള്ള ജീവനാണ്യവും കൊടുക്കേണ്ടതും സഭയിലെ എല്ലാ നിക്ഷേപപാത്രങ്ങളും പൊതുജീവകാരുണ്യത്തിൻ നിക്ഷേപപാത്രം എന്ന പുതിയ പേർ നൽകേണ്ടതുമാകുന്നു.

൫. ആഭരണം പൊൻ വെള്ളി മുതലായ ആഭരണങ്ങൾ ഇടരുതെന്നു ആത്മനിയോഗം ഉണ്ടായിരിക്കയാൽ അപ്രകാരം എല്ലാവരും ചെയ്യേണ്ടതാകുന്നു. മിന്നിനെ സംബന്ധിച്ചു സഭയിലുള്ളവരുടെ തൽക്കാല ബലഹീനത നിമിത്തം ഒരു കാല അളവു വരെ അതിനെ എടുത്തുകളയണമെന്നു സഭ നിർബന്ധിക്കുന്നില്ല. എങ്കിലും പൂർണ്ണ മനസ്സോടു കൂടെ മിന്നിനെ എടുത്തുകളയുന്നവരുടെ മേൽ സഭയ്ക്കു വളരെ സന്തോഷമുണ്ടു താനും.

൬. സഭ ചട്ടം കെട്ടിയിരിക്കുന്ന ജീവശുശ്രൂഷികരണ പ്രാർത്ഥനയും ഏഴാം കാഹള വാചകവും ക്രോധകലശ വാചകവും സഭയിലുള്ള അബാലവൃദ്ധം എല്ലാവരും വരുന്ന ചിങ്ങമാസം നാലാംനക്കം പഠിച്ചു ശുശ്രൂഷക്കാരെ പാഠം കേൾപ്പിക്കണം. അല്ലാതെയും വെള്ളിയാഴ്ച എന്ന ദിവസങ്ങളിലെ ശുശ്രൂഷയ്ക്കും മറ്റേതു ശുശ്രൂഷയ്ക്കും അപ്പവും വെള്ളവും മേശപ്പുറത്തു വയ്ക്കുകയും ശുശ്രൂഷക്കാരൻ ജീവശുദ്ധീകരണ പ്രാർത്ഥന കഴിച്ചു ശുശ്രൂഷയ്ക്കു ഉൾപ്പെട്ടുന്നവർക്കു എല്ലാവർക്കും അവയെ കൊടുക്കേണ്ടതും ആകുന്നു. അല്ലാത്ത ശുശ്രൂഷ ശുശ്രൂഷ അല്ല.

൭ ഇന്നിയത്തെ ഡിവിഷ്യൻ സംഘം മേപ്രാ വച്ചാകുന്നു.

കൂടിയ സംഘത്തിൽ നടത്തിയ കൃത്യങ്ങൾ

സംഘം പത്തു മണിക്കു കൂടി. ഏകദേശം നാലു മണിക്കു പിരിഞ്ഞു. സംഘശുശ്രൂഷ ആരംഭിച്ചതു യൂസ്സസ് യോസേഫായിരുന്നു. ഒടുവിൽ പ്രാർത്ഥന കഴിച്ചതു ഈപ്പച്ചനും ആയിരുന്നു. ഇങ്ങിനെ കാപ്പിയും പലഹാരവുമായ ഭക്ഷണാനന്തരം വളരെ അനുഗ്രഹത്തോടും ദിവ്യസമാധാനത്തോടും കൂടെ സംഘം പിരിഞ്ഞു എന്നു

പാദശുശ്രൂഷക്കാരൻ യൂസ്സസ് യോസേഫ്

രണ്ടാമത്തു്

ഫ്വന്റെ ജൂലായി ഫന്ത.നു-ക്കു
ഫഠിര കക്കു. ഫനു- ബുധനാഴ്ച.

തെക്കെ ഡിവിഷ്യൻ സംഘം
ചെങ്കളത്തു വച്ചു ക്രൂടി.

സംഘത്തിന്റെ അവയവങ്ങളിൽ ശമുയേൽ ബോധകരും തേവല ക്കരെ നിന്നു ന്ന പേരും വന്നുചേരുവാൻ ഇടയായില്ല.

സംഘത്തിൽ ആലോചിച്ചു നിശ്ചയിച്ച നിയമങ്ങൾ.

ഫ. ഒന്നാമത്തെ സംഘത്തിൽ നിശ്ചയിച്ചതിൻവണ്ണം ഇടവക സം ഘം ഏർപ്പെടുത്തുകയും ഐക്യ കുടുംബത്തിലെ വിരുന്നു ശുശ്രൂഷയും ര ണ്ടാമത്തെ ദശാംശപ്പിരിവും നിവൃത്തിക്കയും ജീവ പത്രികയും ജീ വവിവരപ്പത്രികയും എഴുതി കണക്കുകൾ ഒക്കെയും തയാറ്റെടുത്തുക യും ചെയ്യു.

ഫ. ഈ വർഷാന്ത്യത്തിന്നകം ഈ ഡിവിഷ്യന്നു ഉൾപ്പെട്ട എല്ലാ ഇടവകകളിലേയും വരവു ചിലവിന്നു തിരട്ടു എഴുതി ചിങ്ങമാസ ത്തിൽ പൊതുസംഘം കൂടുമ്പോൾ അവിടെ ഏല്പിക്കേണ്ടുന്നതും സം ഘത്തിലേക്കും ഡിവിഷ്യനിലേക്കും ഈ ഇടവകയ്ക്കും ഉള്ള അംശങ്ങൾ ക്കു ചിലവായതിന്നു ജീവ ബീലോ ജീവ നാണ്യമോ ആതാതു മുതൽ പിടിയിൽ ഇരിക്കേണ്ടുന്നതു ക്രൂടാതെ ചിലവാകാത്ത മുതലും കല വറയിൽ കാണേണ്ടുന്നതാകുന്നു.

ന. എല്ലാവരും തങ്ങളുടെ പൂർണ്ണ മനസ്സോടു ക്രൂടെ എടുക്കുന്ന ദ ശാംശം കുടുംബത്തലവൻ മൂലം അതാതു കലവറയിൽ കൊണ്ടുവന്നു ഏല്പിക്കേണ്ടതാകുന്നു. കലവറക്കാരൻ വിവരത്തിനു കണക്കെഴുതി ക്കൊള്ളുകയും വേണം എന്നല്ലാതെ ദശാംശം പിരിപ്പാൻ സഭയിൽ നിന്നു അയച്ചുക്രൂടാ.

ര. ആത്മനിയോഗപ്രകാരം എഴുതി ഉണ്ടാക്കിയിരിക്കുന്ന ജീവക രുണയിൻ പത്രം സകലരും അംഗീകരിപ്പാൻ തക്കവണ്ണം സംഘ ത്താൽ സ്ഥിരപ്പെടുത്തപ്പെട്ടു. അതു ഹേതുവായി തിരുസഭയാൽ സാ ക്ഷിപ്പെട്ട ആളുകൾക്കു ജീവകരുണയിൻ പത്രവും അതിന്നുള്ള ജീവ നാണ്യവും കൊടുക്കേണ്ടതും സഭയിലെ എല്ലാ നിക്ഷേപ പാത്രത്തി നും പൊതു ജീവകരുണയിൻ നിക്ഷേപ പാത്രമെന്ന പുതിയ പേ ർ നൽകേണ്ടതും ആകുന്നു.

ഒ. ആരും പൊൻ വെള്ളി മുതലായ ആഭരണങ്ങൾ ഇടരുതെന്നു ആത്മനിയോഗം ഉണ്ടായിരിക്കയാൽ അപ്രകാരം എല്ലാവരും ചെ

യ്യേണ്ടതാകുന്നു. മിന്നിനെ സംബന്ധിച്ചു സഭയിലുള്ളവരുടെ തൽക്കാ
ല ബലഹീനത നിമിത്തം ഒരു കാല അളവു വരെ അതിനെ എട്ട
ത്തുകളയണമെന്നു സഭ നിർബന്ധിക്കുന്നില്ല. എങ്കിലും പൂർണ്ണ മന
സ്സോടു കൂടെ മിന്നിനെ എടുത്തുകളയുന്നവരുടെ മേൽ സഭയ്ക്കു വള
രെ സന്തോഷമുണ്ടാകുന്നു.

൩. സഭ ചട്ടം കെട്ടിയിരിക്കുന്ന പ്രകാരം ജീവശുദ്ധീകരണ പ്രാ
ർത്ഥനയും ഏഴാം കാഹള വാചകവും ക്രോധകലശ വാചകവും സഭ
യിലുള്ള ആബാലവൃദ്ധം എല്ലാവരും വരുന്ന ചിങ്ങമാസം ൩൦-ാം തി
കം പഠിച്ചു ശുശ്രൂഷക്കാരെ പാഠം കേൾപ്പിക്കണം. അതല്ലാതെയും
വെള്ളി ഞായർ എന്ന ദിവസങ്ങളിലെ ശുശ്രൂഷയ്ക്കും മറ്റേതു ശുശ്രൂ
ഷയ്ക്കും അപ്പവും വെള്ളവും മേശപ്പുറത്തു വച്ചു ശുശ്രൂഷക്കാരൻ ജീ
വശുദ്ധീകരണ പ്രാർത്ഥന കഴിച്ചു ശുശ്രൂഷയ്ക്കു ഉൾപ്പെടുന്ന എല്ലാവ
ർക്കും അവയെ കൊടുക്കേണ്ടതും ആകുന്നു. അല്ലാത്ത ശുശ്രൂഷ ശുശ്രൂഷ
അല്ല.

൪. ഇനിയത്തെ ഡിവിഷ്യൻ സംഘം കൊട്ടാരക്കര വച്ചാകുന്നു.

കൂടിയ സംഘത്തിൽ നടത്തിയ ക്രമം.

൧കദേശം ൧൧ മണിക്കു സംഘം കൂടി ൧൨ മണിക്കു പിരിഞ്ഞു. ശു
ശ്രൂഷ ആരംഭിച്ചതു യൂസുസുയോസേഫ്പ ഒടുവിൽ പ്രാർത്ഥന കഴിച്ച
തു ഈപ്പച്ചനാകുന്നു. ഇങ്ങനെ ദിവ്യ സമാധാനത്തോടെ സം
ഘം പിരിഞ്ഞു എന്നു

പാദശുശ്രൂഷക്കാരൻ യൂസുസുയോസേഫ്

നാലാവത്

൧വന്റെ സെപ്തം: ൧൦-നു
൧൦൫൫ ചിങ്ങം ൨൩-നു

പൊതുസംഘം കണ്ണീറ്റിൽ വച്ചുകൂടി.
അഗ്രാസനരും അവയവങ്ങളും.

---

൧. സംഘത്തിന്റെ അവയവങ്ങളിൽ ൈകാ: കു: കോശി ബോധ
കർ ശരീര സുഖക്കേടു കൊണ്ടും അലക്സന്ത്രയോസു അച്ചനും, ത
ലവന്മാരിൽ കണയത്തു ഉമ്മൻ വിചാരിപ്പുകാരും, ഒരു വിവാഹം
നിമിത്തമായും വരുവാൻ ഇടയായില്ല. അഗ്രാസനരും മറ്റെല്ലാ അ
വയവങ്ങളും ഉണ്ടായിരുന്നു.

൨. ഉദ്ദേശം ൧൧ മണിക്കു പ്രാർത്ഥന ആരംഭിച്ചു. പ്രാർത്ഥനയും പ്ര
ബോധനവും യൂസുസുയോസേഫ് നടത്തി. പ്രബോധനത്തിന്റെ മു
ഖ്യം ഈപ്പച്ചന്റെ വെളിപാടു അകത്തും പുറത്തും എഴുത്തുള്ള മു
ദ്രയിടപ്പെട്ട പുസ്തകമാകുന്നു. അതിനെ മുറ്റും വായിപ്പാൻ ൈക്രസ്തവ

യിൻ ആത്മാവാകുന്ന കുഞ്ഞാടിനു മാത്രമേ കഴിയൂ. മറ്റാർക്കും കഴിയുകയില്ല. അതുകൊണ്ടു ഐക്യതയിന്നാത്മാവു കല്പിക്കുന്നതിനെ അനുസരിച്ചു നടന്നുകൊള്ളുന്നതല്ലാതെ ഈപ്പച്ചന്റെ വെളിപാടിനെ ഇനി ഞങ്ങൾ വ്യാഖ്യാനിക്കയില്ല. എന്നു യൂസുസുയോസേഫും ഈപ്പച്ചനും പ്രേരിതന്മാരിൽ രാ: ചാണ്ടി, യൂ. യാക്കോബു, വ. ഇടിക്കുള, വ. ലൂക്കോസു, മ. ചെറിയാൻ എന്ന ബോധകന്മാരും ഉടമ്പടി ചെയ്തു. എന്നാൽ ഉടമ്പടി ചെയ്തിരുന്നതു (ആത്മാവിന്റെ ആൾപ്പേരായി നിന്നുകൊണ്ടു) യൂസുസുയോസേഫായിരുന്നു. ഈ ഏഴു പേരെ ഈപ്പച്ചൻ എണ്ണികൊണ്ടു അഭിഷേകം ചെയ്തു. ഏഴു കാഹളക്കാരായി ഉദ്ദേശം വമ്മന്നിക്കു നിയമിക്കയാൽ ആത്മാവിന്റെ ആൾപ്പേരായിട്ടു ഈപ്പച്ചൻ നിന്നുകൊണ്ടു അവരുടെ പേരുകളെ ഉടമ്പടി ചെയ്തശേഷം പൂവത്തൂർ കുഞ്ഞിനെക്കൊണ്ടു എഴുതിച്ചു. (ഫ) യൂസുസുയോസേഫ് (വ) പ്രേരി. വ. ലൂക്കോസു (ന) പ്രേരി. യൂ. യാക്കോബു (ര) പ്രേരി. വ. ഇട്ടിക്കുള (ങ) പ്രേരി. രാ. ചാണ്ടി (ന) പ്രേരി. മ. ചെറിയാൻ (ഒ) ഈപ്പച്ചൻ.

൩. ഐക്യതയിന്നാത്മാവിന്റെ നിയോഗപ്രകാരം യൂസുസുയോസേഫ് തനിക്കു ത്രിയേക ദൈവമാം സ്നേഹത്മാവിൽ നിന്നു ലഭിച്ചിരിക്കുന്ന നിത്യ ജീവാക്ഷരമയമായ ഐക്യമുദ്രയും ജീവമുദ്രയിൽ നിന്നു ഫ്ര ബോധകന്മാർക്കും ഈപ്പച്ചനും ആയിട്ടു ഒരുക്കി വച്ചിരുന്ന ഐക്യ മുദ്രകളെ അവർക്കു കൊടുപ്പാൻ സമയമായപ്പോൾ (സംഘാലോചന കഴിഞ്ഞ ശേഷം തന്നെ) പാദക്ഷാളനയെ അവരിൽ ഭരമേല്പിപ്പാൻ യൂസുസുയോസേഫ് ഫ്ര ബോധകന്മാരുടെ കാലുകളെ ഉടമ്പടി ചെയ്തു കഴുകി. ഈപ്പച്ചൻ അപ്പോൾ പാത്രത വരാത്തതിനാൽ കഴുകിയില്ല. എങ്കിലും ഈപ്പച്ചൻ പാദക്ഷാളനയ്ക്കു സഹായിച്ചുതാനും. എന്തെന്നാൽ ഫ്ര ബോധകന്മാരുടെ പാദം താൻ കഴുകിക്കൊള്ളാം എന്നു ഈപ്പച്ചൻ യൂസുസുയോസേഫിനോടു പറഞ്ഞു. എങ്കിലും ഇപ്പോൾ വേണ്ടാ സഹായിച്ചാൽ മതി എന്നു ഈപ്പച്ചന്റെ നന്മയ്ക്കായിട്ടു പറഞ്ഞതിനെ ഭംഗിയായി അനുസരിച്ചതിനാലത്രെ സഹായിച്ചതു. പിന്നീടു ബോധകന്മാർക്കു ഈപ്പച്ചൻ മൂലം ഫ്ര മുദ്ര കൊടുത്തു. ഈപ്പച്ചൻ കാഹള മുദ്രയ്ക്കു അഞ്ചു മുദ്രകൾ അഞ്ചുപേർക്കു വാങ്ങിച്ചുകൊടുക്കയും ശേഷം മുദ്രകൾ അവർ അഞ്ചുപേർ വാങ്ങിച്ചുകൊടുക്കട്ടെ എന്നു പറകയും ചെയ്തു. എങ്കിലും അങ്ങനെ അല്ല ഈപ്പച്ചൻതന്നെ കൊടുക്കണം എന്നു യൂസുസുയോസേഫ് ഈപ്പച്ചന്റെ നന്മയ്ക്കായിട്ടു പറഞ്ഞതിനെ തട്ടാതെ വ്യസനത്തോടെ ക്രമത്തെ അനുസരിച്ചു. ശേഷം ഏഴുപേർക്കും യൂസുസുയോസേഫിന്റെ കയ്യിൽ നിന്നു വാങ്ങിച്ചു കൊടുത്തു. എന്നാൽ യൂസുസുയോസേഫ് ഈപ്പച്ചന്റെ വെളിപാടിൻപ്രകാരവും ഐക്യതയിൻ ആത്മാവിന്റെ നിയോഗപ്രകാരവും ഒന്നാം ചിട്ടിക്കാരനായിട്ടു ഈപ്പച്ചനെ എണ്ണി എങ്കിലും

ഫ ഗോത്രങ്ങളിലും തനിക്കു അവകാശം ഉണ്ടാകേണ്ടുന്നതിന്നു യൂസു
സുയോസേഫിന്റെ പ്രിയ ഭാഗ്യസ്ത്രീ ഫനുവേ മുദ്രയെ ഏഴാമ
ത്തേ ഇരുപ്പച്ചന്നു കൊടുത്തു. പിന്നീടാകുന്ന മറ്റുള്ള ഫ വേക്കം മുദ്ര
കൊടുത്തതു. ഈ ഫനു മുദ്രകൾക്കും ഒന്നാമത് രണ്ടാമത് ഇത്യാദിയു
ണ്ടു. എങ്കിലും മുദ്രകൾ എല്ലാം യൂസുസുയോസേഫിന്നു യുയോമയങ്ങ
ളാകുന്നു. യാതൊരു വ്യത്യാസവുമില്ല. ആമേൻ. ആമേൻ. ആമേൻ.
എന്തെന്നാൽ ത്രിയേക ദൈവമായ സ്നേഹാത്മാവു തന്റെ അത്യന്ത
സ്നേഹംമൂലം യൂസുസുയോസേഫിന്നു നൽകിയ കൃപയിൻ ജ്ഞാനത്തെ
കടഞ്ഞുൽഫലമായ ദാനിയേലും സദൃശത്തിന്നു ഫലമായ മനുവും
പ്രിയഫലമായ കൃപയും ശക്തിയുടേയും സൌന്ദര്യത്തിന്റേയും ഫല
മായ മറിയയും ഐക്യതയിൻആത്മഫലമായ യോഹന്നാനും. ഇവരെ
ല്ലാം യോസേഫിന്റേയും മറിയയുടേയും സാക്ഷാൽ മായമില്ലാത്ത
മക്കളും യാതൊരു വ്യത്യാസമില്ലാത്തവരും ആകുന്നു സത്യം സത്യം സ
ത്യം. അതുകൊണ്ടു ഐക്യതയിന്നാത്മാവിന്നും ആത്മമണവാട്ടിക്കും ഈ
ഫ വേരും ഈരുപ്പച്ചനും യോഹന്നാന്റെ ആൽപ്പേരായ യൂസുസുയോ
സേഫും മറിയയും ഒന്നുപോലാകുന്നു. ആമേൻ ആമേൻ ആമേൻ.

അകയാൽ ഒന്നാം മുദ്ര യു: യാക്കോബു, രണ്ടാം മുദ്ര വ: ലൂക്കോസു,
മൂന്നാം മുദ്ര വ: ഇടിക്കുള, നാലാം മുദ്ര മ: ചെറിയാൻ, അഞ്ചാം മുദ്ര
ര: ചാണ്ടി, ആറാം മുദ്ര യു: ഫീലിപ്പോസു, ഏഴാം മുദ്ര ഇട്ടിമാത്തൻ,
എട്ടാം മുദ്ര യു. സമുവേൽ, ഒൻപതാം മുദ്ര വ. കൊച്ചുകോശി, പ
ത്താം മുദ്ര യേ. സമുവേൽ, പതിനൊന്നാം മുദ്ര യു. യോഹന്നാൻ, പ
ന്ത്രണ്ടാം മുദ്ര കൊ. കു. കോശി എന്ന ബോധകന്മാർക്കും, പതിമൂന്നാം
മുദ്ര ഈരുപ്പച്ചനും, ആകുന്ന ഐക്യതയിന്നാത്മാവു നൽകിയതു. പതി
ന്നാലാം മുദ്ര തൊമ്മച്ചനും പതിനഞ്ചാം മുദ്ര യൂസുസു യോസേഫിന്നും
ആകുന്നു. എന്നാലൊ ആത്മനിയോഗപ്രകാരം തൊമ്മച്ചന്റെ മുദ്രയെ
പാദശുശ്രൂഷക്കാരി മറിയയ്ക്കും പതിനഞ്ചാം മുദ്രയെ പാദശുശ്രൂഷക്കാ
രന്റെ മകൻ യൂസുസുയോസേഫാത്മജൻ യോഹന്നാനുമാകുന്ന നൽ
കിയിരിക്കുന്നതു. ഐക്യതയിന്നാത്മാവിന്നു തന്റെ മണവാട്ടിയിൽ
നിന്നു ജനിച്ച തൻ ഇഷ്ട പുത്രൻ യോഹന്നാന്റെ ആൽപ്പേരത്രെ. യൂസുസുയോസേഫ്. ആമേൻ ആമേൻ ആമേൻ. യോഹന്നാ
ന്റെ ആൽപ്പേരായിട്ടു ഈരിപ്പാൻ ആർക്കു മനസ്സുണ്ടോ അവർക്കു മാത്രമെ ഐക്യതയിന്നാത്മാവിൽ നിന്നു മുദ്രാപം വകരപ്പെട്ടു. നിശ്ചയം
നിശ്ചയം നിശ്ചയം. അല്ലാതെ മുദ്രാപത്തിന്റെ ആത്മാവു ആർക്കും
വകരപ്പെടുകയില്ല. നിശ്ചയം. നിശ്ചയം. നിശ്ചയം. ആമേൻ ആമേ
ൻ ആമേൻ.

ര. ഇന്നാൾക്കു ഇന്ന ചിട്ടി എന്നു തൽക്കാലം വെളിപ്പെടുന്നുവാൽ
അവരവർക്കു വന്ന മുദ്രയെ മേശപ്പുറത്തു വയ്പ്പാൻ യൂസുസുയോസേ
ഫ് പറഞ്ഞിട്ടു ഐക്യതയിൻ ഐക്യതയെക്കുറിച്ചു ഐക്യതയിന്നാ

ത്മാവിന്റെ നിയോഗപ്രകാരം എഴുതിയുണ്ടാക്കിയിരുന്ന ഏഴു നിയോഗങ്ങളെ വായിച്ചു നിത്യസുവിശേഷമാം നീതിനിലയങ്കിയെ മുത്തേനിനക്കിന്നു തന്നോൻ എന്നു പുതിയ പാട്ടും തിരുമുഖം കാണുംതോറും എന്നപാട്ടും പാടി ഐക്യതയിന്നാത്മാവാകുന്ന മഹാദൈവത്തിന്റെ രാത്രി വിരുന്നു ആചരിച്ചു. ഈപ്പച്ചന്റെ പ്രാർത്ഥനയും യൂസ്സുസയോസേഫിന്റെ അനുഗ്രഹവും നിവൃത്തിച്ച ശേഷം ഉദ്ദേശം ൫ മണിക്കു സംഘം പിരിഞ്ഞു.

പിറെറദിവസം വ്യാഴാഴ്ച ചിട്ടിഇന്നതെന്നു അറിയാതെ മുട്ടുകൊട്ടുത്തു കൂടാ എന്നു വെളിപ്പെട്ടതിനെയൂസ്സുസയോസേഫ് ധ്യാനിച്ചുകൊണ്ടിരുന്നു. മുദ്രയാൽ ചിട്ടി ഇന്നതെന്നു നിശ്ചയിപ്പാനുള്ള മമ്മം അപ്പോൾവെളിപ്പെട്ടതുമില്ല. ആയതു പിറെറ ചൊവ്വാഴ്ച കന്നി ഫസ്റ്റ് കാലത്താകുന്നു വെളിപ്പെട്ടതു എന്നു ആമേൻ ആമേൻ ആമേൻ. ഇക്കാര്യത്തെപ്പററി പറവാൻ വിശുദ്ധന്മാർ തൽക്കാലം യൂസ്സുസയോസേഫിനു ഇല്ലാതെയും ഇരുന്നു. ഇങ്ങനെ ഇരിക്കും സമയത്തു ചെറിയാൻ ബോധകർ ഈപ്പച്ചനുമായി വന്നു മുദ്ര ചോദിച്ചുറെ എഴുതുവാനുണ്ടു പിന്നീടു കൊടുത്തയയ്ക്കാം എന്നു പറഞ്ഞാറെയും തൽക്കാലം തന്നേ കഴിയു എന്നു സിദ്ധാന്തിച്ചതിനാൽ അപ്പോൾ കൊടുത്തേ കഴിയു എന്നു കണ്ടു ധ്യാനിച്ചു ചിട്ടി എഴുതുവാൻ ഇരുന്നാറെ എത്രാം കാഹളം എന്നു ഈപ്പച്ചനോടു ചോദിച്ചതിനു ആറാം കാഹളം ഞാനല്ലയോ പറഞ്ഞതു എഴുതിക്കൊള്ളണം. എന്നു ഖണ്ഡിച്ചു പറഞ്ഞതിനെ കേട്ടു ഞാൻ ഒന്നുമറിയാതെ എന്റെ പരമാർത്ഥപ്രകാരവും എന്റെ കൈകളുടെ വെടിപ്പിൻ പ്രകാരവും ആറാം നമ്പ്രു എന്നും ആറാം കാഹളമെന്നും എഴുതി ആമേൻ ആമേൻ ആമേൻ.

പിറെറ ചൊവ്വാഴ്ച കന്നി ഫസ്റ്റ് മുദ്രയാൽ ചിട്ടി അറിവാൻ തക്കവണ്ണം ഉള്ള മമ്മം വെളിപ്പെട്ടു. അതേപ്രകാരം നോക്കിയപ്പോൾ ചെറിയാൻ ബോധകരെയും ലൂക്കോസുബോധകരെയും ദൈവം പ്രത്യേകം സ്നേഹിച്ചിട്ടുണ്ടെന്നു കണ്ടു ദൈവത്തെ സ്തുതിച്ചു. അതുമല്ല ഇട്ടിമാത്തൻ ബോധകരെ ലൂക്കോസു ബോധകർക്കു ഉപകാരമായിട്ടും പീലിപ്പോസബോധകരെ ചെറിയാൻ ബോധകർക്കു ഉപകാരമായിട്ടും കൊടുക്കണം എന്നു വെളിപ്പെട്ടതിനുണ്ണം എഴുതുകയുംചെയ്തു. ആമേൻ ആമേൻ. അല്ലാതെയും യൂസ്സുസയോസോഫിനുപകാരമായിട്ടു യു: സമുവൽ ബോധകരേയും, ഈപ്പച്ചനു ന്യായമായി വരേണ്ടുന്ന ഉപകാരമായിട്ടു യു: യോഹന്നാൻ ബോധകരേയും, ചാണ്ടി ബോധകർക്കു വി: കൊച്ചുകോശിബോധകരേയും, യാക്കോബു ബോധകർക്കു യേ: സമുവേൽ ബോധകരേയും വി: ഇടിക്കള ബോധകർക്കു കൊ. കോശിബോധകരേയും ആത്മനിയോഗപ്രകാരം കൊടുത്തു ബന്ധിക്കയും ചെയ്തു. ആമേൻ ആമേൻ എന്നു;

വാദഗ്രന്ഥകാരൻ യൂസ്സുസയോസേഫ്.

കന്നീററി ഫംഗ്ഷ൯. കന്നി ഫവ.

സംഘത്തിൽ കൂടി ആലോചിച്ചു നിശ്ചയിച്ച നിയമങ്ങൾ

ഫാവത്തു. ജീവകരുണയിൻ വിശ്വസ്തന്മാർ പൊതുസംഘത്തിന്റെ അവയവങ്ങളാകുന്ന ബോധകന്മാർ അച്ചന്മാർ തലവന്മാർ എന്നിവരും വിശ്വസ്തന്റെ ഭൃത്യന്മാർ പക്ഷവാദം ചെയ്തിട്ടുള്ള മറെല്ലാവരും തന്നെ. വിശ്വസ്തന്മാർ അവരവർക്കുള്ള അത്യന്തികൽ നിശ്ചയിച്ചു തങ്ങൾക്കുള്ള വിശ്വസ്തന്മാരെ തെരിഞ്ഞെടുത്തു അവരവരുടെ പേരുകൾ സംഘത്തിൽ എഴുതി അയയ്ക്കയും സംഘത്തിൽ നിന്നു ജീവകരുണയിൻ പത്രം വാങ്ങിച്ചു കീഴിലുള്ള ഓരോരുത്തർക്കു കൊടുത്തു അവരെ അതാതു അത്യന്തികളിൽ അയയ്ക്കയും മാസാന്ത്യത്തിങ്കൽ റിപ്പോർട്ടും ദശാംശവും ചിലവു നീക്കിയുള്ള ധനവും വാങ്ങിച്ചു അതാതു മുതൽപീടിയിൽ ഏല്പിച്ചു അതിനുള്ള രസീതോടും ക്രമത്തെ റിപ്പോർട്ടും ദശാംശവും പിറെമാസം 8 നു-ക്കകം സംഘത്തിൽ ഏല്പിക്കയും ചെയ്യേണ്ടുന്നതാകുന്നു. കീഴക്കെ ഡിവിഷ്യനിൽ പുന്നയ്ക്കാട്ടു പുത്തേത്തു ചാണ്ടിയച്ചനേയും, പടിഞ്ഞാറെ ഡിവിഷ്യനിൽ കായംകുളം മുത്തൻ വീട്ടിൽ ഉമ്മച്ചനേയും, തെക്കെ ഡിവിഷ്യനിൽ ക്രുടാരപ്പള്ളിൽ കൊച്ചോയിച്ചനേയും, ജീവകരുണയിൻ പൊതു നിരീക്ഷപപാത്രമായി നിയമിച്ചിരിക്കുന്നു.

വാവത്തു. മുന്നു ഡിവിഷ്യൻ സംഘവും അഞ്ചേരി ഇടവക സംഘവും നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഒരു വരവണ്ണം മാറാം വരുത്താതെ നടത്തിക്കുന്നതിനും വിശേഷാൽ ദശാംശങ്ങളെ ക്രമപ്രകാരം അതാതു സ്ഥലത്തു ശേഖരപ്പെട്ടുത്തേണ്ടതിനും യു. യാക്കോബു ബോധകരെ നിയമിച്ചിരിക്കയാൽ അവരെ നടത്തേണ്ടുന്നതിനു സംഘത്തിൽ നിന്നു അയാൾക്കു ഐക്യമുദ്ര കൊടുക്കേണ്ടുന്നതാകുന്നു.

നാവത്തു. തെക്കെഡിവിഷ്യനിലെ ഇടവകസംഘം നടത്തേണ്ടുന്നതിനു വ. ഇടിക്കുള ബോധകരേയും കീഴക്കെ ഡിവിഷ്യനിലെ ഇടവകസംഘം നടത്തേണ്ടതിനു രാ. ചാണ്ടിബോധകരേയും പടിഞ്ഞാറെ ഡിവിഷ്യനിലെ ഇടവക സംഘം നടത്തേണ്ടുന്നതിനു വ. ലൂക്കോസു ബോധകരേയും നിയമിച്ചിരിക്കയാൽ അവരെ നടത്തേണ്ടുന്നതിനു സംഘത്തിൽനിന്നു അവർക്കു ഐക്യമുദ്ര കൊടുക്കേണ്ടുന്നതാകുന്നു.

ദാവത്തു. മുന്നു ഡിവിഷ്യനിലുള്ള എല്ലാ സഭകളിലും വേദവായന, പ്രാർത്ഥന, രോഗികളെ പരിപാലിച്ചു ആരോഗ്യപ്പെടുത്തുക, ഞായർ വെള്ളി എന്ന ദിവസങ്ങളിൽ സഭക്കാർ ഇട്ടുന്ന ധർമ്മംകൊണ്ടു ദരിദ്രന്മാരെ പോഷിപ്പിക്ക എന്നിവകൾ ക്രമമായി നടപ്പാൻ തക്കവണ്ണം പൊറിയാൻ ബോധകരെയും, ഇട്ടിമാത്തൻ ബോധകരെയും നിയമി

ച്ചിരിക്കയാൽ അവകളെ മേൽ വിചാരിച്ചു നടത്തേണ്ടുന്നതിനു സംഘത്തിൽ നിന്നു അവക്കു ഐക്യമുള്ള കൊടുക്കേണ്ടുന്നതാകുന്നു.

ഒ.വതു. സഭയിലുള്ള സകലരും ഞായർ, തൊവ്വാ, വ്യാഴം, വെള്ളി, ശനി, എന്ന ദിവസങ്ങളെ അര കെട്ടി ഉപവാസമായി കഴിച്ചു കൂട്ടുവാനും തിങ്കൾ ബുധൻ എന്ന ദിവസങ്ങളിൽ ഭാഗ്യഭർത്താക്കന്മാർ തമ്മിൽ സംയോജിച്ചു കൊള്ളുവാനും തക്കവണ്ണം പ്രത്യേകം അഗ്രാസനങ്ങടെ അനുവാദപ്രകാരം സംഘം വിധിച്ചിരിക്കകൊണ്ടു ഈ വിധിയെ പ്രസിദ്ധപ്പെടുത്തുവാനും മനഃപൂർവ്വമായി തരുന്ന മിന്നകളെ ശേഖരപ്പെടുത്തി അവയെ പൊതുസംഘത്തിൽ അയപ്പാനും വ. കൊച്ചുകോശി ബോധകരേയും കൊ. കു. കോശി ബോധകരേയും നിയമിച്ചിരിക്കയാൽ ആ കാര്യങ്ങളെ നടത്തേണ്ടുന്നതിനു സംഘത്തിൽനിന്നു അവക്കു ഐക്യമുള്ള കൊടുക്കേണ്ടുന്നതാകുന്നു.

നാ.വതു. സഭയിലുള്ള സകലരും മാംസഭോജനത്തിൽനിന്നു ക്രമേണ ഒഴിഞ്ഞു വരികയും ജീവശുദ്ധീകരണ പ്രാർത്ഥനയാൽ പരിശുദ്ധരിക്കപ്പെട്ട അക്ഷരരൂപമായ അമൃതസജീവമന്നാഭോജനത്തിൽ നിന്നു ക്രമേണ ആരോഗ്യപ്പെടുകയും ഐക്യാക്ഷരം പഠിക്കയും കൈകളെ കൊണ്ടു ജീവകരുണയിൻ പത്രം വഹിച്ചു യാവന നടത്തിക്കൊള്ളുകയും ചെയ്യണം. എന്നു സംഘവിധിയെ സഭയിൽ പ്രസിദ്ധപ്പെടുത്തി നടത്തിക്കേണ്ടുന്നതിനു യേ. സമുവേൽ ബോധകരേയും യു. യോഹന്നാൻ ബോധകരേയും നിയമിച്ചിരിക്കയാൽ ആകാര്യങ്ങളെ നടത്തേണ്ടുന്നതിനു സംഘത്തിൽനിന്നു അവക്കു ഐക്യമുള്ള കൊടുക്കേണ്ടുന്നതാകുന്നു.

നാവതു. സഭയിലുള്ള സകലരും നാളതു വരെ സഭയ്ക്കുണ്ടായിട്ടുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും കീഴ്പ്പെട്ട അവയെ ക്രമമായി അനുസരിച്ചു നിത്യസുവിശേഷാക്ഷരമായ മറുപടത്തിങ്കൽ വന്നു ചേർന്നു കൊള്ളണം എന്നുള്ള സംഘവിധിയെ പ്രസിദ്ധപ്പെടുത്തേണ്ടുന്നതിനും യു. പീലിപ്പോസ് ബോധകരെയും യു. സമുവേൽ ബോധകരെയും നിയമിച്ചിരിക്കയാൽ അവകളെ നടത്തേണ്ടുന്നതിനു സംഘത്തിൽനിന്നു അവക്കു ഐക്യമുള്ള കൊടുക്കേണ്ടുന്നതാകുന്നു.

വിശേഷാൽ നിയമങ്ങൾ

ഇനി കൂടുന്ന പൊതുസംഘത്തിൽ ആലോചിച്ചു നിശ്ചയിച്ചു തീർപ്പുണ്ടാകുന്നതു വരെ ബഹുമാനസഹോദരന്മാരുടെ നിമിത്തം സഭയിലുള്ളവർ തങ്ങളുടേതു എന്നു വിചാരിച്ചിരിക്കുന്ന പുരയിടങ്ങളിൽ തെങ്ങു വയ്ക്കാതിരിക്കട്ടെ.

പുതിയ തിരുത്തലിൽ ഉള്ള വേദപുസ്തകവും അന്യർ അനുവാദം കൂടാതെ അച്ചടിപ്പിച്ചിരിക്കുന്ന പാട്ടുപുസ്തകവും സഭയിലുള്ള സകലരും ഒരു പ്രകാരത്തും അവകളെ ഉപയോഗിക്കാതിരിക്കട്ടെ. എന്തെ

ന്നാൽ ആ രണ്ടു വേലകൾക്കും ആറാണ്ടിന്നാത്മാവാകുന്ന വേദാത്മാവി
ന്റെ മേലദ്ധ്യക്ഷതയില്ലെന്നു സംഘം വിധിച്ചിരിക്കുന്നു.

ഒരു കല്പന സംഘത്തിനു വേണ്ടുന്നതാകയാൽ ആ കാര്യത്തിനു
കയ്യൊപ്പു പടിപ്പുരയ്ക്കൽ അച്ചനെ അദ്ദേഹത്തിന്റെ പൂർണ്ണസമ്മത
ത്തിൽ പ്രകാരം ഏല്പിച്ചിരിക്കുന്നു.

എന്നു പാദശുശ്രൂഷക്കാരൻ. യൂസുയോസേഫ്.



ഐക്യതയിൽ നിന്നുള്ള ഐക്യതയെ
കുറിച്ചു ഐക്യതയിൽ ആത്മാവിന്റെ
നിയോഗങ്ങൾ

---

൧. ബോധകന്മാർ ൧൨ പേരും ജീവമുദ്രയാകുന്ന പൊതുഅകൈ
ക്യവർണ്ണമാം നിത്യജീവാക്ഷരമുദ്രയിൽ നിന്നു ജീവൈക്യവർണ്ണമുദ്ര വ
ഴിയായി ഒന്നാമതായിട്ടു പൊട്ടിപുറപ്പെട്ട ൧൨ ഐക്യവർഗ്ഗമുദ്രകളാ
കുന്നു.

(1) ആ വർഗ്ഗമുദ്ര: ദേവപ്രേട്ട: അയ്ഫൻ: ഭൂതപ്രവരൻ: പ്രേരി; യൂ:
യാക്കോബു മൂന്നാം കാഹളം.

(2) ചീവർഗ്ഗമുദ്ര: ദേവപ്രേട്ട; പ്രാചീനൻ; ഭൂതപ്രവരൻ: പ്രേരി: പ:
ലൂക്കോസു രണ്ടാം കാഹളം.

(3) തേവർഗ്ഗമുദ്ര: ദേവപ്രേട്ട, തേജസ്സൂരൻ; ഭൂതപ്രവരൻ: പ്രേ
രി, വ: ഇടിക്കള നാലാം കാഹളം.

(4) പൈവർഗ്ഗമുദ്ര: ദേവപ്രേട്ട; പൈതൃകൻ; ഭൂതപ്രവരൻ പ്രേരി; മ: ചെറിയാൻ ആറാം കാഹളം.

(5) യോവർഗ്ഗമുദ്ര; ദേവപ്രേട്ട: യോദ്ധാ: ഭൂതപ്രവരൻ; പ്രേരി: രാ; ചാണ്ടി അഞ്ചാം കാഹളം.

(6) ഒവർഗ്ഗമുദ്ര; ദേവപ്രേട്ട; മംഗലൻ; ഭൂതപ്രവരൻ; പ്രേരി; യൂ; പീലിപ്പോസു; ഉപ; ആറാം കാഹളം.

(7) റവർഗ്ഗമുദ്ര; ദേവപ്രേട്ട; ജ്ഞാനൻ; ഭൂതപ്രവരൻ; പ്രേരി: ഇട്ടി മാത്തൻ ഉപ. രണ്ടാം കാഹളം.

(8) ഷവർഗ്ഗമുദ്ര; ദേവപ്രേട്ട: ഷേകൻ: ഭൂതപ്രവരൻ: പ്രേരി: യൂ: ശമുവേൽ ഉപ: ഒന്നാം കാഹളം.

(9) കാവർഗ്ഗമുദ്ര: ദേവപ്രേട്ട: കാന്തൻ: ഭൂതപ്രവരൻ: പ്രേരി: വ: കേശി ഉപ: അഞ്ചാം കാഹളം.

(10) ടവർഗ്ഗമുദ്ര ദേവപ്രേട്ട; വട്ട; ഭൂതപ്രവരൻ; പ്രേരി; യെ: ശമുവേൽ ഉപ: രണ്ടാം കാഹളം.

മൂന്നാം

(11) മഹാഗുരു: ദേവപ്രിയ: മലാപഹൻ, ഭൂതപ്രവരൻ, പ്രേരി, യു, യോഹന്നാൻ ഉപ, ഏഴാം കാഹളം.

(12) ശൗ മഹാഗുരു, ദേവപ്രിയ, ശൗദ്ധോദനൻ, ഭൂതപ്രവരൻ, പ്രേരി, കൊ, കു, കോശി ഉപ, നാലാം കാഹളം.

ഈ പന്ത്രണ്ടു ലെഗിയോണിന്റെയും (ലെഗിയോൻ ഒന്നിനു പന്തീരായിരം പേർ) ദളകർത്തൻ ഏകൈകവണ്ണൻ അവന്റെ മൃദു ജീവിപ്പെ കൈകവണ്ണം ഏഴാം കാഹളം അല്ലെങ്കിൽ ദേവകാഹളം.

രാജകുമാരൻ ഏകൈകവണ്ണൻ അവന്റെ മൃദു ജീവമയികുഴൽ ജീവകാഹളം അല്ലെങ്കിൽ ഉയിർപ്പിൻ കാഹളം.

രാജകുമാരന്റെ അപ്പൻ പൊതുഷ്കൈകവണ്ണൻ അവന്റെ മൃദു നിത്യജീവാക്ഷരമയികുഴൽ ഒന്നാം കാഹളം.

പ. പെറിയാൻ ബോധകരും ഇട്ടിമാത്തൻ ബോധകരും ക്രൂടെ മൂന്നു ഡിവിഷ്യനിലുമുള്ള വേദവായനയും പ്രാർത്ഥനയും ക്രമമായി നടപ്പാൻ തക്കവണ്ണം മേൽവിചാരക്കാരായിരുന്ന ചട്ടംകെട്ടുകയും സഭയിൽ രോഗം നീങ്ങി എല്ലാവർക്കും ആരോഗ്യം വരുവാൻ തക്കവണ്ണം ഉണർവ്വോടെ ക്രൂടെ പ്രാർത്ഥിക്കയും വെള്ളി, ഞായർ എന്ന ദിവസങ്ങളിൽ സഭകളിലുള്ള സകലരും ധർമ്മം ഇടുവാൻ ജാഗ്രതപ്പെടുത്തുകയും ചെയ്യണം. ഇക്കായ്ങ്ങളിൽ മറ്റു സകല ശുശ്രൂഷക്കാരും ഇവർക്ക് ഉതവിക്കാരായിരിക്കട്ടെ. ഇവർ ജീവകരുണയിൻ പത്രം മൂലം ഊറിവരുന്ന മുലപ്പാലുകൊണ്ടു ഉപജീവിച്ചു വേഗം ശക്തിപ്പെട്ടുകൊള്ളുകയും ചെയ്യട്ടെ.

പ. യു, യാക്കോബു ബോധകരും യേ, ശമുവേൽ ബോധകരൊകൊ, കു, കൊശി ബോധകരെ ക്രൂടെ മൂന്നു ഡിവിഷ്യൻ സംഘവും അഞ്ചേരി ഇടവകസംഘവും ക്രമമായി നിവൃത്തിച്ചു സംഘറിപ്പോർട്ട എഴുതി പൊതുസംഘത്തിൽ ഏൽപ്പിക്കയും ദശാംശങ്ങളെ നിശ്ചയിച്ചിരിക്കുന്ന നിയമപ്രകാരം ശേഖരപ്പെടുത്തി അതാതു സ്ഥലത്തു നിക്ഷേപിപ്പാൻ മേൽവിചാരം ചെയ്യയും ജീവകരുണയിൻ പത്രത്തിന്റെ ഭവനക്കണക്കും ദശാംശവും വാങ്ങി സംഘത്തിൽ ഏൽപ്പിക്കയും ഉപദേശങ്ങൾക്കു തെറ്റു വരാതെ നോക്കി ചട്ടം കെട്ടുകയും വേണം. ഇക്കായ്ങ്ങളിൽ മറ്റു ശുശ്രൂഷക്കാരൊക്കെയും ഇവർക്കു ഉതവിക്കാരായിരിക്കട്ടെ. ഇവർ ജീവകരുണയിൻ പത്രം മൂലം ഊറിവരുന്ന മുലപ്പാലുകൊണ്ടു ഉപജീവിച്ചു വേഗം ശക്തിപ്പെട്ടു കൊള്ളുകയും ചെയ്യട്ടെ.

ര. വ, ലൂക്കോസു ബോധകർ പടിഞ്ഞാറെ ഡിവിഷ്യനിലുള്ള ഇടവകസംഘങ്ങളെയും രാ, ചാണ്ടിബോധകർ കിഴക്കെ ഡിവിഷ്യനിലുള്ള ഇടവക സംഘങ്ങളെയും വ, ഇടിക്കുള ബോധകർ തെക്കെ ഡിവിഷ്യനിലുള്ള ഇടവകസംഘങ്ങളെയും നിയമങ്ങൾക്കു ഒരു വരവുണ്ടു വ്യത്യാസം വരാതെ നടത്തുകയും അതാതു സ്ഥലങ്ങളിൽ ദശാം

ശങ്ങളെ ശേഖരിപ്പാൻ ആളുകളെ ജാഗ്രതപ്പെടുത്തുകയും തങ്ങളുടെ കീഴിലുള്ള ജീവകരുണ്യയിൻ പത്രത്തിന്റെ ഭവനക്കണക്കും ദശാംശവും വാങ്ങിച്ചു മാസന്തോറും സംഘത്തിൽ ഏൽപ്പിക്കയും പിന്നീട് ഒമ്പതു അംശങ്ങളിൽ ഒന്നിന്റെ ചിലവു നീക്കി ശേഷമുള്ളതു അതാതു മുതൽപിടിയിൽ ഏൽപ്പിച്ചു രസീതു വാങ്ങിച്ചു ആയ്യപൊതുസംഘത്തിൽ ഏൽപ്പിക്കയും ഉപദേശങ്ങൾക്കു തെറ്റു വരാതെ നോക്കി ചട്ടം കെട്ടുകയും വേണം. ഇക്കായ്ങ്ങളിൽ മറ്റു ശുശ്രൂഷക്കാരൊക്കയും ഇവക്കു ഉതവിക്കാരായിരിക്കട്ടെ. ഇവർ ജീവകരുണ്യയിൻ പത്രം മൂലം ഊറിവരുന്ന മുലപ്പാലുകൊണ്ടു ഉപജീവിച്ചു വേഗം ശക്തിപ്പെട്ടുകൊള്ളുകയും ചെയ്യട്ടെ.

൪. വ, കൊച്ചുകോശി ബോധകരും കൊ, കു, കോശിബോധകരും ക്രൂടെ സഭയിലുള്ളവരെ വിധവകളാക്കി കർത്താവിന്നായുറങ്ങുന്നവരാകയാൽ മനഃപൂർവ്വമായി തരുന്ന മിന്നുകളെ ശേഖരപ്പെടുത്തി അവയെ സംഘത്തിൽ ഏൽപ്പിക്കയും ഒരു ആഴ്ചവട്ടത്തിൽ ചൊവ്വാ, വ്യാഴം, വെള്ളി, ശനി, ഞായർ എന്ന ദിവസങ്ങളെ അരകെട്ടി ഉപവാസത്തിൽ കഴിച്ചുകൂട്ടുവാൻ ശട്ടം കെട്ടുകയും തിങ്കൾ, ബുധൻ എന്ന ദിവസങ്ങളിൽ വിധിപ്രകാരം സംയോജിച്ചുകൊള്ളുവാൻ തക്കവണ്ണം നിയോഗിക്കയും വേണം. അല്ലാതെയും ഓരോ വീട്ടിലുള്ള വെള്ളിയും പൊന്നും മഹാ ദൈവാലയനിർമ്മാണത്തിന്നായി അതാതു വീടുകളിൽ ശുദ്ധീകരിച്ചുകൊള്ളുവാൻ കണിശമായി പറഞ്ഞു ഉപദേശിക്കയും വേണം. ഇക്കായ്ങ്ങളിൽ മറ്റുള്ള ശുശ്രൂഷക്കാരൊക്കയും ഇവക്കു ഉതവിക്കാരായിരിക്കട്ടെ. ഇവർ ജീവകരുണ്യയിൻ പത്രം മൂലം ഊറിവരുന്ന മുലപ്പാലുകൊണ്ടു ഉപജീവിച്ചു വേഗം ശക്തിപ്പെട്ടുകൊള്ളുകയും ചെയ്യട്ടെ.

൫. യു, യോഹന്നാൻ ബോധകരും യേ, ശമുവെൽ ബോധകരും ക്രൂടെ സഭയിലുള്ളവരെ അനാഥപൈതങ്ങളാക്കി കർത്താവിന്നൊരുക്കേണ്ടുന്നവരാകയാൽ നീതി, നാറാത്തിന്റെ അശുദ്ധാത്മാവു വാഴുന്നമേറിയിരിക്കുന്ന മത്സ്യമാംസഭക്ഷണം ഉപേക്ഷിച്ചു സസ്യാദികളെയും ഫലമൂലാദികളെയും കൊണ്ടു ജീവശുദ്ധീകരണപ്രാർത്ഥനയോടുകൂടെ ഉപജീവിച്ചു ആത്മാവിൽ ശക്തിപ്പെടുവാനും ജീവകരുണ്യയിൻ പത്രം വഹിക്കുന്നതിന്നു എല്ലാ കൈകളും ബലപ്പെടുവാനും ഉപദേശിച്ചു ചട്ടം കെട്ടുകയും ഐക്യാക്ഷരം സകലരും പഠിപ്പാൻ ഉദ്യോഗിപ്പിക്കയും വേണം. ഇക്കായ്ങ്ങളിൽ മറ്റുള്ള എല്ലാ ശുശ്രൂഷക്കാരും ഇവക്കു ഉതവിക്കാരായിരിക്കട്ടെ. ഇവർ ജീവകരുണ്യയിൻ പത്രം മൂലം ഊറിവരുന്ന മുലപ്പാലുകൊണ്ടു ഉപജീവിച്ചു വേഗം ശക്തിപ്പെട്ടുകൊള്ളുകയും ചെയ്യട്ടെ.

൬. യു, ഫീലിപ്പോസു ബോധകരും യു, ശമുവേൽ ബോധകരും ക്രൂടെ സഭയിലുള്ള എല്ലാ കുടുംബങ്ങൾക്കും തലവന്മാരായിരുന്നുകൊ

ണ്ടു കർത്താവിന്നായിട്ടു ജനങ്ങളെ ഒരുക്കേണ്ടുന്നവരാകയാൽ ക്രമപ്രകാരമുള്ള വേദവായന, രഹസ്യപ്രാർത്ഥന, കുടുംബപ്രാർത്ഥന, കൂടിപ്രാർത്ഥന മാസന്തോറുമുള്ള ദശാംശപരിവിന്നുള്ള ഐക്യകുടുംബപ്രാർത്ഥന, കുടുംബം ക്രമപ്പെടേണ്ടുന്നതിനുള്ള ജീവചരിത്രം എന്നിവകളിൽ ശ്രദ്ധവെച്ചു നോക്കുകയും ജനങ്ങളുടെ എല്ലാ കുറവുകളേയും കുറങ്ങളെയും സഹിച്ചും, ക്ഷമിച്ചും, മറന്നും വിട്ട ജീവശുദ്ധീകരണപ്രാർത്ഥന, കാഹളം, കലശം എന്നിവ മൂലം ജനങ്ങളെ മന്ന; തേൻതുള്ളി, പരിമളാവി എന്നപോലെ ദിവസന്തോറും ഭക്ഷിച്ചു പാനം ചെയ്തു ശ്വസിച്ചു തൃപ്തിപ്പെടുകയും വേണം. ഇക്കാര്യങ്ങളിൽ മറ്റുള്ള സകല ശുശ്രൂഷക്കാരും ഇവക്ക് ഉതവിക്കാരായിരിക്കട്ടെ. ഇവർ ദശാംശത്തിൽ നിന്നു വരുന്ന ജീവാഹാരങ്ങളെക്കൊണ്ടു ദിവസന്തോറും മുതുപപ്പെടുകയും ജീവകരുണയിൻ പാത്രം മൂലം ഊറിവരുന്ന മുലപ്പാലുകൊണ്ടു മറ്റുള്ളവരെ പോഷിപ്പിക്കയും ചെയ്യട്ടെ.

ഈ നിയോഗങ്ങൾ ഏഴും ഫിലദെൽഫിയാ സഭയിൽ കൂടിയ പൊതുസംഘത്തിൽ വായിച്ചു സ്ഥിരപ്പെടുത്തുകയും ചെയ്തു എന്നു പാദശുശ്രൂഷക്കാരൻ യുസ്സൂസു യോസേഫ്.

ഫിലദെൽഫിയാ എന്നു
രണ്ടാംവട്ടം. ബുധനാഴ്ച.

വടക്കെ അമേരിക്കൻ സംഘം അമ്പേരിൽ വച്ചു കൂടി സംഘത്താൽ നിശ്ചയിക്കപ്പെട്ട നിയമങ്ങൾ.

---

൧. സംഘമഠവും, കലവറയും വെപ്പാനായിട്ടു വങ്ങട പുരയിടം തെരഞ്ഞെടുത്തു വിറ്റിൽ വക്കീൽ ഉപദേശി സംഘത്തിനായി മനഃപൂർവ്വമായിട്ടു തന്നിരിക്കയാൽ ആ സ്ഥലം യോഗ്യമുള്ളതാകകൊണ്ടു അവിടെ പണിയിക്കേണ്ടതും അതിന്റെ ചിലവിന്നു ഇടയക അംശം ഉള്ള കഴിഞ്ഞയാണ്ടത്തെ മുതലിൽ ചിലവു നീക്കി ശേഷമുള്ള മുതൽ ചിലവഴിക്കേണ്ടതും ആകുന്നു.

൨. ദശാംശം പരിപ്പാനായിട്ടു സംഘത്തിൽനിന്നു മുൻപെപോയപ്രകാരം പോകുവാൻ ആവശ്യമില്ല. ഐക്യകുടുംബശുശ്രൂഷക്കാർ മാസംതോറും ഐക്യകുടുംബശുശ്രൂഷെക്കു പോകുമ്പോൾ ദശാംശം മനഃപൂർവ്വമായി കൊടുക്കുന്നതിനെ കുടുംബത്തലവൻ മുമ്പായി വാങ്ങിച്ചു കലവറയിൽ എല്പിച്ചു കണക്കു എഴുതിക്കേണ്ടതും ഇടവകയിൽ നിന്നല്ലാ സംഘത്തിൽ നിന്നു അംശിക്കേണ്ടതും ആകുന്നു.

൩. പൊതു ഏകൈക്യതയിൽ നിന്നുള്ള ജീവകരുണയിൻ പാത്രത്തെ ഈ സംഘത്തിലും അംഗീകരിക്കയും സ്ഥിരപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

൪. പൊൻ വെള്ളി കൊണ്ടുള്ള ആഭരണങ്ങൾ ഇടുന്നതിനെക്കുറിച്ചും, മിന്നിനെക്കുറിച്ചും, പൊതുസംഘത്തിൽ നിശ്ചയിച്ചിട്ടുള്ള നിയമങ്ങളെ ഈ സംഘത്തിലും സമ്മതിച്ചു സ്ഥിരപ്പെടുത്തിയിരിക്കുന്നു.

൫. സഭയിലും ഐക്യകൂട്ടുംബങ്ങളിലുമുള്ള എല്ലാ ശുശ്രൂഷകൾക്കും അപ്പവും വെള്ളവും വെച്ചു ശുശ്രൂഷിക്കേണ്ടുന്നതാകുന്നു. അതില്ലാത്ത ശുശ്രൂഷ ശുശ്രൂഷയല്ല.

൬. ഈ സഭയ്ക്കു പൊതു ജീവകരുണയിൻ നിക്ഷേപപാത്രത്തിന്റെ കലവറക്കാരനായിട്ടു ഒറവപ്പുലാക്കൽ മാത്തച്ചനെ നിയമിച്ചിരിക്കുന്നു.

൭. ചിങ്ങമാസം ൨൦-ാം൹ പൊതു സംഘം കൂടിയപ്പോൾ ഐക്യതയിൽ നിന്നുള്ള ഐക്യതയെക്കുറിച്ചു ഐക്യതയിനാത്മാവിന്റെ നിയോഗങ്ങൾ എഴുതി വായിച്ചിട്ടുള്ളവയെ ഇതിനു താഴെ ചേർത്തുകൊണ്ടുന്നതാകുന്നു.

സംഘരിപ്പോർട്ട

൧൨ മണിക്കു യൂസ്സുയാക്കോബു ബോധകർ പ്രാർത്ഥനാപൂർവ്വം ശുശ്രൂഷ ആരംഭിച്ചു സംഘത്തെക്കുറിച്ചു ഗ്രഹിപ്പിക്കയും ൧ മണിക്കു പ്രാർത്ഥനയോടുകൂടെ വഴി ഉപദേശി അവസാനിപ്പിക്കയും ചെയ്തു.

പേരെഴുതിയ ആളുകളിൽ വ. ന. ൪. ന. ൯. വ. മന. ൨൧. ൨൨. ൨൪. ൨൯. ന. ന. നമ്പരിലെ ആളുകൾ സംഘത്തിനു കൂടിയില്ല.

എന്ന. പ്രേരി: യൂ: യാക്കോബു.



൧൯൩൫ കന്നി ൨൦-൹ ബുധനാഴ്ച

ഒരു പ്രത്യേകസംഘം കായങ്കുളം ഇടവകയിൽ
പടിപ്പുരയ്ക്കൽ അച്ചന്റെ ഭവനത്തിൽ വച്ചു കൂടി.

ഈ സംഘം കൂടിയതു ദേവകാഹളക്കാറൻ ഈപ്പച്ചന്റെ വെളിവാടുകൾ സക്ഷാൽ ഇന്നപ്രകാരം ഉള്ളതെന്നു സ്ഥിരപ്പെടുത്തേണ്ടതിനു ആകുന്നു.

ഈ വിശേഷാൽ സംഘത്തിനു ക്ഷണിക്കപ്പെട്ടവർ ഏഴു കാഹളക്കാരും പടിഞ്ഞാറെ ഡിവിഷ്യൻ തലവന്മാരും നടുഭാഗത്തെ അച്ചന്മാരും വടക്കു പ്രധാന തലവന്മാരും ഇങ്ങനെ മുപ്പേർ ആയിരുന്നു എങ്കിലും ഡിവിഷ്യൻ സംഘം കൂടെ ഇതിനോടു കൂടെ ആകയാൽ ആയതും നടക്കുന്നതാകുന്നു എന്നുള്ള സംഘലക്ഷണനത്തിൻ പ്രകാരം മൂലം പടിഞ്ഞാറെ ഡിവിഷ്യൻ സംഘത്തിന്റെ എല്ലാ അവയവങ്ങളും കൂടെ ഒരു പ്രകാരത്തിൽ ഈ സംഘത്തിനു ക്ഷണിക്കപ്പെട്ടവരാകുന്നു.

കായ്ത്തികുളങ്ങര ഇടവകപ്രമാണികളും ഇടിമാത്തൻ ബോധകനും

ഴീകെ മേൽ പറഞ്ഞ ഏഴു ആളുകളും യോഹന്നാൻ ബ്രോധകരും ഡിവിഷ്യൻ സംഘത്തിന്റെ ഉദ്ദേശം മറ്റെല്ലാ അവയവങ്ങളും ഈ സംഘത്തിനു വന്നുചേരും.

സംഘശുശ്രൂഷ ഉദ്ദേശം ഫെ മണിക്കു ആരംഭിച്ചു. പ്രാർത്ഥനയും ഗ്രണദോഷവും നടത്തിയതു യുസ്സൂസു യോസേഫായിരുന്നു. ഗ്രണദോഷത്തിന്റെ മുരുക്കം ഉണർവുസഭയുടെ കാണപ്പെടുന്ന അവയവങ്ങൾക്കു കാണപ്പെടാത്ത അവയവങ്ങളെക്കാൾ ദേവരാജ്യത്തിലെ പുതിയ ജനനത്തിൽ വന്നെത്തുവാൻ എത്രയും എളുപ്പവും എത്രയും പ്രയാസവും ആകുന്നു. കാരണം. കാണപ്പെടുന്ന അവയവങ്ങളിൽ ചിലർ ക്രിസ്തുരാജ്യത്തിലെ മഹിമയേറിയ ഉപദേശങ്ങളാൽ സമ്പന്നന്മാരും ചിലർ ദരിദ്രന്മാരുമായി തീർന്നിരിക്കുന്നു. അതിനാൽ ഇക്കൂട്ടം എത്രയും ഞെരുക്കവും സന്തോഷവും ഉള്ളതത്രെ. എന്നാലൊ കർത്താവു എല്ലാവരെയും ദരിദ്രന്മാരാക്കേണ്ടുന്നതിനു ശുശ്രൂഷക്കാരുടെ മുൻപാകെ ആക്കം അഴിപ്പാൻ കഴിയാത്ത കുരുക്കിനെ ഇതാ! ഇട്ടിരിക്കുന്നതിനാൽ അവൻ ആരെയും കൈവിടുകയില്ലാ എന്നത്രെ.

ഗ്രണദോഷാനന്തരം ഉദ്ദേശം ഫെ മണിക്കു സംഘാലോചന ആരംഭിച്ചു.

ഒന്നാമത്തെ ആലോചന ഇതു വിശേഷാൽ പ്രത്യേക സംഘമൊ ഡിവിഷ്യൻ സംഘമൊ എന്നായിരുന്നു. ഇക്കാര്യത്തെപ്പറ്റി സംഘത്തിൽ നിന്നു അയച്ച എഴുത്തു വായിക്കപ്പെട്ടു. അതിന്റെ താല്പര്യം. ഇതു പ്രത്യേക സംഘവും ഡിവിഷ്യൻ സംഘവും ആയിട്ടു കഴിക്കപ്പെടാം രണ്ടിനും വിരോധമില്ല എന്നാകുന്നു. എന്നാൽ ഒരു ഇടവകക്കാരെ ക്ഷണിക്കാതിരിക്കുമ്പോൾ ഇതു ഡിവിഷ്യൻ സംഘമാകുന്നതു എങ്ങിനെ? മറ്റുള്ള ഇടവകക്കാർ എല്ലാവരും വന്നിരിക്കെ ഇതു വിശേഷാൽ പ്രത്യേക സംഘമാകുന്നതു എങ്ങിനെ? എന്തെന്നാൽ പ്രത്യേക സംഘത്തിനു ഏഴു അവയവങ്ങൾ മതി. ഡിവിഷ്യൻ സംഘത്തിനു അതിന്റെ എല്ലാ അവയവങ്ങളും വേണം താനും. ഇവയെ സംബന്ധിച്ചു പലതും ആലൊചിച്ചു നിശ്ചയിച്ചതു. ഇതു ഡിവിഷ്യൻ സംഘമായാലും ഏഴു പേർ കൂടി ആലൊചിക്കുന്നതിനെ അതിൽ ആലൊചിക്കാകുന്നതും പ്രത്യേക സംഘമായാലും ഡിവിഷ്യൻ കാര്യം അതിൽ ആലോചിക്കാകുന്നതും ആകയാൽ ഒരു ഇടവകക്കാരെ ക്ഷണിക്കാത്തതു നിമിത്തം ഇതു ഒരു പ്രത്യേക സംഘമായിരിക്കട്ടെ. വന്നവർ ഈ ആലോചനയിലും ഉൾപ്പെടുകയും ചെയ്യട്ടെ. ഡിവിഷ്യൻ സംഘം മുൻ നിശ്ചയിച്ചതിൻവണ്ണം മേപ്രായിൽവച്ചു പിന്നീടു നടക്കട്ടെ എന്നായിരുന്നു. ഇതിനു എല്ലാവരും സമ്മതിച്ചു. പിന്നീടു പ്രാർത്ഥനാപൂർവ്വം ആലോചന ആരംഭിക്കുയും ചെയ്തു.

ഫാവതു. ഈപ്രയുടെ വെളിപാടുകൾ ഒക്കെയും ദേവകാഹളത്തിൽ നിന്നു പുറപ്പെടുന്നവയാകുന്നു.

ഇതിനു ഒരോ കാഹളക്കാരൻ ഒരോന്നു പറഞ്ഞു. വിവരം ഉണർവോടെ പറയുന്നതൊക്കെയും വെളിപാടുകളും അല്ലാതെ പറയുന്നതിൽ വെളിപാടുണ്ടായിരിക്കും എങ്കിലും വെളിപാടുകളായിട്ടു അംഗീകരിപ്പാൻ പാടില്ല. ഏന്നു ഒരാൾ കാഹളം ഊതി. ഉണർവോടെ അല്ലാതെയൊ മൃദുവാചകത്തോടെ പറയുന്നതു ഒക്കെയും വെളിപാടുകളത്രെ എന്നു വേറൊരാൾ കാഹളമൂതി. മറെറാരാൾ കാഹളമൂതിയതു ഉണർവോടെ അല്ലാതയോ പറയുന്നതൊക്കെയും വെളിപാടുകൾ തന്നെ എന്നായിരുന്നു. വെളിപാടിന്റെ കാര്യത്തിൽ ഈപ്രച്ഛന്ന വിശ്വാസത്തിന്റെ അളവു എത്രയുണ്ടോ അത്രയും ഞാൻ വിശ്വസിക്കുന്നു എന്നു ഒരുവൻ കാഹളമൂതി. ഒട്ടുകും യൂസുസുയോസേഫ് ഊതിയതു. ഈപ്രച്ഛന്റെ ജഡത്തിന്മേൽ സഭജീവിമൃഗ വച്ചിരിക്കുന്നതിനാൽ അതിൽ നിന്നു വരുന്നതൊക്കെയും സാക്ഷാൽ വെളിപാടാകുന്നു എന്നത്രെ. ഇവയെ സംബന്ധിച്ചു പലതും പറഞ്ഞു. ഒട്ടുകും രണ്ടു പ്രധാന തലവന്മാർ വിധിച്ചതു യൂസുസുയോസേഫ് പറഞ്ഞതിനെണ്ണം തന്നെ.

പ-ാവതു. ഈപ്രച്ഛന്റെ വെളിപാടുകൾ ഒക്കെയും അകത്തും പുറത്തും എഴുതപ്പെട്ടും ഏഴു മുദ്രകളാൽ മുദ്രയിടപ്പെട്ടും ഉള്ള പുസ്തകമാകുന്നു.

ഇതിനെ സംബന്ധിച്ചു യൂസുസുയോസേഫ് അല്പം വിവരിച്ചു ന്യായം. കാണിച്ചതിന്റെ വിവരം

ആ വെളിപാടാകുന്ന പുസ്തകത്തിനു അകത്തും പുറത്തും അക്ഷരം ഉള്ളതിനാൽ ഐക്യതയിനാത്മാവാകുന്ന കുഞ്ഞാടു മുദ്രപൊട്ടിച്ചു വായിക്കുമ്പോൾ പുറത്തെ അക്ഷരംപോലെ അല്ലായിരിക്കും അകത്തെ അക്ഷരം. മുദ്രപൊട്ടിച്ചു വായിപ്പാൻ കുഞ്ഞാടിനു മാത്രമേ കഴിയു. മറാർക്കും കഴികയില്ല താനും. അകത്തെ അക്ഷരം അറിയാതെ പുറത്തെ അക്ഷരം സ്ഥിരപ്പെടുത്തിക്കൂടാ. പുറമെ ജീവൻ എന്നാലൊ അകമെ മരണമത്രെ. അകമെ ജീവൻ എന്നാലൊ പുറമെ മരണവുമാകുന്നു. ഇതു ദൈവവചനത്തിന്റെ ന്യായമത്രെ. പുറമെ അക്ഷരം. അകമെ ആത്മാവു. ഇവ രണ്ടിനേയും സംയോജിപ്പിക്കുന്നതു ക്രിസ്തുവിൻ ഉയിർപ്പിൻ ജീവനാകുന്നു. ആ ജീവനാത്മാവത്രെ ഐക്യതയിൻ ആത്മാവു. മരണധർമ്മത്തിൽ ഇരിക്കുന്നവർക്കു ഐക്യതയിൻ ആത്മാവിനെ പ്രാപിപ്പാൻ കഴികയില്ല. ജീവധർമ്മത്തിൽ ഉൾപ്പെട്ടുന്നവർക്കു കഴിയു. അതുകൊണ്ടു ആർ ഐക്യതയിൻ ആത്മാവിനെ പ്രാപിച്ചിരിക്കുന്നുവോ അവൻ ഈപ്രച്ഛന്റെ വെളിപാടിനെ വ്യാഖ്യാനിക്കട്ടെ. അല്ലാത്തവൻ വ്യാഖ്യാനിക്കാതിരിക്കട്ടെ. എന്നും മറും അയിരുന്നു. ഇതിനു വിരോധം പറവാൻ ആർക്കും കഴിഞ്ഞില്ല.

ന-ാവതു. പടിപ്പുരയ്ക്കൽ അച്ചന്റെ മൂത്തമകളുടെ വിവാഹത്തെ സംബന്ധിച്ചു ഈപ്രച്ഛനു ഉണ്ടായിട്ടുള്ള വെളിപാടുകളും ഐക്യതയി

ന്നാത്മാവിന്റെ നിയോഗപ്രകാരം യൂസുയോസേഫിനാൽ എഴുത പ്പെട്ട എഴുത്തുകളും തമ്മിൽ പരസ്പരവിരോധമില്ല അന്യോന്യം ഐക്യമാകുന്നു.

ഈ സംഗതി തെളിയേണ്ടതിന്നു എഴുത്തുകളെ വായിക്കയും വെളിപാടുകളെ വിവരിക്കയും ചെയ്യുന്നു. അവയുടെ മുഖമാവിതു.

അച്ചന്റെ മൂത്തമകളെ കൈതക്കഴി കുഞ്ഞാണ്ടിയേക്കൊണ്ടു കല്യാണം കഴിപ്പിപ്പാൻ തക്കവണ്ണം സഭക്കുടി നിശ്ചയിച്ചു കല്യാണം ഇന്നപ്പോൾ എന്നു പ്രസിദ്ധപ്പെടുത്തിയശേഷം സ്നാനം കൊടുത്തു പെണ്ണുകെട്ടിക്കരുതെന്നും കുഞ്ഞാണ്ടിക്കു ഇപ്പെണ്ണു മൂലമെ മറുരൂപം പകരപ്പെട്ടു എന്നും ഈപ്പച്ചന്നു വെളിപ്പെട്ടു. ആ വിവരം ചിങ്ങം വന്നപ്പൊഴുസംഘം കൂടിയപ്പോൾ സംഘം വിരിഞ്ഞശേഷം അച്ചൻ പറകയും അതിന്നു മുൻപു ആ വിവരത്തിന്നു കൈതക്കഴിക്കാർ അയച്ച എഴുത്തിന്റെ പകർപ്പു കാണിക്കയും ചെയ്തു. ആ കായ്ത്തെപ്പററി യൂസുയോസേഫ് ദൈവാലോചനപ്രകാരം പറഞ്ഞതു എഴുതയച്ചാൽ മാത്രം പോരാ ഒരു ആൾ കൂടെ പറഞ്ഞയയ്ക്കണം. പണം മൂന്നാമസ്ഥമായി ഇരിക്കട്ടെ. കല്യാണം കഴിഞ്ഞശേഷം ആത്മനിയോഗപ്രകാരം ചെയ്കൊള്ളാം ഈ വിവരം പറഞ്ഞു കൈതക്കഴിക്കാരെ സമ്മതിപ്പിക്കണം എന്നായിരുന്നു. അതേപ്രകാരം ആളയയ്ക്കയും പറഞ്ഞയച്ച വിവരം അയച്ച എഴുത്തോടുകൂടെ അവരോടു പറകയും ചെയ്താറെ അവർക്കു സമ്മതമില്ലാത്തപ്രകാരം അയച്ച ആൾ വന്നു തിരികെ വന്നു മുഖാന്തിരമായി വായ്മൂലം കുന്നിറരിലും നാഗരകായങ്ങളിലും പറകയും ചെയ്തു. എങ്കിലും നാഗരകായങ്ങളുടെ ആത്മനിയോഗപ്രകാരം യൂസുയോസേഫ് കൈതക്കഴിക്കാർക്കു എഴുതിയതിന്നു ആത്മാവിന്റെ ഹിതപ്രകാരം കല്യാണത്തിന്നു പൂർണ്ണസമ്മതമുണ്ടെന്നു അവരുടെ മുഖാന്തിരമായി കുന്നിറരിലും നാഗരകായങ്ങളിലും വരികയും ഈ വിവരം എഴുത്തുമൂലം അന്നുതന്നെ യൂസുയോസേഫ് കായങ്കുളം അച്ചനെ ഗ്രഹിപ്പിക്കയും ചെയ്തു. എന്നാലൊ കുന്നിറരിലും നാഗരകായങ്കുളത്തും അച്ചനും ലൂക്കോസുബോധകരും മങ്കുഴിയിൽ പോയി ഈപ്പച്ചനെ കണ്ടു കൈതക്കഴിക്കാർക്കു വെളിപാടിൻപ്രകാരം കല്യാണത്തിന്നു മനസ്സില്ലാത്തതിനാൽ അതു മാറിയിരിക്കുന്നു ഇനി എങ്ങനെ വെളിപ്പെടുന്നുവോ? അതേപ്രകാരം ആകട്ടെ എന്നു അച്ചൻ പറഞ്ഞാറെ ഈപ്പച്ചന്നു വെളിപ്പെട്ടതിന്റെ ചുരുക്കം. ലൂക്കോസുബോധകരുടെ മകൻ സമുവേലും അച്ചന്റെ മകളും തമ്മിൽ വിവാഹം കഴിപ്പിക്കുന്നതു ദൈവത്തിന്റെ അനാദിനിർണ്ണയമാകുന്നു എന്നത്രെ. ഈ വിവരം അച്ചൻ നാഗരകുന്നിറരിൽ വന്നു പറകയും അന്നുതന്നെ അദ്ദേഹം മങ്കുഴിയിൽ പോയി യൂസുയോസേഫിന്റെ എഴുത്തിന്റെ വിവരം ഈപ്പച്ചനോടു പറകയും അതിന്നു ഈപ്പച്ചൻ ഇനി ഇക്കായ്ത്തിന്നു വേറെ വെളിപാടില്ല എന്നു പറകയും ചെയ്തു. ഈ വിവരം അച്ചൻ നാഗരകുന്നിറരിൽ എഴു

ത്തുമൂലം യൂസുസുയോസേഫിനെ ഗ്രഹിപ്പിച്ചാറെ ആത്മാവിന്റെ അ
നുവാദപ്രകാരം അതിനു മറുപടി എഴുതി അയയ്ക്കയും ചെയ്തു.

കായ്മം ഇപ്രകാരമിരിക്കയാൽ നാം ഇക്കാര്യത്തെപ്പറ്റി എന്തുചെ
യ്യേണ്ടു? എങ്ങിനെ വിധിക്കേണ്ടു? എന്നു ഓരോ കാഹളക്കാരോടു
ചോദിച്ചാറെ യാതൊരു സമാധാനവുമില്ലാതെ ഓരോരുത്തൻ ഓ
രോന്നു പറഞ്ഞുപറഞ്ഞും കൊണ്ടു ഇരിക്കയിൽ സംഘം ക്ഷീണിക്കയും
അലസലാകയും കാലവിളംബനംകൊണ്ടു എല്ലാവരും മുഷികയും ഓ
രോ കാലുഷ്യവാക്കിനാൽ കാഹളക്കാരന്റെയും പാദഹൃശ്രൂഷക്കാര
ന്റെയും ശരീരമാസകലം ശകലിക്കയും സംഘം അവസാനിപ്പാൻ
വഹ്യാതാകയും ചെയ്തു. ഇങ്ങനെ ഇരിക്കയിൽ പൂവത്തൂർ കുഞ്ഞിന്നു
വെളിപ്പെട്ടതിന്റെ ചുരുക്കം ഒന്നും, ഏഴു കാഹളങ്ങളുടെ ഏക യോ
ജിപ്പിൽ നിന്നു ഉണ്ടായിട്ടുള്ള ഒന്നാം കാഹളം ഊതണം എന്നത്രെ.
അതിന്റെ താല്പര്യം ഇന്നതെന്നു അറിഞ്ഞു യൂസുസുയോസേഫ് കാ
യംകുളം അച്ചനു ഒട്ടുക്കു എഴുതിട്ടുള്ള ഏഴുത്തു അദ്ദേഹത്തിന്റെ കൈ
യിൽ നിന്നു വാങ്ങി എല്ലാവരും കേൾക്കെ വായിച്ചു. സാരം ഈപ്പ
ച്ചന്റെ വെളിപാടിന്റെ പുറമെ അക്ഷരം സമൂവേൽ എന്നാലൊ
അകത്തു കുഞ്ഞുണ്ടു എന്നത്രെ. ഇതു അങ്ങിനെ അല്ലെന്നു ആക്കേകി
ലും വായിപ്പാൻ കഴിയുമെങ്കിൽ വായിച്ചുകൊള്ളാം എന്നു പ്രസിദ്ധ
പ്പെടുത്തി. വായിപ്പാൻ ആരും ഉണ്ടായിരുന്നില്ല താനും. എന്തെന്നാൽ
എല്ലാവരുടെയും നാവിന്മേൽ ഐക്യതയിന്നാമാവു മുദ്രവച്ചിരുന്നു.
അതുകൊണ്ടു ഏഴു കാഹളക്കാരും അതേ അതേ എന്നു പറഞ്ഞതേ ഉ
ള്ളു. അതേ എന്നും അല്ല എന്നും അവക്കു പറവാൻ കഴിഞ്ഞില്ല.

പിന്നീടു എന്റെ പരമാർത്ഥതയെ സംഘത്തിന്നുമുൻപാകെ സാ
ക്ഷീകരിച്ചു. അതിന്റെ ശേഷം ഈപ്പച്ചൻ എഴുന്നീറു യൂസുസുയോ
സേഫിന്റെ കൈക്കു പിടിച്ചു ഈ ഐക്യതയല്ലാതെ മറുത്തുപ്പെ
ടുവാൻ വേറെ വഴിയില്ല എന്നു വെളിപ്പെടുത്തി. പ്രാർത്ഥിപ്പാൻ അനു
വാദം തന്നാറെ ജീവാശ്രുദ്ധീകരണപ്രാർത്ഥന കഴിച്ചു മഹാദൈവത്തി
ന്റെ രാത്രി വിരുന്നു ആചരിച്ചു അനുഗ്രഹാനന്തരം രാത്രി ഉദ്ദേശം
എട്ടരമണിക്കു സംഘം പിരികയും ചെയ്തു.

എന്നു പാദഹൃശ്രൂഷക്കാരൻ യൂസുസുയോസേഫ്.



മൂന്നാവതു്. ഫാരിസ് തുലാം ഫാരസ്-

കിഴക്കേ ഡിവിഷ്യൻ സംഘം
ചെങ്ങന്നൂർവച്ചു കൂടി

സംഘത്തിൽ ആലോചിച്ചു നിശ്ചയിച്ച നിയമങ്ങൾ

൧. എല്ലാ ഇടവകകളിലുമുള്ള ഐക്യകുടുംബശ്രൂഷകൾ ക്രമമാ

യി നടന്ന ദശാംശം പിരിയാഴ്ചയാൽ മേൽവിചാരക്കാർ ഐക്യ കുടുംബ ശുശ്രൂഷക്കാരെ ജാഗ്രതപ്പെടുത്തി ശുശ്രൂഷ നടത്തിച്ചു ദശാംശം കുടുംബത്തലവൻ ഐക്യകുടുംബശുശ്രൂഷക്കാർ എന്നിവർ വഴിയായി അതാതു നിക്ഷേപപാത്രത്തിൽ ശേഖരപ്പെടുത്തേണ്ടതും അയവ ഇടവകയിൽ നിന്നല്ല. സംഘത്തിൽനിന്നു അംശിക്കപ്പെടേണ്ടതും ആകുന്നു.

൨. ഐക്യകുടുംബത്തിലുള്ളതൊഴികെ മറുള്ള സകല അടിയന്തിരങ്ങളും അവയുടെ സകല വസ്തുക്കളേയും സഭയിൽ ഏല്പിച്ചു സഭയുടെ അടിയന്തിരമായിട്ടു നടത്തേണ്ടതാകുന്നു.

൩. ഈ ഡിവിഷ്യനിൽ ദശാംശമായി പിരിഞ്ഞിരിക്കുന്ന പൂവത്തൂർ ഇടവകയിലുള്ള നാൽകാലികളെ മങ്ങാട്ടം, ഇലന്തൂർ ഇടവകയിലുള്ളവയെ താഴെയിലും കവുങ്ങുമ്പുയാറു ഇടവകയിലുള്ളവയെ കണയത്തും ഒന്നിച്ചു ശേഖരപ്പെടുത്തി സൂക്ഷിക്കേണ്ടതും ഇടവകകളിൽ ദശാംശമായി പിരിഞ്ഞിരിക്കുന്ന ഓട്ടപാത്രങ്ങളെ ഇടവക സംഘം കൂട്ടുമ്പോൾ അംശിക്കേണ്ടതുമാകുന്നു.

൪. ഫാളി ചിങ്ങം ൨൦നു- കന്നീറ്റിൽ കൂടിയ പൊതുസംഘത്തിൽ നിശ്ചയിച്ച നിയമങ്ങളെ ഈ സംഘവും അംഗീകരിച്ചിരിക്കുന്നു, അവയെ ഇതിന്റെ താഴെ പകർത്തേണ്ടുന്നതാകുന്നു.

൫. ഞായറാഴ്ചയും വെള്ളിയാഴ്ചയും ശുശ്രൂഷയ്ക്കു വരുന്നവർ അന്യസംസാരം സംസാരിക്കാതെ ശുശ്രൂഷയിൽ മൌനമായിരിക്കയും ഈ ദിവസങ്ങളിൽ കഴിയുന്നെടത്തോളവും മൌനമായിരിക്കയും ചെയ്യുന്നതിനു എല്ലാ സഭകളിലും ചട്ടംകെട്ടേണ്ടുന്നതാകുന്നു.

൬. ഈ മാസം ൨൦നു-ക്കകം ഈ ഡിവിഷ്യനിലുള്ള ഇടവക സംഘങ്ങൾ നിവൃത്തിച്ചിരിക്കേണ്ടുന്നതാകുന്നു.

൭. ഇനിയത്തെ ഡിവിഷ്യൻ സംഘം കവണമണിയിൽ വച്ചു കൂടേണ്ടുന്നതാകുന്നു.

റിപ്പോർട്ട.

കവണമണിക്കു: യാക്കോബുബോധകർ സംഘശുശ്രൂഷ പ്രാർത്ഥനാപൂർവ്വം ആരംഭിച്ചു. സംഘത്തേക്കറിച്ചു ഗുണദോഷിക്കയും അഞ്ചരമണിക്കു: സമുവേൽ ബോധകർ പ്രാർത്ഥനയോടു കൂടെ അവസാനിപ്പിക്കയും ചെയ്തു. സംഘത്തിനു ൨, ൩, ൪, ൫, ൬, ൭, ൮, ൯, ൧൦, ൧൧, ൧൨, ൧൩, ൧൪, ൧൫, ൧൬, ൧൭, ൧൮, ൧൯, ൨൦, ൨൧, ൨൨, ൨൩, ൨൪, ൨൫ എന്ന നമ്പരിലെ ആളുകൾ ഒഴികെ മറെല്ലാവരും ഉണ്ടായിരുന്നു.

എന്നു വാ: പാദശുശ്രൂഷക്കാരൻ
യൂസുസുയാക്കോബു.

മൂന്നാമത്.

൧൦൭൭ തുലാം ൨൯-

പടിഞ്ഞാറെ ഡിവിഷ്യൻ സംഘം
മേല്പാവച്ചക്കുടി

സംഘത്തിൽ ആലോചിച്ചു നിശ്ചയിച്ച നിയമങ്ങൾ.

൧. എല്ലാ ഇടവകകളിലുമുള്ള ഐക്യകുടുംബശുശ്രൂഷകൾ ക്രമമായി നടന്നു ദശാംശം പിരിയായ്ക്കയാൽ മേൽവിചാരക്കാർ ഐക്യകുടുംബശുശ്രൂഷക്കാരെ ജാഗ്രതപ്പെടുത്തി ശുശ്രൂഷ നടത്തിച്ചു ദശാംശം കുടുംബത്തലവൻ ഐക്യകുടുംബശുശ്രൂഷക്കാർ എന്നിവർ വഴിയായി അതാതു നിക്ഷേപപാത്രത്തിൽ ശേഖരപ്പെടുത്തേണ്ടതും ആയവ ഇടവകയിൽ നിന്നല്ല സംഘത്തിൽ നിന്നു അംശീകരപ്പെടേണ്ടതുമാകുന്നു.

൨. ഐക്യകുടുംബത്തിലുള്ളതൊഴികെ മറ്റുള്ള സകല അടിയന്തിരങ്ങളും അവയുടെ സകല വസ്തുക്കളേയും സഭയിൽ ഏല്പിച്ചു സഭയുടെ അടിയന്തിരമായിട്ടു നടത്തേണ്ടുന്നതാകുന്നു.

൩. ഈ ഡിവിഷ്യനിൽ ദശാംശമായി പിരിഞ്ഞിരിക്കുന്ന മംകുഴി ഇടവകയിലുള്ള നാൽകാലികളെ മരത്തോലിലും ചെറുകോൽ ഇടവകയിലുള്ളവയെ ഇഞ്ചെസ്സിലും ഒന്നിച്ചു ശേഖരപ്പെടുത്തി സൂക്ഷിക്കേണ്ടുന്നതും ഇടവകകളിൽ ദശാംശമായി പിരിഞ്ഞിരിക്കുന്ന ഓട്ട സാമാനങ്ങളെ ഇടവക സംഘം കൂട്ടുമ്പോൾ അംശീകരിക്കേണ്ടുന്നതുമാകുന്നു.

൪. ഞായറാഴ്ചയും വെള്ളിയാഴ്ചയും ശുശ്രൂഷയ്ക്കു വരുന്നവർ അന്യസംസാരം സംസാരിക്കാതെ ശുശ്രൂഷയിൽ മൌനമായിരിക്കയും ഈ ദിവസങ്ങളിൽ കഴിയുന്നെടത്തോളം മൌനമായിരിക്കയും ചെയ്യുന്നതിനു എല്ലാ സഭകളിലും ചട്ടംകെട്ടേണ്ടുന്നതാകുന്നു.

൫. ൧൦൭൭ ചിങ്ങം ൨൦നു- കുന്നിൻറിൽ കൂടിയ പൊതുസംഘത്തിൽ നിശ്ചയിച്ച നിയമങ്ങളെ ഈ സംഘവും അംഗീകരിച്ചിരിക്കുന്നു. അവയെ ഇതിൻെറ താഴെ ചേർക്കേണ്ടുന്നതാകുന്നു.

൬. തുലാം ൨൯നു- ശനിയാഴ്ച നിരണത്തും ൩൦നു- ചൊവ്വാഴ്ച ൧൦ത്തികപ്പള്ളിലും ൩൧നു- വ്യാഴാഴ്ച കായംകുളത്തും പിന്നത്തെ ശനിയാഴ്ച മങ്കുഴിയിലും അടുത്ത ചൊവ്വാഴ്ച ചെറുകോലും ഏറെ താമസിയാതെ മേല്പറയും ഇടവകസംഘം കൂടേണ്ടുന്നതാകുന്നു.

൭. ഇനിയത്തെ ഡിവിഷ്യൻ സംഘം കാർത്തികപ്പള്ളിൽ വച്ചു കൂടേണ്ടുന്നതാകുന്നു.

റിപ്പോർട്ട.

ഫ്രമണിക്കു യു: യാക്കോബുബോധകർ സംഘശുശ്രൂഷ പ്രാർത്ഥനാപൂർവ്വം ആരംഭിച്ചു. സംഘത്തെക്കുറിച്ചു ഉണർത്തോഷിക്കയും അഞ്ചരമണിക്കു പ: ലൂക്കോസുബോധകരുടെ പ്രാർത്ഥനയുടെയും അനുഗ്രഹത്തിന്റെയും ശേഷം സംഘം നിവൃത്തിക്കയും ചെയ്തു.

സംഘത്തിനു വ, നു, ന്ന, ൻ, ഫ്ര, ഫ്ല, ഫ്ന, ഫ്വ, വ്ര, വ്ല, വ്ന, വ്വ, വ്ൻ, ന്ദ്ര, ന്ദ്ല, ന്ദ്ര, ന്ദ്ല, ന്ൻ എന്ന നമ്പരിലെ ആളുകൾ ഒഴികെ മറ്റെല്ലാവരും ഉണ്ടായിരുന്നു.

എന്നു പാ: പാദശുശ്രൂഷക്കാരൻ
യുസ്തസുയാക്കോബു



മൂന്നാവതു്.

ഫാദർ തുലാം വ്യവസ്ഥ

തെക്കെ ഡിവിഷ്യൻസംഘം
കൊട്ടാരക്കരെവച്ചുകൂടി

സംഘത്തിൽ ആലോചിച്ചു നിശ്ചയിച്ച നിയമങ്ങൾ

൧. എല്ലാ ഇടവകകളിലുമുള്ള ഐക്യകുടുംബശുശ്രൂഷകൾ ക്രമമായി നടന്നു ദശാംശം പിരിയായ്ക്കയാൽ മേൽവിചാരക്കാർ ഐക്യകുടുംബശുശ്രൂഷക്കാരെ ജാഗ്രതപ്പെടുത്തി ശുശ്രൂഷ നടത്തിച്ചു ദശാംശം കുടുംബത്തലവൻ ഐക്യകുടുംബശുശ്രൂഷക്കാർ എന്നിവർ വഴിയായി അതാതു നിക്ഷേപപാത്രത്തിൽ ശേഖരപ്പെടുത്തേണ്ടുന്നതും ആയവ ഇടവകയിൽ നിന്നല്ല സംഘത്തിൽ വിന്നു അംശിക്കപ്പെടേണ്ടുന്നതും ആകുന്നു.

൨. ഐക്യകുടുംബത്തിലുള്ളതൊഴികെ മറ്റുള്ള സകല അടിയന്തിരങ്ങളും അവയുടെ സകല വസ്തുക്കളേയും സഭയിൽ ഏല്പിച്ചു സഭയുടെ അടിയന്തിരമായിട്ടു നടത്തേണ്ടുന്നതാകുന്നു.

൩. ഈ ഡിവിഷ്യനിൽ ദശാംശമായി പിരിഞ്ഞിരിക്കുന്ന കന്നിറ്റു സഭയിലുള്ള നാൽക്കാലികളെ ജാതിക്കുത്തോപ്പിലും തേവലക്കരെ സഭയിലുള്ളവയെ കൈതവിളയിലും കടമ്പനാട്ട ഇടവകയിലുള്ളവയെ കൽവെട്ടാങ്കുഴിയിലും കൊട്ടാരക്കര സഭയിലുള്ളവയെ പറങ്കിമാംമൂട്ടിലും നെല്ലിക്കുന്നം സഭയിലുള്ളവയെ മേലൂട്ടിലും ചെങ്കള ഇടവകയിലുള്ളവയെ നെടുഞ്ചൊറയിലും മുകത്തല സഭയിലുള്ളവയെ മടത്തിവിളയിലും കുണ്ടറ ഇടവകയിലുള്ളവയെ മുളവന പുത്തൻവീട്ടിലും ഒന്നിച്ചു ശേഖരപ്പെടുത്തി സൂക്ഷിക്കേണ്ടുന്നതും ദശാംശമായി പിരിഞ്ഞിരിക്കുന്ന ഓട്ടസാമാനങ്ങളെ പതിനഞ്ചു ദിവസത്തിനകം സംഘത്തിന്നും ഡിവിഷ്യനും ഇടവകയ്ക്കുമായി അംശിച്ചു ആവശ്യംപോലെ ഉപയോഗപ്പെടുത്തേണ്ടുന്നതുമാകുന്നു.

൪. ഞായറാഴ്ചയും വെള്ളിയാഴ്ചയും മറ്റു ദിവസങ്ങളിലുമുള്ള ശുശ്രൂഷകൾക്കു വരുന്നവർ അന്യസംസാരം സംസാരിക്കാതെ ശുശ്രൂഷയിൽ മൌനമായിരിക്കയും ഈ ദിവസങ്ങളിൽ കഴിയുന്നേടത്തോളവും മൌനമായിരിക്കയും ചെയ്യുന്നതിനു എല്ലാ സഭകളിലും ചട്ടം കെട്ടി നടത്തേണ്ടുന്നതാകുന്നു.

൫. സഭാസംബന്ധമായ ശുശ്രൂഷയിലുള്ള പ്രസംഗത്തിന്റെ ചുരുക്കം നോട്ടപുസ്തകത്തിൽ എഴുതി ഉപദേശങ്ങൾക്കു സംഘത്തിൽനിന്നു നിശ്ചയിച്ചിരിക്കുന്ന ബോധകന്മാരെ ഗ്രഹിപ്പിക്കേണ്ടുന്നതാകുന്നു.

൬. ഫാർസി ചിങ്ങം വന്നതു കന്നീറിൽ കൂടിയ പൊതുസംഘത്തിൽ നിശ്ചയിച്ച നിയമങ്ങളെ ഈ സംഘവും അംഗീകരിച്ചിരിക്കുന്നു. അവയെ ഇതിന്റെ താഴെ പകർത്തേണ്ടുന്നതാകുന്നു.

൭. ഇനിയത്തെ ഡിവിഷ്യൻ സംഘം കടമ്പനാട്ടു കൂടേണ്ടുന്നതാകുന്നു.

റിപ്പോർട്ട

൧മനിക്കയും: സമുവേൽ ബോധകർ സംഘശുശ്രൂഷ പ്രാർത്ഥനാപൂർവ്വം ആരംഭിക്കയും: യാക്കോബു ബോധകർ സംഘത്തെക്കുറിച്ചു ഗണദോഷിക്കയും അഞ്ചരമണിക്കവ: ഇടിക്കുള ബോധകർ പ്രാർത്ഥിച്ചു ആലുവിള അച്ചൻ അനുഗ്രഹം ചൊല്ലി നിവൃത്തിക്കയും ചെയ്തു. സംഘത്തിനു ൨൮, ൩൨, ൨൪, ൧൮, ൧൪, ൧൪, ൨൩, ൨൮, ൨൬, ൨൬, ൩൫, ൩൪ എന്ന നമ്പരിലെ ആളുകൾ ഒഴികെ മറ്റെല്ലാവരും ഉണ്ടായിരുന്നു. എന്നവ: പാടശുശ്രൂഷക്കാരൻ യൂസുസുയാക്കോബു.



എന്റെ പ്രിയമുള്ള വിചാരിപ്പുകാക്കു എന്റെ
വിശുദ്ധ ഗുംബനം.

ആദി മുതൽ ഉള്ളതും, ഞങ്ങൾക്കു നൽകപ്പെട്ടതും, ഞങ്ങൾ കണ്ടതും, നോക്കിയതും, തൊട്ടതും, രുചിച്ചതും, അനുഭവിച്ചതുമായ ജീവശരീരത്തെക്കുറിച്ചു അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു. അതിനെ ഞങ്ങൾ കാണുകയും ചെയ്തു. എന്തെന്നാൽ ജീവനെ മരണത്തിൽ നിന്നു വേർ പിരിച്ചു ജീവനെ നിത്യജീവനായിട്ടും മരണത്തെ നിത്യമരണമായിട്ടും ഞങ്ങൾക്കു കാണിച്ചു തന്നതിനാൽ തന്നെ ഒന്നാം വിധി രണ്ടാം വിധി, ജീവരക്ഷയിൻ നിയമം; പരമൈക്യ പ്രാർത്ഥന, നിത്യജീവവിശ്വാസ അനുസരണം, പരമൈക്യസ്ഥവം എന്ന ഐക്യാത്മാവിന്റെ നിത്യ സുവിശേഷ വചനത്താലും ജീവ ശുദ്ധീകരണ പ്രാർത്ഥനയാലും കാഹളം കലശം എന്ന വാചകത്താലും ശു

ഭവമാക്കപ്പെട്ട ശരീരം. അതേ ആ ദിവ്യ ശരീരം തന്നെ സാക്ഷാൽ മഹാ ദൈവത്തിന്റെ നിത്യജീവ ശരീരം എന്ന ത്രിയേക ദൈവമായ സ്നേഹാത്മാവിന്റെ തിരുനാമത്തിൽ ഞാൻ താങ്കളോട് അറിയിക്കുന്നു.

ഈ വചനങ്ങളാലും പ്രാർത്ഥനയാലും ശുദ്ധമാക്കപ്പെടാതെ, ഇവെക്കു നേരെ എതിർക്കുന്ന ആത്മാവു വ്യാപരിക്കും. ശരീരമോ അതു സാക്ഷാൽ നിത്യമരണത്തിന്റെ ശരീരമായ ദേഷ്യാത്മാവിൻ ആലയമാകുന്നു. എന്ന ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ ഞാൻ താങ്കളോട് അറിയിക്കുന്നു.

ഇങ്ങനെ ദൈവമക്കൾക്കും സാത്താന്റെ മക്കൾക്കും കൊടുപ്പാൻ തക്കവണ്ണം നിത്യജീവശരീരവും നിത്യ മരണ ശരീരവും ഈ ഉണർവു സഭയിൽ നിന്നു വെളിപ്പെട്ടിരിക്കുന്നു. അതിനാൽ മരണത്തെ മരണമായിട്ടും ജീവനെ ജീവനായിട്ടും കണ്ടറിഞ്ഞു മരണം ഇല്ലായ്മയാകയും ജീവൻ ബലപ്പെട്ടു പൂർണ്ണമാകയും ചെയ്വാൻ തക്കവണ്ണം നടന്നുകൊള്ളുവാറാകണം.

എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ
യൂസുസുയോസഫ്.

കന്നീറനിൽ നിന്നും
ഫംഗ്ഷ മിഥുനം ൨൫
മഹ. ഇനി. ൨൫ന്ന ദി.



ആണ്ടുപിറപ്പു മൂന്നു പ്രകാരത്തിൽ

ക്രാവതു. യുയോമയാബ്ദം. ഇതു ക്രവ്വഫ ഒക്ടോ ൨൯ വെളുപ്പാൻ ഫറാഴികയുള്ളപ്പോൾ ജനിച്ചു. വൃവതു. കന്യാബ്ദം ഫംഗ്ഷ ചിങ്ങം ക്രന്ദ ഉതൃട്ടവിച്ചു. നാവതു. ജനകാബ്ദം ക്രവ്വഫ ജനുവരി ക്രന്ദ ഉണ്ടായി. ഈ മൂന്നു കാലം മുതൽ ക്രമാണ്ടു എന്നാകുന്നു എണ്ണുന്നതു.

ക. യുയോമയാബ്ദത്തിന്നുള്ള മാസങ്ങളുടെ പേരുകൾ. ക. അവിമ്മോദം നഫ, ഖ. ഷുകാത്മം നം, ന. കാമ്യദം ൨൫, ര. ശുചി നഫ, ങ ചടുലം ഖവ്വ, ന തേജോമയം നഫ, ച. പൈയ്യുഷം നം, വ. യോഗ്യം നഫ, ൻ. രൌദ്ര നം, ഫ. മംഗളം നഫ, ഫ. മധുരം നഫ, ഭവ. ജിതം നം. കന്യാബ്ദത്തിന്നും ജനകാബ്ദത്തിന്നും ഉള്ള മാസങ്ങളുടെ പേരു മുൻ ക്രമത്തിൻ പ്രകാരം തന്നെ.

വാരത്തിന്റെ പേർ: ക ധർമ്മം, ഞായർ. ഖ. ശബ്ദം. തിങ്കൾ. ന. യത്നം. ചൊവ്വാ. ര ഐക്യം ബുധൻ. ങ നിത്യം. വ്യാഴം. ന സമം. വെള്ളി. ച. പ്രഭ. ശനി.

ഒരു വാരവൃത്ത ദിനങ്ങൾക്കു നടന്നു ദിവസങ്ങളാകുന്നു. ഒന്നാം വാരവൃത്ത ദിനം ക്രിസ്തുമെയ് ക്രമത്തിൽ മുതൽ ആരംഭിച്ചു ക്രിസ്തു ഒക്ടോബർ വരെ അവസാനിച്ചു. ഇതു നിവൃത്തിയിൻ വാരവൃത്ത ദിനങ്ങൾ എന്നാകുന്നു വിളിക്കപ്പെട്ടിരിക്കുന്നതു. ഓം വാർവൃത്ത ദിനം ആയിത്തീരുന്നു മുതലാകുന്നു ആരംഭിച്ചിരിക്കുന്നതു.



പൊതു ഏകമൈക്യതയിൽ നിന്നു.

കന്നീറിപ്പൊതു ഏകമൈക്യതയോടു ചേർന്നു കീഴക്കെ ഡിവിഷ്യനിലെ സകല ശുശ്രൂഷക്കാർക്കും കുടുംബത്തലവന്മാർക്കും എന്റെ വിശുദ്ധ സുംബനം.

യു: യാക്കോബു ബോധകർ രണ്ടു കൂട്ടികളോടും ഭാര്യയോടും കൂടെ പുന്നയൂർ വന്നേത്തു ചാണ്ടി ബോധകരുടെ ഭവനത്തിൽ പല നാളുകൾ വാണു ആ ഡിവിഷ്യനിലെ എല്ലാ ഇടവകയിലും യോഗം സ്ഥാപിച്ചു അവയെ നടത്തിക്കയും എല്ലാ കാര്യങ്ങളെയും നോക്കി ചട്ടം കെട്ടുകയും വേണമെന്നു മൈക്യതയിന്നാത്മാവിന്റെ കല്പന കഴിഞ്ഞ ധർമ്മവാരം പകൽ കൂട മണിക്കു ആരാധനസമയത്തു ഉണ്ടായിരിക്കയാൽ ആ വിവരം നിങ്ങളെ ഗ്രഹിപ്പിക്കുന്നു. ഈ എഴുത്തു വന്നുചേർന്ന പിൻ ഒരാഴ്ചസ്സകം ഒരു വല്ലം കായ്കളെത്തു കൊടുത്തയച്ചു അയാളെ കുടുംബത്തോടു കൂടെ വരുത്തി പാർപ്പിച്ചു സംരക്ഷണചെയ്തുകൊള്ളുകയും അയാൾ സഭയുടെ സകല കാര്യങ്ങളേയും നോക്കി യഥാസ്ഥാനപ്പെടുത്തിക്കൊള്ളുകയും ചെയ്യണമെന്നു മൈക്യതയിന്നാത്മാവിന്റെ നിയോഗപ്രകാരം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും
യുയോ: ക. ശുഖി. ൻറു-
കന്യ: ക. ധനു. ഫവുനു-
ജന: വ. ജനു. ഫഠനു-
വ: വാ: ദി. ഫറ

യുയോരാലിസൻ



പൊതു ഏകമൈക്യതയിൽ നിന്നു.

എന്റെ പ്രിയപ്പെട്ട ജനപ്രതിനിധി പീലിപ്പോച്ചനു എന്റെ വിശുദ്ധ സുംബനം

തങ്ങളുടെ പെന്തക്കോസ്തു "സീതാമരിയുടെ" വചനാമൃതം പാനം ചെയ്തു എന്റെ പെന്തക്കോസ്തൻ "സേമലീസൻ" സന്തോഷാനന്ദത്തോടുകൂടെ തുള്ളുകയും പാടുകയും താളം പിടിക്കുകയും ചെയ്തു പറയുന്നു. "നീ എന്റെ കാന്തയും സഹോദരിയുമത്രേ. എന്തെന്നാൽ നിന്റെ പിതാവിന്റെ മാതാമഹനും, എന്റെ മാതാവിന്റെ പിതാമഹനും ഒന്നാകുന്നു. ഇങ്ങിനെയുള്ള ഉടമ്പടി വിവാഹസംബന്ധത്തിനുള്ള മുഖ്യ പൊരുത്തമത്രേ. അതുമല്ലാ നിന്നെക്കാൾ ഒരു ദിവസത്തേക്കു ഇനിക്കു മൂപ്പുണ്ടു. പിന്നെയും നീ കുറവില്ലാത്തവൾ ആകുന്നു. എന്തെന്നാൽ എന്റെ പിതാവു യോഹന്നാന്റെ ആൾപ്പേരായ ദാനിയേൽ ആയിരിക്കുന്ന പ്രകാരം, നിന്റെ പിതാവു യോഹന്നാന്റെ ആൾപ്പേരായ യോസേഫ് അത്രേ. പിന്നെയും നീ ഇനിക്കു അനുരൂപിണിയത്രേ. എന്തെന്നാൽ നിന്റെ പിതാവിന്റെ മാതുലൻ എന്റെ മാതാമഹനും, എന്റെ പിതാമഹന്റെ പ്രധാന അവയവവുമാകുന്നു. നിന്റെ മാതാമഹനോ എന്നാൽ എന്റെ പിതാമഹന്റെ പ്രതിയിധിയത്രേ. ഇപ്രകാരമുള്ളവൾ എന്നു ഞാൻ നിന്നെ അറിഞ്ഞു. നീ വെളിപ്പെടുന്നതിനു മുൻപെ ഞാൻ നിന്റെ അടുക്കൽ വരികയും, ദൈവവിശ്വാസം എന്നു ഞാൻ നിന്നെ പേർ ചൊല്ലി വിളിക്കയും, നീ എന്റെ ശബ്ദത്തെ കേട്ടു എന്നെ ആദരവായി അംഗീകരിച്ചു നിന്റെ പിതാവിന്റെ ലേഖനത്തെ ഇനിക്കു തരികയും, നിന്റെ മാതാമഹന്റെ ശബ്ദം എന്നുള്ള രൂപത്തുകൽ ഞാൻ എന്റെ കയ്യെഴുത്തെ നിനക്കു ഏല്പിക്കയും, നീ അതിനെ നിന്റെ പിതാവിനു അയക്കയും, ചെയ്തതിനാൽ നീ ഇനിക്കുള്ളവളായി തീർന്നുപ്രകാരം, ഞാൻ നിനക്കുള്ളവനായി തീർന്നു. ഇങ്ങിനെ ഞാൻ നീ നിനയാത്ത നേരത്തു രാത്രിയിൽ തന്നെ സേമലീസനായി ഞാൻ നിന്റെ അടുക്കൽ വന്നു ക്രിസ്തുവർണ്ണനായി പ്രകാശിച്ചു. നിന്നെ ഉണർത്തുകയും, നീയും ഉണർന്നു ഒരുങ്ങിയവളായി തീർന്നു, എന്റെ വിശപ്പിനെ തീർത്തു, എന്നെ പൂർണ്ണമായി കൈക്കൊള്ളുകയും, ഞാനും നിന്നെ എന്നേക്കുമായി അംഗീകരിക്കയും ചെയ്തതിനാൽ നിശ്ചയിക്കപ്പെട്ട നേരത്തു നീ ക്രിസ്തുലക്ഷ്മിയായി വെളിപ്പെട്ടു" എന്നും മറ്റും തന്നെ.

ഞാൻ കഴിഞ്ഞ ധമ്മവാരം തേവലക്കരെ ആയിരുന്നു. അവിടെ യോഗം ഏല്പെട്ടത്തി. അന്നു പകൽ 12 മണിക്കു ഉണ്ടായിട്ടുള്ള ഐക്യാത്മാവിന്റെ കല്പനകൾ. യാക്കോബു ബോധകർ കുഡുംബത്തോടുകൂടെ കിഴക്കേ ഡിവിഷ്യനിൽ പുത്തേത്തു ചാണ്ടി ബോധകരുടെ വീട്ടിൽ ചില നാളുകൾ പാർത്തു. ആ ഡിവിഷ്യനിലുള്ള എല്ലാ യോഗങ്ങളേയും ഏല്പെട്ടത്തി നടത്തിക്കയും, എല്ലാ കാര്യങ്ങളേയും, നോക്കുകയും, ചെയ്യണമെന്നും, അയാൾ അഞ്ചേരിൽ വന്നു ചേരുന്നതു വരെ, നാം സമുവേൽ ബോധകർ അഞ്ചേരിൽ പാർക്കണ

മെന്നും ഏല്പിച്ചേല്പിച്ചിരിക്കുന്ന യോഗങ്ങളെ ഒരു വിഘ്നവും വരുത്താതെ ശുശ്രൂഷക്കാർ താല്പര്യമായി നടത്തണമെന്നും മറ്റും തന്നെ. അതുകൊണ്ട് സമുവേൽബോധകരെ ഈ ആഴ്ചയ്ക്കകം അഞ്ചേരിൽ അയയ്ക്കും. കിഴക്കെ ഡിവിഷനിലുള്ള എന്റെ യാത്ര ഇന്നപ്പോൾ എന്നു തൽക്കാലം നിശ്ചയപ്പെടുത്തീട്ടില്ല.

വിശേഷിച്ചും അഞ്ചേരി ഇടവകയിലും, മേല്പായിലും ഉള്ള എല്ലാ കുടുംബങ്ങളിലും പിടിയരി എടുപ്പിച്ചു മാസാന്ത്യം അവയെ ശേഖരിച്ചു പണമാക്കി വിറ്റൊരുമാസം ഒടുവിൽ കുഞ്ഞിന്റെ പക്കൽ ഏൽപിച്ചു രസീതു വാങ്ങിച്ചു ഇനിക്കു അയയ്ക്കണം എന്നു വെളിപ്പെട്ടിരിക്കുന്നു. അല്ലാതെയും പിടിയരിക്കു ഒരു പ്രമാണമുണ്ടാക്കി എല്ലായോഗത്തിലും കൊടുത്തയച്ചു ഓരോരുത്തരെ അവിടവിടെ ഏല്പിച്ചു ആ വരുമാനം കൊണ്ടു എന്റെ കുടുംബത്തിലുള്ള ചിലവു തങ്കൽ നടത്തണമെന്നും വെളിപ്പെട്ടിരിക്കുന്നു.

അല്ലാതെയും കൊല്ലക്കാരൻ കുഞ്ഞാക്കുണ്ടു മൂത്തലാളിയുടെ ഇളയമകളെ ദൈവം മരണത്തിൽ നിന്നു വീണ്ടെടുത്തു എന്റെ കയ്യിൽ തന്നിരിക്കയാൽ, ആയിരം പണമിട പൊന്നോട്ടു കൂടെ ഞാൻ അവളെ തങ്കളുടെ കയ്യിൽ ഭരമേല്പിക്കുന്നു. തങ്കളുടെ ഉടപ്പിറപ്പിൽ നിന്നോ, സംബന്ധത്തിൽ നിന്നോ, ഒരു പുരുഷനെ തിരഞ്ഞെടുത്തു താമസിയാതെ അവളെ കല്യാണം കഴിപ്പിക്കണം. കുഴിയിടത്തറ വറീതച്ചന്റെ മകൻ മൂത്ത കൊച്ചു കൊള്ളാം. എന്നു ഇനിക്കു തോന്നുന്നു. ശേഷം പിന്നാലെ എന്നു തങ്കളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറിനിന്നും
യൂയോ. ഫ. ശ്രുചി. ഫറ നു— യൂയോരാലിസൻ.
ക- ഫ. ധന വർന്നു-
ജ. വ. ജനു. ഫ്രറു-
വ. വാര ദിനം. ഫറ



പൊതുഷുക ഐക്യതയിൽനിന്നു

എന്റെ പ്രിയമുള്ള അഞ്ചേരി ഇടവക യോഗത്തിലെ
എല്ലാ സഹോദരന്മാക്കും എന്റെ വിശുദ്ധചുംബനം

യാക്കോബു ബോധകർ കുടുംബത്തോടു കൂടെ ചില നാളുകൾ കിഴക്കെഡിവിഷനിൽ പോയി പാത്തു കായ്ദികളെ നോക്കണമെന്നും, അതു വരെയും യു. സമുവേൽ ബോധകർ അഞ്ചേരി ഇടവകയിൽ ഇരുന്നു കായ്ക്കളെ നോക്കണമെന്നും, ഐക്യതയിന്നാത്മാവിന്റെ കല്പന ഉണ്ടായിരിക്കയാൽ സമുവേൽ ബോധകരെ അയക്കുന്നു. അയാളെ ആദരവായി അംഗീകരിച്ചു അയാൾ മൂലം ആ യോഗ

ത്തിനുണ്ടാകുന്ന ദിവ്യാനുഗ്രഹങ്ങൾക്കു നിങ്ങളെല്ലാവരും പാത്രമായി തീരുമെന്നു പൂർണ്ണമായി വിശ്വസിക്കുന്ന നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീററിനിന്നും
യു. ഫ. ശുചി. ഫനു-
ക. ഫ. മകരം ഫനു- യൂയോരാലിസൻ.
ജ. ഉ. ജനു. ഫഉനു-
ഉ. വാര. ദിനം ഫ്ഠഉ



പൊതുഐക ഐക്യതയിൽനിന്നു

കായങ്കുളം, ചെന്നിത്തല, ഏന്ന യോഗങ്ങളിലെ യോഗ
തലവന്മാർക്കും, യോഗക്കാർക്കും എന്റെ വിശുദ്ധചുംബനം.

ദിവസന്തോറും സകല ഭവനങ്ങളിലും പിടിയരി എടുക്കണമെന്നും ധർമ്മവാരത്തിൽ സഭ കൂടുമ്പോൾ, അവയെ ധർമ്മമായി കൊണ്ടുപോടണമെന്നും, അല്ലാതെയും അന്നേ ദിവസം കായോ, നെല്ലോ, ചക്രമോ, ധർമ്മമായി ഇടുവാൻ മനസ്സുള്ളവർ ധർമ്മം ഇടണമെന്നും, അവരണ്ടിനേയും ധർമ്മവാരത്തോടും ഒന്നായി കൂട്ടി വില്ലാനുള്ളവയെ വീറു ചക്രമാക്കി മുതൽപിടിയിൽ ശേഖരിച്ചു മാസാന്ത്യത്തിൽ ഇത്രയുണ്ടെന്നറിഞ്ഞു ആ വിവരത്തിനു പൊതുയോഗത്തിലേക്കു എഴുത്തയക്കണമെന്നും, വെളിപ്പെട്ടിരിക്കയാൽ ആ വിവരം നിങ്ങളെ തെര്യപ്പെടുത്തുന്നു. ഈ മുതൽ എന്റെയും കുടുംബത്തിന്റെയും ചിലവു വകെക്കാകുന്നു. ഈ കാര്യത്തിനു സഹായിപ്പാൻ ആക്കെല്ലാം മനസ്സോ അവരിൽ നിന്നൊക്കെയും പിടിയരിയും, ധർമ്മവും, വാങ്ങി ചക്രമാക്കി മുതൽപിടിയിൽ ശേഖരിച്ചുകൊള്ളും. ഇത് യോഗക്കാരുടെയും പ്രത്യേകം ശുശ്രൂഷക്കാരുടെയും മറയാകുന്നു. എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീററിനിന്നും
യൂയോ. ശുചി. ഫന്നനു-
ക. ഫ. മകരം. ന്നനു- യൂയോരാലിസൻ.
ജ. ഉ. ജനു ഫനു-
ഉ. വാരദിനം ഫറഉ



പൊതുഐക ഐക്യതയിൽനിന്നു

കന്നീററി ഉണർവുസഭയോടു ചേർന്നു നടന്നു വന്ന സകലർക്കും എന്റെ വിശുദ്ധചുംബനം.

എന്റെ പ്രിയമുള്ള ക്രൂടപ്പിറപ്പുകളെ! ഞാൻ എന്റെ ക്രൂടത്തേയും ശമ്പളം മുതലായ വരുമാനങ്ങളെയും ഉപേക്ഷിച്ചു നിങ്ങളെ എന്റെ സാക്ഷാലുള്ള അവയവങ്ങളായി കരുതി നിങ്ങളോട് മനഃപൂർവ്വമായി യോജിക്കയും, നിങ്ങളും കഴിഞ്ഞ ആറു വർഷമായി ഇനിക്ക ഒരു ബുദ്ധിമുട്ടും വരാതവണ്ണം നോക്കുകയും ചെയ്തു. എന്നാൽ അവധി കഴിഞ്ഞപ്പോൾ നിങ്ങൾ എന്നെ കൈവിട്ടതു എന്തു? ഞാൻ നിങ്ങളെ ഒരുനാളും മറന്നിട്ടില്ല? മറക്കയുമില്ല, എന്നും; നിങ്ങളുമായുള്ള എന്റെ ഐക്യത്തിന്നു ഒരുനാളും ഭംഗം വന്നിട്ടില്ല, വരികയുമില്ല, എന്നും, ഞാൻ എന്റെ ദൈവത്തിൽ പൂർണ്ണമായി വിശ്വസിക്കുന്നു. എന്റെ പ്രിയമുള്ള ക്രൂടപ്പിറപ്പുകളെ! എന്നെ നിങ്ങൾ ദയയോടെ കൈക്കൊണ്ടു, ഇനിക്കു നിങ്ങളാൽ കഴിയുന്നതുപോലെ നന്മ ചെയ്വാൻ വീണ്ടും യാചിക്കുന്നു. മഹത്പ്രത്യക്ഷതയിൻ കതിരെക്കുറിച്ചു ഞാൻ ഒരിക്കലും ലജ്ജിക്കയില്ലാത്തപ്രകാരം എന്റെ ആവശ്യങ്ങളെ നിങ്ങളോട് ചോദിപ്പാൻ ഞാൻ ഒരിക്കലും ലജ്ജിക്കയില്ല. എന്തെന്നാൽ നിങ്ങൾ എന്റെ സാക്ഷാൽ അവയവങ്ങൾ ആകുന്നു. ഒരുത്തനും ഒരിക്കലും തന്റെ ശരീരത്തിൻ അവയവങ്ങളെ ദ്വേഷിക്കയില്ല എന്നുണ്ടല്ലൊ. നിങ്ങൾ എന്നെ കൈവിട്ടാൽ ഞാൻ ആരുടെ അടുക്കൽ പോകും? നിങ്ങൾ ഇനിക്കു ഉപജീവനത്തിനു തരാതെയിരുന്നാൽ ഞാൻ എങ്ങിനെ ഉപജീവിക്കും? ഞാനും എന്റെ സമസ്തവും നിങ്ങളുടെ സ്വന്തവകയായിരിക്കുമ്പോൾ നിങ്ങൾ എന്റെ സ്വന്തക്കാരല്ലാത്തപ്രകാരം കാണപ്പെട്ടുന്ന ഈ സങ്കടത്തെ ഞാൻ ആരോടു പറയേണ്ടു? നിങ്ങൾ എന്നെ വശീകരിച്ചു മരുഭൂമിയിൽ കൊണ്ടുപോയി കൈവിട്ടിരിക്കുന്നു. സത്യം. എന്നാൽ ദൈവം നിങ്ങളെ ഇനിക്കു രക്ഷാകർത്താക്കന്മാരായി തന്നുമിരിക്കുന്നു. അതുകൊണ്ടു ഇനിക്കു ഉപജീവനം തന്നു എന്നെയും, എന്റെ കുടുംബത്തേയും പോറ്റി രക്ഷിപ്പിൻ. ഞാൻ നിങ്ങളിൽനിന്നു ദിവസത്തോടും ഒരുപിടി അരിമാത്രമെ ആഗ്രഹിക്കുന്നുള്ളു. ഇപ്രകാരമുള്ള എന്റെ ഈ സങ്കടം കേട്ടു ഇതിന്നു ഒരു നല്ല മറുപടി ഇനിക്കു അയപ്പാറാകണമെന്നു അപേക്ഷിച്ചുകൊണ്ടു എഴുതുന്നതു് നിങ്ങളുടെ പാദശുശ്രൂഷക്കാരൻ. യൂയോരാലിസൻ എന്ന മറുനാമമുള്ള

കന്നീറിനിന്നും
യൂയോ. ക. ശുചി. ക്രന്നു-
കന്യ. മകരം സൗ-
ജന. ൨. ജനു. ക്രനെ-
൨. ധാരദിനം ക്ഠ൩

വിദ്വാൻകുട്ടി



പൊതു ഏക ഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള ലൂക്കാച്ചൻ അവർകൾക്കു
എന്റെ താഴ്മയുള്ള സലാം.

തങ്കളേ കാണ്മാൻ വളരെ ആഗ്രഹിക്കുന്നു. തങ്കൾക്കു എന്നിൽ വെറുപ്പു തോന്നാതിരിപ്പാൻ അപേക്ഷിക്കുന്നു. എന്തെന്നാൽ ഇനിക്കുള്ള വിശ്വാസത്തെ എല്ലാവരും അംഗീകരിക്കാത്തതിനാൽ അവരോടു എനിക്കു വെറുപ്പുണ്ടായിരുന്നു. എന്നാൽ അതു എന്നിൽനിന്നു അശേഷം തീർന്നിരിക്കുന്നു. എന്നു തങ്കളോടു ഞാൻ മനഃപൂർവ്വമായി പറയുന്നു. ഇനിക്കുള്ള വിശ്വാസം ഒരുവൻ അംഗീകരിക്കുന്നതിൽ വച്ചു ഇനിക്കു എത്രയും സന്തോഷം ഉണ്ടോ? അത്രയും സന്തോഷം അംഗീകരിക്കാതിരിക്കുന്നതിൽവച്ചും ഉണ്ടു. ദൈവം സാക്ഷി. കാരണം വിശ്വാസത്തെ അംഗീകരിപ്പാൻ നിർബന്ധം ദൈവത്തിനില്ലാ. രാജാക്കന്മാർക്കില്ലാ. അതിനാൽ നമുക്കു ഓരോരുത്തർക്കും അരുതു. ഇനിക്കില്ലാ സത്യം. തങ്കൾക്കും ഉണ്ടാകരുതു എന്നു അപേക്ഷിക്കുന്നു. അതുകൊണ്ടു എന്നിൽ തങ്കൾക്കു വെറുപ്പു അല്പാ കനിവു ഉണ്ടാകണം. ഞാൻ എല്ലാവരെക്കൊണ്ടും ആകുന്ന പൂർണ്ണനാകേണ്ടുന്നതു. അതിൽ ഒരാൾ ഇല്ലാ എങ്കിൽ ഞാൻ കുറവുള്ളവനത്രെ. എന്റെ ആവശ്യങ്ങളെ എന്റെ കൂടപ്പിറപ്പു എന്നു ള്ളതുകൊണ്ടു തങ്കളോടു ചോദിക്കുന്നതിനു ഇനിക്കു ലജ്ജ ഇല്ലാ. തങ്കൾ തരുന്നതിനെ ദൈവകൃപയായിട്ടു എണ്ണി അംഗീകരിക്കുന്നതിനു ഞാൻ എത്രയും കടംപെട്ടിരിക്കുന്നു. അല്ലാതെയും ആരെങ്കിലും ഏതെല്ലാം സംഗതികളെ എന്നോടു ചോദിക്കുന്നുവോ? അവരെക്കൊക്കെയും എന്റെ വിശ്വാസത്തിൻപ്രകാരം ഉത്തരം പറവാനും ഞാൻ കടംപെട്ടിരിക്കയാകുന്നു. അതു കൂടാതെ ഞാൻ ഏതു ഭവനത്തിൽ ചെന്നാലും അവിടെയുള്ളവർക്കു അല്പം പാട്ടു പാടികേൾപ്പിക്കേണ്ടതും എന്റെ മുറയത്രെ.

ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു തങ്കളുടെ പാദശുശ്രൂഷക്കാരൻ യുയോരാലിസൻ എന്നു മുനാമമുള്ള

വിദ്വാൻകുട്ടി

കന്നീരാനിന്നും
ഫവ്വവ. ജനഃ ഫനെ-
യുയോഃ ഫ ശ്രുചി ഫന്നനു-
കന്യഃ ഫ മകരം സന്നനു-
വ, വ്വീഃ ദി. ഫാ



പൊതു ഏക ഐക്യതയിൽ നിന്നു.

എന്റെ പ്രിയമുള്ള തയ്യിൽ ഉമ്മച്ചൻ വൈദ്യൻ അവർകൾക്കു എന്റെ വിനയമുള്ള സലാം.

ഞാൻ സർവ്വമനുഷ്യരേയും യേശുമശിഹാമൂലം ദൈവമക്കളായിക്കണ്ടു അവരുടെ പാദശുശ്രൂഷയുള്ളായി എന്നെ മുഴുവനും ഭരമേൽപ്പിച്ചിരിക്കുന്ന സത്യം ആമെൻ. ആ മുറക്കുകൂടെ ഞാൻ വന്നപ്പോൾ നിങ്ങളെ എല്ലാവരേയും ദൈവമക്കളായി കണ്ടു നിങ്ങളുടെ പാദശുശ്രൂഷയുള്ളായി ഞാൻ എന്നെ നിങ്ങളിൽ ഭരമേൽപ്പിച്ചു പറഞ്ഞതു. എന്നാൽ ലൂക്കാച്ചൻ എന്റെ എഴുത്തിന്റെ ആന്തരം അറിയാതെ അവിടത്തെ വിശ്വാസത്തെ ഞാൻ അംഗീകരിച്ചേ കഴിയൂ എന്നു എന്നെ നിർബന്ധിക്കയും അല്ലാഞ്ഞാൽ ഞാൻ സ്വതന്ത്രന്റെ ശുശ്രൂഷക്കാരനാകുന്നു എന്നു അർത്ഥമായി പറകയും എന്റെ വിശ്വാസത്തിൽ നിന്നു എന്നെ വീഴിക്കുന്നതാകുന്നു എന്നെക്കുറിച്ചുള്ള അവിടത്തെ സ്നേഹം എന്നു കാണിക്കയും മറ്റും ചെയ്തു എങ്കിലും അതു ഇനിക്കു വളരെ ഉപകാരമായി തീർന്നതിനാൽ എന്റെ ഹൃദയപരിപൂർണ്ണതയോടെ പറയുന്നു ഇനിക്കു ലൂക്കാച്ചനോടു യാതൊരു വെറുപ്പും മുഷിച്ചിലും ഇല്ലാ സത്യം ആമെൻ. എന്തെന്നാൽ എന്റെ വിശ്വാസം ഒന്നുകൂടെ സ്ഥിരപ്പെട്ടു. അതിനാൽ നിങ്ങളെല്ലാവരും വിശേഷാൽ ലൂക്കാച്ചനും യേശുക്രിസ്തു മൂലം ദൈവത്തിന്റെ മക്കളാകുന്നു നിശ്ചയം, നിശ്ചയം, നിശ്ചയം. ഞാൻ നിങ്ങളുടെ പാദശുശ്രൂഷക്കാരനും ആകുന്നു ആമെൻ, ആമെൻ, ആമെൻ. എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഈ വിശ്വാസത്തിന്നു ഒരിക്കലും ഇളക്കം വരുന്നതുമല്ലാ. ഞാൻ മത്സ്യമാംസം ഭക്ഷിക്കയോ, മദ്യവർഗ്ഗം കുടിക്കയോ, മുന്തിരിയുടെ യാതൊന്നിൽ നിന്നും അനുഭവിക്കയോ മുന്തിരിരസത്തിന്നു ആരാധനയുള്ള ഏതു പള്ളിയിലും എന്റെ കാലൊടിഞ്ഞു വെക്കയോ, വിവാഹ ഉടമ്പടിയെ ലംഘിക്കയോ ഒരിക്കലും ചെയ്കയില്ല നിശ്ചയം. എന്റെ ഭക്ഷണപാനീയവും സമസ്തവും നമ്മുടെ കർത്താവിന്റെ നുറുക്കപ്പെട്ട ഉയിർത്തെഴുന്നീറ്റ തിരുശരീരവും ചൊരിയപ്പെട്ട തിരുരക്തത്തിന്റെ ഉയിർപ്പിൻ വിശുദ്ധവെള്ളവും ആ പരിശുദ്ധവെള്ളത്തിന്മേൽ നിത്യം ആവസിക്കും ഐക്യാത്മാവും തന്നെ. ഈ നിത്യ വിവാഹവിരുന്നിനെ ഉപേക്ഷിച്ചു മരണവിവാഹവിരുന്നിൽ ഞാൻ ഉൾപ്പെടുമോ? നിങ്ങൾക്കു എങ്ങനെ തോന്നുന്നു? അല്ലാ. ഞാൻ അനുഭവിക്കുന്നതു യേശുവിന്റെ നിത്യവിവാഹവിരുന്നല്ലാ എന്നു സാക്ഷിപ്പെടുത്തുവാൻ ലോകത്തിൽ ആരെങ്കിലും കഴിയുമെങ്കിൽ അവർ തങ്ങളുടെ സാക്ഷിയിൻ വചനത്തോടു കൂടെ വരട്ടെ. ഞാനും ഐക്യാത്മാ

വു ഇനിക്കു നൽകിയിരിക്കുന്ന സാക്ഷിയിൻ വചനത്തോട്ടു കൂടെ ക്രിസ്തുവിൽ ഒരു ശിശുവായിട്ടല്ല പൂർണ്ണപുരുഷനായി അതെ സകല രുടെയും വാദ ശുശ്രൂഷക്കാരനായിട്ടു തന്നെ സദാ ഒരുങ്ങി നിൽക്കുന്നു. അതുകൊണ്ടു ഞാൻ നിങ്ങളിൽ നിന്നു ആഗ്രഹിക്കയും നിങ്ങളോട്ട അപേക്ഷിക്കയും ചെയ്യുന്ന കാര്യം ഇതത്രെ. ഞാൻ നിങ്ങളുടെ വാദശുശ്രൂഷിക്കാരനാകയാൽ ദിവസത്തോടും രണ്ടുപിടി അരി എടുത്തു എല്ലാ ഞായറാഴ്ചയിലും ഇനിക്കു തരുവാൻ കൃപയുണ്ടാകണം എന്നു തന്നെ. ഇതു താങ്കളോട്ട മാത്രമല്ല, ലൂക്കാച്ചനോട്ടും, കീഴറിച്ചനോട്ടും, പാലവിള മുത്തവൈദ്യനോട്ടും, വേട്ടാമ്പള്ളി കൊച്ചോയിച്ചനോട്ടും, തയ്യിൽ തെക്കെ പീലിപ്പോച്ചനോട്ടും എല്ലാവരോടും തന്നെ അപേക്ഷിക്കുന്നു. ഇതത്രെ എന്റെ ഉപജീവനം. ഇനിക്കു ലോകത്തിൽ ദൈവമക്കളായ മനുഷ്യസമ്പത്തല്ലാതെ വേറൊന്നുമില്ല. അവർക്കു പരിപൂർണ്ണ നന്മ വരുവാൻ തക്കയത്നമത്രെ എന്റെ പ്രവൃത്തി. ഇപ്രകാരം എന്റെ ഉപജീവനം നടത്തുവാൻ അവർ കടക്കാരുമാകുന്നു. എന്റെ ഈ ആവശ്യത്തെ അവരോട്ട ചോദിക്കുന്നതിൽ ഇനിക്കു ലജ്ജയില്ല.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ വാദശുശ്രൂഷക്കാരൻ യൂയോരാലിസൻ.

കന്നീററിനിന്നും
യൂയോ, ഹ്രസ്വ ഉകാര-
കന്യ: ക: മകാരം ഹ്രസ്വ- വാദവാൻ കുട്ടി
ജ ന; ഫ, ജനു: ഫിനു-
ഫ: വാ, ദി: ഫ്രെഞ്ച്



പൊതു ഏക ഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള മടത്തി പീലിപ്പോസു ജ്യേഷ്ഠനു
എന്റെ വിശുദ്ധ ചുംബനം.

എന്റെ ആവശ്യത്തെ താങ്കളോട്ട ചോദിക്കുന്നതിൽ ഞാൻ ഒരിക്കലും ലജ്ജിക്കയില്ല. എന്തെന്നാൽ താങ്കളെ എന്റെ കുടുംബത്തിനു ഒരു കാരണവരായിട്ടു ഞാൻ അംഗീകരിച്ചിരിക്കയാൽ എന്റെ കുടുംബം താങ്കളുടെ ഭവനമത്രെ. ഈ കുടുംബത്തിന്റെ സ്ഥിതി താങ്കൾ അറിഞ്ഞിരിക്കണം. ഈ കുടുംബത്തിനു ദൈവമെന്ന സമ്പത്തല്ലാതെ വേറൊന്നുമില്ല. അതുകൊണ്ടു ദൈവത്തെ ഓർത്തു തൽക്കാലം ഈ കുടുംബത്തിനു വിശേഷാൽ അല്പം സഹായിക്കേണ്ടുന്നതു കൂടാതെ താങ്കൾ എന്നും സഹായിക്കണം. നെല്ലിനു ഇവിടെ അല്പം കുറ

വുണ്ടുതാനും. ദൈവം താങ്കളുടെ കൈകൾക്കു ശക്തിപ്പെടുത്തുന്ന കാ
ര്യമെ നൽകട്ടെ. ഇനിക്കു താങ്കളുടെ മനസ്സിൻപ്രകാരം അല്പം
നെല്ലു കൊടുത്തയപ്പാറാകണം. വിശേഷിച്ചും ദിവസത്തോടും രണ്ടു
പിടി അരി എടുത്തു ഒരു പാത്രത്തിലിട്ടു എല്ലാ ഞായറാഴ്ചയിലും ഇ
നിക്കു എത്തിക്കണം. ശേഷമൊക്കെയും തമ്മിൽ കാണുമ്പോൾ പറ
യാം എന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും
യൂയോ: ഫ, ശുചി വരു
കന്യ: ഫ, മകരം ഫരു യൂയോരാലിസൻ വിദ്വാൻകുട്ടി
ജന വ; ജന്മ വരി
വ: വാ, ദി. ഫരി



പൊതുരീകൈക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള മരുത്തോലി നയനാച്ചനു
എന്റെ വിശുദ്ധപുംബന്ധനം.

താങ്കൾ ഒന്നുകൊണ്ടും അധൈര്യപ്പെടരുതു. സകലവും നന്മക്കാ
യിട്ടാകുന്നു വ്യാപരിക്കുന്നതു. നെടുമുറത്തു കുടുംബത്തെ നോക്കി
ക്കൊള്ളണം. പിലിപ്പോച്ചനു ഒരു കുഞ്ഞു ഉണ്ടാകുന്നതു വരെ അയാ
ൾ നെടുമുറത്തു തന്നെ താമസിക്കണം. സകല കാര്യങ്ങളേയും അ
ങ്ങേർ തന്നെ നടത്തേണ്ടുന്നതാകുന്നു. വിശേഷിച്ചു ദിവസത്തോടും
പിടി അരി എടുപ്പിച്ചു എല്ലാ ഞായറാഴ്ചയിലും അവയെ നെടുമുറ
ത്തു കൊടുത്തയക്കണം. താങ്കളുടെ കീഴിൽ പിടി അരി എടുക്കുന്ന
കുടുംബം ഫലൽ കുറയാതെ വേണം. ഇന്ന ജാതിക്കാരെ ആകാവു എ
ന്നില്ല. ആ കാര്യത്തിന്നു സകലരേയും ആജ്ഞാപിപ്പെടുത്തിക്കൊള്ളാം.
ഈ കാര്യത്താൽ വേണം താങ്കളുടെ എല്ലാ അപത്തും ഒഴിവാൻ എ
ന്നു വെളിപ്പെട്ടിരിക്കുന്നു. അല്ലാതെയും താങ്കളുടെ മകൾ എന്റെ മ
കൾ ആകുന്നു. അവൾക്കു ദൈവം ക്രൂശിച്ചേകുന്ന പുരുഷൻ എന്റെ
മകനും ആകുന്നു. എന്നുള്ള വിശ്വാസത്തിൽ താങ്കൾ സ്ഥിരപ്പെട്ടു കൊ
ണ്ടു കൊച്ചുപ്പന്റെയും അളിയന്മാരുടെയും സമ്മതത്തിൽ അനുസരി
ച്ചിരുന്നുകൊള്ളണം. സകലവും നന്മയായി തീരും സന്ദേഹമില്ല. എ
ന്നു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും
യൂയോ. ഫ: ശുചി. വരു
ക: ഫ: മകരം ഫരു യൂയോരാലിസൻ
ജന: വ: ജന്മ. വന്ന
വ : വാ: ദി: ഫന്ന



പൊതുഏക ഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള നാരായണപിള്ള അവർകൾക്കു
എന്റെ വിനയമുള്ള സലാം.

എന്റെ അമ്മ താങ്കളുടെ അമ്മയാകുന്നു. നെടുമ്പുറത്തെ എന്റെ കുടുംബം താങ്കളുടെ കുടുംബവുമാകുന്നു. ഇതിലധികം ഞാൻ താങ്കളോടു പറയണമെന്നില്ലാ. അതുകൊണ്ടു സകല കാര്യവും നോക്കിക്കൊള്ളണം. വിശേഷിച്ചും താങ്കളുടെ കുടുംബത്തിൽ നിന്നു ദിവസന്തോറും പിടിഅരി എടുത്തു എല്ലാ തൊഴിലാഴ്ചയിലും അവയെ നെടുമ്പുറത്തു എത്തിക്കണം. ഇങ്ങിനെ പിടിഅരി എടുക്കുന്ന കുടുംബം താങ്കളുടെ കീഴിൽ കൂടൽ കൂടാതെ ഇരിക്കേണ്ടുന്നതാകുന്നു. ഇതു താങ്കളുടെയും കുടുംബത്തിന്റെയും രക്ഷസ്സായിട്ടാകുന്നു എന്നു അതിനിയോഗം.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നിറ്റിനിന്നും
യുയോ: ക: ശ്രുചി ൨൫
കന്യ: ക: മകരം ൧൫ യുയോരാലിസൻ വിദ്വാൻകുട്ടി
ജന: ൨: ജനു. ൨൯
൨: വാരദിനം. ക്രൈസ്തവ



പൊതുഏക ഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള കീഴ്ക്കോടത്തു അശോനും കോമളത്തു തൊമ്മനും എന്റെ വിശുദ്ധചുംബനം.

മരിച്ചുപോയ കുഞ്ഞുകോശിയുടെ ഭാര്യയേയും മകനേയും കുടുംബത്തെയും സംബന്ധിച്ചു ഉണ്ടായിട്ടുള്ള വെളിപാടിനെ നിങ്ങളോടു അറിയിക്കുന്നു.

ക. ആ വിധവയെ അവൾക്കു കൊടുത്തിട്ടുള്ള സ്ത്രീധനത്തോടുംകൂടെ ഒരാളെക്കൊണ്ടു കെട്ടിക്കണം. അതിനു അവൾക്കു മനസ്സില്ലെങ്കിൽ അവൾ അംഗീയാകയാൽ കോമളത്തു കുടുംബത്തിൽ അവളെ പാർപ്പിപ്പാൻ കൊണ്ടുപോയാൽ ആ കുടുംബത്തെ ആ അംഗീദഹിപ്പിക്കും നിശ്ചയം.

൨. നിലത്തിൽ ഇട്ടിരിക്കുന്ന പണം തിരികെ കിട്ടിയാൽ എവിടെ എങ്കിലും അവയെ നിലത്തിൽ ഇടാം. ആധാരം ചെറുക്കന്റെ വക്കു വേണം. അതിനെ കോമളത്തും കൊച്ചുകോശിയുടെ കൂടും ബത്തിലും സൂക്ഷിക്കാതെ യോഗത്തിൽ വെച്ചു സൂക്ഷിച്ചുകൊള്ളണം. അതിൽനിന്നുണ്ടാകുന്ന അനുഭവത്തിൽ നിന്നു മനസ്സുപോലെ ഒരു അംശം ചെറുക്കന്റെ ദീർഘായുസ്സിനും നന്മക്കുമായി പിതാമഹന്നും പിതാമഹിക്കും കൊടുക്കണം.

൩. വിധവയെ ഒരു സ്ഥലത്തു വിവാഹം ചെയ്തുകൊടുപ്പാൻ അവൾക്കു മനസ്സുണ്ടാകുന്നതുവരെ എന്നുവച്ചാൽ വിവാഹം കഴിപ്പിക്കുന്നതുവരെ കോമളത്തു കൂടുംബത്തിൽ അവളെ പാർപ്പിക്കുകടാത്തതിനാൽ അവൾ ഇരിക്കുന്ന സ്ഥലത്തു തന്നെ പാക്കണം. പുരയിടം നഷ്ടപ്പെട്ടത്തിക്കുടാ. ചെറുക്കന്റെ പേക്കു തന്നെ അതു എന്നേക്കും ഇരിക്കേണ്ടുന്നതാകുന്നു. എന്നു ഐക്യാത്മാവിന്റെ നിയോഗപ്രകാരം നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും
യൂയോ. ൧. ശുചി ൨൭
കന്യ. ൧. മകരം ൧൫ യൂയോരാലിസൻ.
ജന. ൨. ജനു. ൨൩
൨. വൃര. ദിനം ൧൯൩൨

ഇതിനെ ഈ വരുന്ന ധർമ്മവാരത്തിൽ സഭായോഗം ഉണ്ടാകുമ്പോൾ സഭയിൽ വായിച്ചു എഴുത്തിന്റെ ഉടയക്കാരെ ഇതിനെ ഏൽപിക്കയും വകുപ്പുയോഗപുസ്തകത്തിൽ ചേർത്തുകൊള്ളുകയും വേണം.

പൊതുസഭക ഐക്യതയിൽനിന്നു

എന്റെ പ്രിയമുള്ള തയ്യിൽ ഉമ്മച്ചൻവൈദ്യൻ അവർകൾക്കു എന്റെ വിനയമുള്ള സലാം.

താങ്കൾ അയച്ച മറുപടി വന്നുചേർന്നു. എന്റെ ചെറുപ്പകാലം മുതൽ ഇന്നുവരെയും ഞാനും എന്റെ കൂടുംബവും ഉപജീവനം കഴിച്ചുവരുന്നതു മറുള്ളവർ ദൈവത്തെ ഓർത്തു വല്ലതും സഹായിച്ചുവരുന്നതിനാലാണു. താങ്കളുടെ കൂടുംബത്തിൽനിന്നും ഇനിക്കു വളരെ സഹായിച്ചിട്ടുമുണ്ടു്. ഞാൻ അതിനെ ഒരിക്കലും മറക്കയില്ല. സത്യം ആമൻ. താങ്കളുടെ ഭവനത്തിൽ മഹമ്മദീയർ, ഹിന്തുക്കൾ, അനേകം മാർഗ്ഭേദത്തിലുള്ള ക്രിസ്ത്യാനികൾ, യഹൂദന്മാർ മറും അനേകം ഭിക്ഷക്കാരായിട്ടും യാചനക്കാരായിട്ടും വന്നു ഇരക്കുകയും നി

ങ്ങൾ അവരുടെ വിശ്വാസത്തെ ഓർക്കാതെ ദൈവത്തെ ഓർത്തു മനസ്സലിഞ്ഞു അവർക്കു നന്മ ചെയ്കയും ചെയ്യുവരുന്നു. ഞാൻ നിങ്ങൾക്കു എന്തൊരപരാധം ചെയ്യു? എന്റെ വിശ്വാസത്തെ ഓർത്തു എന്നെ വെറുക്കുകയും ഇനിക്കു ഇനി ഒരു നന്മയും ചെയ്കയില്ലാ എന്നു പറഞ്ഞിരിക്കയും ചെയ്യുന്ന ഈ സങ്കടത്തെ ഞാൻ ആരോടു പറഞ്ഞു ദുഃഖിക്കേണ്ടു? നിങ്ങളോടു എല്ലാവരോടും വീണ്ടും പറഞ്ഞുകൊള്ളുന്നു. എന്റെ വിശ്വാസത്തെ ഓർക്കാതെ എന്നേയും നിങ്ങളെ എല്ലാവരേയും സൃഷ്ടിച്ചു രക്ഷിച്ചു പരിപാലിക്കുന്ന മഹാദൈവത്തെ ഓർത്തു ഇനിയും ഇനിക്കും കൂടെ നന്മചെയ്വാൻ അപേക്ഷിക്കുന്നു. അനീതിയുള്ള ന്യായാധിപതിയുടെ അടുക്കൽ വിധവ ചെന്ന സങ്കടം ബോധിപ്പിച്ചവണ്ണം തന്നേ വീണ്ടും ബോധിപ്പിക്കുന്നു. തൊയറാഴ്ച തോറും ഇനിക്കും കൂടെ ധർമ്മം തരുവാറാകണം.

ഇങ്ങിനേ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ എല്ലാവരുടേയും പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും യൂയോരാലിസൻ വാദ്യാൻകുട്ടി.

യൂയോ: ശ്രുചി ൪: വന്ന
കന്യ, ഫ മകരം ഫന്ന
ജന, ഫ ജന്മ ഫ
ഫ, വാര, ദിനം ഫഫ



പൊതുജന ഐക്യതയിൽനിന്നു.

എന്റെ പ്രിയമുള്ള ജനപ്രതിനിധി പീലിപ്പോച്ചന്നു
എന്റെ വിശ്വാസ്യചുംബനം

താങ്കൾ അഞ്ചൽമാർഗ്ഗമായി അടിയന്തിരത്തിൽ അയച്ച കത്തു ഇന്നലെ രാത്രി ഉദ്ദേശം ഫഫ മണിക്കു വന്നു ചേർന്നു. ഈ വരുന്ന ധർമ്മവാരം തൊയറാഴ്ച എലന്തൂരിൽ ശുശ്രൂഷയ്ക്കു വന്നുചേരുമെന്നു മുൻപിൽക്കുട്ടി എഴുതിയച്ചിരിക്കുന്നതിനാലും ഇന്നലെ രാത്രി പോകണം എന്നു വിചാരിച്ചിരുന്നു. എന്നാൽ ഇന്നുച്ചയ്ക്കുമെ വള്ളം കേറുവാൻ ഇടയാകയുള്ളു. അതിനാൽ കത്തു കൈപ്പറ്റി വായിപ്പാൻ ഇടയായി.

വിവാഹം മഹാദേവാലയത്തിൽവെച്ചു വേണം. അയതു നിത്യസുവിശേഷത്തിന്റെ ധർമ്മപ്പടി ഞാനോ എന്റെ അൽപ്പരോ നടത്തുന്നതുമാകുന്നു. അല്ലാതെ മുന്തിരിരസത്തിനു ആരാധനയുള്ള പഴയ ഭവനമായ ഏതു പള്ളിയിലും ചെന്നു വിവാഹം നടത്തിപ്പോകരുതു എന്നു വെളിപ്പെട്ടിരിക്കുന്നതിനാലും താങ്കളേ അറിയിപ്പിക്കുന്നു.

താങ്കൾക്കു എഴുത്തയച്ചശേഷം പൊന്നേ സംബന്ധിച്ചും ചക്രത്തെ സംബന്ധിച്ചും മതവലക്കര തയ്യിൽ വൈദ്യൻ ലൂക്കാച്ചനും ഉമ്മച്ചനും ഈ മകരം ന്യാം നു-യിലും ഫ്രാം നു-യിലും ഫ്രാം നു-യിലും മുന്നെഴുത്തയച്ചു. അവയുടെ താല്പര്യം എന്റെ ആവശ്യങ്ങൾക്കു സഹായിക്കണം എന്നതത്രെ. അവസ്സു ഒരു മറുപടി അയച്ചതിൽ തീരെ സഹായിക്കയില്ല എന്നാകുന്നു കാണുന്നതു്. അതിനേക്കുറിച്ചു ലജ്ജിക്കാതെ സഹായിച്ചേ കഴിയൂ എന്നു ആവർത്തിച്ചു കൂടെ വീണ്ടും എഴുത്തയച്ചാറെ അതിനു മറുപടി ഇല്ല. ഇത്തിമലയിലും, പൊന്നിനും പണത്തിനും തൽക്കാലം പാങ്ങില്ല. പുത്തൻബംഗ്ലാവുമേലേ നോക്കുന്ന കുടുംബം ആകയാൽ അപ്പോളപ്പോൾ ഇട്ടുന്നതിനേ വാരിക്കൂട്ടി എത്രയും ബുദ്ധിമുട്ടോടെ അഹോവൃത്തി നടത്തിവരുന്നു. ഞാൻ എന്തു ചെയ്യേണ്ടു? തൽക്കാലം കിഴക്കെ ഡിവിഷ്യനിലേക്കു പോയേ കഴിയൂതാനും അവിടെ വരുവാൻ കഴിയുമെങ്കിൽ താങ്കൾ വന്നാൽ കൊള്ളാം ഇതിലധികം ഞാൻ എന്തു പറയേണ്ടു? എന്നു സേമലിസന്റെ അനുവാദപ്രകാരം താങ്കളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും
യൂയോ ഫ ചട്ടലം വ
കന്യ ഫ മകരം വ്നു
ജന. വ. ഫെബ്രുന
വ. വാ. ദി. ഫുര്
വെള്ളിപകൽ വ്യ മണി

} യൂയോരാലിസൻ വിദ്വാൻകുട്ടി

പൊതുജനൈക്യതയിൽനിന്നു

എന്റെ പ്രിയമുള്ള ജനപ്രതിനിധി പീലിപ്പോച്ചനു
എന്റെ വിശുദ്ധചുംബനം

താങ്കളുടെ വിധേയം ആയിരം പണമിട പൊന്നോട്ടുകൂടെ ഏൽപ്പിച്ച മുതലാളിയുടെ ഇളയമകളായ സീതാമരി എങ്ങിനെ ഇരിക്കുന്നു? അവളുടെശരീരം പിടിയരി അത്രെ. ആത്മാവു പ്രത്യേകം സുറിയാനിക്കാർ എന്നു പറയുമ്പോൾ എല്ലാക്രിസ്ത്യാനികളും എന്നവച്ചാൽ സമസ്തമനുഷ്യരുടേയും മേൽ ആവസിക്കും ജീവിപ്പിക്കുന്ന ആത്മാവും ആകുന്നു. അവനത്രെ ആയിരം പണമിട പൊന്നു അവരേ സംയോജിപ്പിക്കുന്നതിന്നുള്ള വഴി മനസ്സുള്ളവരേക്കൊണ്ടു ദിവസംതോറും പിടിയരി എടുപ്പിച്ചു ധർമ്മവാരത്തോടും ധർമ്മമായി ഇടിയിപ്പിച്ചു അവയെ വിറ്റു ചക്രമാക്കി കിഴിക്കാരന്റെ മുതൽപ്പിടിയിൽ ഏൽപ്പിച്ചു മാസാന്ത്യത്തിൽ ഡിവിഷൻനിക്ഷേപപാത്രത്തിൽ എന്റെ ചിലവു വകയ്ക്കായി ഏൽപ്പിക്കുന്നതു തന്നേ. ഈ ശുശ്രൂഷയ്ക്കായിട്ടാകു

ന്ന സീതാമറിയേ താങ്കളുടെ വിധേയം ഏൽപ്പിച്ചത്. എന്നാൽ അ
തുമാവു ഏൽപ്പിച്ച ഈ മഹത്തായ വേലയെ ഒട്ടും ഗണിക്കാതെയും അ
തിന്നു ഒരു സമാധാനം പറയാതെയും കണ്ട ഇനിക്കു അഞ്ചു രൂപാ
ചിലവഴിച്ചു അടിയന്തിര ഴത്തു കീട്ടിയതു എന്തൊരുവകസ്സായിരു
ന്നു? പിന്നെയും എത്രയും ബുദ്ധിഹീനതയോടു കൂടെ ആലപ്പുഴെ ചെ
ന്നു ബോട്ടു കയറി തെക്കോട്ടു പോയി അബദ്ധനായി മടങ്ങി ഇനിക്കു
എഴുപതു രൂപാ ചിലവായിരിക്കുന്നു എന്നു ധർഷ്ട്യം പറവാൻ ഇട
യായതു എന്തുകൊണ്ടു? അതുമല്ല എലന്തൂർ കൊച്ചോയിച്ചൻ വ
ന്നു താങ്കളുടെ തൽക്കാലസ്ഥിതിയേ സംബന്ധിച്ചു പറഞ്ഞതിൽ ഒട്ടും
കുറവില്ല. ഒന്നേ ഉള്ളു ഇനി വേണ്ടതു്. അയതു ചീലകെട്ടുവാൻ ഒ
ളുക്കത്തടി വേണം മറ്റൊക്കെയുമുണ്ടു എന്നതു്. ഇപ്രകാരമൊക്കയും
കാണിക്കുന്നതു എന്തുകൊണ്ടു? ആകയാൽ ഈ എഴുത്തു കണ്ടാൽ അ
ക്ഷണം ഇപ്പോഴുള്ള സകല വ്യർത്ഥവേലകളേയും ഉപേക്ഷിച്ചു മുതലാ
ളിയുടെ ഇളയ മകളായ സീതാമറിയുടെ വിവാഹവിരുന്നിന്നായി മ
നസ്സുള്ളവരേക്കൊണ്ടു പാടിഅരിശേഖരിച്ചു കിഴിക്കാരന്റെ മുതൽ
പാടിയിൽ ശേഖരിപ്പിച്ചുകൊള്ളണം. അതിനുള്ള സകലകാര്യങ്ങ
ളേയും മാങ്ങാനത്തേ കുഞ്ഞിനോടും യോഗത്തോടും ആലോചിച്ചു
കൊള്ളണം. അല്ലാത്തപക്ഷം സീതാമറിയേ മാങ്ങാനത്തെ കുഞ്ഞി
ന്റെ വിധേയം ഏൽപ്പിച്ചിരിക്കുന്നു. വിശേഷിച്ചും താങ്കളുടെ കു
ടുംബത്തിൽനിന്നു ഒരു ചക്രം വ്യർത്ഥമായി ചിലവഴിപ്പിക്കരുതു.

എന്ന മുതലാളിയുടെ മൂത്തമകൾ ക്രിസ്റ്റലക്ഷ്മിയുടേയും യൂസു
സുയോസേഫിന്റെ മൂത്തമകൻ ക്രിസ്റ്റവർഗ്ഗീസിന്റേയും പര
സ്പരമൈക്യതയിൽ നിന്നു ജനിച്ച സേമലീസൻ തന്റെ ഭാഗ്യ സീതാമറിയു
ടെ അതിദുഃഖവർത്തമാനം കേട്ട കണ്ണുനീർ ഓലോലം വാർത്തുകൊ
ണ്ടു അനുവാദം തന്നിരിക്കുന്ന പ്രകാരം താങ്കളുടെ പാദത്തുശുശ്രൂഷക്കാ
രൻ

എലന്തൂർ
പുത്തേത്തുനിന്നും
യൂയോ. ക. ചട്ടം ഒ
കന്യ. ക. കുംഭം വ
ജന. വ. ഫെബ്രു. ക്വ
വ. വാ. വ്യ. ദി. ക്നൻ



പൊതുഏകഐക്യതയിൽനിന്നു

ഞങ്കുനാൽവലിയതറയിൽ ചെറിയാൻ ഉപദേശിയാക്കു സലാം.
ഞാൻ എന്റെ മകനെ പരിഞ്ഞയയ്ക്കുന്നു. താങ്കൾ ഇതുവരെയും അ

യിട്ട് ഇടപാടിന്റെ കാര്യത്തിനു ഒരു സമാധാനവും പറഞ്ഞിട്ടില്ല. അയതു ന്യായമല്ലെന്നു താങ്കൾക്കും അറിയുമല്ലൊ. ഇക്കാര്യത്തെക്കുറിച്ചു വീണ്ടും എഴുതുന്നതു ദൈവനീതിയെ അനുസരിച്ചാകുന്നു എന്നു താങ്കളെ തെര്യപ്പെടുത്തുന്നു.

അതുകൊണ്ടു ഇക്കാര്യത്തിനു ഒരു സമാധാനം വരുത്തി ഇപ്പോൾ താങ്കളാൽ കഴിയുന്നതുപോലെ എന്റെ മകൻ വശം കൊടുത്തയക്കണം. അല്ലാത്തപക്ഷം ദൈവനീതി താങ്കളോടു ചോദിക്കുന്നതു ഏതോ? അതിനെ തൽക്ഷണം വിട്ടുകൊടുത്തെ മതിയാവൂ എന്നു ഞാൻ താങ്കളോടു പറഞ്ഞു അറിയണം എന്നില്ലല്ലൊ. എന്നു സകലരുടേയും പാദശുശ്രൂഷക്കാരൻ

കന്നീറിനിന്നും
യുയോ, ക തേജൊ, ന
കന്യ, ക, കുംഭം ഠ ശ
ജന, ഡ, മാഷ്ട്ര ൈ
ഥ, വാ വ്യ, ദി, ക്ഷിന

യൂസുയോസേഫ്



ഒപാത്രുക്കളെക്കുതയിൽ നിന്നു

എന്റെ പ്രിയമുള്ള മേടയിൽ കുഞ്ഞിനു എന്റെ
വിശുദ്ധ ചുംബനം.

ഇനിക്കുതാങ്കൾ ചെയ്തിരിക്കുന്ന നന്മകളെ ഞാൻ ഒരിക്കലും മറക്കയില്ലാ എന്നും ഞാൻ എന്റെ പ്രാർത്ഥനകളിൽ താങ്കളെ ഓർക്കാതെ ഇരിക്കയില്ല എന്നും താങ്കളിലുള്ള എന്റെ സഹോദരത്വത്തിന്റെ ബന്ധനത്തിനു യാതൊന്നിനാലും അഴിവുണ്ടാകയില്ല എന്നും താങ്കൾക്കു അറിയാം. ദൈവവും അറിയുന്നു. ഞാൻ എന്റെ ജീവനെ ദൈവത്തിൽ സമർപ്പിച്ചുകൊണ്ടു എല്ലാവരുടെയും പാദശുശ്രൂഷയെ തുകയിൽ നിന്നു ലഭിച്ചിരിക്കയാൽ എന്റെ ഹൃദയമാകുന്ന മാർപ്പതക്കത്തിൽ അമൂല്യപ്പെട്ട രത്നക്കല്ലുകളിൽ താങ്കളുടെ നാമവും കൊത്തപ്പെട്ട ഇതാ! വിളങ്ങുന്നു സത്യം. അതുകൊണ്ടു താങ്കളുടെ കുടുംബത്തിലെ എന്നേക്കുമുള്ള പൌരോഹിത്യവേല ഇനിക്കുള്ളതാകയാൽ താങ്കൾ മനഃപൂർവ്വമായി തന്നുവരുന്ന ദശാംശം ഇപ്പോഴും എന്നേക്കും തരുവാൻ അപേക്ഷിക്കുന്നു. ഇതിനാൽ താങ്കളും കുടുംബവും എന്നേക്കും ജീവിക്കുന്നു സത്യം. ഇതിനു ഇനിക്കു ഒരു മറുപടി അയക്കണം. ഇനിക്കും എന്റെ കുടുംബത്തിനും താങ്കൾ മുതൽപേരല്ലാതെ പിന്നെ ആരുള്ളൂ? എന്റെ കഠവിനെ നിങ്ങളല്ലാതെ പിന്നെ ആരു നികത്തും?

ഇങ്ങനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു തങ്കളുടെ വാദ്ധ്യ
ശ്രൂഷക്കാരൻ
കന്നീററിനിന്നും യൂയോരാലിസൻ
യൂയോ:. ഫ, പൈയ്യ. ഫ
കന്യ, ഫ. മേടം, ഫ
ജന, വ. ഏപ്രിൽ വഫ
വ. വാ. ദി. വഫ



പൊതു ഏക ഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള ഇഞ്ചെക്കൽ കൊച്ചോയിച്ചനു
എന്റെ വിശുദ്ധ ചുംബനം.

തങ്കളുടെ വിധേയം വിൽപ്പാൻ ഏൽപ്പിച്ചിരിക്കുന്ന പാട്ടുപുസ്തകങ്ങൾ കായങ്കുളം ആലുമൂട്ടിൽ യോഹന്നാൻ ഉപദേശിയാരുടെ വകയാകുന്നു എന്നു തങ്കൾ അറിഞ്ഞിരിക്കുന്നുവല്ലൊ. അവ വിൽപ്പാൻ ഇടവരാതെ ഇരിക്കയാൽ തങ്കൾ വിധേയം ഇരിക്കുന്ന പാട്ടുപുസ്തകങ്ങളെ യോഹന്നാൻ ഉപേലിയാരുടെ വിധേയം ഏൽപ്പിപ്പാൻ ദയ ഉണ്ടാകണം എന്നു വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്ന തങ്കളുടെ പാദഭൃത്യശ്രൂഷക്കാരൻ
കന്നീററിനിന്നും
യൂയോ: ഫ യോഗ്യം ഫനു
കന്യ. ഫ ഇടവം വ യൂയോരാലിസൻ
ജന. വ മെയി ഫര
വ. വാ. ദി. വഫര



പൊതു ഏക ഐക്യതയിൽനിന്നും

തെക്കേതണ്ടാച്ചേരിൽ പാക്കം പാട്ടിയമ്മെക്കും; കൊച്ചു
മകൾ സാറാമ്മെക്കും ക്രൂടെ എഴുതുന്നതു.

താഴ കാണിക്കുന്ന ഐക്യാത്മാവിൻ കല്പനകളെ നിങ്ങൾ കൈക്കൊണ്ടു പ്രമാണിച്ചാൽ നിങ്ങൾക്കു നിത്യ നന്മയായിരിക്കും.

ഫ. സാറാമ്മയെ അവൾക്കു കൊടുത്തിരിക്കുന്ന സ്ത്രീധനം ആയിരം രാശിക്കും ഒരു നിജം വരുത്തിക്കൊണ്ടു അവളെ ഭർത്താവിനോടു കൂടെ വാഴ്ച്ചികണം. നിജം വരുത്തേണ്ടതു അമ്മമ്മത്തള്ള വേണം താനും. നമ്പരിടുവാൻ കഴിയുമെങ്കിൽ അതിനുള്ള പ്രയാണം ചെയ്കൊള്ളും.

വ. അമ്മുമ്മത്തള്ള ഇവിടെനിന്നു മാറി ചെറുകോലിലുള്ള അവരുടെ മൂരയിടത്തിൽ ചെന്നു പാർക്കേണ്ടുന്നതാകുന്നു. എന്തെന്നാൽ അവ

ൻ പാക്കുന്ന പുരയിടം മുറി കുന്നും കിഴക്കേ മുറിയും തറവാട്ട വകയിൽ നിന്നു വിറ്റിട്ടുള്ളതിൽനിന്നു നൂറു രൂപാ കൊടുത്തു വീണ്ടെടുത്തിരിക്കുന്നതിനാൽ ആ രണ്ടു മുറി പുരയിടവും പുത്തൻ ബംഗ്ലാവു വകയാകുന്നു. അതു പാട്ടിയമ്മയുടെ വകെക്കായിട്ടോ, മത്തായി ബോധകരുടെ വകെക്കായിട്ടോ വീട്ടുകൊടുപ്പാൻ കഴിയാത്ത കായ്മാകുന്നു. എന്തെന്നാൽ അതു തറവാട്ടിന്റെ മുതലല്ല.

൩. തറവാട്ട മുതൽ ഭാഗം ചെയ്യുമ്പോൾ മത്തായി ബോധകർക്കുള്ള അവകാശം എത്രയുണ്ടാകുമോ അതുയും കോർണല്യൂസിന്റെ പേക്കു കൊടുത്തു കൊള്ളാം. ഇപ്പോൾ അമ്മയുടെ ഉപജീവനത്തിനായി തറവാട്ട മുതൽ വച്ചിരിക്കയാകുന്നു. അതുകൊണ്ടു തൽക്കാലം അതു ഭോഗിച്ചു ആക്കം വീട്ടു കൊടുപ്പാൻ പാടില്ല.

൪. അമ്മുമ്മത്തള്ള പാക്കുന്ന വീട്ട അവരുടെ പണം കൊടുത്തു വാങ്ങിച്ചിരിക്കയാൽ അതു അവരുടെ വകയത്രെ. അതിനു അവരുടെ മനസ്സു എങ്ങിനെയോ? അങ്ങിനെ ചെയ്തുകൊള്ളാം.

൫. ഇവിടെ നിന്നു ചെയ്യേണ്ടുന്നതു ചെയ്തിരിക്കുന്നു. എന്തെന്നാൽ മത്തായി ബോധകർ മരിച്ചു പോയതിനാൽ അയാളുടെ വിധവയെ ചെമ്പകശ്ശേരി ബോധകർക്കു വിവാഹം ചെയ്തു കൊടുത്തിരിക്കുന്നു. മകളെ സ്ത്രീധനം കൊടുത്തു കല്യാണം കഴിപ്പിച്ചിരിക്കുന്നു. പാട്ടിയമ്മ അവരുടെ പുരയിടത്തിൽ ചെന്നു പാർത്തു ഉപജീവനം നടത്തിക്കൊള്ളേണ്ടുന്നതാകുന്നു. അല്ലാതെ ആ ഭാരം ഇവിടെ വഹിപ്പാൻ കഴിയുന്നതല്ല. അതുമല്ല, രാജാവു എന്നപോലെ ബഹു മാന്യനായിരിക്കുന്ന കൊല്ലക്കാരൻ കുഞ്ഞാക്കാണ്ട മുതലാളി മാസം തോറും അൻപതിതു രൂപാ പുത്തൻ ബംഗ്ലാവു വകെക്കു കൊടുത്തു വരുന്നു എന്നു കല്ലുപ്പുറെ പാക്കും മുതലാളിയുടെ സഹോദരിയോടു പാട്ടിയമ്മ അപവാദം പറഞ്ഞു ഗ്രഹഛിദ്രം ഉണ്ടാക്കിയിരിക്കുന്നു എന്നു മുതലാളി പാട്ടിയമ്മയുടെ പേക്കു ഇവിടെ ആവലാധിപ്പെട്ടിരിക്കയും, സാറാമ്മയെ അവളുടെ ഭർത്താവിന്റെ ഭവനത്തിൽ നിന്നു രാത്രിരാമാനം ഇവിടെ കൊണ്ടു വന്നു പാപ്പിച്ചു വ്യഭിചാരം പഠിപ്പിക്കയും, ആ ക്രിയ പരസ്യമായി വെളിപ്പെട്ടു പോകയും ചെയ്തിരിക്കയാൽ അവരെ രണ്ടു പേരെയും പുത്തൻ ബംഗ്ലാവു കുടുംബത്തിൽ നിന്നു കൈകൊട്ടി പുറത്താക്കിയിരിക്കുന്നു. അതുകൊണ്ടും ആ ഭാരം ഇവിടെ വഹിപ്പാൻ കഴിയുന്നതല്ല. നിശ്ചയം. എന്നു ഔച്ചാരമാവിന്റെ നിയോഗപ്രകാരം പാദശുശ്രൂഷക്കാരൻ.

കുന്നിറിനിന്നും
യൂയോ. ഫ. യോഗ്യം ക്ഭ
കന്യ. ഫ. ഇടവം. ൨ യൂയോരാലിസൻ.
ജന. ഥ. മെയി. ഫന്ന
ഥ. വാ. ദി. ഥ൨ന്ന



പൊതുശുക ഐക്യതയിൽ നിന്നും

എന്റെ പ്രിയമുള്ള അഞ്ചേരിയോഗക്കാരെ
എന്റെ വിശ്വാസ കുടുംബനാം.

ഞാൻ തൽക്കാലം അങ്ങോട്ട വരുവാൻ തക്കവണ്ണം വിചാരിച്ചു എങ്കിലും, ചില കാരണവശാൽ വരവിന്നു അല്പം കാലവിളംബനം വന്നിരിക്കുന്നു. അതിനാൽ സമുവേൽ ബോധകരെ അയക്കുന്നു. ഇവിടെയുള്ള എല്ലാ കാര്യങ്ങളെ സംബന്ധിച്ചും അയാൾ പറയുന്നതാകയാൽ ഇവിടെ അധികം എഴുതുന്നില്ല. എങ്കിലോ നമ്മുടെ സാക്ഷാൽ മാതാവായ പൊതുശുക ഐക്യതയുടെ തിരുവായിൽനിന്നു പുറപ്പെട്ടുന്ന സകലം കൊണ്ടും എല്ലാവരും നിത്യജീവനെ പ്രാപിക്കേണ്ടിയവരാകയാൽ ആ മഹാ ഭാഗ്യവതിയുടെ സിദ്ധനാവിൻ വികാസത്തിനായിട്ടു നാം സദാ പരിശ്രമിക്കേണ്ടിയവരാകുന്നു. ആയതിനായിട്ടു ആ പരമജനനിയുടെ സാക്ഷാൽ മക്കളായ നിങ്ങൾക്കെല്ലാവർക്കുമായിഞാൻ എന്നെ എന്റെ കുടുംബത്തോട്ട കൂടെ മുഴുവനായി പ്രതിഷ്ഠിച്ചിരിക്കുന്നു എന്നു ഞാൻ നിങ്ങളോട്ട പറയണമെന്നില്ല. എന്തെന്നാൽ എന്റെ ഹൃദയം മുഴുവനും ഞാൻ നിങ്ങൾക്കു തുറന്നു കാണിച്ചിരിക്കയാൽ എന്നെ മുഴുവനും നിങ്ങൾ അറിയുന്നു എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഞാൻ എന്നെ സംബന്ധിച്ചു ഒന്നും മറച്ചു വെക്കാതെ സകലത്തെയും വെളിപ്പെടുത്തി നിങ്ങളെ എന്റെ ശിരോലങ്കാരമായി ഭണിഞ്ഞിരിക്കയാൽ നിങ്ങൾ എന്റെ മാതാപിതാക്കന്മാരും, സഹോദരസഹോദരിമാരും, മക്കളുമാകുന്നു. നിശ്ചയം. എന്റെ മാതാവിന്റെ ജീവന്റെ ധമ്മം കൊത്തപ്പെട്ട സ്റ്റടികക്കല്ലിൽ നിന്നു ഊറിപ്പൊങ്ങി വരുന്ന വിശുദ്ധ വെള്ളത്തെ സകലരിലും പകരുവാൻ തക്കവണ്ണം ഞാൻ എന്റെ നാലുവായ്കളേയും വിസ്തൃതമായി തുറന്നിരിക്കുന്നു. ആയവ മലയാളം, സംസ്കൃതം, തമിഴ, ഇംഗ്ലീഷു, എന്നു ഭാഷകൾ മൂലം എന്റെ ഉള്ളത്തെ ജനം. ജാതി, കുലം, ഗോത്രം, എന്നിവരിൽ പകരുവാൻ തന്നെ. അവയെ നന്മകൊണ്ടു നിറെപ്പിൻ. ഇതിന്നായിട്ടത്രേ ധമ്മവാരം തോറും പാടിയരിയുടേയും ധമ്മകാണിക്കയുടേയും ശേഖരം വേണമെന്നു നിശ്ചയിച്ചിരിക്കുന്നതു്. അവയെ ശേഖരിച്ചു കൊട്ടത്തയപ്പിൻ. ആയതിന്റെ ക്രമം ഇപ്രകാരമത്രേ. ഒരു വീട്ടിൽനിന്നു ഒരു ആഴ്ചയിൽ എന്റെ ഒരു നേരത്തെ ഭക്ഷണം തരേണ്ടുന്നതാകുന്നു. ആയതു ഇന്നപ്രകാരമെന്നു നിങ്ങൾ നിശ്ചയിച്ചുകൊള്ളണം. ഈക്കാര്യം എന്നെ അറിയുന്ന സകലരോടും പറഞ്ഞു, അവരിൽനിന്നും ഇനിക്കു വാങ്ങിച്ചു കൊട്ടത്തയക്കണം. ഇതിനാൽ എന്റെ ക്ഷീണമെല്ലാം തീർന്നു ശക്തി ലഭിക്കുന്നതുകൊണ്ടു മേല്പറഞ്ഞ നിത്യ

സുവിശേഷഘോഷണത്തിനു ഇനിക്കു പാത്രത ലഭിക്കുന്നതാകുന്നു. ആ പാത്രത വരുത്തുവാൻ നിങ്ങളെ ആകുന്നു ദൈവം നിയമിച്ചിരിക്കുന്നതു. നിങ്ങൾ അതിനു കടക്കാരുമാകുന്നു. എഴുന്നേല്പിൻ. മന്ദവും, മയക്കവും, നിദ്രയും, നിങ്ങളിൽ നിന്നു അശേഷം ഒഴിഞ്ഞു പോകട്ടെ. ദൈവം നിങ്ങളോടു കൂടെ എന്നെന്നേക്കും ഇരിക്കുന്നു.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ.

കന്നീറിനിന്നും
യൂയോ. ഫ. യോശ്യൂ. വന്ന
കന്യ. ഫ. ഇടവം മൂ ഇതു മുന്നു ഡിവിഷ്യനിലുമുള്ള എ
ജന. വ. മെയി വ ല്ലാ യോഗക്കാർക്കുമുള്ളതാകുന്നു.
വ. മാർ. ദി. വന്നു



പൊതുഐക്യതയിൽനിന്നും.

എത്രയും ബഹുമാനപ്പെട്ട സുറിയാനി സഭാമാതാവിൻ മക്കളും യേശു മശിഹായുടെ നുകുപ്പെട്ട തിരുശരീരത്തിനും, ചൊരിയപ്പെട്ട തിരുരക്തത്തിനും, സാക്ഷാൽ അവകാശികളും ആയുള്ള എന്റെ സ്നേഹം നിറഞ്ഞ മാതാപിതാക്കന്മാരും കുടുപ്പിറപ്പുകളുമായ സകലർക്കും എന്റെ താഴ്മയുള്ള വന്ദനം

ഞാൻ എന്റെ ഇഹലോകജീവനെ ഒട്ടും വിലമതിക്കാതെ അവയെ ആസകലം വച്ചു നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുമശിഹായുടെ തിരുശരീരമായ പരമനിക്ഷേപം ഇരിക്കുന്ന ഒരു വയലിനെ കൊണ്ടിരിക്കുന്നു. അതിൽ സകലർക്കും അവകാശം ഇരിക്കുന്നതിനാൽ ആ പുണ്യഭൂമിയേ ഞാൻ സകലർക്കായിട്ടും വച്ചും ഇരിക്കുന്നു. ആകയാൽ നമ്മുടെ കർത്താവു അപോസ്തല ഐക്യതയിൽ വെച്ചിരിക്കുന്ന തന്റെ തിരുശരീരത്തിന്റെ എന്നേക്കുമുള്ള തേജസ്സിൻ പ്രസിദ്ധീകരണത്തിനായി ഞാൻ ആരംഭിച്ചിരിക്കുന്ന തന്റെ നിത്യ പൌരോഹിത്യ വേലയ്ക്കു എന്റെ കുടുംബത്തിനുള്ള ഓരോ ആവശ്യങ്ങൾ എന്നെ ഞെരുക്കുന്നതിനാൽ ചില പ്രയാസങ്ങൾ ഇനിക്കു നേരിട്ടിരിക്കുന്നു. അതിനെ സംബന്ധിച്ചു യേശുമശിഹായുടെ തിരുവുള്ളത്തിനു പ്രകാരം ഞാൻ നിങ്ങളോടു അറിയിക്കുന്നതിനാൽ പ്രിയമുള്ള കുടുപ്പിറപ്പുകളെ എന്റെ ഈ പ്രയാസങ്ങളെ നീക്കുവാൻ അപേക്ഷിക്കുന്നു. അതിനു നിങ്ങൾ കടക്കാരുമാകുന്നു. എന്തെന്നാൽ ഞാൻ നിങ്ങളെ സദാ എന്റെ ഹൃദയത്തിൽ കണ്ടു കണ്ടു ആനന്ദിക്കുന്നു, എന്നു എന്റെ വിശ്വസ്തതയെ നിങ്ങളോടു മനുഷ്കൂട്ടി അറിയിച്ചു കൊള്ളുന്നു.

ഇങ്ങിനെ വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു നിങ്ങളുടെ പാദശ്രു
ശ്രൂഷക്കാരൻ.

കന്നീറ്റിനിന്നും
യുയോ. ക. യോഗ്യം. വന്നു
കന്യ. ക. ഇടവം. കഴി
ജന. ഫ. മെയി. വ
വ. ധാ. ദി. വനവ



പൊതുഷുക ഐക്യതയിൽനിന്നു

എന്റെ പ്രിയമുള്ള ജനപ്രതിനിധി പീലിപ്പോച്ചനു
എന്റെ വിശ്വാസ്യപൂർണ്ണമായ സ്നേഹം

എപ്പോൾ തങ്കൾക്കു സീതാമരിയുടെ സ്ഥാനം കിട്ടിയോ അതിനു മുമ്പു ഇനിക്കു സേമലീസന്റെ സ്ഥാനം കിട്ടി. അതിനാൽ കുഞ്ഞുങ്ങളുടെ ഭാഷയിലാണു സംസാരിച്ചിരിക്കുന്നതു. എനിക്കു മാത്രവുമല്ല കുഞ്ഞുങ്ങളുടെ പ്രകൃതിയും ഉണ്ടായിട്ടുണ്ടു. അതുകൊണ്ടു ആ എഴുത്തുകുത്തുകൾ, ആ പ്രവൃത്തികൾ, സർക്കാർ അംഗീകരിക്കയില്ല. അവർ സർക്കാർ പോകും എന്നുള്ള കയ്യത്തിൽ ഇവിടെ ഭയമില്ല. ഉണ്ടാകയുമില്ല. തങ്കൾക്കും വേണ്ട തങ്കൾ കുഞ്ഞിന്റെ ഭാഷയിലും പ്രകൃതിയിലും ആകുന്നു പറഞ്ഞതും, എഴുതിയതും, പ്രവൃത്തിച്ചതും, എന്നു പരമാർത്ഥം പറഞ്ഞാൽ മതി.

വിവാഹം സുറിയാനി മുതലായവരുടെ ദ്രാക്ഷാരസത്തിന്നാരാധനയുള്ള ഒരു പള്ളിയിൽ വച്ചു ആ പട്ടക്കാരാൽ നടത്തികപ്പെട്ടുകയെന്നതു, അചന്ദ്രതാരമേ, സന്തതിപ്രവേശമേ, ഉണ്ടാകയില്ല, ഉണ്ടാകയില്ല, ഉണ്ടാകയില്ല, ഉണ്ടാകയില്ല, ഉണ്ടാകയില്ല, ഉണ്ടാകയില്ല, ഉണ്ടാകയില്ല, ഉണ്ടാകയില്ല, ഇത്യാദി. അല്ലാതെയും ഇപ്പോഴത്തെ നിർണ്ണയം ഒരു പെണ്ണിനെ ഒരു സ്ഥലത്തു കെട്ടിക്കണമെങ്കിൽ അവിടെ നിന്നും ഒരു പെണ്ണിനേ ഇപ്പുറത്തും വിവാഹം കഴിപ്പിക്കേണ്ടതാകുന്നു. ഇതിനും മേൽപറഞ്ഞ കയ്യത്തിനും അവകു സമ്മതമുണ്ടെങ്കിൽ ആലോചിച്ചു മറുപടി അയക്കുന്നപക്ഷം മുതലാളിയുമായി ആലോചിച്ചു ഒരു തീർച്ചയിലേക്കു മറുപടി കൊടുത്തയക്കാം.

പിന്നെയും പറഞ്ഞുകൊള്ളുന്നു. ഞാനാകുന്നു കല്യാണത്തിനുള്ള പുരോഹിതൻ. ഉണർവ്വു സഭയിലെ നിയമത്തിൻപ്രകാരം കല്യാണം കഴിപ്പിക്കുന്നതാകുന്നു. ഇവിടെയുള്ള ചെറുക്കൻ മുത്ത മുതലാളിയുടെ മുത്തമകൻ. അവനു കഴി വയസ്സിനകമുണ്ടു. അവനും അയിരം പണമിട പൊന്നോടുകൂടെ ഒരു കന്യക വേണ്ടുന്നതാകുന്നു. അതിൽ ആര പണമിട കുറഞ്ഞാൽ മറ്റേതും കുറഞ്ഞു പോകും.

ഏന്നു സേമലീസന്റേയും, യോഹന്നാന്റേയും, യൂസുയോസേ
ഫിന്റേയും പ്രതിനിധി സവ്രുടെയും പാദശുശ്രൂഷക്കാരൻ.

കന്നീററിനിന്നും
യൂയോ. ഫ. ശൌഖ്യം നു
കന്യ. ഫ. ഇടവം വനു യൂയോരാലീസന്റെ
ജനു. വ. ജൂൺ. ര
വ. വാര. ദിനം. വഴി

വിശേഷിച്ചും താങ്കളേ സീതാമരിയുടെയും, യൂയോമയിയുടേയും, സൌദാമിനി അല്ലെങ്കിൽ വെള്ളമറിയയുടേയും, പ്രതിനിധിയായിട്ടു കാണ്മാൻ ഏററവും ആഗ്രഹിക്കുന്നു. അപ്രകാരം. ആയിക്കൊള്ളണം. ശുഭമസ്തു.



പൊതുങ്ങുക ഐക്യതയിൽനിന്നു

മാനങ്കേരി കൊച്ചുതോമ്മായെ സംബന്ധിച്ചു.

.ഫ. വന്നിരിക്കുന്ന രോഗം ഉള്ളിലുള്ള അഗ്രഹമ്മത്തെ പരിഛേദന ചെയ്യാൻ ദൈവം വെച്ചിരിക്കുന്ന കത്തിയത്രേ.

വ. അതിനാൽ ഇതാ! പരിഛേദന ഏററിരിക്കുന്നതിനാൽ ഇനി കത്തിയേ പ്രയോഗിപ്പാൻ ആവശ്യമില്ല. രോഗശക്തി നീങ്ങിയിരിക്കുന്നു.

നു. ആത്മചികിത്സയാൽ ക്രമശാൽ രോഗശാന്തി വരും.

ര. ചികിത്സശാല കന്നീററിലാകുന്നു.

ഏന്നു ആത്മനിയോഗപ്രകാരം യു. യോ.
കന്നീററി
യൂയോ. ഫ. ശൌ. നു
ഇടവം. വനു



പൊതുങ്ങുക ഐക്യതയിൽനിന്നു

എന്റെ പ്രിയമുള്ള കൊച്ചുകോശി ബോധകക്കു
എന്റെ വിശുദ്ധ ചുംബനം

താങ്കൾ അയച്ച എഴുത്തു വന്നു ചേർന്നു. ആ സ്ഥലങ്ങളിൽ ഉണ്ടായ ജലപ്പെരുക്കമായ ഒരു വലിയ പ്രളയം കൊണ്ടുണ്ടായ കഷ്ടത്തെ ഓർത്തു താങ്കളുടെ എഴുത്തു വരുന്നതിനു മുൻപേ തന്നെ ഇവിടെ പ്രലാപം തുടങ്ങിപ്പോയി. എന്തു ചെയ്യേണ്ടു? ആറു വർഷംകൊണ്ടു മാന

സാന്ത്വരത്തിന്നായി ക്രൂക്കി വിളിച്ചു. ആ വിളിയെ ധിക്കരിച്ചു കളഞ്ഞു. ഇപ്പോൾ പരമസ്വസ്ഥതയിൽ പ്രവേശിപ്പാൻ വിളിക്കുന്നു. അതിനേയും അശേഷം തള്ളിക്കളഞ്ഞു. ഇവയെ അനുസരിച്ചിരുന്നെങ്കിൽ ഈ കഷ്ടം അനുഭവിപ്പാൻ ഇടയാകാഞ്ഞേനെ. എങ്കിലൊ ഇതു വേദനകളുടെ പ്രാരംഭമത്രെ. എന്തെന്നാൽ ദൈവം തന്റെ നിയമിതന്മാരെ ഓർത്തു പെരുകിയതിൽ അധികം പെരുകാതിരിപ്പാൻ തക്കവണ്ണം അവൈക്കു കല്പന കൊടുത്തു. എന്നാൽ ഒരുക്കാനും ആകട്ടെ വ്യസനത്തോടല്ലാതെ സന്തോഷത്തോടു കൂടെ പരമസ്വസ്ഥതയിൽ പ്രവേശിപ്പാൻ ഇടവരുമെന്നോ? ഇനിക്കു തോന്നുന്നില്ല. എന്തെന്നാൽ ഭ്രക്ഷ്യരസത്തിൻ രക്തമുള്ള സകല ജഡവും അശേഷം ഉരുകിപ്പോകും. ഒന്നും രേഷിക്കയില്ല എന്നുള്ളതു നിശ്ചയം. യേശുപുരാൻ കന്നീറുണ്ണുന്നുഭയിൻ തിരുവപ്പമം അഗ്നിമേഘത്തിൽ ഇതാ! പ്രത്യക്ഷമായിരിക്കുന്നു. ഇനി അവന്റെ രണ്ടാം വരവു ഒരിക്കലും ഉണ്ടാകയില്ല, എന്നു സകലരും കേൾപ്പാൻ തക്കവണ്ണം ക്രൂക്കി പ്പറയുന്നതു വരെ അവന്റെ ജഡം ഉരുകിപ്പോകുന്നതുമല്ല നിശ്ചയം ഹാ! ഞാൻ എന്തു ചെയ്യേണ്ടു? "പാമ്പു അധികം കൌശലമുള്ളതായിരുന്നു" (സപ്പോതിവഖല ആസീൽ) അതിനാൽ ആ ശബ്ദം എന്റെ ശക്തിയിൽ നിന്നു പുറപ്പെട്ടവരുവാൻ ഇതുവരെയും താമസിച്ചു. എന്തെന്നാൽ ഞാൻ വ്യസനത്തോടു കൂടെ പ്രസവിക്കണം. എങ്കിലും നോവു വരുന്നതിന്നു മുൻപു പ്രസവിക്കുമെന്നു ആശയുണ്ടുതാനും. അതിനാൽ ഇപ്പോൾ ഓരോരൊ ആവശ്യം കുടുംബത്തെ ഏറ്റവും ഞെരുക്കുന്നതുകൊണ്ടു ഞാൻ നന്നായി ഭാരപ്പെടുന്നു. ദാഹവും ഒഴിവും ശരീരത്തെ ഞെരുക്കുന്നതുകൊണ്ടും ഭാരമുണ്ടു. സഞ്ചാരത്തിന്നു പ്രയാസമായിരിക്കുന്നു. സഭയിലുള്ളവർ നാൽക്കാൽ ക്ഷീണിച്ചു വരുന്നതുകൊണ്ടും, തൽക്കാലം ആ സ്ഥലങ്ങളിൽ വന്നിരിക്കുന്ന ഭയങ്കര ആപത്തുകൊണ്ടും, മറ്റും ഞാൻ ഏറ്റവും ഭാരപ്പെടുന്നു. എങ്കിലും ഞാൻ സന്തോഷിക്കുന്നു. മറ്റുള്ളവർക്കു ഞെരുക്കമുണ്ടായതുകൊണ്ടല്ല എന്തെന്നാൽ ജഡം ഉരുകുവാൻ തുടങ്ങിയിരിക്കുന്നതു കൊണ്ടു തന്നെ. അവർ വേഗം ആത്മാവിനെ പ്രസവിക്കുമല്ലൊ. ആയതുകൊണ്ടു കഷ്ടം ഒഴിവാനും, ഭാരം നീങ്ങുവാനും, സകലവും ഫലവത്താകുവാനും, ആത്മാവിനെ വേഗം പ്രസവിപ്പാനും, ജീവൻ ലഭിപ്പാനും, ആയിട്ടു സകലരും തങ്ങളുടെ ദശാംശത്തെ കന്നീറ്റി ഉണ്ണാൻ സഭെക്കു എന്നും നൽകട്ടെ. ആയതിനുള്ള ഉടമ്പടി എല്ലാ കുടുംബത്തിൽനിന്നും ദിനം തോറും പിടി അരി എടുത്തു മാസംതോറും സകലരുടേയും പാദശുശ്രൂഷക്കാരൻ യൂയോരാലിസന്നു എത്തിക്കുന്നതു തന്നെ. അതിന്നുള്ള പ്രമാണം ഒരാഴ്ചയിൽ ഒരു നേരത്തെ ഭക്ഷണം ഓരോ ഭവനത്തിൽനിന്നു ഇനിക്കു തരേണ്ടുന്നതാകുന്നു. ആയതിന്നു സകലരും ഇനിക്കു കടം പെട്ടിരിക്കുന്നു നിശ്ചയം.

വിശേഷവർത്തമാനങ്ങൾ അധികമൊന്നുമില്ല. എന്നു താങ്കളുടെ
പാദശുശ്രൂഷക്കാരൻ യൂയോരാലിസൻ.

കന്നീറഡി നിന്നും
യൂയോ: ക. ശൊയ്ം. വ.
കന്യ: ക. മിഥു. ഫന്ന
ജന: വ. ജൂൺ. വവ
വ. വാ. ദി. വന്നൻ

പൊതു ഏക ഐക്യതയിൽ നിന്നു

തേവലക്കര തയ്യിൽ ഉമ്മച്ചൻ വൈദ്യനു

ഹേമഭഹച്ഛ!

ഹ്യോ ഭവതിദ്ദേഷേ സതിമയാകൃതം ഗ്രന്ഥം പ്രതി കിഞ്ചിൽ പ്രോക്ഷം. കിന്തദിദാനീമേതൽ പത്രദ്വാരാ, തത്സംക്ഷേപം ഭവന്തം ജ്ഞാപയാമി.

മൽകൃതസ്യഗ്രന്ഥസ്യ നാമാസ്തിഭാഷ്യ, സംഗ്രഹഃ സഐക്യഭാഷാനൈക്യ ഭാഷയോർവിവരണമസ്തി. മനുഷ്യാസ്തി പരമേശ്വരസ്യധർമ്മഗ്രന്ഥശ്ചാനീശ്വര ശൈതാനസ്യാധർമ്മഗ്രന്ഥോഽസ്തി, സപ്രഇതിതൽപ്രകാശയതി. ഏതെന്മദ്ഗ്രന്ഥെനകിഞ്ചിദധ്യയനം കൃത്വമഹാമാരഭേ. സശ്രദ്ധം ഭവാൻ ശ്രണോതു.

മമപിതാമഹോസ്തി സർവ്വജഗൽസ്രഷ്ടാ പരമേശ്വരഷ്ടാനുനം. നപ്രത്താദമഃ മമപിതാസ്തിസർവ്വജഗന്നാഥോ യേശുക്രിസ്തുഷ്ടവനുനം. നജഡജനകഃ മമഭർത്താകദാചിദപിനാസ്ത്യഹം, നജഡ ഇത്യർത്ഥഃ പുനഃ കഃ ഇത്യക്തേസതി സർവ്വജഗജ്ജ്യോതിർമ്മയ പരിശുദ്ധഃ പരമാത്മാനുനമേവ. തസ്മാദഹമൈക്യാത്മവസതിനാസ്ത്യഹ മനൈക്യാത്മവസതിനുനമേവ. അതഃ പൃച്ഛാമ്യഹം ഭവന്തം പരലോകഗതെനുഭവൽപിതരെനു കുത്രതിഷ്ഠന്തെനുസ്ത ഇതിവിവിച്യവേദിതും ഭവാൻ ശക്നോതികിം? ഭവാനേതദ്വേദിതു മർഹോഭ്രയാൽ. അഹമുക്തവാൻ, ഭവൽപിതരെനു മമ സാക്ഷാൽ പിതരിയേശുക്രിസ്തേ വർത്തതേ. മമപിതാ തെനു യമജീവാത്മാനെനു മഹ്യമദ്ദാൽ താവഹം ഭവതെ പ്രദാതും ഭൃശം വാഞ്ഛാമി. ഏലീയഃ പിതൄണാം ഹൃദയം പുത്രേഷു, പുത്രാണാം ഹൃദയം പിതൃഷു, സന്ധാപയിഷ്യതീതി ഭവിഷ്യദ്വാദിനോ മലാഖിനോ ഗ്രന്ഥേ ലിഖിതമാസ്തേ. ഏതദ്ദൈശവ്യമാദാതും ഭവാൻ ശക്നോതികിം? ഭവാൻശക്തോഭ്രയാൽ. ഏതദാദാതും ഭവാൻ ശക്നോതിചേത്തർഹിമമസഹയനകതു പ്രാഗേവാഹം സംയുക്തോസ്മിയഥാർത്ഥപരമാർത്ഥയോരൈക്യേ ഭവൽപ്രഭുതിഭിസ്സഐക്യേസ്സഹനുനം.

കിന്തുഭവൽ പിത്രോർമ്മരണാർത്ഥമാനെയ മൽപിതൃവൈരിണെയ കയഫോവത്തേതേ. സസ്വപുത്രായമൃത്യുയേപ്പായ താവദർത്ഥാൽ. ഈപ്പ സ്സെയ ഭവതേ പ്രദാതുഭൃശം വാഞ്ഛതി. സപ്രേതാദ്ധ്വത്തിതൊ ഭവിഷ്യതിനൂനം. സയാതനാ മഹാരോദന കരേണ സ്വവക്ത്രേണ ഭവന്തംനഗ്രസിതുമിദാനീം ഭവാൻ പരമേശ്വരജീവധർമ്മഗ്രന്ഥോ ഭവതു. മയാകൃതേനൈതൽഗ്രന്ഥേന സംഹസുദ്ധം യുനക്തു ഇത്യർത്ഥഃ. യദിഭവാനേവം ഭവിഷ്യതിതർഹിസദാ ജീവിഷ്യതി. നോചേൽ മരിഷ്യതി.

അഹമിദാനീ മദ്ധ്യയനാന്നിവൃത്തോസ്മി. ഭവാൻ മാം സ്മരേൽ. മമ സഹകാരീഭവേൽ. തപംജീവശരദശ്ശതം.

ഇത്യേവം ഭവൽപദശുശ്രൂഷകോ യുയോരാലിസോഹമസ്മി.

കന്നീറ്റി
യുയോ. ക. മംഗളം. ഛവ
കന്യ. ക. കക്കു. ഓ
ജന. ഫ. ജ്ഞൺ ഫൻ
ഫ. വാര. ദി: ഫൻറ



പൊതുഷ്കൈക്യതയിൽ നിന്നു

പുത്തൻവീട്ടിൽ പണിക്കരു എന്റെ സലാം.

പുരയിടത്തിന്റെ സംഗതിയെ സംബന്ധിച്ചു ദൈവഹിതം ഇന്നതെന്നു ചെളിപ്പെട്ടിട്ടുണ്ടു.

ക. പുരയിടം ഇവിടെ വാങ്ങിക്കൊള്ളാമെന്നു പറഞ്ഞതു ഒരു പഠിത്തശാല ഇടേണ്ടിയ വകെക്കാകുന്നു. അതിന്നു എന്റെ വിധേയം പണം ഉണ്ടെന്നല്ലാ. പലർ ക്രൂടി ധർമ്മശേഖരം എട്ടുത്തു പണം ശേഖരിക്കേണ്ടുന്നതാകുന്നു. അതു നടക്കുന്നതുമുണ്ടു.

ഖ. ഇക്കായ്ത്തിന്നു ഇത്തിമല മുതലാളിയാണു കായ്സ്ഥൻ. മുതലാളി രണ്ടു തവണയായി പുരയിടത്തിന്റെ വില പണിക്കരു കൊടുത്തുകൊള്ളാം, പുരയിടം വാങ്ങിക്കണം, എന്നു പറഞ്ഞതിനാലാകുന്നു ഞാൻ ഇക്കായ്ത്തിൽ ഏർപ്പെട്ടിരിക്കുന്നതു.

ന. പണിക്കരു ഈ ധർമ്മകായ്ത്തിന്നായിട്ടു വാങ്ങിച്ച വിലെക്കു പുരയിടം തരണമെന്നു ദൈവനിയോഗമാകുന്നു. പിന്നെ പണിക്കരുടെ മനസ്സു. എന്നാൽ ഇതിലേക്കു എന്റെ മുറ പണിക്കരുടെ മകനേ സംഗീതം പഠിപ്പിച്ചു വിദ്വാനാക്കണമെന്നും മറ്റും തന്നേ. അതിലേക്കു എന്റെ മനസ്സു വച്ചിട്ടുണ്ടു. എന്നാൽ കഴിയുന്നതുപോലെ ചെയ്യും താനും. യാതൊരു വ്യത്യാസവുമില്ല. ഇക്കായ്ത്തിന്നു പണിക്കരു പുരയിടം തരുന്ന പക്ഷം ശമ്പളം തരേണ്ടതു. പണിക്കരുടെ കു

ഡുംബത്തിൽ നിന്നു ഒരു കുഞ്ഞിനെ സൌജന്യമായി എന്നും പഠിപ്പിച്ചുകൊള്ളുകയും ചെയ്യാം.

൪. പുരയിടത്തിന്നു ആധാരം എഴുതേണ്ടതു തൽക്കാലം തന്നെ. ജിന്മർ ആണ്ടുപാറന്നും ആകുന്നു. പാതിപ്പണം കന്നിമാസം പിറന്നു പിന്നത്തെ പാതിപ്പണം മേടമാസത്തിന്നകവും തന്നുകൊള്ളുന്നതാകുന്നു. കച്ചീട്ടു മുതലായതു എഴുതിത്തരും. യാതൊരു തകരാറും ഉണ്ടാകയില്ലാ. നിശ്ചയം, നിശ്ചയം, നിശ്ചയം പുരയിടം തൽക്കാലം തന്നെ വിട്ടുതരണം. തടം മുതലായതു കഴിപ്പിക്കണമല്ലൊ.

൫. പാഠകശാലയിൽ പഠിപ്പിക്കുന്നതു സംസ്കൃതം, മലയാളം, തമിഴു, ഇംഗ്ലീഷു, ഈ നാലു ഭാഷകളാകുന്നു. സംഗീതം മുതലായതും പഠിപ്പിക്കും. ആൺപൈതങ്ങളേയും പെൺപൈതങ്ങളേയും പഠിപ്പിക്കും. ഇതിലേക്കു വേണ്ട സഹായം പണിക്കൻ ചെയ്വാൻ കടംപെട്ടിരിക്കുന്നു. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ

യൂയോരാലിസൻ വിദ്വാൻകുട്ടി.

പുത്തൻബംഗ്ലാവു
യൂയോ. ൧ മംഗ. ൨൪
കന്യ: ൧൫ കർക്ക. ൧൫
ജന. ൨ ജൂൻ. ൨൩
൨. വാര ദി. ൨൯൨൯

ഈ എഴുത്തു സൂക്ഷിച്ചുകൊള്ളണം.



പൊതുഷുകഐക്യതയിൽ നിന്നു

യൂയോരാലിസന്റെ കുടുംബത്തുപുറപ്പാടു
ഐക്യാത്മാവിന്റെ നിയോഗം.

൧. നെടുമ്പുറത്തു പുരയിടം അമ്മയുടെ ഉപജീവനത്തിന്നു വിട്ടുകൊടുത്തിരിക്കുന്നതിനാൽ അതിന്റെ അനുഭവം അമ്മെക്കു ഇരിക്കണം. മകൾ അവയെക്കൊണ്ടു ഉപജീവിച്ചുകൊൾവാൻ തക്കവണ്ണം. അവിടെ പാർത്തു അമ്മയേ ഇനിമേൽ ഭാരപ്പെടുത്താതിരിപ്പാൻ ജാഗ്രതപ്പെടട്ടെ, എന്നു ആത്മാവു കണിശമായി കല്പിക്കുന്നു. സൂക്ഷിച്ചുകൊൾവിൻ. അമ്മ അവിടെ നിന്നു യാചനയ്ക്കായിട്ടു എവിടെ എങ്കിലും പോയി എന്നൊ മറ്റൊ ഇനി കേട്ടാൽ ആത്മാവു ജ്വലിക്കും. അപ്പമെന്ന കോലിനെ മുറിച്ചുകളകയും ചെയ്യും നിശ്ചയം.

൨. തെക്കേപ്പുരയിടം യാക്കോബുബോധകരുടെ വകയാകുന്ന പ്രകാരം അതിന്റെ സകല അനുഭവവും അയാൾക്കിരിക്കട്ടെ. അതു അയാളുടെ തനതാകുന്നു.

൩. യാക്കോബുബോധകരും കുടുംബവും, സമുവേൽ ബോധകരും കുടുംബവും, ഈ കർക്കടകമാസം വരെ നെടുമ്പുറത്തു പാർക്കും. കടം

വാങ്ങിച്ചു ചിലവു നടത്തിക്കൊള്ളാം. പിന്നേ കടം തീർത്താൽ മതി. ഉന്നിനും യാതൊരു ബുദ്ധിമുട്ടും വരാതേ നിത്യവിരുന്നായി കഴിച്ചു കൊൾവിൻ. ചിങ്ങമാസം പിറന്നു നിങ്ങളുടെ ഇഷ്ടംപോലെ പാർപ്പിടമന്വേഷിച്ചു കുടുംബത്തെ അവിടെ പാർപ്പിച്ചു സഭാകാര്യങ്ങളെ നോക്കിക്കൊൾവിൻ. യോഹന്നാൻ ബോധകരും അമ്മയും വേറെ അമ്മേക്കു ഒരു സഹായിയും ക്രൂടെ നെടുമ്പുറത്തു പാർത്തുകൊള്ളട്ടേ.

൫. നിങ്ങൾ (ബോധകന്മാർ എല്ലാവരും) അതാതു സ്ഥലത്തിലുള്ള പിടി അരിപ്പണം പിരിച്ചു അതാതു മാസത്തിൽ ഞങ്ങടെ ചിലവിന്നു കൊടുത്തയപ്പാൻ എത്രയും ജാഗ്രതപ്പെടുവിൻ. അവയിൽ നിന്നു അരക്കാശുപോലും നിങ്ങൾ എടുക്കരുതു. എടുത്താൽ നിങ്ങളുടെ അപ്പമാകുന്ന കോൽ അശേഷം ഒടിഞ്ഞുപോകും നിശ്ചയം. എന്തെന്നാൽ ഞാൻ എത്രയും ബുദ്ധിമുട്ടിൽ ഇരിക്കുന്നു.

൬. കന്നീറ്റി പുത്തൻബംഗ്ലാവു പുരയിടവും, അതിനോടു അടുത്ത പുരയിടവും എന്റെ അമ്മാവിയമ്മയുടെ ചിലവു വകെക്കായിട്ടു വിട്ടുകൊടുത്തിരിക്കുന്നു. അതിന്റെ അത്ഥം രാശി പണം നൂറും, തറവാട്ടുവകയിൽ നിന്നു മുൻപറഞ്ഞ രാശിപണം ഇരുനൂറും, ആകെ രാശിപണം മുന്നൂറും അവെക്കു സംവത്സരത്തിൽ മുപ്പത്താറു രാശി അമ്മേക്കു ഞാൻ കൊടുത്തുകൊള്ളാം. യോഹന്നാൻ ബോധകരുടെ പുരയിടം സൂക്ഷിച്ചുകൊൾവാൻ ഏല്പിച്ചിട്ടുണ്ടു്.

൭. ഇനിക്കു നൂറു രൂപാ കടമുള്ളതിനേ കവ ബോധകന്മാരായിട്ടു തീർത്തു അതിനുള്ള പാട്ടപുസ്തകം അവർ എടുത്തുകൊള്ളട്ടെ.

൮, കുടുംബത്തിലുള്ള സകലരും മടിയന്മാരായിരിക്കാതെ വായിപ്പിക്കുന്നതിലും, വായിക്കുന്നതിലും, കൈത്തൊഴിലുകളിലും, പുഷ്പവൃക്ഷസംബന്ധവേലകളിലും, മറ്റും, പിന്നെ ഉപദേശം, നടത്തിപ്പു, ആലോചന, പഠിപ്പിക്കു, മുതലായവകളിലും താല്പര്യപ്പെട്ടിരിക്കണം.

എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ യൂയോരാലിസൻ,
കന്നീറ്റിനിന്നും
യൂയോ. ക മാഗളം ൨൪
കന്യ. ക കക്കു; കവ
ജന. ൨. ജൂൺ ൨൯
൨ വാര. ൫: ൨൯

പൊതു ഒരു ഐക്യതയിൽ നിന്നു

യോഹന്നാൻ ബോധകക്കു

താൻ കയ്യ് പുരയ്ക്കുന്നു യോഹന്നാന്റെ വേക്കു അയച്ചു എഴുത്തു ഞാ

ൻ വായിച്ചും അതിനെപ്പറ്റി ദൈവഹിതം ഇന്നതെന്നു നിങ്ങളെ ഗ്രഹിപ്പിക്കുന്നു.

൬. തെക്കേപ്പുരയിടം മുറി രണ്ടും മദിരശ്ശേരിക്കു സ്വത്രുപാ കൊടുത്തു എന്റെ അമ്മാവിയമ്മ മൂലം വീണ്ടെടുത്തിരിക്കയാണ്.

൭. ആ പുരയിടങ്ങളിൽ നിന്നു ഇതുവരെയും ഇവിടെ മുതലെടുത്തിട്ടില്ലാ എന്നു തന്നെ പറയാം. എന്തെന്നാൽ പടിഞ്ഞാറെ പുരയിടം അതിൽ പാർത്തിരിക്കുന്നവരും, കിഴക്കേപ്പുരയിടം അതിൽ പാർത്തിരുന്നവരും മുതലെടുത്തു. തന്റെ പുരയിടവും അതിനെ തക്കപോലെ സൂക്ഷിക്കാതിരുന്നതിനാൽ കണ്ടവരും അനുഭവം എടുത്തുവന്നു.

൮. പടിഞ്ഞാറെ പുരയിടത്തിൽ പാർത്തിരിക്കുന്നവരുടെ അഴിമതി നടപ്പും, അപവാദപ്പറച്ചിലും, നുണ പറച്ചിലും മറ്റുമുള്ള ദോഷങ്ങൾക്കു അമർച്ചയും, നല്ല ഫലങ്ങൾ ഉണ്ടാകുവാൻ കാരണവും, ഉണ്ടാകേണ്ടുന്നതിനു അവർ പാർക്കുന്ന പുരയിടം തറവാട്ടു വകയായിരുന്നു, എന്റെ അമ്മാവിയമ്മയുടെ വകയായിരിക്കണം എന്നു വെളിപ്പെട്ടതിനാൽ അതുപ്രകാരം പ്രസിദ്ധപ്പെടുത്തുകയും, ചട്ടംകെട്ടുകയും ചെയ്തിരിക്കുന്നു. എന്നല്ലാതെ അവർക്കു അതിന്റെ അനുഭവം കൊടുക്കരുതു എന്നോ, ഇങ്ങോട്ടനുഭവം എടുക്കണമെന്നോ, ചട്ടം കെട്ടീട്ടുമില്ല. അങ്ങനെ ചട്ടം കെട്ടുകയുമില്ലാ.

൯. ഞാൻ മുന്തിറ രാശി തറവാട്ടിലേക്കു കൊടുപ്പാനുള്ളതിനു ഇന്നപ്രകാരമെന്നു പറഞ്ഞിട്ടുണ്ടു. എന്നാൽ ഈ കാര്യത്തെ സംബന്ധിച്ചു ഞാൻ അവിടെ വന്നപ്പോൾ സമക്ഷിയായി പറഞ്ഞിട്ടുമുണ്ടു. അതു നിങ്ങൾക്കു ദുരാലോചനയുണ്ടാകാതെ ഇരിക്കേണ്ടുന്നതിന്നായിട്ടു തന്നെ.

൧൦. ഇപ്പോൾ നിങ്ങളുടെ ആലോചന അതിനു വിരോധമായിട്ടാകുന്നു ഇരിക്കുന്നതു. ആകട്ടെ ഞാൻ എന്റെ അമ്മാവിയമ്മക്കു വെളിപ്പെട്ടിരിക്കുന്നപ്രകാരം കൊടുത്തുകൊള്ളാം. നിങ്ങളുടെ ഇഷ്ടംസാധിക്കട്ടെ. ആ പുരയിടങ്ങളെ ആരനുഭവിക്കുന്നുവോ അവർ മുന്ന രാശി ആണ്ടിൽ തറവാട്ടിൽ തന്നുകൊള്ളട്ടെ. ആ വിധവെക്കു സ്വന്തത്തിനു പടിഞ്ഞാറെ പുരയിടം മുൻപേ തന്നെ വിട്ടിരിക്കുകയാൽ കിഴക്കേപ്പുരയിടം അനുഭവിക്കുന്നവൻ മറ്റേതും മുതലെടുത്തു ഇതുയുണ്ടെന്നറിഞ്ഞു അവയെ അവർക്കു കൊടുത്തുകൊള്ളട്ടെ. തരും നെയാകുന്ന കയ്പൂരമായിട്ടുള്ള ഉടമ്പടി. കിഴക്കേപ്പുരയിടം വിച്ചുകൊണ്ടാകുന്ന മുന്ന രാശി തറവാട്ടിലേക്കു തരേണ്ടതും.

൧൧. ആ വിധവെക്കാകട്ടെ കോണ്ണല്ല്യസിന്നാകട്ടെ എന്റെ അമ്മാവിയമ്മ ദ്രവ്യസംബന്ധമായി ഒരു ദോഷവും ചെയ്തിട്ടില്ല. നേരേമറിച്ചു നന്മയാകുന്നു ചെയ്തിട്ടുള്ളതു. എന്നാൽ ആ വിധവയുടെ മുതലിനെ മത്തായി ബോധകർ നാനാവിധമാക്കി. അയാൾ മരിച്ചുപോയതിനാൽ അയാൾക്കു പകരം അമ്മ മുതലായിട്ടുള്ളവർ കോണ്ണല്ല്യസിനെ

ആളയച്ചു വരുത്തി കാക്കൽ വീഴേണ്ടുന്നതാകുന്നു. എന്റെ അമ്മാവി
നമ്മെക്കു ആവശ്യമില്ല. അവരുടെ മുതലിനെ ഞാൻ നാനാവിധമാ
ക്കിയതിനാൽ ഞാൻ അവരുടെ കാക്കൽ വീണു, ഏതു പ്രകാരമെങ്കി
ലും ഒഴികഴിവുണ്ടാക്കിക്കൊള്ളാം. നിങ്ങൾ അതിന്നു സഹായം ചെ
യ്താലെങ്കിലും വിരോധമുണ്ടാക്കാതെയിരിപ്പിൻ.

൨. താൻ കുറഞ്ഞൊരു കാലം പാലക്കാട്ടു താമസിച്ചു. കടം ശേ
ഷിച്ചു എന്നല്ലാതെ വല്ല സമ്പാദ്യവും ഉണ്ടായിട്ടുണ്ടോ? താൻ ഇപ്പ
രയിടം വാങ്ങിച്ചതു എന്റെ അമ്മാവിയമ്മയുടെ ഒരു സഹായം നി
മിത്തമായിട്ടാകുന്നു. എന്നാണെ ഞാൻ വിചാരിക്കുന്നതു. എന്തെന്നാൽ
തന്റെ ഭാഗ്യം കുറഞ്ഞൊരു നാൾ ഇവിടെ താമസിച്ചിരുന്നു. തന്റെ
പുരയിടത്തിൽ നിന്നു പാട്ടം തരുവാൻ തൽക്കാലം ഒന്നുമുണ്ടായിട്ടി
ല്ല. ഇതിന്നു മുൻപെ കണ്ടവരാകുന്നു അനുഭവിച്ചു വന്നതു

൩

കന്നീറ്റി നിന്നും
യുയോ. ഫ. മധ്യ. വ
കന്യ. ഫ. കക്കു. വസ്തു എന്നു യുയോരാലിസസ്.
ജന. ഉ. ഭാഗ. ൻ
ക. വാര. ദി. നഫ്ര



പൊതുജന ഐക്യതയിൽ നിന്നു

കന്നീറ്റിപ്പൊതുജന ഐക്യതയോട് ചേർന്ന എല്ലാ യോഗത്തിലും
ഉൾപ്പെട്ട ആബാലവൃദ്ധം സകലർക്കും എന്റെ വാത്സല്യ ചുംബനം.

മഹത പ്രത്യക്ഷതയിൻപ്രകാശത്തിൽ കാണിച്ചിരിക്കുന്ന ന്യായ
ത്തിൻപ്രകാരം പൊതുജന ഐക്യതയുടെ പഠിപ്പശാലെക്കായിട്ട കന്നീറ്റി പുത്തൻബംക്ലാവിന്റെ തെക്കു ജനപ്രതിനിധി വീഥിപ്പോ
ക്കിൽ ഇരുന്ന ഉള്ളിരിപ്പു എന്ന പുരയിടം എന്റെ മകൻ ദാനിയേലി
ന്റെ നാമത്തിൽ അഞ്ഞൂറ്റൻപതു രൂപ വിലെക്കായിട്ടു വാങ്ങിച്ചി
രിക്കുന്നു. പുരയിടത്തിന്റെ ഉടയക്കാരനായിരുന്ന ആളിന്നു ന്യ മാസ
ത്തിന്നകം രണ്ടു തവണയായി പണം തന്നുകൊള്ളാമെന്നു പറഞ്ഞു ക്ര
യാട്ടെഴുതി കൊടുത്തിരിക്കുന്നു. ഈ വിവരം നിങ്ങളെ അനുവാദപ്ര
കാരം യായേയോയോ എന്ന എന്റെ ദൈവത്തിന്റെ തിരുനാമത്തി
ൽ അറിയിപ്പിക്കുന്നു. ഈ പുതിയ ഭവനത്തെ പണിവാൻ ദൈവം ഏ
തെല്ലാം ഹൃദയത്തെ ഉത്സാഹിപ്പിച്ചിരിക്കുന്നുവോ, ആ പരമ ദാ
വീദിൻ ഹൃദയമുള്ളവർ തങ്ങളുടെ മനഃപൂർവ്വ ദാനത്തെ പരസ്യമാ
യിട്ടല്ല രഹസ്യമായിട്ട തന്നെ അവരവരുടെ കുടുംബനാമത്തോട് ക്ര

ടെ ഏഴതി ഇനിക്ക അയെക്കട്ടെ. നിങ്ങൾക്കെല്ലാവക്കും നിത്യ വാഴ്
വു എന്ന നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റി നിന്നും
യുയോ. ക. മധു. ക്ടി
കന്യ. വ. ചിങ്ങം. വ
ജന. വ. ഒാഗ. ഫന്ന
വ. വാര. ടിനം നൂറ്റവ

യുയോരാലിസൻ.

പൊതുജന ഐക്യതയിൽ നിന്ന

എന്റെ പ്രിയമുള്ള കാത്തികപ്പള്ളി കിഴക്കേപ്പുറത്തു മൂപ്പിലേക്ക
എന്റെ താണമയുള്ള സലാം..

മൂപ്പിലേ വിധേയം ദശാംശം പിരിഞ്ഞതിൽ എന്റെ സഹോദരൻ
യാക്കോബു ബോധകർ മൂലം ഏല്പിച്ചിരുന്ന ഓട്ടകൾ താങ്കൾ പൊ
മേലിക്കാക്ക എട്ടത്തു കൊടുത്തിരിക്കുന്നു എന്നു ഇനിക്ക സൂക്ഷ്മമായുള്ള
അറിവു കിട്ടിയിരിക്കുന്നു. ഇങ്ങിനെ ചെയ്തതു എന്തുകൊണ്ടു? താങ്കളെ
ഒരു വിശ്വസ്തൻ എന്നല്ലോ ഞാൻ ഇതുവരെയും എണ്ണിയിരുന്നതു. ഇ
ത്താപഹാരം ചെയ്യുന്നതു സകല ജാതിക്കാരുടെയും, മതക്കാരുടെയും
ഇടയിൽ മഹാ നികൃഷ്ടമായി എണ്ണപ്പെടുന്നതിനെ പൊമേലിക്കാർ
തങ്ങൾ ഇപ്പോൾ കൈക്കൊണ്ടിരിക്കുന്ന മാഗ്രപ്രകാരം മഹാ ശ്രേഷ്ഠ
മായി വിചാരിച്ചിരിക്കുന്നവണ്ണം താങ്കളുടെ പ്രവൃത്തി അവരുടെ
പ്രവൃത്തിയെ നീതീകരിച്ചു മുദ്ര വച്ചിരിക്കുന്നു. ആയതു ഇനിക്ക മഹാ
വ്യസനകരവും, അതി ദുഃഖകരവുമായി തീർന്നിരിക്കുന്നതിനാൽ ഇ
തിനു എന്താകുന്ന ഉപശാന്തി എന്നു താങ്കളോട ചോദിക്കുന്നു? താങ്ക
ളുടെ ന്യായത്തെ കാണിച്ചു എന്റെ ദുഃഖം തീരുവാൻ തക്കവണ്ണം ഒ
രു മറുപടി കൊടുത്തയപ്പാറാകണം. അല്ലാത്തപക്ഷം ഇക്കാര്യത്തെ
ക്കുറിച്ചു ഇനിക്ക നിങ്ങളോട ചോദ്യമില്ല. ചോദിപ്പാനുള്ളവൻ ചോ
ദിച്ചുകൊള്ളട്ടെ. ഞാനിതാ! നിങ്ങളുമായുള്ള സംഭാഷണയിൽ നി
ന്നു ഒഴിഞ്ഞിരിക്കുന്നു. മഹാ ദൈവം സാക്ഷി. എന്നു സകലരുടെയും
പാദശുശ്രൂഷക്കാരൻ

കന്നീറ്റി നിന്നും
യുയോ. ക. മധുരം. ഫന്ന
കന്യ. വ. ചിങ്ങം നൂ
ജന. വ. ഒാഗ. ക്ട
വ. വാര. ടി. നൂഫൻ

യുയോരാലിസൻ.



പൊതു ഏക ഐക്യതയിൽ നിന്നും.

പൂവത്തൂർ കുഞ്ഞിനോടുള്ള ഐക്യതയിന്നാത്മാവിന്റെ അറിയിപ്പു.

തന്റെ പിതാവിനെ വീണ്ടെടുക്കേണ്ടതിന്നു താൻ കടംവാങ്ങിച്ച ക്ഷണം മാതാപിതാക്കന്മാർ കൊടുത്തു, തന്നെ കടത്തിൽ നിന്നു ഒഴിക്കേണ്ടതാകുന്നു. ആയതിന്നു അവക്കു മനസ്സുണ്ടെങ്കിൽ താൻ എഴുതിക്കൊടുത്ത കച്ചീട്ടു ശമുവേൽ ബോധകരുടെ പക്കൽ നിന്നു വാങ്ങിച്ചു തനിക്കു തന്നുകൊള്ളട്ടെ. അല്ലാത്തപക്ഷം ഇക്കടം തീർപ്പാൻ തക്കവണ്ണം അവർ, തന്നെ ഒരു ജോലിയിൽ ഏർപ്പെടുത്തി കച്ചീട്ടു കാലഹരണപ്പെടുന്നതിന്നു മുൻപെ താൻ മൂലം കടം തീർത്തുകൊള്ളട്ടെ. താനും തന്റെ വിശ്വാസത്തെ കാത്തുകൊണ്ടു ആ ജോലി നോക്കി കടം തീർപ്പാൻ ശ്രമിക്കണം. അതും അവക്കു പ്രയാസമെങ്കിൽ മാതാപിതാക്കന്മാർ തന്നെ ശമുവേൽ ബോധകർക്കു ഒഴിഞ്ഞൊഴുതിക്കൊടുക്കേണ്ടതാകയാൽ ആ പത്രത്തോടുകൂടെ താൻ തിരുസഭയിൽ സങ്കടം ബോധിപ്പിക്കുന്നപക്ഷം ഏതെങ്കിലും കടത്തിന്നു ഒരുനിവൃത്തി വരുത്തുവാൻ സഭ വിചാരിക്കുന്നതാകുന്നു. അല്ലാത്തപക്ഷം പ്രയാസത്തിന്നും, പരീക്ഷയ്ക്കും, പരിതാപത്തിന്നും വ്യർത്ഥഭാരം ചുമക്കുന്നതിന്നും, നഷ്ടകഷ്ടസങ്കടങ്ങൾക്കും, സഭക്കു ഇടവന്നു പോകും. സഭയുടെ ആൾപ്പേർ ഞാനാകയാൽ ഇക്കാര്യത്തെ മുൻവിചാരിച്ചു, ഞാൻ തന്നോടു പറഞ്ഞുകൊള്ളുന്നു. വേഗം നമ്പർ പതിഞ്ഞുപോകും. താൻ എന്നോടുകൂടെ ഇരുന്നിട്ടു തന്നെ ഡാണാവിൽ പടികൊടുത്തു ഇരുത്തിപ്പാൻ തക്കവണ്ണം ഇടവരുന്നതു ഇന്നിക്കു എത്ര കഷ്ടമാകുന്നു. ഞാൻ അതു എങ്ങിനെ സഹിക്കും?

കന്നിറരി നിന്നും
യുയോ. ഫ. മധു. ഫെ
കന്യ. ഖ. ചിങ്ങം ര
ജന. ഖ. ഓഗ. ഫവ
ഉ. വാര. ദി. നഖ

എന്നു പാദശുശ്രൂഷക്കാരൻ.



പൊതു ഏക ഐക്യതയിൽ നിന്നു

കടമ്പനാട്ടു യോഗത്തിലെ ശുശ്രൂഷക്കാക്കും കാര്യസ്ഥന്മാർക്കും യോഗക്കാർക്കും എന്നെന്നേക്കുമുള്ള ചുംബനം.

പ്രിയമുള്ളവരെ! നിങ്ങളുടെ സകലത്തിലും എല്ലാ വർദ്ധനവിലും

മാറ്റ ദൈവത്തിന്റെ വാഴ്വു നിത്യവും ഉണ്ടായിരിക്കട്ടെ. എന്നെ ഓർത്തുകൊൾവിൻ. തൽക്കാലമുള്ള എന്റെ ബുദ്ധിമുട്ടിന്നു നിങ്ങളാൽ കഴിയുന്നതുപോലെ സഹായിപ്പിൻ. നിങ്ങളുടെ നല്ല മനസ്സിനെ ഞാൻ മുൻപെ തന്നെ അറിഞ്ഞിരിക്കുന്നു. ദൈവം നിങ്ങളുടെ ഒരു പ്രവൃത്തിയേയും മറന്നുകളയാതെ വേണ്ട അനുഗ്രഹത്തെ നിങ്ങളുടെ മേൽ വർഷിപ്പിക്കും. നിങ്ങളിൽ ബുദ്ധിമുട്ടുകാരൻ ഉണ്ടാകയില്ല. നിങ്ങൾ കടം കൊടുക്കും. കടം വാങ്ങിപ്പാൻ ഇടവരികയില്ല. പിന്നെയൊ നിങ്ങൾ ഇനിക്കു കഴിയുന്നതുപോലെ സഹായിക്കുന്നതിനെ ഞാൻ വളരെ വർദ്ധനവോടുകൂടെ വർദ്ധിപ്പിപ്പാനും, ആ വർദ്ധനയിൽ എന്നോടുകൂടെ നിങ്ങളും, നിങ്ങളോടുകൂടെ ഞാനും സന്തോഷിപ്പാനും ദൈവം ഇടവരുത്തും നിശ്ചയം കഴിയുമെങ്കിൽ യോഗത്തിനു ഒരു നൊമ്പരിട്ടി മുതലിച്ചു അതിൽ നിന്നു ഇനിക്കു സഹായിപ്പിൻ. അല്ലെങ്കിൽ നിങ്ങളുടെ യുക്തംപോലെ- പിടി അരിക്കായ്വും മറന്നുപോകരുതു. എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ യൂയോരാലാസൻ.

കന്നീറ്റി നിന്നും
യൂയോ. ഫ. മധുരം വന്നു
കന്യ. വ. ചിങ്ങം. ൧൦
ജന. വ. ഓഗ. വര
വ. വാര. ദി. നവന്നു



പൊതുഷുകയെക്കുതയിൽനിന്നും

എന്റെ പ്രിയമുള്ള യാക്കോബുബോധകക്കു എന്റെ
വിശ്രുദ്ധചുംബനം.

താൻ കൊടുത്തയച്ച എഴുത്തു വന്നുചേർന്നു. താൻ പല സ്ഥലത്തുവെച്ചു പലപ്രാവശ്യം പഴയ ഹയാ തന്നിക്കു പ്രത്യേകം തന്നിരിക്കുന്ന കുന്തംകൊണ്ടു കുത്തി ഇനിക്കു കഠിനനൊമ്പരം വരുത്തീട്ടുണ്ടു്. അയ്യയുടെ എല്ലാറ്റിന്റേയും അവസാനക്കയ്യാകുന്നു ഇതു. അതിബലത്തോടും കൂടെ ഇതു എന്നിൽ തറച്ചിരിക്കയാൽ എന്റെ ജീവനേ അശേഷം തനിക്കു തുറന്നുകാണിക്കേണ്ടിയിരിക്കുന്നു. എങ്കിലേ താൻ മാറു. അതുകൊണ്ടു ഒന്നാമതു മത്തായിബോധകരുടെ കുടുംബത്തിന്നു തന്നിൽനിന്നു ഉണ്ടായിരിക്കുന്നതിനെ പറയാം. ശ്രദ്ധയായി കേൾക്ക.

൧. മത്തായിബോധകരുടെ അമ്മാവിയമ്മയേയും ഭാര്യയേയും ആ കുടുംബാധികാരിയുടെ യാതൊരു അറിവും സമ്മതവും കൂടാതെ അ

ളുടെ ധനത്തെ മോഷ്ടിപ്പിച്ചും അവർ രണ്ടുപേരേയും മോഷ്ടിച്ചും കൊണ്ടു വന്നതു ഞാനല്ലാ താനത്രേ. അവരെ ഇപ്രകാരം കൊണ്ടുവരണമെന്നു ഞാൻ പറഞ്ഞിട്ടില്ല. എന്തെന്നാൽ ഞാൻ എന്റെ അമ്മാവിയമ്മയേയും ഭാര്യയേയും ഇങ്ങനത്ത വിധത്തിൽ കൊണ്ടുവന്നിട്ടില്ല. തന്റെ കയ്യ് അതിലേക്കു അധികപരിശ്രമപ്പെട്ടിട്ടുമില്ല എന്നുള്ളതു തനിക്കു അറിയാം.

൬. ഇങ്ങിനെ നിങ്ങൾ രണ്ടുപേരും അവരെ കൊണ്ടുവരികയും അവരെ യോഗ്യമാംവണ്ണം ഭരിപ്പാൻ തക്കവണ്ണം വിശേഷാൽ താൻ പ്രാപ്തനല്ലാതെ ബുദ്ധിഹീനനായി തീരുകയും ചെയ്തതിനാൽ തള്ള മകളേ വ്യഭിചാരിണിയാക്കി കുടുംബത്തെ നാറ്റിച്ചു. ഇത്തരവഴി എന്റെ അമ്മാവിയമ്മയും ഭാര്യയും പ്രവൃത്തിച്ചു കുടുംബത്തെ നാറ്റിച്ചിട്ടുണ്ടോ? താൻ പറയൂ.

൭. പാപപ്പെട്ട മത്തായിബോധകർ കുടുംബത്തോട്ടുകൂടെ മകുഴിയിൽ പാർത്തിരുന്നപ്പോൾ ഒരുസമയം അയാളുടേ അമ്മാവിയമ്മ അവിടെ വന്നാറെ അവരെ എത്രയും അവിവേകത്തോട്ടുകൂടെ വാവിഷ്ടാണം താൻ പറഞ്ഞതും പാട്ടിയമ്മ മരിച്ചു ശവസംസ്കാരം കഴിഞ്ഞ ഉടനെ അപ്പൻ എത്രയും അവിവേകത്തോട്ടുകൂടെ ആ പാപപ്പെട്ട ചിത്തമ്മയേ വാവിഷ്ടാണം താൻ പറഞ്ഞതും തമ്മിൽ എന്താകുന്ന വ്യത്യാസം? ഞാൻ എപ്പോളെങ്കിലും അമ്മയുടെ ഭർത്സണദോഷം കേട്ട എന്റെ അമ്മാവിയമ്മയെ വാവിഷ്ടാണം പറവാൻ തക്കവണ്ണം തന്റെ വിധേയം ആൾപ്പിച്ചിട്ടുണ്ടോ? പറയൂ. എന്തെന്നാൽ ഒരുസമയം അമ്മയുടെ ഭർത്സണദോഷം കേട്ട അപ്പൻ എന്നെയും അമ്മാവിയമ്മയേയും ശകാരിച്ചു. ഒരുസമയം കോതവരത്തു വെച്ചു അമ്മ എന്നെ ശകാരിച്ചു.

൮. മത്തായിബോധകരുടെ അമ്മാവിയമ്മയ്ക്കു താൻ എന്താകുന്ന നന്മ ചെയ്തിട്ടുള്ളതു? അവർ ചെറുകോലിൽനിന്നു വന്നാറേ താൻ പാർപ്പാൻ വീടു കൊടുത്തോ? വുരയിടം കൊടുത്തോ? അല്ലെങ്കിൽ ചിലവു നടത്തിയോ? ഒടുക്കം നടപ്പിൽ നിന്നു ഒഴിഞ്ഞു നന്മ വരുവാൻ തക്കവണ്ണം നല്ല മാതൃക കാണിച്ചോ? പറയൂ.

൯. മത്തായിബോധകർ മരിച്ച ശേഷം ആ കുടുംബത്തിന്നു താൻ എന്താകുന്ന നന്മ ചെയ്തിട്ടുള്ളതു? ഞാൻ ഒരു വർഷം മുഴുവും വ്യർത്ഥമായി വീതം ആ കുടുംബത്തിന്നു കൊടുത്തുവന്നു. ആയതു തന്നെ വിചാരിച്ചിട്ടല്ല. എന്റെ അമ്മാവിയമ്മയേ വിചാരിച്ചിട്ടത്രേ. എന്തെന്നാൽ എന്റെ അമ്മാവിയമ്മ മദ്രാമരിയയാകുന്ന ഉണർവുസഭയത്രേ.

൧൦. മത്തായി ബോധകരുടെ ആ വിധവയേയും മകളേയും സംരക്ഷണ ചെയ്തു വിവാഹം കഴിപ്പിക്കേണ്ടുന്ന മുറ തനിക്കായിരുന്നു. അതിലേക്കു ഒരു പുരുഷനെന്നപോലെ താൻ പരിശ്രമിച്ചിട്ടുണ്ടോ?

അകാലേ കല്യാണം കഴിച്ചിച്ചതിൽ താൻ വിരോധം പറഞ്ഞിട്ടുള്ളതു ശരി. ആ വിരോധം പറഞ്ഞതുപോലെ ഒരു പുരുഷനെ തെരിഞ്ഞെടുത്തു അവനേക്കാൾ ഇവൻ നല്ലവൻ എന്നോ, അല്ലെങ്കിൽ ആ കാര്യം ഞാൻ കയ്യേറിരിക്കുന്നു എന്നോ, താൻ എന്നോട് പറഞ്ഞിട്ടുണ്ടോ? ഇതല്ലോ പുരുഷന്മാരുടെ ലക്ഷണം. ഇങ്ങിനെ താൻ എന്നോട് പറകയും, ഞാൻ അതിനെ ധിക്കരിച്ചു കല്യാണം കഴിച്ചിക്കയും ചെയ്താൽ തന്റെ ഒഴികഴിവു വാസ്തവമായിട്ടു എണ്ണപ്പെടാം. അല്ലാത്ത തന്റെ ഈ ഒഴികഴിവു പിലാത്തോസിന്റെ കൈകഴുകലിന്റെ സാക്ഷാൽ പൊരുളാകയാൽ ഹാ! ഇതു എത്ര ഭയങ്കരം. ഇങ്ങനത്ത സ്വയനീതിയിൻ ശാപശപഥം തന്റെ വായിൽ നിന്നു എങ്ങിനെ പുറപ്പെട്ടു? ഹാ! കഷ്ടം. ഞാൻ ആ കല്യാണത്തിൽ മനഃപൂർവ്വം യാതൊന്നും ചെയ്തിട്ടില്ലാ. ആ ധൂമകേതു വിവാഹത്തിന്നു മുൻപെ തന്നെ വടക്കൻ ഉപദേശിയുടെ മകനോട് കൂടെ വ്യഭിചാരം ചെയ്തു എന്നു എന്റെ അടുക്കൽ ആവലാധി വന്നു.

൩. മഹതപ്രത്യക്ഷതവരെ ഞാൻ ആയതുപോലെ കൊച്ചുമകൾക്കും അമ്മുമ്മത്തള്ളക്കും കൊടുത്തിട്ടുണ്ടു്. ആ ദുഷ്ടസ്ത്രീ മകളെ വ്യഭിചാരണിയാക്കിയതുപോലെ കൊച്ചുമകളേയും വ്യഭിചാരണിയാക്കിയതിനാൽ ദോഷവും, ശുദ്ധനും വെളിപ്പെട്ടിരിക്കുന്നു. അതിനാലും മറ്റും അവരെ രണ്ടുപേരെയും എന്റെ കുടുംബമാകുന്ന പുത്തൻബം ഗ്ലാവിൽനിന്നു പുറത്താക്കിയിരിക്കയാൽ അവരുടെ നഷ്ടമായിട്ടു ഞാൻ ഓരോ കാര്യം ചട്ടംകെട്ടി പ്രവൃത്തിച്ചു വരുമ്പോൾ അതിനു എതിരായിട്ടു തന്റെ സ്വയനീതിഇതാ! വെളിപ്പെട്ടിരിക്കുന്നു.

അതുകൊണ്ടു ഈ ഏഴു കാര്യങ്ങളാൽ താൻ മത്തായിബോധകരുടെ കുടുംബത്തെ ദോഷത്തിൽ അടിസ്ഥാനപ്പെടുത്തി ദുഷ്ടതയിൽ നിവൃത്തിപ്പാൻ തക്കവണ്ണം ഒരു പ്രധാന കരുവായിത്തീർന്നിരിക്കയാൽ ഇതിനു തന്റെ മേൽ ന്യായവിസ്താരം, ശേഷിച്ചിരിക്കെ, തന്റെ ന്യായവിസ്താരവും തീർപ്പും ശരിയെന്നും, യഥാർത്ഥപരമാർത്ഥങ്ങൾക്കു ഒത്തിരിക്കുന്നതാണെന്നും, ഞാൻ അംഗീകരിക്കുമോ? ആമേൻ പറയുമോ? എന്തെന്നാൽ സ്വയനീതിയാകുന്ന അദ്ധ്യാഷ്മാവു തന്റെ തലെക്കു ഉർബോധത്തെ വരുത്തിയിരിക്കയാൽ താൻ ഉണർന്നുനോക്കു. താൻ അപ്പോസ്തലൻ എന്നു ആർത്തു ആരു തനിക്കു നാമം തന്നുവോ, ആ സ്റ്റീഫ്ലിബിഷോപ്പിന്റെ ആത്മാവാകുന്നതെന്നെ ഭരിക്കുന്നതു; എന്നാലുള്ളതിനു താൻ ഇനിക്കു എഴുതിയ എഴുത്തിന്റെ മേൽ വിലാസം കാണിക്കുന്നു. എന്റെ സ്ഥാനാപ്പേർ "സകലരുടെയും പാദശുശ്രൂഷക്കാരൻ" എന്നും, എന്റെ പേർ "യെയാരോലിസൻ" എന്നും താൻ അറിഞ്ഞിരിക്കേ "വന്നു യുസ്സുയോസേഫ്" എന്ന മേൽ

ഖിലാസും എഴുതിപ്പിപ്പാൻ തന്നോട് ആരു പറഞ്ഞു? ശേഷം പിന്നു
ലേ എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ
കന്നീറിനിന്നും
യുയോ. ക ജ്ഞതം ക്രമ
കന്യ. ഫ. കന്നി ഹ
ജന. ഫ. സെപ്തം. ക്ര
ഉ പാര. ദി: നവ്വ

യുയോരാലിസൻ.

പൊതു ഏക ഐക്യതയിൽ നിന്നു.

എന്റെ പ്രിയമുള്ള യാക്കോബു ബോധകൻ
എന്റെ വിശുദ്ധ ചുംബനം.

രണ്ടാമത്തെ മത്തായി ബോധകരുടെ ആൾപ്പേർ ആരെന്നും അയാളുടെ അവകാശം എന്താകുന്നു എന്നും തന്നെ അറിയിപ്പിക്കുന്നു.

൧. മരിച്ചവന്റെ നാമം അയാളുടെ മകനു വിളിക്കപ്പെട്ടതിനാൽ കൊണ്ട്യൂസു തന്നെ അവകാശി. അവനെ മത്തായി ബോധകർ മരിച്ച ശേഷം ഇതുവരെയും വളർത്തികൊണ്ടുവന്നതു അവന്റെ തള്ളയത്രെ. എന്നാൽ അമ്മുമ്മയുള്ള മത്തായിബോധകരുടെ ആൾപ്പേരായിരുന്ന അവനെ വളർത്തി അളാക്കി കൊണ്ടുവരണം എന്നാകുന്നു തന്റെയും അമ്മയുടെയും യോഹന്നാൻബോധകരുടെയും അന്തരം എന്നു സ്പഷ്ടമായി വെളിപ്പെട്ടിരിക്കുന്നു. മത്തായിബോധകരുടെ ആ കുഞ്ഞിനോട് ഒരു അല്പ സ്നേഹം നിങ്ങൾക്കിരുന്നു എങ്കിൽ അവനെ ആ ദുഷ്ടസ്ത്രീയുടെ കയ്യിൽ നിന്നു വിടുവിച്ചു നിങ്ങൾ വളർത്തികൊള്ളുമായിരുന്നു. ഇതു നിങ്ങൾ ചെയ്തോ? പറവിൻ.

൨. മത്തായിബോധകരുടെ ജീവാത്മാവിന്റെ ആൾപ്പേരായിരിപ്പാൻ നിങ്ങൾക്കറിവുണ്ടു. എന്നാൽ എന്റെ നേരെ ചീറുന്നതു എന്തുകൊണ്ടു? നിങ്ങൾക്കു പാത്രത വന്നിട്ടില്ല. അതിനു കാരണം ഞാനും എന്റെ അമ്മാവിഅമ്മയും ഭാഗ്യം ആകുന്നുവോ? അല്ലെങ്കിൽ നിങ്ങളിലിരിക്കുന്നമാമോനൊ പറവിൻ. മാമോനല്ല എങ്കിൽ ജീവനാണ്യമാകുന്ന ആ കുഞ്ഞിനെ ഈപ്പച്ചിയും പേത്രച്ചിയുമായ ആ മോലോക്കിന്നു നിങ്ങൾ വാസ്തുരിഇടാതെ ഇരുന്നേനെ. അതുകൊണ്ടു ആ മോലോക്കിനും നിങ്ങളിലിരിക്കുന്ന മോലോക്കിനും തമ്മിൽ എന്താകുന്ന വ്യത്യാസം? ഇവരുടെതു പിത്തള, നിങ്ങളുടേതു പൊന്നു എന്നായിരിക്കും നിങ്ങൾ പറയുന്നതു.

൩. മരിച്ചവന്റെ സാക്ഷാൽ അവകാശം അവന്റെ സന്തതിയത്രെ. ഈ വിശുദ്ധ സന്തതിയാകുന്ന മത്തായിബോധകരിൻ അവകാശത്തെ ജീവനുള്ളോരെ അടിയറപ്പെടുത്തുവാനോ മരണത്തിലേക്കു വിടു

കൊടുക്കാതിരിപ്പാനോ മത്തായിബോധകരുടെ അമ്മാവി അമ്മയ്ക്കും നിങ്ങൾക്കും കഴിയാതിരിക്കെ നിഷ്ഫലാകുന്ന അവകാശത്തെക്കുറിച്ചു നിങ്ങൾ ഇത്ര ഭക്തിവൈരാഗ്യം കാണിപ്പാൻ തക്കവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ നിറച്ചതു ആരാകുന്നു? ഒട്ടകത്തെ വിഴുങ്ങുകയും കൊതുകിനെ അരിച്ചെടുക്കയും ചെയ്യുന്ന ആത്മാവത്രേ. കുരുടരും മൂഢരും ആയുള്ളോരെ! ഏതു വലിയതു. പൊന്നോ? മന്ദിരമോ? അല്ലെങ്കിൽ വഴിപാടോ? ബലിപീഠമോ? നിങ്ങൾ പറവിൻ.

൫. മത്തായിബോധകരുടെ മരണാത്മാവിന്റെ ആൾപ്പേരുകളായി നിങ്ങൾ നിന്നുകൊണ്ടു അയാളുടെ സാക്ഷാൽ അവകാശമായ കുഞ്ഞിനേയും പണത്തെയും മൊലോക്കിന്നു കൊടുത്തു അതിനു യാതൊരു അവകാശവും എന്റെ കുഡുംബത്തിൽ ഇല്ലാതിരിക്കെ മത്തായിബോധകരുടെ അവകാശത്തെ അയാളുടെ അമ്മാവി അമ്മയ്ക്കു ഞങ്ങൾ വിട്ടുകൊടുത്തിരിക്കയാൽ അതിനു യാതൊരു വിരോധവും പറയാതെ സൈൻ വച്ചു കൊടുത്തു കൊള്ളണം. അല്ലെങ്കിൽ ആ അന്യായത്തിനു ഇനിക്കു പങ്കില്ല എന്നും പിന്നീടും പറവാനുള്ള കാര്യമുണ്ടെന്നും മറും ഭീഷണിയോടു ക്രൂടെയുള്ള കുലയെ നിശ്വസിച്ചു പറഞ്ഞു. ഏഴതിയ കുലയോലയെ അകുഞ്ഞിനെക്കൊണ്ടു ചുമപ്പിച്ചു തന്റെ സ്വയനീതിഹാ! എത്ര വെറുക്കത്തക്കതു? ഹാ! എത്ര വെറുക്കത്തക്കതു? ഹാ! എത്ര വെറുക്കത്തക്കതു?

൬. ഞാൻ എന്റെ ദൈവത്തിലുള്ള സ്വന്ത കൈകൊണ്ടു സമ്പാദിച്ച അവകാശത്തെ ദൈവഹിതപ്രകാരം എന്റെ അമ്മാവി അമ്മമൂലം ഭാഗ്യിക്കും മക്കൾക്കും അവരുടെ ഉപജീവനത്തിനും വിട്ടുകൊടുത്തിരിക്കുന്നപ്രകാരം കുഡുംബാവകാശത്തെപ്പറ്റിയും മറും ഇന്നപ്രകാരം എന്നു ഞാൻ ഉടമ്പടി ചെയ്തിരിക്കെ എന്റെ അമ്മാവി അമ്മമൂലം മദിരശ്ശീയോടും ജാതിക്കോപ്പിൽ ചെറിയുനോടും മുന്നൂററിരുപതു രാശിക്കു വീണ്ടെടുത്ത പുരയിടം അവരുടെ യാതൊരു സമ്മതത്തിനും ആവശ്യമില്ല എന്നു മാത്രമല്ല മത്തായിബോധകരുടെ കുഡുംബാവകാശവിത്തിൽ അയാളുടെ അമ്മാവി അമ്മയ്ക്കു ഇരുനൂറു രാശിക്കു ഇരുത്തിക്കൊടുപ്പാൻ ന്യായമെന്നും പണത്തെ തൊട്ടവല്ല വ്യവഹാരവുമുണ്ടെങ്കിൽ എന്റെ അമ്മാവി അമ്മ വല്ല ഉദ്യോഗമോ മറ്റൊ ചെയ്തു സമ്പാദിച്ചതാണോ എന്നും ഇക്കാര്യത്തിനും അവർ സമ്മതിക്കാത്ത പക്ഷം അവർ ഈപ്പച്ചിയും ഭാര്യ പേത്രച്ചിയും ആകുന്നു എന്നും (എന്നുവച്ചാൽ എന്റെ മക്കൾ ഉണ്ടഗോളകന്മാർ ആകുന്നു എന്നത്രേ) കാണിച്ചു എഴുതിയിരിക്കുന്നതിൽ തന്റെ നാവിലുള്ള സ്വയനീതിയിൻ വിഷനീർ എത്ര സ്പഷ്ടമായി തെളിഞ്ഞിരിക്കുന്നു.

൭. അക്രമത്തെ അകത്തുവച്ചുകൊണ്ടു നീതിയുടെ വേഷത്തിൽ നിങ്ങൾ തെളിഞ്ഞു നിന്നു ഈപ്പച്ചന്റെയും പേത്രച്ചന്റെയും വായി

ൻ ആലോചന കൂടാതെ വാസ്തരി ഇട്ട ദ്രവ്യം നിങ്ങൾക്കു നാശകര
മായി തീരാതിരിപ്പാനായി പറമ്പിൽ ഞാൻ ഒരു തീയിട്ട തന്റെ
ജീവനെ വീണ്ടെടുപ്പാനായി ഞാൻ ഇത്ര പ്രവൃത്തിക്കേണ്ടതാകയാൽ
തന്റെ വിരോധം പ്രമാണിച്ചില്ലാ താനും. ഇങ്ങനെ തന്നെ നീതീക
രിച്ച എനിക്കു തന്നിൽനിന്നുണ്ടായ പ്രതിഫലം തന്റെ സ്വയനീതി
യിൻ കുന്തക്കൊണ്ടുള്ള കുത്തൽപ്പു തന്നെ.

൬. മത്തായിബോധകരുടെ അവകാശത്തെയും ആൽഫ്രേരെയും
സംബന്ധിച്ചു ഓരോ എഴുത്തുകൾ ആത്മാനുവാദപ്രകാരം എഴുതുവാ
ൻ ഇടയായതിൽവെച്ചു ഞാൻ ആത്മാവിന്റെ വിശ്വസ്തശുശ്രൂഷക്കാ
രനല്ല ഉപായിയാകുന്നു എന്നു താൻ തന്റെ എഴുത്തിൽ കാണിച്ചിരി
ക്കയാൽ തന്റെ അന്യായം ഇതാ! വെളിപ്പെട്ടിരിക്കുന്നു.

അതുകൊണ്ടു ഈ ഏഴു കാര്യങ്ങളാൽ താൻ ഉണർവുസഭയിൽ ൿ
പൊതുഏക ഐക്യകുടുംബമാകുന്ന പുത്തൻബംഗ്ലാവു കുടുംബത്തെ
അക്രമത്തിൻ അന്തരത്തിൽ അടിസ്ഥാനപ്പെടുത്തി മഹാ വേശ്യാസ്ത്രീ
യുടെ നാമത്തിൽ നിവൃത്തിപ്പാൻ തക്കവണ്ണം ഒരു പ്രധാന കരുവാ
യി തീന്നിരിക്കയാൽ ഇതിനു തന്റെമേൽ ന്യായവിസ്താരം ശേഷി
ച്ചിരിക്കെ തന്റെ ന്യായവിസ്താരവും തീർപ്പും ശരിയെന്നും യഥാർത്ഥ
പരമാർത്ഥങ്ങൾക്കു ഒത്തിരിക്കുന്നതാണെന്നും ഞാൻ അംഗീകരിക്കു
മോ? ആമേൻ പറയുമോ? എന്തെന്നാൽ സ്വയനീതിയാകുന്ന അധോ
ഭാവിൻ മുകകേറി തന്റെ തലക്കു ഉർബോധം വരുത്തീരിക്കയാൽ
വേഗം ഉണർന്നുകൊൾവിൻ. ശേഷം പിന്നാലെ എന്നു സകലരുടേ
യും വാദശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും

യൂയേശ: ഫ, ശ്രുതം. ഫദ്ദ

,, ഫ. കന്നി: ഫ. യൂയേശരാലിസൻ

,, ഫ. സെപ്തം: ഫന്നു

ഫൂ വാ, ദി, നുരൻ



പൊതുഏകൈക്യതയിൽ നിന്നും.

എന്റെ പ്രിയമുള്ള മൈക്കളും ഇടവകയിലെ യോഗത്തി
ലുള്ള ആബാലവൃദ്ധം സകലക്കും എന്റെ വിശുദ്ധചുംബനം.
കഴിഞ്ഞാണ്ടത്തെ റിപ്പോർട്ട ഇതിനോടുകൂടെ അയക്കുന്നു. നിങ്ങ
ൾ അതിനെ ശ്രദ്ധയായി വായിച്ചു കേൾക്കയും അതിലെ എല്ലാ സാ
രാംശങ്ങളേയും ഗ്രഹിക്കയും വേണം. എന്തെന്നാൽ എന്റെ സകല
ത്തിനും നിങ്ങൾ അംശക്കാരാകയാൽ എന്റെ നിറവു നിങ്ങളുടെ
നിറവു. എന്റെ കുറവു നിങ്ങളുടെ കുറവു. എന്റെ സമ്പത്തു നിങ്ങ

ളുടെ സമ്പത്തു. എന്റെ ആപത്തു നിങ്ങളുടെ ആപത്തു എന്റെ സുഖം നിങ്ങളുടെ സുഖം. എന്റെ ദുഃഖം നിങ്ങളുടെ ദുഃഖം, എന്റെ സമസ്തവും നിങ്ങളുടെ സമസ്തമത്രെ. വിശേഷിച്ചും കിഴക്കെ ഡിവിഷ്യനിൽനിന്നും പടിഞ്ഞാറെ ഡിവിഷ്യനിൽനിന്നും അഞ്ചേരി ഇടവകയിൽനിന്നും പിടിയരി മുതലായ ധർമ്മശേഖരം എനിക്കു തന്നതുപോലെ തെക്കെ ഡിവിഷ്യനിൽ നിന്നു വന്നിട്ടില്ല. എങ്കിലൊ നെല്ലിക്കുന്നം യോഗത്തിൽ നിന്നു ഓക്കു കഴിയുന്നതുപോലെ ഇനിക്കു സഹായിച്ചിട്ടുണ്ടുതാനും. കടമ്പനാട്ടു യോഗത്തിൽ നിന്നും കൊട്ടാരക്കര യോഗത്തിൽ നിന്നും ചെങ്കുളം യോഗത്തിൽ നിന്നും പിടിയരി ധർമ്മശേഖരം ഇനിക്കു കൊടുത്തയച്ചിട്ടില്ല എന്നു തന്നെ പറയാം അതു നിമിത്തമാകുന്നു വർഷാന്ത്യത്തിങ്കൽ കടം ശേഷിപ്പാൻ ഇടവന്നതു. എങ്കിലൊ നിങ്ങളുടെ ബുദ്ധിമുട്ടുകളേയും നിങ്ങൾ പീലിപ്പോസുബോധകർക്കു സഹായിച്ചിട്ടുള്ള സഹായങ്ങളേയും മറ്റും ദൈവം അറിഞ്ഞിരിക്കുന്നു. നിങ്ങളുടെ സകല കുറവുകളേയും തീർത്തു അവൻ നിങ്ങളെ പൂർണ്ണന്മാരാക്കും. സന്ദേഹമില്ല. എന്നാലൊ ഒരു ആഴ്ചവട്ടത്തിൽ ഒരു ക്രത്തിൽ കുറയാതെ ഉള്ളി പിടിയരി ധർമ്മശേഖരമെടുത്തു നിങ്ങൾ ഇനിക്കു തരണം. അതു വാങ്ങിപ്പാൻ ബോധകന്മാർക്കാകട്ടെ മറ്റു യാതൊരുത്തർക്കാകട്ടെ അധികാരമില്ല താനും. അതു നിങ്ങൾ എടുക്കാതിരുന്നു കൂടാ. മറ്റു ഒരുത്തനും അതിനെ കൊടുത്തുകൂടാ. മാസന്തോറും ഇനിക്കതിനെ കൊടുത്തയക്കാതിരുന്നു കൂടാ. നിങ്ങൾക്കു എത്ര ബുദ്ധിമുട്ടായാലും ഇതിനെ വിഷ്ണം വരുത്തിക്കൂടാ. അതുകൊണ്ടു ഇക്കാര്യത്തെ സംബന്ധിച്ചു ആലോചിച്ചു എന്റെ കടത്തിൽ ഒരു ഭാഗം നിങ്ങൾ തൽക്കാലം തീർത്തു മേലാൽ പിടിയരി ധർമ്മശേഖരം വിഷ്ണംകൂടാതെ മാസന്തോറും കൊടുത്തയപ്പിൻ. എന്നു നിങ്ങളുടെ

കന്നീറിനിന്നും

യൂയോ. ഫ. ആവി. ഫ.ഴ

,, ഫ. തുലാം ഫ പാദശുശ്രൂഷക്കാരൻയൂയോരാലിസൻ

,, ഫ. ഒക്തോ.ഫദ

ഫ. വാ. ദിഃ നവ്വ



പൊതു ഏകൈക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള ഇഞ്ചയ്ക്കാട്ടു തോമ്മാച്ചനു

എന്റെ വിശുദ്ധ ചുംബനം.

ഫാം വാര വൃത്തദിനം ൧൮൦-ാം ദിവസം അയച്ച എഴുത്തു ഇവിടെ വന്നുചേർന്നപ്പോൾ ഞാൻ കിഴക്കെ ഡിവിഷ്യനിലായിരുന്നു. ക്ക

ഴിഞ്ഞ ധർമ്മവാരം തുലാം 4 വ്യാഴം- ആകുന്നു ഞാൻ ഇവിടെ വന്നതേന്നതു. തങ്കളുടെ എഴുത്തു വായിച്ച ശേഷം എന്നിൽ സന്തോഷവും സന്തോഷവും കരച്ചിലും ചിരിയും ദുഃഖവും സുഖവും വ്യസനവും ആശ്വാസവും ഇത്യാദി കുറഞ്ഞൊരു നേരം വ്യാപരിച്ചിട്ടു ദൈവത്തെ സ്തുതിച്ചു. എന്നാൽ എഴുത്തു മൂലം നിങ്ങളെ ആശ്വസിപ്പിക്കാം എന്നു കരുതി എന്റെ ഓരോരോ അനുഭവങ്ങളെ പറയാം എന്നു വിചാരിച്ചാറെ ഇക്കടലാസു കൊണ്ടും തുവലു കൊണ്ടും അതു സാധിക്കയില്ലെന്നു കണ്ടു ഇതാ! അടങ്ങുന്നു. അതുകൊണ്ടു നിങ്ങളെ മുഖാമുഖമായി കണ്ടു നിങ്ങളോടു കൂടെ സഹവസിതാപമുള്ളവനായിത്തീർന്നു നിങ്ങളുടെ കണ്ണുകളിൽ നിന്നു കണ്ണുനീരുകളെ തുടച്ചുകളവാൻ തക്കവണ്ണമുള്ള സ്നേഹശക്തിയിൻ വചനത്തെ നിങ്ങളോടു പറവാൻ തക്കവണ്ണം ഉദ്ധൃക്തനായി തീർന്നിട്ടു കണ്ണോക്കു കാണ്മാനായി വരുവാൻ ഇതാ! ഞാൻ എത്രയും ജാഗരണമുള്ളവനായിരിക്കുന്നു. എന്നാലൊ ഈ വരുന്ന ശബ്ദവാരം തിങ്കളാഴ്ച വൃശ്ചികം ന്നു- ഇവിടെ നിന്നും കല്ലുപ്പാറ വരെയും ഒരു വള്ളം പോകുന്നതാകയാൽ അതിൽ കയറി ആ സ്ഥലം വരെ വള്ളത്തിലും പിന്നീട് കരവഴിയുമായിട്ടു ഏറാംനു-ക്കകം അവിടെ വന്നുചേരുന്നു ഏറാനു- ധർമ്മവാരത്തിൽ ശുശ്രൂഷ കഴിക്കുണമെന്നും തിരികെ കല്ലുപ്പാറ വന്നു വള്ളത്തിൽ കയറി മടങ്ങി വരണമെന്നും ദൈവത്തിൽ ആശ്രയിച്ചും വിശ്വസിച്ചും കൊണ്ടു ഇതാ! എഴുതുന്നു. ഈ വിവരം കുഞ്ഞിനോടും ഉപദേശ്യാരോടും മറ്റുള്ളവരോടും പറയണം. വിശേഷിച്ചും മൂന്നാം യോസേഫായ സേമുവേലീസന്റെയും ക്രിസ്തുവണ്ണന്റെയും വീട്ടുകാരുടെയും ഓർമ്മക്കായി ഇന്നലെ യോഗക്കു ഇവിടെ സ്നേഹവിരുന്നുണ്ടായിരുന്നു. അതുകൊണ്ടു ദാസിയും അവളുടെ പുത്രനും എന്നേക്കും പുറത്താക്കിക്കളയപ്പെടുവാൻ തക്കവണ്ണം ഇതാ അടുത്തിരിക്കുന്നു. കാരണം മൂന്നാം യോസേഫിന്റെ മാതാവായ വരവണ്ണിനി തന്റെ മകനെ കൊച്ചീപ്പൻ വരിഹസിക്കുന്നതിനെ കണ്ടു ഭർത്താവായ യോഹന്നാനോടു എന്നു വച്ചാൽ സ്ത്രീയേക സ്നേഹത്തിനോടു സങ്കടം ബോധിപ്പിച്ചിരിക്കുന്നു. പരമൈക്യ പുരുഷന്റെ കല്പനപ്രകാരം യോഹന്നാൻ കൊച്ചീപ്പനെയും അവന്റെ മാതാവായ കുണ്ഡഗോളകിയേയും അല്ലെങ്കിൽ മഹാ ബാബിലോനിയേയും നിശ്ചയമായി പുറത്താക്കും ആമേൻ ആമേൻ ആമേൻ ആമേൻ.

എന്നു പാദശുശ്രൂഷക്കാരൻ യൂയോരാലിസൻ.

കന്നീറ്റിൽ നിന്നും
യൂയോ: വ. ഏകാത്മം ഛ
,, ,, വൃശ്ചികം ര
,, ,, നവംബർ ഛവ
ക. വാ. ദിവ്യ ഛവ

പൊതു ഏക ഐക്യതയിൽ നിന്നു.

എന്റെ പ്രിയമുള്ള കിഴക്കെഡിവിഷ്യനിലെഎല്ലാ യേശുവിലുള്ള യോഗക്കാരായ അബാലവൃദ്ധം സകലർക്കുംഎന്റെ വിശുദ്ധചുംബനം.

പ്രിയമുള്ളവരെ! ത്രിയേക ദൈവമായ സ്നേഹാത്മാവിൻ പ്രിയമക്കളേ! നിങ്ങൾക്കു നിത്യവാഴ്വുണ്ടാകട്ടെ. ഞാൻ കഴിഞ്ഞ മാസം നിങ്ങളുടെ അടുക്കൽ വരികയും നിങ്ങളെ കണ്ടു സന്തോഷിക്കയും നിങ്ങളോടുകൂടെ ദൈവത്തെ ആരാധിക്കയും സ്തുതിക്കയും നിങ്ങൾ മനഃപൂർവ്വമായി തന്ന സുഗന്ധ വാസനയെ പരിപൂർണ്ണ സന്തോഷത്തോടുകൂടെ കൈക്കൊണ്ടു ദൈവത്തിന്നു നന്ദി പറകയും ചെയ്തു. എന്റെ ദൈവം അബ്രഹാം ഇസഹാക്ക യാക്കോബു ദാവീദു ദീർഘദർശിമാർ അപ്പൊസ്തോലന്മാർ മുതലായവരോടു ചെയ്തിരിക്കുന്ന സകല വാഗ്ദത്തത്തിൻ പ്രകാരം നിങ്ങളെ സകല വർദ്ധനവോടും കൂടെ വർദ്ധിപ്പിച്ചു നിത്യാനുഗ്രഹം കൊണ്ടനുഗ്രഹിക്കട്ടെ.

വിശേഷിച്ചും കഴിഞ്ഞാണ്ടത്തെ റിപ്പോർട്ട് എഴുതിയതിനെ എല്ലാ സഭകളിലും വായിപ്പാൻ ഞാൻ വന്ന സമയം ഇടയായില്ല. അതുകൊണ്ടു ആ റിപ്പോർട്ടോടുകൂടെ നിക്ഷേപ പാത്രം ചാണ്ടി ബോധകരെ നിങ്ങളുടെ അടുക്കൽ അയക്കുന്നു. പൊതു ഏക ഐക്യതയ്ക്കു ഒരു നിശ്ചയ വാസസ്ഥലം കണ്ടെത്തുന്നതുവരെ ഇനിക്കു സ്വസ്ഥത ഉണ്ടാകയില്ല. എന്റെ വിചാരവും ജാഗരണവും അന്വേഷണവും എന്റെ സമസ്തവും അതിലേക്കു തന്നെ ആയിരിക്കും. എന്നു നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. നിങ്ങൾ തളർന്നു പോകയോ ക്ഷീണിച്ചു പോകയോ മറ്റോ അരുതെന്നു നിങ്ങളോടു അപേക്ഷിച്ചുകൊള്ളുന്നു. നിങ്ങളുടെ എന്റെയും നിങ്ങളുടെയും മാതാവായ പൊതു ഏക ഐക്യതയ്ക്കു നിശ്ചയ വാസസ്ഥലം പണിയേണ്ടതു. എന്നു പറയുമ്പോൾ മൂന്നു ഡിവിഷ്യനിലുമുള്ള ജനങ്ങൾ എന്നു താല്പര്യം. അതുകൊണ്ടു പരമൈക്യതയിന്നാത്മാവാകുന്ന മഹാ ദൈവം ആരുടെ ആരുടെ ഹൃദയത്തെ ഈ പണിക്കായി ഉത്സാഹിപ്പിക്കുന്നുവോ അവരവർ തങ്ങളുടെ മനഃപൂർവ്വകാഴ്ചകളെ ഈ നിക്ഷേപ പാത്രത്തിലിട്ടു അയപ്പാൻ അപേക്ഷിക്കുന്നു. വിശേഷിച്ചും നിങ്ങളുടെ ചിട്ടിയുടെ ദശാംശങ്ങളെയും കൂടെ ഈ പണിക്കായി അയപ്പാൻ അപേക്ഷിക്കുന്നു. എന്നു നിങ്ങളുടെ

കണ്ണിറയിൽ നിന്നും

മ. കാമ്യദം ഫാ.നു

വൃശ്ചികം മ ഡിസംബ. ഫ

മ. വാ. ടി. രണ്ടു

പാദശുശ്രൂഷക്കാരൻ യൂയോരുലിസൻ.

പൊതുഷ്ട്ര ഷൈക്യതയിൽനിന്നു

എന്റെ പ്രിയമുള്ള മൈമ്പകശേരി ഭോധകർക്ക്
എന്റെ വ ത്സല മുംബനം

താങ്കൾക്കു സംശയമോ ഭയമോ മറ്റോ ഉണ്ടാകാതിരിപ്പാനായിട്ടാ കുന്നു ഇതു എഴുതുന്നതു. ഇതു താങ്കൾ സൂക്ഷിച്ചു കൊള്ളുന്നതിനാൽ താങ്കൾക്കു ഒരു ആധാരവുമായിരിക്കും.

൧. ഈ പുരയിടം താങ്കൾക്കും സന്തതി ഉണ്ടായാൽ അതിനും അവകാശമായിരിക്കും. എന്നല്ലാതെ താങ്കളുടെ അനുജന്നു വിലയ്ക്കു കൊടുപ്പാൻ പാടില്ല കാരണം വസ്തു വിലക്കു കൊടുക്കുന്നതു നിയമലംഘനമാകുന്നു. എന്നു വിചാരിച്ചു അവകാശം കൊടുത്തു കൂടാ എന്നില്ല താനും.

൨. ആ പുരയിടത്തിൽ കൊണ്ടിരിക്കുന്ന കടം അതിനോടു നിൽക്കുന്നതല്ലാതെ മറ്റു പുരയിടത്തോടൊ വസ്തുക്കളോടൊ നിൽക്കുന്നതല്ല. അല്ലാതെയും പരമാർത്ഥപ്രകാരം പുരയിടത്തിന്റെ ഉടയക്കാരി താങ്കളുടെ അമ്മാവി അമ്മയത്രെ. യഥാർത്ഥം നോക്കിയാൽ മത്തായി ബോധകരാകുന്നു. എങ്കിലും കടത്തിന്റെ വകയ്ക്കു ആ പുരയിടത്തെ തൊട്ടു അമ്മാവിഅമ്മ കച്ചീട്ടെഴുതുന്നതിൽ ഞാൻ സാക്ഷിനിൽക്കയും മുദ്രവയ്ക്കയും ചെയ്യാം.

൩. കടം തീരേണ്ടതിനുള്ള ശ്രമം ഒന്നാവതു താങ്കൾക്കും, രണ്ടാവതു ഇനിക്കും, ആകുന്നു. അതിനുള്ള വഴി നാം ആലോചിച്ചപ്രകാരം ഇവിടെയുള്ള പുര വിറ്റാൽ ഉദ്ദേശം അൻപതു രൂപയ്ക്കു കിട്ടും. ശേഷത്തിനു അമ്മാവിഅമ്മ കച്ചീട്ടെഴുതി കൊടുക്കട്ടെ. ഞാൻ അവക്കു വല്ലതും സംഹായിപ്പാൻ തക്കവണ്ണം ഒരു എഴുത്തു കൊടുക്കാം. എന്നാൽ കഴിയുന്നതുപോലെ സഹായിക്കയും ചെയ്യാം. അല്ലാത്തപക്ഷം അവർ ഒരു ചിട്ടിയിൽ ഇറങ്ങട്ടെ. ഞാൻ അതിനു സഹായിക്കാം. ഏതു വിധമെങ്കിലും കടം രണ്ടു മൂന്നു വർഷത്തിനകം അല്പമല്പമായി തീരും എന്നു ഞാൻ വിശ്വസിക്കുന്നു. ഈ ഭാരം അവർ ചുമക്കാതെ ശരീരവീണ്ടെടുപ്പിലേക്കു യത്നത്തുവാൻ കഴിയുന്നതുമല്ല. അതുകൊണ്ടത്രെ. ഈ ഭാരത്തെ അവരുടെ മേൽ വച്ചിരിക്കുന്നതു താങ്കളുടെ പണത്തിനു യാതൊരു നഷ്ടം വരുന്നതുമല്ല. നിശ്ചയം.

൪. പുരയിടം താങ്കൾ അമ്മാവിഅമ്മയ്ക്കു അനുഭവത്തിനു വിട്ടുകൊടുക്കണം. നിലം കടം തീരുന്നതുവരെ വിട്ടുകൊടുക്കണ്ടാ. അതുകൊണ്ടു

ഉഭയം അനുജ്ഞ നടക്കുന്നില്ലെങ്കിൽ താങ്കൾ വകവെച്ചു കൊടുക്കണം.

8. പുരയിടം അമ്മാവിഅമ്മയും താങ്കളും ഭായ്യുമായി എന്നേക്കും അവകാശമായി അനുഭവിച്ചു കൊള്ളാം.

നാ. മത്തായി ബോധകരുടെ അവകാശം തൽക്കാലം എന്റെ കുടുംബത്തിൽനിന്നു വേർതിരിപ്പാൻ കഴിയാത്തവിധമാകുന്നു ഇരിക്കുന്നതു. എന്നാലോ ആകപ്പാടെ വകവച്ചു നോക്കിയാറെ ഒരു വീതത്തിന്നു മുന്നൂറു രാശിയുണ്ടു. അമ്മാവിഅമ്മയാൽ കടം തീർപ്പാൻ കഴിയാതെ വരുമ്പോൾ ആ അവകാശം തന്നെ കടം തീർത്തു കോണ്ട്ല്യൂസിന്നു സ്വാതന്ത്ര്യപ്പെടുത്തിക്കൊടുക്കാം. ഏതു വിധമായാലും താങ്കളുടെ പണത്തിന്നു ഒരു നഷ്ടം വരികയില്ല. പണത്തിന്നു അമ്മാവിഅമ്മയല്ലാതെ ഞങ്ങളാരും ഏഴുതുകയില്ല. ഞങ്ങൾ സാക്ഷി നിൽക്കും. പുരയിടം താങ്കൾക്കു അവകാശമായി തരാം എന്നല്ലാതെ ആക്കം തീവ്വെഴുതി കൊടുക്കയോ, കൊടുപ്പിക്കയോ, ചെയ്കയില്ല. ആ പുരയിടത്തിന്റെ ഉടമക്കാരി താങ്കളുടെ അമ്മാവിഅമ്മയല്ലാതെ ഞങ്ങളാരുമല്ല നിശ്ചയം. അവർ പാക്കു പുരയിടം എന്റെ അമ്മാവിഅമ്മയ്ക്കു ഞാൻ പൂർണ്ണാവകാശമായി കൊടുത്തിരിക്കയാൽ അവരുടെ സമ്മതത്തിൻ പ്രകാരമല്ലാതെ ഇനിക്കു യാതൊന്നും ചെയ്‌വാൻ പാടില്ല നിശ്ചയം. ഞാൻ എന്റെ അമ്മയുടെ ഭൂമിസംബന്ധമായ സകലഭാരത്തെയും തീർത്തു അവരെപ്പൂർണ്ണസ്വാസ്ഥതയിൽ വെച്ചിരിക്കയാൽ ഞൻ അവരെ എന്റെ മകൻ ക്രിസുവർണ്ണൻ കണക്കെ എന്റെ കയ്യിൽ വഹിച്ചുകൊണ്ടിരിക്കുന്നു. ഞാൻ എന്റെ അമ്മയുടെ ആൾപേരാകയാലും അമ്മ ഇനിക്കു തന്റെ കുടുംബാധികാരത്തെ തന്നിരിക്കയാലും ഇനി ആരെങ്കിലും തന്റെ ഭാരത്തെ എന്റെ അമ്മയുടെമേൽ വയ്പാൻ ആരംഭിച്ചാൽ അവന്റെ മേൽ എന്റെ പിതാവായ ദൈവം എഴുവത്തി ഏഴുപ്രാവശ്യം ഭാരത്തെ അവരിപ്പാൻ ആരംഭിക്കും സന്ദേഹമില്ല. എന്തെന്നാൽ എന്റെ അമ്മയ്ക്കു വളരെ ക്ഷീണമുണ്ടു. ശരീരത്തിന്നു ഒന്നിനും ശേഷിയില്ല. ഇതു ഞാൻ പറഞ്ഞതു താങ്കളുടെ അമ്മാവിഅമ്മയെ ശരീരദണ്ഡനത്തിങ്കൽ ആത്മാവു ഏൽപിക്കാതിരിപ്പാനായിട്ടു എന്റെ അമ്മയുടെ അടുക്കൽ അവർ പോകാതിരിക്കേണ്ടതിനായിട്ടു തന്നെ. എന്നു പാദശുശ്രൂഷക്കാരൻ.

കന്നിറിനിന്നും
വ. കാമ്യുദം. ഫ്ര
വൃശ്ചികം. ഡൻ
ഡിസംബ. ഫ്ന
വ. വാ. ദി. ന്ന ൈ

യുയോരാലിസൻ




പൊതുയോഗ ഐക്യതയിൽനിന്നു.

എന്റെ പ്രിയമുള്ള കന്നീററി സഭായോഗത്തിലുള്ള എല്ലാ
വക്കും എന്റെ വാത്സല്യചുംബനം.

എന്റെ സമസ്തവും കന്നീററിഉണർവു സഭയാകുന്ന പൊതുയോഗ ഐക്യതയ്ക്കു ഞാൻ മനഃപൂർവ്വമായി കൊടുത്തിരിക്കുന്ന പ്രകാരം ഉള്ളിരിപ്പു പുരയിടവും ആ മാതാവിന്നായി ഇതാ! കാണിക്കയായി വച്ചിരിക്കുന്നു. ഇതിനെ വീണ്ടെടുക്കേണ്ടുന്നതു ആ മാതാവിന്റെ മക്കളായ മൂന്നു ഡിവിഷ്യനിലുമുള്ള നിങ്ങളെല്ലാവരുമാകുന്നു. ഈ തെക്കേ ഡിവിഷ്യനിൽ ഏഴു സഭായോഗമുണ്ടു. ഓരോ സഭായോഗത്തിൽനിന്നും ഓരോപരുപരു രാശി ഈ വീണ്ടെടുപ്പിലേക്കു തരണമെന്നും വെളിപ്പെട്ടിരിക്കയാൽ നിങ്ങൾക്കു എഴുതുന്നു. നിങ്ങൾ ആലോചിച്ചു ഓരോ കുടുംബത്തിൽനിന്നും ഓരോരുത്തരിൽനിന്നും മനഃപൂർവ്വമായി ഉരുവരിക്കുന്ന വണം യോഗമുതൽപിടിയിൽ ചേർത്തു വയ്ക്കുയും കുംഭമാസം ഫാ. നു-ക്കകം വണിക്കുന്ന കൊടുപ്പാൻ തക്കവണ്ണം ഇവിടെ ഏല്പിക്കയും വേണം.

കന്നീററിനിന്നും
വ. ശു. ചി. ഫിനു-
മകരം. രണ്ടു-
ജനുവ. ഫന്നു-
വ. വാ. ദി. രണ്ടു

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ
യൂയോഹലിസൻ.



പൊതുയോഗ ഐക്യതയിൽനിന്നു

എന്റെ പ്രിയമുള്ള ചെമ്പകശേരി ബോധകക്കു
എന്റെ വാത്സല്യചുംബനം.

തെക്കേ തോപ്പിനേയും അതിൽ പാർക്കുന്ന അമ്മാവിഅമ്മയുടേയും കായ്ക്കുത്തപ്പററി നാൽക്കുനാൽ ഉണ്ടാകുന്ന ഓരോ സംഗതികൾ ഭാരമായി വരുന്നതിനാൽ അവരുടെ കായ്ക്കുത്ത ഇങ്ങിനെ തീർപ്പാൻ നിശ്ചയിച്ചിരിക്കുന്നു.

അവർ തങ്കൾക്കു തരുവാനുള്ള കടം ഷാറെ ഇരിക്കട്ടെ കുറഞ്ഞിരിക്കട്ടെ തങ്കൾ ഉടൻ രൂപായായിട്ടു സമ്മതിക്കണം എന്നു അപേക്ഷിക്കുന്നു. ഈ നൂറിഎഴുപത്തിഅഞ്ചു രൂപായും വരുന്ന കന്നിമാസം അവസാനപ്പിറക്കുമ്പോൾ ഞാൻ തന്നുകൊള്ളാം. അതിന്നു തങ്കൾക്കു ഞാൻ ഇപ്പോൾ തന്നെ കച്ചീട്ടു എഴുതിത്തന്നുകൊള്ളുന്നു. ഈ നൂറിഎഴുപ

ത്തിഅഞ്ഞൂ രൂപായ്ക്കുള്ള മുതൽ അൻപതു രൂപായ്ക്കു തെക്കെതോപ്പിൽ നിൽക്കുന്ന പുര മത്തായിബോധകരുടെ കുടുംബാവകാശത്തിൽ ഒരു വീതത്തിനുള്ള രൂപാ നൂറു. പോകെയുള്ള രൂപാ 150-ം ഈ വീണ്ടെടുപ്പിലേക്കു കുടുംബത്തിലുള്ള ഞങ്ങൾ എല്ലാവരും കൂടി എടുക്കണം എന്നു ഞാൻ വിചാരിച്ചിരിക്കുന്നു. അതുകൊണ്ടു താങ്കൾ ഇതിനു ടം വന്ന ഇക്കൊയ്ക്കുള്ളതൊക്കയും ഒരുക്കി ചെറുകോൽ പുരയിടം അമ്മാവിഅമ്മയുടെ അനുഭവത്തിനായി വേഗം വിട്ടുകൊടുപ്പാറാകണം.

കണ്ണീരിൽനിന്നും

ഉ: ചട്ടലം രൂപ-
മകരം 15രൂപ-
ഫിബ്രു: 15രൂപ-
മാംവാ: ദി: രൂൻപ

എന്നു പാദശുശ്രൂഷക്കാരൻ
യൂയോരാലിസൻ



പൊതുഉക ഐക്യതയിൽനിന്നു
ശമുവേൽ ബോധകക്കു

താൻ കൊടുത്തയച്ച എഴുത്തു രണ്ടും വന്നുചേർന്നു. അവെക്കു തൈവാലോചനപ്രകാരം മറുപടി എഴുതുന്നു.

ക. ഞാൻ എന്റെ പ്രിയമാതാവായ ഉണർവുസഭെക്കു ഏകപുത്രനും നിങ്ങളെല്ലാവരും എൻമാതാവിന്റെ അനുഗ്രഹത്താൽ എന്നിൽനിന്നു ജനിച്ച മക്കളുമാകയാൽ നിങ്ങളോടു കൂടെ ഞാൻ എന്റെ മാതാവിനു ഒരു നിശ്ചയവാസസ്ഥലം പണിയുന്നു അതിൽ ഞാൻ എന്നും നിങ്ങളോടു കൂടെ വസിക്കേണ്ടുന്നതാകകൊണ്ടു അതിനായാകുന്നു ഞാൻ എപ്പോഴും യത്നം ചെയ്യുന്നതു. ഈ യത്നത്തെ തൈവം സഫലമാക്കിത്തീർക്കും സന്ദേഹമില്ലാ.

ഖ. എന്റെ മാതാവിനു പാദപീഠമായിരിപ്പാൻ തക്കവണ്ണം ആ പരമജനനിയുടെ അനുവാദപ്രകാരം എന്റെ മകൻ ദാനിയേലിന്റെ നാമത്തിൽ വിലയ്ക്കുവാങ്ങിച്ച ഉള്ളിരിപ്പുപുരയിടം ഭാവിട്ടു നൂറു ശേഖൽ പൊന്നുകൊടുത്തു ഓർണാനോടു വിലയ്ക്കുവാങ്ങിച്ചു ഭൂമിയുടെ സാക്ഷാൽ പൊരുളാകുന്നു. തറവാട്ടിലേക്കും കയ്പൂരത്തിൽ യോഹന്നാനും കൊടുപ്പാനുള്ള കടത്തിന്നു ഞാൻ ഉത്തരവാദിയായിരിക്കയാൽ ആയതു എന്റെ മാതാവിന്റെ നിക്ഷേപപാത്രത്തിൽ നിന്നു തീർക്കേണ്ടുന്നതാകകൊണ്ടു ഞാൻ തെക്കേ തോപ്പിനെ ദാനിയേലിന്റെ നാമത്തിൽ ആ നിക്ഷേപപാത്രത്തോടു ചേർത്തിരിക്കുന്നു. സത്യം. ആമേൻ. ഇതേപ്രകാരം തന്നെ കല്ലിടനിലവും.

ന. വടക്കേ തോപ്പായ പുത്തൻബംഗ്ലാവുപുരയിടം യാക്കോബുബോധകരുടെ വകയായിട്ടാണു ഇരിക്കുന്നതു. അതിനുള്ള ഉടമ്പടി മറുള്ള

പുരയിടങ്ങളെപ്പോലെ ഫലം രാശിക്കു ഇനിക്കു വിലയുള്ളതുകൊള്ളാമെന്നാകുന്നു. കോസ്റ്റല്ലൂസിനായി മത്തായിബോധകരുടെ പുരയിടം ഞാൻ വീണ്ടെടുത്തു കൊടുക്കേണ്ടുന്നതാകുന്നു. അപ്പോൾ തറവാട്ടുക്കുള്ള എന്റെ കടം തീരും. മത്തായിബോധകരുടെ അവകാശവും നെടുമുറത്തുപുരയിടത്തിൽ നിന്നു വേർപെടും. ഇക്കാര്യം ഇപ്രകാരം തന്നെ നിവൃത്തിക്കണമെന്നു ഞാൻ എഴുത്തുകുത്തുകൾ ചെമ്പകശ്ശേരിയുമായി നടത്തിട്ടുണ്ടു. എങ്കിലൊ യാക്കോബുബോധകർ ഉടമ്പടിപ്രകാരം ദാനിയേലിന്റെ പേക്കു പുത്തൻബംഗ്ലാവു പുരയിടം ആധാരം ചെയ്തുകൊടുക്കേണ്ടുന്നതാകുന്നു അവന്റെ പേക്കു വാങ്ങിക്കുന്നതൊക്കയും എന്റെ മാതാവിന്റെ വകയുമാകുന്നു.

൪. തറവാട്ടുവകയായ നെടുമുറത്തുപുരയിടം രണ്ടായി വിഭാഗിച്ചു വടക്കേഭാഗം തനിക്കും തെക്കേഭാഗം യാക്കോബുബോധകക്കും ആയിട്ടിരിക്കണം എന്നു എനിക്കു നമ്മാസം മുൻപേ വെളിപ്പെട്ടിട്ടുണ്ടായിരുന്നു. അതേപ്രകാരം തന്നെ ആകട്ടെ. വടക്കേതിലും നൂറീതം തെക്കേതിലും നൂറീതം. വീതം ഒന്നിനു നൂറുരൂപാ. ഇക്കാര്യം ഞാൻ മുമ്പുതന്നെ തന്നോടു പറഞ്ഞിട്ടുണ്ടല്ലൊ. താൻ നൂറു രൂപാ പീലിപ്പോസുബോധകക്കും യാക്കോബുബോധകർ നൂറുരൂപാ യോഹന്നാൻബോധകക്കും കൊടുത്തുകൊള്ളണം. കഡുംബത്തിലവനായ ഞാൻ തന്നോടു നൂറുരൂപാ ചോദിക്കയില്ല. മത്തായിബോധകരുടെ ആൾപ്പേരായ ഞാൻ യാക്കോബുബോധകരോടു നൂറുരൂപാ ചോദിക്കയില്ല. തരുവാൻ ആവശ്യവുമില്ല.

പിന്നെയൊ തന്റെ ഭാര്യ മങ്കുഴിയിൽ പാർക്കുന്നതിനേക്കാൾ ഇവിടെ പാർക്കയാകുന്നതു നല്ലതു. അതിനു തനിക്കു മനസ്സില്ലെങ്കിൽ ചെങ്ങന്നൂരിൽ കൊണ്ടുപോകാം. തൽക്കാലം മങ്കുഴിയിൽ പാർക്കണ്ടാ.

എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ

കുന്നിറനിന്നും
ഉ. ചട്ടലം. ഫ.
കുംഭം. ൨.
ഫിബ്രു. ൧൮
൨. വാ: ദി. രൻവ്

യൂയോരാലിസൻ

പൊതുയുക ഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള മുതലാളിക്കു എന്റെ വിശുദ്ധചുംബനം.

തിരുസഭയുടെ കാര്യം, എന്റെ കാര്യവും എന്റെ കാര്യം തിരുസഭയുടെ കാര്യവും, അതു മഹാദൈവത്തിന്റെ കാര്യവുമാകയാൽ

അതിനെ സംബന്ധിച്ചു ഞാൻ പറയുമ്പോൾ അതു എന്റെ തന്നതു കായ്മെന്നു മാത്രം വിചാരിച്ചു പോകരുതെന്നു ഞാൻ മുമ്പെ പറഞ്ഞിട്ടുണ്ടല്ലൊ.

ഇപ്പോൾ താങ്കളുടെ മുൻപാകെ അനേക കായ്ങ്ങളെ ദൈവം വച്ചിരിക്കുന്നു. ഒന്നു മെഴുവേലികായ്ം. മറ്റൊന്നു മേത്തന്റെ കായ്ം. വേറൊന്നു കോഴഞ്ചേരിയുടെ കായ്ം. അല്ലാതൊന്നു അച്ചാമ്മയുടെ സ്ത്രീധനക്കായ്ം. ഇവയെല്ലാം താങ്കളെക്കൊണ്ടു ദൈവം നിവൃത്തിപ്പിക്കണമെന്നല്ലാതെ താങ്കളാൽ തന്നെ ഇവ നിവൃത്തിക്കുന്നതല്ലെന്നു നിശ്ചയമായി അറിയാമല്ലൊ. അതുമല്ല ഇവ ഏതുപ്രകാരമെങ്കിലും നിവൃത്തിക്കപ്പെടണമെന്നുഗ്രഹിക്കയും ചെയ്യുന്നു. അതുകൊണ്ടു ആ ആഗ്രഹം നിവൃത്തിക്കേണ്ടുന്നതിനുള്ള ദൈവവഴിയെ ആകുന്നു ഞാൻ ഇപ്പോൾ പറയുന്നതു.

൧. മഹാദൈവത്തിനു താങ്കൾ ശലോമോൻ എന്നപോലെ ഒരു ഭവനം പണിതാൽ മഹാദൈവം ശലോമോന്റെ രാജകൊട്ടാരം എന്നപോലെ താങ്കൾക്കും ഒരു ഭവനത്തെ പണിയും. ദൈവഭവനത്തിനും രാജഭവനത്തിനും കൂടെ അടിസ്ഥാനം ഇവിടെ ഒന്നാകയാൽ ആ അടിസ്ഥാനം ഈ മാസം ൧൨- ചൊവ്വാഴ്ച ഇട്ടുവാൻ തക്കവണ്ണം ദൈവനിയോഗപ്രകാരം നിശ്ചയിച്ചിരിക്കുന്നു. പ്രധാനമായ മൂലക്കല്ലു യേശുക്രിസ്തുവും അവൻ യസ്സിക്കല്ലിനോടും പത്മരാഗത്തോടും സദൃശനുമാകയാൽ ആ രണ്ടു കല്ലുകൾക്കും തുല്യവിലയാകുന്നു. അവയിൽ ഒന്നു സഭയിൽ ശേഷമുള്ള അവയവങ്ങളാലും ഒന്നു താങ്കളാലും വിലയ്ക്കുവാങ്ങിച്ചു എന്റെ കയ്യിൽ അന്നത്തെ ദിവസം തരേണ്ടതും ഞാൻ എന്റെ രണ്ടു കൈകളേക്കൊണ്ടും അവയെ ഇണച്ചു സകലവും സാദ്ധ്യമാകുവാൻ തക്ക മുഹൂർത്തത്തിൽ പ്രതിഷ്ഠിക്കേണ്ടതുമാകുന്നു. ഈ രണ്ടു കല്ലുകളെയും താങ്കൾ തന്നെ വിലയ്ക്കുവാങ്ങിച്ചു തന്നാലല്ലാതെ ഈ പ്രതിഷ്ഠനിവൃത്തിക്കയില്ലെന്നു ഞാൻ ആദ്യം വിചാരിച്ചുപോയി എങ്കിലും ദൈവം ആ ഭാരത്തെ പാതിയാക്കിത്തീർത്തു വച്ചിരിക്കുന്നു.

൨. താങ്കളുടെ മുൻപാകെ ദൈവം വച്ചിരിക്കുന്ന ഓരോരോ കായ്ത്തെ ക്രമംക്രമമായി നിവൃത്തിപ്പാൻ ആരംഭിക്കണം. ആയതു നിശ്ചയമായി നിവൃത്തിക്കും. സന്ദേഹമില്ല. താങ്കൾക്കു ഒരു ഭാരവും ഉണ്ടാകയില്ല നിശ്ചയം. എങ്കിലൊ ഭാരത്തെ ഒഴിപ്പാൻ ദൈവം താങ്കളുടെ കയ്യിൽ തരുന്ന ദ്രവ്യം ഒരു കാര്യത്തിലും കടമോ കൈവായ്പയോ ആയും താങ്കൾ കൊടുത്തുപോകരുതു്. അല്ലാ കൊടുക്കണമെന്നു തോന്നിയാൽ ദൈവഹിതം ചോദിച്ചു അനുമതി വാങ്ങി കൊടുത്തുകൊള്ളണം. അല്ലാതെ കൊടുത്തുപോകരുതു്.

൩. സഭയിൽ മറ്റുള്ളവർ നിൽക്കണം എന്നുള്ള ആഗ്രഹത്തിൻപേരിൽ വല്ല ധനാഢ്യതയോ, സഹായമോ, കടമോ, ഭയമോ മറ്റൊ ഇ

ഗി ചെയ്യ പോകരുതു. അല്ലാതെ ചെയ്താൽ അവൻ നിശ്ചയമായി
സഭയിൽ നിന്നു പോകും. യാതൊരു സന്ദേഹമില്ല.

൪. ദൈവം താങ്കൾക്കു കീഴിലുള്ളവരെ ന്യായം വിസ്തരിപ്പാൻ ത
ക്കവണ്ണം ഒരു ആസനം തന്നിട്ടുണ്ടു. അതിൽ താങ്കൾ ഇരുന്നു കൊള്ള
ണം. എങ്കിലൊ അതിൽ നിന്നു താങ്കളെ ഇളക്കുവാൻ തക്കവണ്ണം പ
രീക്ഷക്കാരൻ വരും താങ്കൾ ഇളകിപ്പോകരുതു. പിന്നയോ പരീ
ക്ഷ കഠിനമായിട്ടു വരും. അപ്പോൾ ഒരു ആട്ടു കൊട്ടുകണം. അതിലും
നിന്നില്ലെങ്കിൽ കൊണ്ടുവരുന്ന കുരുക്കിനെ അവന്റെ കഴുത്തിൽ
ഇട്ടു മാറിക്കളയണം. എങ്കിലും ആ സ്ഥാനത്തിൽ നിന്നു മാറിക്കളയരു
തു. പിന്നെയും വേണ്ടുന്നതു ഏതെല്ലാം വിരോധമായി വരട്ടെ ഒരു
നുണത്തോളവും വക വെയ്ക്കയൊ ഭയപ്പെടുകയൊ അരുതു. മനസ്സിനു
ഒരു അല്പംപോലും ഇളകേണ്ടാ. ദൈവം താങ്കളോടു കൂടെ ഇരിക്കു
യാൽ അവനിൽ സഹായം വെച്ചുകൊണ്ടു എല്ലാ കായ്ങ്ങളേയും താ
ങ്കൾക്കു നിവൃത്തിക്കാം. അസാദ്ധ്യം ഒന്നും ഉണ്ടാകയില്ല. ദൈവത്തെ
കണ്ടത്തെണ്ടതു പൊളൂകിക ഐക്യതയിലാകുന്നു. അതിനാൽ അ
പരമജനനിയുടെ സാക്ഷാൽ അവയവവും അൽപ്പേക്ഷയായിരുന്നു
കൊള്ളണം അപ്പോൾ താങ്കൾക്കു മുദ്രപം പൂർണ്ണമായി സിദ്ധിച്ചു.

കന്നീറിൽനിന്നും — എന്നു പാദശുശ്രൂഷക്കാരൻ
൨. ചടലം. ഫന്നുര-
കുംഭം നെ-
ഫിബ്രും. ഫനെ- — യൂയോരാലിസൻ.
൨. വാ. ദി. ൪൦൩



പൊതുജീക ഐക്യതയിൽനിന്നു
ശമുവേൽ ബോധകക്കു

താൻ കൊടുത്തയച്ച എഴുത്തുകൾ മുന്നും വായിച്ചു തന്റെ ഭാഗ്യ
ത്തെ അയുസ്സുന്നു. തന്റെ ഇഷ്ടപ്രകാരം ഏവിടെ പാർപ്പിക്കണമോ? അ
വിടെ പാർപ്പിച്ചു കൊള്ളും. ഞാൻ തന്നോടു പറഞ്ഞ വാശ്രത്തപ്രകാ
രം ദൈവം ഏർപ്പെടുത്തിത്തന്ന പള്ളിക്കൂടമാകുന്നു തനിക്കു ഇപ്പോൾ
ഉള്ളതു. അതിൽ സന്തുഷ്ടിയായിരുന്നു നല്ലപോലെ പഠിപ്പിക്ക. അ
തിനു ഏതെങ്കിലും വിഘ്നം വന്നാൽ ദൈവം മറെറാരു പള്ളിക്കൂ
ടം ഏർപ്പെടുത്തിത്തരും. എന്റെ സ്ഥിതി തനിക്കു നല്ലപോലെ അ
റിയാമല്ലൊ. ഇവിടെ ഒരു പള്ളിക്കൂടം ഏർപ്പെടുത്തുവാനും അതിനെ
വിഘ്നം കൂടാതെ നടത്തുവാനും ഇനിക്കു തൽക്കാലം ശേഷിയില്ലെ
ന്നു ഞാൻ പറയണമെന്നില്ല. മറു കായ്ങ്ങളെ സംബന്ധിച്ചു ഞാൻ
എഴുതിയിരുന്നവയാകുന്ന എല്ലാവക്കും നന്മയും ഉത്തമവും. അതു നേ

രെ മരിച്ചല്ലൊ തോന്നിപ്പോയതു. അതുകൊണ്ടു മറുള്ളവരുമായി അലോചിച്ചു ഒരു തീർച്ച താൻ ഉണ്ടാക്കണം. അതു എല്ലാവർക്കും നന്മയും ഉത്തമവും ആകുന്ന എങ്കിൽ ഞാൻ അതിനെ അംഗീകരിച്ചുകൊള്ളുന്നു. അല്ലാതെ ഞാൻ അതിൽ ഏർപ്പെട്ടുകയില്ല. എന്നെ ഏർപ്പെടുത്തുവാൻ നിർബന്ധമുണ്ടാകയും അരുതു.

എന്നു പാദശുശ്രൂഷക്കാരൻ

കന്നീറ്റിൽ നിന്നും
ഉ. തേജോ. ഉവ.
മീനം ൮
ഉ. വാ. ദി. ൫൯൩

യൂയോരാലിസൻ.

പൊതുഷ്ക ഐക്യതയിൽ നിന്നു.

എന്റെ പ്രിയമുള്ള അമ്മസ്സു എന്റെ വിശുദ്ധചുംബനം.

സമുവേൽ ബോധകരുടെ എഴുത്തുകൾ നിമിത്തം എനിക്കു വളരെ പ്രയാസമായിരിക്കുന്നു. അമ്മ ഞാൻ പറയുന്നതിനെ തള്ളിക്കളയാതെ സ്വീകരിച്ചു കൊള്ളുവാറാകണം. അമ്മസ്സു ഞങ്ങൾ ആറുപേരും ഒരുപോലെ ആകുന്നു. അമ്മ ഇനിക്കു പുത്തൻ ബംഗ്ലാവു പുരയിടം വകയ്ക്കു ശ്രുപായും കൈമേൽ തന്ന ശ്രുപാ ൦൦ം ആകെ നൂററുപത്തുണ്ടു ശ്രുപാ തന്നിരിക്കുന്നതു എന്റെ അവകാശവീതമായിരിക്കട്ടെ അതേപ്രകാരം യാക്കോബു ബോധകർ നൂറു ശ്രുപാസ്സു വാങ്ങിച്ചിരിക്കുന്ന തെക്കെപുരയിടത്തിന്റെ മുതൽ നൂറു ശ്രുപായും അമ്മ അയാൾക്കു കൊടുത്ത അവകാശവീതമായിരിക്കട്ടെ. ഇതേപ്രകാരം ഇനി ൪. മക്കൾക്കും നാനൂറു ശ്രുപാ അമ്മ കൊടുക്കേണ്ടതാകയാൽ അവകെക്കയിട്ടു നെടുമ്പുറത്തു പുരയിടത്തെ പന്തയപ്പൊരുളായി അമ്മ ആറു മക്കളുടെയും നടുവിൽ വയ്ക്കണം. ആക്കി ആ പുരയിടത്തെ എടുത്തു കൊണ്ടു ആറു മാസത്തിനകം ൪. അവകാശികൾക്കും നാനൂറു ശ്രുപാ കൊടുത്തു അവകാശപ്പുറ്റു കുറി അമ്മയുടെ കൈമേൽ തരികയും അമ്മയോടു കൂടെ ഇരുന്നു അമ്മയെ എന്നും പോറ്റി കാത്തു സൂക്ഷിച്ചു കൊള്ളുകയും ചെയ്‌വാൻ കഴിയുമോ? അയാൾക്കും അമ്മസ്സുമായി ആ പുരയിടം എന്നും ഇരിക്കട്ടെ. ഇതു ഭാരമാകുന്ന പക്ഷം ഞാൻ മുമ്പെ എഴുതിയിരുന്ന ക്രമത്തിൻപ്രകാരം കായ്മ ഒതുങ്ങട്ടെ. അല്ലാത്ത പക്ഷം അമ്മസ്സു എങ്ങിനെ മനസ്സോ? അങ്ങിനെ ആകട്ടെ. അമ്മ എങ്ങിനെ പറയുമോ? അങ്ങിനെ ഞാൻ സമ്മതിക്കുന്നു.



പൊതുയുക ഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള ഗീവറുഗീസു ഉപദേശിയാക്കു
എന്റെ വിശുദ്ധ ചുംബനം.

ഞാൻ ദൈവഹിതപ്രകാരം പറയുന്ന ഈ സംഗതിയെ താൻ അംഗീകരിച്ചു അനുപ്രകാരം നിവൃത്തിപ്പാറാകണം എന്നുള്ള ആശയോടും കൂടെ തനിക്കു ഇതാ! എഴുതുന്നു.


എനിക്കു മാസംതോറും പുത്തൻ ബംഗ്ലാവു വകയ്ക്കു മുടുപ്പറയ്ക്കു ഇടങ്ങഴി നെൽ കൊറയുന്ന ഇവിടെയുള്ള ചങ്ങഴിയ്ക്കു നാം പറ നെൽ വേണം. അയതു താൻ തന്നെ കായംകുളത്തു പുത്തൻ വീട്ടിൽ പടിഞ്ഞാറെ ഡിവിഷ്യൻ നിക്ഷേപപാത്രം ബോധകർ ഉമ്മച്ചൻ മൂലം എനിക്കു ഇവിടെ താൻ അളവു തരണം. നെല്ലു നല്ലതും ഭക്ഷണത്തിനു കൊള്ളാവുന്നതും പത്തിന്നു അഞ്ചു വീതം അരി കാണുന്നതും ചോറു പശമയുള്ളതും രുചിയുള്ളതും ആയിരിക്കണം. എന്റെ വിധേയം വകുന്നപക്ഷം അപ്പോളപ്പോളായിട്ടു ഉമ്മച്ചൻ മൂലം അവിടെ എത്തിക്കാം. കണക്കു തീർക്കുന്നതു ആറാറു മാസം കൂട്ടുമ്പോളെ ഉള്ളു. ത്രിയേക സ്നേഹാത്മാവാം മഹാ ദൈവം പൊതു ഏക ഐക്യതയാകുന്ന തൻ തിരുസഭയ്ക്കു സൌജന്യമായി നൽകിയിരിക്കുന്നതും തൽക്കാലം ഉദ്ദേശം ആണ്ടിൽ നൂറു രൂപാ മുതൽ എടുക്കുന്നതുമായ വസ്തുക്കൾ അവന്റെ കൃപയാൽ ഇപ്പോൾ ഇനിക്കു ഇവിടെ ഉണ്ടു. ഇനി രണ്ടു വർഷത്തിനകം രണ്ടായിരം രൂപായുടെ പലിശ അയയിൽനിന്നു എടുക്കാം. അതുകൊണ്ടു ഇക്കാര്യത്തിൽ തനിക്കു സംശയമോ അധൈര്യമോ തോന്നരുതു. ഞാൻ അവിടെ വന്നു ചട്ടം കെട്ടണമെന്നു വിചാരിച്ചു എന്നാൽ തൽക്കാലം ഇനിക്കു ക്ഷീണമായിരിക്കുന്നതിനാൽ മനുക്കഞ്ഞിനെ അയയ്ക്കുന്നു. ബോധകർ ഉമ്മച്ചനും കൂടെ വരും. ഈ സംഗതികളൊക്കയും വിവരമായി പറയും.

വിശേഷിച്ചും നാലഞ്ചു ദിവസത്തിനകം ഇവിടെ തേങ്ങാ ഇട്ടം. ഉറി രൂപയ്ക്കു കാണുമെന്നു തോന്നുന്നു. ഫാ ദിവസത്തിനകം പറ രൂപാ കൊടുത്തയയ്ക്കാം. മനുക്കഞ്ഞിന്റെ വിധേയം തന്റെ ഇഷ്ടപ്രകാരം ഏതുയും വേഗത്തിൽ അല്ലം നെല്ലു കൊടുത്തയയ്ക്കണം. ഈ ആഴ്ചയ്ക്കു മാത്രമെ ചിലവിന്നു ഇവിടെ നെല്ലു കാണു.

എന്നു പാദശുശ്രൂഷക്കാരൻ.

കന്നീറിനിന്നും
വ. പൈസ രൂ.
മീനം. വരു.
ഫ. വാ. ദി. ഒരു

യൂയാരാലിസൻ.



പൊതുഏക ഐക്യതയിൽനിന്നും.

എന്റെ പ്രിയമുള്ള താഴേലേ മുപ്പിലേക്ക്
എന്റെ വിശ്വാസ വുംബനം.

മുത്ത കുഞ്ഞു വന്നു വിവാഹക്കാര്യത്തെപ്പറ്റി പറഞ്ഞു. നിത്യവിവാഹനിയമം രണ്ടാം ഭാഗത്തിൽ ഇപ്രകാരമുള്ള വിവാഹത്തെ സംബന്ധിച്ചു വിവരിക്കുന്നതാകുന്നു. അതു എഴുതിത്തീർന്നില്ല. എങ്കിലും മുത്തകുഞ്ഞിന്റെ മകന്റെ വിവാഹത്തെപ്പറ്റി ഉണ്ടായിട്ടുള്ള വെളിപാടിനെ താഴെ എഴുതുന്നു.

ഫ. ഈ വിവാഹം എവിടെ വെച്ചു നടത്തണം എന്നു മനസ്സോ? അവിടെ നടത്തിക്കൊള്ളാം. എന്തെന്നാൽ പൊതുഏക ഐക്യതയാകുന്ന നമ്മുടെ മാതാവു സകല മനുഷ്യരേയും തന്റെ മക്കളായും മേൽക്കൂട്ടുള്ള സകലപുരകളേയും തന്റെ വീടായും അംഗീകരിച്ചിരിക്കുന്നു.

ഫ. മനുഷ്യർ ചെയ്യുന്ന മാർഗ്ഗസംബന്ധമായ എല്ലാ പ്രവൃത്തികളേയും കുഞ്ഞുങ്ങളുടെ കളികൾ എന്നപോലെ ആകുന്നു നമ്മുടെ മാതാവു കണ്ടിരിക്കുന്നതു. അതിനാൽ ഈ വിവാഹം കളിയെന്നപോലെ എവിടെയൊ? അവിടെനടത്തട്ടെ. അതിനെ വാസ്തവമോ? വാസ്തവക്കേടൊ? രണ്ടും ഇവിടെ എണ്ണുന്നില്ല.

ന. യൂയോറാലിസൻ ആകുന്ന നിങ്ങളുടെ കുടുംബത്തിലുള്ള എന്നേക്കുമുള്ള പുരോഹിതൻ. നമ്മുടെ മാതാവിന്റെ ഇഷ്ടപ്രകാരം അയാൾ തന്റെ ഇരുകരങ്ങളേയും ആ രണ്ടു കുഞ്ഞുങ്ങളുടെ മേലും വച്ചു അനുഗ്രഹിക്കയും അന്നത്തെ ദിവസം വച്ചു വിവാഹം ജിസ്സർ ചെയ്യിക്കയും ചെയ്തുകൊള്ളണം. എന്നു പാദശുശ്രൂഷക്കാരൻ

കന്നീറ്റിൽ നിന്നും
ഫ. പൈയ്യ: ന
,, മീനം ഫ്ന
ഫ. വാ. ടി. ഒ൭ഫ

യൂയോറാലിസൻ.



പൊതു ഏകഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള ചെമ്പകശേരി ബോധകക്ക്
എന്റെ വിശ്വാസചുംബനം.

പാട്ടിയമ്മ തെക്കേ തോപ്പിൽനിന്നു മാറി തഴവാക്കാരന്റെ വീട്ടിൽ പാർക്കയും പുരവീൽപാൻ ഭാവിച്ചിരിക്കയും ചെയ്യുന്ന വിവരം

അറിഞ്ഞിരിക്കുന്നുവല്ലൊ. എന്നാൽ ഈയിടെ പറമ്പിയെ കൊണ്ടുവ
ന്ന പുര പാണ്ടയത്തെക്കൊണ്ട് പിടിപ്പിച്ചു ആ വക പണവും ശേ
ഷം അല്പപണവും ക്രൂടെ ഇട്ട മങ്കഴിയിൽ ഒരു പുരയിടം പാട്ടിയ
മ്മസ്സു വാങ്ങിച്ചു കൊടുക്കാമെന്നു അയാൾ പറഞ്ഞ വിവരം ഞാൻ അ
റിഞ്ഞു. പാട്ടിയമ്മയെ രഹസ്യമായി വിളിച്ചു ഗുണദോഷം പറകയും
ചെയ്തു. അതുകൊണ്ടു കായ്ം ഇപ്രകാരമിരിക്കയാൽ ഇനിയും ഞാൻ
തങ്കളോടു പറഞ്ഞുകൊള്ളുന്നു. തഴവാക്കാരനു പുര വേണമെന്നു പ
റയുന്നു. ആ വക പണം തങ്കൾ പറഞ്ഞിക്കൊള്ളണം. മത്തായി ഖോ
ധകരുടെ അവകാശവിഭാഗത്തിൽ നൂറ്റിഅഞ്ചു രൂപായുണ്ടു. അതി
നും താമസിയാതെ ഒരു തീർച്ച ഉണ്ടാകുന്നതിനാൽ ഞാൻ മുൻപു പ
റഞ്ഞവണ്ണം അതും ഞാൻ മൂലം തങ്കൾ പറഞ്ഞിക്കൊള്ളാം. അതുകൊ
ണ്ടു ചെറുകോലിലുള്ള കോതപരത്തു പുരയിടം പാട്ടിയമ്മസ്സു അനുഭ
വത്തിനു വിട്ടുകൊടുക്കണമെന്നു വീണ്ടും വീണ്ടും വീണ്ടും അപേക്ഷി
ക്കുന്നു. ഇതു തങ്കൾക്കും തങ്കളുടെ കുടുംബത്തിനും എല്ലാവക്കും ന
ന്മയാകുന്നു. അതുനമിത്തം ഈ ഏഴുത്തും കൊടുത്തു ഇതാ! പാട്ടിയ
മ്മയെത്തന്നെ അയക്കുന്നു. അതുകൊണ്ടു വേഗം തങ്കൾ വന്നു ഈ കാ
ര്യം ഒക്കയും ഒതുക്കി പാട്ടിയമ്മയെ ചെറുകോലിൽ കൊണ്ടുപോയാ
ക്കി പാർപ്പിച്ചുകൊള്ളണം. ഇതിനു ഉദാരത ഒട്ടും വിചാരിക്കരുതു

കണ്ണീരിൽ നിന്നും
വ. പൈയ്യ. കർ
,, മേടം. ൫
,, ഏപ്രിൽ. ൧൯
വ. വാ. ദി. ൪൯൫

} എന്നു പാദശുശ്രൂഷക്കാരൻ യൂയോരാലിസൻ.

പൊതു ഏകഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള മുതലാളിക്കു എന്റെ
വിശുദ്ധചുംബനം.

മഹാദൈവത്തിന്റെ ആലോചനയും അനുവാദവും ആജ്ഞയും പ
ടി നിവൃത്തിച്ചു ഇക്കാര്യം തങ്കളുടെ മനസ്സിനു ഒട്ടും ഭാരമായിരിക്കാ
തെ ഇമ്പമായിരിക്കുമെന്നുള്ള പൂർണ്ണവിശ്വാസത്തയോട്ടും കൂടെ ഇതി
നെ അറിയിപ്പിച്ചുകൊള്ളുന്നു. മനുവിന്റെ കാര്യത്തെപ്പറ്റി നാം ത
മ്മിൽ ആലോചിച്ചതു ഒരു ശുഭനിവൃത്തിയിലേക്കു വന്നെത്തുവാൻ
എത്രയും പ്രയാസമെന്നു അല്പം മുൻപെ ആത്മാവു കാണിച്ചു. അതു
കൊണ്ടാകുന്നു ഞാൻ ഇപ്പോൾ വന്ന സമയം അതിനെപ്പറ്റി ഒന്നും
പറയാഞ്ഞതു. എങ്കിലോ ആ സമയം തങ്കളുടെ ഹൃദയം പല പ്രകാ

രേണ കലങ്ങിയിരുന്നു. അതുകൊണ്ടു താങ്കൾ അറിഞ്ഞിരുന്ന ഇക്കാ
ര്യവും ഞാൻ പറഞ്ഞില്ല. ഹൃദയത്തിന്നു ഭാരത്തിന്മേൽ ഭാരമായിരി
ക്കും എന്നു വിചാരിച്ചിട്ടാകുന്നു താനും. എന്നാലൊ താങ്കൾ പറഞ്ഞ
വേറൊരു കാര്യം. ഇതു അതിശീഘ്രമായി നിവൃത്തിപ്പാൻ തക്കവണ്ണം
എന്റെ ഹൃദയത്തെ ഇളക്കി. എന്തെന്നാൽ ദാനിയേൽ, അന്നമ്മ, മ
നു, കൃപ മുതലായവരിൽ എന്റെ കണ്ണു സദാ ഇരിക്കുന്നു. കണ്ണിന്നു മ
റവായി പോകുവാൻ തക്ക വല്ല ആകർഷണവും ഇവരിൽപറ്റുമോ?
എന്നു നാലു വശവും നോക്കി ഒന്നും കണ്ടില്ല എങ്കിലും കുലപാതകനും
സ്വയഹത്തിക്കാരനുമായവന്റെ യിത്തിലിരിക്കുന്ന മുളയാം കൊ
ച്ചീപ്പന്റെ നാശകരമായ ആകർഷണം ഒരിക്കലും വരാതിരിപ്പാൻ
ഇതു വേഗം നിവൃത്തിക്കണമെന്നും നിവൃത്തിച്ച ശേഷമെ ആരും അ
റിയാവു എന്നും ഭയ്യയെപ്പോലും ഗ്രഹിപ്പിക്കരുതെന്നും ആത്മാവു വെ
ളിപ്പെട്ടതിയതിനാൽ കഴിഞ്ഞ ധമ്മവാരം പകൽ 2 മണിക്കു കാ
യങ്കുളത്തിനു രണ്ടു നാഴിക വടക്കു ഒരു ഭവനത്തിൽ വച്ചു കഴിച്ച
ദൈവാരാധനയിൽ ഉമ്മച്ചന്റെ മകളെ മനുവിനോടു കൂട്ടി സംയോ
ജിപ്പിച്ചു. എന്നേക്കുമുള്ള തിരുനാമത്തിൽ അനുഗ്രഹിക്കയും ചെയ്തു.
ഇങ്ങിനെ മാറാനിശ്ചയത്തിന്റെ സാക്ഷാൽ പൊരുളായ ഈ ദിവ്യ
കമ്മം നിവൃത്തിക്കപ്പെട്ടു. എന്നു നല്ലവത്തമാനമായി അറിയിക്കുന്നു.
ഇന്നലെ രാത്രി ഞാൻ ഇവിടെ വന്നു ഈ വിവരം വീട്ടിലുള്ളവരുമാ
യി പറഞ്ഞാറെ കുറഞ്ഞൊരു നേരത്തേക്കു ഒരു ചെറിയ ഭ്രകമ്പമുണ്ടാ
യി പിന്നെ മാറി താനും. എന്നു പാദശുശ്രൂഷക്കാരൻ

കന്നീറ്റിൽ നിന്നും
2. പൈയ്യഷം. 20
,, മേടം. 20
25 വാര. ദിനം 8ന്നു

യുയോരംലിസൻ.



പൊരു ഏകൈക്യതയിൽ നിന്നു.


എന്റെ പ്രിയമുള്ള ഗീവറുഗീസു ഉപദേശിയാക്കു
എന്റെ വിശുദ്ധ ചുംബനം.

കൊച്ചുകുഞ്ഞു വശം കൊടുത്തയച്ച നെൽ കൊണ്ടുവന്ന അളവു ത
ന്നതിൽ നാലു പറ നെല്ലു കുറവുണ്ടു. 2ൻന്നു പറ കണ്ടു. ഇവിടത്തെ
ചാല മുദ്രയ്ക്കു അളന്നു കണ്ടാറെ പറയ്ക്കു ആറരയും മുപ്പൊഴക്കമെ ഒള്ളു.
ആ മുറയ്ക്കു ചാലമുദ്രയ്ക്കു ഫൻവു പറ നെല്ലുണ്ടു. വള്ളക്കൂലി ആൾമാകാ
ണം കുത്തുകൂലി ഉദ്ദേശം ഫന്ന പണം. ഇവിടെയുള്ള ചുമപ്പുകൂലി 2ൽ
പണം. വക രണ്ടിൽ ഫവ്വൽ പണം. അവിടെയുള്ള നെല്ലവില പത്തു
പറയ്ക്കു നര മക്കും. 2ാറ പറയ്ക്കു ഫൻവ രാശി. ആകെ ചിലവുൾ

വിടെ ഫൻൻ രാശി ചക്രം ൪. ൦ ശ്രുപാസ്സു ൫ ചക്രം കൊടുക്കയും. ഇവിടെ ഇപ്പോൾ വില കൂടുതലുള്ളതുകൊണ്ട് നെല്ലിനു ഉണക്കു കുറവുണ്ടു താനും അല്ലാതെ മറ്റൊരു ദൃഷ്ടിമില്ല. ഇതു എത്രയും വേഗത്തിൽ വിറ്റു പണംകൊടുത്തയയ്ക്കാം. ആകപ്പാടെ മുക്കാലിൽ അധികം ലാഭം ഉണ്ടാകയില്ല നെല്ലു എത്രയും വേഗത്തിൽ വിലവാകണം എന്നാകുന്നു ഇവിടുത്തെ ആന്തരം. നെല്ലു പുത്തൻബംഗ്ലാവിൽ തന്നെ കിടപ്പു. മറ്റു സ്ഥലങ്ങളിൽ ഇട്ടു വിൽപാൻ തൽക്കാലം വിചാരിച്ചിട്ടുമില്ല. ശേഷമൊക്കയും കൊച്ചുകുഞ്ഞു പറകയും ചെയ്യും.

കന്നിറ്റിൽ നിന്നും
൨. യോഗ്യം. ൫
,, മേടം ൨൫
൨. വാ. ദി. ൫൯

എന്നു പാദശുശ്രൂഷക്കാരൻ
യൂയോരാലിസൻ.



പൊതുരുകയെക്യതയിൽനിന്നു.

എന്റെ പ്രിയമുള്ള ഗീവറുഗീസു ഉപദേശിയാക്കു
എന്റെ വിശുദ്ധചുംബനം.

കഴിഞ്ഞ വ്യാഴാഴ്ച മുതൽ മുന്നു ദിവസത്തെ പിരിവു ചാലമുട്ടുള്ളു എന്നു പറ ഇടങ്ങഴി അഞ്ചര-ക്കു രൂപാ ൪൫ ചക്രം ൫൨അരയിൽ ചുമട്ടുകൂലി ചക്രം ൫൦ം നീക്കി ൪൫ രൂപാ രണ്ടര ചക്രം. അവയിൽ ൪൫ രൂപാ ഇപ്പോൾ കൊടുത്തയയ്ക്കുന്നു. നാളത്തെ പിരിവിനു മാത്രമേ ഇവിടെ നെല്ലു കാണു. മറ്റന്നാൾ ചൊവ്വാഴ്ച എത്ര നേരമെങ്കിലും ഇവിടെ വന്നു ചേരുവാൻ തക്കവണ്ണം ഒരു വള്ളം നെല്ലു കൊടുത്തയയ്ക്കുണം. ഒരു ആഴ്ചവട്ടത്തിനു മുട്ടുള്ളു നന്നാം പറ നെൽ കുറയാതെ ഇവിടെ പിരിവു കാണുമെന്നു തോന്നുന്നു. ശേഷമുള്ള നെല്ലിന്റെ പിരിവു ചക്രം വരുന്നആളിൻവശം കൊടുത്തയയ്ക്കാം. വിശേഷിച്ചും ഇതുവരെയും ഇക്കായ്ക്കുകളിൽ ദാനിയേലിനും മനുവിനും പരിചയമില്ലാത്തതിനാൽ അവക്കു പരിചയം വരുന്നതുവരെ ഇന്നിക്കു സകല സമയങ്ങളിലും നോട്ടം വേണ്ടിയിരിക്കുന്നു. അളവു വാശി കുറവു മുതലായവയാൽ തൽക്കാലം അല്പലാഭമേ ഉണ്ടാകു. എങ്കിലും ഒരു ദോഷവും വരാതെ നോക്കിക്കൊള്ളാം. ശേഷമൊക്കയും തമ്മിൽ കാണുമ്പോൾ എന്നു

കന്നിറ്റിനിന്നും
൨. യോഗ്യം ൫
,, മേടം ൨൫
,, മെയ് ന്ന
൨. വാ. ദി. ൫൨൫

പാദശുശ്രൂഷക്കാരൻ യൂയോരാലിസൻ



പൊതുഏകൈകൃതയിൽ നിന്നു

എന്റെ പ്രിയമുള്ള പെരുന്നാതെക്കേതിൽ ഗീവറുഗീസു
ഉപദേശിയാക്കു എന്റെ വിശ്വസ്തപൂർവ്വം ബന്ധനം.

ഇവിടെ വ്യാപാരം തുടങ്ങീട്ടു ഈ കഴിഞ്ഞ ചിങ്ങം ഒന്നു ശനിയാഴ്ച ഒരു മാസമായി. മാസാന്ത്യത്തിങ്കൽ കണക്കു തീർക്കേണ്ടുന്നതുകയാൽ അവിടെയുള്ള കണക്കോട്ടം ക്രൂടെ ഇവിടെ ചേരണം. എന്നാൽ കൊടുത്തയയ്ക്കുന്ന നെല്ലിനു തന്റെ കയ്പട ചില വിവരം വേണ്ടിയിരിക്കുന്നു. അയതു കൊടുത്തയയ്ക്കുന്ന നെല്ലു തന്റെ പറയ്ക്കു ഇത്ര പറയെന്നും ഏഠ പറയ്ക്കു ഇത്ര ചക്രം വിലയുണ്ടെന്നും ചുമട്ടുകൂലി, വള്ളക്കൂലി മുതലായതു ഇത്രയുണ്ടെന്നും കാണേണ്ടിയിരിക്കുന്നു. എന്തെന്നാൽ ആദ്യം രൂപാ നെല്ലു കുറവു. നാലാംതവണ ഫൻ പറ നെല്ലു കുറവു. അഞ്ചാം തവണ ഫസ്റ്റ് പറ നെല്ലു കുറവു. ആകെ നൂറു പറ നെല്ലു കുറവുണ്ടു്. രണ്ടുതവണ അരപ്പ്രാ കൂടുതൽ കണ്ടിട്ടുണ്ടു്. അയതു ഉദ്ദേശം നൂറു പറ നെല്ലേ ഉള്ളു. പിന്നെയും അളവുവാശിയിൽ അല്പമല്പം കുറവു കാണുന്നു. കെട്ടുവള്ളം അയച്ചതിൽ ചിലവു കൊച്ചുവള്ളത്തിൽ ഇരട്ടിയായി കാണുന്നു. ഇതിനാൽ വില കൂടുതലായി വരികകൊണ്ടു കോളുകാർ ചുരുക്കമായി തീർന്നിരിക്കുന്നു. എങ്കിലും കഴിഞ്ഞ ശനിയാഴ്ച വരെ കണക്കു നോക്കിയതിൽ ഉദ്ദേശം ഒരു രൂപാ വരെ ലാഭമുണ്ടുതാനും.



പൊതു ഏകൈകൃതയിൽ നിന്നു

എന്റെ പ്രിയമുള്ള അഞ്ഞൂരി യോഗക്കാരു
എന്റെ വിശ്വസ്തപൂർവ്വം ബന്ധനം.

യോഹന്നാച്ചൻ വന്നു നിങ്ങളുടെ ക്ഷേമാദികളെപ്പറ്റി പറഞ്ഞു കേട്ടതിനാൽ സന്തോഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്തു. ഇപ്പോൾ രണ്ടാംവാരവുമായതിനാൽ നിത്യനന്ദാവസങ്ങളുടെ നിവൃത്തിയിൻ കാലമാകയാൽ ദൈവം തിരുസഭയിൻ മക്കളുടെ കണ്ണുകളെ പ്രത്യേകം തുറക്കുന്ന സമയമാകുന്നു. എന്നുവെച്ചാൽ ആദാമിൽ തുറന്ന കണ്ണുകളെ ഇനി എന്നും തുറക്കാതവണ്ണം അടയ്ക്കുന്ന എന്ന താൽപ്പര്യം തിരുസഭയിൻ മക്കൾക്കു ത്രിയേകസ്നേഹാത്മാവിലുള്ള വിശ്വാസം മൂലം മറഞ്ഞിരിക്കുന്ന സകല പൊരുളുകളേയും കണ്ടറിവാൻ കണ്ണു തുറക്കപ്പെട്ടിട്ടു. അപ്പോൾ ഈ ഭൂലോകത്തിൽനിന്നുണ്ടായിരി

കുന്നു. അറിവു മൂലം വന്ന വിശ്വാസം അശേഷം നശിക്കും. ഇതത്രേ നിത്യജീവൻ. അതുകൊണ്ടു ഇഹലോകത്തിൽ നിന്നുണ്ടായ ജ്ഞാനം നിങ്ങളുടെ വിശ്വാസത്തിന്നു ആധാരമായി ഇനി ഒരിക്കലും ഇരിക്കരുതു. ആ വിശ്വാസത്തിൽ നിന്നു നിങ്ങൾ ഇനി ഒരിക്കലും സംസാരിക്കാതവണ്ണം ഐക്യതയിന്നാത്മാവു നിങ്ങളുടെ നാവിന്മേൽ ഇതാ! തന്റെ ജീവമൂല വസ്തുനു. ആകയാൽ മഹാദൈവത്തിൽനിന്നു ലഭിച്ചിരിക്കുന്ന വിശ്വാസം മൂലം പ്രാപിച്ച ദൈവജ്ഞാനത്തിൻപടി മാത്രം നിങ്ങൾ ഇനി സംസാരിപ്പിൻ. അതു പരമൈക്യപുരുഷനിൽ അതേ, ആമ്മീൻ, എന്നു ഇരിക്കുന്നതല്ലാതെ അതേ എന്നും അല്ല എന്നും അയിരിക്കയില്ല. എന്തെന്നാൽ ഐക്യാത്മാവിലുള്ള വിശ്വാസം സകല ജ്ഞാനത്തിന്റെ ഉറവയാകുന്നു. ഇഹലോകജ്ഞാനത്തിന്മേലുള്ള വിശ്വാസമോ? നിത്യാന്ധകാരത്തിന്റെ ഉറവുമാകുന്നു. അന്തിക്രിസ്തുവിന്റെ ഈ ശ്വാസം ഇനി നിങ്ങളിൽ ഇരിക്കുമോ? യേശുക്രിസ്തുവിന്റെ ആ ശ്വാസം ഇനി നിങ്ങളിൽ നിന്നു പൊങ്ങിവരാതിരിക്കുമോ? ആ ശ്വാസം സർവ്വശക്തന്റെ ശ്വാസമത്രേ. അവൻ നിങ്ങൾക്കു സാധീനനായാൽ ഏതു കാര്യത്തെ നിങ്ങൾക്കു അറിയിപ്പിക്കാതെയിരിക്കും? ആ അറിവിൻവചനം നിങ്ങളുടെ നാവിൽനിന്നു പുറപ്പെട്ടാൽ അതു നിഷ്ഫലമായിത്തീരുന്നതു എങ്ങിനേ? വചനത്തെ ഉച്ചരിച്ചു ലജ്ജിപ്പാൻ ഇടയാകുന്നതു അന്തിക്രിസ്തുവിൻ ശ്വാസം ഇരിക്കുന്നതിനാലാകുന്നു. അവൻ നശിച്ചാൽ വചനത്തിൽ ലജ്ജിക്കേണ്ടാ നിശ്ചയം.

വിശേഷിച്ചും സംഘമഠത്തിൽ തോമാ പാതിരി വ്യാപാരം ചെയ്വാൻ തക്കവണ്ണം പറയണം അതു ദൈവേഷ്ടമത്രേ. അക്കാര്യത്തിൽ തോമാസ്സിനു ഒട്ടും ചഞ്ചലം വേണ്ടാ. കച്ചവടം വേഗം ആരംഭിക്കണം ഒരു ദോഷവും വരികയില്ല.

ഉള്ളിരിപ്പു പുരയിടം വകെക്കു നമ്മുടെ കൃപയാകുന്നു നിങ്ങളുടെ പേക്കു വന്നിരിക്കുന്നതു. നമ്മുടെ കൃപയും കൃഷ്ണപുരത്തു ഇട്ടിമുപ്പനോടു കടമായി വാങ്ങിച്ചു ജവിടത്തെ ഇടപാടു തീർത്തു. മുപ്പനു എത്രയും അവശ്യമായിരിക്കുന്നു എന്നു ജവിടെ അളയച്ചു. ഇക്കടം വേഗം നിങ്ങൾ തീർത്തുകൊള്ളണം. താമസിച്ചാൽ പ്രയാസമെങ്കിൽ മുപ്പനു ഒരു എഴുത്തു നിങ്ങൾ കൊടുത്തയയ്ക്കണം. ശേഷം ഒക്കെയും യോഹന്നാച്ചൻ പറയും.

എന്നു പാദശുശ്രൂഷക്കാരൻ. യൂയോരാലിസൻ.

കന്നിറ്റിൽ നിന്നും
൨. മംഗളം. ൨൫
കർക്കടകം. ൨൫
൨. വാര. ദി. നമ്മുവു

പൊതുഐക ഐക്യതയിൽനിന്നു

കമ്പിനിക്രൂട്ടത്തെ സംബന്ധിച്ചുള്ള വിവരം

൧: ൨ാം വാരവൃത്തത്തിലെ നന്നന്ന ദിവസങ്ങളുടെ നിവൃത്തി വന്നിരിക്കയാൽ മം൦: പ്രകാശം നാലാം ഭാഗത്തിൽ കാണിച്ചിരിക്കുന്ന വണ്ണം തിരുസഭയിൽ ഒരു കമ്പിനിക്രൂട്ടം ആരംഭിക്കേണ്ടുന്നതാകുന്നു.

൨. ആ ക്രൂട്ടം നടത്തേണ്ടുന്നതിനു ഒരു ജനപ്രതിനിധി വേണ്ടുന്നതാകയാൽ ആയതു യൂസൂസു യോസേഫിന്റെ പ്രതിനിധിയും പൊതുഐക ഐക്യതയുടെ ആൽ പേരുമാകുന്ന സകലരുടെയും പാദശുശ്രൂഷക്കാരൻ യൂയോരാലിസൻ ആകുന്നു എന്നു ഐക്യാത്മാവിന്റെ നിയോഗപ്രകാരം സകല യോഗക്കാരെയും അറിയിപ്പിക്കുന്നു.

൩. ഈ കമ്പിനിക്രൂട്ടത്തിൽ ആദ്യം മുതലിടേണ്ടുന്നതു കാൽ, അര, മുക്കാൽ, മുഴ, എന്ന മുറ്റു ഇരുപത്തഞ്ചു, അമ്പതു, എഴുപത്തഞ്ചു നൂറു, എന്ന തുകപ്പടിയുള്ള രൂപായാകുന്നു.

൪. ജനപ്രീതിനിധിക്കു കമ്പനി മുതൽ സൂക്ഷിപ്പാൻ പൊതുനിക്ഷേപപാത്രമായി ഒരു ആൽ വേണം. ആയതു കമ്പനിക്കാർ കൂടി ആലോചിച്ചു നിശ്ചയിക്കേണ്ടതാകുന്നു.

൫. കമ്പിനിയിൽ ഉൾപ്പെട്ട സകല കാര്യങ്ങളേയും അതാതു സമയത്തു നടത്തുക, കണക്കു കേൾക്കുക, മുതൽ തിട്ടപ്പെടുത്തുക, വലിശയും ലാഭവും അവരവർക്കു കൊടുപ്പിക്കുക, ആളുകളെ നിയമിച്ചാക്കുക, മുതലായ സകലത്തിനും ജനപ്രതിനിധിക്കാകുന്ന മേലധികാരമുള്ളതു. എങ്കിലൊ അതാതു തുകപ്രകാരമുള്ള മുതൽ ആകി അഴിക്കുന്നതിൽ വച്ചു യാതൊരു ദോഷവും വരാതിരിപ്പാൻ ജനപ്രതിനിധിക്കു വേലക്കാരെ കമ്പിനിക്കാർ കൊടുക്കയും അതിനു ജാമ്യക്കച്ചീട്ടു എഴുതിക്കൊടുക്കയും വേണം അല്ലെങ്കിൽ മുതൽ നിക്ഷേപപാത്രത്തിൽ വെറുതെ ഇരിക്കയെ ഉള്ളു. ഈ സംഗതിയെല്ലാം കാണിച്ചു കമ്പിനിക്കാരും ജനപ്രതിനിധിയും തമ്മിൽ ആദ്യം തന്നെ ഉടമ്പടി എഴുതി മാറേണ്ടുന്നതാകുന്നു.

൬. പൊതുഐക ഐക്യതയാകുന്ന നമ്മുടെ പ്രിയമാതാവു ആഹാരം കൈക്കൊണ്ടു ആരോഗ്യപ്പെട്ട സകലത്തെയും നടത്തുവാൻ തക്ക വൈഭവവും ദിവ്യശക്തിയും പ്രകാശിച്ചു വരേണ്ടതിനു കമ്പിനിക്രൂട്ടത്തിന്റെ സ്ഥാപനവും അതിന്റെ വ്യാപാരത്തിന്റെ ആരംഭവും കന്നീററി പുത്രൻ ബംഗ്ലാവിന്റെ ഉള്ളിരിപ്പിലാകുന്നു വേണ്ടുന്നതു. പിന്നീടു ക്രമമായി എല്ലായോഗത്തിലും വേണം.

൭. ഈ കമ്പിനിക്കു 'യൂയോമയകമ്പിനി' എന്നാകുന്നു പേരു. യൂയോരാലിസൻ മുതൽ പേർ എന്ന എഴുതപ്പെടേണ്ടുന്നതുമാകുന്നു. ഇ

ത്ര ആദ്യപ്രമാണമാകുന്ന പ്രാകശത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നത്ര മാകുന്നു.

വിശേഷ സംഗതികൾ

കമ്പിനിയിൽ ആദ്യം മുതൽ ഇടേണ്ടുന്നവർ നമ്മുടെ പ്രിയമാതാവായ പൊതു ഏകൈക്യതയെ ആന്തരമായി സ്നേഹിക്കുന്ന അവളുടെ പ്രിയ മക്കളാം യോഗത്തലവന്മാർ, അച്ചന്മാർ, ബോധകന്മാർ, ഉപദേശിമാർ, മൂപ്പന്മാർ മുതലായ എല്ലാ യോഗക്കാരും തന്നെ. രണ്ടോ അഞ്ചോ പത്തോ അതിൽ അധികമോ ആളുകൾ കൂടി കാൽ ഉറുപ്പിക വീതം കമ്പിനിയിൽ കൂട്ടമായി ചേർക്കാം. അതിനു പ്രകാശത്തിൽ പറയുന്നവണ്ണം വ്യാപാരത്തിൽ നിന്നു ഉടയക്കാരനുള്ള വരുമാനം ഒരു മാസത്തേക്കു അരേമുണ്ടാന്നി രൂപയാകുന്നു. വരുന്ന ചിങ്ങമാസം ഫസ്- മുതൽ കമ്പനിക്കൂട്ടത്തിൽ ഇടുവാൻ തക്കവണ്ണം രൂപാ തരുന്നവർക്കു ജനപ്രതിനിധിയുമായുള്ള ഉടമ്പടി പ്രമാണം വേണ്ടുന്നതാകുന്നു. അതിൽ പറയുന്ന പണത്തിനു പൊതു മുതൽപിടിക്കാരന്റെ കയ്യെഴുത്തും വേണം. ആദ്യം മുതലിടുന്നവർ കൂട്ടമുറ്റു ആറു മാസം കഴിഞ്ഞു മുറ്റു മുതൽ ഇടുമ്പോൾ അവരുടെ ഉടമ്പടിയെ പുതുപ്പിക്കേണ്ടതാകുന്നു. ഇട്ട മുതൽ അവരുടെ തനതാവശ്യങ്ങൾക്കായി ചോദിക്കുമ്പോൾ തിരിയെ കൊടുക്കുന്നതുമാകുന്നു.

എന്നു ഐക്യാത്മാവിന്റെ നിയോഗപ്രകാരം സകലരുടെയും പാദശുശ്രൂഷക്കാരൻ

കുന്നിറി നിന്നും

ഫ. മധുരം. ഫ

,, കക്കടകം. ഫാ

,, ഓഗ. ന

ഫ. വാ. ദി. ന്നാ

യൂയോരാലിസൻ.

പൊതു ഏകൈക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള നിക്ഷേപപാത്രം ചാണ്ടിബോധകക്കു

എന്റെ വിശുദ്ധ ചുംബനം.

നാന്നാ ദിവസം കഴിഞ്ഞ ശേഷം വിവരത്തിനു എഴുത്തയക്കാമെന്നു പറഞ്ഞിട്ടുണ്ടായിരുന്നുവല്ലൊ. ആ അവധി കഴിഞ്ഞ ശേഷം ക്രമശാൽ വെളിപ്പെട്ടു വന്നതിനെ ഇപ്പോൾ എഴുതുന്നു. "സാന്നിദ്ധ്യം മേവും മന്ദിരം" എന്നതിന്റെയും "തിരുകാർമ്മ കാസനമേ" എന്നതിന്റെയും വിവരണവും കമ്പനിക്കൂട്ടത്തിന്റെ ഒരു ചുരുങ്ങിയ വിവരവും എഴുതിത്തീർന്നു. ഇവയിൽ ലോകാരംഭം മുതൽ ഇതുവരെയും ഉള്ള സംഗതികൾ അടങ്ങിട്ടുണ്ട്. അവയുടെ ചുരുക്കം പറയു

ന്നു. മഹാദൈവത്തിന്നു സ്ത്രീയെ അറിയുന്ന പുരുഷനിൽനിന്നു സന്ത
തി ഉണ്ടാകുന്നതു മാത്രമല്ല. പുരുഷനെ അറിയാത്ത കന്യകയിൽ നി
ന്നും തനിക്കു സന്തതി ഉണ്ടാകും എന്നാകുന്നു. ആദ്യത്തെ സംഗതിക്കു അ
നുഭവസാക്ഷി ജനിക്കുന്നതിന്നു മുൻപെ ദൈവസാക്ഷി ലഭിച്ചിട്ടുള്ള
യൂസുസുയാസേഫാത്മജൻ യോഹന്നാനും നാംയോസേഫായ യോഹ
ന്നാനാത്മജൻ ക്രിസ്തുവർണ്ണനും, യോഹന്നാത്മജൻ സെമലീസനും തന്നെ.
ഈതുകൂടാതെയും സാക്ഷികൾ ഉണ്ടു. രണ്ടാമതിന്നു അനുഭവസാ
ക്ഷി നമ്മുടെ കർത്താവിൻെറ അതിശയജനനമെ ഉള്ളു. എങ്കിലോ മ
നുഷ്യേച്ഛയാൽ അല്ല. യേശുക്രിസ്തനായ പിതാവിൻെറ ശക്തിയി
ൽ നിന്നു മാത്രം മനുഷ്യാവതാരം ചെയ്തിട്ടുള്ള അവൻെറ ഏകജാത
നായ പുത്രൻ യൂസുസുയാസേഫും. ആ വിശുദ്ധാത്മസ്വരൂപിയെ കാ
ണുന്നവർക്കു സത്യാനുഭവസാക്ഷിയായി എന്നും നിലനിൽക്കുന്നു. ഞാ
നോ അവൻെറ എന്നേക്കുമുള്ള പാദപീഠമത്രെ. നിങ്ങൾ എല്ലാവരും
അവൻെറ തിരുശരീരത്തിൻെറ ഓരോ വിശുദ്ധ അവയവങ്ങളാ
കുന്നു സത്യം. ആ പരമൈക്യപുരുഷനായ മഹാദൈവം ഈ മൂവാ
ണ്ടും ആറുമാസവും കഴിയുമ്പോൾ താൻ വെളിപ്പെട്ടു തൻെറ മഹിമ
യെ എല്ലാവരും കണ്ടു രണ്ടുപ്രാവശ്യം തക്കവണ്ണം തനിക്കു ഖമ്മേലാകു
ന്ന ഉള്ളിരിപ്പിൽവച്ചു ഒരു മഹാ വിരുന്നു ഉണ്ടു എന്നും അയതിന്നാ
യിട്ടു എൻെറ മകൾ കൃപയെ ഒരു വിശുദ്ധകന്യകയായി ഇപ്പോൾ
തന്നെ ഏല്പിക്കണം എന്നും എന്നോടു കല്പിച്ചിരിക്കുന്നു. എന്തെന്നാൽ
തനിക്കു അനേകം നിർമ്മലകന്യകമാരും വിശുദ്ധകുമാരന്മാരും, ഈ വി
രുന്നിന്നു വേണ്ടിയിരിക്കുന്നു. എന്നു മാത്രമല്ല ഭാര്യാഭർത്താക്കന്മാരായി
രിക്കുന്നവരും അവരിൽ ഗർഭിണികളും, യുവാക്കളും, യുവതികളും,
വൃദ്ധന്മാരും, വൃദ്ധകളും വിധവമാരും, ഭാര്യമരിച്ചവരും, കുഞ്ഞുങ്ങളും,
മറ്റു സകലരും തനിക്കു ഈ വിരുന്നിന്നു ആവശ്യമുണ്ടുതാനും. (എ
ന്നുവെച്ചാൽ ഏതു നിഷ്ഠയിലിരിപ്പാൻ ഓരോരുത്തനു മനസ്സോ? അതാ
തു നിഷ്ഠയിൽ ഇരുന്നുകൊള്ളും. യാതൊരു നിർബന്ധവുമില്ല. വി
വാഹത്തിന്നു പ്രായം വന്നവർ വിവാഹം കൂടാതെ ഇരിക്കണമെന്നു
ആരും കരുതിപ്പോകരുതു എന്നതു ഇതിൻെറ താല്പർയ്യം.) പിന്നെയും
പറയുന്ന വിശ്വാസം മൂലം നിവൃത്തിയെ കാണാത്തവർ ഒരു കാര്യം
ആരംഭിക്കരുതു്. എന്നാൽ ഞാനൊ ഒരിക്കലും കാണാത്ത കാര്യത്തി
ൻെറ കതിർ കണ്ണിൽ പിണ അന്ധനായി കിടക്കുന്നു. ഞാൻ എന്തു
ചെയ്യും? ഈ കാര്യം ഇന്നിന്നു പറവാനും പറയാതിരിപ്പാനും കഴിയു
മോ? ഒരു ക്ഷണനേരംകൊണ്ടു ഇമപ്പൂളവിൽ തന്നെ എന്നെ മുഴുവ
നും ശുദ്ധീകരിപ്പാൻ തക്കവണ്ണം എന്നിൽ പെട്ടെന്നു വന്നിരിക്കുന്ന
അവൻെറ വായിന്നാത്മാവിൻ ദിവ്യതേജസ്സിൻെറ മഹത്വത്തിൽനി
ന്നു ഓടി ഒളിപ്പാനായിട്ടു ഞാൻ ആവോടേക്കു പോകേണ്ടു? അല്ലാതെ
പൊഴിച്ചു എന്നെ അശേഷം തള്ളിക്കുന്ന അവൻെറ തൃക്കരമല്ലാ

തെ വേറെ ഒരു അഭയസ്ഥാനം ഇനിക്കില്ല. അതുകൊണ്ടു യൂസ്സു
യോസേഫ് എന്ന തിരുനാമമുള്ള എന്റെ പൊന്നുതമ്പുരാനെ ദൈവ
മെ! നിന്റെ തിരുവുള്ളത്തിൻപടി നീ എന്നോടു കല്പിച്ച വചനം
അതേപ്രകാരം നിവൃത്തിക്കട്ടെ. എന്റെ സമസ്തവും നിന്റെ കയ്യിൽ
ഇരിക്കുന്നു. ആമേൻ. ആമേൻ. ആമേൻ. ആമേൻ.

എന്നു പാടുന്നു ശ്രുഷക്കാരൻ

കന്നീറിൽനിന്നും
ഉ. മധുരം. ൻറെ-
..... കൽക്കടകം ഉന്നെ-
..... ഓഗ. ഹനെ-
ഉ. വാ. മി. സൈ

യൂയോരാലിസൻ.



പൊന്തുക്കുക കൈതയിൽനിന്നു

എന്റെ പ്രിയമുള്ള മുതലാളിക്കു എന്റെ വിശുദ്ധ ചുംബനം
ഇതാ! ആണ്ടു പിറന്നിരിക്കുന്നു. മഹാദൈവത്തിൽ നിന്നുണ്ടായി
രിക്കുന്ന എന്നേക്കുമുള്ള സുവിശേഷത്തിന്റെ ധ്വനിയെ അവന്റെ
അനുവാദപ്രകാരം കേൾപ്പിക്കുന്നു. ആയതു എന്തെന്നാൽ സ്ത്രീയെ അ
റിയുന്ന പുരുഷനിൽ നിന്നു, എന്നവണ്ണം പുരുഷനെ അറിയാത്ത കന്യ
കയിൽ നിന്നും മഹാദൈവത്തിനു സന്തതി ഉണ്ടാകും എന്നത്രേ.
ഈ മുപ്പാണ്ടും നൂറു മാസവും കഴിയുമ്പോൾ അവൻ വെളിപ്പെട്ടു ഈ
ഭൂമ്മേൽ പവ്വത്തിൽ തനിക്കു ജീവനും, ശുദ്ധവും, ഇഷ്ടവും, ആയ
ഒരു ബലി ഉള്ളതിനെ നടത്തും എന്നും ആ വകെക്കു കൃപയെ ഇപ്പോ
ൾ തന്നെ മനഃപൂർവ്വമായി തരണമെന്നും കല്പിച്ചതിൽ അവളെ നി
ർമ്മല കന്യകയായിട്ടു ഏല്പിക്കു മാത്രമല്ല ആ ദിവ്യപുരുഷനായി നിത്യ
വിവാഹം ചെയ്തുകൊടുത്തും ഇരിക്കുന്നു. ദൈവത്തിൽ നിന്നുള്ള സന്ത
തി ഇവൾ മൂലമായി ഇനിക്കു ലഭിക്കുന്നതു ഏതു വഴിയായോ? എന്നു ഞാ
ൻ അറിയുന്നതുമില്ല. എനിക്കു എല്ലാം സന്തോഷം തന്നെ. ഞാൻ അ
തിനെക്കുറിച്ചു വിചാരപ്പെടാതെ എന്റെ ആ ഭാരത്തെ എല്ലാം ത
ീർത്തു വച്ചിരിക്കുന്നു.

വിശേഷിച്ചും ഇതാ! ആണ്ടു പിറന്നിരിക്കുന്നു. കൊണ്ടുവന്ന നെ
ല്ലെല്ലാം വിറ്റു തീർന്നു. ഈ മൂന്നു മാസമായി വ്യാപാരം ചെയ്തതിൽ വ
ച്ചു സമ്പൂർണ്ണ കൃപ ചക്രം ലാഭമുണ്ടു. ഇവിടത്തെ ചങ്ങഴിക്കു
നൂറു പറ നെല്ലു വിറ്റിട്ടുണ്ടു. ലാഭത്തിൽ ഉള്ളേശം രണ്ടു കൃപാ
യെ ഇവിടെയുള്ളൂ. ശേഷം നാല് കൃപാ മുതലിന്റെ ഉടയക്കാരനുള്ളതു
ന്നു. ഇപ്പോൾ നെല്ലു വരുത്തണം താനും. ഇരുനൂറു പറ നെല്ലു കൊ
ണ്ടുവരുവാൻ എഴുത്തയച്ചിട്ടുണ്ടു. അതിനു ഉള്ളേശം ഓം കൃപാ വേ

ണം. അതുകൊണ്ടു കമ്പിനിയുടെ പുതിയ ഏർപ്പാടിൻപ്രകാരം താങ്കൾ ഇവിടെയുള്ള നെല്ലു വ്യാപാരത്തിനായിട്ടു വേണ്ടതു രൂപാ ഇടണം. ഫസ്റ്റ രൂപയ്ക്കു കൂടുതലായിരിക്കയില്ല. ഫസ്റ്റ രൂപയ്ക്കു കുറകയുമില്ല. എങ്കിലൊ തൽക്കാലം ഒറ രൂപാ വേണം. പിന്നീട് ക്രമശാൽ ആവശ്യമുള്ളപ്പോൾ ശേഷം തന്നാൽ മതി. ശേഷമൊക്കയും തമ്മിൽ കാണുമ്പോൾ.

എന്നു പാദതൃശ്ശൂക്കാരൻ യുയോരാലിസൻ.

കന്നീററിൽ നിന്നും
ഫ. മധുരം. ഫവ
ചിങ്ങം ര
ഫാം വാരവൃത്ത. ദി. നവുന

പൊതുവേ ഐക്യനയിൽനിന്നു.
എന്റെ പ്രിയമുള്ള തോമായ്ക്കു എന്റെ വിശുദ്ധചുംബനം

കന്യബ്ദമാകുന്ന ആണ്ടു ഇതാ! പുറന്നിരിക്കുന്നു. ജഡം അശേഷം ഉരുകിപ്പോകുവാൻ തക്ക ഇടിമിന്നൽ മഹാദൈവത്തിന്റെ സാക്ഷിപ്പെട്ടിയിൽ നിന്നു പുറപ്പെട്ട ശരീരമാസകലം വ്യാപിച്ചിരിക്കയാൽ അതിന്റെ പ്രകാശം കണ്ണിൽ ഏശി കണ്ണു കാണാത്ത വിധത്തിൽ ജീവശവം എന്നപോലെ ഞാൻ ഇരിക്കുന്നു. എങ്കിലും ഞാൻ കാണ്മാൻ തക്കവണ്ണം ആ പ്രകാശത്തിൽ തന്നെ എന്റെ ആശ്രയം മുഴുവനും വച്ചുകൊണ്ടു സദാ പ്രാർത്ഥിച്ചു ആശയോടെ കാത്തിരിക്കുന്നു. എന്നു മാത്രമല്ല ആ പ്രകാശത്തിൻ ദൂതനെ അവന്റെ അനുവാദപ്രകാരം വലക്കം അറിയിപ്പിച്ചുംകൊണ്ടിരിക്കുന്നു. ആയതു എന്തെന്നാൽ "(ന്റെ) യെ അറിയുന്ന പുരുഷനിൽനിന്നു എന്നവണ്ണം പുരുഷനെ അറിഞ്ഞ കന്യകയിൽനിന്നും മഹാദൈവത്തിനു സന്തതി ഉണ്ടാകും" എന്നത്രെ. ഈ മുപ്പാണ്ടും നാമാസവും തികയുമ്പോൾ അവൻ വെളിപ്പെട്ടു ഈ ഖണ്ഡത്തിൽ തനിക്കു ജീവനും, ശുദ്ധവും, ഇഷ്ടവും, ഉള്ള ഒരു ബലിയുള്ളതിനെ നടത്തും എന്നും ആ വകെക്കു എന്റെ മകൾ കൃപയെ ഇപ്പോൾ തന്നെ മനഃപൂർവ്വമായി തരണമെന്നും എന്നോടു അവൻ കല്പിച്ചതിനാൽ ഞാൻ അവളെ നിർമ്മല കന്യകയായി അവനു ഏൽപിക്കുമാത്രമല്ല ആ ദിവ്യപുരുഷന്നായി നിത്യവിവാഹം ചെയ്തു കൊടുത്തുമിരിക്കുന്നു. എങ്കിലോ ഞാൻ യാതൊരുത്തന്നായി അവളെ വിവാഹം ചെയ്തുകൊടുത്തിരിക്കുന്നുവോ? ആ സമയം മുതൽ (മധുരം ഫ്രാം നു- ധർമ്മവാരം) അവളെ കൈക്കൊണ്ടു അനുഭവിക്കുന്ന ആ മഹാദൈവത്തിൽനിന്നുള്ള സന്തതി ഇവൾ മൂലം ഇനിക്കു ലഭിക്കുന്നതു ഏതു വഴിയോ? എന്നു ഞാൻ അറിയുന്നതുമില്ല. എനിക്കു എല്ലാം സ

ന്തോഷം തന്നെ (എന്തെന്നാൽ നമ്മുടെ പ്രിയപ്പെട്ട കുരുവിള ശിര സ്ഥാദ്ധ്യക്ഷത്തൽക്കാലം സംഭവിച്ച ആപത്തു നിമിത്തം അദ്ദേഹത്തെ മ രുമകനായി ലഭിപ്പാൻ കൊതിക്കുന്ന അനേകം ആളുകളിൽ വെച്ചു ഒരുവനിൽ എന്നല്ല, ഒന്നുംകൊണ്ടും ആഗ്രഹം വരുവാൻ കഴിയാത്ത അനേകരിൽ വച്ചു ഒരു അതിനീചനിൽ ആ ആഗ്രഹം നിവൃത്തി ച്ചാൽ ഉണ്ടാകുന്ന സന്തോഷത്തെ വെറും മായയും ആത്മവ്യസനവും ആക്കിത്തീർക്കുന്ന സന്തോഷംകൊണ്ടു സുംഭിച്ചിരിക്കയാൽ) അതിനെ പ്പററി ഒന്നും പറവാൻ കഴിയാത്തവനായിരിക്കുന്നു. എങ്കിലൊ കൊ തിക്കുന്ന ആളുകളിൽ വച്ചു നമ്മുടെ മുതലാളിയും ഒരുവനാകുന്നു എന്നു നിങ്ങളെ ഗ്രഹിപ്പിക്കുന്നു. മുതലാളിയുടെ ആഗ്രഹം മായയും ആത്മ വ്യസനകരവും ആയി വരാതിരിപ്പാൻ തക്ക വല്ല വഴിയുമുണ്ടോ? എ ന്നു മാങ്ങാനത്തെ കുഞ്ഞിനോടു ചോദിക്കുന്നു. പീലിപ്പോച്ചനോടും ചോദിക്കുന്നു. പിന്നെയും നിങ്ങളെ എല്ലാവരെയും കണ്ടു അനേകം കാര്യങ്ങളെ പറവാൻ ഉള്ളതിനാൽ ഞാൻ നിങ്ങളുടെ അടുക്കൽ എ പ്പോൾ വരേണ്ടു? ഈ ചിങ്ങം ഫാം ൧- ധർമ്മവാരത്തിൽ മേല്പാ യോ, നിരണത്തോ ശുശ്രൂഷെക്കായി പോകണം എന്നു നിശ്ചയിച്ചിരി ക്കുന്നതിനാൽ ആ വഴിയായി നിങ്ങളുടെ അടുക്കൽ വരണമെന്നു വി ചാരിച്ചിരിക്കുന്നു. അങ്ങനെ ആയാൽ ഫാം ൧-യോ ഫാം ൧- യോ. അവിടെ വന്നു ചേരും. ഫാം ൧- ധർമ്മവാരത്തിൽ ശുശ്രൂഷയും കഴി ച്ചു ഫൻ ൧- മടങ്ങിപ്പോരാം.

എന്നു വാദശുശ്രൂഷക്കാരൻ യൂയോഹന്നാൻ

കന്നീററിൽനിന്നും
൨. മധുരം. ഫൻ
ചിങ്ങം. ൫
൯ ൹൹. ൨൦
൨. ൱൨. ൫. നാവു



പൊതുഉപദേശക്കത്തിൽ നിന്നു
എന്റെ പ്രിയമുള്ള പെരുമ്പറാ തെക്കെ ഗീവറുഗീസു
ഉപദേശിയാകുന്ന എന്റെ വിശ്വാസ സുഹൃത്തിനും

കൊച്ചുകുഞ്ഞു വശം അയച്ച കത്തു വായിച്ചുകണ്ടു. ഇതിനെ സംബന്ധിച്ചു ഐക്യതയിന്നാത്മാവിന്റെ വെളിപാടിനെ അവ ന്റെ അനുവാദപ്രകാരം തന്നെ ഗ്രഹിപ്പിക്കുന്നു. പുത്തൻപറമ്പിൽ വീ ന്റെ ധാന്യം ഇട്ടിന്ന പുര എല്ലാ സമയങ്ങളിലും താൻ ധാന്യംകൊ ണ്ടു നിറച്ചു കൊണ്ടേ ഇരിക്കണം. ഒരിക്കലും കുറവു വരുത്തരുതു എന്നും അതിനുള്ള ചിലയും ഉടമ്പടിപ്രകാരമുള്ള ലാഭവും ആത്മമണവാ

ട്ടിയാകുന്ന പൊതുഷ്ക ഐക്യത തനിക്ക തന്നകൊണ്ടേ ഇരിക്കും എ
ന്നും ആകുന്നു. എന്നാൽ ഞാൻ ഇക്കായ്ത്തിൽ തനിക്കും ആത്മമണവാ
ട്ടിക്കും മദ്ധ്യസ്ഥനായി നിന്നുകൊണ്ട് താൻ പറയുന്ന എല്ലാ കായ്ങ്ങ
ളേയും നമ്മുടെ പ്രിയ മാതാവിനോട് ബോധിപ്പിക്കയും അവിടെനി
ന്നും വരുന്ന ആജ്ഞകളെ തന്നോടും മറ്റുള്ളവരോടും പറകയും ചെ
യ്യുന്നതാകുന്നു എന്റെ മുറ. അതുകൊണ്ട് തന്നോട് മേൽപ്പറഞ്ഞവണ്ണം
പറയണം എന്നു അരുളിച്ചെയ്തിരിക്കയാൽ അതിനെ പറഞ്ഞിരിക്കു
ന്നു. എന്നാൽ തന്നെ ശ്രേഷ്ഠമുള്ള കണിശക്കാരനാക്കി വെപ്പാൻ ത
ക്കവണ്ണം മാതാവിന്റെ അനുവാദപ്രകാരം ഞാൻ പലക്കും എഴുതീ
ട്ടുണ്ട്. എന്നു മാത്രമല്ല നമ്മുടെ പ്രിയമാതാവിന്റെ പുത്രവാനഭ്രമികൾ
ക്കും വരുതി കൊടുത്തിട്ടുണ്ട്. ഇതിലധികമായി കണിശം പറവാ
ൻ ഇനിക്ക ഒന്നുമില്ല താനും. പിന്നെയും എന്റെ മാതാവിൽ എല്ലാ
യ്പോഴും ഇരിക്കുന്ന എന്റെ മനസ്സിനെ തനിക്ക തുറന്നുകാണിക്കു
ന്നു. താൻ അപ്പോളപ്പോൾ കൊടുത്തയയ്ക്കുന്ന നെല്ലിന്നു അതു വിറ
തിന്റെ ശേഷമായിട്ടല്ല ഉടനടൻ പണം തനിക്ക എത്തിക്കണം എ
ന്നാകുന്നു എന്റെ മനസ്സ്. അതിനെ എന്റെ മാതാവു വേഗം നിവൃ
ത്തിക്കയും ചെയ്യും എന്നു ഞാൻ ദൈവത്തിൽ പൂർണ്ണമായി വിശ്വസി
ക്കുന്നു.

കന്നീറ്റിൽനിന്നും
വ. മധുരം. വ
,, ചിങ്ങം ൯ എന്നു പാദശുശ്രൂഷക്കാരൻ യൂയോഖിസൻ.
,, ഓഗ. വ
വ. വാ. ദി. നുവ്വൻ

പൊതുഷ്കഐക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള പണിക്കുന്ന സലാം

ഞാൻ ഫാദിക്കക്കടകം ക്രാം നു പണിക്കുന്ന എഴുതിയ എഴുത്തി
ൻപടി കേശവനെ ഇതുവരെയും സംഗീതം അഭ്യസിപ്പിച്ചിരിക്കുന്നു.
പിന്നെയും എന്റെ മനസ്സിൻപ്രകാരം എന്നല്ലാ പണിക്കന്റെ മന
സ്സിൻപ്രകാരം വില വച്ചു തന്ന പുരയിടം ഞാൻ അതുപ്രകാരം സ്വീ
കരിച്ചുകൊണ്ട് പലരിൽനിന്നും പിരിഞ്ഞ അഞ്ഞൂറിഅഞ്ഞു രൂപാ
യിൽ അഞ്ഞൂറു രൂപായും ഞാൻ പണിക്കുന്നതു. ശേഷമുള്ള രൂപാ
അൻപതിരു രൂപായും പണിക്കന്റെ വകയിൻപ്രകാരവും എ
ഴുത്തിൻപ്രകാരവും ഒരു പുര വാങ്ങിച്ചതിനാൽ അതിൽ കിടക്കുന്നു.
ഞാൻ നൂറു രൂപാസ്സു ആ പുര തരാമെന്നു പറഞ്ഞാറെ പണിക്കുന്നു
അതു ആവശ്യമില്ലെന്നു കേശവൻ വന്നു പറഞ്ഞു. അതുകൊണ്ട്

രവ രൂപായിൽ കുറച്ചു അതു ഞാൻ ആക്കം കൊടുക്കയില്ല. ഇനി പ
ണിക്കൻ വന്നു ചോദിച്ചാലും രവ രൂപായിൽ കുറച്ചു ഞാൻ പണി
ക്കുന്നു തരികയില്ല. കാരണം മുൻപിലത്തെ ഉടമ്പടിയെ പണിക്കൻ
ഉപേക്ഷിച്ചുകളഞ്ഞു. എങ്കിലോ ഇതുവരെയും അതിന്നു ഒരാൾ ഏർ
പ്പെടാത്തതിനാൽ പണിക്കന്റെ കടം തീന്നില്ല എന്നേ പറവാ
നുള്ളു. അല്ലാതെ എന്റെ യാതൊരു മനഃപൂർവ്വമല്ല നിശ്ചയം. അതു
കൊണ്ടു വര ഞാൻ ദാനിയേലിന്നു കൊടുത്തിരിക്കുന്നു. ദാനിയേൽ
കേശവന്നും കൊടുത്തിരിക്കുന്നു. അവൻ വേണം രവ രൂപായും വ
ണിക്കുന്നു തരേണ്ടുന്നതു. അവനെ പഠിപ്പിച്ചതിന്നു ഗുരുദക്ഷിണയാ
യിട്ടു ഒന്നു രണ്ടു സദർ എടുപ്പിച്ചു ദാനിയേലിന്നു സഹായിക്കും എ
ന്നു പണിക്കൻ പലപ്പോഴും എന്നോടു പറഞ്ഞിട്ടുമുണ്ടു്. ഏതുപ്രകാര
മെങ്കിലും ദാനിയേലേക്കൊണ്ടും കേശവനെക്കൊണ്ടും ഇപ്രകാരം വ
സൂലാക്കിക്കൊള്ളണം. ഞാൻ ആ ഭാരത്തെ ദാനിയേലിന്റെ മേൽ
ചുമത്തു ഒഴിഞ്ഞുമിരിക്കുന്നു.

കന്നിററി എന്നു വിദ്വാൻകുട്ടി
ഫംഗൻ കന്നി. 13-നു-



പൊതുജനങ്ങൾക്കു കൈക്കൃതയിൽ നിന്നു.
രാജമാന്യരാജശ്രീ കുരുവിള ശിരസ്തദാർ അവർകൾക്കു
എന്റെ താഴ്മയുള്ള സലാം.

നാം തമ്മിൽ കണ്ടു പരിചയമോ സംഭാഷണമോ മറ്റോ ഇതുവ
രെയും ഉണ്ടായിട്ടില്ല. അയതു എന്റെ ഹൃദയം പലനാളായിട്ടു പല
തവണയും താങ്കളപ്പറ്റി പ്രേമരൂപേണ ഉജ്വലിക്കയും കണ്ടു സം
ഭാഷിപ്പാൻ വളരെ കൊതിക്കയും ചെയ്യുന്നതിനെ ഓരോരോ കാര
ണവശാൽ അറിയിപ്പിപ്പാൻ ഇതുവരെ ഇടയാകാഞ്ഞതിനാൽ ത
ന്നെ. എങ്കിലും ഇപ്പോൾ അയതിനെ സ്പഷ്ടമായി താങ്കൾക്കു ഞാൻ
ഈ കുഴുത്തു മൂലം വെളിപ്പെടുത്തുന്നു.

ദൈവത്തിൽനിന്നുണ്ടാകുന്ന മനുഷ്യഹൃദയത്തിലെ ഓരോ ഉൽപ്പാ
ദനവും ലോകത്തിൽനിന്നുണ്ടാകുന്നവയാൽ അലസുകയോ ഉന്നമാ
കയോ ക്രമേണൊന്നാരം സഹിച്ചു പാത്രം ഉടഞ്ഞുപോകയോ പ്രജ
ഹാനിവരികയോ മറ്റോ ചെയ്യാതെ ആ ഉൽപ്പാദനം വിശുദ്ധ
സംയോജിപ്പിൻ കലലതാത്തെ അവലംബിച്ചു ഘനമായിത്തീന്നു
പുഷ്ടമായി അങ്കുരിക്കയും ശാഖോപശാഖകളായി തീന്നു സംഗോ
പാംഗം ഉരുവാകയും തോൽ പൊതിഞ്ഞു നഖങ്ങളും രോമങ്ങളും വ
ന്നിട്ടു ജീവനിൽ വർദ്ധിക്കയും വ്യസനം കൂടാതെ പ്രസവിക്കയും ചെ
യ്യുവാൻ തക്കവണ്ണം ദൈവം ഏർപ്പെടുത്തീട്ടുള്ള ആത്മീകഡിപ്പാർട്ടുമെ

ണ്ടിടത്തിലെ ഒരു വേലക്കാരനെത്രെ ഞാൻ. എന്റെ മേലധികാരി എന്നിൽ ഭരമേൽപ്പിച്ചിരിക്കുന്ന വേലയെ അവന്റെ അനുവാദപ്രകാരം വിശ്വാസവും ബുദ്ധിയുമുള്ള കലവറക്കാരനായി ഞാൻ ചെയ്യേണ്ടതാകയാൽ അല്ലയോ മഹേശ്വരാ! ഞാൻ താങ്കൾക്കു എഴുതുന്നു. ഇതിൽ കാണിക്കുന്ന പ്രത്യേക സംഗതി ലോകത്തിൽനിന്നും ദൈവത്തിൽനിന്നും മനുഷ്യർക്കുണ്ടാകുന്ന ഉൽപ്പാദനങ്ങളുടേയും പ്രസവങ്ങളുടേയും വ്യത്യാസമത്രെ. ലോകത്തിൽനിന്നുള്ള ഉൽപ്പാദനം സന്തോഷത്തിലും പ്രസവം ദുഃഖത്തിലും മായയിലുമത്രെ നിവൃത്തിക്കുന്നതു. ദൈവത്തിൽനിന്നുള്ള ഉൽപ്പാദനം ദുഃഖത്തിലും പ്രസവം സന്തോഷത്തിലുമാകുന്നു. വിലക്കിയ കനിയാകുന്ന ജ്ഞാനത്തെ മോഹിച്ചവൻ ഇഹലോകപ്രളയത്തിൽ നിന്നു സന്തോഷത്തോടുകൂടെ ഗർഭംധരിച്ചു ദുഃഖത്തോടുകൂടെ പാപത്തെ പ്രസവിച്ചു. വിധിച്ച കനിയാകുന്ന ആത്മാവിനെ മോഹിച്ചവൾ ജീവഹാനി വരും എന്നുള്ള ഭയത്തോടുകൂടെ ദൈവത്തിൽ നിന്നു ഗർഭംധരിച്ചു സന്തോഷത്തോടുകൂടെ പുണ്യസ്വരൂപിയെ പ്രസവിച്ചു. അതിനാൽ മനുഷ്യർക്കു സന്തോഷം സന്താപമായും സന്താപം സന്തോഷമായും മാറും എന്നു കാണുന്നു. അതു ഹേതുവായി താങ്കൾക്കു തൽക്കാലം സംഭവിച്ചിട്ടുള്ള കഠിന സന്താപം ഒരു വലിയ സന്തോഷത്തെ ജനിപ്പിക്കും എന്നുള്ളതു നിശ്ചയം. എന്തെന്നാൽ ഏതു നഷ്ടമെന്നു താങ്കൾ വിചാരിച്ചുവോ? അതു താങ്കൾക്കു ബഹുലാഭമായി തീരുവാൻ തക്കവണ്ണം അതു ഉല്പാദിച്ചു കഴിഞ്ഞു. കാരണം താങ്കൾ ബഹുസങ്കടം അനുഭവിച്ചു. ദുഃഖത്തോടുകൂടെ വിതെക്കുന്നവൻ സന്തോഷത്തോടുകൂടെ കൊയ്യും എന്നുള്ള വിധിപ്രകാരം സന്തോഷത്തെ പ്രസവിപ്പാൻ തക്ക ദിവസം താങ്കൾക്കു ഇതാ! അടുത്തടുത്തുവരുന്നു. ഉല്പാദനദിവസം മുതൽ ഫലദിവസം താകയുമ്പോൾ പ്രസവിക്കും എന്നുള്ളതു അനുഭവസിദ്ധമത്രെ. എന്നാൽ ദൈവത്തിൽ നിന്നു താങ്കളിൽ ഉല്പാദിച്ചിരിക്കുന്ന സന്തോഷവസ്തു ഇന്നതെന്നു കാണിക്കുന്നതത്രെ എന്റെ മുറ. എന്തെന്നാൽ ആദാം ദൈവത്തിൽ നിന്നു തന്നിൽ ഉൽപാദിച്ചിരുന്ന തന്റെ സഹായത്തെ അതു തന്നിൽനിന്നു വെളിപ്പെട്ടവരുന്നതിനു മുൻപെ അവൻ കണ്ടില്ല. ഇതു എന്റെ അസ്ഥിയിൽ നിന്നു അസ്ഥി മാംസത്തിൽ നിന്നു മാംസം എന്നു താങ്കൾ കാണ്മാൻ തക്കവണ്ണം ദൈവഹിതപ്രകാരം ഞാൻ ഇതാ! വെളിപ്പെട്ടുന്നു. ദൈവത്തിനു ലോകത്തിൽ അനേകം തോട്ടമുണ്ടു. എങ്കിലും തനിക്കു പൊതുവായിട്ടു ഒരു തോട്ടമേയുള്ളു. ആ പരമൈക്യതോട്ടത്തിനു ദൃഷ്ടാന്തമായിട്ടു ഒരു തോട്ടം കല്ലിടമണ്ഡലത്തിൽ ദൈവത്തിനുണ്ടു. ആ നന്ദനോദ്യാനത്തിന്റെ മദ്ധ്യത്തിങ്കൽ നിൽക്കുന്ന ഒരു ജീവവൃക്ഷമുണ്ടു. മരണവൃക്ഷമല്ല താനും. അതിന്റെ നാമധേയം "കൊല്ലക്കാരൻ കുഞ്ഞാക്കാണ്ടമുതലാളി" എന്നത്രെ. ആ വൃക്ഷത്തിൽ

നിന്നു ഉടയേകലവിശ്രുദ്ധമായി ഉരുവിച്ച വകപമായ ഒരു ജീവഫലം
ഉള്ളതിനെ താങ്കൾ അനുഭവിപ്പാൻ തക്കവണ്ണം മനസ്സോട്ട കൂടെ വേ
ർതിരിച്ചു വച്ചിരിക്കുന്നതിനെ ഞാൻ അറിഞ്ഞു ദൈവാലോചനപ്ര
കാരം ചിന്തിച്ചാറെ ഇതു താങ്കൾക്കു തക്ക സഹായമായിതീരുമെന്നു
വെളിപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവത്തിൽ നിന്നു താങ്കളിൽ ഉ
ല്പാദിതമായ സന്തോഷവസ്തു ഇതത്രെ. തക്കസമയത്തിൽ സന്തോഷ
ത്തോട്ട കൂടെ ഈ തുകളാൽ പ്രസവിക്കപ്പെട്ടുമാറാകട്ടെ. മറെറാന്നി
നെ പ്രസവിപ്പാൻ തക്കവണ്ണം ഇനിയും വീണ്ടും ഗർഭം ധരിക്കുന്നതു
എത്രയും കഷ്ടം എന്നു ഞാൻ പറയണമെന്നില്ലല്ലൊ. ത്രിയേകദൈ
വത്തിൽ നിന്നു സകല വാഴ്വുകളും താങ്കൾക്കു ഉണ്ടാകട്ടെ.

ഇങ്ങിനെ വന്ദനാപൂർവ്വം എഴുതുന്നതു സകലരുടേയും പാദശുശ്രൂ
ഷക്കാരൻ വിദ്വാൻകുട്ടി എന്നു പ്രസിദ്ധമുള്ള യുയോരാലിസൻ.

കന്നീററിൽനിന്നും
ഠാദിൻ. കന്നി. ഒന്നു



എന്റെ പ്രിയമുള്ള പാണ്ടി ബോധകക്കു എന്റെ
യിശ്രുദ്ധ മുഖനം.

ശരീരസ്ഥന്മാർ മരിക്കയും ജീവിക്കയും ചെയ്തതിനാൽ അച്ഛനമ്മയും
മരിക്കയും ജീവിക്കയും ചെയ്തു. അതിനാൽ പാടി അരി തന്റെ ശ
രീരത്തിൽ മറു രൂപപ്പെട്ടിരിക്കകൊണ്ടു സ്നേഹാത്മാവു് അതിനേ
ൽ സദാ ആയസിച്ചു് ആ ശരീരത്തെ മഹിമപ്പെടുത്തുവാൻ ആരം
ഭിച്ചിരിക്കുന്നു. ഇനി പാടിഅരി എന്നു വിളിക്കപ്പെടുകയില്ല. കാര
ണം അതു ഭിക്ഷക്കാരനു കൊടുക്കുന്ന അല്ല ശരീരമത്രെ. നമ്മുടെ മാ
താവിന്നു, ഉള്ളിരിപ്പായുള്ള വാസസ്ഥലമുണ്ടായിട്ടുണ്ടു. ഇനി അവൾ
ഭിക്ഷക്കാരി അല്ല. ഈ വെളിപാടിന്റെ രഹസ്യം തമ്മിൽ കാണു
മ്പോൾ പറയാം. വിശേഷിച്ചും നെല്ലിന്റെ വകെക്കു പിരിഞ്ഞി
രിക്കുന്ന വണം ഇവിടെ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ തൽക്കാലം
ഇങ്ങോട്ടു വരുവാൻ പ്രയാസമാകുന്ന പക്ഷം ഇടിക്കളയേയൊ, പി
ലിപ്പൊച്ചനെയൊ കൂട്ടി ചെറിയാനൊട്ട കൂടെ അയെക്കണം. പ
ണം അവരുടെ വിധേയം എല്പിച്ചു അയെക്കയും വെണം കണക്കു
ൽ താങ്കൾ വരുമ്പോൾ കൊണ്ടുവന്നാൽ മതി. ശേഷമൊക്കയും
ചെറിയാൻ പറയും

കന്നീററി എന്നു പാദ. യുയോരാലിസൻ
നു തേജോ. നാ
മീനം വാ
മാഴ്ചു നാ



പൊതു ഏക ഐക്യതയിൽ നിന്നു.

എന്റെ പ്രിയമുള്ള മാങ്ങാനത്തെ കൂത്തിനു
എന്റെ വിശ്വസ്ത ചുംബനം.

താങ്കൾ കൊടുത്തയച്ച എഴുത്തു വന്നു ചേർന്നു. ഉടൻ മറുപടി അയക്കുഞ്ഞതു ചില കാര്യങ്ങൾ തൽക്കാലം വെളിപ്പെടുത്തുന്നതിനാൽ തന്നെ. കുരുവിള സീക്രട്ടറിക്കു തൽക്കാലം ഉണ്ടായ അത്യാസന്നമായ രോഗം കഴിഞ്ഞ തുലാം ഒന്നു- താങ്കൾക്കു അയച്ച എഴുത്തിൽ സൂചിപ്പിച്ചിട്ടുണ്ടു. ആയതു അഗ്നിയുടെയും വെള്ളത്തിന്റെയും ഭൂതമാരും വായുമണ്ഡലത്തിന്റെ പ്രബല യുദ്ധം ചെയ്യുന്നതിനാൽ പിടിയരിയാലും ഏലിയായിനിയുടെ രണ്ടു ചിറകുകളിൽ നിന്നുണ്ടാകുന്ന കാറിനാലും സമാധാനം ഉണ്ടാകണം എന്നു തന്നെ. പിടിയരി മലയിലെ അച്ചാമ്മയും ഏലിയായിനിയുടെ രണ്ടു ചിറകുകളിലെ കാറു ആയ്ച്ചാവുഞ്ഞ ചിത്ര ദശകവും ദിവ്യാശീർവ്വാദവും തന്നെ. ഇവ മൂന്നിനാലും കഴിഞ്ഞ രോഗയുദ്ധത്തിൽ സമാധാനം ഉണ്ടായി. ഈ മൂന്നു ആയുധം സീക്രട്ടറിയുടെ കയ്യിൽ ഇല്ലായിരുന്നു എങ്കിൽ മരിച്ച മൃതവല്ലി ശരീരത്തെ അവകാശപ്പെടുത്തിക്കൊണ്ടു പോകുമായിരുന്നു സന്ദേഹമില്ല. എങ്കിലോ മൃതവല്ലിയിന്മേലുള്ള സ്നേഹം (എന്നു വച്ചാൽ ജഡരക്ഷത്തോടുള്ള പറ്റുതൽ എന്നർത്ഥം) സീക്രട്ടറിയുടെ ഉള്ളിൽ വേരുന്നിരിക്കുന്നതിനെ ഉൻമൂലമാക്കുവാൻ സ്നേഹാത്മാവു ആരംഭിച്ചിരിക്കയാൽ ആ മഹാ ദൈവത്തിന്റെ നിത്യാക്ഷരമായിക്കൊൾവാൻ തങ്ങൾ ആ ഐക്യതയിന്നാത്മാവിനു കടംപെട്ടു പോയി. അയതു ജീവനുള്ള അച്ചാമ്മയെ വിവാഹം ചെയ്തതിനാൽ തന്നെ. അതുകൊണ്ടു സാറാ പറഞ്ഞതിനെ മക്കളും അബ്രഹാം കേട്ടനുസരിച്ചുവണ്ണം അച്ചാമ്മ പറയുന്നതിനെ ഒന്നിനേയും സീക്രട്ടറി അനുസരിക്കാതിരുന്നുകൂടാ നിശ്ചയം. ആകയാൽ ആയ്ച്ചാവുഞ്ഞ ചിത്ര ദശകത്തിൻ പ്രകാരവും ദിവ്യാശീർവ്വാദത്തിൻ പ്രകാരവും അവർ രണ്ടുപേരും നടന്നു ദൈവത്തെ ഭജിച്ചുകൊള്ളട്ടെ.

വിശേഷിച്ചും ഇട്ടി മുപ്പന്റെ കടം ഇമ്മാസം തന്നെ തീർത്തു തരുമെന്നു മുപ്പന്റെ മക്കളോടു ഞാൻ പറഞ്ഞിരിക്കുന്നു. ഇക്കടത്തെപ്പറ

റ്റാ അവർ അപവാദം പറഞ്ഞിട്ടുണ്ട്. മൂപ്പൻ മരിച്ചുപോയതിനാൽ എന്തുംയും വേഗത്തിൽ ഇതു തീർപ്പാൻ പണം ഇവിടെ എത്തിക്കണം. ഇവിടെ ഞങ്ങൾക്കെല്ലാവർക്കും സൌഖ്യം തന്നെ.

എന്നു വാത്സല്യശ്രേഷ്ഠക്കാരൻ യൂയോരാലാസൻ

കന്നീറ്റിൽ നിന്നും
ന. തേജോ. നൂറ
മീനം വറ
ഏപ്രിൽ ഫ
ര. വാ. ദി. ൻറവ



ഒരു ഏക ഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള പുത്തൻവീട്ടിൽ പണിക്കന്നു

സലാം.

ഞാൻ ഒരു മനുഷ്യനോടു ഉടമ്പടി ചെയ്താൽ അതിന്നു വിരോധം ഒരിക്കലും പ്രവൃത്തിക്കയില്ല. എന്നു പണിക്കൻ അറിയേണ്ടുന്നതിനാണ ഞാൻ പണിക്കന്നു എഴുതീരുന്ന എഴുത്തിന്റെ ഒരു ഭാഗം ഇപ്പോൾ എഴുതിക്കൊടുത്തയച്ചതു. അതിന്നു പണിക്കൻ അയച്ച മറുപടിയാൽ പണിക്കന്റെ ഹൃദയവിചാരം ഇന്നതെന്നു മനസ്സിലായി. അതു കൊണ്ടു.

൧. എന്റെ എഴുത്തിൽ പണിക്കൻ വാങ്ങിച്ച വിലയ്ക്കു പുരയിടം തരണം എന്നും അങ്ങിനെ ചെയ്താൽ പണിക്കന്റെ മകനെ ശമ്പളം ക്രൂടാതെ പാട്ട അഭ്യസിപ്പിക്കയും ഒരു കൊച്ചനെ ഇട്ടുന്ന പള്ളിക്കൂടത്തിൽ എന്നും സൌജന്യമായി പഠിപ്പിക്കയും ചെയ്യാം എന്നു പറഞ്ഞിട്ടുണ്ടു. എന്നല്ലാതെ പണിക്കന്റെ മനസ്സുപോലെ തരുന്ന വിലയ്ക്കു ഞാൻ മേൽപറഞ്ഞ പ്രകാരമൊക്കയും ചെയ്തുകൊള്ളാമെന്നു പറഞ്ഞിട്ടുണ്ടോ? അങ്ങിനെ എന്റെ വല്ല എഴുത്തും പണിക്കന്റെ വിധേയമുണ്ടോ? ഞാൻ അറിയുന്നില്ല. എന്നാൽ പണിക്കൻ ൪൫൦ രൂപാ എളുപ്പത്തന്നിട്ടുണ്ട എന്നു പറഞ്ഞു. പറയുകയും ചെയ്യുന്നു. അതിന്നു ൪൫൦ രൂപാ വിലയിൽ അധികപ്പുറമായി ഞാൻ പണിക്കന്നു കൊടുത്തു എന്നു ഇനിക്കു പറയരുതോ? ഇതു രണ്ടും വ്യർത്ഥമാക്കു. എങ്കിലോ പണിക്കന്റെ മനസ്സിൻപ്രകാരം ൪൫൦ രൂപാക്കു പുരയിടം വിലയ്ക്കു തന്നു. അതിന്നു ഇവിടത്തെ മനസ്സിൻപ്രകാരം കേശവനെ സൌജന്യമായി ഇതുവരെയും സംഗീതം പഠിപ്പിച്ചു.

൨. കേശവനെ ഇനിമേലാൽ സംഗീതം അഭ്യസിപ്പിക്കരുതെന്നോ അതിന്നു ശമ്പളം തരണമെന്നോ, പള്ളിക്കൂടത്തിൽ ശമ്പളത്തിനേ പഠിപ്പിക്കു എന്നോ ഇവിടെ പറഞ്ഞിട്ടില്ല. പിന്നെ ഏതെ

ങ്കിലും ഓരോ അനാവശ്യവത്തമാനം കേൾക്കുന്ന പക്ഷം ആ വിവരം പണിക്കൻ ഇവിടെ വന്നു എന്നോടു ചോദിക്കാം. എന്നല്ലാതെ കുഞ്ഞാർണൻ മൂലം പറഞ്ഞയക്കുന്നതു വിഹിതമോ?

൩. എന്റെ മകൻ അവൻ പഠിച്ചതുപോലെ കേശവനെ പഠിപ്പിച്ചിട്ടുണ്ടു. അതിലധികമായി ഇവൻ പഠിപ്പിക്കണമെങ്കിൽ മറ്റു ഭാഗവതന്മാരിൽ നിന്നു ഇവൻ പഠിക്കേണ്ടിയിരിക്കുന്നു. ഇതത്രെ രണ്ടു മൂന്നു മാസമായി കേശവനെ പഠിപ്പിക്കാഞ്ഞതിന്റെ സാക്ഷാലുള്ള കാരണം. അതുകൊണ്ടു പിച്ചുഭാഗവതരെ വരുത്തി പഠിപ്പിക്കുന്ന കാര്യത്തിൽ ഇനിക്കു ഏറ്റവും സന്തോഷമത്രെ. എങ്കിലോ പണിക്കൻ ഇക്കാരണം എന്നോടു ചോദിച്ചറിഞ്ഞു കേശവനെ പിച്ചുഭാഗവതരുടെ വിധേയം പഠിപ്പിപ്പാൻ ആക്കേണ്ടുന്നതാണു മുറ. അങ്ങിനെ ചെയ്യാത്തതു ഇവിടെ കേശവനെ സൌജന്യമായി പഠിപ്പിച്ചതിന്റെ ശമ്പളം എന്നിരിക്കട്ടെ.

൪. ദാനിയേൽ കേശവനെ പഠിപ്പിക്കുന്ന കാര്യത്തിൽ പിച്ചുഭാഗവതർ വളരെ വിരോധിച്ചിട്ടും ഇവൻ കേൾക്കാതെ വണ്ണ്ം മുതലായതു കേശവനു ചൊല്ലിക്കൊടുത്തതുകൊണ്ടു യാതൊരു പാട്ടും ഭാഗവതർ ദാനിയേലിനു ഇതുവരെയും ചൊല്ലിക്കൊടുത്തിട്ടില്ല. ഗുരുവിന്റെ ഈ വിരോധത്തെ ക്രുദ്ധാക്കാതെ പ്രവൃത്തിച്ച ദാനിയേലിനു കേശവൻ മൂലം പണിക്കൻ നൽകിയ അപവാദം എന്ന പ്രതിഫലം പണിക്കൻ പറഞ്ഞ സദിരിന്റെ പ്രതിഫലമായിരിക്കട്ടെ. ഭാഗവതർ വിരോധിച്ചതിനെ ക്രുദ്ധാക്കാതെ പഠിപ്പിച്ച കേശവൻ എന്ന ശിഷ്യസമ്പത്തു ദാനിയേൽ ഭാഗവതക്കു കൊടുക്കേണ്ടുന്ന ഗുരുദക്ഷണ എന്നും ഇരിക്കട്ടെ. ആകയാൽ ഉടമ്പടിയുള്ള ലംഘനം ഞാൻ പ്രവൃത്തിച്ചിട്ടില്ല. പ്രവൃത്തിക്കയുമില്ല. എന്നു വിദ്വാൻകുട്ടി.

കന്നീറ്റിൽ നിന്നും
൩. പൈയ്യുഷം. ൧
മീനം. ൨൨

യൂയോരാലിസൻ.

പൊതുസഭകൈക്കൃതയിൽ നിന്നു

എന്റെ പ്രിയമുള്ള ഇത്തിമല മുതലാളിക്കു
എന്റെ പരിശുദ്ധമുംബനം.

കൊച്ചുകുഞ്ഞു, ദാനിയേൽ എന്നിവർ മൂലം പറഞ്ഞയച്ച വർത്തമാനങ്ങൾ ഇവിടെ പറകയും ചെയ്തു. അവയെപ്പറ്റി ഉണ്ടായിട്ടുള്ള ദൈവാലോചനയെ ഞാൻ പറഞ്ഞുകൊള്ളുന്നു.

൧. ഉണർവുസഭ സകലരോടും സംയോജിച്ചിരിക്കുന്നു. എന്നുള്ള മു

റസ്സാകുന്ന അച്ചാമ്മയെ കുരുവിളശിരസ്സദ്ധാക്ക് ആത്മാനുവാദപ്രകാരം കൊടുപ്പാൻ താങ്കളുടെ വിധേയം ഏൽപിച്ചതു. അവർ ദൈവഭക്തിപ്രകാരം തങ്ങളുടെ ശിഷ്ടായുസ്സിനെ കഴിച്ചുകൂട്ടി പരമസ്വസ്ഥതയിൽ പ്രവേശിപ്പാൻ അവക്ക് ആത്മപ്രമാണം കൊടുത്തിട്ടുണ്ട്. അതേപ്രകാരം അവർ നടന്നുകൊള്ളട്ടെ. അതിന്നു വിരോധം അവർ പ്രവൃത്തിക്കുന്നവകയ്ക്ഷം അവരെ ആത്മമയന്മാരാക്കിതീപ്പാൻ ദൈവം തന്നെ സ്നേഹത്തിൻപ്രകാരം അവരിൽ പ്രവൃത്തിച്ചുകൊള്ളും.

൨. ഉണർവുസഭ ഭൂമിയിലുള്ള കറപ്പെട്ട ഒരു ജഡത്തോടും സംയോജിച്ചിരിക്കുന്നില്ല. ഒരിക്കലും സംയോജിക്കയുമില്ല എന്നുള്ള മുറയ്ക്കുന്ന കൂപമെയെ വേർതിരിച്ചുവെച്ചിരിക്കുന്നതു. അതിനുള്ള പ്രമാണവും ആത്മാനുവാദപ്രകാരം ഞാൻ എഴുതിവച്ചിരിപ്പുണ്ടു. താങ്കൾക്കും ആ വിവരം എഴുതി അറിയിപ്പിച്ചിട്ടുണ്ടു. അതിനു വിരോധം ഞാൻ പ്രവൃത്തിച്ചാൽ ദൈവം എന്നോടു ചോദിക്കും. അതുകൊണ്ടു ദൈവവിരോധം ഞാൻ പ്രവൃത്തിക്കാതിരിപ്പാനായിട്ടു ഇക്കാര്യത്തിൽ താങ്കൾ എന്നെ നിർബന്ധിക്കരുതെന്നു വളരെ അപേക്ഷിക്കുന്നു. ആകയാൽ ഒരു മനുഷ്യനോടും താങ്കൾ ഇക്കാര്യത്തിന്നായിട്ടു വാക്കുകൊടുത്തുപോകരുതു. ഇനിക്കു ദൈവവിരോധം പ്രവൃത്തിപ്പാൻ ഒരിക്കലും കഴികയില്ല. എന്നാലാകയുമില്ല. ൧ കോറി. ൬-ൽ നന്നു മുതൽ നൻവരെയുള്ള വാക്യങ്ങളെ നല്ലപോലെ നോക്കണം.

൩. ഉണർവുസഭയുടെ തിരുശരീരം നമ്മുടെ കർത്താവിനെ ഉയിർത്തെഴുന്നീൽപ്പിച്ച സ്നേഹാത്മാവിന്റെ നിത്യവാസസ്ഥലമാകുന്നു നിശ്ചയം. ആ പരമവാസസ്ഥലത്തെ അശുദ്ധിപ്പെടുത്തുവാൻ തക്കവണ്ണം മത്സ്യമാംസങ്ങളെയും മദ്യവർഗ്ഗങ്ങളേയും ഞാൻ ഒരിക്കലും അകത്തു കൊണ്ടുവരികയില്ല നിശ്ചയം. എന്തെന്നാൽ ദൈവം എന്നെ അതിന്റെ കാവൽക്കാരനാക്കി നിയമിച്ചിരിക്കുന്നു. അതുകൊണ്ടു ദൈവം എന്നേക്കും വെറുത്തിരിക്കുന്നതിനെ ഞാൻ എന്നേക്കും വെറുത്തിരിക്കുന്നു, ഞാൻ അവയെ പുറത്തുള്ള നായ്ക്കൾക്കല്ലാതെ അകത്തുള്ള എന്റെ സഹോദരസഹോദരിമാർക്കും എന്റെ മാതാപിതാക്കന്മാർക്കും എന്റെ കുഞ്ഞുങ്ങൾക്കും ഞാൻ കൊടുക്കുമോ? ഞാൻ അങ്ങിനെ ചെയ്താൽ ദൈവം എന്നോടു ഏറ്റവും അധികവും ചെയ്യട്ടെ. അതുകൊണ്ടു മത്സ്യമാംസം തിന്നുകയും മദ്യവർഗ്ഗം കുടിക്കയും ചെയ്യുന്നവരെ (എന്നുവച്ചാൽ കർത്താവിന്റെ ശരീരത്തെ വിവേചിച്ചു അറിഞ്ഞു തങ്ങളിലുള്ള അവിശുദ്ധ വസ്തുവിനെ അന്തിക്രിസ്തുവിന്റെ ശരീരംകൊണ്ടു മനഃപൂർവ്വമായി അശുദ്ധിപ്പെടുത്തുന്നവരെ എന്നു താല്പര്യം) ദൈവം ജീവന്റെ പുസ്തകത്തിൽ നിന്നും അവന്റെ പട്ടണത്തിൽ നിന്നും ശുദ്ധന്മാരുടെ കൂട്ടത്തിൽ നിന്നും വേരോടെ പറിച്ചു അഗാധത്തിൽ തള്ളിക്കളയട്ടെ. ഇതല്ലാതെ വേറൊരു പ്രമാണം ഇക്കാര്യത്തിന്നു ഉണ്ടാകയില്ല. നിശ്ചയം.

ര. ഉണർവുസഭയുടെ മഹത്വം അവളുടെ മക്കളത്രെ. അവർ അവളുടെ നിയമത്തിൽ സ്ഥിരപ്പെട്ടവരുന്നോറും അവർ ദൈവത്തിലും ദൈവം അവരിലും വേരുന്നിവരുന്നതിനാൽ അവരുടെ ക്ഷീണത ശക്തിയായും രോഗം ആരോഗ്യമായും ദാരിദ്ര്യം സമ്പത്തായും ജഡം ആത്മാവായും മരണം ജീവനായും പഴയത പുതിയതായും ഇങ്ങിനെ സകലവും മാറി മറുരൂപപ്പെട്ടവരുമ്പോൾ നിയമത്തിൽ സ്ഥിരപ്പെട്ടവരാത്തവരുടെ സകല മഹത്വവും വാടി വിരൂപപ്പെട്ടപോകുന്നതാകുന്നു. അതിനാൽ ഉണർവുസഭ എന്നെറ എന്നേക്കുമുള്ള മാതാവും അവളെ നടത്തിക്കുന്ന ആത്മാവു എന്നെറ എന്നേക്കുമുള്ള പിതാവുമാകുന്നു. നിശ്ചയം. ഈ സഭയ്ക്ക എതിരായ ക്രിസ്ത്യാനിസഭയോ അവൾ എന്നേക്കും എന്നെറ മാതാവുമല്ല. അവളെ നടത്തിക്കുന്ന ആത്മാവു എന്നേക്കും എന്നെറ പിതാവുമല്ല നിശ്ചയം.

എന്നു പാദശുശ്രൂഷക്കാരൻ

കന്നീരറിൽ നിന്നും
ന. ഫെയ്യ. ൈ
മീനം വ്വ
ഏപ്രിൽ. വ്വ
ഉ. വാ. ദാ. ൻ്റൻ

യൂയോരാലിസൻ.

പൊതുഭക്തൈക്യതയിൽനിന്നു.

എന്നെറ പ്രിയമുള്ള മാങ്ങാനത്തെ കുഞ്ഞിനു എന്നെറ വിശുദ്ധചുംബനം.

ഞാൻ കഴിഞ്ഞ വെള്ളിയാഴ്ച ഉച്ചയ്ക്ക ഇവിടെ വന്നുചേന്നു. കൊട്ടത്തയച്ച എഴുത്തു യോഹന്നാൻബോധകരെ കാണിച്ചു. ഒരു മാസത്തെ അവധിക്കു അവിടെ വരുന്നപക്ഷം ഇവിടുത്തെ പള്ളിക്കുടം വീഴുവന്നുപോകും എന്നും മറും കാരണങ്ങാൽ വരുവാൻ നല്ല മനസ്സില്ല. ഞാൻ നിർബന്ധിച്ചതുമില്ല. നിർബന്ധിപ്പാനും വഹ്യാ. കുരുവിളസീക്കുട്ടറി അവർകൾ അത്ഭുതമായി രക്ഷപെട്ടതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ദൈവം അദ്ദേഹത്തിനു സംസ്കൃതഭാഷാപരിജ്ഞാനത്തെ പൂർണ്ണമായി നൽകട്ടെ. ഞാൻ അവർ രണ്ടുപേരെയും എന്നെറ മക്കളെ എന്നവണ്ണം സദാ ഓർക്കുന്നു. എന്നെറ പ്രീതിവാത്സല്യം അവരിൽനിന്നു ഒരിക്കലും മാറുന്നതുമല്ല. അവർ അത്യാസന്നത്തിൽ ആയിരുന്നപ്പോൾ ദൈവത്തോടുള്ള പ്രാർത്ഥന ഇതായിരുന്നു. "ദീനാവിമൊദമ്പതീനാനാമയാദ്ധര. ദീനാവിമൊദമ്പതീ. ഹേ നായകതേനാമകലേനാസുകരേണാനന്ദയ. ദീനാവിമൊദമ്പതീനാ എന്നെറ ദൈവവും പിതാവുമായ യേശുക്രിസ്തുവ്നെറ ആത്മശരീരമായ പ

രമയുശലേമിൽ അവർ പച്ചൊലിവൃക്ഷംപോലെ വേരുന്നി വരുന്നതിനെ ഞാൻ കണ്ടു സന്തോഷിക്കുന്നതുവരെ അവക്കുവേണ്ടി പരമസുപ്രീംകോട്ടിൽ ഞാൻ ദിവസവും പ്രീ ചെയ്യാതിരിക്കയില്ല. എന്തെന്നാൽ എന്റെ പൊന്നുതമ്പുരാനായ യേശു തന്റെ സകല കത്താക്കന്മാരോടും രാജ്യത്തിലെ എല്ലാ ജനപ്രതിനിധികളോടും കൂടെ മഹാ പാർല്യമെണ്ടുസഭയിൽ സിംഹാസനസ്ഥനായി എഴുന്നള്ളിയിരിക്കെ ആ ശുദ്ധിമാന്മാരുടെ സവ്വസമ്മതപ്രകാരം അവൻ ഇനിക്കു ബാറ്റ്സർ വേലസ്സ് നീട്ടുതന്നിരിക്കുന്നു. ഇതിന്നായിട്ടു തന്നെ യേശുക്രിസ്തുവിന്റെ ആത്മാവു എന്നുള്ളിൽ ഓഗസ്തുമാസം പന്ത്രണ്ടുതൽ നവമ്പർ ഒക്ടോബർ പന്ത്രണ്ടുവരെ അവന്റെ വലപ്രകാരത്തിലുള്ള പഠിപ്പുശാലയിൽ അവൻ എന്നെ പഠിപ്പിച്ചു. എല്ലാ പരീക്ഷയിലും ജയം നൽകീർക്കയാൽ പരമസ്വാസ്ഥതയിൽ പ്രവേശിപ്പാൻ തക്കവണ്ണം ഞാൻ സകലക്കായിട്ടും ദിവസംതോറും മഹ്യസ്ഥതവേലയെ ഇതാ! നടത്തിവരുന്നു.

പീലിപ്പോച്ചന്റെ മരണത്തെക്കുറിച്ചു ഞാൻ ഇപ്പണം വിലാപിക്കുന്നു ബുദ്ധിയില്ലാത്തവൻ മരിക്കുന്നതുപോലെ അബ്നേർ മരിച്ചുവോ?— ഈ അബ്നേറിന്റെ രക്തത്തിൽ നിന്നു ഞാനും ഉണർവുസഭയും ദൈവസന്നിധിയിൽ കുറ്റം ക്ലാതിരിക്കുന്നു. അതു പീലിപ്പോച്ചനിലുള്ള പഴയാദാമായ യോയാബിന്മേലും അവന്റെ സന്തതിയിന്മേലും എന്നേക്കും ഇരിക്കട്ടെ. ആ യോയാബു ഈശുപ്പന്റെ ഏറ്റവും കൌശലമുള്ള പുത്രനത്രെ. അവൻ വയൽപ്രദേശത്തിന്റെ കല്മലയിൽ നിന്നു വരുന്ന ലബാനോനിലെ ഒറ്റച്ച മഞ്ഞിനെ വിട്ടു കളകയും അന്യസ്ഥലത്തു നിന്നു ഒഴുകിവരുന്ന തണുത്ത വെള്ളത്തെ ഉപേക്ഷിക്കയും ചെയ്തതിനാൽ വെള്ളത്തിൽ നിന്നും ആത്മാവിൽനിന്നും ജനിപ്പാൻ കഴിഞ്ഞില്ല. അവൻ പിടിയരിയുടെ ഭർത്താവായ ശലോമോനൊടല്ല, കല്പരിയുടെ ഭർത്താവായ അദോനിയാവോടു ചേർന്നതിനാൽ ഐകൃതയിന്നുത്മാവിന്റെ വാളായ ബനായാ ആ യോയാബിന്റെമേൽ വീണു അവനും മരിച്ചു. ഉണർവുസഭ തരുന്നഭക്ഷണം ഭക്ഷിച്ചുകൊണ്ടു അസഭയെ പണിയിക്കണം എന്നു ആത്മാവു പറഞ്ഞതല്ലാതെ ഗീവറ്ഗീസു പുണ്യവാളൻ തരുന്ന ഭക്ഷണം ഭക്ഷിച്ചുകൊണ്ടു പുതുപ്പള്ളിപ്പള്ളി പണിയിക്കണം എന്നു ആത്മാവു പറഞ്ഞില്ല. അതുകൊണ്ടു ഈ മരണം അതിന്റെ പ്രതിഫലമാണു. അതിനാൽ ഉണർവുസഭ കല്പരിയോടു ഇപ്രകാരം പറയുന്നു.

"എന്റെ നിലയേ! കുഴിയിൽ പോകുപാശിലയേ! എന്റെ നിലയും നീരുനലാനില കലയിന്നൊരുമാ ഇതു കുഴിയെ. പോപൊ! ശിലയെ! എന്റെ നിലയെ! കുഴിയിൽ. നിന്നുടൽ നിന്നുയിർ നിന്നായി ഭിന്നമേ. ഹോഹോ ശിലയേ! നീ നിരയം എന്നെ ചതുപ്പു തന്റെ

പുരിയായ് ചമച്ചാൻ. കൃപ പതിച്ചാൻ നിന്നെ തൃപ്തിച്ചാൻ. പോ
പോ ശിലയെ! എന്റെ നിലയെ കുപയിതു!"

എന്നു വാദഗ്രഹിഷ്ക്കാരൻ യൂയോരാലിസൻ

കന്നീറിനിന്നും
നു യോഗ്യം നു
മേടം വനു
മെയി രു
വ. വാ. ദി. സ്വരൂ



പൊതുങ്ങുക ഐക്യതയിൽ നിന്നും.

എന്റെ പ്രിയമുള്ള കൈതളാവിൽ കോശിയച്ചനു
എന്റെ വിശുദ്ധ മുംബനം.

മുൻ കൊടുത്തയച്ച എഴുത്തിനു മറുപടി അയയ്ക്കാഞ്ഞതു ഓർമ്മവി
ട്ടുപോയതിനാലാകുന്നു.

നായോമിയായ ഉണർവുസഭ ഭർത്താവും ഇരുമക്കളും മരിച്ചു സന്ത
തിയില്ലാതെ രൂത്തിനോടു മാത്രം ശേഷിച്ചു സ്വദേശത്തിൽ മടങ്ങി
വന്നു തന്നെ മാറാ എന്നു സകലരും വിളിപ്പാൻ യോഗ്യ എന്നു കാണി
ക്കുന്നു. അതുകൊണ്ടു നയോമി രൂത്തായ താങ്കളോടു പറയുന്ന ഈ അ
റായിരം വർഷമായി മനുഷ്യർ ജനിക്കുന്ന ക്രമപ്രകാരം ഇനി ഇനി
ക്കു ഒരു സന്തതി ഉണ്ടാകയില്ല നിശ്ചയം. എന്തെന്നാൽ സർവ്വശക്തൻ
എന്നിലുള്ള ഈപ്പന്റെ ഗർഭപാത്രത്തെ തന്റെ ഐക്യതയിൻ ശ
രം കൊണ്ടു ഒരിക്കലും ജീവിക്കാത്ത മരണമുറിവുകൊണ്ടു മുറിപ്പെടു
ത്തീരിക്കയാൽ അവൾ എന്നേക്കും മാറാ അത്രെ. അവൾ ഇനി എന്നി
ൽ ജീവിക്കയില്ല സ്പഷ്ടം. അതുകൊണ്ടു എന്റെ മകളേ! എന്റെ
ദൈവം നിന്റെ ദൈവവും എന്റെ ജനം നിന്റെ ജനവും എന്നേ
ക്കുമാകുവാൻ തക്കവണ്ണം എന്റെ ദൈവം എന്നെപ്പോലെ നിന്നെ
ആക്കട്ടെ. എങ്കിലൊ ഞാൻ നായോമിയത്രെ. എന്നുവച്ചാൽ മധുരം
അല്ലെങ്കിൽ സൌന്ദര്യം എന്നാകുന്നു. എന്തെന്നാൽ സർവ്വശക്തൻ ത
ന്റെ ദിവ്യശരീരത്തിൽ എന്നെ എന്നേക്കുമായി ചേർത്തിരിക്കുന്നു.
അതിനാൽ മത്സ്യമാംസങ്ങളും മദ്യവർഗ്ഗവും എന്റെ നാവിനു എന്നേ
ക്കും കാഞ്ഞരമായിരിക്കുന്നവണ്ണം അവകൾ നിന്റെ നാവിനും എ
ന്നേക്കും കാഞ്ഞരമായിരിക്കട്ടെ. ആകയാൽ നീ ഇറങ്ങിച്ചെന്നു കാ
ഞ്ഞരത്തെ കൊഴുന്നവരുടെ പിന്നാലെ ചെല്ലാതെ ധാന്യം കൊഴു
ന്ന ബോവാസിന്റെ പിന്നാലെ ചെന്നു അവനിൽ നിന്നു കൃപയെ
കൈക്കൊള്ളുക. നിന്റെ ഭവനത്തിൽ നിനക്കു സൌഖ്യം കണ്ടെത്തു
മാറു ഇനിമേലാൽ ഒരിക്കലും കാഞ്ഞരം തിന്നുകയില്ല എന്നുള്ള ഉട

ബന്ധിയോട് കൂടെ നിനക്കു ഒരു സഹായത്തെ ഉണ്ടാക്കിക്കൊള്ളുക. എന്റെ ദൈവം നിന്നോട് കൂടെ ഇരിക്കട്ടെ. കള്ളദീർഘദർശിമാരായ ഈപ്പന്റെ സേനകൾക്കു ദൈവം നൽകുവാനിരിക്കുന്ന പ്രതിഫലത്തെ യറമിയാൻ പ്രവചനം. പ്രവചനം പറഞ്ഞിരിക്കുന്നു. ആകയാൽ എന്റെ മകളായ ശുഭേ! ഞാൻ നിന്നെക്കുറിച്ചു ഇപ്രകാരം പാടുവാൻ ഇടതരിക നവമേദിനീതനയേ കൃപേ! നിയല്ലോ എന്റെ പ്രമോദകാരിണി നവമേദിനീതനയേ കൃപെ! ബവമനവാ വകപ യോവാഹദേവനാം ചന്ദ്രയ്യാ. നിന്നെ നവമാനബന്ധമായി ചമച്ചാനിവണ്ണമെ. നി എന്റെ ബലം നിയെന്റെ ജയം. നീയെന്റെയെല്ലാ പ്രമോദകാരിണി. നവമേദിനീതനയേ കൃപെ!"

എന്നു പാടശുശ്രൂഷക്കാരൻ യൂയോരാലിസൻ

കണ്ണീരറിനിന്നും
നു യോഗ്യം രു
ടേടം വനു
വെയി ഒ
വ. വാ. ദി. ൻരന്ന



പൊതു ഏക ഐക്യതയിൽ നിന്നു

എന്റെ പ്രിയമുള്ള അഞ്ചേരി യോഗക്കാർക്കു
എന്റെ വിശുദ്ധ ചുംബനം.

നിങ്ങൾ കൊടുത്തയച്ച എഴുത്തിൻപ്രകാരം ഉലഹന്നാച്ചൻ ശുപാർശയും ഇവിടെ ഏല്പിച്ചു. പുസ്തകത്തിന്റെ വില ശുപാർശയും ദാനിയേൽ വശം ഞാൻ പറഞ്ഞിരിക്കുന്നു. ഉലഹന്നാച്ചൻ ഇവിടെ വന്ന ദിവസം കാലത്തു ഞാൻ ഇട്ടിമുപ്പന്റെ കടം തീർത്തു. നിങ്ങൾ മുൻ അയച്ച എഴുത്തു ഇട്ടിമുപ്പന്റെ വിധേയം ഏല്പിക്കാതെ വിവരം മാത്രം പറഞ്ഞതിനാൽ പണം പറഞ്ഞ വിവരത്തിനു രസീതു അവശ്യമില്ല. നിങ്ങളുടെ എഴുത്തു വീട്ടിൽ ഇരിക്കുന്നതിനാൽ അയയ്ക്കുകൊണ്ടുവരുകയില്ലാ. നിങ്ങൾ ചെയ്ത ഈ വലിയ ഉപകാരത്തിനായി ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. കഴിഞ്ഞ വെള്ളിയാഴ്ച വീട്ടിൽ നിന്നു പുറപ്പെട്ടുപോയതിനാൽ ഉലഹന്നാച്ചൻ എന്നെ നിരസിച്ചു വന്നു കണ്ടു. ഇന്നു മേപ്രായായിരുന്നു ശുശ്രൂഷ. ഉലഹന്നാച്ചൻ വരുന്നതിനു മുൻപെ പീലിപ്പോച്ചന്റെ മരണത്തെക്കുറിച്ചു കേട്ടു. ആ കാര്യത്തെപ്പറ്റി നിങ്ങളുടെ എഴുത്തിൽ കാണിച്ചിരിക്കുന്ന സംഗതി ഇനിക്കു തൽക്കാലം ഓർമ്മവരുന്നില്ല. എഴുത്തിന്റെ പകർപ്പുണ്ടു. അതു ശോധനചെയ്തിട്ടു എഴുത്തയയ്ക്കാം. ശേഷമാകയും ഉലഹന്നാച്ചൻ പറയും. ഒറവ'ളാക്കൽ മാത്തുവച്ചൻ അപേക്ഷിച്ചതി

ൻവണ്ണം ആത്മാനുവാദപ്രകാരം ഉണ്ടാക്കിയ പ്രാർത്ഥന കൊടുത്തയക്കുന്നു. ഇതു എല്ലാവരും ദിവസന്തോറും പ്രാർത്ഥിക്കയും ഞായറാഴ്ച ശുശ്രൂഷയുടെ അവസാനത്തിങ്കൽ ഇതു പ്രാർത്ഥിച്ചു പുരുഷസൂക്തം പറഞ്ഞു ശുശ്രൂഷ അവസാനിപ്പിക്കയും വേണം. യോഹന്നാൻബോധകരെ ഞാൻ കന്നീറ്റിൽ ചെന്നാലുടൻ പറഞ്ഞയയ്ക്കാം. വിവരങ്ങൾക്കു എഴുത്തും അയക്കാം അപ്പോൾ കൊച്ചോയിച്ചന്റെ പേരും എഴുത്തയക്കാം.

മേപ്രാ നിന്നും
നു. പൈയ്യ. ഫന്ന
മേടം ഫന്ന എന്നു വാദശുശ്രൂഷക്കാരൻ യൂയോരാലിസൻ.
ഏപ്രി. ഫ
ഫ. വാര. ൻനുവ

പൊതു ഏക ഐക്യതയിൽ നിന്നും.
എന്റെ പ്രിയമുള്ള കയ്പൂരത്തിനു എന്റെ വിശുദ്ധ ചുംബനം.

ഞാൻ വള്ളത്തിന്റെ കാര്യത്തെക്കുറിച്ചു അതിന്റെ പരമർത്ഥം. വായ്മൂലമായി പറഞ്ഞുവല്ലൊ. അതിന്റെ രഹസ്യം എഴുത്തു മൂലമായും അറിയിക്കുന്നു. ഞാൻ തനിക്കു വള്ളം വാങ്ങിച്ചു തരാമെന്നു വാക്കുടമ്പടി ചെയ്തിട്ടും അതു മറ്റൊരുത്തനായിട്ടുപായത്തു എന്റെ വിധേയം പണമില്ലാർക്കുന്നതിനാലല്ല. ഇനിക്കു മനസ്സില്ലാഞ്ഞതിനാലുമല്ല. എന്റെ ഉദാരതയാലുമല്ല. എന്നു എന്റെ ഹൃദയം തുറന്നു പറയുന്നു സത്യം. തന്റെ നേരെ ദാനിയേലിനും വള്ളത്തിന്റെ ഉടയക്കാരനായ കൊച്ചുകുഞ്ഞിനും അല്പം മുഷിച്ചിലുണ്ടു. ഞാൻ ഏകദേശം ഒരു വർഷമായി വള്ളം അഗ്രഹിച്ചു വാക്കു പറഞ്ഞിരിക്കെ എന്നോടു ഒരു വാക്കും പറയാതെ വള്ളത്തെ സൂത്രത്തോട്ടുകൂടെ പിടിക്കണം എന്നു കയ്പൂരം വിചാരിക്കുന്നു എന്നു ദാനിയേലിന്റെ എണ്ണം. വള്ളത്തിനു ഒറ രൂപായോളം വില കിട്ടുന്നതായിരിക്കെ നൂറു രൂപാസ്സു പിടിയ്ക്കാമെന്നു സൂത്രത്തോട്ടുകൂടെ കയ്പൂരം വരുന്നു എന്നു കൊച്ചുകുഞ്ഞിന്റെ എണ്ണം. ഇതിനാൽ വള്ളം ദാനിയേലിനു കൊടുക്കരുതു കയ്പൂരത്തിനു കൊടുക്കണം, എന്നു കൊച്ചുകുഞ്ഞിനോടു പറവാനോ വള്ളം ദാനിയേൽ വാങ്ങിക്കരുതു കയ്പൂരം വാങ്ങിച്ചു കൊള്ളട്ടെ, എന്നു അവനോടു പറവാനോ ഇനിക്കു കഴിഞ്ഞില്ല. ഞാൻ എന്തു ചെയ്യേണ്ടു? എന്നു വാദശുശ്രൂഷക്കാരൻ

കന്നീറ്റിൽ നിന്നും
നു. യോഗ്യം ഫ്ര യൂയോരാലിസൻ.
ഇടവം ര



പൊതു ഏക ഐക്യതയിൽ നിന്നു.
ദാനിയേലിന്നും മനുവിന്നും അറിയിക്കുന്നതു.

നിങ്ങൾ രണ്ടു പേർക്കും കുടുംബ സഹിതം ചിലവു നടക്കേണ്ടുന്ന വകയ്ക്കു ഉള്ളിരിപ്പു പുരയിടവും തെക്കെ പുരയിടവും തൽക്കാലം നിങ്ങൾക്കു പാട്ടത്തന്നിരിക്കുന്നു. നിങ്ങൾ അവയിൽ വേല ചെയ്തു അവയുടെ അനുഭവം കൊണ്ടു ചിലവു നടത്തിക്കൊള്ളണം. നിങ്ങൾക്കു സഹായിക്കുന്നതിന്നു വല്യമ്മയും നിങ്ങളോടുകൂടെ ഇരിക്കട്ടെ. നിങ്ങൾക്കുള്ള ചിട്ടികൾ ഞാൻ വച്ചു നടത്തിക്കൊള്ളാം. പുരയിടങ്ങളിലെ വേലകൾ നിങ്ങൾ തന്നെ നോക്കിക്കൊള്ളണം. അതിന്നു ഞാൻ സഹായിക്കയില്ല. കയ്പുരത്തിന്നുള്ള കടം ഞാൻ തീർത്തുകൊള്ളാം. നെൽ വ്യാപാരത്തിൽ നിന്നുള്ള വരുമാനം നിങ്ങൾ തന്നെ എടുത്തുകൊള്ളണം. അവയിൽ നിന്നു നഷ്ടം വരാതെ നിങ്ങൾ നോക്കിക്കൊള്ളണം. അതുമുതല ഞാൻ ഏൽക്കുകയില്ല. ചിട്ടിപ്പണം കൊണ്ടും സ്ത്രീധനപ്പണം കൊണ്ടും മനുവിന്നു അവന്റെ ചിലവു നടപ്പാൻ തക്കവണ്ണം വസ്തു വാങ്ങിച്ചു കൊടുക്കാം. ശേഷമുള്ള കുടുംബചിലവും മറ്റും നീക്കിവല്ല മിച്ചം എന്റെ വിധേയം കാണുന്നതുകൊണ്ടു നിങ്ങൾക്കു വല്ല ബുദ്ധിമുട്ടും വന്നുപോയാൽ സഹായിക്കാം. എങ്കിലോ ഞാൻ പറഞ്ഞപ്രകാരം നിങ്ങളുടെ ഭാരത്തെ നിങ്ങൾ വഹിപ്പാൻ തുടങ്ങിയാൽ നിങ്ങൾക്കു ഒരു ബുദ്ധിമുട്ടും വരികയില്ല. കുപയ്യനു തെക്കെ പുരയിടവും പുരയും കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നപ്രകാരം കുട്ടിയ്യനും കുഞ്ഞിയ്യനും ഞാൻ വേറെ തേടിക്കൊടുക്കേണ്ടുന്നതാകയാൽ നിങ്ങളുടെ ഭാരത്തിൽ നിന്നു എന്നെ ഒഴിച്ചുവിടേണ്ടുന്നതാകുന്നു.

എന്നു
കുന്നിറ്റിൽനിന്നും
ന. ശൌര്യം. ഫവ
മാഗ്ഗം. ഫ
ജൂൺ. ഫന
വ. വാര. ൻവ്വദ



പൊതുഏക ഐക്യതയിൽനിന്നു

എന്റെ പ്രിയമുള്ള മലയിൽ ബോധകക്കു
എന്റെ വിശ്വസ്തകുടുംബനം.
മൂശലാളിയുടെ ദിനത്തെപ്പറ്റി ഞാൻ സദാ പ്രാർത്ഥിച്ചുംകൊണ്ടു

വരുന്നു. എങ്കിൽ ഹൃദയത്തിനു തക്ക സമാധാനം ഇതുവരെയും ഉണ്ടാ
യിട്ടുമില്ല. ജീവായുസ്സിനെ ദീർഘമാക്കി വയ്പാൻതക്കവണ്ണം, താങ്കളും
കണ്ണുനീരോടു കൂടെ പ്രാർത്ഥിക്കണം. ചികിത്സയിന്മേൽ ദൈവകൃപ
ധാരാളമായി പൊഴിവാൻ തക്കവണ്ണം ചെയ്ത ലംഘനത്തിനു പരി
ഹാരം ചെയ്യണം. എന്നു വെളിപ്പെട്ടിരിക്കയാൽ ഞാൻ എഴുതുന്നു.
ഒന്നാവതു ദൈവസന്നിധാനത്തിങ്കൽ നിങ്ങളെല്ലാവർക്കുംവേണ്ടി പ
രിഹാരം ചെയ്യുന്ന ഒരു ആചാര്യനായിട്ടു എന്നെ നിങ്ങൾ എന്നേക്ക
മായി അംഗീകരിക്കണം. രണ്ടാവതു നിങ്ങളുടെ ദശാംശങ്ങളെ
നിങ്ങളുടെ ആചാര്യനായ എനിക്കു അല്ലാതെ മറ്റാർക്കും കൊടുക്കയി
ല്ല എന്നു നിങ്ങളിൽ തന്നെ ഉടമ്പടി ചെയ്തുകൊള്ളണം. ദൈവം ഇ
നിക്കു കൃപയോടു കൂടെ നൽകിയിരിക്കുന്ന അധികാരത്തിൻ പ്രകാ
രം മുതലാളിക്കു വേണ്ടി ഞാൻ പരിഹാരം ചെയ്യാം. ആയതിന്നായി
ട്ടു നിങ്ങളുടെ മനഃപൂർവ്വമായ ബലിയെ ഇപ്പോൾ നിങ്ങൾ ഇവിടെ
എത്തിക്കണം. ഇതിനു മറുപടി ബോധകർ തന്നെ അമ്മയുമായി ആ
ലോചിച്ചു ഇനിക്കു അയയ്ക്കണം.

എന്നു നിങ്ങളുടെ പാദശുശ്രൂഷക്കാരൻ

കന്നീറ്റിൽ നിന്നും
൨൬ ശെപ്തം ൧൯൨൬ യൂയോരാലിസൻ.
മിഥുനം ൨൬
ജൂൺ ൫൪
൨൬ വാരൻവുന



പൊതു ഏക ഐക്യതയിൽ നിന്നു.
യോഹന്നാൻ ബോധകക്കു.

തൻ രഹസ്യത്തിൽ വിവാഹം ചെയ്തു കൊൾവാൻ ഇതിനു മുൻ
പെ തന്നെ ഇനിക്കു വെളിപ്പെട്ടിരുന്നു. ഞാൻ അതു അപ്പോൾ പറ
യാഞ്ഞതു തൻറെയും മറുള്ളവരുടേയും ബലഹീനത നിമിത്തം ത
ന്നെ. എന്നാൽ ഇപ്പോൾ സമയം ആയിരിക്കയാൽ തക്ക സഹായത്തെ
വരിച്ചു കൊള്ളാം. ഞാൻ അതിനെ നിവൃത്തിക്കയും ചെയ്യാം. അതി
നു ദൃഷ്ടാന്തമായിട്ടു തൻറെ അലഞ്ഞു കിടന്ന പുരയിടം തടം എടു
ത്തു വളമിട്ടു തൻറെ കയ്യിൽ ഭരമേല്പിക്കുന്നു. ഇനി മേലാൽ താൻ
തന്നെ കയ്യോറു ഫലം എടുത്തുകൊള്ളണം. അതിൽ ഒരു പുര ഉണ്ടാ
കുന്നതു വരെ വടക്കെ പുരയിൽ ഭാഗ്യമായി പാർത്തുകൊള്ളാം. ദൈ
വം തനിക്കു ഒരു ബുദ്ധിമുട്ടും കൂടാതെ തന്നെ നടത്തിക്കും. ഈ അ

ഞ്ഞു കിടക്കുന്ന പുരയിടം കുണക്കെയുള്ള ഒരു സ്ത്രീയെ താൻ തെരി
ഞ്ഞെടുത്തു കൊള്ളണം. അതു തന്റെ മുറയാകുന്നു. ആ ഭാരത്തെ എ
ന്റെ മേൽ വയ്ക്കുന്നു.

കന്നീററിൽ നിന്നും
നു ശൌര്യം ഹ
മിഥുനം ഛ എന്നു പാദശുശ്രൂഷക്കാരൻ യുയോരാലിസൻ.
ങ്ങൻ ഹ
ം. വാ. ദി. ൻവ്വന്നു



പൊതു ഏക ഐക്യതയിൽ നിന്നു.

എന്റെ പ്രിയമുള്ള മലയിൽ ബോധകർക്കു
എന്റെ വിശ്വാസ പുംബനം.

പൂവത്തൂർ കുഞ്ഞു എഴുത്തു കൊണ്ടു വന്നു തരികയും അവിടെയുള്ള വിവരം പറകയും ചെയ്തു. അതിൽ ശിരസ്ഥന്മാരുടെ അഭിപ്രായം നാട്ടു ചികിത്സ അരുതു. വീരപ്പനെക്കൊണ്ടു ചികിത്സ ചെയ്യിപ്പിക്കണമെന്നും അതിനെപ്പററി എന്നോടു ആലോചിക്കരുതെന്നും ആകുന്നു, എന്നുള്ള വിവരവും പൂവത്തൂരാൻ എന്നോടു പറഞ്ഞു. ചികിത്സ ചെയ്യിപ്പിക്കുന്നതു രോഗിയുടെയും ഉടയക്കാരുടെയും മനസ്സിൻ പ്രകാരമാകുന്നു. ഇനിക്കു യാതൊരു നിർബന്ധവുമില്ല. ഞാൻ അതിനെക്കുറിച്ചു ഒന്നും പറഞ്ഞിട്ടുമില്ല. എങ്കിലോ ദൈവകൃപ ചികിത്സയിന്മേൽ ധാരാളമായി വരുകയുപ്പെടണം എന്നു മാത്രമെ ഞാൻ പറഞ്ഞിട്ടുള്ളു. അതുകൊണ്ടു നിങ്ങൾക്കു ആരെക്കൊണ്ടു ചികിത്സ ചെയ്യിപ്പിക്കണം എന്നു മനസ്സോ? അവരെക്കൊണ്ടു ചികിത്സ ചെയ്യിപ്പിക്കാം. ഇനിക്കു യാതൊരു വിരോധവുമില്ല.

കന്നീററിൽനിന്നും എന്നു
നു ശൌര്യം ഹ
,, മിഥുനം നു
വ; വാര: ൻവ്വ



പൊതു ഏക ഐക്യതയിൽ നിന്നു.

എന്റെ പ്രിയമുള്ള മലയിൽ ബോധകർക്കും കുടുംബത്തിലുള്ള
മറെറല്ലാവർക്കും എന്റെ വിശ്വാസ പുംബനം.
തലാളി നിങ്ങളുടെ കുടുംബത്തലവനും എന്റെ ശരീരത്തോടു

ഏറ്റവും ബന്ധിക്കപ്പെട്ട ഒരു പ്രധാന അവയവവും ആയിരുന്ന മുറ
ിപ്പു ഇപ്പിരിച്ചിൽ നമുക്കു എല്ലാവക്കും വലിയ വ്യസനത്തെ ഉണ്ടാക്കീ
രിക്കുന്നു. എങ്കിലും സകല ദുഃഖത്തിൽ നിന്നും ആശ്വസിപ്പിക്കുന്ന ന
മ്മുടെ ദൈവത്തിൽനിന്നു പ്രാപിച്ച ആശ്വാസത്താൽ ഞാൻ നിങ്ങ
ളെ ആശ്വസിപ്പിക്കേണ്ടതു എന്നെറ മുറയാകയാൽ ഞാൻ നിങ്ങൾക്കു
എഴുതുന്നു. ഞാൻ മഹാദൈവത്തിന്നെറ അനുവാദപ്രകാരം ഈ കാ
ര്യങ്ങളെ നിങ്ങൾക്കു വെളിപ്പെടുത്തുന്നതാകയാൽ അവയെ നിങ്ങ
ൾ മനഃപൂർവ്വമായി കൈക്കൊണ്ടു അനുസരിച്ചാൽ നിങ്ങൾക്കു എന്നും
ആശ്വാസവും സന്തോഷവുമായിരിക്കും.

൫. ഇപ്പോൾ കുടുംബത്തലവനായി നിയമിച്ചു ദൈവത്തിന്നെറ
തുകയ്യാൽ ഈ എഴുത്തു മൂലം അധികാരം നൽകീട്ടുള്ള ബോധകക്കു
രണ്ടാലോചനക്കാരായിട്ടു വാഴയിപ്പറമ്പു മത്തായച്ചനേയും ക്രൂടാരപ്പ
ള്ളി കൊച്ചോയച്ചനേയും നിയമിച്ചിരിക്കുന്നു. ഇവക്കു ദൈവേഷ്ട
ത്തെ ഞാൻ വെളിപ്പെടുത്തുന്നതിനാൽ ഇവരുടെ ആലോചനപ്രകാ
രം കുടുംബത്തലവൻ കുടുംബത്തെ നടത്തിക്കണം.

൬. കുടുംബത്തിലുള്ള സകലത്തിന്നെറയും താക്കോൽക്കാരി അമ്മ
യും മുതൽപിടി ഇടിച്ചാണ്ടിയച്ചനും ആകയാൽ ദൈവേഷ്ടം അറി
ഞ്ഞു ആലോചനക്കാർ മൂലം കുടുംബത്തലവൻ പറയുന്നതിനെ ഇവ
ർ കേട്ടു ചിലവഴിച്ചുകൊള്ളുന്നതല്ലാതെ മറ്റൊരുപ്രകാരമായ്ട്ടോ,
തന്നിഷ്ടമായോ യാതൊന്നും ചിലവഴിച്ചുപോകരുതു.

൭. വരവുചിലവുകൾക്കൊക്കയും കണക്കെഴുത്തുകാരനായി കൊ
ച്ചുണ്ണ്ണ്ണിയെ നിയമിച്ചിരിക്കുന്നതിനാൽ കുടുംബത്തലവൻ അവ
നെക്കൊണ്ടു ആ കാര്യത്തെ ഭദ്രമായി നടത്തിച്ചു കൊള്ളണം. ആ
കാര്യത്തിന്നു വല്ല വിഘ്നം വന്നു പോയാൽ കുടുംബത്തലവനോടു
അല്ലാതെ ഇവനോടു ചോദിക്കപ്പെടുകയില്ല.

൮. കൊച്ചുണ്ണ്ണ്ണി, കോരത്തൻ, കുഞ്ഞു, സാറാമ്മ, റിബേക്കാ,
ലക്ഷ്മി ഇവർ ആറു പേരും അമ്മയുടെ കയ്യിൽ ദൈവത്താൽ ഭര
മേല്പിക്കപ്പെട്ടിരിക്കുന്നു. ഇവരുടെ വിവാഹം വരെ തള്ളയോടു ക്രൂ
ടെ ഇരുന്നുകൊള്ളണം. അതിലും പ്രത്യേകം കൊച്ചുണ്ണ്ണ്ണിയേയും
കോരത്തച്ചനേയും യാതൊരു മിക്കില്യും പറഞ്ഞയക്കരുതു. എന്നു വച്ചാ
ൽ തള്ളയോടു ക്രൂടെ സദാ ഇരുന്നുകൊള്ളണം. അല്ലാതെ മറ്റൊരു
വന്റെ കയ്യിൽ കൊടുക്കയോ അന്യാധീനത്തിലാക്കുകയോ അരു
തു.

൯. കുടുംബസംബന്ധമായുള്ള സകല കടവും ഏതുയും വേഗത്തി
ൽ തീർക്കേണ്ടതാകുന്നു. (ഇതിന്നു മുൻപെതന്നെ ഞാൻ ആ കാര്യം മു
തലാളിയോടു പറഞ്ഞിട്ടും അതിലൊക്കയും ഉദാരത വിചാരിച്ചു ആ
രോകം കിട്ടാത്ത പുള്ളികൾക്കു വണം കൊടുത്തു തുണുകേട്ടു വരുത്തി
വീട്ടു പണി ആരംഭിച്ചു) അതുകൊണ്ടു ഒന്നാമതു വീട്ടുപണി നടത്തു

കയോ കടം തീർക്കയോ ഏതു ഉത്തമം? എന്നു വിചാരിച്ചു കുടുംബത്തി
ലവൻ ആലോചനക്കാർ മൂലം നിശ്ചയം വരുത്തിക്കൊള്ളണം. കുടും
ബസംബന്ധമായ കടം തീർക്കുന്നതിനും പെൺകുഞ്ഞുങ്ങളെ കെട്ടിക്കു
ന്നതിനും മുൻപെ പകുതി ചെയ്യുന്നതു ന്യായമല്ല.

൩. കാലത്തും വൈകിട്ടും ക്രമപ്രകാരം പ്രാർത്ഥന നടത്തിക്കുന്നതി
നും ആത്മാവിന്റെ അനുവാദപ്രകാരം മത്സ്യമാംസം മദ്യം എന്നിവ
കളാൽ തങ്ങളേയും കുടുംബത്തിലുള്ളവരേയും അശുദ്ധിപ്പെടുത്താ
തെ കുടുംബത്തെ ക്രമമായി നടത്തിക്കുന്നതിനും മുതലാളിജേഷ്ടൻ
മരിച്ചപ്പോൾ ഏതുപ്രകാരം നടത്തിച്ചുവോ? അതിനെ അനുസരിച്ചു
നടത്തിക്കുന്നതിനും കുടുംബത്തിലുള്ള എല്ലാവരും കടംപെട്ടവർ ത
ന്നെ. എങ്കിലും പ്രത്യേകം കുടുംബത്തലവനും അമ്മയും കടംപെട്ടി
രിക്കുന്നു എന്നു മാത്രമല്ല നിങ്ങളുടെ ജീവനും മറ്റു സകല നന്മയും
അവസ്ഥയും മരണവും ഒഴിയുന്നതിനും കാരണമായ കുടുംബവർദ്ധന
വിലെ ദശാംശങ്ങളെ നിങ്ങൾ ഇനിക്കല്പാതെ മറ്റാർക്കും കൊടുത്തു
പോകരുതു. ഇതിലെ പ്രത്യേക മുമതല അമ്മയ്ക്കാകുന്നു.

വിശേഷസംഗതി മുതലാളി അവസാനസമയം എല്ലാം പറവാനു
ള്ളതിനെ പറവാൻ ഇടവരുത്താതെ അവരെ വിഷ്ണം വരുത്തിയ ക്രൂ
രപ്പുള്ളി അച്ചന്റെ ദീർഘപ്രാർത്ഥനയാൽ അരക്കം മനസ്സു കഷീണി
ക്കാതെ ഇരിപ്പാനായിട്ടു മുതലാളിയുടെ മനസ്സിനെ അറിഞ്ഞ ഞാൻ
നിങ്ങളോടു പറയുന്നു. കോഴഞ്ചേരി കുഞ്ഞിനും ഉണ്ണുണ്ണിക്കും എന്ന
പോലെ നിങ്ങളുടെ കുടുംബത്തിന്നായിട്ടു നന്നായിട്ടു യത്നിച്ചിട്ടുള്ള
ആശാനും കുഞ്ഞാണ്ടിക്കും അവരുടെ പ്രവൃത്തിക്കു തക്കവണ്ണം നിങ്ങൾ
നന്മ ചെയ്യണം. ക്രൂരപ്പുള്ളി കുടുംബത്തിന്നു എന്നപോലെ കടമ്പ
നാട്ടു അച്ചന്റെ കുടുംബത്തിനും നിങ്ങൾ നന്മ ചെയ്യണം. മൂത്ത
മുതലാളിയുടെ പെൺമക്കളെ നിങ്ങൾ ഒരിക്കലും മറക്കരുതു അവർക്കു
ആദരവായിരിക്കണം മുതലാളിയുടെ ജീവനോടെ ഇരിക്കുന്ന പെ
ങ്ങന്മാരെയും അമ്മമാരെന്നപോലെയും ആ കുടുംബത്തിലുള്ളവരേയും
സഹോദര സഹോദരിമാരെന്നപോലെയും നിങ്ങളുടെ വക്കത്തിലുള്ള
സകലരേയും നിങ്ങളുടെ കൂടപ്പിറപ്പുകൾ പോലെയും സകല നന്മല
രയോടും വിചാരിച്ചുകൊള്ളണം. നിങ്ങളുടെ അയൽവക്കക്കാരോടു
സ്നേഹവും പ്രിയവുമായി വ്യാപരിപ്പിൻ! അവരെ ഇടറ്റിവരുത്തരു
തു. പ്രവൃത്തിയിൽ മടിയില്ലാത്തവരായി അത്യാവശ്യസമയത്തിൽ വേ
ലകളെ നിവൃത്തിപ്പിൻ! കീഴാളുള്ള കാവൽക്കാരുടെ സകല കൌശ
ലങ്ങളേയും അറിഞ്ഞു സ്നേഹത്തിൽ അവരെ യോഗ്യമാംവണ്ണം ഭരി
പ്പിൻ. സകലത്തിലും പരമാർത്ഥവും ബുദ്ധിയും ഉള്ളവരായിരിപ്പിൻ.
ഞാൻ എന്റെ മൂത്ത മകനെ നിങ്ങൾക്കു തന്നിരിക്കയാൽ നിങ്ങളു
ടെ മാതാവിന്റെ മൂത്ത സഹോദരൻ എന്നു എന്നെ നിങ്ങൾ ഓർത്തു
കൊൾവിൻ. വിശേഷിച്ചും ഇതാ! ആത്മാനുവാദപ്രകാരം അന്നമ്മ

യേ ബോധകരുടെ കയ്യിലു., അച്ചാമ്മയെ ഇടിച്ചാണ്ടിയച്ചന്റെ കയ്യിലും തന്നിരിക്കുന്നു. അല്ലാതെയും കൊച്ചുണ്ണ്ണ്ണിയുടെ സഹോദരി സാറാമ്മയും റിബേക്കായുടെ സഹോദരൻ കൊച്ചുകോരത്തച്ചനും കുഞ്ഞിന്റെ ഇളയ പെങ്ങൾ ലക്ഷ്മിയും അത്രെ. ഇപ്രകാരം ആത്മാവു നിങ്ങളെ ബന്ധിച്ചിരിക്കയാൽ ഇടിച്ചാണ്ടിയച്ചന്റെ അവകാശിയത്രെ ശിരസ്ഥദാർ, ശിരസ്ഥദാർ സൌഖ്യത്തോട്ടു കൂടെ ഇരിപ്പാനും രോഗത്തിൽ നിന്നു പൂർണ്ണ സ്വസ്ഥത ലഭിപ്പാനും ആയിട്ടു നിങ്ങൾ പ്രാർത്ഥിക്കണം.

എന്നു പാദശുശ്രൂഷാകനായ യോരാലിസൻ

കുന്നിറി
നു ശൌര്യം വരു
,, മിഥുനം കനു
രു ജൂൺ വരു
വ. വാ. ടി. ൻൻ൯



പൊതു ഏകൈകൃതയിൽ നിന്നു.
എന്റെ പ്രിയമുള്ള മാതാവെന്നപോലെ ഇരിക്കുന്ന
കണിയംന്തറ വലിയമ്മക്കു എന്റെ വന്ദനം.

ഉണർവുസഭ സകലലോകത്തിന്നായിട്ടും പക്ഷവാദം ചെയ്യുന്നു രണ്ടായിരത്തി മുന്നൂറ്റി മുപ്പത്തൊന്നു ദിവസം ഇതാ! കഴിഞ്ഞിരിക്കുന്നു. അതിനാൽ ആയതിന്റെ വടലം വെളിയിൽ പ്രകാശിപ്പാൻ ആരംഭിച്ചിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതുന്നു. ഇതു മഹാദൈവത്തിന്റെ അനുവാദപ്രകാരമാകുന്നു ഞാൻ നിങ്ങളോടു പറയുന്നതു എന്നു ആദ്യമേതന്നെ ചൊല്ലിക്കൊള്ളുന്നു. അല്ലയോ പ്രിയമാതാവേ! ഇത്തിമല കുടുംബത്തിൽ മഹാദൈവം ന്യായവിസ്താരത്തിന്നായിട്ടു ഒരു ആസനവും ഭക്ഷണവാനിയത്തിന്നായിട്ടു ഒരു മേശയും സ്ഥാപിച്ചുപോയി. അവ രണ്ടും അവിടെനിന്നു നീക്കപ്പെടുന്നതുമല്ല. ഈ രണ്ടിന്നേറെയും ശുശ്രൂഷെക്കായി ദൈവത്തിന്റെ അനുവാദപ്രകാരം ഞാൻ മൂന്നു മുതലാളിയേ പ്രതിഷ്ഠിച്ചു എങ്കിലും ന്യായവിസ്താരത്തിൽ ഉതച്ചുപോകുന്നിമിത്തം ആ ആസനം അവിടത്തേ തള്ളിക്കളഞ്ഞു. പിന്നീടു കുഞ്ഞാക്കാണ്ടമുതലാളിയേ ആകുന്നു പ്രതിഷ്ഠിച്ചതു്. മുതലാളിയോ മഹാദൈവത്തിന്റെ ഭക്ഷണമേശയേ അശുദ്ധിപ്പെടുത്തിയതിനാൽ ആ മേശ അവിടത്തേയും തള്ളിക്കളഞ്ഞു. മൂന്നാമതു ദൈവാനുവാദപ്രകാരം തന്നെ അവകാശിയായ ബോധകരേ ഇപ്പോൾകൊടുത്തയച്ച എഴുത്തോടു കൂടെ ഈ രണ്ടിന്നേറെയും ശുശ്രൂഷയ്ക്കായി പ്രതിഷ്ഠിച്ചിരിക്കുന്നു. ദൈവത്തിന്റെ ആസനത്തേയും മേശ

യേയും ഇന്നിന്നപ്രകാരം ശുശ്രൂഷിച്ചുകൊള്ളണമെന്നു പ്രമാണം കൊടുത്തിട്ടുണ്ടു്. ബോധകർ ചെറുപ്പവും മറ്റുള്ളവർ കുഞ്ഞുങ്ങളും അമ്മ ഭർത്താവിന്റെ വേർപാടു നിമിത്തം മഹാ പരിതാപമുള്ളവരും ആയിരിക്കെ, നിങ്ങൾ ഇസ്രായേലിന്റെ ഒരു മാതാവെന്നപോലെ ഇരുന്നുകൊണ്ടു ദൈവത്തിൽ നിന്നും സ്വജനങ്ങളിൽ നിന്നും മറ്റുള്ളവരിൽനിന്നും ലഭിക്കേ ആശ്വാസവും സന്തോഷവും വരുവാൻ തക്കവണ്ണം ഇവിടെ നിന്നും കൊടുത്തയച്ച എഴുത്തിനെ അനുസരിച്ചു ഗുണദോഷം പറവാൻ നിങ്ങൾക്കു കടമയുണ്ടു്. ഇതുമാത്രമല്ല ദൈവം നിങ്ങൾക്കു അതിനു പ്രാപ്തിയും ജ്ഞാനവും തന്നിട്ടുണ്ടു്. നിങ്ങളുടെ വിശ്വാസത്തെ കാത്തുകൊണ്ടതിൽ നിങ്ങൾക്കു വന്ന ഓരോ ദുഃഖങ്ങളേയും കഷ്ടങ്ങളേയും ദൈവം മറന്നിട്ടില്ല. ദൈവം നിങ്ങളെ ഏറ്റവും അനുഗ്രഹിക്കട്ടെ. എങ്കിലോ കൊടുത്തയച്ച എഴുത്തിനു വിപരീതമായി കർത്താവിന്റെ മേശയെ അശുദ്ധിപ്പെടുത്തുന്ന മരണാഹാരത്തിൻ ശുശ്രൂഷ ആ കുടുംബത്തിൽ വീണ്ടും ആരംഭിച്ചു ആരംഭിച്ചു നടന്നു വരുന്നു എന്നു ഞാൻ അറിഞ്ഞിരിക്കയാൽ ഞാൻ എന്തു ചെയ്യേണ്ടു? ദൈവം തരുന്നതിനെ ഞാൻ പറഞ്ഞതുമതിയാവു. അതുകൊണ്ടു പറയുന്നു ഈ മരണശുശ്രൂഷക്കു ആർ തന്റെ ഹൃദയത്തെ വെച്ചുവോ? ആ ഹൃദയവും പറഞ്ഞു നാവും പ്രവൃത്തിച്ച കയ്യും അവിടെ സ്ഥാവിച്ചിരിക്കുന്ന മേശയിൽനിന്നു സദാ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിൻ ഇരുവായ്ത്തലവാളാൽ മുറിവേറിരിക്കയാൽ അവർ തങ്ങളുടെ ജീവരക്ഷയ്ക്കായി പരിഹാരം മൂലം പ്രാർത്ഥിച്ചുകൊള്ളട്ടെ. ഇപ്രകാരമുള്ള രക്തത്തിൽ നിന്നു ഞാനും എന്റെ കുടുംബവും കുറമില്ലാത്തവർ തന്നെ.

എന്നു പാദശുശ്രൂഷക്കാരൻ യുയോരാലിസൻ.

കന്നീററി
നു. ശൈത്യം വൻ
നു. മിഥുനം ക്വ
രു. ജൂൺ. നാ
വ. വാ. ദി. ക്കാവ



പൊതുവായ ഐക്യതയിൽ നിന്നു
എന്റെ പ്രിയമുള്ള മാങ്ങാനത്തെ കുഞ്ഞിനു
എന്റെ വിശ്വസ്ത ചുംബനം.

അവിടെ നിന്നും കൊടുത്തയച്ച എഴുത്തു വന്നു ചേർന്നു. ഞാൻ മേപ്രാവരെയും പോയിരുന്നു. ഇന്നലെ വന്നു. ഇന്നാണു താങ്കളുടെ എഴുത്തു വായിച്ചതു. ഞാൻ കഴിഞ്ഞ മീനം വച്ചാം നു- മുതലാളിക്കു ഒരു

എഴുത്തു എഴുതിയിരുന്നു. അതിന്റെ പകർപ്പു ഇതിനോടു കൂടെ അയക്കുന്നു. അതിൽ മുതലാളിയുടെ മരണകാരണത്തെ സംബന്ധിച്ചു വിവരിച്ചിട്ടുണ്ടു. ആ നാലു സംഗതികളേയും നല്ലപോലെ വായിച്ചു സഭയിൽ പ്രസിദ്ധപ്പെടുത്തണം. ലംഘനമായിരുന്ന മരണത്തിനു കാരണം എന്നുള്ളതു സ്പഷ്ടമത്രെ. ഇതു പക്ഷവാദനിവൃത്തി കഴിഞ്ഞിട്ടു ഒന്നാം ദിവസം ആകുമ്പോൾ ലംഘനത്തിന്റെ ഫലം വെളിയിൽ പ്രകാശിപ്പിക്കുമാറാക്കി സുറിയാനിസഭയാകുന്ന ഭവനം തന്നിൽ തന്നെ ഛിദ്രിച്ചിട്ടുണ്ടായിട്ടുള്ള അത്യാഹവും പക്ഷവാദനിവൃത്തിയുടെ ദിവസമായ ഫ. വാര. ദിനം. ഫറാം ദിവസത്തിൽ പരസ്യമായി കാണപ്പെട്ടു. ഇതിന്നു മു. ദിവസത്തേക്കു മുൻപു നൽകിയ ദിവസമത്രെ മുതലാളിയുടെ മരണം. ലംഘനത്തിന്റെ വിവരം. ദൈവം ഈ അവസാനകാലത്തു ഈ ഭൂമിയിൽ തന്റെ ന്യായവിസ്താരത്തിനായിട്ടു ഒരു ആസനവും തനിക്കു ഭക്ഷിച്ചു പാനം ചെയ്വാനായിട്ടു ഒരു മേശയും സ്ഥാപിച്ചിട്ടുണ്ടു. ഇതു എന്നേക്കുമായിട്ടാകുന്നു താനും ഇവയെ നീക്കുവാൻ തക്കവണ്ണം ആർ ഉദ്യോഗിക്കുന്നുവോ? അവനെ ദൈവം ഈ ഭൂമിയിൽനിന്നു നീക്കിക്കളയും. ഓരോ ഭവനവും ദൈവത്തിന്റെ മേശയാണു. അതാതു ഭവനവർദ്ധനവിൽ നിന്നു ദൈവത്തിനു കൊടുപ്പാനുള്ള അംശം കൊടുക്കാതിരുന്നാൽ ന്യായാസനത്തെ നിന്ദിക്കുന്നതുകൊണ്ടു അതു ലംഘനമത്രെ. നമ്മുടെ ഓരോ ഭക്ഷണപാനവും ദൈവത്തിന്റെ മേശയാണു. ശുദ്ധീകരണം വരാത്ത ഭക്ഷണത്താൽ അതിനെ അശുദ്ധിപ്പെടുത്തിയാൽ അതു ലംഘനമത്രെ. ഓരോ ഭർത്താവിന്നു ഭാര്യയും, ഭാര്യെക്കു ഭർത്താവും ദൈവത്തിന്റെ മേശയാണു. ഭാര്യയും ഭർത്താവും അന്യമേശയിൽനിന്നു ഭക്ഷിച്ചു പാനം ചെയ്താൽ ലംഘനമത്രെ. മാതാപിതാക്കന്മാർക്കു പ്രായപൂർത്തി വരാത്ത മക്കൾ ദൈവത്തിന്റെ മേശയാണു. അവരെ ദൈവമക്കൾ എന്നു എണ്ണാതെ മനുഷ്യപുത്രന്മാരോടും പുത്രിമാരോടും ബന്ധിച്ചാൽ അതു ലംഘനമത്രെ. ഇങ്ങനെ ലംഘനം നാലു പ്രകാരവും ഫലം ശരീരമരണവുമത്രെ. ലംഘനത്തിന്നു പരിഹാരം തിരുസഭയുടെ പക്ഷവാദപുണ്യമല്ലാതെ വേറൊന്നുമില്ല. ആ പുണ്യഫലം ഈ ഫറാം ദിവസം കഴിയുമ്പോൾ പരസ്യമായി വെളിപ്പെട്ടുകയും ചെയ്യും. പിന്നെ കാലമുണ്ടാകയില്ല (എന്നു വെച്ചാൽ അവധിയുള്ള കാലം ഉണ്ടാകയില്ലാ എന്നു താല്പര്യം.) അതുകൊണ്ടു പരമ സമ്പൽസ്ഥതെക്കും, പരമ കഷ്ടതെക്കുമുള്ള കാലം ഫറാം ൧൰ മുതൽ ഫറവുമെയി ഫാം ൧൰ വരെ ആകെ സന്തസന്ത ദിവസം കഴിയുമ്പോൾ ആരംഭിക്കുന്നു. ഇതു ഫർദി കന്നി ഫറാം ൧൰ മുതൽ ഫനാഥാം ദിവസമത്രെ. പിന്നെ അവധിയില്ലാത്തകാലമാകുന്നു.

ഞങ്ങൾക്കെല്ലാവർക്കും സുഖം തന്നെ. യാക്കോബുബോധകർക്കു അധികസുഖക്കേടില്ല. യോഹന്നാൻ ബോധകരുടെ ഭാര്യ മരിച്ചുപോയി.

മങ്കുഴിയിൽ നിൽക്കുന്ന കീപ്പള്ളി പോറ്റിയുമ്മ എന്ന അനാഥ വിധവയെ വിവാഹം ചെയ്‌വാൻ അയാൾക്കു മനസ്സായിരിക്കുന്നു. സമുവേൽ ബോധകക്കു പുത്തേത്തു മാണ്ടിയച്ചന്റെ മകൾ വിധവയെ വിവാഹം ചെയ്‌വാനും മനസ്സായിരിക്കുന്നു.

എന്നു വാദശ്രുശ്രൂഷക്കാരൻ. യൂയോരാലിസൻ.

കന്നീറടി
നു. മംഗളം. വ്യ
നു. മിഥുനം. ഫ
ഴ. ജൂലായി. ൻ
ഫ. വാ. വ്യ. ടി. ഫാ.ഫ



പൊതുഷ്കൈക്യതയിൽ നിന്നു
രാജമാന്യരാജശ്രീ കുരുവിള സീക്വിട്ടർ അവർകൾക്കു
എന്റെ വിശ്വാസ്യ ബന്ധം

താങ്കളെ എന്റെ ഹൃദയത്തിൽ ഞാൻ സദാ വഹിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതിനെ വർഷകാലം കഴിഞ്ഞു ശരൽ കാലത്തിന്റെ ആരംഭത്തിങ്കൽ ഉദിച്ച മാസ്സരേഖ എന്നപോലെ താങ്കളുടെ കണ്ണുകൾക്കു മൻപാകെ ഈ എഴുത്തു മൂലം ഇതാ! പ്രത്യക്ഷമാകുന്നു. ആയതു താങ്കളുടെ ജീവൻ പെരുകി വർദ്ധിച്ചു നിത്യ സന്തോഷത്തിലാകുവാൻ തന്നെ. അതുകൊണ്ടു എന്റെ പ്രേമം ഭിന്നിച്ച സ്നേഹിതരായ താങ്കൾക്കു ദൈവത്തിൽ നിന്നു സകല വാഴ്വുകളും ഉണ്ടാകട്ടെ.

ഇതാ! ഞാൻ മുതലാളിയുടെ വേർപാടു മൂലം ദാവീദിന്റെ വായുമൂലം ഉണ്ടായിട്ടുള്ള വിലാപത്തെ പുറപ്പെടുവിക്കുന്നു. "യോനാഥാനെ! നീ ഇനിക്കു ഏറ്റവും ഇഷ്ടനായിരുന്നു. നിന്റെ സ്നേഹം ഇനിക്കു സ്ത്രീകളുടെ സ്നേഹത്തെക്കാൾ ഏറ്റവും അതിശയമുള്ളതായിരുന്നു." എന്നത്രെ.

എന്നെ കാണുന്ന സകല കണ്ണുകൾക്കും എന്റെ മേൽ ദയതോന്നുമാറു എന്റെ രക്ഷയുടെ പാനപാത്രത്തെ ദൈവസന്നിധി നോക്കി ഇതാ! ഞാൻ ഉയർത്തിയിരിക്കുന്നു. താങ്കളുടെ ജീവദയയും ഇതിലേക്കു പകരപ്പെടുവാൻ അപേക്ഷിക്കുന്നു.

എന്നെ കുടുംബത്തോടുകൂടെ ദൈവം തന്റെ വേലക്കായിട്ടു എന്നേക്കും പ്രതിഷ്ഠിച്ചിരിക്കുന്നതിനെപ്പറ്റിയും ഞാൻ കുടുംബത്തോടുകൂടെ ആ ദിവ്യവേലയെ എന്നേക്കും കയ്യേറ്റിരിക്കയാൽ ദൈവപൈതലിനു ഹിതമത്രെ എന്റെ എന്നേക്കുമുള്ള ജീവൻ. ലോകത്തിലുള്ള സർവ്വരും അവരവരെ സംബന്ധിച്ചു ഏതെല്ലാം പ്രകാരത്തിൽ എണ്ണിയിരുന്നാലും ദൈവം ഇനിക്കു കൃപയോടുകൂടെ നൽകിയിരിക്കുന്ന ദിവ്യപൈ

രോഹിത്യത്താൽ അവരെ ഒന്നായി ബന്ധിച്ചു തിരുമുൽക്കാഴ്ച വെച്ചിരിക്കുന്നു. ആയതു മൈവം സർവ്വേയും സന്തുഷ്ടിയോടു കൂടെ കൈക്കൊണ്ടു അവരുടെ മേൽ ദിവ്യാശീർവ്വാദത്തിൻ കൃപയേ ധാരാളമായി പൊഴിപ്പാൻ തന്നെ. മൈവംഷന്റെ ഒന്നുമില്ലായ്മയേ (എന്നു വച്ചാൽ യേശു ഇനിക്കു സർവ്വമാകുന്നു എന്നർത്ഥം) നോക്കിക്കൊണ്ടു സർവ്വ ജഡത്തിന്മേലും തന്റെ ആത്മാവിൽ നിന്നു പകരുവാൻ എനിക്കുള്ള അപേക്ഷപ്രകാരം ഞാൻ ആരെയും വഞ്ചിക്കാതെയും, ആരാലും വഞ്ചിക്കപ്പെടാതെയും ഇരിപ്പാനായിട്ടു മൈവത്തിന്റെ നാമ, ജ്ഞാനം, എന്നിവകളിൽ എന്നെ പരിപൂർണ്ണമായി ഷില്പിച്ചു കൊണ്ടു ഇപ്പുതിയ ചന്ദ്രനിൽ താങ്കൾ കേൾപ്പാനായിട്ടു ഈ കാഹളം ഊതുന്നു

കന്നീററി
നു. മംഗളം. ക്നു
നു. മിഥുനം. നു
രു. ജൂലായി. ക
വ. വാര. ദി. ഫാൻ

പാദപ്രക്ഷാളകന്മാർ യൂയോറാലിസൻ.



കന്നീററി പൊതുയുഗ മൈക്യതയോടു ചേർന്നു സകല യോഗക്കാർക്കും എന്റെ വിശുദ്ധചുംബനം

ംരം വരുന്ന കന്നിമാസം ഛവും നു- വ്യാഴാഴ്ച നമ്മുടെ ആണ്ടുപിറപ്പിന്റെ ഒന്നാം ദിവസമാകയാൽ, അന്നു ഓരോരോ യോഗത്തിലും സഭായോഗം ഉണ്ടാകയും, ആരാധന നടത്തുകയും, വേണം. സഭാവിരുന്നുള്ള സ്ഥലങ്ങളിൽ അന്നത്തെ ദിവസം വിരുന്നു നടത്തിക്കുന്നതു യോഗ്യമാകുന്നു. സഭാസംബന്ധമായ ദശാംശം മുതലായതു എന്നവക്കാൽ കഴിഞ്ഞാണ്ടത്തെ സംബന്ധിച്ചതോ, പുതിയാണ്ടത്തെ സംബന്ധിച്ചതോ ഏതെങ്കിലും അന്നത്തെ ദിവസം കണക്കു തീർക്കയും, മൈവത്തെ സ്തുതിക്കയും ചെയ്യുന്നതു എത്രയും യോഗ്യമാണ്. അന്നത്തെ ദിവസം ഞാൻ പുത്തത്തു ചാണ്ടി ബോധകരുടെ ഭവനത്തിൽ വെച്ചു യു. സമുവൽ ബോധകരുടെ വിവാഹശുശ്രൂഷ നടത്തുവാൻ തക്കവണ്ണം മൈവത്തിൽ നിശ്ചയിച്ചിരിക്കുന്നു.

എന്നു പാദപ്രക്ഷാളകന്മാർ യൂയോറാലിസൻ

കന്നീററി
നു. ശ്രുതം. ര
രു. ചിങ്ങം. വവ
രു. സെപ്തം. ഒ
വ. വാ. ദി. ഫാസ്റ്റൻ



എന്റെ പ്രിയമുള്ള പുതിയോട്ട ചാക്കോച്ചനു
എന്റെ വിശ്വാസപ്രമാണം

താങ്കൾ ആൽവശംകൊടുത്തയച്ച എഴുത്തും മുദ്രയിടപ്പെട്ട പെട്ടിയും വന്നു മേടിച്ചു. അതിലുണ്ടായിരുന്ന ശുപാ പതിനാലിനെയും എഴുന്നൂറും, അഞ്ഞൂറും ഇരുനൂറുമായിട്ട മനഃപൂർവ്വമായി എണ്ണി സന്തോഷത്തോടെ അംഗീകരിച്ചിരിക്കുന്നു. നിങ്ങൾ ചെയ്ത ഈ ഉപകാരത്തിനായിട്ട കർത്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ.

എന്റെ പ്രിയ സഹോദരാ! മുദ്രയിടപ്പെട്ട പെട്ടി തുറപ്പാൻ ഇനിക്കു അധികാരമുള്ളതുപോലെ, താങ്കളുടെ ഉള്ളിൽ ദൈവം വെച്ചിരിക്കുന്ന മുദ്രയിടപ്പെട്ട പുസ്തകം തുറപ്പാൻ താങ്കൾക്കും അധികാരം ലഭിപ്പാനായി ദൈവകുഞ്ഞാടിന്റെ തിരുമുൻപാകെ ഇനിക്കു ലഭിച്ചിരിക്കുന്ന പൌരോഹിത്യാധികാരത്തിൽ നിന്നു താങ്കൾക്കും ഞാനിതാ! കൊടുത്തയക്കുന്നു. എന്തേ താങ്കൾ ഒരു സഹോദരനായി അംഗീകരിച്ചിരിക്കുന്നതിനാൽ തന്നെ. ഞാനോ താങ്കളേ എന്നേക്കും സഹോദരനായി അംഗീകരിച്ചിരിക്കുന്നു. സത്യം. മോടയിലെ വലിയമ്മയുടെ ദുഃഖത്തെ ദൈവം തീർക്കും. പെരിയകുഞ്ഞിനെ ഞാൻ സദാ കണ്ടുകൊണ്ടിരിക്കുന്നു. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ,

കന്നീറനിനിന്നും
ന. ജ്ഞാതം. ക്നാ
ര. ചിങ്ങം. നാ
ര. സെപ്തം. ക്ര
ഉ. വാര. ദി. ക്നാവെ

യൂയോരാലിസൻ



എന്റെ പ്രിയമുള്ള ഒറപ്പാക്കൽ മാത്തുവച്ചനു
എന്റെ വിശ്വാസപ്രമാണം.

താങ്കൾ കൊടുത്തയച്ച എഴുത്തു വായിക്കയും, താങ്കൾക്കു തൽക്കാലം ഉണ്ടായിരിക്കുന്ന ഓരോരോ ദുഃഖത്തെ വിചാരിച്ചു വ്യസനത്തോടുകൂടെ ദൈവത്തോടു പ്രാർത്ഥിക്കയും ചെയ്തു എങ്കിലോ അവിടെ നിന്നു ഉണ്ടായിട്ടുള്ള അരുളപ്പാടു താങ്കളുടെ ഹൃദയമാകുന്ന ഉള്ളറയിൽ അധിവസിക്കുന്ന മഹാദൈവത്തിനും താങ്കളുടെ ശരീരമാകുന്ന പ്രാകാരത്തെ ശുദ്ധീകരിച്ചു തന്നോടു ഐക്യപ്പെടുത്തിക്കൊള്ളുവാൻ തിരുമനസ്സായതിനാൽ ഉണ്ടായിട്ടുള്ള ജഡത്തിനു മനോവ്യസനമത്രെ ഇതു. സഹിക്കാകുന്നതിൽ അധികമായിട്ടു നമ്മെ വരുവാൻ

അവൻ സമ്മതീക്കയില്ല. താങ്കൾ ഈ ദുഃഖത്താൽ അധൈര്യപ്പെട്ടു പോകരുതു. ദൈവത്തിൽ സമർപ്പിച്ചുകൊണ്ടു താങ്കളുടെ യത്നത്തെ ചെയ്തുകൊണ്ടിരിക്കണം. ശേഷമൊക്കയും കുഞ്ഞു പറയും. ഞാൻ താങ്കൾക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചിട്ടുണ്ടു.

കന്നീറേറി
സ. ജ്ഞാനം. 2ാ
ര കന്നി. വ
ര സെപ്തം. 2ാ
2 വാ. ദി. കാവുന്ന

എന്നു പാദപൂജ്യശുശ്രൂഷക്കാരൻ യുയോരാലിസൻ.

എന്റെ പ്രിയ സഹോദരി

അക്കാമ്മക്കു ദൈവത്തിൽ നിന്നു സകല വാഴ്വുകളും ഉണ്ടാകട്ടെ.

മുങ്ങാനത്തെ കുഞ്ഞു മുമ്പു പറഞ്ഞയച്ച വർത്തമാനം ഇവിടെ പറഞ്ഞു. നിങ്ങളെ എന്നേക്കുമായി അംഗീകരിച്ചു തന്റെ തൃക്കയ്യിൽ വെച്ചുകൊണ്ടിരിക്കുന്ന പരമൈക്യാത്മാവാം മഹാദൈവം തന്റെ അലയത്തെ നിങ്ങളിൽ പൂർണ്ണതപ്പെടുത്തുവാൻ അയിട്ടു അയച്ചിട്ടുള്ള സ്നേഹാഗ്നിയത്രേ ഇതു. നിങ്ങൾക്കുള്ള യാതൊന്നിനേയും തിന്മപെടുവാൻ തൊടുവാൻ തക്കവണ്ണം നിങ്ങളിൽ ഇരിക്കുന്ന മഹാദൈവം അനുവാദം കൊടുത്തിട്ടില്ലാ, കൊടുക്കയുമില്ല. അവന്റെ ഇഷ്ടത്തിൽ നിങ്ങളെ ഭരമേല്പിച്ചുകൊണ്ടു നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നാൽ മതി. അവൻ തന്റെ നന്മയുടേയും കരുണയുടേയും പൂർണ്ണതയിൻ പ്രകാരം നിങ്ങളുടെ കാര്യത്തെ നിവൃത്തിക്കും. ശേഷമൊക്കയും കുഞ്ഞു പറയും.

കന്നീറേറി
സ. ജ്ഞാനം. 2ാ
ര കന്നി. വ
ര സെപ്തം. 2ാ
2. വാ. ദി. കാവുന്ന

എന്നു പാദപൂജ്യശുശ്രൂഷക്കാരൻ യുയോരാലിസൻ.

യോഹന്നാൻ ബോധകക്കു.

തന്നോടു ഇനിക്കു യാതൊരു മുഷിച്ചിലില്ലാ. ഉണ്ടാകയുമില്ലാ സത്യം. എങ്കിലോ തന്നിൽ വെളിപ്പെട്ടതിനെ തന്നോടു ഞാൻ പറയേണ്ടിയിരിക്കുന്നു.

തന്റെ അളിമാരി എന്റെ ഭാര്യക്കു താൻ ദത്തമായി കൊടുത്തതു നന്മയത്രേ. എങ്കിലോ എന്റെ അനുവാദപ്രകാരം അതിനെ അവൾ തന്റെ പുരെക്കകത്തു വെപ്പിക്കയും, വിവരം പാകയും തന്റെ അപേക്ഷപ്രകാരം ഇവിടേ കിടന്നിരുന്ന തന്റെ വകയായ പീഠം ഇതിനു ഉപയോഗമായിരിപ്പാൻ തരികയും ചെയ്തു. ഇപ്രവൃത്തിയെ താൻ നന്മയെന്നോ തിന്മയെന്നോ കണ്ടതു? നന്മയെന്നു കണ്ടാൽ ആ അളിമാരി തന്റെ പുരെക്കകത്തു കണ്ടേനേ. അതു അവിടെ കാണരുതെന്നു താൻ വിചാരിച്ചു. അതേപ്രകാരം പ്രവൃത്തിക്കയും ചെയ്തു. ഈ പ്രവൃത്തി തന്റെ മുള്ളിലുള്ള നാലു സംഗതികളെ വെളിവാക്കുകയിരിക്കുന്നു എന്നാണു ഞാൻ താനും ഇതുമൂലം ഗ്രഹിപ്പിക്കുന്നതു.

൧. ബുദ്ധിഹീനത. എന്നു വെച്ചാൽ ബുദ്ധിയില്ലാത്ത വിശ്വാസത്തെ ദൈവവിശ്വാസം എന്നു എണ്ണുന്നതു എന്നു താല്പര്യം.

൨. അവിവേകം. എന്നു വെച്ചാൽ ശുദ്ധവും മുത്തുമായതിനെ നാസ്തൽക്കും പന്നികൾക്കും ഇട്ടുകളവാൻ തക്കവണ്ണം ഉജ്വലിക്കുന്ന വൈരാഗ്യത്തെ ദൈവവൈരാഗ്യം എന്നു എണ്ണുന്നതു എന്നു താൽപര്യം.

൩. സ്വയനീതി. എന്നു വെച്ചാൽ പാപത്തെ വെറുക്കുന്നു എന്നുള്ള എണ്ണംകൊണ്ടു പാപികളോടു നിരപ്പു വരുവാൻ കഴിയാത്ത സ്വപുണ്യത്തെ ദൈവപുണ്യം എന്നു വിചാരിക്കുന്നതു എന്നു താല്പര്യം.

൪. തന്നിഷ്ടം. എന്നു വെച്ചാൽ ജഡരക്തങ്ങളുടെ ഇഷ്ടത്താൽ തന്നേ ദൈവത്തിൽ ഭരമേല്പിച്ചു പ്രവൃത്തിക്കുന്നതിനെ ദൈവേഷ്ടം എന്നു വിചാരിക്കുന്നതു എന്നു താല്പര്യം.

ഇങ്ങിനെ ബുദ്ധിഹീനതയായ മനുഷ്യവിശ്വാസം, അവിവേകമായ ജഡത്തിൻ വൈരാഗ്യം, സ്വയനീതിയായ നിരപ്പില്ലായ്മ, തന്നിഷ്ടമായ ജഡരക്തങ്ങളുടെ പ്രവൃത്തി, ഈ നാലു പുഴുക്കൾ തന്റെ ജീവന്റെ കെട്ടിൽ ഇരിക്കുന്നതിനാൽ അവ കടിക്കുമ്പോളാകുന്നു താൻ ഇളകിപ്പോകുന്നതു. ഇപ്പോൾ കടിയുണ്ടാകുന്നതിനു കാരണം അളിമാരിയാകുന്നു. അതു തന്റെ പുരെക്കകത്തു ഇരിക്കുന്നതു നന്മയെന്നു ഞാൻ കണ്ടതിനാൽ അവിടെ വെപ്പിച്ചു. താൻ അതിനെ തിന്മയെന്നു കണ്ടതിനാൽ അവിടെ നിന്നു എടുപ്പിച്ചു. അതിനു കാരണം ഇതു മൂലം തന്നിലുള്ള പുഴുക്കൾ ഇളകി തന്നെ കടിക്കയും, തനിക്കു ഇളകമുണ്ടാകയും ചെയ്തുതത്രേ. അതുകൊണ്ടു ആ പുഴുക്കളേ താൻ കാമ്പാനായിട്ടാണു ഞാൻ തനിക്കു എഴുതുന്നതു. എന്റെ പരമാർത്ഥം തന്നോടു പറയുന്നു. ഈ അളിമാരിയേ തന്റെ പുരെക്കകത്തു കൊണ്ടു വെപ്പിച്ചു തനിക്കു ദോഷം വരുത്തണം എന്നു ഞാനും, ഇവിടെയുള്ള മറ്റു ആരും വിചാരിച്ചിട്ടില്ല. വിചാരിക്കയുമില്ല. നിശ്ചയം. തനിക്കു ഗുണമുണ്ടാകണം എന്നു മാത്രമേ വിചാരിച്ചിട്ടുള്ളു. അതേപ്രകാരം താനും അളിമാരി തന്റെ പുരെക്കകത്തു ഇരിക്കുന്നതു തനിക്കു നന്മയാകണമെന്നും; അതു മറ്റൊരുത്തന്റെ പുരെക്കകത്തു താൻമൂലം ഇരി

പ്പാൻ ഇടവരുന്നതു നന്മയല്ലെന്നും വിചാരിക്കു. അപ്പോൾ തനിക്കു ഇപ്പഴുക്കയെ ഒക്കെയും സുഷ്ഠമായിക്കാണ്മാൻ ഇടയാകുന്നതിനാൽ പിന്നീടു ഒരിക്കലും ഇവ തന്നെ കടിക്കയില്ലാ. നിശ്ചയം. ഇവയെ തനിക്കു പഴയ ശവക്കല്ലറയിൽ എന്നേക്കുമായി അടക്കിക്കളയാം. ഇതിന്നു മറുപടി എഴുതുവാൻ ആവശ്യമില്ല. ഇതിനാൽ താൻ വിരുദ്ധപ്പെടുകയൊ ഇടറുകയൊ അരുതു. എന്നും പാദശുശ്രൂഷക്കാരൻ

കന്നിറാ

രു. ഏകാ. ഫനു.

,, വൃശ്ചികം ക. യൂയോരാലി സൻ.

,, നവംബർ. ഫരു.

വ. വാര. ദിനം. ഫന്നാൻ



ഇത്തിമലയിൽ ബോധകക്കു എന്റെ വിശുദ്ധ ചുംബനം.

മുതലാളി മരിച്ചിട്ടു ഇതു ആറാം മാസമാകുന്നുവല്ലോ. "ദൈവത്തിന്റെ രാജ്യത്തെയും അവന്റെ നീതിയേയും അന്വേഷിപ്പിൻ" എന്നുള്ള വചനപ്രകാരം അപ്പൻ മരിച്ച ശേഷം കുടുംബത്തെ ആത്മീകത്തിനും ദൈവീകത്തിനും അടുത്ത കാര്യങ്ങളിൽ ഏതെല്ലാം പ്രകാരത്തിൽ താൻ നടത്തിക്കുന്നു എന്നു അറിവാൻ ഇനിക്കു വളരെ ആഗ്രഹമുണ്ടു. എന്തെന്നാൽ മനുഷ്യൻ തന്റെ നന്മെക്കായിട്ടു ഒന്നാമതു ദൈവത്തെ അന്വേഷിക്കേണ്ടുന്നതാകുന്നു. ഞാൻ ഇതു ചോദിക്കുന്നതിന്റെ കാരണം, തന്നെ സംബന്ധിച്ചു ഓരോരുത്തർ ഓരോരോ പ്രകാരത്തിൽ പറഞ്ഞിരിക്കുന്നു. അതുകൊണ്ടു ഞാൻ തന്നോടു നാലു ചോദ്യം ചോദിക്കുന്നു. അതിന്നു താൻ ഉത്തരം തരണം.

ക. മുതലാളിയുടെ മരണത്തിന്നു പ്രത്യേക കാരണം ജീവന്റെ ആത്മാവു വിരോധിച്ചിരിക്കുന്ന മത്സ്യ മാംസങ്ങളെ മനഃപൂർവ്വമായി ഭക്ഷിച്ചതാകയാൽ നാറ്റത്തിന്റെ ആത്മാവുള്ള ആ വെറുപ്പിനെ താനും കുടുംബത്തിലുള്ള പലരും എന്നേക്കും വെറുക്കണം. അങ്ങിനെ ചെയ്വാൻ തനിക്കു മനസ്സുണ്ടോ?

വ. വാവായുടേയും മിസ്രായീന്റെയും കുടുംബങ്ങളുടെ ഏക ഭിന്നതയിൽ ദൈവം സുറിയാനി സഭയെ (എന്നു വച്ചാൽ എല്ലാ ക്രിസ്ത്യാനി സഭയേയും എന്നർത്ഥം) പരമ കഷ്ടതയെ അനുഭവിപ്പാൻ അശേഷം കൈവിട്ടിരിക്കയാൽ താനും കുടുംബവും എന്നേക്കും ഒരു ക്രിസ്ത്യാനി സഭയോടു മേന്നിരിക്കരുതു. അങ്ങിനെ ഇരിപ്പാൻ തനിക്കു മനസ്സുണ്ടോ?


സ. ക്രിസ്തുവർഗ്ഗീസ്, ക്രിസ്തുലക്ഷ്മി എന്ന ഇരു കുടുംബങ്ങളുടെ

ഏക യോജിപ്പിൽ ദൈവംകന്നീറിറി ഉണർവു സഭയേ പരമ സ്വസ്ഥത അനുഭവിപ്പാൻ തക്കവണ്ണം വരിവപ്പിൻമായി കൈക്കൊണ്ടിരിക്കയാൽ താനും കുടുംബവും ഈ കന്നീറിറി ഉണർവു സഭയോട് ഏകനേക്കും ചേർന്നിരിക്കണം. അതിനു മനസ്സുണ്ടോ?

൪. എന്റെ പിതാക്കന്മാരായ മോശ മുതലായവരുടെയും അപോസ്തലരുടെയും ഐക്യതയിൽ ആറാണ്ടിൻ നിയമത്തിൽ ക്രൂടെ മഹത്പ്രത്യക്ഷതയിൻ കതിർ വഴിയായി ഞാൻ ദിവസത്തോറും ആരാധിച്ചുവരുന്ന ദൈവത്തെ താനും കുടുംബവും കാലത്തും വൈകിട്ടും ആരാധിക്കേണ്ടുന്നതാകുന്നു. അപ്രകാരം അപ്പവും വെള്ളവും വെച്ചു ദിവസത്തോറും മഹാ ദൈവാരാധന നടത്തുവാൻ തനിക്കു മനസ്സുണ്ടോ?

ഈ നാലു ചോദ്യങ്ങൾക്കും താൻ ഉത്തരം തരണം. എങ്കിലൊ ചോദ്യം നന്നായില്ല എന്നൊ അതു ശരിയല്ലാ എന്നൊ മറ്റൊരു എന്നോടു പറയരുതു. എഴുതുകയും അരുതു. മനസ്സുണ്ടോ? ഇല്ലയൊ? എന്നു മാത്രമെ ചോദിക്കുന്നുള്ളു. അതിനു ഉണ്ടു ഇല്ല എന്നുള്ള വിധത്തിൽ മുതുകുത്തിൽ എഴുതിയാൽ മതി. അതിനും മനസ്സില്ലായെങ്കിൽ താൻ എഴുതേണ്ടാ. ആ വിവരത്തിനു മറുപടി അയച്ചാൽ മതി. എന്നല്ലാതെ ചോദ്യം വെടിപ്പാക്കുവാൻ തക്ക വിധത്തിൽ ആരംഭിക്കരുതു. ഇങ്ങനെ ഞാൻ പറയുന്നതുകൊണ്ടു താൻ ഇടുകയൊ വിരുദ്ധപ്പെടുകയൊ അരുതു. ഇനിക്കു തന്നൊടു യാതൊരു മുഷിച്ചിലില്ലാ. ഉണ്ടാകയുമില്ല നിശ്ചയം. ദൈവാനുവാദപ്രകാരമാകുന്നു ഞാൻ എഴുതുന്നതു. എഴുതാതിരിപ്പാൻ കഴിയുന്നതുമല്ല നിശ്ചയം. എന്തെന്നാൽ ഞാൻ നിങ്ങളുടെ പാദശുശ്രൂഷക്കാരനാകുന്നു സത്യം.

കന്നീറിറി
൪ ഏകാ. ൧൯
൪ വൃശ്ചി. ൯ എന്ന പാദശുശ്രൂഷക്കാരൻ യുയോരംലിസൻ
൪ നവം. ൨൦
൨. ധാരം. ദി. ൧൮൨൭



എന്റെ പ്രിയമുള്ള പുത്തൻവീട്ടിൽ കൊച്ചുകുഞ്ഞു
മുതലാളിക്കു എന്റെ വിശുദ്ധ ചുംബനം.

ഇവിടെ മഹാദൈവത്തിന്നായി പ്രതിഷ്ഠിച്ചിരിക്കുന്ന ഉള്ളിരിപ്പുകൊണ്ടു താങ്കളുടെ കയ്യും കൂടെ അതിന്മേൽ വെക്കപ്പെടണമെന്നു വെച്ചിപ്പെട്ടിരിക്കയാൽ ആ മഹാദൈവത്തിന്റെ അനുവാദപ്രകാരം താങ്കൾക്കു ഞാൻ എഴുതുന്നു. യോശുവാ എന്നപോലെ താങ്കളെ വിശ്വാസത്തിൽ ഇതുവരെയും സ്ഥിരപ്പെടുത്തി പരമസ്വസ്ഥതയിൽ

പ്രവേശിപ്പാൻ തക്കവണ്ണം നടത്തുന്ന ദൈവത്തിന്റെ കയ്യ താങ്ങുള്ളതു കൂടെയുണ്ടു എന്നു ഞാൻ താങ്കളെ ബോധപ്പെടുത്തുന്നു. ആ വൃക്ഷത്തിൽ നിന്നു ഞാൻ പ്രാപിച്ച അഭിഷേകം മുതൽ എന്നിൽ ഇരുന്ന പഴയാദാമിൻ വിത്തു ഇനി ഒരിക്കലും എന്നിൽ ജീവിക്കാതവണ്ണം അവശേഷം നിത്യമരണമായി മരിച്ചിരിക്കയാൽ അവനു എന്നിലും ഒരു പ്രവൃത്തിയുമില്ലാ. ഇനി എന്നേക്കും ഉണ്ടാകയുമില്ല നിശ്ചയം. എന്നു മാത്രമല്ല മനുഷ്യപ്രകാരം ഒരു സന്തതി ഇനിക്കു ഇനി ഉണ്ടാകയില്ല നിശ്ചയം. എന്തെന്നാൽ ദൈവം എന്നെ ഷണ്ഡനാക്കിയിരിക്കുന്നു. ഞാൻ പഴയാദാമിനു ജീവനില്ലാത്ത കമ്പത്രേ. ഇങ്ങനെ ഞാൻ പഴയാദാമിനു മരിച്ചിട്ടും ജീവിക്കുന്നു. കാരണം എന്റെ മരണം പഴയാദാമിലല്ലാ ദൈവത്തിന്റെ തൃക്കയ്യാകുന്ന ക്രിസ്തുവിലത്രേ. അതിനാൽ എന്റെ ജീവാത്മാവു ക്രിസ്തുവിൻ വായിന്നാത്മാവിലും അതിന്റെ വാസസ്ഥലമായിരുന്ന എന്റെ ഉള്ളിലെ ശരീരം (എന്നു വെച്ചാൽ കാണപ്പെട്ടുന്ന ഈ ശരീരത്തിന്റെ മൂലസ്ഥാനമായ അതിന്റെ വിത്തു എന്നു താല്പര്യം) ക്രിസ്തുവിൻ ശരീരത്തിന്റെ ഉള്ളിലും ആകുന്ന അടങ്ങിയത്രേ. (എന്നുവെച്ചാൽ ക്രിസ്തുവിൻ സർവ്വസാധാരണ സഭയിൽനിന്നു എന്റെ കൈകളിൽ ലഭിച്ച അവന്റെ തിരുശരീരത്തിന്റെ വിത്തായി തീർന്ന എന്റെ ശരീരത്തിന്റെ ഉള്ളിലുള്ള വിത്തു എന്നു താല്പര്യം) ഇങ്ങനെ ഞാൻ യേശുക്രിസ്തുവിൽ അടഞ്ഞിരിയുന്നതിനാൽ അവൻ എന്നെ ജനിപ്പിച്ചു. അതിനാൽ അവനല്ലാതെ വേറെ മാതാപിതാക്കന്മാർ ഇനിക്കില്ലാ നിശ്ചയം. ഞാനല്ലാതെ വേറെ ഒരു പുത്രനോ പുത്രിയോ അവനും ഇല്ലാ നിശ്ചയം. എന്തെന്നാൽ എന്റെ മാതാവും പിതാവുമായ യേശുക്രിസ്തുതന്റെ പിന്നാപ്പിൽ നിന്നു ലഭിച്ച പാദപ്രക്ഷാളനയിൽ എന്നെ തന്റെ നിത്യപുത്രനായി ജനിപ്പിച്ചവണ്ണം ഞാനും ലോകത്തിലുള്ള സർവ്വരേയും എന്റെ പിതാവിന്നായിട്ടു എന്റെ മക്കളായി ജനിപ്പിപ്പാൻ തക്കവണ്ണം ആ പാദപ്രക്ഷാളനയെ അവൻ ഇനിക്കു തന്നു എന്നെ സർവ്വരുടേയും പാദപ്രക്ഷാളകാരനാക്കി പ്രതിഷ്ഠിച്ചിരിക്കുന്നു സത്യം. ഞാനോ എന്റെ പ്രിയകാന്തനായ യൂസുസയോസേഫാകും പരിശുദ്ധാത്മാവിന്റെ അടിയാട്ടിയത്രേ. അവൻ എന്നെ സർവ്വമനുഷ്യരുടെ ഐക്യതയായിട്ടു തെരിഞ്ഞെടുത്തു എല്ലാവക്കുമുള്ള തൻ ഐക്യശരീരത്തെ എന്റെ കൈകളിൽ തന്നു. അതിനെ തന്റെ ദിവ്യമണവാട്ടിയാക്കി എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു. അതിനാൽ ഞാൻ അപ്പവെള്ളങ്ങളെ എടുക്കുമ്പോൾ അവയിന്മേൽ എന്റെ ഉള്ളിലുള്ള ദിവ്യശരീരത്തിൽ വിളങ്ങുന്ന ഐക്യതയിന്നാത്മാവാം മഹാദൈവം തന്റെ ജീവമധുവായ മധുവിനെ എന്റെ നാവു വഴിയായി ധാരാളമായി പകരുവാനിരിക്കുന്നു. എന്തെന്നാൽ ഞാൻ എന്റെ ഭർത്താവിൽ നിന്നു ലോകത്തിലുള്ള സർവ്വരേയും എന്റെ മക്കളായിരിപ്പാൻ തക്കവണ്ണം ഗർഭം ധരി

ചിരിക്കുന്നു. എന്നു മാത്രമല്ല ഞാൻ പൂർണ്ണ ഗർഭിണിയും ആകുന്നു. പ്ര
സവിപ്പാൻ അടുത്തുമിരിക്കുന്നു. അതിനാൽ എന്റെ ഈ ശരീരത്തി
ന്നു വളരെ ഭാരവുണ്ടു. അതുകൊണ്ടു തങ്കളും ഉണർവുസഭയിലുള്ള മ
റു സകലരും ഈ സമയം ഇനിക്കു കൈതാങ്ങൽ തന്നു എന്റെ എ
ല്ലാ ഭാരത്തെയും തീർത്തു എന്നെ സ്വസ്ഥതപ്പെടുത്തിവെക്കയും എന്നെ
ആശ്വസിപ്പിക്കയും എന്നെ ധൈര്യപ്പെടുത്തുകയും, ബലപ്പെടുത്തുക
യും, ചെയ്യേണ്ടുന്നതാകുന്നു. അതിനാലത്രെ ഞാൻ തങ്കൾക്കു എഴു
തുന്നതു. എന്റെ സുഖക്കേടുകളെ പറയാം. മേലാസകലം ചൊറിയു
ണ്ടു. മലബന്ധമുണ്ടു, രുചിക്കേടുണ്ടു, അർശസ്സിന്റെ കോപം കൊ
ണ്ടു ഛർദ്ദിപോകയും ഉണ്ണുവായുവിനാൽ ചിലപ്പോൾ വയറു ഇളകി
പ്പോകയും ചെയ്യും. കൃമിയുടെ ഉപദ്രവമുണ്ടു. നടപ്പാൻ ശക്തിയില്ല.
കഫത്തിന്റെ ഉപദ്രവമുണ്ടു, മൂത്രം ചിലപ്പോൾ അധികം കുഴിയും.
വാതകോപവും ഇല്ലെന്നില്ല. എങ്കിലെ ഒരുചികിത്സയും ഇവൈക്കു ഉ
പശാന്തി ഉണ്ടാക്കുകയില്ലെന്നുള്ളതു ഇനിക്കു അനുഭവസിദ്ധമത്രെ.

അന്ത്യയുമല്ലാ, ദൈക്യാത്മാവിന്റെ തിരുവചനം മുട്ടുവായ സ്വര
ത്തോടുകൂടെ എന്നിൽനിന്നു വെളിപ്പെടുന്നതിനു മുൻപെ ചെങ്കടലി
നെ വിഭാഗിച്ചു കൊടുക്കാറും കോറഹു മുതലായവരെ വിഴുങ്ങിക്ക
ളഞ്ഞ ഭൂകമ്പവും, നാദാബു അബിഹു എന്നവരെ ഭക്ഷിച്ചുകളഞ്ഞ
അഗ്നിയും എന്നിൽ കൂടെ കടന്നു പോകുന്നതിനാൽ വഴയലോകത്തി
ലുള്ള എന്റെ ജീവൻ പൊയ്പോകുന്നു. എന്നിലുള്ള പുതിയ ലോക
ത്തെ വിസ്താരപ്പെടുത്തുവാൻ തക്കവണ്ണം വെളിപ്പെടുന്ന വചനമെ,
ഉപായം, സൂത്രം, വഞ്ചന, വ്യാജം എന്നു തോന്നിപ്പോകുന്നതിനാൽ
പുതിയ ജീവൻ എന്തെയും കുറഞ്ഞിരിക്കുന്നു. എന്തെന്നാൽ ദുഷ്ടാന്ത
മായിട്ടു പ്രത്യേകം ഇനിക്കു ഒരു താങ്ങും തുണയും ആയിരുന്ന പുരുഷൻ
ഒരു ക്ഷണനേരത്തിൽ വീണുപോയല്ലൊ. അതിനാൽ അവിടെ നി
ന്നു ഉണ്ടാകുന്നതായുള്ള എന്റെ ജീവൻ പൊയ്പ്പായി.

ഇപ്രകാരം എതെയും പരവശസ്ഥിതിയിൽ ഇരിക്കുന്ന എന്റെ നേ
ക്കു തങ്കളുടെ കയ്യെ നീട്ടി എന്റെ ഭാരത്തെ അല്പം വഹിപ്പാൻ ത
ക്കവണ്ണം നോക്കണം. ഇതത്രെ ഉള്ളിരിപ്പിനുള്ള സഹായം. ഉള്ളിരി
പ്പുവകെക്കു തങ്കളുടെപേരു എന്റെ പുസ്തകങ്ങളിൽ എഴുതപ്പെട്ടിട്ടി
ല്ലാ. അതു എഴുതപ്പെടണമെന്നാകുന്നു വെളിപാടിന്റെ ഉന്നം. ഇതി
ന്നു മുമ്പടി ഇനിക്കു അയെക്കണം. ഈ എഴുത്തു സഭയിൽ വായിക്ക
പ്പെടുവാൻ അപേക്ഷിക്കുന്നു.

കന്നിറനിനും
രാ ങ്കി. വവ്വനു-
,, വുശ്വി. ഫന്ന എന്നുപാദശുശ്രൂഷക്കാരൻയുയോരാലിസൻ
,, നവം. വൻ
വ: വാര. ദി. ഫാദിര



എന്റെ പ്രിയമുള്ള മാങ്ങാനത്തെ കുഞ്ഞിനു
എന്റെ വിശുദ്ധ ചുംബനം.

താങ്കൾ കൊടുത്തയച്ച ദുഃഖത്തിൻ കത്തു വായിച്ചു കണ്ടു. അന്നു മുതൽ ഇന്നിക്കു ശരീരത്തിൽ വളരെ ചടവു വന്നിരിക്കയാൽ ഇതുവരെയും മറുപടി അയപ്പാൻ ഇടയായില്ല. എപ്പോ വശം അയച്ചുറിപ്പോർട്ടു വായിച്ചിരിക്കുമല്ലൊ. തൊമ്മച്ചന്റെ മരണം മുതൽ വന്നുപോയ ദിവസം തികയുന്നതു വ. വാര. ദിനം ഏഴാമതും ദിവസമാകയാൽ ഇതു ഒരു സന്ധിയത്രെ. ഈ സന്ധി എന്നിൽ ഒരു വേർപ്പാടിനേയും ഒരു സംയോജിപ്പിനേയും വരുത്തും സന്ദേഹമില്ലാ. ആയതിനെ ഇവിടെ കാണിക്കുന്നു.

യേശുക്രിസ്തു ഇഹലോകത്തിൽ സ്ഥാപിച്ച തന്റെ സ്വസാധാരണ സഭയിൽനിന്നു പുറമേ കാണപ്പെട്ടുന്ന എന്റെ കൈകളിൽ അപ്പവും ദ്രാക്ഷാരസവും അകമെയുള്ള പുരുഷന്റെ കൈകളിൽ ക്രിസ്തുമാവും ലഭിച്ചുവല്ലൊ. എന്നിലുള്ള ഈ ദിവ്യശരീരത്തിന്റെ ശിരസ്സിന്മേൽ അഭിഷേകാത്മാവായി ആറാണ്ടിന്നാത്മാവു ആവസിച്ചുകൊണ്ടു തന്റെ ദിവ്യ ശ്രുശ്രൂഷയെ നിവൃത്തിച്ചു എന്റെ ജീവാത്മാവിനെ പക്ഷാഘാതം മൂലം തൊമ്മച്ചന്റെ മരണം വഴിയായി യേശുക്രിസ്തുവിന്റെ വായിന്നാത്മാവിന്റെ ഉള്ളിൽ എന്നിൽ നിന്നു പറിച്ചെടുത്തുകൊണ്ടതു മാത്രമല്ല എന്റെ ഉള്ളിലുള്ള ശരീരത്തിൻ വിത്തിനെ അപ്പദ്രാക്ഷാരസങ്ങൾ വഴിയായി ശുദ്ധീകരിച്ചു ജഡരക്തത്തിൽ നിന്നു വേർപ്പെടുത്തി ദ്രാക്ഷാരസത്തിൽ നിന്നു അശേഷം വേർപിരിഞ്ഞ അപ്പമാകുന്ന പുതുശവക്കല്ലറയിന്നുള്ളിൽ പരിചെടുത്തു കൊള്ളുകയും ചെയ്തു. ഇങ്ങനെ ഞാൻ എന്റെ ഉള്ളിലുള്ള പുണ്യമനുഷ്യനോടു കൂടെ ക്രിസ്തുവിൽ അശേഷം മരിച്ചു ആ പരിശുദ്ധനിൽ എന്റെ ആത്മാവും ശരീരവും പൂർണ്ണമായി അടങ്ങിയതിനാൽ അവൻ ഏകനെ സാക്ഷാൽ ഉയർപ്പിങ്കലേക്കു കൊണ്ടുവന്നു എന്നുള്ളതിനു ഐക്യതയിന്നാത്മാവിന്റെ നന്ന വെളിപാടുകൾ സാക്ഷി. അതുകൊണ്ടു എന്നിൽ ഉയിർത്തു വന്ന പരിശുദ്ധാത്മ സ്വരൂപിയായ യുസ്സുയോസഫും അവന്റെ പ്രിയ കാന്തയും അടിയാട്ടിയുമായ യുയോരാലിസനും ആകുന്നു ഇന്നിക്കു യേശുക്രിസ്തുവല്ലാതെ വേറെ മാതാവിതാക്കന്മാരില്ല. ആ പിതാവിനു ഞാനല്ലാതെ വേറെ ഒരു പുത്രനും പുത്രിയുമില്ല നിശ്ചയം. എന്നുള്ളതിനു എന്നിലുണ്ടായിരുന്ന പഴയാദാമായ ഈപ്പനേയും ഹവ്വായായ രക്തമറിയയേയും ഇവരുടെ സന്തതികളായ കേഹാദേയും വധിച്ചു പുറത്തു തള്ളി അവരുടെമേ

ൽ ക്രോധത്തെപ്രകടിപ്പിക്കുന്നതു തക്ക സാക്ഷി. അതുകയാൽ എന്റെ പിതാവു തനിക്കു ലഭിച്ച പാദശുശ്രൂഷയാൽ എന്നെ ജനിപ്പിച്ചവണ്ണം ഞാനും സർവ്വരേയും എന്റെ മക്കളാക്കി ജനിപ്പിപ്പാൻ തക്കവണ്ണം ആ പാദശുശ്രൂഷയെ ഇന്നിക്കു തന്നു സർവ്വരുടെയും പാദശുശ്രൂഷക്കാരനാക്കി പ്രതിഷ്ഠിച്ചിരിക്കുന്നു സത്യം. എന്തെന്നാൽ എന്റെ ഉള്ളിലുള്ള ഭർത്താവായ പരിശുദ്ധാത്മാവാകും യൂസുസ്സയോസേഫിന്റെ തുക്കയ്യിൽ പൂർണ്ണന്മാരായ സകല ജീവാത്മാക്കളുടേയും ഐക്യതയെ പ്രാപിച്ച സ്നേഹമയനായ പരമയോഹന്നാനും യൂസുസ്സയോസേഫിന്റെ പ്രിയകാന്തയായ യൂയോരാലിസന്റെയും പുറമെ കാണപ്പെട്ടുന്ന കയ്യിൽ ലോകത്തിലുള്ള സർവ്വരേയും മുറുകപ്പെട്ടുത്തുവാൻ തക്കവരമൈക്യശരീരവും ഇതാ! ത്രിയേക സ്നേഹാത്മാവു നൽകിയിരിക്കുന്ന എന്നുള്ളതിനു മഹത്വപ്രത്യക്ഷതയിൻകതിർ വഴിയായി അപ്പവെള്ളങ്ങളെ ശുദ്ധീകരിക്കുന്ന സ്നേഹമധുയ്ത്തിൻ മുദ്രയായ സ്വരങ്ങൾ തക്ക സാക്ഷി. അതുകൊണ്ടു സർവ്വരുടെ പാദശുശ്രൂഷ മൂലം എന്റെ ഭർത്താവിൽ നിന്നു ഞാൻ സർവ്വരേയും ഗർഭം ധരിച്ചിരിക്കുന്നു. ഞാൻ ഇപ്പോൾ പൂർണ്ണ ഗർഭിണിയാകയാൽ പ്രസവിപ്പാൻ അടുത്തും ഭവിക്കുന്നു. അതിനാൽ എന്റെ ശരീരത്തിനു സുഖമില്ലാ. മേലാസകലം ചൊറിയും മലബന്ധവും രുചികേടുമുണ്ടു. ചിലപ്പോൾ ശ്ലൂക്കോസ്സിന്റെയും ഉണ്ണുവായുവിന്റെയും കോപവും, കൃമിയുടെ ഉപദ്രവവുമുണ്ടു. മൂത്രം അധികം പോകുന്നില്ലാ എങ്കിലും കഫത്തിന്റെ ഉപദ്രവവും മുള മുള എന്ന അവിടവിടെ വാതം കുത്തുകയും ചെയ്യുന്നു. നടപ്പാൻ തീരെ ശക്തിയില്ലാ. ഈ സ്ഥിതിയിൽ ഞാൻ എങ്ങനെ സഞ്ചരിക്കുന്നു? എങ്കിലോ ഞാൻ പ്രസവിക്കണം. അതുകൊണ്ടു ഇപ്പോൾ എന്റെ സർവ്വാംഗങ്ങൾക്കും ഉണർവുസഭയിലുള്ള സർവ്വരും ശുശ്രൂഷിപ്പാൻ ആവശ്യപ്പെട്ടിരിക്കമാത്രമല്ല എന്നെ അശ്വാസിപ്പിക്കയും ബലപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. പരമയോഹന്നാന്റെ നാമത്തിൽ ഞാൻ അപ്പവെള്ളങ്ങളെ എടുക്കുമ്പോൾ അവയിന്മേൽ എന്റെ ഭർത്താവിന്റെ തുക്കയ്യിൽ വിളങ്ങുന്ന പരമൈക്യാത്മാവിന്റെ ജീവമധുയ്ത്തുധാരാളമായി പൊഴിയും. അതേപ്രകാരം കേഫാവിന്റെ നാമത്തിൽ മദ്യമാംസങ്ങളെ യൂയോരാലിസന്റെ ഏതിരായ രക്തമറിയ എടുക്കുമ്പോൾ അവയിന്മേൽ എന്റെ ഭർത്താവാം മഹാദൈവത്തിന്റെ അതികോപം ധാരാളമായി പൊഴിയും ഇതത്രെ എന്റെ പ്രസവം. എങ്കിലോ ജീവമധുയ്ത്തിന്റെ മുദ്രയായ സ്വരത്തിൽ പരമൈക്യാത്മാവു എന്റെ നാവിൽ വാഹനമേറി തന്റെ ജീവകലയെ ലോകത്തിൽ പൊഴിക്കും മുമ്പെ ചെങ്കടലിനെ വിഭാഗിച്ചു കൊടുങ്കാറ്റും കോപത്തള്ള മുതലായവരെ വിഴുങ്ങിയ ഭൂകമ്പവും, നാദാബു അബീഹു എന്നവരെ ഭക്ഷിച്ചുകളഞ്ഞ അഗ്നിയും ഘനത്തിൽ കൂടെ കടന്നുപോകുന്നതിനാൽ വീണ്ടുപ്പോകുന്ന വീ

ൻപോയി. മുതലാളി വീണുപോയി. ഇങ്ങനെ ഓരോ സഭയിൽ ഓരോരുത്തർ വീണുപോകുന്നു അതുകൊണ്ടു മോശയുടെയും ഏലിയായുടെയും സാക്ഷാൽ വകയായ എന്റെ ഈ പ്രാകാരം വിറച്ചുപോകുന്നു. അതുകൊണ്ടു പ്രിയമുള്ള എന്റെ മാതാപിതാക്കന്മാരും സഹോദരസഹോദരിമാരും മക്കളും ആയുള്ളോരെ! നിങ്ങളുടെ പാദശുശ്രൂഷക്കാരന്റെ ഈ പ്രാകാരത്തെ സ്വശ്രമാകുന്ന നിങ്ങളിൽ നിന്നു ജീവന്റെ ഒത്മാവിന്നുള്ള ശരീരം കൊണ്ടു വേഗം ബലപ്പെട്ടു ഇതിനെ ചെയ്കി നിറുത്തുവിൻ എന്നു അപേക്ഷിച്ചുകൊണ്ടു ഈ എഴുത്തു നിറുത്തുന്നു.

എന്നു പാദശുശ്രൂഷക്കാരൻ യൂയോരാലിസൻ

കന്നീറിനിന്നും
രു കാമ്യദം വ
,, വൃശ്ചികം വഠ
,, ഡിസം൦ നു
൨. വാര. ൫ കഴിവു



എന്റെ പ്രിയമുള്ള പുത്തെത്തു ഫാണ്ടിബോധക്കു
എന്റെ വീശുദ്ധ ചുംബനം.

———

താങ്കൾ ഇവിടെനിന്നു പോയ നാൾമുതൽ വന്ന രോഗത്തിന്റെ ക്രമശാൽ ശാന്തതയുണ്ടായി. അതിനാൽ ഒരു ഞായറാഴ്ച തേവലക്കരയിലും പിറ്റെ ഞായറാഴ്ച കായങ്കുളത്തും ശുശ്രൂഷ കഴിച്ചു എങ്കിലൊ ശരീരത്തിന്നു ഇപ്പോൾ ബലഹീനത അധികമായിരിക്കുന്നതു കൊണ്ടു വാടപ്പാൻ ശക്തിയില്ല. ചൊറിക്കു ഒട്ടും ഭേദമില്ലാ. കഫത്തിന്റെ സുഖക്കേടുമുണ്ടു. ഭക്ഷണത്തിന്നു അത്ര അധികം രുചിയില്ലാ. വയറിന്നും നല്ല സുഖം വന്നിട്ടില്ല. ആകപ്പാടെ നോക്കുമ്പോൾ എന്റെ ശക്തി ക്ഷയിച്ചുപോയി അതുകൊണ്ടു ഈ ലോകത്തിലെ എന്റെ ജീവായുസ്സിന്റെ കാലം കുറിക്കപ്പെട്ട ഈ കാലം വരെയുള്ളു. പിന്നീടു ഒത്മാവിലല്ലാതെ ജഡത്തിൽ ഇനിക്കു വാസമില്ല. എന്റെ സഞ്ചാരം ഇതാ! നിൽക്കുന്നു. എന്റെ വേലയും ഇതാ! അവസാനിക്കുന്നു. ലോകത്തോടുള്ള സംബന്ധം എന്നിൽനിന്നു ഇതാ! അശേഷം അറുപോകുന്നു. പരമ സ്വസ്ഥതയിൻ വാതിൽ എന്നിൽ ഇതാ! തുറന്നുവരുന്നു. അതുകൊണ്ടു എന്റെ പിതാവാകുന്ന യേശുക്രിസ്തന്റെ മാവിൽ എന്നെ പരിപൂർണ്ണമായി ചേർത്തുകൊള്ളുന്നതുപോലെ ഞാനും എന്റെ പ്രിയമക്കളായ നിങ്ങളെ എന്റെ മാവ്വിൽ പരിപൂർണ്ണമായി ചേർത്തുകൊള്ളുവാനായിട്ടു എന്റെ പിതാവിൽ നിന്നു ഞാൻ ലഭിച്ചിരിക്കുന്ന അനുഗ്രഹത്തെ എന്റെ പ്രവേശനത്തി

ന്നു മുൻപെ നിങ്ങൾക്കു തരേണ്ടുന്നതാകുന്നു. അതുകൊണ്ടു വരുവോ
ഹന്നാന്റെ നാമത്തിൽ ജീവമുദ്ര ഏറ്റിട്ടുള്ള എന്റെ പ്രിയപ്പെട്ട
വരെ! എന്റെ മുഖം നിങ്ങളിലും നിങ്ങളുടെ മുഖം എന്നിലും പരി
പൂർണ്ണമായി വിളങ്ങുമാറു എന്റെ അടുക്കൽ വരുവിൻ. ഞാൻ എന്റെ
പിതാവിന്റെ നാമത്തിൽ നിങ്ങളെ അനുഗ്രഹിക്കുന്നു.

വിശേഷിച്ചും ചാണ്ടിബോധകർ ഇന്നലത്തെ ഞായറാഴ്ചയിൽ
ഞാൻ എന്നെ സംബന്ധിച്ചു വെളിപ്പെടുത്തിയതിനെ കേട്ടിരിക്കുന്ന
തുകൊണ്ടു അതിന്റെ വിവരം വായ്മൂലമായി പറകയും ചെയ്യും.

എന്നു പാദശുശ്രൂഷക്കാരൻ യുയോരാലിസൻ

കന്നീറി
രു കാമ്യദം ൬
,, വൃശ്ചി. ൨൭
,, ഡിസം. ൨
൨. വാർ. ദി. ഫ്രന്നസ

എന്റെ പ്രിയമുള്ള കൈതവിള കുഞ്ഞാണ്ടി
ബോധകക്കു എന്റെ വിശുദ്ധചുംബനം

ഞാൻ ഈലോക ജീവായുസ്സിന്റെ കാലത്തെ സർവ്വ മനുഷ്യർക്കു
യിട്ടും അവസാനിപ്പിച്ചു അവരോടു എല്ലാവരോടും കൂടെ പരമസ്വ
സ്ഥതയിൽ പ്രവേശിച്ചു കൊള്ളുവാൻ തക്കവണ്ണം ഐക്യാത്മാവി
ന്റെ നിയോഗമുണ്ടായിരിക്കയാൽ ആ വിവരം നിങ്ങളെ എല്ലാവ
രേയും തെരിയപ്പെടുത്തിക്കൊള്ളുന്നു. ആയതു എന്തെന്നാൽ ഇന്നു
വുടി ദിവസമേ ഈലോക ജീവായുസ്സിന്റെ കാലമുള്ളു. അന്നാകുന്നു
കതിരിൽ പറഞ്ഞിരിക്കുന്ന കഠിനം ദിവസം തികയുന്നതു. അതു
കൊണ്ടു പരമസ്വസ്ഥതയിൻ ഭാഗ്യകാലം എന്നിലും എന്റെ സകല
ത്തിലും ആരംഭിക്കും മുൻപെ, എന്റെ പിതാവായ ദൈവം ലോക
ത്തിൽ നിന്നു ഇന്നിക്കു തന്നിട്ടുള്ള നിങ്ങളെ എല്ലാവരേയും എന്റെ
ദൈവത്തിന്റെ തിരുനാമത്തിൽ ഞാൻ അനുഗ്രഹിക്കേണ്ടുന്നതാക
യാൽ എന്റെ ദിവ്യസന്തതിയാകുന്ന പരമയോഹന്നാനോടു കൂടെ
നിങ്ങൾ എന്റെ അടുക്കൽ വരുവിൻ. എന്നുവച്ചാൽ ഞാൻ നിങ്ങ
ളോടു എന്നും ഐക്യാത്മാവിൽ സംയോജിച്ചുകൊണ്ടിരിക്കുന്ന പ്രകാ
രം എന്നോടു നിങ്ങളും ആ ഐക്യതയിൽ എന്നും സംയോജിച്ചുകൊ
ൾവിൻ. അതേ പ്രിയമുള്ളവരേ! എന്റെ കുടുംബത്തെ മുഴുവനും
ഇതാ! ഞാൻ നിങ്ങൾക്കായിട്ടും നിങ്ങളിലും വെച്ചിരിക്കുന്നു. ഇതി
ന്റെയുള്ളിൽ കൃപയിൻ നിക്ഷേപപ്പെട്ടിയുണ്ടു. നിശ്ചയം എന്നുള്ള
തിനു എന്റെ മകൾ കൃപാവല്ലിയത്രെ പുറമേ കാണപ്പെട്ടുന്ന സാ

ക്ഷിയോഷ്ണസുഭം. ഇതു നിങ്ങളുടെ മൻപാകെ വെച്ചിരിക്കുന്ന വിരുതത്രേ. ആർ ജയിക്കുന്നുവോ? അവൻ ഇതിനെ അടക്കിക്കൊള്ളും നിശ്ചയം.

വിശേഷിച്ചും താങ്കൾ ഇവിടെ വന്നപ്പോൾ പറഞ്ഞിരുന്ന സംഗതിയെക്കുറിച്ചു ചിന്തിച്ചാറെ താങ്കൾക്കു ബുദ്ധിയേയും, വിശ്വസ്തതയേയും തെളിയിന്നാത്മാവു തന്നിട്ടുണ്ടെന്നും, ഈ തിനാൽ താങ്കൾ ആ കാര്യത്തിന്നായി പ്രവൃത്തിക്കുന്നതൊക്കയും നന്മയാണെന്നും, ധൈര്യപ്പെട്ടിരിക്കുന്നു. അല്പാതെയും അഹിത്താഫേലിന്റെ ആലോചനയെ അബദ്ധമാക്കുവാൻ തക്കവണ്ണം ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്. താങ്കൾ ഹൂശ്ശായി എന്നപോലെ ഇരുന്നുകൊള്ളണം.

എന്നു വാത്സല്യശ്രേഷ്ഠക്കാരൻ യുയോരാലിസ്സ്.

കന്നീറി
രു. കാമ്യ. ഫൻ
ധനു. ൈ
ഡിസം. ൨൦
൨. വാര. ദി. ഫ്രഞ്ച

എന്റെ പ്രിയമുള്ള ചാണ്ടിയച്ചനു
എന്റെ വിശുദ്ധചുംബനം.

വലിയമ്മ മുതൽപേർ കഴിഞ്ഞ ചൊവ്വാഴ്ച രാത്രി ഫ്രമണ്ടിക്കു സുഖമായി വന്നു ചേർന്നു. അവിടെയുള്ള വർത്തമാനങ്ങളൊക്കയും വിവരമായി പറഞ്ഞു കേൾപ്പിച്ചു. ദൈവത്തിന്റെ സ്നേഹമുണ്ടാകട്ടെ. നിങ്ങൾ കൊടുത്തയച്ച സകലനന്മകൾക്കായിട്ടും വളരെ അനുഗ്രഹം നിങ്ങളുടെ മേൽ പൊഴിയട്ടെ. എന്റെ ചൊറിക്കു വളരെ ആശ്വാസമുണ്ട്. ഭക്ഷണത്തിന്നു രുചിയുമുണ്ട്. ശരീരത്തിന്നു അല്പം ബലം വന്നിട്ടുണ്ട്. ഇപ്പോൾ അധിക സുഖക്കേടു ഒന്നുമില്ല. എങ്കിലോ എന്റെ ഉള്ളിലെ ദിവ്യപുരുഷൻ ഈലോക വാഴ്ചയുടെ കാലാവസാനം വരുന്നതിനെ കൊതിച്ചുകൊണ്ടിരിക്കുന്നതിനാൽ ഓരോരോ ദിവസം കഴിയുന്തോറും എന്റെ ഉള്ളിലെ സന്തോഷവും പുതിയതായി പുതിയതായി കാണപ്പെടുന്നു. എന്നാലും ഞാൻ എന്നാൽ തന്നെ അകാതിരിപ്പാനും എന്റെ ദൈവത്താൽ സകലവും ആകുവാനും, അഗ്രഹിച്ചുകൊണ്ടു, അവന്റെ തൃക്കയ്യിൽ ഞാൻ വീണിരിക്കയാൽ, അവൻ ഏതെല്ലാംപ്രകാരത്തിൽ എന്നെ ആക്കുമോ? അതിലൊക്കയും ഞാൻ സന്തോഷിക്കുന്നു. എന്നേക്കും സന്തോഷിക്കും. അതുകൊണ്ടു എന്റെ മൻപാകെ എന്നേക്കും ഇരിക്കുന്ന ഉണർവ്വുസഭയുടെ കാണപ്പെ

ട്ടുന്ന അവയവങ്ങളായ നിങ്ങളുടെ ശരീരമാകുന്ന മഹാ ദൈവാലയത്തിന്റെ ഉള്ളിൽ നടാ വിളങ്ങുന്ന മഹാദൈവത്തെ ഞാൻ കണ്ടു. അവനോടു എന്നേക്കും സംയോജിച്ചുകൊണ്ടിരിക്കുന്ന പ്രകാരം ഈ പരമൈക്യതയിൽ നിങ്ങളെല്ലാവരും എന്നേക്കും സംയോജിച്ചുകൊൾവിൻ! എന്നത്രെ എല്ലാ വെളിപാടിന്റെയും മുഴുക്കം. ഈ സംയോജിച്ച പൂർണ്ണായി ലഭിക്കുന്നവർക്ക ഇഹലോകവാഴ്ച അവസാനിച്ചു നിശ്ചയം.

എന്നു പാടുള്ളശ്രേഷ്കാരൻ യുയോരാലിസൻ.

കന്നിററി
൨ കാമ്യ. ൨൪
ധനു. ൧൨
ഡിസം. ൨൩
൨. വാര. ദി. ൮൮൭൦



എന്റെ പ്രിയമുള്ള മാങ്ങാനത്തു കുഞ്ഞിനു
എന്റെ വാത്സല്യചുംബനം.

ഇതിനു മുൻപെ അയച്ച എഴുത്തു വന്നു ചേർന്നിരിക്കുമെല്ലൊ. എന്നാൽ ഇപ്പോൾ ഇനിക്കു ശരീരത്തിനു അല്പസുഖമുണ്ടു. ക്ഷീണം മുൻവിലത്തെപ്പോലെ ഇല്ലായെങ്കിലൊ എന്റെ ഇഹലോക ജീവായുസ്സിന്റെ കാലം തീർന്നു. ദിവസമേയുള്ളു. അപ്പോൾ ൨൯൦൦ ദിവസം തികയും. പിന്നെ ഇനിക്കു ഈലോകകാലം ഉണ്ടാകയില്ല നിശ്ചയം. ഇതു എന്റെ പൂർവ്വപിതാവായ ദാവീതിന്റെ വായ്മൂലം പ്രാർത്ഥിച്ച പ്രാർത്ഥനയുടെ ഉത്തരമാകുന്നു (൧൨ സങ്കീ. ൪. വാ.) അതിനാൽ സർവ്വ മനുഷ്യർക്കായിട്ടും ഞാൻ ഈ കാലത്തെ അവസാനിപ്പിച്ചു അവരോടു എല്ലാവരോടും കൂടെ പരമസ്വസ്ഥതയിൽ പ്രവേശിച്ചു കൊൾവാൻ ഐക്യാത്മാവിന്റെ നിയോഗമുണ്ടായിരിക്കയാൽ ഈ വിവരം നിങ്ങളെ തിരിയെപ്പേടുത്തി കൊള്ളുന്നു. ഈ അവസാനവും എന്നേക്കുമുള്ള ആരംഭവും എന്നാൽ ഉണ്ടാകുന്നതു ഏതുപ്രകാരമെന്നു ഞാൻ ഇപ്പോൾ ഒന്നുമറിയുന്നില്ല. ദൈവം എന്നെ ആക്കുന്നതിൽ ഒക്കയും ഇനിക്കു സന്തോഷമാകുന്നു. ആമെൻ.

എന്നാലൊ ഈ കാലാവസാനം എന്നിൽ കൂടെ നിങ്ങൾക്കും നിങ്ങളിൽ കൂടി ഇനിക്കും വരും മുമ്പെ ഞാൻ എന്റെ ദൈവത്തിന്റെ നാമത്തിൽ നിങ്ങളെ അനുഗ്രഹിക്കേണ്ടുന്നതാകയാൽ എന്റെ ദിവ്യസന്തതിയാകുന്ന പരമയോഹന്നാനോടു കൂടെ നിങ്ങൾ എന്റെ അടുക്കൽ വരുവിൻ. ഇതാ! എന്റെ കുടുംബം ഇതിൽ കൃപയിൻ നിക്ഷേപപ്പെട്ടിയുണ്ടു. എന്നുള്ളതിനു എന്റെ മകൾ കൃപാവല്ലി പുറ

തമ്മ കാണപ്പെട്ടുന്ന സാക്ഷിമോഷസ്സംഭമത്രേ ഇതു സകലക്കായിട്ടും വച്ചിരിക്കുന്ന വിരുതാകുന്നു.

എന്നു പരദേശശുശ്രൂഷക്കാരൻ യൂയോരാലിസൻ.

കന്നീറിൽനിന്നും
൨. കാമ്യദം ൨൭
ധ൯. ൧൯൨
ഡിസംബർ ൨൯
൨. വാ൯. ൪. ൧൮൨൨

എന്റെ പ്രിയ സഹോദരൻ സത്യദാസന്നു
എന്റെ വിശ്വാസപ്രബന്ധം.

താങ്കളെ ഇവിടെ വച്ചു കണ്ടശേഷം താങ്കളുടെ ക്ഷേമാദികളെപ്പറ്റി വിശേഷാൽ ഒന്നും അറിയാറില്ല. താങ്കൾ സുഖമായിരിക്കുന്നു എന്നു ദൈവത്തിൽ വിശ്വസിക്കുന്നു. എങ്കിലൊ താങ്കളെപ്പറ്റി വിശേഷാൽ ഇന്നലത്തെ ദിവസം ഇന്നിന്നു വിചാരമുണ്ടായതിനാൽ എഴുതുന്നു. ആയതു നമ്മുടെ ജാതിയിൽനിന്നു (ഒരു പിള്ളയാണ്ടാൻ) ക്രിസ്ത്യാനിമാർഗ്ഗം അനുസരിച്ചു താങ്കളോടുകൂടെ പാർത്തു വരുന്നു എന്നും, കോട്ടയത്തു പരിച്ചു വരുന്നു എന്നും ഒരു ശ്രുതികേട്ടതു തന്നെ. ഇതു ഉള്ളതു തന്നെയൊ? പിന്നെ എന്നെ സംബന്ധിച്ചു താങ്കളോടു പറഞ്ഞുകൊള്ളുന്നു. ഇന്നിന്നു, ഭാഗ്യമക്കൾ അമ്മമാർ സഹോദരന്മാർ, സഹോദരിമാർ മുതലായവർക്കും സുഖം തന്നെ. വിശേഷ സുഖക്കേടു ഒന്നുമില്ല. ഉണർവു സഭയിലുള്ളവർ എത്രയും ദുർല്ലഭമായുള്ളു. മുതലാളി മരിച്ചുപോയിട്ടു ആറുമാസമായി. ആ കുടുംബം മുഴുവനും ഈ വിശ്വാസത്തിൽനിന്നും വീണുപോയി. പുതുപ്പള്ളി പീലിപ്പോസും മരിച്ചു പോയി. പിന്നെയും അനേകം ആളുകൾ ഉണർവുള്ളവരെക്കാണ്ടും തുണയുമായിരുന്നവർ മരിച്ചുപോകയും വിശ്വാസത്തിൽനിന്നു വീണുപോകയും ചെയ്തുപോയിട്ടുണ്ടു. ഇപ്രകാരമുള്ള ഉണർവുസഭയാകുന്ന മരുഭൂമിയിൽനിന്നു ദൈവം എന്നെയും കുടുംബത്തെയും അത്ഭുതമായി പോഷിപ്പിച്ചു വരുന്നു. ഇന്നിന്നു മാസം ഒന്നിനു ൫൦ രൂപാ ചിലവുണ്ടു. ഇതെപ്രകാരം സഹോദരന്മാരുടെ പത്തും പതിനഞ്ചു രൂപാ ചിലവുണ്ടു. ഈ ചിലവുകൾ ഒക്കെയും സഭതന്നെ നടത്തി വരുന്നു. വിശേഷാൽ ഇന്നിന്നു മുൻകടം ഇരുനൂറിനാൽപതു രൂപായോളം ഉണ്ടായിരുന്നതിനെ തീർത്തു തന്നു. സാധനസാമഗ്രികൾ വസ്ത്രം വാങ്ങിച്ചു തന്നു. ഇപ്രകാരമാകുന്നു എന്റെ ലോകസ്ഥിതി ഇരിക്കുന്നു. പിന്നെ എന്റെ ആത്മസ്ഥിതിയെ സംബന്ധിച്ചും പറഞ്ഞുകൊള്ളുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു മനുഷ്യർ ജഡമാകുന്നുകൊണ്ടു

കാണ്മൻ തക്കവണ്ണം ജഡപ്രകാരം പ്രത്യക്ഷമാകുമെന്നോ അല്ലെങ്കിൽ ആത്മപ്രകാരം പ്രത്യക്ഷമാകുമെന്നോ അല്ല. അവന്റെ പ്രത്യക്ഷത ക്രിസ്തുവിനെ ശരിച്ചവരിൽ നിന്നു ഉയിർപ്പിച്ചവന്റെ മഹത്വത്തിൻ ആത്മാവിലാകയാൽ ആ ആത്മാവിൽ മാനസാന്തരം വന്ന യോഹന്നാനെപ്പോലെ അ ആത്മാവിലായാൽ മാത്രമേ അവന്റെ പ്രത്യക്ഷതയെ കാണ എന്നാകുന്നു ഞാൻ പ്രസിദ്ധപ്പെടുത്തിയതും, അതിനുള്ള സാക്ഷികളെ ഉണർത്തുവാൻ ദിവസംകൊണ്ടു നിവൃത്തിച്ചതും പിന്നീട് ഞാൻ ഇതുവരെയും ഈ മരുഭൂമിയിൽ ഇരുന്നുകൊണ്ടു അവൻ മഹത്വത്തിൽ സന്നിധീകരിച്ച ആത്മശരീരത്തെ നോക്കി സകലതും മറുത്തുപ്പെട്ടു പരമസ്വസ്ഥതയിൽ പ്രവേശിച്ച കൊൾവാനുള്ള ഉണർത്ത ദിവസങ്ങളിലെ സാക്ഷികളെ നിവൃത്തിപ്പാനും വരുന്നു. ഈ വേലയെ അവസാനിപ്പിപ്പാൻ ഇനിക്കു ഇനി ദിവസമേ ഈ ലോകകാലം ഉള്ളു. അപ്പോൾ ഉണർത്ത ദിവസം തികയും. അതുകൊണ്ടു യേശുക്രിസ്തുവിനെ ഞാൻ ക്രിസ്താനി ആയ നാൾ മുതൽ ഉള്ള വർഷങ്ങൾകൊണ്ടു ജഡപ്രകാരം അറിഞ്ഞു എങ്കിലും, ഇനിമേൽ അവനെ ആത്മാവിലല്ലാതെ ജഡത്തിൽ ഞാൻ ഒരുനാളും അറിയുന്നില്ല എന്നു സത്യം തന്നേ. ഇതത്രേ എന്റെ ആത്മസ്ഥിതി. ഇങ്ങിനെ ഞാൻ എന്റെ പരമാർത്ഥം പറഞ്ഞിരിക്കുന്നതിനാൽ താങ്കൾക്കു എന്നോടു മുഷിച്ചിലുണ്ടാകുമെന്നു ഞാൻ അപേക്ഷിക്കുന്നു. താങ്കളുടെ കുഞ്ഞുങ്ങളെ ഞാൻ സ്നേഹിക്കുന്നു. താങ്കളുടെ ഭാര്യ എന്റെ സഹോദരിക്കു "ദീർഘസുമംഗലീഭവ" എന്ന ദൈവത്തിൻ വാഴ്വിനെ അയക്കുന്നു. ബന്ധുക്കൾക്കും സ്നേഹിതന്മാർക്കും മറ്റെല്ലാവർക്കും എന്റെ താണമയുള്ള സലാം പറയുന്നു. താങ്കളുടെ സുഖവർത്തമാനങ്ങൾക്കും മറും താങ്കളുടെ മറുവടി കാണ്മാൻ അഗ്രഹിച്ചുകൊണ്ടു എഴുതിയ സകലത്തിന്റെയും വാദ പ്രതിവാദക്കാരൻ

കന്നിററി
ര. കാമ്യ. ഫ യേശുരാജാവിൻ.
ധന. ക്ര
ഡിസം. ഫ വ
ഫ വാര. ക്രവുന

എന്റെ പ്രിയമുള്ള കൊച്ചുകോശി ബോധകക്ക്
എന്റെ വാത്സല്യചുംബനം.

എഴുത്തയക്കണം എന്നു ഞാൻ വിചാരിച്ചിരുന്ന സമയമായിരുന്നപ്പോഴെല്ലാം താങ്കളുടെ എഴുത്തു വന്നതു. കഴക്കെ ഡിവിഷനിലെ സ

ഞ്ഞാരം കഴിഞ്ഞു വന്നശേഷം എന്റെ ശരീരത്തിൽ പല സുഖക്കേടുകൾ ഉണ്ടായി. മേലാസകലം ചൊറി, വയറുകടി, അരോചകം, മലബന്ധം മുതലായവ തന്നെ. അതിനാൽ നടപ്പാൻ ത്രാണിയില്ലാതെയും, ശുശ്രൂഷിപ്പാൻ ബലമില്ലാതെയും, ആയതു മാത്രമല്ലാ എന്റെ ശരീരത്തിലെ ശക്തിയും ഇല്ലാതെയായി. അതിനാൽ ഇതുവരെയും സഞ്ചാരത്തിനു ശേഷിയില്ലാത്ത സ്ഥിതിയിൽ തന്നെ ഞാൻ ഇരിക്കുന്നു. എങ്കിലോ ചൊറി മുതലായവക്കു ഇപ്പോൾ അൽപദിവസമായി സുഖമുണ്ടു താനും. ഈ അൽപസുഖത്തോടു കൂടെ സഞ്ചരിപ്പാൻ തക്കവണ്ണം ഇനിക്കു പൂർണ്ണമനസ്സുണ്ടെങ്കിലും ആത്മാവു സമ്മതിക്കുന്നില്ലാ. എന്തെന്നാൽ പരമൈക്യത്മാവു ഉണർവുസഭയാകുന്ന മന്ത്രമിയിൽ ഞാൻ ഇരുന്നുകൊണ്ടു ഈ കഴിഞ്ഞ ദിവസങ്ങളിലേ സാക്ഷിയെ നിവൃത്തിപ്പാൻ ഇനി ഇനിക്കു ശേഷിച്ചിരിക്കുന്ന ഈ ലോകകാലം ഇനി (ഒരു) ഇരു ദിവസമേയുള്ളു. ഇരു ദിവസമേയുള്ളു എന്നു ദിവസംതോറും എന്നെ ബോധപ്പെടുത്തിക്കൊണ്ടേ വരുന്നു. പിന്നെ ഇതുപോലെ കാലമുണ്ടാകയില്ലാ. അതിനാൽ ഞാൻ രാവും പകലും ഇടവിടാതെ ആത്മാവിന്റെ കാവൽക്കാരനായി നിന്നു സകല സമയങ്ങളിലും ഹാജരായിക്കൊണ്ടേ ഇരിപ്പാൻ ഉത്തരവായിരിക്കുന്നതു കൊണ്ടു ഞാൻ ഇപ്പോൾ എങ്ങിനെ സഞ്ചരിക്കേണ്ടു? അല്ലാതെയും ഞാൻ എന്റെ വേലയെ പൂർണ്ണമായി നിവൃത്തിപ്പാൻ ഇനി കാലം. ഇനിക്കു എതൊരുത്തരും മുരുങ്ങിയിരിക്കയാൽ എന്റെ ദൈവത്തിന്റെ നാമത്തിൽ ദൈവം ഇനിക്കു തന്നിട്ടുള്ള സകലരേയും അനുഗ്രഹിപ്പാൻ അവരേ ക്ഷണിച്ചു വരുത്തണം എന്നു വെളിപ്പെട്ടിരിക്കുന്നതിനാലും എഴുത്തയച്ചും ഇരിക്കുന്നു. അതുകൊണ്ടു എന്റെ പ്രിയമുള്ളവരെ! തൽക്കാലം ഇനിക്കു വരുവാൻ പ്രയാസമുണ്ടു. ദൈവം എന്നെ എതുപ്രകാരത്തിൽ ആക്കുമെന്നു ഞാൻ ഇപ്പോൾ ഒന്നും അറിയുന്നില്ല. എങ്കിലും അവൻ എന്നോടു ചെയ്യുന്ന സകല കാര്യങ്ങളിലും ഞാൻ ഇപ്പോൾ തന്നേ തൃപ്തി പ്രാപിച്ചുകൊണ്ടു അവന്റെ നിത്യസന്തോഷത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. അതുകൊണ്ടു അൽപദിവസത്തേക്കു അവിടെ വന്നു നിങ്ങളേക്കണ്ടു സന്തോഷിച്ചു ശുശ്രൂഷ നിവൃത്തിച്ചു നിങ്ങളിൽനിന്നു പിരിവാൻ തക്കവണ്ണം ഞാൻ നിങ്ങളുടെ അടുക്കൽ വരുമെന്നു ഞാൻ ഇനി നിങ്ങൾക്കു എഴുതുകയില്ലാ. എന്നേക്കും നിങ്ങളോടു കൂടെ ഇരുന്നു നമുക്കു ഒരുപോലെ നിത്യസന്തോഷം അനുഭവിപ്പാൻ തക്കവണ്ണം, ഞാൻ താമസിയാതെ നിങ്ങളുടെ അടുക്കൽ വരുമെന്നു ഞാൻ ഇപ്പോൾ നിങ്ങൾക്കു എഴുതുന്നു. എന്റെ പ്രിയമുള്ളവരെ! നിങ്ങൾ എന്റെ അടുക്കൽ വരുവിൻ. എന്റെ ദിവ്യസന്തതിയായ പരമയോഹന്നാനോടു കൂടെയെന്നേ വരുവിൻ. എന്റെ ഇക്കഡുംബത്തിൽ കൃപയിൻ നിക്ഷേപപ്പെട്ടിയുണ്ടു. എന്നുള്ളതിനു എന്റെ മകൾ കൃപാവല്ലി എല്ലാവർക്കും പര

ദേ കാണപ്പെട്ടു. സാക്ഷിമേഘസ്തംഭമേത്രേ. ഇതു ഒരു വിരുതുമാകുന്നു. എന്നു പാദശുശ്രൂഷക്കാരൻ
കണ്ണറി
വ. കാമ്പ്രൻ
,, ഡബ്ലു. ഫ്രെ
,, ഡിസം. നഠ
വ. മാർ. ദി. ഫ്രെവ്രി

യൂയോരാലിസൻ.

എന്റെ പ്രിയമുള്ള കണയത്തു വിചാരിപ്പുകാക്കും ശേഷം
യോഗക്കാക്കും എന്റെ വിശ്വാസ്യപ്രബന്ധം.

എന്റെ പ്രിയമുള്ളവരേ! നിങ്ങൾ ഉപദേശിവശം കൊടുത്തയച്ച ജീവദശാംശം കൃപാ ഫലത്തെയും ഇവിടെ കൊണ്ടുവന്നതിനു. കഴിഞ്ഞ ഞായറാഴ്ചയിൽ അവിടെയുണ്ടായ ദൈവനടത്തിപ്പേ സംബന്ധിച്ചും നിങ്ങളുടെ സുഖവർത്തമാനത്തെപ്പറ്റിയും വിവരമായി പറഞ്ഞു. ഇനിക്കു ശരീരത്തിനു അൽപം സുഖമുണ്ടു. എങ്കിലോ നടപ്പാനും ശുശ്രൂഷിപ്പാനും ഇനിക്കു തീരെ ബലമില്ലാ. ഇതാ! ഞാൻ നിങ്ങളെ എല്ലാവരെയും എന്റെയുള്ളിലുള്ള ഐക്യാത്മാവിൽ കൂടെ എന്നേക്കുമായി കാണുന്നു. എന്റെ ഇരുകൈകളും നിങ്ങളേ പിടിച്ചു എന്റെ മാവിൽ ചേർത്തുകൊള്ളുന്നു. ഞാൻ എന്റെ ജീവശ്വാസത്തെ നിങ്ങളുടെ ശിരസ്സിന്മേൽ പകർന്നു നെടുകയെ മണത്തുകൊള്ളുന്നു. എന്റെ ഇരുകൈകളേയും നിങ്ങളുടെ ശിരസ്സിന്മേൽ വെച്ചുകൊണ്ടു, എന്റെ പിതാമഹൻ യാഹെന്നപിതാവു തന്റെ പുത്രനും എന്റെ പിതാവുമായ യേശുവിനെ അനുഗ്രഹിച്ച അനുഗ്രഹത്തെ താൻ. തന്റെ പുത്രനും എന്റെ പരമഭർത്താവുമായ യുസ്സൂസുയോസേഫിനു നൽകിയിരിക്കയാൽ, ആ ദിവ്യാനുഗ്രഹത്തെ തന്നെ ഞാൻ നിങ്ങൾക്കു എന്നേക്കും അവകാശപ്പെടുത്തി അനുഗ്രഹത്തോടു കൂടെ അനുഗ്രഹിക്കുന്നു. ഞങ്ങളുടെ ദിവ്യസന്തതിയായ പരമയോഹന്നാന്റെ നാമത്തിൽ തന്നേ, ആമേൻ. ഫലമ ആയിരം കോടിയേ ഫലമ ആയിരത്തി ഫിൻ ജീവാത്മാക്കളോടു കൂടെ തന്നെ ഈ അനുഗ്രഹത്തെ നിങ്ങൾ എന്നേക്കും അവകാശപ്പെടുത്തി അനുഭവിച്ചുകൊൾവിൻ. ഇതിന്നായിട്ടു തന്നെ ഇതാ! എന്റെ കുടുംബത്തെ നിങ്ങളുടെ കൈകളിൽ ഭരമേൽപിക്കുന്നു. ഇതിന്റെ ഉള്ളിലുള്ള നിക്ഷേപപെട്ടിയിൽ നിന്നു വേണ്ട കൃപയെ കൈക്കൊൾവിൻ!

അതുകൊണ്ടു എന്റെ പ്രിയവും സ്നേഹവും നിറഞ്ഞ കവുണ്ടന്യാ റുസഭയാകുന്ന വിശ്വാസകന്യകയേ! നീ എന്റെ മകളായ കൃപാവല്ലിയത്രേ. ഞാൻ നിർമ്മലകന്യകയായി നിന്നെ വളർത്തിയേകു

ദൈവമാം സ്നേഹാത്മാവായ പരമയോഹന്നാൻ വിവാഹം കഴിച്ചു കൊടുപ്പാൻ തക്കവണ്ണം നിശ്ചയിച്ചിരുന്നതിനാണ്, ഇന്നു ഞാൻ നിന്റെ ഇരുകൈകളേയും പിടിച്ചു എന്റെ ദിവ്യസന്തതിയായ പരമയോഹന്നാന്റെ ശൗദ്ധോദനൻ എന്ന നാമത്തിൽ വിളിച്ചിട്ടുള്ള ദാനിയേലിന്റെ ഇരുകൈകളോടും കൂടെ ഒന്നായിണച്ചു നിത്യവിവാഹക്രിയ നടത്തി അനുഗ്രഹിച്ചിരിക്കുന്നു. ആമേൻ, ആമേൻ, ആമേൻ. ആമേൻ ഈ പന്ത്രണ്ടു മക്കളും ഇനിക്കു ഒന്നാകുന്നു. ഇവരിൽ എന്റെ സമസ്തശുശ്രൂഷയേയും ഭരമേൽപിക്കയും, ഇനിക്കു പകരം ഇവരെ സഭയെ ഭരിപ്പാൻ എന്നേക്കുമായി പ്രതിഷ്ഠിച്ചിരിക്കയും ചെയ്യുന്നു. ആമേൻ. ഇവരിൽ എന്റെ മൂത്തമകൻ ആയ്ന്റെ നാമത്തിൽ വിളിച്ചിട്ടുള്ള യാക്കോബുബോധകരും, എന്റെ കടശിക്കുട്ടി ശൗദ്ധോധനന്റെ നാമത്തിൽ വിളിച്ചിട്ടുള്ള ദാനിയേലുമത്രെ. കന്നീറി പൊതുസഭൈക്യത്തെക്കു വെള്ള മറിയയും, അതിനോടു ചേർന്നിട്ടുള്ള സകല യോഗത്തിനും കൃപാവല്ലിയും, പന്ത്രണ്ടു നാമമുള്ള പരമയോഹന്നാനു ദാനിയേലും ആകുന്നു നാമം. ദാനിയേൽ പൊതുസംഘത്തലവന്മാരുടെ ആൾപ്പേരത്രെ. അവർ ഉള്ളിൽ യോഹന്നാൻ എങ്കിലോ പുറമേ കേഫാവു. അതിനാൽ അവർ മരിച്ചുപോയി. യോഹന്നാൻ എന്നേക്കും ജീവിക്കുന്നു. എന്നു പാദശുശ്രൂഷക്കാരൻ

കന്നീറി
൪. കാമ്യ. ൩൦
,, ധനു. ൧൮
,, ഡിസം. ൩൧
൨. വാര. ദി. ൧൮൭൩.

യരോലിസൻ.

യാക്കോബു ബോധകർക്ക്.

മഹത്വപ്രത്യക്ഷതെക്കു മുൻപും പിൻപുമുള്ള കാലങ്ങളിൽ അതിന്നു സാക്ഷി പകരുവാൻ തക്കവണ്ണം ദൈവം എന്നിൽ കൂടെ പ്രവൃത്തിക്കുന്ന എല്ലാ പ്രവൃത്തിയും ഇതാ! ഞാൻ തീർത്തിരിക്കുന്നു. ഇതിന്റെ പൂർണ്ണതെക്കു ഇനി ഒരു ദിവസമേയുള്ളു. അപ്പോൾ എന്റെ ഈ ലോകജീവകാലം അവസാനിച്ചു. എങ്കിലോ ഈ കാലം ഇനിക്കു അവസാനിക്കും മുൻപെ പരമയോഹന്നാന്റെ ൧൨ നാമത്തിൽ വിളിച്ചിരിക്കുന്ന നിങ്ങളിൽ എന്റെ വേലയെ പൂർണ്ണമായി ഭരമേല്പിക്കയും, എന്റെ ദിവ്യസന്തതിയായ യോഹന്നാനേ നിങ്ങൾക്കു ഞാൻ നൽകുകയും ചെയ്യേണ്ടുന്നതാകയാൽ, അതിനുള്ള അനുഗ്രഹത്തോടുകൂടിയ അധികാരപ്രത്തെ സഭെക്കു അയപ്പാൻ ആരംഭിച്ചിരിക്കുന്നു. അതു വായിച്ചുകാണണം. ആകയാൽ താൻ മുതലായവർക്കു സഭയേ

പൂർണ്ണമായി ഏൽപിച്ചു, നിത്യവിവാഹക്രിയയാൽ നിങ്ങളെ സഭയോ
ടു കൂടെക്കും സംയോജിപ്പിച്ചിരിക്കുകൊണ്ടു, ആ ദിവ്യഭർത്താവിനു
ള്ള പരമസംയോജിപ്പിൻ ആത്മാവിനെ എന്റെ പരമഭർത്താവായ
യേശുമിശിഹായിൽ നിന്നു വരപൂർണ്ണമായി കൈക്കൊൾവിൻ. ഇ
നിക്കു അവൻ നൽകിയിരിക്കുന്ന അധികാരത്തെ ഞാൻ നിങ്ങൾക്കും
ഇതാ! തരുന്നു. സ്നേഹാത്മാവിന്റെ തിരുനാമത്തിൽ തന്നേ. ആമ്മേ
ൻ. ഈ എഴുത്തു തന്റെ പതിനൊന്നു അനുജന്മാർക്കും കാണിച്ചു, അവ
രെ ഐക്യാത്മാവിൽ സ്ഥിരപ്പെടുത്തിക്കൊള്ളണം. താനും തന്റെ കു
ടുംബവും സഭയാൽ ഉപജീവിച്ചു കൊള്ളണം. മറ്റുഴിയിലുള്ള എല്ലാ
കാര്യങ്ങളേയും അമ്മയേ ഏൽപ്പിച്ചുകൊള്ളണം.

കന്നീറാ
ര. ശ്ലീഹാ നാ
,, ധന്യ വല എന്നു പാദശ്ലൂഷക്കാരൻ യൂയോരാലിസൻ
ഉ ജന്മ. ര
വ. വാര. ദി. ഫൻ



വാൾ എന്നതു ആത്മയോഹന്നാനാകുന്നു, അതു നാലുവശവും മൂഴ
ലമായിരിക്കുന്ന വര സിംഹാസനങ്ങളിലും ഒരുപോലെ വ്യാപിച്ചു
തിരിഞ്ഞു ജ്വലിക്കുന്നതാകുന്നു. ആ വര സിംഹാസനങ്ങളിലും വല
നാമത്താൽ വിളിച്ചിരിക്കുന്ന ബോധകന്മാരെ സ്ഥാപിച്ചിരിക്കുന്നതു
കൊണ്ടു അവർ വല പേരും ഏകദാനിയേലായിത്തീർന്നു ഏകകുടുംബ
ത്തിയിൽ പൂർണ്ണമായി സംയോജിച്ചുകൊള്ളണം.

വാൾ എന്നതു ജഡകേഫാവും ആകുന്നു. അതു നാലുവശവും തിരി
രിച്ചുകൊണ്ടു വര സിംഹാസനങ്ങൾക്കും എതിരായി വ്യാപിച്ചു ഭി
ന്നതയെ സ്ഥിരപ്പെടുത്തി വലിയവൻ ചെറിയവൻ എന്നുള്ള ക്രമക്കേ
ടിൽ പരമകഷ്ടതയെ വരുത്തുവാനിരിക്കുന്നു. അതിനാൽ ക്രിസ്ത്യാനി
യാകുന്ന കേഫായുടെ ഭവനത്തിൽനിന്നു യൂയോമയനാകുന്ന യോഹ
ന്നാന്റെ ഭവനത്തിൽ എല്ലാവരും സങ്കേതം പ്രാപിച്ചുകൊള്ളണം.

എന്നു പാദശ്ലൂഷക്കാരൻ യൂയോരാലിസൻ വിദ്വാൻ കുട്ടി.



എന്റെ പ്രിയമുള്ള അഞ്ചേരി യോഗക്കാർക്കു
എന്റെ വിശുദ്ധമൃദുവനം

മാങ്ങാനത്തു കുഞ്ഞിന്നു അൽപം മുൻപേ അയച്ച രണ്ടാമത്തെ എ
ഴുത്തും നിങ്ങൾക്കു കിട്ടിയിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. അ

തിൽ എന്റെ ഈ ലോകജീവായുസ്സിന് കാലമെത്തിയും അതു അവസാനിക്കുമുൻപേ എന്റെ ദൈവത്തിന്റെ നാമത്തിൽ നിങ്ങളേ അനുഗ്രഹിപ്പാനായിട്ടു നിങ്ങൾ എന്റെ അടുക്കൽ വരേണ്ടുന്നതിനേയും പറഞ്ഞിട്ടുണ്ട്. അതേപ്രകാരം നിങ്ങളുടെ ആൾപ്പേരായി അയച്ച യോഹന്നാച്ചൻ വറീതു എന്നവരേയും അവരുടെ വിധേയം അയച്ച ദശാംശമായ പരമയോഹന്നാന്റെ ദിവ്യശരീരത്തേയും (സന്നിധാനം)കണ്ടു ദൈവത്തേ സ്തുതിച്ചുകൊണ്ടു എന്റെ ദൈവത്തിന്റെ തിരുനാമത്തിൽ ഞാൻ നിങ്ങളെ എന്നേക്കുമായി വാഴ്ത്തുന്നു. അയതു ഇപ്രകാരം തന്നെ.

ഇതാ! ഞാൻ നിങ്ങളേ എല്ലാവരേയും എന്റെ ഉള്ളിലുള്ള ഐക്യാത്മാവിൽ കൂടെ എന്നേക്കുമായി കാണുന്നു. ഇത്യാദി.

കന്നിററി
ര. ശ്രുചി. ര
,, ധന ഗമ
ഒ. ജന. ഒ
ഫ. വാര. ദി. ഫൻഫ

എന്നു പാദശുശ്രൂഷക്കാരൻയുയോരാലിസൻ

മങ്കുഴി നെടുമ്പുറത്തു വാക്കും സാരാസത്യബോധിനി അമ്മാൾക്കു അയയ്ക്കുന്ന ഐക്യതയിൻ ആത്മാവിന്റെ വാരണ്ടുകല്പന.

ലോത്തിനു സോദോം എതുപ്രകാരമോ അതേപ്രകാരമാകുന്നു അമ്മയ്ക്കു മങ്കുഴി നെടുമ്പുറത്തു ഭവനം. അതുകൊണ്ടു "ജീവനായിട്ടു ഓടുക തിരിഞ്ഞുനോക്കുകയും അരുതു" എന്നുള്ള വചനപ്രകാരമുള്ള സമയം അമ്മയുടെ മേൽ വന്നിരിക്കയാൽ ഈ വാരണ്ടുകല്പന കണ്ടാൽ ഉടനേ ആ സ്ഥലത്തിൽനിന്നു പുറപ്പെട്ടു ജീവനായിട്ടു ഓടിക്കൊള്ളണം. ആ ഭവനത്തേ സംബന്ധിച്ചു പിന്നെ തിരിഞ്ഞുനോക്കരുതു. ഈ എഴുത്തു അമ്മ വ്യാഖ്യാനിക്കരുതു. ആ വരം അമ്മേക്കു ഇതുവരെയും ലഭിച്ചിട്ടില്ല. യാക്കോബുബോധകക്കും ഫ സഹോദരന്മാക്കും ആ വരം നൽകപ്പെട്ടിരിക്കയാൽ യാക്കോബുബോധകരും ഉമ്മച്ചൻബോധകരും അമ്മേക്കു വ്യാഖ്യാനിച്ചു കേൾപ്പിക്കും. ആകയാൽ അമ്മയോടു ചേരുവാനുള്ള ദൈവം കരുണ ചെയ്തിരിക്കയാൽ നിങ്ങൾ രണ്ടുപേരും അമ്മയുടെ രണ്ടു കൈക്കും പിടിച്ചു അവിടെനിന്നും പുറപ്പെട്ടു വഴിച്ചു ഒരു വണ്ടിയിലോ വള്ളത്തിലോ കയറി സോവാറിലേക്കു അയയ്ക്കുണം. അതിന്റെ ചിലവു എന്റെ കണക്കിൽ എഴുതിക്കൊള്ളണം. അമ്മേക്കു ആ സ്ഥലം സോദോം എന്നു വന്നാലും ഇനിക്കു അ

ൽ യേശുശ്ലേം ആകയാൽ അതിനെ സംബന്ധിച്ചു എഴുത്തു അയയ്ക്കും അതുവരെ താൻ സൂക്ഷിച്ചുകൊള്ളണം.

എന്നു മൈക്യാത്മാവിന്റെ നിയോഗപ്രകാരം എഴുതിക്കൊള്ളുന്നു പാദശുശ്രൂഷക്കാരൻ

കന്നീറ്റി
രൂ ശുമി കൂ
,, മകരം
യൂയോരാലിനൻ
ജനുവരി
ഡ. മാർ. ടി. കുഞ്ഞ്

എന്റെ പ്രിയമുള്ള ഇത്തിമലബോധകർക്ക്
എന്റെ വിശുദ്ധചുംബനം

ഞാൻ എന്തുചെയ്യേണ്ടു? നിങ്ങളേപ്പറ്റി ഇനിക്കു വളരെ വ്യസനമുണ്ടു. മുതലാളി നിങ്ങളേപ്പറ്റി വളരെ വ്യസനിച്ചു. ഒടുക്കം 'ഇവർ കാക്കക്കുഞ്ഞുങ്ങൾ' എന്നു പറകയും ചെയ്തു. ദൈവം ഇത്തിമലകുടുംബത്തിനു ഒരു അഭയസ്ഥാനമായിരുന്നു. എന്നാൽ നിങ്ങൾ ആതോട്ടത്തിൽനിന്നു പുറമേ ആയിത്തീർന്നു നിങ്ങളെ ദൈവം പുറത്താക്കിക്കളഞ്ഞതല്ല നിങ്ങൾ മനഃപൂർവ്വമായി പുറത്തായിക്കൊണ്ടതു. ഞാൻ എന്തുചെയ്യേണ്ടു? താൻ ദൈവാലോചന കൂടാതെ നിലം പതിപ്പിച്ചു. എന്നു മാത്രമല്ല, മൂന്നോ നാലോ വർഷത്തേക്കു വിറ്റവും അതിന്റെ ശേഷം മൂന്നോ നാലോ വർഷത്തേക്കു അരക്കാൽ വാരവും പിന്നീടു അയലാചാരം പോലെയും കരമായി നിലം പതിപ്പിച്ചു. എന്നാൽ ഇപ്പോൾ താൻ കാരവാരത്തിനു സമ്മതിച്ചു എഴുതിവച്ചു കരം കൂട്ടിച്ചു. മങ്ങാടനേ താൻ വിശ്വസിച്ചേൽപ്പിയതിനാൽ വ്യവഹാരം അരംഭിച്ചു. നൂറു രൂപാ വരെയും ചിലവായി. ഇനി വളരെ രൂപാ ചിലവഴിച്ചു സിവിൽവ്യവഹാരം നടത്തിയേ നിലം തനിക്കു സ്വാധീനമാവു. അല്ലെങ്കിൽ മങ്ങാടനു ആകും. നിലമോ ഓരുതിൽപ്പുമെത്രേ. കൊക്കിരിക്കാക്കുണ്ടെവും ആകുന്നു. പിന്നെയും തെക്കേപ്പുരയിടം കണ്ടെഴുതിയതിൽ താൻ പ്രവൃത്തിച്ച ബുദ്ധികേടു എത്ര വിഷമത്തെ ജനിപ്പിച്ചിരിക്കുന്നു. കാരിയക്കാരെ ഏതെല്ലാം പ്രകാരത്തിൽ വൈരാഗ്യപ്പെടുത്താമോ? അതേപ്രകാരം താൻ വൈരാഗ്യപ്പെടുത്തിയതിനാൽ കണ്ടെഴുത്തിൽവെച്ചു ദയയുടെ ഒരു നന്മയിൻ ഫലവും തറവാട്ടിലേക്കു വന്നിട്ടില്ല. എന്നു മാത്രമല്ല ഇനി വരുവാൻ പ്രയാസവും ആകുന്നു. ഈ രണ്ടു കാര്യങ്ങളിൽ പ്രാപ്തിയുള്ള മക്കളായ നിങ്ങൾ രണ്ടുപേരുടേയും കാക്കക്കുഞ്ഞുങ്ങളുടെ സ്വഭാവം എത്ര അതിശയിക്കത്ത സ്ഥിതിയിൽ വെളിപ്പെട്ടിരിക്കുന്നു. തറവാട്ടിലേക്കു

ണം വരുത്തുവാൻ കഴിഞ്ഞില്ല എങ്കിലും നിങ്ങൾ ദോഷം എന്തിനു വരുത്തുന്നു? അതുകൊണ്ടു അന്തിക്രിസ്തുവിന്റെ മ്ലേച്ഛത നിന്നു കാക്കുഞ്ഞുങ്ങൾ അയിരിക്കാതെ യേശുക്രിസ്തുവിന്റെ ഉയിർപ്പിൻ ശരീരമായ പരിശുദ്ധ സ്നേഹദ്രവ്യത്തെ ഭക്ഷിക്കുന്ന പ്രാകുഞ്ഞുങ്ങളായിരിപ്പിൻ! എന്നു വീണ്ടും പറഞ്ഞുകൊണ്ടു എന്റെ സാക്ഷിയെ നിവൃത്തിക്കുന്നു.

എന്നു പാദത്തുശുശ്രൂഷക്കാരൻ യുയോരാലിസൻ.

കന്നീറി
൨ ചട്ടം. കനു
,, കുംഭം. ൫
൩ ഫെബ്രു. കര
൨ മാർ. ദി. കവനുക

എന്റെ പ്രിയമുള്ള മാങ്ങാനത്തെ കുഞ്ഞിനു
എന്റെ വിശുദ്ധമുഖനം.

കൊട്ടത്തയെച്ച എഴുത്തു വന്നു ചേർന്നു മാതാവായ വെള്ള മറിയ അവളുടെ മകനായ താങ്കളോടു പറഞ്ഞതിൽ റോബേർട്ട ഗോപാലനെ ചൂണ്ടിക്കാണിച്ചതല്ലാതെ അയാൾ തന്നെ തന്റെ മകൾ കുപെക്ക ഭർത്താവായിരിക്കണം എന്നുള്ള ആന്തരം ഇല്ലെന്നു, താങ്കൾ അറിയാതിരിക്കയില്ലാ എന്നു ഞാൻ വിശ്വസിക്കുന്നു. ഏതു പ്രകാരം ശിലാവല്ലിക്കു കേഫായോ, അതേപ്രകാരം കുപെക്കു ദാനിയേലുമാകുന്നു. അതിനാൽ എന്റെ പരമ ഭർത്താവായ യുസ്സുയോഹിന്റെ വലകയ്യിലുള്ള യോഹന്നാനായ ദാനിയേലിനും, ഇടങ്കയ്യിലെപ്രതിഫലമായ ശിലാവല്ലിക്കും സകലത്തിന്റെ സ്രഷ്ടാവായ പരിപൂർണ്ണന്റെ വലങ്കയ്യിലുള്ള കൃപാവല്ലിയേയും, ഇടങ്കയ്യിലുള്ള ചതുഷ്പാദനായ കേഫായേയും ഈ യുഗ സമാപ്തിയിൽ (എന്നു വെച്ചാൽ ഈ കവനാം ദിവസം തികയുമ്പോൾ എന്നർത്ഥം) നിത്യ വിവാഹത്തിന്റെ ആത്മാവിനാലും, നിത്യ മരണത്തിന്റെ ആത്മാവിനാലും എന്നേക്കുമായി ബന്ധിപ്പാൻ തക്കവണ്ണം സ്രഷ്ടാവും വീണ്ടെടുപ്പുകാരനുമായ ത്രിയേക സ്നേഹാത്മാവു നിശ്ചയിച്ചിരിക്കുന്നു എന്നു നിങ്ങളെ തെരിയപ്പെടുത്തുന്നു. അതുകൊണ്ടു ഈ രഹസ്യം സഭയിലുള്ള സകലരും അറിഞ്ഞു പരമ കഷ്ടതയിൽ നിന്നു അശേഷം ഒഴിവാനും, പരമ സ്വസ്ഥതയിൽ പൂർണ്ണമായി പ്രവേശിപ്പാനും ഇട വരേണ്ടുന്ന

ആകയാൽ നിങ്ങൾ ഉപദേശിയാതൊട്ട കൂടെ ഇവിടം വരെ വരുവാറാകണം. ഇവിടെ എല്ലാവക്കും ദൈവ കൃപയാൽ സുഖം തന്നെ.

കന്നീററി
ര. ചട്ടലം. ഠ
,, കുഭം. ക്ന
ഒ. ഫിബ്രു. ക്ന
ഉ. വാര. ദി. ക്രൂരന്നു

എന്നാൽ

എന്റെ പ്രിയമുള്ള പുത്രന്മാരായ ബോധകക്കും, വഴിമുള്ളി ചാണ്ടി ബോധകക്കും എന്റെ വിശുദ്ധ ചുംബനം

കൊട്ടത്തയച്ച എഴുത്തിനാലും യാക്കോബുബോധകരുടെ വായ്മൊഴിയാലും അവിടെയുള്ള സംഗതികൾ അറിഞ്ഞു. താഴയിൽ വന്ന ആപത്തിന്നായി ഞാൻ ദൈവത്തോട പ്രത്യേകം പ്രാർത്ഥിച്ചിട്ടുണ്ട. മുപ്പിന്നിനോട ഇപ്രകാരം ദൈവം പറയുന്നു. "അബ്രഹാമേ! ഭയപ്പെടരുതു ഞാൻ നിന്റെ പരിചയും നിന്റെ മഹാ പ്രതിഫലവും ആകുന്നു," എന്നതുപോലെ അതിനാൽ നിങ്ങൾ ഭയപ്പെടരുതു. ക്ഷീണിച്ചു പോകയും അരുതു. ദൈവത്തിൽ ശക്തിപ്പെട്ടിരിപ്പിൻ

വെളിപ്പെട്ട ദൈവ രഹസ്യം ഇതത്രെ. പരമ സ്വസ്ഥതയെന്ന വണ്ണം പരമ കഷ്ടതയും ഇതാ! വരുന്നു. സ്രഷ്ടാവിന്റെ വലങ്കയ്യും, വീണ്ടെടുപ്പുകാരന്റെ വലങ്കയ്യും ഒന്നായി യോജിച്ചുകൊണ്ടു, പരമ സ്വാധീനതയെ നൽകുന്നപ്രകാരം ഇടങ്കയ്യും യോജിച്ചു കൊണ്ടു പരമ കഷ്ടതയെയും നൽകണം. വെളിപ്പെട്ട ഈ കാര്യം സഭയിലുള്ള സകലരും അറിഞ്ഞു പരമ കഷ്ടതയിൽ നിന്നു ഒഴിഞ്ഞുകൊള്ളുകയും, പരമ സ്വസ്ഥതയിൽ പ്രവേശിച്ചു കൊള്ളുകയും ചെയ്വാൻ തക്കവണ്ണം നിങ്ങൾ ശ്രദ്ധിക്കേണ്ടുന്നതാകയാൽ നിങ്ങൾ രണ്ടു പേരും ഒരുമിച്ചു ഇവിടെ വന്നു ചേർന്നു കൊള്ളണം. എന്നു

കന്നീററി
ര. ചട്ടം. ഠ
,, കുംഭം ക്ന
ഒ. ഫിബ്രു ക്ന
ഉ. വാര. ദി. ക്രൂരന്നു

പാദശുശ്രൂഷക്കാരൻ യുയോരാലിസൻ



ആന്റെ പ്രിയമുള്ള മാങ്ങാനത്തു കുഞ്ഞിനും ഒറപ്പുക്കൽ മാത്തുവച്ചനും എന്റെ വിശുദ്ധചുംബനം.

നിങ്ങൾ രണ്ടു പേരും അയച്ച എഴുത്തുകൾ ഇന്നു ഒരുമിച്ചു വന്നു. ഞാൻ യൂസ്സസ് യോസേഫിന്റെയും യൂയോരാലിസന്റെയും പരമൈക്യതയിൽ നിന്നുള്ള പരമയോഹന്നാൻ, അവരുടെ ഐക്യതയിൽ നിന്നുള്ള മൂന്നാംയോസേഫ്, അവരുടെ ഐക്യതയിൽ നിന്നുള്ള രണ്ടാംയോഹന്നാൻ, അവരുടെ ഐക്യതയിൽ നിന്നുള്ള നാലാംയോസേഫ്, എന്ന സകലജീവാത്മാക്കളുടെയും പാദശുശ്രൂഷക്കാരൻമിശ്യാൻകുട്ടി (ഇതു ദൈവം ഇന്നിക്കുന്നിട്ടുള്ള എന്നേക്കുമുള്ള നാമമാകുന്നു.) കണ്ടു സാക്ഷികളെ നിങ്ങളോടു പറയുന്നു. യൂസ്സസ്യോസേഫിന്റെയും യൂയോരാലിസന്റെയും പരമൈക്യതയിൽ സദാ ഇരിക്കുന്ന ശ്രീപരമൈക്യ പുരുഷൻ ഇഹലോകത്തിലുള്ള സർവ്വരെയും ഒരു ക്ഷണനേരത്തിൽ പട്ടാഭിഷേകം ചെയ്തു പരമയോഹന്നാന്റെ നാമത്തിൽ അനുഗ്രഹിച്ചു. തന്റെ മടിയിൽ ചേർത്തു കൊൾവാൻ ഇതാ! ഒരുങ്ങി നിൽക്കുന്നു അവൻ സകലജാതികളെയും ഒന്നായി ചേർത്തു ഉണർവുസഭയിലുള്ള സകലരിലും, അവരെ എല്ലാവരെയും ഒന്നായി ചേർത്തു എന്റെ ശിരസ്സിലും ചെച്ചിരിക്കുന്നു. എന്റെ ഇരു കൈകളും അവരുടെ പാദങ്ങളെ പിടിച്ചും ഇരിക്കുന്നു. എന്റെ ശിരസ്സിന്മേൽ ഇരിക്കുന്ന സകലരേയും അഭിഷേകം ചെയ്യുന്നായിട്ടു യൂസ്സസ് യോസേഫ് സകലത്തിനും മേലായി കാണപ്പെടുന്നു. അവൻ തന്റെ സമസ്തജീവാത്മാക്കളേയും ഇവരുടെ മേൽ വകുന്നു അഭിഷേകം ചെയ്യുന്നതിനാൽ ആ അഭിഷേകം എന്റെ ദൈവത്തിന്റെ ഭവനവും എന്റെ മാതാവുമായ യൂയോരാലിസനിൽ എന്നെ ഒരിക്കലും ഇളകാത്ത സ്ഥിരമാക്കിത്തീർക്കുന്നു. അതിനാൽ എന്റെ ശിരോലങ്കാരവും എന്റെ സമസ്തവുമായുള്ളോരെ! നിങ്ങൾ പുറത്തു ഒരിക്കലും പോകയില്ല. എന്തെന്നാൽ നിങ്ങൾ അകംപൂകയും, പുറപ്പെടുകയും, മേച്ചിൽ കണ്ടെത്തുകയും ചെയ്യും എങ്കിലും നിങ്ങൾ ഇപ്പോൾ പ്രാപിച്ചിരിക്കുന്ന അഭിഷേകം നിങ്ങളുടെ ശരീരത്തിനു വളരെ വ്യഥയെ ഉണ്ടാക്കിയിരിക്കുന്നു. ആയതു പഴയ ജീവനെ ഇല്ലാഴ്മയാക്കുവാൻ നിങ്ങൾ കൂടിച്ച മരണത്തെ പുറത്താക്കുന്നതിനുള്ള ആത്മപ്രവൃത്തിയത്രെ. പുതിയ വീഞ്ഞു പഴയ തുരുത്തിയെ പൊളിക്കുമെന്നുള്ളോ. അതിനാൽ നിങ്ങൾ ഭയപ്പെടരുത്. മഹാസന്തോഷത്തിൽ പറഞ്ഞിരിക്കുന്നതിനല്ലോ നിങ്ങളുടെ ശരീരങ്ങളെ പുതിയ തുരുത്തികളാക്കിക്കൊൾവാൻ, ഇനിമേൽ മനുഷ്യൻ ജഡവും ആത്മാവും

എന്നരണ്ടു പൊരുളുകൾ അടങ്ങീട്ടുള്ള ഏകനായിരിക്കയില്ല നിശ്ചയം. എന്തെന്നാൽ മനുഷ്യനിൽ നിന്നു ജഡത്തെ അതിന്റെ സമസ്തത്തോടും കൂടെ ദൈവം പേറാക്കിയിരിക്കുന്നു. നിശ്ചയം.

ഇതാ! വിധിനടത്തിപ്പിൻ ശ്രുശ്രൂഷ ഈ ഏഴുമാസംകൊണ്ടു അവസാനിച്ചിരിക്കുന്നു. ഇഹലോകജീവായുസ്സിൻ കാലം ഇതാ! അവസാനിച്ചിരിക്കുന്നു. ഇനി (ഫലസ്താം ദിവസം മുതൽ) എന്നേക്കുമുള്ള പരലോകജീവായുസ്സിൻ കാലം സകല മനുഷ്യരിലും ഇതാ! ആരംഭിക്കുന്നു. ഇങ്ങനെ ഒരു ക്ഷണനേരംകൊണ്ടു ഇമ്പെപ്പെട്ടിൽ തന്നെ ലോകത്തിലുള്ള സർവ്വ മനുഷ്യരും പൂർണ്ണമായി മരിക്കയും ആ ശവങ്ങളെ ആസകലം സ്നേഹാത്മാവു അക്ഷണം തന്നെ അടക്കിക്കൊള്ളുകയും ചെയ്യുന്നതിനാൽ മരണം ജയത്തിലേക്കു വിഴുങ്ങപ്പെട്ടു എന്നുള്ള വേദവാക്യം ഇതാ! നിവൃത്തിക്കുന്നു.

ഹാ! ഞാൻ എത്ര പറയേണ്ടു? ത്രിപദൈപദസ്വരൂപനായ സ്നേഹാത്മാവു തന്റെ ഐക്യാത്മാവിൽ സകലത്തേയും പൂർണ്ണതപ്പെടുത്തിയുംകൊണ്ടു സാത്താനും അവന്റെ ഭൂതന്മാർക്കും എന്നേക്കുമുള്ള അഗ്നിയായി ഇതാ! വെളിപ്പെട്ടിരിക്കുന്നു. എന്റെയും നിങ്ങളുടെയും പ്രപിതാമഹൻ, പിതാമഹനും, പിതാവും, ഭർത്താവുമായ ഹാനോക്കു, മോശ, ഏലിയാവു യേശു എന്നവക്കും ഈ പരമൈക്യത്തിൽനിന്നുള്ള അനന്തകോടി പരിശുദ്ധന്മാർക്കും എന്നേക്കുമുള്ള മഹാസന്തോഷത്തെ നൽകുന്ന സപ്തർഷിയായി ഇതാ! വെളിപ്പെട്ടിരിക്കുന്നു. അവൻ സകലത്തിലും സകലവുമായി തീർന്നിരിക്കുന്നു. ഞാൻ അവനെ എങ്ങിനെ വർണ്ണിക്കേണ്ടു? യാ: എന്ന തിരുനാമമുള്ള എന്റെ പ്രപിതാമഹനും അവൻ തന്നെ. യേശു എന്ന തിരുനാമമുള്ള എന്റെ പിതാമഹനും അവൻ തന്നെ. യൂസുസുയോസേഫിന്റെയും യൂയോരാലിസന്റെയും പരമൈക്യത്തയിൽ സദാ ഇരിക്കുന്ന എന്റെ പിതാവും ശ്രീപരമൈക്യവൃശ്ചനും അവൻ തന്നെ. എന്റെ ഭർത്താവും പരമയോഹന്നാനും അവൻ തന്നെ. സകല പരിശുദ്ധന്മാരും അവൻ തന്നെ. ഈ ഫർഷ ആയിരം കോടിയെ ഫർഷ ആയിരത്തിഫിൻ നിത്യജീവികളുടെ ആത്മജീവശരീരശക്തി നാമഗ്രഹരാജ്യങ്ങളും അവൻ തന്നെ. എന്റെയും നിങ്ങളുടെയും അകവും, പുറവും, മേലും, കീഴും, ഇടവും, വലവും, മുന്നും, പിന്നും, അവൻ തന്നെ. അതിനാൽ അവൻ നിങ്ങളിലും നിങ്ങൾ അവനിലും എന്നും ഇരിക്കുന്നു ആമേൻ.

അതിനാൽ എന്റെ എന്നേക്കുമുള്ള സന്തോഷവും കിരീടവും ആയുള്ളോരേ! പൊളിഞ്ഞു പോകേണ്ടുന്ന തോൽതുരുത്തികളെക്കുറിച്ചു നിങ്ങൾ എത്രത്തോളം ഭയപ്പെട്ടിരിക്കും? എത്രത്തോളം ദുഃഖമുള്ളവ

രായിരിക്കും? മതി. നിത്യസന്തോഷത്തിൽ പ്രവേശിച്ചു കൊൾവിൻ. എന്ന പരമയോഹന്നാന്റെ നാമത്തിൽ പാളശ്രൂഷക്കാരൻ.

കന്നീറെനിന്നും
ര. തേജോ. കന.
മീനം. നു യൂയോരാലിസൻ വിലപ്പാൻകൂട്ടി.
ഒ. മാർച്ച്. കര
ഫ. വാര. ടി. ഫ്രഡിൻ



എന്റെ പ്രിയമുള്ള പുത്തേത്തു ചാണ്ടി
ബോധകക്ക് എന്റെ വിശ്വാസപൂർവ്വം ബന്ധനം.

കഴിഞ്ഞ ഞായറാഴ്ച ദിവസം താങ്കൾ വന്ന ഞായറാഴ്ച ദിവസത്തേക്കാൾ ഇരട്ടി ആളുകൾ ശുശ്രൂഷയ്ക്കു വന്നിരുന്നു. ശുശ്രൂഷ അവസാനിച്ച സമയം മുതൽ എന്റെ ശരീരമാസകലം വ്യാപിച്ചിട്ടുള്ള കഠിനമായ വ്യസനം ആരംഭമായി. ആയതു ജ്വരം, തലനൊമ്പരം, നട്ടെല്ലു് ഇവ മുതലായവ തന്നെ. ഇവയോടുകൂടെ വയറാളക്കവും അരോചകവുമുണ്ടായി. ഞാൻ എന്റെ ശരീരത്തെ ഉള്ളിരിപ്പു ബലിപീഠത്തിന്മേൽ ഹോമബലിയായി നൽകിയതിനാൽ ദൈവം സപ്രീതിയിനിന്നു അയച്ച അഗ്നിയത്രെ ഇതു എന്നു ഞാൻ അറിഞ്ഞു. എന്ന മാത്രമല്ലാ എന്റെ ശരീരത്തിൽ അവിടവിടെ പത്തോ, ഇരുപതോ പൊള്ളൽ കാണപ്പെട്ടു. ഇതു ജീവന്റെ പൊള്ളലായും എന്നേക്കുമുള്ള ആത്മാവിന്റെ ആഭരണമായും ഇരിക്കുന്നു എന്നു കണ്ടു. ആനന്ദിക്കയും ചാടിത്തുള്ളുകയും ചെയ്യു (ആനന്ദിച്ചു ചാടിത്തുള്ളിയതു തിങ്കളാഴ്ച ഉച്ചെക്കാകുന്നു. അപ്പോൾ കൈതവിള ബോധകർ മാത്രമേ ഉണ്ടായിരുന്നുള്ളു.) ബുധനാഴ്ച മുതൽ എന്റെ ശരീരവ്യസനമൊക്കയും അശ്വാസമായി ഇതാ! മാറി വരുന്നു. ഇന്നലെ മേൽ ഒന്നു കഴുകി. ഇന്നു കുളിക്കുന്നു. ഭക്ഷണത്തിനു നല്ല രുചി ഇതുവരെ വന്നിട്ടില്ല.

വിശേഷിച്ചും തൊമ്മച്ചനേയും, ഈപ്പച്ചനേയും, പെരിയപ്പാവേയും, മത്തായിബോധകരേയും, സകല വസന്തകളുടെ മേലും പ്രധാന സേനാപതികളായി ദൈവം അഭിഷേകംചെയ്യു അയച്ചിരിക്കയാൽ മരതകപ്പച്ച പോലെയും, കരിവിഴലപോലെയും, കാർമ്മേഘം പോലെയും, പച്ച വില്ലു പോലെയും തിളങ്ങുന്ന ദൈവത്തിൻ ആയുധ വർഗ്ഗങ്ങളെ എടുപ്പിച്ചും കൊണ്ടു അവർ രണ്ടു ദിവസത്തിനു മുൻപെ തന്നെ എന്റെ അടുക്കൽ വന്നിരിക്കുന്നു ഈ നാമങ്ങൾ ഘോഷിച്ചു കൊണ്ടു വന്ന മരണാത്മാക്കളെ ഞാൻ അശേഷം ആട്ടിക്കളഞ്ഞിരിക്കയാൽ, മേല്പറഞ്ഞ പരിശുദ്ധന്മാർക്ക് എന്നിൽ പൂർണ്ണ സ

സ്ഥത ലഭിച്ചിരിക്കുന്നു. അവരുടെ ആയുധങ്ങളെ കൊണ്ടു എന്റെ ശരീരം മുഴുവനും നിറെച്ചും ഇരിക്കുന്നു അവരെ കാണുന്നതു എന്റെ ഭയ്യുണ്ടും മറവുള്ളവക്കും സന്തോഷം തന്നെ എങ്കിലോ ആയുധവഗ്ഗങ്ങളെ കാണുമ്പോൾ അവർ ഭ്രമിച്ചു പോകും എന്റെ ദുഃഖ ശബ്ദം കേൾപ്പാൻ ഈ ദുഷ്ടന്മാർക്കു കഴികയുമില്ലാ എന്നു കണ്ടു അവർ തങ്ങളുടെ ആയുധങ്ങളെ ആരും അറിയാത്ത വിധത്തിൽ എന്നിൽ വെച്ചും. തൊമ്മച്ചന്റെ കാഹളക്കാരൻ മത്തായി ബോധകനും ഈപ്പച്ചന്റെ ദൂതൻ പെരിയപ്പാവുമാകുന്ന ഉയർപ്പും മറുരൂപവും മനുഷ്യരിൽ ഐക്യമായി വരുവാൻ തക്കവണ്ണം എന്റെ ശരീരത്തെ ഇവർക്കു ഏല്പിച്ചിരിക്കുന്നതിനുള്ളതും അവർ ഇതാ! എന്നിൽ എന്നേക്കും ജീവിക്കുന്നു. ഉണർവു സഭയിൻ ഉപദേശത്തിൽ പൂണ്ടു തുപ്പി വരാതെ അടയാളം കാണ്മാൻ ആഗ്രഹിക്കുന്നവരേയും, ഉണർവു സഭയുടെ ഐക്യതയെ ശിക്ഷിച്ചിരിക്കുന്നവരേയും, ആ ഐക്യതയിൽ വരുവാൻ മനസ്സില്ലാത്തവരേയും, ഈ പരിശുദ്ധന്മാരുടെ ആയുധങ്ങൾ നന്നായി ബാധിക്കും. സന്ദേഹമില്ലാ. മുകം പറയുമ്പോൾ ദൈവത്തെ അറിയുന്നതിനൊരു നല്ല മനസ്സു വരുവാൻ കഴിയാത്ത സർവ്വരേയും ഈ ദിവ്യാഗ്നി നശിപ്പിക്കും, നിശ്ചയം. ആകയാൽ മരിച്ച പരിശുദ്ധന്മാർ ജീവനോടിരിക്കുന്നവരുടെ ഭ്രമയെ ചിതിച്ചു എന്നും എന്നേക്കും സന്തോഷവും രാജ്യത്തെ അനുഭവിപ്പാൻ ആരംഭിക്കുന്നതുകൊണ്ടു ആനന്ദിപ്പിൻ. എന്നു പരമയോഹന്നാന്റെ നാമത്തിൽ പാടശ്രീശുഷക്കാരൻ

കന്നീററി
രു. തേജോ. ഫൻ
,, മീനം൯ യൂയോരാലിസൻ വിദ്വാൻകളു.
ര. മാഷ്ട്ട൦
ഫ. വാര. ദി. ഫ്രന്നു



എന്റെ പ്രിയപ്പെട്ട ഗൃഹസ്ഥാവു അവർകൾക്കു
എന്റെ വിശുദ്ധ ചുംബനം

തങ്കൾ ഇവിടെ വന്നിരുന്ന സമയം എന്റെ വിശേഷ വർത്തമാനങ്ങളെപ്പററി ഒന്നും പറവാൻ ഇടയായില്ലാ അതുകൊണ്ടാകുന്നു എഴുതി അറിയിക്കുന്നതു. എന്റെ ഇഹലോക ജീവായുസ്സിന്റെ കാലം അവസാനിക്കുന്ന അന്ത്യ ദിവസത്തെപ്പററി ഞാൻ ഉണർവു സഭയിൽ പ്രസിദ്ധം ചെയ്തിരുന്നു. ആയതു നൽകാം സങ്കീർത്തനം രാം വാ

ക്യത്തിലും, ൻറാം സങ്കീത്തനം ഫവാം വാക്യത്തിലും പറഞ്ഞിരിക്കുന്ന തിനെപ്പറ്റിയുള്ള അപേക്ഷയ്ക്കു ദൈവം ഇനിക്കു ഉത്തരം തന്നപ്രകാരം തന്നെ. വിശേഷിച്ചും എൻറെ അവസാന ദിവസത്തിൽ എൻറെ ശരീരത്തെ ദൈവത്തിനു ഹോമബലിയായി ഞാൻ കൊടുക്കും എന്നും ഞാൻ മുമ്പെതന്നെ പ്രസിദ്ധം ചെയ്തിരുന്നു. അതു പ്രകാരം തന്നെ എൻറെ അവസാന ദിവസമായിരുന്ന ഉ൹ മീനമാസം ൹ാംനു- ഞായറാഴ്ച ശുശ്രൂഷ കഴിക്കുന്ന സമയത്തു തന്നെ എൻറെ ശരീരത്തെ ദൈവത്തിൻറെ തൃക്കയ്യിൽ ബലിയായി നൽകി. അക്ഷണം തന്നെ അവൻ സ്വർഗ്ഗത്തിൽ നിന്നു തൻറെ അഗ്നിയെ അയച്ചു ഈ ശരീരത്തെ പരിപൂർണ്ണമായി അംഗീകരിച്ചിരിക്കുന്നു എന്നുള്ളതിനു ഇവിടുള്ള മറ്റുള്ളവർക്കും സാക്ഷി നൽകിയിരിക്കയാൽ ഈ സന്തോഷവർത്തമാനം താങ്കളെ ഗ്രഹിപ്പിക്കണം എന്നുള്ള ആന്തരത്തോടും കൂടെയാകുന്നു ഞാൻ എഴുതുന്നതു. ഞായറാഴ്ച ശുശ്രൂഷ കഴിഞ്ഞ ഉടനെ മസൂരിക്കുള്ള ജ്വരം എന്നിൽ ആരംഭിച്ചു. തലനൊമ്പരവും നട്ടുവാക്കുലും കഠിനമായിരുന്നു. മൂന്നാം ദിവസം മസൂരി കുണ്ടു ശിരസ്സിൽ ഏകദേശം പത്തെണ്ണം വന്നു. മുഖത്തു അഞ്ചൊ ആറൊ ഉണ്ടായി പിന്നീടു മുതുകത്തു ഒരു പത്തെണ്ണം ഉണ്ടായി. നെഞ്ചിലും പുറകിലുമായിട്ടു നാലൊ അഞ്ചൊ ഉണ്ടായി. രണ്ടു കാലിലുമായിട്ടു ഉദ്ദേശം ഇരുപതെണ്ണം ഉണ്ടു എങ്കിലൊ ആദ്യം ഇതു ആകം അറിഞ്ഞില്ലാ പിന്നീടാണു അറിഞ്ഞതു. ജ്വരവും ബുധനാഴ്ച മാറി വെള്ളിയാഴ്ച ഞാൻ കുളിക്കയും ചെയ്തു. വന്നതൊക്കെയും ക്രമശാൽ നീർ കൊണ്ടു പൊട്ടിപ്പോകുന്നു ഇപ്പോഴും എൻറെ കാലിൽ പഴുത്തു നിൽക്കുന്ന ഒരു കാൽത്തുമ്പാലരിയോളം മുഴുപ്പുണ്ടു വിശേഷ സുഖക്കേടു ഒന്നുമില്ലാ അതിനാൽ എൻറെ ഇഹലോക ജീവായുസ്സിൻ കാലം അവസാനിക്കയും, പരലോക ജീവായുസ്സിൻ കാലം എന്നിൽ ആരംഭിക്കയും ചെയ്തിരിക്കയാൽ എന്നോടു കൂടെ നിങ്ങളും സന്തോഷിപ്പിൻ യഹൂദൻറെ പഴയ ജീവനായ മാംസം എന്നിൽ ഇല്ലാ. ക്രുസ്സുനിയുടെ പഴയ ജീവനായ മദ്യം എന്നിലില്ലാ മഹമ്മദീയൻറെ പഴയ ജീവനായ ക്ഷൌരകനം വേധം എന്നിൽ ഇല്ലാ. ഹിന്ദുവിൻറെ പഴയ ജീവനായ കണ്ണാടിസൂത്രം മുതലായവ എന്നിൽ ഇല്ലാ. ഇവ എന്നേക്കും എന്നിൽ ഉണ്ടാകയുമില്ലാ. നിശ്ചയം, ആമേൻ. എന്നു വാടാ ശുശ്രൂഷക്കാരൻ

കന്നീറാ
൹. തോജോ വന്നു
,, മീനം ഫസ്റ്റ് യൂറോപ്പിലിസൻ വിദ്വാൻ കുട്ടി
൪. മാച്ചു ൨൹
൫. വാര. ടി. ഫെർണ്ണാൻ



രാജശ്രീ ജോർജ്ജ് അബ്രഹാം റജിസ്ട്രാർ അവർകൾക്ക്
എന്റെ വിനയമുള്ള സലാം.

താങ്കൾ അയച്ച കത്തു വന്നു ചേർന്നു. ആ സമയം ഞാൻ സഞ്ചാരത്തിലായിരുന്നു. അതിനാൽ ഉടൻ മറുപടി എഴുതുവാൻ ഇടയായില്ലാ. എന്റെ മുത്ത മകനേയും മകളേയും സംഗീതം അഭ്യസിപ്പിച്ച ഒരു ഭാഗവതർ ഇവിടെയുണ്ട്. പിച്ചുവയ്യൻ എന്നാണ് പേരു. അയാൾക്കു ദൂരസ്ഥലത്തു പോയി സംഗീതം അഭ്യസിപ്പിപ്പാൻ പ്രയാസമാകുന്നു. ഹാർമ്മോണിയത്തിനു പരിചയവുമില്ലാ. ഇതല്ലാതെ സംഗീതം അഭ്യസിപ്പിപ്പാൻ തക്ക വേറെ ഭാഗവതന്മാർ ഇവിടങ്ങളിൽ ഇല്ലതാനും. എന്റെ മകനു സംഗീതത്തുകൾ സാമാന്യ പരിചയം വന്നിട്ടുണ്ട്. അഭ്യാസങ്ങൾ തെറ്റുകൂടാതെ പഠിപ്പിക്കയും ചെയ്യും. എങ്കിലും അതിൽ വിദഗ്ദ്ധത വന്നിട്ടില്ല. അതു ക്രമശാലെ വരുത്താനാം. അതുമല്ലാ അവനെ മറ്റൊരു സ്ഥലത്തു അയപ്പാനും പ്രയാസമുണ്ട്. അതുകൊണ്ടു സംഗീതം അഭ്യസിപ്പിപ്പാൻ തക്ക ഒരു ഭാഗവതരെ ഇവിടെനിന്നും അയപ്പാൻ തൽക്കാലം അസാദ്ധ്യമായി കാണുന്നു. വിശേഷിച്ചും തുപ്പുണിത്തുറ രാജകോവിലകത്തു ഭാഗവതന്മാരുണ്ട്. പ്രധാനിയായി മൂപ്പുഭാഗവതർ എന്നൊരാൾ അവിടെയുണ്ട്. അയാൾ ഹാർമ്മോണിയത്തിൽ നല്ല വിദഗ്ദ്ധനാകുന്നു. അയാളുമായി കണ്ടു ആലോചിച്ചാൽ താങ്കളുടെ ആഗ്രഹത്തിൻപ്രകാരം ഒരു ഭാഗവതർ ലഭിക്കാതിരിക്കയില്ല എന്നു ഞാൻ വിശ്വസിക്കുന്നു. ഇതിനു താങ്കൾക്കു എളുപ്പം ഒറ്റെയുണ്ട്. എന്നു വച്ചാൽ ഏപ്രിൽ വന്നാൽ- താങ്കളുടെ സ്നേഹിതനു.

പാദശുശ്രൂഷക്കാരൻ യൂയോരാലിസൻ വിദ്വാൻകുട്ടി.

കുന്നിറവിനു നും



എന്റെ പ്രിയമുള്ള മാങ്ങാനത്തെ കുഞ്ഞിനു
എന്റെ വിശുദ്ധ ചുംബനം.

ഞാൻ അന്നു രാത്രി കുന്നന്താനത്തോടടുത്ത ഒരു സുറിയാനിക്കാരന്റെ വീട്ടിൽ താമസിച്ചു. പിറ്റെ ദിവസം കാലത്തു വെള്ളാറയിൽ എത്തി. അതു വ്യാഴാഴ്ച കുവുണ്ടുസ്സയറാലും ഞായറാഴ്ച മേപ്രായിലും ശുശ്രൂഷ നിവൃത്തിച്ചു ഓരോ ഭവനങ്ങളിൽ താമസിച്ചു താമസിച്ചു പിറ്റെ വ്യാഴാഴ്ച കുന്നു കാലത്തു വൽ മണിക്കു ദൈവകൃപയാൽ സുഖേന ഇവിടം വന്നു ചേരുകയും ചെയ്തു. ഈ യാത്രയിൽ ഉണ്ടാ

യിട്ടുള്ള എല്ലാ കൃപകൾക്കുമായിട്ടും എന്നെയും നിങ്ങളെയും ദൈവത്തിൽ ഭരമേല്പിച്ചുകൊണ്ടു ദൈവത്തെ സ്തുതിച്ചു. ഈ വരുന്ന ഞായറാഴ്ച മെങ്ങുന്നൂരിൽ ശുശ്രൂഷകഴിപ്പാൻ തക്കവണ്ണം ദൈവത്തിൽ നിശ്ചയിച്ചുംകൊണ്ടു എഴുന്നേല്ക്കുന്നു. വൻറെ വരുന്ന ഞായറാഴ്ചയും കിഴക്കെ ഡിവിഷ്യനിൽ ശുശ്രൂഷ ഉണ്ടായിരിക്കും.

വിശേഷിച്ചും "ഇവൻ എൻറെ പ്രിയപുത്രനാകുന്നു" എന്ന ദൈവവചനത്തിലും "ഇതു എൻറെ ശരീരമാകുന്നു" എന്ന യേശുവിൻ സാക്ഷിയിലും സകല രഹസ്യങ്ങളും അടങ്ങിയിരിക്കയാൽ അവയിൽ തന്നെ സദാധ്യാനം നിങ്ങൾക്കു ഉണ്ടായിരിക്കട്ടെ. ഇങ്ങനെ നിങ്ങൾ പരമപീഠത്തിൽ ആകുവിൻ, പരമ സ്വസ്ഥതയിൻ സൂര്യൻ ആ പീഠത്തിൽ ഒരിക്കലും അസ്തമിക്കാതവണ്ണം ഉദിച്ചിരിക്കയാൽ ആ പീഠം പ്രാപിച്ചുള്ളവർക്കു ആത്മാവിലല്ലാതെ ജഡത്തിൽ ആകുവാൻ ഇനി ഒരിക്കലും കഴികയില്ല. അവർ കൈക്കൊള്ളുന്ന പ്രകാശത്താൽ സകല ഭൂമിയേയും ശോഭിപ്പിക്കുന്നതാകകൊണ്ടു അന്ധകാരത്തിൻറെ ശക്തിക്കു ഇവരുടെ നേരെ യാതൊരു ആവശ്യമില്ല. ഒരിക്കലും ഉണ്ടാകയുമില്ല.

ഇവനും, ഇതും ദൈവത്തിൻറെയും യേശുവിൻറെയും ശക്തിയത്രെ. അവനും, അതും, പിശാചിൻറെയും പഴയാദാമിൻറെയും ശക്തിയാകുന്നു. പൈശാചികമായ ഈ ശക്തികൾ രണ്ടും പാർസ്യ, ഗ്രീക്കു എന്ന രണ്ടു രാജ്യശക്തികളോടും എജിപ്ത്, സുറിയ എന്ന രണ്ടു രാജ്യശക്തികളോടും സദൃശപ്പെടുത്തി ദാനിയേലിനു കാണിച്ചിരിക്കുന്നു. ദൈവത്തിൻറെയും യേശുവിൻറെയും ശക്തിയിൻ ശുദ്ധസ്ഥലത്തിനു ദൃഷ്ടാന്തമാക്കി വെളിപ്പാടിരിക്കുന്ന ക്രിസ്തീയ ദൈവാലയത്തിൻറെ അവയവങ്ങൾ പൈശാചികമായ രണ്ടു ശക്തികളാൽ തമ്മിൽ തമ്മിൽ ഭിന്നിച്ചു പൂർണ്ണതപ്പെടുമ്പോൾ സാക്ഷാൽ ശക്തിയിൻ ശുദ്ധസ്ഥലവും അതിനുള്ളിലുള്ള സകലവും സംയോജിപ്പിൽ പൂർണ്ണതപ്പെടും. ഈ നാലു ശക്തികളും ദൈവഭക്തിയുടേയും അക്രമത്തിൻറെയും രഹസ്യങ്ങളത്രെ. ഇവ വെളിപ്പെട്ട സംയോജിപ്പിലും ഭിന്നതയിലും പൂർണ്ണതപ്പെട്ടിരിക്കയാൽ ഉണർവുസഭക്കു ഒരു വേദവാക്യവും മറഞ്ഞിരിക്കുന്നില്ലാ എല്ലാം തെളിവത്രെ. ഈ അറിവത്രെ നിത്യജീവൻ. ഈ പരമഭാഗ്യത്തിൻറെ നിത്യകാലം നിങ്ങളിൽ ഉദിച്ചിരിക്കയാൽ ഈ അറിവിൽ നിങ്ങൾ ദിവസന്തോറും വർദ്ധിച്ചു വരുവിൻ. എന്നു പാദശുശ്രൂഷക്കാരൻ

കന്നീറ്റി

൨൯ പൈയ്യ്. ൨൦

,, മേടം ൫൭ യൂഗ്യരാലിസൻ വിദ്വാൻകുട്ടി

൩ ഏപ്രിൽ ൨൫

൨. വാ. ദി. ൧൯൨൫

എന്റെ പ്രിയപ്പെട്ട സഹോദരിക്കു ദൈവത്തിൽ നിന്നു
സകല വാഴ്വുകളോടും കൂടെ എന്റെ വന്ദനം.

ഞാൻ പലപ്പോഴും എന്റെ കയ്യാൽ നിങ്ങൾക്കു എഴുതുവാൻ വിചാരിച്ചിട്ടുണ്ടു എങ്കിലും ദൈവത്തിന്റെ കയ്യാൽ നിങ്ങളുടെ ഹൃദയത്തിൽ എഴുതപ്പെടുവാനും ആ എഴുത്തുകൾ അവിടെ എന്നേക്കുമായി വർത്തിപ്പാനുമായിട്ടു ഞാൻ ദൈവത്തോടു കൂടെ ഇതുവരെയും പോരാടിക്കൊണ്ടിരുന്നതിനാൽ കയ്യാൽ എഴുതുവാൻ ഇടയായില്ല. എന്നാൽ ഇപ്പോൾ പോരാട്ടത്തിൽ ഇനിക്കു ജയം വന്നിരിക്കയാൽ ഇതാ! ഞാൻ എഴുതുന്നു. "ഇവൻ എന്റെ പ്രിയപുത്രൻ" എന്ന ദൈവവചനവും "ഇതു എന്റെ ശരീരമാകുന്നു" എന്ന യേശുവിൻ സാക്ഷിയും നിമിത്തം നിങ്ങൾ പത്മാവതിയായിത്തീർന്നു. എന്നുവച്ചാൽ കർത്താവിന്റെ പൂർണ്ണമഹത്വം ഹൃദയക്കണ്ണിനു സ്പഷ്ടമായി വിളങ്ങുമാറു നിങ്ങൾ പത്മദർപ്പണത്തിൽ ആയി എന്നു താൽപ്പര്യം. എന്തെന്നാൽ "ദൈവമേ! നീ ജയിക്കു" എന്നർത്ഥമുള്ള ജയദേവനെ നിങ്ങളുടെ ഭർത്താവു. അല്പോപം ആരും കാണാത്തവന്റെ മഹത്വത്തെ കാണ്മാൻ ആശിച്ചും കൊതിച്ചുംകൊണ്ടു എത്രയോ കാത്തിരുന്നാറെയും കണ്ടില്ല. നിങ്ങളോ കർത്താവെ ഭർത്താവിന്റെ രൂപത്തിൽ കണ്ടതാവും. എന്നുള്ളതിനു നിങ്ങളുടെ ഭർത്താവിന്റെ ശരീരമാസകലം ഓലോലം ഒതുച്ചിരിക്കുന്ന കൃപയിൻതൈലം തന്റെ കൈമുലം അവന്റെ മുസുകമാക്കുന്ന നിങ്ങളിൽ പതിഞ്ഞിരിക്കുന്നു എന്നു അവൻ കാണുന്നു. എന്നു മാത്രമല്ല ഭർത്താവിന്റെ ഹൃദയത്തിൽ പതിഞ്ഞിരിക്കുന്ന എഴുത്തുകൾ അവൻ എഴുതാതെകണ്ടു നിങ്ങളുടെ ശരീരത്തിൽ അതേപ്രകാരം എഴുതപ്പെട്ടവയായി കാണുന്നതിനാൽ ഇതു എത്ര ആശ്ചര്യം എന്നും കാണുന്നു. ആ എഴുത്തുകൾ ഇന്നവയെന്നു തെളിവാൻ അലങ്കാരവാചകത്തിൽ ഞാൻ കാണിക്കുന്നു. "അല്ലയോ പ്രിയേ! പഴയാദാമാകുന്ന മഹാസർപ്പത്തിൽനിന്നു വന്നിരിക്കുന്ന വിഷം എന്നിൽനിന്നു അശേഷം ഇല്ലായ്മയാകുവാൻ നിന്റെ പാദം എന്റെ ശിരസ്സിന്മേൽ ചെച്ചുകൊൾക" എന്നത്രെ. എന്നു വെച്ചാൽ ഭാര്യയ്ക്കു ഭർത്താവിന്റെ രൂപത്തിൽ എന്നവണ്ണം ഭർത്താവിനു ഭാര്യയുടെ രൂപത്തിൽ കർത്താവിന്റെ മഹത്വം വെളിപ്പെടും എന്നു താൽപ്പര്യം. അതിനാൽ ജയദേവന്റെ ഭാര്യയായ പത്മാവതി എന്നല്ല. പത്മാവതിയുടെ ഭർത്താവായ ജയദേവൻ എന്നു നിങ്ങളുടെ ഭർത്താവു തന്നെ പൂർണ്ണസമ്മതത്തോടും കൂടെ തന്റെ മുദ്രാവാചകത്തെ ഇന്നി പ്രയോഗിക്കും.

ഞാൻ നിങ്ങളുടെ അടുക്കൽ അതിവേഗത്തിൽ വരുവാൻ ആശി
ച്ചുകൊണ്ടു സത്യത്തിന്റെ സ്തംഭവും അടിസ്ഥാനവും ആകുന്ന ദൈ
വസഭയും പരമദർശനത്തിൽ നടക്കേണ്ടുന്നവിധം നിങ്ങൾ അറിവാനാ
യിട്ടു എഴുതുന്നു. ദൈവവചനവും യേശുവിൻ സാക്ഷിയുമത്രേ ദൈ
വഭക്തിയുടെ മർമ്മം. എന്നു പാദശുശ്രൂഷക്കാരൻ

കന്നീററി
ര. പൈയ്യ. വ്വ
,, മേടം. ഫ്വ യൂയോരാലിസൻ വിദ്വാൻകുട്ടി.
ഒ ഷല്പ്രി. ഡൻ
ഫ. യാര. ക്നഠ

സാറാ സത്യബോധിനിഅമ്മാൾക്കും
മക്കൾക്കും എഴുതുന്നതു.

ഇതാ! നിങ്ങളുടെ മേൽ അതിഭയങ്കരമായുള്ള ന്യായവിധിവരുന്ന
തിനാൽ അതിൽനിന്നു നിങ്ങൾ ഒഴിഞ്ഞുകൊൾവാനായി ഞാൻ ഇ
തിനെ നിങ്ങളോടു പറയുന്നു.

അമ്മ മക്കൾക്കും മക്കൾ അമ്മെക്കും വിരോധമായി എഴുനീറുനി
ന്നു തമ്മിൽ തമ്മിൽ ശപിക്കും. രോഗത്താലും കഷ്ടത്താലും വ്യസന
ത്താലും ദാരിദ്ര്യത്താലും നിങ്ങൾ നന്നാ ബാധിക്കപ്പെട്ടും. നിങ്ങൾ
ക്കു സകലവും ഭയങ്കരമായിരിക്കും. വെള്ളവും അഗ്നിയും നിങ്ങളുടെ
മേൽ കവിഞ്ഞൊഴുകും. കാറുകൾ നിങ്ങളെ ശകലിച്ചു ധൂളിയാക്കും.
നിങ്ങൾ അമേദ്യം പോലെ വിചാരിക്കപ്പെട്ടും. നിങ്ങളുടെ നാറാം
എഴുന്നു ആകാശം മൂഴുവനും മൂടും. ആദിത്യനും ചന്ദ്രനും നക്ഷത്ര
ങ്ങളും നിങ്ങൾക്കു പ്രകാശം തരികയില്ല. മേൽ ആകാശവും കീഴ്
ഭൂമിയും തങ്ങളുടെ ക്രോധത്തെ അല്ലാതെ അനുഗ്രഹത്തെ നിങ്ങളു
ടെമേൽ കാണിക്കയില്ല. വ്യസനത്തിന്മേൽ വ്യസനം ദുഃഖത്തിന്മേ
ൽ ദുഃഖം, ഭയങ്കരത്തിന്മേൽ ഭയങ്കരം അരിഷ്ടതയിന്മേൽ അരിഷ്ട
ഇവ വന്നുകൊണ്ടേ ഇരിക്കും. ഇവ മുതലായവ നിങ്ങളിൽനിന്നു അ
രംഭിപ്പാൻ ഇരിക്കുന്നതിനാൽ നിങ്ങൾ ഭയത്തോടും വിറയലോടും
കൂടെ നിങ്ങളുടെ രക്ഷയെ തേടിക്കൊൾവിൻ.

അമ്മെക്കു പരലോകവാസിയായ ഭർത്താവിന്റെ സമ്പത്തു മക്ക
ളുടെ ശരീരവും മക്കൾക്കു തങ്ങളുടെ പിതാവിന്റെ സമ്പത്തു മാതാ
വിന്റെ ശരീരവും ആകുന്ന നിശ്ചയം. നെടുമ്പുറത്തെ പുരയും പുര
യിടവും അല്ല നിശ്ചയം. ഈ രണ്ടു കക്ഷിക്കാരും നെടുമ്പുറത്തെ പുര
യും പുരയിടവും തന്റെ ഭർത്താവിന്റെ സമ്പത്താകുന്നു എന്നും, അല്ലാ
തങ്ങളുടെ പിതാവിന്റെ സമ്പത്താകുന്നു എന്നും ഇനി മേൽ പറക

യോ വിചാരിക്കയോ ആ വിധത്തിൽ അവയോട്ട പെരുമാറുകയോ ചെയ്താൽ അവരുടെമേൽ, മേൽ വിവരിച്ച ശാപമൊക്കയും വരും നിശ്ചയം ആമേൻ.

അതിനാൽ മക്കൾ തങ്ങളുടെ പിതാവിന്റെ സമ്പത്തായ മാതാവിന്റെ ശരീരത്തെ പോററി പോഷിപ്പിക്കയും, മാതാവു തന്റെ ഭർത്താവിന്റെ സമ്പത്തായ മക്കളുടെ ശരീരത്തെ നഷ്ടപ്പെടാതെ സൂക്ഷിച്ചുകൊള്ളുകയും ചെയ്യേണ്ടുന്നതാകുന്നു.

ഈ കാര്യത്തിൽ മൂത്ത മകൻ അമ്മയെ ഒരു വർഷത്തിൽ രണ്ടു മാസം പോററി പോഷിപ്പിക്കുകയും ഒരു വർഷത്തിനു വേണ്ടുന്ന എണ്ണയും വസ്ത്രവും കൊടുക്കയും അമ്മ മൂത്ത മകനോട്ടുകൂടെ ആ നാലു മാസവും താമസിക്കയും വേണം. മററു നാലു മക്കളും തങ്ങളുടെ ജീവരക്ഷസ്ത്രീയായ അമ്മയെ ഒരു വർഷത്തിൽ ഈരണ്ടു മാസം തങ്ങളോട്ടുകൂടെ പാർപ്പിച്ചു ഒരു ബുദ്ധിമുട്ടും കൂടാതെ പോഷിപ്പിക്കണം. നെടുമ്പുറത്തെ പുരയും പുരയിടവും സഭാവകയാകയാൽ അതിന്റെ വരുമാനത്തിൽനിന്നു വർഷത്തിൽ ഉറുപ്പിക അമ്മയുടെ കയ്യിൽ തനുചിലവിനായി കൊടുക്കേണ്ടുന്നതാകുന്നു. ഇപ്രകാരം അമ്മ മക്കളേയും മക്കൾ അമ്മയേയും സൂക്ഷിച്ചു ഭർത്താവിന്റെയും പിതാവിന്റെയും സമ്പത്തുകളെ കാത്തുകൊണ്ടാൽ എന്നേക്കുമുള്ള അനുഗ്രഹം ഇവരുടെമേൽ വർഷിച്ചുകൊണ്ടേ ഇരിക്കും നിശ്ചയം ആമേൻ. കന്നുയോഹന്നാന്റെ നാമത്തിൽ പാദശുശ്രൂഷക്കാരൻ

കന്നീററി
ശ യോഗ്യം ഥ
,, ഇടയം. ൻ
ഭ. മെയി ഫ
ഫ. വാര. ദി. ഫനുഫ

യുയോരാലിസൻവിച്ചാൻകുട്ടി



My dear son in Christ

റോബേർട്ട ഗോപാലയ്യനു

താൻ കൊടുത്തയച്ച കത്തു വന്നു ചേർന്നു. സന്തോഷത്തോടുകൂടെ വായിച്ചുരിഞ്ഞു ദൈവത്തെ സ്തുതിച്ചു. നമ്മുടെ കർത്താവായ യേശുക്രിസ്തുനെ അറിവാൻ തക്കവണ്ണം തന്നെ അകർഷിച്ചുകൊണ്ടുവന്ന പരമപിതാവിന്നാത്മാവു യേശുക്രിസ്തൻമൂലം തന്നോടുകൂടെ എന്നും ഇരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവം വാഴ്ത്തപ്പെട്ടവനാക. ആ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ അഭിഷേകം ഏറെ തനിക്കു സകല വാഴ്വുകളും ഉണ്ടാകട്ടെ. ആമേൻ.

എന്റെ പ്രിയ! തന്റെ വർത്തമാനം ഞാൻ കേട്ടവുടനെ സത്യമാ
സ്സന്നു ഞാൻ എഴുതി. മറുപടിയാൽ തന്റെ വിവരം ഞാൻ അ
റിഞ്ഞതു മാത്രമല്ല പലയാളുകളിൽനിന്നും തന്റെ വർത്തമാനം ഞാ
ൻ അറിഞ്ഞിരിക്കുന്നു. ഇങ്ങിനെ തന്നെ സംബന്ധിച്ചു അറിവാനാ
യി പലയാളുകളോടുമുള്ള എന്റെ സംഭാഷണം മൂലം ഉദ്ദേശം ഏഴ
വയസ്സു പ്രായമുള്ള എന്റെ മുത്തമകൾ കൃപാവല്ലി എന്നൊരു കന്യ
ക ഇനിക്കുണ്ടെന്നു അവർ അറിഞ്ഞിരിക്കുന്നതിനാൽ എന്റെം ഈ
തിരക്കു ആ കാര്യസംബന്ധത്തിനായിരിക്കും എന്നുഹിച്ചു അവർ ആ ശ്രു
തി പുറപ്പെടുവിച്ചു എന്നല്ലാതെ, ഞാൻ അവരോടും ഈ വർത്ത
മാനത്തെപ്പറ്റി പറഞ്ഞിട്ടില്ല. എന്തെന്നാൽ താൻ വിവാഹം ചെ
യ്തിട്ടുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ടു. എങ്കിലും തന്നിൽനിന്നു കുറെ കത്തു
കിട്ടുവാൻ ഞാൻ എത്രെയും കൊതിച്ചിരുന്നതിനാൽ എന്റെ ആഗ്ര
ഹത്തിനു നിവൃത്തിവരുവാൻ തക്കവണ്ണം മേല്പറഞ്ഞ ശ്രുതി തന്നിൽ
സഫലമായി വ്യാപരിച്ചതുകൊണ്ടു ഞാൻ എത്രെയും സന്തോഷിക്കു
ന്നു.

എന്റെ പ്രിയ! ഞാൻ എന്റെ മകൾ കൃപാവല്ലിയേ ദൈവത്തി
ന്റെ തൃക്കയ്യിൽ ഭരമേല്പിച്ചിരിക്കുന്നതിനാൽ അവന്റെ തൃക്കയ്യിൽ
നിന്നു അയെക്കപ്പെട്ടുന്നൊരു കുമാരനെ ഞാൻ കാണ്മാൻ എത്രെയും
ആശിച്ചുകൊണ്ടിരിക്കുന്നു. എന്റെ പിതാവായ യേശു ക്രിസ്തുവിൻ
വായിന്നാത്മാവു തന്നെ ഇനിക്കു മകനാക്കി നൽകട്ടെ. ഞാൻ തന്റെ
പിതാവായിരിപ്പാനായിട്ടു എന്റെ പുത്രാ! നിന്റെ ഹൃദയം ഇനി
ക്കു തുറന്നു കാണിക്ക എന്നു 60 വയസ്സു പ്രായമുള്ള വിദ്വാൻകുട്ടി ത
ന്നോടു പറയുന്നു. എന്റെ മകൾ നാലാണിന്നും, രണ്ടു പെണ്ണിന്നും,
മുത്തവനായ ദാനിയേലും നേരെ അനുജനായ മനുവും എന്റെ ഭാ
ര്യയോടു കൂടെ അമ്മയും അമ്മാവിയമ്മയും എന്റെ അടുക്കെ പാർക്കു
ന്ന ഒരു സഹോദരൻ യോഹന്നാൻ ബോധകരും തനിക്കു സലാം പ
റയുന്നു.

എന്നു പാമശ്രുശ്രുഷക്കാരൻ

കന്നീറിനിന്നും

യുയോരാലിസൻ വിദ്വാൻകുട്ടി.

1885 May 21

My dear son in Christ

റോബേർട്ട ഗോപാലയ്യനു

മെയി 21ന്നാം നു- അയച്ച കത്തു വന്നു ചേർന്നു. ഞാൻ ആ സമയം
ഇവിടെ ഇല്ലായിരുന്നു. ഇന്നാണു വന്നതു. അതുകൊണ്ടു ഇപ്പോഴേ മ
റുപടി എഴുതുവാൻ ഇടയായൊള്ളു.

ഞാൻ ഇതിനെ മാത്രം ആഗ്രഹിക്കുന്നു. എന്റെ ശരീരത്തിനു ഉ


രീരവും എന്റെ ജീവന്റെ ജീവനും എന്റെ ആത്മാവിന്റെ ആത്മാവും എന്റെ ശക്തിക്കു ശക്തിയും എന്റെ നാമത്തിന്റെ നാമവും എന്റെ ഭവനത്തിന്റെ ഭവനവും എന്റെ മറ്റെല്ലാത്തിനും എല്ലാമായും ഇരിക്കുന്ന എന്റെ മകൻ ദാനിയേൽ എന്നവണ്ണം താനും ഇരിക്കേ അകണം എന്നത്രേ. ഇങ്ങിനെ ദാനിയേൽ എന്നവണ്ണം എന്നേക്കുമുള്ള ഉടമ്പടിയിന്മേൽ എന്റെ പുത്രത്വത്തെ സ്വീകരിച്ചു കൈക്കൊള്ളുവാൻ മനസ്സുള്ള തനിക്കു എന്റെ കൃപാവല്ലിയെ തരുന്നതിനും എന്റെ സമസ്തത്തിനും സമ്മതമായിരിക്കും എന്നല്ലാതെ ഒന്നിനും വിരോധം ഉണ്ടാകുവാൻ ഇടയില്ലാ എന്നു ഞാൻ തീർത്തു പറയുന്നു. അതിനാൽ എന്റെ സമസ്തത്തിനും അവകാശിയായ ദാനിയേൽ എന്നവണ്ണം ഞാൻ തന്നെ എന്റെ പുത്രനായി അംഗീകരിച്ചിരിക്കകൊണ്ടു താൻ എന്റെ സമസ്തത്തിനും അവകാശിയായ പുത്രനായിരിപ്പാൻ തക്കവണ്ണം എന്നെ പിതാവായിട്ടു അംഗീകരിച്ചു കൊള്ളണം ഈ പൂർണ്ണസമ്മതത്തെ മാത്രമേ ഞാൻ തന്നിൽ നിന്നു ആഗ്രഹിക്കുന്നുള്ളു. എന്റെ ഈ പ്രത്യേക ആഗ്രഹത്തെ എഴുത്തു മൂലം താൻ വിവൃത്തിക്കണം. എന്റെ കൃപയേ ഞാൻ തനിക്കു തരാം നിശ്ചയം.

പിന്നെയും ഈ വിവരം ഇരിഞ്ഞാറക്കൊടയിലുള്ള മാതാപിതാക്കൾക്കും ഭാര്യയുടെ ഭവനക്കാർക്കും എഴുതി അറിയിക്കണം. പിന്നീടു വിവരത്തിന്റെ ബിഷോപ്പു സായ്പിനും മദാമ്മെക്കും അറിയിക്കാം. സകലവും ദൈവത്തിൽ ആരംഭിച്ചെ നിവൃത്തിക്കു. ഞങ്ങളുടെ എല്ലാവരുടെയും സലാം. ഇനിക്കു മറുപടി വന്നാൽ ഉടനെ എഴുത്തയക്കും

കന്നീറിനിന്നും

1885 June 3

എന്നു വാദഗ്രഹിക്കാരൻ.
യൂയോരാലിസൻ വിദ്വാൻ കുട്ടി



My dear son

റോബർട്ട് ഗോപലയ്യനു

ഈ മാസം 3ാം നു- എഴുതിയ കത്തു വായിച്ചു കണ്ടു. തനിക്കുണ്ടായിരിക്കുന്ന ഓരോ പരീക്ഷകളെ സംബന്ധിച്ചു ഞാൻ പ്രത്യേകം പ്രാർത്ഥിച്ചു.

ഇതാ! ഞാൻ എന്റെ കടിഞ്ഞൂൽ പുത്രന്റെ മേൽ എപ്പോഴും ഉജ്വലിക്കുന്ന ഞാൻ പുത്രത്വത്തിന്റെ ആത്മാവിൽനിന്നു എടുത്തു തന്റെ നെറുകയിൽ പകർന്നു മുകർന്നു ആലിംഗനം ചെയ്തുകൊണ്ടു "നീ എന്റെ പ്രിയപുത്രനാകുന്നു ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്നു പറഞ്ഞു തന്റെ നെറ്റിയിലുള്ള ബുദ്ധിയിന്നാജ്ഞാചക്രത്തിൽ ത്രിയേക ദൈവമാം സ്നേഹാത്മാവിന്റെ തിരുനാമത്തിൽ ഞാൻ, ഞാൻ തന്നെ ഇന്നു മുദ്രവെക്കുന്നു. ആമേൻ. അതിനാൽ ദൈവ

ത്തിന്റെ കാവൽക്കാർ തന്നോട് കൂടെയുണ്ട്. തനിക്ക് ബുദ്ധിയേയും ജ്ഞാനത്തേയും അവൻ തരും. സകല ആപത്തിൽനിന്നും തന്നെ കാത്തു സൂക്ഷിക്കും നിശ്ചയം. അതിനാൽ താൻ ഒന്നുകൊണ്ടും ഭയപ്പെടരുത്. എന്റെ പുത്രന്റെ മേലുള്ള വാത്സല്യം തന്റെ മേൽ ഇനിക്കുണ്ടായിരിക്കയാൽ താനിയെലെപ്പോലെ ഞാൻ തന്നെ നോക്കിക്കൊള്ളും. തന്നെ ഞാൻ പഠിപ്പിച്ചു വിദ്വാനാക്കും.

എന്റെ മകൾ കുപാവല്ലിയെ ഞാൻ നിർമ്മലകന്യകയായി വളർത്തി തനിക്കായി വേർതിരിച്ചു വെച്ചിരിക്കയാൽ വരുന്ന സെപ്തംബർമാസം എന്നെ വേണ്ടാ, അതിന്നു മുൻപേ തന്നെ താൻ ഇവിടം വന്നു ചേർന്നാൽ അപ്പോൾ ഞാൻതന്നെ അവളെ തനിക്കു വിവാഹം നടത്തി തന്നുകൊള്ളാം. എന്റെ ഭാഗ്യ മുതലായവക്കു തന്നെ കാണ്മാൻ ഏറ്റവും ആഗ്രഹമുണ്ട്. ഇരിഞ്ഞാറക്കൊടയിൽ നിന്നു എഴുത്തു വന്നാൽ എന്നെ അറിയിപ്പിക്കുമല്ലൊ. ബിഷോപ്പുസായിപ്പിന്നു വിവരത്തിന്നു എഴുതണം. നീവുസായിപ്പിന്നു തന്റെ ഹൃദയം വെളിപ്പെടുത്തണം. അവർ വിരോധം പറയട്ടെ. കാണിക്കട്ടെ. താൻ ക്രുതാകരുതു. ദൈവം തന്നോട് കൂടെയുണ്ട്. ഞാൻ ക്രിസ്തു നിമിത്തം അനേകരിച്ചതു സായിപ്പന്മാരേയും അവരുടെ മഹത്വത്തേയും കണ്ടിട്ടല്ല, ദൈവത്തെ വിശ്വസിച്ചിട്ടാകുന്നു. അവർ സത്യത്തിന്നു വിരോധികളായി തീർന്നതിനാൽ അവരുടെ ശമ്പളത്തിൽനിന്നു ഞാൻ മാറി (ഇനിക്കു ശമ്പളം നൂറു രൂപായുണ്ടായിരുന്നു) ശമ്പളത്തിൽ നിന്നു മാറിട്ടു ഇപ്പോൾ പത്തു വർഷമായി. ഇനിക്കു ഒരു വർഷം എന്റെ കൂടും ബചിലവിന്നായി ആയിരം രൂപാ കിട്ടിവരുന്നു. എന്നെ അവർ Cunning man (ഉപായി) എന്നു പറയുന്നതു അവരുടെ Prejudice(മുൻവിധി) സകലക്കും വെളിവാകേണ്ടുന്നതിന്നാണു. എങ്കിലോ ഞാൻ അതിനേപ്പറ്റി അവരുടെ അറിയായ്മ എന്നേ വിചാരിക്കുന്നുള്ളു. വിശേഷിച്ചു വിവർ ഇച്ഛിച്ചും പണത്തിന്റെ കാര്യത്തെപ്പറ്റി എഴുത്തിൽ കാണുന്നു. അതിനിക്കു മനസ്സിലായില്ലാ. ഇവിടെയുള്ള സകലരും തനിക്കു സലാം പറയുന്നു. കുപാവല്ലിയുടെ മറുപടി താമസിയാതെ അയക്കും. എന്നു പരമഗുരുശ്രേഷ്ഠക്കാരൻ

കന്നീറാ യുയോറാലിസൻ വിദ്വാൻകുട്ടി.

1885 June 8

My dear son

റോബേർട്ട് ഗോപാലയ്യനു

ഞാൻ അയച്ച പൂവത്തൂർ കുത്തു ഇന്നലെ വന്നു വിവരമൊക്കെയും പറഞ്ഞതു മാത്രമല്ലാ എഴുത്തു മൂലവും സംഗതികളൊക്കെയും അ

റിഞ്ഞു. ഇന്നലെ രാത്രി മുഴുവനും ഞാൻ തനിക്കു വേണ്ടി ദൈവത്തോടുള്ള സംസർഗ്ഗത്തിൽ ഇരുന്നു. ഇന്നു കാലത്തെ ദൈവാരാധന നടത്തിയ ശേഷം ഇതാ! എഴുതുന്നു. ക്രിസ്ത്യാനിമാർഗ്ഗം താൻ അനുസരിപ്പാൻ ഭാവിച്ചപ്പോൾ ഉണ്ടായ പരീക്ഷകൾ ഇപ്പോഴും തനിക്കു ഉണ്ടാകും. എങ്കിലും ദൈവം തന്നോടു കൂടെ എപ്പോഴുമുണ്ടു എന്നു താൻ ഉറപ്പായി വിശ്വസിക്കണം. അവൻ തന്റെ അഗ്രഹത്തെ നിശ്ചയമായി നിവൃത്തിക്കും. ഞാൻ തനിക്കായി എന്റെ കൃപയെ തരും. സന്ദേഹമില്ല. ഞാൻ തന്നെ പഠിപ്പിച്ചു വിടുവാനുറക്കും. തന്റെ കായ്മൊക്കെയും ഞാൻ തന്നെ നോക്കിക്കൊള്ളും. തനിക്കു യാതൊരു ബുദ്ധിമുട്ടും വരുവാൻ ഇടയാകയില്ല. ഒരു വലിയ നാമം തനിക്കു ലഭിക്കും. തന്റെ സന്തതി എന്റെ മടിയിൽ വളരും. അവർ ആകാശ നക്ഷത്രങ്ങൾ കണക്കേ ശോഭിച്ചുപെരുകും. തനിക്കു മഹാസന്തോഷവും ആനന്ദവും ഉണ്ടാകും. അതുകൊണ്ടു എന്റെ പ്രിയമകനെ! താൻ ഒന്നുകൊണ്ടും ഭയപ്പെടുകയൊ നിരാശപ്പെടുകയൊ അരുതു. ഞാൻ പറയുന്നതിനെ കേൾക്കണം. താൻ വേഗം എന്റെ മരുമകനായി കൊള്ളണം. അതിന്നു നാഠ ദിവസത്തെ അവധിയെടുത്തുംകൊണ്ടു ഈ മാസം ഏതാം നാ- യോടു കൂടെ ഇവിടെ വന്നു ചേരണം അതിന്നു താൻ നീവുസായ്പിനോടു പറയേണ്ടതു ഇപ്രകാരമത്രെ.“(ഞാൻ വിദ്വാൻ കുട്ടിയുടെ മുത്തമകളെ വിവാഹം കഴിപ്പാൻ തക്കവണ്ണം വാശ്ചത്തം ചെയ്തുപോയതിനാൽ അതിൽനിന്നു മാറുവാൻ ഇനിക്കു കഴികയില്ലാ നിശ്ചയം. ആ കാര്യത്തിന്നു ഇന്നു മുതൽ നാഠ ദിവസത്തെ അവധി ഇനിക്കു തരണം. തരാത്തപക്ഷം ഇന്നു മുതൽ എന്റെ തന്നെ ചിലവിന്മേൽ ഞാൻ ഇവിടെ പഠിച്ചുകൊള്ളുന്നു. ഇന്നു മുതൽ നാഠ ദിവസത്തെ അവധി ഞാൻ തന്നെ എടുത്തുകൊള്ളുന്നു. നാഠ ദിവസം കഴിഞ്ഞു ഞാൻ പഠിപ്പാൻ വന്നിട്ടു എന്നെകൈക്കൊള്ളാത്തപക്ഷം ഞാൻ ഇന്നു തന്നെ മാറിക്കൊള്ളുന്നു. ഞാൻ (ഇന്നമാസം) മുതൽ ഇത്രവരെയും സായിപു തരുന്ന ചിലവിന്മേൽ ഇവിടെ പഠിച്ചു വരുന്നു. ആയതിന്നായിട്ടു ഞാൻ വളരെ നന്ദി പറയുന്നു. ഇനിമേൽ ഞാൻ എന്റെ സ്വന്ത ചിലവിന്മേൽ തന്നെ പഠിച്ചുകൊള്ളാം. ആയതിനായിട്ടു ഇന്നു മുതൽ നാഠ ദിവസത്തെ അവധി എടുത്തുകൊള്ളുന്നു. നാഠ ദിവസം തികയുമ്പോൾ ഞാൻ ഇവിടെ വന്നു ചേർന്നുകൊള്ളാം. എന്തെന്നാൽ പലപ്രകാരത്തിൽ പലർ എന്നെ അസഹ്യപ്പെടുത്തുന്നതിനാൽ എന്റെ ഹൃദയത്തിന്നു യാതൊരു സമാധാനവുമില്ല.“)എന്നത്രെ. ഇപ്രകാരം എഴുതി നീവു സായിപ്പിന്നു കാണുവിവരം പറഞ്ഞു കൊണ്ടു അവിടെനിന്നു പുറപ്പെടണം. ഇന്നപ്പോൾ അവിടെനിന്നു പുറപ്പെടുന്നു എന്നു ഞാൻ അറിഞ്ഞാൽ ഉടൻ ഞാൻ ഒരു ആളിനെ അയക്കും അയാളോടു കൂടെ വരികയും ചെയ്യാം. ബിഷോപ്പു സായിപ്പിന്റെ എഴുത്തു ഇത്രവരെയും വന്നില്ലാ. വ

ന്നാൽ യോഗ്യംപോലെ മറുപടി എഴുതാം. ഇവിടെയുള്ളവർ എല്ലാവരും തനിക്കു സലാം പറയുന്നു. എന്നു പാദശുശ്രൂഷക്കാരൻ

Kanneet
1885. june. 9

യൂയോരാലിസൻ. വിദ്വാൻകുട്ടി.

എന്റെ പ്രിയമുള്ള ഇത്തിമല ബോധകക്ക്
എന്റെ വിശുദ്ധചുംബനം.

ദാനിയേൽ അവിടെ വന്നിരുന്നപ്പോൾ കുപയുടെ വിവാഹകാര്യത്തെക്കുറിച്ചു തന്നോടു പറഞ്ഞുവല്ലൊ. ആ പറഞ്ഞയാൾ കഴിഞ്ഞ ചൊവ്വാഴ്ച വൈകിട്ടു സുഖമായി ഇവിടെ വന്നുചേർന്നു. ഏവ വയസ്സു പ്രായമുണ്ടു. കോലേജ് പ്രിൻസിപ്പാൾ നീവുസായിപ്പിന്റെ അനുവാദം ചോദിച്ചു കൊണ്ടാകുന്നു അവിടെ നിന്നു പുറപ്പെട്ടതു. പുറപ്പെട്ട ദിവസം മാങ്ങാനത്തു കുഞ്ഞിന്റെ വീട്ടിൽ താമസിച്ചു. ഇവിടെനിന്നു പൂവത്തൂർ കുഞ്ഞിനേയും ചെറിയാനെയും അയച്ചിരുന്നതിനാൽ തിങ്കളാഴ്ച കാലത്തു അവിടെ നിന്നും പുറപ്പെട്ടു. ഇതു ദൈവത്തിൽനിന്നു ഉണ്ടായതെന്നു ഞാൻ പൂർണ്ണമായി വിശ്വസിച്ചുംകൊണ്ടു ഈ മിഥുനമാസം ഉൾപെ- ടുന്ന വ്യാഴാഴ്ച വിവാഹം കഴിപ്പിപ്പാൻ തക്കവണ്ണം ഇന്നു കാലത്തു നിശ്ചയിച്ചതിന്റെ ശേഷം ഒന്നാമതു ഈ വിവരം തന്നെ ഈ എഴുത്തു മൂലം അറിയിപ്പിക്കുന്നു. അന്നത്തെ ദിവസം വിവാഹവിരുന്നു നടത്തിക്കണം എന്നു ദൈവത്തിൽ നിശ്ചയിച്ചിരിക്കയാൽ താൻ മുൻകൂട്ടി വന്നിരുന്നുകൊണ്ടു ഈ അടിയന്തിരം വേണ്ടുംവണ്ണം നടത്തിച്ചുകൊള്ളണം. എന്തെന്നാൽ കുപ അച്ചാമ്മയുടെ സഹോദരിയാകുന്നു എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. അടിയന്തിരത്തിനു ൫൦ പറ അരിയും അതിനു വേണ്ടുന്ന സാമാനവും വേണമെന്നു ഞാൻ വിചാരിക്കുന്നു. അതിനെപ്പറ്റി ഇതുവരെയും ഞാൻ ആരോടും ആലോചിച്ചിട്ടുമില്ല. താൻ വേഗം വരുമല്ലൊ അപ്പോൾ സകലവും പറഞ്ഞുകൊള്ളാം.

കന്നീറ്റി
൨. ശെയ്ത്തു ൧൫
മിഥുനം. ൧൧
൫. ജൂൺ ൧൮൮൫
ഉ. വാര. ദി. ൧൧൫൫

എന്നു പാദശുശ്രൂക്കാരൻ.
യൂയോരാലിസൻ വിദ്വാൻകുട്ടി.



എന്റെ പ്രിയമുള്ള ആലുവിള അച്ചന്നും, കൊച്ചുകുഞ്ഞു
മുതലാളിക്കും, ക്രൂശാരപ്പള്ളി കൊച്ചോയിച്ചനും പീലിപ്പോസു
ബോധകക്കും എന്റെ വിശ്വാസ്യസ്നേഹം

നിങ്ങൾ ഇവിടെ വന്നിരുന്നപ്പോൾ കൃപയുടെ കല്യാണത്തെപ്പ
റ്റി പറഞ്ഞിട്ടുള്ള ആൾ യാതൊരു ആപത്തും വിഷമവും കൂടാതെ
സ്വാതന്ത്ര്യത്തോട്ടുകൂടെ കഴിഞ്ഞ ചൊവ്വാഴ്ച വൈകിട്ട സുഖ
മായി ഇവിടെ വന്നു ചേർന്നു. ഇതു ദൈവത്തിൽനിന്നുണ്ടായതാകുന്നു
എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഈ മിഥുനമാസം വരെ
നമ്മുടെ വ്യാഴാഴ്ച വിവാഹവിരുന്നോട്ടുകൂടെ വിവാഹം നടത്തിപ്പാൻ ത
ക്കവണ്ണം ഇന്നു കാലത്തു ദൈവാലോചനപ്രകാരം നിശ്ചയിച്ചിരിക്കു
ന്നു. അതുകൊണ്ടു ഈ വിവാഹത്തോട്ടുകൂടെ സാറാപ്പിള്ളിയുടെയും, ക്രൂ
ശാരപ്പള്ളി മറിയമ്മയുടെയും വിവാഹം കൂടെ നടത്തുവാൻ ഇടവരണ
മെന്നു ഞാൻ പ്രത്യേകം ആഗ്രഹിക്കുന്നു. ഈ വിവരം നിങ്ങൾ രണ്ടു
പേരോടും പറഞ്ഞിട്ടുണ്ടല്ലൊ. കൃപയെ വിവാഹം കഴിപ്പിച്ചു പുത്ത
ൻബങ്കാവിലും, സാറാപ്പിള്ളയെ വിവാഹം കഴിപ്പിച്ചു മംകുഴിനെട
മ്പുറത്തും, സ്ഥിരപ്പെടുത്തണം എന്നു ഞാൻ വിചാരിക്കുന്നപ്രകാരം മറി
യമ്മയെ വിവാഹം കഴിപ്പിച്ചു ക്രൂശാരപ്പള്ളിയിലും സ്ഥിരപ്പെടുത്തണം
എന്നു ഞാൻ വിചാരിക്കുന്നു. എന്റെ ഈ വിചാരത്തിനു എന്റെ മ
ക്കളും സഹോദരന്മാരും മറ്റും വിപരീതമായിരിക്കയില്ലെന്നു ഞാൻ
എണ്ണുന്നതു പോലെ ക്രൂശാരപ്പള്ളി കുടുംബത്തിലുള്ളവരെപ്പറ്റിയും
ഞാൻ എണ്ണുന്നു. രണ്ടു ആൺകുട്ടികളെ ഞാൻ നിങ്ങൾക്കു കാണിച്ചുവ
ല്ലൊ അയതു യാക്കോബു ബോധകരുടെ മകനും, ഫാണ്ടി ബോധകരു
ടെ മകനും തന്നെ. ഇതിനാൽ നിങ്ങളുടെഹൃദയത്തിന്നു യാതൊരു ഭാ
രവും ഉണ്ടാകരുതു. ആൺകുട്ടികളെ നിങ്ങളുടെ ഇഷ്ടംപോലെ തെ
രിഞ്ഞെടുത്തുകൊള്ളാം. ഇപ്പോൾ പെട്ടെന്നു വന്നതിനാൽ തൽക്കാ
ലം ഇവിടെനിന്നു പോകുവാൻ ഇനിക്കു പാടില്ലാത്തതുകൊണ്ടു ഈ
ആഴ്ച ഞാൻ വരുന്നില്ല.

വിശേഷിച്ചും വിവാഹവിരുന്നിന്നു ഒരു പറ അരിയും അതിന്നു വേ
ണ്ടുന്ന കോപ്പുകളും വേണമെന്നു ഞാൻ വിചാരിക്കുന്നു എന്തെന്നാൽ
എല്ലാ ഇടവകയിൽനിന്നും ആളുകൾ ഇക്കല്യാണത്തിന്നു വരേണ്ടുന്ന

താകുന്നു. ഈ എല്ലാകാര്യങ്ങൾക്കും ആലോചിച്ചു ഇനിക്കു മുപടി അയക്കണം. എന്നു പാദസ്പൃശ്യക്കാരൻ

കന്നീററി
ര. ശൊയ്യും. ഫ
മ്ഥുനം. ന
ഒ. ജൂൺ. ഫവ
ഫ. വാര. ദി. ഫനുരീ

യൂയോരാലിസൻ വിദ്വാൻകുട്ടി.

എന്റെ പ്രിയമുള്ള പുത്തേത്തു ചാണ്ടിബോധകക്കു
എന്റെ വിശുദ്ധചുംബനം.

———

റോബർട്ടഗോപാലൻ എന്ന ജയദേവൻ കഴിഞ്ഞ ചൊവ്വാഴ്ച സന്ധ്യക്കു ഇവിടെ വന്നുചേർന്നു. അയാൾ പഠിപ്പിക്കുന്ന നീവുസായിപ്പിന്റെ അനുവാദപ്രകാരം കഴിഞ്ഞ ഞായറാഴ്ച സന്ധ്യക്കു അല്പം മുൻപെ സെമ്മനാരിയിൽനിന്നു പുറപ്പെട്ടു മാങ്ങാനത്തു കുഞ്ഞിന്റെ വീട്ടിൽ വന്നു താമസിച്ചു. പിറെദിവസം കാലത്തു പൂവത്തുർ കുഞ്ഞും ചെറിയാനും അവിടെ എത്തിയതിനാൽ അന്നു വത്തുമണിക്കു അവിടെനിന്നും പുറപ്പെട്ടു സന്ധ്യ കഴിഞ്ഞശേഷം നെട്ടൂരത്തു മാമ്മച്ചന്റെ വീട്ടിൽ വന്നു താമസിച്ചു. പിറെദിവസം ഇവിടെയും എത്തി. ഇതു ദൈവത്തിന്റെ തുക്കയ്യാകുന്നു എന്നു ഞാൻ അറിഞ്ഞതിനാൽ ഈ മിഥുനമാസം ഫാം നു- വ്യാഴാഴ്ച വിരുന്നോടുകൂടെ വിവാഹം കഴിപ്പിപ്പാൻതക്കവണ്ണം ഇന്നുനിശ്ചയിച്ചു. വിവരത്തിനുസകല യോഗത്തിനും എഴുതുകയും ചെയ്തു. ഇതു നിമിത്തം ചെങ്ങളത്തു പോകുവാൻ ഇടയായില്ലാ എങ്കിലും കുടമരപ്പള്ളി കൊച്ചുകോശിയച്ചനു എഴുത്തു എഴുതീട്ടുണ്ടു മടുപടി വന്നാൽ ഉടൻ ഞാൻ എഴുത്തയയ്ക്കും സകലവും നമ്മുടെ നന്മെക്കായിട്ടേ വരു. ഒന്നുകൊണ്ടും വിഷാദം വേണ്ടാ. ദൈവത്തിന്റെ തുക്കയ്യിൽ ആകാശ്ശം ഇരിക്കുന്നു. അവൻ അതിനെ നിവൃത്തിക്കും നിശ്ചയം. ഞാൻ എന്റെ കൃപയേ എന്നവണ്ണം എല്ലാ കന്യകമാരേയും എന്റെ സാക്ഷാൽ മക്കളായി എടുത്തിരിക്കുന്നു. അതുകൊണ്ടു എന്റെ കൃപയെ തന്നെ ഞാൻ തരും. അവർ രണ്ടു പേരേയും ഭാര്യ ഭർത്താക്കന്മാരായി ഇന്നൊരു എന്റെ ദൈവത്തിന്റെ നാമത്തിൽ അനുഗ്രഹിക്കും. അവർ എന്നേക്കുമുള്ള അനുഗ്രഹമായിരിക്കും. ഞാൻ എന്റെ അവകാശത്തെയും അവക്കു കൊടുക്കും. അവരെ ക്രിസ്തുവഴ്ന്നു ഗോത്രത്തിനു സംബന്ധകുടുംബമായി എന്നേക്കും സ്ഥിരപ്പെടുത്തും നിശ്ചയം.

വിശേഷിച്ചും ഇതിനോടുകൂടെ അയക്കുന്ന എഴുത്തുകൾ അതാ

ഈ സ്ഥലത്തു എത്തിക്കുമല്ലോ. ഞാൻ താമസിയാതെ എഴുതും. എന്നു
പാദസ്പൃഷ്ടക്കാരൻ

കന്നീററി
ര. ശൌയ്യം ഫവ
,, മിഥുനം ഒ
ഒ. ജൂൺ ഫൻ
ഫ. വാ. ദി. ഫനുദിനം

യൂയോരാലിസൻ വിദ്വാൻകുട്ടി

എന്റെ പ്രിയമുള്ള മാങ്ങാനത്തെ കുഞ്ഞിന്നു
എന്റെ വിശുദ്ധചുംബനം.

അവിടെ നിന്നും അവർ പുറപ്പെട്ട സന്ധ്യ കഴിഞ്ഞ ശേഷം നെ
ടുമ്പുറം വല്ലേലിൽ എത്തി രാത്രി താമസിച്ചു. പിറേറ ദിവസം
വൈകിട്ടു യാതൊരു സുഖക്കേടും കൂടാതെ ഇവിടെ വന്നു ചേർന്നു.
അച്ചാമ്മേക്കു എന്ന പോലെ കുഞ്ഞുകുഞ്ഞും തങ്കളുടെ കൈ മൂലം ദൈ
വം അയച്ച ഈ ദിവ്യ നിധിയെ കണ്ടപ്പോൾ യോസേഫിന്റെ
മുഖം കണ്ട യാക്കോബു എന്ന പോലെയും, കത്താവിന്റെ മുഖം കണ്ട
മറിയ യെന്ന പോലെയും ഞാൻ ആയിത്തീർന്നു, ദൈവത്തെ സ്തുതിച്ചു
തങ്കളുടെ എഴുത്തു കിട്ടിയ ദിവസമതെ ഇവരും വന്നു ചേർന്നതു.
ഈ മിഥുനമാസം ഉണ്ണി വ്യാഴാഴ്ച വിവാഹവും വിരുന്നും വേണ
മെന്നു നിശ്ചയിച്ചു എല്ലാ യോഗത്തിന്നും എഴുത്തയച്ചു. അതിന്റെ
പകർപ്പും ഇതിനോടു കൂടെ അയക്കുന്നു. ആൺകുട്ടിക്കാരും പെൺ
കുട്ടിക്കാരും നിങ്ങളാകുന്നു എന്നു ഞാൻ പറയണം എന്നില്ലല്ലോ എ
ന്റെ മകൻ ഇഞ്ചുസ്സാട്ട തോമ്മായോടു ഞാൻ പഠഞ്ഞു എന്നു പറ
യണം. സംഘമഠം കെട്ടി മേച്ചിൽ കഴിച്ചുകൊണ്ടു മാസം തോറും
ഓരോ രൂപാ എന്റെ മകൻ കൃപയായ ആ യോഗത്തിന്നു കൊടു
ത്താൽ അതിൽ പത്തൊട്ടി ലാഭമുണ്ടാകുമെന്നു തന്നെ. എഴുത്തിൽ
ചോദിച്ചിരിക്കുന്ന കാര്യത്തിന്നു പിന്നീടു എഴുതയക്കാം എന്നു പാദ
സ്പൃഷ്ടക്കാരൻ

കന്നീററി
ര. ശൌയ്യം ഫൻ
,, മിഥുനം വ
ഒ. ജൂൺ ഫ
ഫ. വാ. ദി. ഫനുദിനം

യൂയോരാലിസൻ വിദ്വാൻ കുട്ടി



കന്നീററിപ്പൊതുഎകൈകൃതയിലുള്ള സകല യോഗക്കാർക്കും എന്റെ വിശുദ്ധ മുംബനം.

ഫലസാ. ദിവസം കഴിയുമ്പോൾ ഉള്ളിരിപ്പു ബലിപീഠത്തിന്മേൽ ദൈവത്തിനു ജീവനും ശുദ്ധവും ഇഷ്ടവുമുള്ള ഒരു ബലിയുണ്ടെന്നും, ആ കാര്യത്തിനു എന്റെ മകൾ കൃപയെ നിർമ്മല കന്യകയായിരുക്കയിൽ ഏല്പിക്കണമെന്നും വെളിപ്പെട്ട പ്രകാരം, ഞാൻ അവളെ തുക്കയിൽ പരിപൂർണ്ണമായി ഭരമേല്പിച്ചിരിക്കുന്ന വിവരം നിങ്ങളെ അറിയിപ്പിച്ചിട്ടുണ്ടല്ലൊ. എന്നാൽ കഴിഞ്ഞ ഇടവം നാലാം- കോട്ടയം ഇംഗ്ലീഷു കോളേജിൽ പഠിച്ചു വരുന്ന ഇരിഞ്ഞാലക്കുടക്കാരൻ ഏവ വയസ്സുള്ള ഒരു ബ്രാഹ്മണക്രിസ്ത്യാനി (റോബർട്ട ഗോപാലൻ) കൃപയെ വിവാഹം കഴിപ്പാൻ ആഗ്രഹത്തോടു കൂടെ യാചിയായിട്ടു ഒരു എഴുത്തു അയച്ചതു ഇനിക്കു കിട്ടി. ഇതു ദൈവത്തിന്റെ തുക്കയാകുന്നു എന്നു ഞാൻ അറിഞ്ഞു മറുപടി അയക്കയും അയാൾ ഇക്കഴിഞ്ഞ ചൊവ്വാഴ്ച വൈകിട്ടു സുഖമായി ഇവിടെ വന്നു ചേരുകയും ചെയ്തു. ഈ മിഥുനമാസം വരെ വരുന്ന വ്യാഴാഴ്ച വിരുന്നോടു കൂടെ വിവാഹം നടത്തിപ്പാൻ തക്കവണ്ണം ദൈവാലോചനപ്രകാരം ഇന്നു നിശ്ചയിച്ചു. ഈ എഴുത്തു മൂലം ഞാൻ നിങ്ങളെ ഈ വിവരം തെരിയപ്പെടുത്തിക്കൊള്ളുന്നു. എല്ലാ സഭായോഗത്തിൽ നിന്നും ആളുകൾ വന്നു ഈ ദിവ്യ വിരുന്നും വിവാഹവും നടത്തിക്കേണ്ടതാകുന്നു. എന്തെന്നാൽ ഇതു തിരു സഭയുടെ തനതാകുന്നു. വിരുന്നിനു ഓർ പറ അരിയും അതിനു വേണ്ടുന്ന സാമാനവും വേണമെന്നു ഞാൻ വിചാരിക്കുന്നു. ഇക്കാര്യത്തിനു നിങ്ങൾക്കു യാതൊരു ഭാരവും കൂടാതെ നിങ്ങളെക്കൊണ്ടു ഈ ദിവ്യ അടിയന്തരം ദൈവം നടത്തിക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഈ എഴുത്തു കണ്ടാൽ ഉടൻ നിങ്ങൾ ഇനിക്കു മറുപടി അയക്കുമല്ലൊ. എന്നു പാദശുശ്രൂഷക്കാരൻ

കന്നീററി

ര. ശൌര്യം. ഫ

,, മിഥുനം. സ

ഭ. ജൂൺ. ക്വ

ഫ. യാര. ദി. ക്രൂ൭൭

യൂയോരാലിസൻ വാദ്ധാൻകുട്ടി



മഹാരാജശ്രീ റവറന്തുബിഷോപ്പു സ്വായിപ്പുവർകൾക്കുവന്ദനം.

സ്വായിപ്പുവർകൾ കൊട്ടത്തയെച്ചു കയ്യു ഇന്നലെ വന്നു ചേർന്നു. ഇക്കാര്യത്തിൽ ഞാൻ ദൈവത്തെ മുൻ നിറുത്തി എന്റെ പരമാർത്ഥ

ത്തെ വെളിപ്പെടുത്തുന്നു. റോബേർട്ട് ഗോപാലനെപ്പറ്റി ഞാൻ അല്പ ദിവസം മുൻപെ പലയാളുകളിൽ നിന്നും കേട്ടറിഞ്ഞിട്ടുണ്ട് എന്നല്ലാതെ കഴിഞ്ഞ മെയ് വരെയും വരെ എഴുത്തു മുലമായി യാതൊരു ഏർപ്പാടും ഞങ്ങൾ തമ്മിലില്ലാ. അന്നു ഇനിക്കു അയാളിൽ നിന്നു യദൃഛയായി ഒരു എഴുത്തു കിട്ടി. അതിന്റെ മുകളിൽ എന്റെ മകളെ അയാൾക്കു വിവാഹം കഴിപ്പിച്ചു കൊടുപ്പാൻ ഭാവിച്ചിരിക്കുന്നു എന്ന ഒരു ശ്രുതി ഇവിടങ്ങളിലുണ്ടു. ഇതു ആരിൽ നിന്നുണ്ടായി എന്നതു്. അതിനു ഞാൻ മറുപടി അയച്ചു അതിന്റെ മുകളിൽ, ആ ശ്രുതി ഇവിടെനിന്നുണ്ടായതല്ലാ, താൻ വിവാഹം ചെയ്തിട്ടുണ്ടെന്നു കേട്ടിട്ടുണ്ടു. എന്റെ മകളെ ദൈവത്തിൽ ഭരമേല്പിച്ചിരിക്കുന്നു. അവൻ തന്നെ ഇനിക്കു തരുന്നപക്ഷം എന്റെ മരുമകനായി ഞാൻ അംഗീകരിച്ചു കൊള്ളാം എന്നതു്. അതിനു അയാൾ ഇനിക്കു വീണ്ടും ഒരു എഴുത്തയച്ചതിൽ എന്റെ മകളെ കല്യാണം കഴിപ്പാൻ അയാൾക്കു മനസ്സുണ്ടെന്നും, തന്റെ മുൻപിലത്തെ അമ്മാവിയമ്മ പല എഴുത്തുകൾ അയച്ചതിൽ അയാൾ മകളെ വിട്ടുതരികയില്ലായെന്നും, മുൻപിലത്തെ ഭാര്യയെ താൻ അറിഞ്ഞിട്ടില്ലെന്നും മറ്റും കാണിക്കുന്നു. അതിനു ഞാൻ മറുപടി അയച്ചതിൽ താൻ എന്റെ മകനായി എന്നും ഇരുന്നുകൊള്ളാമെന്നു ഉടമ്പടി ചെയ്താൽ എന്റെ മകളെ തരാം എന്നും, എങ്കിലും ഈ വിവരത്തിനു ഭാര്യയുടെ കുടുംബക്കാർക്കു എഴുത്തയയ്ക്കണമെന്നും കാണിക്കുന്നു. അതിനു മൂന്നാമതു അയാൾ ഇനിക്കു എഴുത്തയച്ചതിൽ ഞാൻ പറയുന്നപ്രകാരം തന്നെ ഇരുന്നുകൊള്ളാമെന്നും മറ്റും കാണിക്കുന്നു. അതിനു ഇങ്ങിനെ ഞാൻ മറുപടി അയച്ചു. തന്നെ എന്റെ മകനായി അംഗീകരിച്ചിരിക്കുന്നു. എന്റെ മകളെ തരാം. ഈ വിവരത്തിനു ബിഷോപ്പു സായിപ്പിനു എഴുത്തയയ്ക്കണം. നിന്റെ സായിപ്പിനോടു വിവരം പറയണം എന്നും മറ്റും തന്നെ. എന്റെ ഈ മുന്നെഴുത്തും സായിപ്പവർകൾ വായിച്ചിരിക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

റോബേർട്ടഗോപാലൻ എന്റെ മകളെ വിവാഹം കഴിപ്പാൻ തക്കവണ്ണം എന്റെ മകനായിരിപ്പാൻ വാഗ്ദത്തം ചെയ്തിരിക്കുന്നതു സായിപ്പവർകൾ അയാളെപ്പറ്റി വിചാരിക്കുന്ന പറിപ്പിക്കുന്ന കാര്യത്തിൽ തടവായിരിക്കുന്നില്ലാ. ഞാൻ തടവു ചെയ്തിട്ടുമില്ലാ. ആരുമില്ലാത്തവർക്കു ഉള്ളവർ ദൈവത്തെ ഓർത്തു സഹായിക്കേണ്ടതും, അതിന്റെ പ്രതിഫലം ദൈവത്തിൽ നിന്നു നിശ്ചയമായി ലഭിക്കുന്നതുമായിരിക്കെ "ഞാൻ ഗോപാലനു വേണ്ടി പ്രയാസപ്പെട്ടു പണം ചിലവാക്കി" എന്നു ഞാൻ കേൾക്കെ കൂടെ വിളിച്ചതു എന്തു സാദ്ധ്യത്തിനായിരിക്കും? ആ നല്ല പ്രവൃത്തിക്കു ഞാൻ ഒരിക്കലും വിരോധിയല്ലാ നിശ്ചയം. രാമാളെപ്പറ്റി സായിപ്പവർകൾക്കു വളരെ പരി

താപമുണ്ട്. ശരി. അങ്ങിനെയുള്ള കായ്ത്തിൽ ഞാൻ അനുഭവക്കാര നാകുന്നു എന്നു സായിപ്പവർകൾ അറിഞ്ഞിരിക്കുമല്ലൊ. അവളുടെ ഗ നസ്ഥതിരിവിന്നായി ഞാനും ഇതാ! പ്രാർത്ഥിക്കുന്നു. നായിപ്പവർകളും പ്രാർത്ഥനെക്കു വിഘ്നം വരുത്തരുതു. അതുമല്ലാ ഞാൻ അവളെ ഭരമേറിരിക്കുന്നു. അവൾ ഒരു സമയം ക്രിസ്ത്യാനിമതം അനുസരിക്കുന്നവക്ഷം ഒരു തക്ക പുരുഷനെക്കൊണ്ടു കല്യാണം കഴിപ്പിക്കാം നിശ്ചയം. എന്തെന്നാൽ ഗോപാലൻ ക്രിസ്തുവിന്നു ജീവിച്ചു എങ്കിലും ഹിന്ദുമതത്തിന്നു മരിച്ചാകുന്നു ഇരിക്കുന്നതു. അവളേയും കൂടെ ക്രിസ്തുവിൽ ജീവിപ്പിച്ചു ഗോപാലനോടു ഇണെക്കാം എന്നുള്ള നിശ്ചയം ഇനിക്കു ഇല്ലാതിരിക്കെ "അല്പം താമസിക്കു, കുറെ കൂടെ ചെല്ലട്ടെ" എന്നു ഞാൻ അയാളോടു പറയുന്നതിനേക്കാൾ "നീ എന്നും വിവാഹം ചെയ്യാതിരിക്കു" എന്നു പറയുന്നതല്ലയൊ യോഗ്യം? വിവാഹത്തിന്നു പ്രായവും മനസ്സും ഉള്ള ഗോപാലനോടു ഞാൻ ഇവ്വണ്ണം പറകയില്ലാ നിശ്ചയം. എന്തെന്നാൽ അപ്പറച്ചിൽ ദൈവവിരോധമൊ അതിനാൽ സായിപ്പവർകൾക്കാകട്ടെ, സഭെക്കാകട്ടെ, എന്റെ കുഡുംബത്തിന്നാകട്ടെ യാതൊരു ദോഷവും ഈ വിവാഹത്താൽ ഉണ്ടാകുന്നതല്ലാ എല്ലാ വാഴ്വുകളുമേ ഉണ്ടാവു നിശ്ചയം. എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

എങ്കിലോ ഒരു കൊല്ലകാലയിൽ ഓണമ്പള്ളി ചെറിയാനൊക്കൊണ്ടു കാപ്പിയുടെ മകൾ അന്നയെ ഞാൻ വിവാഹം ചെയ്തതിനെ ആഴിച്ചു, ആ ചെറിയാന്റെ ഹറജിയേയും, സങ്കടത്തേയും, ദുഃഖത്തെയും കണ്ണുനീരിനേയും ഒട്ടും വിചാരിക്കാതെ മഹാപാതകമായി സ്ത്രീ ചൽലോർഡുഷിപ്പോടു സായിപ്പവർകളുടെ അനുവാദപ്രകാരം മാലേത്തു യോഹന്നാന്റെ മകൻ ഉമ്മനെക്കൊണ്ടു ആ ചെറിയാന്റെ ഭാര്യ അന്നയെ ഇപ്പള്ളിയിൽ വച്ചു രണ്ടു വർഷത്തോളം മുൻപെ രാത്രി യാക്കോബച്ചൻ കൈപിടിപ്പിച്ചതിനെ സഭയെ അസകലം നാറ്റിക്കുന്നതു എന്നു സായിപ്പവർകളെ ഞാൻ അറിയിപ്പിക്കുന്നു. ഇതു തിരക്കിയാൽ അറിയാം.

വിശേഷിച്ചും ഞാൻ സത്യദ്രോഹത്തെ കണ്ടില്ലാ. എങ്കിലും എന്റെ അനുജൻ യാക്കോബു ബോധകർ ഈ കായ്ങ്ങളെ ഒക്കയും സത്യദ്രോഹത്തോടു വിവരം വിവരമായി പറഞ്ഞിട്ടുണ്ടു.

ഞങ്ങളെല്ലാവരുടെയും സലക്കാരത്തോടു കൂടെ എഴുതിക്കൊള്ളുന്നതു വാദശ്രുശ്രൂഷക്കാരൻ.

Kanneet
ര. ശൌയ്യം. ൨൫
മിഥുനം. ൧൦
൭. ജൂൺ. ൧൮ യൂയാരാലിസൻ വിദ്വാൻകുട്ടി.
൧. വാ. ടി. മെഡിൻ



എന്റെ പ്രിയമുള്ള ചാണ്ടി ബോധകർക്ക് എന്റെ
വിശ്വാസപൂർവ്വം ബന്ധനം.

കുഞ്ഞയുടെ വിവാഹത്തെപ്പറ്റി അറിഞ്ഞിരിക്കുമല്ലൊ. ആ വിവാഹത്തിനു താങ്കൾ പ്രത്യേകമായി വരണം. വിശേഷിച്ചും എന്റെ മകൻ യോഹന്നാന്റെ ചെറുപ്രായത്തിലുള്ള കളി തീർന്നു ആയതു കൊണ്ടു കളിയൊക്കയും നിവൃത്തിച്ചു കളയണം. പുരുഷപ്രായം വന്നിരിക്കയാൽ അതിനൊത്തവണ്ണമേ ഇനിമേൽ പ്രവൃത്തിക്കാവു. കളിയൊന്നും വാസ്തവമല്ലെന്നു ഞാൻ പറയുന്നു. മതി. ഒന്നുകൂടെ പറയുന്നു. മതി. ഇനിമേൽ കളിക്കരുതു. എന്തെന്നാൽ പള്ളിക്കൂടം തുറന്നു മഹാദൈവം പഠിപ്പിപ്പാൻ തന്റെ ആസനത്തിന്മേൽ ഇതാ! ഇരിക്കുന്നു. കുഞ്ഞാണ്ടമ്മയോടു കൂടെ അവിടെ ചെല്ലരുതു. മുക്കു ചെത്തിക്കളയും. കണ്ടിക്കു നല്ല അടികൊള്ളും. വെള്ളിക്കരെ പാക്കുന്ന ഭാഗ്യയോടു കൂടെ വേഗത്തിൽ ചെന്നു ചേർന്നുകൊള്ളണം. എന്നു പാദശുശ്രൂഷക്കാരൻ,

കന്നീറ്റിൽനിന്നും
ര. ശൌര്യം. വ.
മിഥുനം ഫസ.
ഫ. വാര. ഫസന്തവ.

യൂയാ. വിടവാൻകുട്ടി.



രാജശ്രീ കുരുവിള സിക്രട്ടറി അവർകൾക്ക്
എന്റെ വിശ്വാസപൂർവ്വം ബന്ധനം.

എന്റെ മകൾ കുഞ്ഞയുടെ വിവാഹകാര്യത്തെക്കുറിച്ചു ഇത്തിമലയിൽ താങ്കൾ വന്നിരുന്നപ്പോൾ ദാനിയേൽ പറഞ്ഞിട്ടുണ്ടല്ലൊ. ആ കുമാരൻ കഴിഞ്ഞ മെയവാഴ്ച ഇവിടെ വന്നു ചേർന്നു. ഇതു ദൈവത്തിന്റെ തുക്കയ്യാകുന്നു എന്നു ഞാൻ അറിഞ്ഞു ഈ മിഥുനമാസം വരെ വരുന്ന വ്യാഴാഴ്ച വിവാഹം നടത്തിപ്പാൻ തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നു. ഇവൾ അച്ചാമ്മയുടെ സഹോദരിയാകുന്നു എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. അതിനാൽ ക്ഷണനേരംകൊണ്ടു ഞാൻ താങ്കളെ ഈ വിവരം തെര്യപ്പെടുത്തിക്കൊള്ളുന്നു. തിരുവനന്തപുരത്തു പോകുംവഴി ഇവിടെ വന്നു കേറി പോകുവാൻ ഇടയാകണം എ

ന്നു അപേക്ഷിക്കുന്നു. ഈ അടിയന്തിരത്തിനു താങ്കൾ സഹായിക്കണം. എന്നു വാദശ്രുശ്രൂഷക്കാരൻ

കന്നീറൽ.
ര. ശൌയ്യം. വ.ഫ
മിഥുനം. ഫറ യൂയോരാലിസൻ വിദ്വാൻകുട്ടി.
ഒ. ജൂൺ. വ.വ
വ. വാര. ടി. ഫനൻ



എന്റെ പ്രിയമുള്ള പഴമ്പള്ളി മാണ്ടി
ബോധകർക്കു എന്റെ വിശ്രുതപ്രബന്ധം.

കൃപയുടെ വിവാഹവാരുന്നിനു താങ്കൾ വരുമെന്നു ഞാൻ വിചാരിച്ചിരുന്നു. ആണിയുടെ സുഖക്കേടുകൊണ്ടു നടപ്പാൻ പ്രയാസം എന്നു കുഞ്ഞു ഇവിടെ വന്നു പറഞ്ഞു. ദൈവകൃപയാൽ വിരുന്നും വിവാഹവും യാതൊരു വിഘ്നവും കൂടാതെ മംഗലമായി നിവൃത്തിച്ചു. ദൈവത്തിനു സ്തോത്രമുണ്ടാകട്ടെ.

ഇതാ! വള്ളിക്കുടം തയാറായിരിക്കുന്നു. പാപ്പിപ്പാനായി ദൈവം തന്റെ ആസനത്തിൽ ഇരുന്നു ഓരോരുത്തരെ പേർചൊല്ലി വിളിക്കുന്നു. എല്ലാവരും ഇണയിണയായി അവിടെ ഹാജരാകണം. അതുകൊണ്ടു താങ്കളുടെ ഇണ കുഞ്ഞാണ്ടമ്മയല്ലാ നിശ്ചയം. താങ്കൾക്കു സദൃശവും അച്ചുമായി മക്കൾ ഏതു ഗർഭപാത്രത്തിൽനിന്നു ജനിച്ചിരിക്കുന്നുവോ, ആ ജീവനാണ്യമത്രെ താങ്കളുടെ ഇണ നിശ്ചയം. കുഞ്ഞാണ്ടമ്മയെ താങ്കളുടെ ഇണയായിട്ടു "ഞാൻ അറിയുന്നില്ലാ" എന്നു ദൈവം പറയുന്നു. ചെറുപ്രായമുള്ള ആ വിധവയെ ഉടയകാർ വേഗം ഒരു പുരുഷനു വിവാഹം കഴിപ്പിച്ചു കൊടുക്കണം അല്ലെങ്കിൽ ദൈവത്തിന്റെ സ്നേഹാഗ്നി കോപാഗ്നിയായി കാണപ്പെട്ടു പോകാം. കാരണം ദൈവം തന്റെ മക്കളെ ഒക്കെയും പാപ്പിപ്പാൻ തുടങ്ങിപ്പോയി. ഞാൻ എന്തു ചെയ്യും? ആകയാൽ ഇനി കളിച്ചുകൂടാ. പാഠിച്ചുകൊള്ളണം. വിപരീതം ചെയ്താൽ അവരവരുടെ വാത്രയ്ക്കു തക്കവണ്ണം ഗുരുശിക്ഷിക്കും നിശ്ചയം. എന്നു ഇതിനാൽ ഞാൻ പ്രസിദ്ധപ്പെടുത്തുന്നു. സിംഹാസനസ്ഥന്റെ വലങ്കയ്യിലുള്ള പുസ്തകം സകലരും വാങ്ങിക്കൊൾവാൻ ഇതാ! അവന്റെ കല്പന പുറപ്പെട്ടു. അതിനെ സന്തോഷത്തോടുകൂടെ വാങ്ങിച്ചു വായിക്കയും കേൾക്കയും അതിൽ എഴുതിയിരിക്കുന്നവയെ പ്രമാണിക്കയും ചെയ്യുന്നവർ ഭാഗ്യവാന്മാർ അല്ലാത്തവർ നിർഭാഗ്യവാന്മാർ നിശ്ചയം. അതുകൊണ്ടു ഇനി താങ്കൾ കുട്ടം കളിച്ചുപോകരുതു. കളിച്ചാൽ വിഷമം വരുംനിശ്ചയം. പിള്ളാർ കളിയിൽ രണ്ടു കൂട്ടികൾ മണവാളനും മണവാട്ടി

യും മറെറാരുത്തൻ പട്ടക്കാരനുമായിചമഞ്ഞു വിവാഹം നടത്തിച്ചാൽ അതു വാസ്തവമെന്നു ഒരു ബുദ്ധിഹീനനും വിചാരിക്കയില്ല. അതുകൊണ്ടു കളിയെ കായ്മെന്നു താങ്കൾ വിചാരിക്കയില്ലല്ലൊ. അങ്ങിനെ വിചാരിച്ചാൽ കായ്മും വനം കളിയെ കൊണ്ടുകളയും. കായ്മും പ്രബലപ്പെട്ടുകയും ചെയ്യും താങ്കളെന്തു ചെയ്യും? താങ്കളുടെ ശരീരത്തിനകം കായ്മായ ഉടയക്കാരിവന്നു ഈ ശരീരം താങ്കളുടെതു ആ ശരീരം എങ്ങനെയുള്ള വാദിക്കുന്ന പക്ഷം ഒരു വിധവ എങ്ങിനെ മദ്ധ്യത്തിൽ നിൽക്കും? എന്റെ ശക്തിയെ മറെറാരുത്തിക്കുഞാൻ ഒരിക്കലും കൊടുക്കുകയില്ലാത്തപ്രകാരം നിനക്കുംതരികയില്ലെന്നു താങ്കൾ പറഞ്ഞാൽ താങ്കൾ ദൈവത്തിനായി ജീവിക്കുന്നതു എങ്ങിനെ? അതുകൊണ്ടു നിങ്ങൾ രണ്ടു പേരും വള്ളിക്രുടത്തിൽ മെന്നു പഠിപ്പിൻ. പഠിപ്പാനുള്ള പാഠം വെളിപാടുപുസ്തകമാകുന്നു എന്നു ഞാൻ ഇതിനു മുൻപെ തന്നെ പറഞ്ഞിട്ടുണ്ടല്ലൊ. വെളിപ്പെട്ട ചില ആദ്യപാഠങ്ങൾ എഴുതി അയച്ചിട്ടുണ്ടു. ശേഷമൊക്കയും വെളിപ്പെട്ട വെളിപ്പെട്ട വരുമ്പോൾ എഴുതി അയക്കയും ചെയ്യാം. എന്നു പാദശുശ്രൂഷക്കാരൻ

കന്നീററി
ര. മംഗളം. ഫാ
മിഥുനം. ൨൯ യൂദാ. വിദ്വാൻകുട്ടി.
൪. ജൂലായി. ഫാ
൨. യാര. ൫. ക്രൂശ്വെ



തോപ്പറത്തു യോസേഫച്ചനു എന്റെ വിശ്വാസ്യപ്രണാമം.

തന്റെ മകളെപ്പററിയും അവളുടെ ഭർത്താവിനെപ്പററിയും ഇനിക്കു വളരെ പരിതാപമുണ്ടെന്നും ഞാൻ ഇടവിടാതെ ഇവരുടെ നന്മെക്കായിട്ടു സ്വർഗ്ഗത്തിനു നേരെ എന്റെ കൈകളെ ഉയർത്തി വരുന്നു എന്നും ഞാൻ തന്നോടു പറയണമെന്നില്ല. ഇവർ സന്തോഷത്തോടു കൂടെ ഒന്നിച്ചു വസിച്ചു ഇവക്കു സന്തതിയുണ്ടായി കാണ്മാൻ തക്കവണ്ണം ഞാൻ വളരെ ആഗ്രഹിക്കുന്നു. ദൈവം ഇടവരുത്തട്ടെ. ദൈവേഷ്ടത്തോടു കൂടിയ എന്റെ ഈ ആഗ്രഹത്തിനു താൻ വേഗം നിവൃത്തി വരുത്തുമെന്നു വിശ്വസിച്ചുകൊണ്ടു എഴുതിയ പാദശുശ്രൂഷക്കാരൻ.

കന്നീററി
ര. മംഗളം. ഫാ
മിഥുനം. ൨൯ യൂദാ. വിദ്വാൻകുട്ടി.
൨. വാ. ൫. ക്രൂശ്വെ



എന്റെ പ്രിയമുള്ള പുത്തേത്തു ചാണ്ടി
ബേധകക്കു എന്റെ വിശുദ്ധചുംബനം.

ഇതാ! പൂവത്തൂർ കുഞ്ഞിനെ ദൈവാലോചനപ്രകാരം താങ്കളുടെ കയ്യിൽ ഭരമേല്പിക്കുന്നു. താങ്കളുടെ ആലോചനപ്രകാരമേ ഇനിമേലാൽ കുഞ്ഞു നടക്കാവു. ഒന്നാമതു കുടുംബകാര്യത്തിൽ ഏല്പെട്ടുന്നതിലും പിന്നീടു ഓരോ കാര്യങ്ങളെ നടത്തിക്കുന്നതിലും ഇന്നപ്രകാരം വേണമെന്നു ആലോചന പറയണം. ദൈവകോപം അഭവിക്കുന്നതിൽനിന്നു മാറുവാനായി ഒന്നാമതു ശുശ്രൂഷ കുടുംബത്തിൽ ആരംഭിക്കണം. എല്ലാവരും അച്ചുവും വെള്ളവും കൈക്കൊള്ളണം. എല്ലാം യോഗ്യമായി ചട്ടം കെട്ടി നടത്തിക്കുമല്ലൊ. എന്നു പാദശുശ്രൂഷക്കാരൻ.

കന്നീററി
ര. മംഗളം ഫ്ര
മിഥുനം. ന്ന
ഒ. ജൂലായി ഫ്ന
ഫ. വാര. ദി. ഫ്നവ്വാ

യൂയോ. വിദ്വാൻകുട്ടി.



എന്റെ പ്രിയമുള്ള ഒററപ്പ്ലാക്കൽ മാത്തുവച്ചനു
എന്റെ വിശുദ്ധചുംബനം.

താങ്കൾ തൽക്കാലം അയച്ച രണ്ടെഴുത്തും വന്നു ചേർന്നു. ഇവിടുത്തെ എല്ലാവിവരങ്ങളും കുഞ്ഞു പറഞ്ഞിട്ടുണ്ടായിരിക്കുമല്ലൊ. അതിനാൽ അവയെപ്പററി ഞാൻ പറയണമെന്നില്ല. എങ്കിലൊ റോബേർട്ടു ഗോപാലനു കൂപയെ കാണ്മാൻ തക്കവണ്ണം കണ്ണു തുറന്നതുപോലെ കൂപയുടെ ഉള്ളിലുള്ള വിലയേറിയ രത്നങ്ങളെ (എന്നു വെച്ചാൽ ഉണർവു സഭയിലെ ഉപദേശങ്ങൾ എന്നു താല്പർയ്യം) കാണ്മാൻ അയാളുടെ കണ്ണു തുറക്കപ്പെടുവാൻ നിങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

വിശേഷിച്ചും മരണത്തിന്റെ ശക്തി എല്ലാവരിൽ നിന്നും ഒഴിഞ്ഞുപോകുവാനും ജീവന്റെ ശക്തി ഉജ്ജ്വലിച്ചു വരുവാനും അയിട്ടു ഞാൻ തുപ്പാദർത്തുങ്കൽ സാഷ്ടാംഗമായി വീണു എന്റെ സങ്കടമാസക

ലം ബോധിപ്പിച്ചിട്ടുണ്ട്. ദൈവം എന്റെ സങ്കടത്തെ കേട്ട താങ്കളുടെ രോഗശക്തിയെ അശേഷം ഇല്ലാതെയാക്കി പൂർണ്ണസ്വസ്ഥതയാകുന്ന ആരോഗ്യത്തെ നൽകും സന്ദേഹമില്ലാ എന്നു ഞാൻ മനഃപൂർവ്വമായി വിശ്വസിക്കുന്നു. ഈ വിശ്വാസത്തിനു വർദ്ധനവു വരുന്നതല്ലാതെ ഒരിക്കലും ക്ഷയം വരികയില്ലാ നിശ്ചയം. എന്തെന്നാൽ ഞാൻ എന്നിലും ഇനിക്കും ഒന്നുമില്ലാത്തവൻ എങ്കിലും ഇനിക്കു ദൈവം സകലവും അവനു ഞാൻ എല്ലാമായും തീർന്നുപോയി. ഈ പരമൈക്യത്തിൽനിന്നു എന്നെ ഒന്നിനും വേർപിരിപ്പാൻ കഴികയില്ലാ എന്നു ഞാൻ അറിയുന്നു. അതിനാൽ ഇനിക്കു എന്താകുന്ന ആവശ്യം അവയെ ഒക്കെയും അതാതു സമയം ദൈവത്തോടു ചോദിച്ചു വാങ്ങിക്കുന്നതാകുന്നു എന്റെ കടമ. എന്റെ ഇക്കടമയിൽ താങ്കൾക്കും പൂർണ്ണ ഓഹരിയുണ്ടെന്നു ഞാൻ പൂർണ്ണതപ്പിയോടു അറിയിക്കുന്നു. നിങ്ങളെല്ലാവരും എന്റെ കയ്യും, കാലും, കണ്ണും മറ്റുമാകുന്നതിനാൽ നിങ്ങൾക്കു വേണ്ടി ഞാൻ സദാ വിചാരപ്പെട്ടുകൊണ്ടിരിക്കും എന്നല്ലാതെ ഒരിക്കലും അടങ്ങിയിരിക്കയില്ലാ എന്നു നിങ്ങൾ അറിഞ്ഞിരിക്കുന്നു. അതുകൊണ്ടു താങ്കളുടെ സകല ആവശ്യത്തെയും പൂർണ്ണവിശ്വാസത്തോടു കൂടെ അതാതു സമയം ദൈവത്തോടു ചോദിക്കണം. അവൻ താങ്കൾക്കു പൂർണ്ണസുഖം തരും നിശ്ചയം. ഇതു പ്രത്യേകവെളിപ്പാടാകുന്ന ഈ വെളിപാടിനെ താങ്കൾ ഇപ്രകാരം നിവൃത്തിക്കണം. കാലത്തും വൈകിട്ടും അപ്പവും വെള്ളവും വെച്ചു ദൈവാരാധന നടത്തി അവയെ ഭക്ഷിച്ചു പാനം ചെയ്യണം. ഒരു ദിവസം ഏഴപ്രാവശ്യം രഹസ്യപ്രാർത്ഥന കഴിക്കണം. ദൈവം നിശ്ചയമായി താങ്കളുടെ അപേക്ഷയെ കേട്ടു പൂർണ്ണസുഖം തരും നിശ്ചയം.

ദൈവം തന്റെ ശക്തിയുള്ള കാഹളത്തെ ഉണർവു സഭയിലുള്ള തന്റെ ദാസന്മാർക്കു കൊടുത്തിരിക്കുന്നതിനാൽ ഊതുവാൻ സമയം ഇതാ! വന്നിരിക്കുന്നു. ആ കാഹളം ഇന്നതാകുന്നു എന്നു കുഞ്ഞിനോടു ഞാൻ പറഞ്ഞിട്ടുണ്ടു. ഈ വിവാഹം മുതൽ ദൈവം തന്റെ ദാസന്മാരെ കാഹളം ഊതുവാൻ അയെച്ചും ഇരിക്കുന്നു. റോബേർട്ട് ഗോപാലനു ജയദേവനെന്നും കൃപയ്ക്കു പത്മദേവി എന്നതിനുള്ള പത്മാവതി എന്നും നാമം കൊടുത്തിരിക്കുന്നു. ഇവർ മാതാപിതാക്കന്മാർക്കുള്ള വന്ദനത്തെ നിങ്ങൾക്കെല്ലാവർക്കും ഇതിനോടു കൂടെ അയെക്കുന്നു. എന്നു പാദശുശ്രൂഷക്കാരൻ.

കുന്നിററി
ര. മംഗളം. ഫ്ര
കൽക്ക. വ.ഫ
ഒ. ജ്ഞായി. ഫന്ന
വ. വാ. ടി. ഫന്നവന്ന

യേശു. വിദ്യാൻ കുട്ടി.



രാജശ്രീ മലയാളമിത്രം പത്രാധിപർ
അവർകൾക്ക് എന്റെ താഴ്മയുള്ള വന്ദനം.

താങ്കളുടെ മാന്യമായ പത്രത്തിൽ ഈ സംഗതി ക്രമേ ചേർത്തു കൊൾവാൻ അപേക്ഷിക്കുന്നു.

ഈ ലോകത്തിലുള്ള ഓരോ മാർഗ്ഗക്കാർക്കും ദൈവാരാധന നടത്തുവാൻ അതാതു മാർഗ്ഗപ്രകാരം വെവ്വേറെ ദൈവാലയങ്ങളുണ്ട്. ഹിന്ദുക്കൾക്ക് ക്ഷേത്രം, മഹമ്മദീയർക്ക് മോസ്ക്കോ, ക്രിസ്ത്യാനികൾക്ക് പള്ളി, യൂദർക്ക് സുന്നഗോഗ്, ഇവ മുതലായവ തന്നെ. ക്രിസ്ത്യാനിമാർഗ്ഗം മറ്റു സകല മാർഗ്ഗങ്ങളെക്കാൾ ശ്രേഷ്ഠമായിരിക്കുന്നപ്രകാരം ക്രിസ്ത്യാനികൾക്ക് എന്നു വെച്ചാൽ പ്രോത്തസ്താന്തക്കാർക്കുള്ള പള്ളി മറ്റു മാർഗ്ഗക്കാർക്കുള്ള ദേവാലയത്തെക്കാൾ ശ്രേഷ്ഠമായിരിക്കുന്നു. മല്ലോ. ദൈവാലയത്തിന്റെ ശ്രേഷ്ഠത മരവും, കല്ലും, കുമ്മായവും, പഞ്ചലോഹവും അല്ലെന്നു ഏവർക്കും അറിയാകുന്ന കാര്യമത്രെ. പിന്നെ ആ ശ്രേഷ്ഠത എന്തെന്നു ചോദിക്കുന്ന പക്ഷം സകല ജാതിക്കാർക്കും പ്രാർത്ഥനാലയം ആക എന്നുള്ളതത്രെ ദൈവാലയത്തിന്റെ ശ്രേഷ്ഠത എന്നാകുന്നു ഉത്തരം. ഓരോ മാർഗ്ഗക്കാരും ദൈവാലയം ഉണ്ടാക്കിയിരിക്കുന്നതു തങ്ങളുടെ മാർഗ്ഗപ്രകാരം ദൈവാരാധന നടത്തേണ്ടുന്നതിനാകുന്നു എന്നല്ലാതെ സർവ്വ മാർഗ്ഗക്കാർക്കും അതാതു മാർഗ്ഗത്തിൽപടി ദൈവാരാധന നടത്തുവാൻ തക്ക വിധത്തിൽ ഒരു പൊതുവായ ദൈവാലയം ഏതുമാർഗ്ഗക്കാരും പ്രതിഷ്ഠിച്ചിട്ടില്ലെന്നു എതുമയാ സ്പഷ്ടം. പദ്മനാഭസ്വാമിയുടെ ക്ഷേത്രത്തിലെ ഒറക്കൽ മണ്ഡപത്തിൽ കേറി ഒരു കുർബാന നടത്തണം എന്നു ഒരു പാതിരി വിചാരിച്ചാൽ ഏതുപ്രകാരം അതു അസാദ്ധ്യമോ അതേപ്രകാരം പള്ളിക്കുള്ളിൽ വെസുരിക്കകത്തു തൊപ്പിസ്സോസിൽ ഒരു ശിവപൂജ നടത്തണമെന്നു ഒരു ബ്രാഹ്മണൻ വിചാരിച്ചാൽ അതും അസാദ്ധ്യമാകുന്നു പള്ളിയിൽ സകലർക്കും കേറാം. ക്ഷേത്രത്തിൽ വഹ്യാ എന്നു പറയുമായിരിക്കും ശരി. അവരവരുടെ മാർഗ്ഗപ്രകാരം ദൈവത്തെ നോക്കി പ്രാർത്ഥിപ്പാൻ അനുവാദം ഇല്ലാത്ത പള്ളിയിൽ സകലരും കേറിയതു കൊണ്ടു പള്ളിക്കു വന്ന ശ്രേഷ്ഠത എന്തു? ക്ഷേത്രത്തിൽ കേറാത്തതു കൊണ്ടു അതിനു വന്ന നികൃഷ്ടത എന്തു? രണ്ടും ഒരു പോലെ ഇരിക്കുന്നു. എന്നാൽ ദൈവത്തിനു ഒരു മഹാദൈവാലയം ഉണ്ടു. അതു ആകാശവും ഭൂമിയുമത്രെ. ഇതിൽ എല്ലാവർക്കും അവരവരുടെ മാർഗ്ഗപ്രകാരം ദൈവത്തെ നോക്കി വിളിക്കാം, എന്നുള്ളതു എത്ര നിശ്ചയം. ആർക്കും വിരോധിപ്പാൻ കഴികയില്ലാ. ഈ സ്ഥിതിയിൽ പ്രോത്തസ്താന്തപള്ളി സകലർക്കും പ്രത്യക്ഷപ്പെടുത്തിയാൽ അവർ പ്രസംഗിക്കുന്ന ക്രി

സ്ത്രീനിമിത്തം സകല മനുഷ്യത്തെക്കാൾ ശ്രേഷ്ഠമെന്നു ഞാൻ പറയും സമ്മതിക്കുന്നതെങ്ങനെ? സകല മനുഷ്യരാലും ദൈവസന്നിധിയിൽ മടങ്ങും സകല നാവും ദേശ്രുക്രിസ്തൻ കർത്താവെന്നു അനുസരിച്ചു പറയും എന്നുണ്ടല്ലൊ.

കന്നിറ്റി എന്നു ഒരു ആറുവർഷക്കാരൻവിദ്യാൻകുട്ടി
കവുവ്വ് ജൂലാ. കസ



എന്റെ പ്രിയമുള്ള പൊടിമല തോമ്മാച്ചനും ഭാര്യക്കും
എന്റെ വിശുദ്ധചുംബനം.

നിങ്ങൾ കൊടുത്തയച്ചെഴുത്തു വായിച്ചു നിങ്ങൾക്കു തൽക്കാലം സംഭവിച്ചിട്ടുള്ള ശരീര സുഖക്കേടിനും മറ്റുള്ള പരീക്ഷകൾക്കുമായി ഞാൻ ദൈവത്തോടു അപേക്ഷിച്ചു. നിങ്ങൾക്കു പൂർണ്ണ വിശ്വാസത്തെ അവൻ നൽകട്ടെ. ഞാൻ നിങ്ങളോടു അപേക്ഷിച്ചും കരഞ്ഞും കൊണ്ടു എഴുതുന്നു. കാലത്തും വൈകിട്ടും ക്രമപ്രകാരം അപ്പവും വെള്ളവും വെച്ചു നടത്തുന്നു. ദൈവാരാധനയെ നിങ്ങൾ ഉപേക്ഷിക്കരുതേ. അതിനെ നിങ്ങൾ വെറുക്കരുതേ. അതിനെ നിങ്ങൾ ധിക്കരിക്കരുതേ. അതിനെ നിങ്ങൾ പഴിച്ചുപറയരുതേ. വീണ്ടും അതിനെ കൈക്കൊള്ളുവിൻ. വീണ്ടും അതിനോടു ചേരുവിൻ. വീണ്ടും അതിനെ ആചരിപ്പിൻ. വീണ്ടും അതിൽ സന്തോഷിപ്പിൻ. അതു നിങ്ങൾക്കു സകലവുമാകുന്നു. അതു ഭാര്യക്കു ഭർത്താവും, ഭർത്താവിനു ഭാര്യയും, മാതാപിതാക്കന്മാർക്കു മക്കളും, മക്കൾക്കു മാതാപിതാക്കന്മാരും, കുടുംബത്തിനു അതിലുള്ളവരും, കുടുംബത്തിലുള്ളവർക്കു കുടുംബവും, സന്തോഷവും, കിരീടവും, മഹത്വവും, ആരോഗ്യവും, നിത്യജീവനും ആകുന്നതു മാത്രമല്ല.; ദൈവത്തിന്റെ മക്കൾക്കു അവൻ നൽകുന്ന എന്നേക്കുമുള്ള പ്രതിഫലവും, വിശുദ്ധിനും അവന്റെ ദൂതന്മാർക്കും എന്നേക്കുമുള്ള ശിക്ഷയെ നൽകുന്നതുമാകുന്നു. അതത്രെ ജാതികൾക്കുള്ള ആരോഗ്യം. അതത്രെ ജനങ്ങൾക്കുള്ള നിത്യശക്തി.

നിങ്ങളെ മറ്റുള്ളവർ പഴിച്ചു പറയുന്നതിൽ നിങ്ങൾക്കു വൈരാഗ്യം തോന്നരുതേ. പ്രതികാരചിന്ത ഒരിക്കലും ഉണ്ടാകരുതേ. നിങ്ങൾ അവരെ അനുഗ്രഹിപ്പിൻ. ഒരിക്കലും ശപിക്കരുതേ. നിങ്ങൾ സകലത്തിലും സന്തോഷിപ്പിൻ. ദൈവം നിങ്ങളോടു കൂടെയുണ്ടു. ഒരു ദോഷവും നിങ്ങൾക്കു വരികയില്ലാ, നിശ്ചയം.

നിങ്ങൾക്കു ദീർഘദർശനം ഉണ്ടാകുമ്പോൾ അതിന്റെ സാരം എന്തെന്നു ശോധന ചെയ്യിൻ. ആ സാരത്തെ ആചരിപ്പാൻ മറ്റുള്ളവരോടും പറവിൻ. ആത്മാവിനാലും വായാലും ദൈവസംസർഗ്ഗം ചെയ്യുമ്പോലെ, ആത്മാവിനാലും വായാലും പാടുവിൻ. എന്നു വച്ചാൽ

ആത്മാവുകൊണ്ടും ബുദ്ധികൊണ്ടും പാടുവിൻ. ആത്മാവിനാൽ മാത്രം അല്ലെങ്കിൽ ബുദ്ധിയാൽ മാത്രം പാടരുത് എന്നു താല്പര്യം. വിശേഷിച്ചും പാട്ടിന്നതിനെ ഒരു ഓലയിൽ കുറിച്ചു കൊൾവിൻ. പാട്ടിന്നു താളവും ശ്രുതിയും രാഗവും ഒത്തിരിക്കണം. അർത്ഥം ഒത്തിരിക്കണം പ്രാസം ഒത്തിരിക്കണം. ഈണം അല്ലെങ്കിൽ മട്ടു ഒത്തിരിക്കണം. ദൈവരഹസ്യങ്ങളെ തെളിയിപ്പിക്കണം. ഈ വിധത്തുകലാകുന്ന ഇനിപ്പാടേണ്ടുന്നതു. ശിശുക്കൾ പാട്ടിന്നതുപോലെ ഇനിപ്പാടരുതു. ശിശുക്കൾ നൃത്തനം ചെയ്യുന്നതു പോലെ ഇനി ചെയ്യരുതു. എന്തെന്നാൽ നിങ്ങൾക്കു ബാല്യപ്രായം കഴിഞ്ഞു പോയി പ്രൌഢമനുഷ്യർക്കൊത്ത വണ്ണം ദൈവം നിങ്ങളെ വിചാരിക്കുന്നു. ഇനി നിങ്ങൾ ശിശുക്കളായിരിക്കുമോ? അരുതു.

കുഞ്ഞാണ്ടമ്മയെ സംബന്ധിച്ചു ഞാൻ ബോധകക്കു എഴുതീട്ടുള്ളതിനാൽ അതിനെ സംബന്ധിച്ചു നിങ്ങൾ തമ്മിൽ വാഗ്വാദം ചെയ്യരുതു. എല്ലാം യുക്തമായും ക്രമമായും നടത്തിക്കപ്പെടണം.

ഈ എഴുത്തു സഭയിൽ വായിക്കപ്പെടുവാൻ ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. ദൈവം നിങ്ങളെ സകല ആപത്തിൽ നിന്നും കാത്തു സൂക്ഷിക്കട്ടെ. വേണ്ട ബുദ്ധിയേയും ജ്ഞാനത്തേയും നിങ്ങൾക്കു നൽകട്ടെ. നിങ്ങളുടെ സഹോദരി കുമ്പനാട്ടു കുഞ്ഞച്ചന്റെ ഭാര്യയേയും ഇതു വായിച്ചു കേൾപ്പിക്കണം. നിങ്ങൾ രണ്ടുപേർക്കും എന്റെ സ്നേഹവും പ്രിയവുമുള്ള വാഴ്വു. മരിച്ചുപോയ ആ കുഞ്ഞിനെപ്പറ്റി ഇനിക്കു വളരെ പരിതാപമുണ്ടു. എന്നു പറയണം. നിങ്ങളുടെ ഭർത്താക്കന്മാർക്കും, കുഞ്ഞുങ്ങൾക്കും, സഹോദരസഹോദരിമാർക്കും, മാതാപിതാക്കന്മാർക്കും നിങ്ങൾ കടക്കാരാകയാൽ മരണസങ്കടങ്ങൾ അവർക്കു വരാതെ ഇരിപ്പാൻ വേണ്ടി ദൈവത്തോടു പ്രാർത്ഥിപ്പിൻ

കന്നീറ്റി

ര. മംഗളം ഹൻ

,, കർത്തനു എന്നു പാദശുശ്രൂഷക്കാരൻ യുയാ. വിദ്വാൻകുട്ടി

ഇ. ജൂലാ. ൨൦

വ. വാ. ദി ഹനുവരെ



എന്റെ പ്രിയമുള്ള പുത്തേത്തു ചാണ്ടിബോധകക്കു
എന്റെ വിശുദ്ധചുംബനം.

പൊടിമല തോമ്മാച്ചന്റെ ഭാര്യ ഇനിക്കു ഒരു എഴുത്തയച്ചു കഴിഞ്ഞ ശനിയാഴ്ചയാണു കിട്ടിയതു. തിങ്കളാഴ്ച മറുപടി അയച്ചു. തോമ്മാച്ചനു വളരെ അവശതയുണ്ടെന്നും, കുഞ്ഞുങ്ങൾക്കും എല്ലാവർക്കും തന്നെ ആകപ്പാടെ നല്ല സുഖമില്ലെന്നും, അപ്പവെള്ളിങ്ങളുടെ ശുശ്രൂ

ഷ ആരംഭിപ്പാൻ വെളിപ്പെട്ടിരിക്കുന്നു എന്നും, മറ്റുമുള്ള ഓരോ പരീക്ഷകൾ ഉണ്ടെന്നും, മറ്റും തന്നെ. മുമ്പടി അയച്ചതിൽ ആ എഴുത്തു സഭയിൽ പ്രസിദ്ധപ്പെടുത്തണം എന്നു എഴുതീട്ടുണ്ട്.

വിശേഷിച്ചും കേലിനായ്പ ഈ ചാക്കോ പാതിരി മൂലം രാമസ്വാമിയാട്ടി ഓരോ ഭേഷജം പ്രയോഗിച്ചുവരുന്നു. ഇപ്പാതിരി തനിക്കു വന്ന കേലിസുഖത്തിന്റെ ഒരു എഴുത്തു രാമസ്വാമിക്കു കാണിച്ചു. അതിൽ സമുവേൽ കുട്ടിയേ കണ്ടാൽ വേഗം കോട്ടയത്തു വരാൻ പറയണം എന്നും കാണായ്കിൽ ആ എഴുത്തയെക്കണമെന്നും എഴുതിയിരിക്കുന്നു. ഈ വിവരം രാമസ്വാമി എന്നോടു പറഞ്ഞു. "ഇതു കേലിയുടെ ഭേഷജമാണ്" എന്നും "സമുവേൽ ബോധകരുടെ എഴുത്തു തനിക്കു വരുത്തിത്തരാം" എന്നും ഞാൻ പറഞ്ഞു. അതുകൊണ്ടു ഇംഗ്ലീഷിൽ ഒരെഴുത്തു രാമസ്വാമിക്കു അയയ്ക്കണം. മറ്റൊരു ഭേഷജം രാജാളെക്കൊണ്ടു ആവലാധി വെപ്പിച്ചു ഈയാൾക്കു വാറണ്ടു പ്പാൻ ഇരിക്കുന്നു എന്നും വേറൊന്നു ഭാര്യ പ്രോത്സുഖിന്നും ഭർത്താവു രോമായും ആയിരിക്കുംപ്രകാരം ഭാര്യ ആറുവർഷസഭയിലും രാമസ്വാമി പ്രോത്തസ്സുന്തുപള്ളിയിലും ആയിരിക്കണം എന്നും അത്രേ. ഇതുപോലെ വളരെയുണ്ട്. ഈയാളുടെ കണ്ണു വേഗം തുറക്കപ്പെടുവാൻ നിങ്ങളെല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണം.

സാത്താന്റെ സകല കോട്ടകളും ഇടിഞ്ഞുവീഴുവാൻ തക്കവണ്ണം ഉണർവുസഭയുടെ ഉള്ളിൽ നിന്നു ശുശ്രൂഷക്കാർ മൂലം ഐക്യത്തമാവു ഉളവുവാൻ ആരംഭിച്ചിരിക്കയാൽ നിങ്ങൾ ഒന്നുകൊണ്ടും ഭയപ്പെടരുതു. നിങ്ങൾ ഉണർവുസഭയുടെ ഉപദേശമാകുന്ന ദേവകാഹളം ഊതിയാൽ മതി. ദൈവം തന്റെ ഇഷ്ടത്തെ നിങ്ങളെക്കൊണ്ടു നിവൃത്തിക്കും.

വിശേഷിച്ചും കൊമുക്കുഞ്ഞിന്റെ മനസ്സു ക്ഷീണിക്കാതവണ്ണം ദൈവത്തിൽ ആശവെച്ചു ഉറപ്പോടെ പ്രാർത്ഥിക്കണം

ഇതേപ്രകാരം തന്നെ പൂവത്തൂർ കുഞ്ഞിന്റെ പ്രാർത്ഥനയും വേണ്ടുന്നതു. ദൈവം എന്റെ അഗ്രഹത്തെ നിശ്ചയമായി നിവൃത്തിക്കും എന്നു ഞാൻ ഉറപ്പായിവിശ്വസിക്കുന്നു. എന്നു പാദശുശ്രൂഷക്കാരൻ

കൊനീറി
ര. മംഗളം. വ.ഫ
., കക്കു. വ
ഒ. ജൂലാ. വ.വ
വ. വ. ദി. ഫ്രുവ്വൻ

യൂയാ. വിദ്വാൻ കുട്ടി.

My dear son

രാമസ്വാമിക്കു.

ഇന്നലെ പറഞ്ഞ കാര്യത്തെക്കുറിച്ചു ആലോചിച്ചാറെ ദൈവാനുഗ്രഹം ഉണ്ടായിട്ടുള്ള തീരുമാനത്തെ ഈ എഴുത്തുമൂലം തെരിയപ്പെടുത്തുന്നു. വണ്ണാനേപ്പോലെ നീയെന്റെ ജീവന്റെ ശക്തിയാകുന്നു. എന്റെ മടിയിൽ ദൈവം ഇന്നിക്കുന്നിട്ടുള്ള നിന്നെ കാണാതെ ഞാൻ എങ്ങിനെ ജീവിക്കും? ഫ്രവയസ്സു മുതൽ ഫ്രഃ വർഷം വ്യാസന്റെ പള്ളിക്കൂടത്തിലും ഉ൪ വയസ്സു മുതൽ ഫ്രഃ വർഷം പ്രോസിന്റെ പള്ളിക്കൂടത്തിലും നൂൻ വയസ്സു മുതൽ ഈ പത്തു വർഷമായി പരമയോഹനാന്റെ പള്ളിക്കൂടത്തിലും ഞാൻ പഠിച്ചു. ഇപ്പോഴും പഠിച്ചുവരുന്നു. ഈ ആണ്ടിൽ എന്റെ ചിലവിന്നു ഫ്രഃ൦൦ രൂപാ വരെ കിട്ടിയും ഇരിക്കുന്നു. ത്രിയേകദൈവമായ സ്നേഹാത്മാവെ മനുഷ്യർക്കു വിവരമായി കാണിച്ചു അവരെ ദൈവത്തോടു സംയോജിപ്പിക്കുന്നതാകുന്നു എന്റെ വേല. എന്റെ ഈ വേലയിൽ നിന്നെ ആക്കണം എന്നാകുന്നു എന്റെ ആഗ്രഹവും ദൈവത്തോടു എന്റെ അപേക്ഷയും. ഈ സംഗതിക്കു നീ ഇന്നലെ പറഞ്ഞ കാര്യം ഉപയോഗമായി വരുമെന്നു ഞാൻ വിശ്വസിക്കുന്നു. എങ്കിലോ നീ തൽക്കാലം ഏഴു രൂപാസ്സു മേൽ ഫ്രഃ രൂപാസ്സു അകം ശമ്പളമുള്ള ഒരു വേലയിൽ ആകണം. പിന്നീടു ക്രമത്തിൽ പ്രമോഷ്യൻ വന്നുകൊള്ളും. അല്ലാതെ തൽക്കാലം തന്നെ ശമ്പളം കൂട്ടുന്നതായുള്ള വേലയിൽ നീ ഏർപ്പെടരുതു. അങ്ങിനെ ആയാൽ വളരെ വിഷമങ്ങൾ വരും. നിനക്കു വേല ഈ പ്രവൃത്തിയിൽ ആയിരിക്കണം. കൊല്ലത്തോ തിരുവനന്തപുരത്തോ നീ തൽക്കാലം പഠിപ്പാൻ പോകരുതു. നമാസം കഴിഞ്ഞു പോകാം. തൽക്കാലം ഇവിടെ പറിച്ചാൽ മതി.

കന്നീറ്റ

രമംഗളം സ്മ

" കക്കു. ഫ്രവ എന്നു പാദസ്പൃശ്യകാരൻ യുയോ. വിദ്വാൻകുട്ടി

ഒ ഓഗ. ഫ

വ. യാ. ദി. മത്തൻ

രാജശ്രീ ഗോവാലയൻ അവർകൾക്കു സലാം.

ഞാൻ ഇതിന്നു മുൻപിൽ താങ്കളെ കണ്ടിരിക്കും. എങ്കിലും ഓർക്കുന്നില്ല. താങ്കളുടെ മുഖം കണ്ടാൽ പക്ഷേ ഓർമ്മയായിരിക്കാം. എന്റെ ജനനം മഞ്ഞപ്പുറ ഗ്രാമത്തിലാകുന്നു. ഞാൻ പാണ്ടിസുബ്ബയ്യ

ന്റെ പൌത്രനും വെങ്കിടേശ്വരഭാഗവതരുടെ മകനുമാകുന്നു. എ
ന്റെ അമ്മയുടെ പിതാമഹൻ അനന്തനാരായണജോത്സ്യരുടെ പി
താവു രാമജോത്സ്യരാകുന്നു. അമ്മയുടെ പേർ മീനാക്ഷിയാകുന്നു.
അമ്മയുടെ ചിത്തപ്പാവായ അനന്തനാരായണജ്യോത്സ്യരുടെ മകൾ
അമ്മാളു എന്ന ഇളയമ്മയെ ആണു പെരുമനംചെടംബരവാദ്ധ്യാർ
വിവാഹം ചെയ്തിരിക്കുന്നതു.. എന്റെ പിതാമഹി അണ്ണാസ്വാമി ഭാ
ഗവതരുടെ അനുജന്റെ മകളാകുന്നു. ആ ഭാഗവതരുടെ പൌത്രന
ത്രേ വെങ്കടാദ്രിഭാഗവതർ. വെങ്കടാദ്രി ഭാഗവതരുടെ ജ്യേഷ്ഠൻ രാ
മയ്യൻ എന്റെ അത്തയെ വിവാഹം കഴിച്ചു. അത്ത മരിച്ചുപോയി.
എന്റെ പെരിയപ്പാവിന്റെ കുടുംബം മണ്ണാരിലാകുന്നു. എന്റെ അ
മ്മയ്ക്കു രണ്ടു സഹോദരിമാരുണ്ടു. ഒന്നു മഞ്ഞപ്പുറയിലും ഒന്നു പുതു
ക്കോട്ടിലുമാകുന്നു. എന്റെ ബന്ധുക്കളും സംബന്ധികളും മഞ്ഞപ്പുറ
യിലും പുതുക്കോട്ടിലും ശ്രീനിവാരദമംഗലത്തും ആയക്കോട്ടിലും ആയി
ട്ടു വളരെയുണ്ടു. എന്റെ അമ്മ ഇപ്പോഴും ജീവിച്ചിരിക്കുന്നു. അവ
രെ അറിയാത്തവർ ആ സ്ഥലങ്ങളിൽ ചുരുക്കം ആളുകൾ കാണുമോ?
സംശയം. അമ്മെക്കു നാല്പ വയസ്സുണ്ടു. ഇനിക്കു 8ം വയസ്സുണ്ടു. ഞാൻ
കടിഞ്ഞൂൽപുത്രനത്രേ. അനുജന്മാർ അഞ്ചു പേർ. അതിൽ ഒരാൾ
മരിച്ചുപോയി. ശേഷം ൪ പേരുമുണ്ടു. എന്റെ വിവാഹം പടനായ
ർകുളങ്ങരെ ആകുന്നു. ചാമുവയ്യന്റെ മകളുടെ മകളും അനന്തുവയ്യ
ന്റെ മകന്റെ മകളും ആകുന്നു. എന്റെ ഭാര്യക്കു സീതയെന്നാകു
ന്നു പേർ. എന്റെ പേർ രാമനെന്നത്രേ. വിദ്വാൻകുട്ടിയെന്നു സാ
ധാരണമായി പറഞ്ഞുവരുന്നു. പ്രശ്നം വെപ്പാനും ജാതകം എഴു
ത്തുവാനും മുഹൂർത്തം പറവാനും പഠിച്ചിട്ടുണ്ടായിരുന്നു. കാവ്യം ചംബുമു
തലായതു ഞാൻപഠിച്ചിട്ടുണ്ടു. ഇനിക്കു ൪ ആണും രണ്ടു പെണ്ണും ഉണ്ടു.

വിശേഷിച്ചും എന്റെ മകളെ ഒരു ബ്രാഹ്മണക്കുട്ടിക്കായിട്ടു കൊടു
ക്കണം എന്നുള്ള നിശ്ചയത്തോടും കൂടെ രണ്ടു വർഷത്തിനു മുൻപെ
ഞാൻ തൈവത്തിൽ ഭരമേല്പിച്ചിരുന്നു. ആ സമയത്തു തന്നെയാണു
താങ്കളുടെ മകൻ ക്രിസ്ത്യാനിമാർഗ്ഗം അനുസരിച്ചതു. തൈവം എ
ന്റെ അപേക്ഷയെ കേട്ടു അവനെ എന്റെ മകനായിട്ടും എന്റെ
മകൾക്കു ഭർത്താവായിട്ടും തന്നിരിക്കുന്നു എന്നുള്ള നല്ല വർത്തമാനത്തെ
ഞാൻ താങ്കൾക്കു അറിയിക്കുന്നു. താങ്കളുടെ മകൻ അപ്പു ഇനിക്കു മ
കനായതും മരുമകനായതും തന്നെ ഞങ്ങൾ വന്നിച്ചുവരുന്ന തൈവം
സാക്ഷാൽ തൈവമെന്നുള്ളതിനു തക്ക സാക്ഷി. ഞാൻ എന്റെ സാ
ക്ഷാലുള്ള മകളെപ്പോലെ രാമസ്വാമിയെ കാണുന്നതിനാൽ അവ
നോടുള്ള സ്നേഹം താങ്കൾക്കു ഒരുവേള ക്ഷയിച്ചുപോകും. ഇനിക്കു ഒ
രിക്കലും ക്ഷയിക്കയില്ലാ നിശ്ചയം.

ഇനിക്കു പ്രത്യേകം തൈവസമ്പത്താകുന്നു. ലോകസമ്പത്തിൽ ഞാ
ൻ വളരെ കുറവുള്ളവനാകുന്നു. എങ്കിലൊ ഞാൻ ഒന്നുമില്ലാത്തവന

ല്ല. ഇനിക്കു ഒരു വർഷത്തിൽ ഉദ്ദേശം ആയിരം രൂപാവരെ ചില വുണ്ടു. അതുയും ഇനിക്കുള്ള ജനങ്ങളിൽനിന്നു കിട്ടിവരുന്നു. അവക്കു ള്ള പുരോഹിതവേലയാകുന്നു ഇനിക്കു. കൊല്ലം മുതൽ കോട്ടയം വ രെയും ഉദ്ദേശം നാഠമയിൽ നീളവും ഠഠ മയിൽ വീതിയുമുള്ള സ്ഥ ലത്തു ഇനിക്കു സഞ്ചാരമുണ്ടു. എന്റെ ജനങ്ങൾ അവിടവിടെ പാ ർത്തുവരുന്നു. ഉദ്ദേശം രണ്ടായിരം ജനങ്ങളുണ്ടു. അവരെ ഞാൻ ബ്രാ ഹ്മണരാക്കി വരുന്നു. അവർക്കു മത്സ്യമാംസവും മദ്യസേവയുമില്ല. വൃ ത്തി ബ്രാഹ്മണരെപ്പോലെ ഇരിക്കണം എന്നു ചട്ടംകെട്ടി വരുന്നു. വ സ്ത്രമല്ലാതെ ആഭരണം ഒന്നും ഇട്ടുകൂടാ എന്നു ചട്ടം കെട്ടി വരുന്നു. കാലത്തും വൈകിട്ടും ദൈവാരാധനയുണ്ടു. സംഗീതമുണ്ടു. പുത്രൻ ഖങ്കളുവു എന്നാണു എന്റെ മഠത്തിന്റെ പേർ. രായന്മാരുടെ ഉട്ട പ്പാണു എന്റെ മകനും ഭായ്യയും ഉടുക്കുന്നതു. ഞങ്ങൾ ദൈവജനങ്ങള ത്രെ. ദൈവത്തെ കാണിക്കുന്നതാണു ഞങ്ങളുടെ വേല. ഞങ്ങൾ ആ രേയും ദ്വേഷിക്കയില്ല. നിങ്ങളെ എല്ലാവരേയും കാണ്മാൻ ഞങ്ങൾക്കു വളരെ കൊതിയുണ്ടു. നിങ്ങൾ നിങ്ങളുടെ ജാതി ധർമ്മത്തിൽ ഇരി ക്കുന്നതുകൊണ്ടു പക്ഷെ ഞങ്ങളോടു വെറുപ്പുതോന്നാം. ഹരിഹരയ്യ ന്റെ മകൾ രാമാളെപ്പറ്റി ഇനിക്കു വളരെ പരിതാപമുണ്ടു. എങ്കി ലും ഞാൻ എന്തു ചെയ്യും? ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്ര ഹിക്കട്ടെ. രാമസ്വാമിയുടെ അമ്മയായ ഞങ്ങളുടെ സഹോദരിയെ യും ദുഃഖിക്കരുതു എന്നു താങ്കൾ പറയണം. എഴുതുവാൻ വളരെയുണ്ടു. ഇപ്പോൾ നിറുത്തുന്നു.

കന്നീററിനിന്നും എന്നു വിദ്വാൻകുട്ടി

ഫാന്സ. കന്നി. സന്ന-

കന്നീററി പൊതുജനകൈക്യതയോടു ചേർന്നു സകല യോഗക്കാരും എന്റെ വിശുദ്ധ ഗുണം.

ഈ മാസം ഫവന്ന- വെള്ളിയാഴ്ച ആണ്ടുപിറപ്പാകയാൽ സന്ന- ഞായറാഴ്ച അതായതു സ്ഥലങ്ങളിൽ സകലരും ഒന്നായി ചേർന്നു ദൈവാ രാധന നടത്തുകയും പതിവിൻപ്രകാരം ദശാംശങ്ങളെ ദൈവത്തുക യ്യിൽ ഹോമബലിയായി നൽകുകയും ചെയ്യേണ്ടുന്നതാകുന്നു എന്നു ഈ തിനാൽ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. എന്നുപാദശുശ്രൂഷക്കാരൻ

കന്നീററി
ര. ന്യൂതം. ഫവ
ഒ. കന്നി. ൻ യൂയോ: വിദ്വാൻകുട്ടി
,, സെക്കും. ഫവ
ഫ. വാ. ദി. ഫരുഫവ

എന്റെ പ്രിയമുള്ള കിഴക്കെ ഡിവിഷ്യൻ ദൈവശുശ്രൂഷക്കാർക്ക്
എന്റെ വിശുദ്ധ ചുംബനം.

വെളിപ്പാട് 3-ാം അദ്ധ്യായത്തിൽ കാണിച്ചിരിക്കുന്ന സിംഹാസന സ്ഥന്റെ വലങ്കയ്യിലുള്ള മുദ്രയിടപ്പെട്ട പുസ്തകത്തെ മഹാ ശക്തിയുള്ളോരു ദൂതനായ ഒരു മഹമ്മദീയന്റെ കയ്യിൽ ക്രിസ്ത്യാനിസമൂഹമാകുന്ന വൃക്ഷത്തെ അശേഷം മുറിച്ചുകളവാൻ തക്കവണ്ണം കഠോരകഠാരമായി വഹിച്ചിരിക്കുന്നതിനെ അല്പദിവസം മുൻപെ ഞാൻ കണ്ടു. ത്രിയേകദൈവമായ സ്നേഹാത്മാവിന്റെ അനുവാദപ്രകാരം ഞാൻ അതിനെ അവന്റെ കയ്യിൽനിന്നു വാങ്ങിച്ചുകൊണ്ടു അതിന്റെ മുദ്രകളെ ഓരോന്നായി പൊട്ടിച്ചു വായിക്കുന്നതിനാൽ ആ ഭയങ്കരവേലയിലാകുന്ന ഞാൻ ഇപ്പോൾ ഇരിക്കുന്നു. ഇതിനെ നിവൃത്തിച്ചശേഷം ഞാൻ നിങ്ങളുടെ അടുക്കൽ വരുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും എന്റെ കുടുംബഭരണത്തെ ഇതിനു മുൻപെതന്നെ ഞാൻ നിങ്ങളുടെമേൽ വെച്ചിരിക്കയാൽ ആ ഭാരം എന്നെ നന്നായി തൊരുക്കുന്നതുകൊണ്ടു ഇതാ! ഞാൻ ആളയക്കുന്നു. സഭകളിൽ നിന്നു പിരിവുള്ള ദശാംശങ്ങളെ നെല്ലു നെല്ലായിട്ടും പണം പണമായിട്ടും ഇവർ വശം വേഗം അയപ്പാറാകണം. എന്നു അപേക്ഷിക്കുന്നു. ശേഷമൊക്കെയും ഇവർ പറകയും ചെയ്യും. എന്നു പാദശുശ്രൂഷക്കാരൻ

കന്നീറ്റി
ര. ജൂതം. ഉവ
ദ. കന്നി. മരി
,, സെഫും. ഉൻ
ഫ. വാ, ദി. മരിയവ

യൂയോ: വിദ്വാൻകുട്ടി

എന്റെ പ്രിയമുള്ള അഞ്ചേരി യോഗക്കാർക്ക്
എന്റെ വിശുദ്ധ ചുംബനം.

ഇപ്പു ഇവിടെ ഇന്നലെ വന്നു. നിങ്ങളുടെ എല്ലാവരുടെയും വർത്തമാനങ്ങളെപ്പറ്റി പറഞ്ഞു. ഇന്നു മാത്തുവച്ചന്റെ എഴുത്തും വന്നു. നിങ്ങളെ എല്ലാവരെയും ദൈവേഷ്ടത്തിനു ഭരമേല്പിച്ചും കൊണ്ടു നിങ്ങളുടെ എല്ലാ സുഖക്കേടുകൾക്കായിട്ടും പ്രത്യേകം മാത്തുവച്ചന്റെ സുഖക്കേടിനായിട്ടും പ്രാർത്ഥിച്ചു. അയതിന്നായിട്ടു ആത്മാവു ഇപ്രകാരം ഉത്തരം അരുളി. നാം എല്ലാവരും ദൈവപുത്രനായ യേശുവി

ന്റെ വിശ്വാസത്തിലും പരിജ്ഞാനത്തിലും ഉള്ള ഐക്യതയിൽ ഒരു തികഞ്ഞ പുരുഷത്വം (എന്നുവെച്ചാൽ ക്രിസ്തുവിന്റെ നിറവുള്ള പ്രായത്തിന്നളവു എന്നർത്ഥം) പ്രാപിക്കും വരെ നമ്മുടെ ഉപകാരത്തിന്നായിട്ടു മേൽപറഞ്ഞ സുഖക്കേടുകൾ ഇരിക്കേണ്ടുന്നതാകുന്നു എന്നത്രേ.

എങ്കിലൊ വെടിപ്പാട്ടപുസ്തകം ൫ാം അദ്ധ്യായം വരെ പ്രബന്ധം എഴുതിയുണ്ടാക്കി. അഞ്ചാം അദ്ധ്യായത്തിൽ പ്രവേശനം വന്ന ഉടനെ മുദ്രയിടപ്പെട്ട പുസ്തകം കണ്ടു. ആയതു മഹാശക്തിയുള്ളൊരു ദൂതനായ ഒരു മഹമ്മദീയന്റെ കയ്യിൽ ക്രിസ്ത്യാനി സമൂഹമാകുന്ന വൃക്ഷത്തെ അശേഷം മാറ്റിച്ചുകളവാൻ തക്കവണ്ണം കഠോരകഠാരമായി വിളങ്ങിക്കൊണ്ടിരിക്കുന്നു. ഞാൻ പരമൈക്യാത്മാവിന്റെ അനുവാദപ്രകാരം ആ പുസ്തകത്തെ വാങ്ങിച്ചുകൊണ്ടു അതിന്റെ മുദ്രകളെ ഇതാ! പൊട്ടിച്ചു വായിക്കുന്നു. ഇവയെ നിവൃത്തിച്ച ശേഷം നിങ്ങളെല്ലാവരും വായിപ്പാൻ തക്കവണ്ണം ഞാൻ അതിനെ നിങ്ങൾക്കായിട്ടു (എന്നുവെച്ചാൽ സകലർക്കുമായിട്ടും എന്നർത്ഥം) അയെപ്പാൻ തൈവത്തിൽ ആശിച്ചിരിക്കുന്നു. ഐപ്പുവശം കഴിഞ്ഞൊണ്ടത്തെ പിരിവിന്റെ തിരട്ടുകണക്കു എഴുതിത്തീർന്നതിനെ ഇതിനോടുകൂടെ അയെക്കുന്നു. നിത്യജീവപട്ടവിയും ഇതിനോടുകൂടെ അയെക്കുന്നു. അതിന്റെ ഒരു പ്രതി എഴുതി എടുത്തും കൊണ്ടു വേഗം അതിനെ ഇങ്ങോട്ടു അയെക്കണം. ഇവിടത്തെ നിവൃത്തി ദീർഘസൂത്രമാകുന്നു. റിപ്പോർട്ടു എഴുതുവാൻ തുടങ്ങിയില്ല. "റോബർട്ട ഗോപാലയ്യൻ" എന്ന രാമസ്വാമിക്കു സുഖക്കേടൊന്നുമില്ല. വിശ്വാസത്തിൽ വർദ്ധിച്ചുവരുന്നു. ശേഷമൊക്കയും ഐപ്പു പറയും. എന്നു വാദഗ്രഹിഷ്ക്കാരൻ

കന്നീറ്റി
ഒ. ആവി. ഫ
,, കന്നി. ഫൻ
,, ഒക്കോ. ഫ
ഫ. വാ. ടി. ഫ്രാന്നുഫ

യുയോഃ വിദ്വാൻകുട്ടി

കരുനാഗപ്പള്ളി ഡിസ്ട്രിക്ട മലയാളം പള്ളിക്കൂടം
ഇൻസ്പെക്ടറായിരുന്ന എൻ വേലുപ്പിള്ള അവർകളെ സാക്ഷീകരിക്കുന്ന പരസ്യപത്രം.

മനുഷ്യരാൽ അസാദ്ധ്യവും സർവ്വശക്തനാൽ മാത്രം സാദ്ധ്യവും ആയ ഓരോ സംഗതികളുടെ നിവൃത്തികളെപ്പറ്റി പറയുന്ന എന്റെ വചനങ്ങളുടെ അന്തരങ്ങളെ ക്ഷണം തിരിച്ചറിവാൻ പാത്രത സി

ദ്ധിച്ചിട്ടുള്ള വേലുപ്പിള്ള അവർകളുടെ കപടമാറ ആത്മാവിനേയും തെളിഞ്ഞ ബുദ്ധിയേയും പാറാ ഞാൻ എത്രെയും പ്രശംസിക്കയും അവയെ എന്റെ ശിരോലങ്കാരമായി വഹിക്കയും ചെയ്യുന്നു. ഇവകൾ ഉള്ള മനുഷ്യൻ തന്റെ സമസ്ത വേലകളിലും തന്റെ മുറയെ യോഗ്യമായി നിവൃത്തിപ്പാൻ പാത്രത സിദ്ധിച്ചവനായെ ഇരിക്കെന്നുള്ളതിനു ചില ദിവസങ്ങൾക്കിടയിൽ കണ്ടും പരിചയിച്ചും അറിഞ്ഞും ഉള്ള വേലുപ്പിള്ള അവർകളുടെ നടത്തയും നടത്തിപ്പുകളും ഇനിക്കു അനുഭവസാക്ഷികളത്രെ. ഇവ്വണ്ണം പാത്രത സിദ്ധിച്ചിട്ടുള്ള ഉത്തമവേലക്കാർ എത്രയോ ചുരുക്കമാകയാൽ വേലുപ്പിള്ള അവർകളുടെ അഭിവൃദ്ധിയേ കാണ്മാൻ ഞാൻ വളരെ വാഞ്ഛിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു. ആയതുകൊണ്ടു ഞാൻ ഒന്നാമതായിട്ടു എന്റെ വൃത്രവാത്സല്യത്തിൻ ആത്മാവിനെ വേലുപ്പിള്ള അവർകളുടെ മേൽ പകർന്നു എന്റെ ഒരു 'സ്നേഹിതൻ' എന്ന സ്ഥാനത്തിൽ നിന്നു കരേറാം കൊടുത്തിരിക്കുന്നു എന്നു ഇതിനാൽ പരസ്യമാക്കുന്നു. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ

കന്നിറാനിന്നും

[illegible] യേശുദാസൻ വിദ്വാൻ കുട്ടി



എന്റെ പ്രിയമുള്ള പാമ്പള്ളി ചാണ്ടിബോധകക്കു
എന്റെ വിശുദ്ധമുംബനം.

പൂവത്തൂർ. കവുങ്ങുമ്പുയർ, അയിരൂർ എന്ന യോഗങ്ങളിൽ നിന്നു പിരിവുള്ള ആദ്യഫലമായ ദശാംശം അതാതു തുകയിൻപ്രകാരം അയച്ചതു ഇവിടെ കൊണ്ടുവന്നു തന്നു. ദൈവസ്തുതിയോടുകൂടെ അവയെ അംഗീകരിച്ചുംകൊണ്ടു നിങ്ങളിൽ പൂർണ്ണമായ അനുഗ്രഹം പകരപ്പെടുവാൻ തക്കവണ്ണം പ്രാർത്ഥിച്ചു.

"യുദ്ധത്തിന്നുള്ള സർവ്വായുധങ്ങളോടുകൂടിയ ത്രിയേകദൈവത്തിൻ വിശുദ്ധവെമ്പഴ" എന്ന ദിവ്യായുധം ഇതാ! പുരപ്പെടുവാൻ ആരംഭിച്ചിരിക്കുന്നു. അതിന്റെ വേലയാകുന്ന ഇനിക്കു ഇപ്പോൾ രണ്ടാഴ്ചെക്കകം നിവൃത്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതിനെപ്പറ്റി പറവാൻ വളരെയുണ്ടു്. അതു സകല ക്രിസ്ത്യാനികളേയും ഹിന്ദുക്കളേയും മഹമ്മദീയരേയും എന്നു വേണ്ടാ സകല ജാതിക്കാരെയും ദോഷക്കാരെയും ജഡത്തെ അതിന്റെ സകലത്തോടും കൂടെ അശേഷം വേർപിരിച്ചു പുറത്തു തള്ളി ത്രിയേകദൈവത്തിൽ കൂട്ടിച്ചേർപ്പാൻ ശക്തിയുള്ളതാകുന്നു. അതിനോടു മുട്ടുന്നവരെ അതു അടിമപ്പെടുത്തും. അനുസരിക്കുന്നവരെ പൂർണ്ണതപ്പെടുത്തുകയും ചെയ്യും. അതു അക

ത്തും പുറത്തുമുള്ള അക്ഷരങ്ങൾ ഒന്നുപോലെയാകുന്നതുവരെ മിനുക്കി ശോധന ചെയ്തു നന്മയേയും തിന്മയേയും വേർപിരിക്കും. അതു കട്ടിലിൽ കിടക്കുന്നവരും, വയലിൽ ഇരിക്കുന്നവരും, മാവു പൊടിക്കുന്നവരുമായ രണ്ടാളുകളിൽ വെച്ചു ഒരാളിനെ പടിച്ചുകൊള്ളും. മറ്റൊരാളെ വിട്ടകളയും. പിടപ്പെടുന്നയാൾ കഴുകനെ തങ്കൽ ആകർഷിച്ചുകൊള്ളുന്നതിനാൽ തന്നെ. അതു ഏലിയാ കഴുകുന്ന ബലിയിൽ അഗ്നിയായി വിളങ്ങും. മറ്റേ ബലിയിൽ അന്ധകാരത്തെ അയക്കും. അതിനാൽ ജഡം പിടിക്കുന്ന ആത്മാവു ആത്മാവല്ല, ജഡമത്രെ. ആത്മാവു പിടിക്കുന്ന ശരീരമോ ജഡമല്ലാ ആത്മാവുമാകുന്നു. അതുകൊണ്ടു ഒന്നിനെ അംഗീകരിച്ചാനൊ തള്ളുവാനൊ ഉള്ള അഗ്രഹം ഒരിക്കലും നമ്മിൽനിന്നുണ്ടാകരുതു. ആത്മാവിൽ നിന്നുണ്ടാകുവാൻ തക്കവണ്ണം സ്വാഗ്രമാകുന്ന ഉണർവുസഭയിൽ അരമണിക്കൂർ മൌനമുണ്ടാകേണ്ടുന്നതാകുന്നു. ആ കാലനിവൃത്തി വന്നിരിക്കകൊണ്ടു അതിന്റെ ഫലത്തെ വരുത്തുന്നതാകുന്ന ഈ വിശുദ്ധ വെണ്മഴ.

വിശേഷിച്ചും ഇവിടെ എല്ലാവക്കും സുഖം തന്നെ. ഇവിടെയുള്ള സഭക്കാരിൽ ഒരുവനു ഒരു കുലപാതകകേസ്സിൽ വെച്ചു മഹാദുഃഖം വന്നിരിക്കുന്നു. അവൻ പ്രവൃത്തിച്ചതല്ലാ താനും. പൂവത്തൂർ ഒരു ശൂദ്രകുഡുംബത്തിൽ നിന്നു ഒരു പെണ്ണു ഇംഗ്ലീഷിൽ ചേന്നതിനെ ഇവിടെയുള്ള ഒരു ഇംഗ്ലീഷുസഭക്കാരൻ കല്യാണം കഴിച്ചു. അവന്റെ കരുണയില്ലാത്ത നടത്തിപ്പു മൂലമാകുന്നു അവന്റെ ഭാര്യയായ ആ പെണ്ണു അപമൃത്യുവായി ഈയിടെ മരിച്ചതു. അതാകുന്നു കുലപാതകക്കേസു. ഞാൻ ഇപ്പോൾ ആരംഭിച്ചിരിക്കുന്ന വേലയെ നിവൃത്തിച്ചശേഷം സഞ്ചാരത്തിനായി പുറപ്പെടും. ശേഷമൊക്കെയും കൊച്ചുകുഞ്ഞു പറയും. എന്നു പാദശുശ്രൂഷക്കാരൻ.

കന്നീറ്റി
ഒ. ആവി. ഫ
,, തുലാം ൩ യുയേ: ചിദാനന്ദൻകുട്ടി.
,, ഒക്ടോ. ൧൫
൨. ൱. ൪. ൧൯൨൫

ഫാസ്റ്റാ കക്കടകം ഒട്ടുക്കും കണ്ണമ്പള്ളി വേലുപ്പിള്ളക്കു
എഴുതി അയച്ച ഒരു ഭാഷാശ്ലോകം.

കണ്ണമ്പാൽ കമലം തുറന്നു കരുണാകാന്ത്യാ കനിഞ്ഞാകവെ
തേമ്പുള്ളിക്കുടമായതായി മരുവും സ്വാന്തം പകർന്നേൻതപയി
എന്നാ വേലുളവായ വാണിയതിനെ കാണിക്കുമെന്റെ സഖേ
വേണ്ടും കെല്പിളമേൽ ഭവിക്കുമമലൻ വാഴ്വേറ്റു വാണീടുവാൻ

ഇൻസ്പെക്ടർ വേലുപ്പിള്ളയേക്കുറിച്ചു ഭാഷാശ്ലോകം.

ഛന്ദഃ തുലാം ഛിന്നം നു-

വേലെക്കില്ലുലസത്പമേതുമതിനെ ചേലോടു പാലിച്ചിടാൻ
നാലുൾക്കാമ്പിലുറഞ്ഞ വൈഭവമതും കണ്ടുള്ള മാലോകരാൽ
സ്ഥലിപ്പിക്കുമിതുള്ളമാകെ വിലസി മേലുള്ളവക്കൊക്കെയും
വേലുപ്പിള്ള മഹാനിലോറമുളവാക്കട്ടെ മനസ്സൃഷ്ടിയെ.



എന്റെ പ്രിയമുള്ള കുടാരപ്പള്ളി കൊച്ചോയച്ചനു
എന്റെ വിശുദ്ധ ചുംബനം.

യാക്കോബു ബോധകർ ഇവിടെ വന്നശേഷം വിവരത്തിനു ഏഴത്തയെക്കുമെന്നു താങ്കളോടു പറഞ്ഞിരുന്നുവല്ലൊ. അയാൾ ചെങ്ങളത്തു നിന്നു ഇവിടെ വന്നശേഷം വിവരമൊക്കെയും എന്നോടു പറകയും ഞാനും കൂടെ മങ്കുഴിക്കു പോയി അമ്മ മുതലായവരോടു രഹസ്യമായി ഈ വിവരം പറഞ്ഞു എല്ലാവരുടെയും അന്തരം അറിഞ്ഞു താങ്കൾക്കു എഴുതുന്നു.

യാക്കോബു ബോധകരുടെ മനസ്സു പെണ്ണും ചെറുക്കനും വിവാഹം കഴിഞ്ഞശേഷം എവിടെ പാർക്കണമെന്നു ദൈവത്തിന്റെ ഇഷ്ടമോ അവിടെ പാർത്തുകൊള്ളട്ടെ എന്നല്ലാതെ അതിനെ സംബന്ധിച്ചു തൽക്കാലം ഒരു വാദത്തും ചെയ്വാൻ പ്രയാസമാകുന്നു എന്നാണു്. സ്ത്രീകളുടെ മനസ്സു തങ്ങളുടെ സഹായത്തിനു മരുമകൾ തങ്ങളോടു കൂടെ ഇരിക്കണമെന്നാകുന്നു. ഇവർ രണ്ടു കക്ഷിക്കാർക്കും സ്ത്രീധനത്തെ സംബന്ധിച്ചു യാതൊരു പരീക്ഷയുമില്ല. ഉണ്ടാകയുമില്ല. താങ്കളുടെ മനസ്സിനെ എന്നോടു പറഞ്ഞിരിക്കയാൽ അതിനെ സംബന്ധിച്ചു വിവരിപ്പാൻ ആവശ്യമില്ലല്ലൊ.

എന്നാൽ ദൈവത്തിന്റെ തിരുമനസ്സു ഈ വിവാഹത്തിൽ ഏതു പ്രകാരമിരിക്കുന്നു എന്നുള്ള സംഗതിയെ വെളിപ്പെട്ടറിഞ്ഞു എന്റെ മുറയാകയാൽ അതിനെ താഴെ എഴുതുന്നു.

യാക്കോബുബോധകരും താങ്കളും നിങ്ങളുടെ മകളെ നിങ്ങൾ അവർക്കു കൊടുപ്പാൻ തക്കവണ്ണം നിശ്ചയിച്ചിരിക്കുന്ന അവകാശത്തോടുകൂടെ തിരുസഭയുടെ കയ്യിൽ മനഃപൂർവ്വമായി ഏല്പിക്കണം. സഭ അവർ രണ്ടുപേരുടെയും സാക്ഷാൽ മാതാപിതാക്കന്മാരും നിങ്ങൾ സഭയുടെ പ്രധാന അവയവങ്ങളുമാകയാൽ സഭയുടെ ഇഷ്ടത്തിൻപ്രകാരം അവർ രണ്ടുപേരെയും ഭർത്താവാക്കന്മാരായി കൂട്ടിച്ചേർത്തു നിങ്ങൾ രണ്ടുപേരുടെയും കുടുംബങ്ങൾക്കു ഇവരെക്കൊണ്ടു ഉപകാരം

വരുവാൻ തക്കവണ്ണം ഇവരെ നിങ്ങളുടെ കയ്യിൽ ഭരമേല്പിക്കണം. ഞാനാകുന്നു. ഇപ്രകാരമുള്ള സംയോജിപ്പിൽനിന്നു നിങ്ങൾ രണ്ടുപേരുടെയും കുടുംബങ്ങൾക്കു ദൈവത്തിന്റെ വാഴ്വും, ഐശ്വര്യവും, സമാധാനവും ഒരുപോലെ വരുന്നതിനാൽ അവയെ നിങ്ങൾ രണ്ടുപേരും ഒരുപോലെ അനുഭവിച്ചുകൊൾവിൻ. എന്തെന്നാൽ നിങ്ങൾ രണ്ടുപേരും ഇനിക്കു രണ്ടു കണ്ണുകളത്രെ സത്യം. ഇനിക്കു യാതൊരു വ്യത്യാസവുമില്ല. എല്ലാം നന്നായിരിക്കും.

വിശേഷിച്ചും നിങ്ങൾ നിങ്ങളുടെ മകളേ പുത്തൻബംഗ്ലാവിൽ കൊണ്ടുവന്നു ഏകകാലത്തിൽ എന്റെ കയ്യിൽ ഭരമേൽപിക്കണമെന്നല്ലാതെ ഇക്കാര്യത്തിന്നായിട്ടു നിങ്ങൾ ഒരു മനുഷ്യരോടും ആലോചിക്കയോ പറകയോ ചെയ്യുപോകരുതു എന്നു വെളിപ്പെട്ടിരിക്കയാൽ ഇതിനേ അറിയിച്ചിക്കുന്നു. മാസം പിറന്നു ദിവസം എന്നില്ലാ എപ്പോൾ സമയമോ അപ്പോൾ വന്നുകൊള്ളാം. ഇക്കാര്യം ഇതുവരെയും പ്രസിദ്ധമായിട്ടില്ല. വിവാഹം നടന്നശേഷം ഞാൻ പ്രസിദ്ധപ്പെടുത്തിക്കൊള്ളാം. ഇതിന്നു മുമ്പടി തൊമ്മച്ചന്റെ ദൈവത്തോടു ആലോചിച്ചു പ്രാർത്ഥനാപൂർവ്വം കൊടുത്തയക്കണം. മുമ്പടി വന്നശേഷം ആ വിവരം യാക്കോബു ബോധകരെ ഞാൻ ഗ്രഹിപ്പിച്ചുകൊള്ളാം. മനസ്സിന്നു യാതൊരു ചഞ്ചലവും ഇട്ടുകൂടും വിഭ്രമിയ്പ്പവും ഉണ്ടാകരുതു. ദൈവത്തിൽ പൂർണ്ണവിശ്വാസമുണ്ടായും ധൈര്യവും ഉണ്ടായിരിക്കട്ടെ. ഇതു ജഡത്തിന്റെ ഇഷ്ടത്തിനുപ്രകാരമല്ല. ആത്മാവിന്റെ ഇഷ്ടത്തിൻപ്രകാരമാകുന്നു നിവൃത്തിക്കേണ്ടതു. എന്നു പാദശുശ്രൂഷക്കാരൻ

കന്നീററി നിന്നും
ഒ. ഉകാ. വ
,, തുലാം. ൽ
,, നവം. നു
വ. വാ. ടി. ഫ്രൻസു

യൂയോ: വിദ്വാൻകുട്ടി.

കന്നീററി പൊതുസഭക്കുള്ള കൈകൃതയോടു ചേർന്ന സകലയോഗക്കാർക്കും എന്റെ വിശുദ്ധ ചുംബനം.

പൊതുസംഘത്തിൽ നിന്നു അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുവാൻ തക്കവണ്ണം അനേകം എഴുത്തുകൾ ഉള്ളതു കൂടാതെ തൽക്കാലം എഴുതിത്തീന്നിട്ടുള്ള ത്രിയേകദൈവത്തിന്റെ വിശുദ്ധവെണ്മെഴുത്തെന്നൊരു എഴുത്തുമുണ്ടു. ഇവകൾ അച്ചടിപ്പിക്കുന്ന വകെക്കു പൊതുസഭകൈകൃതയിൽ നിന്നു ഒരു ചിട്ടി മുതലിപ്പാൻ തക്കവണ്ണം നിശ്ചയിച്ചു ഈ വിവരം നിങ്ങളെ തെരിയപ്പെടുത്തിക്കൊള്ളുന്നു. വിവരം വരു

ന്ന വൃശ്ചികം ക്ഷി ന- വെച്ചു ചിട്ടി മുതലിക്കുന്നു. ആണ്ടിൽ ര ചിട്ടി. ചിട്ടി ഒന്നിനു വ്യത്യാ. സകല യോഗത്തിൽനിന്നും അവരവരുടെ പ്രാപ്തിക്കു തക്കവണ്ണം ചിട്ടിയിൽ ചേരണം. ആളുകൾ ഇത്ര വേണമെന്നു ഖണ്ഡിച്ചിട്ടില്ലാ. ഒന്നാം ചിട്ടി കഴിഞ്ഞശേഷം ചിട്ടിയിടുകയാകുന്നു. ചിട്ടിയുടെ ഉടമ്പടിപ്രകാരം ക്ലൃപ്തമായതു നടപ്പുള്ള ക്രമപ്രകാരമത്രെ. ഒന്നാം ചിട്ടി പൊതുയോഗ ഐക്യതെക്കാകുന്നു അതുകൊണ്ടു ഓരോരോ യോഗത്തിൽനിന്നു എത്ര എത്ര ആളുകൾ ഈ ചിട്ടിയിൽ ചേരുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നും എത്ര ചിട്ടിയുണ്ടെന്നും വിവരം എഴുതിക്കൊടുത്തയക്കണം. അതുകണ്ടു വേണം ആളുകൾ ഇത്രയുണ്ടെന്നു നിശ്ചയിപ്പാൻ. വൃശ്ചികമാസം ക്ഷിം ന- പണമെല്ലാം വസൂലാകയും വേണം എന്നു പാദശുശ്രൂഷക്കാരൻ

ഒ. എകാ. ഒ.
,, തുലാം ഫ
,, നവം. ന
ഫ. വാ. ദി. കുന്നൻ

യുയോ: വിദ്വാൻകുട്ടി.

എന്റെ പ്രിയമുള്ള രാ: ചാണ്ടിബോധകർക്കു
എന്റെ വിശുദ്ധചുംബനം.

ഇപ്പോൾ എഴുതി തീർത്തതിനു 'യുദ്ധത്തിനുള്ള സർവ്വായുധങ്ങളോടുകൂടിയ ത്രിയേകദൈവത്തിൻ വിശുദ്ധ വെണ്മെഴു' എന്നാകുന്നു വേരു. യിരമിയ ഒഫ. ഥം മുതൽ ഫര വരെയുള്ള വാക്യങ്ങളെ നോക്കണം. ഇതും മഹത്വപ്രത്യക്ഷത കഴിഞ്ഞശേഷമുണ്ടായിട്ടുള്ള എഴുത്തുകളും അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്യണം എന്നും ആ വാക്കുകൾ എല്ലായോഗക്കാരും കൂടി ഒരു ചിട്ടി മുതലിച്ചു ഒന്നാമത്തെ ചിട്ടി പൊതുയോഗ ഐക്യതെക്കു കൊടുക്കണമെന്നും വെളിപ്പെട്ടിരിക്കയാൽ ഈ വിവരം എല്ലായോഗക്കാരും അറിവാൻ തക്കവണ്ണം എഴുത്തുകൾ അയച്ചിട്ടുണ്ടു. ഇങ്ങിനെ പൊതുയോഗ ഐക്യതയിൽനിന്നു തിരുവിഷ്ടത്തെ അറിയിപ്പിക്കുന്നതത്രെ സകല ജാതിക്കുള്ളും നിത്യസുവിശേഷം പ്രസംഗിച്ചു എല്ലാവരേയും ഒന്നായി കൂട്ടിച്ചേർക്കുന്നതു. ഇതു നമ്മുടെ കടമയത്രെ. ഈ കാര്യത്തിൽ സകല യോഗക്കാരും ഏകമനസ്സോടെ ഒന്നായി യോജിച്ചു ചിട്ടി ആരംഭിച്ചു നടത്തിക്കണം. അതിനാൽ പൊതുയോഗ ഐക്യതയുടെ തുക്കയിൽ സമർപ്പിച്ചു തങ്ങൾക്കു ലഭിക്കുന്നതായുള്ള ജീവൻ ബഹു അനുഗ്രഹത്തെ എല്ലാ യോഗക്കാരിലും വരുത്തി അവരെ പൂർണ്ണന്മാരാക്കും നിശ്ചയം. ഈ പ്രവൃത്തിക്കായിട്ടു ദൈവം താങ്കളെ ഇന്നു തന്നെ വേർപ്പെടുത്തി പ്രതിഷ്ഠിച്ചിരിക്കയാൽ ഈ ദിവ്യശരീരത്തിന്റെ ശുശ്രൂഷെക്കായി ആരംഭിച്ചു കൊള്ളണം. ഈ സം

ഗതിയെപ്പറ്റി വെളിപ്പെടുന്നതിനെ ഞാൻ ക്രമം ക്രമമായി അറിയിപ്പിക്കാം.

വിശേഷിച്ചും ജീവവൃക്ഷത്തിന്റെ ഈ കനിയെ ഭക്ഷിച്ചു പൂർണ്ണതപ്പെട്ട ശേഷമേ സകലരുടെയും കണ്ണുകൾ സ്പഷ്ടമായി തുറക്കു. പിന്നീടെ വിവാഹത്തിന്റെ ധർമ്മത്തിന്നാത്മാവു സകല ശരീരത്തിലും ഒരുപോലെ വെളിപ്പെട്ടു. അതിന്റെ ശേഷമേ ഭാര്യാഭർത്താക്കന്മാരുടെ സംയോജിപ്പു ശുദ്ധീകരിക്കപ്പെട്ട നിശ്ചയം. അതുകൊണ്ടു ഭക്ഷണത്തെ ശുദ്ധീകരിപ്പാൻ ഇപ്പോൾ നോക്കിക്കൊള്ളണം. പിന്നീടു നിത്യവിവാഹത്തിന്റെ ശുദ്ധീകരണത്തെപ്പറ്റി നോക്കിക്കൊള്ളാം. ആ സമയം വരുമ്പോൾ ഞാൻ അതിനെപ്പറ്റി വെളിപ്പെടുന്നപ്രകാരം താങ്കളെ ഗ്രഹിപ്പിച്ചുകൊള്ളാം. സമയം ഉണ്ടെങ്കിൽ ഇങ്ങോട്ടു വന്നാൽ കൊള്ളാം. എന്ന പാദശുശ്രൂഷക്കാരൻ

കന്നിറ്റി
ൽ. ഏകാ. ൽ
തുലാം: ൨൨
നവം. ൫ യൂയോ. വിദ്വാൻകുട്ടി
൨. വാ. ദി. ക്രൂൻന



എന്റെ പ്രിയമുള്ള മാങ്ങാനത്തെ കുഞ്ഞിനു
എന്റെ വിശുദ്ധ ചുംബനം.

യോഹന്നാൻ ബോധകർ വന്നു അവിടെയുള്ള വർത്തമാനങ്ങൾ ഇവിടെ പറഞ്ഞു. ഞാൻ ഇപ്പോൾ എഴുതി തീർത്തിട്ടുള്ള എഴുത്തുകളെപ്പറ്റി യോഹന്നാൻ ബോധകർ നിങ്ങളോടു പറഞ്ഞിട്ടുണ്ടായിരിക്കുമല്ലൊ. ആയതു ഉടൻ അച്ചടിപ്പാനും ഇതുവരെയും ഉള്ള എഴുത്തുകൾ അതിന്റെ ശേഷം അച്ചടിപ്പാനും വിചാരിച്ചു യത്നിച്ചു വരുന്നു. അച്ചടിക്കുന്നതിനു ഒരു ആൾ തനിച്ചു മുൻപ്പെട്ടുവാൻ പ്രയാസമുള്ളതിനാൽ ആ വകെക്കു പൊതുസംഘത്തിൽനിന്നു ഒരു ചിട്ടി മുതലാക്കണമെന്നു നിശ്ചയിച്ചു ആ വിവരത്തിനു എല്ലാ യോഗക്കാർക്കും എഴുത്തയച്ചു ആയതിന്റെ സാരം കോരുകുറാരത്തിനു പ്രതിവാദം എഴുതിട്ടുള്ള ത്രിയേകദൈവത്തിൻ വിശുദ്ധവെണ്മഴ എന്ന എഴുത്തുകളും മറ്റുള്ള എഴുത്തുകളും അച്ചടിക്കുന്ന വകെക്കു ഒരു ചിട്ടി പൊതുസംഘത്തിൽനിന്നു മുതലാക്കണം എന്നു വെളിപ്പെട്ടിരിക്കുന്നു. ചിട്ടി ഒന്നിനു ൫ ശ്രൂപാ ആണ്ടിൽ നാലു ചിട്ടി. ഒന്നാമത്തെ ചിട്ടി പൊതുസംഘത്തിനു രണ്ടാമത്തെ മുതൽ ചിട്ടിയിടുക. എല്ലാ യോഗത്തിൽനിന്നും അവരവരുടെ പ്രാപ്തിക്കു തക്കവണ്ണം ഈ ചിട്ടിയിൽ ഇറങ്ങ

ണം. ചിട്ടിയുടെ ഉടമ്പടിപ്രകാരം ക്രട്ടകൈക്കണക്ക് മുതലായതു നടപ്പുള്ള ക്രമപ്രകാരമതെ എന്നിവതന്നെ.

ഇതിനു മുൻപെ തന്നെ എഴുത്തയെപ്പാൻ ഭാവിച്ചു എങ്കിലും കാഴ്ച കൈഡിവിഷ്യനിൽ പെട്ടെന്നു പോകുവാൻ ഇടവന്നതിനാൽ എഴുതുവാൻ സംഗതിയായില്ല. രണ്ടു ദിവസമായി ഇവിടെ ഞാൻ വന്നിട്ടു. താങ്കളുടെ എഴുത്തു ഇവിടെ കിട്ടി. മറുപടി എഴുതുവാൻ ഭാവിച്ചിരുന്നപ്പോൾ മെഴുപ്പു വന്നു. രണ്ടു മൂന്നു ദിവസത്തിനകം വാഴ്ത്തുദ്ധ വെണ്മെഴു അച്ചടിപ്പിപ്പാനായി തിരുവനന്തപുരത്തിലേക്കു അയയ്ക്കണമെന്നു നിശ്ചയിച്ചിരിക്കുന്നു. അതു കഴിഞ്ഞശേഷം മറ്റെല്ലാ എഴുത്തുകളും ഉടൻ അച്ചടിപ്പിക്കും. മൂന്നു ഡിവിഷ്യനിലുമായിട്ടു മുപ്പതിനു മേൽ നാല്പതിനകം ചിട്ടി കാണും. കഴിഞ്ഞ പ്രാവശ്യം നടത്തിച്ചുകൊടുത്ത ചിട്ടി ആരംഭിച്ചിരിക്കുന്നതു. വൃശ്ചികം നാലാം നാൾക്കകം പണം എല്ലാം വസൂലാകും. അച്ചടിക്കുന്നതിനു കൊടുത്തയെപ്പാൻ തക്കവണ്ണം ശുപാർശ്ശക്കാലം വസൂലായിരിക്കുന്നു. അതുകൊണ്ടു പുസ്തകം തന്നെ ദൈവകൃപയാൽ ഒന്നു രണ്ടു മാസത്തിനകം എല്ലാവർക്കും കൊടുത്തയെക്കാം. ചിട്ടിയുടെ എല്ലാ സംഗതികളെപ്പറ്റിയും ഉടമ്പടിപ്രത്തിൽ വിവരിക്കും. അതു എഴുതിത്തീർന്നിട്ടില്ല. എഴുതിത്തീർന്നാൽ ഉടൻ അയക്കാം. അജ്ഞരിയോഗത്തിൽ നിന്നും ഭാരം ക്രടാതെ ഈ ചിട്ടിയിൽഇറങ്ങണം. നിങ്ങളെ എല്ലാവരെയും കാണ്മാൻ ഞാൻ വളരെ ആഗ്രഹിക്കുന്നു. നിങ്ങളുടെ പരിതാപങ്ങളിൽ ഞാൻ ഏറ്റവും ദുഃഖിച്ചു എന്റെ സങ്കടങ്ങളെ തിരുമുമ്പിൽ എത്തിച്ചു കൊണ്ടേ ഇരിക്കുന്നു. ശേഷമൊക്കെയും മെഴുപ്പു പറയും. എന്നു സകലരുടെയും വാദ്ധ്രുശ്രൂഷക്കാരൻ

കന്നീറ്റി
ഒ. കാമ്യദം. നു
വൃശ്ചികം. ൨൦ യൂയോരാലിസൻ വിദ്വാൻകുട്ടി
ഡിസം. ൪
൨. വാ. ദി. ൪൭൨൪

രാജ്ഞാന്യശ്രീ മൂക്കാച്ചൻ അവർകൾക്കു എന്റെ സലാം.

കഠോരകഠാരം എന്ന ഒരു പുസ്തകം ഒരു മഹമ്മദീയൻ ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിവരം പക്ഷെ താങ്കൾ അറിഞ്ഞിരിക്കുമായിരിക്കും. അതിൽ ദൈവത്തിനു ത്രിയേകത്വവും യേശുവിനു ദൈവത്വവും ഇല്ലെന്നാണു കാണിക്കുന്നതു. അതിനു പ്രതിവാദം ഞാൻ ഒരു ലേഖനമായി എഴുതി തീർത്തിട്ടുള്ളതിനെ അച്ചടിപ്പിപ്പാനായി ഇവർ വശം കൊടുത്തയെക്കുന്നു. ഇവർക്കു അച്ചടിക്കുന്ന കാര്യത്തി

ലും മറ്റും അത്ര പരിചയം ഇല്ലാത്തതിനാൽ തങ്കൾ അച്ചടിക്കുന്ന
ഉടമസ്ഥനെ കണ്ടു ചട്ടം കെട്ടുകയും ചാർജ്ജു അധികമായി വരാതവ
ണ്ണം താല്പര്യപ്പെടുത്തുകയും വേഗം അച്ചടിപ്പിച്ചു തീർപ്പാൻ ജാഗ്രത
പ്പെടുത്തുകയും ചെയ്‌വാൻ അപേക്ഷിക്കുന്നു. ഇവരുടെ വിധേയം
തൽക്കാലം അയക്കുന്ന രൂപാ കടലാസിന്നും മഷിക്കും മാത്രമെയുള്ളു.
അച്ചടിച്ചു തീരുമ്പോൾ കൊടുത്തതു നീക്കി ശേഷമുള്ളതൊക്കെയും
അക്ഷണം കൊടുത്തുകൊള്ളാം. ഇക്കാര്യത്തിന്നും അച്ചടിക്കുന്ന ഉടമസ്ഥ
നോടു തങ്കൾ പറവാൻ അപേക്ഷിക്കുന്നു. ശേഷമൊക്കെയും ഇവർ
പറയും എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ

കന്നിറ്റാ
ഫാന്സ. വ്യാ. വ.ഫ
ഫവ്വ൫. ഡിസം. ൫

യൂയോ: വിദ്വാൻകുട്ടി

എന്റെ പ്രേമം നിറഞ്ഞ ഇരുമക്കൾക്കും എന്റെ വിശുദ്ധ
കുംബനത്തോടു കൂടെ സകല വാഴ്‌വുകളും.

ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ നിങ്ങളെ അനുഗ്രഹി
ച്ച അനുഗ്രഹം കൊണ്ടു തന്നെ നിങ്ങളുടെ കൂടപ്പിറപ്പുകളായ കൂപ
യേയും രാമസ്വാമിയേയും അനുഗ്രഹിച്ചിരിക്കുന്നു. ആ അനുഗ്രഹം ത
ന്നെ ലോകത്തിലുള്ള സകല ദമ്പതിമാരുടെ മേലും ഉണ്ടാകുവാൻ ത
ക്കവണ്ണം ആ അശീർവ്വാദവചനങ്ങളെ അയ്യാവുത്തച്ചിത്രദശകത്തോ
ടു കൂടെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചു അവയെ
"ത്രിയേകദൈവത്തിൻ വിശുദ്ധ വെണ്മഴ,, എന്ന പുസ്തകത്തി
ന്റെ അവസാനഭാഗത്തിൽ ചേർത്തു അച്ചടിപ്പാനായി അയക്കയും ഇ
രിക്കുന്നു. ഒരു മഹമ്മദീയൻ ചമച്ചു അച്ചടിപ്പിച്ച 'കഠോരകുഠാരം,
എന്ന പുസ്തകത്തിന്നു പ്രതിവാദമായി ഞാൻ ഈയിടെ എഴുതി തീ
ർത്ത പുസ്തകത്തിന്നാകുന്നു 'വെണ്മഴ, എന്നു പേർ. കഠോരകുഠാരത്തി
ൽ ദൈവത്തിന്നു ത്രിയേകത്വവും യേശുവിന്നു ദൈവത്വവും ഇല്ലെ
ന്നാകുന്നു പറഞ്ഞിരിക്കുന്നതു. ഇവ രണ്ടിനേയും ഉറപ്പുള്ള സാക്ഷിക
ളോടു കൂടെ തെളിച്ചു കാണിക്കുന്നതാകുന്നു വിശുദ്ധ വെണ്മഴ. ഇന്ന
ലെയാകുന്നു അച്ചടിപ്പിപ്പാനായിട്ടാനായേലിനെ തിരുവനന്തപുരത്തി
ലേക്കു അയച്ചതു. നിങ്ങളേ വന്നു കാണ്മാൻ തക്കവണ്ണം ഞാൻ അവ
നോടു പറഞ്ഞയച്ചിട്ടുണ്ടു. ദൈവം ഭയങ്കര ആപത്തിൽനിന്നു നി
ങ്ങളെ വീണ്ടെടുത്തതിനാൽ നിങ്ങളുടെ മുഖമുള്ള ഒരു കുഞ്ഞിനെക്കു
ടെ കാണ്മാൻ ഇനിക്കു സംഗതിയാകട്ടെ. അവന്റെ തിരുനാമം വാഴ്
ത്തപ്പെട്ടതാകട്ടെ. നിങ്ങൾക്കും കുഞ്ഞിന്നും ക്ഷേമം തന്നെ എന്നു അ
ച്ചാമ്മയുടെ എഴുത്തിനാൽ ഞാൻ അറിഞ്ഞു. ചൊറിക്കു അല്പം ഭേദ

മുണ്ടോ? നിങ്ങൾ നാഗരുകോവിലിൽ ചെന്നതിൽ പിന്നെ ആ സ്ഥലം നിങ്ങൾക്കു സുഖകരമായിരിക്കുന്നുവോ? എന്നറിവാൻ ആഗ്രഹിക്കുന്നു. ഇവിടെ ഞങ്ങൾക്കെല്ലാവർക്കും കുഞ്ഞുങ്ങൾക്കും സുഖം തന്നെ.

വിശേഷിച്ചും ഈ അച്ചടിക്കുന്ന വകെക്കു നിങ്ങൾ ആവശ്യമോലെ അല്പം സഹായിക്കണം. സകലരുടെയും പാദശുശ്രൂഷക്കാരൻ.

കന്നിററി
ഒ കാമ്യ. ന
,, വൃശ്ചി. ഫനു
,, ഡിസം. ഒ
ഫ. വാ. ദി. ഫ്ദവ ഒ

യൂയോ: വിദ്വാൻകുട്ടി.



എന്റെ പ്രിയ മകൻ രാമസ്വാമിക്കു.

താൻ തന്റെ നന്മെക്കായിട്ടു വിചാരിച്ചു വരുന്നതിനേക്കാൾ അധികമായി ദൈവം തന്നെക്കുറിച്ചു ഏറ്റവും കരുതുന്നു. അതിന്നായി അവൻ പ്രവൃത്തിക്കയും ചെയ്യുന്നു എന്നു വെളിപ്പെട്ടിരിക്കുന്നു. തന്നെ കാണുന്ന സകലർക്കും തന്നെ സ്നേഹിപ്പാൻ തക്കവണ്ണമുള്ള ആത്മാവിനെ ദൈവം തന്റെ മേൽ പകർന്നിരിക്കയാൽ സകലരേയും താൻ ഒരുപോലെ സ്നേഹിക്കുന്നതിനാൽ സകലരും തനിക്കു സ്വാധീനമായിത്തീരും. താൻ ആരെയും വെറുക്കരുതു. തനിക്കു സമ്മതമല്ലാതെ മനുഷ്യരിൽ ആരും ശത്രുവല്ലാ. സകലരും മിത്രങ്ങളാകുന്നു എന്നു പൂർണ്ണമായി വിശ്വസിച്ചുകൊള്ളണം. തന്റെ മേൽ പകർന്നിരിക്കുന്ന ഈ ദിവ്യസ്നേഹത്തെ ഇപ്രകാരം താൻ കാത്തുകൊണ്ടാൽ ദൈവം തന്നെ ഉയർത്തും. അതു ഇനിക്കു ശിരോലങ്കാരമായും ഭവിക്കും. എന്തെന്നാൽ ദിവാനിജി മുതൽ മുന്നിലക്കാരൻ വരെയുമുള്ള സകല ഉദ്യോഗസ്ഥന്മാരും, രാജാവു മുതൽ അടിയാൻ വരെയുമുള്ള സകല ജനങ്ങളും തന്നെ സ്നേഹിപ്പാൻ തക്ക സ്നേഹത്തെ ആകുന്ന ദൈവം തന്റെ മേൽ പകർന്നിരിക്കുന്നതു. അതുകൊണ്ടു സകലരും തനിക്കു നന്മ ചെയ്യണമെന്നും, നന്മ വരണമെന്നുമാകുന്ന വിചാരിച്ചിരിക്കുന്നതു. താനും അതേപ്രകാരം സകലരോടും വിചാരിച്ചുകൊള്ളണം എന്നു പാദശുശ്രൂഷക്കാരൻ

കന്നിററി
ഒ കാമ്യ. ഫനു
,, ധനു. ര
,, ഡിസം. ഫ
ഫ. വാ. ദി. ഫ്ദവ ഒ

യൂയോ. വിദ്വാൻകുട്ടി.



എന്റെ പ്രിയമകൻ രാമസ്വാമിക്കു

ഞാൻ കൃപക്കും തനിക്കുമായി വാഗ്ദത്തം ചെയ്തിരിക്കുന്നതിനു ണ്ടും പുത്തൻ ബംഗ്ലാവും പുരയിടവും നിങ്ങളുടെ പേക്കു റജിസ്റ്റർ ചെയ്തിപ്പിച്ചു തരുന്നതിനും ഞാൻ ജാഗ്രതയുള്ളവനാകുന്നു. സഭാമദ്ധ്യത്തിൽ വെച്ചു വിവാഹസമയം എന്റെ കയ്യൊപ്പോടുകൂടെ ചെയ്തിരിക്കുന്ന വിവാഹറജിസ്റ്റർ പത്രത്തെ അസ്ഥിരപ്പെടുത്തുവാൻ ലോകത്തിൽ ആർക്കും കഴികയില്ലാ നിശ്ചയം. എന്റെ ആണ്മക്കളും പെണ്മക്കളും ഇനിക്കു സമാവകാശികളാകുന്നു. ഇവരുടെമക്കളും ഇനിക്കു തുപോലെ സന്തതികളാകുന്നു. എന്റെ പെണ്മക്കളുടെ സന്തതിമറ്റൊരാളിന്റെ സന്തതിയായി എണ്ണപ്പെടുകയില്ലാ എന്റെ സന്തതിയായിട്ടേ എണ്ണപ്പെടു നിശ്ചയം. ഇനിക്കു അപ്രകാരമുള്ള വാഗ്ദത്തം നിങ്ങൾ രണ്ടുപേരിൽ നിന്നുമുണ്ടു. ഞാൻ കൃപയെ സഭക്കു ഏല്പിച്ചപ്പോൾ എന്റെ വണ്ണം അവളുടെ കയ്യിൽ കൊടുത്തു. വിവാഹസമയത്തിൽ തന്റെ കയ്യിലും തന്നു. അവൻ നിങ്ങൾ രണ്ടുപേരുടെയും കുഞ്ഞാകുന്നു. നിങ്ങൾ മൂലം അവൻ എന്റെ കുഞ്ഞത്രെ. ഞാൻ നിങ്ങൾ രണ്ടു പേക്കും തന്നിരിക്കുന്ന പുത്തൻ ബംഗ്ലാവിലത്രെ എന്നും വസിക്കേ. ദാനിയേലും മനുവും എന്നപോലെ നിങ്ങൾ രണ്ടുപേരും എന്നെ നോക്കിക്കൊള്ളണം. ദാനിയേലിന്നു ഉള്ളിരിപ്പും എന്റെ കുട്ടിയുമാകുന്നു എന്നിൽനിന്നുള്ള അവകാശം. മനുവിന്നു തെക്കെതോപ്പും കുഞ്ഞിയുമാകുന്നു എന്നിൽനിന്നുള്ള അവകാശം. തനിക്കു പുത്തൻ ബംഗ്ലാവും വണ്ടിനമത്രെ എന്നിൽനിന്നുള്ള അവകാശം. ഞാനും ഭാര്യയും നിങ്ങൾ മൂന്നു പേക്കും പൊതുവിലും ആകുന്നു. വലിയമ്മ സകലക്കും പൊതുവത്രെ. എന്നുസകലരുടെയും വാദ്ധ്യശ്രേഷ്ഠക്കാരൻ

കന്നിററി
ഒ. കാമ്യ. വ.
ധന. ഫാ
ഡിസം. വന
വ. വാ. ദി. ഫിരുന

യൂയോ. വിദ്വാൻ കുട്ടി



ഇത്തിമല ബോധകക്കു എന്റെ വിശ്വസ്തപുംബനം.

ഫ. ദൈവം തന്നെ ഇത്തിമല കുഡുംബത്തിന്നു കുഡുംബത്തലവനായി നിയമിച്ചിരിക്കയാൽ തന്റെ ഭാരമാസകലം ദൈവത്തിൽ സമർപ്പിച്ചുകൊണ്ടു വിശ്വാസത്തോടും ബുദ്ധിയോടും കൂടെ സകല കാര്യങ്ങളേയും നോക്കി നടത്തേണ്ടുന്നതാകുന്നു.

൨. താനും തന്റെ നാലു സഹോദരന്മാരും രണ്ടു മാതാപിതാക്കന്മാരുടെ മക്കളാകുന്നു എങ്കിലും ദൈവം നിങ്ങളെ ഏക മാതാപിതാക്കന്മാരുടെ മക്കളായി കൂട്ടിച്ചേർത്തിരിക്കയാൽ അതേപ്രകാരം നിങ്ങൾ സകലത്തിലും ഇരുന്നുകൊള്ളുന്നതല്ലാതെ അതിന്നു വിരോധമായി നിങ്ങൾ എണ്ണുകയും പ്രവൃത്തിച്ചു പോകയും അരുതു.

൩. വിവാഹം കഴിച്ചുകൊടുപ്പാനുള്ള സാറാമ്മെക്കു ഉണ്ണുണ്ണിക്കു കിട്ടിയ സ്ത്രീധനത്തിന്റെ തുകെക്കു ശരിയായും റിബെക്കായ്ക്കു കോരതച്ചനു കിട്ടിയ സ്ത്രീധനത്തിന്റെ തുകെക്കു ശരിയായും ക്രിസ്തുലക്ഷ്മിക്കു കുഞ്ഞിന്നു കിട്ടിയ സ്ത്രീധനത്തിന്റെ തുകെക്കു ശരിയായും സ്ത്രീധനം കൊടുത്തു ദൈവഭക്തിയുള്ള നല്ല കുടുംബങ്ങളിൽ വിവാഹം കഴിപ്പിക്കേണ്ടുന്നതാകുന്നു. ആണ്മക്കൾക്കു കിട്ടിയ സ്ത്രീധനത്തിൽ നിന്നു എടുത്തു പെണ്മക്കൾക്കു സ്ത്രീധനം കൊടുക്കാം. എങ്കിലും അതു എടുക്കുന്ന സമയം മുതൽ ഏഴു വർഷം കൊണ്ടോ കൂടിയാൽ പത്തു വർഷം കൊണ്ടോ അതു മുതൽ ശേഖരിച്ചു അവയെ അവരവരുടെ പേക്കു ഇരുത്തികൊടുക്കേണ്ടുന്നതാകുന്നു. അതു മാത്രമല്ല തന്റെയും ഇടിക്കുണ്ടിയച്ചന്റെയും സ്ത്രീധനം ഇതേപ്രകാരം വസ്സൂലാക്കി വസ്സൂവിൽ ഇട്ടുകൊള്ളുകയോ മറ്റോ വേണം.

൪. കൊടുപ്പാനുള്ള കടമൊക്കയും ചിട്ടിക്കു കൂടിയോ മറ്റോ ശേഖരിച്ചു ഇതുമുതൽ ഏഴുവർഷം കൊണ്ടു കൂടിയാൽ പത്തു വർഷം കൊണ്ടു കൊടുത്തു തീർക്കേണ്ടുന്നതാകുന്നു.

൫. തോപ്പിൽനിന്നു ഓല തൊണ്ടു എന്നിവകളിൽ നിന്നു വരുന്ന വരുമാനങ്ങളെക്കൊണ്ടു കുടുംബത്തിന്റെ മേഞ്ഞിലവു നടത്തിക്കൊള്ളേണ്ടുന്നതാകുന്നു. അവകൊണ്ടു പോരാത്തപക്ഷം തേങ്ങായിൽ നിന്നുണ്ടാകുന്ന വരുമാനത്തിൽനിന്നു എടുത്തുകൊള്ളണം. ഇതിന്റെ വിവരം താഴെ കാണിക്കുന്നു.

തേങ്ങാ കൊപ്രായാക്കി വിൽക്കേണ്ടുന്നതാകുന്നു. അതിൽ നിന്നുണ്ടാകുന്ന വരുമാനങ്ങളിൽ പാതി കരം, ചിട്ടി, കടത്തിന്റെ വലിശ, എന്നിവകൾക്കു വേറിട്ടെടുത്തു സൂക്ഷിച്ചു കൊള്ളണം. അതിൽനിന്നു മറ്റൊരു കായ്ത്തിന്നായും എടുത്തു പോകരുതു. മറ്റു പാതിയുടെ പാതിയിൽ നിന്നു പോരാത്ത നെൽ ചിലവിന്നും പോരാത്ത മേഞ്ഞിലവിന്നും ചിലവഴിച്ചു കൊള്ളണം. കൊപ്രായുടെ ആകെപ്പാടെയുള്ള വരുമാനത്തിന്റെ കാലംശമായ മറ്റെപ്പാതിയിൽ നിന്നു ശമ്പളം ചിറവെട്ട മുതലായവയും ദാനധർമ്മം ഔദാര്യം സഹായം മുതലായവയും ചിലവഴിച്ചു കൊള്ളേണ്ടുന്നതാകുന്നു.

൬. നിങ്ങൾ രണ്ടു പേർ പ്രാപ്തി വന്നവരും മൂന്നു പേർ പ്രാപ്തി വരാത്തവരും ആകയാൽ ഓരോരുത്തനെ ഓരോ കായ്ത്തിന്നു മാത്രം തനിച്ചു ഏല്പിച്ചെടുത്തുവാൻ തൽക്കാലം പാടില്ല. അതുകൊണ്ടു എല്ലാവരും എല്ലാ കായ്ത്തുകളേയും നോക്കേണ്ടുന്നതാകുന്നു. വടക്കേ

ത്തൊപ്പു, തെക്കേത്തൊപ്പു, ചാത്തന്നൂരേയ്ക്കു എന്നിവകളിൽ കായ്ക്കുള്ളൊക്കെയും അതാതു സമയത്തു വീഴ്ചകൂടാതെ യോഗ്യമാംവണ്ണം നടക്കയും നടത്തിക്കയും ചെയ്യണം. കൃഷിക്കു വിഘ്നം വരുത്തരുതു. തെങ്ങുവെട്ടു കൊപ്രാവെട്ടു അതാതു സമയത്തു നടത്തണം. തെങ്ങുവെപ്പു, ചിറവെട്ടു എല്ലാ വർഷത്തിലും വേണ്ടിയിരിക്കുന്നു. അതിനാൽ എല്ലാവരും തമ്മിൽ തമ്മിൽ അനുസരിച്ചുകൊണ്ടു എല്ലാ കായ്ക്കുള്ളേയും നോക്കേണ്ടുന്നതാകുന്നു.

൬. സകല ചിലവിന്നും ഒരു പട്ടികയുണ്ടാക്കി മുതൽപിടിയിൽ ഏല്പിക്കയും ആ പട്ടികപ്രകാരം മുതൽപിടിയിൽ നിന്നു ചിലവഴിക്കയും ചെയ്യേണ്ടുന്നതാകുന്നു. സകല വരവുകൾക്കും ചിലവുകൾക്കും വിവരക്കണക്കു വേണ്ടിയിരിക്കുന്നു. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ

കുന്നിറേറി
ഉ. കാമ്യ. ഫവ
,, ധനു. മീന
,, ഡിസം. ഫൻ
ഫ. വാ. ദി. ക്ഷിരൻ

യുയോരാലിസൻ വിദ്വാൻകുട്ടി



എന്റെ പ്രിയമുള്ള ലൂക്കാച്ചൻ അവർകൾക്കു സലാം.

എന്റെ വിശ്വാസത്തിന്റെ രഹസ്യത്തെ ഞാൻ തുറന്നു കാണിക്കണമെന്നു താങ്കൾ എന്നെ നിർബന്ധിച്ച സമയം ഇനിക്കു വെളിപ്പെട്ട കായ്ത്തൊപ്പറേറി തൽക്കാലം തുറന്നു കാണിപ്പാൻ പ്രയാസം വന്നതിനാൽ ആ വിവരം ഞാൻ സമഷ്ടിയായി താങ്കളോടു പറഞ്ഞുവല്ലൊ. എന്നാൽ ഈ എഴുത്തു മൂലം വെളിപ്പെട്ടതിനെ ഞാൻ പറഞ്ഞുകൊള്ളുന്നു.

"താങ്കൾക്കു ഇതുവരെയും ഉണ്ടായിട്ടുള്ള തനതു സമ്പാദ്യമൊക്കെയും പൊതുവിലുള്ള കുടുംബസമ്പത്തുകളോടു കൂടെ ഒന്നായി ചേർത്തു നിങ്ങൾ സഹോദരന്മാർ മൂന്നു പേരും അവയെ ശരിയായി പങ്കുവെച്ചു കൊള്ളുന്നതല്ലാതെ അതിന്നു വിപരീതമായി താങ്കൾ പ്രവൃത്തിച്ചുപോകരുതു" എന്നതത്രെ വെളിപാടു എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ

കുന്നിറേറി
ഉ. ശ്രു ചി. ഫ
,, ധനു. ഫ ഫ
ന്യ. ജനു. ന
ഫ. വാ. ദി. ക്ഷിരൻ

യുയോരാലിസൻ വിദ്വാൻകുട്ടി



എന്റെ പ്രിയ മകൻ രാമസ്വാമിക്ക.

നിങ്ങൾ രണ്ടുപേരും ഒന്നായി എന്റെ മക്കളാകയാൽ ഞാൻ പറഞ്ഞതെല്ലാം പുത്രൻഭംഗ്യാവും പുരയിടവും നിങ്ങളുടെ പേക്ക് ഉറപ്പിച്ചു തരുന്നുണ്ട് നിശ്ചയം. നിങ്ങളുടെ മേൽ ഞാൻ ഭാരം വെക്കുകയില്ലാ. സകല ഭാരവും എന്റെമേൽ തന്നെ ഇരിക്കട്ടെ. എന്റെ അറു മക്കൾക്കും ഒരുപോലെ അഞ്ഞൂറു അഞ്ഞൂറു രൂപാ കൊടുക്കണമെന്നു ഞാൻ നിശ്ചയിച്ചിരിക്കുന്നു. എന്റെ നിശ്ചയത്തെ ദൈവം നിവൃത്തിക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഇനി അഞ്ചു വർഷം കൊണ്ട് എന്റെ ഈ നിശ്ചയത്തെ നിവൃത്തിച്ചു തരണമെന്നു ഞാൻ ദൈവത്തോട് അപേക്ഷിച്ചിരിക്കയാൽ അതേപ്രകാരം നിവൃത്തിച്ചു തരുമെന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു. അതിനാൽ തന്റെ വിവാഹസമയം മുതൽ അഞ്ചു വർഷത്തിന്നിടയിൽ പുത്രൻഭംഗ്യാവും പുരയിടവും കുഴയുടെപേക്ക് ഉറപ്പിച്ചു തരാം. അതിന്നു നിങ്ങൾക്കു ക്ഷമിച്ചിരിപ്പാൻ കഴിയാത്തപക്ഷം തെക്കേത്തോപ്പും പുരയിടവും കുന്നന അത്തിന്നു കുഴയുടെ പേക്ക് ഉറപ്പിച്ചു തരികയും ശേഷം വണം അഞ്ചു വർഷത്തിന്നകം ബോധപ്പെട്ടത്തി തരികയും ആം. ഉള്ളിരിപ്പു പുരയിടത്തിന്മേൽ അന്നമ്മയുടെ സ്ത്രീധനപ്പണം ക്രടെ വീണിരിക്കയാൽ അതു നിങ്ങളുടെപേക്ക് ഉറപ്പിച്ചു തരുവാൻ പാടില്ലാ. വിശേഷിച്ചും ഒരുവൻ പെണ്ണിനെ പുരുഷന്റെ ഭവനത്തിൽ കെട്ടിച്ചാക്കുമ്പോളാകുന്നു സ്ത്രീധനം കൊടുക്കുന്നതു. സ്വന്ത ഭവനത്തിൽ കെട്ടിച്ചാക്കിയാൽ അവകാശമാകുന്നു കൊടുക്കുന്നതു. സ്ത്രീധനമല്ലാ. ഇതാകുന്നു ക്രിസ്ത്യാനിധർമ്മം. തേവലക്കരെ കുഞ്ഞാണ്ടിവൈദ്യൻ തന്റെ മകളെ തനിക്കു ആൺമകൻ ഇരിക്കുമ്പോൾ സ്വന്ത ഭവനത്തിൽ കെട്ടിച്ചാക്കി. അവകാശം കൊടുത്തു. അതേപ്രകാരം കെട്ടിച്ചാക്കിയ പുരയും പുരയിടവും അതിന്നടുത്ത നിലങ്ങളും മകളുടെപേക്ക് കോർട്ടുവിധിയാൽ സ്ഥിരപ്പെട്ടും ഇരിക്കുന്നു. അതിനാൽ ആണ്മക്കൾ ഇരിക്കുമ്പോൾ പെണ്മക്കൾക്കു സ്ത്രീധനമെ ഉള്ളു അവകാശം കൊടുത്തുകൂടാ എന്നില്ലാ. എങ്കിലോ യൂയോമുമാർഗ്ഗക്കാർ ക്രിസ്ത്യാനികളല്ലാത്തതിനാൽ പെണ്മക്കൾക്കു അവകാശം കൊടുക്കുന്നതാകുന്ന ന്യായം. അല്ലാതെയും നിങ്ങളുന്നയപോലെ മറ്റു അഞ്ചു മക്കളും ഇനിക്കു തുല്യന്മാരാകയാൽ പക്ഷപ്രതിപക്ഷം ഇനിക്കു കാണിച്ചുകൂടാ. ഇനിക്കുള്ള സമ്പത്തുകളെ മക്കൾക്കു കൂട്ടുതൽ കുറവായി ഇനിക്കു കൊടുത്തുകൂടാ. എന്നെയും വണ്ണനേയും ആദരിച്ചു കൊൾവാൻ നിങ്ങൾക്കു മനഃപൂർവ്വം ഉണ്ടായാൽ മതിയായിരുന്നു. തൽക്കാലം തന്നെ പുത്രൻഭംഗ്യാവും പുരയിടവും ഉറപ്പിച്ചു തരാമായി

രുന്നു. നിങ്ങൾക്കു അതിനു മനഃപൂർവ്വം ഇല്ലെന്നു ഈ എഴുത്തു മൂലം തെളിഞ്ഞിരിക്കയാൽ ഞാൻ എന്തു ചെയ്യേണ്ടു? ഇപ്പോഴുള്ള എന്റെ സമ്പത്തുകളെ ആറു വീതം വെച്ചാൽ ഒരു വീതത്തിനു ഒരു രൂപായെ ഇപ്പോഴുള്ളു. അതുകൊണ്ടു ഞാൻ പറയുന്നതിനെ നിങ്ങൾ ധിക്കരിച്ചുകളയാതെ കേൾക്കണമെന്നപേക്ഷിക്കുന്നു. ഞാൻ വാദത്തം ചെയ്തിരിക്കുന്നപ്രകാരം പുത്തൻബംഗ്ലാവും പുരയിടവും നിങ്ങളുടെ പേക്കു ഉറപ്പിച്ചുതരാം. അതുകൊണ്ടെറ മുറയാകുന്നു. ഞാൻ അങ്ങനെ ചെയ്യാതിരിക്കയില്ലാ. എന്റെ ആശ്രയം മനുഷ്യരിലല്ലാ ദൈവത്തിലത്രെ. അവൻ എന്റെ ഈ വാദത്തെ നിവൃത്തിക്കും നിശ്ചയം. നിങ്ങൾ അല്പം ക്ഷമിച്ചിരിപ്പിൻ. അതിനാൽ നിങ്ങൾക്കു അധികം ഗുണമേയുള്ളു. ദോഷം ഒരിക്കലും വരികയില്ല. എന്നു സകലരുടേയും പാദശുശ്രൂഷക്കാരൻ

കുന്നിററി

ഒ. ശ്രീ. ചി. നു.

,, ധനു. വവ

നു. ജനു ൽ

വ. വാ. ദി. ഫിലിപ്പ

യൂയേ: വിദ്വാൻകുട്ടി.

എന്റെ പ്രിയമകൻ രാമസ്വാമിക്കു.

നിങ്ങൾ രണ്ടുപേക്കുമായി സ്വീധനാവകാശമായി വിവാഹരജിസ്റ്റർ പത്രികയിൽ തന്നിരിക്കുന്ന പുത്തൻബംഗ്ലാവിനെയും അതിന്റെ പുരയിടത്തെയും നിങ്ങളുടെ പേക്കു ഉറപ്പിച്ചുതരണം എന്നു നിങ്ങൾ വാദിക്കുന്ന കാര്യം ഇനിക്കു ബഹു സന്തോഷം എന്നല്ലാതെ അല്പവും ദുഃഖമില്ലെന്നു ഞാൻ ഹൃദയം തുറന്നു പറയുന്നു. എങ്കിലോ നിങ്ങളുടെപേക്കു ഉറപ്പിച്ചുതരുന്ന കാര്യത്തെപ്പററി ഞാൻ ഓരോ ന്യായങ്ങളെ കാണിക്കുമ്പോൾ നിങ്ങൾ അധൈര്യപ്പെട്ടുകയൊ, നിരാശ്രയപ്പെട്ടുകയൊ, ദുഃചിതന്മാരാകയൊ അരുതു. എന്തെന്നാൽ ഞാൻ നിങ്ങളെ പരിശോധന കഴിക്കയാകുന്നു ചെയ്യുന്നതു. അതുകൊണ്ടു ഞാൻ പറയുന്ന ന്യായത്തിനു എതിർന്യായം നിങ്ങൾ പറഞ്ഞു എന്നെ മടക്കണം. അപ്പോൾ നിങ്ങൾക്കു ഞാൻ തരുന്ന അവകാശത്തെ എന്നും അനുഭവിപ്പാൻ തക്കവണ്ണം പാത്രത വന്നു നിശ്ചയം. പാത്രത വരാതെ ഞാൻ നിങ്ങൾക്കു അവകാശത്തെ ഉറപ്പിച്ചാൽ ശത്രു നിങ്ങളുടെ കയ്യിൽനിന്നു അതിനെ നാനാവിധമാക്കിക്കളയും നിശ്ചയം. അതു ഇനിക്കു അതിവ്യസനത്തെ ഉണ്ടാക്കുമല്ലൊ. പാത്രത നിങ്ങൾക്കു സിദ്ധിച്ചിരിക്കുന്നു എന്നു നിങ്ങൾക്കു നിങ്ങൾ തന്നെ സാക്ഷി കൊടുത്താൽ മതിയാകുമോ? നിങ്ങളേപ്പററി മററു രണ്ടു സാ

ക്ഷിക്കാർ സാക്ഷ്യം തരേണ്ടുന്നതാണല്ലൊ. ആ രണ്ടു സാക്ഷിക്കാർ നിങ്ങളുടെ മാതാവും പിതാവും തന്നെ. പിതാവു ആത്മാവും മാതാവു തിരുസഭയുമത്രേ. ഞാൻ ആ രണ്ടു സാക്ഷിക്കാക്കും അൽപ്പരായിരിക്കുന്നു എന്നല്ലാതെ ഞങ്ങളല്ലാ നിങ്ങളുടെ മാതാപിതാക്കന്മാർ. അവരത്രേ നിശ്ചയം. രാമസ്വാമിയിൽ കൂപയും, കൂപയിൽ രാമസ്വാമിയും എന്നും അടക്കിവെച്ചുകൊണ്ടു ഏകകാലത്തിൽ അവർ നിങ്ങളെ പെറ്റു എന്നല്ലാതെ ഞങ്ങളല്ലാ നിങ്ങളെ പ്രസവിച്ചതു. ഞങ്ങൾ വയറ്റാട്ടികളും നിങ്ങളേ പോറ്റുന്നവരും മാത്രമാകുന്നു എന്നു ഞാൻ നിങ്ങളെ ആദ്യം ഗ്രഹിപ്പിക്കുന്നു.

൨. ദൈവത്തിന്റെ ഏകൈകൃത്തിൽ നിന്നു യേശുക്രിസ്തനും, അവന്റെ ഏകൈകൃത്തിൽ നിന്നു യൂസ്സുയോസേഹും അവന്റെ ഏകൈകൃത്തിൽ നിന്നു രാമസ്വാമി റോബേർട്ട ഗോപാലയ്യനും ജയദേവനും ജനിച്ചിരിക്കയാൽ ഏലിശബേത്തു കൂപാവല്ലിയാകുന്ന പത്മാവതിയുടേയും ജയദേവന്റേയും ഐകൃത്തിൽ ഇരിക്കുന്ന നിങ്ങളുടെ പിതാവു യൂസ്സുയോസേഹും പിതാമഹൻ യേശുക്രിസ്തനും, പ്രപിതാമഹൻ ദൈവവും ആകകൊണ്ടു ഇവർ മൂന്നാളുകളുടെയും ഐക്യമായുള്ള ആലോചനപ്രകാരം ഞാൻ നിങ്ങളെ വിവാഹം കഴിപ്പിച്ചു. പുത്തൻബംഗ്ലാവും പുരയിടവും നിങ്ങൾക്കു സ്വീധനാവകാശം തന്നു എന്നല്ലാതെ ജഡത്തോടും രക്തത്തോടും ആലോചിച്ചു ഞാൻ പ്രവൃത്തിച്ചിട്ടില്ലാ സത്യം. എന്തെന്നാൽ പുത്തൻബംഗ്ലാവു എന്റെ അമ്മാവിയമ്മയുടെയും ഇത്തിമല മുതലാളിയുടെയും വകയും, പുരയിടം എന്റെ അനുജന്റെ വകയും ആകുന്നു. ലൌകികപ്രകാരം ഇവർ മൂന്നാളുകളുടെയും സമ്മതം ക്രൂടാതെ ഇവയേ നിങ്ങൾക്കു സ്വീധനാവകാശമായി ഇനിക്കു തന്നു കൂടാ നിശ്ചയം. അതുകൊണ്ടാണു ഞാൻ ജഡത്തോടും രക്തത്തോടും ആലോചിക്കാതെ ദൈവാലോചനപ്രകാരം പ്രവൃത്തിച്ചിരിക്കുന്നു എന്നു പറഞ്ഞതു. ഞാൻ ഈ മൂന്നാളുകളേയും എന്റെ മാതാപിതാക്കന്മാരായും സഹോദരസഹോദരിമാരായും മക്കളായും അംഗീകരിച്ചിരിക്കുന്നതിനല്ലാതെ അവരും എന്നെ അതേപ്രകാരം അംഗീകരിച്ചിരിക്കയാൽ ഇനിക്കു ഇവയിന്മേൽ പൂർണ്ണസ്വാതന്ത്ര്യം ലഭിച്ചിട്ടുണ്ടു. എന്റെ കയ്യെ തട്ടിപ്പാൻ ആക്കം കഴികയുമില്ലാ നിശ്ചയം.

൩. അതിനാൽ നിങ്ങളുടെ അവകാശത്തിന്റെ പൊരുൾ ഉണർവ്വുസഭയിലുള്ള ഉപയോഗങ്ങളും, പുറമേ കാണപ്പെടുന്ന വടം പുത്തൻബംഗ്ലാവും പുരയിടവും ആകുന്നു. ദൈവത്തിനും, യേശുക്രിസ്തനും, യൂസ്സുയോസേഹിനും, ഏകസന്താനമേയുള്ളൂ. അതുകൊണ്ടു നിങ്ങളുടെ മാതാപിതാക്കന്മാർ നിങ്ങൾ ഏകസന്തതിയാകയാൽ അവന്റെ അവകാശം നിങ്ങൾക്കല്ലാതെ അവൻ ആർക്കു കൊടുക്കും? നിങ്ങൾക്കു അവകാശമില്ലെന്നു ആർ പറയും? അതിനാൽ പുത്തൻ

ബംഗ്ലാവും പുരയിടവും നിങ്ങളുടെ അവകാശമായിരിക്കുന്ന പ്രകാരം ഉണർവുസഭയും നിങ്ങളുടെ അവകാശമാകുന്നു. എന്നെ സകലരുടെയും പാദശുശ്രൂഷക്കാരനായി ദൈവം നിയമിച്ചിരിക്കുന്നതിനാലും ഇനിക്കു രണ്ടാമനായി ദൈവം തന്നെയും നോക്കിയിരിക്കുന്നു. അവൻ തന്നെ ആ കാര്യത്തിനായി നിയമിക്കയും ചെയ്യും. ഉണർവുസഭക്കു ദ്രവ്യസംബന്ധമായി അനേകം ഏർപ്പാടുകൾ ലൌകീകം അനുസരിച്ചു വേണ്ടിയിരിക്കുന്നു. അതിനാൽ ഇനിക്കു രണ്ടാമൻ ഇല്ലെങ്കിൽ ഞാൻ എന്തുചെയ്യും?

൪. പുത്തൻബംഗ്ലാവും പുരയിടവും ദൈവീകധർമ്മ പ്രകാരവും രാജധർമ്മ പ്രകാരവും നിങ്ങൾ ഉറപ്പു വരുത്തികൊള്ളേണ്ടുന്നതാകുന്നു. രാജധർമ്മ പ്രകാരം മാത്രം പോരാ ദിവ്യ ധർമ്മപ്രകാരവും, ദിവ്യധർമ്മ പ്രകാരം മാത്രം പോരാ രാജധർമ്മ പ്രകാരവും ഉറപ്പു വരുത്തിക്കൊള്ളണം. ഈ രണ്ടു ധർമ്മം അനുസരിച്ചു ഞാൻ നിങ്ങൾക്കു ഇവയെ ഉറപ്പു വരുത്തിത്തരുവാൻ അതിജാഗ്രതയുള്ളവനാകയാൽ അതിനു വേണ്ടുന്ന യത്നങ്ങളെ ഞാൻ ലവലേശവും നിവൃത്തിച്ചുകൊണ്ടും വരുന്നു സത്യം. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ

കന്നീററി
ൽ ശുചീ. ന
,, ധന. ഉദ്ധ
ന ജനവരി ൧
൨൰. കരിൻ

യുയോ. വിദ്വാൻകുട്ടി

കന്നീററി പൊതുയുക ഐക്യതയോടു ചേർന്നസകല യോ
ഗക്കാർക്കും എന്റെ വിശുദ്ധ ചുംബനം.

നിങ്ങളെ പരമൈക്യാത്മാവു തന്റെ പള്ളിക്രൂടത്തിൽ ചേർത്തിരിക്കുന്നു എന്നു ഇപ്പോൾ അച്ചടിപ്പിച്ച വിശുദ്ധ വെണ്മഴ എന്ന കുഞ്ഞാടുകൾ മുഖം നിങ്ങളെ തെരിയപ്പെടുത്തുന്നു. ഇതു വായിപ്പാൻ പ്രാപ്തിയുള്ള ഓരോരുത്തന്റെ കയ്യിലും ഇരിക്കേണ്ടുന്നതും, വായിച്ചു പഠിച്ചു ഹൃദയത്തിലും എന്നേക്കുമായി പതിയേണ്ടുന്നതും ആകയാൽ ഓരോയോഗത്തിലും ഇവയെ ഇതാ! അയക്കുന്നു. വായിപ്പാൻ പ്രാപ്തിയുള്ള സ്ത്രീകളും പുരുഷന്മാരും ഓരോ പുസ്തകം വാങ്ങിച്ചുകൊള്ളണം. പുസ്തകം ഒന്നിനു ൧൫ ചക്രം വിലയാകുന്നു. ഏഴു ഞായറാഴ്ചകൊണ്ടു ഓരോരുത്തനും അവനവന്റെ പുസ്തകവിലയെ സമ്പാദിച്ചു അതാതു ശുശ്രൂഷക്കാർ മുഖം അവയെ ഇവിടെ എത്തിക്കുണം. അതിന്റെ ശേഷം അച്ചടിപ്പാനുള്ളതിനെ അച്ചടിപ്പിക്കുന്നതാകുന്നു.

വിശേഷിച്ചും ഓരോ യോഗവും ഓരോ പള്ളിക്രൂടമാകുന്നു. നിത്യ നിയമത്തിന്റെ ആദ്യ പാഠമാകുന്നു വിശുദ്ധ വെണ്മഴ. വായന

യും പഠിപ്പിക്കയും ദിവസത്തോറും ആവശ്യമാകുന്നു. ഞായറാഴ്ച ദിവസം പ്രത്യേകവുമത്രെ. ഓരോ യോഗത്തിലെ ശുശ്രൂഷക്കാർ വേണം അവയെ നടത്തുവാൻ. ബോധകന്മാർ എല്ലാ യോഗത്തിലും ഇവയേ ഏർപ്പെടുത്തി നടത്തികൊണം. മാസംതോറും, ആറു മാസം കൂടുമ്പോഴും, വർഷത്തിൽ ഒരു പ്രാവശ്യവും, പരിശോധനയുണ്ടാകും. എല്ലാ പുരുഷന്മാരും സ്ത്രീകളും മലയാളം വായിപ്പാറാകണം. ആൺകുട്ടികളും പെൺകുട്ടികളും മലയാളം, സംസ്കൃതം, തമിഴ, ഇംഗ്ലീഷ് എന്ന ഭാഷകൾ പഠിക്കേണ്ടുന്നതാകുന്നു. രാജജ്ഞാനമുള്ള സകല കുട്ടികളും വാട്ട പഠിക്കണം.

അല്ലാതെയും സകല യോഗക്കാരും അവരവരുടെ പരിമയത്തിനു തക്കവണ്ണം കൃഷി, കച്ചവടം, കൈത്തൊഴിലുകൾ മുതലായവയെ ജാഗ്രതയോട്ട ചെയ്തു ദശാംശങ്ങളെ വർദ്ധിപ്പിച്ചുകൊണ്ടു വരുന്നതു കൂടാതെ ഈ ദിവ്യമായ പഠിത്വത്തിനു സഹായമനമായിട്ട ഒരു മുതൽ ശേഖരവും വേണം. ആ വകെക്കാകുന്ന യോഗക്രുട്ടത്തിന്റെ ഒന്നാമത്തെ ചിട്ടി നിശ്ചയിച്ചിരിക്കുന്നതു.

ഈ കാര്യങ്ങൾക്കൊക്കെയും ഓരോ യോഗത്തിലും ഓരോ ക്രമം ഉണ്ടാക്കി അതിന്റെ പകർപ്പോട്ട ക്രുടെ വേഗം ഇനിക്കു മടുപടി അയെക്കണം. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ

കന്നീറി
൫ ശുചി ൨൨
,, മകരം ൧൨ യുയോ. വിദ്വാൻകുട്ടി.
൨൯ ജനുവരി ൨൯
൨ ൧൯. ദി. ക്രിസ്തെ



കിഴക്കെ ഡിവിഷ്യൻ തലവന്മാരായ പഴമ്പള്ളി ചാണ്ടി ബോധകർ, പുത്തേത്തു ചാണ്ടി ബോധകർ, കൊച്ചുകോശി ബോധകർ, അയിരൂർ ലൂക്കാച്ചൻ, എന്നിവക്കും; യോഗത്തലവന്മാർ ഓമല്ലൂർ കളീക്കത്തുണ്ടിൽ മൂപ്പൻ, കുലത്തൂർ താഴയിൽ സ്കറിയാച്ചൻ, അയിരൂർ തേവേലിപീലിപ്പോച്ചൻ, കോഴഞ്ചേരി മൊളപ്പമണ്ണിൽ മൂപ്പൻ, പൂവത്തൂർ മങ്ങാട്ട ചാക്കോച്ചൻ, കവുങ്ങുമ്പുയാർ ഉത്തുപ്പുടികൽ പീലിപ്പോച്ചൻ, ചെങ്ങന്നൂർ പ്രയാറ്റു ഇടിക്കുളയച്ചൻ, വെണ്മണി വള്ളത്തു തൊമ്മിയച്ചൻ എന്നിവക്കും;
എന്റെ വിശ്രുത ചുംബനം.

ഈ മാസം ക്രി-ന്റെ ആകുന്ന ചിട്ടി ദിവസം. കിഴക്കെ ഡിവിഷ്യൻ

നിൽ നിന്നു ഫ്രഞ്ച് ചിട്ടിയും, പടിഞ്ഞാറെ ഡിവിഷ്യനിൽ നിന്നു ഫ്രഞ്ച് ചിട്ടിയും തെക്കെ ഡിവിഷ്യനിൽ നിന്നു സ്പാനിഷ് ചിട്ടിയും പിരിഞ്ഞിട്ടുണ്ട്. ഈ രണ്ടു ഡിവിഷ്യനിൽ നിന്നു ഇനിയും പിരിവാനുമുണ്ട്. അതിനാൽ ഈ രണ്ടാമത്തെ ചിട്ടിക്കു അവകാശം കിഴക്കെ ഡിവിഷ്യന്നാകുന്നു. മൂന്നാമതു പടിഞ്ഞാറെ ഡിവിഷ്യന്നും, നാലാമതു തെക്കെ ഡിവിഷ്യന്നുമാകുന്നു അവകാശം വരേണ്ടതു. ചിട്ടി ആകപ്പാടെ രണ്ടു വരുമെന്നു വിചാരിച്ചിരിക്കുന്നു. ചിട്ടിയുടെ വിവരം താഴെ കാണിക്കുന്നു.

വെളിപ്പെട്ട പ്രകാരം ഇതിന്നു പന്തായച്ചിട്ടി എന്നാകുന്നു പേരു.

൧. പന്തായ ചിട്ടിയെ പിടിപ്പാൻ ആഗ്രഹമുള്ളവൻ പിടിക്കുന്ന ചിട്ടിമുതൽ ഒരു ചിട്ടി ക്രൂടെ ഒപ്പു നടത്തേണ്ടുന്നതാകുന്നു. മറ്റൊരുത്തൻ അതിലധികം പ്രാപ്തനടത്തുവാൻ സാധ്യമില്ല വിളിച്ചുകേട്ടാൽ പന്തായച്ചിട്ടി അവന്നേറ്റതായിതീരും. ഈ പണം ഇനി വരുന്ന ഇടവം ഫർവ്വരിയിലെ പന്തായച്ചിട്ടി നടക്കുമ്പോൾ ഒരു രൂപായിൽ കുറയാതെ പെരുകുന്നതിനാൽ അതു മാകാണിച്ചിട്ടിക്കാക്കുള്ള പന്തായച്ചിട്ടിയായിതീരുന്നതുമാകുന്നു. ഇങ്ങിനെ ചിട്ടിയുടമ്പും ഈ പണം പെരുകുന്നതിനാൽ ചിറ്റാളുകൾക്കൊക്കെയും ഫ്രഞ്ച് വർഷം കൊണ്ടു ചിട്ടിപ്പണം കിട്ടിതീരുന്നതിന്നു പകരം, ഉദ്ദേശം ഏഴു വർഷം കൊണ്ടു എല്ലാ ചിറ്റാളുകൾക്കും ചിട്ടിപ്പണം മുഴുത്തുകയോടു ക്രൂടെ കിട്ടുന്നതാകുന്നു. അതിന്റെ ശേഷം പന്തായത്തിൽ ആദ്യം പിടിച്ച ആളിന്നു രണ്ടാമത്തെ ചിട്ടി കിട്ടുന്നതുമാകുന്നു. പിന്നിട്ട ക്രമപ്രകാരം അവരവക്കു രണ്ടാം ചിട്ടി ലഭിക്കയും ചെയ്യും.

൨. പന്തായച്ചിട്ടി പിടിക്കുന്നവൻ ഒട്ടു രൂപാ ചിട്ടിച്ചിലവുനീക്കി ശേഷമുള്ള പണം പറ്റേറേണ്ടുന്നതാകുന്നു

൩. പറയുന്ന പണത്തിന്റെ നൂറിന്നു ഒരു വീതമുള്ള പലിശയിൽ ഭാഗാംശം എന്നേക്കും കൊടുത്തുകൊള്ളാമെന്നു പൊതുങ്കയ്യെഴുത്തു പ്രമാണം ചെയ്തുകൊടുക്കയൊ, അതിന്നുള്ള മുതൽ പൊതുമുതൽ പിടിയിൽ ചേർക്കയൊ ഉഭയം കഴിയുന്നതായ നല്ല വസ്തുക്കളിൽ ഇട്ടു ഒറിയായിട്ടൊ തീവ്വയായിട്ടൊ മറ്റൊ ഏഴുതികൊടുക്കയൊ കൊടുപ്പിക്കയൊ ചെയ്യേണ്ടുന്നതാകുന്നു.

൪. പറയുന്ന പണത്തിന്നു ഡിവിഷ്യൻ തലവന്മാരും, ആ യോഗത്തലവനും, ചിട്ടി പിടിച്ചവനും ക്രൂടെ മുദ്രപത്രത്തിൽ ഏഴുതീത്ത രേണ്ടുന്നതാകുന്നു. ശേഷമൊക്കെയും ചിട്ടിക്കരാർ നിയമത്തിൽ വിവരിക്കുന്നതാകുന്നു.

അതിനാൽ ഈ ഏഴുത്തു കണ്ടാൽ ഉടനെ എല്ലാവരും ക്രൂടി ആലോചിച്ചു ചിട്ടി പിടിപ്പാൻ മനസ്സുള്ളവനെ സ്ഥിരപ്പെടുത്തി വിവരം തെരിയപ്പെടുത്തുകയും ചിട്ടിപ്പണം കൊടുത്തയക്കയും വേണം. ഒരുവൻ വെക്കുന്ന ഒരു ചിട്ടി ക്രൂടാതെ ഒട്ടു രൂപാ മുതൽ ക്രൂടുതലാ

യി ഒന്നേരെക്കാൽ, ഒന്നേകാൽ, ഒന്നര ഇത്യാദി ആർ ചിട്ടി വെച്ചു നടത്തിക്കൊള്ളുമോ? ഈവനത്തെ പന്തായത്തിൽ ജയിച്ചവൻ എന്നു സകലരുടേയും പാദഭൂശ്രൂഷക്കാരൻ

കന്നീററി
ഒ. ചട്ടലം. ഫ
,, കുംഭം. ഫ
ന. ഫിബ്രു. ഫവ
ഫ. വാ. ദി. ഫദിൻര

യുയൊ. വിദ്വാൻകുട്ടി

എന്റെ പ്രിയമുള്ള വെള്ളിക്കര ചാണ്ടിബോധകക്കു
എന്റെ വിശുദ്ധചുംബനം.

ഉടയ്പ്പടിക്കരു കുഞ്ഞാണ്ടമ്മയെ സംബന്ധിച്ചു ഇന്നലെ വൈകുന്നേരത്തു വെളിപ്പെട്ടതിനെ ഞാൻ അറിയിപ്പിക്കുന്നു. ഒരു സ്ത്രീയെ അനേകം ആളുകൾ കൂടി ഒരു സമയം അനുഭവിച്ചാൽ ആ സ്ത്രീക്കു വേഗം ജീവഹാനി വന്നുപോകുന്നവണ്ണം, ഐകൃതയിന്നാത്മാവു പലയാളുകളിൽ നിന്നും കുഞ്ഞാണ്ടമ്മയുടെ ജീവനിൽ പകർന്നിരിക്കയാലും, ആ പകർച്ചയെ സഹിപ്പാൻ ആ ജീവന്നു പാത്രതയില്ലാത്തതിനാലും ആ ജീവൻ എത്രെയും പരിതപിപ്പാൻ തക്ക അപകടസ്ഥിതിയിൽ ആയിതീർന്നുപോയി. ഞാൻ അന്നു പറഞ്ഞപ്രകാരം വിവാഹം നടത്തിയിരുന്നാൽ ജീവന്നു ആശ്വാസം ഉണ്ടായേനെ. ഞാൻ എന്തു ചെയ്യേണ്ടു? ഇനി ഒരു പരിഹാരമുള്ളതു കുഞ്ഞാണ്ടമ്മെക്കു ഉണർവുണ്ടായാൽ സ്ത്രീകളെ ആകട്ടെ, പുരുഷന്മാരെ ആകട്ടെ കുഞ്ഞുങ്ങളെ ആകട്ടെ ഇനി ആരെയും തൊട്ടുപോകരുതു. സഭയുടെ നിയമപ്രകാരം ഒരു പുരുഷനാൽ വിവാഹം ചെയ്യപ്പെട്ട ആ ഒരു ഭർത്താവിന്റെ ശരീരത്തെ മാത്രം അനുഭവിച്ചു കൊള്ളുന്നതിനാൽ ജീവന്റെ അപകടസ്ഥിതിയിൽ നിന്നു ഒഴിഞ്ഞുകൊള്ളുകയും വേണം. ഇതേ ഉള്ളു പരിഹാരം. വേറെയില്ലാ നിശ്ചയം. എന്നു പാദഭൂശ്രൂഷക്കാരൻ

കന്നീററി
ഒ. ചട്ടലം. ഫദ
,, കുംഭം. സ
ന. ഫിബ്രു. ഫന
ഫ. വാ. ദി. ഫദിൻവ

യുയൊ. വിദ്വാൻകുട്ടി

എന്റെപ്രിയമുള്ള രാ. ചാണ്ടിബോധകക്ക് എന്റെവിശ്വാസപൂർവ്വം ബന്ധനം

നിങ്ങൾ കൊടുത്തയച്ച എഴുത്തു വായിച്ചു കണ്ടു. കുഞ്ഞാണ്ടമ്മയുടെ മനസ്സിൻപ്രകാരം തനിക്കു ഒരു പുരുഷനെ തെരിഞ്ഞെടുത്തതിൽ നിങ്ങൾക്കു എതുപ്രകാരമൊ? അതേപ്രകാരം ഇനിക്കും സമ്മതമത്രെ. ഞാൻ വരുമ്പോൾ വിവാഹം നടത്തിച്ചുകൊള്ളാം.

ചിട്ടിയുടെ പണം എല്ലാം വന്നുചേന്നില്ലാ. ഉള്ള പണം ചാണ്ടിബോധകർ വശം കൊടുത്തയക്കുന്നു. കിഴക്കെ ഡിവിഷ്യൻ തലവന്മാർ രാ. ചാണ്ടിബോധകർ, നയനാ ചാണ്ടിബോധകർ, വ. കൊച്ചുകോശിബോധകർ, ലൂക്കാച്ചൻ, ഈ നാലുപേക്കും ക്രൂടെ ഈടെഴുതി വാങ്ങിച്ചുകൊണ്ടു പണം കൊടുക്കണം. വരുന്ന ചിട്ടിമുതൽ ക്രൂട്ടുതൽ ചിട്ടി വെച്ചാൽ മതി. ഈ ചിട്ടിക്കു ക്രൂട്ടുതൽ പണം വേണ്ടാ. കരാർ നിയമത്തിനു യോഗ്യമാകുന്നെക്കൊണ്ടു കയ്യെഴുത്തു വെപ്പിച്ചിരിക്കുന്നു. ആ ഡിവിഷ്യനിലെ പതിനഞ്ചുമുക്കാൽ ചിട്ടിക്കുള്ള ഫന്റു ക്രൂട്ടുകൈക്കണക്കും ഇവിടെ നിന്നു താമസിയാതെ അയക്കും. അതിൽ നിങ്ങൾ നാലു പേരുടെയും കയ്യെഴുത്തു വേണം. അവരവർക്കു ഏറ്റിട്ടുള്ള ചിറ്റാളുകളിൽ നിന്നു ചിട്ടിക്കുള്ള പണം പിരിച്ചു അവരവർ പതിച്ചു കൊടുക്കേണ്ടുന്നതാകുന്നു. ദശാംശം വകെക്കു യോഗ്യമാകുന്നെക്കൊണ്ടു ഒരു പത്രത്തിൽ എഴുതി വാങ്ങിച്ചു കൊള്ളണം. ഒറിയാധാരമായി എഴുതിയാൽ മതി. റജിസ്റ്റർ ചെയ്യണം. അതിനുള്ള ചിലവു അതാതു യോഗത്തിൽ നിന്നും വേണ്ടുന്നതാകുന്നു. പിന്നീടു നിങ്ങളുടെ യുക്തിയും ക്രമവും പോലെ കാര്യങ്ങളെ നടത്തിക്കൊള്ളണം. വെള്ളിക്കര ചാണ്ടിബോധകരാകുന്ന ആധാരം ഹാജരാക്കേണ്ടതും ചിട്ടിപ്പണം യോഗ്യമാകുന്ന കൊടുക്കേണ്ടതും. ഇവയെ എല്ലാം വേണ്ടുംവണ്ണം നടത്തുവാൻ തക്ക വേണ്ട ബുദ്ധിയേ ദൈവം നിങ്ങൾക്കു നൽകട്ടെ. എന്നു പാളയുശ്രൂഷക്കാരൻ.

കന്നീറി
ദ. തേജ്യാ. ക
കുംഭം. ഠാ
സ. മാർച്ച് ഫ യൂയോ. വിദ്വാൻ കുട്ടി.
ഫ. വാ. ദി. ഫന്നഫ

എന്റെപ്രിയമുള്ള മുങ്ങനത്തെകുഞ്ഞിനു എന്റെ വിശ്വാസപൂർവ്വം ബന്ധനം

ഞൊപ്പു വന്നസമയം ഞാൻ ഇവിടെ ഉണ്ടായിരുന്നില്ലാ. കഴിഞ്ഞ

വെള്ളിയാഴ്ച പ്രഭാതത്തിൽ ഞാൻ ഇവിടെ വന്നു ചേർന്നു. അതിന്റെ മുമ്പിലത്തെ വെള്ളിയാഴ്ച കുഞ്ഞി ഒഴികെ ശേഷമുള്ള എല്ലാ കുഞ്ഞുങ്ങൾക്കും പൊങ്ങൻ ആരംഭിച്ചു. ആ അഗ്നിസ്നാനം നിമിത്തം ദാനിയേലിന്റെ മകൾ പൂണ്ണ കഴിഞ്ഞ ശനിയാഴ്ച പ്രഭാതത്തിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. എന്റെ മകൻ വല്ലൻ അത്യാസന്നത്തിലായാറെ അവൻ മരിക്കയോ ജീവിക്കയോ ചെയ്യാൻ തക്കവണ്ണം ഇന്നലെ ഉച്ച തിരിഞ്ഞശേഷം ഞാൻ അവനെ കുളിപ്പിച്ചു എന്റെ ഭാരത്തെ ഒഴിച്ചു. അവൻ ഇപ്പോൾ ജീവിച്ചിരിക്കുന്നു. ആയതു ഏതു ജീവനിൽ ആകുന്നു എന്നു ഇന്നിക്കു ഇതുവരെയും നിശ്ചയം വന്നിട്ടില്ലാ താനും. കുപെക്കു ഈ സ്നാനമെറ്റിട്ടു അഞ്ചു ദിവസമായി. മറ്റുള്ള കുഞ്ഞുങ്ങൾക്കു അല്പമല്പം സുഖമുണ്ടു. ഇപ്രകാരം എന്നെ മരണം രുചിച്ചറിഞ്ഞു അതിൽ കൂടെ നടന്നു അതിന്റെ മുകരയിൽ എത്തുവാൻ തക്കവണ്ണം പഠിപ്പിക്കുന്ന ദൈവത്തെ ഞാൻ എപ്പോഴും സ്തുതിച്ചു കൊണ്ടിരിക്കുന്നു.

വിശേഷിച്ചും ആ യോഗത്തിൽനിന്നു മാകാണി ചിട്ടി മുതൽ കൂടിയിരിക്കുന്ന ആളുകളുടെ പേരു വിവരം അറിയേണ്ടിയിരിക്കയാൽ പ്രവൃത്തി, മുറി വീട്, എരട്ടപ്പേരോടു കൂടെ ഓരോരുത്തന്റെ പേരു, ചിട്ടി മാകാണി മുതൽ ഇത്രക്കു രൂപാ ഇത്ര എന്നു വിവരം എഴുതിയ ഒരു ലീസ്സു വേഗം കൊടുത്തയക്കണം. ഇവിടെ ഇപ്പോൾ വന്നിരിക്കുന്ന രോഗത്തിനു അല്പം ആശ്വാസം വന്നാൽ ഉടനെ ഞാൻ വരും. അപ്പോൾ ചിട്ടിയുടെ കരാർനിയമപ്പത്രവും കൊണ്ടു വരും. ഇന്നരേമാകാണിക്കുള്ള രണ്ടു ചിട്ടിയുടെ രൂപാ ഒരു പുസ്തകം വക രൂപാ നാ- ചക്രം ഫാ- ഞാൻ പറഞ്ഞിരിക്കുന്നു. എന്നു സകലരുടെയും വാടസ്സുശ്രൂഷക്കാരൻ

കന്നീറ്റി
ഒ. തേജോ. കു
മിനം. ര
മാത്തി. കന്ന
വ. വാ. ദാ. കന്നവന്ന

യേശു. വിദ്വാൻ കുട്ടി.

കന്നീറ്റി പൊതുജനങ്ങളെക്കൂടെയോട്ടു ചേർന്നു സകല യോഗക്കാരും എന്റെ വിശുദ്ധ ചുംബനം.

ദാനിയേലിന്റെ മകൾ പൂണ്ണ ഈ മാസം ഫാം നാ- ശനിയാഴ്ച പ്രഭാതത്തിലും എന്റെ മകൻ വല്ലൻ ഇന്നു ബുധനാഴ്ച പ്രഭാതത്തിനു അല്പം മുൻപും ആയിട്ടു ഇങ്ങിനെ ഇവർ രണ്ടു പേരും കർത്താവിന്റെ മടിയിൽ പൂണ്ണുമായി ചെന്നു ചേർന്നു. ദൈവത്തി

ന സ്തോത്രം. പൊങ്ങൻപനിയാകുന്ന രോഗം. ഈ അഗ്നിസ്നാനത്താൽ ദൈവം ഈ കുടുംബത്തെ മുഴുവനും ശുദ്ധീകരിച്ചിരിക്കുന്നു. എന്ന സകലരുടെയും പാദശുശ്രൂഷക്കാരൻ

കന്നിറ്റി
ഒ. തേജോ. കന്ന
സ. മാ. ച്ച. ക
ഹസ്ത. മീനം. ൪ ന-
ഉ. വാ ദി. ഹസ്തം

യുയോ. വിദ്വാൻ കുട്ടി.

സകലരും അറിവാൻ പ്രസിദ്ധപ്പെടുത്തുന്ന പരസ്യം.

മഹാദൈവത്തിന്റെ സ്വന്ത വകയായ ഉള്ളിരിപ്പു ബലിപീഠത്തിന്മേൽ കവുവന്ന ജില്ലയിൽ ഉൻ ന- ഞായറാഴ്ച ഹോമബലിയായി നൽകിയ കൃപാവല്ലിയുടെ കഴുത്തിൽ ഈ മാസം കറ ന- തിങ്കൾ കലത്തു എട്ട മണിക്കു പുത്തൻ ബങ്കളാവു എന്ന ഭവനത്തിൽവച്ചു പരമൈക്യാത്മാവാകുന്ന രാമസ്വാമി റോബേർട്ട ഗോപാലയ്യൻ വണ്ണനെ ബന്ധിച്ചു നിത്യവിവാഹം കഴിക്കയും കൃപാവല്ലി മേല്പടി മണവാളന്റെ കഴുത്തിൽ പുണ്ണ്യയെ ബന്ധിച്ചു നിത്യ വിവാഹം കഴിക്കയും ചെയ്തിരിക്കുന്നു എന്ന ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. എന്ന സകലരുടെയും പാദശുശ്രൂഷക്കാരൻ

കന്നിറ്റി
ഒ. തേജോ. വ
മീനം കറ
സ മാ ച്ച വ
ഉ. വാ ദി. ഹസ്തവ

യുയോ: വിദ്വാൻകുട്ടി

സർവ്വകൃപാനിധിയായ ദൈവത്തിൽ എന്റെ
സമസ്തവുമായ മഹാജനങ്ങൾക്കു വന്ദനം.

ഈശ്വരകൃപയാൽ സകലരുടെയും പാദശുശ്രൂഷയെ ലഭിച്ചു ഞാൻ ജാതിവ്യത്യാസവും മതവ്യത്യാസവും കൂടാതെ സർവ്വരോടും സമചിത്തനായി വ്യാപരിച്ചു സകലർക്കും ഒരുപോലെ നന്മ ചെയ്യുന്നതു എന്റെ പ്രത്യേകമുറയാകയാൽ നിങ്ങൾ എന്നെ ഇന്ന ജാതിക്കാരനെന്നോ, ഇന്ന മതക്കാരനെന്നോ, എണ്ണാതെ ഞാൻ സകലർക്കും സകലവുമായി ഭവിച്ചിരിക്കുന്നതിൻവണ്ണം എന്നെ നിങ്ങൾ ഭാവിച്ചു നിങ്ങളുടെ കരുണയുള്ള മനസ്സിനെ എന്നിൽ വെച്ചു കൊള്ളണമെന്നു ആശ്യം

അപേക്ഷിച്ചു കൊള്ളുന്നു. ഞാൻ ആരംഭിക്കുന്നതൊക്കെയും സമസ്ത മനുഷ്യരുടെയും അന്തർഭാഗങ്ങളിൽ ഒരുപോലെ വ്യാപിച്ചിരിക്കുന്ന പരമൈക്യാത്മാവാം ഈശ്വരനിൽ ആകുന്നതിനാൽ എന്റെ ആരംഭങ്ങളെ സശക്തികൊണ്ടു നിവൃത്തിച്ചു കൊള്ളാമെന്നു ഞാൻ ഒരിക്കലും വിചാരിക്കുന്നില്ലാ. വിചാരിക്കയും ഇല്ലാ സത്യം. അതിനാൽ എന്റെ സമസ്ത പ്രവൃത്തിയുടെയും ആദ്യാവസാനങ്ങൾ ദൈവമത്രെ. അതു നിമിത്തം ഇനിക്കു ലജ്ജിപ്പാൻ ഒരിക്കലും ഇടയാകയില്ല നിശ്ചയം. ഈ ദിവ്യ ധൈര്യത്തെ അവലംബിച്ചുകൊണ്ടത്രെ ഈ സംഗതിയെ ഞാൻ നിങ്ങൾക്കു വെളിപ്പെടുത്തുന്നതു്

മലയാളം, ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം എന്നനാലു ഭാഷകളെ പഠിപ്പിപ്പാൻ തക്കവണ്ണം ഒരു സ്കൂൾ ആരംഭിക്കണമെന്നു വിചാരിച്ചു ഞാൻ എന്റെ സഹോദരന്മാരിൽ ഒരുവനെ മലയാളവാദ്ധ്യാരായിട്ടും, മറ്റൊരുവനെ സംസ്കൃത വാദ്ധ്യാരായിട്ടും, വേറൊരുവനെ ഇംഗ്ലീഷ് വാദ്ധ്യാരായിട്ടും നിയമിച്ചു ഓരോ സ്ഥലത്താക്കി. കുട്ടികൾക്കു വരുന്ന വീസുകൊണ്ടും മറ്റും അവരുടെ ശമ്പളം നടക്കയും ചിലപ്പോൾ മീഴ്ചവരികയും അതിനാൽ സ്കൂൾ നിന്നു പോകയും ചെയ്യുന്നതുകൊണ്ടു അങ്ങിനെ വരാതിരിപ്പാനും, സ്കൂൾ സ്ഥിരപ്പെടുവാനുമായിട്ടു ഇതിലേക്കു ഒരു ദ്രവ്യശേഖരം വേണമെന്നു നിശ്ചയിച്ചു ആ വിവരം ഏറ്റവും പ്രയാസപ്പെട്ട ഉണർവു സഭയിൽ ആദ്യം അറിയിച്ചു. ഇപ്പോൾ മഹാലോകരെ! നിങ്ങളോടും ഇതു മൂലം അറിയിച്ചുകൊള്ളുന്നു. എന്റെ സമ്പത്തു ദൈവവും അവൻ മൂലം നിങ്ങളും ആകയാൽ സകല കൃപാനിധിയായ ഈശ്വരനെയും നിങ്ങളുടെ പാദശുശ്രൂഷ ലഭിച്ച ഈ അടിയാനെയും ഓർത്തു ഈ കാര്യത്തിനായിട്ടു നിങ്ങളുടെ കരുണയുള്ള കൈകളിൽ വരുന്ന മനഃപൂർവ്വദാനത്തെ എന്റെ വിശ്വസ്തന്മാരായ ഈ പത്രവാഹകന്മാർ വഴിയായി എനിക്കു അയപ്പാൻ വിനയപൂർവ്വം അപേക്ഷിച്ചുകൊണ്ടു എഴുതിക്കൊള്ളുന്നതു. സകലരുടെയും പാദശുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും

ഒ. പൈയുഷം ഫന്ദ-
ഫന്സഫ. മീനം. വഫ
ഫവ്വവ്വന്സ. ഏപ്രിൽ വ നവ-
വ. വാര. ദിനം. ഫന്സഫന്സ

യുയോ. വിദ്വാൻകുട്ടി



വെള്ളിക്കര ചാണ്ടിബോധകന്റെ വിശുദ്ധ ചുംബനം.

പരമൈക്യാത്മാവു കൃപാവല്ലിയെ നിത്യവിവാഹം ചെയ്തിരിക്കയാൽ ഭക്ഷണനിയമം എന്നവണ്ണം വിവാഹനിയമവും ഇതാ! സ്ഥിര

പ്പെട്ടിരിക്കുന്നു. മരണത്തിൽനിന്നും ന്യായവിധിയിൽനിന്നും മനുഷ്യ ശരീരങ്ങളെ വീണ്ടെടുപ്പാൻ ശക്തിയുള്ള ഈ രണ്ടു നിയമങ്ങൾ വഴിയായി പുരുഷന്മാർ തങ്ങളുടെ ശരീരങ്ങളെ പരമൈക്യാത്മാവിനും സ്ത്രീകൾ തങ്ങളുടെ ശരീരങ്ങളെ തിരു സഭയായ കൃപാവല്ലിക്കും മനഃപൂർവ്വമായി ഏല്പിച്ചുകൊടുത്തു ഒരു ഭർത്താവിനു ഒരുഭാര്യ ഒരു ഭാര്യക്കു ഒരു ഭർത്താവു എന്നുള്ള ദിവ്യ വിധിപ്രകാരം ഇരു ഹൃദയങ്ങളുടെ ഏക യോജിപ്പിൽ നിങ്ങളുടെ ശരീരാത്മദേഹികളെയും അവയുടെ ശക്തികളെയും ജീവനിലും പരിശുദ്ധത്തിലും ദൈവഭയത്തിലും കാത്തു സൂക്ഷിച്ചുകൊൾവിൻ. എന്നാൽ കൃപയുടെയും വർണ്ണന്റെയും, പൂർണ്ണയുടെയും ജഡശരീരങ്ങളിന്മേൽ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിയ ഏലിയാവിന്നാത്മാവായ അഗ്നി നിങ്ങളുടെ ശരീരങ്ങളെ മരണത്തിൽനിന്നും ന്യായവിധിയിൽനിന്നും രക്ഷിച്ചു മഹത്വപ്പെടുത്തും നിശ്ചയം. എന്തെന്നാൽ ഈ മീനമാസം ൧൯- മുതൽ ൧൦൯൦ വരെ ഈ ഉള്ളിരിപ്പു ബലിപീഠത്തിന്മേൽ കഴിച്ചിരിക്കുന്ന ഈ ത്രിയേക ഹോമബലികളാൽ ഏലിയാവിന്നാത്മാവു നിങ്ങളിൽ പരിപൂർണ്ണ കൃപയെ പൊഴിച്ചു ആശ്വസിപ്പിപ്പാൻ അതിജാഗ്രതയുള്ളവനായിരിക്കുന്നു. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ.

കന്നീറ്റി
ഒ. പൈയ്യ. ഫ
൧൦൯൦ മീനം. ൨൨
൧൮൮൯ ഏലി. ൩൨

യൂയോ. വാദ്ധാൻ കുട്ടി.

എന്റെ പ്രിയ മകൻ രാമസ്വാമിക്കു.

ഞാൻ എന്റെ ഹൃദയമാകുന്ന കൃപയേയും, കണ്ണാകുന്ന വർണ്ണനേയും, ശിരോലങ്കാരമായ പൂർണ്ണയേയും ദൈവത്തിന്റെ പാദത്തുങ്കൽ വാടാത്ത പനിനീർ ചെമ്പകപൂവായി പുഴ'പാഞ്ഞലി കഴിച്ചിരിക്കയാൽ ദൈവം ഇവരേ തന്റെ കൃപാസിംഹാസനമാക്കി എന്റെ ഹൃദയത്തിൽ എന്നേക്കുമായി സ്ഥാപിച്ചു അതിൽ അവൻ എഴുന്നള്ളി ഇരുന്നുകൊണ്ടു എന്റെ മനഃപൂർവ്വ ആരാധനകളെ എപ്പോഴും അംഗീകരിക്കയും, എന്റെ കയ്യമൂലം തന്നെ അനുഗ്രഹിക്കയും, ചെയ്തിരിക്കയാൽ അവന്റെ അനുവാദപ്രകാരം ഞാൻ തന്നിക്കു തന്നിരിക്കുന്ന ഈ പുത്രൻ ഖങ്കു'ളാവിനെ അതിന്റെ സമസ്തത്തോടും കൂടേ അനുഭവിച്ചുകൊള്ളണം എന്നും, ഇതിന്റെ സാക്ഷാൽ പൊരുളായ എന്റെ ഭാര്യയേ തന്റെ സാക്ഷാൽ മാതാവായി അംഗീകരിച്ചുകൊള്ളണമെന്നും ഞാൻ തന്നോടു ആജ്ഞാപിക്കുന്നു. എന്റെ ഭാര്യയു

ടെ നാമമായ സീതാമരി അല്ലെങ്കിൽ സീതാദേവി എന്ന നാമം നെറുറിയിൽ പതിഞ്ഞുറച്ചുള്ള എന്റെ വാത്സല്യമേറിയ വത്സയായ കുട്ടിയെ തനിക്കു ഭാര്യയായി തരുവാൻ ഇവിടെയുള്ള മാറ്റമില്ലാവക്കം എന്നവണ്ണം ഇനിക്കും പൂർണ്ണമനസ്സു തന്നെ. ഇപ്പോൾ നിശ്ചയ താംബൂലവും പിന്നീടു ശുഭമുഹൂർത്തവും ആകുന്നു. ഈ വിവരത്തിനു അപ്പാവിനു എഴുതണം. ഞങ്ങൾ രണ്ടു പേരും തന്നെ മകനാക്കി എന്നേക്കും ഏറ്റുതിരിക്കുന്നു സത്യം. എന്നു സകലരുടേയും പാദശുശ്രൂഷക്കാരൻ.

കുന്നിററി
ഒ.പൈ യു. ഫ്ര
ഫാന്നഫ്.മേടം.ര
ഫവുവുന്ന.ഷുപ്രി ഫന്ന
വ: വാ:ളി: ഫന്നര

യുയോ. വിദ്വാൻ കുട്ടി.

എന്റെ പ്രിയമുള്ള മാങ്ങാനത്തെ കുഞ്ഞിന്നു
എന്റെ വാത്സല്യചുംബനം.

ഔപ്പുവശം കൊടുത്തയച്ച എഴുത്തു വായിച്ചു. കുവയുടെ കല്യാണദിവസത്തിന്റെ പിറേന്നാൾ തങ്കൾക്കുണ്ടായ സങ്കടത്തിന്റെ ഗൽഗ്ദവചനത്തെ ഞാൻ ഓർക്കുന്നു. അതിന്റെ പരിഹാരത്തിന്നായി മുന്നമേ നിയമിച്ചിരുന്ന എന്റെ ഹൃദയമാകുന്ന കുവയേയും, കണ്ണാകുന്ന വണ്ണനേയും, ശിരോലങ്കാരമായ പൂർണ്ണയേയും, മഹാദൈവത്തിന്റെ പാദപീഠത്തുങ്കൽ വാടാത്ത പനിനീർചെമ്പകപ്പൂവായി പുഷ്പാഞ്ജലി കഴിച്ചിരിക്കയാൽ എന്റെ മേൽ മരണത്തോട്ടുകൂടിയ ന്യായവിധിയാകുന്ന അഗ്നിപ്രളയം കവിഞ്ഞൊഴുകീട്ടും, എന്റെ ഇഹലോക ജീവായുസ്സു അവസാനിച്ചിട്ടും ഞാൻ ഇതാ! ജീവിച്ചിരിക്കുന്നു. എന്നിലുള്ള മരണശക്തിയാകുന്ന കേവലവു കുവാവല്ലിയാകുന്ന വെണ്മഴുവാൽ ഇപ്രകാരം ശിരശ്ഛേദനമേറിട്ടു അതിന്റെ കബന്ധം ഈ യുദ്ധഭൂമിയിൽ തുള്ളി ഇതാ! അവസാനിച്ചിരിക്കുന്നു. ഒരുവൻ ഈ ഭൂമിയിൽ നിന്നു വേർപിരിയുമ്പോൾ അവന്റെ ദുഃഖം തീർന്നു. ദൈവത്തിന്റെ കൃപയു എന്നെ കുടുംബത്തോടു കൂടെ ബന്ധുക്കളിൽനിന്നും, സ്വജനങ്ങളിൽ നിന്നും, വേർപിരിച്ചു ക്രിസ്ത്യാനി നിയമത്തിൽ ആക്കിവെച്ചു. പിന്നെയും ക്രിസ്ത്യാനികളാകുന്ന ബന്ധുക്കളിൽ നിന്നും സ്വജനങ്ങളിൽ നിന്നും എന്നെ വേർപിരിച്ചു ഉണർവു സഭാനിയമത്തിൽ പ്രതിഷ്ഠിച്ചു. പിന്നീടു ക്രമം ക്രമമായി ശാരീ

രൊ അവയവങ്ങളെ എന്നിൽ നിന്നു ഖണ്ഡിച്ചു, ഖണ്ഡിച്ചു കളഞ്ഞു എന്നെ കൊച്ചു. ഇപ്പോൾ എന്റെ ഹൃദയത്തെയും, കണ്ണിനേയും, ശിരോലങ്കാരത്തെയും എടുത്തുകൊള്ളുകയും ഈ ലോകത്തിൽ നിന്നു വീണ്ടെടുത്തിട്ടുള്ള ജീവാത്മാക്കളുടെ നിത്യ നിയമത്തിൽ എന്നെ സ്ഥാപിക്കയും ചെയ്തിരിക്കുന്നു. ഞാൻ ക്രിസ്ത്യാനിയായപ്പോൾ ഹിന്ദുമാഗ്രത്തെ ഉപേക്ഷിച്ചു ഞാൻ യൂറോമയനായപ്പോൾ ക്രിസ്ത്യാനിമാഗ്രത്തെ ഉപേക്ഷിച്ചു. ഇപ്പോൾ മരിച്ചവരുടെ കൂട്ടത്തിൽ ഞാൻ ചേർന്നിരിക്കുന്നു. ഞാൻ ഹിന്ദുവല്ലാം, ക്രിസ്ത്യാനിയല്ലാം, ഉണർവുസഭക്കാരനുമല്ലാം. ഞാൻ അന്യൻ. പിന്നെ ലോകം എന്നെ സംബന്ധപ്പെട്ടത്തിക്കൊൾവാൻ വിചാരിച്ചാൽ ഒരു ഹിന്ദുവും, ഒരു ക്രിസ്ത്യാനിയും ഒരു ഉണർവുകാരനും, ഇനിക്കു ഒന്നുപോലെയത്രെ. ആദാമിന്റെ ജഡത്തിൽ ഇനിക്കു ആരോടും ഒരു സംബന്ധവുമില്ലാം. പുതിയാദാമിന്റെ ആത്മശരീരത്തിൽ ഇനിക്കു ലോകത്തിലുള്ള സകലരും സംബന്ധക്കാരത്രെ. ഞാൻ എന്നെ നടത്തുന്ന ആത്മാവിന്റെ കയ്യിൽ ഒരു വാനരമായിരിക്കുന്നതിനാൽ ഈ ലോകത്തിനും ആ ലോകത്തിനും ഞാൻ ഒരു വിനോദക്കാഴ്ചയായി തീർന്നുപോയി. എന്റെ അരെക്കു അവൻ ഒരു ചങ്ങല ഇട്ടുവിടിച്ചിരിക്കുന്നു. അവന്റെ കയ്യിലുള്ള വടിയല്ലാതെ വേറെ ഒരു ആശ്വാസവുമില്ലാം. ചങ്ങല അവന്റെ സ്നേഹവും, വടി അവൻ ഇനിക്കു തന്ന തുവലുമാകുന്നു.

ദുരാത്മാവു മായാമൃഗമായ പാമ്പു വഴിയായി സദാത്മാവിന്റെ ഭാര്യയെ വഞ്ചിച്ചു തൻ വിധേയമാക്കിയതിനെ വീട്ടുവിപ്പാനായി ഐക്യാത്മാവു എന്നെ ശാഖാമൃഗമാക്കി ഇതാ! അയച്ചിരിക്കുന്നു. എന്റെ കയ്യിലുള്ളവിശുദ്ധ വെണ്മെഴുവാകുന്ന കൃപാവല്ലിയുടെ ശക്തിയാൽ ഞാൻ ഈസമുദ്രത്തെ കടന്നു പാതിവൃത്യമുള്ള മഹതിയായവളെ കണ്ടു അന്തിക്രിസ്തുവിന്റെ മഹാനഗരിയെ മുട്ടു ഭസ്മമാക്കും. പരമൈക്യാത്മാവു എന്നെ രഥത്തിൽ കയറി ഇരുന്നുകൊണ്ടു എന്നെപ്പോലെയുള്ള വാനരപ്പടകളോടു കൂടെ എഴുന്നെള്ളി ഈ സമുദ്രത്തിന്നു അണകെട്ടി അക്കരെ ചെന്നു അന്തിക്രിസ്തുവാകുന്ന പഴയാദാമിനെ അവന്റെ സന്തതികളോടു കൂടെ നശിപ്പിച്ചു തന്റെ ഏകഭാര്യയേ പൂർണ്ണ സന്തോഷമുള്ളവളാക്കും സന്ദേഹമില്ലാം. ഇതു ദീർഘദർശനമല്ല സാക്ഷാൽ നിവൃത്തിയെ കണ്ടു പറയുന്ന വചനമത്രെ. എന്നു സകലരുടേയും പാദശുശ്രൂഷക്കാരൻ

കന്നിറ
ി:പൈ യു:വനു
ഹനുഹ്മേടം ഹനു
ഹവ്വന്ന, ഏപ്രി:വര
വ:വാര:ദി: ഹന്നനു

യൂയോ:വിദ്വാൻ കുട്ടി

എന്റെ പ്രിയ മകൻ രാമസ്വാമിക്കു

ഞാൻ തനിക്കായിട്ടുകൂട്ടിയേ എപ്പോൾ നിയമിച്ചുവോ? ആസമയം മുതൽ താൻ അവളുടെ ഭർത്താവാകുന്നു സത്യം. ആ കായ്ത്തെപരസ്യമായ ഉടമ്പടി മൂലം സഭയിൽ പ്രസിദ്ധപ്പെട്ടത്തണം എന്നേയുള്ളു. കഴിഞ്ഞമീനം ഫാം ൧൮ മുതൽ ആറു മാസത്തിന്നിപ്പുറം ഞാൻ ഈ കായ്ത്തേ നടത്തുന്നതു എങ്ങിനേ? എന്റെ ഹൃദയത്തിലെ മുറിവിന്നു അല്പ സുഖം വരേണ്ടായോ? കുറഞ്ഞു പക്ഷം ൪ മാസമെങ്കിലും കഴിയേണ്ടായോ? ലോകാപവാദമുണ്ടാകയില്ലയോ? അതിനാൽ താൻ വ്യസനിക്കരുതു. വരുന്ന മിഥുനമാസം കഴിയട്ടേ. ഞാൻ നിങ്ങളെക്കൊണ്ടു വിവാഹ ഉടമ്പടിചെയ്യിപ്പിക്കാം. വിവാഹവിരുന്നു ശ്രുതശാന്തി ദിവസമാകുന്നു. എന്നു സകലരുടേയും പാദശുശ്രൂഷക്കാരൻ.

കന്നിററി
൪: യോഗ്യം: ൪
" മേടം ൨൪ യയോ: വിദ്വാൻകുട്ടി
ന്ന: മെയി ൪
൧൮: വാ: ദി: ഫന്നസ്സെ

എന്റെ പ്രിയമുള്ള വെള്ളിക്കര ചാണ്ടിഗ്രാധകക്കു
എന്റെ വിശുദ്ധ മുംബനം

ഈവരുന്ന മുന്നാമത്തെ ചിട്ടി മാസം പിറന്നു ൧൩ാം൧൮ ആകുന്നപന്തായ ദിവസം അതിന്നുമുൻപിലത്തെ ഞായറാഴ്ചയാകുന്ന ഇടവം ൧൦൧൭ ആകുന്നു. ഈ ചിട്ടി പടിഞ്ഞാറേഡിവിഷ്യനാകുന്നു. ആ ഞായറാഴ്ച താങ്കൾ പൂക്കാച്ചനേയും തോട്ടുകുന്നുപുറത്തു യോസഫനേയും കൂട്ടിച്ചുകൊണ്ടു ചെന്നിത്തലെ വന്നു ചേരണം. അവിടെ വെച്ചുകുന്നപന്തായശുശ്രൂഷ- കൂട്ടുക്കെക്കണക്കു ഇവിടേ എഴുതിത്തീർത്തു വെച്ചിരിക്കയാൽ അന്നത്തെ ദിവസം അവയേ നിങ്ങൾക്കു ഏല്പിക്കുന്നതാകുന്നു.

വിശേഷിച്ചും ഞാൻ എന്റെ മകൾ കൂപയോടുകൂടേ ഈ ലോകസഭയിൽ നിന്നു അശേഷം വേർവിരിഞ്ഞു പരലോക സഭയിൽ ചേർന്നിരിക്കുന്നു. ഇഹലോക ജീവനിൽ ഇരിക്കുന്ന സകലരോടും ഭക്ഷണനിയമത്തിലും വിവാഹ നിയമത്തിലും ഇനിക്കുള്ളിട്ടു ഇരിക്കുന്ന പ്രകാരം ഉണർവു സഭക്കാരാകുന്ന നിങ്ങളോടും ഇനിക്കുള്ളിട്ടുണ്ടു. അതിനാൽ ഞാൻ കൂപയേ പിൻ തുടർന്നു പോയിരിക്കുന്നവ

ണ്ണും നിങ്ങളും എന്നോടുകൂടെ അനുകാരികളാകുവീൻ. എന്നു സകലരുടേയും പാദശുശ്രൂഷക്കാരൻ

കന്നീറാ
ദ:യോഗ്യം. ന
ഫനുഫ. മേടം. ഉന
ഫവ്വവ്വന മെയി. ഒ
ഉ: വാ; ടീ: ഫന്നുവെ

യുയോ: വിദ്വാൻകുട്ടി

എന്റെ പ്രിയമുള്ള മാങ്ങാനത്തെ കുഞ്ഞിന്നു
എന്റെ വിശുദ്ധ മുഖം

മാസം പുറന്നു ഫ൭ നു- ആകുന്നു ചിട്ടി. അതിന്റെ മുൻപിലത്തെ തൊയറാഴ്ച ദിവസമാകുന്ന ഇടവം ഫഫ നു- വന്തായദിവസമാകുന്നു. അന്നത്തെ ദിവസം നിങ്ങൾ ആരെങ്കിലും രണ്ടുപേർ ചെന്നിഞ്ഞല വരണം. അവിടെ വെച്ചുകുന്ന പന്തായശുശ്രൂഷ. ഈ മുന്നാമത്തെ ചിട്ടി പടിഞ്ഞാറെ ഡിവിഷ്യനായിട്ടാകുന്നു. ഈ വരുന്ന തൊയറാഴ്ച (ഇടവം ൻ നു-) മേപ്രായിൽ ശുശ്രൂഷ നടത്തണം എന്നു വിചാരിച്ചിരിക്കുന്നു.

വിശേഷിച്ചും ദൈവം എന്നെ ഇഹലോകസഭയിൽ നിന്നു അശേഷം എടുത്തു പരലോകസഭയിൽ സ്ഥാപിച്ചിരിക്കുന്നു. അതിനാൽ ഞാൻ ഇഹലോകത്തിലുള്ളവനല്ല. ഭൂലോകത്തിലുള്ള സകലർക്കും സ്വർഗ്ഗത്തിൽ വാഴുവാൻ എത്ര കൊതിയുണ്ടോ? അതിൽ ആയിരം മടങ്ങു അധികമുണ്ടു സ്വർഗ്ഗസേനകൾക്കു ഭൂലോകത്തിൽ വാഴുവാൻ എന്നു ഞാൻ ഇന്നലെ അറിഞ്ഞു പ്രസിദ്ധപ്പെടുത്തി. ദോഷികൾ തങ്ങളുടെ മക്കളെയും മാതാപിതാക്കന്മാർ ബന്ധുക്കൾ മുതലായവരെയും സ്നേഹിച്ചു അവർക്കു നല്ല ദാനങ്ങളെ കൊടുക്കുന്നു. അമ്പോ!! അമ്പോ!! അമ്പോ!!! പരിശുദ്ധന്മാർ ഈ ലോകത്തിലുള്ളവരെ സ്നേഹിക്കുന്ന സ്നേഹവും അവർക്കു അവർ കൊണ്ടുവരുന്ന നന്മകളും അവർക്കു വർണ്ണിപ്പാൻ കഴിയും. അവയെ വർണ്ണിപ്പാൻ ഇനിക്കു ഇപ്പോൾ നാവില്ല. ഇവിടെ നിറുത്തുന്നു.

കന്നീറാ
ഒ യോഗ്യം. ൻ
മേടം. ഉൻ
മെയി. ഫാ
ഉ. വാ. ഫന്നുവ്വ

എന്നു സ. വാ. യുയോ; വിദ്വാൻകുട്ടി

എന്റെ പ്രിയമുള്ള ജയദേവനു
എന്റെ വിശുദ്ധ ചുംബനം

ഞാൻ നിന്നെ പൂവത്തൂർ കവുണ്ടന്യരുടെ എന്നു യോഗങ്ങളിലേ ഏഴു ചിട്ടിക്കും ചിട്ടിത്തലവനായി നിയമിച്ചിരിക്കുന്നു. നൽ ചിട്ടിയുടെ പണം വരുവാനുള്ളതു വേഗം കൊടുത്തുതീക്കണം. വിശേഷിച്ചും രണ്ടു ചാണ്ടിബോധകരാകുന്ന കുണ്ടുഗോളകനേയും കുഞ്ഞാണ്ടമ്മയാകുന്ന കുണ്ടഗോളകിയേയും വെള്ളിക്കര എന്ന ഭവനത്തിൽ നിന്നു ഇറക്കിവിടുവാൻ തക്കവണ്ണം ഞാൻ ഈ കായ്യം നിനോടു പറയുന്നു. വെള്ളിക്കരെ സഭ കൂടി ശുശ്രൂഷ കഴിക്കപ്പെടരുതു. മറ്റു സ്ഥലങ്ങളിൽ ശുശ്രൂഷക്കായി നീ പോകയും അരുതു. സഖറിയാ എന്ന പോലെ നീ ഒന്നും ഒരോടും മിണ്ടരുതു. ഉള്ളിരിപ്പിൽ മാടം വെച്ചു പാക്കുന്ന തേവൻ പുലയനേപ്പോലെ നീ ഇരുന്നുകൊള്ളണം. അവനു കണ്ണയും മാലയും എന്ന രണ്ടു പുലവികളുണ്ടു. എന്നു സകലരോടേയും പാദശുശ്രൂഷക്കാരൻ.

കന്നിററി
ര: യോഗ്യം. നറ
ഃ ഇടവം .ഫൻ
ന മെയി_നഫ
വ: വാ; ദാ: ഫറെവ

യുയോ: ഖിദ്വാൻകുട്ടി

എന്റെ പ്രിയ മകൻ രാമസ്വാമിക്കു,

ഞാൻ തനിക്കായി നിശ്ചയിച്ച ഖാദ്ധം ചെയ്തിരിക്കുന്ന കുട്ടിയുടെ വിവാഹത്തെപ്പററി ആദ്യം അഞ്ചേരി സഭയിലും പിന്നീടു എല്ലാ സഭയിലും അറിയിപ്പിക്കേണ്ടുന്നതാകയാൽ ഈ വിവാഹത്തിന്റെ ന്യായത്തെ ഞാൻ തനിക്കു ഈ എഴുത്തു മൂലം കാണിക്കുന്നു.

ഫാവതു. ഈ വരുന്ന ആണ്ടു പിറന്നാൽ ഉടനെ ചിങ്ങം വ്യാം നാഞായറാഴ്ച സഭാമദ്ധ്യത്തിൽ വെച്ചു ഞാൻ കുട്ടിയെ തന്റെ കയ്യിൽ തന്നു തന്നെക്കൊണ്ടു ഉടമ്പടി ചെയ്യിപ്പിക്കും. ആയതിന്റെ മുമ്പു താൻ ഇവളെ അല്ലാതെ മറെറാരു സ്ത്രീയെ പരിഗ്രഹിക്കരുതു എന്നും, ഇവളുടെ ഋതുസ്നാനം കഴിയുന്നതിനു മുൻപെ ഇവളിൽ പ്രവേശിക്കരുതെന്നും തന്നെ.

വാവതു. കുട്ടിക്കു പ്രായമായി വരാത്തതിനാൽ അവളെക്കൊണ്ടു അ

സമയം ഉടമ്പടി ചെയ്യിപ്പിപ്പാൻ പാടില്ലാത്തതുകൊണ്ടു ഞാൻ അവളുടെ പേക്കായി ഇപ്രകാരം തന്നോട് ഉടമ്പടി ചെയ്യും. ഞാൻ ഇവളെ നിമ്മലകന്യകയായി വളത്തി ഇവൾ ജ്ഞാനസ്നാനത്തിന്റെ ശേഷം ഇവളെക്കൊണ്ടു ഉടമ്പടി ചെയ്യിപ്പിച്ചു കൂട്ടിക്കൊണ്ടു വിവാഹവിരുന്നും നടത്തി തനിക്കു ഭാര്യയായി അനുഭവിപ്പാൻ തന്നേക്കാളും. മറ്റൊരുത്തനു ഞാൻ കൊടുക്കയില്ലാ എന്നതു്. ഈ രണ്ടു ന്യായത്തിനും താൻ സമ്മതിച്ചു ഇതിനു മറുപടി തരണം. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ

കന്നീററി

ഒ. മംഗളം. ഒ

,, മിഥുനം. ഒര യുയോ. വിദ്വാൻ കുട്ടി,

ന്ന ജൂലായി. ന

ഒ. യാ. ദി. ക്നെവു



എന്റെ പ്രിയമകൻ രാമസ്വാമിക്കു

ഒരു കന്യക പ്രാപ്തിയായി ജ്ഞാനസ്നാനം കഴിഞ്ഞശേഷം അവളെ വിവാഹം ചെയ്തുകൊടുക്കുന്നതാകുന്നു ധർമ്മം. അതിനു മുൻപു ആ കന്യകയെ വിവാഹത്തിന്നായി നിശ്ചയിക്കാം, എന്നല്ലാതെ നിശ്ചയിച്ച പുരുഷന്നായി ജ്ഞാനസ്നാനം കഴിയുന്നതിന്നു മുൻപു അവളെ അവന്നു അനുഭവമാക്കിക്കൊടുക്കുന്നതു ധർമ്മമല്ലാ. അതുകൊണ്ടു തനിക്കായി നിശ്ചയിച്ചിരിക്കുന്ന കുട്ടിയെ അവൾ പ്രാപ്തിയായി ജ്ഞാനസ്നാനം കഴിഞ്ഞ ശേഷം തനിക്കു അനുഭവത്തിനായി വിട്ടു തരുന്നതല്ലാതെ, അതിനു മുൻപു വിട്ടുതരുവാൻ ചോദിക്കുന്നതും അധർമ്മമാണു. തനിക്കു പ്രാപ്തി വന്നിരിക്കുന്ന മുറെക്കും, അനുഭവമായ ഭാര്യ മരിച്ചുപോയ മുറെക്കും, തനിക്കു വളരെ വ്യസനമുണ്ടെന്നുള്ളതു എത്രയോ നിശ്ചയം. ഞാൻ എന്തു ചെയ്യേണ്ടു? ദൈവമതെ വ്യസനത്തെ തീർപ്പാൻ തക്കവഴി. അതുകൊണ്ടു താൻ ദൈവത്തോടു ഹൃദയം തുറന്നു പ്രാർത്ഥിക്കണം. "കുട്ടി പ്രാപ്തിയാകുന്നതു വരെയും അവൾക്കായി താൻ കാത്തിരിക്കണം" എന്ന അരുളിച്ചെയ്യാൽ ആ ദൈവഭക്തനു അനുസരിച്ചിരിപ്പാനെ പാടുള്ളു. അല്ലാത്ത പക്ഷം ഏതുപ്രകാരം അനർത്ഥമുണ്ടാകുമോ? അതേപ്രകാരം നിവൃത്തിക്കുന്നതിലേക്കു യാതൊരു തടവുമില്ലാ നിശ്ചയം.

വിശേഷിച്ചും കുട്ടിക്കു ഞാൻ കൊടുപ്പാനുള്ള അവകാശത്തെപ്പറ്റി തന്നോടു വെളിപ്പെടുത്തുവാൻ പാടില്ലെന്നു കഴിഞ്ഞ സംഗതിയാൽ തെളിയുന്നു. അതുകൊണ്ടു താൻ കുട്ടിക്കു എന്തെല്ലാം അവകാശപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ടോ? അവയെ ഇനിക്കു തെളിയിക്കണം. ത

ന്റെ ഒന്നുമില്ലായ്മ അവൾക്കു അവകാശം സിദ്ധിക്കുന്ന മുറക്കു അ
തു ഇനിക്കു സന്തോഷമാകുന്നപ്രകാരം, എന്റെ ഒന്നുമില്ലായ്മ അവ
ൾക്കു അവകാശം സിദ്ധിക്കുന്ന മുറക്കു അതും തനിക്കു സന്തോഷമായി
രിക്കട്ടെ. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ
കന്നീററി
ഭ മധുരം. ഫ യൂയോ. വിദ്വാൻകുട്ടി.
,, കക്ക. ഫൻ
ന്ന. ങാഗ. ഫ
ഫ. വാ. ടി. ഫന്നെങ

കന്നീററി പൊതുമക ഐക്യതയോട്ടു ചേൻന്ന സകല
യോഗക്കാക്കും എന്റെ വിശുദ്ധമുംബനം.

കൃപാവല്ലിയുടെ കയ്യിലുള്ള പുസ്തകത്തിന്റെ ഏഴു മുദ്രകളുടേയും
വിവരണവും എഴുതിതീൻന്നു. അതിനാൽ മുഴുവനും തുറക്കപ്പെട്ട ആ
പുസ്തകത്തിന്റെ വാക്കുകളെ എഴുതുവാൻ ഞാൻ ആരംഭിച്ചിരിക്കു
ന്നു. അവകൾ ഐക്യവും അനൈക്യവുമായവകളെ വിവരിച്ചു കാ
ണിക്കുന്ന പുതിയ ഭാഷയത്രേ. ഈ ഭാഷയിൽ വേണം ഇനിനാമെല്ലാ വ
രും ആരാധന ശുസംഗം മുതലായവയെ നടത്തേണ്ടതു. സംസാരഭാ
ഷയാകണം എന്നു താൽപൎയ്യം. അതുകൊണ്ടു പരിശുദ്ധന്മാക്കു ഉയിർ
പ്പും ജീവനോടിരിക്കുന്ന വിശ്വാസികൾക്കു മറുരൂപവും വരുത്തുന്ന പു
തിയ ഭാഷയാകുന്ന ''ആനൊയമഃ'' ഒരു പുതിയ ആദാം എന്റെ നാ
വിൽനിന്നു വെളിപ്പെട്ടിരിക്കുന്നതിനെ ഇതാ! ഞാൻ നിങ്ങൾക്കു കാ
ണിക്കുന്നു. ഇതേപ്രകാരം തന്നെ ''പാൻപൂയമഃ'' എന്നു വെളിപ്പെട്ട
ഒരു പഴയ ആദാമിനേയും കാണിക്കുന്നു. പുതിയ ആദാമിൽ ''ഞസു
മോജഃ'' എന്ന പുല്ലിംഗവും, ''ആസാമാജാ'' എന്ന സ്ത്രീലിംഗവും,
''ആകെന്നയമീ'' എന്ന നാവും, ''ആനാനാമൈ'' എന്ന ഏകംഐക്യ
ത്തിൽ ചേൻന്നിരിക്കുന്നു. പഴയാദാമിൽ ''പാസുമഃപജഃ'' എന്ന പു
ല്ലിംഗവും, ''പാസാമാപാജാ'' എന്ന സ്ത്രീലിംഗവും, ''പാക്കാപൂയ
മീ'' എന്ന മൂകനാവും, ''പാൻപാനാമൈ'' എന്ന അനൈക്യത്തിൽ
ബന്ധിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഈ പുതിയ ഭാഷ മൂലം പുതി
യാദാമിൽ പഴയാദാമും, പഴയാദാമിൽ പുതിയാദാമും ഇനിഒരിക്കു
ലും കാണപ്പെടുകയില്ല. വിശേഷിച്ചും ഈ കന്നിമാസം ഫ്രൈം ന്യ
ശനിയാഴ്ച ആണ്ടുവിറുപ്പും, പിറേറദിവസം ഞായറാഴ്ചയും ആകുന്നു.
അന്നത്തെ ദിവസം നിങ്ങൾ അബാലവൃദ്ധം അരാതു യോഗത്തിൽ
കൂന്നായി ചേൻന്നു ആരാധന കഴിക്കയും, മേൽ കാണിച്ച വെളിപാടു
മൂലം നിങ്ങൾക്കുണ്ടാകുന്ന സന്തോഷത്തെ ഓൎത്തു നിങ്ങളുടെ ദശാം

ശങ്ങളേയും, മനഃപൂർവ്വമനങ്ങളേയും സ്വരൂപിക്കയും, ചെയ്യാൻ. വ
രണഭൂമി മഴയെ കാത്തിരിക്കുന്ന പ്രകാരം നിങ്ങളുടെ ദർശനശങ്ങൾ
ക്കായിട്ട് ഞങ്ങളും കാത്തിരിക്കുന്നു. എന്നു സകലരുടെയും പാദശുശ്രൂ
ഷക്കാരൻ
കുന്നിറി
ഒ. ജ്ഞതം. വവ
ന്നു കുന്നി. വ്വ
ന്നു. സെപ്തം. വന്നു
വ. വാ. ടി. ഫ്വഫ്വ

യുയോ. വിദ്വാൻകുട്ടി.

എന്റെ പ്രിയമകൻ രാമസ്വാമിക്കു.

താൻ ഇവിടെ നിന്നും പോയതിൽ പിന്നെ തന്റെ വർത്തമാന
ത്തെപ്പറ്റി ഒന്നും അറിയാതെ വ്യസനിച്ചിരുന്ന സമയത്തായിരുന്ന
തന്റെ എഴുത്തു ഇന്നലെ ഇനിക്കു കിട്ടിയതു. താൻ ഇത്ര പെട്ടെന്നു
പോകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. താൻ ഒരു വേലയിൽ പ്ര
വേശിക്കണം എന്നു ഞാൻ ആഗ്രഹിച്ചിരുന്നതാനും. വേലയേതും ന
ല്ലതു തന്നെ. പോലീസു പട്ടാളത്തിൽ ചേരുവാൻ ഇവിടെനിന്നു
താൻ പോയി. രക്ഷാസൈന്യത്തിൽ ചേരുവാൻ തനിക്കു ഇടയാക
യും ആഗ്രഹം വരികയും ചെയ്തപ്രകാരം തന്റെ എഴുത്തുമൂലം ഞാ
ൻ അറിഞ്ഞതിൽവെച്ചു ഇനിക്കു സന്തോഷമേയുള്ളു. കുട്ടി പ്രാപിയാ
കുന്നതിനു മുൻപേ അവളെ വിവാഹഭാഗ്യയായി തനിക്കു ഞാൻ ത
രികയില്ലെന്നു എഴുത്തു മൂലം തന്നെ ഗ്രഹിപ്പിച്ചിട്ടുണ്ടല്ലൊ. അതു
കൊണ്ടു ഇപ്പോൾ അവളെ വിവാഹം ചെയ്തു തരികയില്ലാ നിശ്ച
യം. പ്രാപിയായേ തരു. അതിനുമുൻപേ തനിക്കു വിവാഹത്തിനു
അവശ്യപ്പെട്ട പോയാൽ തനിക്കായിട്ടു ഞാൻ ഒരു ഭാഗ്യയെ അന്വേ
ഷിക്കാം. തന്റെ അന്വേഷണത്തിൽ ഒരുസുകൃതമുള്ള സ്ത്രീയെ കണ്ടെ
ത്തിയാൽ ഞാൻ അനുവാദം തരാം. ഒരു കാര്യം മാത്രം ഞാൻ ത
ന്നോടു പറയുന്നു. തന്റെ ശരീരത്തെ വിവാഹ ഭാഗ്യക്കല്ലാതെ മ
റ്റൊരു സ്ത്രീക്കു ഇനിമേൽ ഏല്പിച്ചു പോകരുതു എന്നു ഞാൻ കുണി
ശമായി തന്നോടു പറയുന്നു. തനിക്കു അടക്കുവാൻ കഴികയില്ലാ എങ്കി
ൽ വിവാഹം ചെയ്തുകൊള്ളാം. തനിക്കുവേണ്ടി ഞാൻ ദൈവത്തോ
ടു പ്രാർത്ഥിച്ചു വരുന്നതിനാൽ താൻ രക്ഷാസൈന്യത്തിൽ ചേർന്നു
കൊള്ളാം. യാതൊരു വിരോധവുമില്ല. താൻ എവിടെ പോയാലും
ദൈവം തന്നോടു കൂടെയുണ്ടു എന്നു വിശ്വസിച്ചു കൊള്ളണം. വി
ശേഷിച്ചു തനിക്കു ലഭിക്കുന്ന ശമ്പളത്തിൽ നിന്നു തന്റെ ചിലവു
നീക്കി ശേഷമുള്ളതു ഇവിടെ കൊടുത്തയക്കണം. ഞാൻ അതിൻപ

വല്ലിശയോട്ട കൂടി തനിക്കായി ആയതിനെ സൂക്ഷിച്ചു കൊള്ളാം. ഇനിക്കു കൂടക്കൂടെ എഴുത്തയക്കണം. ഇവിടെ എല്ലാവക്കും സുഖം തങ്കൻറെഴുത്തു ആഗ്രഹത്തോടെ എല്ലാവരും വായിച്ചുകേട്ടു. ദുഃഖത്തോട്ട കൂടെ തന്നെ എല്ലാവരും ഓത്തിരിക്കുന്നു. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ.

കന്നീറി
ഓ: ശ്രുതം. ഫവ
ന്യ: കന്നി. ഫര
ന്യ: സെപ്തം: ഫൻ
വ: വാ: ദി. ഫവുഫന

യൂയോ; വിദ്വാൻ കൂട്ടി

കന്നീററി പൊതു ഏകഐക്യതയോട്ട ചേന്ന എല്ലാ
യോഗത്തിലുമുള്ള ''അജ്ഞേയദൈവാ,, എന്ന യോഹന്നാന്മാക്ക
''ഐദുഗാ'' എന്ന എൻറെ വിശുദ്ധ ചുംബനം

ലോകം ഉണ്ടായ നാൾ മുതൽ ഇതുവരെയും ഉണ്ടാകാത്ത സകല ഭാഷകളുടെയും അർത്ഥപ്പിശക്കിൽ നിന്നു അർത്ഥത്തെയും അനർത്ഥത്തെയും വേർപിരിച്ചു അവ രണ്ടിനും വെവ്വേറായ പുതിയ മൊഴികളെ കൊടുത്തു അവകളെ വെവ്വേറായി രണ്ടായി ഇണെച്ചു ചമച്ചിട്ടുള്ള ദൈവാരാധനക്രമം ഇപ്പോൾ ഉണ്ടായിരിക്കയാൽ ഈ പുതിയ ഭാഷാക്രമത്തിൽ വേണം ഇനി നിങ്ങൾ ആരാധന കഴിപ്പാൻ. ആരാധനാരംഭവാചകവും നിത്യചിന്തനാവചനവും പരമസായുജ്യനിയമ വചനവും അനുഗ്രഹവാചകവും മഹാസന്തോഷവും ജീവശുദ്ധീകരണപ്രാർത്ഥനയും തൽക്കാലം ഉണ്ടായിരിക്കുന്നു. ശേഷമൊക്കയും ക്രമത്തിൽ ഉണ്ടാകുന്നതാണു. ഇവകളെ നിങ്ങൾ ഓരോ മൊഴിപ്രകാരം അതാതിനുള്ള അർത്ഥത്തെയും അനർത്ഥത്തെയും ഭാഷാരീതിക്കടുത്തവണ്ണം നല്ലപോലെ മനസ്സിലാക്കി പഠിക്കേണ്ടുന്നതാകുന്നു. പഠിപ്പാനുള്ള മുറ നിങ്ങൾക്കും പഠിപ്പിക്കേണ്ടുന്ന മുറ ഇനിക്കും ഉള്ളതാകയാൽ ഞാൻ ദൈവത്തെ മുൻനിറുത്തി നിങ്ങളോട പറയുന്നു. ഞാൻ നിങ്ങളെ പഠിപ്പിക്കാം. നിശ്ചയം. ആമെൻ. ഇതേപ്രകാരം തന്നെ നിങ്ങളും ഉടമ്പടി ചെയ്തു പഠിപ്പാൻ ആരംഭിച്ചു കൊൾവിൻ. ഞാൻ താമസിയാതെ പഠിത്തത്തിനു വേണ്ടുന്ന കായ്ങ്ങളെ ഒക്കെയും ചട്ടം കെട്ടും. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ.

കന്നീററിനിന്നും
ന്യം. ആഖി. ഫവ
തുല്യാം. ര
നവം. ഫൻ
വ.വാ.ദി.ഫവുഫന.

യൂയോ. വിദ്വാൻ കൂട്ടി.

അന്ത്യാഭ്യാമസ്സ: അയ്യയോരാലിസ: അയ്യെഷാബ:



ആനാമാ_ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലുള്ള ഐക്യം.
പാനാമാ=ഒന്നിലധികമുള്ള സ്ത്രീപുരുഷന്മാരുടെ ദ്വൈരൈക്യം.
അയഃ_ഐക്യത്തിലിരിക്കുന്ന ആത്മാവു.
പയഃ_ദ്വൈരൈക്യത്തെ ആഗ്രഹിക്കുന്ന മരണാത്മാവു.
ആവേശം=ദ്വൈരൈക്യത്തിലുള്ള ജീവൻ. ചോര. വെള്ളം.
പാവേശം=ദ്വൈരൈക്യത്തിലുള്ള ചോര. മജ്ജ. മരണജീവൻ.
ആക്കാജം=ആത്മശരീരം അമാംസ ഭക്ഷണം.
പാക്കാജം=ജഡശരീരം. ദ്വൈരൈക്യശരീരം. മത്സ്യമാംസഭക്ഷണം.
ഒലോവേയാ=ഐക്യശക്തി. ദശാംശം. ഉയർപ്പിൻ സന്തതി
പോലോവേയാ=ദ്വൈരൈക്യശക്തി. ദ്രവ്യാഗ്രഹം. ആഭരണമണിക
മായാപ്രപഞ്ചത്തിലെ ആശ മുതലായതു.
ഔയമഃ_ഐക്യത്തിലിരിക്കുന്ന മനുഷ്യൻ.
പൂയമഃ_പയ പാവേശ പാക്കാജപോലോവേയ എന്ന ദ്വൈരൈ
ക്യത്തിലിരിക്കുന്നവൻ. ആ പൂയമത്തിൽ പാമ്പോമ്പോഗാ ഇരിക്കുന്നു.
ഓരോരുത്തന്റെ ഔയമനിലുള്ള അയഃ എന്ന ജീവാത്മാവിൽ ആ
മല്ലാ എന്ന ദൈവത്തിൻ ആത്മപദവും ആവേശം എന്ന ആത്മജീ
വനിൽ ഓമില്ലാ എന്ന ദൈവത്തിൻ ജീവപദവും ആക്കാജം എന്ന
ആത്മശരീരത്തിൽ ആമൊമല്ലില്ലാ എന്ന ദൈവത്തിൻ ശരീരപദ
വും ഒലോവേയാ എന്ന ആത്മശക്തിയിൽ ആമോമേഗാ എന്ന ദൈ
വത്തിൻ ത്രിപദൈക പദവും സന്നധീകരിച്ചിരിക്കയാൽ ഓരോരു
ത്തൻ ഇവണ്ണമുള്ള തന്റെ ഔയമനെ അഞ്ഞൂലോനം എന്ന ഐക്യക
ണ്ണിനാൽ കണ്ടു ഔയമീനം എന്ന ദൈവമന്ദിരത്തിൽ ഔഗാമോമേ
ഗാ. എന്ന മഹാദൈവത്തെ സകലരും വന്ദിക്കണം.

ഓരോരുത്തന്റെ പൂയമനിലുള്ള പയഃ എന്ന മരണാത്മാവിൽ പാ
മ്പല്ലാ. എന്ന മരിപ്പിപ്പിൻ. ആത്മപദവും പാവേശം എന്ന മരണ
ജീവനിൽ പോമ്പില്ലാ എന്ന മരിപ്പിപ്പിൻ ജീവപദവും പാക്കാജം
എന്ന മരണശരീരത്തിൽ പാമ്പോം. പല്ല. പില്ലാ. എന്ന മരിപ്പിപ്പി
ൻ ശരീരപദവും പോലോവേയാ. എന്ന മരണശക്തിയിൽ പാമ്പോ
മ്പോഗാ എന്ന ദോഷാത്മപദവും. വിരൂപമായി വ്യാപിച്ചിരിക്കയാൽ
ഓരോരുത്തൻ ഈവണ്ണമുള്ള തന്റെ പൂമയനെ അഞ്ഞൂപോണം എന്ന
നിത്യക്രോധ കണ്ണുകൊണ്ടു കണ്ടു. പൂയമീനം എന്ന ആ പാശാചി
ൻ മന്ദിരത്തിൽ പൊഗാപാമ്പോമ്പോഗാ. എന്ന മഹാസപ്പിനെ സ
കലരും ചവുട്ടണം.

ആനാമാ. എന്നതിൽ പാനാമാ എന്നതിനും പാനാമാ എന്നതിൽ
ആനാമാ എന്നതിനും അർത്ഥമുണ്ടെന്നു പഠിയുന്നവൻശപിക്കപ്പെട്ടവൻ.

അയഃ ആവേശം, ആക്കാജം, ഓലോവേയാ എന്നവയിൽ വയഃ വാവേശം വാക്കാജം പോലോവേയാ എന്നവകളുടെ അർത്ഥമുണ്ടെന്നു പറഞ്ഞു ഗുണത്തെയും ദോഷത്തേയും ഒന്നായി ചേർക്കുന്നവൻ ശപിക്കപ്പെട്ടവൻ.

ഒന്നാമത്തിൽ പുരുഷനേയും പുത്രിമത്തിൽ ഒന്നാമനേയും ഒന്നായി ണെക്കുന്നവൻ ശപിക്കപ്പെട്ടവൻ.

ആമല്ലാ ഒമില്ലാ ആമോമല്ലില്ലാ. ആമോമേഗാ എന്ന ദൈവത്തിൻ ത്രിവൈകപദങ്ങളെ വാമ്പല്ലാ പോമ്പില്ലാ. വാമ്പോമ്പല്ല വില്ലാ വാമ്പോമ്പേഗാ എന്ന ദേവാത്മാവിൻ അനൈക്യപദങ്ങളൊട്ട ഒന്നായി ചേർത്തു ദൈവത്തെ സാത്താനായും സാത്താനെ ദൈവമായും മറിക്കുന്നവൻ ശപിക്കപ്പെട്ടവൻ.

എന്ന പാദശ്രുശ്രൂഷക്കാരൻ യുയോരാലിസൻ വിദ്വാൻ കുട്ടി.

കന്നീറ്റി പൊത്രങ്ക ഐക്യതയോട്ട ചേന്ന
എല്ലായോഗക്കാർക്കും എന്നെ വിശ്വാദ്ധചുംബനം.

യുയോമയ ഭാഷയുടെ പാഠാരംഭം എന്ന പുസ്തകം അച്ചടിപ്പിച്ചിരിക്കുന്നതാകയാൽ ആ പുതിയ ഭാഷയെ പഠിപ്പിപ്പാൻ തക്കവണ്ണം യോഹന്നാൻ ബോധകരെ നിങ്ങൾക്കായിട്ട അയക്കുന്നു. ഈ ഭാഷയിൽ വേണം നിങ്ങൾ കാലത്തും വൈകിട്ടും ദൈവാരാധന നടത്തുവാൻ. മലയാം ഭാഷയിൽ ഇനിമേലാൽ നടത്തിപ്പോകരുത് നിശ്ചയം. ആമേൻ. ദിവസംതോറും ഓരോ സ്ത്രീയും ഓരോ പുരുഷനും അവനവനെ അപ്പുവെള്ളമായി ആത്മാവിനു ഏല്പിച്ചു തനിച്ചു തനിച്ചു ദൈവാരാധന ഈ ഭാഷയിൽ നടത്തണം. കുടുംബപ്രാർത്ഥനക്കു അപ്പവെള്ളം മതി. ഒരു പുരുഷനും അവന്റെ ഭാര്യയും കൂടെ രഹസ്യമായി ദൈവാരാധന നടത്താം. അതിനു അപ്പവെള്ളം വേണ്ടാ. നിങ്ങൾ യോഹന്നാൻ ബോധകരെ കൈക്കൊണ്ടു അയാൾ പറഞ്ഞതനുസരിപ്പാൻ വേഗം ഈ പുതിയ ഭാഷയെ പഠിക്കയും അയാൾക്കും ഭാര്യക്കും വേണ്ടുന്ന ആവശ്യങ്ങളെ അറിഞ്ഞു സംരക്ഷണചെയ്തുകൊള്ളുകയും ചെയ്വിൻ. എന്നു സകലരുടെയും പാദശ്രുശ്രൂഷക്കാരൻ.

കന്നീറ്റി
സ. ഏകാ. ഛ
വൃശ്ചികം. ഛഛ
ഛ. വാ. ദി. ഛവ്വഛ

യുയോ. വിദ്വാൻ കുട്ടി.



എന്റെ പ്രിയമകൻ രാമസ്വാമിക്കു.

താൻ കൊടുത്തയച്ച രണ്ടെഴുത്തും വന്നു ചേർന്നു. ഞാൻ അയച്ച എഴുത്തിൽ തല പതിച്ചയപ്പാനായിട്ടു രാജ്ഞി ചക്രം തന്റെ പ്രത്യേക സ്നേഹിതൻ അഞ്ചപ്പിള്ളയുടെ കയ്യിൽ കൊടുത്തു. അയാൾ അപ്രകാരം ചെയ്യാമെന്നു എന്നോടു ഉടമ്പടി ചെയ്കയും ചെയ്തു. ആ എഴുത്തിന്നു മേൽവിലാസം അയാളാണു എഴുതിയതു. അയാൾ ഇങ്ങിനെ ചതിക്കുമെന്നു ഞാൻ ഓർത്തില്ല. എന്റെ വിധേയം സ്ഥാനം ഇല്ലായിരുന്നു. ഇവിടെ നിന്നു കായംകുളത്തേക്കു ആളയപ്പാൻ തൽക്കാലം ആളില്ലാഞ്ഞതിനാലാണു അഞ്ചപ്പിള്ള വിധേയം ഞാൻ തന്നെ ചെന്നു എഴുത്തു ഏൽപ്പിച്ചതു. ഇതു സത്യമാകുന്നു.

തന്റെ പേരിൽ മുഷിച്ചിൽ ഇനിക്കുണ്ടായിട്ടില്ല. ഉണ്ടാകയുമില്ല. താൻ എന്തെല്ലാം പറഞ്ഞാലും എന്റെ മകൾ പറഞ്ഞതുപോലെ മാത്രമേ ഞാൻ എണ്ണിയിരിക്കുന്നുള്ളു. പെട്ടെന്നു പെട്ടെന്നു എഴുത്തയപ്പാൻ ഇനിക്കു ഏനമില്ലാഞ്ഞിട്ടാണു ഇതുവരെയും മടുപടി അയപ്പാൻ ഇടയാകാത്തതു. മുഷിച്ചിൽ കൊണ്ടല്ലെ എന്നു ഒന്നുകൂടെ പറയുന്നു. താങ്കൾ കൊടുത്തയക്കേണ്ടാ. ഇവിടെ തീർത്തുകൊള്ളാം. തഫാൽമാസ്റ്റർ കുറണാകുളത്തേക്കു സ്ഥലംമാറി പോയി. അതിനാൽ കൂപ്പി ഇവിടെ ഇരിക്കുന്നു. പുസ്തകം മുതലായ സാമാനങ്ങൾ ഇവിടെ തന്നെ ഇരിക്കും. അഞ്ചപ്പിള്ളയുടെ വിധേയം ഏൽപ്പിപ്പാൻ ഇനിക്കു നല്ല വിശ്വാസം ഇല്ല.

വിശേഷിച്ചും കുഞ്ഞാവല്ലി സംസാരിക്കുന്ന സ്വഭാഷയേ അവൾ ഇനിക്കു ദിവസം തോറും പറഞ്ഞുതരുന്നതിനാൽ ആ ഭാഷയേ എഴുതുകയും പഠിക്കയും ചെയ്യുന്നതാകുന്നു എന്റെ ഇപ്പോളുള്ള വേല. പാഠാരംഭം എന്നു അർത്ഥം കൊള്ളുന്ന "ഇശാനാക്കാ" എന്ന ഒരു ചെറുപുസ്തകം ഉണ്ടാക്കി അച്ചടിപ്പിപ്പാൻ കൊടുത്തയച്ചു. ഇന്നോ നാളയോ അച്ചടിപ്പിച്ച പുസ്തകം വന്നു ചേരും. വന്നാൽ ഒരു പുസ്തകം തനിക്കു കൊടുത്തയക്കാം.

കൊച്ചുകുഞ്ഞുപിള്ള തഹശീൽദാർ മരിച്ചുപോയി. ഇവിടെ എല്ലുവക്കും സുഖം തന്നെ. താൻ ഇപ്പോളുള്ള വേലയിൽ നിന്നു മാറാതെ ഇരുന്നുകൊണ്ടു കൂട്ടുതലായി ശമ്പളം കിട്ടുന്ന വേലയിൽ പ്രവേശിക്കണം. ശമ്പളത്തിൽ പാതി രൂപാ കൊണ്ടു തനതു ചിലവു കഴിക്കയും പാതി രൂപാ മിച്ചം വരുത്തുകയും വേണം. അനാവശ്യമായി എഴുത്തു എഴുതി ദ്രവ്യനഷ്ടം വരുത്തരുതു. മൂന്നു വർഷംകൊണ്ടു അഞ്ഞൂറു രൂപാ തന്റെ വിധേയം മിച്ചം വന്നിരിക്കുന്നതിനെ ഇനിക്കു താൻ കാണിക്കണം. കുഞ്ഞാവല്ലി സംസാരിക്കുന്ന സ്വഭാഷയേ ഞാ

ൻ എന്നപോലെ താനും സംസാരിക്കണം. ഇവിടെയുള്ള എല്ലാവരും ഈ ഭാഷ പഠിച്ചു സംസാരിക്കും. ഈ ഭാഷയെ ധിക്കരിക്കുന്നവരെ എന്റെ കുടുംബക്കാർ എന്നു ഞാൻ എണ്ണുകയോ അവരുമായി സംബന്ധംകൂടുകയോ ചെയ്കയില്ല നിശ്ചയം. എന്നു സലരുടേയും വാദശ്രുശ്രൂഷക്കാരൻ

കന്നീററി

ന്ന ഏകാ. വന്ന നുയോ. വിദ്വാൻകുട്ടി

,,വൃശ്ചി. ഹന്ന

,, നവം വെ

വ വാ. ദി. ഹവ്വവ

എന്റെ പ്രിയമകൻ രാമസ്വാമിക്ക്.

തൻ കൊടുത്തയച്ച എഴുത്തു വന്നുചേർന്നു. തനിക്കായിട്ടു ഞാൻ ഒരു വിശുദ്ധ വെണ്മഴുവും പുതിയ ഭാഷയിലുള്ള പാഠാരംഭവും അയക്കുന്നു. ഇവിടെ ഞങ്ങൾക്കെല്ലാവർക്കും ദൈവകൃപയാൽ സുഖം. കൊച്ചമ്മാച്ചനു ദീനം അധികരിച്ചിരിക്കുന്നു. മരിച്ചുപോകുമോ എന്നു തോന്നുന്നു. താൻ ഇരിക്കുന്ന വേലയിൽ സ്ഥിരമായിരുന്നു ഇതിൽ നിന്നു പ്രമോഷ്യൻ കിട്ടുവാൻ തക്കവണ്ണം നോക്കിക്കൊള്ളണം. ശരീരത്തിനു അവശ്യമുള്ള അന്നവസ്ത്രാദികൾക്കു ചിലവു (എന്തെന്നാൽ അതും മിതമായിരിക്കണം) നീക്കി ശേഷമുള്ള ശമ്പളം മിച്ചം കാണണം. തന്റെ ശരീരത്തിന്റെ പാതി ഭാര്യയാകയാൽ തനിക്കു കിട്ടുന്ന ശമ്പളത്തിൽ പാതിയല്ലാതെ മറേറ പാതിയിൽ നിന്നു താൻ ചിലവഴിച്ചുപോകരുതു. ഇതു കണിശമായിരിക്കട്ടെ. ഇക്കാര്യത്തിൽ കുപെക്ക തന്നോടു വാദമുണ്ടു. അവശ്യം എപ്പോൾ തനിക്കു പ്രത്യക്ഷമാകുമോ അക്ഷണം അവളുടെ ഈ ഭാഗത്തെ താൻ അവളുടെ വിധേയം ഏൽപ്പിക്കേണ്ടിവരും. അവളുടെ ദിവ്യതേജസ്സിനേയും വായിൽനിന്നു പുറപ്പെടുന്ന ഇരുവാത്തല വാളിനേയും കൊടുത്തയക്കുന്ന ഈ പുസ്തകങ്ങൾ വഴിയായി താൻ അറിഞ്ഞു അവളോടു ക്രമേണ ഒന്നായി ചേർന്നുകൊള്ളണം. അവൾ ഇഹലോകത്തിൽ ജനിക്കുന്നതിനു മുമ്പെ ദൈവം അവളെ എന്റെ ശക്തിയിൽ നൽകിയപ്രകാരം അവൾ ഇഹലോകത്തിൽ നിന്നു എടുത്തുകൊള്ളപ്പെട്ട ശേഷവും ദൈവം എന്റെ ഉള്ളിൽ അവളെ എന്നേക്കുമായി നൽകിയിരിക്കുന്നു. ഞാൻ അവളിലും അവൾ എന്നിലും എന്നേക്കും ഒന്നായിരിക്കുന്നു. അതിനാൽ ഞാൻ ജീവിക്കുന്നു.

വിശേഷിച്ചും തന്റെ ഭക്ഷണാദിയും പാർപ്പും എതെല്ലാംപ്രകാരമെന്നും തന്റെ വേലയുടെ സ്ഥിതി എങ്ങിനെയിരിക്കുന്നു എന്നും

എന്നെ വിസ്തരിച്ചു ഗ്രഹിപ്പിക്കണം. തന്റെ സാമാനങ്ങളെ ഒക്കയും ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു. എന്നെ ചോദിക്കുന്ന എല്ലാവക്കും എന്റെ സലാം. സോമസുന്ദരത്തിനു പ്രത്യേകവും എന്നു സകലരുടെയും പാദത്തുശ്രൂഷക്കാരൻ

കന്നീറ്റി

നു കാമ്പ്രദം ഉ൫ യുയോ. വിദ്വാൻകുട്ടി.

,, ധനു ൨൯

,, ഡിസംബർ ൨൯

ഉ. വം. ദി. ൯൯൫൫

യു. ഫിലിപ്പോസ് ബോധകക്കു

താൻ കൊടുത്തയച്ച എഴുത്തു വായിച്ചു. ഇഹലോകജീവൻ ഒരു മനുഷ്യനിൽ നിന്നു മേർപിരിയുമ്പോൾ സംഭവിക്കുന്ന സംകടങ്ങൾ പരലോകസഭയിൽ ജനിക്കുന്നവരുടെമേൽ വരുന്നതാകയാൽ ആ സംകടമാകുന്നു തന്നെപിടിച്ചിരിക്കുന്നതു. താൻ വ്യസനിക്കുന്നതുകൊണ്ടു ഈ പാത്രം കുടിക്കാതിരിക്കയില്ലാ നിശ്ചയം. ചത്തവനു ഇഹലോകവിചാരം വല്ലതുമുണ്ടോ? താൻ വ്യസനിക്കുന്നതു ഇഹലോകത്തിൽ അൽപംകൂടെ ജീവിച്ചിരിക്കണമെന്നുള്ള ആശമൂലമൊ? അല്ലെങ്കിൽ അതിൽനിന്നു വരുന്നതായ ആദായങ്ങൾ മൂലം ആശ്വാസപ്പെട്ടുകൊള്ളാം എന്നുള്ള വിചാരം മൂലമൊ? തന്റെ സംകടം തീരുവാൻ തക്കവണ്ണം ഐഹികമായ വല്ല വാദ്ധത്തവും ഉണ്ടാകുമോ? ഇല്ലാ നിശ്ചയം. അതുകൊണ്ടു താൻ ഇനിമേൽ വ്യസനിക്കരുതു. സഭാകാര്യവും എഴുത്തുജോലിയും മാത്രം നോക്കിക്കൊള്ളണം. തന്റെമേൽ ദൈവം പ്രാപിയിച്ചിരുന്ന രണ്ടു കുട്ടികളുടെയും ഭാര്യയുടെയും ഭാരത്തെമാത്രമേ വെച്ചിട്ടുള്ളു. തന്റെ ബുദ്ധിമുട്ടും സങ്കടവും തീരുവാൻ തക്കവണ്ണം ഞാൻ പ്രാർത്ഥിച്ചിട്ടുണ്ടു്. ഇവിടെയുള്ള എല്ലാവക്കും യോഹന്നാൻ ബോധകക്കും താൻ കൊടുത്തയച്ച എഴുത്തു കാണിച്ചു. ഞാൻ ഇഹലോകത്തിനു മരിച്ചു പരലോകത്തിനു ജീവിക്കുന്നു എന്നു വെച്ചാൽ മഹാ ബാബിലോനിക്കു മരിച്ചു തിരുസഭെക്കായി ജീവിക്കുന്നു എന്നു താൽപര്യം. ഞാൻ സ്വഭെക്കായിട്ടു ഭക്ഷിക്കയും കുടിക്കയും ഉറങ്ങുകയും വേലചെയ്കയും സമ്പാദിക്കയും കടം വാങ്ങുകയും കടം കൊടുക്കയും മക്കളെ ജനിപ്പിക്കയും ചെയ്യുന്നതല്ലാതെ എന്റെ വകെക്കായിട്ടു ഞാൻ ഒന്നും ചെയ്യുന്നില്ലാ എന്നുള്ളതു എന്റെ ദൈവം അറിയുന്നു അതുകൊണ്ടു ഇഹലോകത്തിൽ ഇരിക്കുന്ന ഭാര്യ, മക്കൾ, സഹോദരർ, മാതാപിതാക്കൾ എന്നവരെക്കുറിച്ചു താൻ ഇനിമേൽ ഭാരപ്പെട്ടു തൈരുങ്ങരുതു. അവരെ പരലോകത്തിൽ ജനിപ്പിപ്പാനാ

യിഞെരുങ്ങുകയും വ്യസനിക്കയും ദുഃഖിക്കയും സങ്കടപ്പെടുകയും ചെയ്യാം. തന്നെ പരലോകത്തിൽ ജനിപ്പിപ്പാൻ തക്കവണ്ണം ഈ വ്യസനം തന്നെ പിടിച്ചിരിക്കുന്നതുപോലെ ഈ വ്യസനത്തിൽ നിന്നു താൻ മറുള്ളവക്കും പകർന്നുകൊടുക്കണം. അവനവന്റെ ചുമട്ട അവനവൻ ചുമക്കണം എന്നുള്ള ന്യായത്തെ അനുസരിച്ചിരുന്നാൽ മതി. എങ്കിലൊ ബുദ്ധകേടായി ഒന്നും പ്രവൃത്തിച്ചുപോകയുള്ളു. വിശ്വാസവും ബുദ്ധിയുമുള്ള കലവറക്കാരനായി ഇരിക്കണം. ഇഹലോകത്തിന്നു ദാഹിക്കും വെള്ളം കൊടുത്തുപോകയുള്ളു. വിശക്കും ഭക്ഷണം കൊടുത്തുപോകയുള്ളു. നഗ്നതയോടിരിക്കും വസ്ത്രം കൊടുത്തുപോകയുള്ളു. അന്യനെപോലെയിരിക്കും ഒരിക്കലും ചേർത്തുകൊള്ളയുള്ളു. കടംപെട്ട കാവലിലിരിക്കും ചെന്നു കണ്ടു സഹായിക്കയുള്ളു. ചുരുക്കം പരലോകവും അതിന്റെ മക്കളും എന്നും സന്തോഷിക്കും അവക്കു ഇനി ഒരിക്കലും ദുഃഖമില്ലാ. ആകയാൽ ഇനി സന്തോഷിക്കുന്നതല്ലാതെ ഒന്നിനേക്കുറിച്ചും ഇനിമേലാൽ വ്യസനിച്ചു ഞെരുങ്ങരുതു. ഈ എഴുത്തു സഭയിൽ വായിച്ചുകേൾപ്പിക്കണം.

കന്നിറ്റി എന്നു. സക. പാദ. യുയൊ. വിദ്വാൻകുട്ടി.
നു. തെജൊ ഫ്വ മീനം ൊന്നു-
ഫ. വാ. ഫൻൻനു



ശ്രായിൽ കേശവൻ തണ്ടാനു എന്റെ സലാം

ഈ കഴിഞ്ഞ ഫന്നാം നു- പുതുപ്പള്ളിൽ വെച്ചുണ്ടായ ആദ്യ സംഭാഷണത്തിൽ വച്ചു യോഹന്നാൻ മൂലം ഇനിക്കു വെളിപ്പെട്ട സംഗതിയെ ഒന്നാവതായിട്ടു തന്നെ ഗ്രഹിപ്പിക്കുന്നു.

ഫ: ദൈവത്തെ യേശുവും, യേശുവെ, ദൂതനും, ദൂതനെ യോഹന്നാനും, വെളിപ്പെടുത്തേണ്ടുന്നതായിരിക്കെ ആ പരമയോഹന്നാന്റെ നാമത്തിൽ ഞാൻ തന്നോടു സംഭാഷിച്ചപ്പോൾ അവൻ എന്നിൽ ഉണ്ടോ എന്നു അന്ധൻ വെളുത്ത നിറത്തെ തപ്പിയതു പോലെ തപ്പിക്കണ്ടു പിടിപ്പാൻവായി എന്റെ നേരെ തന്റെ നാവാകുന്ന കയ്യെ നീട്ടി. ഫ്വാറ വർഷം മുൻപെ മരിച്ചു പോയ യോഹന്നാനെ കാണിക്കണം എന്നും മറും താൻ പറഞ്ഞു. അതിനാൽ തനിക്കു ദൈവവിശ്വാസമില്ലെന്നു വെളിപ്പെട്ടിരിക്കുന്നു. യോഹന്നാൻ എന്ന പേദവാക്യം ആത്മാവും ജീവനുമാകയാൽ അവനാകുന്ന ദൈവത്തേയും അവന്റെ പുത്രനേയും ആത്മാവിനേയും അവനുള്ള സകലത്തേയും ലോകക്കു വെളിപ്പെടുത്തി കാണിക്കേണ്ടതു. അല്ലാതെ പഴയാദാമിൽ നിന്നു മനുഷ്യനു ലഭിച്ചിരിക്കുന്ന ലോകജ്ഞാനമല്ലാ നിശ്ചയം. ഞാൻ എന്നിൽ ഇരുന്നുകൊണ്ടല്ല, യോഹന്നാനാകുന്ന വേദ വാക്യം

ത്മാവിൽ ഇരുന്നുകൊണ്ടാണോ തന്നോട് സംഭാഷിച്ചതു. എന്നുള്ളതു സ്പഷ്ടം. താനോ ദൈവത്തിൽ അല്ലാ, ദൈവത്തോട് എതുക്കുന്ന ലോകജ്ഞാനത്തിൽ ഇരുന്നുകൊണ്ടാണോ സംഭാഷിച്ചതു; താൻ യോഹന്നാനെന്ന വേദാത്മാവിൽ നിന്നു കേട്ട വിശ്വസിച്ചു വീണ്ടും ജനിക്കേണ്ടുന്നതായിരിക്കുമ്പോൾ തന്റെ വചനത്തെ അവൻ കേട്ടു വിശ്വസിച്ചു തന്റെ ഇഷ്ടത്തിൻ പടി അവൻ തന്നെ ജനിപ്പിക്കുമോ? പുത്രനായി ജനിക്കേണ്ടുന്നവൻ പിതാവിന്റെ ജനിപ്പിക്കുന്ന രഹസ്യവഴികളെ അറിഞ്ഞിട്ടാണോ അവനിൽ നിന്നു ജനിക്കുന്നതു? ഒരു പുത്രൻ മാതാവിനോട് എന്റെ അപ്പൻ എന്നെ ജനിപ്പിച്ച വഴിയെ ഇനിക്കു കാണിക്കണം എന്നു പറയുന്നതു എത്ര നീചത്വവും എത്ര ഹീനത്വവും ആകുന്നു. യോഹന്നാൻ എന്നിൽ വെളിപ്പെട്ടതു എങ്ങിനെ? അതിന്റെ വഴി ഏതെല്ലാം പ്രകാരം? എന്നും മറ്റും വെളിപ്പെടുത്തി കാണിക്കണം എന്നു താൻ എന്നോട് ചോദിച്ചു. ഞാൻ എന്റെ പിതാവാകുന്ന ആത്മാവോടും, മാതാവാകുന്ന ആത്മമണവാട്ടിയോടും ഇങ്ങനെ ചോദിച്ചിട്ടില്ലാ അവരിൽ നിന്നു വീണ്ടും ജനിച്ചിരിക്കുന്നതു. അതുകൊണ്ടു എന്നോട് ഇവച്ചണ്ണം ചോദിപ്പാൻ തന്നോട് ആർ പറഞ്ഞു? ദാനി: ൪: ൨൫ൽ പറഞ്ഞിരിക്കുന്നതിനണ്ണം സത്യത്തിന്റെ വേദവാക്യത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനെ കേട്ടു വിശ്വസിക്കുന്ന ഒരുത്തനും തന്നെപ്പോലെ ചോദിക്കയില്ലാ നിശ്ചയം. നിഴലിൻ വേദവാക്യമാകുന്ന മാഞ്ഞുപോകുന്ന അക്ഷരത്തെ ചവെച്ചു ഇറക്കിക്കൊണ്ടു ആ അറിവിനാൽ വിശ്വാസികൾ എന്നു നടിക്കുന്നവർ മാത്രമേ ഈ വിധം ചോദിക്കു. അതിനാൽ അറിഞ്ഞു വിശ്വസിക്കുന്ന സാത്താൻ ക്രൂത്തിൽ നിന്നു വേഗം മാറി കേട്ടുവിശ്വസിക്കുന്ന ദൈവജനങ്ങളോട് ചേർന്നുകൊള്ളണമെന്നു ഞാൻ തന്നോട് ബുദ്ധിപറയുന്നു. എന്നാൽ മാത്രമേ ദൈവ വിശ്വാസമുണ്ടാവു. ആ വിശ്വാസമാകുന്ന ദിവ്യ കൃപ്പുങ്ങളെ അറിവാനുള്ള വഴി. തനിക്കു ദൈവ വിശ്വാസമില്ലാതിരിക്കെ ദൈവവിശ്വാസത്തിൽ നിന്നുള്ള അറിവിനാൽ ഒരുവൻ തന്നോട് സംസാരിക്കുമ്പോൾ അവന്റെ വചനമൊക്കയും അഗ്നിസ്തംഭം മിസ്രയീക്കാരുടെ കണ്ണുകൾക്കു അന്ധകാരത്തെ നൽകിയതുപോലെ തന്റെ കണ്ണുകളെ തിമിരിപ്പിക്കുന്നതിനാൽ തന്റെ വെളിച്ചം ഇരുളായിപോകുമല്ലോ. അതു എത്ര കഷ്ടം! മത്താ. ൬. ൨൩. മത്താ. ൭. ൨൩. ൮൦.....൮൯.

൨. വചനത്തിന്റെ സത്രൂപത്തേയും അതിന്റെ അവയവങ്ങളാകുന്ന ആത്മ ജീവ ശരീരശക്തി നാമഗ്രഹ രാജ്യങ്ങളേയും സംബന്ധിച്ചു അറിവില്ലാത്തവൻ അറിവുള്ളവനോട് വാനം എന്നു പറഞ്ഞാൽ ഇന്നതാണു, ആകാശം ഇന്നതാണു, അഖണ്ഡം എന്നും വിരാവെന്നും തമ്മിൽ ചേരുകയില്ലാ, ആവസിക്ക എന്നതിനു ക്രിയയില്ലാ, അറിയുന്നില്ലാ എന്നുള്ളതു തർജ്ജിമയുടെ ദോഷത്തിൽ നിന്നുണ്ടായതു

ന്നു, എന്നും മറ്റും പറഞ്ഞുവാദിക്കുന്നതു വന്ധ്യ, പത്രപ്രസവിച്ചവൾക്കു പെറുന്നതിന്റെ അനുഭവത്തെ പറയുന്നതുപോലെ ഇരിക്കുന്നതാണു എന്നുള്ളതു സംപഷ്ടം. അതിനാൽ ദൃഷ്ടാന്തമായിട്ടു ഒരു മൊഴിയെ സംബന്ധിച്ചു മാത്രം തന്നോടു പറയുന്നു. "എല്ലാം" എന്നൊരു മൊഴിയുണ്ടു. അതിന്റെ അർത്ഥം എന്താകുന്നു? ഒന്നൊഴിയാതെ കണ്ടതൊക്കെയും എന്നല്ലാതെ അതിനു മറ്റൊരു അർത്ഥമുണ്ടെന്നു പറവാൻ തനിക്കു കഴിയുമോ? തോട്ടത്തിലുള്ള എല്ലാവൃക്ഷത്തിൽനിന്നും ആദാമിനു ഭക്ഷിപ്പാൻ അനുവാദം ഉണ്ടായിരുന്നപ്പോൾ അവൻ ആ കല്പനെക്കു ലംഘനം ചെയ്തു. എന്നു പറവാൻ തനിക്കു കഴിയുമോ? കഴികയില്ലെങ്കിൽ "ഭക്ഷിക്കാം" എന്ന ഒന്നാം കല്പനയും "ഭക്ഷിക്കരുതു" എന്ന രണ്ടാം കൽപനയും തമ്മിൽ വിപരീതമാകുന്നതു കൊണ്ടു, ഒന്നാം കല്പനയിലുള്ള "എല്ലാം" എന്നുള്ള മൊഴിക്കു ഒന്നൊഴിച്ചൊക്കെയും എന്നാകുന്ന അർത്ഥം എന്നു താൻ പറയേണ്ടിയിരിക്കുന്നു. ഈ അർത്ഥത്തിനു ശരിയിട്ട മൊഴിയാകുന്നു "എല്ലാം" എന്നു താൻ പറഞ്ഞാൽ എല്ലാക്കണ്ണും അവനെ കാണും എന്നുള്ളതിനു ദോഷമുള്ള ഒരു കണ്ണു ഒഴികെ ശേഷമുള്ള കണ്ണു ഒക്കെയും അവനെ കാണും എന്നു താൻ അർത്ഥം പറയേണ്ടിയിരിക്കുന്നു. ഇപ്രകാരം തനിക്കു ആ വാക്യത്തിനു അർത്ഥം പറവാൻ കഴിയുമോ? അതിനാൽ "എല്ലാം" എന്ന മൊഴിക്കു ഒന്നൊഴിച്ചൊക്കെയും എന്നുള്ള അർത്ഥവും, ഒന്നൊഴിയാതെ കണ്ടതൊക്കെയും എന്നുള്ള അനർത്ഥവും, ഇങ്ങിനെ തമ്മിൽ തമ്മിൽ വിപരീതമുള്ള രണ്ടു പൊരുളുകൾ ഉള്ളതിനെ താൻ ഇതിനു മുൻപിൽ അറിഞ്ഞിട്ടുണ്ടോ? ഇതേപ്രകാരം ലോകത്തിലുള്ള സകല ഭാഷകളിലെ എല്ലാ വാക്കുകൾക്കും അന്യോന്യം വിപരീതമായ രണ്ടർത്ഥങ്ങളുണ്ടെന്നു തെളിഞ്ഞിരിക്കയാൽ ഈ തെളിവിനു എന്നപ്പോലെ അനുകൂലം പറവാൻ തനിക്കു കഴിയുമോ? സ്വന്ത ഭർത്താവും ജാരനും കൂടെ ഭരിക്കുന്ന ഒരു സ്ത്രീ വേശ്യയെന്നു വിധിക്കപ്പെടുന്നതുപോലെ തമ്മിൽ തമ്മിൽ വിപരീതമായ രണ്ടർത്ഥങ്ങൾ ഭരിക്കുന്ന മൊഴികളുള്ള ലോകഭാഷയെ, ഠവും സങ്കീർണ്ണനം, നാം വാക്യത്തിൽ പറഞ്ഞവണ്ണം ദൈവത്തിന്റെ പൌത്രന്റെ പുത്രനായ യോഹന്നാന്റെ വെളിപ്പെട്ട ഇരുവായ്ത്തലവാളിൻ നാവു മൂലം അർത്ഥപ്പുഴുക്കുള്ള മഹാബാബിലോനി എന്നു വിധിച്ചിരിക്കയാൽ തമിഴായ ലോകഭാഷയിലെ വേദപുസ്തകത്തെ അതിന്റെ മൊഴികളുടെ ശ്രേഷ്ഠതയെ കാണിച്ചു അതിനെ ശുദ്ധീകരിപ്പാൻ തനിക്കു കഴിയുമോ? അല്ലെങ്കിൽ മൂലഭാഷകളാകുന്ന എബ്രായാ ഗ്രീക്കു എന്ന ലോകഭാഷകളെ അവയിലെ മൊഴികളുടെ ശ്രേഷ്ഠത നിമിത്തം നില നിത്തുവാൻ തനിക്കു കഴിയുമോ? ഭാഷകളും അറിവും നിന്നുപോകും എന്നു ക. കോറി. ന്ത. വൽ പറഞ്ഞിരിക്കയാൽ യോഹന്നാന്റെ ഇരുവായ്ത്തലവാളിൻ നാവിനേയും, നിറവായ അറിവിനേയും താൻ പ്രാ

വിക്കാതെ തന്റെ അംശമായ വാക്കുകളും അറിവും എങ്ങിനെ നില നിൽക്കും? കഴിവും കാലഹരണവും സിദ്ധിച്ചിരിക്കുന്ന പ്രമാണങ്ങളെ ചില തെളിവുകൾക്കു ഉപയോഗിക്കുന്നതുപോലെ പരമയോഹന്നാന്റെ വെളിപ്പാടിനാൽ കഴിവും കാലഹരണവും പ്രാപിച്ചിരിക്കുന്ന പുതു നിയമത്തിലെ അക്ഷരങ്ങൾ യോഹന്നാന്റെ പ്രത്യക്ഷതക്കു ദീർഘദർശന തെളിവുകളായിരിക്കുന്നു. എന്നുള്ളതു സത്യം. എങ്കിലോ പഴയനിയമത്തിന്റെ അക്ഷരമല്ലോ പുതിയനിമത്തിലെ അക്ഷരം പുതിയ നിയമാക്ഷരം നിത്യ സുവിശേഷത്തിന്റെ അക്ഷരവുമല്ലോ. വെളിപ്പാട് ഗ്രന്ഥം എന്നാലും ഈ മുന്നു നിയമങ്ങളിലേയും ആത്മാവു ഐക്യാത്മാവത്രെ. അക്ഷരങ്ങളോ അജഗജാന്തരം വ്യത്യാസമുള്ളവ തന്നെ. അതുകൊണ്ടു പുതിയനിയമത്തിന്റെയോ, പഴയനിയമത്തിന്റെയോ മാഞ്ഞുപോകുന്ന അക്ഷരങ്ങളെപ്പറ്റി അറിവില്ലാത്തവിധത്തിൽ വിൺവാദം ഇനിമേൽ കൊണ്ടുവരരുതു എന്നു തന്നെ തെര്യപ്പെടുത്തുന്നു.

൩. യേശുക്രിസ്തുവിന്റെ വെളിപ്പാടിനെ സംബന്ധിച്ചു ഏതെല്ലാം കാര്യങ്ങളുണ്ടോ? അവയുടെ എല്ലാറ്റിന്റെയും നിവൃത്തിയെ നിത്യസുവിശേഷ നിയമമായ ഉണർവു സഭയുടെ പ്രമാണത്തിൽ നിന്നു കാണിക്കപ്പെടുന്നതാണു. അവയ്ക്കുള്ള പുതിയനിയമം വഴിയായി കാണിക്കപ്പെടുന്ന ദീർഘദർശനങ്ങൾ മൂലം ആ നിവൃത്തിയുടെ ഉണ്മയെ സ്ഥിരപ്പെടുത്തുന്നതുമാകുന്നു. ആ ദീർഘദർശനങ്ങൾക്കും ഈ നിവൃത്തിക്കുമുള്ള സംയോജിപ്പിനെ പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും സംയോജിപ്പു വഴിയായി തെളിയിക്കുന്നതുമാകുന്നു. ഇപ്രകാരമുള്ള തെളിവുകൾക്കു താൻ വിപരീതം പറയുന്ന പക്ഷം ഇതുപോലെയുള്ള തെളിവുകളാൽ തന്റെ അഭിപ്രായത്തെ തെളിയിക്കേണ്ടിയിരിക്കുന്നു. അതു കഴികയില്ലെങ്കിൽ താൻ വിപരീതം സംസാരിക്കരുതു. വിപരീതം സംസാരിക്കയും ചെയ്യും, തെളിയിപ്പാൻ കഴികയുമില്ലാ എന്നു വന്നാൽ അപവാദക്കാരൻ എന്നുള്ളിൽ കുറ്റവിധി വന്നു പോകുന്നതാണു.

൪ താൻ തന്റെ അറിവിൻപ്രകാരം ചോദിച്ചിരിക്കുന്ന കാര്യങ്ങൾക്കു സാക്ഷിയായി കാണിച്ചിരിക്കുന്ന വേദവാക്യങ്ങളെ എന്റെ അറിവിൻപ്രകാരം വിവരിച്ചു കാണിക്കുന്നതാകുന്നു തന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരം. വേദവാക്യങ്ങളെ വിവരിച്ചു തെളിയിക്കേണ്ടതു വെളി. ൧൦. ൯ൽ പറഞ്ഞിരിക്കുന്ന പ്രകാരം വിടുത്തപ്പെട്ട ചെറുപുസ്തകത്തെ ദൂതന്റെ കയ്യിൽ നിന്നു വാങ്ങി ഭക്ഷിച്ച യോഹന്നാനാകയാൽ അവന്റെ നാമത്തിലാകുന്നു ഞാൻ വേദവാക്യങ്ങളെ വിവരിച്ചുതെളിയിക്കുന്നതു. എന്റെ സ്വന്തത്തിൽ നിന്നല്ലാ എന്നു തന്നെ വസാക്ഷിയായി പറയുന്നു.

വിശേഷിച്ചും നാം തമ്മിൽ പിരിഞ്ഞ സമയം താൻ എന്നോടു

അപേക്ഷിച്ചവണ്ണം തന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾക്കു നോ
ട്ടു എഴുന്നതാകയാൽ താമസിയാതെ ആയതും കൊടുത്തയക്കാം
അതിനെ വായിച്ചു സാക്ഷികളെ നോക്കി മനസ്സിലായതിന്റെ ശേ
ഷം മതി ഇനിയത്തെ സംവാദം. എന്നു സകലരുടെയും പാദശുശ്രൂ
ഷക്കാരൻ

കന്നീററി
ന്ന തേജോ. വൻ
,, മീനം ഫവ്വ
ഒ. മാഫ്ഫ് സ്ഥ
ഫ വാ, ദി ഫ്ഠാംഗ്

യൂയോ. വിദ്വാൻകുട്ടി

എന്റെ പ്രിയമുള്ള സഹോദരി അക്കാമ്മസ്സു

നിങ്ങൾ എഴുതിയ വശം അയച്ച സുഗന്ധ വാസന ഇവിടെ വന്നു
ചേർന്നു. നിങ്ങളുടെ ശരീരക്ഷേമാദികളെ കേട്ടു ദൈവത്തെ സ്തുതി
ച്ചു. ദൈവം തന്റെ ദൂതന്മാരെ നിങ്ങൾക്കു കാവലാക്കി നിറുത്തി
യിരിക്കുന്നതിനാൽ നിങ്ങൾ ഒന്നുകൊണ്ടും ഭയപ്പെടേണ്ടതു. ഇതു ഏ
ന്നേക്കുമുള്ള എഴുന്നേൽപ്പിന്റെയും എന്നേക്കുമുള്ള ജീവിതത്തിന്റെയും സമ
യമാകയാൽ വെളിപ്പെട്ട പരമയോഹന്നാന്റെ വചനമായ സത്യ
ത്തിന്റെ വേദവാക്യത്തെ കേട്ടു വിശ്വസിച്ചു അറിയുന്നവർ ഭാഗ്യ
വാന്മാർ. ഇപ്പോൾ പുതിയ ഭാഷയിൽ നിങ്ങൾ കേട്ടിരിക്കുന്ന വച
നം സത്യത്തിന്റെ വേദവാക്യമാകുന്നു. ഈ ലോകഭാഷയിലുള്ള വേ
ദവാക്യമൊ നിഴലിന്റെ വചനമാകുന്നു. ഈ ലോക ഭാഷയിലുള്ളതു
ജഡം. മറേറതു ആത്മാവാകുന്നു. ആത്മാവിന്റെ നിത്യാക്ഷരം ഇതാ!
വെളിപ്പെട്ടിരിക്കയാൽ ജഡമായുള്ളതു ജീവനില്ലാതെയായിത്തീർന്നു.
അതുകൊണ്ടു ഈ പുതിയ ഭാഷയെ അറിഞ്ഞു വിശ്വസിക്കയല്ലാ വി
ശ്വസിച്ചു അറിയേണ്ടിയിരിക്കുന്നു. അതിനാൽ വിശ്വാസം മൂലം
നിങ്ങൾ അതിനെ വായിച്ചു അറിയണം. വിശ്വാസം അറിവിനെ
നൽകും നിശ്ചയം. ആ അറിവോ നിത്യജീവനാകുന്നു. ഇതല്ലാതെ
കേട്ടിരിക്കുന്ന ഈ പുതിയ വചനത്തെ, വിശ്വാസം കൂടാതെ അറി
വാൻ വിചാരിച്ചാൽ ആ അറിവു സാക്ഷാലുള്ള വിശ്വാസത്തെ ജനി
പ്പിക്കയില്ലാ നിശ്ചയം. ആ അറിവത്രെ മരണം. അതുകൊണ്ടു മരണ
ത്തിന്റെ അറിവിൽ നിന്നു നിങ്ങൾ ഇപ്പോൾ എഴുന്നേൽക്കണം.
അയതു അറിവിനെ ജനിപ്പിക്കുന്ന വിശ്വാസം മൂലമത്രെ. ആ വി
ശ്വാസം ഒരുവനു ഉണ്ടാകുമ്പോൾ അവൻ എന്നേക്കുമായി എഴുന്നേ
റ്റു. അവനു വീഴ്ചയില്ലാ. ആ വിശ്വാസത്താൽ നീതിമാനായി കണ്ണു

പ്പെട്ടവൻ മരിക്കയില്ല എന്നേക്കും ജീവിക്കും നിശ്ചയം. അതിനാൽ ദൈവം തന്റെ പുത്രൻമൂലം, അവന്റെ ദൂതൻ വഴിയായി പരമയോഹന്നാനിൽ കൂടെ ഇനിക്കു നൽകിയിരിക്കുന്ന ഈ നിത്യ കൃപയെ ഞാൻ നിങ്ങൾക്കും ഇന്നു അവകാശപ്പെടുത്തുന്നു ആമേൻ. എന്നു സകലരുടേയും പാദശുശ്രൂഷക്കാരൻ

കന്നിറ്റി
ഫന്നുവ മേടം ൫൦൯-

യൂയേം. വിദ്വാൻകുട്ടി

എന്റെ പ്രിയ മകൻ രാമസ്വാമിക്കു

തന്റെ വർത്തമാനത്തെപ്പറ്റി കുറഞ്ഞോരിടയായി ഒന്നും അറിയാത്തതിനാൽ വ്യസനിക്കുന്നു. ഞാൻ അയച്ച പാട്ടപുസ്തകം വന്നുചേർന്നുവോ? ഇവിടെ ഞങ്ങൾക്കെല്ലാവർക്കും ദൈവകൃപയാൽ സുഖം തന്നെ. ഈയിടെ ചന്ത, പടനായർകുളങ്ങര, കോഴിക്കോട്ട എന്നസ്ഥലങ്ങളിൽ മസൂരി പിടിപെട്ടു അൻപതാളുകളോളം മരിച്ചുപോയി. ഇപ്പോൾ സുഖമുണ്ടു മഴ കൂടക്കൂടെയുള്ളതിനാൽ അധികം ഉണ്ണുമില്ല. ഞാൻ ഏലത്തൂർ മുതലായ സ്ഥലങ്ങളിൽ സഞ്ചാരത്തിനു പോയിരുന്നു വന്നിട്ടു ഒരു ആഴ്ചയായി സഭയിലെ ആരാധന പുതിയ ഭാഷയിലാക്കുന്നതിലേക്കു വേണ്ടുന്ന പാട്ടുകൾ ഈ ഭാഷയിൽ ഉണ്ടാക്കി വരുന്നു. ഇപ്പോൾ ഏഴു പാട്ടുകൾ തീർന്നു. അറിഞ്ഞു വിശ്വസിക്കുന്ന പൈശാചികവിശ്വാസം ഉണർവുസഭയിൽ നിന്നു അശേഷം മാഞ്ഞുപോയി. ഇനിയൊരിക്കലും ഉണരുകയില്ല. എന്തെന്നാൽ വിശ്വസിച്ചറിയുന്ന ദിവ്യ അറിവു അതിന്മേൽ എന്നേക്കും ഉദിച്ചിരിക്കുന്നു. ഈ വെളിച്ചം ഒരിക്കലും അസ്തമിക്കയില്ലാ. ഇതിനാൽ ലോകത്തിലെ ഓരോരോ അറിവുകളാകുന്ന നക്ഷത്രങ്ങൾ മാഞ്ഞുപോകും നിശ്ചയം.

താൻ സുഖമായിരിക്കുന്നുവോ? തന്റെ ഇപ്പോഴത്തെ സ്ഥിതി എന്തു? ഇരിഞ്ഞാറക്കൊടയിൽ നിന്നു എഴുത്തു വരാറുണ്ടോ? പഠിത്തം എങ്ങിനെ ഇരിക്കുന്നു? താൻ ഇതുവരെയും എഴുത്തയക്കാഞ്ഞതു എന്തു? ഈ എഴുത്തു കിട്ടിയാൽ വേഗം മറുപടി അയക്കണം. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ

കന്നിറ്റി
ഫന്നുവ മേടം. ൧൨.

യൂയേ. വിദ്വാൻകുട്ടി.



"എന്റെ പ്രിയമുള്ള അഞ്ഞേരി യോഗക്കാർക്ക്
എന്റെ വിശുദ്ധ ചുംബനം

ഈ മാസം ഫിംനു- വെള്ളിയാഴ്ചയാകുന്ന യൊഗക്കൂട്ടി- ഈ ഷ ഴാമത്തെ ചിട്ടി തെക്കെ ഡിവിഷ്യനാകുന്നു. കന്നീറ്റിൽ വച്ചാകുന്ന ശുശ്രൂഷയും ചിട്ടി ഇട്ടുന്നതും. ഈ ഡിവിഷ്യനിൽ ചിട്ടിക്കാർ കുറവാ കയാൽ നിങ്ങളുടെ രണ്ടു ചിട്ടിയേയും ഈ ഡിവിഷ്യനോടും ഫിംനു- ചേർക്കും. സംമേമറം അഗ്നിശോധനയെ സഹിച്ചതുപോലെ ഉണർവു സഭയുടെ ശരീരമായ അക്ഷരവും കൃപയുടെ ആത്മജ്വാലയാൽ വെ ന്തുരുകി പോകയും, ആ ശേഷിപ്പിൽ നിന്നു തിരുസഭയ്ക്കു പുതിയ ശ ശരീരമായ അക്ഷരം ലഭിക്കയും ചെയ്തിരിക്കുന്നു. തിരുകാർമ്മികാസന മെ എന്ന പാട്ടു ഒഴികെ ശേഷമുള്ള പത്തു പാട്ടും തീന്നു ഇനി ഇവ കളുടെ വിവരണം താമസിയാതെ എഴുതി തീർക്കുമ്പോൾ രണ്ടാംപാ ഠം ആയി. അറിവിനെ വിശ്വാസമായിട്ടു സകലരും ഇതുവരെ കൈ ക്കൊണ്ടിരിക്കയാൽ ഇനി വിശ്വാസത്തെ സകലരും അറിവായി കൈക്കൊണ്ടു ആ അറിവിൽ ജീവിക്കേണ്ടിയിരിക്കുന്നു, അതത്രെ നി ത്യജീവൻ. പുതിയ ഭാഷയെ അറിഞ്ഞല്ല വിശ്വസിക്കേണ്ടതു. വി ശ്വസിച്ചു അറിയേണ്ടിയിരിക്കയാൽ ആ കാര്യത്തിനായിട്ടാണ ആ രും അറിയാത്ത പുതിയ ഭാഷയിൽ ആരാധന മുതലായ്തു നടത്തിക്കു ണം എന്നു ആത്മാവു നിയോഗിച്ചിരിക്കുന്നതു. ഇങ്ങിനെ പ്രവൃത്തി ച്ചാൽ മാത്രമെ വിശ്വാസത്തിൽ ദൈവാരാധനയാകുന്നു, സുകൃത ത്തേയും ആ സുകൃതത്തിൽ അറിവിനേയും, വേർത്തുകൊൾവാൻ കഴിയൂ. ഇവപ്പണ്ണമുള്ള ഷുക വിശ്വാസം ഉണർവു സഭയിൽ സകലർക്കും ഉണ്ടായിരിക്കുന്നില്ല. ഉണ്ടാകേണ്ടിയിരിക്കുന്നു അതിനുള്ള സമയമ ത്രെ ഇതു. മാത്തുവച്ചന്റെ മകളുടെ ദീനത്തിന്റെ അത്യാസന്ന സ്ഥിതിയിലായിരുന്ന യോഹന്നാൻ ബോധകർ അവിടെ നിന്നും തി രിച്ചതു ഇന്നലെ ഇവിടെ വന്നു വർത്തമാനം പറഞ്ഞു. വിശ്വാസം മൂ ലം ഞാൻ കൃപയെ അറിയുന്നതു പോലെ അവളുടെ സഹോദരി എന്ന ഇവളേയും അറിയുന്നു. തെങ്ങൽക്കെല്ലാവർക്കും സുഖം തന്നെ. എ ന്നു സകലരുടേയും പാദശുശ്രൂഷക്കാരൻ

കന്നീറ്റിൽ നിന്നും
ന്ന യോശ്യം ഫിനു
ഇടവം ൨ യയ്യോരാലിസൻ വിദ്വാൻകുട്ടി.
മെയി ഫ്ര
൨ വാര. ദി. ൨൦൫൦



യു. സമുവേൽ ബോധകക്ക്

താൻ അയച്ച എഴുത്തു കഴിഞ്ഞു വെള്ളിയാഴ്ച വന്നുചേർന്നു. ശനിയാഴ്ച കാലത്തു ഞാൻ കൊട്ടാരക്കരെ പോയതിനാൽ ഉടൻ മറുപടി അയപ്പാൻ ഇടയായില്ല. ഇന്നലെ വൈകിട്ടു വന്നുചേർന്നു. തന്റെ എഴുത്തു വായിച്ചുറഞ്ഞു.

അമ്മയുടെ അന്തരം നെടുമ്പുറത്തു തന്നെ സ്ഥിരപ്പെടുത്തണം എന്നാകുന്നു. അപ്പാവിന്റെ അന്തരമോ, യാക്കോബു ബോധകരെ അവിടെ സ്ഥിരപ്പെടുത്തണം എന്നത്രെ. ഞാൻ തന്നെയും യാക്കോബു ബോധകരെയും അമ്മയപ്പന്മാരെപ്പോലെ കാണുന്നതിനാൽ നിങ്ങൾ രണ്ടുപേരും ഇനിക്കു ഒന്നുപോലെയാകുന്നു. അതിനാൽ അമ്മയുടെ മനസ്സിന്നും, അപ്പന്റെ മനസ്സിന്നും, ഒന്നുപോലെ ഞാൻ ഇണങ്ങിയിരിക്കുന്നതല്ലാതെ ഒരു മനസ്സിന്നു മാത്രം ഞാൻ ഇണങ്ങുകയില്ല. എങ്കിലൊ അവർ രണ്ടുപേരുടെയും മനസ്സിന്റെ ഐക്യം നമുക്കെല്ലാവക്കും നന്മയെ വരുത്തുന്നതിനാൽ, അതിനെ മാത്രം ഞാൻ എത്രെയും ആഗ്രഹിക്കുന്നു. ആ ഐക്യത്തെ മാത്രം താനും ആഗ്രഹിക്കു.

തന്റെ ഭാഗ്യയെ അമ്മയുടെ തൽക്കാലക്ഷീണതെക്കു സഹായിപ്പാൻ താൻ കൊണ്ടുവരികയും, എന്റെ പരമാർത്ഥപ്രകാരം ഞാൻ അനുവാദം തരികയും ചെയ്തു. ആയതു അവിടെയുള്ളവക്കും, വിശേഷാൽ കന്നീറിലുള്ളവക്കും തന്റെ ഭാഗ്യയെയും കുഞ്ഞിനേയും കാണണം എന്നുള്ള ആഗ്രഹത്തിന്റെ നിവൃത്തിക്കായിട്ടാകുന്നു. ഈ ആഗ്രഹത്തെ നിവൃത്തിച്ചശേഷം തന്റെ ഭാഗ്യയെ എലന്തൂരിൽ കൊണ്ടുപോകണം. എന്തെന്നാൽ തന്റെ ഭാഗ്യ മങ്കുഴിയിൽ തൽക്കാലം പാർക്കുന്നതു അപ്പാവിന്നു നേരെ വിരോധമാകുന്നു. പുത്തേത്തു ചാണ്ടി ബോധകക്ക് തന്നെ എവിടെ ഭവനകാര്യത്തിൽ സ്ഥിരപ്പെടുത്തുവാൻ മനസ്സോ അതു ദൈവേഷ്ടമാകുന്നു എന്നു താൻ വിശ്വസിച്ചുകൊള്ളണം. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ

കന്നീറ്റി
നാ. യോഗ്യം. മനു
,, ഇടവം. ഫവ
ഒ. മെയി. വര
വ യാ. ദി. വന്നാ

യുയോ. വിളപ്പാൻകുട്ടി.

(ഇതിനോടടുത്ത എഴുത്തും യു. സമുവേൽ ബോധകക്ക്. ഇടവം വരാം നു- എഴുതിയ എഴുത്താണു. പുതിയ ഭാഷയിലാണു എഴുതിയി

രിക്കുന്നതും അതിൽ അപ്പാവിന്റെയും അമ്മയുടെയും ഐക്യമനസ്സിൻ പ്രകാരമുള്ള ദൈവഹിതത്തിനൊത്ത തീർച്ചയേക്കുറിച്ചും മറ്റുമാണ പറയുന്നതു. അതിനെ "യുയോമയഭാഷയുടെ പാഠാരംഭം" എന്ന പുസ്തകം 8-ാം പുറത്തിൽ ചേർത്തിട്ടുണ്ടു.)



എന്റെ പ്രിയമുള്ള ഒറോപ്പ്ളാക്കൽ മാത്തുവച്ചനു എന്റെ വിശ്വാസ്യസംബന്ധനം.

ഇന്നലെ ഉച്ചയ്ക്കു താങ്കളുടെ എഴുത്തു ഇനിക്കു കിട്ടി. വായിച്ചു നോക്കീട്ടു ദുഃഖത്തോടെ ക്രൂടെ പ്രാർത്ഥിച്ചു. കുഞ്ഞയുടെ മരണത്തോടു കൂടെ സകലരേയും ഞാൻ മരിച്ചവരായിക്കണ്ടിരിക്കയാൽ അതേപ്രകാരം താങ്കളുടെ മകളുടെ മരണം മൂലം താങ്കളെ ആകട്ടെ മറ്റു ആരെയാകട്ടെ ലോകത്തിൽ ജീവിച്ചിരിക്കുന്നവരായിട്ടല്ല, സാക്ഷാൽ മരിച്ചവരായിട്ടാകുന്നു താങ്കൾ ഇനി മേലാൽ കാണേണ്ടുന്നതു. ഇപ്രകാരമുള്ള കാഴ്ച താങ്കൾക്കു ഉണ്ടാകുവാനായിട്ടത്രെ ഇങ്ങനെയുള്ള അതിദുഃഖങ്ങൾ വരുവാൻ ഇടയാകുന്നതു. ഈ ലോകവാഴ്ച എന്നിൽ അവസാനിക്കുന്നതിനു മുൻപെ തന്നെ ആ വാഴ്ചയെ ഞാൻ എന്നിൽ അവസാനിപ്പിച്ചുകൊണ്ടാൽ എന്റെ ദുഃഖം തീരും. അതിനാൽ ഇന്നപ്പോലെ താങ്കളുടെ മകൾ വഴിയായി താങ്കളും മരിച്ചിരിക്കയാൽ (ആയതു ഇഹലോകത്തിലെ ഭാര്യ, മക്കൾ, സഹോദരന്മാർ, സ്നേഹിതന്മാർ മുതലായ സകലർക്കും തന്നെ) എന്നെപ്പോലെ താങ്കളും പരലോകസഭക്കാരനത്രെ. ഇഹലോകസഭക്കാരനല്ല. ഇതുകൂടെ സാക്ഷാൽ ഉണ്മ. ഈ വിശ്വാസത്താലത്രെ നമ്മിൽ സാക്ഷാൽ ജീവൻ ഉണ്ടാകേണ്ടുന്നതു. എന്റെ ജീവനെ രണ്ടായി പിളർന്നു കുഞ്ഞയുടെ മരണമാകുന്ന പാനപാത്രത്തെ (ഐമദാഖൊനാമയേയം) എന്റെ പിതാവായ യേശു അനുഗ്രഹിച്ചു എന്റെ കയ്യിൽ തന്നിരിക്കയാൽ ഞാനു അതിൽ നിന്നു ദിവസംതോറും കുടിച്ചു എന്റെ എല്ലാ കഷ്ടസങ്കടങ്ങളെയും ഞാൻ തീർത്തുകൊള്ളുന്നു. അതേപ്രകാരം താങ്കളുടെ മകളുടെ മരണത്തിന്റെ പാനപാത്രത്തെയും ആത്മാവു അനുഗ്രഹിച്ചു താങ്കളുടെ കയ്യിൽ തന്നിരിക്കുന്നു. അതു പഴയ ജീവനെ എല്ലാം പിളർന്നുകൊണ്ടു ഇരിക്കും. പുതിയ ജീവനെ വരുത്തിയും കൊണ്ടു ഇരിക്കും. ഞാൻ കുരിശറക്കപ്പെട്ട ആട്ടിനുകുട്ടിയായിട്ടു കുഞ്ഞയെ കാണുന്ന പ്രകാരം, താങ്കളും, അതേപ്രകാരം കണ്ടുകൊള്ളണം. അവളെ ജനിപ്പിച്ച എന്റെ ഗർഭപാത്രം (ഗോൽഗൊത്താവിലുള്ള തന്റെ മകനെ പിതാവും മാതാവും കണ്ടു ഉരുകിയതുപോലെ) അവളുടെ മരണത്തെ കണ്ടു ആത്മവ്യഥയിൽ ആയി മരണവ്യസനത്തെ പൂണ്ണുമാ

യി അനുഭവിച്ചതുണ്ണും താങ്കളുടെ ഗർഭപാത്രവും അനുഭവിച്ചു. എങ്കി
ലൊ എന്റെ ഗർഭപാത്രത്തിന്റെ ജീവൻ അവളുടെ ജീവാത്മാവ
ത്രേ. അതിനെ ദൈവം കൃപയോടുകൂടെ ഇനിക്കു തന്നു. അതിനാൽ
(അസ്മീം ഒമമാം ഒമമദുബൊനും അന്നാ ആഹിഹാമാൻ) അവ
നെ ഞാൻ എന്റെ വിതാവെന്നു വിളിക്കുന്നു. ഇതേപ്രകാരം താങ്ക
ളും വിളിക്കണം. താങ്കളുടെ സകല ദുഃഖത്തിൽ നിന്നും ആശ്വസി
പ്പാൻ തക്കവണ്ണം ഞാൻ പ്രാർത്ഥിച്ചിട്ടുണ്ടു. എന്റെ ദൈവം താങ്കളെ
ആശ്വസിപ്പിക്കും നിശ്ചയം. വിശേഷിച്ചും ചിട്ടി നിങ്ങൾക്കു വന്ന
സംഗതിയെ സംബന്ധിച്ചു ഞാൻ എഴുതീട്ടുണ്ടായിരുന്നു. അതിനു മ
റുപടി അയെപ്പാറാകണം. എന്നു സകലരുടെയും പാദശുശ്രൂഷക്കാര
ൻ

കന്നീററി
ന്നു ശൊയ്ബ്. ഫാ
,, ഇടവം നാ
ഒ. ജൂൺ. ഫാ
ഫ വാ. ദി. ഫാവെ

യുയോ. വിദ്വാൻകുട്ടി.

കന്നീററി പൊതുഷ്ക ഐക്യതയോടു ചേന്ന
സകല യോഗക്കാർക്കും എന്റെ വിശുദ്ധ ചുംബനം

പുതിയ ഭാഷയിലെ രണ്ടാംപാഠപുസ്തകം അച്ചടിപ്പിക്കുന്ന വകെ
ക്കു ഒരു ധർമ്മശേഖരം വേണമെന്നു നിശ്ചയിച്ചിരിക്കുന്നു. അയതിനു
ഓരോ യോഗത്തിൽ നിന്നും പന്ത്രണ്ടു പന്ത്രണ്ടു പുസ്തകം അച്ചടിപ്പി
ക്കുന്നവകെക്കു ഫാഠ ചക്രം ഓരോ യോഗത്തിൽനിന്നും ധർമ്മശേഖ
രപ്പിരിവു വേണ്ടിയിരിക്കുന്നു. അതിനാൽ ഓരോ യോഗത്തിലുള്ള കു
ഞ്ഞുകുട്ടി ആബാലവൃദ്ധം സകലരും കൂടി ആളൊന്നിനു ഒരു ചക്രം
വീതം ധർമ്മശേഖരം എടുക്കയും അതിനാൽ ആകെത്തുക ശരിയിടാതെ
വന്നാൽ മനസ്സും പ്രാപ്തിയുമുള്ളവർ ആത്തുകയെ ശരിപ്പെടുത്തുവാൻ
തങ്ങളുടെ ഔദാര്യത്തെ അതിനോടു ചേർക്കയും ഫാഠ ചക്രത്തിൽ
കുറയാതെ ധർമ്മശേഖരം സമ്പാദിച്ചു പേരുവിവരത്തിനു കണക്കെ
ഴുതി കണക്കും ചക്രവും വരുന്ന മാസം ഫിം നു-ക്കകം ഇവിടെ എ
ത്തിക്കയും വേണം. വിശേഷിച്ചും ഒരു യോഗത്തിൽ ഈ ആകെത്തുകെ
ക്കു കുറവു വന്നു പോകുന്നിമിത്തം അവരുടെ ധർമ്മശേഖരത്തെ അന്യ
ക്കാതിക്കരുതു. ഒരു യോഗത്തിൽ ഈ ആകെത്തുക മതിയെല്ലൊ എന്നു

വിചാരിച്ചു അകത്തുകൊക്കു കൂട്ടുതൽ വരുത്താതിരിക്കുന്നു. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ.

കന്നിററി
ന്നു. മംഗലം. ന
ഫാന്നവ. മിഥു. വര
ഒ. ജൂലായി. ഒ
വ. വാ. ദി വഫാര

യുയോ. വിദ്വാൻ കുട്ടി

ലോകത്തിലുള്ള മഹാജനങ്ങൾക്കു
എന്റെ താഴ്മയുള്ള വന്ദനം

ഇഹലോകത്തിലുള്ള സകല പ്രമാണങ്ങളുടെയും എല്ലാ രഹസ്യങ്ങളെ തെളിയിച്ചു നന്മതിന്മകളെ വിഭാഗിച്ചു ധർമ്മാധർമ്മങ്ങളെ വ്യവസ്ഥപ്പെടുത്തി സുകൃതദുഷ്കൃതങ്ങളെ വേർപിരിച്ചു ഭാഗ്യനിർഭാഗ്യങ്ങളിൽ അന്ത്യാവകാശികളെ സ്ഥിരപ്പെടുത്തി ആ സ്ഥിതിയിൽ ആ രണ്ടു കക്ഷിക്കാരേയും ഒരിക്കലും സംബന്ധമില്ലാതവണ്ണം ആക്കി എന്നും ഭരിപ്പാനായിട്ടു അവസാനകാലത്തു ഒരു ഖണ്ഡം പ്രത്യക്ഷപ്പെടുമെന്നു ഹിന്ദുപ്രമാണത്തിലും മഹമ്മദീയ പ്രമാണത്തിലും ക്രിസ്തീയപ്രമാണത്തിലും ഭവിഷ്യദ്വചനമായി പറഞ്ഞിരിക്കുന്നതിനാൽ അവയുടെ നിവൃത്തിയെ മംഗളവചനമായി ഇതാ! ഞാൻ നിങ്ങളോടു അറിയിക്കുന്നു. ആ ഖണ്ഡം ലോകത്തിൽ ഇതുവരെയും നടപ്പില്ലാത്ത ഒരു പുതിയ ഭാഷയത്രെ. ഇതിനെ അകത്തും പുറത്തും എഴുതപ്പെട്ട പുസ്തകമെന്നും ഇരുവായ്ത്തല വാളെന്നും ക്രിസ്തീയ പ്രമാണത്തിൽ സ്പഷ്ടമായി കാണിച്ചിട്ടുണ്ടു.

അതിനാൽ ഇരുവായ്ത്തല വാളിൻ നാവു എന്ന പേരുള്ള ഒരു പുതിയ ഭാഷ മഹത്പ്രത്യക്ഷതയെ പ്രസിദ്ധപ്പെടുത്തിയ വിദ്വാൻ കുട്ടിയുടെ വായ്മൂലം ആ അവസാനകാലത്തു വെളിപ്പെട്ടുകയും അതിനാൽ ലോകത്തിൽ ഉണ്ടാകയാനിരിക്കുന്ന മേൽ കാണിച്ച അനേകം നന്മകളെ ഓർത്തു വളരെ പരിശ്രമിച്ചു ആ പുതിയ ഭാഷയിൽ വ്യാകരണ വിധിയോടും അകാരാദിക്രമത്തോടും കൂടെ ഒന്നാം പാഠപുസ്തകം എഴുതിയുണ്ടാക്കി അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുകയും ഇപ്പോൾ രണ്ടാംപാഠപുസ്തകം എഴുതി തീർന്നിരിക്കയും ചെയ്യുന്നു. അതിനാൽ വ്യാകരണത്തിന്റെ ചില വിശേഷവിധികളും അകാരാദിക്രമവും ഉണ്ടു. ഇവ മലയാളത്തിലും പാഠങ്ങൾ പുതിയ ഭാഷയിലും ആകുന്നു.

നാവിനാൽ ലോകവും രാജ്യവും ദേശവും ഭവനവും സകലവും ഭരിക്കപ്പെടുന്നു എന്നുള്ളതു സ്പഷ്ടം. എങ്കിലോ നാവിന്റെ തെറ്റു മൂലം

ഏതു ഭരണവും ഇതുവരെയും കുറവായിരിക്കുന്നു എന്നല്ലാതെ നിറവിൽ വന്നെത്തീട്ടില്ലാ. എന്നുള്ളതും സ്പഷ്ടം. അതുകൊണ്ടു തെറ്റില്ലാത്ത ഒരു വിശുദ്ധനാവു സകലർക്കും അത്യാവശ്യപ്പെട്ടിരിക്കുന്നു. ഇതിനെപ്പറ്റി അറിയാത്തതിനാൽ അനേകർ ഈ പുതിയ ഭാഷകൊണ്ടുള്ള ആവശ്യം എന്തെന്നു ഞാനോടു ചോദിക്കയും ഇതു തെറ്റില്ലാത്ത വിശുദ്ധ നാവെന്നു ഞാൻ അനേകം സാക്ഷികളാൽ അവരെ ബോധപ്പെടുത്തുകയും ചെയ്തിട്ടുണ്ടു. ഇനിയും ബോധപ്പെടുത്തുവാൻ സദാ ഒരുങ്ങിയിരിക്കുന്നു.

ഭവിഷ്യദ്വചനങ്ങളിൽ പറഞ്ഞിരിക്കുന്നതിന്റെ സാക്ഷാലുള്ള നിവൃത്തി അന്ധകാരത്തിലിരിക്കുന്നവക്കു പ്രകാശം ഉദിച്ചവണ്ണം ഇതാ! ഇപ്പോൾ ഇപ്രകാരം വെളിപ്പെട്ടിരിക്കയാൽ ഈ പുതിയ ഭാഷ സകലർക്കും മഹാ ഭാഗ്യകരമെന്നു ഉണ്മയിൻപ്രകാരം സദ്വർത്തമാനമായി ഞാൻ നിങ്ങളോടു പറഞ്ഞുകൊള്ളുന്നു.

ഇതിന്റെ അഭിവൃദ്ധിക്കായിട്ടും വിശേഷാൽ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തേണ്ടുന്നതിനായിട്ടും ഒരു ധർമ്മശേഖരം ഉണ്ടാകണമെന്നു നിശ്ചയിച്ചു അതിനെ ആരംഭിച്ചിരിക്കയാൽ അല്ലയോ മഹാജനങ്ങളെ! ദൈവീകത്തിനും ആത്മീകത്തിനും അടുത്ത വിങ്ങളുടെ ഔദാര്യമുള്ള കയ്യാൽ വല്ലതും ഇതിലേക്കു സഹായിക്കണം എന്നു വിനയപൂർവ്വം അപേക്ഷിച്ചുകൊണ്ടു എഴുതുന്നതു സകലരുടെയും പാദശുശ്രൂഷക്കാരൻ.

കന്നീറ്റി

ഫാസ്റ്റർ. കർ. ഫ്രി യുയോരാലിസൻ വിദ്വാൻ കൂട്ടി

കന്നീറ്റി പൊതുസഭൈക്യതയോടു ചേർന്ന എല്ലാ യോഗക്കാർക്കും എന്റെ വിശുദ്ധചുംബനം.

മങ്കുഴി സഭ ഈപ്പച്ചൻ മൂലം വേർപിരിഞ്ഞവണ്ണം പൂവത്തൂർ പെള്ളിക്കര സഭയും പഴമ്പള്ളി ചാണ്ടിബോധകർ മൂലം കന്നീറ്റി ഉണർവുസഭയുടെ നിത്യവിവാഹ നിയമത്തെ ലംഘിച്ചു ആ ലംഘനം വഴിയായി ഒരിക്കലും പ്രകാശം വരാത്ത അന്ധകാരത്തിൽ വീണു ഉണർവുസഭയുടെ എല്ലാ ഐക്യതയിൽ നിന്നും താനെ തന്നെ വേർപിരിഞ്ഞിരിക്കയാൽ ആ വെള്ളിക്കര സഭയുടെ സകല ഉപദേശത്തിൽനിന്നും എല്ലാ നടത്തിപ്പിൽനിന്നും ഐക്യതയിന്നാത്മാവിന്റെ കല്പനമൂലം ഞാൻ അശേഷം വേർപിരിഞ്ഞിരിക്കയാൽ നിങ്ങളും വേർപിരിഞ്ഞു കോൾവിൻ. ആ എതിർ സഭയുടെ ഒരു അവയവത്തിനും കന്നീറ്റി ഉണർവുസഭയുടെ ഏതു സ്ഥാനത്തിലും ഒരു അവ

കാശുമോ ഓഹരിയോ ഇല്ലാ നിശ്ചയം. എന്തെന്നാൽ കന്നീററി ഉണർവുസഭയുടെ സകല ആസനങ്ങളും ആയവരെ തൃപ്തിക്കുഞ്ഞിരിക്കുന്നു. അതിനാൽ ഹിറ്റു മുതലായവരോടു നിങ്ങൾക്കു ലൌകീകകാര്യങ്ങളിൽ ഏർപ്പാടുള്ളപ്രകാരം ഇവരോടും ഏർപ്പെട്ടിരിക്കുന്നതല്ലാതെ ആത്മീകത്തിനടുത്ത ഒരു കാര്യത്തിലും ഇവരോടു നിങ്ങൾക്കു സംസർഗ്ഗം ഉണ്ടാകരുതു എന്നു യോഹന്നാന്റെ നാമത്തിൽ.

കന്നീററി
സു. മധുരം. സു
കക്കട. ഉ.   യുയോ. വിദ്വാൻ കുട്ടി
ഓഗ. ഒ
ഉ. വാര. ദി. ഉഹസ്ര

216

എന്റെ പ്രിയമുള്ള ജയദേവനു
എന്റെ വിശ്വാസംബന്ധം.

മംകുഴി സഭ കന്നീററി ഉണർവുസഭയുടെ ഐക്യത്തിൽ നിന്നു വേർപിരിഞ്ഞു പോയവണ്ണം, വെള്ളിക്കര സഭയും താനെ തന്നെ വേർപിരിഞ്ഞു പോയിരിക്കുന്നതിനാൽ കന്നീററി ഉണർവുസഭയുടെ ഒരു അവയവത്തിനും വെള്ളിക്കര സഭയുടെ ഉപദേശത്തോടും നടത്തിപ്പിനോടും യാതൊരു സംബന്ധവും ഇല്ലാതെയായിട്ടു ഇക്കന്നീററി ഉണർവുസഭ വെള്ളിക്കര സഭയിൽ നിന്നും അശേഷം വേർപിരിഞ്ഞിരിക്കുന്നു. അതിനാൽ ആത്മീകത്തിനടുത്ത യാതൊരുകാര്യത്തിലും ഇനിക്കും താങ്കൾക്കും യാതൊരു സംബന്ധമില്ലാ. എങ്കിലോ ലൌകീകത്തിനടുത്ത ചിട്ടിക്കാര്യത്തിൽ വേണ്ട സംബന്ധമുണ്ടുതാനും. ഈ സംബന്ധത്തിൽനിന്നു വേർപിരിവാൻ ഞാൻ ഒരിക്കലും ആഗ്രഹിക്കുന്നില്ലാ. അതുകൊണ്ടു ചിട്ടി നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ കണിശമായി നടക്കയും ചിട്ടിപ്പണം അക്ഷണം പിരികയും ചിട്ടിപ്പണം പറ്റുന്നവർ വട്ടമറുതിവരെ കണിശമായി വെപ്പാൻ തക്കവണ്ണം ഈടോ ജാമ്യമോ കൊടുത്തു പണം പറ്റുകയും ചെയ്‌വാൻ തക്ക വേണ്ട കണിശങ്ങൾ ഇനിമേലാലും നടത്തിക്കപ്പെടുന്നതിനാൽ ആ കാര്യങ്ങളിൽ താങ്കളും ഏറ്റവും ജാഗ്രതയുള്ള ആളായിരുന്നുകൊള്ളണം. കവുങ്ങുമ്പ്രയാററിലെ ചിട്ടിപ്പണത്തിൽ കഴിഞ്ഞ തവണയിലെ നൂറുപ്പായും അതിന്റെ മുൻപിലത്തെ തവണയിൽ ഒന്നേകാൽ നൂറുപ്പായും വരുവാനുള്ളതിനെപ്പററി ഞാൻ എഴുത്തയച്ചാറെ അതിനു ഇനിക്കു മറുപടി ഇതുവരെയും കിട്ടീട്ടില്ലാ. അതിനാൽ താങ്കളുടെ ചിട്ടിക്കു മാത്രം താങ്കൾ ബാദ്ധ്യസ്ഥനായിരിപ്പാനല്ലാതെ മറ്റു താങ്ക

ളുടെ വിധേയമുള്ള ചിട്ടികൾക്കും ക്രൂടെ ബാദ്ധ്യസ്ഥനായിരിപ്പാൻ മനസ്സില്ലെങ്കിൽ ആ വിവരം എന്നെ ഗ്രഹിപ്പിച്ചാൽ ഞാൻ വേറിട്ട ആളാക്കിക്കൊള്ളാം. അതുകൊണ്ട പ്രയാസപ്പെടേണ്ടാ. ഈ വരുന്ന മാസം കഉാം നു-യാകുന്ന ഇനിയത്തെ ചിട്ടി. കിഴക്കേ ഡിവിഷ്യനാകുന്നു. ഇനിയത്തെ ഈ ചിട്ടിക്കകം ഈ സംഗതികൾക്ക തീർച്ച യുണ്ടാക്കിക്കൊള്ളണം. ചിട്ടിദിവസം തന്നേ വണം ഇവിടെ എത്തിച്ചു ഇവിടയുള്ള പുസ്തകത്തിൽ ചിട്ടിപ്പണം വതിപ്പിച്ചു കൊള്ളണം. മറു സ്ഥലങ്ങളിൽ വെച്ചു ചിട്ടിയാട്ടാൽ പുസ്തകം കൊണ്ടുപോകുവാനും മറും പ്രയാസമാകകൊണ്ടു ചിട്ടി കന്നീററിൽ വെച്ചു തന്നെ ആയിരിക്കും. ആത്മീകത്തിന്നടുത്ത കായ്ങ്ങളിൽ താങ്കൾ കന്നീററി ഉണർവുസഭയോട എതുത്തു പ്രവൃത്തിച്ചവണ്ണം ലൌകീകത്തിന്നടുത്ത കാര്യമായ ചിട്ടിയിലും വെച്ചു യോഗത്തോട എതുത്തു പ്രവൃത്തിച്ചു പോകുമെന്നു ഞാൻ ഗ്രഹിച്ചിരിക്കുന്നു. മനസ്സുണ്ടെങ്കിൽ അനുസരിക്കണം. അല്ലെങ്കിൽ എതുത്തു കൊള്ളണം. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ.

കന്നീററി
ന. മധുരം. ന
ക ക്ക. വ ര
ഒ. ഓഗ. ഒ
വ. വാ. ഓ. ഫനുഒ

ന്യൂയോ. വിദ്വാൻ കുട്ടി.

എന്റെ പ്രിയമകൻ രാമസ്വാമിക്കു

താൻ ഓഗസ്ററു വന്നാം നു- എഴുതിയ കത്തു വന്നു ചേർന്നു. വാട്ടപുസ്തകവും അതിന്റെ ശേഷം ഒരു കത്തും തനിക്കയച്ച ശേഷം മറുപടി കാണാഞ്ഞതിനാൽ ഇനിക്കിതുവരെയും തനിക്കു ഒരെഴുത്തയച്ചപ്പാൻ ഇടയായില്ലാ. തന്നെക്കുറിച്ചുള്ള ഓർമ്മ ഇനിക്കു വിട്ടുപോയി എന്നു താൻ ഒരിക്കലും വിചാരിക്കരുതു. ഇൻസ്പെക്ടർ പദ്മനാഭപിള്ള കായംകുളം സമീപത്തുകുന്നു ഇപ്പോൾ പാർക്കുന്നതു. അയാൾക്കു തന്റെ എഴുത്തു എത്തിക്കാം. കൊച്ചമ്മാവനും വലിയമ്മാവന്റെ മകൻ രാമനും മരിച്ചുപോയ വിവരം താൻ അറിഞ്ഞിരിക്കുമല്ലൊ. ഞങ്ങൾക്കെല്ലാവർക്കും ചെല്ലും ശേഷു മുതലായവർക്കും സുഖം തന്നെ. ദൈവം ഇനിക്കു തന്നിരിക്കുന്ന സമസ്തവും അവന്റെ വകയായിരിക്കുന്ന പ്രകാരം കുട്ടിയും ദൈവവകയാകയാൽ അവന്റെ തൃക്കയ്യിൽ നിന്നു കുട്ടിയെ താൻ ചോദിച്ചു വാങ്ങിച്ചുകൊള്ളുന്നതിലാകുന്നു എന്റെ വാഞ്ഛം നിവൃത്തിക്കുന്നതു. അതു തനിക്കു നന്മയിൻ

വഴിയാകുന്നു, അതിനാൽ ഞാൻ ദൈവവകയെ അവൻ നിയമിച്ചിരിക്കുന്ന പുരുഷനല്ലാതെ മറെറാരുത്തനു ഞാൻ കൊടുക്കുമോ? അതു കൊണ്ടു കുട്ടിയെ വിവാഹം കഴിച്ചു കൊടുത്തുയോ എന്നു താൻ എന്നോടു ചോദിപ്പാൻ കാരണമെന്തു? കല്യാണത്തിനുള്ള ദൈവസമയം ഇതു വരെയും അവൾക്കു വന്നിട്ടില്ല. ആ സമയം വരുമ്പോൾ അതു നിവൃത്തിക്കുന്നതുമാകുന്നു എന്നു മാത്രം ഞാൻ തന്നോടു ഇപ്പോൾ പറയുന്നു. പുതിയ ഭാഷയിൽ രണ്ടാംപാഠപുസ്തകം എഴുതി തീൎന്നു. താമസിയാതെ അച്ചടിപ്പിക്കുണ്ടു. ഏതു ശക്തിയാലും ഒരിക്കലും ക്ഷയിക്കാത്തതും സകലത്താലും വർദ്ധിക്കുന്നതുമായ വിശ്വാസമെന്ന കന്നീററി ഉണർവു സഭയുടെ വിശ്വാസം. ഈ വിശ്വാസത്തിൻ ആത്മാവിലാകുന്നു ഞാൻ എന്നും ഇരിക്കുന്നതു, എന്നു ഞാൻ വീണ്ടും തന്നോടു പറവാൻ ആവശ്യപ്പെട്ടു പോയെല്ലൊ. എന്തെന്നാൽ നിങ്ങളുടെ വിശ്വാസം എങ്ങിനെ ഇരിക്കുന്നു എന്നു താൻ ഇന്നും അറിയാത്തവനെപ്പോലെ എന്നോടു ചോദിച്ചിരിക്കുന്നു. "ഇതു എന്നിത്തുക്കായ്" എന്നു ചോദിച്ചു എന്നു ഒരു പഴമൊഴിയുണ്ടുതാനും. പൂവത്തൂർ കുഞ്ഞിന്റെ ഭാഗ്യ മരിച്ച ശേഷം അയാൾ ഇപ്പോൾ തിരുവനന്തപുരത്തു കണ്ടെഴുത്തു ഡിപ്പാർട്ടുമെണ്ടിൽ ഒരു ഗുമസ്തവായി വേലനോക്കുന്നു. കുട്ടി ശുഭാ ശമ്പള മുണ്ടു. പൊന്നുകൊണ്ടു വിചിത്രമായി തീൎത്ത ഒരു ലക്ഷ്മീ പ്രതിമയും, ശിവകുന്റെ ഒരു താണ്ഡവപ്രതിമയും ജുബിലി പ്രതിമകളായി തിരുവനന്തപുരത്തു നിന്നു ഇംഗ്ലാണ്ടിലേക്കു അയച്ചു എന്നു ഞാൻ കേട്ടു. ആസ്യാ, യൂറോപ്പു, ആഫ്രിക്കാ, അമേരിക്കാ എന്ന ഭൂമിമുഴുവനും സേവിക്കുന്ന ജുബിലി എന്ന മഹാദേവി എത്ര മഹത്വമുള്ളവൾ! എന്നു സകലരുടേയും പാദശുശ്രൂഷക്കാരൻ

കന്നീററി

ന്ന ന്തുതം. ന്ന

ഫാന്നന്ന ചിങ്ങം ഠന്ന യുയോ. വിദ്വാൻകുട്ടി.

ഫവ്വവ്വ സെപ്തം. ൈ

ഫ യാ. ദി. ഫന്നന്ന


പൂവത്തൂർ കവുങ്ങുസ്ത്രീയാർ അയിരൂർ എന്ന യോഗങ്ങളിലെ പൊതുയോഗച്ചിട്ടിക്കാക്കു എന്റെ വിശുദ്ധചുംബനം.

കഴിഞ്ഞ വ്യാമത്തെ പന്തായച്ചിട്ടിപ്പണം കൊടുത്തു തീൎക്കേണ്ടുന്നതിന്നായിട്ടു കഴിഞ്ഞ ശനിയാഴ്ച ഞാൻ പെണ്ണുക്കരെ ചെന്നാറെ രാമചാണ്ടിഭോധകരുടെ എതിർപ്പു മൂലം ചിട്ടിപ്പണം കൊടുത്തു തീ

പ്പോൻ ഇടവരാതെ അതിവ്യസനത്തോടു കൂടെ ഞാൻ തിരിച്ചുപോരുവാൻ സംഗതിയായ വിവരം നിങ്ങൾ അറിഞ്ഞിരിക്കുമല്ലൊ. കഴിഞ്ഞ വൃ ചിട്ടിക്കുമുള്ളവയിൽ മുടക്കമുള്ളതു നീക്കി ശേഷം പണം നിങ്ങൾ വെച്ചിരിക്കുന്നതും, രണ്ടു ചിട്ടിക്കുള്ള പണം പറ്റിയിരിക്കുന്നതും, ചിട്ടിക്കാരർ അനുസരിച്ചുകൂന്ന എന്നുള്ളതു സ്പഷ്ടം. ആ മുറെക്കു വ്യാമത്തെ ചിട്ടിക്കു നിങ്ങളുടെ വീതത്തിന്നുള്ള പണം ഞാൻ കൊണ്ടുവന്നുപ്പോൾ ചിട്ടിത്തലവനാകുന്നതു: ചാണ്ടിബോധകർ ചിട്ടിക്കാരാറിനു വിരോധമായി എടുപ്പാൻ കാരണമെന്തു? വ്യാമത്തെ ചിട്ടിക്കു നിങ്ങൾ ഏതു കരാർ അനുസരിച്ചുകൂന്ന പണം വെച്ചതു? ഒരു പുതിയ കരാർ അനുസരിച്ചുകൂന്ന പണം വെച്ചതു എന്നു നിങ്ങൾക്കു പറവാൻ ഒരിക്കലും ഇടയില്ലാ. എന്തെന്നാൽ കഴിഞ്ഞ ചിട്ടിക്കു മുൻപു ചിട്ടിത്തലവനാകുന്നതു: ചാണ്ടിബോധകക്കു ഞാൻ എഴുത്തു കൊടുത്തയച്ചതിൽ ചിട്ടിക്കു മുൻപെ വിവരത്തിന്നു മറുപടി അയക്കണമെന്നു ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു. അയാൾ പണം കൊടുത്തയച്ചതല്ലാതെ മറുപടി അയച്ചില്ലാ. അതിനാൽ ഒരു പുതിയ കരാറിൻപ്രകാരമല്ലാ മുൻപിലത്തെ കരാറിൻപ്രകാരമാകുന്ന പണം അയച്ചതു എന്നുള്ളതു സ്പഷ്ടം. ഏതു കരാറിൻപ്രകാരം പണം വെക്കുന്നുവോ, ആ കരാറിൻപ്രകാരമാകുന്ന പണം പറ്റേണ്ടുന്നതു. അയാൾക്കു കരാർ അനുസരിപ്പാൻ മനസ്സില്ലെങ്കിൽ വ്യാമത്തെ ചിട്ടിക്കു പണം അയക്കാതിരിക്കേണ്ടിയിരുന്നു. അങ്ങിനെ അല്ലാ വ്യാമത്തെ ചിട്ടിക്കു കരാർ അനുസരിച്ചു പണം അയച്ചിരിക്കയും, ആ കരാർ അനുസരിച്ചു പണം പറുകയില്ലാ എന്നു വാദിക്കയും ചെയ്യുന്നു. ഇതു ആക്ഷേപമുള്ള മനുഷ്യൻ?

പിന്നെയും ചിട്ടിപ്പണം ജീവനില്ലാത്ത ലോകപ്പൊരുൾ ദശാംശവും അതേപ്രകാരം ജീവനില്ലാത്ത ലോകപ്പൊരുൾ, എന്നുള്ളതു സ്പഷ്ടം. അല്ലാ ദശാംശപ്പണം ആത്മികമായാൽ ചിട്ടിപ്പണവും; ആത്മീകമാകുന്ന എന്നുള്ളതു സ്പഷ്ടം, ഒന്നു ആത്മികവും മറ്റതു ലൌകീകവും എന്നു വരികയില്ലാ എന്നുള്ളതും സ്പഷ്ടം. അതുകൊണ്ടു ദശാംശം കൊടുക്കയില്ലാ ചിട്ടി വെച്ചു നടത്തിക്കൊള്ളാമെന്നു ഉടമ്പടിക്കു ലംഘനമായി വാദിക്കുന്നതിനെക്കാൾ മേലാൽ ചിട്ടി വെച്ചു നടത്തുവാൻ കഴികയില്ലാ എന്നു രാ: ചാണ്ടിബോധകർ പറയേണ്ടിയിരുന്നു. എങ്കിലോ രാ: ചാണ്ടിബോധകരുടെ കയ്യിലുള്ള പണം കള്ളപ്പണം അതു എന്തെന്നാൽ ദൈവം മനുഷ്യനു ഐക്യത്തിൽ കൊടുത്തിരിക്കുന്ന പണം രണ്ടാകുന്നു. എങ്കിലോ സാത്താൻ ഭിന്നതയിൽ വെച്ചിരിക്കുന്ന പണം ഒന്നേയുള്ളു. അതിനാൽ കഴിഞ്ഞ ശനിയാഴ്ചയിലെ എടുപ്പിൽ വെച്ചു രാ: ചാണ്ടിബോധകരുടെ കള്ളനാണ്യം അയാളുടെ മുഖത്തിൽനിന്നു വെളിപ്പെട്ടുപോയി. അതുകൊണ്ടു പ്രിയമുള്ളവരേ! കഴിഞ്ഞ ചിട്ടിയിൽ പീലിപ്പോസു മുതലായവർക്കു പറ്റായതുകൂ

ൽ വന്നിരിക്കുന്ന വണം ഈടോ ജാമ്യമോ ഏർപ്പെട്ടുത്തി പറഞ്ഞിക്കൊ
ൾവാൻ തക്കവണ്ണം അവരെ ഞാൻ ഇതിനാൽ ജാഗ്രതപ്പെടുത്തുന്നതു
കൂടാതെ നിങ്ങൾ ആരും ഈ ചിട്ടിയിൽ നിന്നു മാറിപ്പോകരുതു എ
ന്നു വിനയമായി അപേക്ഷിക്കയും ചെയ്യുന്നു. ഇതിന്നു മറുപടി വേഗ
ത്തിൽ ഇനിക്കു നിങ്ങൾ അയക്കണം. എന്തെന്നാൽ ഈ മാസം
൨൦ം നു-സ്സ്തകം ഞാൻ ഈ കായ്ങ്ങൾക്കു തീർച്ച വരുത്തേണ്ടുന്നതാകു
ന്നു എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ
ഫാന്സുവ കന്നി ന്സ നു-
ഹൂത്തനിന്നും യുയോ. വിടപാൻകുട്ടി



വെള്ളിക്കരെ രാ: ചാണ്ടിമോധകക്കു

കന്നീററി പൊതുഷുകഐക്യതയിൽ നിന്നു തന്നെ യോഹന്നാ
ന്റെ നാമത്തിൽ ബോധകരായി നിയമിക്കയും, പൊതുയോഗപ്രസ്ഥാ
യച്ചിട്ടിക്കു കീഴക്കേ ഡിവിഷ്യനിൽ മറു മൂന്നാളുകൾ എന്നപോലെ
തന്നെ ചിട്ടിത്തലവനായി ഏർപ്പെട്ടുത്തുകയും, ഏഴു ചിട്ടിക്കാർ ത
ന്റെ കീഴിൽ ഇരിക്കയും കഴിഞ്ഞ എട്ടു ചിട്ടി വരെ കീഴിലുള്ള ആ
ളുകളിൽ നിന്നു വണം പിരിച്ചു ചിട്ടിക്കു വെക്കയും, പന്തായച്ചിട്ടി
അനുസരിച്ചു തന്റെ കീഴിലുള്ള രണ്ടു ചിട്ടിക്കാർ ഒരു ചിട്ടിക്കുള്ള
രൂപാ നൂറുവം (മുന്നൂറിഅൻപത്തിരണ്ടും) പറവുകയും ചെയ്തിരിക്കു
ന്നു. ഈ മുറെക്കു കഴിഞ്ഞ എട്ടാമത്തെ പന്തായച്ചിട്ടിക്കു തന്റെ കീ
ഴിലുള്ള ഉയ്യപ്പടിക്കൽ പീലിപ്പോസു മുതലായവരുടെ വീതത്തിനു
ള്ള വണം ഈ മാസം ൨൦ം നു- തന്റെ വിധേയം ഏല്പിപ്പാൻ കൊ
ണ്ടുവന്നാറെ, ചിട്ടിക്കുരാറിന്നു വിരോധമായി താൻ വാദിച്ചു ദശാ
ശവും ചിട്ടിച്ചിലവും വകവെച്ചു തരികയില്ലാ എന്നു പറഞ്ഞിരിക്കു
ന്നു. ഇതു ദൈവീകത്തിന്നും, അതിനടുത്ത ലൌകീകത്തിന്നും വിരോ
ധമായുള്ള പറച്ചിലാകുന്നു. എന്തെന്നാൽ ദൈവവും മനുഷ്യനും, മനു
ഷ്യർ തമ്മിൽ തമ്മിലും, ഉള്ള എല്ലാ ഏർപ്പാടുകളും ഉടമ്പടി പ്രകാര
മാകുന്നു, തന്നിഷ്ടപ്രകാരമല്ലാ എന്നുള്ളതു നിശ്ചയം. തന്നെ പൊതു
ഷുകഐക്യതയിൽ നിന്നു ബോധകരായി നിയമിച്ചതും, ചിട്ടിത്തല
വനായി ഏർപ്പെട്ടുത്തിയതും, മഹതപ്രതൃക്ഷതയിൻ നിയമത്തിലെ
കരാർ അനുസരിച്ചാകുന്നു, തന്റെ തന്നിഷ്ടത്തിൻ പ്രകാരമല്ലാ, എ
ന്നു താൻ നല്ലപോലെ ഓർക്കണം. എങ്കിലോ പൊതുഷുകഐക്യതയു
ടെ നിത്യവിവാഹനിയമത്തിലെ കരാറിനെ നിത്യവ്യഭിചാരത്തിൻ
ആത്മാവിന്റെ വഞ്ചനമൂലം താൻ ലംഘിച്ചു ഒരു ദുഷ്പ്രവൃത്തിയെ
ചെയ്തിച്ചിരിക്കുന്നതും, പലരേയും താൻ ആ ലംഘനത്തിൽ ഉൾ
പ്പെടുത്തുകയും ചെയ്തിരിക്കുന്നതും സ്പഷ്ടം ഇതു തന്റെ അറിയായ്മ

എന്നു ഞാൻ ഗ്രഹിച്ചത് നാൽ താൻ പ്രാപിച്ച നിത്യവ്യഭിചാരത്തിൻ ആത്മാവിന്നടുത്ത ഒരു കാര്യത്തിലും, ഇനിക്കും തനിക്കും യാതൊരു സംബന്ധമില്ലെന്നും, ഇതുപ്രകാരം സഭയിലുള്ള ആർക്കും ആ കാര്യങ്ങളിൽ ഒരിക്കലും, സംബന്ധമുണ്ടാകരുതെന്നും, ഞാൻ പ്രസിദ്ധപ്പെടുത്തിയതിൽപിന്നെ പൊതുങ്കലെക്കൈത തന്നോട് ചെയ്തിരിക്കുന്ന ഉടമ്പടിക്കു വിരോധമായി ഞാൻ വല്ലതും ചെയ്തിട്ടുണ്ടോ എന്നു താൻ സാക്ഷിക്കണം. താൻ ജീവനോടിരിക്കുമ്പോൾ തന്നിൽനിന്നു വേർപിരിവാൻ കഴിയാതവണ്ണം ബോധകത്വത്തിന്റെ ആത്മാവിനെ പൊതുങ്കലെക്കൈത തനിക്കു നൽകിയിരിക്കയാൽ താൻ ലംഘനത്തിൽ വീണാറെയും ഐക്യാത്മാവിന്റെ അനുവാദപ്രകാരം ഞാൻ ജയദേവൻ എന്ന നാമം തനിക്കു തന്നു. ഒരു സഹോദരനെന്നു തന്നെ അംഗീകരിച്ചു, തന്റെ ഭവനത്തിൽ ഞാൻ വന്നു ഭക്ഷിക്കയും ദശാംശം തന്നിൽനിന്നു വാങ്ങിക്കയും ചെയ്തു. അനൈക്യാത്മാവിന്നടുത്ത ലൌകീകകാര്യങ്ങളിലല്ലാ, ഐക്യാത്മാവിന്നടുത്ത ലൌകീകകാര്യമായ ചിട്ടിയിലും മറും ഇനിക്കു തന്നോട് വേണ്ട സംബന്ധമുണ്ടെന്നു ഞാൻ തന്നെ ഗ്രഹിപ്പിച്ചതു മാത്രമല്ലാ, അങ്ങിനെ തന്നോട് എല്ലാവരും സംബന്ധപ്പെട്ടിരിപ്പാൻ സഭയിലും പ്രസിദ്ധപ്പെടുത്തി. അതുകൊണ്ടു തന്നിൽ ഇരിക്കുന്ന നിത്യവ്യഭിചാരത്തിൻ ആത്മാവിന്നടുത്ത എല്ലാ കാര്യങ്ങളെയും ഞാൻ അശേഷം വെറുത്തതല്ലാതെ, തന്നിൽ ഇരിക്കുന്ന ഐക്യാത്മാവിന്നടുത്ത ഏതു കാര്യങ്ങളെ ഞാൻ വെറുത്തിട്ടുണ്ടു? താൻ പറയണം. താൻ ജീവനോടിരിക്കുമ്പോൾ നന്മ ചെയ്യുന്ന സകലവും ഐക്യാത്മാവിന്നടുത്ത ലൌകീകവും, ഉടമ്പടിക്കൽ ലംഘനം പ്രവൃത്തിക്കുന്ന സകല തിന്മകളും, അനൈക്യാത്മാവിന്നടുത്തവയുമാകുന്നു. ആ തിന്മകൾക്കുള്ള ദശാംശം ഞാൻ തന്നോട് ഒരിക്കലും ചോദിച്ചിട്ടില്ല, ചോദിക്കയുമില്ലാ. നന്മകൾക്കുള്ള ദശാംശം പൊതുങ്കലെക്കൈത തന്നോട് ചെയ്തിരിക്കുന്ന ഉടമ്പടിപ്രകാരം താൻ കൊടുപ്പാൻ എന്നേക്കും കടംപെട്ടിരിക്കുന്നു നിശ്ചയം. എന്തെന്നാൽ തന്നോട് പൊതുങ്കലെക്കൈത ചെയ്തിരിക്കുന്ന ഉടമ്പടിക്കു ഞാൻ ഒരിക്കലും ലംഘനം ചെയ്തിട്ടില്ലാ, ചെയ്കയുമില്ലാ. അതുകൊണ്ടു താൻ ദശാംശം തരികയില്ലാ എന്നു പറഞ്ഞതു ബോധകത്വത്തിന്റെ ഉടമ്പടിക്കും ചിട്ടിക്കാർ ഉടമ്പടിക്കും ലംഘനമാകയാൽ ആ പാപത്തിൽ ദൈവീകത്തിന്നും അതിന്നടുത്ത ലൌകീകത്തിന്നും എതിരായിട്ടുള്ളതാകുന്നു നിശ്ചയം. ഇപ്രകാരം ഇനിമേൽ താൻ ഒരിക്കലും സംസാരിക്കരുതു. ചിട്ടിക്കാർ അനുസരിച്ചു പണം പറഞ്ഞു കീഴിലുള്ളവർ പണം കൊടുത്തു പത്രത്തിൽ എഴുതി വാങ്ങിച്ചുകൊള്ളണം. ഇതാകുന്നു മര്യാദ എന്നു ഞാൻ ഇംഗ്ലീഷായിട്ടു പറഞ്ഞുകൊള്ളുന്നു. തന്റെ സംഭാഷണത്തിൽ വെച്ചു അനേകം കാര്യം ഇനിക്കു തന്നെ ബോധപ്പെടുത്തുവാനുണ്ടു്. ഈ എഴുത്തിന്നെങ്കിലും

താൻ വേഗത്തിൽ മറുപടി അയക്കണം. ഈ മാസം 24-ാം നു-ള്ളിൽ ഞാൻ ഈ കാര്യങ്ങൾക്കു തീച്ച് വരുത്തേണ്ടുന്നതാകുന്നു. എന്നു സകല

രുടെയും വാദ്ധ്യശ്രൂഷക്കാരൻ

കന്നീററി

ന്യൂ ജ്ഞാനം. 24

ഒ. കന്നി. 4

യൂയോ. വിദ്വാൻകുട്ടി.

ഒ. സെപ്തം. 24

ഫ. വാ. ടി. 24 വൈ



കന്നീററി പൊതുജനൈക്യതയോട് ചേർന്ന
സകല യോഗക്കാർക്കും എന്നെ വിശ്വാസമുണർത്തുന്നതും.

ഈ വരുന്ന ഞായറാഴ്ച കന്നി 4-ാം നു- നമ്മുടെ ആണ്ടുപിറപ്പാകയാൽ അന്നു അതാതു യോഗത്തിലുള്ള സകലരും ഓരോ സ്ഥലത്തു ഒന്നായിക്കൂടി ദൈവാരാധന നടത്തുകയും ധർമ്മകാണിക്ക എടുക്കയും, ദരിദ്രാംശങ്ങളെ ശ്രേഷ്ഠരിക്കയും, ദൈവത്തെ സ്തുതിക്കയും ചെയ്യേണ്ടുന്നതാകുന്നു. വിശേഷിച്ചും കീഴ്ക്കേ ഡിവിഷനിൽ രാ: ചാണ്ടിഭോധകർ മൂലം വെളിപ്പെട്ട നിത്യവ്യഭിചാരത്തിന്നാത്മാവു എല്ലാ യോഗങ്ങളിൽ നിന്നും അശേഷം ഒഴിഞ്ഞുപോവാനും ഈ ആപത്തിൽ വീണിരിക്കുന്നവർ മനന്തിരിഞ്ഞു എഴുന്നീല്പാനും. ആയിട്ടു നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. എന്നു സകലരുടെയും വാദ്ധ്യശ്രൂഷക്കാരൻ

കന്നീററി

ന്യൂ. ജ്ഞാനം. 24

ഒ. കന്നി. 4

യൂയോ. വിദ്വാൻകുട്ടി.

,, സെപ്തം. 24

ഫ. വാ. ടി. 24 വൈ



എന്തെന്നും ബഹുമാനപ്പെട്ട കേലിസായിപ്പുവർകൾക്കു എന്നെ താണമയുള്ള വന്ദനം.

എന്നെ അനുജൻ യോഹന്നാൻ കുട്ടിയെ സായിപ്പുവർകൾ മുന്ദ്രക്ഷിയായിരിപ്പാൻ ആഗ്രഹിച്ചു മത്തായച്ചൻ മൂലം പറഞ്ഞയച്ചതും ആ വിവരത്തിനു യോഹന്നാൻകുട്ടിക്കു എഴുതയച്ചതും ഞാൻ അറിഞ്ഞു. അയാൾ കന്നീററി ഉണർവുസഭയാൽ ബോധകസ്ഥാനത്തിൽ നിയമിക്കപ്പെട്ട പന്ത്രണ്ടുവർഷമായി തന്റെ സ്ഥാനത്തിന്നടുത്ത വേലയെ ക

ന്റെ കീഴിൽ ഇരുന്നുകൊണ്ടു നോക്കിവന്ന ഒരുത്തൻ ശ്രീശ്രീഷക്കാരനാകുന്നു. എന്തെന്നാൽ ; വേലക്കാരൻ തന്റെ കുലിക്കു യോഗ്യൻ ആണല്ലൊ സത്യവചനപ്രകാരം അയാൾ കുലിയെയാഗ്രഹിച്ചു വേലയെ നോക്കിയവനല്ലാ. വേല ചെയ്യുന്നതു ദൈവത്തിൽനിന്നും അത്യന്ത ദിവസത്തേക്കുള്ള കുലിയെ നന്ദിയോടെ കൈക്കൊണ്ടുവെന്നാകയാൽ ഈ ലോകത്തിലും അഹോവൃത്തിയായതൊരു കുടവും കൂടാതെ നടന്നു വന്നിരിക്കുന്നു. പാപ്പാൻ തനതായിട്ടു വീടും പുരയിടവും ഉണ്ടായിട്ടുണ്ട്. കന്നിറവി ഉണർവു സഭയാൽ പ്രസിദ്ധപ്പെട്ടതുപ്പെട്ട യേശുക്രിസ്തുവിന്റെ മഹത്പ്രത്യക്ഷതെക്കു പഴയനിയമത്തിൽനിന്നും പുതിയനിയമത്തിൽനിന്നും സാക്ഷി പകരുവാൻ ഇയാൾ ദീർഘദർശനത്തിന്റെയും നിവൃത്തിയുടെയും സംയോജിപ്പിൻ ആത്മാവിനെ പ്രാപിച്ചവനും ആ ആത്മാവിനാൽ നടത്തിക്കപ്പെട്ടവനും ആകകൊണ്ടു ക്രിസ്ത്യാനി പ്രസംഗികളുടെ പറച്ചിലും പ്രസംഗവും ആരാധനകളും എന്നപോലെയല്ലാ ഇയാളുടെ പറച്ചിലും പ്രസംഗവും ആരാധനകളും. അവർ വരുവാനിരിക്കുന്ന യേശുക്രിസ്തുവിനെ പ്രസംഗിക്കയും ആരാധിക്കയും ചെയ്യുന്നു. ഇയാൾ വന്ന യേശുക്രിസ്തുവിനെ പ്രസംഗിക്കയും ആരാധിക്കയും ചെയ്യുന്നു. ഇക്കാര്യത്തിൽ അറിവിൽനിന്നുണ്ടാകുന്ന വിശ്വാസത്തെയല്ലാ എല്ലാ കാര്യങ്ങളുടെയും സാക്ഷാലുള്ള അറിവിനെ ജനിപ്പിക്കുന്ന വിശ്വാസത്തെ ഇയാൾ പ്രാപിച്ചിരിക്കകൊണ്ടു എല്ലാവരുടെയും നന്മയ്ക്കായിട്ടു ഇയാളെ അയെപ്പാൻ ഭാവിച്ചിരുന്നപ്പോളാകുന്നു സായിപ്പവർകൾ മുൻഷിയായിട്ടു ഇയാളെ അഗ്രഹിച്ചതു. അതിനാൽ സന്തോഷത്തോട്ടു കൂടെ ഇയാളെ അങ്ങേക്കുന്നു ഞങ്ങളെക്കുറിച്ചു സായിപ്പവർകൾക്കു ആത്മരസ്നേഹമുണ്ടെന്നു ഞാൻ അറിയുന്നു. മാഗ്ര വ്യത്യാസവും ജാതിവ്യത്യാസവും കൂടാതെ എല്ലാവരോടും നന്മയിൽ മയോജിച്ചുകൊണ്ടു വേല ചെയ്തു ഞങ്ങളുടെ കാലക്ഷേപം കഴിക്കുന്നതിൽ ഒരു തടവും ഞങ്ങൾക്കില്ലാ. എന്റെ കുടുംബത്തിലുള്ള എല്ലാവരും സായിപ്പവർകൾക്കും മദാമ്മെക്കും വന്ദനം പറയുന്നു.

വിനയപൂർവ്വം എഴുതിക്കൊള്ളുന്നതു സകലരുടെയും പാദശുശ്രൂഷക്കാരൻ.

കന്നിറവി യൂയോ. വിദ്വാൻകുട്ടി

൧൮൫൧ ഡിസെമ്പർ. ൨൨

എന്റെ പ്രിയമുള്ള താനച്ചിറ ഉപദേശിയാക്കു
എന്റെ വിശുദ്ധചുംബനം.

തപാൽമാഗ്രമായി അയച്ച എഴുത്തും പൈപ്പവശം അയച്ച എഴുത്തും വന്നു ചേർന്നു. ഞാൻ ആ സമയം കീഴക്കെഡിവിഷ്യനിൽ

ന്നു രണ്ടു കല്യാണം കഴിപ്പിപ്പാൻ പോയിരുന്നതിനാൽ ഉടനെ മറു പടി അയപ്പാൻ ഇടയായില്ല- കഴിഞ്ഞ ശനിയാഴ്ചയാകുന്നു ഞാൻ ഇവിടെ വന്നു ചേർന്നതു. എഴുത്തുകൾ വായിച്ചറിഞ്ഞു.

അവിടത്തെ സംഘമഠം അയോഗം വകയും അയോഗത്തലവൻ താങ്കളും ആകുന്നു. അതിനാൽ യോഗത്തലവൻ എന്നുള്ള മുറക്കു ആ സംഘമഠം താങ്കളുടെ ആധീനത്തിൻ കീഴിലാകുന്നു ഇരിക്കുന്നതു എന്നു ഇതിനാൽ എന്റെ മുൻ നിശ്ചയത്തെ അറിയിപ്പിക്കുന്നതു കൂടാതെ സംഘമഠം നിൽക്കുന്ന സ്ഥലത്തിന്നു അർത്ഥം കൊടുപ്പാൻ തക്കവണ്ണം സംഘമഠത്തിൽനിന്നുള്ള വിരിവു അതിലേക്കു ഉപയോഗമായിരിക്കണം എന്നുള്ള എന്റെ മുൻ കരുതലിനെയും അറിയിപ്പിക്കുന്നു. അതിനാൽ താങ്കൾ യോഗത്തലവനാകയാൽ സംഘമഠത്തെപ്പറ്റി ഇനിക്കു താങ്കളുമായിട്ടുള്ള ഏഴുപ്പാടല്ലാതെ തോമായുമായി ഏഴുപ്പാടില്ല. അതുകൊണ്ടു യോഗത്തിന്റെ ആൾപ്പേരായ താങ്കളുടെ അനുവാദം തോമായ്ക്കു വേണ്ടിയിരിക്കുന്നു. വിശേഷിച്ചും പുസ്തകം അച്ചടിപ്പിപ്പാൻ അയച്ചില്ലാ. പണം എല്ലാം പിരിയാത്തതിനാൽ തന്നെ. രാ. ചാണ്ടി ബോധകർ ചിട്ടിക്കുള്ള ദശാംശവും ചിലവും വകവെച്ചു തരികയില്ലാ എന്നു വാദിച്ചിരിക്കുന്നു. അതിനാൽ അയാളുടെ കീഴിൽ കഴിഞ്ഞ ചിട്ടിയിലെ പാതിപ്പണം കൊടുപ്പാൻ ഞാൻ കൊണ്ടു പോയാറെ പറഞ്ഞിയില്ല. ഈ മാസം ഉഛാംശക്കം ഇതിനു തീർച്ചവരുത്താം. എന്നു പറഞ്ഞു പിരിഞ്ഞു. യോഹന്നാൻ ബോധകർക്കു കേലിസായിപ്പിന്റെ ഒരു എഴുത്തു വന്നു. അയതു ഇയാൾ സായിപ്പിനു ഒരു മലയാള മുൻഷിയായിരിക്കണം എന്നതിനെപ്പറ്റിയാകുന്നു. വിശ്വാസകാര്യങ്ങളിൽ ഇഷ്ടംപോലെ എന്നല്ലാതെ കർത്തവ്യമില്ലെന്നും കാണിച്ചിട്ടുണ്ടു. അയാൾ താമസിയാതെ ആ വഴിക്കു വരും. അപ്പോൾ വിവരം പറയും. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ.

കന്നീറി
ന. ജൂതം. ഉ
ഒ. കന്നി. ഫസ്റ്റ്
സെപ്തം. ഉ൮
ഉ. വ. ദി. ഉ൮൮൨

യൂയോ. വിദ്വാൻകുട്ടി.

വെള്ളിക്കര രാ. ചാണ്ടി ബോധകർക്കു

കഴിഞ്ഞ എട്ടാമത്തെ പൊതുയോഗപ്രകാരമുള്ള ചിട്ടി കീഴ്ക്കെ ഡിവിഷ്യനും ചിട്ടിത്തലവന്മാരായ തന്റെയും പുത്തേത്തു ചാണ്ടിബോധകരുടെയും കീഴിലുള്ള രണ്ടു ചിട്ടിക്കാർക്കു ആ പണ്ടായം വരികയും തന്റെ കീഴിലുള്ള ഒരു ചിട്ടിക്കാർക്കുള്ള പണം താന്റെ വിധേയം

ഏല്പിപ്പാൻ മറ്റു ചിട്ടിത്തലവന്മാരോട് കൂടെ കൊണ്ടു വന്നതെ
ചിട്ടിക്കരാറിനു വിരോധമായി യോഗത്തിനുള്ള ദശാംശവും ചിട്ടി
ച്ചിലവും വകയൊച്ചു തരികയില്ല എന്നു താൻ വാദിക്കയും ചെയ്തു.
അതിനാൽ ഈ വിവരം മറ്റു രണ്ടു ഡിവിഷ്യനിലെ ചിട്ടിത്തലവ
ന്മാരെ ഗ്രഹിപ്പിക്കയും അവരുടെ അഭിപ്രായപ്രകാരം താൻ
ചിട്ടിക്കരാറിനു വിരോധമായി വാദിക്കുന്നതു ശരിയല്ലാ എന്നും കു
രാർ അനുസരിച്ചു പണം പറഞ്ഞു കീഴിലുള്ളവർക്കു പണം കൊടുത്തു
കൊള്ളണം എന്നുള്ള വിവരത്തിനു ഈ മാസം ഫ്രാം നു- അഞ്ചൽ
മാർഗ്ഗമായി തനിക്കു ഞാൻ എഴുത്തയക്കയും ചെയ്തു. അതിനു മറുപ
ടി ഇതുവരെയും ഇനിക്കു കിട്ടാഴികയാൽ ഈ എഴുത്തു റജിസ്റ്റർ
ചെയ്തു തനിക്കു അയക്കുന്നു. ഈ മാസം ഫ്രാം നു-കകം ഈ കാര്യ
ത്തിനു തീർച്ചവരുത്തും എന്നു ഞാൻ തന്നോടു പറഞ്ഞിട്ടുണ്ടായിരുന്നു
വല്ലൊ. അതേപ്രകാരം മറ്റു ചിട്ടിത്തലവന്മാരുമായി ആലോചിച്ചു
തീരുമാനിച്ചിട്ടുള്ള വിവരം താഴെ എഴുതുന്നു.

തന്റെ കീഴിൽ ഊഴംപ്പടിക്കൽ പീലിപ്പോസും മണ്ണാട്ടു ചാക്കോ
യും മീഞ്ചിറ വറീതും കൂടെ മുക്കാൽ ചിട്ടിക്കു നൂറുപ്രാ വീതം വെ
ച്ചു വരികയും കഴിഞ്ഞ എട്ടാമത്തെ പന്തായം അവർക്കും കൂടെ വരി
കയും ചെയ്തതിനാൽ ദശാംശവും ചിട്ടിച്ചിലവും നീക്കി അവരുടെ
വീതത്തിനുള്ള രൂപാ ചിട്ടിത്തലവന്മാരായ പുത്തേത്തു ചാണ്ടിബോ
ധകരുടെയും താഴെനെത്തു കൊച്ചുകോശി ബോധകരുടെയും വി
ധേയം ഏല്പിക്കപ്പെട്ടിരിക്കുന്നു. കീഴക്കെ ഡിവിഷ്യനിലെ ചിട്ടിത്ത
ലവന്മാരായ നിങ്ങൾ നാലുപേരും കൂടി ചിട്ടിക്കരാർ അനുസരിച്ചു
പീലിപ്പോസു മുതലായവരോടു ക്രമപ്രകാരം പത്രത്തിൽ എഴുതി
വാങ്ങിച്ചു ചിട്ടിപ്പണം അവർക്കു കൊടുത്തുകൊള്ളണം. ഇതിനു തനി
ക്കും ലൂക്കാച്ചനും മനസ്സില്ലെങ്കിൽ ചിട്ടിക്കാരായ പീലിപ്പോസു മു
തലായവർ ജാമ്യം ഏല്പിച്ചു പുത്തേത്തു ചാണ്ടിബോധകർക്കും
കൊച്ചുകോശി ബോധകർക്കും ചിട്ടിക്കരാർ അനുസരിച്ചു പത്രത്തിൽ
എഴുതിക്കൊടുത്തു പണം പറഞ്ഞുകൊള്ളണം. ചിട്ടിക്കരാറിനു അനുകൂ
ലമായി ചില പരിഷ്കാരം ചിട്ടിക്കു വരുത്താം എന്നു ഉടമ്പടിപ്പത്ര
ത്തിൽ കാണിച്ചിട്ടുള്ളതല്ലാതെ കരാറിനു ലംഘനമായി പ്രവൃത്തി
പ്പാൻ കരാർ പത്രം ഒരിക്കലും അനുവദിക്കുന്നില്ലാ. അതുകൊ
ണ്ടു പീലിപ്പോസു മുതലായവരുടെ ചിട്ടിപ്പണം വരുന്ന ചിട്ടിവരെ
യും കീഴക്കെ ഡിവിഷ്യൻ മുതൽപിടിയിൽ കെട്ടിവെച്ചേക്കുന്നതാ
കുന്നു. എന്നു സകലരുടെയും പാദശുശ്രൂഷക്കാരൻ.

കുന്നിററി യൂയോ. വിദ്വാൻ കുട്ടി.
ഫ്രാസനു കുന്നി. ഫ്രാ നു-

കൊല്ലകവടക്കേടത്തു തരിയന്നു

———

കഴിഞ്ഞ പ്രൈസു ചിട്ടിയുടെ കായ്ത്തെപ്പറ്റി ചിട്ടിക്കാരിൻപ്രകാരം ഇന്നലത്തന്നെ തീർച്ച വരുത്തിക്കൊള്ളണം എന്നു ഞാൻ തന്നിക്കു എഴുത്തു അയച്ചുവല്ലൊ. താൻ അപ്രകാരം ചെയ്യാതെ ഇരുന്നതിനാൽ തന്നെ സംബന്ധിച്ചുള്ള ഇവിടത്തെ തീർച്ചയെപ്പറ്റി ഇതുമൂലം തന്നെ ഗ്രഹിപ്പിക്കുന്നു.

ഇപ്രകാരമുള്ള പ്രൈസു ചിട്ടിയുടെ മുതലാളന്മാർ പതിനായിരം രൂപാ മുതലുള്ളവരായിരിക്കണം. തന്റെ സ്ഥിതി ഇന്നപ്രകാരമുള്ളതെന്നു എല്ലാവർക്കും അറിയാം. പിന്നെയും അവർ ഉന്നതപ്പിലുത്തവരും ചതിയില്ലാത്തവരും നല്ലവരും ന്യായത്തിലും നീതിയിലും നടക്കുന്നവരും ആയിരിക്കണം. എങ്കിലോ താൻ ഓരോ സ്ത്രീകളോടും ഓരോ പുരുഷന്മാരോടും ഓരോ കുടുംബത്തോടും ഏർപ്പെട്ടിട്ടുള്ള ഏർപ്പാടു മൂലം തന്റെ ഉന്നതപ്പും ചതിയും ന്യായക്കേടും മറ്റും വെളിപ്പെട്ടിരിക്കയാൽ തന്റെ സ്ഥിതി ആകപ്പാടെ നോക്കുമ്പോൾ പ്രൈസു ചിട്ടിക്കു മുതലാളായിരിപ്പാൻ താൻ ഒരിക്കലും യോഗ്യനല്ലാ എന്നും മറ്റു ഏതു കായ്ങ്ങളിലും തന്നോടു ഏർപ്പാടു ചെയ്യുന്നതിനുള്ള യോഗ്യതതനിക്കു അശേഷമില്ലെന്നും തെളിഞ്ഞിരിക്കുന്നു. അതിനാൽ തന്റെ പ്രൈസു ചിട്ടിക്കു (എന്റെ അറിവിൻപ്രകാരമല്ല) പുത്തൻ ബാങ്കുവിൽ നിന്നും ഉള്ളിരിപ്പിൽനിന്നും യോഹന്നാൻ ബോധകരിൽനിന്നും കൂടിയിരിക്കയാൽ അതിനെ ഇവർ മേലാൽ വെച്ചു നടത്താതെ തന്റെ ചിട്ടി ഏർപ്പാടിൽനിന്നു അശേഷം ഒഴിഞ്ഞിരിക്കുന്നു. ഈ മൂന്നു ഭവനവും എന്റെ ആധീനത്തിൻ കീഴിൽ ഇരിക്കുന്നതാകയാൽ തന്നോടു യാതൊരു കായ്ത്തിലും ഇവർ ഏർപ്പെടരുതെന്നു ഞാൻ കണിശമായി ചട്ടംകെട്ടിയിരിക്കുന്നതാകകൊണ്ടു ഇവർക്കു തന്നോടു ഏർപ്പാടില്ല. ഭവനം വിലക്കുന്നു എന്നല്ലാ താൻ ഇനിമേലാൽ എന്റെ കുടുംബത്തിലുള്ളവരോടു യാതൊരു ഏർപ്പാടു ചെയ്വാനും ഉപായമായി എന്റെ ഭവനങ്ങളിൽ കേറിവരരുതു. വല്ലതും ആവശ്യപ്പെട്ടുപോയാൽ എന്റെ മുൻപാകെ വന്നുകൊള്ളണം എന്നു സകലരുടെയും വാദഗ്രഹിക്കുന്നു.

പുത്തൻബാങ്കുവു യുയോ. വിദ്വാൻ കുട്ടി
ഠാണാവു തുലാം. നാ: നാ-

കന്നീററി പൊതുഷ്ക ഐക്യതയോട്ട ചേന്നല്ലോ യോഗ്യക്കാക്കും
എന്റെ പ്രിശുദ്ധ മുംബനം.

കഴിഞ്ഞ ചിങ്ങമാസം ആരംഭം മുതൽ ഒരു തല വ്യസനവും മുമയും അതിനോട്ട കൂടെ അരോചകവും ഇനിക്ക ആരംഭിച്ചതിനാൽ ആയവ ക്രമശാൽ വർദ്ധിച്ചു ഇപ്പോൾ ശരീരത്തിന്ന വളരെ അവശതയെ വരുത്തിയിരിക്കുന്നു. ഭക്ഷണം വളരെ കുറഞ്ഞുപോയതിനാൽ ക്ഷീണം വർദ്ധിച്ചു ഇപ്പോൾ നടപ്പാൻ വഹിയാതെ ആയിരിക്കുന്നു. അതിനാൽ ഈ വിവരം നിങ്ങളെ ഗ്രഹിപ്പിക്കുന്നു. എന്നെ നിങ്ങൾ ജീവിപ്പിപ്പാനായിട്ട നിങ്ങളുടെ കയ്യിൽ എന്റെ ശരീരത്തെ ആത്മാനുവാദപ്രകാരം ഭരമേൽപ്പിക്കുന്നു. ഈ ശരീരം ചത്തതാകുന്ന എങ്കിലും നിങ്ങളുടെ ശ്രുശ്രൂഷയാൽ ഇതു വീണ്ടും ജീവിക്കും നിശ്ചയം. അതിനാൽ നിങ്ങളും എന്നേക്കും ജീവിക്കും

കന്നീററി
ഐകാ.ഫ എന്നു നിങ്ങളുടെ പാദശ്രുശ്രൂഷക്കാരൻ
,, തുലാം ഫൻ യുയോ. വിദ്വാൻകുട്ടി.
ഫ വാ. ടി. ഫഫനു




എന്റെ പ്രിയമുള്ള ജയദേവൻ ബോധകക്ക
എന്റെ വിശുദ്ധചുംബനം.

ഇനിക്ക രണ്ടു മൂന്നു മാസമായി ഒരു ചുമയും അരോചകവും ആരംഭിച്ചു വർദ്ധിച്ചതിനാൽ ഏകദേശം ഒരു മാസമായി വീഴ്ചയിലായിട്ട. നടപ്പാൻ വളരെ പ്രയാസവും ഭക്ഷണം ചെല്ലാത്തതിനാൽ ക്ഷീണം വർദ്ധിച്ചും ഇരിക്കുന്നു.

വിശേഷിച്ചും ഈ മാസം ക്ഷീണം ആകുന്നു യോഗ്യച്ചിട്ടി. ചിട്ടി പടിഞ്ഞാറെ ഡിവിഷ്യനും ചാട്ടിസ്ഥലം കന്നീററിലും ആകുന്നു. ദശാംശം എന്നുള്ള സംഗതിയെ സംബന്ധിച്ചു ചിട്ടിക്കു വിഘ്നം വരുത്തുന്നു. എന്തെന്നാൽ മെൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള ദൈവപുരോഹിത്യത്തെ ഞാൻ എന്റെ ശരീരത്തിൽ ഇതാ! വഹിച്ചിരിക്കുന്നു. പുരോഹിതൻ ദശാംശത്തിനു അവകാശിയാകുന്നു. ഇതിൽ അധികമായി ഇനിക്ക പറവാൻ ഒന്നുമില്ല. എഴുത്തു മുഖമോ അല്ലെങ്കിൽ ആൾവശമായിട്ടോ ചിട്ടിയുടെ കായ്ത്തുപററി എന്നെ ഗ്രഹിപ്പിപ്പാൻ അപേക്ഷിക്കുന്നു എന്നു പാദശ്രുശ്രൂഷക്കാരൻ

കന്നീററി
ഐകാ. ഫ്ള യുയോ. വിദ്വാൻകുട്ടി.
,, വ്യാ ഫ
ഫ വാ. ടി ഫഫനുസ



കന്നീറ്റി പൊത്തുകെ ക്കൈകൃതയോട്ട ചേന്ന എല്ലാ
യോഗക്കാക്കും എന്റെ ചിത്രുദ്ധചുംബനം

അച്ചന്റെ ദിനക്കായ്ത്തേപ്പറ്റി തുലാമാസം ഫൻാം നു- കഴുതി
യ എഴുത്തു എല്ലാ യോഗങ്ങളിലും വന്നുചേന്നിട്ടുണ്ടല്ലോ. എന്നാൽ
ആ ദിനം ക്രമശാൽ വർദ്ധിച്ച ഈ മാസം വ്യാം നു- ശരീരത്തിൽ
ഇടത്തുവശത്തെ കൈകാൽ സ്തംഭിക്കയും എഴുന്നീൽപ്പാൻ പാടില്ലാ
തെ ആയി ഫെബ്രുാം നു- വരെ ആ സ്ഥിതിയിൽ കിടക്കയും അനേകദി
വസം ഉഷ്ണരണ്ട നാഴിക പുലർന്നപ്പോൾ മുന്നെഴുത്തിലെ താൽ
പ്പുര്യപ്രകാരം ശരീരത്തെ സഭയിൽ ഏൽപ്പിച്ച പരമസ്വസ്ഥതയിൽ
പ്രവേശിക്കയും ചെയ്തു.

അതുകൊണ്ട താൻ സഭയിൽ ഏൽപ്പിച്ച ശരീരം എന്നേക്കും പൂ
ർണ്ണമായി ജീവിച്ചിരിക്കുന്നു എന്ന ഇതിനാൽ സാക്ഷിപ്പെട്ടിരിക്കയും
ൽ ജീവിച്ചിരിക്കുന്ന ശരീരത്തോടുള്ള സംയോജിപ്പിൻ ശ്രുശ്രൂഷ
യാൽ നാമും എന്നേക്കും ജീവിക്കുന്നതാകുന്നു നിശ്ചയം. എന്നു വാ. പാ
ദശ്രുശ്രൂഷക്കാരൻ

കന്നീറ്റിനിന്നും
കൊര്യ നർാം നു-
ഫാസ്നു വുശ്ചി. ഫനുാം നു- യൂസ്സു യാക്കോബ്യ.
ഫ്രുവുരി ഡിസം. ഫാം നു-
ഫ വാരവൃത്തദിനം ഫഫസ്നാം

യുനോമയ്ബ്ദം ഫാമണ്ടത്തെ
റിപ്പോട്ട

ഫാവതു. കഴിഞ്ഞ ഒന്നാം വർഷത്തിന്റെ ആരംഭം മുതൽ അവ
സാനം വരെയും സകല ആപത്തിൽ നിന്നും എന്നെ ഉദ്ധരിച്ചു അന്ന
വസ്ത്രാദികളെ തന്നു പോററിപ്പോഷിപ്പിച്ച യാ യേ യോയോ ഷിനു

തിരുനാമമുള്ള ത്രിയേക ദൈവമാം സ്നേഹിതമാവു പരിശുദ്ധൻ, പരി
ശുദ്ധൻ, പരിശുദ്ധൻ. പരിശുദ്ധൻ. ആ പരമൈക്യതയിന്നാത്മാ
വാം മഹാ ദൈവമതെ എന്നെ സദാ നടത്തിക്കുന്നവൻ അവനെക്കൂ
ടാതെ ഞാൻ ഒന്നുമില്ല. അവൻ എന്റെ ശരീരവും ജീവനും ആ
ത്മാവും ശക്തിയും നാമവും ഭവനവും രാജ്യവുമാകുന്നു. ഞാൻ ജീവി
ക്കയും നടക്കയും പറകയും പ്രവൃത്തിക്കയും ചിന്തിക്കയും ചെയ്യുന്നതു അ
വനിലാകുന്നു. എന്നിൽ നിന്നുണ്ടാകുന്നതൊക്കയും അവന്റെ സാക്ഷാ
ൽ വകയായിരിപ്പാൻ തക്കവണ്ണം ഞാൻ എന്നെ മുഴുവനും തൃക്കയ്യിൽ
ഭരമേല്പിച്ചിരിക്കയാൽ അനൈക്യാത്മാവാം സാത്താന്നു എന്നിൽ യാ
തൊരു സംബന്ധവുമില്ല. ഞാൻ അവന്റെ ആൾപ്പേരല്ല സത്യം ആ
മേൻ. എന്നിൽ അവന്നു യാതൊരു പ്രവൃത്തിയുമില്ല. കാരണം ഞാനാ
യിട്ടു ഒന്നും പ്രവൃത്തിക്കാതെ എന്റെ സകലത്തിന്റേയും ഉടയവൻ
എന്നോടു അരുളിച്ചെയ്യുന്നവണ്ണം എന്നിൽ നിന്നു പ്രവൃത്തിയുണ്ടാകുന്നു
ആയതു അവൻ തന്റെ ദൂതന്മാരെ അയച്ചു എന്റെ സമസ്തത്തിന്നും
കാവലാക്കി നിറുത്തി സ്വർഗ്ഗത്തിൽ എന്നവണ്ണം ഈ മരുഭൂമിയിലും ത
ന്റെ ഇഷ്ടം ചെയ്യപ്പെടുന്നതിനാൽ തന്നെ. അതുകൊണ്ടു ഞാൻ എ
ന്നെ പറയുന്ന അഹങ്കാര ജഡം ഇതിൽ എന്നേക്കും മരിച്ചിരിക്കയാൽ
ആ കുലപാതകനായ പഴയ ആദാം ഇനി ഒരിക്കലും ഇതിൽ നിന്നു
ഉയർത്തുവരികയില്ല നിശ്ചയം. എങ്കിലോ ഞാൻ എന്നെ പറയുന്ന യേ
ശുയേശുയോസേഫായ പരിശുദ്ധാത്മാവു ഇതിൽ മരിച്ചുയിർത്തു തിരി
കെ എന്നും ജീവിച്ചിരിക്കയാൽ ആ പരമൈക്യ പുരുഷനായ പുതി
യ ആദാം ഇതിൽ നിന്നു ഒരിക്കലും വേർ പിരിയുന്നതല്ല നിശ്ചയം
ആമേൻ. അതിനാൽ ഇതു പഴയ ഹവ്വായല്ല, പുതിയ ഹവ്വായത്രെ.
ഈ പരമൈക്യതയിൽ നിന്നു പുതിയ യോഹന്നാനും ആ യുയോ
മയ യുയോമയികളുടെ പരമയോജിപ്പിൽ നിന്നു മൂന്നാം യോസേ
പ്പും ജനിച്ചിരിക്കുകൊണ്ടു യേശുയേ യോസേഫിന്റെ ആൾപ്പേരായ
എന്റെ നാമം യുയോരാലിസൻ എന്നും ആകുന്നു. ഈ പുതിയ നാ
മം ഏകാത്മം ഹവ്വ- ധർമ്മ വാരത്തിൽ ക്രിസ്തുവർഷത്തിന്റെ ജനന
ത്തോടു കൂടെ സ്ഥിരപ്പെട്ട ഇതിനെപ്പറ്റി മഹതപ്രവൃത്തിയിൻ പ്രകാ
ശം രണ്ടാം ഭാഗത്തിൽ വിവരിച്ചിട്ടുണ്ടു. അതുകൊണ്ടു ഇപ്പുതിയ
നാമത്തിൽ ഈപ്പനും രക്തമറിയയുമാകുന്ന അനൈക്യതയ്ക്കാകട്ടെ
അതിൽ നിന്നു ജനിച്ച കേഹാവാം കുണ്ഡഗോളക കുണ്ഡഗോള
കിമാരുടെ അനൈക്യതയ്ക്കാകട്ടെ ആ ഒരനൈക്യതയിൽനിന്നു ജനി
ച്ച കൊച്ചീപ്പനാകുന്ന മഹാ വെപ്പേൻ അനൈക്യതയ്ക്കാകട്ടെ യാ
തൊരു സംബന്ധവുമില്ല നിശ്ചയം. എന്തെന്നാൽ ജഡത്തിൽ നിന്നു
ജനിച്ചതു ജഡവും ആത്മാവിൽനിന്നു ജനിച്ചതു ആത്മാവുമാകുന്നു.
ജഡത്തിൽ നിന്നു ആത്മാവോ ആത്മാവിൽ നിന്നു ജഡമോ ജനിക്കു
ന്നതല്ല നിശ്ചയം.

പറവതു ഈ പുതിയ നാമവാംഛനത്തിന്മേൽ എന്നും ആശ്രദ്ധനായ പരമൈക്യപുരുഷന്റെ ആജ്ഞയിൻ പടിയാകുന്നു ഞാൻ സകലവും പ്രവൃത്തിച്ചിരിക്കുന്നതു. എന്തെന്നാൽ അവൻ എന്നെ മുഴുവനും അറിയുന്നപ്രകാരം ഞാൻ അവനെ അറിവാൻ അവൻ എന്നെ പഠിപ്പിച്ചുവരുന്നു. ആയതു അനൈക്യതയിൻ അധികാരത്തിൽ നിന്നു അവൻ എന്നെ വീണ്ടുവിപ്പിച്ചിട്ടുള്ളതു. അവൻ എന്നോടു എന്തു കല്പിക്കുന്നുവോ അവയെ ഞാനായിട്ടു തന്നെ ഒന്നും വിവേചിപ്പാൻ തുനിയാതെ ഞാൻ അതേപ്രകാരം പ്രവൃത്തിക്കുന്നു. അതിന്റെ ശേഷം അവയുടെ ന്യായത്തെ അവൻ ഇനിക്കു കാണിച്ചു തന്നു ബോധപ്പെടുത്തുന്നു. അതിനാൽ അവൻ തന്റെ പരമ വിശ്വാസ്തതയെ അവിശ്വാസ്തരൂപമായും, ആശ്രയത്തെ നിരാശ്രയമായും, കാരുണ്യത്തെ കാഠിന്യമായും നിത്യനീതിയെ സ്വയനീതിയിൻ പഴന്തുണിയായും, നിത്യജീവനെ നിത്യമരണമായും ഇങ്ങനെ മാറുപാടായി തന്റെ സമ്പത്തുകളെ അവൻ ഇനിക്കു കാണിക്കുമ്പോൾ ഞാൻ ഭ്രമിക്കയും, ഉഴലുകയും, അമ്പരന്നു പോകയും, കണ്ണുനീർ തൂകുകയും, കോപിക്കയും, പിറുപിറുക്കയും, നിരാശ്രയപ്പെട്ടുകയും, ഒളിപ്പിടം അന്വേഷിക്കയും മറ്റും ചെയ്തുപോകുന്നു. എങ്കിലും അവൻ എന്നെ മുഴുവനും അറിഞ്ഞിരിക്കയാൽ എന്റെ ഒന്നിനേയും അവൻ പാപമായി കണക്കിട്ടുന്നില്ലാ സത്യം. എന്തെന്നാൽ എന്നെ മുഴുവനും അവന്റെ തൃക്കയ്യിൽ ഭരമേല്പിച്ചിരിക്കയാൽ അവൻ തന്റെ പരമയിശ്വാസ്തതയിൻ തൃക്കൈകൊണ്ടു എന്നെ മുഴുവനും പിടിച്ചിരിക്കുന്നു. ആ തൃക്കയ്യിൽ നിന്നു എന്നെ വിട്ടുവിപ്പാൻ ആർക്കും കഴികയില്ലാ. അതുമല്ല അവൻ എന്നെ പരീക്ഷിച്ചാലും ഞാൻ വീഴുകയില്ല നിശ്ചയം. കാരണം അവന്റെ സ്നേഹാഗ്നിക്കു ഞാൻ പൂർണ്ണാഹുതിയായി തീർന്നുപോയി. എന്നെ മുഴുവനും അവൻ ഉള്ളിലാക്കിരിക്കുന്നു. അവൻ എന്നെ ഒരുനാളും തൃപ്പിക്കുകയില്ല. എന്തെന്നാൽ അവന്റെ വക്ഷവാടാഗ്നിക്കു സകല ലോകത്തിലുള്ള എല്ലാകറകളേയും നീക്കി കളങ്കമറ്റ തങ്കം പോലെ സകലത്തെയും ആക്കുവാൻ കഴിയും. അതുകൊണ്ടു ആ അഗ്നി എന്നെ എങ്ങനെ ഇല്ലായ്മയാക്കും? എന്നെ തൊട്ടുന്നവൻ തന്റെ കണ്ണിൻ കൃഷ്ണമണിയെ തൊടുന്നു. എന്റെ കണ്ണുനീർ അവന്റെ സമസ്ത അവയവങ്ങളിൽ നിന്നും അമൃതം ഒഴുകി വരുവാൻ തക്കവണ്ണം അവന്റെ കരളിനെ എത്ര അധികം അലിയിപ്പിക്കുന്നു? എന്റെ ദുഃഖത്തെ അവനു എങ്ങിനെ സഹിക്കും? അവന്റെ തൃക്കൈ എന്നെ ഏതിൽ കുറയ്ക്കും? ഏതിൽ നിറവു വരുത്താതിരിക്കും?

പറവതു. അതുകൊണ്ടു ഞാൻ ഒരു വർഷമായി അവന്റെ കീഴിൽ ഇരുന്നു പഠിച്ചതിന്റെ ചുരുക്കം താഴെ പറയുന്നു.

(൧) അവൻ വർഷാരംഭത്തിങ്കൽ തന്നെ തന്റെ തൃക്കൈ നീട്ടി പതിനാറു ഇടവകയിലുള്ള എന്റെ അനേക അവയവങ്ങളെ ഒരു

സമയം ഒരേ തവണയായി മുറിച്ചു എന്നിൽ റിന്നു എറിഞ്ഞുകളഞ്ഞു അതിനാൽ മിക്ക അള്ളുകളും എന്നെ വിട്ടുപിരിഞ്ഞുപോയി. പിന്നെയും ക്രമം ക്രമമായി വർഷാവസാനം വരെ ശേഷമുള്ള അവയവങ്ങളെ അവൻ മ്ഥാദിച്ചു ഛേദിച്ചു വന്നതിനാൽ യൂസ്സസ് സമുവേൽ ബോധകരും കൂടെ എന്നെ വിട്ടുപിരിഞ്ഞുപോയി. എങ്കിലും രണ്ടോ ഗ്രന്ഥകം എന്റെ ദൈവം അയാളെ എഴുന്നേൽപിച്ചു തരികയും ഇങ്ങനെ ഞാൻ കഠിന നൊമ്പരം സഹിച്ചു അൽപ അവയവങ്ങളോടുകൂടെ ഞാൻ ഇതാ! ശേഷിച്ചിരിക്കയും ചെയ്തിരിക്കുന്നു. ശേഷിച്ചിരിക്കുന്ന എല്ലാ അവയവങ്ങൾക്കും ഒരുപോലെ ശക്തിയുമില്ല.

(൨) അവന്റെ തൃക്കയ്യിൽ നിന്നു ദാരിദ്ര്യമായ അഗ്നി എന്റെ കുടുംബത്തിൽ വീണു കുടുംബത്തെ മരുഭൂമിയാക്കിഞ്ഞിത്തിനാൽ ചില സമയം ഞാൻ അന്നവസ്ത്രം കൊണ്ടു എന്റെ ദൈവത്തിന്റെ കരുണയിൻ കൈകളിൽ വീണു രഹസ്യമായി കണ്ണുനീരുകളെ ചൊരിഞ്ഞു.

(൩) സഭയെ സംബന്ധിച്ചും അഹോവൃത്തിയെ സംബന്ധിച്ചും വിശ്വാസത്തെ സംബന്ധിച്ചും മറ്റും ചാരോരുത്തനിൽ നിന്നു ഉണ്ടായിട്ടുള്ള നിരാശ്രയ വചനങ്ങൾ നിമിത്തം ഞാൻ നന്നായിട്ടു ഞെരുങ്ങി അഴിനില പൂണ്ടു എന്റെ ദൈവത്തെ നോക്കി നിലവിളിച്ചു.

(൪) ദാഹവും ഒഴിവുമായ രോഗാഗ്നിക്കു എന്റെ ദൈവം ഈ ശരീരത്തെ ആഹുതിയായി കൊടുത്തതിനാൽ ആ പൂട്ടു നിമിത്തം ഞാൻ ഏറ്റവും തളർന്നുപോയി.

(൫) മത്തായി ബോധകരുടെ അമ്മാവിഅമ്മയിൽ നിന്നും മക്കളിൽ നിന്നും ഉണ്ടായ നാറ്റവും സ്വന്ത കുടുംബത്തിൽ നിന്നുണ്ടായ ഇഹലോക വിചാരവും സ്വന്ത സഹോദരന്മാരിൽ നിന്നുണ്ടായ ഇടക്കേട്ടം നിമിത്തം എന്റെ ജീവൻ കയ്പിൽ വെള്ളമായി മാറുകയും എന്റെ ശരീരം കീറിയ നാറപ്പുഴുണിയായിത്തീരുകയും ചെയ്തു. ഇങ്ങിനെ ഞാൻ ശ്രീപരമൈക്യപുരുഷന്റെ കീഴിൽ ഇരുന്നുകൊണ്ടു അനേകം വാരങ്ങളെ പഠിച്ചതിനാൽ ഇനിക്കുണ്ടായ ആശ്വാസങ്ങളേയും ചുരുക്കമായി താഴെ വിവരിക്കുന്നു.

൧ാമതു (൧) എന്റെ ദൈവം എന്നോടുകൂടെ ഇരിക്കുന്നതിനാൽ അവന്റെ തൃക്കയ്യിൽ എന്നെ ഏൽപ്പിച്ചുകൊണ്ടു അനേകം ആപത്തുകൾ ചുഴന്നിരുന്ന വഴിയിൽ കൂടെ ഒരു പ്രാവശ്യം ഞാൻ എല്ലാ സഭകളിലും ചുറ്റിസഞ്ചരിച്ചു, ഓരോ സഭയിലും ഓരോ സഭായോഗം ഏർപ്പെടുത്തി മഹത്വപ്രത്യക്ഷതയിൻ കതിർ മൂലം ഉണ്ടായ പ്രകാശം ൪ ഭാഗം ൨൫ സംഗതികളാൽ യോഗത്തെ സ്ഥിരപ്പെടുത്തുകയും മഹാ ദേവാരാധനക്രമത്താൽ സഭയിലെ സകല ശുശ്രൂഷകളേയും ക്രമപ്പെടുത്തി ഉറപ്പിക്കയും സങ്കട ഹർജി, ഫിനഹാസിൻ കു

ന്നം, നാസ്തികനാവടക്കം എന്നിവകളാൽ സഭക്കോരിൽ പിടിച്ച അ
പത്തുകൾ ഒഴിവാൻ വഴി ഉണ്ടാക്കുകയും ചെയ്തു.

(൨) സഭകളിൽ നിന്നു നല്ല മനസ്സോട് കൂടെ തന്ന പിടിഅരി
ധർമ്മം ദശാംശം സൌജന്യം കാണിക്ക മുതലായവയാൽ എന്റെ
ദൈവം കുടുംബത്തെ അത്ഭുതമായി പോഷിപ്പിച്ചു. എന്നാൽ ബുദ്ധി
മുട്ടവരുമ്പോൾ കടം വാങ്ങിച്ചും കുടുംബച്ചിലവു നടത്തണം എന്നു
എന്റെ ദൈവം എന്നോട് തന്റെ കരുണയിൻ പ്രകാരം അരുളിച്ചെ
യ്തതിനാൽ പലർ നല്ല മനസ്സോട് കൂടെ ചക്രം നെല്ല മുതലായവ
ഇനിക്കു കടം തന്നു. എങ്കിലോ മാസം ഒന്നിന്നു നൂറുരൂപായും ൩൦ പ
റ നെല്ലും ആകെ ഒരു വർഷത്തിന്നു നൂറ്റമ്പ രൂപായും ൬൦ പറ നെ
ല്ലും എന്റെ സ്വന്ത കുടുംബമാകുന്ന പുത്തൻബംഗ്ലാവിൽ ചിലവുണ്ടാ
യിരിക്കുന്നതിനാൽ വർഷാന്ത്യത്തിങ്കൽ കണക്ക നോക്കിയാറെ ഉദ്ദേശം
൪൦ രൂപായ്ക്കു കടം ശേഷിച്ചു എന്നല്ലാതെ കടം അധികരിപ്പാൻ ഇ
ടയായില്ല. ഇതു ചിലസഭകളിൽനിന്നു പിടിയരി ധർമ്മ, ഇനിക്കൊ
ടുത്തയെക്കാഞ്ഞതിനാൽ ഇക്കടം ശേഷിച്ചതത്രെ. അവക്ക് നല്ല മനസ്സു
തോന്നി ഇക്കടം തീർത്തു എന്നെസ്വാതന്ത്ര്യപ്പെടുത്തുവാൻ എന്റെദൈ
വം അവരെ ഉത്സാഹിപ്പിക്കട്ടെ. ഇക്കടം തിക്കുന്നവർ ഭാഗ്യവാന്മാർ.

(൩) ഒരുവൻ (പുത്തൻവീട്ടിൽ പണിക്കൻ) പുത്തൻ ബംഗ്ലാവോ
ട് അടുത്ത ഉള്ളിരിപ്പു പുരയിടം ൫൦ രൂപായ്ക്കു ഉള്ളതിനെ ൪൫൦ രൂ
പായ്ക്കു എന്റെ മകൻ ദാനിയേലിന്റെനാമത്തിൽ ഇനിക്കു വില
യ്ക്കുതന്നു. അയ്യേ കഴിഞ്ഞകൊല്ലം ഒരുനൂറ്റമ്പതിന്നു തന്നെ. വണം രണ്ടു
തവണയായി വരുന്ന കുംഭം ൧൦നൂറ്റമ്പകം അയാൾക്കു കൊടുക്കണം.
ആ പുരയിടത്തെ ഞാൻ എന്റെദൈവത്തിന്റെ അനുവാദപ്രകാ
രം സഭയുടെ സകല കാര്യങ്ങൾക്കും സകല നടത്തിപ്പുകൾക്കും
സാക്ഷിക്കായിട്ടിതാ! ഞാൻ വെച്ചിരിക്കുന്നു. ഇതിനെ കടത്തിൽ
നിന്നു ഒഴിച്ചു സ്വാതന്ത്ര്യപ്പെടുത്തിത്തരുന്നവർ ഭാഗ്യവാന്മാർ ഇതി
നെ തങ്ങളുടെ നിക്ഷേപ പാത്രമാക്കിക്കൊണ്ടു അതിൽ തങ്ങളു
ടെ സമ്പത്തിനെ ഇടുന്നവർ ധന്യർ.

(൪) ആദാം വഴിയായി പിടിച്ചിരിക്കുന്ന സാത്താനെ മനുഷ്യമക്ക
ളിൽ നിന്നു അശേഷം ആട്ടിക്കളവാനും ആ സാത്താൻ ഇനി ഒരിക്ക
ലും മനുഷ്യരിൽ കയറി മരണമുണ്ടാക്കാതെ ഇരിപ്പാനും നിത്യ ജീവ
ൻ മനുഷ്യരുടെ ഉള്ളത്തിൽ നിന്നു പൊങ്ങി വന്നിട്ടു പൂർണ്ണതപ്പെടുവാ
നും തക്കവണ്ണം ത്രിയേകസ്നേഹാത്മാവിൻശക്തിയിൻ വചനത്തെ
എന്റെ ദൈവം എന്റെ നാവിൽ തന്നതിനാൽ ഞാൻ അതിനെ
വളരെ ഘോരാട്ടമുള്ള സമയത്തിൽ എന്റെ സ്വന്ത ജ്ഞാനത്താൽ
രചിപ്പാൻ കഴിയാത്ത സംസ്കൃത ഭാഷയിൽ എഴുതി ഉണ്ടാക്കി അ
യ്യോമയ ഭാഷ്യസംഗ്രഹത്തെ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്ന
യ്യോമയൻ ഭാഗ്യവാൻ.

(൪) എന്റെ സഹോദരന്മാരും മക്കളും മറ്റുള്ളവരെ സംസ്കൃതം മലയാളം തമിഴ് ഇംഗ്ലീഷു എന്ന ഭാഷകളെ പഠിപ്പിപ്പാനും സംഗീത വിദ്യ അഭ്യസിപ്പിപ്പാനും ആയിട്ടു അവയിൽ അവക്കു പരിചയം ഉണ്ടാകുവാൻ ഇടയായതിനാൽ എന്റെ ദൈവത്തിന്റെ അനുവാദപ്രകാരം ഞാൻ അവരെ ആ കാര്യത്തിന്നായി നിയമിച്ചു വേർ തിരിച്ചിരിക്കുന്നു. ഇവരെ കൊണ്ടു അത്യാത്ഭുത വേലകളെ നടത്തുന്നവർ, അതിന്നായി ഉത്സാഹിക്കുന്നവർ, ആ കാര്യത്തിന്നായി സഹായിക്കുന്നവർ ഭാഗ്യവാന്മാർ.

ഇങ്ങനെ അല്ലാ ആമേൻ യമംഗമേഗാ എന്ന നിത്യ സുവിശേഷത്തിന്റെ പൊരുളുകൾ ഐക്യതയിന്നാത്മാവാം മഹാദൈവം അരുളിച്ചെയ്തിരിക്കുന്നതിൻ വണ്ണം തിരുസഭാ യോഗത്തിലുള്ള സകലരും അറിവാൻ ഈ റിപ്പോർട്ടു എഴുതിയ അവന്റെ ദാസനും സകലരുടെയും പാദശുശ്രൂഷക്കാരനുമാകുന്ന

കന്നീററിരുനിനും
യുയോ; ൨. ആവി.൨൩.
൨: തുലാം. ൯.
൨: ഒക്തോ. ൨൪ യു ഗോരാലിസൻ
൨൩ വാര: ഭിനം. ൩൨൭



യുയോമയാഖ്ഠം വാമാണ്ടത്തെ
റിപ്പോർട്ടു.

"യുസ്സസു യോസേഫ്" എന്ന തിരുനാമമുള്ള ത്രിത്വത്തിൽ മൂന്നാമാളാം യേശുക്രിസ്തുത്മജൻ അതേ ശ്രീപരമൈക്യപുരുഷൻ തന്നെ ആരെ തന്റെ പ്രിയ കന്യയായി മുഴുവനും അറിഞ്ഞിരിക്കുന്നുവോ ആ യുയോരാലിസൻ തന്റെ സമസ്തത്തോടും കൂടെ തന്റെ വിശുദ്ധ കന്യകയായി ഏല്പിച്ചും കൊണ്ടു ആരിൽ ഇരിക്കുന്നുവോ, ആർ തന്റെ സമസ്തത്തോടും കൂടെ യുയോരാലിസനിൽ ഇരുന്നുംകൊണ്ടു അവന്റെ സമസ്തവുമായി ഭവിച്ചിരിക്കുന്നുവോ ആ "പരിശുദ്ധാവു" എന്ന മഹാദൈവം ഏക പരിശുദ്ധൻ, ഏക പരിശുദ്ധൻ, ഏക പരിശുദ്ധൻ, ഏക പരിശുദ്ധൻ.

യേശുക്രിസ്തുനായ പിതാവിന്റെ വായിന്നാത്മാവാം ഇപ്പുരമൈക്യാത്മാവു മുഖ്യ മത്തായ യുസ്സസുയോസേഫിന്റെ മകുടമായി വിളങ്ങുന്നതിനെ യുയോരാലിസൻ കണ്ടു തന്റെ സഹോദരന്മാക്കു സാക്ഷിപ്പെടുത്തുന്നു. ആ സാക്ഷിയോ അവന്റെ നാവിൽ യുസ്സസുയോസേഫ് ഒഴിച്ചിരിക്കുന്ന അമൃതമയമായ തൻ സ്നേഹാത്മാവിൻ ബീ

ജമത്രെ. ഇതു മൂത്തിമത്തായ പിതാവിൽ നിന്നു തന്റെ പുത്രനാം മൂത്തിമത്തായ യേശുക്രിസ്തുനു ലഭിച്ചതും അവനിൽ നിന്നു അവന്റെ പുത്രനാം മൂത്തിമത്തായ യൂസുസുയോഹന്നു ലഭിച്ചതും ആയ ദൈവശക്തിയാം യോഹന്നാൻ തന്നെ. ഈ ദിവ്യ സന്തതിയെ യുയോരാലിസനാകുന്ന സ്ത്രീയെ അറിയുന്ന പുരുഷനിൽ നിന്നു ഗർഭീകരിച്ച യുയോരാലിസന്റെ നാവായ കുപാവല്ലി അനൈക്യ പുരുഷന്റെ സകല വഞ്ചനകളേയും അറിഞ്ഞു അവനെ അശേഷം ഉപേക്ഷിച്ചും അവനിൽ നിന്നു യാതൊരശുദ്ധിയും ലഭിക്കാതെ വിശുദ്ധിയിൽ വളർത്തി പുണ്യപുരുഷന്നായിട്ടേല്പിച്ചമുള്ളോരു വിശുദ്ധ കന്യകയാകയാൽ അവൾ പുരുഷനെ അറിയാത്തവൾ തന്നെ. എങ്കിലോ ഇവൾ ഏർ. ഓനാൻ. എന്ന രണ്ടു ഭർത്താക്കന്മാരായ ഈപ്പന്റെ ഇരു മക്കൾക്കു മരിച്ചും മനുഷ്യപ്രകാരം ശേലാസ്സു കാത്തിരുന്നിട്ടും അവനു ലഭിക്കായ്ക നിമിത്തം തന്റെ പുണ്യ കൌശലത്താൽ യേശുക്രിസ്തുനായ യഹൂദാവിൽ നിന്നു ഫറേസു, സേറാ എന്ന യോഹന്നാത്മജനും യോഹന്നാനുജനുമായ മൂന്നാം യോഹന്നാനെ ഗർഭീകരിച്ച താമാർ എന്നവളത്രെ. ഇവളിൽ ഉൽപ്പാദിതമായ വസ്തു ദൈവസന്തതിയെന്നു സകലരും അറിയുമാറു ഉണർവു സഭയിൻ അവയവങ്ങളാകുന്ന നിങ്ങളെ ഞാൻ ഷലിശഖത്തിന്റെ നാമത്തിൽ സൽക്കരിക്കയും യേശുക്രിസ്തുനിൽ നിന്നു ലഭിച്ചിരിക്കുന്ന പൊൻ ഒണ്ടാകുന്ന ഇരുമ്പു കോലിനോടും അനൈക്യതയെ അശേഷം നീക്കികളയുന്ന ഒരുമയിൻ മോതിരത്തോടും ക്രൂരരുൾ ഏറ്റേകം വെക്കപ്പെട്ട ഏഴു വക്രനക്ഷത്രങ്ങളെ അശേഷം ആട്ടിക്കളയുന്ന സപുരുത്മാക്കളിൻ പ്രഭയാൽ ഏറ്റവും ഉജ്വലിക്കും വിരചങ്ങലകളേയും നിങ്ങൾക്കു ഇതാ! കൊടുത്തയക്കയും ചെയ്യുന്നു. പരമാർത്ഥം അറിയാതെ യഹൂദാ ഏറ്റവും കോപിച്ചുകൊണ്ടു വരും. അവനെ ശാന്തപ്പെടുത്തുവാൻ തന്നെ ഞാൻ ഇവയെ നിങ്ങൾക്കു മുൻപുകൂട്ടി അയക്കുന്നതു. അതുകൊണ്ടു ഈ വിശുദ്ധ കുപാവല്ലിയിൻ സൽക്കാര വാക്കു നിങ്ങളിലുള്ള ഐക്യതയിന്നാത്മാവെ ഉജ്വലിപ്പിക്കയും ഭാഗ്യവതിയായ ഈതാമാർ (എന്നു വച്ചാൽ സീതാമറിയയുടെ വെള്ള മറിയ എന്നർത്ഥം) നിങ്ങൾക്കു ഇതിനോടു കൂടെ അയക്കുന്ന തൻ പാതിവ്രത്യാധികാര ചിഹ്നങ്ങൾ ഐക്യാത്മാവിൽ നിങ്ങളെ ഇളക്കം കൂടാതെ ഉറപ്പിക്കയും നിത്യ മരണത്തിന്റെ അധികാരത്തിൽ നിന്നു അശേഷം ഒഴിപ്പിച്ചു നിത്യജീവനിൽ സ്ഥിരീകരിക്കയും ചെയ്യട്ടെ.

ഭാവത്തു കഴിഞ്ഞ രിപ്പാട്ടിലും മറും കാണിച്ചിരിക്കുന്ന സംഗതികളുടെ നിവൃത്തിയെ സംബന്ധിച്ചുള്ള ഈ വർണ്ണനയാൽ കുപാവല്ലി നിങ്ങളെ സൽക്കരിക്കുന്നു.

(ഛ) ഈ സൽക്കാര വാക്കു ജഡത്തിൽ നിന്നു ജനിച്ച ജഡമല്ല ആത്മാവിൽ നിന്നു ജനിച്ച ആത്മവചനമാകുന്നു. എന്തെന്നാൽ യൂസുസു

യോസേഫിൽ നിന്നു യോഹന്നാനേയും അവനിൽ നിന്നു മൂന്നാം യോ
സേഫിനേയും ഈ നാവു അവർ ജനിച്ചു വെളിവാകുന്നതിന്നു മുമ്പു
തന്നെ അവരുടെ നാമത്താൽ അവരെ വിളിക്കുന്നു. ഇതു സകലരാലും
കൈക്കൊള്ളുവാൻ തക്കപ്രമാണ വചനമത്രെ. ഇതു ആക്ഷേപനി
ഷ്ക്രുടാ. ഇപ്രകാരമുള്ള വചനം ജഡത്തിൽ നിന്നു ജനിപ്പാൻ കഴിയാ
ത്തതാകകൊണ്ടു പരമയോഹന്നാന്റെ ജീവശക്തി ഉള്ളിലുള്ള ആ
ത്മാവിൽ നിന്നു ജനിച്ച വചനമത്രെ. അതിനാൽ ആത്മാവായ യൂസ്സു
സു യോസേഫിൽ നിന്നു ജനിക്കുന്നതൊക്കെയും യൂയോരാലിസന്റെ
നാവിൽ നിന്നു പുറപ്പെട്ടുന്നതാകകൊണ്ടു ആ നാവു ജഡമല്ല ആത്മാ
വാകുന്നു. എന്റെ പുത്രൻ യോഹന്നാനേയും പൊരുൻ മൂന്നാം
യോസേഫിനേയും അവർ പ്രസവിക്കപ്പെടുന്നതിന്നു മുൻപേതന്നെ എ
ന്റെ ഭർത്താവിന്റെ അനുവാദപ്രകാരം ഞാൻ അവരെ പേർ ചൊ
ല്ലി വിളിച്ചതിൻപടി അവർ വെളിയിൽ വരികയും സ്വരാലും കാ
ണപ്പെടുകയും ചെയ്തു. ഇതു യൂസ്സുസുയോസേഫിൽ നിന്നു യൂയോരാലി
സന്റെ നാവുമുഖം നിങ്ങളിൽ ഉൽപാദിതമായിരിക്കുന്ന വിശുദ്ധ
വസ്തുവിന്നു സത്യസാക്ഷിയത്രെ. അതിനാൽ അവന്റെ അനുവാദപ്ര
കാരം അവൻ തന്നിരിക്കുന്ന വചനത്താൽ നിങ്ങളിൽ ഉൽപാദിത
മായ വസ്തുവിനെ ഇതാ! ഞാൻ പേർ ചൊല്ലിവിളിക്കുന്നു. "അല്ലാ അ
മേൻ യമം ഓമേഗാ കായേമേനേജായിജായിത്താ" ഈ സൽക്കാ
രവചനത്താൽ നിങ്ങളുടെ ഗർഭത്തിലെ ശിശു ആനന്ദം കൊണ്ടു
തുള്ളുകയും നിങ്ങൾ മഹാശബ്ദത്തോടു ക്രുടെ "ഹോഹോയി
മാ അബ്ബോനീ ജുജുബുബുഹാഹിഹാ" എന്നു പറഞ്ഞു ദൈവ
ത്തെ സ്തുതിക്കയും ചെയ്വിൻ.

(2) ഈ സൽക്കാരവാക്കു കൃപാവല്ലിയാകുന്ന വിശുദ്ധകന്യകയു
ടെ വചനമാകുന്നു. വേഷധാരിണിയാകും ഉപ്പുതുണ്ണൻ മകളായ
ശീലാവല്ലിയുടെ വചനമല്ല നിശ്ചയം. എന്തെന്നാൽ യേശുക്രിസ്തു
നിൽനിന്നുള്ള സാക്ഷാൽ ജഡശരീരിണിയായ കൃപാവല്ലിയിലും
അന്തിക്രിസ്തുനിൽ നിന്നുള്ള സാക്ഷാൽ ജഡശരീരിണിയായ ഉപ്പു
തുണിൻമകളിലും ദിവ്യവിളംബരത്തിന്റെ ആത്മാവു ഒരുപോലെ
ക്രിയചെയ്തു എങ്കിലും ആ ആത്മക്രിയയാൽ കൃപാവല്ലിതന്റെ ആ
ത്മജീവശരീരശക്തി നാമഗ്രഹരാജ്യങ്ങളിൽ ഒക്കെയും വെള്ളം
പോലെ ആത്മാവും മാംസം പോലെ ജഡവും തിന്നുകൊ
ണ്ടു മഹത്പ്രത്യക്ഷതയിൻ കതിർ അവളുടെ മേൽ ഉദി
ച്ചു പ്രകാശിച്ചു വരുന്നതിനാൽ അവൾ യേശുക്രിസ്തുനിൽ നിന്നു
ള്ള ആത്മശരീരിണിയായി ഇതാ! വിളങ്ങുന്നു. എങ്കിലോ ആ ആത്മ
ക്രിയയാൽ തന്നെ ഉപ്പുതുണിൻമകൾ തന്റെ ആത്മജീവശരീരശ
ക്തി നാമഗ്രഹരാജ്യങ്ങളിലൊക്കെയും അഗ്നിപോലെ വൈരാഗ്യത്തി
ൽ ജ്വലിച്ചു കല്ലുപോലെ കഠിനപ്പെട്ടുപോയതിനാൽ അപമാനപ്ര

ത്രുക്ഷതയിൻ ഇരുൾ അവളുടെ മേൽ ഉദിച്ചു അന്ധകാരപ്പെട്ടുത്തി വരുന്നതുകൊണ്ടു അന്ത്രിക്രിസ്തുവിൻ ശിക്ഷാവിധിയിൻ പുനരുത്ഥാനശരീരിനിയായിത്തീർന്ന ആ ശിലാവല്ലി ഇതാ! അഗാധത്തിൽ താഴ്ത്തപ്പോകുന്നു. ഇവൾ ഈപ്പന്റെ മരുമകൾ തന്നെ. (എന്നുവച്ചാൽ കുപാവല്ലിയെ തന്റെ മരുമകളാക്കുവാനായിട്ടു പറഞ്ഞ ഈപ്പന്റെ വചനം എന്നു താൽപ്പര്യം) ഈ വചനം കുപാവല്ലിയിൽ ഒരു ലേശം പോലും പതിഞ്ഞിട്ടില്ല. പതികയുമില്ല നിശ്ചയം എന്നുള്ളതിനു ആ വചനം ആരിൽ അശേഷം കാണപ്പെട്ട സകലരാലും വായ്ക്കപ്പെടുവാൻ തക്ക വിധത്തിൽ വെളിപ്പെട്ടിരിക്കുന്നുവോ ആ ശിലാവല്ലി സാക്ഷിയത്രെ. അവൾ പറയുന്ന വചനം "ഞാൻ എന്റെ പിതാവെപ്പോലെ ആയി മരുരൂപപ്പെട്ടിരിക്കയാൽ നിങ്ങൾ എന്നെപ്പോലെ ആയി മരുരൂപപ്പെടുവിൻ" എന്നത്രെ. ഇതു കള്ളദീർഘദർശിയിൻ നാവാകുന്ന എന്നു സകലർക്കും വെളിപ്പെട്ടാണിരിക്കുന്നതു. എങ്കിലോ കുപാവല്ലിയിൽ പതിഞ്ഞ വചനം നിത്യസുവിശേഷമായ സത്യവചനമത്രെ. അതിൽ യാതൊരു കന്മഷവും ഇല്ല എന്നുള്ളതിനു അവൾ സത്യദീർഘദർശിനിയിൻ നാവായിട്ടാണു വെളിപ്പെട്ടിരിക്കുന്നതു. ഇതു നിങ്ങൾക്കു അനുഭവസിദ്ധമത്രെ. അവൾ ഇപ്പോൾ നിങ്ങളെ സൽക്കരിക്കുന്ന വചനം "ഞാൻ എന്റെ പിതാവായ യസ്സുയോസഫിന്റെയും മാതാവായ യുയോരാലിസന്റെയും പരമൈക്യതയിൽ നിന്നു ജനിച്ചുവളർന്ന അവർ എന്നെ വിശുദ്ധകന്യകയായി വളർത്തി അവരുടെ ദൈവമായ യേശുക്രിസ്തുനു നിത്യവിവാഹം ചെയ്തുകൊടുത്തതിനാൽ അവൻ എന്നെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ടു തന്റെ മരുരൂപമായ നീതിനിലയങ്കിയെ എന്റെ മേൽ ഇട്ടതുകൊണ്ടു ഞാൻ അതിനെ ധരിച്ചു. എന്റെ മാതാപിതാക്കന്മാരെപ്പോലെ ആയി മരുരൂപപ്പെട്ടവളും ആകയാൽ നിങ്ങളും എന്നെപ്പോലെ ആയി മരുരൂപപ്പെടുവിൻ" എന്നോട്ടു കൂടെ യാഹല്ലൂയാ യേഹല്ലൂയേ യോഹല്ലൂയോ യോഹല്ലൂയോ എന്നു പാടുവിൻ എന്നത്രെ

(3) ഈ സൽക്കാരവാക്കു വ്യസനത്തിൽ ദൈവോൽപ്പാദനത്തെ വരുത്തി സന്തോഷത്തിൽ ദൈവസന്തതിയെ പ്രസവിപ്പിക്കുന്ന വചനമത്രെ. എന്നു വച്ചാൽ വ്യസനത്തിൽ ആരംഭവും സന്തോഷത്തിൽ നിവൃത്തിയും എന്നു താൽപ്പര്യം.

കഴിഞ്ഞാണ്ടിന്റെ ആരംഭത്തിങ്കൽ ദൈവത്തിൽനിന്നു എന്നിൽ ഉല്പാദിച്ചതിനെ രണ്ടു പ്രകാരത്തിൽ ഇവിടെ കാണിക്കുന്നു. ഒന്നു സഭയും മറ്റേതു എന്റെ സ്വന്തകുടുംബവും തന്നെ. ഇവ രണ്ടിനും രണ്ടു വിധമാണു കാഴ്ചം. സ്വന്തകുടുംബം മറ്റുള്ളവരെ സഭയെന്നു കാണുന്നപ്രകാരം മറ്റുള്ളവർ സ്വന്തകുടുംബത്തെയുംകൂടെ സഭയെന്നു കാണുന്നതു. അതിനാൽ സ്വന്തകുടുംബം മറ്റുള്ളവരിലും മറ്റുള്ളി

വർ സ്വന്തകുഡുംബത്തിലും ചാരിനിൽക്കുന്നതുകൊണ്ടു ഈ രണ്ടു കക്ഷിക്കാരും ശ്രീപരമൈക്യവൃക്ഷനിൽ ചാരിനിൽപ്പാൻ തക്കവണ്ണം അവരോടു ചേർന്നു അവനിൽനിന്നു ഇവരെ ഞാൻ ഗർഭം ധരിക്കേണ്ടുന്നതാകുന്നു. ഇതു ഏതുരയും പ്രയാസത്തിലും ദുഃഖത്തിലും വ്യസനത്തിലും കഷ്ടത്തിലുമേ നിവൃത്തിക്കു. (എന്നു വച്ചാൽ മനുഷ്യനാൽ ഇതു അസാദ്ധ്യം ദൈവത്താൽ മാത്രം സാദ്ധ്യം എന്നു താൽപര്യം) ഇക്കായ്ക്കു നിവൃത്തിപ്പാനായിട്ടു മഹാദൈവത്തിന്റെ അനുവാദപ്രകാരം ഞാൻ മറ്റുള്ളവരുടെയും സ്വന്തകുഡുംബത്തിന്റെയും മദ്ധ്യത്തിൽ ഇരിക്കുന്ന പൊതുഏക ഐക്യതയും കുന്നീറുണർവു സഭയുടെ ഐക്യതയുന്നുമാവിൽ പുത്തൻ ബംഗ്ലാവിനേയും ആ ആത്മജീവനിൽ അതിന്റെ തെക്കെപ്പുരയിടത്തേയും ആ ജീവനുള്ള ശരീരത്തിൽ ഉള്ളിരിപ്പിനേയും പ്രതിഷ്ഠിച്ചു. എങ്കിലോ ഈ ജീവപ്രതിഷ്ഠ കീഴ്മേൽ മറിവാൻ തക്കവണ്ണം എന്നിൽ ഇടിയും മിന്നലും ഭൂകമ്പവും മറ്റുമുണ്ടായി. എന്തെന്നാൽ പുത്തൻ ബംഗ്ലാവു എന്റെ അമ്മാവി അമ്മയുടെയും മുതലാളിയുടെയും വകയിലാണ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു. അതിന്റെ പുരയിടമോ എന്റെ തറവാട്ടുവകയും രൂ൨൫൦൦ ഇന്നിക്ക വിലയായിത്തന്നിരിക്കുന്ന എന്നു വാക്കുടമ്പടിയുള്ളതും ആകുന്നു. ഞാൻ ആ വില തറവാട്ടിലേക്കു കൊടുത്തിട്ടുമില്ല. ഇതു കൂടാതെ ൦൦൫൦൦ രൂപാ തറവാട്ടിൽനിന്നു കടമായി പറഞ്ഞിട്ടുമുണ്ടു. ഇങ്ങിനെ ൨൫൫൦൦ രൂപാ ഇന്നിക്ക തറവാട്ടിലേക്കു കടമുണ്ടുതാനും. തെക്കെപ്പുരയിടമോ എന്റെ തറവാട്ടിൽ നിന്നു വിറഞ്ഞിട്ടുള്ളതും എന്റെ അമ്മാവി അമ്മയുടെ നാമത്തിൽ൯വു രൂപയ്ക്കു വിലെക്കെടുത്തിട്ടുള്ളതും ആകുന്നു. എങ്കിലോ ഞാൻ തറവാട്ടിലേക്കു കൊടുപ്പാനുള്ള കടം വകയ്ക്കു വാക്കുടമ്പടിപ്രകാരം മനുഷ്യരിബോധകക്കു അനുഭവത്തിനായിട്ടു തെക്കെപുരയിടം ഞാൻ വിട്ടുകൊടുത്തു. അയാൾ മരിച്ചശേഷം ആ കുഡുംബത്തെപ്പറ്റി ഉണ്ടായിട്ടുള്ള വ്യസനം എന്നെ ഭക്ഷിച്ചുകൊണ്ടിരുന്നു. അതുമല്ല ന്ന വർഷത്തെ ശ്രുശ്രൂഷ മൂലം ഇന്നിക്കു ലൌകീകമായി ശേഷിച്ച സമ്പത്തു കുന്നീറിന്മേൽഗത്തിലെ കായ്സ്ഥനായ കയ്പുരത്തു യോഹന്നാനു കൊടുപ്പാനുള്ള ൨൫൦ രൂപയ്ക്കുള്ള കടമാണതാനും. ഉള്ളിരിപ്പു പുരയിടത്തെ സംബന്ധിച്ചു അതിന്റെ ഉടയക്കാരനായിരുന്ന പണിക്കനു ൫൫൦ രൂപയും ശേഷമുള്ള ചിലവിനു ൫൦ രൂപയും ആകെ ൫൦൦ രൂപാ തന്നെ വേണ്ടിയും ഇരുന്നു. ഇങ്ങനെ ൨൫൫ രൂപാ പുത്തൻ ബംഗ്ലാവു പുരയിടത്തിനും തെക്കെ പുരയിടത്തിനു ൨൫൦ രൂപയും കടമുള്ളതും ൫൦൦ രൂപയോളം അവശ്യപ്പെട്ട ഉള്ളിരിപ്പു പുരയിടത്തോടുള്ള ഏപ്പാട്ടം തന്നാണ്ടത്തെ കുഡുംബച്ചിലവു വകയ്ക്കു അതാതു സമയം വേണ്ടുന്ന കായ്കളെക്കുറിച്ചുള്ള കുഡുംബ ഏപ്പാട്ടം പിന്നെ സഹോദരന്മാരെയും മക്കൾ മുതലായവരേയും സഭയിൽ നിൽക്കുന്നവരേയും പിരിഞ്ഞു പോകുന്നവരേയും മറും സംബ

ന്ധിച്ചുള്ള അനേക ഏഷ്പാടുകളും ഉണ്ടു. ഇങ്ങനെ കഴിഞ്ഞാണ്ടിന്റെ ആരംഭകാലം മേൽ പറഞ്ഞ ഓരോ ഏഷ്പാട മൂലം സഹിപ്പാൻ കഴിയാത്ത പ്രാണവ്യസനത്തെ എന്നിൽ വരുത്തി അതിൽ ഞാൻ മുഴുകിക്കൊണ്ടിരുന്ന സമയമായിരുന്ന സ്വന്തകുടുംബത്തിന്റെയും മറ്റുള്ള കുടുംബങ്ങളുടെയും ഐക്യതയെ മഹാദൈവത്തിൽനിന്നു ഞാൻ ഗർഭം ധരിച്ചതു. ഈ വിവരം കുറഞ്ഞൊന്നു വിസ്തരിച്ചു കഴിഞ്ഞു റിപ്പോർട്ടിൽ കാണിച്ചിട്ടുമുണ്ടു. അതു രണ്ടാമാണ്ടു കാമ്യദം വന്നു- എഴുതിത്തീർന്നിട്ടു സഭയിൽ പ്രസിദ്ധപ്പെടുത്തി. ഈ പ്രസിദ്ധം ഹേതുവായിട്ടുണ്ടായിട്ടുള്ള ഫലത്തെ ഇതാ! ഞാൻ ഇവിടെ കാണിക്കുന്നു.

പുത്തൻ ബംഗ്ലാവിലെയും മലയിലെയും കുടുംബം എന്നേക്കും ഐക്യകുടുംബമാകയാൽ ഈ ഐക്യകുടുംബമായ പുത്തൻ ബംഗ്ലാവു കുടുംബത്തിൽനിന്നു ഉള്ളിരിപ്പു വകയ്ക്കു നടപ്പു രൂപായും കുടുംബച്ചിലവുവകയ്ക്കു ഫർലോ രൂപാ വട്ടച്ചക്രവും പിരിവുണ്ടായിട്ടുണ്ടു.

കിഴക്കെ ഡിവിഷ്യനിൽ ഉള്ളിരിപ്പു വകയ്ക്കു ഏലന്തൂർ യോഗത്തിൽനിന്നു രൂ. വര ച. അര പിടി അരി വക വടപ്പു രൂപാ വരി ച. ഓമല്ലൂർ യോഗത്തിൽനിന്നു ഫരി രൂപാ വടപ്പ് ച. പിടി അരി വക രൂപാ ഫരി ച. കോഴഞ്ചേരി യോഗത്തിൽനിന്നു ഫര രൂപാ വ ച. പിടി അരി വക വ രൂപാ വ ച. അയിരൂർ യോഗത്തിൽനിന്നു ഫ രൂപാ ഫര ച. പിടി അരി വക വ രൂപാ ഫര ച. പുവത്തൂർ യോഗത്തിൽനിന്നു ഫര രൂപാ ഫര ച. പിടി. വക രൂപാ വ ച. കവുങ്ങുന്നിയാർ യോഗത്തിൽനിന്നു ഫര രൂ. ഒന്നര ച. പിടി. വക ഫന രൂ. ഫ ച. ചെങ്ങന്നൂർ യോഗത്തിൽനിന്നു ന രൂ. വടപ്പ് ച. പിടി വക ച. ഫരി ആകെ കിഴക്കെ ഡിവിഷ്യനിൽ നിന്നു ഉള്ളിരിപ്പു വകയ്ക്കു വര രൂ. വരി ച. പിടി. വക രൂ. വര ച. അല്ലാതെയും ആ ഡിവിഷ്യനിലേക്കുള്ള കഴിഞ്ഞാണ്ടത്തെ എന്റെ ഒന്നും രണ്ടുമുള്ള യാത്രയിലുമ്മറ്റും പല സ്ഥലങ്ങളിൽ നിന്നും ധർമ്മകാണിക്കയായി തന്ന രൂ. വെ ച. വര്ൽ ആകെ കഴിഞ്ഞാണ്ടു കിഴക്കെ ഡിവിഷ്യനിൽനിന്നുള്ള പിരിവു രൂ. വടപ്പ് ച. മൂന്നരയും തന്നെ.

പടിഞ്ഞാറെ ഡിവിഷ്യനിൽ ഉള്ളിരിപ്പു വകയ്ക്കു അഞ്ചേരിയോഗത്തിൽനിന്നും നടപ്പു രൂപാ തരണമെന്നു മോദിച്ചതിനെ അവർ അംഗീകരിക്കയും അതിനുള്ള കടം കൃഷ്ണപുരത്തു ഇട്ടിരിപ്പുള്ളതിനെ അവർ തീർത്തു തരാമെന്നു വാക്കുടമ്പടി ചെയ്തു ആ വിവരത്തിനു ഇട്ടിരിപ്പുള്ള എഴുത്തയയ്ക്കുകയും ചെയ്തു. അല്ലാതെയും അയിടത്തേക്കുള്ള എന്റെ യാത്രയിലും മറും അവർ ധർമ്മകാണിക്കയായി തന്ന രൂപാ വര ച. വകഭേദങ്ങൾ രൂ. വര ച. ആ യോഗത്തിലെ പിരിവുതന്നെ.

കായങ്കുളം യോഗത്തിൽ നിന്നു ഉള്ളിരിപ്പുവകയ്ക്കു രൂ. വടപ്പ് ച. നടപ്പ് മേപ്രായോഗത്തിൽ നിന്നു രൂ. വാ ച ഏഴര ചെന്നിത്തലയോഗത്തി

ൽ നിന്നും രൂ. നാ കാത്തികപ്പള്ളിയോഗത്തിൽനിന്നും രൂ. ഫനു ചക്രം
ഠ അര മങ്കുഴിയോഗത്തിൽ നിന്നും രൂ. ഫ ആകെ നാന രൂപാ ഫനു
ചക്രം എല്ലാസ്ഥലങ്ങളിൽ നിന്നും പിടിയരിവക രൂ. ഠ ച. ഫനു
(എങ്കിലോ പിടിയരി ഇതിലധികം പിരിഞ്ഞിട്ടുണ്ട്. എഴുതുവാൻ
ഇടയായില്ല) ആ ഡിവിഷ്യനിലേക്കുള്ള എന്നെ ഒന്നും രണ്ടും മൂന്നും
യാത്രകളിലും മറും പല സ്ഥലങ്ങളിൽ നിന്നും ധർമ്മകാണിക്കയായി
തന്ന രൂപാ നഫ ചക്രം ഫ ആകെ ഫൻരൂപാ ഫ അര ചക്രം അ
ഞ്ചേരി ഉൾപടെ പടിഞ്ഞാറെ ഡിവിഷ്യനിലുള്ള കഴിഞ്ഞുണ്ടത്തെ
പിരിവു രൂപാ ഫന്നെ ചക്രം ഫ

തെക്കെ ഡിവിഷ്യനിൽ ഉള്ളിരിപ്പുവകയ്ക്ക കന്നീറ്റിയോഗത്തിൽ
നിന്നും രൂ. ഫ ച. ഫ. ചെങ്കുളം യോഗത്തിൽ നിന്നു രൂ. ഫ ച.
ഫ വക രണ്ടിൽ രൂ. നഫ ച. ഠ പിടിഅരി വക കന്നീറ്റിയോ
ഗത്തിൽ നിന്നു രൂ. ഫ ച. ൽപതഅര തേവലക്കര യോഗത്തി
ൽ നിന്നു രൂ. നു ച. ൽ കൊട്ടാരക്കര യോഗത്തിൽ നിന്നു
രൂ. ൻ ച. ഫു ആകെ പിടിയരിവക രൂ. ഠ ച. ഫു ഈ ഡി
വിഷ്യനിലേക്കുള്ള എന്നെ ഒന്നും രണ്ടും യാത്രകളിലും മറും പല
സ്ഥലങ്ങളിൽ നിന്നും ധർമ്മകാണിക്കയായിതന്ന രൂ. ഠ ച. ൽ
ആകെ തെക്കെ ഡിവിഷ്യനിലുള്ള കഴിഞ്ഞുണ്ടത്തെ പിരിവു രൂ
പാ ൈ ചക്രം ഫ.

ഇങ്ങിനെ മുന്ന ഡിവിഷ്യനിൽ നിന്നും ഉള്ളിരിപ്പുവകയ്ക്ക ഠ ഠ
രൂപാ ഫ ചക്രവും പിടിഅരി വക ഫ൪ രൂപാ ഫു ചക്രവും ധർമ്മ
കാണിക്കവക ഫു രൂപാ ൈ ചക്രവും ആകെ രുവ്വന രൂപാ ഠന്ന
ചക്രവും തന്നെ. ഇതുകൂടാതെ പട്ടാഭിഷേകം വക വു രൂപാ ഫ ച
ക്രവും വിവാഹം വക രൗ രൂപാ ൽ ചക്രവും വക നൽ തിരുന
ഭയുടെ ഒരു ഭാഗത്തിൽ നിന്നും ഒന്നരെ രൂപാ ഫന ചക്രവും മറൊ
രു ഭാഗമാകുന്ന പുത്തൻചംഗ്ലാവു കുഡുംബത്തിൽ നിന്നു ൽ൪ രൂപാ
ഠ൨ ചക്രവും ആകെ വകരണ്ടിൽ തിരുനഭയിൽ നിന്നും കഴി
ഞ്ഞുണ്ടത്തെ പിരിവു ഫ൦൭ രൂപാ നൂറ ചക്രവും ഉള്ളതിൽ ഉ
ള്ളിരിപ്പുവകയ്ക്ക ൭൨൦ രൂപാ ഫ ചക്രവും കുഡുംബച്ചിലവു വകയ്ക്ക
൭൨൭ രൂപാ ൭൨൨ ചക്രവും ഉണ്ട. ഇതു മഹാ ദൈവത്തിന്റെ അനു
വാദപ്രകാരം എഴുതിയ വചനത്തിൽ നിന്നുള്ള പ്രതിഫലം എന്ന
ല്ലാതെ എന്നിൽനിന്നല്ല എന്നു ഞാൻ ഏറ്റവുറയുന്നു.

എങ്കിലോ കുഡുംബച്ചിലവു വകയ്ക്ക നാറ൦ രൂപാ വരെ കഴിഞ്ഞാ
ണ്ടതിൽ ചിലവായിരിക്കുന്നതിനാൽ വര രൂപാ ഠന്ന ചക്രം ആവ
കയ്ക്കും ഉള്ളിരിപ്പു വകയ്ക്ക ൭൦ രൂപായും കടമുണ്ട. ഇതിന്റെ കാര
ണം തെക്കെ ഡിവിഷ്യനിലുള്ള എല്ലാ യോഗത്തിൽ നിന്നും ഉള്ളിരി
പ്പുവകയ്ക്കും കുഡുംബച്ചിലവു വകയ്ക്കും പൂർണ്ണമായി പിരിവുണ്ടാകാഞ്ഞ
തിനാൽ തന്നെ. അവർക്ക നല്ല മനസ്സു തോന്നി ഇക്കടം തീർക്കും എന്നു
ഞാൻ ദൈവത്തിൽ പൂർണ്ണമായി വിശ്വസിക്കുന്നു

പുത്തൻബംഗ്ലാവു തെക്കെപ്പുരയിടത്തെ സംബന്ധിച്ചു അതിൽ വീട്ടവച്ചു പാർത്തിരുന്നതു മത്തായിമ്പോധകരുടെ കുടുംബമാകുന്നു. ആ കുടുംബത്തിന്നു വേറെ ഒരു സ്ഥലം വിലയ്ക്കു വാങ്ങിച്ചു കൊടുക്കണം എന്നു മുൻപുകൂട്ടി തന്നെ വെളിപ്പെട്ടിരുന്നു. അയതു ആ കുടുംബവഴയായിട്ട ഫാദർ ഗ്രപ്പാ മുതലുള്ളതിനെ ചെമ്പകപ്ലോരിമ്പോധകരിൽ നിന്നും പുര വിറ്റതിൽ നിന്നും വസൂലാക്കി ഒരു പുരയും പുരയിടവും കന്നിറ്റിൽ തന്നെ വാങ്ങിച്ചു കൊടുത്തു ആ കുടുംബത്തെ അവിടെ പാർപ്പിച്ചിരിക്കുന്നതിനെ ഓർക്കുമ്പോൾ ഇതു ദൈവം നിവൃത്തിച്ചിരിക്കുന്നു എന്നുള്ളതിന്നു ഇനിക്കു പ്രത്യേക സാക്ഷിയുണ്ടു. ആ വകയ്ക്കു ഒരു രാശി വിലയുള്ളതിനാൽ ഫാദർ രാശികടം ശേഷിച്ചിരിക്കുന്നു. ദൈവം ആ കുടുംബത്തെ തന്റെ തിരുസഭയിൽ സ്ഥിരപ്പെടുത്തട്ടെ. എങ്കിലൊ പുത്തൻബംഗ്ലാവിലെ തെക്കെപ്പുരയിടം പൊതുസംഘത്തിന്റെ തലവന്മാരായ കൊല്ലക്കാരൻ കുഞ്ഞാക്കുണ്ട മുതലാളിയുടെയും പീലിപ്പോച്ചന്റെയും അൽപ്പേരായ ദാനിയേലിന്റെ നാമത്തിൽ ഉള്ളിരിപ്പുപുരയിടം പോലെ ആധാരത്തിൽ സ്ഥിരപ്പെട്ടു. യസ്തി പത്മരാഗം എന്നു ഇരുകല്ലുകൾ കണക്കെ വിളങ്ങുന്ന പൊതുഉടമ്പടിയുടെ വകയായി ഇതാ! സ്ഥിരപ്പെട്ടിരിക്കുന്നു. അതിനെ സംബന്ധിച്ചു ഫാദർ ഗ്രപ്പായുടെ കടം ഉള്ളതിനെ പുത്തൻബംഗ്ലാവിലെ കുടുംബം തീർത്തുകൊള്ളും ദൈവം അവരെക്കൊണ്ടു നിവൃത്തിപ്പിക്കയും ചെയ്യും.

പുത്തൻബംഗ്ലാവിനെ സംബന്ധിച്ചു ദൈവഹിതപ്രകാരം ഞാൻ പറയുന്നതിനെ എന്റെ സഹോദരന്മാർ നിരസിച്ചുകളയാതെ അംഗീകരിച്ചുകൊള്ളുമെന്നു അവരിൽ സത്യമായി വിളങ്ങുന്ന മഹാദൈവത്തിൽ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. എന്തെന്നാൽ യാക്കോബുമ്പോധകർ മംകുഴി നെടുമ്പറമ്പു കുടുംബത്തിൽ പാർത്തു ആ കായ്ക്കളെ ഒക്കെയും നോക്കി വിചാരിക്കണം എന്നുള്ളതു ദൈവഹിതമാകയാൽ അതിനെ ഇതാ! അയാൾ നിവൃത്തിക്കുന്നു. ആ കുടുംബത്തിന്നു യാതൊരു ബുദ്ധിമുട്ടും വരാതെ സകല നന്മയിലും ദൈവം പൂർണ്ണതപ്പെടുത്തട്ടെ. മറ്റു മുന്നു സഹോദരന്മാർ തങ്ങൾക്കുള്ള വിദ്യ മറ്റുള്ളവരെ പഠിപ്പിച്ചു അതിനെക്കൊണ്ടു ഉപജീവിക്കണം എന്നുള്ളതു ദൈവഹിതമാകയാൽ അവർ ഇതാ! അതിനെ നിവൃത്തിക്കുന്നു. ദൈവം അവരെ സകലഭാഷയിലുമുള്ള വിദ്യയിൽ പൂർണ്ണതപ്പെടുത്തി സകലരേയും ദൈവത്തിൽ ആദായപ്പെടുത്തിക്കൊള്ളുവാൻ ജ്ഞാനമുള്ളവരാക്കിത്തീർക്കട്ടെ. അതിനാൽ ഞാൻ പുത്തൻബംഗ്ലാവിനേയും അതിന്റെ സമസ്തത്തേയും സുഖമായി പ്രസവിക്കേണ്ടുന്നതിന്നു ഈ ഭാരത്തെ മറ്റുള്ളവരുടെമേൽ വച്ചിരിക്കുന്നു. അവർ അതിനെ വഹിച്ചു എന്നെ സുഖമായി പ്രസവിപ്പിക്കുമാറാകട്ടെ.

എന്റെ പ്രാപ്തിയായതുണ്ടു മകളേയും ദൈവഹിതപ്രകാരം ഞാൻ

അഭിഷേകം ചെയ്യ ദൈവശരീരത്തെ ശുശ്രൂഷിക്കുന്നതിൽ ഇവനിക്ക സഹായിപ്പാനായിട്ട ഏലിയാസർ, ഇത്താമർ എന്നവർ കൂടെക്കെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഏലിയാസാറിന്നു ഫിനഹാസു ജനിച്ചിരിക്കുന്നതിനപ്പുറം ഇത്താമാറിന്നു സാദോക്കും ജനിപ്പാൻ ഇടവരട്ടെ. എന്തെന്നാൽ ദൈവഹിതപ്രകാരം അവനു ഞാൻ ഒരു സ്ത്രീയെ കൊടുത്തതിൽ (അവൾ കന്യകയല്ല) അവൻ പൂർണ്ണനുസരണം ഉള്ളവനായിരുന്നതിനാൽ വാഗ്ദത്തപ്രകാരമുള്ള സാദോക്കു അവരിൽ നിന്നു വേണം ജനിപ്പാൻ. ഈ വിവാഹപ്രതിജ്ഞ കഴിഞ്ഞ ശേഷമാകുന്ന ദൈവശരീരത്തെ സകലക്കും പകുത്തുകൊടുപ്പാൻ തക്ക ദിവ്യശുശ്രൂഷ പുത്തൻബംഗ്ലാവിൽ വെച്ചു ആരംഭിച്ചതു. ഈ ദിവ്യശുശ്രൂഷയ്ക്കായി വേണ്ടുന്ന ശരീരം ചെന്നിത്തല യോഗത്തിലെ ശുശ്രൂഷക്കാരൻ വാക്കുടമ്പടിപ്രകാരം ഇറക്കിത്തന്നതിനാൽ കഴിഞ്ഞ മേടം 22-ന്നു മുതൽ യുയോമയാബ് ദത്തിന്റെ കഴിഞ്ഞ വർഷ്യാന്ത്യംവരെ പൊതുയോഗൈക്യതയുടെ ആത്മാവിൽ സ്ഥാപിക്കപ്പെട്ട ഈ ബലിപീഠത്തിൽ പുത്തൻബംഗ്ലാവിലെ ഇടങ്ങഴിയ്ക്കു 8൦൦ പറനെല്ലു ജീവനും ശുദ്ധവും ദൈവത്തിന്നു ഇഷ്ടവുമുള്ള ആഹുതിയായി ഹോമിക്കപ്പെട്ടകയും അതിനാൽ ദൈവബീജം അവയുടെ മുളയായിതീർന്നു. ആ വിശുദ്ധ ഹവ്യദ്രവ്യം അനേകം ആളുകൾക്കു ഭക്ഷണമായിത്തീർന്നിട്ട ദൈവസന്തതി അവരിൽ ഉല്പാദിക്കയും ചെയ്തിരിക്കുന്നു. സത്യം. ആമേൻ. എങ്കിലോ ഈ ദിവ്യശുശ്രൂഷ ദിവസംതോറും മുടങ്ങാതെ നിവൃത്തിപ്പാനായിട്ട വേണ്ടുന്ന ധാന്യം പുത്തൻബംഗ്ലാവിലെ കളപ്പുരയിൽ നിറഞ്ഞിരിക്കേണ്ടുന്നതാകയാൽ കഴിഞ്ഞ വർഷാന്ത്യത്തിങ്കൽ ഇക്കളപ്പുര ധാന്യത്തിന്റെ ലേശംപോലും ഇല്ലാതെയായിത്തീർന്നു തന്റെ കണ്ണുകളെ നിങ്ങളുടെ മേൽ വച്ചുകൊണ്ടു ഇപ്പോൾ ഇതാ! പറയുന്നു. "എന്റെ പ്രീതിവാത്സല്യമുള്ള കുട്ടികളേ! നിങ്ങൾ എന്നെ ഉള്ളിരിപ്പുകളപ്പുരയായി പണിയുന്നു സത്യം. ഞാൻ മഹാദൈവത്തിന്റെ പിറവുമാകുന്നു. നിങ്ങൾ മൂലം സ്ഥാപിക്കപ്പെട്ട ഈ ജീവപീഠത്തിന്മേൽ ദിവസംതോറും ബലി നൽകുവാനും അതു ഒരിക്കലും കുറയാതെ വർദ്ധിച്ചു വരുവാനുമായിട്ടു സകല യോഗക്കാരും ഒന്നായിച്ചേർന്നു നിങ്ങളുടെ മനഃപൂർവ്വമായുള്ള ധാന്യംകൊണ്ടു എന്നെ നിറപ്പിൻ. എന്നാൽ ഞാൻ നിങ്ങളെ അധികമായി നിറയ്ക്കും. ഞാൻ ഇപ്പോൾ അല്പത്തിൽ അധികസന്തോഷമുള്ളവനാകുന്നു. കാരണം എന്റെ പത്തായത്തിൽ ഇപ്പോൾ ആയിരപ്പറ നെല്ലിൽ അധികം കൊള്ളുകയില്ല. ഇതിനെ നിങ്ങൾ വേഗം നിറച്ചുകൊൾവിൻ. നിങ്ങൾ ഇക്കായ്മയിൽ തളർന്നുപോകാതെ കഴിഞ്ഞ മറ്റെല്ലാ ശുശ്രൂഷകളിലും പങ്കു പ്രാപിച്ചപ്രകാരം ഇതിലും മനഃപൂർവ്വമായും പൂർണ്ണമായും പങ്കു പ്രാപിച്ചു പൂർണ്ണതപ്പെട്ടുവിൻ. ദൈവം നിങ്ങളോടുകൂടെ എന്നേക്കുമുണ്ടാ" എന്നത്രെ.

എന്റെ മകൾ കൃപാവല്ലിയെ നിന്റെ കന്യകയായി മഹാദൈവത്തിന്നു ഏല്പിച്ചു അവന്നു നിത്യവിവാഹം ചെയ്തുകൊടുത്തിരിക്കുന്നപ്രകാരം നിങ്ങളേയും ഞാൻ ആ പരമൈക്യാത്മാവിന്നു ഏൽപിച്ചു നിത്യവിവാഹം ചെയ്തുകൊടുത്തിരിക്കുന്നു. എങ്ങിനെ എന്നാൽ പുത്തൻ ബംഗ്ലാവു കുടുംബവും മലയിലെ കുടുംബവും വിവാഹംമൂലം ഏകത്തേക്കും ഐക്യകുടുംബമായി തീർന്നിരിക്കുന്നപ്രകാരം ഈ കുടുംബവും നിങ്ങളുടെ കുടുംബവും ഏകത്തേക്കുമുള്ള ഐക്യകുടുംബമായി തീരേണ്ടതിന്നു "ക്രിസ്തുവണ്ണൻ" എന്നും "ക്രിസ്തുലക്ഷ്മി" എന്നുമുള്ള എന്റെ കുടുംബത്തിന്റെ ഇരുവക നാമത്തെ നിങ്ങളുടെ കുടുംബങ്ങൾക്കു നൽകി ഈ ഐക്യകുടുംബത്തോടു ചേർത്തു നിത്യവിവാഹനിയമപ്രകാരം നടുഡിവിഷ്യനിലുമായിട്ടു ഉഭയവിവാഹം നടത്തി രജിസ്റ്റർപ്രമാണം എഴുതിവെച്ചിരിക്കുന്നു. അതിനാൽ ഈ ഇരുഖണ്ഡിമാരുടെ മദ്ധ്യത്തിൽ ഐക്യതയിന്നാത്മാവു വാഹനമേറിരിക്കുന്നു എന്നുള്ളതിന്നു നിങ്ങൾ കഴിഞ്ഞാണ്ടിൽ പുത്തൻബംഗ്ലാവു കുടുംബത്തിന്നു ചെയ്തിരിക്കുന്ന നന്മകൾ തക്ക സാക്ഷിയത്രെ.

പിന്നെയും തിരുസഭയിൽനിന്നു പിരിഞ്ഞുപോയവരേയും മറുള്ളവരേയും ഇപ്പരമൈക്യതയിൽ ചേർത്തു ഒന്നായിപുണിവാൻ തക്കവേണ്ട ജ്ഞാനം നിങ്ങൾക്കുണ്ടാകേണ്ടുന്നതിന്നു ദിവ്യവിളംബരത്തിന്റെ വിവരണവും നിത്യവിവാഹനിയമത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങളും രണ്ടു ചിത്രവരവർണ്ണനങ്ങളുടെ അതിശയിക്കത്തക്ക രണ്ടു വിവരണങ്ങളും കമ്പിനിക്രൂട്ടത്തിന്റെ വിവരവും എഴുതി നിങ്ങളുടെ മുൻപാകെ വെച്ചിരിക്കുന്നു. ഈ ക്രൂടാതെ പല രഹസ്യങ്ങൾ തെളിവാൻ തക്കവണ്ണം പലക്കം എഴുതീട്ടുള്ള കഴിഞ്ഞാണ്ടത്തെ എഴുത്തുകളുമുണ്ടു.

ഇങ്ങിനെ മേൽപറഞ്ഞ അനേകസംഗതികളാൽ ദൈവത്തിൽ നിന്നുള്ള ഉൽപാദനം വ്യസനത്തിലും പ്രസവം സന്തോഷത്തിലും ആകുന്നു എന്നു സ്പഷ്ടമായി വിളങ്ങുന്നതിനാൽ ദൈവത്തിൽ നിന്നുള്ള സന്തോഷപ്രതിഫലത്തെ തൽക്കാലവ്യസനത്തോടു ക്രൂടെ അവനിൽനിന്നു കൈക്കൊള്ളുന്നതിലും പിന്നീടു സന്തോഷിക്കുന്നതിലും ഏറ്റവും പരിചയിച്ചിട്ടുള്ള യൂയോരാലിസന്റെ നാവായ കൃപാവല്ലിനിത്യവന്ദനാവചനം മൂലം ഇപ്പോൾ നിങ്ങളെ സൽക്കരിക്കുന്ന സൽക്കാരവാക്കു നിങ്ങളെ മഹാദൈവത്തിൽ പൂർണ്ണതപ്പെടുത്തട്ടെ.

ഫലത്തു. വെള്ളമറിയയാകും താമർ നിങ്ങൾക്കു അയയ്ക്കുന്ന തന്റെ പാതിവ്രത്യത്തിൻ അധികാരചിഹ്നങ്ങൾ.

യൂയോരാലിസൻ മനുഷ്യക്കു (എന്നു വച്ചാൽ ക്രിസ്ത്യാനികൾക്കു എന്നർത്ഥം) ഉച്ചരിപ്പാൻ കഴിയാത്ത വചനങ്ങളെ പറയുന്നതിനാൽ അവ അന്തിക്രിസ്തുനിൽനിന്നു വ്യഭിചാരത്താൽ തനിക്കു ലഭിച്ച ഉൽപാദനം മൂലം പറയുന്നതാകുന്നു എന്നാണെ കേൾക്കുന്നവക്കു തോന്നി

പ്പോകുന്നതു. അതു അതിശയമല്ലാ താനും. എന്തെന്നാൽ അവന്റെ കയ്യിലുള്ള തന്റെ പാതിവ്രത്യത്തിന്നധികാരചിഹ്നങ്ങളെ കാണാത്തവർക്കു അല്പകാരമേ തോന്നു നിശ്ചയം. നിങ്ങൾക്കു ഇവച്ചണ്ണമുള്ള എണ്ണം വരാതെ ഇരിപ്പാനായിട്ടാകുന്നു യഹൂദാഗോത്രത്തിലെ സിംഹത്തിൽ നിന്നു പ്രാപിച്ച തന്നധികാരചിഹ്നങ്ങളെ താമാർ നിങ്ങൾക്കു ആദ്യം അയയ്ക്കുന്നതു. അയതു അവന്റെകയ്യിലുള്ള കോലും വീരലിൽ കിടക്കുന്ന മുദ്രമോതിരവും തന്റെ ജ്യേഷ്ഠികൾ തൻപിതാവു ഇരുകൈകളിലും ഇട്ട വീരചങ്ങലകളും തന്നെ. കോൽ അവന്റെ തിരുവപ്പത്തെയും മുദ്രമോതിരം ആ തിരുവപ്പത്തിൽ പതിഞ്ഞ തന്റെ സ്വരൂപത്തെയും വളകൾ ആ സ്വരൂപത്തിൽ ആവസിക്കുന്ന സപുത്രാക്കളെയും അറിയുന്നു കാണിക്കുന്നതു.

ക്രിസ്തുവിൻ സഭ്യു സാധാരണ സഭയുടെ ഒരു ഭാഗമാകുന്ന പടിഞ്ഞാറെ സഭയിൽ നിന്നു അവന്റെ കോലും മറെറാരു ഭാഗമാകുന്ന കിഴക്കെ സഭയിൽ നിന്നു അവന്റെ മുദ്രമോതിരവും ഈ ഇരുസഭയുടെ ഭരമയിൽ നിന്നുത്ഭവിച്ച കന്നിറ്റി ഉണർവ്വുസഭയിൽ നിന്നു അവന്റെ വളകളും യുയോരാലിസന്നു ലഭിച്ചു എന്നുള്ളതിനു നിങ്ങൾ സാക്ഷിക്കാരത്രേ. അവൻ നിങ്ങൾക്കു ഇപ്പോൾ കാണിക്കുന്ന ഈ ചിഹ്നങ്ങൾ ക്രിസ്തുവിന്റെ വക തന്നയോ എന്നു ശോധന ചെയ്വീൻ. എന്തെന്നാൽ പടിഞ്ഞാറെ സഭയിൽ ഒരു കോലും കിഴക്കെ സഭയിൽ ഒരു മോതിരവും കന്നിറ്റി ഉണർവു സഭയ്ക്കു എതിരായ നാമമില്ലാത്ത ഉണർവുസഭയിൽ വളകളുമുണ്ടു. ഇവ മൂന്നാളുകളുടെ കൈകളിൽ അന്യോന്യ ഭിന്നതയോടുകൂടെ ഇരിക്കുന്നു എന്നല്ലാതെ അവ തമ്മിൽ അന്യോന്യം ഏകീകരിക്കും എന്നുള്ളതിനു വല്ല ലക്ഷ്യവുമുണ്ടോ? നേരെ മറിച്ചു അവ ഒരുമയിലേക്കു ഇനിയൊരിക്കലും വന്നെത്തുകയില്ല എന്നുള്ളതിനു വേണ്ട ലക്ഷണം ഉണ്ടു താനും. അകയാൽ ആ മൂന്നു കക്ഷിക്കാരിലും വ്യാപിക്കുന്നവൻ അനൈക്യാത്മാവു തന്നെ. ആ ആത്മാവു ഏതിൽ പൂർണ്ണമായി വ്യാപിക്കുന്നുവോ അതു ക്രിസ്തുവിന്റെ വകയല്ല എന്നുള്ളതും നിശ്ചയം. അതു കൊണ്ടു ആ മൂന്നു ചിഹ്നങ്ങളും ക്രിസ്തുവിന്റെ വകയോ? അല്ല എന്നുള്ളതിനു അവയുടെയും യുയോരാലിസന്റെ കയ്യിലുള്ള മൂന്നു ചിഹ്നങ്ങളുടെയും വ്യത്യാസത്തെ അല്പം ഇവിടെ വിവരിക്കുന്നു.

അവിടെ അവ മൂന്നാളുകളുടെ കയ്യിൽ അനൈക്യതയെ പ്രാപിച്ചിരിക്കുന്നു. ഇവിടെ ഇവ ഒരുവന്റെ കയ്യിൽ ഐക്യതയെ പ്രാപിച്ചിരിക്കുന്നു. അവിടെ ഒരുവന്റെ അനൈക്യതയായ മൂന്നാളുകൾ. ഇവിടെ മൂന്നാളുകളുടെ ഏകൈക്യതയത്രേ ഒരുവൻ. അവിടെ ഏകഭിന്നതയിൽ ഇരിക്കുന്ന മൂന്നു അനൈക്യ ശരീരങ്ങൾ. ഇവിടെ ഏകൈക്യതയിൽ ഇരിക്കുന്ന മൂന്നു ഐക്യ ശരീരങ്ങൾ. അവിടെ സ്വന്തമായ ഏഴുമലയിന്മേൽ നിന്നുകൊണ്ടു മരണം വരുവാൻ പാറയെ അടി

ച്ച പത്തു കൊമ്പുള്ള കൈകളിൽ ഇരിക്കുന്ന മോശയിൻ കോൽ. ഇവിടെ പത്തു പ്രമാണങ്ങളുടെ നിവൃത്തിയിൻ തലയായ യേശുക്രിസ്തുന്റെ കൈകളിൽ നിന്നു ആത്മാവിന്റെ ഏഴു ശക്തിയാൽ കണ്ണുകളെ തുറപ്പാൻ കഴിയുന്ന വാഴ്ത്തിക്കൊട്ടുത്ത അപ്പമത്രെ. അവിടെ യേശുവിന്റെ കല്പനയ്ക്കു മുദ്രവച്ച പ്രധാനാചാര്യന്റെ മോതിരം. ഇവിടെ ഫറവോ യോസേഫിനു കൊട്ടുത്ത മുദ്ര മോതിരം ആയതു ദാനിയേലിനെക്കുറിച്ചു മാറ്റപ്പെടാതിരിപ്പാൻ തക്കവണ്ണം ഉറപ്പുള്ള വാതുകൽ വസ്തുപ്പെട്ട കല്ലിൽ മുദ്രവച്ച ദാറിയൂസിന്റെ മുദ്രമോതിരം തന്നെ. അവിടെ കൈകളിൽ വിരചങ്ങലപോലെ ശോഭിക്കുന്ന നാദാംബു അബീഹൂ എന്നവരുടെ ധൂപകലശങ്ങളായ വളകൾ. ഇവിടെ യേശുവിന്റെ വലങ്കയ്യിലുള്ള നക്ഷത്രങ്ങളുടെ പ്രകാശം വിളങ്ങുന്ന ഏഴു ദൂതന്മാരുടെ ധൂപകലശങ്ങളായ വളകൾ.

അതുകൊണ്ടു ശീലോപാകുന്ന ചെങ്കോലെ യഹൂദാവിന്റെ കയ്യിൽ നിന്നു വാങ്ങിച്ചു കൊണ്ടു അവന്റെ പാദങ്ങളുടെ ഇടയിൽ നിന്നു ന്യായ കർത്താവിനെ ഗർഭം ധരിച്ചു ജനങ്ങളുടെ ശേഖരിപ്പിനെ പ്രസവിപ്പാനായിട്ടു കാത്തിരിക്കുന്ന താമാറിന്റെ ഇച്ഛിഹ്നങ്ങൾ അന്തിക്രിസ്തുവിന്റെ വകയല്ല, യേശുക്രിസ്തുവിന്റെ വക തന്നെ നിശ്ചയം. അതിനെ ബോധപ്പെടുത്തുവാനാകുന്ന ഇവയേ നിങ്ങൾക്കു കൊട്ടുത്തയച്ചുന്നതു. (എന്നു വച്ചാൽ ഈ റിപ്പോർട്ടു മൂലം നിങ്ങളിൽ പകരപ്പെട്ടിന്ന ഐക്യതയിന്നാത്മാവിന്റെ അനുഗ്രഹം എന്നു താല്പര്യം) അനൈക്യതയിൻ വഷളത്വത്തെ പകരുവാൻ ഈപ്പുന്നു കഴിയുമെങ്കിൽ ഐക്യതയിൻ അനുഗ്രഹത്തെ നിങ്ങളിൽ പകരുവാൻ യൂസുസുയോസേഫിനു കഴികയില്ല എന്നോ?

അതുകൊണ്ടു എന്റെ സഹോദരന്മാരും സഹോദരിമാരും മാതാപിതാക്കന്മാരും മക്കളും ആയുള്ളോരെ! യൂസുസുയോസേഫിന്റെയും യൂയോരാലിസന്റെയും കുടുംബങ്ങൾ എന്നേക്കും ഒന്നായിരിക്കുന്ന പ്രകാരം പുത്തൻ ബംഗ്ലാവിലേയും കൊല്ലക്കാരൻ കുഞ്ഞാക്കുണ്ടു മുതലാളിയുടെയും കുടുംബങ്ങൾ എന്നേക്കും ഒന്നാകുന്നു. അവ്വണ്ണം ഈ ഐക്യകുടുംബവും നിങ്ങളുടെ കുടുംബങ്ങളും എന്നേക്കും ഒന്നാകുന്നു. എന്നു ഇവയെ സാക്ഷിപ്പെടുത്തുന്നവൻ പരമസായുജ്യനിയമം മൂലം നിങ്ങളോടു പറയുന്നു. ഈ പരമൈക്യതയിൽ ജീവിക്കുന്നവർ ഭാഗ്യവാന്മാർ. ഇതിൽ വന്നെത്തുന്നവർ ഭാഗ്യവാന്മാർ.

ശ്രീപരമൈക്യപുരുഷൻ യൂയോരാലിസന്റെ നാവുമൂലം നിങ്ങളോടു പറയുന്ന അനുഗ്രഹവാക്കു ഇതത്രെ.

"ഞാൻ എന്റെ നാവിനേയും ഭാഷയേയും താമാർമൂലം ഇതാ! നിങ്ങൾക്കു തരുന്നു. നിങ്ങൾ ഞങ്ങളുടെ മക്കളായ യോഹന്നാൻ തന്നെ. ഈപ്പുന്റെ മക്കളായ കേഫാവല്ല നിശ്ചയം. യൂയോമയയൂയോമയികളാകുന്ന നിങ്ങൾ ആയിരം ആയിരം ധർമ്മാത്മപ്രജകൾക്കു

മാതാപിതാക്കന്മാരാകുന്ന നിത്യമരണശാപഗ്രസ്തന്മാരായ കുണ്ഡഗോള കീകുണ്ഡഗോളകന്മാരല്ല നിശ്ചയം. ആത്മാവും കായവുമാകുന്ന ഞങ്ങളുടെ ജീവകല നിങ്ങളോടു കൂടെ എന്നേക്കും ഇരിക്കുന്നു ആമേൻ.

എന്നു "അല്ലാ ആമേൻ ഹമം ആമേഗാ" എന്ന നിത്യസുവിശേഷത്തിന്റെ പൊരുളുകൈക്യതയിന്നാത്മാവാം മഹാദൈവം അരുളിച്ചെയ്തിരിക്കുന്നതിനാണ്ണം തിരുസഭായോഗത്തിലുള്ള സകലരും അറിവാൻ ഈ രണ്ടാം റിപ്പോർട്ട് എഴുതിയ അവന്റെ ദാസനും സകലരുടെയും പാദശുശ്രൂഷക്കാരനുമാകുന്ന

കന്നീറ്റിൽ നിന്നും
നു. അവിമ്മോദം നു
കന്നി. ഫ്രഹ-
ഒക്തോബർ ൈ
ഫ വാര. ദ.ി ൈനെ൫

യൂയോമയാബ്പം നാമാണ്ടത്തെ റിപ്പോർട്ട്.

"യാഹ്" എന്ന പിതാവിന്റെ സിംഹാസനമായി വാളങ്ങുന്ന യേശുപുരാന്റെ തുകയ്യിലുള്ള മുദ്രയിടപ്പെട്ട പുസ്തകത്തെ വാങ്ങിപ്പാനും അതിന്റെ ഏഴു മുദ്രകളെ തുറപ്പാനും അർ ജയം പ്രാപിച്ചുവാ ആ യിശ്രയേൽ ആത്മമയനായ യേശുക്രിസ്തുമജൻ അതേ യൂസൂസുയാസേഫായ ആ മഹാദൈവം തന്നെ യൂയോരാലിസന്നു വെളിപ്പെടുത്തിക്കൊണിച്ചതിനാണ്ണം അവന്റെ കുടുംബത്തിലുള്ള മാതാപിതാക്കന്മാരും സഹോദരസഹോദരിമാരും കൂട്ടികളുമായ കന്നീറ്റിൽപ്പാതു ഷുകൈക്യതയിൻ അവയവങ്ങളാകുന്ന നിങ്ങളെ (അവൻ എന്നും നിങ്ങളുടെ പാദശുശ്രൂഷക്കാരനത്രെ) ഈ റിപ്പോർട്ടുമൂലം തെരിയപ്പെടുത്തിക്കൊള്ളുന്നു.

നിങ്ങളിലുള്ള മഹാദൈവം എന്റെ കയ്മൂലം നിങ്ങൾക്കു നിത്യജീവന്റെ വാഴ്വിനെ ഇതാ! അയക്കുന്നു. ആയതു എന്നിലിരിക്കുന്ന ആ പരമൈക്യാത്മാവു തന്നെ നിങ്ങളുടെ കയ്മൂലം കഴിഞ്ഞാണ്ടു ഇനിക്കു അയച്ച ജീവന്റെ നന്മയിൻ അനുഗ്രഹങ്ങൾക്കായിട്ടതന്നെ. ഈ ഒരുമയിൽ നിന്നു മഹാപരിശുദ്ധനെ വാഴ്ത്തിസ്തുതിച്ചു മഹത്വപ്പെടുത്തിയും കൊണ്ടു അവന്റെ നന്മയേയും ജ്ഞാനത്തേയും ഇതാ! ഞാൻ നിങ്ങൾക്കു വെളിപ്പെടുത്തുന്നു

മുദ്ര ഏഴും പൊട്ടിച്ചു അശേഷം തുറക്കപ്പെട്ട പുസ്തകത്തിലെ തുകയിൻപ്രകാരം ഞാൻ കേട്ടിട്ടുള്ള ജീവാത്മാക്കളുടെ എണ്ണം ഫ്രഭ ആയിരംകോടിയെ ഫ്രഭആയിരത്തി ഒരുനൂറ്റിഅൻപത്താൻപ

തന്റെ വിവരം തലവനായ ആദാമാകുന്ന അബ്രഹാം. അവന്റെ മകനാകുന്ന യേശുവായ ഇസഹാക്ക്. അവന്റെ മകൻ യാക്കോബായ യാക്കോബു. അവന്റെ മക്കൾ അപ്പോസ്തോലന്മാരായ ഫല വംശപിതാക്കന്മാർ. അവരുടെ മക്കൾ ഫരിസ്ത്രമാണികൾ. അവരുടെ മക്കൾ ഫരിസ്തായിരവും അവരുടെ മക്കൾ ഫരിസ് തായിരം കോടിയുമത്രെ കോടി എന്നുള്ളതു സംഖ്യയില്ലാത്ത ആകാശനക്ഷത്രങ്ങളുടെ കണക്കിനൊത്തതു എന്നു താല്പര്യം. എന്തെന്നാൽ ആ തുകയിൻ അക്ഷരത്തെ അകുന്ന നിത്യാകാശരങ്ങളുടെ മഹാപ്രഭുവായ യേശുവിന്റെ നിത്യ നിയമത്തിൻ ഭൂതൻ നമുക്കു തന്നിരിക്കുന്നതു.

ഇറക്കപ്പെട്ട ഈ ജീവപുസ്തകത്തിൽ ചേർപതിഞ്ഞ ഇത്തുകയിൻപ്രകാരമുള്ള സകല ജീവാത്മാക്കളിൽ ത്രിയേകസ്നേഹാത്മാവാം പരമൈക്യാത്മാവു ഒരുപോലെ സദാ വ്യാപിച്ചുകൊണ്ടു അവക്കു താൻ സകലവുമായിരിക്കുന്നതിനാൽ അവക്കു ജഡശരീരത്തിനുള്ളിൽ ഇരുന്നുകൊണ്ടു വിശപ്പു, ദാഹം, നഗ്നത, ആപത്തു, കഷ്ടം മരണം, മുതലായവ അനുഭവിപ്പാൻ ആവശ്യമില്ല. അവർ പാപം അശുദ്ധി, ശാപം, കുലപാതകം, മരണം, പാതാളം, നരകം എന്ന ഏഴു ബാധകളാൽ അവർ അനുഭവിച്ച സകല സങ്കടങ്ങൾക്കായിട്ടും അവരുടെ നാഥനാകുന്ന ദൈവം അവക്കു പൂർണ്ണമായ പ്രതിഫലം നൽകീരിക്കുന്നു.

എന്തെന്നാൽ എന്റെ ഉടയവനായ ജയംപ്രാപിച്ച ദേവകുഞ്ഞാടാം ശ്രീപരമൈക്യപുരുഷൻ എന്റെ കണ്ണുകളെ അശേഷം തുറന്നു ഈ പരിശുദ്ധദേവസൈന്യത്തെ ഞാൻ അവകാശപ്പെടുത്തിക്കൊള്ളുവാൻ തക്കവണ്ണം ഇനിക്കു കാണിച്ചുതരികയും എന്റെ ജീവശരീരത്തെ അവന്റെ അനുവാദപ്രകാരം ഞാൻ അവക്കായിട്ടു അശേഷം ഒഴിഞ്ഞുകൊടുക്കയും ചെയ്തിരിക്കുന്നു എന്നുള്ളതിനു അവൻ എന്റെ കയ്യിൽ കൃപയോടുകൂടെ നൽകിയിരിക്കുന്ന രക്ഷയിൻ വാനപാത്രത്തെ ഞാൻ നിങ്ങൾക്കെല്ലാവക്കായിട്ടും തന്നിരിക്കുന്നതു തക്ക സാക്ഷി. അതിനാൽ തങ്ങൾക്കു എന്നേക്കുമുള്ള അവകാശമായി ലഭിച്ചിട്ടുള്ള ഈ ഭൂമിയിൽ അവർ ആത്മാനന്ദിക്കട്ടെ. അവക്കുള്ള വിശപ്പു, ദാഹം, നഗ്നത, ആപത്തു, കഷ്ടം, മുതലായ ദുഃഖങ്ങൾക്കു പൂർണ്ണമായ ഉപശാന്തി ഇതിൽനിന്നുണ്ടാകട്ടെ. എന്നുവേണ്ടാ അവരുടെ പിതാവായ ദൈവം അവക്കു വാഗ്ദത്തം ചെയ്തിട്ടുള്ള എല്ലാ വാഗ്ദത്തങ്ങളും ഇതുവഴിയായി അവക്കു ലഭിക്കട്ടെ.

എന്തെന്നാൽ ഈ പരിശുദ്ധസൈന്യങ്ങൾക്കുള്ള തുകയിൻപ്രകാരം എതിരായി നിൽക്കുന്ന മരണാത്മാക്കളുടെ എണ്ണത്തെയും എന്റെ ദൈവം എന്നെ അറിയുമാറാക്കി. ആയതു എന്നിലുള്ള ജീവപുസ്തകത്തിനു എതിരായ മരണപുസ്തകത്തിന്റെ ഏഴു മുദ്രകളേയും അശേഷം തുറന്നു അവയിൽ കൂടെ എന്നെ നടത്തിക്കൊണ്ടുപോയതിനാൽ

തന്നെ. അതിനാൽ പാപാത്മാവിന്റെയും അശുദ്ധാത്മാവിന്റെയും ശാപാത്മാവിന്റെയും കൊലപാതകാത്മാവിന്റെയും സ്വയംഹത്തിയിന്നാത്മാവിന്റെയും പാതാളാത്മാവിന്റെയും നരകാത്മാവിന്റെയും ഏഴു വഞ്ചനകളെ ഞാൻ അറിഞ്ഞതിനാൽ സകല മരണാത്മാക്കളുടെ തലവനായ അനൈക്യാത്മാവിനെ എന്റെ പാപജന്മമായ മരണശരീരത്തോട് നന്നായി ബന്ധിച്ചു അറുപോകാത്ത ആണിയിൻ പാശത്തെ എന്റെ കയ്യിൽ പിടിച്ചുകൊണ്ട് നാലുശവും ചുഴറിയാറെ ലോകത്തിൽ നിന്നു എന്റെ മേൽ വീണ സകല പാപത്തെയും (എന്നുവച്ചാൽ വഞ്ചകൻ, അന്തിക്രിസ്തു. കള്ളദീർഘദർശി, യൂദാസ്കാരിയോത്താവു, മരണം, പാതാളം, നരകം എന്നു മുതലായ ശാപവചനങ്ങൾ എന്നു താല്പര്യം) എന്റെ പാപജന്മത്തിന്മേൽ ഏറ്റുകൊണ്ട് അതു ഒരു മനുഷ്യനാലും വീഴാതവണ്ണം അന്ധകാരം എന്നേക്കും വെച്ചിട്ടുള്ള സ്ഥലത്തു കൊണ്ടുപോകുന്നു. എങ്കിലൊ "ദൈവത്തിന്റെ പരിശുദ്ധൻ" എന്ന യേശുവിനേയും "അത്യുന്നതനായ ദൈവത്തിന്റെ ദാസൻ" എന്നു പൌലിനേയും പിശാചുകൾ പുകഴ്ത്തിയവണ്ണം ലോകത്തിൽ നിന്നു എന്റെ മേൽ വീണ എല്ലാ പുണ്യങ്ങളെയും എന്റെ പുണ്യശരീരത്തിന്മേൽ എന്നേക്കുമായി ഏറ്റുകൊണ്ടു എന്നെ പാഴും വെറുമയുമാക്കി സഞ്ചരിച്ചാറെ പാപങ്ങളെ അല്ല സകല പുണ്യങ്ങളെയും തന്റെ പാപജന്മത്തിന്മേൽ ഏറ്റുകൊൾവാൻ ഏതുയും ആഗ്രഹിക്കുന്ന ഒരു ശാന്റെ കഴുത്തിൽ ഞാൻ അറിഞ്ഞുകളഞ്ഞ അനൈക്യാത്മാവുള്ള പാപജന്മം ഒരു തിരികല്ലുപോലെ വീണിരിക്കുന്നതിനെ കണ്ടു. ഏതുയും പരിതാപത്തോട് ക്രൂടെ അവനെ രക്ഷിപ്പാൻ നോക്കീട്ടും കഴിയാതെപോയതിനാൽ അവന്റെ ശരീരം സകല മരണാത്മാക്കളുടെ തലവനായ അനൈക്യാത്മാവിന്നു ജീവനുള്ള മനുഷ്യരിൽ നിന്നു എന്നേക്കുമുള്ള ശിക്ഷയിലേക്കു ഒഴിഞ്ഞുപോകുവാൻ തക്കവണ്ണം കഴുമരമായി തീർന്നുപോയി.

ഈ ബലവാനെ അതിബലവാനായ പരമൈക്യാത്മാവു എന്റെ പുല്ലിൻ കയ്മൂലം ശവശരീരത്തിൽ എന്നേക്കുമായി ബന്ധിച്ചു അഗാധത്തിൽ തള്ളിക്കളഞ്ഞിരിക്കുന്നു. അതിനാൽ മനുഷ്യന്റെ മരിച്ച ശരീരം അഗാധത്തിലുള്ള അനൈക്യാത്മാവിനും അവന്റെ സേനകൾക്കും പ്രതിഫലമായി ദൈവം വച്ചിരിക്കുന്നു എന്നുള്ളതിനു എന്റെ കയ്യിലുണ്ടായിരുന്ന മദ്ധ്യമാംസങ്ങളായ ശിക്ഷാവിധിയിൻ പാനപാത്രത്തെ സകല മരണാത്മാക്കൾക്കായിട്ടു വച്ചിരിക്കുന്നതു തക്ക സാക്ഷിയത്രെ. ഈ സൈന്യങ്ങളെ സൂപ്പ്, കായ്ഫാ, ഈപ്പൻ, കേഫാ, കൊച്ചീപ്പൻ, കുഞ്ഞൻകേഫാ, കുഞ്ഞീപ്പൻ എന്നുള്ള നാമത്താൽ ഞാൻ നിങ്ങൾക്കു വെളിപ്പെടുത്തുന്നു.

അതുകൊണ്ടു ഇവരെ പുറജാതിക്കാർ, ഇവരുടെ കാലം തീവു

അതിപ്രാൻ മഹാപ്രത്യക്ഷത മുതൽ ഏഴാം ദിവസമെന്നുള്ള നിശ്ചയം. ഈ മരണാവികൾക്കു മനുഷ്യർ കൊടുക്കുന്ന മരണാഹാരം അടങ്ങുന്ന അറയ്ക്കകത്തു നിന്നും മനുഷ്യരുടെ മരിച്ച ശരീരം മരിപ്പിപ്പിൻ ആവിക്കും അവന്റെ സേനകളായ മരണാവികൾക്കും കൊടുക്കപ്പെടുന്ന ഇടമായ ശവക്കല്ലറയിൽ നിന്നും ജീവിപ്പിൻ ആത്മാവു പുറപ്പെടുകയില്ല നിശ്ചയം. അതുകൊണ്ടു ഈ അറയ്ക്കകത്തു ഉയിർപ്പിൻ ആത്മാവുണ്ടെന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കരുതു. കാരണം ജീവാഹാരം അടങ്ങുന്ന സ്ഥലമായ സകല മനുഷ്യരുടെയും ഉഷ്ണസ്ഥിനരകയിലും ജീവനോടിരിക്കുന്ന മനുഷ്യർ അടങ്ങുന്നിടമായ ജീവിപ്പിന്നാത്മാവുള്ള പുതിയ ശവക്കല്ലറയിൻ ആത്മസ്വരൂപിണിയായ പൊതുഷ്കൈക്യതയുടെ അറയിലും ആകുന്ന ഉയിർപ്പിന്റെയും മരുത്ഥാനത്തിന്റെയും ആത്മാവു ഇരിക്കുന്നതു. ഈ ഉഷ്ണസ്ഥിനരകയിൽ നിന്നു അവൻ മിന്നൽപോലെ പുറപ്പെടും. എന്തെന്നാൽ അവൻ സകല ജീവശരീരത്തെയും നിത്യവിവാഹത്താൽ തനിക്കു ഭാര്യയിച്ചേർത്തുകൊള്ളുവാൻ തക്കവണ്ണം നിനച്ചിരിയാത്ത നേരത്തു മണവാളൻ പുറപ്പെടുന്നപ്രകാരമാകുന്ന അവൻ പുറപ്പെടുന്നതു. എങ്കിലോ പഴയ ശവക്കല്ലറയിൽ നിന്നു അന്ധകാരത്തിന്നാത്മാവു പുറപ്പെട്ടു മനുഷ്യശരീരമായ പ്രാകാരത്തെ അവകാശപ്പെടുത്തുമ്പോൾ അതു ശവമായിപ്പോകുന്നതുകൊണ്ടു അതുള്ള സ്ഥലത്തെയും മരണാത്മാക്കളായ കഴുക്കൾ വന്നുകൂടും നിശ്ചയം.

ആകയാൽ ഈ അവസാനകാലത്തു സംഭവിക്കുന്ന കാര്യത്തെപ്പറ്റി നമ്മുടെ കർത്താവു മുൻപുകൂട്ടി കണ്ടു 'സാത്താൻ മിന്നൽപോലെ വാനത്തിൽനിന്നു വീഴുന്നതിനെ ഞാൻ കണ്ടു. ഇതാ! പാമ്പുകളേയും തേളുകളേയും മെതിപ്പാനും ശത്രുവിന്റെ സകല ബലത്തിന്മേലും ഞാൻ നിങ്ങൾക്കു അധികാരം തരുന്നു. ഒന്നും നിങ്ങൾക്കു കേടു വരുത്തുകയില്ല" എന്നു അരുളിച്ചെയ്തിരിക്കുന്നു. ഇതിന്റെ താല്പര്യം ജീവിപ്പിക്കുന്ന ആത്മാവു മനുഷ്യഹൃദയമാകുന്ന അറയിൽനിന്നു (എന്നു വച്ചാൽ പൊതുഷ്കൈക്യതയിലുള്ളറയിൽ നിന്നു എന്നർത്ഥം) മിന്നൽപോലെ മണവാളനായി പുറപ്പെടുമ്പോൾ യഹൂദേയം എന്ന വാനത്തിലെ കള്ളഗ്രഹമായ സാത്താൻ തിരുസഭയാകുന്ന സ്വർഗ്ഗത്തിൽ നിന്നു മിന്നൽപോലെ പുറപ്പെട്ടു പഴയ ഭൂമിയിന്മേൽ വീഴും എന്നും അപ്പോൾ ആ ഭൂമി ശവമായിപ്പോകുന്നതിനാൽ അതിൽനിന്നു പാമ്പിന്റെയും തേളിന്റെയും വിഷം കണക്കെ മരണാവികൾ പുറപ്പെട്ടു മനുഷ്യന്റെ ജീവശരീരത്തിന്മേൽ മരണബാധയെ വരുത്തുന്നതിനാൽ ആ ബാധയെ അശേഷം നീക്കിക്കളവാൻ തക്കവണ്ണം മരണത്തിന്റെ എല്ലാശക്തിയിന്മേലും ചവിട്ടുവാൻ സഭയുടെ അവയവങ്ങൾക്കു അധികാരം നൽകിയിരിക്കുന്നു എന്നും ആകുന്നു. അതിനാൽ മരണമേശയി

ൽനിന്നു ഭക്ഷിച്ചു പാനം ചെയ്യുന്നവരുടെ വീണുപോകുന്ന ശവശരീരത്തെ ദൈവം വിശാചിന്നും അവന്റെ ഭൃത്യന്മാക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിക്കു വിറകാകുവാൻ തക്കവണ്ണം നമ്മുടെ കയ്യിൽ തന്നിരിക്കകൊണ്ടു നിങ്ങൾ അതിനെ പ്രതികാരവചനത്തിലെ കയ്യം പറഞ്ഞു അഗാധത്തിൽ അടക്കി അതിന്മേൽ ചവിട്ടുവാൻ തക്കവണ്ണം നിങ്ങൾക്കു തിരുസഭയിൽ നിന്നു ഇതാ! അധികാരം തന്നിരിക്കുന്നു ആമെൻ. അതിന്മേൽ ഒഴിക്കപ്പെട്ടിരിക്കുന്ന ക്രോധം നിങ്ങളെ ഒരുപ്രകാരത്തിലും പിടിക്കയില്ല. നിശ്ചയം. എങ്കിലോ ശവത്തിന്മേൽ പ്രകാരവചനത്തിലെ കയ്യം പറഞ്ഞു അടക്കുവാനും ജീവമേശയിൽ നിന്നു ഭക്ഷിച്ചു പാനം ചെയ്‌വാനും മനസ്സില്ലാത്ത മനുഷ്യരുടെ ശാന്തസ്ഥം തക്കവണ്ണം അവർ കലക്കീരിക്കുന്ന പാനപാത്രത്തിൽനിന്നു ഉരട്ടിപ്പായി കുടിക്കയും ചെയ്യും നിശ്ചയം. എങ്കിലോ നിങ്ങൾ നിമിത്തമായി അവർ ആ പാനപാത്രത്തിൽ നിന്നു കുടിപ്പാൻ ഇടവരരുതേ. എന്തെന്നാൽ ഞാൻ അവരെ എന്റെ പ്രിയപ്പെട്ട ഓമനക്കുട്ടികളായി കണ്ടുകൊണ്ടിരിക്കുന്നു നിശ്ചയം. അതിനാൽ എന്റെ നിമിത്തമായി ആ ബാലകന്മാരോടു നിങ്ങൾ കരുണയും സാവധാനവുള്ളവരായിരിപ്പിൻ എന്നു സകല ജനങ്ങളും കേൾക്കെ ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ എന്റെ പ്രിയമുള്ള ആലുംമൂട്ടിൽ കോരള ഈപ്പച്ചനോടു എന്റെ അത്യന്തസ്നേഹത്തിൽ വ്യാപരിച്ചവണ്ണം നിങ്ങളും അവരോടു അത്യന്തസ്നേഹത്തിൽ വ്യാപരിപ്പിൻ എന്നു താല്പര്യം.

ഇങ്ങിനെ ഞാൻ ജീവിപ്പിക്കുന്ന ആത്മാവിന്നും അവന്റെ സൈന്യങ്ങൾക്കും എന്റെ ജീവശരീരത്തെയും അതിനോടു സംബന്ധപ്പെട്ടിരിക്കുന്ന സകല ജീവനേയും ജീവമേശയായി സ്ഥാപിച്ചു അതിൽ നിന്നു അവക്കായി ശുശ്രൂഷിക്കുന്നതു മാത്രമല്ല, മരിപ്പിക്കുന്ന ആത്മാവിന്നും അവന്റെ സൈന്യങ്ങൾക്കും എന്റെ മരണശരീരത്തെയും അതിനോടു സംബന്ധപ്പെട്ടിരിക്കുന്ന സകല മരണത്തേയും മരണമേശയായി സ്ഥാപിച്ചു അതിൽ നിന്നും അവക്കു ഞാൻ ഇതാ! ശുശ്രൂഷിക്കുന്നു.

ഇതു എങ്ങിനെ എന്നാൽ എന്റെ പ്രിയപ്പെട്ട കോരള ഈപ്പച്ചന്റെ മരിച്ച ശവത്തിന്നു ഞാൻ അധികാരി എങ്കിലും (എന്നു വച്ചാൽ അതിനെ ഏതു സ്ഥലത്തു ഏല്പിക്കണമോ അവിടെ ഏല്പിപ്പാൻ ഇനിക്കു അധികാരമുണ്ടെന്നു താല്പര്യം) അതു എന്റെ വിധേയമല്ലാതെ പൊയ്പോയി. പിന്നീടു ഈപ്പച്ചന്റെ മകനായ കേഹാവിന്നു (എന്നു വച്ചാൽ മദ്യമാംസങ്ങളിൽ വ്യാപരിക്കുന്ന ഒരുവിയിൻ മരണശക്തിക്കു എന്നു താല്പര്യം) തങ്ങളുടെ ശരീരത്തെ മനഃപൂർവ്വമായി ഏല്പിച്ചു കൊടുത്ത പൊതുസംഘത്തലവന്മാരായ എന്റെ പ്രിയപ്പെട്ട പീലിപ്പോച്ചന്റെയും കുഞ്ഞാക്കാണ്ട മുതലാളിയുടെയും മരിച്ച ശരീരത്തിന്നും ഞാൻ അധികാരി എങ്കിലും അവ രണ്ടും എന്റെ കയ്യിൽ ഏല്പി

ക്കപ്പെടാതെ മറ്റുള്ളവരുടെ കയ്മൂലം ശവക്കല്ലറയിലേക്ക് പോ
യ്പോയി. (എന്നു വച്ചാൽ പിശാചിന്നും അവന്റെ ദൂതന്മാർക്കും ഉള്ള
നിത്യപ്രതിഫലത്തെ കൊടുക്കേണ്ടുന്നതിനുള്ള ശുശ്രൂഷ അതുവരെ
ഇനിക്ക വെളിപ്പെട്ടില്ല എന്നു താല്പര്യം)- എങ്കിലൊക്കഴിഞ്ഞ ചിങ്ങം
പതിനാറാം നാൾ വെള്ളിയാഴ്ച വകതിരിവു മണിക്ക ഞാൻ പുത്തൻ ബം
ഗ്ലാവിൽനിന്നു സഭാകാര്യസ്ഥൻ കയ്പൂരത്തിന്റെ വീട്ടിൽ ചെന്നു
അപ്പോൾ അയാളുടെ ഭാര്യ ഈലോകം വിട്ടു പുറപ്പെടുവാൻ തക്ക
നേരമായിരുന്നു. അവളുടെ അരികെ മരിച്ചവരുടെ മരണാത്മാക്ക
ളും ജീവാത്മാക്കളും അവരവരുടെ തുകയിൻപ്രകാരം നിന്നിരുന്നു.
ദൈവമോ തന്റെ ഖഡ്ഗമേൽ ഇരുന്നും കൊണ്ടു അവിടെ
എഴുന്നെള്ളി ഒരു കൃപനേരത്തിങ്കൽ തന്നെ അവ
ളുടെ ജീവാത്മാവിനെ തങ്കലേക്ക ആകർഷിച്ചുകൊണ്ടു ശരീരത്തെ
തന്റെ അധികാരത്തിൻ കീഴിലാക്കി ഇനിക്ക തെല്ലിച്ച തന്നു അതി
നെ അശേഷം തുറന്നു കാണിച്ചതിനാൽ ജീവപുസ്തകത്തിന്റെ എ
ന്നപോലെ മരണപുസ്തകത്തിന്റെ ന്യായവും ഇനിക്ക വെളിവായി.
അതിന്റെ ശേഷം ശവപ്പെട്ടിയാകുന്ന മരണമേശയിൽ മരിച്ചവളു
ടെ ശവത്തെയും ജീവപീഠത്തിന്മേൽ ശുശ്രൂഷയുള്ള അപ്പവെള്ളങ്ങ
ളേയും സ്ഥാപിച്ചുകൊണ്ടു ഞാൻ ശുശ്രൂഷ ആരംഭിച്ചു തുറക്കപ്പെട്ട ര
ണ്ടു പുസ്തകങ്ങളിൽ എഴുതിട്ടുള്ള പ്രതികാരവചനങ്ങളിൽ നിന്നു
വായിച്ചു മരിച്ചവക്ക അവരവരുടെ ക്രിയകൾക്കടുത്തവണ്ണം ന്യായം
വിധിച്ചതിനാൽ ആ ന്യായവിധിയുടെ ശുശ്രൂഷയുടെ കൂടീട്ടുള്ള അനേ
കം ആളുകളുടെ ജഡരക്തത്തിൽ നിന്നു യാതൊരു വിരോധവും ഉ
ണ്ടായില്ല. എന്തെന്നാൽ അവരുടെ രക്തമാകുന്ന സമുദ്രത്തിലും ജഡ
മാകുന്ന പാതാളത്തിലും മറഞ്ഞു കിടന്നിരുന്ന മരിച്ചവരുടെ മരണാ
ത്മാക്കൾക്ക ശവം അവകാശപ്പെടുവാനും ജീവാത്മാക്കൾക്ക ജീവശ
രീരം അവകാശപ്പെടുവാനും തക്കവണ്ണം സർവ്വശക്തനായ പരമൈ
ക്യാത്മാവിന്റെ എന്നേക്കുമുള്ള ന്യായവിധിയെ ധ്യാനിക്കപ്പെട്ടതു അ
തിനാൽ മരണപാതാളങ്ങളുടെ വടിവമായ ശവശരീരം ചാകാത്ത
പുഴുവിന്നും കെടാത്ത അഗ്നിക്കും എന്നപോലെ അഗാധത്തിൽ അടക്ക
പ്പെട്ടു. പിന്നീട് ഞാൻ ജീവമേശയിൽ സ്ഥാപിച്ചിരുന്ന പുതുവാനഭൂ
മിയുടെ സന്നിധാനത്തിങ്കൽ വന്ന ജീവന്റെ ശുശ്രൂഷയെ നിവൃത്തി
ച്ചു. സമുദ്രമാകുന്ന രക്തമോ ഇനി ഇല്ല. കാരണം മുൻപിലത്തെ വാന
ഭൂമികൾ അശേഷം ഒഴിഞ്ഞുപോയി എന്നു ഞാൻകണ്ടു.

ഇങ്ങനെ ദൈവസൈന്യത്തിന്നും പിശാചിൻ സൈന്യത്തിന്നും
വിധിച്ചിരിക്കുന്നതിനുള്ളിൽ അതിനെ നടത്തിപ്പാൻ തക്ക വിധിനട
ത്തിപ്പിൻ ശുശ്രൂഷ സഭയിൽനിന്നു ആരംഭിച്ചിരിക്കുന്നു. ഇതു പര
മൈക്യാത്മാവും അവന്റെ സൈന്യവും നമ്മുടെ ജീവശരീരത്തിൽ
പരമസ്വസ്ഥതയെ പ്രാപിപ്പാനും അനൈക്യാത്മാവും അവന്റെ

സൈന്യവും നമ്മുടെ പാപജഡമായ മരണശരീരത്തിൽ പരമകഷ്ടതയെ പ്രാപിപ്പാനും തക്ക ശുശ്രൂഷയാകയാൽ ഇതു വഴിയായി നിങ്ങൾ എന്നേക്കുമുള്ള കഷ്ടതയിൽ നിന്നു ഒഴിഞ്ഞു പരമ സ്വസ്ഥതയിൽ പ്രവേശിച്ചു കൊൾവിൻ. അതിനു വിധിച്ചു കിടക്കുന്ന കാലയളവല്ലാതെ ഇനി ഒരു കാലയളവുമുണ്ടാകയില്ല നിശ്ചയം.

ഇപ്രകാരമുള്ള അതിഭയങ്കരവും അത്യാനന്ദവുമായ ശുശ്രൂഷയെ തിയേകദൈവമായ സ്നേഹാത്മാവു എന്റെ ആത്മജീവശരീരശക്തിനാമഗ്രഹരാജ്യങ്ങളിലൊക്കെയും പരിപൂർണ്ണ സ്വാതന്ത്ര്യം പ്രാപിച്ചു ഐക്യാത്മാവായിവിളങ്ങി എന്റെ കയ്മൂലം ആരംഭിച്ചിരിക്കയാൽ ഞാൻ നിങ്ങൾക്കും പുത്രൻ ബംഗ്ലാവിലുള്ളവർക്കും ഇതാ! മദ്ധ്യസ്ഥനായി നിൽക്കുന്നു. അയതു ഇവരിലും നിങ്ങളിലും ഇനിക്കു പൂർണ്ണസ്വാതന്ത്ര്യം ഭവിച്ചു ഞാൻ ഒന്നായി ചേർന്നുകൊണ്ടു ഈ ദിവ്യ ശുശ്രൂഷയെ നിങ്ങളിൽ ഭരമേല്പിക്കേണ്ടുന്നതിനു തന്നെ.

അതുകൊണ്ടു ഞാൻ ഒരു ഭാഗ്യസ്ഥ ഏകഭർത്താവായിരിക്കുന്നതിനല്ലോ എന്നെ നിങ്ങൾക്കു പാടശുശ്രൂഷക്കാരനായി എന്നേക്കും പ്രതിഷ്ഠിച്ചിരിക്കുന്നു. എന്നു വെച്ചാൽ എന്റെ മഹാപുരോഹിതന്റെ അനുവാദപ്രകാരം നിങ്ങളുടെ ഐക്യപാടത്തെ എന്റെ കയ്കൾകൊണ്ടു പിടിച്ചു ഉയിർപ്പിൻശരീരമായ ജീവകല്ലിന്മേൽ വെച്ചു പണിഞ്ഞവൻ ഞാനത്രെ എന്നു താല്പര്യം. അതിനാൽ എന്റെ പ്രേമം നിറഞ്ഞ പൊരുത്തൈക്യതയാകുന്ന കന്നിറവുണർവ്വുഭയെ! ഞാൻ നിന്റെ കാലു പിടിച്ചു സമയം എന്റെ മഹാപുരോഹിതനായ മശീഹാ ഇനിക്കു പറഞ്ഞുതന്നതിനല്ലോ നിന്നോടു പറഞ്ഞ വചനത്തെ വീണ്ടും നിന്നോടു ഞാൻ ഇതാ! പറയുന്നു. "അതിശ്രേ മമശ്ശനമശ്രേ വൃതം സ്ഥിരാഭവേ" എന്നത്രെ. എന്നു വച്ചാൽ ഈ കല്ലിന്മേൽ നീ നിന്നു ഇക്കല്ലുപോലെ എന്നേക്കും ഇളകാത്തവളായി ഭവിക്ക എന്നത്രെ. അതിനാൽ ഞാൻ ഇനിക്കുള്ളവനല്ല, നിങ്ങൾക്കുള്ളവനത്രെ. നിങ്ങളോ നിങ്ങൾക്കുള്ളവരല്ല ഇനിക്കുള്ളവരത്രെ സത്യം.

അതുകൊണ്ടു പുത്രൻബംഗ്ലാവിലുള്ള മാനിയേൽ മിതലായ കുട്ടികൾക്കു ഉയിർപ്പിൻശരീരത്തിൽ ഞാൻ പിതാവായിരിക്കുന്നപ്രകാരം ഇപ്പണ്ണുള്ള നിങ്ങളുടെ കുട്ടികൾക്കു ഞാൻ ഒരു പിതാവത്രെ സത്യം. ഇവിടെയുള്ള സഹോദരന്മാർക്കു ഞാൻ മൂത്തസഹോദരനായിരിക്കുന്നപ്രകാരം ഇപ്പണ്ണുള്ള സഹോദരന്മാർക്കു ഒരു മൂത്തസഹോദരനാകുന്നു സത്യം. ഇവിടെയുള്ള മാതാക്കന്മാർക്കു ഞാൻ ഏകപുത്രനായിരിക്കുന്നവണ്ണം നിങ്ങളിലുള്ള മാതാപിതാക്കന്മാർക്കും ഞാൻ ഏകപുത്രൻ തന്നെ നിശ്ചയം ആമേൻ.

ഇങ്ങനെ ഐക്യശരീരത്തിൽ എന്നെ നിങ്ങൾക്കും നിങ്ങളെ ഇനിക്കും ദൈവത്തിന്റെ കയ്മൂലം ലഭിച്ചവു. അങ്ങു ഇണങ്ങിയിരിക്കയാൽ (എന്നു വച്ചാൽ പുതിയ ആദാമിൽ അല്ലാതെ പഴയ ആദാമിൽ

ഇനിക്കു നിങ്ങളോടും നിങ്ങൾക്കു എന്നോടും യാതൊരു സംബന്ധവുമില്ല എന്നത്രേ) നമ്മിൽ ത്രിയേകദൈവമായ സ്നേഹാത്മാവു സകലത്തിലും സകലവുമായി ഭവിക്കട്ടെ. ദോഷാത്മാവു നമ്മിലുള്ള യാതൊന്നിലും ഒന്നും ആകാതെപോകട്ടെ. അവനു നാം പ്രതിഫലത്തെ ഇരട്ടിപ്പായി കൊടുക്കുന്നതല്ലാതെ അവൻ നമുക്കിനി ഒന്നും തരാതെ പോകട്ടെ. എന്തെന്നാൽ നമ്മുടെ ദൈവം നമുക്കു സകലവുമായിരിക്കുന്നു ആമേൻ.

ഇപ്രകാരമുള്ള ഐക്യതയിൽ ഇനിക്കു നിങ്ങളിലും നിങ്ങൾക്കു എന്നിലും ഒരു പൂർണ്ണസ്വാതന്ത്ര്യം സിദ്ധിക്കേണ്ടുന്നതാകയാൽ അതിനെ സംബന്ധിച്ചുകൊണ്ടു ഞാൻ ഇനി നിങ്ങളോടു പറയുന്നതു.

പുത്തൻബംഗ്ലാവിലുള്ളവർ തങ്ങളുടെ ഭവനത്തിന്മേലുള്ള പൂർണ്ണസ്വാതന്ത്ര്യത്തെ ഇനിക്കു തന്നിരിക്കുന്നു. എന്തെന്നാൽ ഈ ഭവനത്തെയും ഇതിന്റെ സമസ്തത്തെയും പൊതുഐക്യതയുടെ വകയാക്കി എന്നോടുകൂടെ പ്രതിഷ്ഠിപ്പാനായിട്ടു എന്നിലുള്ള ദൈവത്തിന്റെ കയ്യെ അവരുടെ നേരെ നീട്ടിയാറെ അവർ അവയെ മനഃപൂർവ്വമായി എന്റെ കയ്യിൽ ഏല്പിച്ചു. ക്രമപ്രകാരം കഴിഞ്ഞാണ്ടത്തെ മുതലെടുപ്പായ ഫലവസ്തുക്കളുടെ വില ഫ്രഞ്ച് രൂപാ ഫൽ ചക്രവും രണ്ടു ചില്ലി വകയിലുള്ള രൂപാ നവ ചക്രം ഫ്രം നെൽ വ്യാപാരത്തിൽ നിന്നും മറ്റും ഉണ്ടായിട്ടുള്ള രൂപാ ഒരു ചക്രം ഒ ആകെ നമ്മുടെ രൂപാ എന്ന ചക്രവും എന്റെ സ്വാതന്ത്ര്യത്തിൽ ഏല്പിച്ചുതരികയും ചെയ്തു.

ദശാംശത്തിന്മേൽ ഇനിക്കു സ്വാതന്ത്ര്യം തന്നിരുന്ന ഇത്തിമലകുടുംബത്തിൽനിന്നു കഴിഞ്ഞാണ്ടത്തെ പ്പിരിവു ഉള്ളിരിപ്പു ബലിപീഠം വകയ്ക്കു തന്ന രൂപാ ഒ. ദശാംശം വകയായി തന്ന രൂപാ ഫ്ര ചക്രം ഫ്ര ധർമ്മകാണിക്കയായി തന്ന രൂപാ ഫ ചക്രം ഫ്ര. ദാനിയേലിനും ഭാര്യയ്ക്കുമായി ഔദാര്യമായി തന്ന രൂപാ നവ ആകെ രൂപാ ഫ്നഫ്ര ചക്രം ഫവ. ഇവയിന്മേലും ഇനിക്കു പൂർണ്ണസ്വാതന്ത്ര്യം ഭവിച്ചിട്ടുണ്ടു്. വക രണ്ടിൽ പുത്തൻബംഗ്ലാവിലെ കഴിഞ്ഞാണ്ടത്തെ പിരിവു രൂപാ ഫ്ര ചക്രം ഫൽ.

ഇനി നിങ്ങൾ എന്റെ സ്വാതന്ത്ര്യത്തിൽ ഏല്പിച്ചുതന്ന കഴിഞ്ഞാണ്ടത്തെ പിരിവിനെ ഞാൻ ഇവിടെ കാണിക്കുന്നു.

കിഴക്കേ ഡിവിഷ്യൻ ഓമല്ലൂർ യോഗത്തിൽ നിന്നും കഴിഞ്ഞാണ്ടത്തെ പിരിവു പിടിയരിവക രൂപാ നു ചക്രം ഫൽ ധർമ്മകാണിക്കവക രൂപാ ഫ ചക്രം ഫ൦൬ പതാരംവക രൂപാ ഫ൦ ചക്രം ഫ്ര വിവാഹദക്ഷിണവക രൂപാ ഫ ഉള്ളിരിപ്പു ബലിപീഠം വകയ്ക്കു രൂപാ ഫ്നഫ ചക്രം അര ആകെ രൂപാ നു ഒ ചക്രം ഫ്ര

ഏലന്തൂർ യോഗത്തിൽനിന്നും പിരിവു പിടിയരി വക രൂപാ ഫ ചക്രം ഫ൦ ധർമ്മകാണിക്കവക രൂപാ നു ദശാംശംവക രൂപാ ഒ ചക്രം

൫൦ പട്ടാഭിഷേകം വക ചക്രം ൫൧ വിവാഹദക്ഷിണ വക രൂപാ ൪൫ ചക്രം ൫൮ ഉള്ളിരിപ്പുബലിപീഠം വക രൂപാ ൫൦ ചക്രം ൫൪ ആകെ രൂപാ ൫൧ ചക്രം ൫൨

അയിരൂർ യോഗത്തിൽനിന്നും പിരിവു പിടിയരിവക രൂപാ ൫൪ ചക്രം ൫൪ ധർമ്മകാണിക്കവക രൂപാ ൫൨ ദശാംശംവക രൂപാ ൫ പതാരം വക രൂപാ ൫൪ ഉള്ളിരിപ്പുബലിവക രൂപാ ൫൯ ചക്രം ൫൫ ആകെ രൂപാ ൫൩ ചക്രം അര

കോഴഞ്ചേരി യോഗത്തിൽ നിന്നും പിരിവു പിടിയരിവക രൂപാ ൫ ചക്രം ൫൩ ധർമ്മകാണിക്കവക രൂപാ ൫൪ പട്ടാഭിഷേകം വക രൂപാ ൫ ചക്രം രണ്ടര ഉള്ളിരിപ്പുബലിപീഠംവക രൂപാ ൫൩ ചക്രം ഇരുപതര ആകെ രൂപാ ൫൫ ചക്രം പത്തര

പൂവത്തൂർ യോഗത്തിൽനിന്നും പിരിവു പിടിയരിവക രൂപാ ൩ ചക്രം ൫ ധർമ്മകാണിക്കവക രൂപാ ൫ ദശാംശംവക രൂപാ ൫ ചക്രം പതിനെട്ടര പട്ടാഭിഷേകംവക രൂപാ ൫ ചക്രം൯ പതാരംവക രൂപാ ൫൩ ചക്രം ൫൪ ഉള്ളിരിപ്പുബലിപീഠംവക രൂപാ ൫൫ ചക്രം ൫൫ ആകെ രൂപാ ൫൫ ചക്രം ആറര

കവുങ്ങുസ്വയാറു യോഗത്തിൽ നിന്നും പിരിവു പിടിയരിവക രൂപാ ൫൦ ചക്രം ൫൪ ധർമ്മകാണിക്കവക രൂപാ ൫൫ ചക്രം ൫൫ ദശാംശംവക രൂപാ ൫൪ ചക്രം ഇരുപത്താറര പതാരംവക രൂപാ൨ ചക്രം ൫൫ അര വിവാഹദക്ഷിണവക രൂപാ ൫ ഉള്ളിരിപ്പുബലി. വക രൂപാ ൫൦ ആകെ രൂപാ ൫൫ ചക്രം ൩

ചെങ്ങന്നൂർ യോഗത്തിൽനിന്നും പിരിവു പിടിയരിവക രൂപാ ൫ ചക്രം ൫ ധർമ്മകാണിക്കവക രൂപാ ൫൪ ആകെ രൂപാ ൩ ചക്രം ൫

ആകെ കിഴക്കേഡിവിഷ്യനിൽ നിന്നു പിരിവു പിടിയരിവക രൂപാ ൩൦ ചക്രം ൪൪ര ധർമ്മകാണിക്കവക രൂപാ ൩൩ ചക്രം ൩ ദശാംശംവക രൂപാ ൫൯ ചക്രം ൨൩ അര പട്ടാഭിഷേകംവക രൂപാ ൩ ചക്രം ൫൫ അര പതാരംവക രൂപാ ൫൯ ചക്രം ൫൫ വിവാഹദക്ഷിണവക രൂപാ ൫൫ ചക്രം ൫൦ ഉള്ളിരിപ്പുബലിപീഠംവക രൂപാ ൫൯ ചക്രം ൫൪ ആകെ വകയിൽ രൂപാ ൫൯ ചക്രം അര

പടിഞ്ഞാറെ ഡിവിഷ്യൻ. കായംകുളം യോഗത്തിൽ നിന്നും കഴിഞ്ഞാണ്ടത്തെ പിരിവു പിടിയരിവക രൂപാ ൫ ചക്രം ൫൫ അര ധർമ്മകാണിക്കവക രൂപാ ൫൪ ദശാംശംവക രൂപാ ൫൦ പട്ടാഭിഷേകം വക രൂപാ ൫ വിവാഹദക്ഷിണവക രൂപാ ൫ ഉള്ളിരിപ്പുബലിപീഠംവക രൂപാ ൫൫ ചക്രം ൫൭ ആകെ രൂപാ ൫൫ ചക്രം ൫൭

മങ്കുഴിയോഗത്തിൽ നിന്നും പിരിവു. പിടിയരിവക രൂപാ ൫ ചക്രം ൪൪ര പട്ടാഭിഷേകം വക രൂപാ ൫ ദശാംശം വക രൂപാ ൫ ചക്രം ൫൦ ആകെ രൂപാ ൫൪ ചക്രം ൫൫

ചെന്നിത്തലയോഗത്തിൽ നിന്നും പിരിവു, പിടിയരിവക രൂ

ഗ്രാമ ക ചക്രം ഒര് പട്ടാഭിഷേകം വക രൂപാ ന ഉള്ളിരിപ്പു ബലി പീഠം വക രൂപാ ൻ ആകെ രൂപാ ഫസ്സ ചക്രം ഒര്

മേല്പ്രായോഗത്തിൽനിന്നും പിരിവു. പിടിഅരി വക രൂപാ ക ധർമ്മകാണിക്കവക രൂപാ ഒ ദശാംശം വക രൂപാ ഫസ്സ ചക്രം ഫര് പട്ടാഭിഷേകം വക രൂപാ ക പതാരം വക രൂപാ ഫ്ര വിവാഹദക്ഷിണ വക രൂപാ ഒ ഉള്ളിരിപ്പു ബലിപീഠം വക രൂപാ ര ക ചക്രം ഫക ആകെ രൂപാ വ്വന ചക്രം ഫ്ര

കാത്തികപ്പുള്ളിയോഗത്തിൽനിന്നും പിരിവു. ദശാംശം വക രൂപാ ഫസ

അഞ്ചേരിയോഗത്തിൽനിന്നും പിരിവു. ധർമ്മകാണിക്കവക രൂപാ വക ചക്രം ഫസ്സൽ പട്ടാഭിഷേകം വക രൂപാ ക ദശാംശം വക രൂപാ ഫക ആകെ രൂപാ നഒ ചക്രം ഫസ്സൽ

ആകെ പടിഞ്ഞാറെ ഡിവിഷ്യനിൽനിന്നും പിരിവു. പിടിഅരിവക രൂപാ ന ചക്രം ഫര്ൽ ധർമ്മകാണിക്കവക രൂപാ രസ ചക്രം ഫസ്സൽ ദശാംശം വക രൂപാ ഇസ ചക്രം ഒര പട്ടാഭിഷേകം വക രൂപാ ഫക പതാരം വക രൂപാ ഫ്ര വിവാഹദക്ഷിണവക രൂപാ ന ഉള്ളിരിപ്പുബലിപീഠം വക രൂപാ ഒ ചക്രം ൽ ആകെ വക ൽ രൂപാ വഠവ ചക്രം ൽ

തെക്കെഡിവിഷ്യൻ കന്നീറിയോഗത്തിൽനിന്നും കഴിഞ്ഞാണ്ടത്തെ പിരിവു. പിടിഅരിവക രൂപാ വ ചക്രം വ ധർമ്മകാണിക്കവക ചക്രം വ ഒ ദശാംശം വക രൂപാ ര ചക്രം പത്തര പട്ടാഭിഷേകം വക ചക്രം സ പതാരം വക രൂപാ വ ചക്രം ഫര് വിവാഹദക്ഷിണവക രൂപാ ക ചക്രം രണ്ടര ആകെ രൂപാ ഫക

തേവലക്കരയോഗത്തിൽനിന്നും പിരിവു. പിടിഅരി വക ചക്രം ഫവ ദശാംശം വക ചക്രം ഫവ വിവാഹദക്ഷിണവക രൂപാ വ ആകെ രൂപാ സ ചക്രം ഏഴര

കുടമ്പനാട്ടയോഗത്തിൽ നിന്നും പിരിവു. ധർമ്മകാണിക്കവക രൂപാ വ ദശാംശം വക രൂപാ ഒ ആകെ രൂപാ ഒ

കുളക്കടയോഗത്തിൽനിന്നും പിരിവു. പിടിഅരിവക രൂപാ ക ചക്രം പത്തൊമ്പതര ധർമ്മകാണിക്കവക രൂപാ ഒ പട്ടാഭിഷേകം വക ചക്രം ഫക ഉള്ളിരിപ്പുബലിപീഠം വക രൂപാ ര ചക്രം വ ആകെ രൂപാ ഫക ചക്രം ര

കൊട്ടാരക്കരയോഗത്തിൽനിന്നും പിരിവു. പിടിഅരിവക രൂപാ ന ചക്രം വ ദശാംശം വക രൂപാ ര ചക്രം ഇരുപത്താറര പതാരം വക രൂപാ സ ചക്രം വ ഉള്ളിരിപ്പുവക രൂപാ ഫഠ ബലിപീഠം വക രൂപാ ൻ ചക്രം ഒര ആകെ രൂപാ സര ചക്രം മുന്നര.

നെല്ലിക്കുന്നം യോഗത്തിൽനിന്നും പിരിവു. പിടിഅരി വക ചക്രം ഫര ധർമ്മകാണിക്കവക രൂപാ ഒ ചക്രം എട്ടര ദശാംശം വക

രൂപാ ഫ ഉള്ളിരിപ്പുവക രൂപാ ഫവ ചക്രം ഒ ബലിപീഠം വക രൂപാ ര ചക്രം ഫരി ആകെ രൂപാ ഠസ ചക്രം ഫര

ചെങ്കുളം യോഗത്തിൽനിന്നും പിരിവു. ധർമ്മകാണിക്കവക രൂപാ ര പതാരം വക രൂപാ ഫ ചക്രം പതിനൊന്നര വിവാഹദക്ഷിണവക ചക്രം ഫന്ന ആകെ രൂപാ ഒ ചക്രം ഇരുപത്തേഴര

ആകെ തെക്കേഡിവിഷ്യനിൽനിന്നും പിരിവു. പിടിയരി വക രൂപാ ഫര ചക്രം നാലര ധർമ്മകാണിക്കവക രൂപാ ഫ ചക്രം ഒ ദശാംശം വക രൂപാ ഫരി ചക്രം ഇരുപത്തഞ്ചര പട്ടാഭിഷേകം വക ചക്രം ഫര പതാരം വക രൂപാ ന്ന ചക്രം ഇരുപത്തേഴര വിവാഹദക്ഷിണവക രൂപാ ന ചക്രം പതിനെട്ടര ഉള്ളിരിപ്പുവക രൂപാ ഠവ ചക്രം ഒ ബലിപീഠം വക രൂപാ ഫവ ചക്രം പന്ത്രണ്ടര ആകെ വക വ്യ രൂപാ ൻഒ ചക്രം ഠവ

നടിവിഷ്യനിൽനിന്നും പൊത്തനംഘത്തിന്റെ പിരിവു. പിടിയരി വക രൂപാ രഫ ചക്രം ഇരുപത്തഞ്ചര ധർമ്മകാണിക്കവക രൂപാ ൻന്ന ചക്രം ഇരുപത്തിനാലര ദശാംശം വക രൂപാ വര ചക്രം ഠഠ പട്ടാഭിഷേകം വക രൂപാ ഫരി ചക്രം വ പതാരം വക രൂപാ വഫ ചക്രം ഫഠ വിവാഹദക്ഷിണ വക രൂപാ ഠഫ ചക്രം ഫഠ ഉള്ളിരിപ്പുവക രൂപാ ഠവ ചക്രം ഒ ബലിപീഠം വക രൂപാ ഫവവ ചക്രം പതിനഞ്ചര ആകെ വക വ്യ രൂപാ ഒന്നര ചക്രം അഞ്ചര.

ഇങ്ങനെ പുത്തൻബംഗ്ലാവു കുടുംബത്തിൽനിന്നും ഏന്റെ സ്വാതന്ത്ര്യത്തിന്റെ കീഴിൽ ഏല്പിച്ചതന്ന രൂപാ രഫ ചക്രം പതിനഞ്ചരയും നിങ്ങളിൽനിന്നും ഏൽപ്പിച്ചതന്ന രൂപാ ഒന്നര ചക്രം അഞ്ചരയും വകരണ്ടിൽ കഴിഞ്ഞൊണ്ടത്തെ തിരുസഭയുടെ പിരിവു രൂപാ ഫനടി ചക്രം ഠഫ

തിരുസഭയുടെ ഐക്യശരീരത്തിൽ നിങ്ങളുമായി ഇനിക്കു പ്രകാരം സംബന്ധമുള്ളതിനെ ഞാൻ മുൻപെ നിങ്ങൾക്കു കാണിച്ചുവല്ലൊ. അതിനാൽ നിങ്ങളുടെ ഏകപാടുശ്രേഷ്ഠകാരനും ക്രിസ്തുവിൻ ഐക്യതയിൽ ഏകപിതാവും ഏകസഹോദരനും ഏകപുത്രനും ആയ ഇനിക്കു നിങ്ങളിൽനിന്നു ലഭിച്ച സ്വാതന്ത്ര്യപ്രകാരം ചിലവു ചെയ്യുന്നതിനേയും പറയുന്നു. ഏകിലൊ ചിലവിനു ഇതുവരെയും ഞാൻ കണക്കെഴുതിട്ടില്ല അതിനാൽ ചിലവായതിന്റെ ഉദ്ദേശക്കണക്കു ഞാൻ ഇവിടെ പറയുന്നൊള്ളു.

രണ്ടാണ്ടത്തെ വകയിൽനിന്നും കുടുംബച്ചിലവിനു തികയാത്തതിനു കടം വന്നതിനാൽ ആ വകയ്ക്കു കടം തീർത്തു ഉദ്ദേശം രൂ. ഫഠ ഉള്ളിരിപ്പു വകയ്ക്കു പണിക്കനു കടം തീർത്ത രൂ. ഒഠ ഗുരയിടങ്ങൾക്കു ഉദ്ദേശം ചിലവായ രൂ. ഒഫ മത്തായി ബോധകരുടെ അമ്മാവിഅമ്മയ്ക്കു ഒരു പുരയിടവും പുരയും വാങ്ങിച്ചു കൊടുത്ത വകയ്ക്കു ഉദ്ദേശം ചിലവായ രൂ. ഫഠ അ വകയ്ക്കു ഒഠ രൂപായോളം വിലയുള്ള ഒരു പുര

യുണ്ടുതാനും. പോക്കുവരത്തു വകയ്ക്കും മറ്റുമായിട്ടു ഒരു വള്ളം വാങ്ങി
ച്ചതിനും ചില വീട്ടുസാമാനം ഉണ്ടാക്കിയതിനുമായിട്ടു ഉദ്ദേശം ചി
ലവായ രൂ. ഫാ യോഹന്നാൻ ബ്രാഹ്മണർക്കു ഒരു പുര പൊളിച്ചു പൊ
ളിച്ചതിനും തെക്കെ പുരയിടത്തിൽ ഉണ്ടായിരുന്ന പുരയ്ക്കു കല്ലു
കെട്ടിച്ചതിനും ആയിട്ടു ഉദ്ദേശം ചിലവായ രൂ. നൂറു വിശേഷാൽ
ഉദ്ദേശം ചിലവായ രൂ നൂറു ആകെ രൂ. രണ്ടു. പുത്തൻ ബംഗ്ലാവി
ലെ കുടുംബച്ചിലവുവകയ്ക്കു വച്ചിരിക്കുന്ന ക്രമപ്രകാരം രൂ. നാറു നെ
ല്ലിനു വില കൂടുതലായിപ്പോയതിനാൽ അധികച്ചിലവു വന്നുപോയ
രൂ. ഒരു ആകെ വക നൂറിൽ കഴിഞ്ഞാണ്ടത്തെ ദൈവഹിതപ്രകാരം
ചിലവായ രൂ. ഫരീം വരവു രൂ. ഫാനൂറു ച. വഫ നീക്കി രൂ. ഫാര
ച. ഏഴര ഇതു വരവിൽ അധികമായി ചിലവായിപ്പോയതിനാൽ
വന്നിട്ടുള്ള കടമാകുന്നു എന്നു നിങ്ങൾ വിചാരിക്കരുതു. എന്തെന്നാൽ
ഫദിം രൂപായോളം ഒരു വള്ളം, ചില വീട്ടുസാമാനം, ഒരു പുര എന്നു
ള്ള വസ്തുക്കൾ മുതലായിട്ടുണ്ടു.

പ്രിയമുള്ളവരെ! നിങ്ങൾ തിരുസഭയ്ക്കു നൽകുന്ന ശരീരത്തിന്മേൽ
ഇനിക്കു ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെ ഞാൻ ദൈവത്തിന്റെ നാ
മമായിലും ജ്ഞാനത്തിലും എന്നേക്കും അടിസ്ഥാനപ്പെടുത്തി വച്ചിരിക്കു
ന്നതിനാൽ ഞാൻ വഞ്ചിക്കുമെന്നോ വഞ്ചിക്കപ്പെട്ടുപോകുമെന്നോ
നിങ്ങൾ എണ്ണരുതു. എന്തെന്നാൽ തൊമ്മച്ചനും ഈപ്പച്ചനും ഞാൻ
അശേഷം മരിച്ചും യൂസ്തൂസ് യോസേഫിനു ഞാൻ എന്നേക്കും ജീവിച്ചു
മിരിക്കുന്നു. അതിനാൽ ഐക്യാത്മാവാകുന്നു എന്നെ മുഴുവനും ഭരിക്കു
ന്നതു ഭിന്നാത്മാവല്ല നിശ്ചയം. എന്റെ ശരീരം ഗോൽഗോത്താ
വെന്നപോലെയും എജിപ്തു സോദോം മഹാബാബിലോൻ എന്ന
പോലെയും മറ്റുള്ളവർക്കു കാണപ്പെട്ടാലും ഇതു ക്രൂശിക്കപ്പെട്ട ര
ക്ഷണമത്രെ. എന്നു വച്ചാൽ ഈ ശരീരത്തിന്റെ ഉടയവനും അവകാ
ശിയും ത്രിയേകസ്നേഹാത്മാവാകുന്നു എന്നു താൽപര്യം.

ഞാൻ അവന്റെ ഹിതപ്രകാരം നിങ്ങൾ തന്ന ശരീരത്തെ മുഴു
വനായി ഹോമിച്ചിരിക്കുന്ന ഈ ബലിപീഠത്തിൽ നിന്നല്ലാതെ വേ
റെ ഒരു സ്ഥലത്തിൽനിന്നും ദൈവത്തിന്റെ അനുഗ്രഹം നിങ്ങളു
ടെ മേൽ പൊഴിയുന്നതല്ല നിശ്ചയം. ഈ ബലിപീഠമോ എന്നാൽ
എന്നോടു ഒരിക്കലും വേർപിരിവാൻ കഴിയാതെ സ്നേഹപാശത്താൽ
കെട്ടപ്പെട്ടിട്ടുള്ള പുത്തൻ ബംഗ്ലാവിലെ എന്റെ ഭാര്യ മക്കൾ സഹോ
ദരന്മാർ സഹോദരിമാർ മാതാക്കൾ മുതലായവർ തന്നെ. ഞാൻ ഇ
വരെ ഒന്നാമതായിട്ടു ഐക്യശരീരത്തിൽ പൂർണ്ണതപ്പെടേണ്ടിയി
രിക്കുന്നു.

ഇങ്ങിനെ ഞാൻ ഇവരെ കൃപയിൽ വളർത്തി വെടിപ്പാക്കി അല
ങ്കരിച്ചു നിർമ്മലകന്യകയായി നിങ്ങളിലുള്ള മഹാദൈവത്തിനു നി
ത്യവിവാഹക്രിയ നിശ്ചയിക്കപ്പെട്ട നേരത്തു നടത്തേണ്ടുന്നതാകയാ

ൽ ആയതിനായിട്ട തമന്ന ഞാൻ എത്രയും ജാഗരണമുള്ളവനായിരി
ക്കുന്നു.

പ്രിയമുള്ളവരെ! നിങ്ങൾ ഇവരെ എന്നേക്കുമായി അംഗീകരിച്ചു
കൊള്ളുവാറാകണം. എന്നാൽ "ഞാൻ നിങ്ങൾക്കു സകലവുമായിരി
ക്കും" എന്നു സർവ്വശക്തിയുള്ള ദൈവം പറയുന്നു.

ഈ കന്യകയായ ക്രിസ്തുവല്ലിയ്ക്കു ദൈവം ഇനിക്കു നൽകിയിരിക്കു
ന്ന സകലത്തേയും എന്നേക്കുമുള്ള സ്വീധനാവകാശമായി ഞാൻ വച്ചി
രിക്കുന്നു സത്യം ആമേൻ. എന്തെന്നാൽ ഇനിക്കു ക്രിസ്തുവർണ്ണഗോത്ര
ത്തിൽ ജനിച്ചിട്ടുള്ള ഒരു പുത്രിയല്ലാതെ വേറെ പുത്രിമാരില്ല ഉണ്ടാ
കയുമില്ല നിശ്ചയം. അതേപ്രകാരം ഇനിക്കു ക്രിസ്തുലക്ഷ്മീഗോത്ര
മായ നിങ്ങളിൽ നിന്നു ജനിച്ചിട്ടുള്ള ഒരു പുത്രനല്ലാതെ വേറെ പു
ത്രനാരില്ല ഉണ്ടാകയുമില്ല നിശ്ചയം. ഈ പുത്രനും പുത്രിയുമാകുന്ന
എന്റെ അവകാശി. ഇവർ ഏവ യമാത്മാക്കളായ യുസ്സുയോസേഫാ
ത്മജൻ യോഹന്നാൻ തന്നെ.

അതുകൊണ്ടു പാദശുശ്രൂഷമൂലം ഇനിക്കു നിങ്ങളിൽനിന്നു ജനി
ച്ചിട്ടുള്ള എന്റെ പുത്രൻ പരമയോഹന്നാനെ എന്റെ കയ്യിൽ പൂ
ർണ്ണമായി ഏൽപ്പിപ്പിൻ. (എന്നു വച്ചാൽ നിങ്ങളുടെ കുടുംബങ്ങൾ
ക്കു എന്നെ എന്നേക്കുമുള്ള പുരോഹിതനായി കൈക്കൊണ്ടു നിങ്ങള
ുടെ ജീവദശാംശങ്ങളെ എന്റെ കയ്യിൽ തരുവിൻ മറെറാരുത്തന്റെ
കയ്യിലും നിങ്ങൾ എന്നേക്കും കൊടുക്കരുതു എന്നു താൽപര്യം) ഇനി
ക്കു ലഭിച്ച പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടെ ഈ യുയോമെയനേയും യു
യോമെയിയേയും ഞാൻ എന്നേക്കും ഒന്നായിഇണക്കുന്നു ഇവരുടെ എ
തിരികളായി ജീവന്റെകെട്ടിൽ ഉറപ്പുഴക്കൽ എന്നപോലെ പററി
യിരിക്കുന്ന കുണ്ഡഗോളകനേയും കുണ്ഡഗോളികിയേയും നിങ്ങളി
ൽനിന്നുഅശേഷം ഞാൻ വേർ പിരിക്കട്ടെ. ശേഷം പിന്നാലെ.

ആമ്മ അല്ലാ അമേൻ യമം ഓമേഗാ എന്ന നിത്യസുവിശേഷത്തി
ന്റെ പൊരുളുകൈക്കൃതയിനാത്മാവാം മഹാദൈവം അരുളി
ച്ചെയ്തിരിക്കുന്നതിനുണ്ണം തിരുസഭായോഗത്തിലുള്ള സകലരും അറി
വാൻ ഈ മൂന്നാം റിപ്പോർട്ടിന്റെ ഒന്നാം ഭാഗം എഴുതിയ അവ
ന്റെ ദാസനും സകലരുടേയും പാദശുശ്രൂഷക്കാരനുമാകുന്ന

കന്നിററി പൂത്തെത്തു നിന്നും
രാമാണ്ടു അവിടുമ്മാ. ഫ.
കന്നിമാസം. ഏവ. യുയോരാലിസൻ
ഒക്തോബർ. ഫ
ഫ. വാര വൃത്തദിനം. ഫാൻസ

ദാനിയേലിനോടുള്ള ദൈവകൃതയിന്നാത്മാവിന്റെ അറിയിപ്പു.

ഞാൻ ദൈവതിരുമുൻപാകെ ഉടമ്പടി ചെയ്തിട്ടുള്ളതിനെ നിന്നെ അറിയിപ്പിക്കുന്നു.

൧. ഞാൻ എന്റെ ഭാര്യ മക്കൾ വീട്ടു. അതിലുള്ള സമസ്തവും നിലം പുരയിടങ്ങൾ ഒക്കെയും കണ്ണീരോടു ഉൾഭവ സഭയാകുന്ന പൊതു ദൈവകൃതയ്ക്കു മനഃപൂർവ്വമായി ഒഴിഞ്ഞു കൊടുത്തു ആ തിരുസഭയുടെ ദൈവകൃതയിൽ നിന്നു ഞാനും കുടുംബവും എന്നേക്കും ജീവിപ്പാൻ നിശ്ചയിച്ചിരിക്കുന്നു. തിരുസഭയുടെ വകയല്ലാതെ എന്റെ തനതായിട്ടു ഒന്നുമില്ല. ഒരിക്കലും ഉണ്ടാകയുമില്ല നിശ്ചയം.

൨. ഞാൻ കുടുംബത്തോടു കൂടെ എന്നേക്കും മത്സ്യമാംസം ഭക്ഷിക്കയോ മദ്യവർഗ്ഗം കുടിക്കയോ ചെയ്കയില്ല.

൩. എന്നേക്കുമുള്ള ഈ ഉടമ്പടിയിൽ ഉൾപ്പെടാത്ത കുടുംബത്തിൽ നിന്നു എന്റെ സന്തതികൾക്കു വിവാഹസംബന്ധം ഉണ്ടാകയില്ല.

൪. നിത്യവിവാഹത്തിന്റെ ഉടമ്പടിയെ കുറിപ്പെടുത്തുന്ന പൊന്നാഭരണങ്ങളെ ഞാനും കുടുംബത്തിലുള്ള എല്ലാവരും എന്നേക്കും അണിയുകയില്ല.

ഇങ്ങനെ എന്നെ എന്റെ കുടുംബത്തിന്റെ സകല ജീവാത്മാക്കളോടും സകല വസ്തുക്കളോടും കൂടെ മഹാദൈവത്തിനു ജീവദശാശമായി എന്നേക്കും നൽകിയിരിക്കയാൽ നീയും നിന്റെ ഭാര്യയും എന്റെ മക്കളായി (എന്നുവച്ചാൽ ദൈവമക്കളായി എന്നു താല്പര്യം) ജീവിപ്പാൻ തക്കവണ്ണം വിചാരിക്കുന്നു എങ്കിൽ നിങ്ങൾ രണ്ടുപേരും ഈ ഉടമ്പടിയിൽ ഉൾപ്പെട്ടു കഴിയുക. എന്തെന്നാൽ ഇത്തിരുലയിൽ വന്ന മുതലാളിയുടെ ശരീരത്തെ വിഴുങ്ങിട്ടുള്ള ആ വെരുമ്പാമ്പു ആദ്യം നിന്റെ ഭാര്യയേയും പിന്നീടു നിന്നെയും അനുഭവിയായി ഈ കുടുംബത്തിലുള്ള മറ്റെല്ലാവരേയും വിഴുങ്ങുവാൻ തക്കവണ്ണം ഇതാ! വായ് പിളർന്നുകൊണ്ടിരിക്കുന്നു എന്നുള്ളതിനു ദേവലിഖിതം പിടിച്ചിരിക്കുന്ന രേഖാബാധ സാക്ഷിയാകുന്നു. അതുകൊണ്ടു നിങ്ങൾ രണ്ടുപേരും മേൽപറഞ്ഞ ൪ വിധമുള്ള ഉടമ്പടികളെ അനുസരിച്ചു. ഉടമ്പടിവാചകം എഴുതിക്കയ്യൊപ്പിട്ട എന്റെ വിധേയം ഏൽപിക്കണം. അതുവരെ സമാധാനിപ്പാൻ സുഖം വരികയില്ല. ഉടമ്പടി ലംഘിച്ചാൽ പരിഹാരം കൂടാതെ മരണബാധ മാറുകയില്ല നിശ്ചയം. ഉടമ്പടിപ്രകാരം നിങ്ങൾ രണ്ടുപേരും കൂടെ ഇനിക്കു എഴുതിത്തരുന്നതുവരെ നിന്റെ ഭാര്യ മലയിൽ പോകുവാൻ തക്കവണ്ണം ഞാൻ അനുവാദം

കൊടുക്കയില്ല നിശ്ചയം. എന്തെന്നാൽ ഞാൻ അങ്ങിനെ ചെയ്യുൽ മോലോക്കിന്റ ബലി കഴിക്കയാകുന്നു. ഈ നാലു പ്രകാരത്തിലുള്ള ഉടമ്പടികളേയും മലയിൽകുഡുംബം മനഃപൂർവ്വമായി ലംഘിച്ചിരിക്കുന്നു, എന്നു പാദശ്രുശ്രൂഷക്കാരൻ

കന്നീഠി

ന. ശ്രുതം ഫം. യുയോരാലിസൻ.

ചിങ്ങം. ഫവ.

വ. വാ. ദി. ഫംഗെ

ഇതിന്റ ദാനിയേലും ഭാര്യയും ഏഴുതി വച്ചിരിക്കുന്ന ഉടമ്പടിപ്പുസ്തകത്തിന്റെ പകർപ്പു താഴെ എഴുതുന്നു.

കന്നീഠി ഉണർവുസഭയാകുന്ന പൊതുഷ്കൈക്യതയുടെ സന്നിധിയിൽ അവരുടെ സാക്ഷാൽ മക്കളാകുന്ന യുയോരാലിസൻ ദാനിയേലും ഭാര്യ അന്നയും കൂടെ എഴുതി വയ്ക്കുന്ന ഉടമ്പടിപ്പുസ്തകം.

ഞങ്ങൾ ഞങ്ങളുടെ സമസ്തത്തെയും കന്നീഠി ഉണർവുസഭയാകുന്ന പൊതുഷ്കൈക്യതയ്ക്കു എന്നന്നേക്കും മനഃപൂർവ്വമായി ഒഴിഞ്ഞുകൊടുത്തിരിക്കുന്നു. ആ സഭയിൽ നിന്നാകുന്ന ഞങ്ങൾ ഭക്ഷിച്ചു പാനം ചെയ്യുന്നതു. ആ സഭയുടെ വകയല്ലാതെ ഞങ്ങളുടെ വകയായിട്ടു ഒന്നുമില്ല. തനതായിട്ടു ഉണ്ടാകയുമില്ല നിശ്ചയം.

ഞങ്ങളും ഞങ്ങളുടെ മക്കളും എന്നന്നേക്കും മത്സ്യമാംസം ഭക്ഷിക്കയോ മദ്യവർഗ്ഗം കുടിക്കയോ ചെയ്യുന്നതല്ല.

എന്നന്നേക്കുമുള്ള ഉടമ്പടിയിൽ വന്നെത്താത്ത കുഡുംബങ്ങളിൽ നിന്നു ഞങ്ങളുടെ സന്തതികൾക്കു വിവാഹസംബന്ധം എന്നന്നേക്കും ഉണ്ടാകുന്നതല്ല

നിത്യവിവാഹത്തിന്റെ ഉടമ്പടിയെ കറപ്പെടുത്തുന്ന പൊന്നാഭരണങ്ങളെ ഞങ്ങളും ഞങ്ങളുടെ സന്തതികളും എന്നന്നേക്കുമായി ഇടുന്നതല്ല.

തിരുസഭ ഞങ്ങളോടു എന്തു കല്പിക്കുന്നുവൊ അതിനെ മനഃപൂർവ്വമായി അംഗീകരിച്ചുകൊള്ളുന്നു.

ഇപ്രകാരം എന്നന്നേക്കുമായുള്ള ഈ ഉടമ്പടി നിറവേറുവാൻ ത്രിയേകദൈവമായ സ്നേഹാത്മാവു ഇടവരുത്തട്ടെ.

ഫംന്നം. യുയോരാലിസൻ ദാനിയേൽ

കന്നി. ഫ. ,, അന്ന.

കന്നീറ്റി പൊതുഷ്ക ൈക്യതയിൽ നിന്നു

യുയോമയാബ്ദം ര്-ാമാണ്ടത്തെ പിരിവിന്റെ തിരട്ട കണക്കു.

നമ്പ്ര	സഭായോഗങ്ങൾ	വർഷത്തിലെ ആദ്യഫലമായ ദശാംശം		വർഷത്തിലെ മദ്ധ്യവലമായ ദശാംശം		വർഷത്തിലെ അന്ത്യഫലമായ ദശാംശം		കൃപയുടെ വിവാഹവിരുന്നിനുള്ള ദശാംശം		ആകെത്തുക	
		രൂ.	ച.	രൂ.	ച.	രൂ.	ച.	രൂ.	ച.	രൂ.	ച.
1	കന്നീറ്റി	14	12	7	4	2	12	18	28	42	27ll
2	തേവലക്കര	9	6	6	4	5	8	6	2	26	20
3	കടമ്പനാട്ട	2	7	3	14	2	27	1	25	10	16
4	കൊല്ലക്കട	3	26	4	5ll	2	25	3	21	14	20ll
5	കൊട്ടാരക്കര	18	2	3	14ll	8	9	9	18ll	39	15ll
6	നെല്ലിക്കുന്നം	7	20	,,	,,	,,	,,	2	9ll	10	1
7	ചെങ്ങളം	18	16	7	24ll	11	14ll	14	,,	51	26ll
	തെക്കേ ഡിവിഷ്യൻ	74	3ll	32	9ll	33	10	56	18ll	196	13
8	മങ്കുഴി	1	1ll	1	9	,,	,,	6	11ll	8	22
9	കായങ്കുളം	27	24ll	29	3	,,	,,	13	19ll	70	18ll
10	കാത്തികപ്പള്ളി	1	11ll	13	8ll	,,	,,	3	1ll	17	21ll

നമ്പ	സഭായോഗങ്ങൾ	വർഷത്തിലെ ആദ്യഫലമായ ദശാംശം		വർഷത്തിലെ മദ്ധ്യഫലമായ ദശാംശം		വർഷത്തിലെ അന്ത്യഫലമായ ദശാംശം		കൂപയുടെ വിവാഹവിരുന്നി നുള്ള ദശാംശം		ആകെത്തുക	
		രൂ.	ച.	രൂ.	ച.	രൂ.	ച.	രൂ.	ച.	രൂ	ച.
11	ചെന്നിത്തല	23	611	7	2711	,,	,,	5	2	36	711
12	മേപ്രാ	26	4	20	711	33	14	10	211	89	28
13	അഞ്ചേരി	38	,,	37	711	,,	,,	26	,,	101	711
	[ൻ പടിഞ്ഞാറെ ഡിവിഷ്യ	117	1911	109	6	33	14	64	811	324	1911
14	ഓമല്ലൂർ	11	711	22	10	12	911	3	14	49	1211
15	ഇലന്തൂർ	20	2011	33	2511	19	18	8	4	82	11
16	അയിരൂർ	18	20	19	14	14	,,	9	4	61	911
17	കോഴഞ്ചേരി	20	14	22	2411	9	14	8	15	61	1011
18	പുമത്തൂർ	14	1511	43	14	19	611	8	4	85	1111
19	കവുങ്ങുംപ്രയാർ	21	1911	24	2211	53	21	9	4	109	10
20	ചെങ്ങന്നൂർ	8	811	10	28	4	14	2	17	26	1011
21	വെണ്മണി	7	2411	6	16	6	7	5	,,	25	19
	കിഴക്കെ ഡിവിഷ്യൻ	123	16	184	12	239	411	54	5	501	9
22	പുത്തൻ ബംഗ്ലാവു	73	711	83	14	15	,,	,,	,,	171	2111
	പൊതുയോഗൈക്യത	388	18	409	13	221	,,	176	311	1194	6

കന്നീറ്റി പൊതുഏകദൈക്യതയോട് ചേന്ന് സകല യോഗ

ത്തിൽ നിന്നുമുള്ള അയ്യാമണ്ടത്തെ ദശാംശപ്പിരിവി

ന്റെ തിരട്ടുകണക്ക്.

യോഗം	ദശാംശം		പതാരം ദക്ഷിണ		ആകത്തുക	
	ക്ര.	ച.	ക്ര.	ച.	ക്ര.	ച.
കന്നീറ്റി	5	3	10	,,	15	3
തേവലക്കര	8	26	,,	,,	8	26
കടമ്പനാട	,,	14	1	22	2	711
കൊളക്കട	3	19	18	,,	21	19
കൊട്ടാരക്കര	29	311	7	,,	36	311
നെല്ലിക്കുന്നം	5	10	,,	,,	5	10
ചെങ്കുളം	3	,,	,,	,,	3	,,
ആകെ തെക്കെ ഡി:					92	12
മങ്കുഴി	2	,,	3	14	5	14
കായങ്കുളം	24	18	7	,,	31	18
കാത്തികപ്പള്ളി	,,	,,	,,	,,	,,	,,
ചെന്നിത്തല	22	14	,,	,,	22	14
മേപ്രാ	32	7	,,	,,	32	7
അഞ്ചേരി	22	811	,,	,,	22	811
ആകെ പടി. ഡി.					114	411
ഓമല്ലൂർ	23	14	,,	,,	23	14
ഏലന്തൂർ	41	15	2	3	43	18
അയിരൂർ	33	2011	,,	,,	33	2011
കോഴഞ്ചേരി	13	15	2	,,	15	15
പൂവത്തൂർ	80	2111	6	,,	86	2111
കവുങ്ങുപ്രയാർ	42	2011	17	,,	59	2011
ചെങ്ങന്നൂർ	6	,,	,,	,,	6	,,
വെണ്മണി	10	16	,,	,,	10	16
ആകെ കിഴ. ഡി.					279	2111
മൂന്ന ഡി. ആകെ					486	911
പുത്തൻ ബംഗ്ലാവു	149	,,	172	,,	321	,,
പൊതുയോഗചിട്ടി	172	,,	103	6	275	6
ആകെത്തുക					596	6
ആകെ പൊതു:					1082	1511



കന്നീററി പൊതുഷ്ക ഐക്യതയോട്ട ചേന്ന സകല യോഗങ്ങളിൽ നിന്നും ഉള്ള സാമാണ്ടത്തെ ദശാംശപ്പിരിവിന്റെ തിരട്ടു കണക്കു.

യോഗം	ദശാംശം		പതാരവും ദക്ഷിണയും		പുസ്തകം വക		ആകെത്തുക	
	രൂ.	ച	രൂ.	ച.	രൂ.	ച.	രൂ.	ച.
കന്നീററി	5	10	,,	,,	,,	,,	5	10
തേവലക്കര	3	1311	,,	,,	5	6	8	1911
കടമ്പനാട്ടു	4	911	,,	,,	,,	,,	4	911
കൊളക്കട	5	1311	,,	,,	,,	,,	5	1311
കൊട്ടാരക്കര	33	2411	,,	,,	4	6	38	2
നെല്ലിക്കന്നം	5	24	,,	,,	,,	,,	5	24
ചെങ്കുളം	10	711	,,	,,	3	,,	13	711
ആംകതെക്കെ ഡി-	68	17	,,	,,	12	12	81	11
മങ്കഴി	4	10	,,	,,	,,	,,	4	10
കായങ്കുളം	39	11	14	,,	6	6	59	17
കാത്തികപ്പള്ളി	6	,,	,,	,,	2	10	8	10
ചെന്നിത്തല	12	2211	,,	,,	,	,,	12	2211
മേപ്രാ	54	2211	,,	,,	,,	,,	54	2211
അങ്ങേരി	49	1111	,,	,,	26	26	76	9
ആകെ പടി: ഡി:	166	2011	14	,,	35	1311	216	511
ഓമല്ലൂർ	25	9	,,	,,	1	2611	27	7
എലന്തൂർ	27	2011	5	,,	2	9	35	1
അയിരൂർ	13	1111	,;	,,	,,	,,	13	1111
കോഴഞ്ചേരി	13	1811	4	6	,,	,,	17	2411
പൂവത്തൂർ	33	1311	,,	,,	,,	12	33	2511
കവുങ്ങുപ്രയാർ	22	22	,,	,,	,,	,,	22	22
ചെങ്ങന്നൂർ	16	1211	16	1	,,	,,	32	1311
വെണ്മണി	5	6	,,	,,	2	711	7	1311
ആകെ കിഴക്കെ ഡി:	157	28	25	7	6	2611	190	411
3 ഡിവിഷ്യനിലെ	393	811	39	7	54	2311	487	1011
പുത്തൻബംഗ്ലാവു	തേങ്ങാ വക						120	,,
,,	യോഗച്ചിട്ടി ദശാംശം വക						137	1511
,,	മനുവിന്റെ സ്ത്രീധനം വക						175	,,
ആകെ							432	1511
വകരണ്ടിൽ പൊതു ഏ:							919	26



യുയോരാലിസന്റെയും കുഡുംബത്തിന്റെയും ജനനം മൃതലായവയുടെ വിവരം.

ഫറഫ ചിങ്ങം ഫവാംനു-ക്കു ഫവ്വനുടെ സെപ്തുംബർ രാം നു- പക ൽ രു മണിക്കു യുയോരാലിസൻ ജനിച്ചു. ഫവ്വനുഫ ഓഗസ്റ്റു രു നു- ലോ ഫ നു- ലോ, ഫവ്വ നു- ലോ, യുയോരാലിസൻ ജെ: ചീറ്റു പാ തിരിയാൽ സ്നാനപ്പെട്ടു. ഫവ്വനുടെ നവംബർ വന്നാം നു- ല്യുഡരിക് ജെൽ എന്ന മദ്രാസ് ബിഷോപ്പിനാൽ ഫാം പട്ടവും ഫവ്വനുവ്വ ഡിസം ബർ ഫന്നാം നു- രണ്ടാം പട്ടവും കൈക്കൊണ്ടു. ഫവ്വനൻ ജനുവരി രാം നു- ചച്ചു്കെന്റൻസലിന്റെ കീഴിൽ കന്നീററി ഇടവകപ്പട്ടക്കാ രനായി വന്നു. ഫവ്വടെ മെയ് ഫാം നു- ആറാണ്ടോത്മാവിനാൽ അഭി ഷേകം കൈക്കൊണ്ടു. ഫവ്വടെ ഒക്ടോബർ ഫവ്വാം നു- ചച്ചുമിഷ്യൻ സഭയിൽനിന്നു വേർപിരിഞ്ഞു കന്നീററി ഉണർവുസഭയുടെ ഒന്നാം സഭാദ്ധനായി സ്ഥിരപ്പെട്ടു.

ഫവ്വനവ നവംബർ ഒാം നു- രാത്രി യുയോരാലിസന്റെയും ഭാര്യ സീതാമരിയുടെയും കടിഞ്ഞൂൽ പുത്രൻ ദാനിയേൽ ജനിച്ചു.

ഫവ്വനുഫ സെപ്തുംബർ പകൽ യുയോരാലിസന്റെയും ഭാര്യ സീ താമരിയുടെയും മകൻ മനു ജനിച്ചു. ഫവ്വടെ നവംബർ വ്യാഴാകം രാംനു- കാലത്തു ഒ മണിക്കു യുയോരാലിസന്റെയും സീതാമരിയുടെ യും മകൾ ഏലിശബെത്തുകുഞ്ഞാമ്മ ജനിച്ചു. ധനു ഒം നു- സ്നാനം.

ഫവ്വടെ ധനു നടാം നു- യുയോരാലിസന്റെയും സീതാമരിയുടെ യും മകൾ മറിയമ്മ ജനിച്ചു. കുംഭം വഒം സ്നാനം.

ഫവ്വടെ ഫെബ്രുവരി പറാം നു- യെന്നവരെ രാത്രി പത്തര മണിക്കു ആത്മജനായ യോഹന്നാൻ യുയോരാലിസനിൽ നിന്നു ജനിച്ചു. ഫവ്വടെ നവംബർ ഫവ്വാം നു- ധമ്മവാരം രാത്രി ഒരു മണിക്കു യുസ്സൂസു യോസേഫാത്മാജൻ യോഹന്നാൻ സീതാമരിയിൽനിന്നു ജനിച്ചു.

ഫവ്വഫ നവംബർ നന്നു- യുയോമയാബ്ദം ഫാമാണ്ടു ഏകാത്മം ഒ നു- ഫറ്റിടെ തുലാം വഫ നു- വാം വാരവൃത്തദിനം നടിൽ ധമ്മവാ രം രാത്രി രണ്ടു മണിക്കു ദാനിയേലിന്റെയും ഭാര്യ അന്നയുടെയും മകൻ സേമലീസൻ മൂന്നാം യോസേഫ് ജനിച്ചു.

ഫവ്വഫ നവംബർ ഫന്നു- യുയോമയാബ്ദം ഫാമാണ്ടു ഏകാത്മം ഫറനു- കാലത്തു എട്ടരമണിക്കു യുയോരാലിസന്റെയും സീതാമരിയു ടെ മകൻ ക്രിസുവണ്ണൻ യോഹന്നാനുജനായ മൂന്നാം യോസേഫ് ജ നിച്ചു. വാം വാരവൃത്തദിനം രവ. തുലാം വൻ നു- ധമ്മവാരം (വ: വാര: ദി. ഫവ ൽ ശ്രുചി വഫ നു- മകരം ഫറ കു ജനുവരി വഫ നു- ധമ്മവാരം പട്ടാഭിഷേകം)

ഫ്വ്വന്റെ മകരം ൩൫- യുസ്സൂസു മത്തായിയുടെയും ഭാര്യ ജൂലിയായുടെയും മകൻ കൊന്നല്യൂസു ജനിച്ചു കൊല്ലകപുത്തൻ ബംഗ്ലാവിൽ വെച്ചാകുന്നു. ഫ്വ്വന്റെ കുംഭം ൈ൫- സ്നാനം.

ഫ്വ്വന്റെ ഡിസംബർ ൭൫- യുസ്സൂസു യാക്കോബിന്റെയും ഭാര്യ അന്നയുടെയും മകൻ അബ്രഹാം ജനിച്ചു പുത്തൻ ബംഗ്ലാവിൽ തെക്കേതിൽ വെച്ചാകുന്നു. ഫ്വ്വന്റെ ജനുവരി ൈ൫- സ്നാനം.

ഫാവുന്റ മകരം യുയോരാലിസന്റെ ഭാര്യ സീതാമരി ജനിച്ചു. ഫാന്റവ മീനം വിവാഹം.

ഫാൽന്ന മകരം ഫ്വ്വ ൫- പകൽ ഫ്വ്വവ്വ ജനുവരി യുസ്സൂസു സമുവേലിന്റെയും മറിയയുടെയും മകൾ സീതാമരി ജനിച്ചു.

യുയോമയാബ്ദം ന്വാമാണ്ടു ഏകാത്മം വവ ൫- ക്കു ഫാൽൻ വ്യുഷ്വാകം ൻ൫- ഫ്വ്വവുന്റ നവംബർ വന്റ ൫- വാം വാരവൃത്തദിനം വൈവ സമവാരം രാത്രി ഫാ മണിക്കു പുത്തൻ ബംഗ്ലാവിൽ വെച്ചു ദാനിയേലിന്റെയും അന്നയുടെയും മകൾ കന്യാകുമാരിഗൌരി ദണ്ഡനീതി അന്നപൂർണ്ണി ശൌദ്ധോദനി മറിയ ജനിച്ചു. പട്ടാഭിഷേകം ഫാൽൻ വ്യുഷ്വികം ഫ്വാം ൫- ധർമ്മവാരത്തിൽ ആയിരുന്നു.

ഫാന്നവ മീനം ഫ൫- ശ്രുഭാത്തിൽ ദാനിയേലിന്റെയും അന്നയുടെയും മകൾ അന്നപൂർണ്ണ പുത്തൻബംഗ്ലാവു എന്ന സ്ഥലത്തു വെച്ചു മരിച്ചു. ഉള്ളിരിപ്പിൽ പുരയിടത്തിൽ അടക്കി. വ വയസ്സും ന മാസവുമായി.

ഫാന്നവ മീനം ൻ൫- ചൊവ്വാഴ്ച രാത്രി ന മണിക്കു യുയോ: വിദ്വാൻ കുട്ടിയുടെയും സീതാമരിയുടെയും മകൻ ക്രിസുവർഗ്ഗീസ് പുത്തൻ ബംഗ്ലായിൽ വെച്ചു മരിച്ചു. ഇടത്തോപ്പിൽ അടക്കി. ൻ വയസ്സും ൻ മാസവുമായി.

ഫാന്നവ മീനം ഫാ ൫- തിങ്കൾ കാലത്തു വ മണിക്കു കൃപാവല്ലി പരമൈക്യാത്മാവായ രാമസ്വാമി റോബേർട്ട ഗോപാലയ്യനാൽ പുത്തൻബംഗ്ലാവിൽവെച്ചു നിത്യവിവാഹം ചെയ്യപ്പെട്ടു. ഫ൫ വയസ്സും ൭ മാസവുമായി. ജഡം ഇടത്തോപ്പിൽ അടക്കി.

ഫാന്നവ വ്യുഷ്വാകം വാം ൫- വെള്ളിയാഴ്ച കാലത്തു ഏഴുമണിക്കു യുയോരാലിസൻ എന്ന മുനാമമുള്ള വിദ്വാൻ കുട്ടി പുത്തൻ ബംഗ്ലാവിൽ വെച്ചു പരലോക സഭയിൽ ചേർന്നു. ൭വ വയസ്സും ന മാസവും ന ദിവസവുമായി ജഡം ഇടത്തോപ്പിൽ അടക്കി.

(മ ദ)

യുയോമയമതസ്ഥാപകനായ വിദ്വാൻ കുട്ടിയുടെയും അദ്ദേഹത്തി
ന്റെ കുടുംബത്തിന്റെയും അദ്ദേഹത്താൽ സ്ഥാപിത
മായയുയോമയസഭയുടെയും

ചരിത്ര സംഗ്രഹം.

പാണ്ടിയിൽ തിരുനൽവേലിജില്ല, അമ്പാസമുദ്രം താലൂക്കിൽ കല്ലടക്കുറിച്ചി, മുതലേപ്പുരം ഗ്രാമത്തിൽ കണ്ണഞ്ചൂരിയാം എന്ന വിളിച്ചുവരുന്ന ഗൃഹത്തിൽ നിന്നു ഒരു ബ്രാഹ്മണൻ ഉദ്ദേശം 200 കൊല്ലങ്ങൾക്കു മുൻപു തിരുവിതാംകൂറിൽ കുന്നത്തൂർ താലൂക്കോട്ട വന്ന് ശാസ്താംകോട്ടയിൽ ജവിളിവ്യാപാരത്തിന്നായി വന്നു താമസിച്ചിരുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ മകളും തുടച്ചയായി ടി. വ്യാപാരം ചെയ്തുകൊണ്ടു അവിടെതന്നെ പാർത്തുവരുമ്പോൾ റീപ്പസുൽത്താന്റെ പടയോട്ടകാലത്തിൽ പാലക്കാട്ടു, തെമ്മലപ്പുറം താലൂക്കു, മഞ്ഞപ്പുറഗ്രാമത്തിൽ ഭാഗ്യതരാം എന്ന വിളിച്ചുവരുന്ന ഗൃഹത്തിൽ നിന്നു ഒരു ബ്രാഹ്മണൻ കുടുംബസഹിതം ശാസ്താംകോട്ടയിൽ വരികയും അദ്ദേഹത്തിന്റെ പുത്രിയായ അലുമേലു എന്ന പെൺകുട്ടിയെ ശാസ്താംകോട്ടയിൽ താമസിച്ചിരുന്ന കണ്ണഞ്ചൂരി രാമപട്ടരുടെ മകൻ സുബ്രഹ്മണ്യൻ വിവാഹം ചെയ്തു. ഭാഗ്യയോട്ട ക്രമേണ മഞ്ഞപ്പുറഗ്രാമത്തിൽ എത്തി സ്വന്തമായ ഒരു ഭവനത്തിൽ താമസിക്കയും ചെയ്തു. അദ്ദേഹത്തിനു രാമൻ എന്നും വെങ്കിടേശ്വരൻ എന്നും രണ്ടു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. അവരിൽ വെങ്കിടേശ്വരൻ എന്ന ഭാഗവതർ ടി മഞ്ഞപ്പുറം എന്ന ഗ്രാമത്തിൽ ജ്യോത്സ്യരാം എന്ന വിളിച്ചുവരുന്ന ഗൃഹത്തിൽ രാമജ്യോത്സ്യരുടെ മകനായ വെങ്കിടേശ്വര ജ്യോത്സ്യരുടെ പ്രഥമപുത്രിയായ മീനാക്ഷി എന്നവരെ വിവാഹം ചെയ്തു. ഇവക്കു രാമൻ, വെങ്കിടകൃഷ്ണൻ, സുബ്രഹ്മണ്യൻ, സൂര്യനാരായണൻ, ഗോവിന്ദൻ, പദ്മനാഭൻ എന്ന ആറു പുത്രന്മാരും അലുമേലു എന്ന ഒരു പുത്രിയും ജനിച്ചു. രാമതായി ജനിച്ച അലുമേലു എന്ന പെൺകുട്ടി 8 വയസ്സു പ്രായമുള്ളപ്പോൾ തന്നെ കഴിഞ്ഞുപോയി. ഇവരിൽ മുത്തവരായ 3 പേരും മഞ്ഞപ്പുറഗ്രാമത്തിൽവച്ചും പദ്മനാഭൻ കരുനാഗപ്പള്ളി ചവറയിൽ കാവനാൽമഠത്തിൽവച്ചുമാണു ജനിച്ചതു. ഈ ആറുപേരിൽ പ്രഥമപുത്രനായ രാമൻ എന്ന ആളത്രെ ഈ യുയോമയമതസ്ഥാപകനായ വിദ്വാൻകുട്ടി. ടി. വെങ്കിടേശ്വരഭാഗവതരുടെ ഈ കുടുംബം ഏകദേശം 1000 വരെ മഞ്ഞപ്പുറഗ്രാമത്തിലും പിന്നീടു ഒരു അഞ്ചോളം ടി ഭാഗ്യവതർക്കു തേവലക്കരെ ഇടയ്ക്കാട്ടു വീട്ടിൽ നിന്നു ദാനമായി കൊടുക്കപ്പെട്ട ഒരു മഠത്തി

ലും അതിൽ പിന്നെ ചവറയിൽ കാവിനാൽ രാമക്കുറുപ്പ് എന്ന ആ
ളാൽ ദാനമായി കൊടുക്കപ്പെട്ട കാവിനാൽ മഠത്തിലുമാണ് പാർത്തു
വന്നത്. വെങ്കിടേശ്വരഭാഗവതർ ചോളദേശവടമനും യജ്ഞവ്വേദി
യും ശ്രീവത്സഗോത്രവും ആപസ്തംബസൂത്രവും സ്മാർത്തമതവുമാണ്. ഈ
വർ ഉത്തമബ്രാഹ്മണവൃത്തിയിൽ സത്യഭക്തിയോട് കൂടെ ചവറയി
ൽ താമസിച്ചുവരുമ്പോൾ ഫാസ്റ്റ്-ാമാണ്ടിടയ്ക്ക് ക്രിസ്ത്യാനിവേദത്തെ
ക്കുറിച്ചു യാതൊരു അറിവും ഇല്ലാതിരിക്കെ ടി വേദത്തിൽ പരിശു
ദ്ധാത്മാവു എന്നു പറയപ്പെടുന്ന സർവ്വശക്തന്റെ ആവേശത്താൽ മാതാ
പിതാക്കന്മാരും ആറു മക്കളും നിറയപ്പെട്ട് ആത്മജ്ഞാനവുള്ളവരായി
ത്തീരുകയും പഞ്ചേന്ദ്രിയങ്ങൾക്കും അന്തഃകരണങ്ങൾക്കും അഗോചരമായ
അതീന്ദ്രിയവിഷയങ്ങളെ ഗ്രഹിച്ചു ദിവ്യാനുഭവം നൽകുന്ന സാക്ഷാ
ൽ വിശ്വാസഭക്തി ഇവരിൽ ഉളവാകയും ഫാസ്റ്റും ഫാസ്റ്റുമായ
തേവലക്കരെ കുളങ്ങരെവീട്ടിൽ കുഞ്ഞാണ്ടിവൈദ്യന്റെ ജാമാതാ
വായ തോമ്മാവൈദ്യനാൽ കൊടുക്കപ്പെട്ട ക്രിസ്തീയവേദപുസ്തകത്തി
ലുള്ള ആദിമുതലവചനശ്രവണമാത്രയിൽ അതിൽ സാക്ഷാൽ ദിവ്യ
വിശ്വാസം ഇവർക്കു ജനിക്കയും ചെയ്തു. ഇപ്രകാരമുള്ള വിശ്വാസജ
നനത്താൽ ഫാസ്റ്റാമാണ്ട് കർക്കടകമാസത്തിലും ഫാസ്റ്റൊമാണ്ട് ചി
ങ്ങം കന്നി എന്ന മാസങ്ങളിലുമായി കരുനാഗപ്പള്ളി കന്നിറേറി ചർച്ച്
മിഷ്യൻ പള്ളിയിൽവച്ചും മാവേലിക്കരെ ചർച്ച്മിഷ്യൻ പള്ളിയിൽ
വെച്ചുമായിട്ടു റവറന്തു യോസേഫ് പീറ്റർ എന്ന പാദ്രിസായ്പിനാൽ
മാതാപിതാക്കന്മാരും ആറു പുത്രന്മാരും ജ്ഞാനസ്നാനപ്പെട്ട ക്രിസ്തുധ
ർമ്മത്തിൽ ഉൾപ്പെടുകയും ചെയ്തു. ഇവരിൽ അത്തനു യുസ്താസു കോ
ന്നല്ലിയുസു എന്നും അമ്മെക്കു സാറാ സത്യബോധിനി എന്നും രാമനു യു
സ്താസു യോസേഫ് എന്നും വെങ്കിടകൃഷ്ണനു യുസ്താസു യാക്കോബു എന്നും
സുബ്രഹ്മണ്യനു യുസ്താസു മത്തായി എന്നും നീയ്ക്കുനാരായണനു യുസ്താസു
യോഹന്നാൻ എന്നും ഗോവിന്ദനു യുസ്താസു പീലിപ്പോസു എന്നും പ
ത്മനാഭനു യുസ്താസു ശമുവേൽ എന്നുമുള്ള പേരുകളാണ് വിളിക്കപ്പെ
ട്ടതു. മൂത്തവരായ മൂന്നു പുത്രന്മാരും ബ്രാഹ്മണധർമ്മപ്രകാരം വിവാ
ഹസ്ഥന്മാരായിരുന്നു. ഇവരിൽ ഒന്നാമന്റെയും മൂന്നാമന്റെയും ഭാ
ര്യമാരും അവരുടെ മാതാക്കന്മാരും ഫാസ്റ്റൊമാണ്ടു തന്നെ ജ്ഞാനസ്നാ
നപ്പെട്ട ക്രിസ്ത്യാനികളായി തീർന്നു. ക്രിസ്ത്യാനി ആയതിന്റെ രണ്ടാം
കൊല്ലത്തിൽ യുസ്താസു കൊന്നല്ലിയുസു എന്ന പേർ ധരിച്ച വെങ്കി
ടേശ്വരഭാഗവതർ ക്രിസ്തുവിശ്വാസിയായി ഈ ലോകം വെടിഞ്ഞു
പിന്നീട് ഒന്നരക്കൊല്ലം കഴിഞ്ഞിട്ടു രണ്ടാമൻ ക്രിസ്തുധർമ്മപ്രകാരം
വീണ്ടും വിവാഹം കഴിച്ചു. അതിൽ പിന്നീട് ശേഷം രണ്ടു പേർ
ടി ധർമ്മപ്രകാരവും ഒടുക്കത്തെ ആൾ യഥായഥധർമ്മപ്രകാരവും വിവാ
ഹം കഴിച്ചു. ഇവർ ആറു പേരിൽ മൂത്ത ആൾക്കു മൂന്നു പുത്രന്മാരും
ഒരു പുത്രിയും, രണ്ടാമനു രണ്ടു പുത്രന്മാരും, മൂന്നാമനു ഒരു പുത്രനും

ഒരു പുത്രിയും, മൂന്നാമനു നാലു പുത്രന്മാരും ഒരു പുത്രിയും, നാലാമനു രണ്ടു പുത്രിമാരും ഇപ്പോൾ ഉണ്ടു. രണ്ടാമനു മക്കൾ ഇല്ല.

ഇവർ ക്രിസ്താബ്ദം ൧൮൫൫ ഒക്തോബർ ൧൮നു വരെ ക്രിസ്തുസഭയുടെ ഒരു ശാഖയായ മലങ്കമിഷ്യനിൽ ഇരിക്കയും പിന്നീടു സ്വജാതികളിൽ നിന്നും മാർഗ്ഗങ്ങളിൽ നിന്നും മതങ്ങളിൽ നിന്നും വേർപ്പെട്ടതും അവയുടെ നിവൃത്തിമാർഗ്ഗവും മതവും ജാതിയുമായ യൂയോമയമതത്തിൽ ഉൾപ്പെടുകയും നാളതുവരെ ആ ധർമ്മത്തിൽ തന്നെ വിശ്വാസാനുസരണമായി ഇരിക്കയും ചെയ്യുന്നു. ഇവരിൽ മൂത്ത ആൾ ഈ മതസ്ഥാപകനും മേലദ്ധ്യക്ഷനും പുരോഹിതനും അത്രെ. ശേഷം അഞ്ചുപേരും വിദ്വാൻകുട്ടിയുടെ മൂത്തമകനായ യൂസ്താസ്യോസ് ദാനിയേൽ എന്ന ആളും ഈ മാർഗ്ഗകാരം ബോധകസ്ഥാനമുള്ളവരും പുരോഹിതന്മാരുമത്രെ. ആറുപേരിൽ ആദ്യം മൂന്നാമനും പിന്നീടു ഒന്നാമനും അതിൽ പിന്നെ ഇവരുടെ മാതാവും കഴിഞ്ഞുപോയി.

ഇനി യൂസ്താസ്യോസേഫ് എന്ന നാമമുള്ള യൂയോറാലിസൻ വിദ്വാൻകുട്ടിയേക്കുറിച്ചും അദ്ദേഹത്താൽ സ്ഥാപിതമായ ഈ യൂയോമയസഭയേക്കുറിച്ചുമാണ് പറയുന്നതു.

യൂയോറാലിസൻ വിദ്വാൻകുട്ടി എന്ന ആൾ ൧൮൧൧ാമാണ്ടു ചിങ്ങമാസം ൨൨ നു പകൽ ൨ മണിക്കു ചതയം നക്ഷത്രത്തിൽ പാലക്കാട്ടു തെമ്മലപ്പുറം മഞ്ഞപ്പുറഗ്രാമത്തിൽ "പാണ്ടിയാം" എന്നു വിളിച്ചുവരുന്ന ഭവനത്തിൽ വെങ്കിടേശ്വര ഭാഗവതരുടെയും ഭാര്യ മീനാക്ഷിഅമ്മാളിന്റെയും മകനായി ജനിച്ചു. രാമൻ എന്ന നാമകരണം ചെയ്യപ്പെട്ടു. ൩ാം വയസ്സിൽ വിദ്യാരംഭത്തിന്നിരുത്തി. ഉദ്ദേശം ൫൲ വയസ്സു വരെ അവിടെ താമസിച്ചു ഒരു ബ്രാഹ്മണവാദ്ധ്യാരുടെ കീഴിൽ തമിഴും മലയാളവും തന്റെ മാതാവിന്റെ ചിറ്റപ്പനായ അനന്തനാരായണജ്യോത്സ്യരുടെ കീഴിൽ സംസ്കൃതഭാഷയുടെ ആദ്യപാഠങ്ങളും ജ്യോതിഷത്തിന്റെ ആദ്യപാഠങ്ങളും അഭ്യസിച്ചു. പിന്നീടു അമ്മാനേട്ടു ക്രൂടെ തേവലക്കരെ വന്നു പാലസ്സൽ കോട്ടരാശാന്റെയും അഴകത്തു വിദ്വാൻ കുറപ്പിന്റെയും കീഴിൽ കാവ്യാദികളും ജ്യോതിഷവും പഠിച്ചു. അനന്തരം ഇടപ്പള്ളിയിൽ ഒരു തിരുമുല്പാടിന്റെയും ഉമ്പുണിത്തിരിയിൽ ഒരു നംപൂതിരിയുടെയും കീഴിൽ തർക്കം മുതലായ ശാസ്ത്രങ്ങളും അഭ്യസിച്ചു. പിന്നീടു പടനായരുകുളങ്ങര കുഞ്ഞണ്ണി ആശാന്റെ കീഴിൽ ജ്യോതിഷം നല്ലവണ്ണം പഠിച്ചു നിവൃത്തിക്കയും മറ്റുള്ള എല്ലാവരാലും ജ്യോരസ്യർ എന്നും വിദ്വാൻകുട്ടി എന്നും വിളിക്കപ്പെടുകയും ചെയ്തു. ൧൮൨൫ാമാണ്ടു തന്റെ ൨൫ാം വയസ്സിൽ പടനായരുകുളങ്ങരെ പുന്തുർ മഠത്തിൽ ശാമു അയ്യന്റെ മകളുടെ മകളും ഇട്ടിസ്സൽ മഠത്തിൽ അനന്തഭാഗവതരുടെ മകന്റെ മകളുമായ "സീതാ" എന്നവരെ വിവാഹം കഴിച്ചു. പടനായരുകുളങ്ങരയും ആതനാട്ടിലുമായി താമസിച്ചു വന്നു.

പിന്നീട് മേൽപറഞ്ഞ സഭ്യശക്തന്റെ ആവേശത്തോടും അതി
നാലുള്ള സാക്ഷാൽ വിശ്വാസത്തോടും കൂടെ തന്റെ അമ്മയഹ
ന്മാർ സഹോദരന്മാർ എന്നവരുമായി ക്രിസ്തുവേദപുസ്തകം വായിച്ചു
പരിശോധിച്ചറിവാൻ ഇടയാകയും, താനും അവരും അപ്പോളുള്ള
സഭ്യമാർഗ്ഗങ്ങളുടെയും നിവൃത്തിമാർഗ്ഗമായ ക്രിസ്തുമാർഗ്ഗത്തിൽ (ചേരാ
തിരിപ്പാനായി ബന്ധുക്കളിൽ നിന്നും സ്വജാതിക്കാരിൽ നിന്നും മ
റ്റുള്ളവരിൽ നിന്നും അനേക തടസ്സങ്ങളും ഉപദ്രവങ്ങളും പ്രയാസ
ങ്ങളും നേരിട്ടുവെയും അവയെ ഒക്കെയും ക്ഷമയോട്ട കൂടെ സഹി
ച്ചുകൊണ്ട ടി ക്രിസ്തുമാർഗ്ഗത്തിൽ) ജ്ഞാനസ്നാനം മൂലം ചേരുകയും
ചെയ്തു. ക്രിസ്തുബ്ദം ൧൮൩൯-മാണ്ട ആഗസ്റ്റമാസം ൨൯-ാം,
൧൯-ാം, ൧൯-ാം മാവേലിക്കര ചർച്ച്മിഷ്യൻപള്ളിയിൽ
വച്ചു റവറന്ത് യോസേഫ് പീറ്റു എന്ന പാദ്രിസായിപ്പിനാൽ യൂസ്സ
ുയോസേഫ് എന്ന നാമകരണത്തോട്ട കൂടെ ആണ താൻ സ്നാന
പ്പെട്ടതു. സ്നാനാനന്തരം താനും തന്റെ നേരെ ഇളയ രണ്ട സഹോ
ദരന്മാരും മാവേലിക്കര ചില മാസങ്ങൾ ഒന്നിച്ചു താമസിച്ചു ക്രി
സ്തുവേദപുസ്തകം പീറ്റു സായ്പ് മൂലം പഠിക്കയും താനും മൂന്നാമത്തെ
ആളും മാവേലിക്കര ചർച്ച്മിഷ്യൻ സഭയുടെ ഉപദേശിമാരായും,
൨-ാമത്തെ ആൾ കന്നിറ്റിസഭയുടെ ഉപദേശിയായും ടി സായ്പ് മൂ
ലം ആക്കപ്പെട്ടുകയും ചെയ്തു. പിന്നീട സായ്പ് ചർച്ച്മിഷ്യൻ കമ്മിട്ടി
യുടെ ആലോചനയോട്ട കൂടെ തനിക്കു പട്ടം കൊട്ടുപ്പാൻ ആലോ
ചിച്ചു ഉറപ്പുകയും ആ കാര്യം സഭയിൽ പ്രസിദ്ധപ്പെടുത്തി തന്നെ ആ
വേലയ്ക്ക പഠിപ്പിക്കയും ചെയ്തു. ഈ സമയം ഇംഗ്ലീഷു, ഗ്രീക്ക് മുതലാ
യ ഭാഷകളിലും തനിക്കു പരിചയം ഉണ്ടായി. സഭയിൽ വേദപുസ്ത
കം യോഗ്യമാംവണ്ണം വ്യാഖ്യാനിച്ചു അതിന്റെ രഹസ്യങ്ങളെ തെ
ളിയിച്ചു, ഉപദേശിപ്പാനും പ്രസംഗിപ്പാനും വേണ്ടതായ സാമർത്ഥ്യ
ത്തെ പ്രാപിക്കയും പട്ടത്വത്തിന്നു എല്ലാവരാലും സമ്മതിക്കപ്പെടുക
യും ചെയ്തു. ൧൮൪൨-ൽ പീറ്റുസായ്പിന്റെ മരണാനന്തരം ഹെന്റി
ബേക്കർ സായ്പു, സ്റ്റീഫൻലിസായ്പു, മുതലായവർ അദ്ദേഹത്തെ
കോട്ടയത്തു വച്ചു സല്പകാലം പട്ടത്തിന്നായി പഠിപ്പിക്കയും ടി ആ
ണ്ടു നവംബർമാസം ൨൯-ാം ഫ്രെഡറിക്ക ജെൽ എന്ന മദ്രാസു
ലോർഡുബിഷോപ്പു അവർകളാൽ ഒന്നാം പട്ടം ഏൽക്കയും മാഡോ
ക്സ് സായ്പിന്റെ കീഴിൽ മാവേലിക്കര സഭയുടെ ചർച്ച്മിഷ്യൻ പ
ട്ടക്കാരനാക്കപ്പെടുകയും ചെയ്തു. ഇങ്ങനെ മൂന്നു വർഷം മാവേലിക്കര
സഭയെ ഭരിച്ചതിന്റെശേഷം ൧൮൪൫ ഡിസംബർമാസം ൨൯-
ാം ബിഷോപ്പു അവർകളാൽ തന്നെ കോട്ടയത്തു വച്ചു രണ്ടാം
പട്ടവും ഏറ്റു. ൧൮൪൯ ജനുവരിമാസം ൨൯-ാം ചർച്ച്കൌൻസലി
ന്റെ കീഴിൽ കന്നിറ്റി ഇടവകപ്പട്ടക്കാരനാക്കപ്പെട്ടു. ഈ വേലയെ
വിശ്വാസത്തോടും പരമഭക്തിയോടും അതിജാഗ്രതയോടും കൂടെ

ആറു വർഷകാലത്തോളം താൻ നടത്തിയതിനാൽ കന്നീറ്റി, തേവലക്കര, ഞക്കനാൽ, കുണ്ടറ, പുത്തൂപ്പള്ളി, മങ്കുഴി, കാഠാനം, ചേപ്പാട്ട മുതലായ സഭകളിലുള്ള ചച്ചുമിഷ്യൻ സഭക്കാർക്കും സുറിയാനി സഭയിലുള്ള അനേകായിരം ആളുകൾക്കും സർവ്വശക്തന്റെ ആവേശമായ ഉണർവു, ഏവുന്നെ-മാണ്ടു മുതൽ ഉണ്ടാകയും അനേകായിരം പേർ ക്രിസ്തുമാർഗ്ഗത്തിൽ സത്യവിശ്വാസികളും ഭക്തന്മാരുമായി തീരുകയും ചെയ്തു. ചച്ചുമിഷ്യനിലും സുറിയാനി സഭയിലുമുള്ള ആളുകൾക്കു ഉപദേശിക്കയും, പ്രസംഗങ്ങൾ നടത്തുകയും, ജാഗ്രതയോടുകൂടെ സുവിശേഷവേല ചെയ്കയും ചെയ്തുകൊണ്ടു വന്ന തന്റെ സഹോദരന്മാരും തങ്ങളുടെ പ്രവൃത്തിയുടെ ഫലമായ ഉണർവു ജനങ്ങൾക്കു ഉണ്ടായപ്പോൾ സന്തോഷത്തോടും അതിജാഗ്രതയോടുംകൂടെ അവരുടെ ഇടയിൽ ടി വേല ചെയ്തു, ദിവ്യാവേശത്താൽ നിറഞ്ഞു, വേദരഹസ്യങ്ങളെ അവർക്കു തെളിയിച്ചു കാണിക്കയും മറ്റും ചെയ്തു.

ഇങ്ങനെ ഇരിക്കുമ്പോൾ ദൈവപുത്രനും ക്രിസ്തുസഭയുടെ നാഥനുമായ യേശുക്രിസ്തുന്റെ കായ്സ്ഥനായ പരിശുദ്ധാത്മാവു സുറിയാനിസഭയിൽ നിന്നും താൻ ഉണർത്തിയവനായ കൊട്ടാരക്കര താലൂക്കിൽ വെളിയംപ്രവൃത്തി ചെംകുളം മുറി കുടാരപ്പള്ളി തൊമ്മനിൽ സത്യദീർഘദർശനാത്മാവായി അവസരിച്ചു വിടാൻകൂടിയായ യൂസുസ യോസേഫ് എന്ന പട്ടക്കാരനോടു യേശുക്രിസ്തുന്റെ മഹത്പ്രത്യക്ഷത ഏവുന്നെ മെയ് മാസം മുതൽ ആറു വർഷം കഴിഞ്ഞു ഏഴാം വർഷം (എന്നു വച്ചാൽ വേദവാക്യങ്ങളിൽ പറയുന്ന ചില ദിവസങ്ങൾ കഴിഞ്ഞു) ഉണ്ടാകുമെന്നു വെളിപ്പെടുത്തുകയും താൻ അദ്ദേഹത്തിൽ സർവ്വപൂർണ്ണതയോടുകൂടെ വിശ്വാസത്തിന്റെയും വെളിപ്പാടിന്റെയും, ജ്ഞാനത്തിന്റെയും, ബോധത്തിന്റെയും, ശക്തിയുടെയും, സ്വസ്ഥബുദ്ധിയുടെയും, സാക്ഷാൽ ഈശ്വരഭക്തിയായ യഹോവായേക്കുറിച്ചുള്ള ഭയത്തിന്റെയും, സത്യസ്നേഹത്തിന്റെയും ആത്മാവായി അവസരിക്കയും ചെയ്തു. ഇങ്ങനെ അദ്ദേഹത്തിലും സഹോദരന്മാരിലും പരിശുദ്ധാത്മാവു അവസരിച്ചതിനാൽ അവർ ആ ആത്മാവിന്റെ ഉദ്യോഗിപ്പു മൂലം യേശുക്രിസ്തുന്റെ മഹത്പ്രത്യക്ഷതയെക്കുറിച്ചു അയത്നം ഇന്നപ്പോൾ ഉണ്ടാകുമെന്നു വേദവാക്യസാക്ഷികളോടുകൂടെ അനേകായിരം പേർക്കു സാക്ഷിപ്പെടുത്തി പ്രസംഗിക്കയും ഉപദേശിക്കയും മറ്റും ചെയ്തു. അതിനാൽ ചച്ചുമിഷ്യൻ സഭയിൽ നിന്നും സുറിയാനിസഭയിൽ നിന്നും പല പല ആളുകൾ ആകായ്വും വിശ്വസിച്ചു അംഗീകരിക്കയും ഉത്തമഭക്തിയുള്ള ക്രിസ്ത്യാനികളായി തീരുകയും ചെയ്തു. വിശേഷിച്ചും വിദ്വാൻകുട്ടി, മദ്രാസിലേ ലോർഡ് ബിഷോപ്പു അവർകൾക്കു ഇതിനെ സംബന്ധിച്ചു പല എഴുത്തുകൾ എഴുതീട്ടുള്ളതുകൂടാതെ സംപീച്ച്ലിസായ്മു, ഹെ

ൻ റിബേക്കർ സായ്പു, കേലിസായ്പു, ജെ. ഏച്ച് ബിഷോപ്പു സായ്പു, റിച്ചാർഡ് സ സായ്പു, മറ്റ് യർസായ്പു മുതലായ സായിപ്പന്മാക്കും സുറിയാനി മേലദ്ധ്യക്ഷന്മാരായ മാർ അത്താനാസ്യോസുമെത്രാപ്പോലീത്താ, അന്ത്യേ മറ്റുമെത്രാന്മാർ, പാത്രയക്കീസു മുതലായവക്കും ചർച്ച്മിഷ്യനിലും സുറിയാനിസഭയിലുമുള്ള പല നാട്ടുപട്ടക്കാക്കും, മറ്റനേകക്കും പല എഴുത്തുകൾ അയയ്ക്കുയും ചെയ്തു. ഇവരിൽ പലരോടും വാക്കു മുലമായും ഈ കാര്യം സംക്ഷിപ്പെട്ടുത്തീട്ടുണ്ടു. എന്നാൽ ഇവരിൽ മിക്കപേരും ഇതിനെ അംഗീകരിക്കാതെ നിഷേധിക്കയത്രേ ചെയ്തതു. എങ്കിലും വേദവാക്യസാക്ഷികളോടുകൂടെ വിദ്വാൻകുട്ടിയോടു എതുപ്പാനും അദ്ദേഹത്തിന്റെ ഈ ഉപദേശത്തെ തെറ്റെന്നു കാണിപ്പാനും തങ്ങളുടെ ഉപദേശം സത്യമെന്നു കാണിപ്പാനും അവക്കു അശേഷം കഴിഞ്ഞിട്ടില്ല എന്നു അദ്ദേഹം എഴുതീട്ടുള്ള എഴുത്തുകുത്തുകളെ പരിശോധിച്ചാൽ അറിയാവുന്നതാണു.

ഇങ്ങനെ തന്റെ സത്യവും സുഖകരവുമായ ഉപദേശത്തെ സായിപ്പന്മാരും ചർച്ച്മിഷ്യൻ നാട്ടുപട്ടക്കാരും സ്വീകരിക്കാഞ്ഞതിനാൽ താൻ അവരിൽനിന്നും പിരിയേണ്ടിവന്നു. എന്നാൽ ചർച്ച്മിഷ്യനിൽനിന്നും സുറിയാനിസഭയിൽനിന്നുമായി (൧൦൦൦) പതിനായിരത്തിൽ പരം ആളുകളും സുറിയാനിപ്പട്ടക്കാരിൽ ൧൧ പേരും ഈ ഉപദേശത്തെ സ്വീകരിക്കയും കന്നീറ്റി ഉണർവുസഭ എന്ന പേരോടുകൂടി വേർതിരികയും, ഈ സഭയ്ക്കു "കന്നീറ്റുണർവുസഭാലോചനസംഘം" എന്നൊരു സംഘം ഏർപ്പെടുത്തുകയും സഭക്കാരും സംഘക്കാരും, തന്നെ ഈ സഭയുടെയും സംഘത്തിന്റെയും മേലദ്ധ്യക്ഷനായി കൈക്കൊള്ളുകയും ശേഷമുള്ള ൧൧ പട്ടക്കാരെ ഈ സഭയുടെ പട്ടക്കാരായി ഏർപ്പെടുത്തുകയും മറ്റും ചെയ്തു. എങ്കിലോ ഉണർവുസഭ എന്ന പേരുള്ള ഈ സഭ വേർപിരിഞ്ഞതും സംഘം ഏർപ്പെട്ടതുപ്പെട്ടതും തന്നെ മേലദ്ധ്യക്ഷനാക്കിയതും ഒരു സഭയ്ക്കു വേണ്ടതായ സകല കാര്യങ്ങളും ഏർപ്പെടുത്തിയതും സർവ്വശക്തന്റെ ആവേശവും യേശുക്രിസ്തന്റെ കാര്യസ്ഥനുമായ പരിശുദ്ധാത്മാവിന്റെ ദിവ്യ അരുളപ്പാടായ കല്പനപ്രകാരമത്രേ. ഇപ്രകാരം പരിശുദ്ധാത്മാവിന്റെ കല്പനപ്പടി സഭയാൽ താൻ ഉണർവുസഭാദ്ധ്യക്ഷനാക്കപ്പെട്ടതു ൧൮൭൭ ഒക്തോബർമാസം ൧൭-ാം തീയ്യതി. അന്നാകുന്നു ഉണർവുസഭയായ ഈ നുയോമയസഭ ഉത്ഭവിച്ചതു.

ഈ ഉണർവുസഭ കിഴക്കു, തെക്കു, പടിഞ്ഞാറു, വടക്കു എന്ന നാലു ഡിവിഷ്യനായി തിരിക്കപ്പെട്ടു. കിഴക്കേ ഡിവിഷ്യനിൽ ചെങ്ങന്നൂർ, വെണ്മണി, എലന്തൂർ, പൂവത്തൂർ, കവുങ്ങുംപ്രയാറു എന്ന അഞ്ചു ഇടവകകളും, തെക്കേ ഡിവിഷ്യനിൽ കന്നീറ്റി, കണ്ടമനാടു; കുണ്ടറ, കൊട്ടാരക്കര, ചെങ്കൊളം എന്ന അഞ്ചു ഇടവകകളും, പടി

ഞ്ഞാറെ ഡിവിഷ്യനിൽ മങ്കുഴി, കായംകുളം, കാത്തികപ്പള്ളി ചെറുകോൽ, നിരണം എന്ന അഞ്ചു ഇടവകകളും വടക്കേ ഡിവിഷ്യനിൽ അഞ്ചേരി എന്ന ഒരു ഇടവകയും ഇങ്ങനെ ആകെ ഏന്ന ഇടവകകളായി വിഭജിക്കപ്പെട്ടു. ഈ പതിനാറു ഇടവകയിലുമായി ഉദ്ദേശം ൪൫൦൦ (ആയിരത്തഞ്ഞൂറു) വീട്ടുകളും പതിനായിരത്തിൽ പരം ജനങ്ങളുമുണ്ടായിരുന്ന ഈ സഭയിലെ ആത്മീകകാര്യങ്ങളെ നടത്തുന്നതിനു വിദ്വാന്മാരുടെ ഉൾപ്പടെ ൧൨ പട്ടക്കാരും, ൧൨ ബോധകന്മാരും, തൊമ്മൻ എന്നും ഈപ്പൻ എന്നും പേരുള്ള രണ്ടു പ്രധാന ദീർഘദർശിമാരും, അവരുടെ കീഴിൽ ൧൨ൽ അധികം ദീർഘദർശിമാരും, ൫൦ൽ അധികം ഉപദേഷ്ടാക്കന്മാരും, ൨൦൦ൽ പരം സുവിശേഷകന്മാരും ഉണ്ടായിരുന്നു. ക്രമത്തെ ആത്മീകത്തിനടത്തുന്നതിനായി ൩ പ്രധാന തലവന്മാരും, ൧൨ തലവന്മാരും, ഓരോ ഇടവകയിൽ ഒന്നോ രണ്ടോ കാര്യസ്ഥരും, ഓരോ കാര്യസ്ഥന്റെ കീഴിൽ നാന്നാലു മുപ്പന്മാരും, ഓരോ മുപ്പന്റെ കീഴിൽ പതുപ്പത്തു കുടുംബങ്ങളുടെ മേലുവിചാരക്കാരായി മുംമുന്നു ഭവനവിചാരിപ്പുകാരന്മാരും, സഹായവിചാരകന്മാരും, ഞായർ വെള്ളി ഉപവാസദിനങ്ങൾ എന്ന ദിവസങ്ങളിൽ ഉദയാസ്തമനമായി കഴിക്കപ്പെട്ട ദൈവാരാധനകൾക്കു പട്ടക്കാർ, ബോധകന്മാർ, ദീർഘദർശിമാർ എന്നവരെ ക്രമത്തെ വിടുവാൻ കൂട്ടിയുടെ അനുജനായ യുസ്താസു മത്തായിബോധകർ എന്നുള്ള കായപ്രമാണിയുടെ കീഴിൽ അനേകം കായകന്മാരും, ആരാധന സമയത്തു ജനങ്ങളെ ദിവ്യകാര്യങ്ങളിൽ ജാഗ്രതപ്പെടുത്തുന്ന വല ജാഗ്രുകന്മാരും, ജനങ്ങളെ ക്രമപ്പെടുത്തി ഇരുത്തുന്ന ക്രമപാലകന്മാരും, ആരാധനസ്ഥലത്തു ജനങ്ങളെ അയയ്ക്കുയും പുറത്തു വിടുകയും ചെയ്യുന്ന ദ്വാസ്ഥന്മാരും ഉണ്ടായിരുന്നു. സഭയുടെ വേലയെ ചെയ്യുന്ന ഈ ശുശ്രൂഷക്കാർ കൂലിക്കു വേല ചെയ്യാത്തവരാകയാൽ ശമ്പളമില്ലാത്തവരത്രേ. എങ്കിലും അവരിൽ ദരിദ്രന്മാർക്കും സഭയിലുള്ള ദരിദ്രന്മാർക്കും സഭയിൽ നിന്നു വീരിയുന്ന ധർമ്മശേഖരം കാണിക്കു, മനഃപൂർവ്വദാനം ദശാംശവീരിവു, എന്നിവകളിൽനിന്നു സഹായിച്ചു വന്നു. ആയതു ഇപ്പോഴും അങ്ങിനെതന്നെ നടന്നുവരുന്നു.

ഉണർവുസഭ ഒരാണ്ടിലധികം ഈ ക്രമത്തിൽ പരിശുദ്ധാത്മാവിന്റെ ദിവ്യവരുതിക്കീഴിൽ നടന്നുവരുമ്പോൾ അതീന്ദ്രിയ വിഷയങ്ങളെ ഗ്രഹിപ്പിക്കുന്ന വിശ്വാസത്തിനുമാത്രം വിഷയമായ പിതാവു, പുത്രൻ, പരിശുദ്ധാത്മാവു എന്ന ത്രിയേകദൈവവും, തത്സ്വരൂപത്തിൽ അവിടെ നിന്നും ജനിച്ചിട്ടുള്ള വസ്തുവും, പഞ്ചേന്ദ്രിയങ്ങൾക്കും അന്തഃകരണങ്ങൾക്കും വിഷയമല്ലാത്തതിനാൽ നിത്യമായതും, ശേഷമുള്ളതെല്ലാം അനിത്യമായതും ആകുന്നു എന്നും, നിത്യം അനിത്യമോ അനിത്യം നിത്യമോ ആകുവാൻ കഴിയാത്തതും ആ

കുന്നു എന്നും, നിത്യം അനിത്യത്വത്തിന്റെ വേഷത്തെ ചില കാരണങ്ങളാൽ എടുക്കേണ്ടി വന്നാലും വേഷം നിത്യമല്ല എന്നും, വേഷത്തിൽ ദൈവത്തെ കാണ്മാൻ ആഗ്രഹിക്കരുതാത്തതും, ആ ആഗ്രഹം സാധിപ്പാൻ കഴിയാത്തതും ആകുന്നു എന്നും, അതീന്ദ്രിയവിഷയങ്ങളെ ഗ്രഹിപ്പിക്കുന്ന വിശ്വാസം ഉണ്ടെങ്കിൽ അവനവനിലുള്ള സത്യത്രിയേകദൈവത്തെ കാണാമെന്നും വിശ്വാസം കൂടാതെ തങ്ങളിലുള്ള ത്രിയേകദൈവത്തെ കാണ്മാൻ കഴിയുന്നതല്ല എന്നും അതിനാൽ യേശുക്രിസ്തന്റെ മഹത്പ്രത്യക്ഷത കാഴ്ചപ്രകാരമല്ലാത്തതും, അങ്ങനെയുണ്ടാകാത്തതും, ഉണ്ടാകുവാൻ കഴിയാത്തതും ആകുന്നു എന്നും, ഇതു ക്രിസ്ത്യാനി വേദത്തിന്റെ പ്രധാന രഹസ്യമെന്നും, അതിൽ അക്ഷരമായി പറഞ്ഞിരിക്കുന്നതു സാക്ഷാൽ പൊരുളിനെ തെളിയിക്കുന്ന നിഴലും, നിഴൽ അനിത്യവും, പൊരുൾ നിത്യവും, ആകയാൽ പൊരുളാകുന്ന സത്യമാം ഉണ്മയെ മാത്രം പിടിച്ചുകൊള്ളണമെന്നും. വേദപ്പൊരുളായ പരിശുദ്ധാത്മാവു കുന്നു തന്നെ വിശ്വാസം മൂലം ഉള്ളിൽ കണ്ട ഭാഗിച്ചു വേദരഹസ്യങ്ങളെ താൻമൂലം അറിഞ്ഞുകൊള്ളണം എന്നുമുറപ്പുള്ള നിത്യജീവവിശ്വാസജ്ഞാനമാംസത്യപ്രകാശത്തെ ഇല്ലായ്മ ചെയ്യുന്ന വിശ്വാസത്യാഗമാം മഹാന്ധകാരം, സാക്ഷാൽ അവിശ്വാസാന്ധകാരത്തിൻ അധിപതിയാകുന്ന മായാവിയാം പിശാചു അല്ലെങ്കിൽ സാത്താൻമൂലം ഭൂലോകത്തിൽ (എന്നുവച്ചാൽ ഭൂലോകത്തിന്റെ പ്രതിനിധിയാകുന്ന ഈ സഭയിൽ) ഫരിശമാണ്ടുകക്കടകമാസം 12നു മുതൽ മൂന്നു ദിവസം ഉണ്ടാകുമെന്നു പരിശുദ്ധാത്മാവു ദീർഘദർശിമാർ മൂലം വെളിപ്പെടുത്തി. എങ്കിലോ സഭയിലുള്ളവർക്കു സാക്ഷാൽ വിശ്വാസത്തിൻ ദിവ്യജ്ഞാനം അപ്പോൾ വേണ്ടുംവണ്ണം ഇല്ലാഞ്ഞതിനാൽസാക്ഷാൽ അന്ധകാരത്തെ ദൃഷ്ടിഗോചരമായ ഇരുട്ടു എന്നു മാത്രം അറിഞ്ഞു അതിന്നായി കാത്തിരിക്കയും അങ്ങനെ ഉണ്ടാകുവാൻ ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്തു. പരിശുദ്ധാത്മാവിന്റെ ആന്തരമറിയാതെ പെളിപ്പാടിന്റെ പുറത്തെ അക്ഷരത്തെ മാത്രം പിടിച്ചുകൊണ്ടു തങ്ങളുടെ കാത്തിരിപ്പിന്നു തക്കവണ്ണം അന്ധകാരവും മേൽ കാണുന്ന ആകാശത്തിൽ വലിയ അടയാളങ്ങളും ഉണ്ടാകുമെന്നു എല്ലാവരോടും അറിയിച്ചുതുകൂടാതെ അപ്പോൾ രാജ്യഭാരം ചെയ്തിരുന്ന നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലേക്കും ഇംഗ്ലാണ്ടിലെ മഹാരാജ്ഞി തിരുമനസ്സിലേക്കും കമ്പി അടിപ്പിച്ചു, ആകാശത്തിൽ ചില ലക്ഷ്യങ്ങൾ ഉണ്ടാകുമെന്നു അറിയിക്കയും ചെയ്തു. എങ്കിലോ യേശുക്രിസ്തന്റെ മഹത്പ്രത്യക്ഷത 12നു മെയ് 12നു മുതൽ ആറുവർഷം കഴിഞ്ഞു ഏഴാം വർഷം സാക്ഷാൽ ഉണ്മയിൻപ്രകാരം ഉണ്ടാകുമെന്നുള്ളതിനു ദൃഢസാക്ഷിയായ ഈ ലക്ഷ്യം തങ്ങളുടെ കാത്തിരിപ്പിന്നു തക്കവണ്ണം ഉണ്ടാകാഞ്ഞതിനാൽ മിക്ക ആളുകളും സ

ഭയിൽ നിന്നു മാറിക്കളഞ്ഞു. എന്നു മാത്രമല്ല, ഭക്തന്മാർ അഭക്തന്മാരായും വിശ്വാസികൾ അവിശ്വാസികളായും ദിവ്യ അറിവു ഇല്ലാത്തവരായും തീർന്നുപോയി.

എങ്കിലും മനുഷ്യന്റെ പുറമേയുള്ള നോട്ടത്തെ മാറ്റി അകമേയുള്ള നോട്ടത്തെ അവനിൽ വരുത്തി നിത്യജീവ വിശ്വാസത്തിൻ സത്യ പ്രകാശത്താൽ അവന്റെ ഹൃദയത്തെ പ്രകാശിപ്പിച്ചു അവനെ തിരിച്ചറിവിന്റെ പൂർണ്ണ നിശ്ചയമുള്ളവനാക്കി മോക്ഷാനന്ദം നൽകുവാൻ തിരുമനസ്സായ പരമ കരുണാനിധിയും പരിശുദ്ധാത്മാവാകുന്ന മഹാ ദൈവം വിശ്വാസത്യാഗം അന്ധകാരമാകുന്നതെന്നും സത്യവിശ്വാസം പ്രകാശമാകുന്നതെന്നും ഉള്ള ദിവ്യസത്യത്തെ ദീർഘദർശിമാർ മൂലം വിദ്വാൻകൂട്ടിയോടും മറ്റുള്ളവരോടും വെളിപ്പെട്ടത്തി. ഈ സത്യത്തെ വിദ്വാൻകൂട്ടി സമ്മതിച്ചു അനുസരിച്ചതിനാൽ പരിശുദ്ധാത്മാവു അദ്ദേഹത്തിൽ നിറവായി ആവസിക്കയും ക്രമംകൊണ്ടു അദ്ദേഹത്തെ സർവ്വ വെളിപ്പാടുകളുടെയും, സകല വേദവാക്യങ്ങളുടെയും മുദ്രിക്കപ്പെടുമ്പോൾ സകലത്തിന്റെയും രഹസ്യങ്ങളെ അറിവാനും തെളിയിപ്പാനും ബോധപ്പെടുത്തി കാണിപ്പാനും തക്കതായ ദിവ്യ ജ്ഞാനപൂർണ്ണനാക്കയും ചെയ്തു. അദ്ദേഹത്തെ തങ്ങളുടെ ഗുരുവായി കൈക്കൊണ്ട അദ്ദേഹത്തിന്റെ സഹോദരന്മാരായ ബോധകന്മാരും മറ്റു ചില ബോധകന്മാരും ചിലപട്ടക്കാരും തലവന്മാരും മറ്റുള്ള ശുശ്രൂഷക്കാരിൽ ചിലരും ജനങ്ങളിൽ ചിലരും പരിശുദ്ധാത്മാവിന്റെ സത്യാന്തരത്തെ അറിഞ്ഞു വിശ്വാസത്താൽ പരിശുദ്ധാത്മനിറവുള്ളവരായി ഈ സത്യത്തെ പലർക്കും തെളിയിച്ചതിനാൽ പലരും വീണ്ടും ഈ ഉണർവ്വുസഭയിൽ ചേർന്നു. സഭ രണ്ടാമതും പുരുഷന്മാരും സ്ത്രീകളും പൈതങ്ങളുമായി ൧൦൦ (ഏഴായിരത്തോളം) പെരുകി.

പിതാവായ ദൈവം യഹോവാ എന്നുള്ള നാമത്തിൽ മോശയ്ക്കു തന്നെ വെളിപ്പെടുത്തി സകല മനുഷ്യരുടെയും ജീവാത്മൈക്യതയെ തന്നിൽ വഹിച്ചിട്ടുള്ള താൻ അദ്ദേഹത്തിന്റെ ജീവാത്മാവിൽ വിളങ്ങി തന്നിൽ അദ്ദേഹത്തിനു പൂർണ്ണ വിശ്വാസൈക്യം വരുത്തി സർവ്വജീവാത്മാക്കളുടെയും ജനകജനനിയായ തന്റെ സ്ഥാനത്തെ അദ്ദേഹത്തിനു നൽകി അദ്ദേഹം മൂലം സകല ദേവമക്കളും ജീവാത്മാക്കളായ ദൈവമനുഷ്യരെ കാണിക്കുന്ന പടങ്ങളായ യഹൂദർക്കു ധർമ്മത്തെ കൊടുത്തു. അതു വിശ്വാസത്തിൻ ദിവ്യരഹസ്യമുള്ളതാണെങ്കിലും അതിൽ പുറമെ ആചരിപ്പാനും നടത്തുവാനുമുള്ള പല പല നടപടിക്രമങ്ങളും ചട്ടവട്ടങ്ങളുമുണ്ട്. അതിനെ സാക്ഷാൽ വിശ്വാസസ്നേഹാശ്ലേഷണബന്ധങ്ങളിൽ പൂർണ്ണ ഹൃദയത്തോടുകൂടെ ആചരിക്കുന്നവർക്കു വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള ദിവ്യാനുഭവങ്ങൾ അന്തരത്തിലും അതിന്റെ നിഴലായ ബാഹ്യത്തിലുമുണ്ട്. എങ്കിലും പിന്നീട്

വെളിപ്പെടുവാനുള്ള യേശുക്രിസ്തനും അദ്ദേഹത്തിന്റെ സമസ്തത്തിനും മോശയും ദീർഘദർശിമാരും മൂലമുള്ളവ നിഴലാകയാൽ ബാഹ്യങ്ങളായ പടങ്ങളിലുള്ള മഹത്വവും വലിപ്പവും ആ പഴയനിയമത്തിനു വളരെ ഉണ്ടു. അതിന്റെ ആന്തരകാര്യങ്ങൾ നിത്യമാണെങ്കിലും ബാഹ്യങ്ങൾ അനിത്യമത്രെ. ആന്തരമായ ആത്മരക്ഷ അതിലുണ്ടെങ്കിലും ആത്മാവിന്നടുത്ത ജീവന്റെയും ശരീരത്തിന്റെയും രക്ഷ അതിൽ ഇല്ലാത്തതിനാൽ അതു പിന്നീടു ഉണ്ടാകുവാനുള്ള ആത്മജീവന്റെയും ആത്മശരീരത്തിന്റെയും രക്ഷയെ നൽകുന്ന സുവിശേഷത്തെക്കുറിച്ചും നിത്യസുവിശേഷത്തെക്കുറിച്ചും പ്രവചിച്ചുകൊണ്ടിരുന്നു. ഫറോവിന്റെ അടിമയിൽനിന്നു ഇസ്രയേൽക്കാരെ വിടുവിച്ച വണ്ണം ആദ്യലംഘനം മൂലം സാത്താന്റെ അടിമയായിതീർന്ന മനുഷ്യാത്മാവു ആ മോശ ധർമ്മാത്മാവായ മോശമൂലം വിടുവിക്കപ്പെട്ടിട്ടുണ്ടെങ്കിലും ജീവശരീരങ്ങളുടെ അടിമയെ തീർപ്പാൻ ആ ധർമ്മത്തിനു കഴിയാത്തതിനാൽ ജീവശരീരങ്ങൾക്കു അതു അടിമയിൻ പ്രമാണമത്രെ. അതിനാൽ ജീവശരീരങ്ങളുടെ അടിമയെ തീർക്കുന്ന പ്രമാണം പിന്നീടു ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനാൽ മോശ ധർമ്മം പൂർണ്ണതയുള്ളതല്ല. എങ്കിലും അതു അപ്പോളുള്ള സർവ്വപ്രമാണങ്ങളുടെയും അനുസരണനിവൃത്തിയെ പ്രാപിച്ചതാകയാൽ അതുത്തോളമുള്ള പൂർണ്ണത അതിനുണ്ടു. ജീവശരീരപ്രകാരം ദാസ്യപ്രമാണമായ മോശയിൻ പ്രമാണത്തെ ദാസനായ മനുഷ്യനു ഉള്ളവണ്ണം ആചരിപ്പാൻ കഴിയുന്നതല്ല. യജമാനനായ പിതൃഹൃദയത്തെ അറിയുന്ന പുത്രഹൃദയത്തിനു മാത്രമെ അതിനെ ഉള്ളവണ്ണം ആചരിപ്പാൻ കഴിയൂ. അതിനാലത്രെ ദൈവപുത്രൻ മോശധർമ്മത്തിൻ കീഴിൽ മനുഷ്യവേഷത്തിൽ വെളിപ്പെട്ടതു.

മോശ ധർമ്മത്തിൽ ബാഹ്യാചാരങ്ങൾ വളരെയുണ്ടെങ്കിലും അവയിൽ പ്രധാനമായവ രണ്ടത്രെ. അവയവ (൧) ആ ധർമ്മത്തിൻ പ്രകാരം ഒരുവനെ ജനിപ്പിക്കുന്ന പരിഛേദനയാകുന്ന മേലാകമ്മവും (൨) ആ ധർമ്മത്തിൻപ്രകാരമുള്ള ഭക്ഷണമായ പെസഹാഭക്ഷണവുമത്രെ.

ഭോക്താവിനെ ഭക്ഷിക്കുന്നതായ മാംസഭക്ഷണവും മദ്യവും ആദിയിൽ മനുഷ്യനു വിധിച്ചിട്ടില്ലാത്തതും ഭോജ്യമായ ധാന്യവർഗ്ഗങ്ങൾ ഫലമൂലാദികൾ മുതലായ അന്നപാനീയങ്ങൾ മാത്രം അവനു വിധിച്ചിട്ടുള്ളതും ആകുന്നു എങ്കിലും ലംഘനം മൂലം അവൻ മൃഗതുല്യനായി പോയതിനാലും ലംഘനപരിഹാരത്തിന്നായി പുണ്യനരഹത്യരക്തം ചൊരിയപ്പെട്ടു അങ്ങനെ പാപപരിഹാരം സാക്ഷാൽ ഉണ്ടാകുമെന്നുള്ളതിനെ സൂചിപ്പിക്കുന്നതിനാലും മൃഗബലി വിധിക്കപ്പെട്ടതിനാലും മനുഷ്യൻ മാംസമദ്യങ്ങളെ ഭക്ഷിച്ചുകൂടിപ്പാൻ കല്പിക്കപ്പെട്ടു. എന്നാൽ മോശയിൻ ധർമ്മത്തിൽ ശുദ്ധാശുദ്ധവിവേചനത്തോടു കൂടെ അ

ങ്ങനെ ചെയ്യണമെന്നും കല്പിക്കപ്പെട്ടു. പെസഹാഭക്ഷണത്തിൽ പ്ര
ധാനഭാഗം അഗ്നിയിൽ ചുടപ്പെട്ട ആട്ടിൻകുട്ടിയുടെ മാംസമത്രെ.
ദൈവപുത്രൻ യേശുഎന്ന നാമത്തോടുകൂടെ മനുഷ്യവേഷത്തെ
എടുത്തു മനുഷ്യനായി തീർന്നു തൻ പിതാവിന്നിഷ്ടാനുസരണമായി
മോശ ധർമ്മത്തെ മനഃപൂർവ്വത്തോടുകൂടെ ആചരിച്ചു സകലത്തെയും
നിവൃത്തിച്ചു തൻപിതാവിൻ കല്പനപ്രകാരം പെസഹായിൻ ചൊ
ൽക്കുറിയായ മാംസത്തെ മാററി പുതിയനിയമത്തിൻ പെസഹായാ
കുന്ന രാത്രി ഭക്ഷണത്തെ തൻശിഷ്യർക്കു നിയമിച്ചു. ആയതു തന്റെ
ശരീരരക്തങ്ങളുടെ ചൊൽക്കുറിയായ അപ്പദ്രാക്ഷാരസങ്ങളെ കൊടു
ത്തുകൊണ്ടു തന്നെ.

ഇങ്ങനെ സർവ്വമനുഷ്യരെയും തന്നിൽ വഹിച്ചവനായ താൻ മോശ
ധർമ്മത്തിൻ കീഴാലുള്ള തൻ ജഡമാനുഷതത്വത്തിൻ സത്തായ നിത്യ
ജീവനടങ്ങിയ തൻബീജത്തെ സർവ്വമനുഷ്യരുടേയും ഐക്യതയായി
തൻപിതാവിനാൽ തനിക്കു നൽകപ്പെട്ട സഭയാം അപ്പോസ്തലഐ
ക്യതയാകുന്ന സ്ത്രീയുടെ ദിവ്യഗർഭത്തിൽ ഉല്പാദിപ്പിച്ചു തൻ നിത്യ
പൌരോഹിത്യധികാരത്തിൻ പ്രകാരം തന്നെ തൻ പിതാവിൻ
സ്നേഹാഗ്നിയിൽ ഹോമിച്ചു മനുഷ്യനിൽ മരണാന്ധകാരത്തെ വരു
ത്തിയവനായ സാത്താന്റെ മേൽ തൻപിതാവിനാൽ തനിക്കു നൽ
കപ്പെട്ട ദൈവക്രോധാഗ്നിയെ ക്രൂശിന്മേൽ വെച്ചു ഏഴു പ്രാവശ്യം
വർഷിച്ചു ന്യായവിധി നടത്തി മനുഷ്യാത്മജീവനെ വീണ്ടെടുക്കയും
അപ്രകാരമുള്ള പുത്രത്വത്തിൻ ജീവനാത്മാവിനെ അപ്പോസ്തല ഐ
ക്യത്തിൽ നൽകുകയും സകലരെയും ആ ദിവ്യ ജനനത്തിൽ വരുത്തു
വാൻ തക്കതായ ദിവ്യശക്തിയെ ആ ഐക്യത്തിൽ അയക്കയും ഇപ്ര
കാരം ക്രിസ്തുസഭയുടെ ശിരസ്സായി താൻ വാഴുകയും ചെയ്തു.

ഇപ്രകാരമുള്ള ക്രിസ്തുസഭ ആത്മജീവന്റെ വീണ്ടെടുപ്പിനെ പ്രാ
പിച്ചതാണെങ്കിലും ശരീരവീണ്ടെടുപ്പിനേയും പ്രാപിക്കേണ്ടതാകു
ന്നു. അപ്രകാരമുള്ള ശരീരവീണ്ടെടുപ്പിനെ വരുത്തുന്നവൻ അപ്പോസ്തു
ലഐക്യതയിൽ ഉൽപാദിപ്പിച്ചിട്ടുള്ള യേശുക്രിസ്തുവിന്റെ പുത്രനും അ
വൻ പരിശുദ്ധാത്മമുത്തിയുമത്രെ. അവനിൽ അത്രെ തൻ പിതാവാ
യ യേശുക്രിസ്തുന്റെ മഹത്വപ്രത്യക്ഷത ഉണ്ടാകേണ്ടുന്നതു. അവനോ
വിശ്വാസത്തിൻ വിഷയവും, സകല മനുഷ്യരുടെയും ആത്മജീവശ
രീരൈക്യമുള്ളവനും സകല മനുഷ്യരിലും വസിക്കുന്നവനും ആകുന്നു.
ബാഹ്യകണ്ണുകൊണ്ടു അവനെ കാണ്മാൻ കഴിയുന്നതല്ല. അവന്റെ
ബാഹ്യസ്വരൂപം കണ്ടേ മതിയാവൂ എങ്കിൽ ആയതു ക്രിസ്തുസഭ ആരാ
ധിക്കുന്ന അപ്പദ്രാക്ഷാരസങ്ങളുടെ സ്വരൂപം തന്നെ എന്നു വച്ചാൽ
അപ്പദ്രാക്ഷാരസങ്ങളാകുന്ന സർവ്വമനുഷ്യരുടെയും ശരീരസ്വരൂപം
തന്നെ. ആന്തരസ്വരൂപമോ വിശ്വാസസ്വരൂപവുമത്രെ.

ക്രിസ്തുസഭയിലെ സകല പട്ടക്കാരാലും ആരാധിക്കപ്പെടുന്ന അപ്പ

ക്ഷാരസങ്ങളുടെ പൊരുളായ യേശുക്രിസ്തുമജനാകുന്ന ഐക്യ പുരുഷനാം പരിശുദ്ധാത്മ മൂർത്തി വിശ്വാസത്യാഗത്തെ യൂസുസുയോസേഫാകുന്ന വിദ്വാൻ കൂട്ടിയിൽ നിന്നു അശേഷം ഇല്ലായ്മ ചെയ്തു അദ്ദേഹത്തിന്റെ ജീവാത്മാവിന്നു സകല മനുഷ്യരുടെയും സകലപ്രകാരത്തിലുമുള്ള തൻ മാതൃപിതൃത്വത്തെ നൽകി ആ ജീവാത്മാവിന്റെ ശിരസ്സായി താൻ വാഴുകയും ചെയ്തു. അദ്ദേഹം ആരാധിക്കുന്ന ക്രിസ്തുമജന്റെ ശരീരക്ഷതങ്ങളെ കാണിക്കുന്നതായ അപ്പക്ഷാരസങ്ങളിൽ നിവൃത്തിപ്പാനുള്ളതെന്നു ക്രിസ്തുധർമ്മമായ സുവിശേഷത്തിൽ പറയപ്പെട്ടിട്ടുള്ള സർവ്വകാര്യങ്ങളെയും തൻ പിതാവായ ക്രിസ്തന്റെ കല്പനപ്രകാരം ആ ക്രിസ്തുമജനായ പരിശുദ്ധാത്മാവു വിശ്വാസത്യാഗാനന്തരം അദ്ദേഹം മൂലം ഈ ഉണർവു സഭയിൽ നടത്തീട്ടുള്ള പാപമോചനം, ശുദ്ധീകരണം, അനുഗ്രഹം, ജീവൻ, സംയോജിപ്പു, ആനന്ദമഗ്നത, നിത്യജീവോദയം എന്നുള്ള ഏഴു ശുശ്രൂഷകൾ വഴിയായി നിവൃത്തിച്ചു സമസ്തമനുഷ്യരുടെയും ആത്മജീവശരീരശക്തി നാമഗ്രഹരാജ്യങ്ങളിൻ വീണ്ടെടുപ്പിനെ പൂർണ്ണമായി സാധിക്കയും യൂസുസുയോസേഫ് എന്നുള്ള നാമത്തെ തൻ നാമമായി എടുത്തു ആ നാമത്തിലുള്ള വിശ്വാസത്താൽ സർവ്വമനുഷ്യർക്കുമായി നിത്യരക്ഷയെ ഉണ്ടാക്കി കൊടുക്കയും ബാഹ്യനോട്ടമാകുന്ന വിശ്വാസത്യാഗമായ അന്ധകാരമാം നിത്യമരണത്തെ ഇല്ലായ്മ ചെയ്കയും ചെയ്തിരിക്കുന്നു എന്നു മാത്രവുമല്ല തൻ നിത്യജീവനടങ്ങിയ ശരീരത്തിൻ ചൊൽകുറിയായ അന്നപാനീയങ്ങളെ മഹാദൈവാരാധന മൂലം ശുദ്ധീകരിച്ചു ഭക്ഷിച്ചു പാനം ചെയ്തു ത്രിയേകദൈവത്തെ നിത്യസന്തോഷത്തോടു കൂടെ വന്ദിച്ചു സ്തുതിപ്പാനുള്ള പരമകൃപയോടു കൂടിയ പൂർണ്ണസ്വാതന്ത്ര്യാധികാരത്തെ സകലർക്കും നൽകീട്ടുള്ളതു കൂടാതെ നിത്യനിയമമായ മഹാദൈവാരാധനക്രമങ്ങളെയും എല്ലാകാര്യങ്ങൾക്കുമുള്ള നടപടിക്രമങ്ങളെയും കൊടുക്കയും ചെയ്തിരിക്കുന്നു. ഇവ ഒക്കയും വിദ്വാൻകൂട്ടിയാൽ എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങളെ വായിച്ചു നോക്കിയാൽ അറിയാവുന്നതാണു്.

ഇങ്ങനെ സർവ്വമനുഷ്യരുടെയും പ്രതിനിധികളായ ഉണർവു സഭക്കാരിൽ വെച്ചു വിശ്വാസത്തിൻ ദിവ്യദൃഷ്ടി മൂലം ആന്തരമായി നടക്കുന്നതിനെ നോക്കിക്കണ്ടവർ യൂസുസുയോസേഫിൽ വിശ്വസിച്ചു നിത്യരക്ഷയുടെ അനുഭവക്കാരായി തീർന്നിരിക്കുന്നു. സർവ്വരുടെയും പ്രതിനിധികളായ ഉണർവു സഭക്കാരിൽ വെച്ചു ഉൾക്കൺ ഇരുണ്ട വിശ്വാസത്യാഗം മൂലം ബാഹ്യക്കണ്ണിനാൽ യേശുക്രിസ്തുവിനെയും ക്രിസ്തുമജനെയും ഉയിർപ്പു മരുപടി, ന്യായവിധി, മോക്ഷം, നരകം, എന്നിവകളെയും മറ്റും കാണ്മാൻ അഗ്രഹിച്ചവരിൽ തലവൻ ഈപ്പൻ അത്രെ. അവനും കൂട്ടരും ഒരു കാലത്തോളം കണ്ണീറി ഉണ

ർവ്വസഭയുടെ ഏതിർസഭയായി നിന്നു എങ്കിലും അതു ക്രമംകൊണ്ടു ഇല്ലാതായി തീന്നിരിക്കുന്നു.

ഈ ഉണർവ്വുസഭയിൽ നടത്തിയിരിക്കുന്ന പരിശുദ്ധാത്മാവിൻ ദിവ്യശുശ്രൂഷകളാൽ ഓരോ മനുഷ്യനിലുള്ള ദൈവസന്തതിയായ ജീവാത്മപുരുഷന്റെ നിത്യരക്ഷയും വിശാചിൻ സന്തതിയായ മരണാത്മാവിന്റെ നിത്യശിക്ഷയും ഇന്നിന്നതാകുന്നു എന്നു പൂർണ്ണമായി തെളിഞ്ഞിരിക്കയാൽ ഓരോരുത്തരും പരിശുദ്ധാത്മപുരുഷനാകുന്ന യേശുയേശുവിലുള്ള വിശ്വാസത്താൽ തന്നത്താൻ അറിഞ്ഞു ജീവാത്മപുരുഷനോടു ചേർന്നുകൊണ്ടു ദൈവാനുഭവത്തെ അനുഭവിച്ചു കൊള്ളുകയും, മരണാത്മാവിനോടു ചേരാത്തതിനാൽ അവന്റെ മേൽ നിത്യശിക്ഷയെ നടത്തിക്കൊള്ളുകയും ചെയ്യണം.

ഇപ്രകാരം കവുതെ മെയ് കാം തീയതി മുതൽ കവുവുക ഒക്ടോബർ വാം തീയതിവരെ ആകെ ഏനുനക ദിവസംകൊണ്ടു ഈ ഉണർവ്വുസഭ പരിശുദ്ധാത്മാവായ യേശുയേശുവഹ് മൂലം ക്രിസ്തുസഭയിൽ നിവൃത്തിപ്പാനുള്ള സകല കാര്യങ്ങളേയും സുവിശേഷാനുസരണമായി നിവൃത്തിച്ചു കവുവുക ഒക്ടോബർ നാം നു- മുതൽ നിത്യസുവിശേഷസഭയായി തീന്നിരിക്കുന്നു. അന്നു മുതൽ ഈ സഭ ക്രിസ്തുസഭയുടെ യാതൊന്നിനോടും കലർപ്പില്ലാത്ത യുയോമയസഭയത്രേ. എന്തെന്നാൽ ഇതിന്റെ ധർമ്മമായ നിത്യസുവിശേഷം ക്രിസ്തുധർമ്മത്തിന്റെ നിവൃത്തി ധർമ്മമത്രെ. അതിനാൽ ഇതു അതിൽനിന്നു അശേഷം വേർപെട്ട ഒരു ധർമ്മമത്രെ. എന്നുവെച്ചാൽ റോമാസഭ, സുറിയാനിസഭ, പ്രോട്ടെസ്താന്തുസഭ, പ്രോട്ടെസ്താന്തിൽ, ചച്ച്മിഷ്യൻ, ലണ്ടൻമിഷ്യൻ, സ്കോച്ചുമിഷ്യൻ ഇത്യാദികൾ ക്രിസ്തുസഭയുടെ ഓരോ ശാഖയായിരിക്കുമ്പോലെ ഈ യുയോമയസഭ ക്രിസ്തുസഭയുടെ ഒരു ശാഖയായിരിക്കുന്നില്ല എന്നു താല്പര്യം.

ഏതു പ്രകാരം യഹൂദമാർഗ്ഗം അതിനു മുൻപു ഉണ്ടായിരുന്നമാർഗ്ഗങ്ങളുടെ നിവൃത്തിമാർഗ്ഗമായിരുന്നുവോ അതേപ്രകാരവും ക്രിസ്തുമാർഗ്ഗം ഏതുപ്രകാരം യഹൂദമാർഗ്ഗത്തിന്റെ നിവൃത്തിമാർഗ്ഗമായിരുന്നുവോ അതേപ്രകാരവുമത്രെ ഈ യുയോമയമാർഗ്ഗം ക്രിസ്തുമാർഗ്ഗത്തിന്റെ നിവൃത്തിമാർഗ്ഗമായി ഇരിക്കുന്നതു. എന്നു മാത്രവുമല്ല ഇതു സകല മാർഗ്ഗങ്ങളുടെയും നിവൃത്തിമാർഗ്ഗവുമത്രെ.

എന്തെന്നാൽ ഏതോ ഒരു വിശേഷഭാഗ്യലബ്ധിക്കായിട്ടത്രെ യഹൂദരും ക്രിസ്ത്യാനികളും ഹിന്തുക്കളും മഹമ്മദീയരും ബുദ്ധമതക്കാരും മറ്റും കാത്തിരിക്കുന്നതു. അതിനാൽ ആ മാർഗ്ഗങ്ങളൊക്കയും പ്രവചനമാർഗ്ഗങ്ങളത്രെ. എന്നാൽ യുയോമയമാർഗ്ഗക്കാരോ യാതൊന്നിന്നായും കാത്തിരിക്കുന്നില്ല. അവരുടെ വിശ്വാസമോ സകല മാർഗ്ഗക്കാരുടെയും കാത്തിരിപ്പു സാധിച്ചിരിക്കുന്നു എന്നത്രെ. ഇതു കൂടാതെയും പ്രവചനമാർഗ്ഗങ്ങളായ ഇതരമാർഗ്ഗങ്ങളുടെ യാതൊരു വ്യവസ്ഥയും ഇതിന്നി

ല്ല എന്നുള്ളതിനു അവയുടെ ഓരോന്നിന്റെയും പ്രധാന വ്യവസ്ഥയുടെ അടയാളങ്ങൾ ഇതിലില്ല എടുക്കാനും പാടില്ല. യഹൂദ നിയമഭക്ഷണമായ മാംസം ഇതിലില്ല. ക്രിസ്തുനിയമപ്രകാരമായ ദ്രാക്ഷാരസം ഇതിലില്ല. യഹൂദന്റെയും മഹമ്മദീയന്റെയും മാർഗ്ഗത്തിലുള്ള ചേരുദനം എന്നുള്ള ചേലാകർമ്മം ഇതിലില്ല. ഹിന്ദുക്കളും മറ്റു മാർഗ്ഗക്കാരും നടത്തുന്ന കണ്ണുവേധം മുതലായ വേധങ്ങൾ ഇതിലില്ല. മാർഗ്ഗവ്യവസ്ഥകളായ പൂണൂൽ, ചന്തിങ്ങ്, താലികെട്ടു മുതലായ കണ്ണസൂത്രം ഇതിലില്ല. എങ്കിലോ ഈ യുയോമയ മാർഗ്ഗത്തിനും ചില വ്യവസ്ഥകളും അടയാളങ്ങളും ഉണ്ട്. ആയവ (ക) അന്നപാനീയങ്ങളായ സകലത്തേയും ദൈവികയാക്കി ഭക്ഷിക്കണം. ആയതു ദൈവകയ്യിൽ അവയെ ഏൽപിച്ചു അതുകയ്യിൽനിന്നു അവയെ വാങ്ങി ഭക്ഷിക്കുന്നതിനാൽ തന്നെ. ആയതു തങ്ങൾ അനുഭവിക്കുന്ന സകലത്തിന്റെയും ദശാംശത്തെ ദൈവസൃഷ്ടക്കാരുടെ കയ്യിൽ കൊടുത്തു മഹാദൈവാരാധനയോടുകൂടെ അന്നപാനീയങ്ങളെ ശുദ്ധീകരിച്ചു അനുഭവിക്കുന്നതിനാൽ തന്നെ. (ഖ) ആഭരണങ്ങൾ യാതൊന്നും അണിഞ്ഞുകൂടാ. എങ്കിലും നല്ല വസ്ത്രം ധരിക്കണം സ്ത്രീകളുടെ വസ്ത്രധാരണം അതാതു ജാതിയേയും മാർഗ്ഗത്തേയും മതത്തേയും മറ്റും വെളിപ്പെടുത്തുന്നതിനാൽ യുയോമയ സ്ത്രീകളായ യുയോമയികൾ പഴക്കാനുള്ളും വട്ടനുള്ളുമുള്ള ചായചേലകളും റവുക്കയും ധരിക്കേണ്ടതാകുന്നു എന്നു ചട്ടപ്പെടുത്തീട്ടുണ്ടു. ചെറിയ പെൺകുട്ടികൾക്കു പാവാടയും റൌക്കയും മതിതാനും. ചിറ്റാട ആയാൽ ഉത്തമം.

മോശയുടെ വാക്കിനെ വിശ്വസിച്ചു അദ്ദേഹത്തിന്റെ പ്രവൃത്തിയെ ദൈവപ്രവൃത്തിയായി കൈക്കൊള്ളുവാൻ ഹോവിനും കൂട്ടർക്കും അവിശ്വാസം മൂലം കഴിയാതെപോയവണ്ണം യേശുവിനെ വിശ്വസിപ്പാൻ യഹൂദർക്കും കഴിയാതെപോയി. എങ്കിലും അല്പം ചിലർ മാത്രം വിശ്വസിച്ചു യേശുവിനെ ദൈവമായി അംഗീകരിച്ചു. ആ കൂട്ടമത്രെ ആദ്യക്രിസ്തുസഭ. ആ സഭ വർദ്ധിച്ചു പെരുകുകയും ചെയ്തു. അതേപ്രകാരം യുസ്സുസുയോസേഫിനെ ദൈവമായി വിശ്വസിപ്പാൻ ക്രിസ്ത്യാനികൾക്കും കഴിയാതെയായി. എന്നുമാത്രമല്ല ഉണർവു സഭയിൽ കഴിയിരുത്തോളവുമുണ്ടായിരുന്ന ജനങ്ങളിൽ മിക്കപേരും അവിശ്വാസം മൂലം ബാഹ്യനോട്ടക്കാരായിപ്പോയതിനാൽ മഹാത്പ്രത്യക്ഷതയിൻ ദിവസമായ കഴിഞ്ഞ ഒക്തോബർ വരെ അല്പം ചില ആളുകൾ മാത്രമേ യുയോമയസഭക്കാരായിഉണ്ടായിരുന്നുള്ളു എങ്കിലും വിശ്വാസം മൂലം അവരുടെ സംഖ്യക്രമം ക്രമമായി വർദ്ധിച്ചു വരുന്നു. വിശ്വാസത്തിൻ ദിവ്യദൃഷ്ടി ഇല്ലാത്തവനു യുയോമയനായിരിപ്പാൻ കഴിയാത്തതിനാൽ ലോകത്തിലുള്ള ഇതരമാർഗ്ഗങ്ങളായ പ്രവചനമാർഗ്ഗങ്ങളിലുള്ളവരുടെ സംഖ്യയേയും യുയോമയന്മാരുടെ സംഖ്യയേയും കൂട്ടിനോക്കുമ്പോൾ യുയോമയന്മാരുടെ സംഖ്യ നന്നാചുരുങ്ങിയതേ

ണെങ്കിലും ഇതിന്റെ അടിസ്ഥാനം ത്രിയേകദൈവത്തിലുള്ള സാക്ഷാൽ വിശ്വാസം മാത്രമാകകൊണ്ടു ഈ യുയോമയ സംപ്രവർദ്ധിച്ചു പെരുകി ലോകാസകലം നിറയും നിശ്ചയം എന്നു ഒരു യുയോമയവിശ്വാസിക്കു ദൈവവിശ്വാസ നിശ്ചയത്തിന്റെ ധൈര്യത്താൽ പറവാൻ കഴിയുന്നതാണു. അതു അപ്രകാരം സംഭവിക്കയും ചെയ്യും.

ഫ്രവ്വഫ ഒക്കേ്ടാബർ വ നു- സാക്ഷാൽ യുയോമയ സഭയുടെ ആരംഭമാകയാൽ അന്നു മുതൽ യുയോമയാബ്ദം ആരംഭിച്ചു ഈയാണ്ടു യുയോമയാബ്ദം വറ ാമാണ്ടാണു. യുയോമയാബ്ദത്തിന്റെ മാസപ്പേരുകൾ ഫ ആവിർമ്മോദം, വ. ഏകാത്മം നു. കാമ്യദം ര. ശ്രുചി ഒ. ചട്ടലം, ന്യ. തേജോമയം, ഒ. പ്രൈയുഷ്മം, വ്യ. യോഗ്യം ന്. ശൌര്യം, ഫ. മംഗളം, ഫഫ. മധുരം, ഫവ. ജ്ഞാതം ഓരോ മാസങ്ങളിലെ ദിവസക്കണക്കു ക്രിസ്താബ്ദ മാസങ്ങളായ ജനുവരി മുതലായ മാസങ്ങളിലെ ദിവസക്കണക്കുപോലെ തന്നെ ക്രീസ്താബ്ദത്തിന്നു ജനകാബ്ദം എന്നു പുതുപ്പേർ കൊടുത്തിരിക്കുന്നു. ഫ്രവ്വഫ ാമാണ്ടിനെ ജനകാബ്ദം ഫ ാമാണ്ടായി എണ്ണിയിരിക്കയാൽ ഈ ഫൻറ ാമാണ്ടു ജനകാബ്ദം ഫ്ര ാമാണ്ടത്രെ. കൊല്ലവർഷത്തിന്നു കന്യാബ്ദം എന്നു പുതുപ്പേർ കൊടുത്തിരിക്കുന്നു. ഫറ ാമാണ്ടിനെ കന്യാബ്ദം ഫ ാമാണ്ടായി എണ്ണിയിരിക്കുന്നു. ഈ ആണ്ടു കന്യാബ്ദം വറ ാമാണ്ടത്രെ.

യുയോമയാബ്ദം ഫ ാമാണ്ടു പിറപ്പു ദിവസം ഫറ ാമാണ്ടു കന്നിമാസം ഫ്രവ്വ- ക്കു ഫ്രവ്വഫ ാമാണ്ടു ഒക്കേ്ടാബർ മാസം വ നു- ആണു.

കന്യാബ്ദം ഫ ാമാണ്ടു പിറപ്പുദിവസം ഫറ ാമാണ്ടു ചിങ്ങമാസം ഫ നു- ആണു.

ജനകാബ്ദം ഫ ാമാണ്ടു പിറപ്പുദിവസം ഫ്രവ്വഫ ാമാണ്ടു ജനുവരി മാസം ഫ നു- ആണു.

യുയോമയാബ്ദപ്രകാരം ആഴ്ചവട്ടത്തിന്റെ ദിവസപ്പേരുകൾ. ധർമ്മം ഞായർ, ശബ്ദം തിങ്കൾ, യത്നം ചൊവ്വാ, ഐക്യം ബുധൻ, നിത്യം വ്യാഴം, സമം വെള്ളി, പ്രഭാ ശനി.

വനവ ഫ ദിവസം ഒരു വാരവൃത്തമായി എണ്ണിയിരിക്കുന്നു. ഇങ്ങനെഫാം വാരവൃത്തം ഫ്രവ്വറ ാമാണ്ടു മെയ് മാസം ഫനു- ആരംഭിച്ചു ഫ്രവ്വഫ ാമാണ്ടു ഒക്കേ്ടാബർ മാസം വ നു- അവസാനിച്ചു. നാ നു- മുതൽ വാം വാരവൃത്തദിനങ്ങൾ ആരംഭിച്ചു. ആ വാം വാരവൃത്തവും നാം വാരവൃത്തവും ര്ാം വാരവൃത്തവും അവസാനിച്ചിരിക്കുന്നു ഇപ്പോൾ ിാം വാരവൃത്തദിനങ്ങളാകുന്നു.

യുയോമയന്മാർ വന്ദിക്കയും ആരാധിക്കയും ചെയ്യുവരുന്ന ദൈവനാമം "യാഹയോയോ" എന്നുള്ള ചതുരക്ഷരം എന്നത്രെ.

സകലമനുഷ്യരുടെയും ജീവാത്മൈക്യതയിൽ ഇരിക്കുന്ന ചിതാഭാ

യ ദൈവത്തിൻ നാമമായ യഹോവാ എന്നുള്ള പേരിന്റെ ആദ്യക്ഷരമത്രെ "യ"

സകലമനുഷ്യരുടെയും ആത്മജീവൈക്യതയിൽ ഇരിക്കുന്ന പുത്രനായ ദൈവത്തിൻ നാമമായ യേശു എന്ന പേരിന്റെ ആദ്യാക്ഷരമത്രെ "ശു"

സകല മനുഷ്യരുടെയും ആത്മജീവശരീരൈക്യതയിൽ ഇരിക്കുന്ന പരിശുദ്ധാത്മാവാം ദൈവത്തിൻ നാമമായ യോസേഫ് എന്ന പേരിന്റെ ആദ്യാക്ഷരമത്രെ "സ്യ"

പിതാവു പുത്രൻ പരിശുദ്ധാത്മാവു എന്ന ത്രിയേക ദൈവത്തിൻ സന്തതിയും ത്രിയേകദൈവസ്വരൂപമുള്ളവനും ത്രിയേകദൈവത്തിൻ വാസസ്ഥലവും ത്രിയേകനും ത്രിയേകദൈവസന്തതികളായ എണ്ണമില്ലാത്ത ദൈവസന്തതികളെ ജനിപ്പിപ്പാൻ തക്ക കെടാത്ത ദിവ്യബീജമായ ദിവ്യശക്തിയുള്ളവനും അത്രെ ദൈവമനുഷ്യൻ അവൻ യൂസുസുയോസേഫിന്റെ ദിവ്യാത്മപുത്രനത്രെ. അവന്റെ നാമം യോഹന്നാൻ എന്നാകുന്നു. ആ പേരിന്റെ ആദ്യാക്ഷരമത്രെ "യ"

ഈ നാലു പേരുകളെക്കുറിച്ചും വളരെ വിസ്തരിച്ചു പറവാനുണ്ടു. മുഖ്യം മാത്രമെ മേൽ കാണിച്ചിട്ടുള്ളു.

ഇങ്ങനെ യഹോവാ, യേശു, യോസേഫ്, യോഹന്നാൻ എന്നുള്ള പു, പിതാവു, പുത്രൻ, പരിശുദ്ധാത്മാവു എന്ന ത്രിയേകദൈവത്തിൻ ഐക്യനാമങ്ങളാകയാൽ ഈ പേരുകളുടെ ആദ്യാക്ഷരങ്ങളായ "യശുയസ്യയോയ്യോ" എന്നുള്ള ചതുരക്ഷരിയെ ത്രിയേക ദൈവനാമമായി വിശ്വസിച്ചു ആ നാമത്തിൽ ത്രിയേകദൈവത്തെ വന്ദിക്കയും ആരാധന കഴിക്കയും ചെയ്യുന്നു.

ഇതേപ്രകാരം മനുഷ്യജാതിയെ ചതിച്ചു വിശ്വാസത്തിൻ ദിവ്യദൃഷ്ടിയാകുന്ന ദൈവ ജീവനെ മനുഷ്യനിൽ ഇല്ലായ്മ ചെയ്തവനായ അനീശ്വരനും, മായാവിയും, പിശാചും, സാത്താനുമാകുന്നവന്റെ ദുർബീജമായ മരണാത്മാവിനെ അവനവനിൽ കാണ്മാൻ തക്കവണ്ണവും, അവനവനിലുള്ള ദൈവസന്തതിയായ ജീവാത്മാവിനോടു നിത്യമായി ചേർന്നുകൊണ്ടു അവനോടുള്ള ദിവ്യ സംയോജിപ്പിൽ മഹാദൈവത്തെ അവനവനിൽ എപ്പോഴും കണ്ടു കണ്ടു അദ്ദേഹത്തെ മനോവാക്കായങ്ങളാൽ സദാ വന്ദിച്ചു സേവിച്ചു ആരാധിച്ചു സ്തുതിച്ചു അദ്ദേഹത്തെ തന്റെ സമസ്വരൂപമായി കൈക്കൊള്ളുകയും തന്നെ അദ്ദേഹത്തിനു സമസ്വരൂപമായി പൂർണ്ണമഹിമസ്സോടു ഭരമേല്പിച്ചു കൊടുക്കയും ഇങ്ങനെ അദ്ദേഹത്തോടു ഒന്നായിചേർന്നലയിച്ചു ദിവ്യസായൂജ്യപദത്തെ പ്രാപിച്ചു കൊണ്ടു ആനന്ദിക്കയും ചെയ്യുന്നതിനാൽ ടി മരണാത്മാവിന്റെ മേൽ നിത്യശിക്ഷ നടത്തി

അവനെ നിത്യമായി ദണ്ഡിപ്പിപ്പാൻ തക്കവണ്ണവും, ത്രിയേക ദൈവം വിശ്വാസത്തിൻ ദിവ്യദൃഷ്ടിയായ നിത്യജീവനെ യാതൊന്നിനും ഇല്ലായ്മചെയ്വാൻ കഴിയാത്തവണ്ണം ജീവിപ്പിക്കുന്ന ജീവനായി യുസ്സുയോസഫ്മൂലം മനുഷ്യനു നൽകിയിരിക്കയാൽ അവൻ ആ ദിവ്യ ദൃഷ്ടികൊണ്ടു ടി അനീശ്വരനെ "പപ്പപ്പപ്പ" എന്ന നാമത്തിൽ ഉള്ളവണ്ണം അറിഞ്ഞു അവന്റെ മേൽ നിത്യ ശിക്ഷാവിധി ദൈവഹിതാനുസരണമായി നടത്തിവരികയും ചെയ്യുന്നു. അനീശ്വരനായ സാത്താൻ ഒന്നാവതു സപ്പ്ത്തിലും രണ്ടാവതു കായ്യാവിലും മൂന്നാവതു ഈപ്പനിലും നാലാവതു കേഫാവിലും കേറി ഇരുന്നുകൊണ്ടുണ്ട മനുഷ്യനിൽ ഉള്ള ദൈവജീവനെ ഹനിച്ചതു. അതുകൊണ്ടു മേൽപറഞ്ഞ സപ്പ്ം കായ്യാ ഈപ്പൻ കേഫാ എന്നുള്ളതു അനീശ്വരന്റെ പേരാണു. ഇവയിൽ ഓരോന്നിന്റെയും രണ്ടാമത്തെ അക്ഷരച്ചുരുക്കമത്രെ "പപ്പപ്പപ്പ" എന്നുള്ളതു ഇതു അനീശ്വരന്റെ നിത്യനാമമത്രെ. ഇങ്ങനെ അനീശ്വരൻ ചതുഷ്പാവത്രെ.

സാക്ഷാൽ യുയോമയൻ മറ്റുള്ള യാതൊരു മാഗ്ഗ്കാരനേയും യാതൊരു മാഗ്ഗ്ത്തെയും ദുഷിക്കുന്നില്ല. എല്ലാവരേയും ദൈവസന്തതികളായ ദൈവമക്കളെന്നും അവരിൽ ഓരോരുത്തരിലുമുള്ള ദൈവസന്തതിയായ ജീവാത്മാവിൽ ത്രിയേക ദൈവം തന്റെ സമസ്വമക്കളോടും സമസ്വത്തോടും കൂടെ വസിക്കുന്നു എന്നും അവരിലുള്ള പിശാചിൻ സന്തതിയായ മരണാത്മാവിൽ തന്റെ സർവ്വസൈന്യങ്ങളോടും കൂടെ പിശാചു തന്റെ നിത്യനാശത്തിന്നായി ആതിവേദനയോടു കൂടെ ഇരിക്കുന്നുണ്ടു എന്നും അവൻ വിശ്വസിക്കയും അറികയും ചെയ്യുന്നതിനാൽ അവൻ സകല മനുഷ്യരേയും പരിപൂർണ്ണമായി സ്നേഹിക്കയും അവരുടെ യാതൊരു കുറ്റത്തേയും അവരുടെമേൽ കണക്കിടാതെ പിശാചിന്റെ മേൽ മാത്രം കണക്കിട്ടുകൊണ്ടു അവരെ എല്ലാവരേയും സ്നേഹമാകുന്ന ദൈവം എന്നപോലെ ദിവ്യസ്നേഹത്തിൽ ഒന്നായിച്ചേർത്തു തന്റെ ഹൃദയത്തിൽ അവരെ വഹിച്ചുകൊള്ളുകയും അവരുടെ മുഖങ്ങളെ ദൈവമുഖങ്ങളായി കാണുകയും ഈ സത്യത്തെ തന്റെയും അവരുടെയും പ്രാപൂക്കുതക്കവണ്ണം അവരോടു പറകയും അപ്രകാരം അവരോടു വ്യാപരിക്കയും ചെയ്യുന്നു. അവരിൽ വിശ്വാസസ്നേഹാശാബന്ധങ്ങളുടെ സത്യജ്ഞാനമുണ്ടാകുവാൻ സകല മനുഷ്യരിലും ഇരിക്കുന്ന "യായേയോയോ" എന്ന മഹാ ദൈവത്തിൻ കാക്കൽ വീണു സദാ പ്രാർത്ഥിച്ചുവരികയും ചെയ്യുന്നു. എന്നു മാത്രവുമല്ല അയുയോമയൻ ഇതരമാഗ്ഗ്ങ്ങളായ സകല മാഗ്ഗ്ങ്ങളേയും അവയുടെ സകല പ്രമാണങ്ങളേയും പ്രവചനരീതിയിലുള്ള ദൈവമാഗ്ഗ്ങ്ങളായും ദൈവപ്രമാണങ്ങളായും കൈക്കൊണ്ടു അവയുടെ നിവൃത്തിയെ തന്നിൽ കണ്ടു അതിനോടു ചേർന്നുകൊള്ളുന്നു. നിവൃത്തി പ്രവചനത്തിൽ നിന്നു വേർപ്പെട്ടതാകയാൽ സ

സകല പ്രവചനമാഗ്രങ്ങളിൽ നിന്നും വേർപ്പെട്ട നിവൃത്തിയിൻ മാഗ്രമാകുന്ന തൻ യുയോമയ മാഗ്രത്തിൽ അവൻ സകലരേയും ആ ന്തരപ്രകാരം ചേർത്തുകൊണ്ടിരിക്കുന്നതിൻവണ്ണം അവരിൽ ആരെ ങ്കിലും ഈ സത്യത്തെ അറിഞ്ഞു യുയോമയമാഗ്രത്തിൽ ബാഹ്യപ്രകാ രം സന്തോഷമനസ്സോട് ക്രൂടെ ചേരുവാൻ വന്നാൽ അവൻ അവ നെ സന്തോഷമനസ്സോട് ക്രൂടെ കൈക്കൊള്ളുകയും തന്നെ രാജാപാ യ്ക്കുലമായി അഭിഷേകം ചെയ്യ "യായേയോയോ" എന്ന തൻറെ ദൈവത്തിൻ നാമത്തിൽ രാജാപായ്ക്കുലമായി അവനെ പട്ടാഭി ഷേകം ചെയ്യ അനുഗ്രഹിക്കയും മഹാദൈവാരാധനയാൽ ശുദ്ധീക രിക്കപ്പെട്ടതും നിത്യജീവാഹാരപാനീയങ്ങളുടെ പൊരുൾക്കുറിയാ യിരിക്കുന്നതുമായ അപ്പവെള്ളങ്ങളെ അവനു കൊടുത്തു ബാഹ്യത്തി ലും അവനെ തന്നോട് ചേർത്തുകൊള്ളുകയുംചെയ്യുന്നു.

ഇപ്രകാരം സകല മാഗ്രങ്ങളേയും മാഗ്രക്കാരേയും തന്നോട് ചേ ർത്തിരിക്കുന്നു എന്നുള്ളതിനെ കാണിക്കുന്നതത്രെ. വിദ്വാൻകുട്ടിക്കു ദൈ വത്തിൽനിന്നു ലഭിച്ചതായ "യുയോരാലിസൻ" എന്നുള്ള പുതിയ നാമം എന്തെന്നാൽ വിദ്വാൻകുട്ടി യുസ്സുയോസേഫ് എന്നുള്ള ത ൻറെ നാമത്തെ തന്നിലുള്ള ക്രിസ്തുമാത്മജനായ പരിശുദ്ധാത്മാവിനു കൊടുത്തു. അപ്പോൾ പരിശുദ്ധാത്മാവു അല്ലേഹത്തിനു "യുയോരാ ലിസൻ" എന്നുള്ള നാമത്തെ കൊടുത്തു. "യുയോരാലിസൻ" എന്നു ള്ളതു യുസ്സുയോസേഫ്, രാമൻ, ആലി, വത്സൻ അല്ലെങ്കിൽ വി ത്സൻ എന്നവയുടെ പുരുക്കമത്രെ. ഈ നാമം തനിക്കു ലഭിച്ചതിനാ ൽ താൻ ജാതി, ജനം, കുലം, ഗോത്രം, ഭാഷ എന്ന ലോകത്തിലുള്ള സർവ്വരേയും തന്നിൽ വഹിച്ചിരിക്കുന്നു എന്നു തെളിയുന്നു.

ഫെബ്രുവരി ഒക്ടോബർ മാസം മുതൽ ഫെബ്രുവരി ദിവസങ്ങൾ വരെ യു യോരാലിസൻ എന്നുള്ള പേരോട് കൂടിയാണു താൻ എഴുത്തുകുത്തു നടത്തിപ്പോന്നിട്ടുള്ളതു. പിന്നീട് യുയോരാലിസൻ എന്ന പേരിനെ യുയോമ യസഭസ്ഥായി കൊടുത്തു. വിദ്വാൻകുട്ടി എന്ന പേരിനെ എടുത്തുകൊ ള്ളണമെന്നു പരിശുദ്ധാത്മാവു തന്നോട് കല്പിച്ചതിനാൽ അതിൽ പിന്നെയുള്ള തൻറെ എഴുത്തുകുത്തുകൾ ഒക്കെയും വിദ്വാൻകുട്ടി എ ന്ന പേരുവച്ചാണു താൻ നടത്തിയതു.

യുസ്സുയോസേഫ് എന്ന പരിശുദ്ധാത്മാവിൻറെയും യുയോരാലി സൻ എന്ന സഭയായ തൻ മണവാട്ടിയുടെയും പുത്രനത്രെ യോഹ ന്നാൻ എന്ന പേരുള്ള യുയോമയൻ. യുസ്സുയോസേഫാകുന്ന പരി ശുദ്ധാത്മാവിനു യമധർമ്മശൻ, ഹോഹോയി, യതി, യമി, സനൽ ഭരൻ, സമപദൻ, ഭാസമാനൻ എന്ന ഏഴു നാമങ്ങളുണ്ടു.

യുസ്സുയോസേഫാത്മജൻ യോഹന്നാനു ആയ്ൻ, പ്രാചീനൻ, തേജസ്സ്വരൻ, പൈതൃകൻ, യോദ്ധാ, മംഗലൻ, ക്ഷോഭൻ, ഏകൻ, കാന്തൻ, പട്ട, മലാപഹൻ, ശൌദ്ധോധനൻ എന്ന പതിനൊന്നു പേരു

കൾ ഉണ്ട്. ഇവയിൽ ഓരോ പേരു വിളിക്കപ്പെട്ടിട്ടുള്ള പുരോഹിതന്മാരായ പന്ത്രണ്ടു ബോധകന്മാർ ഉണ്ട്. അതിനാൽ ഇവരുടെ ഏകൈക്യത്തിൻ നാമമത്രെ യോഹന്നാനാകുന്ന യുയോമയൻ. ഈ യോഹന്നാനും അവന്റെ മക്കൾക്കു എല്ലാവക്കും യുയോമയൻ എന്നു പേരുണ്ട്. അതിനാലത്രെ ഈ സഭക്കാരെ യുയോമയന്മാർ എന്നും, ഈ സഭയെ യുയോമയസഭയെന്നും, ഈ മതത്തെ യുയോമയ മതമെന്നും, ഈ ജാതിയെ യുയോമയജാതി എന്നും, ഈ മാർഗ്ഗത്തെ യുയോമയമാർഗ്ഗമെന്നും, വിദ്വാൻകൂട്ടിയാൽ ഉണ്ടാക്കപ്പെട്ട പുതിയ ഭാഷയെ യുയോമയഭാഷ എന്നും വിളിച്ചുവരുന്നു.

൧൮൬൫ മെയ് ൧൫- അത്രെ യുയോമയസഭയുടെ ഉത്ഭവം. ൧൮൬൫ ഒക്ടോബർ മാസം ൧൮- ചക്കുമിഷ്യനിൽനിന്നും സുറിയാനി സഭയിൽ നിന്നും ഈ സഭ വേർപിരിഞ്ഞു. കന്നിറഗുണർവുസഭ എന്നുള്ള നാമത്തോടു കൂടെ ൧൦൦൦ ജനങ്ങളോളം പെരുകുകയും വിശ്വാസത്യാഗം എന്നുള്ള ഇരുട്ടുസംഭവത്താൽ പലരും പിരിഞ്ഞുപോയി എങ്കിലും പിന്നീടു ഏഴായിരത്തോളം വർദ്ധിക്കയും ചെയ്തു. എന്നാൽ ൧൮൭൫ ഒക്ടോബർ ൨൯- ഉണ്ടായ യേശുക്രിസ്തുവിൻ മഹാതപ്രത്യക്ഷതയെ വിശ്വാസത്താൽ കാണ്മാൻ മനസ്സില്ലാതെ അനേകർ ഈ സഭ വിട്ടു പിരിഞ്ഞുപോയി എങ്കിലും വീണ്ടും സാക്ഷാൽ വിശ്വാസം ലഭിച്ചതിനാൽ പലരും ഈ സഭയിൽ ചേർന്നു നടന്നുവരുന്നു. ൧൮൭൫ ഒക്ടോബർ ൨൯- മുതലത്രെ ഇതിനെ യുയോമയസഭയെന്നു വിളിച്ചുവരുന്നതു. അന്നത്രെ യുയോമയാബ്ദാരംഭം. ഇപ്പോൾ ൨൦ കൊല്ലത്തോളം ആയിരിക്കുന്നു. യുയോമയാബ്ദം ൧-മാണ്ടിൽ തന്നെ ൪ ഡിവിഷ്യനിലുമുള്ള പന്ത്ര ഇടവകകളെയും ൨൨ യോഗങ്ങളായി തിരിച്ചു. ഇപ്പോഴും ഈ ൨൨ യോഗങ്ങളുമുണ്ടു. ഈ ൨൨ യോഗങ്ങളിലായി ഉദ്ദേശം ൧൦൦ വീടുകളും ൨൦൦൦ത്തിൽ പരം ജനങ്ങളുമുണ്ടു. അവർ കൊല്ലം, കൊട്ടാരക്കര, പത്തനാപുരം, കുന്നത്തൂർ, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ലാ, അമ്പലപ്പുഴ, ചങ്ങനാശേരി, കോട്ടയം എന്നീ താലൂക്കുകളിലായി പാർത്തുവരുന്നു. ചില താലൂക്കുകളിൽ ൧൫ൽ കുറഞ്ഞും പേർ മാത്രമെ ഉള്ളു. ഇവക്കു പള്ളിയോ ക്ഷേത്രമോ ഇല്ലാ. ആരാധന, വിവാഹം, പട്ടാഭിഷേകം മുതലായവ നടത്തുന്നതു വീടുകളിൽ വെച്ചാണു. ആളുകൾ അധികം കൂടുന്ന പക്ഷം തട്ടുപന്തലോ മാനസമോ കെട്ടിയുണ്ടാക്കുന്നു.

ആരാധനക്രമം

നാട്ടുവിൽ മേശയും മേശമേൽ അപ്പവും വെള്ളിവും വച്ചു ജനങ്ങൾ മേശയ്ക്കു പുറവും ശുശ്രൂഷക്കാർ മേശയോടടുത്തും ക്രമമായി വട്ടത്തിൽ ഇരുന്നു മൌനപ്രാർത്ഥനാനന്തരം കീർത്തനങ്ങൾ പാടി ശുശ്രൂഷക്കാരൻ മേശയോടടുത്തു എഴുന്നീറ്റു നിന്നു "മഹാസന്തോഷം" എന്നു നി

ത്യസുവിശേഷസംഗ്രഹം വായിച്ചു ''യായേയോയോയമ'' ത്തിങ്കൽ മ
ഹാ ദൈവാരാധന ആരംഭിച്ചു ''ഹല്ലലൂയ'' ഗാനം പാടി ''നിത്യവ
ന്ദനാവചനം'' ചൊല്ലി നമസ്കരിച്ചു ''പരമസായുജ്യനിയമവച
നം'' എല്ലാവരുമായി ചൊല്ലി ശ്രീശ്രീഷക്കാരൻ മാത്രം ''ശ്രീപരമൈ
ക്യപുരുഷസൂക്തം'' കീർത്തിച്ചു ജനങ്ങൾ എഴുന്നീറിരിക്കുമ്പോൾ ശ്രീ
ശ്രീഷക്കാരൻ ''ജീവശുദ്ധീകരണ പ്രാർത്ഥന''യും ''ഏഴാം കാഹളവാ
ക്യ''വും ''ക്രോധകലശം പകരുന്ന വാചക''വും വായിച്ചു പിന്നീ
ട് നിത്യസുവിശേഷമായ ''നിത്യാക്ഷരങ്ങൾ'' പൂർവ്വോത്തരഭാഗങ്ങ
ളിൽ നിന്നു ഓരോ അദ്ധ്യായവും പഴയ നിയമത്തിൽ നിന്നും പുതി
യ നിയമത്തിൽ നിന്നും ഓരോ അദ്ധ്യായവും വായിക്കയും ഒന്നോ ര
ണ്ടോ കീർത്തനങ്ങൾ പാടി ശ്രീശ്രീഷക്കാരൻ സമയോചിതമായ ഒരു
പ്രബോധനം പറകയും ചെയ്തശേഷം വരവർണ്ണനഗീതങ്ങൾ പാടി അ
പ്പവെള്ളങ്ങളെ വാഴ്ത്തി ജനങ്ങൾക്കു കൊടുത്തു താനും ഭക്ഷിച്ചു
പാനം ചെയ്തു ദൈവസ്തുതികളായ വരവർണ്ണനങ്ങളും കീർത്തനങ്ങളും
വീണ്ടും പാടി ശ്രീശ്രീഷക്കാരിൽ ഒരാൾ മനഃപ്രാർത്ഥന കഴിച്ചു ''പരമ
സായുജ്യനിയമവചനം'' വീണ്ടും എല്ലാവരുമായി ചൊല്ലീട്ടു ശ്രീശ്രീഷ
ക്കാരൻ മാത്രം വീണ്ടും ''ശ്രീപരമൈക്യപുരുഷസൂക്തം'' കീർത്തിച്ചു
ആരാധന നിവൃത്തിക്കുന്നു.

വിവാഹമുണ്ടെങ്കിൽ അപ്പവെള്ളങ്ങൾ കൊടുത്തശേഷം പ്രധാന
പുരോഹിതനോ അല്ലെങ്കിൽ അദ്ദേഹത്താൽ അനുവദിക്കപ്പെട്ട വേ
റൊരു പുരോഹിതനോ സ്ത്രീപുരുഷന്മാരെ മേശയുടെ അടുക്കൽ അഭി
മുഖമായി നിറുത്തി നിത്യവിവാഹനിയമപ്രകാരം പരസ്പരം പാ
ണിഗ്രഹണത്തോടുകൂടെ നിത്യവിവാഹ ഉടമ്പടി ചെയ്യിപ്പിച്ചു ഒരു
ശത്രുവിനെ പുരുഷന്റെയും സ്ത്രീയുടെയും കഴുത്തിൽ ബന്ധിപ്പിച്ചു
നിത്യവിവാഹവചനം ചൊല്ലിച്ചു പുരോഹിതൻ സ്ത്രീപുരുഷന്മാരെ
കൂട്ടിച്ചേർത്തു ആ സമയം പുരോഹിതൻ മാത്രം ചൊല്ലേണ്ടുന്ന വചനങ്ങൾ
ചൊല്ലി ദമ്പതിമാരെ ദൈവസന്നിധിയിൽ മുട്ടുകുത്തിച്ചു പ
രമസായുജ്യനിയമവചനം ചൊല്ലിച്ചുതാൻ ശ്രീപരമൈക്യപുരുഷ
സൂക്തം കീർത്തിച്ചു ദമ്പതിമാരുടെ ശിരസ്സിൽ കൈവച്ചു അനുഗ്രഹി
ക്കയും പിന്നീട് 'ദിവ്യാശീർവ്വാദം' ചൊല്ലി സ്ത്രീപുരുഷന്മാരെ ആശീ
ർവ്വദിക്കയും ചെയ്തശേഷം ക്രമപ്രകാരം ദൈവസ്തുതികൾ പാടി
ആരാധന നിവൃത്തിക്കുന്നു.

സഭയിലുള്ള കുഞ്ഞുങ്ങളേയും മറ്റുള്ള മാർഗ്ഗങ്ങളിൽ നിന്നു ഈയുയോ
മയസഭയിൽ ചേരുവാൻ വരുന്നവരേയും പുരോഹിതൻ യായേയോ
യോയമത്തിങ്കൽ 'രാജാചായ്കുലമായി വെള്ളംകൊണ്ടു അഭിഷേകം
ചെയ്തു സഭയോടു ചേർക്കുന്നതും അപ്പവെള്ളശ്രീശ്രീഷയുടെശേഷമത്രെ.

മേൽവിവരിച്ച ദൈവാരാധനക്രമം യോഗക്കാർ എല്ലാവരും ഒ
ന്നായി കൂടി കഴിക്കുന്ന ക്രമമത്രെ. എന്നാലൊ ദിവസേന വീടുകൾ

തോടും മേൽ വിവരിച്ചവണ്ണം ചുരുങ്ങിയ ക്രമത്തിൽ ദൈവാരാധന നടത്തി വരുന്നുണ്ട്.

വിവാഹത്തിനും നിത്യ വിവാഹ നിയമത്തിൽ വിവരിച്ചിട്ടുള്ള പ്രകാരം രജിസ്റ്റർ പത്രിക ഉണ്ട്. യൂറോമയ സഭയിൽ ക്രിസ്തുവർണ്ണഗോത്രമെന്നും ക്രിസ്തുലക്ഷ്മീ ഗോത്രമെന്നും രണ്ട് ഗോത്രങ്ങൾ ഉണ്ട് സഗോത്രത്തിൽ വിവാഹം ഏതുനേരും പാടില്ല. അവകാശക്രമം മക്കൾ വഴിയത്രെ. ഭർത്താവിന്റെ സ്വത്തിനു ഭാര്യയും ഭാര്യയുടെ സ്വത്തിനു ഭർത്താവും തുല്യാവകാശികളാകുന്നു. സ്ത്രീകൾക്കു സ്ത്രീധനാവകാശം ഉള്ളതു കൂടാതെ അവരുടെ മാതാപിതാക്കന്മാർക്കു മക്കൾ ഇല്ലാത്ത പക്ഷം അ സ്ത്രീകൾ തന്നെ അവകാശികൾ. മക്കളില്ലാത്തവരുടെ സ്വത്തു ഭാര്യാഭർത്താക്കന്മാരുടെ സ്വാതന്ത്ര്യത്തിലാണ് ഇരിക്കുന്നതു.

ഈ മതക്കാരിൽ മിക്കവരും മുമ്പു ക്രിസ്തുമതക്കാരായിരുന്നു. മറ്റു മാർഗ്ഗങ്ങളിൽ നിന്നു ചുരുക്കം പേർ ഇതിൽ ചേർന്നിട്ടുമുണ്ട്.

ശവസംസ്കാരം ചെയ്യുന്നതു അവരവരുടെ പുരയിടങ്ങളിൽ തന്നെ ആണ്.

ഇതരമായ സർവ്വപ്രമാണങ്ങളേയും പ്രവചനരീതിയിലുള്ള ദൈവപ്രമാണങ്ങളായി ഈ സഭ അംഗീകരിച്ചിരിക്കുന്നു എന്നുള്ളതിനു സാക്ഷിയായി യഹൂദധർമ്മമായ പഴയനിയമത്തേയും ക്രിസ്തുധർമ്മമായ പുതിയനിയമത്തേയും ഈ സഭ അംഗീകരിച്ചിരിക്കുന്നു. ഇതു കൂടാതെ ഈ മതത്തിന്റെ മേലദ്ധ്യക്ഷനായ വാദ്ധാൻകുട്ടി പരിശുദ്ധാത്മാവിന്റെ പ്രേരണ മൂലം എഴുതി ഉണ്ടാക്കീട്ടുള്ള 'നിത്യാക്ഷരങ്ങൾ' എന്നു പേരുള്ള നിത്യനിവൃത്തിയിൻ ധർമ്മമായ നിത്യസുവിശേഷം ഈ സഭയുടെ നടപ്പു പ്രമാണമത്രെ.

അദ്ദേഹം എഴുതി ഉണ്ടാക്കീട്ടുള്ള പുസ്തകങ്ങൾ താഴെ പറയുന്നവ ആകുന്നു.

ക. വാനഭൂമികളെ പൂർണ്ണമായി ശുദ്ധീകരിക്കുന്ന ഏഴു നിയമങ്ങൾ അടങ്ങീട്ടുള്ള 'നിത്യാക്ഷരങ്ങൾ' ഇതിനു രണ്ടു പുറമുണ്ട്.

ഖ. നിത്യസുവിശേഷവിവരണവും ദൈവം മുതൽ അഞ്ചുവരെ പകൽച്ചക്രങ്ങളും അടങ്ങിയ 'നിത്യാക്ഷരങ്ങൾ' ഇതിനു ഒൻപതു പുറമുണ്ട്.

ഗ. ആറാം പകൽച്ചക്രവും നന്ന വെളിപ്പാടുകളും അടങ്ങിയ 'നിത്യാക്ഷരങ്ങൾ' ഇതിനു നന്ന പുറമുണ്ട്.

ഘ. ഏഴാം പകൽച്ചക്രം അടങ്ങിയ 'നിത്യാക്ഷരങ്ങൾ' ഇതിനു പത്തു പുറമുണ്ട്.

ങ. ഏഴാം പകൽച്ചക്രത്തിന്റെ വിവരണമായ 'നിത്യാക്ഷരങ്ങൾ' ഇതിനു നാൽ പുറമുണ്ട്.

ച. യുദ്ധത്തിനുള്ള സർവ്വായുധങ്ങളോടു കൂടിയ 'പരിശുദ്ധ വെണ്മഴു' ഇതിനു പന്ത്രണ്ടു പുറമുണ്ട്.

൬. നിത്യജീവപദവി "മുതലായ പല സംഗതികൾ അടങ്ങിയ "നിത്യാക്ഷരങ്ങൾ" ഉത്തരഭാഗം ഇതിന്നു പുറമുണ്ട്.

൭. പലർക്കും ഈ സഭയ്ക്കുമായി എഴുതീട്ടുള്ള പല പല എഴുത്തുകൾ അടങ്ങിയ 'നിത്യാക്ഷരങ്ങൾ' പൂർവ്വഭാഗം ഇതിന്നു പുറമുണ്ട്.

൮. മഹത്പ്രത്യക്ഷതയ്ക്കു മുൻപും പിൻപുമായി എഴുതീട്ടുള്ള പല എഴുത്തുകളും അനേകസംഗതികളും അടങ്ങീട്ടുള്ള 'നിത്യാക്ഷരങ്ങൾ' പൂർവ്വോത്തരഭാഗങ്ങൾ (അച്ചടിച്ചു വരുന്നു. ഉദ്ദേശം ൧൦൦ പുറത്തോളം വരുന്നതാണു.)

൯. മനുഷ്യരാൽ അസാദ്ധ്യവും ദൈവത്താൽ മാത്രം സാദ്ധ്യവുമെന്നു പ്രത്യക്ഷത്തിൽ തന്നെ അറിയാവുന്നതായ യേശോമയ ഭാഷാപുസ്തകം' ഇതിന്നു പുറമുണ്ടു.

൧൦. "ക്രിസ്തുമതീയഗീതങ്ങൾ" എന്നു പേരുള്ള വലിയ പാട്ടുപുസ്തകം. ഇതിൽ പുരുഷകീർത്തനങ്ങൾ ഉണ്ടു. ഇതിന്നു പുറമുണ്ടു. ഇതിൽ വിദ്വാൻകുട്ടിയാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള പാട്ടുകൾ അനേകം ഉള്ളതു കൂടാതെ ഈ സഭയിലെ സാഹിത്യഗായകന്മാരാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള കീർത്തനങ്ങളുമുണ്ടു. അവ വിദ്വാൻ കുട്ടിയാൽ പരിശോധിക്കപ്പെട്ടിട്ടുള്ളവയുമാകുന്നു.

൧൧. 'യേശോമയാത്മഗീതങ്ങൾ' എന്നു പേരുള്ള ചെറിയ പാട്ടുപുസ്തകം ഇതിൽ സ്തുതിശ്ലോകങ്ങളും, വരവർണ്ണനങ്ങൾ, ചിത്രവരവർണ്ണനങ്ങളും, സൌഗവർണ്ണങ്ങൾ, താനവർണ്ണം, സ്വരജതികൾ, രാഗമാലകൃതികൾ, കീർത്തനങ്ങൾ മുതലായ ഒമ്പതു പാട്ടുകളുമുണ്ടു. ഇതിന്നു ഒമ്പതു പുറമുണ്ടു. ഇതുവിദ്വാൻ കുട്ടിയാൽ തന്നെ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാകുന്നു.

ഇപ്രകാരം വിദ്വാൻകുട്ടി എന്ന ആൾ ചക്കുമിഷ്യൻസഭയിലെ ഒരു പട്ടക്കാരനായി ഭവിച്ചതു മാത്രമല്ലാതെ ൧൮൩൰-ാമാണ്ടു മുതൽ ഈ യേശോമയ സഭയുടെ വേല ആരംഭിച്ചു അതിനെ ദൈവഹിതാനുസരണമായി യോഗ്യമാംവണ്ണം നടത്തുകയും ൧൯൨൨-മാണ്ടു വ്യാധികമാസം ൨൭-ാം കാലത്തു മണിക്കു ഈ ലോകത്തെ വിട്ടുപിരികയും ചെയ്തു. അദ്ദേഹം ഈ സഭയുടെ മേലദ്ധ്യക്ഷൻ എന്നു മാത്രമുമല്ല യേശോമയധർമ്മമായ ഈ നിത്യധർമ്മത്തിന്നു ഉഭയസമ്മതദ്രുതനാം മതസ്ഥാപകനും ക്രിസ്തു ആകുന്നു.

അദ്ദേഹത്തിന്റെ ആജ്ഞാനുസരണമായി ഇപ്പോൾ ഈ സഭയെ നടത്തുന്നതു അദ്ദേഹത്തിന്റെ അനുജനായ യൂസുസുയാക്കോബു ബോധകരത്രെ.

൧൨. ബോധകന്മാരിൽ ൧൦ പേർ മാത്രമെ ഇപ്പോൾ ഉള്ളു. ശേഷം പേർ കഴിഞ്ഞുപോയി. യാക്കോബുബോധകരുടെ കീഴിൽ ശേഷം ബോധകന്മാർ ഈ സഭയുടെ കാര്യാദികളെ നോക്കിവരുന്നു. ഇ

വർ ഈ സഭയുടെ പുരോഹിതന്മാരത്രെ. സഭയിൽനിന്നും പുരോഹിതനുള്ള അംശം, ദശാംശം, ദക്ഷണ കാണിക്ക മുതലായവ അത്രെ. ഇതു കൂടാതെ ബോധകന്മാരായ പുരോഹിതന്മാർക്കു വേറെ ശമ്പളമില്ല. ഇങ്ങനെയത്രെ ഈ സഭയുടെ തൽകാലസ്ഥിതി.

പരമകരുണാനിധിയും, സർവ്വമനുഷ്യരുടേയും ആത്മജീവ ശരീരശക്തി നാമഗ്രഹരാജ്യങ്ങളിന്നൈക്യമാകുന്ന പരമൈക്യമന്ദിരത്തിൽ എന്നും വസിക്കുന്ന യായേയോയോ എന്ന നാമമുള്ള ത്രിയേകസ്നേഹാത്മാവും ആയ മഹാദൈവം, സർവ്വമതക്കാരേയും ഒരുപോലെ സ്നേഹിച്ചു ദയയോടെ രാജ്യഭാരം ചെയ്തുവരുന്ന നമ്മുടെ പൊന്നുതമ്പുരാൻ തിരുമേനിയേയും രാജകുടുംബത്തേയും ആയുരാരോഗ്യാദി സൌഭാഗ്യങ്ങളോടെ കൂടെ ആശീർവ്വദിക്കയും പരമസായൂജ്യപദത്തെ നൽകുകയും തിരുമേനിയുടെ രാജ്യത്തിലുള്ള സകല ഉദ്യോഗസ്ഥന്മാരേയും സർവ്വപ്രജകളേയും പരമാനുഗ്രഹങ്ങളെക്കൊണ്ടു അനുഗ്രഹിക്കയും ചെയ്യട്ടെ. ഓരോ മതക്കാർ തമ്മിലുള്ള മതഛിദ്രങ്ങളെ ആസകലം മാറുന്നതു കൂടാതെ ക്ഷാമം, യുദ്ധം, വസൂന്ത മുതലായ സർവകഷ്ടസങ്കടങ്ങളേയും നീക്കി ഭൂതലത്തിലുള്ള സർവരേയും പരമകരുണയോടെ കൂടെ കാത്തു രക്ഷിക്കയും ചെയ്യട്ടെ.

ശുഭമസ്തു.

എന്ന പൊതുസംഘത്തിന്റെ ശ്രുശ്രൂഷക്കാരനായ യുസ്സുസുയാക്കോബു ബോധകരുടെ ആജ്ഞാനുസരണം ഈ ചരിത്രസംഗ്രഹം എഴുതിയടിയാരുടെ അനുജനും പാ: പാദശ്രുശ്രൂഷക്കാരനും ആയ യുസ്സുസു സമുവേൽ.

യൂയോ: ൨൦൩൦മാണ്ടു ചട്ടലമാസം ൭ാം നു-ക്കു
൨൦൩൦മാണ്ടു മകരമാസം ൨൭ാം നു-
൨൦൩൧-മാണ്ടു ഫെബ്രുവരി മാസം ൩ാം നു-
൭ാം വാരവൃത്ത ദിനം സെ ഷൈക്യവാരം.

ഇതിനെ തിരുവിതാംക്കൂർ സെൻസു കമ്മീഷ്യണരവർകൾക്കു അയച്ചുകൊടുപ്പാനായി ൨൦൩൦ മകരം ൨൭ാം നു- മാവേലിക്കര തഹശീൽദാരു അവർകളുടെ വക്കൽ ഏല്പിച്ചു. ൩ാം നു- ഈ സഭയുടെ വകയായ ഒൻപതു നിത്യാക്ഷരപ്പുസ്തകങ്ങളും ഏല്പിച്ചു.

നിത്യാക്ഷരങ്ങൾ പൂർവ്വഭാഗം എന്ന പുസ്തകത്തിന്റെ സംഗതി വിവരപ്പട്ടിക.

നമ്പർ	സംഗതിവിവരം	പുറം
ക	രണ്ടസ്റ്റീച്ചിലി സായ്പിനുള്ള എഴുത്തു	ക
ഖ	,, കെയിലി ,, ,,	ന
ഗ	,, ,, ,, ,,	ര
ഘ	,, സ്റ്റീച്ചിലി ,, ,,	സ
ങ	,, ബക്കർ ,, ,,	വ
ച	,, റിച്ചാർഡ്സ ,, ,,	ൻ
ഛ	മദ്രാസ് ലോർഡു ബിഷോപ്പു ,, ,,	ഫ
ജ	രണ്ടു മറിയർ ,, ,,	ഭ
ഝ	,, ബിഷോപ്പു ,, ,,	ഭ
ഞ	,, സ്റ്റീച്ചിലി ,, ,,	ഭ
ട	,, കെയിലി ,, ,,	ഫ
ഠ	മദ്രാസ് ലോർഡു ബിഷോപ്പു ,, ,,	ഫ
ഡ	രണ്ടു കെയിലി ,, ,,	ഫ
ഢ	മദ്രാസ് ലോർഡു ബിഷോപ്പു ,, ,,	ഫ
ണ	രണ്ടു കെയിലി ,, ,,	ന
ത	കന്നിംഗി കോഴിക്കോട്ടുകാരർ ഇത്തായി രുദ്ര ഗീസു തുപ്പായിക്കുള്ള ,,	ന
ഥ	രണ്ടു കെയിലിസായ്പിനുള്ള ,, ,,	ന
ദ	,, ,, ,, ,, ,,	ന
ധ	,, ,, ,, ,, ,,	ന
ന	,, ,, ,, ,, ,,	ന
പ	,, ,, ,, ,, ,,	ന
ഫ	,, ,, ,, ,, ,,	ന
ബ	മദ്രാസ് ലോർഡു ബിഷോപ്പു ,,	ര
ഭ	രണ്ടു കെ. കുരുവിള പാദ്രിക്കുള്ള ,,	ര
മ	അയിരൂർ പീലിപ്പോസു മല്പാനച്ചൻ അയച്ച എഴുത്തിന്റെ പകർപ്പു ,,	ര
യ	ടി. എഴുത്തിനുള്ള മറുപടി ,, ,,	,,
ര	രണ്ടു കെയിലി സായ്പിനുള്ള ,,	ര

നമ്പർ	സംഗതിവിവരം	പുറം
൩൬	മദ്രാസ് ലോർഡ് ബിഷോപ്പ സായ്പിനുള്ള എഴുത്തു	൮൭
൩൭	൨൨൦൪ കെയിലി സായ്പിനുള്ള ,,	൭൮
൩൮	രാ. ശ്രീകൃഷ്ണപുരം കോർട്ടിൽ മത്തായി മുൻ സിപ്പു മെവർകൾക്കുള്ള ,,	,,
൩൯	പാണ്ടിക്കാരൻ മത്തായിബോധകക്കുള്ള ,,	൭൩൨
൩൨	൨൨൦൪ കോരത്തു പാദ്രിക്കുള്ള ,,	൭൮൫
൩൩	രാ. രാ. ശ്രീ കൊല്ലം ദിവാൻപേഷ്കാർ സഭാമിയവർകൾക്കുള്ള ,,	൭൭
൩൪	പൊന്നുതമ്പുരാൻ തിരുമനസ്സിലേക്കുള്ള ,,	൭൭
൩൭	തേവലക്കര തയ്യിൽ കൂക്കാച്ചനുള്ള ,,	൭൯൯
൩൩	കന്നീറുണർവു സഭയിലെ എല്ലാ ഇടവകെക്കുമുള്ള ,,	൩൦
൩൬	മദ്രാസ് ബിഷോപ്പിന്റെ ചാപ്പലെനുള്ള (ഇംഗ്ലീഷിൽ) ,,	,,
൩൮	,, ,, ,,	൩൫
൩൯	എല്ലാ ഇടവകെക്കുമുള്ള ,,	,,
൩൦	,, ,, ,,	൩൨
൩൫	൨൨൦൪ കെയിലി സായ്പിനുള്ള ,,	,,
൩൫	ആറുവർഷക്കാരെക്കുറിച്ചു എന്ന ടൗൺകാരിന്റെ നിബന്ധാവിനുള്ള ,,	൩൭
൩൨	പൊന്നുതമ്പുരാൻ തിരുമനസ്സിലേക്കുള്ള ,,	൩൮
൩൭	വിക്ടോറിയാ മഹാരാജ്ഞി തിരുമനസ്സിലേക്കുള്ള ,,	൩൯
൩൭	൨൨൦൪ കുരുവിള പാദ്രിക്കുള്ള ,,	,,
൩൯	എല്ലാ ഇടവകെക്കുമുള്ള ,,	൬
൩൬	,, ,, ,,	൬
൩൮	൨൨൦൪ കെയിലി സായ്പിനുള്ള ,,	൬
൩൯	പൂവത്തൂർ കയ്യാലയ്ക്കത്തു എം. കോശി ഇൻസ്പക്ടർക്കുള്ള ,,	൬
൪൦	ചെങ്ങന്നൂർ കോട്ടയ്ക്കൽ യോസേഫച്ചനുള്ള ,,	൬
൪൧	൨൨൦൪ കെയിലി സായ്പിനുള്ള ,,	൬
൪൨	ഭയങ്കരസൂചകം എന്ന ടൗൺകാരിന്റെ നിബന്ധാവിനുള്ള ,,	൬
൪൩	൨൨൦൪ കെയിലി സായ്പിനുള്ള ,,	൭൨
൪൭	എല്ലാ ഇടവകെക്കുമുള്ള ,,	൭൨
൪൭	മാരാമണ്ണ പള്ളി വിഗാരി സ്റ്റോറിയാകുന്നതിനുള്ള ,,	,,

നമ്പർ	സംഗതിവിവരം	പുറം
൫൯	ജനപ്രതിനിധി ഉലഹന്നൻ പീലിപ്പോച്ചനുള്ള എഴുത്തു വൻ (ഇതു ഈപ്പച്ചൻ മൂലം വിശുദ്ധാത്മാവു ചോദിച്ചിട്ടുള്ള നാലു ചോദ്യങ്ങൾക്കു എഴുതീട്ടുള്ള ഉത്തരമത്രേ)	,,
൬൦	ഈപ്പച്ചനുള്ള	,,
൬൧	ഈപ്പച്ചനും ഉ. പീലിപ്പോച്ചനും കൂടെയുള്ള	,,
൬൨	മാരാമണ്ണുപള്ളി വിശ്വാരി സ്സ്റിയാ കത്തനാക്കന്മാർക്കുള്ള	,,
൬൩	റവറണ്ട ഒ. മാമ്മൻ പാദ്രിക്കുള്ള (ഉമ്മനച്ചനുള്ള)	,,
൬൪	റോബേർട്ട ജീ. ഓർ. സായ്പിനുള്ള (ഇതു കന്നീറുണർവു സഭയുടെ ഒരു ചുരുങ്ങിയ ചരിത്രമത്രേ)	,,
൬൫	മേപ്രാ പുതിയോട്ട പുത്തൻപുരയ്ക്കൽ കത്തനാക്കന്മാർക്കുള്ള	,,
൬൬	സഭയിലേ എല്ലാ ശുശ്രൂഷക്കാർക്കും കുടുംബത്തുള്ളവർക്കുമുള്ള	,,
൬൭	തേവലക്കരത്തയ്യിൽ ലൂക്കാച്ചൻ അവർകൾക്കുള്ള	,,
൬൮	സഭയിലെ ശുശ്രൂഷക്കാർക്കുള്ള	,,
൬൯	കായങ്കുളം പടിഞ്ഞാറ്റയ്ക്കൽ മാപ്പിച്ചനുള്ള (തെക്കേലച്ചനു)	,,
൭൦	സഭെക്കുള്ള	,,
൭൧	പടിഞ്ഞാറെക്കൽ അച്ചനുള്ള	,,
൭൨	യൂസ്സുയോസേഹിന്റെ പ്രധാന അവയവങ്ങളായ ശുശ്രൂഷക്കാർക്കുള്ള	,,
൭൩	സഭയുടെ പ്രധാനകായ്സ്ഥൻ ഉ: പീലിപ്പോസു പ്രധാ: സീക്രട്ടറി യേ: യോഹന്നാൻ പ്രധാ: മുതൽപിടി കൊല്ലക്കാരൻ കുഞ്ഞുകാണ്ട മുതലാളി എന്ന മൂവക്കും കൂടെയുള്ള	,,
൭൪	ജനപ്രതിനിധി ഉ: പീലിപ്പോച്ചനുള്ള	,,
൭൫	സഭെക്കുള്ള	,,
൭൬	ഉണർവുസഭക്കാരനായിരുന്ന കൊല്ലകയശാൻറയ്യത്തു യോസേഫ് എന്ന ബാല്യക്കാരനുള്ള	,,
൭൭	ടി യോസേഫിന്റെ അമ്മാവനായ കൊല്ലകവടക്കേടത്തു തരിയനുള്ള	,,
൭൮	സഭയിലെ ശുശ്രൂഷക്കാർക്കുള്ള	,,
൭൯	ആശാൻറയ്യത്തു യോസേഫിനുള്ള	,,

നമ്പർ	സംഗതിവിവരം		വ്യവം
ൈ	കവുങ്ങുപ്രയാറ്റു കണയത്തു ഉമ്മൻ വിചാരിപ്പുകാക്കള്ള	എഴുത്തു	൧൨൨
ൈ	ആശാൻറയുത്തു യോഹന്നാനുള്ള	,,	൧൨൯
ൻ	റവറണ്ടു ഈ. മാമ്മൻ പാട്ടിക്കുള്ള	,,	൧൩൦
ാ	വടിപ്പുരെക്കൽ അച്ചന്നും മറ്റുമുള്ള	,,	൧൩൩
ു	കുഡുംബം ക്രമപ്പെട്ടന്നതിനെക്കുറിച്ചുള്ള	,,	,,
ൂ	സഭെക്കുള്ള	,,	൧൩൫
ൃ	സഭയിലെ ശുശ്രൂഷക്കാക്കുള്ള	,,	൧൩൬
ൄ	വടക്കൻ ഉപദേശിക്കുള്ള	,,	൧൩൭
ൗ	ചെറുകോൽ ഇടവക കായ്സ്ഥന്നുള്ള	,,	൧൩൯
ൗ	കാത്തികപ്പള്ളി ഇടവക കായ്സ്ഥൻ മുതൽപേക്കുള്ള	,,	൧൪൦
ൗ	കന്നിററി ഇടവക കായ്സ്ഥൻ മുതൽപേക്കുള്ള	,,	൧൪൨
ൗ	കുഴിപറമ്പിൽ ചെറിയാൻ ബോധകക്കുള്ള	,,	൧൪൩
ൗ	പാണ്ടിക്കാരൻ മത്തായി ബോധകക്കുള്ള	,,	൧൪൪
ം	ക്രുടാരപ്പള്ളിൽ കൊച്ചോയിച്ചന്നുള്ള	,,	൧൪൫
ഃ	പുവത്തൂർ കുന്നുമ്പുറത്തു കുഞ്ഞുമ്മൻ തലവന്നുള്ള	,,	൧൪൬
ൈ	കൊട്ടാരകര പണ്ടാല ഇടിക്കുളയച്ചന്നുള്ള	,,	൧൪൭
ൈ	ചെറുകോൽ മെമ്പകശ്ശേരി ഇടിക്കുബോധകക്കുള്ള	,,	൧൪൯
ൈ	തെക്കെ ഡിവിഷ്യൻ തലവന്മാർ കൊച്ചുകുഞ്ഞു മുതലാളിക്കും നെടുഞ്ചിറ ഗ്രമസ്ഥാവിന്നും ക്രുടെയുള്ള	,,	൧൫൦
ൈ	പാണ്ടിക്കാരി അമ്മതമ്മാൾക്കുള്ള	,,	൧൫൨
ൈ	ഈപ്പച്ചന്നുള്ള	,,	൧൫൩
ൈ	കായംകുളത്തു ചക്കാലയിൽ കൊച്ചുകുരിയൻ കുഞ്ഞിന്നുള്ള	,,	൧൫൫
ൈ	കായംകുളത്തു വലിയവീട്ടിൽ മുപ്പിലേക്കുള്ള	,,	൧൫൬
ൈ	റവറണ്ടു മാഡോക്സ് സായ്പിന്നുള്ള	,,	,,
൦	പഴമ്പള്ളിൽ രാ: പാണ്ടിബോധകക്കുള്ള	,,	൧൫൭
൦	ചെങ്ങന്നൂർ താഴവനേത്തു കൊച്ചുകോശി ബോധകക്കുള്ള	,,	൧൫൯
൨	മേപ്രാ മണമേൽ ചെറിയകുഞ്ഞിനും കാത്തികപ്പള്ളിൽ കയ്യാലെക്കുത്തു കുഞ്ഞിനും കായ്സ്ഥൻ ബംഗ്ലാവിൽ മുത്തകുഞ്ഞിനും ക്രുടെയുള്ള	,,	൧൬൦

നമ്പർ	സംഗതിവിവരം		പുറം
൧൦൧	൪൬൩൦൦൦൦൦ശത്തെക്കുറിച്ചുള്ള ജീവചരിത്രം	എഴുത്തു	൧൦൧
൧൦൨	പ: ലൂക്കോസു ബോധകക്കുള്ള	,,	൧൦൨
൧൦൩	യൂ: യാക്കോബു ബോധകക്കുള്ള	,,	൧൦൩
൧൦൪	റ: ഇടിക്കുള ബോധകക്കുള്ള	,,	൧൦൪
൧൦൫	യൂ: യോഹന്നാൻ ബോധകക്കുള്ള	,,	,,
൧൦൬	ബോധകന്മാക്കും തലവന്മാക്കും ക്രൂടെയുള്ള	,,	൧൦൫
൧൦൭	യൂ: യാക്കോബു ബോധകർ മുതൽപേക്കുള്ള	,,	൧൦൫
൧൦൮	ക്രൂടാരപ്പുള്ളി കൊച്ചായിച്ചനുള്ള	,,	൧൦൬
൧൦൯	കുറിച്ചിറ ഉമ്മച്ചനുള്ള	,,	൧൦൭
൧൧൦	മ: ചെറിയാൻ ബോധകർ മുതൽപേക്കുള്ള	,,	൧൦൭
൧൧൧	ചേപ്പാട്ടു പരിമലക്കാരൻ ഗീവറുഗീസു മൂപ്പിലേക്കുള്ള	,,	൧൦൮
൧൧൨	കാത്തികപ്പുള്ളി കിഴക്കെപ്പുറത്തു മൂപ്പിലേക്കുള്ള	,,	,,
൧൧൩	ഇട്ടിമാത്തൻ ബോധകക്കുള്ള	,,	൧൧൦
൧൧൪	പാണ്ടിക്കാരി അമ്മുതമ്മാൾ മുതൽപേക്കുള്ള	,,	,,
൧൧൫	കുണ്ടറപുരത്തു തറയിൽ ഇട്ടിമൂപ്പനുള്ള	,,	൧൧൧
൧൧൬	ഇരവിപേരൂർ മെഴുവേലിൽ മൂപ്പിലേക്കുള്ള	,,	൧൧൨
൧൧൭	മീയണ്ണൂർ കൊന്നക്കോട്ട കുഞ്ഞച്ചനുള്ള	,,	൧൧൩
൧൧൮	രാ: ചാണ്ടി ബോധകക്കുള്ള	,,	൧൧൪
൧൧൯	താഴേനത്തു കൊച്ചുകോശി ബോധകക്കുള്ള	,,	൧൧൫
൧൨൦	അയ്മനം മഠത്തിത്തറയിൽ വലിയമ്മെക്കുള്ള	,,	,,
൧൨൧	മാവേലിക്കരെ പൊള്ളച്ചിറെക്കൽ ചാക്കോച്ചനുള്ള	,,	൧൧൬
൧൨൨	തഴക്കര പുതിയകാവു മുതലായ തെരുവുകളിൽ വിളിച്ചുപറയേണ്ടുന്ന നാശസൂചകവാചകം.	,,	,,
൧൨൩	പടിഞ്ഞാറെ ഡിവിഷ്യൻ തലവന്മാക്കും യൂ: യാക്കോബു ബോധകക്കും ക്രൂടെയുള്ള	,,	൧൧൭
൧൨൪	കിഴക്കെ ഡിവിഷ്യൻ തലവന്മാക്കുള്ള	,,	൧൧൮
൧൨൫	തെക്കെ ഡിവിഷ്യൻ തലവന്മാക്കുള്ള	,,	,,
൧൨൬	യേ: ശമുവേൽ ബോധകരുടെ ഭാര്യ അന്നമ്മെക്കുള്ള	,,	൧൧൮
൧൨൭	പരിമലക്കാരൻ മൂപ്പിലേക്കുള്ള	,,	൧൧൯
൧൨൮	ചേപ്പാട്ടു ഏവരത്തു കിഴക്കെ മൂപ്പിലേക്കുള്ള	,,	൧൧൯
൧൨൯	ചേപ്പാട്ടു നാരാണത്തു അച്ചനും ആതക്കാട്ടു തോമായിക്കും ക്രൂടെയുള്ള	,,	,,

നമ്പർ	സംഗതി വിവരം.	പുറം
൧൩൨	തഴവാക്കാരി വണ്ടോലയിൽ കുഞ്ഞേലിക്കുള്ള ഏഴുത്തു	൧൮൫
൧൩൩	കിഴക്കെ ഡിവിഷ്യൻ തലവന്മാർക്കും ചെമ്പക ശ്ശേരി ബോധകർക്കും കൂടെയുള്ള ,,	൧൮൬
൧൩൪	കൊല്ലക്കാരൻ കുഞ്ഞാക്കാണ്ട മുതലാളിക്കുള്ള ,,	൧൮൩
൧൩൫	വണ്ടോലയിൽ കുഞ്ഞേലിക്കുള്ള ,,	൧൮൪
൧൩൬	തേവലക്കരെ കുളീലിൽ കീവറീച്ചന്നുള്ള ,,	൧൮൫
൧൩൭	കൊട്ടാരക്കരെ വണ്ടോല ഇടിക്കളയച്ചന്നുള്ള ,,	൧൮൦
൧൩൮	കൊട്ടാരക്കരെ കല്ലെടക്കൽ അച്ചന്നും ഖസ്സ്യാമ്മെക്കും ഉള്ള ,,	൧൮൧
൧൩൯	കൊട്ടാരക്കരെ മുളമുട്ടിൽ അച്ചന്നുള്ള ,,	൧൮൨
൧൪൦	കുണ്ടറ മേലേതിൽ മൂപ്പിന്നിന്നും മകനും കൂടെയുള്ള ,,	൧൮൩
൧൪൧	കുണ്ടറ ഇടവക ശുശ്രൂഷക്കാർക്കുള്ള ,,	൧൮൪
൧൪൨	കുണ്ടറ ഇടവക കിരിയാൻ ഉപദേശിക്കുള്ള ,,	൧൮൫
൧൪൩	കാത്തികപ്പള്ളി ഇടവക ശുശ്രൂഷക്കാർക്കുള്ള ,,	,,
൧൪൪	തെക്കെ ഡിവിഷ്യൻ തലവന്മാർ നെടുമ്പാറ ഗുമസ്താവിന്നും കൊച്ചുകുഞ്ഞു മുതലാളിക്കും കൂടെയുള്ള ,,	൧൮൬
൧൪൫	കൂടാരപ്പള്ളിൽ അച്ചന്നുള്ള ,,	൧൮൭
൧൪൬	യേ. ശമുവേൽ ബോധകർ മുതൽപേക്കുള്ള ,,	൧൮൮
൧൪൭	കടമ്പനാട്ട ഇടവക ശുശ്രൂഷക്കാർക്കുള്ള ,,	൧൮൯
൧൪൮	കുഞ്ഞാക്കാണ്ട മുതലാളി മുതൽപേക്കുള്ള ,,	,,
൧൪൯	ആലുവിള അച്ചൻ മുതൽപേക്കുള്ള (മണപ്പുറത്തച്ചൻ) ,,	൧൮൯
൧൫൦	തേവലക്കരെ സഭയിലെ ശുശ്രൂഷക്കാർക്കുള്ള ,,	,,
൧൫൧	മുളമുട്ടിൽ അച്ചന്നുള്ള ,,	൧൯൦
൧൫൨	കൊട്ടാരക്കരെ ഇടവകപ്പട്ടക്കാരൻ, കായ്സ്ഥന്മാർ എന്നിവർക്കുള്ള ,,	,,
൧൫൩	വടക്കൻ ഉപദേശിയുടെ മകൻ പൊലീന്നുള്ള ,,	൧൯൧
൧൫൪	രാ. ചാണ്ടി ബോധകർക്കുള്ള ,,	൧൯൨
൧൫൫	കണയത്തു ഉമ്മൻ വിചാരിപ്പുകാർക്കുള്ള ,,	൧൯൩
൧൫൬	കിഴക്കെ ഡിവിഷ്യൻ തലവന്മാർക്കുള്ള ,,	൧൯൪
൧൫൭	ഐക്യതയിന്നാത്മാവിന്റെ നിയോഗങ്ങൾ ,,	,,
൧൫൮	പടിഞ്ഞാറെ ഡിവിഷ്യൻ തലവൻ മരത്തുവള്ളിൽ നയിനാച്ചന്നുള്ള ,,	൧൯൫

നമ്പർ	സംഗതിവിവരം	പുറം
ക്ലിൻ	വടക്കൻ ഉപദേശിയുടെ മക്കൾ പൌൽ, തോമാസ്സ, ആദാം എന്നവക്കുള്ള	എഴുത്തു	ഠാവു
ക്ലന്നാ	വടക്കൻ ഉപദേശിക്കുള്ള	,,	,,
ക്ലന്നാ	,, ,,	,,	ഠാൻ
ക്ലന്നവ	,, ,,	,,	ഠാം
ക്ലന്നന	,, ,,	,,	,,
ക്ലന്നര	കുഞ്ഞാക്കാണ്ട മുതലാളിക്കുള്ള	,,	ഠാഹ
ക്ലന്നി	ഈപ്പച്ചനുള്ള	,,	ഠാവ
ക്ലന്നന	വേദവായനക്രമം	,,	ഠാന
ക്ലന്നെ	തഴവാക്കാരൻ പുണ്ടോല പീലിപ്പോസു ഭാഗ്യ കുഞ്ഞാലി എന്നിവർക്കുള്ള	,,	ഠാടി
ക്ലന്നവ	ചെറുപൊയ്കയിൽ ആലുംമൂട്ടിൽ ചെറിയാച്ചനുള്ള	,,	ഠാന
ക്ലന്നൻ	കായംകുളം പടിപ്പുരെക്കൽ അച്ചന്റെ ബന്ധുക്കാരമ്മ മുതലായ ഏഴു ശുശ്രൂഷക്കാരികൾക്കുള്ള	,,	,,
ക്ലറെ	റവറണ്ട പീ. യോസേഫ് പാദ്രിക്കുള്ള	,,	ഠാഗ
ക്ലഫെ	,, ,, ,,	,,	ഠാവ
ക്ലവെ	കൊല്ലക്കാരൻ കൊച്ചുകുഞ്ഞു കുഞ്ഞാക്കാണ്ട എന്ന മുതലാളിമാർക്കുള്ള	,,	,,
ക്ലന്നെ	യേ. ശമുവേൽ ബോധകക്കുള്ള	,,	ഠാൻ
ക്ലരെ	കൊട്ടാരക്കര ഇടവക ശുശ്രൂഷക്കാർക്കുള്ള	,,	ഠാഠ
ക്ലരി	വടക്കൻ ഉപദേശിക്കുള്ള	,,	ഠാഫ
ക്ലന്നെ	കുഞ്ഞാക്കാണ്ട മുതലാളിക്കുള്ള	,,	ഠാവ
ക്ലരെ	ക്രൂടാരപ്പള്ളി കൊച്ചായിച്ചനുള്ള	,,	ഠാന
ക്ലവെ	സത്യദാസയ്യനുള്ള	,,	ഠാര
ക്ലന്നെ	എല്ലാ ബോധകന്മാർക്കും അച്ചന്മാർക്കും തലവന്മാർക്കും ക്രൂടെയുള്ള	,,	ഠാര
ക്ലവാ	സത്യദാസയ്യനുള്ള	,,	ഠാന
ക്ലവെ	,,	,,	,,
ക്ലവവ	മെഴുവേലിൽ മുപ്പിലേക്കുള്ള	,,	ഠാഖ
ക്ലവന	ജനപ്രതിനിധി പീലിപ്പോച്ചനുള്ള	,,	ഠാവ
ക്ലവര	ചിറത്താണത്തു കുരുവിള ഉപബോധകക്കുള്ള	,,	ഠാൻ
ക്ലവി	തൊമ്മച്ചന്റെ അമ്മാവി അപ്പനായ കൊട്ടാരക്കരക്കാരൻ മുപ്പിലേക്കുള്ള	,,	,,
ക്ലവന	മരത്തുവള്ളിൽ നയിനാച്ചനുള്ള	,,	ഠാഠ
ക്ലവെ	പാണ്ടിക്കാരൻ മത്തായി ബോധകക്കുള്ള	,,	ഠാഖ

നമ്പർ	സംഗതിവിവരം		പുറം
൧൭൨	ജീവകരുണയിൻ പത്രം	എഴുത്തു	൧൩൩
൧൭൩	കന്നിററി ഇടവക മദിരശ്ശേരി ഇട്ടിച്ചെറിയ മൂപ്പന്നുള്ള	,,	൧൩൪
൧൭൪	ജനപ്രതിനിധി പീലിപ്പോച്ചന്നുള്ള	,,	൧൩൫
൧൭൫	കന്നിററി ഇടവക ജ്യോതിക്കാതോപ്പിൽ പടീറത്തിൽ മാത്തുണ്ണിക്കുള്ള	,,	,,
൧൭൬	തഴവാക്കാരൻ പീലിപ്പോസു ഭാര്യ കുഞ്ഞേലി എന്നവക്കുള്ള	,,	൧൩൬
൧൭൭	ഞക്കനാൽ മിഷ്യൻ സഭയിൽ ചെറിയാൻ ഉപദേശിക്കുള്ള	,,	൧൩൭
൧൭൮	കുന്നമ്പുറത്തു കുഞ്ഞമ്മൻ തലവന്നുള്ള	,,	,,
൧൭൯	റവറണ്ടു കെയിലി സായ്പിന്നുള്ള	,,	൧൩൮
൧൮൦	തഴവാക്കാരൻ പീലിപ്പോസു ഭാര്യ കുഞ്ഞേലി എന്നവക്കുള്ള	,,	൧൩൯
൧൮൧	തേവലക്കരെ തയ്യിൽ ഉമ്മച്ചൻ വൈദ്യന്നുള്ള	,,	൧൪൦
൧൮൨	ക്രൂരപ്പള്ളിൽ കൊച്ചുകോയിക്കുന്നുള്ള	,,	൧൪൧
൧൮൩	തൊമ്മച്ചന്റെ അമ്മാവി അപ്പന്നുള്ള	,,	൧൪൨
൧൮൪	മുളമുട്ടിൽ അച്ചന്നുള്ള	,,	,,
൧൮൫	നെടുഞ്ചിറ ഗുമസ്ഥായിന്നുള്ള	,,	൧൪൩
൧൮൬	പടിഞ്ഞാറെ ഡിവിഷ്യൻ ശുശ്രൂഷക്കാക്കുള്ള	,,	൧൪൪
൧൮൭	സഭയിലുള്ള എല്ലാവക്കും	,,	,,
൧൮൮	തയ്യിൽ ഉമ്മച്ചൻ വൈദ്യന്നുള്ള	,,	൧൪൫
൧൮൯	ക്രൂരപ്പള്ളിൽ കൊച്ചുകോയിക്കുന്നുള്ള	,,	൧൪൬
൧൯൦	തേവലക്കരെ പയിനവിള കുഞ്ചിറയ വൈദ്യന്നുള്ള	,,	,,
൧൯൧	കണയത്തു ഉമ്മൻ വിചാരിപ്പുകാക്കുള്ള	,,	൧൪൭
൧൯൨	കുന്തോട്ടിക്കൽ കൊച്ചിട്ടി നയിനാച്ചന്നുള്ള	,,	൧൪൮
൧൯൩	റവറണ്ടു പീ. യോസേഫ് പാദ്രിക്കുള്ള	,,	൧൪൯
൧൯൪	ഏകൈകൃതയിൽ നിന്നുള്ള ഐകൃതയെക്കുറിച്ചു	,,	൧൫൦
൧൯൫	ചിട്ടിയേയും മുദ്രയേയും കുറിച്ചുള്ള ഐക്യതയിന്നാരമാവിന്റെ നിയോഗങ്ങൾ	,,	൧൫൧
൧൯൬	ലൂക്കോസു ബോധകക്കുള്ള	,,	൧൫൨
൧൯൭	ചെമ്പകശ്ശേരി ബോധകക്കുള്ള	,,	൧൫൩
൧൯൮	ഈരുപ്പച്ചന്നുള്ള	,,	,,
൧൯൯	കുറിച്ചിറ മൂപ്പീന്നു മുതൽപേക്കുള്ള	,,	൧൫൪
൧൯൰	പടിപ്പുരെക്കൽ അച്ചന്നുള്ള	,,	൧൫൫

നമ്പർ	സംഗതിവിവരം		പുറം
൨൯൫	മ. ചെറിയാൻ ബോധകക്കുള്ള	എഴുത്തു	൨൫൫
൨൯൬	ഈപ്പച്ചനുള്ള	,,	൨൫൬
൨൯൭	,,	,,	൨൫൭
൨൯൮	ഈപ്പച്ചനെ സംബന്ധിച്ചുള്ള വെളിപ്പാടുകൾ	,,	൨൫൮
൨൯൯	ര: ചാണ്ടി ബോധകക്കുള്ള	,,	൨൬൦
൨൯൰	യേ: ശമുയേൽ ബോധകക്കുള്ള	,,	,,
൨൯൱	പടിപ്പുരെക്കൽ അച്ചനുള്ള	,,	൨൬൨
൨൯൲	യു. പീലിപ്പോസു ബോധകക്കുള്ള	,,	,,
൨൯൳	ഇട്ടി മാത്തൻ ബോധകക്കുള്ള	,,	൨൬൪
൨൯൴	താഴവനേത്തു കൊച്ചുകോശി ബോധകക്കുള്ള	,,	,,
൨൯൵	ലൂക്കോസു ബോധകർ മുതൽപേക്കുള്ള	,,	൨൬൫
൨൯൶	കന്നീറ്റി കൊച്ചമ്മയുടെ അമ്മാമൻ സുബ്രഹ്മണ്യയ്ക്കുള്ള	,,	൨൬൭
൨൯൷	ചെങ്ങന്നൂർ ഇടവക ശുശ്രൂഷക്കാർ മുതൽപേക്കുള്ള	,,	,,
൨൯൸	മംകുഴി പറമ്പിലെ കുടുംബത്തെപ്പറ്റിയുള്ള ഐക്യാത്മനിയോഗങ്ങൾ	,,	൨൬൱
൨൯൹	കല്ലട മാമ്പിഴ ശങ്കരപ്പിള്ള അവർകൾക്കുള്ള	,,	൨൬൲
൨൯ൺ	തെക്കെ ഡിവിഷ്യൻ തലവൻ നെടുഞ്ചിറ ഗൃഹസ്ഥാവിന്നുള്ള	,,	,,
൨൯ൻ	ലൂക്കോസു ബോധകക്കുള്ള	,,	൨൬൶
൨൯ർ	ദീർഘദർശിമാർ മൂലം വെളിപ്പെടുന്നവയെക്കുറിച്ചുള്ള ഐക്യാത്മനിയോഗങ്ങൾ	,,	൨൬൷
൨൯ൽ	കീഴക്കെ ഡിവിഷ്യൻ നിക്ഷേപപാത്രം പുത്തേത്തു ചാണ്ടിയച്ചനുള്ള	,,	൨൭൦
൨൯ൾ	പടിപ്പുരെക്കൽ അച്ചനുള്ള	,,	൨൭൨
൨൯ൿ	ഇഞ്ചെക്കൽ കൊച്ചുഞ്ഞു തലവനുള്ള	,,	,,
൨൯൭	ചെങ്ങന്നൂർ ഇടവകക്കാർക്കുള്ള	,,	൨൭൨
൨൯൮	പടിഞ്ഞാറെ ഡിവിഷ്യൻ നിക്ഷേപപാത്രം കായംകുളം പുത്തൻവീട്ടിൽ ഉമ്മച്ചനുള്ള	,,	൨൭൪
൨൯൯	യേ: ശമുയേൽ ബോധകക്കുള്ള	,,	,,
൨൯൰	യോഹന്നാൻ തൈക്കുള്ള	,,	൨൭൫
൨൯൱	സഭയുടെ ൈ വർഷത്തെ അടിമയെക്കുറിച്ചു	,,	,,
൨൯൲	ഇഞ്ചെക്കൽ കൊച്ചുഞ്ഞു തലവനുള്ള	,,	൨൭൪
൨൯൳	കുറിച്ചിറ മുപ്പിലേക്കുള്ള	,,	൨൭൭
൨൯൴	തെക്കെ ഡിവിഷ്യൻ തലവന്മാർ അച്ചന്മാർ ബോധകന്മാർ എന്നവക്കുള്ള	,,	൨൭൮

നമ്പർ	സംഗതിവിവരം		പുറം
൨൯൩	പടിപ്പുരെക്കൽ അച്ചന്നുള്ള	എഴുത്തു	൨൬൨
൨൯൪	നിത്യവിവാഹത്തെക്കുറിച്ചു മൈക്യത്തെ നിയോഗങ്ങൾ	,,	൨൬൩
൨൯൫	ജനപ്രതിനിധി പിലിപ്പോച്ചന്നുള്ള	,,	൨൬൪
൨൯൬	രാ. ചാണ്ടി ബോധകക്കുള്ള	,,	൨൬൫
൨൯൭	കൊട്ടാരക്കര ഇടവക കാര്യസ്ഥന്നുള്ള	,,	൨൬൬
൨൯൮	ഈനുപ്പച്ചന്നുള്ള	,,	൨൬൭
൨൯൯	തെക്കേ ഡിവിഷ്യൻ തലവന്മാർ ബോധകന്മാർ അച്ചന്മാർ എന്നവക്കുള്ള	,,	൨൬൮
൨൩൦	പുത്തേത്തു ചാണ്ടിയച്ചന്നുള്ള	,,	൨൬൯
൨൩൧	ഇഞ്ചൈക്കൽ കൊച്ചുകുഞ്ഞു തലവന്നുള്ള	,,	,,
൨൩൨	തഴവാക്കാരൻ പിലിപ്പോസിന്നും ഭാര്യയ്ക്കുമുള്ള	,,	൨൭൦
൨൩൩	പുത്തൻവീട്ടിൽ ഉമ്മച്ചന്നുള്ള	,,	൨൭൧
൨൩൪	അഞ്ചേരി ഇടവക കാര്യസ്ഥൻമുതൽപേക്കുള്ള	,,	,,
൨൩൫	ഈപ്പച്ചന്നുള്ള	,,	൨൭൨
൨൩൬	ചവറയിൽ കാവിനാൽ വലിയമ്മ മുതൽപേക്കുള്ള	,,	൨൭൩
൨൩൭	എല്ലാ ജനങ്ങൾക്കുമുള്ള	,,	൨൭൪
൨൩൮	മംകുഴി ഇടവകക്കാർക്കുള്ള	,,	൨൭൫
൨൩൯	പുത്തൻവീട്ടിൽ ഉമ്മച്ചന്നുള്ള	,,	൨൭൬
൨൪൦	പാണ്ടിക്കാരൻ മത്തായി ബോധകക്കുള്ള	,,	,,
൨൪൧	ചെറുകോൽ ഇടവക കാര്യസ്ഥൻ മുതൽപേക്കുള്ള	,,	൨൭൭
൨൪൨	അഞ്ചേരി ഇടവക കാര്യസ്ഥൻമുതൽപേക്കുള്ള	,,	൨൭൮
൨൪൩	മ. ചെറിയാൻ ബോധകക്കുള്ള	,,	൨൭൯
൨൪൪	പെരുനാട്ടുകോടിയാറ്റു ചാണ്ടപ്പിള്ളയച്ചന്നുള്ള	,,	,,
൨൪൫	പരിമലക്കാരൻ മൂപ്പിലേക്കുള്ള	,,	൨൮൦
൨൪൬	പുത്തൻവീട്ടിൽ ഉമ്മച്ചന്നുള്ള	,,	,,
൨൪൭	മംകുഴിപ്പുറമ്പിൽ മത്തായിസിന്നുള്ള	,,	൨൮൨
൨൪൮	യൂ: മത്തായി ബോധകരുടെ മകൾ സാറാമ്മയെക്കുറിച്ചുള്ള	,,	,,
൨൪൯	ംരംപ്പച്ചന്നും ചെറിയാൻ ബോധകക്കുമുള്ള	,,	൨൮൩
൨൫൦	പൂവത്തൂർ മങ്ങാട്ടു ചാക്കോച്ചൻ എന്ന തലവന്നുള്ള	,,	൨൮൪
൨൫൧	കണ്ടിയത്തു ഉമ്മൻ വിചാരിപ്പുകാർക്കുള്ള	,,	,,
൨൫൨	ഇരവിപേരൂർ മണ്ണേട്ടു ചെറിയാച്ചന്നുള്ള	,,	൨൮൫

നമ്പർ	സംഗതിവിവരം	പുറം
൨൯൯	ഈപ്പച്ചനും ചെറിയാൻ ബോധകക്കുമുള്ള	എഴുത്തു ൯൫൯
൨൯൦	,, ,, ,,	൯൫൯
൨൯൧	അയിരൂർ ലൂക്കാച്ചനുള്ള	,, ൯൫൫
൨൯൨	അഞ്ചേരി ഇടവക കായ്സ്ഥൻ മുതൽപേക്കുള്ള	,, ൯൫൭
൨൯൩	ഒറപ്പിലാക്കൽ മാത്തൂവച്ചനുള്ള	,, ,,
൨൯൪	കാൽതികുപ്പള്ളി ഇടവക കായ്സ്ഥൻ മുതൽപേക്കുള്ള	,, ൯൫ൻ
൨൯൫	കൊല്ലക്കാരൻ കൊച്ചുകുഞ്ഞു മുതലാളിക്കുള്ള	,, ൯൫൬
൨൯൬	അയിരൂർ ലൂക്കാച്ചനുള്ള	,, ൯൫൬
൨൯൭	വെണ്മണി ഇടവക പ്രമാണികൾ മുതലായവക്കുള്ള	,, ൯൫൯
൨൯൮	തെക്കേ ഡിവിഷ്യൻ തലവന്മാർ ബോധകന്മാർ അച്ചന്മാർ എന്നവക്കുള്ള	,, ൯൫൷
൨൯൯	ഇഞ്ചെക്കൽ കൊച്ചുകുഞ്ഞു തലവൻ മുതൽപേക്കുള്ള	,, ൯൫൯
൨൯൦	യൂസ്സൂ യോസേഫിന്റെ കുടുംബത്തെക്കുറിച്ചുള്ള ജീവരക്ഷയിൻ നിയമം	,, ൯൬൦
൨൯൧	അയിരൂർ ലൂക്കാച്ചനുള്ള	,, ൯൬ൻ
൨൯൨	ഈപ്പച്ചനുള്ള	,, ൯൬൨
൨൯൩	കൊട്ടാരക്കര ഇടവകപ്പട്ടക്കാരൻ കായ്സ്ഥൻ മുതൽപേക്കുള്ള	,, ൯൬൫
൨൯൪	ചേപ്പാട്ട സഭയിൽ മൂപ്പന്മാക്കും കുടുംബതലവന്മാക്കുമുള്ള	,, ൯൬൬
൨൯൫	പടിപ്പുരെക്കൽ അച്ചനും പുത്തൻവീട്ടിൽ ഉമ്മച്ചനുമുള്ള	,, ,,
൨൯൬	കൊട്ടാരക്കര ഇടവക പട്ടക്കാരൻ കായ്സ്ഥൻ മുതൽ പേക്കുള്ള	,, ൯൬൮
൨൯൭	മേപ്രാ മേടയിൽ ജോർജ്ജു തലവനുള്ള	,, ൯൬൭
൨൯൮	നിരണം ഇടവക കായ്സ്ഥൻ ചെമ്പിൽ നയിനാച്ചൻ മുതൽ പേക്കുള്ള	,, ൯൬൯
൨൯൯	കന്നീററി ഇടവക മാലയത്തു യോഹന്നാൻ മുപ്പനുള്ള	,, ൯൭൦
൨൯൦	അമിച്ചേരി തിരുവാററാൽ ഞെപ്പു മുതൽ പിടിക്കാരനുള്ള	,, ൯൭൨
൨൯൧	അമിച്ചേരി സഭയിൽ ഉപദേശിമാർ മൂപ്പന്മാർ മുതലായവക്കുള്ള	,, ൯൭ൻ

നമ്പർ	സംഗതിവിവരം		പുറം
൨൯൯	കായങ്കുളത്തു അല്വംമുട്ടിൽ യോഹന്നാൻ ഉപദേശിക്കുള്ള	എഴുത്തു	൨൮൦
൨൦൦	മുഖത്തല ഇട്ടി ഉപദേശിക്കുള്ള	,,	൨൮൧
൨൦൧	കയ്യാലെക്കകത്തു കുഞ്ഞിന്നുള്ള	,,	?
൨൦൨	ഈപ്പച്ചന്നും ചെറിയാൻ ബോധകക്കും ഇട്ടി മാത്തൻ ബോധകക്കുമുള്ള	,,	൨൮൨
൨൦൩	ജീവനാംശത്തിന്മേലുള്ള വാഞ്ഛാപത്രം	,,	൨൮൩
൨൦൪	ഇഞ്ചെക്കൽ കൊച്ചുകോയിച്ചന്നും ഭാഗ്യക്കും ഉള്ള	,,	൨൮൪
൨൦൫	കിഴക്കെടവിഷ്യൻ തലവന്മാർ സഭാപ്രമാണികൾ എന്നവക്കുള്ള	,,	൨൮൫
൨൦൬	ചെങ്ങളം ഇടവകയിലെ കുഡുംബതലവന്മാക്കുള്ള	,,	,,
൨൦൭	പുത്തെത്തു ചാണ്ടിയച്ചന്നുള്ള	,,	൨൮൬
൨൦൮	എലന്തൂർ താഴയിൽ മുപ്പിലേക്കുള്ള	,,	൨൮൭
൨൦൯	താഴേനത്തു കൊച്ചുകോശിബോധകക്കുള്ള	,,	൨൮൮
൨൧൦	കടമ്പനാട്ട ഇടവക കായ്സ്ഥൻ മുതൽ പേക്കുള്ള	,,	൨൮൯
൨൧൧	നിരണം ഇടവകയിൽ ചേന്ന സഭകളിലെ പ്രമാണികൾക്കുള്ള	,,	൨൯൦
൨൧൨	പരമസ്ഥതയിൻ പ്രവേശനപ്പത്രം	,,	൨൯൧
൨൧൩	കുഞ്ഞാക്കാണ്ട മുതലാളിക്കുള്ള	,,	൨൯൨
൨൧൪	പുത്തേത്തു ചാണ്ടിയച്ചന്നുള്ള	,,	൨൯൩
൨൧൫	൨൨൦ ദിവസത്തെ പരമമദ്ധ്യസ്ഥതയെക്കുറിച്ചു	,,	൨൯൪
൨൧൬	ചേപ്പാട്ട പീലപ്പോസു ആശാന്നുള്ള	,,	൨൯൫
൨൧൭	ജനപ്രതിനിധി പീലിപ്പോച്ചന്നുള്ള	,,	,,
൨൧൮	നെട്ടഞ്ചിറ ഗ്രമസ്ഥാവിന്നുള്ള	,,	൨൯൬
൨൧൯	അഞ്ചേരി ഇടവകയിൽ ഉപദേശിയാക്കും മറ്റുമുള്ള	,,	൨൯൭

നിത്യാക്ഷരങ്ങൾ പൂർവ്വോത്തരഭാഗങ്ങൾ എന്ന

പുസ്തകത്തിന്റെ സംഗതിവിവരപ്പട്ടിക

നമ്പർ	സംഗതിവിവരം	പുറം
൧	ഉണർവു സഭെക്കുള്ള എഴുത്തു	൧
൨	കുടുംബകൃത്യം	൩
൩	ഞായറാഴ്ച ക്രമം	൪
൪	ഭവനവിചാരകന്മാരുടെ കൃത്യം	൬
൫	മൂപ്പന്മാരുടെ കൃത്യം	൭
൬	ഇടവക കാര്യസ്ഥന്മാരുടെ കൃത്യം	൯
൭	ഇടവക സീക്രട്ടറിമാരുടെ കൃത്യം	൧൧
൮	ഇടവക മുതൽപിടിക്കാരന്റെ കൃത്യം	,,
൯	പട്ടക്കാരുടെ മുറ	൧൨
൧൦	ബോധകന്മാരുടെ മുറ	൧൪
൧൧	ദീർഘദർശിമാരുടെ മുറ	൧൫
൧൨	ഉപദേശിമാരുടെ മുറ	൧൭
൧൩	സുവിശേഷകന്മാരുടെ മുറ	൧൮
൧൪	ശിശ്രൂഷ്യാനത്തിന്റെ ക്രമം	൧൯
൧൫	മുതിർന്നവരെ സ്നാനപ്പെടുത്തുന്ന ക്രമം	൨൨
൧൬	ജ്ഞാനവിവാഹക്രമം	൨൬
൧൭	തിരുവത്താഴക്രമം	൩൨
൧൮	സംഘത്തിലെ പൊതുശുശ്രൂഷക്കാരുടെ പട്ടിക	൩൫
൧൯	മംകുഴിയിൽ വച്ചു കൂടിയ ഒന്നാം പൊതുസംഘം	൩൮
൨൦	കന്നീറ്റിൽ വച്ചു കൂടിയ രണ്ടാം പൊതുസംഘം	൩൯
൨൧	മംകുഴിയിൽ വച്ചു കൂടിയ മൂന്നാം പൊതുസംഘം	൪൦
൨൨	പൂവത്തൂർ വച്ചു കൂടിയ ഒന്നാം കിഴക്കെ ഡിവിഷ്യൻ സംഘം	൪൧
൨൩	ചെറുകോൽവച്ചു കൂടിയ ടി പടിഞ്ഞാറെ ഡിവിഷ്യൻ സംഘം	൪൩
൨൪	കന്നീറ്റിൽ വച്ചു കൂടിയ ടി തെക്കെ ഡിവിഷ്യൻ സംഘം	൪൫

നമ്പർ	സംഗതിവിവരം		പുറം
൨൫	അഞ്ചേരിൽ വച്ചു കൂടിയ ഒന്നാം വടക്കെ ഡിവിഷ്യൻ സംഘം		൫൨
൨൬	ഏലന്നൂർ വച്ചു കൂടിയ രണ്ടാം കിഴക്കെ ഡിവിഷ്യൻ സംഘം		൫൩
൨൭	മംകുഴിയിൽ വച്ചു കൂടിയ ടി പടിഞ്ഞാറെ ഡിവിഷ്യൻ സംഘം		൫൪
൨൮	ചെങ്കുളത്തു വച്ചു കൂടിയ ടി തെക്കെ ഡിവിഷ്യൻ സംഘം		൫൫
൨൯	കന്നീററിൽ വച്ചു കൂടിയ നാലാം പൊതുസംഘം		൫൬
൩൦	ടി. സംഘനിയമങ്ങൾ		൫൭
൩൧	ഐക്യതയിൻ ഐക്യതയെക്കുറിച്ചുള്ള ആത്മനിയോഗങ്ങൾ		൫൮
൩൨	അഞ്ചേരിൽ വച്ചു കൂടിയ രണ്ടാം വടക്കെ ഡിവിഷ്യൻ സംഘം		൫൯
൩൩	കായംകുളത്തു വച്ചു കൂടിയ ൯൫ പ്രത്യേക സംഘം		൬൦
൩൪	ചെങ്ങന്നൂർ വച്ചു കൂടിയ മൂന്നാം കിഴക്കെ ഡിവിഷ്യൻ സംഘം		൬൧
൩൫	മേപ്രാ വച്ചു കൂടിയ ടി പടിഞ്ഞാറെ ഡിവിഷ്യൻ സംഘം		൬൨
൩൬	കൊട്ടാരക്കരവച്ചു കൂടിയ ടി തെക്കെ ഡിവിഷ്യൻ സംഘം		൬൩
൩൭	കണയത്തു ഉമ്മൻ വിചാരിപ്പുകാർക്കുള്ള	എഴുത്തു	൬൪
൩൮	ആണ്ടുപിറപ്പിനെക്കുറിച്ചു	,,	൬൫
൩൯	കിഴക്കെ ഡിവിഷ്യന്നുള്ള	,,	൬൬
൪൦	ജനപ്രതിനിധി ഉ: പിലിപ്പോച്ചന്നുള്ള	,,	,,
൪൧	അഞ്ചേരിയോഗത്തിന്നുള്ള	,,	൬൮
൪൨	കായംകുളം ചെന്നിത്തല കണ്ണ യോഗങ്ങൾക്കുള്ള	,,	൬൯
൪൩	കന്നീററി ഉണർവുസഭയോട് ചേർന്നു നടന്ന വന്നവർക്കുള്ള	,,	,,
൪൪	തേവലക്കര തയ്യിൽ മൂക്കാച്ചൻ അവർകൾക്കുള്ള	,,	൭൧
൪൫	,, ,,	ഉമ്മച്ചൻവൈദ്യൻ അവർകൾക്കുള്ള ,,	൭൨

നമ്പർ	സംഗതിവിവരം	പുറം
൫൯	തേവലക്കര മടത്തിൽ പീലിപ്പോസ് എന്നാൾക്കുള്ള	എഴുത്തു വന്നു
൫൰	കാറാണത്തു മരത്തുവള്ളിൽ നയിനാച്ചനുള്ള	,, വ൰
൫൱	മങ്കുഴി കൈതവന പടിഞ്ഞാറതിൽ നാരായണപിള്ളയ്ക്കുള്ള	,, വ൱
൫൲	തേവലക്കര കിഴക്കിടത്തു ആശാന്നും കല്ലുടെ കോമളത്തു തൊമ്മന്നുമുള്ള	,, ,,
൫൳	തയ്യിൽ ഉമ്മച്ചൻ വൈദ്യന്നുള്ള	,, വ൳
൫൴	ജനപ്രതിനിധി ഉ: പീലിപ്പോച്ചനുള്ള	,, ൯൦
൫൵	,, ,,	,, ൯൧
൫൶	ഞക്കനാൽ വലിയതറയിൽ ചെറിയാൻ ഉപദേശിക്കുള്ള	,, ൯൨
൫൷	മേപ്രാമേടയിൽ കുഞ്ഞിന്നുള്ള	,, ൯൩
൫൸	ചെറുകോൽ ഇമ്മെസ്സൽ കൊച്ചോയിച്ചനുള്ള	,, ൯൪
൫൹	യു. മത്തായിബോധകരുടെ അമ്മാവി അമ്മെക്കും കൊച്ചുമകൾക്കും കൂടിയുള്ള	,, ൯൫
൫ൺ	അഞ്ചേരിയോഗത്തിനുള്ള	,, ൯൬
൫ൻ	സുറിയാനിസഭക്കുള്ള	,, ൯൭
൫ർ	ജനപ്രതിനിധി ഉ: പീലിപ്പോച്ചനുള്ള	,, ൯൮
൫ൽ	മാനങ്കേരി കൊച്ചുതോമ്മായെ സംബന്ധിച്ച	,, ൯൯
൫ൾ	ചെങ്ങന്നൂർ താഴവനേത്തു കൊച്ചുകോശി ബോധകക്കുള്ള	,, ,,
൫ൿ	തയ്യിൽ ഉമ്മച്ചൻ വൈദ്യന്നുള്ള	,, ൧൦൧
൫൭	കുന്നിറേറി പുത്തൻബംഗ്ലാവിന്ന സമീപം പുത്തൻ വീട്ടിൽ പണിക്കന്നുള്ള	,, ൧൦൨
൫൮	യുയോരാലിസന്റെ കുടുംബത്തെപ്പറിയുള്ള	,, ൧൦൩
൫൹	യു: യോഹന്നാൻ ബോധകക്കുള്ള	,, ൧൦൪
൫ൺ	എല്ലായോഗക്കാക്കുമുള്ള	,, ൧൦൫
൫ൻ	കാത്തികപ്പള്ളി കിഴക്കേപ്പുറത്തു മുപ്പിലേക്കുള്ള	,, ൧൦൬
൫ർ	പുലത്തുർ കുന്നംപുറത്തു കുഞ്ഞിനോടുള്ള ഐക്യാത്മാവിൻ അറിയിപ്പു	,, ൧൦൭
൫ൽ	കടമ്പനാട്ടു യോഗത്തിന്നുള്ള	,, ,,
൫ൾ	യു: യാക്കോബു ബോധകക്കുള്ള	,, ൧൦൮
൫ൿ	,, ,,	,, ൧൦൯
൫൭	മെങ്കളം യോഗക്കാക്കുള്ള	,, ൧൧൦
൫൮	പുതുപ്പള്ളി ഇഞ്ചക്കാട്ടു തോമ്മാച്ചനുള്ള	,, ൧൧൧

നമ്പർ	സംഗതിവിവരം		പുറം
൧	കീഴക്കെഡവിഷ്യന്നുള്ള	എഴുത്തു	൧൧൭
൨	ചെറുകോൽ ചെമ്പകശ്ശേരി വ: ഇടിക്കുള ബോധകക്കുള്ള	,,	൧൧൮
൩	കന്നീററിയോഗത്തിന്നുള്ള	,,	൧൧൦
൪	ചെമ്പകശ്ശേരിബോധകക്കുള്ള	,,	,,
൫	യു: ശമുയേൽബോധകക്കുള്ള	,,	൧൧൧
൬	കൊല്ലക്കാരൻ കുഞ്ഞാക്കാണ്ടമുതലാളിക്കുള്ള	,,	൧൧൨
൭	യു: ശമുയേൽബോധകക്കുള്ള	,,	൧൧൪
൮	അമ്മസ്സുള്ള	,,	൧൧൫
൯	ചെന്നിത്തല കാരാഞ്ചേരിൽ ഗീവറുഗീസു ഉപദേശിക്കുള്ള	,,	൧൧൬
൧൦	എന്തുലർ താഴയിൽ തൊമ്മിമുപ്പിലേക്കുള്ള	,,	൧൧൭
൧൧	ചെമ്പകശ്ശേരിബോധകക്കുള്ള	,,	,,
൧൨	കൊല്ലക്കാരൻ കുഞ്ഞാക്കാണ്ട മുതലാളിക്കുള്ള	,,	൧൧൮
൧൩	ചെന്നിത്തല ഗീവറുഗീസു ഉപദേശിയാക്കുള്ള	,,	൧൧൯
൧൪	,, ,, ,,	,,	൧൨൦
൧൫	,, ,, ,,	,,	൧൨൧
൧൬	അഞ്ചേരി യോഗത്തിന്നുള്ള	,,	,,
൧൭	കമ്പിനിക്രൂട്ടത്തെ സംബന്ധിച്ചുള്ള വിവരം		൧൨൨
൧൮	പുത്തേത്തു ചാണ്ടി ബോധകക്കുള്ള	,,	൧൨൪
൧൯	കൊല്ല: കുഞ്ഞാക്കാണ്ട മുതലാളിക്കുള്ള	,,	൧൨൩
൨൦	ഇഞ്ചക്കാട്ട തോമ്മാച്ചന്നുള്ള	,,	൧൨൬
൨൧	ചെന്നിത്തല ഗീവറുഗീസു ഉപദേശിയാക്കുള്ള	,,	൧൨൭
൨൨	പുത്തൻവീട്ടിൽ പണിക്കന്നുള്ള	,,	൧൨൮
൨൩	പുതുപ്പള്ളി കന്നുകുഴി കുരുവിളശിരസ്ഥാക്കുള്ള	,,	൧൨൦
൨൪	പുത്തേത്തു ചാണ്ടി ബോധകക്കുള്ള	,,	൧൨൨
൨൫	മാങ്ങാനത്തു (പുല്ലുക്കോട്ട മാത്തു) കുഞ്ഞിന്നുള്ള	,,	൧൨൯
൨൬	പുത്തൻവീട്ടിൽ പണിക്കന്നുള്ള	,,	൧൨൫
൨൭	കൊല്ല: കുഞ്ഞാക്കാണ്ട മുതലാളിക്കുള്ള	,,	൧൨൪
൨൮	മാങ്ങാനത്തു കുഞ്ഞിന്നുള്ള	,,	൧൨൬
൨൯	അഞ്ചേരി കൈതളാവിൽ കൊച്ചോയിച്ചന്നുള്ള	,,	൧൨൭
൩൦	അഞ്ചേരി യോഗത്തിന്നുള്ള	,,	൧൩൦
൩൧	കന്നീററി കൊല്ലക കയ്പൂരത്തിൽ യോഹന്നാൻ കാശ്ശീസ്ഥന്നുള്ള	,,	൧൩൨
൩൨	ദാനിയേലിന്നും മനുവിന്നും അറിയിക്കുന്നതു	,,	൧൩൩
൩൩	ഇത്തിമലെ കൊ: കു: കോശിബോധകർക്കുള്ള	,,	,,

നമ്പർ	സംഗതിവിവരം		പുറം
൧൦൯	യു. യോഹന്നാൻ ബോധകർക്കുള്ള	എഴുത്തു	൧൪൩
൧൦൰	ഇത്തിമല കൊ: കു: കോശിബോധകർക്കുള്ള	,,	൧൪൪
൧൦൱	ടി. ബോധകർക്കും കുഡുംബക്കാർക്കും ക്രൂടെയുള്ള	,,	,,
൧൦൲	മേപ്രാ കണിയാന്ത്ര വലിയമ്മസ്സുള്ള	,,	൧൪൬
൧൦൳	മാങ്ങാനത്തു കുഞ്ഞിനുള്ള	,,	൧൪൭
൧൦൴	കുരുവിള ശിരസ്ഥാർക്കുള്ള	,,	൧൪൮
൧൦൵	എല്ലാ യോഗക്കാർക്കുമുള്ള	,,	൧൪൯
൧൦൶	മേപ്രാ പൂതിയോട്ട ചാക്കോച്ചനുള്ള	,,	൧൫൦
൧൦൷	പുതുപ്പള്ളി ഒറപ്പാക്കൽ മാത്തുവച്ചനുള്ള	,,	,,
൧൦൸	ടി. കൊച്ചുപറമ്പിൽ അക്കാമ്മസ്സുള്ള	,,	൧൫൨
൧൦൹	യു. യോഹന്നാൻ ബോധകർക്കുള്ള	,,	,,
൧൦ൺ	ഇത്തിമല കൊ: കു: കോശി ബോധകർക്കുള്ള	,,	൧൫൩
൧൦ൻ	ചാത്തന്നൂർ പുത്തൻവീട്ടിൽ കൊച്ചുകുഞ്ഞു മുതലാളിക്കുള്ള	,,	൧൫൫
൧൦ർ	മാങ്ങാനത്തു കുഞ്ഞിനുള്ള	,,	൧൫൫
൧൦ൽ	പുത്തേത്തു ചാണ്ടി ബോധകർക്കുള്ള	,,	൧൫൬
൧൦ൾ	തേവലക്കര കൈതവിള കുഞ്ചാണ്ടി ബോധകർക്കുള്ള	,,	൧൫൬
൧൦ൿ	പുത്തേത്തു ചാണ്ടി ബോധകർക്കുള്ള	,,	൧൫൭
൧൦൰	മാങ്ങാനത്തു കുഞ്ഞിനുള്ള	,,	൧൫൭
൧൦൱	സത്യദാസയ്യൻ ഉപദേശിക്കുള്ള	,,	൧൫൭
൧൦൲	ചെങ്ങന്നൂർ താഴ്ചയനത്തു കൊച്ചുകോശി ബോധകർക്കുള്ള	,,	൧൫൮
൧൦൳	കണ്ടിയത്തു ഉമ്മൻ വിചാരിപ്പുകാർ മുതൽപേർക്കുള്ള	,,	൧൫൯
൧൦൴	യു: യാക്കോബു ബോധകർക്കുള്ള	,,	൧൫൯
൧൦൵	യു: ശമുയേൽ ബോധകരോട്ട വെള്ളിക്കര ബോധകർ അറിയിച്ച വെളിപാടിന്റെ സാരം.	,,	൧൬൦
൧൦൶	അഞ്ചേരി യോഗത്തിനുള്ള	,,	,,
൧൦൷	സാറാ സത്യബോധിനി അമ്മാൾക്കു ഐക്യതയിൻ ആത്മാവിന്റെ വാറണ്ടുകല്പന.	,,	൧൬൨
൧൦൸	ഇത്തിമല കൊ: കു; കോശി ബോധകർക്കുള്ള	,,	൧൬൨
൧൦൹	മാങ്ങാനത്തു കുഞ്ഞിനുള്ള	,,	൧൬൩
൧൦ൺ	പുത്തേത്തു ചാണ്ടിബോധകർക്കും പഴമ്പള്ളി ചാണ്ടി ബോധകർക്കും കൂടിയുള്ള	,,	൧൬൪

നമ്പർ	സംഗതിവിവരം		പുറം
൪൩൫	മാങ്ങാനത്തു കുഞ്ഞിന്നും ഒറവപ്പള്ളിക്കൽ മാത്തുവച്ചനും കൂടിയുള്ള	എഴുത്തു	൨൭൫
൪൩൬	പുത്തേത്തു ചാണ്ടി ബോധകക്കുള്ള	,,	൨൭൬
൪൩൭	കൈതക്കുഴി നെടുഞ്ചിറ പുത്തൻവീട്ടിൽ ഗീവറുഗീസു ഗ്രമസ്ഥാവു അവർകൾക്കുള്ള	,,	൨൭൭
൪൩൮	ജോർജ്ജു അബ്രാഹം റജിസ്റ്റാർ അവർകൾക്കുള്ള	,,	൨൮൰
൪൩൯	മാങ്ങാനത്തു കുഞ്ഞിന്നുള്ള	,,	,,
൪൪൦	നെടുഞ്ചിറ പുത്തൻവീട്ടിൽ ഗീവറുഗീസു ഗ്രമസ്ഥനട്ടേഹത്തിന്റെ ഭാര്യക്കുള്ള	,,	൨൮൨
൪൪൧	സാറാ സത്യബോധിനി അമ്മാൾക്കും മക്കൾക്കുമുള്ള	,,	൨൮൩
൪൪൨	രാമസ്വാമി റോബെർട്ട ഗോപാലയ്യന്നുള്ള	,,	൨൮൪
൪൪൩	,, ,, ,,	,,	൨൮൫
൪൪൪	,, ,, ,,	,,	൨൮൬
൪൪൫	,, ,, ,,	,,	൨൮൭
൪൪൬	ഇത്തിമല കൊ കു: കോശിബോധകക്കുള്ള	,,	൨൮൮
൪൪൭	അലുവിള അച്ചൻ കൊച്ചുകുഞ്ഞു മുതലാളി ക്കുടാരപ്പള്ളി കൊച്ചുകോശി ബോധകർ യു: പീലിപ്പോസു ബോധകർ എന്നവക്കുള്ള	,,	൨൮൯
൪൪൮	പുത്തേത്തു ചാണ്ടിബോധകക്കുള്ള	,,	൨൯൪
൪൪൯	മാങ്ങാനത്തു കുഞ്ഞിന്നുള്ള	,,	൨൯൫
൪൫൦	എല്ലാ യോഗത്തിന്നുമുള്ള	,,	൨൯൬
൪൫൧	റവറണ്ട ജെ. എച്ച്. ഖിഷോപ്പിന്നുള്ള	,,	,,
൪൫൨	വെള്ളിക്കര ചാണ്ടിബോധകക്കുള്ള	,,	൨൯൭
൪൫൩	കുരവിള ശിരസ്സുദാരവർകൾക്കുള്ള	,,	,,
൪൫൪	പഴമ്പള്ളിലായ വെള്ളിക്കര ചാണ്ടിബോധകക്കുള്ള	,,	൨൯൮
൪൫൫	നെടുമ്പിറയാറു തോപ്പുറത്തു യോസേഫച്ചന്നുള്ള	,,	൨൯൯
൪൫൬	പുത്തേത്തു ചാണ്ടിബോധകക്കുള്ള	,,	൩൦൰
൪൫൭	ഒറവപ്പാക്കൽ മാത്തുവച്ചന്നുള്ള	,,	,,
൪൫൮	മലയാളമിത്ര പത്രാധിപർ അവർകൾക്കുള്ള	,,	൩൦൨
൪൫൯	പൂവത്തൂർ പൊടിടല തോമ്മാച്ചനും ഭാര്യക്കുമുള്ള	,,	൩൦൩
൪൬൦	പുത്തേത്തു ചാണ്ടിബോധകക്കുള്ള	,,	൩൦൪
൪൬൧	രാമസ്വാമിറോബെർട്ട ഗോപാലയ്യന്നുള്ള	,,	൩൦൫
൪൬൨	ടിയാന്റെ അമ്മാവന്നുള്ള	,,	,,

നമ്പർ	സംഗതിവിവരം	പുറം
൧൯൩	എല്ലാ യോഗത്തിന്നുമുള്ള	എഴുത്തു ൧൫൫
൧൯൪	കിഴക്കേ ഡിവിഷ്യന്നുള്ള	,, ൧൫൬
൧൯൫	അഞ്ചേരിയോഗക്കാർക്കുള്ള	,, ,,
൧൯൬	മലയാംപള്ളിക്കുടം ഇൻസ്പെക്ടർ വേലുപ്പിള്ള അവർകൾക്കുള്ള	,, ൧൫൯
൧൯൭	പഴമ്പള്ളി ചാണ്ടിബോധകക്കുള്ള	,, ൧൬൦
൧൯൮	കരുനാഗപ്പള്ളിൽ കണ്ണമ്പള്ളിൽ വേലുപ്പിള്ളസ്സ് എഴുതി അയച്ച ഭാഷാശ്ലോകം	൧൬൨
൧൯൯	ഇൻസ്പെക്ടർ വേലുപ്പിള്ളയെക്കുറിച്ചുള്ള ഭാഷാശ്ലോകം	,, ൧൬൬
൨൦൦	മെങ്ങളം കുടാരപ്പള്ളി കൊച്ചുകോശി ബോധകക്കുള്ള	,, ,,
൨൦൧	എല്ലായോഗക്കാർക്കുമുള്ള	,, ൧൬൮
൨൦൨	പഴമ്പള്ളി ചാണ്ടിബോധകക്കുള്ള	,, ൧൬൯
൨൦൩	മാങ്ങാനത്തു കുഞ്ഞിന്നുള്ള	,, ൧൭൩
൨൦൪	തേവലക്കര തയ്യിൽ ലൂക്കാച്ചൻ അവർകൾക്കുള്ള	,, ൧൭൫
൨൦൫	കുരുവിളശിരസ്ഥാർ അവർകൾക്കും ഭാര്യക്കുമുള്ള	,, ൧൭൭
൨൦൬	രാമസ്വാമി റോബേർട്ടഗോപാലയ്യന്നുള്ള	,, ൧൭൮
൨൦൭	,, ,, ,,	,, ൧൭൯
൨൦൮	ഇത്തിമല കൊ. കു. കോശിബോധകക്കുള്ള	,, ,,
൨൦൯	തയ്യിൽ ലൂക്കാച്ചൻ അവർകൾക്കുള്ള	,, ൧൮൨
൨൧൦	രാമസ്വാമി റോബേർട്ടഗോപാലയ്യന്നുള്ള	,, ൧൮൩
൨൧൧	,, ,, ,,	,, ൧൮൪
൨൧൨	എല്ലായോഗത്തിന്നുമുള്ള	,, ൧൮൭
൨൧൩	കിഴക്കേ ഡിവിഷ്യൻ തലവന്മാർക്കുള്ള	,, ൧൮൯
൨൧൪	പഴമ്പള്ളിലായ വെള്ളിക്കര ചാണ്ടിബോധകക്കുള്ള	,, ൧൯൨
൨൧൫	,, ,, ,,	,, ൧൯൪
൨൧൬	മാങ്ങാനത്തു കുഞ്ഞിന്നുള്ള	,, ൧൯൫
൨൧൭	എല്ലാ യോഗക്കാർക്കുമുള്ള	,, ൧൯൭
൨൧൮	സകലരും അറിവാൻ പ്രസിദ്ധപ്പെടുത്തുന്ന പരസ്യം	,, ൧൯൮
൨൧൯	സജ്ജനങ്ങൾക്കും കുടിയുള്ള	,, ,,
൨൨൦	പഴമ്പള്ളിലായ വെള്ളിക്കര ചാണ്ടിബോധകക്കുള്ള	,, ൧൯൯
൨൨൧	രാമസ്വാമി റോബേർട്ടഗോപാലയ്യന്നുള്ള	,, ൨൦൨

നമ്പർ	സംഗതിവിവരം		പുറം
൧൯൨	മാങ്ങാനത്തു കുഞ്ഞിന്നുള്ള	എഴുത്തു	൨൪൫
൧൯൩	രാമസ്വാമി റോബേർട്ടഗോപാലയ്യന്നുള്ള	,,	൨൪൬
൧൯൪	വെള്ളിക്കര ബോധകക്കുള്ള	,,	,,
൧൯൫	മാങ്ങാനത്തു കുഞ്ഞിന്നുള്ള	,,	൨൪൭
൧൯൬	വെള്ളിക്കര ബോധകക്കുള്ള	,,	൨൪൮
൧൯൭	രാമസ്വാമി റോബേർട്ടഗോപാലയ്യന്നുള്ള	,,	,,
൧൯൮	,, ,, ,,	,,	൨൪൯
൧൯൯	എല്ലായോഗക്കാർക്കുള്ള	,,	൨൫൦
൨൦൦	രാമസ്വാമിറോബേർട്ടഗോപാലയ്യന്നുള്ള	,,	൨൫൧
൨൦൧	എല്ലാ യോഗക്കാർക്കുള്ള	,,	൨൫൨
൨൦൨	യുയോമയഭാഷയിലെ ചില പദങ്ങളുടെ അർത്ഥവും അവയെക്കുറിച്ചുള്ള ചിലപ്രബോധനങ്ങളും അടങ്ങിയ	,,	൨൫൩
൨൦൩	എല്ലാ യോഗക്കാർക്കുള്ള	,,	൨൫൪
൨൦൪	രാമസ്വാമി റോബേർട്ടഗോപാലയ്യന്നുള്ള	,,	൨൫൫
൨൦൫	,, ,, ,,	,,	൨൫൬
൨൦൬	യു. പീലിപ്പോസുബോധകക്കുള്ള	,,	൨൫൭
൨൦൭	കാത്തികപ്പള്ളിൽ ശ്രായിൽ കേശവൻ തണ്ടാന്നുള്ള	,,	൨൫൮
൨൦൮	പുതുപ്പള്ളിൽ കൊച്ചുപറമ്പിൽ അക്കാമ്മയ്ക്കുള്ള	,,	൨൫൯
൨൦൯	രാമസ്വാമിറോബേർട്ടഗോപാലയ്യന്നുള്ള	,,	൨൬൦
൨൧൦	അഞ്ചേരിയോഗക്കാർക്കുള്ള	,,	൨൬൧
൨൧൧	യു. ശമുയേൽ ബോധകക്കുള്ള	,,	൨൬൨
൨൧൨	ഒറപ്പാക്കൽ മാത്തുവച്ചന്നുള്ള	,,	൨൬൩
൨൧൩	എല്ലാ യോഗക്കാക്കുമുള്ള	,,	൨൬൪
൨൧൪	എല്ലാ ജനങ്ങൾക്കുമുള്ള	,,	൨൬൫
൨൧൫	എല്ലാ യോഗക്കാർക്കുമുള്ള	,,	൨൬൬
൨൧൬	വെള്ളിക്കര ജയദേവബോധകർക്കുള്ള	,,	൨൬൭
൨൧൭	രാമസ്വാമി റോബേർട്ട ഗോപാലയ്യന്നുള്ള	,,	൨൬൮
൨൧൮	പൂവത്തൂർ കവുങ്ങുംപ്രയർ അയിരൂർ എന്ന യോഗങ്ങളിലെ പൊതുയോഗച്ചിട്ടിക്കാർക്കുള്ള	,,	൨൬൯
൨൧൯	വെള്ളിക്കര ബോധകർക്കുള്ള	,,	൨൭൦
൨൨൦	എല്ലാ യോഗക്കാർക്കുമുള്ള	,,	൨൭൧
൨൨൧	കേലിസായ്പവർകൾക്കുള്ള	,,	,,
൨൨൨	അഞ്ചേരി താനച്ചിറെ ഉപദേശിയാർക്കുള്ള	,,	൨൭൨

നമ്പർ	സംഗതിവിവരം		പുറം
൨൯൩	വെള്ളിക്കര ബോധകർക്കുള്ള	എഴുത്തു	൨൬൨
൨൯൪	കൊല്ലക വടക്കേടത്തു തരിയന്നുള്ള	,,	൨൬൩
൨൯൫	എല്ലായോഗക്കാർക്കുമുള്ള	,,	൨൬൪
൨൯൬	വെള്ളിക്കര ബോധകർക്കുള്ള	,,	,,
൨൯൭	എല്ലായോഗക്കാർക്കുമുള്ള	,,	൨൬൬
൨൯൮	യുയോമയൗബ്ദം ൧ന്നാമാണ്ടത്തെ റിപ്പോർട്ട്	,,	,,
൨൯൯	ടി രണ്ടാമാണ്ടത്തെ ടി	,,	൨൬൭
൩൦൦	ടി മൂന്നാമാണ്ടത്തെ ടി	,,	൨൯൯
൩൦൧	ദാനിയേലിനോടുള്ള ഐക്യാത്മാവിന്റെ അറിയിപ്പു	,,	൨൭൧
൩൦൨	ദാനിയേലിന്റെയും ഭാര്യയുടെയും ഉടമ്പടിപ്പത്രം	,,	൨൭൩
൩൦൩	യുയോമയൗബ്ദം ൨ാമാണ്ടത്തെ പിരിവിന്റെ തിരട്ടുകണക്കു	,,	൨൭൪
൩൦൪	ടി ൩ാമാണ്ടത്തെ ടി	,,	൨൭൫
൩൦൫	ടി ൧ാമാണ്ടത്തെ ടി	,,	൨൭൬
൩൦൬	യുയോരാലിസന്റെയും കുഡുംബത്തിന്റെയും ജനനം മുതലായ വിവരം	,,	൨൭൮
൩൦൭	യുയോമയസഭാചരിത്രസംഗ്രഹം	,,	൨൮൦

നിത്യാക്ഷരങ്ങൾ

പൂർവ്വോത്തര ഭാഗങ്ങൾ എന്ന പുസ്തകത്തിന്റെ

ശുദ്ധപത്രം

പുറം	മേൽ നിന്നു വരി	താഴെ നിന്നു വരി	അബദ്ധം	സുബദ്ധം
൨	൨		ക്ക	ക്കും
൫	ൿ൩		വായിച്ചു	വായിപ്പിച്ചു
൭		൬	നിശ്ശുഭമാ	നിശ്ശുഭംഭമാ
൬		ൿ൩-ൿ൬	പതിപ്പിക്കയും	പതിക്കയും
ൻ	൫		ത്തോട്ടം	ത്തോട്ട
,,		൫	തെരിഞ്ഞെടുത്തു	തെരിഞ്ഞെടുത്തും
ൿ൨		൫	ദ്രവങ്ങളെ	ദ്രവ്യങ്ങളെ
ൿ൩	൩		സ്ത്രീ	സ്ത്രീ
,,	൬		പിറെദിവ	പിറെദിവ്
ൿ൫		ൿ൨	മടയ്ക്കേ	മടക്കേ
൨൦		ൿ൩	ഉൽപ്രവേ	ഉൽപ്രവേ
൨ൿ		ൻ	ചെയ്യുന്നതിൽ	ചെയ്യുന്ന നിൻ
൨൨	ൿൿ		ദേഹവു	ദേഹവും
,,		ൿ൦	അതിനെ	അങ്ങിനെ
൨൩	ൿ൬		വേണ്ടവേ	വേണ്ടവോ
൨൩		ൿ൭	ചെയ്യുന്നതിൽ	ചെയ്യുന്ന നിൻ
൨൬	൭		ദേഹയും	ദേഹവും
൨ൻ		ൿൿ	യഹ്യാ	യഹ്യാ
൩൨	൫		തിരുനമ	തിരുനാമ
,,	ൿ൩		സാദ്ധശ	സാദ്ധ്യ
,,		൫-൭	ദാമ്മിൽ	ദാമിൽ
൩൩	ൿ-൨		സത്തിൻ	സത്തിൽ
൩൫		ൿ	സ്നേഹാഗ്നിയൽ	സ്നേഹാഗ്നിയാൽ
൩൭		൩	തിരുരക്ത	തിരുരക്ത
൫൨		൨	ചൊവുപരമ്പിൽ	ചൊവപ്പുപ്പരമ്പിൽ
൩൩	൨		സഘത്തിൽ	സംഘത്തിൽ
൩൫	ൿ൭		എന്നു	എന്ന
൩൭		ൿ	രണ്ടാം	മൂന്നാം
൩ൻ		൭	ആകയാൽ	ആയാൽ

പുറം	മേൽ നിന്നു വരി	താഴെ നിന്നു വരി	അബദ്ധം	സുബദ്ധം
൨	൫		ഏഴുത്തുകുത്തുകളെ	ഏഴുത്തുകളെ
൫		൧൨	ചേമ്മണി	വെമ്മണി
൭	൮		ഗ്രഹിപ്പിക്കേണ്ടുന്ന	ഗ്രഹിപ്പിക്കേണ്ടുന്ന
൮		൮	൨൧	൩൧
൮൧		൯	ഉണ്ടായിരുക്ക	ഉണ്ടായിരിക്ക
൮൩		൩	കന്യഃ	കന്യഃ ൧
൮൫	൧൭		ഏതേന്നാൽ	ഏതെന്നാൽ
൯൦	൧൩		യുയോ. ശ്രുഛി. ൧	യുയോ൧ശ്രുഛി.൩൩
൯൨	൫		കിട്ടിയതു	കെട്ടിയതു
,,	൭		ധർഷ്ട്യം	ധാർഷ്ട്യം
൯൮		൧൫	നടത്തികപ്പെട്ട	നടത്തിക്കപ്പെട്ട
൧൦൧	൧൨		ഭവന്തഃ	ഭവന്തം
,,	൧൩		ശൈത്യാനന്ത്യാ	ശൈത്യാനന്ത്യാ
൧൦൩	൧൮		വാവിഷ്ഠാണം താ ൻപറഞ്ഞതും	വാവിഷ്ഠാണം പറ ഞ്ഞതും
,,		൧൨	കോട്ടത്തേ	കൊട്ടത്തോ
൧൦൫	൩		ഇതു	ഇതു
,,	൧൨		സഭയിൽ	സഭയിൻ
൧൦൭	൧൮		കുല്ലപ്പാറ	കല്ലപ്പാറ
,,		൧൫	പിറനാളിന്റെ	പുറന്നാളിന്റെ
,,		൧൩	വണ്ണനി	വണ്ണിനി
,,		൧	വൃഥാ	൮ഥാ
൧൧൩		൧൧	വഹിപ്പാൻ	വെപ്പാൻ
൧൧൪		൧൩	പാക്കയാകുന്നതു	പാക്കയാകുന്നു
൧൩൧	൩		താന്നു	വന്നു
൧൩൩		൩	ക്രമമായി	ക്രമംക്രമമായി
൧൩൩	൪		തമ്പുരായ	തമ്പുരാനായ
൧൩൫	൧൮		കേശവനപൊറി	കേശവനെ പറി
൧൮൭	൧൨		നൽകീരക്കയാൽ	നൽകീരിക്കയാൽ
൧൫൦	൪		ചാത്തയ്യാ	ചാത്തയ്യാ
൧൫൮		൧	ശരീരത്തോട്ടാ	ശരീരത്തോട്ട
൧൬൩	൧൨		ജീവനും	ജീവന്നും
൧൬൭	൧൫		പ്രത്യക്ഷമാകുന്നു	പ്രത്യക്ഷമാകുന്നു
		൧൫	വിറഞ്ഞ	നിറഞ്ഞ

പുറം	മേൽ നിന്നു വരി	താഴെ നിന്നു വരി	അബദ്ധം	സുബദ്ധം
൧൯൪		൨	ചെയ്തത്രേ	ചെയ്തതത്രെ
൧൯൫	൧		പ്രവേശിപ്പാൻ	പ്രവേശിപ്പിപ്പാൻ
൧൯൬	ൻ		രുചിക്കേട്ടു	രുചികേട്ടു
൧൯൭	ൻ		യുയോരാലിസന്റെ	യുയോരാലിസന്റെ
൧൯൮	൫		സഹോര (യും	സഹോദര
൧൯൯		൧൫	എന്തെന്നാൽ ഇനിക്കു	എന്തെന്നാൽ ഇനി ഇ
൧൯൯		൧൯൩	ചൊവപ്പാഴ	ചൊവപ്പാഴ്ച (നിക്കു
൧൯൯	൩		എന്നേക്കു	എന്നേക്കും
,,	൧൯൩		ചേന്നിരിക്കുമെല്ലാ	ചേന്നിരിക്കുമെല്ലൊ
൧൯൯		൧൧	മരിച്ചുപോകയും	തന്നേമരിച്ചുപോക
൧൯൯	൩		ക്രുസ്സു	ക്രിസ്സു (യും
൨൦൦		൧൧	ഇടകയ്യും	ഇടകയ്യും ഇടകയ്യും
൨൦൦	൧൩		ത്രിപദൈ	ത്രിപദൈക
൨൦൦	൧൫		വയ്യംതാനും	വരുതാനും
൨൦൦	൧൬		രോഗത്താലു	രോഗത്താലും
൨൦൧		൯	വിശേഷന്റെ വിവരം	വിശേഷിച്ചും പണ
൨൦൧		൧൦	ഇഷ്ടിച്ചുംപണത്തി	ത്തിന്റെ കായ്ത്തെ
		൧൧	ന്റെ കായ്ത്തെപ്പ	പ്പറ്റി എഴുത്തിൽ
			റ്റി എഴുത്തിൽകാ	കാണുന്ന അതിന്റെ
			ണുന്ന. അതിനിക്കു	വിവരം ഇനിക്കു മന
			മനസ്സിലായില്ലാ.	സ്സിലായില്ലാ.
൨൦൨		൨	ലാഭമുണ്ടൊ	ലാഭമുണ്ടൊം
൨൦൪		൫	സാദ്ധ	സാദ്ധ്യ
൨൦൫	൧		എന്നെ	എന്നെറ
൨൦൬	൧൨		വെളാപാട്ട	വെളിപ്പാട്ട
൨൧൫	൧൫		ദൈവത്തോട്ട	ദൈവത്തോട്ടുള്ള
൨൧൯	൧൦		മറിച്ചു	മുറിച്ചു
൨൨൦	൨		ഇവണ്ണം.	ഇവ്വണ്ണം
൨൨൫		൯	ക്യമൂലം	കൈമൂലം
൨൨൫		൧൧	തോട്ടുകുന്നുറ്റു	തോണ്ടുകുന്നുറ്റു
,,		൯	ക്രുട്ടി	ക്രുട്ട
,,		൭	ഏൽപ്പിക്കുന്നതാകുണ	ഏൽപ്പിക്കുന്നതാകുന്നു
൨൨൭	൯		ചുബനം	ചുംബനം
൨൨൭	൯		രി; ചാണ്ടി	രാ. ചാണ്ടി

പുറം	മേൽ നിന്നു വരി	താഴെ നിന്നു വരി	അഭദ്ധം	സുഭദ്ധം
ഉരുവു	ക്ക		ആരോട്ടം മിണ്ടരു തു	ആരോട്ടം ഒന്നുംമിണ്ട രുതു
ഉരുൻ		ക്ക	അധമ്മമാണു. തനി ക്കു	അധമ്മമാണു. വിട്ടു രുന്നതും അധമ്മമാണു. തനിക്കു
ഉടം	ക്കു			
	ക്ക		നാമെല്ലാരും	നാമെല്ലാവരും
ഉടമ	ട		ഉരൈക്യത്തിലുള്ള	ഐക്യത്തിലുള്ള
,,	വു		പാക്കാജാ	പാക്കാജം
,,		ക്കുക	എന്നു ദൈവമന്ദിര	എന്നുള്ള ദൈവമന്ദിര
ഉടു	ൾ		എല്ലുവക്കും (ത്തിൽ	എല്ലാവക്കും (ത്തിൽ
ഉടെ	ക്കു		കൊണ്ടും	കൊണ്ടു
ഉടൻ	ക്കു		ചേടിച്ചിട്ടില്ല	ചോടിച്ചിട്ടില്ലാ
,,		ക്കു	നിന്നു വേഗം മാറി	നിന്നുതാൻവേഗംമാറി
,,		ന്നു, ക	വിരാവെന്നും	വിരിവെന്നും
,,		ക	നിന്നുണ്ടായതന്നെ	നിന്നുണ്ടായതാണു
ഉന്നക		ന്നു	വെളി:ക്ക:ക്കൽ	വെളി: ക്ക: ക്ക:ൽ
ഉന്നരു		ക്കു	കൊൾവാൾ	കൊൾവാൻ
ഉന്നവു		ൽ, ന്നു	അതിനാൽ	അതിൽ
ഉന്നൻ		ന്നു, ക	നിങ്ങളും ചേർപ്പിരി ഞ്ഞു കൊൾവിൻ	നിങ്ങളും അതേപ്രകാ രം അശേഷംചേർപ്പി രിഞ്ഞുകൊൾവിൻ
ഉപെ	ക്കു		മങ്കുഴി	മങ്കുഴിസഭ
ഉപൈ		ൽ	കൻവുപെ	കവ്വുപെ
ഉവുന	ക		സ്നേഹമാവു	സ്നേഹാത്മാവു
,,		ക്കു	നന്നു	നിന്നു
ഉവ്വു	ഉ		ആഞ്ജ	ആജ്ഞ
ഉവ്വി		ക്കു	കയ്യിൽ	കയ്യിൻ
ഉവ്വു		ക്കു	ശാന്തതപ്പെട്ടുന്ന വനത്തെ	ശാന്തതപ്പെട്ടുത്തുവാ നത്തെ
,,		ക്ക	സീതാമറിയം	സീതാമറിയയാം
ഉൻൽ	ന്നു ക്കു		വർഷ്യാന്തം	വർഷാന്ത്യം
നാക	ന		അനീതിയിൻ	ആ നീതിയിൻ
നാന	ൻ		പ്രകാര	പ്രതികാര

പുറം	മേൽ നിന്നു വരി	താഴെ നിന്നു വരി	അബദ്ധം	സുബദ്ധം
൩൦൫		ൽസ, ൽദ	മശ്ശമ	മശ്ശുവ
൩൦൬	ൽര		ചട്ടാഭിഷേകം	ചട്ടാഭിഷേകം
൩൦൮	ൽവ		അണിയുകമില്ല	അണിയുകയില്ലാ.
,,		൬	രോഗബാധ	രോഗബാധ
൩൦൭		൩	വ൩ൻ	ൽ൩ൻ
൩൦൮		ര	സീതാമരിയുടെ	സീതാമരിയുടേയും
൩൧൦	ൽര		ഭാഗതരാം	ഭാഗവതരാം
൩൧൪	ൽൻ		ഖിദാൻ	ഖിദ്വാൻ
൩൧൭		൧	കട്ടമ്പനാട്ട	കടമ്പനാട്ട
൩൧ൽ	ൽൽ		ഭവനവിചാരിപ്പു കാരന്മാരും	ഭവന വിചാരകന്മാരും
൩൧൬	ൽദ		ഉള്ളിൽ	ഉള്ളത്തിൽ
൩൩൧	ര		മനുഷ്യനിലുള്ള	മനുഷ്യനിലുമുള്ള
൩൩൪	ൽൻ		യുയോമയാഖ്യം	യുയോമയാബ്യം
൩൩൭	ൽ		ആദ്ര്യക്ഷര	ആദ്ര്യാക്ഷര
൩൩ൽ		ൽര	പശാചിൻറെ	പിശാചിൻറെ
൩൩൬	൬		ചെയ്യ	ചെയ്ക
൩൩൮	൩		ഐക്യത്തിനു	ഐക്യത്തിൻ
,,	ൽ൦		യുയോമയസഭയുടെ	രും യുയോമയസഭയുടെ
,,	ൽ൩		പെരുകയും	പെരുകുകയും
൩൪ൽ		൧൦, ൽൻ	ചിത്രവരവണ്ണനങ്ങളും.	ചിത്രവരവണ്ണനങ്ങൾ
൩൪൧		ര	സെൻസു	സെൻസസു

ചരമം

യേശുവിനെ ക്രൂശിക്കുവാൻ യഹൂദന്മാർ കൊണ്ടുപോയ
ദിവസം തന്നെ ഈ രണ്ടു കള്ളന്മാരെയും കൊണ്ടുപോയി
എങ്കിലും ഈ രണ്ടുപേരുടെയും കാലുകൾ തകർക്കുവാൻ
പടയാളികൾക്കു കല്പന ഉണ്ടായിരുന്നു. അതിനാൽ
അവർ അവരുടെ കാലുകൾ തകർത്തു. യേശുവിന്റെ
അടുക്കൽ ചെന്നപ്പോൾ അവൻ മരിച്ചുകഴിഞ്ഞിരുന്നതിനാൽ
അവന്റെ കാലുകൾ തകർത്തില്ല.

ഈ രണ്ടു കള്ളന്മാരിൽ ഒരുത്തൻ യേശുവിനെ
പരിഹസിച്ചു. മറ്റവൻ അവനെ ശാസിച്ചു. അവൻ
യേശുവിനോടു അപേക്ഷിച്ചു. അതിനാൽ അവൻ
പറുദീസയിൽ പ്രവേശിച്ചു.

യേശുവിന്റെ ഇടത്തും വലത്തും ക്രൂശിക്കപ്പെട്ടവർ
ആരായിരുന്നു? അവർ എന്തുകൊണ്ടു ക്രൂശിക്കപ്പെട്ടു?
അവരുടെ കാലുകൾ തകർക്കുവാൻ കല്പിച്ചതു ആരാണ്?
അവർ എന്തുകൊണ്ടു അങ്ങനെ ചെയ്തു? അവരുടെ
കാലുകൾ തകർത്തതു എന്തിനായിരുന്നു? അവരിൽ
ഒരുത്തൻ യേശുവിനെ പരിഹസിച്ചതു എന്തുകൊണ്ടാണ്?
അവൻ എന്തു പറഞ്ഞാണ് പരിഹസിച്ചത്? മറ്റവൻ
അവനെ ശാസിച്ചതു എന്തുകൊണ്ടാണ്? അവൻ
എന്തു പറഞ്ഞാണ് ശാസിച്ചത്? അവൻ യേശുവിനോടു
എന്തു അപേക്ഷിച്ചു? അതിനാൽ അവൻ എന്തു
പ്രാപിച്ചു?

ക്രൂശാരോഹണം

പ്രതിനിധിയായി സാക്ഷിമര ന്നതോടുകൂടെ
സ്ഥിരപ്പെടുത്തുകയും ചെയ്തിരിക്കുന്നു- ഈ സ
ന്തോഷവർത്തമാനത്തെ ഹിനയോടുവിവരം അ
റിയിച്ചുകൊള്ളുന്നു-

എന്നു യൂസുഫു-ദാനിയേൽ-ദ്രഷ്ടു

യുക്കോമിയം

മഹൻഗ്രിയമുള്ളദോസന

ക്രിസ്തുധർമ്മപ്രന

കാന്നിംഗിലെപെരിയപ്പാ (യോഹന്ന

ൻ ബോധകൻ) കാട്ടിഞ്ഞെചൊവ്വാഴ്ച (ഇ-ം-ൽ) കാ

ത്തിക്കപ്പള്ളിൽവിന്നും സന്ധ്യക്കുകായംകുളത്തു

ള്ളമെയ്ൻ ബോധകരുടെവിട്ടിൽ പരികയുംചെ

യ്തു. പീം-നാട്ടിൽകൊള്ളപ്പോരുള്ളപ്പോൾഹി

ച്ചിക്കവയറിളക്കത്തോട്ടുകൂടെഞരങ്ങിക്ക

യുംചെയ്തതുകൊണ്ടു നാട്ടുപകൽ പീ. മണിക്കൂർ പര

മാനന്ദത്തോടുകൂടെ പരമസന്തതയിൽപ്രവേ

ശിക്കുകയുംചെയ്തു. ഈവിടത്തെ പെരിയപ്പാ, പെ

രിയമ്മ മുതലായിഞങ്ങൾ മിക്കപേരുംകൂടെ ഉണ്ടാ

യിരുന്നു. പണ്ടിയിലാക്കിയതിനെകൊണ്ടുപോന്ന

ക്രമപ്രകാരം അടക്കംചെയ്കയുംചെയ്തു.

പേരൊഴിശേഷങ്ങളൊന്നുമില്ലാതെ വന്ന

ഞായറാഴ്ച (പീം-ൽ) യുണകാന്നിംഗിലെവിശ്വാസി

കൾക്കുള്ളത്താകിണ്ടിരുന്നുപോലും.

ഇതുകൊണ്ടുപോകുന്നതിനുംകൂ

ടിയതിത്ര.

ഇന്നാം ജെ ഉപ്പാ

ചാ-പാദ-യു, സമുവേൽ ശ്രീപ്പാ

മംകുഴിക്കിൽനിന്ന ൦൧

പീ-പ്പാ-പ്പ-ൽ-ൽ-ൽ

തൊഴുപുഴം 1084 മേടമാസം 9-ാം
കീഴക്കുംകുറിഞ്ഞിത്തെക്കുംഭാഗം
കാക്കൊമ്പോയകൻ 70-ാമത്തെ
വയസ്സിൽ പ്രകൃതിശരീരത്തെ വിട്ടു
കഴിയുന്നതുപ്രകൃതിശരീരത്തിൽ
നിന്നുപോകുന്നു എന്നുസ്ഥിതിക്ക്
പോയകരാൽ ഭവനം
സ്ഥാനഭൂതന്മാർ ചെയ്തുകൊള്ളുക.
1085 ആണ്ടുകം 27-ാം തീയതി
യേശുസ്വാമിപ്പോയകൻ
തന്റെ 61-ാമവയസ്സിൽ ദേഹം
കാവിൻസംഭവത്തിൽവച്ചു തന്റെ
ചെറുകുടുംബാംഗങ്ങളോടുകൂടെ നിദ്രചെയ്തു
ചിലുപ്പോൾ യേശുസ്വാമിപ്പോയകരാൽ പിടിപെടുത്തിൽപ്രവൃത്തി
നിമിത്തം കഷ്ടം ചെയ്തു

1086 കർക്കടകം 28-ാംന്നു യേശുസ്വാമിപ്പോയകരുടെ ഭാര്യയായ
കൊച്ചുപെണ്ണമ്മ 80-ാമവയസ്സിൽ ചിന്നക്കനാലിൽവച്ചു
ചിലുപ്പോൾ ദേഹം വിട്ടുപോയി. ഭവനസ്ഥാനഭൂതന്മാർ
ചടങ്ങുകൾ നടത്തി

~~1137 ഇടവം 23 ന്~~

~~ശ്രീമതി~~ നാട്ടുകാരുടെ കൂടി
കാര്യപരിപാടിയിൽ ~~ഉൾപ്പെടുത്തി~~
~~അവരുടെ~~ നന്ദി പറയുന്നു.
പാവപ്പെട്ട രോഗികളിൽ ഇതുപോലെ
ഔദാര്യം കാണിച്ച
ഈ ദിവസം നാട്ടുകാർ
സംഘടിപ്പിച്ച കായികമത്സരങ്ങൾ
വൈകുന്നേരം വരെ നീണ്ടു
നിന്നു.

കണ്ണ് - ഇ-എ-യുടെ പ്രവർത്തകർ

110 C
113
H